# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

## മൂന്നാം സമ്മേളനം

2021 ഒക്ടോബർ 25, തിങ്കൾ

സ്പീക്കർ

**ശ്രീ. എം. ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

1469/2022

## മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | : | ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസം-തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ്ജ് |

# ഉള്ളടക്കം

*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ... 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ... 28

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ... 28

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ... 71

**II അടിയന്തരപ്രമേയം**

പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിലെ കാര്യക്ഷമതയില്ലായ്മ

– ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ

(അവതരണാനുമതി നിഷേധിച്ചു) ... 410

**III ശ്രദ്ധ ക്ഷണിക്കൽ**

1. മഴക്കെടുതി

– ശ്രീ. എം. എം. മണി ... 435

2. കരിമണൽ ഖനനം

– ശ്രീമതി കെ. കെ. രമ ... 440

**IV സബ്മിഷൻ**

1. ഹരിത കർമ്മസേന

– ശ്രീ. പി. പി. സുമോദ് ... 445

2. പൊൻമുടി തോട്ടം തൊഴിലാളികളുടെ സംരക്ഷണം

– ശ്രീ. ഡി. കെ. മുരളി ... 448

3. വനഭൂമി നൽകുന്നത് സംബന്ധിച്ച്

– ശ്രീമതി ശാന്തകുമാരി കെ. ... 449

4. തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ

– ശ്രീ. എച്ച്. സലാം ... 451

പേജ്

5. പാൽച്ചുരം-ബോയ്സ് ടൗൺ റോഡ്

– ശ്രീ. സണ്ണി ജോസഫ് ... 454

6. ചേടിയാലക്കടവ് പാലം

– ശ്രീ. ഇ. കെ. വിജയൻ ... 456

7. ഹരിപ്പാട് ആയുർവേദ മെഡിക്കൽ കോളേജ്

– ശ്രീ. രമേശ് ചെന്നിത്തല ... 457

8. അങ്കണവാടികളിലെ ഒഴിവുകൾ നികത്തൽ

– ശ്രീ. കെ. ജി. മാക്സി ... 460

9. ഹോമിയോ ഡിസ്പെൻസറികൾ

– ശ്രീ. പി. അബ്ദുൽ ഹമീദ് ... 461

10. നിലമ്പൂർ-നഞ്ചൻഗോഡ് റെയിൽപ്പാത

– ശ്രീ. ടി, സിദ്ദിഖ് ... 462

**V റിപ്പോർട്ടുകളുടെ സമർപ്പണം**

(1) കാര്യോപദേശക സമിതിയുടെ നാലാമത് റിപ്പോർട്ട് ... 465

**VI ക്രമപ്രശ്നം**

1. കാര്യോപദേശക സമിതി റിപ്പോർട്ട് മുൻകൂറായി സർക്കുലേറ്റ് ചെയ്തത് സംബന്ധിച്ച്

– ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ... 465

**റിപ്പോർട്ടുകളുടെ സമർപ്പണം-തുടർച്ച**

(2) സബ്ജക്റ്റ് കമ്മിറ്റി VI- ന്റെ താഴെപ്പറയുന്ന റിപ്പോർട്ടുകൾ

(i) 2021 -ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ ... 465

(ii) 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ ... 465

(3) 2021-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XI-ന്റെ റിപ്പോർട്ട് ... 466

*പേജ്*

**VII റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ നാലാമത് റിപ്പോർട്ട് … 466

**ക്രമപ്രശ്നം-തുടർച്ച**

12-10-2021-ലെ ശ്രീ. ടി. സിദ്ദിഖ്, എം.എൽ.എ.-യുടെ

ക്രമപ്രശ്നത്തിനുള്ള മറുപടി

– മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ... 467

(2) ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിലെ കാലതാമസം

– ശ്രീ. യു. എ. ലത്തീഫ് … 467

**റൂളിംഗ്**

**VIII ധനകാര്യം**

2021-2022 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് ധനകാര്യ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു … 471

**IX നിയമനിർമ്മാണകാര്യം**

<u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും</u>

(i) 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ … 543

(ii) 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ … 551

(iii) 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ … 584

(iv) 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബിൽ … 601

**അനുബന്ധം 1&2** ...693&697

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### മൂന്നാം സമ്മേളനം

*2021 ഒക്ടോബർ 25, തിങ്കൾ*

| വാല്യം 186] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 10 |
|---|---|---|

നിയമസഭ 2021 ഒക്ടോബർ മാസം 25-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

### പ്ലസ് വൺ സീറ്റ് ഉറപ്പാക്കാൻ നടപടി

1 (*241) <u>ശ്രീ. റോജി എം. ജോൺ:</u>
<u>ശ്രീ. അൻവർ സാദത്ത്:</u>
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u>
<u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലസ് വൺ രണ്ടാംഘട്ട അലോട്ട്മെന്റ് പൂർത്തിയായപ്പോൾ സീറ്റ് ലഭിക്കാത്ത കുട്ടികൾക്ക് പ്ലസ് വൺ സീറ്റ് ഉറപ്പാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഉയർന്ന മാർക്കോടെ എസ്.എസ്.എൽ.സി. പാസ്സായ എല്ലാ വിദ്യാർത്ഥികൾക്കും അവർക്കിഷ്ടപ്പെട്ട സ്കൂളുകളിൽ ഇഷ്ട വിഷയത്തിൽ പ്രവേശനം ലഭ്യമാക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ,

(എ) 2021-22 അദ്ധ്യയന വർഷത്തെ ഹയർ സെക്കണ്ടറി പ്രവേശനത്തിന്റെ മുഖ്യഘട്ടത്തിലെ രണ്ടാമത്തെ/അവസാനത്തെ അലോട്ട്മെന്റ് 23-10-2021-ന് അവസാനിക്കുകയുണ്ടായി. നിലവിലെ സ്ഥിതിവിവര കണക്കനുസരിച്ച് സംസ്ഥാനത്ത് ഏകജാലക രീതിയിൽ പ്രവേശനം നടത്തുന്ന 270188 (രണ്ട് ലക്ഷത്തി എഴുപതിനായിരത്തി നൂറ്റി എൺപത്തി എട്ട്) സീറ്റുകളിലേയ്ക്ക് 465219 (നാല് ലക്ഷത്തി അറുപത്തി അയ്യായിരത്തി ഇരുന്നൂറ്റി പത്തൊൻപത്) വിദ്യാർത്ഥികൾ അപേക്ഷിക്കുകയുണ്ടായി. ഇതിൽ മാതൃജില്ലയ്ക്കുപുറമേ മറ്റ് ജില്ലകളിലും അപേക്ഷിച്ച 39489 (മുപ്പത്തി ഒൻപതിനായിരത്തി നാന്നൂറ്റി എൺപത്തി ഒൻപത്) പേരുണ്ടായിരുന്നു. ആയതിനാൽ പ്രവേശനം നൽകേണ്ട യഥാർത്ഥ അപേക്ഷകർ 425730 (നാല് ലക്ഷത്തി ഇരുപത്തി അയ്യായിരത്തി എഴുന്നൂറ്റി മുപ്പത്) മാത്രമാണ്. മുഖ്യ അലോട്ട്മെന്റ് 23-10-2021-ന് പൂർത്തിയായപ്പോൾ മെറിറ്റ് ക്വാട്ടയിൽ 235879 (രണ്ട് ലക്ഷത്തി മുപ്പത്തി അയ്യായിരത്തി എണ്ണൂറ്റി എഴുപത്തി ഒൻപത്) കുട്ടികളും സ്പോർട്ട്സ് ക്വാട്ട, എയ്ഡഡ് സ്കൂളുകളിലെ കമ്മ്യൂണിറ്റി ക്വാട്ട, മാനേജ്മെന്റ് ക്വാട്ട, അൺ-എയ്ഡഡ് ക്വാട്ട മുതലായവയിൽ 71,142 (എഴുപത്തി ഒന്നായിരത്തി ഒരുന്നൂറ്റി നാല്പത്തി രണ്ട്) കുട്ടികളുംകൂടി ആകെ 307021 (മൂന്ന് ലക്ഷത്തി ഏഴായിരത്തി ഇരുപത്തി ഒന്ന്) വിദ്യാർത്ഥികൾ പ്രവേശനം നേടുകയുണ്ടായി. കഴിഞ്ഞ 5 വർഷത്തെ പ്രവേശന തോതനുസരിച്ചാണെങ്കിൽ മുഖ്യ അലോട്ട്മെന്റിനുശേഷം സംസ്ഥാനത്താകെ 67910 (അറുപത്തി ഏഴായിരത്തി തൊള്ളായിരത്തി പത്ത്) അപേക്ഷകർ പ്രവേശനത്തിനായി അവശേഷിക്കുകയാണ്. അപേക്ഷിച്ച എല്ലാവരും പ്ലസ് വൺ പ്രവേശനം തേടുകയാണെങ്കിൽ ആകെ 115734 (ഒരു ലക്ഷത്തി പതിനയ്യായിരത്തി എഴുന്നൂറ്റി മുപ്പത്തി നാല്) പേർക്ക് അഡ്മിഷൻ നൽകേണ്ടതായി വരും. 2021-22 അദ്ധ്യയന വർഷത്തെ ഹയർ സെക്കണ്ടറി പ്രവേശനത്തിന്റെ മുഖ്യ ഘട്ടത്തിലെ അവസാനത്തെ അലോട്ട്മെന്റ്, എയ്ഡഡ് സ്കൂളുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലെ അലോട്ട്മെന്റ്, എയ്ഡഡ് സ്കൂളുകളിലെ മാനേജ്മെന്റ് ക്വാട്ട പ്രവേശനം, അൺ-എയ്ഡഡ് സ്കൂളുകളിലെ പ്രവേശനം എന്നിവ നടന്നുകൊണ്ടിരിക്കുകയാണ്. മുഖ്യ അലോട്ട്മെന്റ് പ്രവേശനത്തിനുശേഷം മെറിറ്റ് ക്വാട്ടയിൽ ഒഴിവുള്ള 33153 (മുപ്പത്തി മൂന്നായിരത്തി ഒരുന്നൂറ്റി അൻപത്തി മൂന്ന്) സീറ്റുകളും എയ്ഡഡ് സ്കൂളുകളിലെ കമ്മ്യൂണിറ്റി ക്വാട്ടയിൽ ഒഴിവുള്ള 6438 (അറായിരത്തി നാന്നൂറ്റി മുപ്പത്തി എട്ട്) സീറ്റും മാനേജ്മെന്റ് ക്വാട്ടയിൽ ഒഴിവുള്ള 8988 (എണ്ണായിരത്തി തൊള്ളായിരത്തി എൺപത്തിയെട്ട്) സീറ്റുകളും സ്പോർട്ട്സ് ക്വാട്ടയിൽ ഒഴിവുള്ള 4461 (നാലായിരത്തി നാന്നൂറ്റി അറുപത്തി ഒന്ന്) സീറ്റുകളും അൺ-എയ്ഡഡ് സ്കൂളുകളിലെ ഒഴിവുള്ള 34252 (മുപ്പത്തി നാലായിരത്തി ഇരുന്നൂറ്റി

അൻപത്തി രണ്ട്) സീറ്റുകളുംകൂടി ആകെ 87292 (എൺപത്തി ഏഴായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി രണ്ട്) സീറ്റുകളും ലഭ്യമാണ്. ഇതിനുപുറമേ വൊക്കേഷണൽ ഹയർ സെക്കണ്ടറി, പോളിടെക്നിക്, ഐ.ടി.ഐ. മേഖലകളിലായി 83000 സീറ്റുകളും ലഭ്യമാണ്. മാനേജ്മെന്റ് ക്വാട്ട, കമ്മ്യൂണിറ്റി ക്വാട്ട, അൺ-എയ്ഡഡ് ബാച്ചുകൾ എന്നിവയിലും പ്രവേശനം നടന്നുകൊണ്ടിരിക്കുകയാണ്. താലൂക്കുതല വിഷയ കോമ്പിനേഷൻ തിരിച്ചുള്ള കണക്കുകൾ അവലോകനം നടത്തി ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം സ്വീകരിക്കുന്നതാണ്.

(ബി) ഓരോ വിദ്യാർത്ഥിയുടെയും WGPA (Weighted Grade Point Average) മാനദണ്ഡമാക്കിയാണ് അലോട്ട്മെന്റ് നൽകുന്നത്. ഓരോ സ്കൂളിലെയും ഓരോ കോഴ്സിലേയ്ക്കുമുള്ള WGPA (Weighted Grade Point Average) മാനദണ്ഡമാക്കിയുള്ള റാങ്ക് ലിസ്റ്റിനെ അടിസ്ഥാനപ്പെടുത്തി പ്രസ്തുത കോഴ്സിൽ ലഭ്യമായ സീറ്റുകളിലേയ്ക്കാണ് അലോട്ട്മെന്റ് അനുവദിക്കുന്നത്. WGPA (Weighted Grade Point Average) കണക്കാക്കുന്നതിൽ വിദ്യാർത്ഥികൾക്ക് ലഭിച്ച മാർക്കിനുപുറമേ വിവിധ ബോണസ് പോയിന്റുകളും പരിഗണിക്കുന്നുണ്ട്. സയൻസ്, ഹ്യുമാനിറ്റീസ്, കോമേഴ്സ് ഗ്രൂപ്പുകളിലായാണ് ഹയർ സെക്കണ്ടറി ബാച്ചുകൾ അനുവദിച്ചിരിക്കുന്നത്. വിദ്യാർത്ഥികൾ ഓപ്ഷൻ നൽകുന്നതനുസരിച്ച് മെറിറ്റടിസ്ഥാനത്തിലാണ് അലോട്ട്മെന്റ് ലഭിക്കുന്നതെന്നതിനാൽ ഏകജാല സംവിധാനത്തിലെ പ്രവേശനത്തിലൂടെ അത് സാധ്യമാകുന്നതാണ്. കഴിഞ്ഞ 5 വർഷങ്ങളിൽവച്ച് 2016-ലാണ് ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പാസ്സായിട്ടുള്ളത്. 458080 (നാല് ലക്ഷത്തി അൻപത്തി എട്ടായിരത്തി എൺപത്) വിദ്യാർത്ഥികളാണ് ആ വർഷം ഉന്നത പഠനത്തിന് യോഗ്യത നേടിയത്. ആകെ അപേക്ഷകർ 517156 (അഞ്ച് ലക്ഷത്തി പതിനേഴായിരത്തി നൂറ്റി അൻപത്തി ആറ്) ആയിരുന്നു. പ്രസ്തുത വർഷം 22,879 (ഇരുപത്തിരണ്ടായിരത്തി എണ്ണൂറ്റി എഴുപത്തി ഒൻപത്) വിദ്യാർത്ഥികൾ എല്ലാ വിഷയത്തിനും എ-പ്ലസ് ലഭിച്ചവരായിരുന്നു. ആകെ ലഭ്യമായിരുന്ന 4,13,564 (നാല് ലക്ഷത്തി പതിമൂന്നായിരത്തി അഞ്ഞൂറ്റി അറുപത്തി നാല്) സീറ്റുകളിൽ 384612 (മൂന്ന് ലക്ഷത്തി എൺപത്തി നാലായിരത്തി അറുനൂറ്റി പന്ത്രണ്ട്) അപേക്ഷകർ പ്രവേശനം നേടുകയും സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് മേഖലകളിലായി 28952 (ഇരുപത്തെട്ടായിരത്തി തൊള്ളായിരത്തി അമ്പത്തി രണ്ട് സീറ്റ്) ഒഴിഞ്ഞ് കിടക്കുകയും ചെയ്തു. എന്നാൽ കഴിഞ്ഞ 5 വർഷങ്ങളെ അപേക്ഷിച്ച് ഈ വർഷം എസ്.എസ്.എൽ.സി. പാസായവരുടെയും പ്രവേശനത്തിനായി അപേക്ഷിച്ചവരുടെയും എണ്ണം താരതമ്യേന കുറവാണ്. ഈ വർഷം എസ്.എസ്. എൽ.സി. പാസ്സായി ഉന്നത പഠനത്തിന് യോഗ്യത നേടിയവർ 4,19,653-ഉം (നാല് ലക്ഷത്തി പത്തൊമ്പതിനായിരത്തി അറുനൂറ്റി അൻപത്തി മൂന്ന്) പ്രവേശനത്തിനായി

അപേക്ഷ സമർപ്പിച്ചവരുടെ എണ്ണം 465219-ഉം (നാല് ലക്ഷത്തി അറുപത്തി അയ്യായിരത്തി ഇരുന്നൂറ്റി പത്തൊമ്പത്) ആണ്. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ വിദ്യാർത്ഥികൾക്ക് ഫോക്കസ് ഏരിയ നൽകി അതിൽനിന്നും വേണ്ടുന്നതിന്റെ ഇരട്ടി ചോയ്സുകൾ നൽകി പരമാവധി മാർക്കിന്റെ ഇരട്ടി മാർക്കുവരെ ലഭിക്കത്തക്കവിധം എസ്.എസ്.എൽ.സി. പരീക്ഷ നടത്തിയതിന്റെ ഫലമായി എല്ലാ വിഷയത്തിനും എ-പ്ലസ് ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം 125509 (ഒരു ലക്ഷത്തി ഇരുപത്തയ്യായിരത്തി അഞ്ഞൂറ്റി ഒൻപത്) ആയി വർദ്ധിക്കുകയുണ്ടായി. ഇത് കഴിഞ്ഞ വർഷത്തേതിനേക്കാൾ മൂന്ന് മടങ്ങിൽ കൂടുതലാണ്. മാനേജ്മെന്റ് ക്വാട്ട, കമ്മ്യൂണിറ്റി ക്വാട്ട, അൺ-എയ്ഡഡ് ബാച്ചുകൾ എന്നിവയിലും പ്രവേശനം നടന്നുകൊണ്ടിരിക്കുകയാണ്. താലൂക്കുതല വിഷയ കോമ്പിനേഷൻ തിരിച്ചുള്ള കണക്കുകൾ അവലോകനം നടത്തി ഇക്കാര്യത്തിൽ ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി ഉത്തരത്തിൽ ആദ്യ ഭാഗത്തെ കണക്കുകൾ വായിച്ചില്ല. ആ കണക്കുകളിൽ നിരവധി വിദ്യാർത്ഥികൾക്ക് ഇനിയും അഡ്മിഷൻ ലഭിക്കാൻ ബാക്കിയുണ്ടെന്നാണ് സൂചിപ്പിക്കുന്നത്. രണ്ടാമത്തെ ചോദ്യം, "ഉയർന്ന മാർക്കോടെ എസ്.എസ്.എൽ.സി. പാസ്സായ എല്ലാ വിദ്യാർത്ഥികൾക്കും അവർക്കിഷ്ടപ്പെട്ട സ്കൂളുകളിൽ ഇഷ്ടവിഷയത്തിൽ പ്രവേശനം ലഭ്യമാക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ" എന്നാണ്. പക്ഷേ മന്ത്രി നൽകിയിരിക്കുന്ന ഉത്തരം, വിദ്യാർത്ഥികൾക്ക് സീറ്റ് നൽകുന്നതിലെ മാനദണ്ഡവും 2016-2017 അദ്ധ്യയന വർഷത്തിൽ നൽകിയ സീറ്റിന്റെ കണക്കുമാണ്, ഈ വർഷം വിദ്യാർത്ഥികൾക്ക് റിസൾട്ട് കൂടുതലായി വന്നിരിക്കുന്നു, കൂടുതൽ കുട്ടികൾക്ക് എ-പ്ലസ് ലഭിച്ചിരിക്കുന്നുവെന്നാണ്. വിദ്യാർത്ഥികൾക്ക് കൂടുതൽ മാർക്ക് ലഭിച്ചത് എന്തോ അപരാധം സംഭവിച്ചതുപോലെയാണ് മറുപടിയിൽ പറഞ്ഞിരിക്കുന്നത്. അവർക്ക് സീറ്റ് ലഭിക്കുന്ന കാര്യത്തെക്കുറിച്ച് ഒരു വാചകംപോലും മന്ത്രിയുടെ മറുപടിയിൽ ഇല്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. സീറ്റ് നൽകുന്നതിന്റെ മാനദണ്ഡങ്ങൾ മാത്രമാണ് വിശദീകരിച്ചിരിക്കുന്നത്. ഇത് കേരളത്തിലെ മുഴുവൻ രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ബാധിക്കുന്ന വിഷയമാണ്. ഇവിടെയിരിക്കുന്ന മുഴുവൻ നിയമസഭാ സാമാജികരുടെ വീടുകളിലും ആളുകൾ വന്ന് ക്യൂ നിൽക്കുകയാണ്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മെമ്പർ, അങ്ങ് ദയവായി ചോദ്യം ചോദിക്കൂ. മറുപടി തീർന്നല്ലോ.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ബഹുമാനപ്പെട്ട സ്പീക്കറുടെ മണ്ഡലത്തിലുൾപ്പെടെ ഇതുപോലെ ക്യൂ നിൽക്കുകയാണെന്ന് നമുക്കെല്ലാവർക്കുമറിയാം. ഇവിടെ എസ്.എസ്.എൽ.സി. പാസ്സായി തുടർ പഠനത്തിന് യോഗ്യത നേടിയിട്ടുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും രണ്ടാമത്തെ അലോട്ട്മെന്റിനുശേഷവും പ്രവേശനം ലഭിക്കാതി

രിക്കുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും പ്രവേശനം നൽകുന്നതിനുവേണ്ടിയുള്ള നടപടികളുണ്ടാകുമോ? എല്ലാവരും ബഹുമാനപ്പെട്ട മന്ത്രിയുടെ വാക്കുകൾ ശ്രവിക്കാൻ കാതോർത്തിരിക്കുകയാണ്. വിദ്യാർത്ഥികൾക്ക് മുഴുവനും സീറ്റ് ലഭിക്കുമോ ഇല്ലയോ എന്നുള്ള ഉത്തരം മന്ത്രി പറഞ്ഞാൽ മതിയാകും.

ശ്രീ. വി. ശിവൻകുട്ടി: സർ, കഴിഞ്ഞ അടിയന്തരപ്രമേയ ചർച്ചയിലും അതിനുശേഷം നടന്ന ശ്രദ്ധക്ഷണിക്കലിലും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അവതരിപ്പിച്ച സബ്മിഷനിലും ഉന്നയിച്ച ഏറ്റവും പ്രധാനപ്പെട്ട വിഷയം താലൂക്കടിസ്ഥാനത്തിൽ ലിസ്റ്റെടുക്കുകയെന്നുള്ളതാണ്. താലൂക്കടിസ്ഥാനത്തിലും സ്കൂളടിസ്ഥാനത്തിലും ലിസ്റ്റെടുത്തിട്ടുണ്ട്. അതെല്ലാം പരിഗണിച്ചുകൊണ്ട്, 78 താലൂക്കുകളുള്ളതിൽ താലൂക്കടിസ്ഥാനത്തിൽ കോമ്പിനേഷൻ തിരിച്ച് സീറ്റ് കുറവുള്ള താലൂക്കുകൾ 50 ആണ്. താലൂക്ക് അടിസ്ഥാനത്തിൽ കോമ്പിനേഷൻ തിരിച്ച് ബാക്കിയുള്ളത് 27 ആണ്. സീറ്റ് കുറവുള്ള താലൂക്കുകളുടെ എണ്ണം സയൻസ് കോമ്പിനേഷനിൽ 36-ഉം ഹ്യൂമാനിറ്റീസിൽ 41-ഉം കോമേഴ്സിൽ 46-ഉം ആണ്. അതിന്റെ അടിസ്ഥാനത്തിൽ പരിപൂർണ്ണമായി ഒഴിഞ്ഞുകിടക്കുന്ന ബാച്ചുകൾ കണ്ടെത്തി ആവശ്യമുള്ള ജില്ലയിലേയ്ക്ക് മാറ്റുമെന്ന കാര്യം ഞാൻ നിയമസഭയെ അറിയിക്കുകയാണ്. നിലവിൽ 20 ശതമാനം സീറ്റ് വർദ്ധന ഏർപ്പെടുത്തിയ ജില്ലയിൽ സീറ്റിന്റെ ആവശ്യകതയുണ്ടാകുകയാണെങ്കിൽ സർക്കാർ സ്കൂളുകളിൽ 10 ശതമാനം സീറ്റ് വർദ്ധനകൂടി അനുവദിക്കുന്നതാണ്. മുമ്പ് മാർജിനൽ സീറ്റുവർദ്ധന നൽകാത്ത ജില്ലയാണെങ്കിൽ ആവശ്യകതയനുസരിച്ച് എല്ലാ സർക്കാർ സ്കൂളുകളിലും 20 ശതമാനം അല്ലെങ്കിൽ 10 ശതമാനം സീറ്റ് വർദ്ധനവ് അനുവദിക്കുന്നതാണ്. അടിസ്ഥാന സൗകര്യമുള്ള, അപേക്ഷിക്കുന്ന എയ്ഡഡ്/ അൺ-എയ്ഡഡ് സ്കൂളുകൾക്ക് നിബന്ധനകൾക്ക് വിധേയമായി മാർജിനൽ വർദ്ധനവിന്റെ 20 ശതമാനം മാനേജ്മെന്റ് സീറ്റും ബാക്കിയുള്ള സീറ്റുകൾ പൊതുമെറിറ്റ് സീറ്റായും 20 അല്ലെങ്കിൽ 10 ശതമാനം സീറ്റ് വർദ്ധിപ്പിക്കുന്നതായിരിക്കും. സീറ്റ് വർദ്ധനവിലൂടെ പ്രശ്നം പരിഹരിക്കപ്പെടാത്തപക്ഷം സപ്ലിമെന്റ് അലോട്ട്മെന്റിൽ ലഭിക്കുന്ന അപേക്ഷകളെ അടിസ്ഥാനപ്പെടുത്തി താൽക്കാലിക ബാച്ചുകൾ അനുവദിക്കുന്നതാണ്. സപ്ലിമെന്റ് അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചതിനുശേഷം സയൻസ്, ഹ്യൂമാനിറ്റീസ്, കോമേഴ്സ് എന്നീ വിഷയങ്ങളിൽ കോഴ്സടിസ്ഥാനത്തിൽ എത്ര പേർക്കാണ് സീറ്റ് ലഭിക്കേണ്ടതെന്ന് വ്യക്തമാകും. അതനുസരിച്ച് കണക്കെടുത്ത് സീറ്റ് വർദ്ധനവ് നടത്തുന്നതാണ്. എന്നാൽ കുട്ടികൾ ഏറ്റവും കൂടുതൽ താൽപ്പര്യപ്പെടുന്ന സയൻസ് ഗ്രൂപ്പിന് വേണ്ടിവന്നാൽ താൽക്കാലിക ബാച്ചുകൾ അനുവദിക്കുന്നതാണ്. ഞാൻ പറഞ്ഞ ജനറലായ കാര്യങ്ങളെല്ലാം വയനാട് ജില്ലയ്ക്കും ബാധകമാണ്. അതുകൂടാതെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രയോജനകരമാകുന്നതിനായി വയനാട് നല്ലൂർനാട് അംബേദ്കർ മെമ്മോറിയൽ മോഡൽ റെസിഡൻഷ്യൽ സ്കൂളിലും ഗവ. മോഡൽ റെസിഡൻഷ്യൽ സ്കൂൾ ഫോർ ഗേൾസ്, കൽപ്പറ്റയിലും ഓരോ ഹ്യൂമാനിറ്റീസ് ബാച്ച് അനുവദിക്കുന്നതാണ്.

ശ്രീ. റോജി എം. ജോൺ: താലൂക്കടിസ്ഥാനത്തിൽ സീറ്റ് കുറവുള്ള പ്രദേശങ്ങളിൽ കൂടുതലായി ബാച്ചുകൾ അനുവദിച്ചെങ്കിൽ മാത്രമേ മുഴുവൻ വിദ്യാർത്ഥികൾക്കും അഡ്മിഷൻ ഉറപ്പുവരുത്താൻ സാധിക്കുകയുള്ളൂ. ഇവിടെ പറഞ്ഞതുപ്രകാരം ഓരോ താലൂക്കിലും കുറവുള്ള സീറ്റുകൾക്കനുസരിച്ച് അഡീഷണൽ ബാച്ചുകൾ/സീറ്റുകൾ അനുവദിച്ച് എപ്പോഴത്തേയ്ക്ക് പ്ലസ് വൺ അഡ്മിഷൻ പൂർത്തീകരിക്കുമെന്നും അതിലൂടെ രക്ഷിതാക്കളുടെ ആശങ്ക പരിഹരിക്കുമെന്നും പറയാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് സാധിക്കുമോ? ക്ലാസ്സുകൾ ആരംഭിക്കാൻപോകുന്ന ഘട്ടത്തിൽ പല വിദ്യാർത്ഥികളും ഇപ്പോഴും സീറ്റ് ലഭിക്കാതെ നെട്ടോട്ടമോടുന്നതുകൊണ്ട് രക്ഷിതാക്കളും വിദ്യാർത്ഥികളും വലിയ മാനസിക സമ്മർദ്ദത്തിലാണ്. അതുകൊണ്ട് മുഴുവൻ വിദ്യാർത്ഥികൾക്കും അഡ്മിഷൻ ഉറപ്പുവരുത്തുന്ന നടപടി എപ്പോൾ പൂർത്തീകരിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് പറയാൻ സാധിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, അങ്ങയുടെ ചോദ്യത്തിനും സഭയുടെ മൊത്തം വികാരം മനസ്സിലാക്കിക്കൊണ്ടുമാണ് ഈ നിലയിലുള്ള നിലപാട് സ്വീകരിച്ചിട്ടുള്ളത്. യു.ഡി.എഫ്. ഭരണകാലത്തെ പ്ലസ് വൺ അഡ്മിഷൻ സംബന്ധിച്ച് പരിശോധിക്കണം. അന്ന് പ്രഖ്യാപിച്ചതിനേക്കാൾ കൂടുതൽ പ്രഖ്യാപനമാണ് ഇന്നിവിടെ നടത്തിയിരിക്കുന്നത്. മറ്റൊരു കാര്യം അങ്ങ് മനസ്സിലാക്കേണ്ടത്, ഇനി അപേക്ഷ പ്രോസസ്സ് ചെയ്യുന്നതിനുള്ള താമസം മാത്രമേയുള്ളൂ. പത്ത് ശതമാനം വർദ്ധിപ്പിക്കേണ്ടിടത്ത് 10 ശതമാനം, ഇരുപത് ശതമാനം വർദ്ധിപ്പിക്കേണ്ടിടത്ത് 20 ശതമാനം, അഡീഷണൽ ബാച്ച് അനുവദിക്കേണ്ടിടത്ത് അഡീഷണൽ ബാച്ച്, സയൻസ് ബാച്ച് അഡീഷണൽ അനുവദിക്കേണ്ടിടത്ത് സയൻസ് അഡീഷണൽ ബാച്ച് ഇതെല്ലാം യുദ്ധകാലാടിസ്ഥാനത്തിൽ അനുവദിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. അൻവർ സാദത്ത്: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി കേൾക്കുമ്പോൾ കുതിരവട്ടം പപ്പുവിന്റെ പഴയൊരു സിനിമയായ വെള്ളാനകളുടെ നാടാണ് ഓർമ്മവരുന്നത്. ഇപ്പോൾ ശരിയാക്കിത്തരാം, ഇപ്പോൾ ശരിയാക്കിത്തരാം എന്ന് ഈ സഭ തുടങ്ങിയതുമുതൽ കേൾക്കുന്നതാണ്. കേരള ജനത ആഗ്രഹിക്കുന്നത് നമ്മുടെ കുട്ടികൾക്ക് പഠിക്കാനുള്ള സാഹചര്യമുണ്ടാകണമെന്നാണ്. ഞാൻ ഇന്നലെ ഒരു അവാർഡുദാനത്തിന് പോയി. അവിടെ വച്ച് ആർദ്ര എന്ന പെൺകുട്ടി ഒൻപത് എ-പ്ലസ് കിട്ടിയിട്ടും അഡ്മിഷൻ കിട്ടിയില്ലെന്ന് എന്നോട് പറയുകയുണ്ടായി. ഞാൻ ചോദ്യത്തിലേയ്ക്ക് വരികയാണ്. കുട്ടികൾക്ക് അഡ്മിഷൻ കിട്ടണം. താലൂക്ക്/ ജില്ലാടിസ്ഥാനത്തിൽ കണക്ക് ശേഖരിക്കുന്നു, കണക്കുകൾ ആയെന്ന് കഴിഞ്ഞ ദിവസം മന്ത്രി പറഞ്ഞു. കണക്കുകൾ ശേഖരിക്കുക മാത്രമല്ല വേണ്ടത്, നടപടിയിലേയ്ക്ക് വരണം. ഈ ഗവൺമെന്റിന്റെ മുഖമുദ്ര എന്താണ്, പഞ്ച് ഡയലോഗ് അടിച്ച്

മുന്നോട്ട് പോകുക എന്നുള്ളതല്ലാതെ നടപടിയിലേയ്ക്ക് വരുന്നില്ല. പാവപ്പെട്ട കുട്ടികൾക്ക് പ്ലസ് വണ്ണിന് അഡ്മിഷൻ ലഭിക്കാനുള്ള അടിയന്തര സാഹചര്യമുണ്ടാകുമെന്ന് പറയുന്നതല്ലാതെ അത് നടപടിയിലേയ്ക്ക് വരുന്നില്ല. എന്ന് നടപടിയിലേയ്ക്ക് വരുമെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് ആർജ്ജവത്തോടെ പറയാനുള്ള തന്റേടമുണ്ടാകുമോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, കുടലെടുത്ത് കാണിച്ചാലും വാഴനാരെന്ന് പറഞ്ഞാൽ എന്തുചെയ്യാൻ പറ്റും? സഭയുടെ വികാരം മാനിച്ചുകൊണ്ട് ഉന്നത വിദ്യാഭ്യാസത്തിന് ആഗ്രഹിക്കുന്ന മുഴുവൻ കുട്ടികൾക്കും അതിനുള്ള അവസരം കൊടുക്കുന്ന നിലയിൽ ഒരു സ്കീം ഇവിടെ പ്രഖ്യാപിച്ചതിനുശേഷം വീണ്ടും ഇങ്ങനെ പറയുന്നത് രാഷ്ട്രീയ ലക്ഷ്യത്തോടെയുള്ള വർത്തമാനമായി മാത്രമേ കാണാൻ സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട അൻവർ സാദത്ത്, അങ്ങ് കാര്യങ്ങൾ അറിയാതെ സംസാരിക്കുകയാണ്. രണ്ടാംഘട്ട അലോട്ട്മെന്റ് കഴിഞ്ഞപ്പോൾ 235897 കുട്ടികൾക്ക് മെറിറ്റിൽ പ്രവേശനം ലഭിച്ചുകഴിഞ്ഞു. ബാക്കിയുള്ള മുഴുവൻ കുട്ടികൾക്കും പുതിയ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ പ്രവേശനം ലഭ്യമാകുമെന്നതിൽ യാതൊരു തർക്കത്തിന്റെയും ആവശ്യമില്ല. അതല്ല, ഇനിയും എന്തുവേണമെന്നാണ് നിങ്ങൾ ഉദ്ദേശിക്കുന്നതെന്ന് പറയണം, അതെന്താണെന്ന് നമുക്ക് നോക്കാം. ....(ബഹളം).... രണ്ടാമത്തെ അലോട്ട്മെന്റ് കഴിഞ്ഞശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് ഞാൻ മറുപടി പറഞ്ഞുകഴിഞ്ഞു. നേരത്തെ ഇതുസംബന്ധിച്ച അടിയന്തരപ്രമേയത്തിലും പൊതുവിൽവന്ന ചർച്ചയിലുമെല്ലാം വന്ന അഭിപ്രായം സീറ്റ് വർദ്ധനയുണ്ടാകണമെന്നും എല്ലാ വിദ്യാലയങ്ങളിലും പത്തും ഇരുപതും ശതമാനം സീറ്റ് വർദ്ധിപ്പിക്കണമെന്നും അതല്ല, പുതിയ ബാച്ചുതന്നെ അനുവദിച്ചാൽമാത്രമേ നിലവിലെ പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കുകയുള്ളൂവെന്നും പറഞ്ഞതിന്റെയടിസ്ഥാനത്തിൽ സീറ്റ് വർദ്ധിപ്പിക്കുകയും പുതിയ ബാച്ചുകൾ അനുവദിക്കുകയും ചെയ്തു. അടുത്തതായി എന്താണ് ചെയ്യേണ്ടതെന്ന് നിങ്ങൾ പറഞ്ഞാൽ അതിനെപ്പറ്റിയും ആലോചിക്കാം.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ചോദിച്ച ചോദ്യങ്ങൾക്കെല്ലാം വളരെ വികാരപരമായാണ് മറുപടി പറഞ്ഞത്. പ്രതിപക്ഷം ഇവിടെ സൂചിപ്പിച്ചത് രക്ഷിതാക്കളുടെയും കുട്ടികളുടെയും ആശങ്കയാണ്. ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് മുഴുവൻ വിഷയങ്ങൾക്കും എ-പ്ലസ് വാങ്ങിയ ധാരാളം കുട്ടികളുണ്ട്, അവർക്കിഷ്ടപ്പെട്ട കോഴ്സിലേയ്ക്ക് പ്രവേശനം ലഭിക്കുന്നില്ലെന്ന യാഥാർത്ഥ്യമാണ് നമ്മുടെ മുമ്പിലുള്ളത്. കുറ്റ്യാടിയിലുള്ള നേഹ അബ്ദുള്ളയെന്ന കുട്ടി ഇതുസംബന്ധിച്ച് കേരളത്തിന്റെ മുഖ്യമന്ത്രിക്കുതന്നെ നേരിട്ട് കത്തെഴുതിയ കാര്യം നമുക്കറിയാം. ആ കുട്ടിയെപ്പോലെതന്നെ പല കുട്ടികളും ഇന്ന് വളരെയേറെ നിരാശരായി നിൽക്കുകയാണ്, അതാണ് ഇവിടെ ഉന്നയിച്ച ചോദ്യം. സീറ്റ് വർദ്ധിപ്പിക്കാമെന്ന്

ഗവൺമെന്റ് പറഞ്ഞുകൊണ്ടിരിക്കുമ്പോൾ ഇതുസംബന്ധിച്ച് വ്യക്തമായ നിലപാടോ, സമയപരിധിയോ തീരുമാനിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതാണ് മന്ത്രിയുടെ മറുപടിയിൽ നിന്നും ഞങ്ങൾ മനസിലാക്കുന്നത്. ഈ പശ്ചാത്തലത്തിൽ കുട്ടികൾക്ക് പ്രവേശനം നൽകുന്നതിന് കൃത്യമായ ഒരു ടൈം ഷെഡ്യൂൾ ഗവൺമെന്റ് പ്രഖ്യാപിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, 125509 വിദ്യാർത്ഥികൾക്കാണ് മുഴുവൻ വിഷയങ്ങൾക്കും എ-പ്ലസ് കിട്ടിയത്. അങ്ങനെ എ-പ്ലസ് കിട്ടിയവരിൽ 5812 വിദ്യാർത്ഥികൾക്ക് മാത്രമാണ് ഇനിയും പ്രവേശനം ലഭിക്കാനുള്ളത്. ഇന്നിവിടെ പ്രഖ്യാപിച്ച സീറ്റ് വർദ്ധനവിലൂടെയും പുതിയ ബാച്ച് വർദ്ധനവിലൂടെയും മേൽപ്പറഞ്ഞ മുഴുവൻ കുട്ടികൾക്കും പ്രവേശനം ലഭ്യമാകും.

ശ്രീ. സി. ആർ. മഹേഷ്: സർ, വിദ്യാഭ്യാസ മേഖലയിലെ പ്ലസ് വൺ പ്രവേശനവുമായി ബന്ധപ്പെട്ട ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ച് പറയുകയാണെങ്കിൽ, ഓപ്പറേഷൻ സക്സസാണ്, പക്ഷേ രോഗി മരിച്ചുപോയി എന്ന രൂപത്തിലാണ്. പരീക്ഷയെഴുതിയ എല്ലാവർക്കും എ-പ്ലസ് ലഭിച്ചു, പക്ഷേ അഡ്മിഷൻ ലഭ്യമാകുന്നില്ല. സംസ്ഥാനത്ത് എസ്.എസ്.എൽ.സി. പരീക്ഷയിൽ മുഴുവൻ വിഷയങ്ങൾക്കും എ-പ്ലസ് ലഭ്യമായിട്ടും നിലവിൽ പ്ലസ്‌വൺ-ന് പ്രവേശനം ലഭ്യമാകാത്ത എത്ര കുട്ടികളുണ്ട് ?

ശ്രീ. വി. ശിവൻകുട്ടി: സർ, 5,812 പേർക്ക് പ്രവേശനം ലഭിക്കാനുണ്ട്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, പ്ലസ് വൺ പ്രവേശനത്തിനായുള്ള സപ്ലിമെന്ററി അലോട്ട്മെന്റ് കഴിയാനിരിക്കുകയാണ്. കൂടുതൽ സീറ്റുകളും താത്കാലിക ബാച്ചുകളും അനുവദിക്കാൻ തീരുമാനിച്ച ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയെയും ഈ ഗവൺമെന്റിനെയും ഞാൻ അഭിനന്ദിക്കുകയാണ്. 'കെ.പി.സി.സി.-യുടെ ആയിരം വീട്' എന്നതുപോലെ ഇതൊന്നും ഒരു പഞ്ച് ഡയലോഗല്ല, ... (ബഹളം)... പരീക്ഷ നടത്തുമെന്ന് പറഞ്ഞാൽ അത് നടത്തിക്കാണിച്ച ഗവൺമെന്റാണ് കേരളത്തിലുള്ളത്. അതുകൊണ്ടുതന്നെ പ്ലസ് വൺ സീറ്റ് വർദ്ധിപ്പിക്കുമെന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ അർഹതപ്പെട്ടവർക്ക് സീറ്റ് കിട്ടുമെന്നുതന്നെയാണ് രക്ഷിതാക്കളും നാട്ടുകാരും വിശ്വസിക്കുന്നത്. കാരണം, ഈ സർക്കാരിൽ അവർക്ക് വിശ്വാസമുണ്ട്. ഇങ്ങനെ അധിക ബാച്ചുകൾ അനുവദിക്കുകയും ആവശ്യമായ സ്ഥലങ്ങളിൽ സീറ്റ് വർദ്ധിപ്പിക്കുകയും ചെയ്യുന്ന സമയത്ത് ദൂരസ്ഥലങ്ങളിലെ സ്കൂളുകളിൽ പ്രവേശനം കിട്ടിയ കുട്ടികൾക്ക് സ്കൂൾ മാറുന്നതിനുള്ള ഓപ്ഷൻകൂടി കൊടുക്കുന്നത് നല്ലതായിരിക്കും. ഇക്കാര്യത്തിൽക്കൂടി ശ്രദ്ധയുണ്ടാകുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് സാധാരണ നടന്നുവരുന്ന കീഴ്വഴക്കമാണ്. സ്ഥലംമാറി വരാൻ ഉദ്ദേശിക്കുന്ന സ്കൂളിലെ പ്ലസ് വൺ സീറ്റിന്റെ ലഭ്യത നോക്കിയാണ് ഇക്കാര്യം ചെയ്യുന്നത്. ഇത്തരത്തിലുള്ള അപേക്ഷകൾ കിട്ടുന്ന അവസരത്തിൽ ആയത് പരിശോധിക്കാം.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഈ വിഷയം സംബന്ധിച്ച് വിവിധ ഘട്ടങ്ങളിലായി പ്രതിപക്ഷം രണ്ട് അടിയന്തരപ്രമേയങ്ങൾക്ക് നോട്ടീസ് നൽകുകയും സബ്മിഷൻ അവതരിപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ വിഷയത്തിൽ അന്നെല്ലാം ഗവൺമെന്റിന്റെ നിലപാട് പ്ലസ് വൺ സീറ്റുകൾ സ്റ്റേറ്റ് യൂണിറ്റാക്കി കണക്കുപറഞ്ഞുകൊണ്ടിരിക്കുക എന്നതായിരുന്നു. 33000 സീറ്റുകൾ ഇവിടെ ബാക്കിയുണ്ടെന്നാണ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പലപ്രാവശ്യം ആവർത്തിച്ച് പറഞ്ഞുകൊണ്ടിരുന്നത്. എന്നാൽ ഇത് താലൂക്ക് യൂണിറ്റാക്കി കാണണമെന്ന് ഞങ്ങൾ നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരുന്നു. ഇപ്പോൾ താലൂക്ക് യൂണിറ്റായി പരിഗണിച്ചപ്പോൾ കേരളത്തിലെ 78 താലൂക്കുകളിൽ 50 എണ്ണത്തിൽ പ്ലസ്‌വൺ സീറ്റുകളുടെ എണ്ണം കുറവാണെന്ന് വ്യക്തമായി. അതിന്റെയടിസ്ഥാനത്തിൽ സർക്കാരെടുക്കുന്ന തീരുമാനങ്ങളെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. ഇവിടെ രണ്ട് പ്രശ്നങ്ങളുണ്ട്, കോമ്പിനേഷൻ ട്രാൻസ്ഫറും സ്കൂൾ ട്രാൻസ്ഫറും നടത്തിയതിനുശേഷ മായിരിക്കണം സപ്ലിമെന്ററി ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടത്. എന്നാൽ സപ്ലിമെന്ററി ലിസ്റ്റ് പ്രസിദ്ധീകരിച്ചു കഴിഞ്ഞശേഷവും കോമ്പിനേഷൻ ട്രാൻസ്ഫറും സ്കൂൾ ട്രാൻസ്ഫറും നടത്താതിരിക്കുകയാണ്. ഞാൻ പറഞ്ഞുവരുന്നത്, മുഴുവൻ വിഷയങ്ങൾക്കും എ-പ്ലസ് കിട്ടിയ കുട്ടിക്ക് പഠിക്കാൻ ആഗ്രഹമുള്ള വിഷയം ലഭിക്കുന്നില്ല, ഉദ്ദേശിച്ച സ്കൂളിൽ പ്രവേശനം ലഭിക്കാതെ മറ്റൊരു സ്കൂളിൽ പ്രവേശനം ലഭിക്കുന്നു തുടങ്ങിയ പ്രശ്നങ്ങളാണ്. ഇതിനുള്ള പ്രതിവിധിയാണ് കോമ്പിനേഷൻ ട്രാൻസ്ഫറും സ്കൂൾ ട്രാൻസ്ഫറും. അത് നടപ്പിലാക്കാതെ സപ്ലിമെന്ററി ലിസ്റ്റ് പ്രസിദ്ധീകരിച്ചാൽ 9.2 ഗ്രേഡ് പോയിന്റുള്ള കുട്ടിക്ക് പ്രവേശനം ലഭിക്കാതിരിക്കുകയും 7.2 ഗ്രേഡ് പോയിന്റുള്ള കുട്ടിക്ക് അതിനേക്കാൾ കൂടുതൽ മാർക്കുള്ള കുട്ടി ആഗ്രഹിച്ചിരുന്ന സീറ്റിൽ പ്രവേശനം ലഭിക്കുകയും ചെയ്യും. പ്രവേശന നടപടിക്രമങ്ങളിൽ ധാരാളം പാളിച്ചകൾ വന്നിട്ടുണ്ട്. അതേയവസരത്തിൽ വേണ്ടിവന്നാൽ 10 ശതമാനം സീറ്റ് വർദ്ധിപ്പിക്കും, വേണ്ടിവന്നാൽ 20 ശതമാനം സീറ്റ് വർദ്ധിപ്പിക്കും, വേണ്ടിവന്നാൽ അധിക ബാച്ച് അനുവദിക്കും എന്നിങ്ങനെ പറയാതെ, നേരത്തെ പറഞ്ഞതുപോലെ ചെയ്യണം. രണ്ടാംഘട്ട അലോട്ട്മെന്റ് കഴിഞ്ഞിട്ട് ദിവസങ്ങളായി. മുഴുവൻ വിഷയങ്ങൾക്കും എ-പ്ലസ് ലഭിച്ച അയ്യായിരത്തിലധികം കുട്ടികൾ ഇപ്പോഴും പ്രവേശനം ലഭിക്കാതെ പുറത്ത് നിൽക്കുന്നുണ്ടെന്ന കാര്യം ഇപ്പോൾ വളരെ കൃത്യമായി അറിയാം. മുഴുവൻ വിഷയങ്ങൾക്കും എ-പ്ലസ് ലഭിച്ചിട്ടും ആഗ്രഹിച്ച

വിഷയം ലഭ്യമാകാത്ത പതിനായിരക്കണക്കിന് കുട്ടികൾ വേറെയുമുണ്ട്. അവർ കിട്ടിയ വിഷയത്തിൽ പ്രവേശനം നേടിയിരിക്കുകയാണ്. സയൻസ് വിഷയം പഠിക്കണമെന്ന് ആഗ്രഹിച്ചിട്ടും കിട്ടാത്തതുകൊണ്ട് ഹ്യൂമാനിറ്റീസിലും കോമേഴ്സിലും ചേർന്നിരിക്കുന്ന, ഫുൾ എ-പ്ലസ് കിട്ടിയ പതിനായിരക്കണക്കിന് കുട്ടികളുണ്ട്. ഒരു കാലഘട്ടത്തിലും ഒരു അദ്ധ്യയന വർഷത്തിലും കേരളത്തിൽ സംഭവിക്കാത്ത പ്രശ്നങ്ങളാണ് ഈ വർഷമുണ്ടായിരിക്കുന്നത്. ഞങ്ങൾക്കിത് പരിഹരിക്കണമെന്നേയുള്ളൂ, അതല്ലാതെ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പറഞ്ഞതുപോലെ രാഷ്ട്രീയമാക്കിത്തീർക്കണമെന്നാഗ്രഹമില്ല. അർഹതയുള്ള മുഴുവൻ കുട്ടികൾക്കും പ്രവേശനം ലഭിക്കുന്നതിനുവേണ്ടി മാത്രമാണ് ഞങ്ങളിത് പറയുന്നത്. 'വേണ്ടിവന്നാൽ' എന്ന ക്ലോസ് മാറ്റിവച്ച് നടപടി സ്വീകരിക്കണം. ഇപ്പോൾ സ്കൂൾ യൂണിറ്റും താലൂക്ക് യൂണിറ്റും ശരിയായ വിധത്തിലാണുള്ളത്, എവിടെയാണ് കുട്ടികൾ കുറവുള്ളത്, എവിടെയാണ് കുട്ടികൾ പ്രവേശനം ലഭിക്കാതെ പുറത്ത് നിൽക്കുന്നത് എന്നെല്ലാം സംബന്ധിച്ചുള്ള കണക്കുകൾ ഗവൺമെന്റിൽ വളരെ വ്യക്തതയോടെത്തന്നെയുണ്ട്. അതിനനുസരിച്ച് പ്രഖ്യാപനം നടത്തി, സമയബന്ധിതമായി 10 ദിവസംകൊണ്ട് പ്രവേശന നടപടികൾ പൂർത്തീകരിക്കാൻകഴിയുമെന്ന് സർക്കാരിന് പറയാൻ സാധിക്കുമോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, രണ്ടാംഘട്ട അലോട്ട്മെന്റ് നടന്നത് 13-ാം തീയതിയായിരുന്നു. അതിനുശേഷം അവധിയും മറ്റു പ്രശ്നങ്ങളുമൊക്കെയുണ്ടായത് അങ്ങേയ്ക്കുമറിയാമല്ലോ. അതിനിടയിലാണ് പ്രവേശനം സംബന്ധിച്ച ലിസ്റ്റ് ശേഖരിച്ച് നിയമസഭയിൽ വച്ചത്. അങ്ങ് പറഞ്ഞതുപോലെയുള്ള ഉത്കണ്ഠയുടെ പ്രശ്നമുദിക്കുന്നില്ല. സപ്ലിമെന്ററി അലോട്ട്മെന്റിന്റെ നടപടിക്രമങ്ങൾ പൂർണ്ണമായും നടന്നുകഴിഞ്ഞാൽ മുഴുവൻ വിദ്യാർത്ഥികൾക്കും പ്രവേശനം ലഭ്യമാകുമെന്ന കാര്യത്തിൽ ഒരു തർക്കവുമുണ്ടാകില്ലെന്ന് ഞാൻ സഭയ്ക്ക് ഉറപ്പുനൽകുകയാണ്. അങ്ങിവിടെ പറഞ്ഞപോലെ, 'വേണ്ടിവന്നാൽ' എന്ന വാക്ക് ഞാൻ ഒരിടത്തും പ്രയോഗിച്ചിട്ടില്ല.

" 1. പരിപൂർണ്ണമായി ഒഴിഞ്ഞുകിടക്കുന്ന ബാച്ചുകൾ കണ്ടെത്തി, ആവശ്യമായ ജില്ലയിലേയ്ക്ക് മാറ്റും.

2. നിലവിൽ ഇരുപത് ശതമാനം സീറ്റ് വർദ്ധന ഏർപ്പെടുത്തിയ ജില്ലയിൽ സീറ്റിന്റെ ആവശ്യകത ഉണ്ടാകുകയാണെങ്കിൽ സർക്കാർ സ്കൂളുകളിൽ 10 ശതമാനം സീറ്റ് വർദ്ധന അനുവദിക്കുന്നതാണ്.

3. മുൻപ് മാർജിനൽ സീറ്റ് വർദ്ധന നൽകാത്ത ജില്ലയാണെങ്കിൽ ആവശ്യകതയനുസരിച്ച് എല്ലാ സർക്കാർ സ്കൂളുകളിലും 20 ശതമാനം/10 ശതമാനം സീറ്റ് അനുവദിക്കുന്നതാണ്. സീറ്റ് വർദ്ധനയിലൂടെ പരിഹരിക്കപ്പെടാത്ത പ്രശ്നം

പരിഹരിക്കുന്നതിനായി സപ്ലിമെന്ററി അലോട്ട്മെന്റ് ലഭിക്കുന്ന അപേക്ഷകളെ അടിസ്ഥാനമാക്കി താത്കാലിക ബാച്ചുകൾ അനുവദിക്കും " എന്നാണ് മറുപടി നൽകിയത്. അങ്ങ് പറഞ്ഞപോലെ 'വേണ്ടിവന്നാൽ' എന്ന പ്രയോഗം എവിടെയും ഉപയോഗിച്ചിട്ടില്ല. അതുപോലെ നടപടിക്രമങ്ങൾ എന്ന് പൂർത്തീകരിക്കുമെന്ന് ഇപ്പോൾ പ്രഖ്യാപിക്കാൻ കഴിയില്ല, അതിന് വകുപ്പിന് അതിന്റേതായ നടപടി ക്രമങ്ങളുണ്ട്, അതിനനുസരിച്ച് എത്രയുംവേഗത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽത്തന്നെ പൂർത്തീകരിച്ച് വിദ്യാലയങ്ങൾ പുനരാരംഭിക്കുന്ന സമയത്ത് എല്ലാ വിദ്യാർത്ഥി കൾക്കും സ്കൂളുകളിലേയ്ക്കെത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ഐ. ബി. സതീഷ്: സർ, സംസ്ഥാനത്തെ പ്ലസ് വൺ സീറ്റ് ക്ഷാമം പരിഹരിക്കുന്നതിന് ഏതൊക്കെ ജില്ലയിലാണ് മാർജിനൽ സീറ്റ് വർദ്ധന വരുത്തിയിട്ടുള്ളത്; ഉണ്ടെങ്കിൽ എത്ര ശതമാനമാണ്?

ശ്രീ. വി. ശിവൻകുട്ടി: സർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, വയനാട്, കാസർഗോഡ്, തിരുവനന്തപുരം എന്നീ ജില്ലകളിലാണ് മാർജിനൽ സീറ്റ് വർദ്ധന വരുത്തിയിട്ടുള്ളത്. ബാക്കിയുള്ള ജില്ലകളിൽ വർദ്ധന വരുത്തുന്നതിനെ ക്കുറിച്ച് ഞാൻ ഇവിടെ പ്രഖ്യാപിച്ചുകഴിഞ്ഞു.

ശ്രീ. കെ. പി. മോഹനൻ: സർ, നവംബർ 1-ന് സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് സ്കൂൾ മാനേജ്മെന്റിന്റെയും ഹെഡ്മാസ്റ്റർമാരുടെയും ഒരു യോഗം ഞാൻ ഇന്നലെ വിളിച്ചുചേർത്തിരുന്നു. ഒരുപാട് പ്രശ്നങ്ങളാണ് അവർ പറയുന്നത്. സ്കൂൾ വാഹനങ്ങളുടെ നികുതി ഒഴിവാക്കൽ സർക്കാർ തീരുമാനിച്ചെങ്കിലും പ്രാബല്യത്തിൽ വന്നില്ല. കൂടാതെ പാചക തൊഴിലാളികളുടെ ഹെൽത്ത് കാർഡിന്റെ വിഷയം. ഇത്തരത്തിലുള്ള അടിസ്ഥാന സൗകര്യമൊരുക്കുന്നതിൽ കുറെയൊക്കെ കാര്യങ്ങൾ മുന്നോട്ടുപോയെങ്കിലും ഇനിയും അസൗകര്യങ്ങളുണ്ട്. അങ്ങ് താൽക്കാലിക ബാച്ച് അനുവദിക്കാമെന്ന് പറഞ്ഞു, അതിന്റെ മാനദണ്ഡങ്ങൾ എന്താണെന്ന് വിശദീകരിക്കാമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, താൽക്കാലിക ബാച്ച് അനുവദിക്കുന്നതിന്റെ ഏറ്റവും പ്രധാനപ്പെട്ട മാനദണ്ഡം ആ പ്രദേശത്തെ ആവശ്യകതയാണ്. അവിടെ എത്ര കുട്ടികൾക്കാണ് പുതിയതായി പ്രവേശനം വേണ്ടതെന്ന് പരിശോധിക്കണം. 10 മുതൽ 20 ശതമാനം വരെ സീറ്റ് വർദ്ധിപ്പിച്ചിട്ടും പരിഹാരം കണ്ടില്ലെങ്കിൽ മാത്രമേ താൽക്കാലിക ബാച്ച് അനുവദിക്കു എന്നതാണ്. പല സ്കൂളുകളിലും ചില വിഷയങ്ങൾ പഠിപ്പിക്കുന്നതിന് അദ്ധ്യാപകരില്ലാത്ത സ്ഥിതിവിശേഷമുണ്ട്. അത് പി.ടി.എ.-യുടെയും എം.എൽ.എ.-മാരുടെയും ജില്ലാ പഞ്ചായത്തിന്റെയും മറ്റ് ജനപ്രതിനിധികളുടെയൊക്കെ അഭിപ്രായം മാനിച്ചുകൊണ്ട്, പ്രത്യേക വിഷയങ്ങൾക്ക് തുടർച്ചയായി ഒരു മാസം അദ്ധ്യാപകരില്ലാത്ത സ്ഥലങ്ങളിൽ ആ സ്കൂളിന്റെ പി.ടി.എ.-യ്ക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് താൽക്കാലികാടിസ്ഥാ നത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള ഉത്തരവ് നൽകിയിട്ടുണ്ട്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, അഡ്മിഷൻ തീരുമ്പോൾ എല്ലാവർക്കും സീറ്റുണ്ടാകുമെന്ന് പറഞ്ഞിരുന്ന ബഹുമാനപ്പെട്ട മന്ത്രി, സീറ്റുകൾ കിട്ടാത്ത കുറച്ച് വിദ്യാർത്ഥികളുണ്ടെന്നും ഫുൾ എ-പ്ലസ് കിട്ടിയ 5800-ൽപ്പരം കുട്ടികളുണ്ടെന്നും ഇനിയും സീറ്റുകിട്ടാനുണ്ടെന്നും സമ്മതിച്ചതിൽ സന്തോഷം. എല്ലാ കുട്ടികൾക്കും സീറ്റ് ലഭിക്കാനുള്ള നടപടിക്രമങ്ങൾ ഇവിടെ പ്രഖ്യാപിച്ചത് ആശ്വാസമാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിൽ ഒരു അപകടം പതിയിരിക്കുന്നുണ്ട്. നിലവിൽ 20 ശതമാനം സീറ്റ് വർദ്ധിപ്പിച്ചിട്ടുണ്ട്. ഇനിയും 10 ശതമാനം സീറ്റുകൂടി വർദ്ധിപ്പിക്കാൻ തയ്യാറാണെന്നും വേണമെങ്കിൽ 20 ശതമാനംകൂടി വർദ്ധിപ്പിക്കാമെന്നും പറയുന്നു. വിദ്യാഭ്യാസ അവകാശ നിയമത്തിൽ ഒരു ക്ലാസ്സിൽ അനുവദിക്കാവുന്ന കുട്ടികളുടെ എണ്ണം നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇപ്പോൾത്തന്നെ 50 കുട്ടികളെ പ്രവേശിപ്പിക്കേണ്ടിടത്ത് 60 കുട്ടികളെ പ്രവേശിപ്പിച്ചുകഴിഞ്ഞു. ഇനി 10 ശതമാനം കൂടിയാകുമ്പോൾ 65 കുട്ടികളാകും, 20 ശതമാനം കൂടിയാകുമ്പോൾ 70 ശതമാനം കുട്ടികളാകുകയും ചെയ്യും. വലിയൊരു കൂട്ടം വിദ്യാർത്ഥികളെ ഇരുത്തി ക്ലാസുകൾ നടത്തിയാൽ കുട്ടികളെ പ്രാക്ടിക്കലിനായി ലാബിലേയ്ക്ക് കൊണ്ടുപോകാൻ കഴിയില്ല. 20 ശതമാനത്തിനുപകരം 40 ശതമാനവും സീറ്റ് വർദ്ധിപ്പിച്ചശേഷവും കുട്ടികൾ പുറത്താകുകയാണെങ്കിലാണോ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി കൂടുതൽ സീറ്റുകളും ബാച്ചുകളും കോഴ്സുകളും അനുവദിക്കുന്നതെന്ന് അറിയണം. കേരളത്തിലെ ഹയർ സെക്കണ്ടറിക്ക് 41 കോമ്പിനേഷനുകളുണ്ട്. 41 കോമ്പിനേഷനുകളിലും കുട്ടികൾക്ക് താല്പര്യം ബയോളജി കോമ്പിനേഷനടക്കമുള്ള സയൻസ് ബാച്ചുകളാണ്. കുട്ടികൾക്ക് ഏറ്റവും ഡിമാൻഡുള്ള കോഴ്സുകളാണോ അനുവദിക്കുക; എല്ലാ സർക്കാർ സ്കൂളുകളും അപ്ഗ്രേഡ് ചെയ്യാൻ തീരുമാനിക്കുമോ; എല്ലാ ഹൈസ്കൂളുകളും അപ്ഗ്രേഡ് ചെയ്യാൻ സാധിക്കുമോ എന്നുകൂടി വ്യക്തമാക്കാമോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, കേരളത്തിലെ മുഴുവൻ സ്കൂളുകളിലും പുതിയ ബാച്ച് വേണമെന്നും സ്കൂൾ അപ്ഗ്രേഡ് ചെയ്യണമെന്നും നിർദ്ദേശം വന്നാൽ ആരെക്കൊണ്ട് ചെയ്യാൻ കഴിയും? നമ്മുടെ പ്രശ്നം സ്കൂളുകളിലെ സീറ്റിന്റെ കുറവുകളാണ്. എ-പ്ലസ് ലഭിക്കാത്ത കുട്ടികളുടെ എണ്ണം ഞാൻ പറഞ്ഞു. 5812 വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭിച്ചില്ലെന്ന് പറഞ്ഞാൽ അവർക്ക് ഇഷ്ടപ്പെട്ട വിഷയം കിട്ടിയില്ലെന്നുള്ളതാണ്. പുതിയ നടപടിക്രമത്തിലൂടെ കുട്ടികൾക്ക് ഇഷ്ടപ്പെട്ട വിഷയം കിട്ടുമെന്നുള്ളത് ഉറപ്പാണ്.

<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: സർ, പ്ലസ് വൺ രണ്ടാമത്തെ അലോട്ട്മെന്റിനുശേഷം സംസ്ഥാനത്ത് എത്ര അപേക്ഷകരാണ് ശേഷിക്കുന്നതെന്ന് വിശദീകരിക്കാമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, കഴിഞ്ഞ 15 വർഷത്തെ ശതമാനം വച്ച് കണക്കുകൂട്ടിയാൽ, അപേക്ഷ നൽകിയതിൽ 67910 പേർക്ക് ഇനി അഡ്മിഷൻ ലഭിക്കാനുണ്ട്. അതേസമയം അപേക്ഷിച്ച മുഴുവൻ വിദ്യാർത്ഥികളും മറ്റൊരു കോഴ്സിനും പോകാതെ പ്ലസ് വൺ പഠിക്കുന്നതിനായി വന്നാൽ 115734 പേർക്ക് പ്രവേശനം കൊടുക്കേണ്ടിവരും. അങ്ങനെ ഒരു സാഹചര്യം ഇതുവരെ വന്നിട്ടില്ല.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, സാങ്കേതികമായി അങ്ങ് പറഞ്ഞ കണക്കിനെ ചോദ്യം ചെയ്യുന്നില്ല. അങ്ങ് പറഞ്ഞ കണക്കുകൾകൊണ്ടുമാത്രം കുട്ടികളുടെയും രക്ഷിതാക്കളുടെയും മാനസിക സംഘർഷത്തിനും പരിഹാരമാകില്ല. കാരണം കുട്ടികളുടെ ആവശ്യം അവർ ആഗ്രഹിക്കുന്ന സ്കൂളിൽ ഇഷ്ടപ്പെട്ട വിഷയം പഠിക്കണമെന്നതാണ്. അങ്ങ് പറഞ്ഞ കണക്കനുസരിച്ച് കുട്ടികൾക്ക് അഡ്മിഷൻ കിട്ടിക്കാണണം. പക്ഷേ, സാമൂഹിക അംഗീകാരമില്ലാത്തതും നിലവാരം തീരെയില്ലാത്തതുമായ സ്കൂളുകളിലാണ് അഞ്ചാം ക്ലാസുമുതൽ മികച്ച നിലയിൽ പഠിച്ച കുട്ടികൾക്ക് അഡ്മിഷൻ കിട്ടിയിട്ടുള്ളത്. നേരത്തെ മുഖ്യ അലോട്ട്മെന്റിന്റെ ഒപ്പം തന്നെ സ്കൂൾ അനുവദിക്കാറുണ്ട്. ഇത്തവണ അതുണ്ടായില്ല. എന്റെ ചോദ്യം അടുത്ത സപ്ലിമെന്ററിക്കുമുമ്പ് സ്കൂൾ ട്രാൻസ്ഫറും കോഴ്സ് കോമ്പിനേഷൻ ട്രാൻസ്ഫറും അനുവദിക്കുമോ; കൂടാതെ എത്ര അഡീഷണൽ ബാച്ച് അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, പൊതുവിൽ പറഞ്ഞത് ഉപരിപഠനത്തിന് എത്ര സീറ്റുകൾ വേണമെന്നും ഏതെല്ലാം താലൂക്കുകളിലാണ് സീറ്റുകളുടെ കുറവുള്ളതെന്നും എ-പ്ലസ് കിട്ടിയവരിൽ ഇനി എത്ര കുട്ടികൾക്കാണ് അഡ്മിഷൻ കിട്ടാത്തതെന്നുമാണ്. സപ്ലിമെന്ററി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അപേക്ഷകരുടെ എണ്ണം കൂടുതലുള്ള സ്ഥലങ്ങളിലാണ് പുതിയ ബാച്ചും സീറ്റ് വർദ്ധനവും അനുവദിക്കുന്നത്.

ശ്രീ. എം. വിജിൻ: സർ, പൊതുവിദ്യാലയങ്ങൾ അടച്ചുപൂട്ടാത്തൊരു കാലം സൃഷ്ടിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയെ കരുത്തുറ്റതാക്കിയ ഈ സർക്കാരിന്റെ പ്രവർത്തനത്തെ ഞാൻ അഭിനന്ദിക്കുകയാണ്. അതോടൊപ്പം കോവിഡ് പശ്ചാത്തലത്തിലും ഇന്ത്യയ്ക്ക് മാതൃകയായി എസ്.എസ്.എൽ.സി. പരീക്ഷയും ഹയർ സെക്കണ്ടറി പരീക്ഷയും നടത്താൻ സാധിച്ചതിനെയും ഞാൻ അഭിനന്ദിക്കുകയാണ്. ഹയർ സെക്കണ്ടറി/പ്ലസ് വൺ പ്രവേശനത്തിന് ഏറ്റവും കൂടുതൽ അപേക്ഷകരുണ്ടായിരുന്ന വർഷം അങ്ങയുടെ ശ്രദ്ധയിലുണ്ടോ; അന്ന് ഏത് നിലയിലാണ് ഈ പ്രതിസന്ധി പരിഹരിക്കുന്നതിനായി ഇടപെട്ടതെന്ന് അങ്ങേയ്ക്കറിയാമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഏറ്റവും കൂടുതൽ എ-പ്ലസ് കിട്ടിയ വർഷം ഇപ്രാവശ്യമാണ്. മുമ്പ് 5 ലക്ഷത്തോളം കുട്ടികൾ പരീക്ഷ എഴുതിയ കാലഘട്ടമുണ്ടായിരുന്നു.

## സാക്ഷരത തുടർ വിദ്യാഭ്യാസ നയം

2(*242) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സാക്ഷരത രംഗത്ത് കഴിഞ്ഞ അഞ്ച് വർഷം കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) സാക്ഷരത തുടർ വിദ്യാഭ്യാസം സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ നയമെന്തെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് നവ സാക്ഷരരുടെ തുടർ വിദ്യാഭ്യാസത്തിനായി നിലവിലുള്ള സൗകര്യങ്ങൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ,

(എ) 1997-ൽ കേരള സർക്കാരിന്റെ പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ അനൗപചാരിക വിദ്യാഭ്യാസ മേഖലയിലെ സ്വയംഭരണ സ്ഥാപനമായാണ് കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി രൂപീകൃതമായത്. കേരളത്തിലെ സാക്ഷരതാ തുടർ വിദ്യാഭ്യാസങ്ങൾക്ക് വർത്തമാനകാല സാമൂഹ്യ യാഥാർത്ഥ്യങ്ങളെ ഉൾക്കൊണ്ടു കൊണ്ടുള്ള പുതിയ ദിശാബോധവും പുത്തൻ ഉണർവ്വുമുണ്ടായ കാലമാണ്. 2016-2021 കാലഘട്ടം സാക്ഷരതാ പ്രസ്ഥാനത്തിന്റെ ജനകീയ സ്വഭാവം വീണ്ടെടുക്കുകയും പാർശ്വവത്കൃത മേഖലയിലേയ്ക്ക് പ്രവർത്തനങ്ങളെ വ്യാപിപ്പിക്കുകയും ചെയ്യുന്നു. അതോടൊപ്പം ഒട്ടേറെ നൂതന പദ്ധതികളും സമകാലിക പ്രസക്തിയുള്ള സാമൂഹ്യ സാക്ഷരതാ പരിപാടികളും നടപ്പിലാക്കിവരികയാണ്. ഇത്തരം പ്രവർത്തനങ്ങൾ ദേശീയ അന്തർദ്ദേശീയതലങ്ങളിൽ ശ്രദ്ധിക്കപ്പെട്ടത് കേരളത്തിന് അഭിമാനകരമായ നേട്ടംകൂടിയാണ്. കഴിഞ്ഞ അഞ്ചുവർഷ ഭരണകാലയളവിൽ (2016-21) സാക്ഷരതാ മിഷൻ അതോറിറ്റി മുഖേന കൈവരിച്ച നേട്ടങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) കേരളത്തിൽ ഒരു നിരക്ഷരരും അവശേഷിക്കരുതെന്നാണ് സർക്കാരിന്റെ പ്രാഥമികലക്ഷ്യം. 2011-ലെ സെൻസസ് പ്രകാരം കേരളത്തിന്റെ സാക്ഷരതാ നിരക്ക് 93.91 ശതമാനമാണ്. നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിന്റെ 2020-ലെ റിപ്പോർട്ടിൽ കേരളത്തിലെ സാക്ഷരതാ നിരക്ക് 96.2 ശതമാനമായി

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

മാറിയിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിരക്ഷരരിൽ കൂടുതലും നഗര-ചേരി-തീരദേശ-ആദിവാസി ഭാഷാ ന്യൂനപക്ഷ മേഖലകളിലാണുള്ളത്. ഈ മേഖലകളിൽ കൂടുതൽ ഊന്നൽ നൽകിക്കൊണ്ട് വിവിധ നൂതന പദ്ധതികൾ ആവിഷ്കരിച്ച് നിരക്ഷരത നിർമ്മാർജ്ജനം ചെയ്തുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് സാക്ഷരതാ മിഷൻ ഇപ്പോൾ നടപ്പിലാക്കിവരുന്നത്. നിരക്ഷരതാ നിർമ്മാർജ്ജനത്തിലൂടെ സാക്ഷരരാകുന്ന മുഴുവൻ നവസാക്ഷരർക്കും വിവിധ കാരണങ്ങളാൽ പാതിവഴിയിൽ പഠനം ഉപേക്ഷിക്കേണ്ടിവന്നവർക്കും പന്ത്രണ്ടാംതരംവരെയുള്ള തുല്യതാ വിദ്യാഭ്യാസം നൽകിക്കൊണ്ട് സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്കെത്തിക്കാൻ സാക്ഷരതാ മിഷൻ മുഖേന സർക്കാർ ലക്ഷ്യമിടുന്നു.

(സി) കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന വിവിധ സാക്ഷരതാ പദ്ധതികളിലൂടെ നവസാക്ഷരരാക്കുന്നവരെ തുടർവിദ്യാഭ്യാസത്തിലേയ്ക്കെത്തിക്കുകയെന്ന ലക്ഷ്യം മുന്നിൽക്കണ്ടുകൊണ്ടുള്ള തുടർവിദ്യാഭ്യാസ പദ്ധതികൾ സാക്ഷരതാ മിഷൻ നടപ്പിലാക്കിവരുന്നുണ്ട്. സാക്ഷരതാ വിദ്യാഭ്യാസം പൂർത്തിയാക്കിയ നവസാക്ഷരർക്ക് നാലാംതരം തുല്യതാ വിദ്യാഭ്യാസം നൽകുകയും തുടർന്ന് ഏഴാംതരം തുല്യതയിലേയ്ക്കും പത്താംതരം തുല്യതയിലേയ്ക്കും ഹയർ സെക്കണ്ടറി തുല്യതാ വിദ്യാഭ്യാസത്തിലേയ്ക്കുമെത്തിക്കാനുള്ള തുടർവിദ്യാഭ്യാസ സൗകര്യങ്ങളാണ് സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി ഒരുക്കിയിട്ടുള്ളത്. പത്താംതരം തുല്യതാപരീക്ഷ പരീക്ഷാഭവനും ഹയർ സെക്കണ്ടറി തുല്യതാപരീക്ഷ ഹയർ സെക്കണ്ടറി പരീക്ഷാ വിഭാഗവുമാണ് നടത്തുന്നത്. സാക്ഷരതാ മിഷൻ നടത്തുന്ന പത്താംതരം തുല്യതാ കോഴ്സ് വിജയിക്കുന്ന പഠിതാക്കൾക്ക് നൽകുന്ന സർട്ടിഫിക്കറ്റിന് പി.എസ്.സി.-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. മാത്രവുമല്ല, മലയാളത്തിലും ഇംഗ്ലീഷിലും ഹിന്ദിയിലും പ്രാവീണ്യം നേടിക്കൊടുക്കുന്നതിനായി 'പച്ചമലയാളം', 'ഗുഡ് ഇംഗ്ലീഷ്', 'അച്ഛീ ഹിന്ദി' എന്നീ സർട്ടിഫിക്കറ്റ് കോഴ്സുകളും സാക്ഷരതാ മിഷൻ ഇപ്പോൾ നടപ്പിലാക്കുന്നുണ്ട്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, സാക്ഷരതാ മിഷന്റെ പ്രവർത്തനം മെച്ചപ്പെട്ട നിലയിലാണ് നടക്കുന്നത്. ഒട്ടേറെ ആളുകൾക്ക് ഉന്നത വിദ്യാഭ്യാസത്തിനും ജോലിക്കുമെല്ലാം ഈ പ്രവർത്തനം സഹായകരമായിട്ടുണ്ട്. ഇപ്പോൾ സർക്കാർ ആവിഷ്കരിച്ച നവകേരള മിഷൻ കർമ്മ സമിതിക്ക് ധാരാളം ബോധവൽക്കരണ പരിപാടികൾ ആവശ്യമുണ്ടെന്നാണറിയുന്നത്. അങ്ങനെ വരുമ്പോൾ സാക്ഷരതാ മിഷന്റെ പ്രവർത്തനം അതിലേയ്ക്കുകൂടി വ്യാപിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, നവകേരള മിഷൻ കർമ്മ സമിതി സമൂഹത്തിലെ എല്ലാ വിഷയങ്ങളിലും ഇടപെട്ടുകൊണ്ടിരിക്കുകയാണ്. അങ്ങ് ഇവിടെ സൂചിപ്പിച്ചതു പോലെ സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങളെ ഇതിന് പ്രയോജനപ്പെടുത്താൻ നമുക്ക് സാധിക്കും. സാമൂഹ്യ സാക്ഷരതാ പരിപാടികളുടെ പ്രധാന ഭാഗമായുള്ള

നവകേരള കർമ്മ പദ്ധതി ഏറ്റെടുക്കാൻ കഴിയും. ഇതിനായി പ്രേരക്മാർ, പഠിതാക്കൾ, മറ്റ് സാക്ഷരതാ പ്രവർത്തകർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കാസർഗോഡ് ജില്ലയിലെ വടക്കൻ മേഖല കന്നഡ ഭാഷാ ന്യൂനപക്ഷ പ്രദേശമാണ്. അവിടെ സാക്ഷരതാ പ്രവർത്തനം തൃപ്തികരമായ രീതിയിലല്ല നടക്കുന്നത്. അവിടത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ ഇത് ഏറ്റെടുത്ത് നടത്തുന്നതിനും വേണ്ടത്ര താൽപ്പര്യം കാണിക്കുന്നില്ല. അതുകൊണ്ട് കന്നഡ മേഖലയിൽക്കൂടി തുടർ സാക്ഷരതാ പ്രവർത്തനം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, കേരളത്തിലെ ഭാഷാ ന്യൂനപക്ഷങ്ങൾക്കും സാക്ഷരതാ തുടർ വിദ്യാഭ്യാസ പദ്ധതിയിലൂടെ പ്രയോജനം ലഭിക്കണമെന്നുള്ളതാണ് സർക്കാരിന്റെ നിലപാട്. ഇതിന്റെ ഭാഗമായാണ് പത്താംതരം തുല്യതാ കോഴ്സ് തമിഴ് മീഡിയത്തിൽക്കൂടി നടപ്പിലാക്കി വരുന്നത്. നിലവിൽ കന്നഡ ഭാഷ സംസാരിക്കുന്നവർക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ ഹയർ സെക്കണ്ടറി തുല്യതാ കോഴ്സ് കന്നഡ മീഡിയത്തിൽ കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കിവരുന്നുണ്ട്. സാക്ഷരതാ മിഷൻ മലയാളത്തിൽ തയ്യാറാക്കിയ പാഠപുസ്തകങ്ങൾ കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റെയും കന്നഡ മേഖലയിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പഞ്ചായത്തുകളുടെയും സഹായത്തോടെ പരിഭാഷപ്പെടുത്തുകയും അച്ചടിക്കുകയും ചെയ്തിട്ടുണ്ട്. ഈ മേഖലയിൽ സാക്ഷരതാ മിഷന്റെ ഹയർ സെക്കണ്ടറി ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത് കന്നഡ ഭാഷയിലാണ്. എന്നാൽ ഹയർ സെക്കണ്ടറി പരീക്ഷ നടത്തുന്നത് ഹയർ സെക്കണ്ടറി ബോർഡാണ്. നിലവിൽ ഹയർ സെക്കണ്ടറി ചോദ്യപേപ്പർ കന്നഡ ഭാഷയിൽ തയ്യാറാക്കുന്നില്ല. ഇംഗ്ലീഷ് ഭാഷയിൽ ചോദ്യങ്ങൾ നൽകുകയും കന്നഡ ഭാഷയിൽ ഉത്തരം എഴുതാൻ പഠിതാക്കൾക്ക് അവസരം നൽകുകയുമാണ് ചെയ്യുന്നത്. കന്നഡ ഭാഷയിൽ ചോദ്യങ്ങൾ തയ്യാറാക്കാൻ നിലവിൽ ബുദ്ധിമുട്ടുണ്ട്. കാരണം അതത് വിഷയത്തിലെ വിദഗ്ദ്ധരാണ് ചോദ്യപേപ്പർ തയ്യാറാക്കുന്നത്. അവരിൽത്തന്നെ കന്നഡ ഭാഷ അറിയുന്നവരുടെ എണ്ണം വളരെ കുറവാണ്. അങ്ങനെ വരുമ്പോൾ മലയാളത്തിലോ ഇംഗ്ലീഷിലോ തയ്യാറാക്കുന്ന വിവിധ വിഷയങ്ങളിലെ ചോദ്യപേപ്പറുകൾ കന്നഡ ഭാഷ അറിയാവുന്ന അദ്ധ്യാപകർക്ക് നൽകി പരിഭാഷപ്പെടുത്തേണ്ടിവരും. ഇത് ചോദ്യപേപ്പറിന്റെ രഹസ്യ സ്വഭാവത്തെയും പരീക്ഷയുടെ വിശ്വാസത്തെയും ഇല്ലാതാക്കാൻ സാദ്ധ്യതയുള്ളതിനാലാണ് ഇപ്പോൾ ഹയർ സെക്കണ്ടറി ബോർഡ് കന്നഡ ഭാഷയിൽ ചോദ്യപേപ്പർ തയ്യാറാക്കാത്തത്.

ശ്രീ. വി. കെ. പ്രശാന്ത്: സർ, ഇന്ത്യയിലെ ഏറ്റവും ഉയർന്ന സാക്ഷരതാ നിരക്കാണ് കേരളത്തിലുള്ളത്, 96.2%. ഈ സാക്ഷരതാ യജ്ഞത്തിന്റെ തുടർച്ചയായാണ് 'അക്ഷരശ്രീ' പദ്ധതി നടപ്പിലാക്കുന്നത്. നാലാം തരം, ഏഴാം

തരം, പത്താം തരം, ഹയർ സെക്കണ്ടറി തലം അടക്കമുള്ള തുല്യതാ പരീക്ഷകൾ നമ്മൾ നടപ്പാക്കുകയാണ്. പത്താംതരത്തിന് പി.എസ്.സി.-യുടെ അംഗീകാരമടക്കം നമുക്ക് ലഭിച്ചിരിക്കുകയാണ്. 'അക്ഷരശ്രീ' പദ്ധതി തകർക്കുന്നതിനായുള്ള ബോധപൂർവ്വമായ പരിശ്രമങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? വ്യാജ സർട്ടിഫിക്കറ്റുകളടക്കം വിതരണം ചെയ്യുന്നതായുള്ള ആക്ഷേപം ഉയർന്നുവന്നിട്ടുണ്ട്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, 'അക്ഷരശ്രീ' പദ്ധതി തിരുവനന്തപുരം നഗരസഭയുടെ നേതൃത്വത്തിൽ നടത്തിയ പ്രോജക്ടാണ്. തിരുവനന്തപുരം നഗരസഭയുമായി ചേർന്നുകൊണ്ട് എല്ലാ വാർഡുകളിലും വലിയ ജനപങ്കാളിത്തത്തോടുകൂടി നടത്തിയ ഈ പരിപാടി നല്ല വിജയമായിരുന്നു. മറ്റ് നഗരസഭകൾക്കും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ആ രൂപത്തിലുള്ള പരിപാടികൾ നടത്താൻ കഴിയുന്നതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ അതിന്റെ പേരിൽ വ്യാജ സർട്ടിഫിക്കറ്റ് ആർക്കെങ്കിലും വിതരണം ചെയ്തിട്ടുണ്ടോ എന്നതുസംബന്ധിച്ച പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീമതി ശാന്തകുമാരി കെ.: സർ, കേരളത്തിലെ ഒരു ജനതയെ അറിവിന്റെയും അക്ഷരത്തിന്റെയും ലോകത്തേയ്ക്ക് കൈപിടിച്ചുയർത്തി വിജ്ഞാനത്തിന്റെ വെള്ളി വെളിച്ചത്തിലേയ്ക്ക് നയിച്ച ആശയമാണ് ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കിയ സാക്ഷരതാ പ്രസ്ഥാനം. ഇത് തുടങ്ങിവച്ചതും കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റാണ്. തുടർ സാക്ഷരതാ വിദ്യാഭ്യാസം ഇനിയും അനിവാര്യമാണ്. ഈ ഘട്ടത്തിൽ സ്കൂൾ, കോളേജ് വിദ്യാർത്ഥികളെ പഠനാനുബന്ധ പ്രവർത്തനവുമായി ബന്ധപ്പെടുത്തി സാക്ഷരതാ തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നത് അവരുടെ സാമൂഹ്യ പ്രതിബദ്ധത വർദ്ധിപ്പിക്കുവാനും കൂടുതൽ പേരെ സാക്ഷരരാക്കുവാനും ഗുണകരമാകും. ഈ രീതി സംസ്ഥാന സർക്കാർ നടപ്പിലാക്കാൻ തയ്യാറാണോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യം വളരെ പ്രസക്തിയുള്ളതാണ്. സ്കൂൾ, കോളേജ് വിദ്യാർത്ഥികളെ സാക്ഷരതാ തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ഇപ്പോൾത്തന്നെ പങ്കാളികളാക്കുന്നുണ്ട്. മാത്രമല്ല, വിദ്യാർത്ഥി സമൂഹത്തിന് ഇതിൽ താൽപ്പര്യം കൂടിവരുന്നുണ്ട്. അതിഥിത്തൊഴിലാളികൾക്ക് വേണ്ടിയുള്ള 'ചങ്ങാതി' എന്ന പദ്ധതിയിലും തിരുവനന്തപുരം കോർപ്പറേഷൻ നടത്തിയ 'അക്ഷരശ്രീ' എന്ന പദ്ധതിയിലും ധാരാളം സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ പങ്കെടുക്കാൻ തയ്യാറായിട്ടുണ്ട്. സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് ഇത്തരത്തിലുള്ള സാമൂഹ്യ പ്രസക്തിയുള്ള വിഷയങ്ങളിൽ പങ്കെടുത്ത് അതിന് നേതൃത്വപരമായ പങ്കുവഹിച്ച് പ്രവർത്തനം നടത്തുന്നതിനുവേണ്ടിയുള്ള താൽപ്പര്യം വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. തീർച്ചയായും ഈ പരിപാടിയിൽ സ്കൂൾ, കോളേജ് വിദ്യാർത്ഥികളെ കൂടുതൽ പങ്കെടുപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാം.

ശ്രീ. പി. വി. അൻവർ: സർ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കഴിഞ്ഞ അഞ്ച് വർഷക്കാലത്തിനിടയ്ക്ക് വിദ്യാഭ്യാസ മേഖലയിൽ വലിയ മാറ്റമുണ്ടാക്കിയ സർക്കാരാണിത്. ഏഴര ലക്ഷം വിദ്യാർത്ഥികളാണ് പുതുതായി പൊതുവിദ്യാലയത്തിലേയ്ക്ക് വന്നിട്ടുള്ളത്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് കേരളത്തിലെ പൊതുവിദ്യാഭ്യാസം, മലാപ്പറമ്പ് സ്കൂളടക്കം ഏതെല്ലാം വിദ്യാലയങ്ങൾ വിറ്റുതുലയ്ക്കാൻ സാധിക്കുമോ അവയെല്ലാം വിറ്റുതുലയ്ക്കുന്ന നിലപാടെടുത്തവരാണ് ഇന്ന് ഈ സഭയിലിരിക്കുന്നതെന്ന് നമുക്കറിയാം. രാജ്യത്തിന്റെ ഫെഡറൽ സംവിധാനം കാറ്റിൽ പറത്തി കേന്ദ്ര ഗവൺമെന്റ് ഈ രാജ്യത്തെ മുഴുവൻ പൊതുസമ്പത്തും വിറ്റുതുലയ്ക്കുന്ന കാലമാണ്. അതിനെക്കുറിച്ച് ഒരക്ഷരം പറയാൻ കേരളത്തിലെ പ്രതിപക്ഷത്തിന് ഇന്നും താൽപ്പര്യമില്ല, നാളെയും താൽപ്പര്യമില്ല. വിദ്യാഭ്യാസമടക്കം വിറ്റുകൊണ്ടിരിക്കുകയാണ്. സാക്ഷരതാ മിഷനുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റ് നൽകിയിരുന്ന ചില്ലറ സഹായങ്ങൾ വല്ലതും ഇന്ന് സംസ്ഥാന ഗവൺമെന്റിന് കിട്ടുന്നുണ്ടോയെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കാനുള്ളത്.

ശ്രീ. വി. ശിവൻകുട്ടി: സർ, കേന്ദ്ര ഗവൺമെന്റ് പൊതുവിൽ എല്ലാ വിഷയങ്ങളിലും കേരള ഗവൺമെന്റിനോട് സ്വീകരിക്കുന്ന ഒരു നിലപാടുണ്ട്. പൊതു മേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്ന കാര്യത്തിലൊക്കെ പരസ്യമായൊരു നിലപാടുണ്ട്. പരമാവധി സ്വകാര്യ സ്ഥാപനങ്ങളെ സംരക്ഷിക്കുകയും പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റുതുലയ്ക്കുകയും ചെയ്യുന്ന സമീപനമാണുള്ളത്. വിദ്യാഭ്യാസ രംഗത്തും തൊഴിലാളി രംഗത്തും അത് ശക്തമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായാണ് ന്യൂ എഡ്യൂക്കേഷൻ പോളിസി വന്നിട്ടുള്ളതും ഇരുപത്തി ഒൻപതോളം വരുന്ന കേന്ദ്ര തൊഴിൽ നിയമങ്ങൾ റദ്ദുചെയ്ത് നാല് കോഡുകളാക്കി മാറ്റുന്നതിനു വേണ്ടി തയ്യാറായിട്ടുള്ളതും. 2009-നുശേഷം ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയും കേരളത്തിന് ലഭിച്ചിട്ടില്ല. എന്നാൽ കഴിഞ്ഞ അഞ്ച് വർഷത്തെ സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങളും സാക്ഷരതാ മിഷൻ കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ച ചില പ്രൊപ്പോസലുകളും പരിഗണിച്ച് 2020 മുതൽ 'Padhna Likhna Abhiyan' എന്ന പ്രോജക്ടിലൂടെ ചെറിയ തോതിലുള്ള ചില സഹായങ്ങൾ നൽകാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറായിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങൾക്ക് ലഭിക്കുന്നതുപോലുള്ള കൂടുതൽ സാമ്പത്തിക സഹായങ്ങൾ സംസ്ഥാനത്തിന് ലഭിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിൽ സമ്മർദം ചെലുത്തേണ്ടതായിട്ടുണ്ട്. അതിനുള്ള പരിശ്രമങ്ങൾ നടത്താം.

മി. സ്പീക്കർ: കാര്യമാത്ര പ്രസക്തമായി ചോദ്യം ചോദിക്കണമെന്നും പ്രസംഗ മാക്കരുതെന്നും ആദ്യത്തെ ചോദ്യം തുടങ്ങിയതുമുതൽ ചെയർ പറയുന്നതാണ്. അത് എല്ലാവർക്കും ബാധകമാണെന്ന് മനസ്സിലാക്കേണ്ടതാണ്. ഒരു ഭാഗത്തുനിന്ന് മാത്രം അസ്വസ്ഥത പ്രകടിപ്പിച്ചിട്ട് കാര്യമില്ല. ചോദ്യം തുടങ്ങിയ സമയത്തുതന്നെ ചെയർ അത് നിയന്ത്രിച്ചതാണ്. അത് തങ്ങൾക്ക് ബാധകമല്ലെന്ന് ആരും ധരിക്കരുത്.

ശ്രീ. ടി. സിദ്ദിഖ്: സർ, ഔപചാരിക വിദ്യാഭ്യാസം പോലെതന്നെ ഏറ്റവും പ്രധാനമാണ് അനൗപചാരിക വിദ്യാഭ്യാസവും. സമ്പൂർണ്ണ സാക്ഷരത കൈവരിക്കാൻ കഴിയാതെപോകുന്നതിൽ ജീവിത-സാമൂഹ്യ സാഹചര്യങ്ങൾ പ്രധാന ഘടകങ്ങളാണ്. വയനാട് ജില്ലയിൽ സമ്പൂർണ്ണ ആദിവാസി സാക്ഷരതാ യജ്ഞം നടക്കുകയാണ്. 24472 ആദിവാസികൾ സാക്ഷരതയിലേയ്ക്ക് കടന്നുവരേണ്ടതുണ്ട്. അതിൽ പതിന യ്യായിരത്തോളം പേർ വനിതകളാണ്. നവംബർ മാസം വലിയൊരു തുടർപ്രക്രിയ ആരംഭിക്കുകയാണ്. 'ആദിവാസി സമ്പൂർണ്ണ സാക്ഷരതാ യജ്ഞം' എന്ന രീതിയിൽ ഈ പദ്ധതിക്ക് പ്രത്യേകമായ സാമ്പത്തിക സൗകര്യം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? കഴിഞ്ഞ ദിവസത്തെ അവലോകന യോഗത്തിൽ ഈ പദ്ധതികൾക്കുവേണ്ടിയുള്ള പ്രത്യേക വിഭവങ്ങൾ പ്രദാനം ചെയ്യുന്നതിന് ലോക്കൽ ബോഡീസിനും മറ്റുള്ള സംവിധാനങ്ങൾക്കും സാധിക്കാതെ വന്നിട്ടുണ്ട്. ഈ മിഷൻ പൂർത്തീകരിക്കുന്നതിനുവേണ്ടി പ്രത്യേക സാമ്പത്തിക പദ്ധതി ക്രമീകരിക്കാൻ സാധിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, വയനാട് ജില്ലയ്ക്ക് മുന്തിയ പരിഗണന കൊടുത്തു കൊണ്ടുള്ള പ്രവർത്തനമാണ് സാക്ഷരതാ മിഷൻ സംഘടിപ്പിച്ചുകൊണ്ടിരിക്കുന്നത്. ആദിവാസി ഊരുകളിൽ 2016-20 കാലഘട്ടത്തിൽ 7302 പേരെ സാക്ഷരരാക്കാൻ കഴിഞ്ഞുവെന്നുള്ള കാര്യം ഞാൻ അങ്ങയെ അറിയിക്കുകയാണ്. അതിന് അവിടത്തെ സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തകരും സാക്ഷരതാ മിഷനുമെല്ലാം പരിശ്രമം നടത്തിയിട്ടുണ്ട്. പിന്നാക്കം നിൽക്കുന്ന ജില്ലയെന്നുള്ള നിലയിൽ ഈ സാക്ഷരതാ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുവേണ്ടി എന്താണ് ചെയ്യാൻ കഴിയുന്നതെന്ന് കൂട്ടായി ആലോചിച്ച് തീരുമാനിക്കാമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, 1998 ഒക്ടോബർ 2-നാണ് എൽ.ഡി.എഫ്. സർക്കാർ കേന്ദ്ര-സംസ്ഥാന സംയുക്ത പദ്ധതിയായ തുടർ സാക്ഷരതാ പദ്ധതി കേരളത്തിൽ ആരംഭിക്കുന്നത്. എന്നാൽ 2009-ൽ കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാരാണ് ഇതിനുള്ള സാമ്പത്തിക സഹായം പൂർണ്ണമായും നിർത്തലാ ക്കിയത്. അതിനുശേഷം ആ പ്രവർത്തനം കേരളം ഏറ്റെടുത്ത് മുന്നോട്ടുകൊണ്ടു പോകുകയാണ്. രണ്ടായിരത്തിൽ താഴെവരുന്ന പ്രേരക്മാരെയും അസിസ്റ്റന്റ് പ്രേരക്മാരെയും തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിക്കാനും അവരുടെ ഓണറേറിയത്തിൽ വൻ വർദ്ധനവ് വരുത്താനും കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ അവസാന വർഷത്തിൽ തീരുമാനമെടുത്തു. ആ തീരുമാനം ഇപ്പോഴും സമയ ബന്ധിതമായി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. അത് എത്രയുംവേഗം നടപ്പാക്കാനുള്ള പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, സാക്ഷരതാ മിഷനിൽ ഇപ്പോൾ സ്ഥിരം ജീവനക്കാരായി 71 പേർ മാത്രമാണുള്ളത്. ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർമാരുടെ എണ്ണം 12-ഉം അസിസ്റ്റന്റ് പ്രോജക്ട് കോ-ഓർഡിനേറ്റർമാർ 17-ഉം ഓഫീസ് അസിസ്റ്റന്റ് 19-ഉം ആണ്. അവരെല്ലാം പത്ത് മുതൽ ഇരുപത് വർഷംവരെ സീനിയോറിറ്റിയുള്ളവരാണ്. അവരെ സ്ഥിരപ്പെടുത്തുന്നതിനുള്ള തീരുമാനത്തിനെതിരെ കോടതിയിൽ സ്റ്റേ നിലനിൽക്കുന്നതിനാൽ ചില ബുദ്ധിമുട്ടുകളുണ്ട്. എങ്കിലും പ്രസ്തുത ജീവനക്കാരെ വച്ചുകൊണ്ടുതന്നെ നിരവധി പ്രോജക്ടുകൾ നടത്താൻ നമുക്ക് സാധിച്ചിട്ടുണ്ട്. 2016-21 കാലഘട്ടത്തിൽ തീരദേശത്ത് 8935 പേരെ സാക്ഷരരാക്കുന്ന 'അക്ഷര സാഗരം' എന്ന പ്രോഗ്രാം സംഘടിപ്പിച്ചു. തീരദേശത്തുള്ള വിദ്യാസമ്പന്നരായവരെയാണ് അദ്ധ്യാപകരായി ഉൾപ്പെടുത്തിയിട്ടുള്ളത്. 'ചങ്ങാതി' എന്ന പ്രോജക്ടിലൂടെ 2016-21-ൽ 5451 അതിഥിത്തൊഴിലാളികളെ സാക്ഷരരാക്കാൻ കഴിഞ്ഞിട്ടുണ്ട്. സമൂഹത്തിൽ ഏറ്റവും കൂടുതൽ സംരക്ഷണം അർഹിക്കുന്ന ട്രാൻസ്ജെൻഡർ വിഭാഗത്തിനുവേണ്ടി 'സമന്വയ' എന്ന പദ്ധതി നടപ്പാക്കാൻ കഴിഞ്ഞു. അതുമൂലം ഹയർ സെക്കണ്ടറി തലത്തിൽ ഇരുപത്തിയഞ്ച് പേർ പരീക്ഷയെഴുതി പാസ്സാകുന്ന സ്ഥിതി വിശേഷമുണ്ടായി. തിരുവനന്തപുരം നഗരസഭയിൽ നടപ്പിലാക്കിയ 'അക്ഷരശ്രീ' പദ്ധതിയിലൂടെ 2738 പേരെ സാക്ഷരരാക്കാൻ കഴിഞ്ഞിട്ടുണ്ട്. എഴുത്തും വായനയും അറിയാത്തവരെ പഠിപ്പിക്കുന്ന കാര്യത്തിലും പരീക്ഷയെഴുതി വിജയിപ്പിക്കുന്ന കാര്യത്തിലുമൊക്കെ വലിയ ഇടപെടലുകളാണ് നടത്തിയിട്ടുള്ളത്. ഇവിടെ ഉന്നയിച്ച മറ്റ് വിഷയങ്ങൾ സംബന്ധിച്ച് പരിശോധന നടത്തി ആവശ്യമായ തീരുമാനങ്ങളെടുക്കാം.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ വിദ്യാസമ്പന്നരും സേവന സന്നദ്ധരുമായ നിരവധിപേരാണ് സാക്ഷരതാ മിഷനുകീഴിൽ 1998 മുതൽ സാക്ഷരതാ പ്രേരക്മാരായി സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കുന്നത്. പ്രസ്തുത പ്രേരക്മാരെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുകീഴിൽ പുനർവിന്യസിക്കുമെന്നും ഇതിനായി പ്രത്യേക ഫണ്ട് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകുമെന്നും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പ്രഖ്യാപനം നടപ്പിലായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; പ്രസ്തുത പ്രഖ്യാപനം നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഇതേ ചോദ്യത്തിനാണ് ഞാൻ ഇപ്പോൾ മറുപടി പറഞ്ഞത്. ആ വിഷയം എങ്ങനെ നടപ്പിലാക്കുന്നതാണ് ഗുണമെന്നുള്ളത് സംബന്ധിച്ച് ആലോചിച്ച് ആവശ്യമായ തീരുമാനമെടുക്കാം.

## ഗസ്റ്റ് ഹൗസുകളുടെയും റസ്റ്റ് ഹൗസുകളുടെയും നവീകരണം

3(*243) ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗസ്റ്റ് ഹൗസുകളുടെയും റസ്റ്റ് ഹൗസുകളുടെയും നവീകരണം സംബന്ധിച്ച നയം വ്യക്തമാക്കുമോ;

(ബി) ഗസ്റ്റ് ഹൗസുകളിലെയും റസ്റ്റ് ഹൗസുകളിലെയും താമസസൗകര്യം വർദ്ധിപ്പിക്കുന്നതിന് കർമ്മപദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; എങ്കിൽ അവ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഗസ്റ്റ് ഹൗസുകൾ, റസ്റ്റ് ഹൗസുകൾ എന്നിവ ഇല്ലാത്തയിടങ്ങളിൽ പുതിയവ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഗസ്റ്റ് ഹൗസുകൾ, റസ്റ്റ് ഹൗസുകൾ എന്നിവിടങ്ങളിൽനിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ,

(എ) ടൂറിസം വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഗസ്റ്റ് ഹൗസുകൾ, കേരള ഹൗസുകൾ, യാത്രി നിവാസുകൾ എന്നിവിടങ്ങളിലെത്തുന്ന അതിഥികൾക്ക് ഏറ്റവും മികച്ച താമസ, ഭക്ഷണ സൗകര്യങ്ങൾ നൽകുന്നതിനാണ് ടൂറിസം വകുപ്പ് താൽപ്പര്യപ്പെടുന്നത്. ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തി പുനരുദ്ധാരണം ചെയ്യുകവഴി നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ ടൂറിസം വകുപ്പ് സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി മുറികളുടെയും അനുബന്ധ സൗകര്യങ്ങളുടെയും നവീകരണം, ആധുനികവൽക്കരണം, ഫർണിച്ചർ, ഫർണിഷിംഗ്, വിവിധ ഉപകരണങ്ങൾ എന്നിവയുടെ പുതുക്കൽ എന്നിവയും വകുപ്പ് നടത്തിവരുന്നു. ഏറ്റവും മികച്ച സൗകര്യം അതിഥികൾക്ക് നൽകുക എന്നതാണ് വകുപ്പിന്റെ ലക്ഷ്യം. പൊതുമരാമത്ത് വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന റസ്റ്റ് ഹൗസുകളുടെ പ്രവർത്തനം ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തി അവയെ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ടൂറിസം മേഖലയിലെ പ്രാധാന്യവും സ്ഥലസൗകര്യമുള്ളതുമായ തെരഞ്ഞെടുക്കപ്പെട്ട 30 റസ്റ്റ് ഹൗസുകളെ പൊതുജനങ്ങൾക്ക് ഉപകാരപ്രദമാക്കുന്ന രീതിയിൽ എല്ലാ

സൗകര്യങ്ങളും ഏർപ്പെടുത്തി നവീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കെ.ടി.ഡി.സി. മാനേജിംഗ് ഡയറക്ടറെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തി യിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി ഫോർട്ട് കൊച്ചി റസ്റ്റ് ഹൗസ് നവീകരണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. റസ്റ്റ് ഹൗസുകളിൽ നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ടൂറിസം വികസനത്തിന് അനുയോജ്യ മാകുംവിധം കുറഞ്ഞ ചെലവിൽ നവീകരിച്ച് പരിപാലിക്കുകയെന്നതാണ് ഉദ്ദേശി ക്കുന്നത്.

(ബി) ടൂറിസം വകുപ്പിനുകീഴിലുള്ള ഗസ്റ്റ് ഹൗസുകളിലെ താമസ സൗകര്യം വർദ്ധിപ്പിക്കുന്നതിന് വകുപ്പ് വലിയ പ്രാധാന്യം നൽകുന്നു. ഇതിന്റെ ഭാഗമായി ഗസ്റ്റ് ഹൗസിലുള്ള എല്ലാ മുറികളും അതിഥികൾക്ക് താമസിക്കുന്നതിന് അനുയോജ്യമാ ക്കാനുള്ള പ്രവർത്തനങ്ങളാണ് ചെയ്തുവരുന്നത്. കൂടാതെ കൂടുതൽ മുറികൾ അതിഥികൾക്ക് താമസത്തിന് ലഭ്യമാക്കുന്നതിനായി പ്രധാന ഗസ്റ്റ് ഹൗസുകളിൽ പുതിയ ബ്ലോക്കുകളുടെ നിർമ്മാണം നടത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അതുപ്രകാരം താഴെപ്പറയുന്ന ഗസ്റ്റ് ഹൗസുകളിൽ പ്രവൃത്തികൾ നടന്നുവരുന്നു.

| ഗസ്റ്റ് ഹൗസ് | മുറികളുടെ എണ്ണം | നിലവിലെ സ്ഥിതി |
|---|---|---|
| (1) | (2) | (3) |
| തിരുവനന്തപുരം, തൈക്കാട്- അഡീഷണൽ ബ്ലോക്ക് നിർമ്മാണം | 41 | പ്രവൃത്തി ടെണ്ടർ ചെയ്തു. |
| പൊൻമുടിയിൽ പുതിയ ഗസ്റ്റ് ഹൗസ് നിർമ്മാണം | 24 | പ്രവൃത്തി ആരംഭിച്ചു. |
| ഗുരുവായൂർ ഗസ്റ്റ് ഹൗസ് നിർമ്മാണം | 55 | 75% പ്രവൃത്തി പൂർത്തീകരിച്ചു. |
| മൂന്നാർ ഗസ്റ്റ് ഹൗസ് | 10 | 80% പ്രവൃത്തി പൂർത്തീകരിച്ചു. ടൈൽ വർക്ക് നടന്നുവരുന്നു. |

| (1) | (2) | (3) |
|---|---|---|
| കോഴിക്കോട് ഗസ്റ്റ് ഹൗസ് - അഡീഷണൽ ബ്ലോക്ക് നിർമ്മാണം | 38 | 95% പ്രവൃത്തി പൂർത്തീകരിച്ചു. |
| സുൽത്താൻ ബത്തേരി ഗസ്റ്റ് ഹൗസ് നിർമ്മാണം | 54 | 85% പ്രവൃത്തി പൂർത്തീകരിച്ചു. |
| സുൽത്താൻ ബത്തേരി ഗസ്റ്റ് ഹൗസ് പഴയ ബ്ലോക്ക് നവീകരണം | 8 | പ്രവൃത്തി ആരംഭിച്ചിട്ടില്ല. |
| കന്യാകുമാരി യാത്രി നിവാസ് നിർമ്മാണം | 34 | പ്രവൃത്തി ആരംഭിച്ചു. |

റസ്റ്റ് ഹൗസുകളിലെ താമസസൗകര്യം വർദ്ധിപ്പിക്കുന്നതിനായി വാർഷിക അറ്റകുറ്റപ്പണികൾ സമയോചിതമായി നടപ്പിലാക്കിവരുന്നു. റസ്റ്റ് ഹൗസിലെ താമസസൗകര്യം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി ഓൺലൈൻ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിലേയ്ക്കായി പി.ഡബ്ല്യു.ഡി.-യുടെ കീഴിൽ ഐ.ടി. വിഭാഗത്തിൽ സോഫ്റ്റ്‌വെയർ രൂപകൽപ്പനചെയ്ത് ഓൺലൈൻ ബുക്കിംഗിനായുള്ള ട്രെയിനിംഗ് എല്ലാ റസ്റ്റ് ഹൗസ് ജീവനക്കാർക്കും നൽകിവരുന്നു. 2021 നവംബർ 1-ാം തീയതി ഓൺലൈൻ ബുക്കിംഗ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(ഡി) ഗസ്റ്റ് ഹൗസ്/യാത്രി നിവാസ്/കേരള ഹൗസ് എന്നിവയുടെ പ്രവർത്തനത്തെ സംബന്ധിച്ചുള്ള വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും ആയതുപ്രകാരം മലമ്പുഴ ഗസ്റ്റ് ഹൗസ്, ചെറുതുരുത്തി ഗസ്റ്റ് ഹൗസ്, എറണാകുളം യാത്രി നിവാസ് എന്നിവിടങ്ങളിലെ മുറികളുടെ ബുക്കിംഗ് പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പിൽനിന്നും മാറ്റി ടൂറിസ്റ്റുകൾക്ക് നേരിട്ട് ലഭ്യമാക്കുന്നതിലൂടെ സർക്കാരിലേയ്ക്കുള്ള വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു. റസ്റ്റ് ഹൗസുകളുടെ പ്രവർത്തനം കൂടുതൽ ജനകീയമാക്കാനും കാര്യക്ഷമമാക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി 2021 നവംബർ 1-ാം തീയതി മുതൽ

ഓൺലൈൻ ബുക്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിലേയ്ക്കായി പൊതുമരാമത്ത് വകുപ്പ് ഇ-ഗവേണൻസ് സെൽ സോഫ്റ്റ്‌വെയർ രൂപകൽപ്പന ചെയ്ത് ഓൺലൈൻ ബുക്കിംഗിനായുള്ള ട്രെയിനിംഗ് എല്ലാ റസ്റ്റ് ഹൗസ് ജീവനക്കാർക്കും നൽകിവരുന്നു. കോൺഫറൻസ് ഹാൾ, കാന്റീൻ എന്നിവ എല്ലാ റസ്റ്റ് ഹൗസുകളിലും ഏർപ്പെടുത്തുന്നതും പരിഗണനയിലാണ്.

ശ്രീ. ജോബ് മൈക്കിൾ: സർ, കോവിഡ് മഹാമാരിയുടെ കാലഘട്ടത്തിൽ കേരളത്തിലെ എല്ലാ പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസുകളിലും നിയന്ത്രണമുണ്ടായിരുന്നു. ഈ നിയന്ത്രണം മാറ്റിക്കൊണ്ട്, പി.ഡബ്ല്യൂ.ഡി.-യുടെ വിപുലമായ റസ്റ്റ് ഹൗസ് ശൃംഖല പൊതുജനങ്ങൾക്കുകൂടി ഉപയോഗിക്കാൻ കഴിയുന്നരീതിയിൽ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, സംസ്ഥാനത്ത് 153 പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസുകളുണ്ട്. അതിലെല്ലാംകൂടി 1151 മുറികളാണുള്ളത്. ഇത് ഏറ്റവും വലിയ ശൃംഖലയാണ്. ഒരുപക്ഷേ സംസ്ഥാനത്തെ ഏറ്റവും വലിയ താമസസൗകര്യമുള്ള ശൃംഖലയാക്കി ഇതിനെ മാറ്റാൻസാധിക്കും. പക്ഷേ പല കാരണങ്ങളാൽ ഇത് വിപുലീകരിക്കാനും സൗകര്യപ്രദമാക്കാനും സാധിക്കുന്നില്ലെന്നുള്ളത് ഒരു വസ്തുതയാണ്. ഇത് മനസ്സിലാക്കിക്കൊണ്ട് കൂടുതൽ റസ്റ്റ് ഹൗസുകളിൽ പൊതുജനങ്ങൾക്ക് മുറികൾ ബുക്കുചെയ്ത് താമസിക്കാൻകഴിയുന്ന രീതിയിലേയ്ക്ക് ജനകീയമാക്കാൻ ഒരു ഓൺലൈൻ ബുക്കിംഗ് സംവിധാനം നവംബർ 1 മുതൽ കേരളത്തിലെ റസ്റ്റ് ഹൗസുകളിൽ ആരംഭിക്കുമെന്നുള്ള കാര്യം അറിയിക്കുകയാണ്. ഇവിടെയുള്ള മറ്റൊരു പ്രശ്നം ഭക്ഷണമാണ്. താമസിക്കുന്നവർക്ക് നിലവിൽ ഭക്ഷണം ലഭിക്കാത്ത പ്രശ്നമുണ്ട്. ഭക്ഷണം ലഭിക്കുന്നതിന് സാദ്ധ്യമാകുന്ന രീതിയിലേയ്ക്കുള്ള സംവിധാനങ്ങൾകൂടി ഒരുക്കാൻ നിശ്ചയിച്ചിട്ടുണ്ട്. മൂന്നാമത്തെ പ്രശ്നം ശുചിത്വമാണ്. മുറികൾക്ക് വൃത്തിയില്ല, ബാത്ത്റൂമുകൾക്ക് വൃത്തിയില്ല, റസ്റ്റ് ഹൗസ് പരിസരം കാടുപിടിച്ചുകിടക്കുന്നു തുടങ്ങിയ പ്രശ്നങ്ങളുണ്ട്. ശുചിത്വം ഉറപ്പുവരുത്താനുള്ള കാര്യങ്ങൾ ഉൾപ്പെടെ ഇതുമായി ബന്ധപ്പെട്ട് ചെയ്തിട്ടുണ്ട്. നാലാമത്തെ പ്രധാനപ്പെട്ട പ്രശ്നം ചില റസ്റ്റ് ഹൗസുകളിലെ ചില രീതികൾ പ്രശ്നങ്ങളായി മാറുന്നുണ്ട് എന്നതാണ്. ഇത് പരിശോധിക്കപ്പെടണം. മന്ത്രിയെന്നുള്ള നിലയിൽ ചില റസ്റ്റ് ഹൗസുകളിൽ ഞാൻ സന്ദർശനം നടത്തിയിരുന്നു. ഇതിന്റെ ഭാഗമായി ഭാവിയിൽ കേരളത്തിലെ എല്ലാ റസ്റ്റ് ഹൗസുകളിലും സി.സി.ടി.വി. ഉൾപ്പെടെ സ്ഥാപിച്ചുകൊണ്ട് ഒരു കേന്ദ്രത്തിൽ നിന്ന് റസ്റ്റ് ഹൗസുകളുടെ പ്രവർത്തനം പരിശോധിക്കുന്നകാര്യം നിശ്ചയിക്കാൻ പോകുകയാണ്. മറ്റൊന്ന്, ഇന്ന് സംസ്ഥാന സർക്കാർതന്നെ ദീർഘദൂര യാത്രക്കാർക്ക് comfort station ഒരുക്കുന്ന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമ്പോൾ സ്ഥല സൗകര്യമുള്ള റസ്റ്റ് ഹൗസുകളിൽ ദീർഘദൂര യാത്രക്കാർക്ക് പ്രധാനപ്പെട്ട ജില്ലാ

കേന്ദ്രങ്ങൾ, ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ, പ്രധാന കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ റസ്റ്റ് ഹൗസുകളിൽ comfort station ഒരുക്കുന്ന കാര്യമുൾപ്പെടെ ആലോചിക്കു കയാണ്. ഇതോടുകൂടി പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസുകൾ പീപ്പിൾസ് റസ്റ്റ് ഹൗസായി കേരളത്തിൽ മാറാൻ പോകുന്ന പ്രവർത്തനങ്ങൾക്കാണ് വകുപ്പ് നേതൃത്വം കൊടുക്കുന്നത്.

ശ്രീ. ജോബ് മൈക്കിൾ: സർ, എന്റെ നിയോജകമണ്ഡലമായ ചങ്ങനാശ്ശേരിയിൽ പഴയ ഒരു റസ്റ്റ് ഹൗസുണ്ട്. അതിന്റെ അറ്റകുറ്റപ്പണികൾ അടിയന്തരമായി നടത്തുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, 153 റസ്റ്റ് ഹൗസുകളും നവീകരിക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായുള്ള പ്രാരംഭ പ്രവർത്തനങ്ങളിൽ ചില റസ്റ്റ് ഹൗസുകൾക്ക് പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. എല്ലാ റസ്റ്റ് ഹൗസുകളും ഈ കാലാവധിക്കകംതന്നെ നവീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, കാഞ്ഞിരപ്പള്ളിയിൽ ഒരു ടി.ബി.-യുണ്ട്. അതിന്റെ ഭൂരിഭാഗവും കെ.എസ്.ടി.പി. കയ്യടക്കി അതിന്റെ ഓഫീസായി പ്രവർത്തിക്കുന്നത്. ആകെ രണ്ട് മുറിയേയുള്ളൂ. കഴിഞ്ഞ ദിവസങ്ങളിൽ അവിടെ പ്രളയമുണ്ടായപ്പോൾ സംസ്ഥാനത്തെ മന്ത്രിമാരെല്ലാം സന്ദർശിച്ച മേഖലയാണ്. പലർക്കും രാത്രിയിൽ താമസിക്കാൻപോലും സൗകര്യം കിട്ടിയില്ല. ആകെ രണ്ട് മുറിയേയുള്ളൂ. കിഴക്കിന്റെ കവാടമായ, ഒരുപാട് ഉദ്യോഗസ്ഥരും മന്ത്രിമാരും ജനപ്രതിനിധികളും കടന്നുവരുന്ന ഒരു മേഖലയാണ്. കെ.എസ്.ടി.പി.-യെ അവി ടെനിന്ന് ഒഴിപ്പിക്കുന്നതോടൊപ്പം അവിടെ ആവശ്യമായ സ്ഥലസൗകര്യമുള്ളതു കൊണ്ട് പുതിയ ഒരു ടി.ബി. കൂടി നിർമ്മിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, അക്കാര്യങ്ങൾ പരിശോധിക്കാ വുന്നതാണ്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, സംസ്ഥാനത്തെ അതിഥി മന്ദിരങ്ങൾ കൂടുതൽ ജനകീയമാക്കാനും അതുവഴി ടൂറിസം മേഖലയ്ക്ക് ഉണർവ് പകരാനും നടത്തുന്ന ശ്രമങ്ങളെ പ്രത്യേകമായി അഭിനന്ദിക്കുന്നു. ടൂറിസം മേഖലയിൽ ഹോസ്പിറ്റാലിറ്റി പ്രധാന ഘടകമാണ്. മികച്ച ആതിഥേയത്വം ആളുകളെ കൂടുതൽ ആകർഷിക്കുമെന്നുള്ളതുകൊണ്ടും അത് ഏറ്റവും അത്യാവശ്യമാണെന്നുള്ളതുകൊണ്ടും സംസ്ഥാനത്തെ റസ്റ്റ് ഹൗസുകൾ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട്, റസ്റ്റ് ഹൗസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനമേർപ്പെടുത്തി ആകർഷകമായ കേന്ദ്രങ്ങളാക്കി മാറ്റാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇതൊരു പ്രധാനപ്പെട്ട ചോദ്യമാണ്. ഹോസ്പിറ്റാലിറ്റി പ്രധാന വിഷയമാണ്. നല്ല റിസപ്ഷൻ, welcoming nature-ൽ ആളുകളെ സ്വീകരിക്കുന്ന രീതി എന്നിവ അനിവാര്യമാണ്. പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസുകളിൽ ഇന്ന് അത് അത്രത്തോളമില്ല എന്നത് യാഥാർത്ഥ്യമാണ്. അതിന്

നമ്മളെല്ലാവരുംകൂടി ചേർന്ന് ചർച്ചചെയ്ത് മുന്നോട്ടുപോകേണ്ടതുണ്ട്. അതുമായി ബന്ധപ്പെട്ട് കഴിഞ്ഞ സർക്കാർ കുറെയേറെ കാര്യങ്ങൾ ചെയ്തിരുന്നു. അത്തരം കാര്യങ്ങൾ ആലോചിക്കേണ്ടതാണ്. കേരളത്തിൽ ഒരു സാധാരണ പൗരന് മുറി ബുക്ക് ചെയ്യാൻ എന്ത് ചെയ്യണമെന്നറിയാത്ത പ്രശ്നമുണ്ട്. ജില്ലാതലത്തിൽ അപേക്ഷ കൊടുത്ത് മുറി കിട്ടുമ്പോൾ ആഴ്ചകൾ കഴിയുന്നു. മുറികളുണ്ടെങ്കിലും ഇല്ലെന്നുള്ള അഭിപ്രായം വരുന്നുവെന്ന പരാതികളും ലഭിക്കുന്നുണ്ട്. ആളുകളെ ശരിയായ അർത്ഥത്തിൽ പെരുമാറി സ്വീകരിക്കുന്ന രീതിയില്ല. ഇത്തരം പ്രശ്നങ്ങൾ യാഥാർത്ഥ്യമാണ്, അത് പരിഹരിക്കപ്പെടേണ്ടതുണ്ട്. സർക്കാരിന് കീഴിലുള്ള വിവിധ ഇൻസ്റ്റിറ്റ്യൂഷനുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഇന്റേൺഷിപ്പ് ഉൾപ്പെടെ ഇതുമായി ബന്ധപ്പെട്ട് ആലോചിക്കാം. നിലവിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഇതുമായി ബന്ധപ്പെട്ട് പ്രത്യേക രീതിയിൽത്തന്നെ ഇടപെടാനുള്ള കാര്യങ്ങൾ നിർദ്ദേശിക്കാവുന്നതാണ്. ഫ്രണ്ട് ഓഫീസ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്ന കാര്യങ്ങൾ ആലോചിക്കാം. ഇപ്പോൾ ഒരു നോഡൽ ഓഫീസറെ നിശ്ചയിച്ചിട്ടുണ്ട്. ആ നോഡൽ ഓഫീസറുടെ നേതൃത്വത്തിൽ അതിന്റെ പ്രവർത്തനങ്ങൾ ആലോചിച്ച് നല്ല നിലയിൽ മുന്നോട്ടുപോകുന്നു. അതിനായി കേരളത്തിലെ പ്രധാനപ്പെട്ട ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിലെ റസ്റ്റ് ഹൗസുകളെ തെരഞ്ഞെടുത്തുകൊണ്ട് മുന്നോട്ടു പോകുകയാണ്. അതിനൊരു മോഡൽ പ്രോജക്ടായി ഫോർട്ട് കൊച്ചി റസ്റ്റ് ഹൗസിനെ തെരഞ്ഞെടുത്തിട്ടുണ്ട്. കേരളത്തിലെ പ്രധാനപ്പെട്ട ടൂറിസ്റ്റ് ഡെസ്റ്റിനേഷനായ ഫോർട്ട് കൊച്ചി റസ്റ്റ് ഹൗസ് സന്ദർശിച്ചപ്പോൾ അതിന്റെ ഇന്നത്തെ സ്ഥിതി എന്താണെന്ന് എനിക്ക് മനസ്സിലാക്കാൻ സാധിച്ചു. അത് മാറ്റേണ്ടതുണ്ട്. അതുൾപ്പെടെ മാറ്റിത്തീർക്കാനുള്ള ശ്രമം നടത്തി. ഇതൊക്കെ പരിഹരിച്ച് ജനങ്ങളുമായി കൂടുതൽ അടുത്ത് ജനസൗഹൃദമാക്കുന്ന ജനകീയ റസ്റ്റ് ഹൗസുകളായി/പീപ്പിൾസ് റസ്റ്റ് ഹൗസുകളായി പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസുകളെ മാറ്റാനാണ് ഇപ്പോൾ സർക്കാർ ഉദ്ദേശിക്കുന്നത്.

ശ്രീ. പ്രമോദ് നാരായൺ: സർ, ദീർഘദൂര യാത്രയ്ക്കിടയിൽ സ്ത്രീകൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ കേരളം പൊതുവായി ചർച്ച ചെയ്തിട്ടുണ്ട്. കേരളത്തിലെ പ്രധാനപ്പെട്ട റസ്റ്റ് ഹൗസുകളും ഗസ്റ്റ് ഹൗസുകളും പാതയോരങ്ങളിലാണെന്ന് നമുക്കറിയാം. കേരളത്തിലെ റസ്റ്റ് ഹൗസുകളിൽ സ്ത്രീ സൗഹൃദ ടോയ്‌ലെറ്റുകളും ഫീഡിംഗ് റൂമുകളും ഏർപ്പെടുത്തി അതിന്റെ മുഖച്ഛായതന്നെ മാറ്റിക്കൊണ്ട് ദീർഘദൂര യാത്രക്കാരായ സ്ത്രീകൾക്ക് സഹായകരമാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായും ഇത് നമ്മൾ ഇടപെടേണ്ട ഒരു വിഷയമാണ്. കേരളത്തിലെ 153 റസ്റ്റ് ഹൗസുകളുടെയും ലിസ്റ്റ് പരിശോധിച്ചപ്പോൾ അതിൽ വലിയൊരു ശതമാനവും ദീർഘദൂര യാത്രക്കാർ സഞ്ചരിക്കുന്ന വഴിയോട് ചേർന്നുനിൽക്കുന്നതോ അല്ലെങ്കിൽ അതിനടുത്തോ സ്ഥിതി ചെയ്യുന്നവയാണ്.

കേരളം ഇന്ന് നേരിടുന്ന ഒരു പ്രധാന പ്രശ്നമുണ്ട്. കഴിഞ്ഞ സർക്കാർ അത് പരിഹരിക്കാൻ ഇടപെട്ടതാണ്, അതിന്റെ തുടർച്ച വന്നുകൊണ്ടിരിക്കുകയാണ്. ദീർഘദൂര യാത്രക്കാർക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്കും കുട്ടികൾക്കുംവേണ്ടി comfort station മോഡലിലുള്ള ഒരു പദ്ധതി ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അതോടൊപ്പം പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസുകളിൽ ഇന്ന് സ്ഥലസൗകര്യങ്ങളുണ്ട്. ദീർഘദൂര യാത്രക്കാർക്ക് ഉപയോഗിക്കാൻ സാധ്യമാകുന്ന കേന്ദ്രങ്ങളിലുള്ള റസ്റ്റ് ഹൗസുകളെ ആ നിലയിൽതന്നെ മാറ്റിത്തീർക്കാനുള്ള പദ്ധതിയും ഇപ്പോൾ പരിഗണനയിലുണ്ട് എന്നുള്ള കാര്യം സഭയെ അറിയിക്കുകയാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ജില്ലാ കേന്ദ്രങ്ങളിലും പ്രധാനപ്പെട്ട നഗരങ്ങളിലും റസ്റ്റ് ഹൗസുകളുടെ സ്ഥിതി മെച്ചപ്പെടുത്താൻ തീരുമാനിക്കുന്നുവെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രഖ്യാപനം വളരെ സന്തോഷത്തോടുകൂടിയാണ് സ്വീകരിക്കുന്നത്. ബേക്കൽ, റാണിപുരം, കോട്ടഞ്ചേരി തുടങ്ങിയ വളരെ പ്രധാനപ്പെട്ട ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾക്ക് തൊട്ടടുത്തുകിടക്കുന്ന കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ റസ്റ്റ് ഹൗസ് വളരെ പഴക്കമുള്ളതാണ്. അവിടെ നല്ല സ്ഥലസൗകര്യമുണ്ട്, ആവശ്യമായ വിധത്തിൽ അതുകൂടി വികസിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, കാഞ്ഞങ്ങാട് റസ്റ്റ് ഹൗസ് വടക്കേ മലബാറിലെ ഒരു പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രത്തിലാണ് സ്ഥിതിചെയ്യുന്നത്. അവിടെ പോയിട്ടുള്ളവർക്ക് അത് മനസ്സിലാകും. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം വളരെ ന്യായമാണ്, അത് പരിഗണിക്കാവുന്നതാണ്.

ശ്രീ. മോൻസ് ജോസഫ്: സർ, ബഹുമാനപ്പെട്ട മന്ത്രി ചൂണ്ടിക്കാണിച്ച ഈ നല്ല നിർദ്ദേശങ്ങൾ നടപ്പാക്കണമെങ്കിൽ ജീവനക്കാരുടെ ക്ഷാമം പരിഹരിക്കേണ്ടതുണ്ട്. റസ്റ്റ് ഹൗസുകളിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം അതാണ്. താൽക്കാലിക ജീവനക്കാരെ വച്ചാണ് ഇപ്പോൾ ഇവ പ്രവർത്തിക്കുന്നത്. ഇവിടെ സ്ഥിര ജീവനക്കാരെ നിയമിക്കുന്ന സാഹചര്യമുണ്ടായില്ലെങ്കിൽ ഇത് ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയില്ലെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതുപോലെ എല്ലാ റസ്റ്റ് ഹൗസുകളിലും കറണ്ട് പോയാൽ അത് പരിഹരിക്കാൻ ജനറേറ്ററുകൾ വാങ്ങിക്കാനുള്ള സാഹചര്യംകൂടി ഉണ്ടാക്കണം.......(മൈക്ക് ഓഫ്).......

മി. സ്പീക്കർ: ചോദ്യോത്തരവേള അവസാനിച്ചു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### മലയോര ഹൈവേ പദ്ധതി

4(*244) ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി മറുപടി നൽകുമോ:

(എ) മലയോര ഹൈവേ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ?

മലയോര ഹൈവേ നിർമ്മാണത്തിന് 10-7-2017-ലെ സ.ഉ. (സാധാ) നമ്പർ 942/2017/പൊ.മ.വ. പ്രകാരം 3500 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കേരളത്തിന്റെ 13 ജില്ലകളിലൂടെ ഫ്രീസറണ്ടർ മുഖേന സ്ഥലം ഏറ്റെടുത്ത് 12 മീറ്റർ വീതിയിലാണ് മലയോര ഹൈവേ നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കുന്നത്. 704.53 കി.മീ. വരുന്ന 21 റീച്ചുകളുടെ ഡി.പി.ആർ. സാമ്പത്തി കാംഗീകാരം ലഭിക്കുന്നതിനായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 549.44 കി.മീ. നീളംവരുന്ന റീച്ചുകൾക്ക് സാമ്പത്തികാംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ 296.9 കി.മീ. നീളം റീച്ചുകൾക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി ആരംഭിക്കാൻ സാധിച്ചു. 93.68 കി.മീ. വരുന്ന റീച്ചുകളുടെ പണി പൂർത്തീകരിക്കാൻ സാധിച്ചു. മലേയാര ഹൈവേയുടെ വനമേഖലകളിലൂടെ കടന്നുപോകുന്ന ഭാഗത്തെ വനഭൂമി വിട്ടുകിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വനം വകുപ്പും നാറ്റ്പാക്കും കെ.ആർ.എഫ്.ബി.-യും കിഫ്ബിയും ചേർന്ന് വനം വകുപ്പിന്റെ അനുമതി ആവശ്യമായിവരുന്ന ഭാഗങ്ങളിൽ പരിശോധന നടത്തുകയും ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇതുപ്രകാരം ചില റീച്ചുകളിൽ പുതിയ അലൈൻമെന്റ് നാറ്റ്പാക്ക് നിർദ്ദേശിച്ചിട്ടുണ്ട്. ഈ റീച്ചുകളിൽ പുതുതായി ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റു റീച്ചുകളിൽ വനം വകുപ്പ് നിർദ്ദേശിച്ച വിവരങ്ങൾ PARIVESH പോർട്ടലിൽ ലഭ്യമാക്കി അനുമതി ലഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രവൃത്തി വേഗത്തിലാക്കാൻ പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നിശ്ചിത

ഇടവേളകളിൽ മലയോര ഹൈവേയുടെ ജില്ലാതല അവലോകനം നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ ആദ്യപടിയായി 12-10-2021-ന് കാസർഗോഡ്, കണ്ണൂർ ജില്ലകളിൽക്കൂടി കടന്നുപോകുന്ന മലയോര ഹൈവേ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുകയും പ്രവൃത്തി വേഗത്തിലാക്കാനുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പൂർണ്ണമായും പ്രാവർത്തികമാകുന്നതോടെ സംസ്ഥാനത്തിന്റെ ഗതാഗത, വ്യാവസായിക, വാണിജ്യ രംഗങ്ങളിൽ എന്തൊക്കെ മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ?

കേരളത്തിന്റെ കിഴക്കൻ മലയോര മേഖലകളിൽക്കൂടി എല്ലാ കാലാവസ്ഥയ്ക്കും അനുയോജ്യമായതരത്തിലാണ് മലയോര ഹൈവേ വിഭാവനം ചെയ്തിരിക്കുന്നത്. ടി റോഡ് പ്രാവർത്തികമാകുന്നതോടുകൂടി കേരളത്തിന്റെ കിഴക്കൻ മേഖലയിലെ കാർഷിക വാണിജ്യ വിനോദസഞ്ചാര മേഖലയിൽ ഒരു മുതൽക്കൂട്ടാവുകയും സാമ്പത്തികവും സാമൂഹികവുമായ ഉന്നമനത്തിന് കാരണമാവുകയും ചെയ്യും.

**ഭൂരഹിതർക്ക് ഭൂമി വിതരണം**

5(*245) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>:
<u>ശ്രീ. ഡി. കെ. മുരളി</u>:
<u>ശ്രീ. കെ. ഡി. പ്രസേനൻ</u>:
<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) അന്യാധീനപ്പെട്ടതും കാലങ്ങളായി പലരും കയ്യടക്കി വച്ചിരിക്കുന്നതുമായ എത്ര ഏക്കർ ഭൂമി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏറ്റെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലയിൽ 32 കുടുംബങ്ങൾക്കായി 1 ഏക്കർ 15 സെന്റ് ഭൂമി വിതരണം ചെയ്തിട്ടുണ്ട്. മറ്റ് ജില്ലകളിലൊന്നും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അന്യാധീനപ്പെട്ടതും കാലങ്ങളായി പലരും കൈവശം വച്ചിട്ടുള്ളതുമായ ഭൂമി ഏറ്റെടുത്ത് വിതരണം ചെയ്തിട്ടില്ല.

(ബി) പ്രസ്തുത കാലയളവിൽ ഭൂമിക്ക് അർഹതയുള്ള എത്ര പേരുടെ അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ?

ലഭ്യമായ അപേക്ഷകളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ല | അപേക്ഷകരുടെ എണ്ണം |
|---|---|---|
| 1 | കൊല്ലം | 9 |
| 2 | പത്തനംതിട്ട | 75 |
| 3 | ആലപ്പുഴ | 50 |
| 4 | എറണാകുളം | 49 |
| 5 | പാലക്കാട് | 63 |
| 6 | മലപ്പുറം | 20 |
| 7 | കോഴിക്കോട് | 4 |
| 8 | കാസർഗോഡ് | 2778 |
| | ആകെ | 3048 |

മറ്റ് ജില്ലകളിലൊന്നും (എ) പിരിവ് പ്രകാരമുള്ള ഭൂമി പതിവിന് അപേക്ഷകൾ ലഭിച്ചിട്ടില്ല.

(സി) ഏറ്റെടുത്ത ഭൂമി കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽവന്നശേഷം കോഴിക്കോട് ഒഴികെയുള്ള ഒരു ജില്ലയിലും ഇത്തരത്തിലുള്ള ഭൂമി ഏറ്റെടുത്തിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പ് ഏറ്റെടുത്ത ഭൂമി വിതരണം ചെയ്യുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

**ഭൂമി തരംമാറ്റ അപേക്ഷകളിന്മേലുള്ള നടപടി**

6(*246) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. എം. എം. മണി:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) ഭൂമി തരം മാറ്റാനുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിൽ വലിയ കാലതാമസം ഉണ്ടാകുന്നുയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 27 A വകുപ്പിലും ചട്ടങ്ങളിലെ ചട്ടം 12-ലും നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചു മാത്രമേ ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷകൾ തീർപ്പാക്കാൻ കഴിയൂ. ഇതുപ്രകാരം വില്ലേജ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ട്, കൃഷി ഓഫീസറുടെ അന്വേഷണ റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയും ആവശ്യമെന്ന് കാണുന്നപക്ഷം, നേരിട്ട് സ്ഥല പരിശോധന നടത്തിയും കേരള റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിന്റെ (കെ.എസ്.ആർ.ഇ.സി.) റിപ്പോർട്ട് ലഭ്യമാക്കിയും രേഖകൾ പരിശോധിച്ചും വളരെ അവധാനതയോടെയും സൂക്ഷ്മതയോടെയുമാണ് കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഭൂമിയുടെ തരം മാറ്റ അപേക്ഷകളിന്മേൽ റവന്യൂ ഡിവിഷണൽ ഓഫീസർമാർ തീർപ്പ് കൽപ്പിക്കുന്നത്. എന്നാൽ, കോവിഡ്-19 വ്യാപനത്തിന്റെയും തദ്ദേശ സ്വയംഭരണ/അസംബ്ലി തെരഞ്ഞെടുപ്പുകളുടെ പശ്ചാത്തലത്തിലും പ്രസ്തുത നടപടികളിൽ കാലതാമസമുണ്ടായിട്ടുള്ളതാണ്. കൂടാതെ അപേക്ഷകളുടെ എണ്ണത്തിലുണ്ടായ ക്രമാതീതമായ വർദ്ധനവുമൂലവും അപേക്ഷകൾ തീർപ്പാക്കുന്നതിന് കാലതാമസം നേരിട്ടിട്ടുള്ളതാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്. അപ്രകാരം സ്വീകരിച്ചുവരുന്ന നടപടികൾ, ഇനിപറയും പ്രകാരമാണ്:

- ഭൂമി തരം മാറ്റ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനുവേണ്ടി ഓരോ റവന്യൂ ഡിവിഷണൽ ഓഫീസിലും ഏഴ് ജീവനക്കാരെ അധികമായി നിയമിക്കുന്നതിന് ജില്ലാ കലക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

- ഭൂമി തരം മാറ്റത്തിനായി ശേഷിക്കുന്ന അപേക്ഷകളുടെ വിവരം, നിലവിലെ അവസ്ഥ എന്നിവ ക്രോഡീകരിച്ച് അതിനനുസൃതമായി നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്.

- ഭൂമി തരം മാറ്റത്തിനായുള്ള അപേക്ഷകൾ സ്വീകരിക്കുന്നത് ഓൺലൈൻ സമ്പ്രദായത്തിലേയ്ക്ക് മാറുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അപേക്ഷയുടെ നിലവിലെ അവസ്ഥ അപേക്ഷകന് സ്വയം പരിശോധിച്ചറിയാവുന്ന സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

- അപേക്ഷകളുടെ തീർപ്പാക്കൽ പുരോഗതി പരിശോധിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ലാൻഡ് റവന്യൂ കമ്മീഷണറുടെ നേതൃത്വത്തിൽ എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാരുടെയും യോഗം കഴിഞ്ഞ മാസങ്ങളിൽ ഓൺലൈനായി നടത്തുകയും പ്രവർത്തന പുരോഗതി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) നിലവിലെ നിയമ പ്രകാരം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമി തരം മാറ്റുന്നതിന് ആർക്കൊക്കെയാണ് അനുമതി ലഭിക്കുന്നത്; ആയതിനുള്ള നടപടി ക്രമങ്ങൾ വ്യക്തമാക്കുമോ?

കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്ന 12-8-2008-നുമുമ്പ് നികത്തപ്പെട്ട ഭൂമിയെയാണ് ഡാറ്റാ ബാങ്കിൽനിന്ന് ഒഴിവാക്കി നൽകുന്നത്. ഡാറ്റാ ബാങ്കിലെ ഉള്ളടക്കങ്ങൾ തിരുത്തുന്നതിനായി/തെറ്റായി ഉൾപ്പെട്ട ഭൂമി ഡാറ്റാ ബാങ്കിൽനിന്നും ഒഴിവാക്കുന്നതിനായി, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ പ്രകാരമുള്ള ഫോറം 5-ൽ, ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. തുടർന്ന് അപേക്ഷ പരിശോധിച്ച്, അപേക്ഷ ഭൂമി ഡാറ്റാ ബാങ്കിൽ, നഞ്ച (Wet) വിഭാഗത്തിലാണ് ഉൾപ്പെട്ടിരിക്കുന്നതെങ്കിൽ, വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് ലഭ്യമാക്കിയും നെൽവയൽ (Paddy) വിഭാഗത്തിലാണ് ഉൾപ്പെട്ടിരിക്കുന്നതെങ്കിൽ കൃഷി ഓഫീസറുടെ റിപ്പോർട്ട് ലഭ്യമാക്കിയും ഉചിതമാണെന്ന് കാണുന്നപക്ഷം, നേരിട്ട് സ്ഥല പരിശോധന നടത്തിയോ കേന്ദ്ര സംസ്ഥാന ശാസ്ത്രസാങ്കേതിക സ്ഥാപനങ്ങൾ തയ്യാറാക്കിയ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടുകൂടിയോ, ഡാറ്റാബാങ്കിലെ ഉള്ളടക്കങ്ങൾ പരിശോധിച്ച്, അപേക്ഷയിൻമേൽ റവന്യൂ ഡിവിഷണൽ ഓഫീസർ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(സി) സംസ്ഥാനത്തെ വിവിധ റവന്യൂ ഓഫീസുകളിൽ ഭൂമി തരം മാറ്റുന്നതിനായി ലഭിച്ചിട്ടുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഭൂമി തരം മാറ്റുന്നതിനായുള്ള അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനുവേണ്ടി ഓരോ റവന്യൂ ഡിവിഷണൽ ഓഫീസിലും ഏഴ് ജീവനക്കാരെ അധികമായി നിയമിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഭൂമി തരം മാറ്റത്തിനായി ശേഷിക്കുന്ന അപേക്ഷകളുടെ വിവരം, നിലവിലെ അവസ്ഥ എന്നിവ ക്രോഡീകരിച്ച് അതിനനുസൃതമായി നിർദ്ദേശങ്ങൾ നൽകി വരുന്നുമുണ്ട്. ഭൂമി തരം മാറ്റത്തിനായുള്ള അപേക്ഷകൾ സ്വീകരിക്കുന്നത്, ഓൺലൈൻ സമ്പ്രദായത്തിലേയ്ക്ക് മാറുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുള്ളതാണ്. കൂടാതെ അപേക്ഷയുടെ നിലവിലെ അവസ്ഥ അപേക്ഷകന് സ്വയം പരിശോധിച്ചറിയാവുന്ന സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. തരംമാറ്റ അപേക്ഷകളുടെ തീർപ്പാക്കൽ പുരോഗതി പരിശോധിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ലാൻഡ് റവന്യൂ കമ്മീഷണറുടെ നേതൃത്വത്തിൽ, എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാരുടെയും യോഗം കഴിഞ്ഞ മാസങ്ങളിൽ ഓൺലൈനായി നടത്തുകയും പ്രവർത്തന പുരോഗതി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്.

## സ്കൂളുകളിൽ സാമൂഹ്യ അകലം നടപ്പിലാക്കാൻ നടപടി

7(*247) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) കോവിഡ് മാനദണ്ഡപ്രകാരമുള്ള സാമൂഹ്യ അകലം സ്കൂളുകളിൽ കുട്ടികളുടെ സീറ്റിംഗ് അറേഞ്ച്മെന്റിൽ കൂടുതൽ ഫലപ്രദമായി നടപ്പാക്കുന്നതിനായി എന്തെങ്കിലും മോണിറ്ററിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

കോവിഡ് മാനദണ്ഡപ്രകാരമുള്ള സാമൂഹ്യ അകലം സ്കൂളുകളിൽ പാലിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പ് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഒരു ക്ലാസ്സിനെ രണ്ടായി വിഭജിച്ച് ഒരു സമയം പരമാവധി ക്ലാസ്സിലുള്ള കുട്ടികളുടെ പകുതി കുട്ടികൾ ഹാജരാകുന്ന വിധത്തിൽ ഒരു ബഞ്ചിൽ 2 കുട്ടികളെ വീതമാണ് ക്രമീകരിച്ചിട്ടുള്ളത്. അദ്ധ്യാപകരും പ്രധാനാദ്ധ്യാപകരും ഈ കാര്യം ഉറപ്പുവരുത്തുന്നതാണ്.

(ബി) പൊതുഗതാഗത സർവ്വീസിലെ സീറ്റിംഗ് സംവിധാനത്തിൽ സാമൂഹ്യ അകലം പാലിക്കുന്നതിൽ ഉണ്ടായതായി പറയപ്പെടുന്ന പ്രശ്നങ്ങൾ ക്ലാസ്സ് മുറികളിലും ഉണ്ടായാൽ അത് കുട്ടികളിൽ മഹാമാരി പകരുന്നതിന് കാരണമാകുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ച മാർഗ്ഗരേഖ പ്രകാരം 1 മുതൽ 7 വരെ ക്ലാസ്സുകളിൽ പരമാവധി 2 കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ടാണ് സീറ്റിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. കൂടാതെ ശാരീരിക അകലം പാലിക്കാൻ ശിപാർശ ചെയ്യുന്ന ബയോബബിൾ സിസ്റ്റം ക്ലാസ്സ് അടിസ്ഥാനത്തിൽ ക്രമീകരിക്കുന്നത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പിന്റെ നിർദ്ദേശങ്ങളോടെ പുറത്തിറക്കിയ മാർഗ്ഗരേഖയിൽ വിശദമാക്കിയിട്ടുണ്ട്.

(സി) ക്ലാസ്സ് മുറികളിൽ സാമൂഹ്യ അകലം ഫലപ്രദമായി നടപ്പാക്കുന്ന തിനായി പഴുതടച്ച ക്രമീകരണങ്ങൾ ഏർപ്പെടുത്തുമോ; വ്യക്തമാക്കുമോ?

സാമൂഹ്യ അകലം ഫലപ്രദമായി നടപ്പാക്കുന്നതിനായി ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഒരു ക്ലാസ്സിനെ രണ്ടായി വിഭജിച്ച് ഒരു സമയം പരമാവധി ക്ലാസ്സിലുള്ള കുട്ടികളുടെ പകുതി കുട്ടികൾ ഹാജരാകുന്ന വിധത്തിൽ ഒരു ബഞ്ചിൽ 2 കുട്ടികളെ വീതമാണ് ക്രമീകരിച്ചിട്ടുള്ളത്. സാമൂഹ്യ അകലം പാലിക്കുന്നതിലും മറ്റ് കോവിഡ് നിയന്ത്രണ മാർഗ്ഗങ്ങളെ സംബന്ധിച്ചും വിദ്യാർത്ഥികൾക്ക് അദ്ധ്യാപകരുടെ നേതൃത്വത്തിൽ ബോധവത്കരണം നൽകുന്നുണ്ട്.

**പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന സംവിധാനം**

8(*248) ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധനയ്ക്കായി നിലവിലുള്ള സംവിധാനം എന്തൊക്കെയാണെന്നും പ്രവൃത്തി നടക്കുന്ന സൈറ്റുകളിൽനിന്നും സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കുന്ന സംവിധാനം നിലവിലുണ്ടോയെന്നും വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി സംസ്ഥാനത്തെ 3 ജില്ലകളിൽ (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്) റീജിയണൽ ലബോറട്ടറികളും ബാക്കി 11 ജില്ലകളിൽ ജില്ലാ ലബോറട്ടറികളും നിലവിലുണ്ട്. പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ക്വാളിറ്റി കൺട്രോൾ മാന്വലിലെ വ്യവസ്ഥകൾ കർശനമായി പാലിക്കണമെന്നും വകുപ്പിന്റെ കീഴിലുള്ള എല്ലാ പ്രവൃത്തികളും യഥാസമയം ജില്ലാ ലാബുകളെ അറിയിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. മൂന്ന് ഘട്ടങ്ങളിലായാണ് ഗുണനിലവാര പരിശോധനകൾ നടത്തുന്നത്. ആദ്യഘട്ടത്തിൽ പ്രവൃത്തി ഏറ്റെടുക്കുന്ന കരാറുകാരൻതന്നെ പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തി ഗുണമേന്മ ഉറപ്പുവരുത്തേണ്ടതാണ്. രണ്ടാംഘട്ട ഗുണനിലവാര പരിശോധനകളാണ് വകുപ്പിന്റെ കീഴിലുള്ള ക്വാളിറ്റി കൺട്രോൾ വിഭാഗം നടത്തുന്നത്. പണി നടക്കുന്ന സ്ഥലത്ത് പോയി സാമ്പിൾ ശേഖരിച്ച് ഫീൽഡിൽവച്ച് നടത്താവുന്ന പരിശോധനകൾ ഫീൽഡിൽ വച്ചും ലാബ് ടെസ്റ്റ് ആവശ്യമായി വരുന്നവ ലാബിൽ കൊണ്ടുവന്നും പരിശോധിക്കുന്നു. ക്വാളിറ്റി കൺട്രോൾ മാന്വൽ വ്യവസ്ഥകൾ അനുസരിച്ച് തൃപ്തികരമായ റിസൾട്ട് ലഭ്യമാകാത്തവ വകുപ്പിലെതന്നെ വിജിലൻസ് വിഭാഗത്തെയും

എക്സിക്യൂഷൻ വിഭാഗത്തെയും യഥാസമയം അറിയിക്കുന്നു. പണി പൂർത്തിയായ തിനുശേഷമാണ് മൂന്നാംഘട്ട പരിശോധനകൾ നടത്തുന്നത്. പണി പൂർത്തിയായ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ലാബുകളിലേയ്ക്ക് Non Destructive Test (NDT) നടത്തുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനും സൈറ്റിൽവച്ചുതന്നെ എല്ലാ ലബോറട്ടറി പരിശോധനകളും നടത്തുന്നതിനാവശ്യമായ ഉപകരണങ്ങൾ സജ്ജീകരിച്ചിട്ടുള്ള മൊബൈൽ ലാബ് 3 റീജിയണൽ ലാബുകളിലേയ്ക്ക് വാങ്ങുന്നതിനുമായി നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഗവേഷണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്നും ഗവേഷണ പ്രവർത്തനത്തിന്റെ ഭാഗമായി എന്തൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കി വരുന്നതെന്നും വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പിനുകീഴിൽ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (കെ.എച്ച്.ആർ.ഐ.) എന്ന ഗവേഷണ സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. റോഡിലെ കുഴികൾ നന്നാക്കുന്നതിനുള്ള കന്താൽ മിക്സ് വികസിപ്പിച്ചെടുക്കുന്ന പഠനവും കോൺക്രീറ്റ് അവശിഷ്ടങ്ങളിൽനിന്ന് പേവർ ബ്ലോക്കുകൾ നിർമ്മിക്കുന്നതിനുള്ള പഠനവും കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്നിട്ടുണ്ട്. കൂടാതെ ഇപ്പോൾ താഴെപ്പറയുന്ന ഗവേഷണങ്ങളും നടന്നുവരുന്നുണ്ട്. വിവിധ ഗവേഷണ വിഷയങ്ങളിൽ മദ്രാസ്, പാലക്കാട് തുടങ്ങിയ ഐ.ഐ.ടി.-കളുമായി കെ.എച്ച്.ആർ.ഐ. സഹകരിക്കുന്നു. ഐ.ഐ.ടി. പോലുള്ള പ്രീമിയർ സ്ഥാപനങ്ങളുടെ പിന്തുണയോടെ കെ.എച്ച്.ആർ.ഐ. വിവിധ നൂതന നിർമ്മാണ വസ്തുക്കളെയും ഡിസൈനുകളെയും കുറിച്ച് പൈലറ്റ് പഠനങ്ങൾ നടത്തുന്നു. കേരളത്തിൽ ആദ്യമായി കാതോഡിക് പ്രൊട്ടക്ഷൻ എന്ന സാങ്കേതിക വിദ്യയിലൂടെ ബ്രിഡ്ജ് റീഹാബിലിറ്റേഷൻ നടത്തുന്നതിനുള്ള ഗവേഷണങ്ങൾ പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ഇതുമായി ബന്ധപ്പെട്ടുള്ള തുടർ നടപടികൾ പുരോഗമിക്കുന്നുണ്ട്. റോഡിന്റെ ഉപരിതലം ഉയർന്ന ഗുണനി ലവാരത്തിൽ എത്തിക്കാനും ആയുസ്സ് കൂട്ടുന്നതിനുംവേണ്ടി 'മൈക്രോസർഫസിംഗ്' എന്ന സാങ്കേതികവിദ്യ കേരളത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള റോഡിൽനിന്നും ബിറ്റുമിൻ അഗ്രിഗേറ്റ് പുനരുപയോഗം നടത്തി 'റീസൈക്കിൾഡ് ആസ്ഫാൾട്ട് പേവ്മെന്റ്" എന്ന റോഡ് നിർമ്മാണവിദ്യയെക്കുറിച്ചുള്ള പഠനങ്ങളും നടന്നുവരുന്നു. 'അൾട്രാഹൈപെർഫോമൻസ് ഫൈബർ റീഇൻഫോഴ്സ്ഡ് കോൺക്രീറ്റ്' (UHPFRC) എന്ന അത്യാധുനിക നിർമ്മാണസാമഗ്രി തനതായി വികസിപ്പിക്കുന്നതിനുവേണ്ടി ഐ.ഐ.റ്റി. മദ്രാസുമായി ചേർന്നുള്ള ഗവേഷണ നടപടികൾ പുരോഗമിക്കുന്നുണ്ട്.

## കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡുകളുടെ പുനരുദ്ധാരണം ത്വരിതപ്പെടുത്താൻ നടപടി

9(*249) ശ്രീ. കെ. പി. മോഹനൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡ് പ്രവൃത്തികളിൽ ചിലത് ആരംഭിക്കുന്നതിന് ദീർഘമായ കാലതാമസം ഉണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് റോഡ് നിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദീകരിക്കുമോ?

(എ&ബി) കിഫ്ബി പദ്ധതിയായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള റോഡ് പദ്ധതികൾ കിഫ്ബി മാനദണ്ഡപ്രകാരം നടപ്പിലാക്കുമ്പോൾ സ്ഥലമേറ്റെടുക്കുന്നതിനും യൂട്ടിലിറ്റി ഷിഫ്റ്റിംഗിനും സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസ് ലഭ്യമാകുന്നതിനും ചില പദ്ധതികൾക്ക് സമയക്കൂടുതൽ വേണ്ടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിൽ മുഖ്യമായും ഭൂമി ഏറ്റെടുക്കൽ നടപടികൾക്കാണ് സമയം ഏറെ ചെലവാകുന്നത്. ഇതുപരിഹരിച്ച് കിഫ്ബി പദ്ധതികളുടെ സ്ഥലമേറ്റെടുപ്പ് വേഗത്തിലാക്കുന്നതിനായി, 15 ലാൻഡ് അക്വിസിഷണൽ യൂണിറ്റുകളെ കിഫ്ബി പദ്ധതികളുടെ സ്ഥലമേറ്റെടുപ്പിനുവേണ്ടി മാത്രമായി നിയോഗിച്ചിട്ടുണ്ട്. ടി യൂണിറ്റുകൾ കിഫ്ബി പദ്ധതികളുടെ ഭൂമിയേറ്റെടുപ്പ് പരമാവധി വേഗത്തിലാക്കാൻവേണ്ട സഹായസഹകരണം എസ്.പി.വി.-കൾക്ക് നൽകിവരുന്നു. യൂട്ടിലിറ്റി ഷിഫ്റ്റിംഗ് എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിന് കിഫ്ബിയിൽ കാലതാമസം ഒഴിവാക്കുന്നതിനായി ധനാനുമതി തുകയുടെ പത്ത് ശതമാനത്തിനുള്ളിൽ (5% KWA യൂട്ടിലിറ്റി ഷിഫ്റ്റിംഗ് + 5% KSEBL യൂട്ടിലിറ്റി ഷിഫ്റ്റിംഗ്) വരുന്ന എസ്റ്റിമേറ്റുകൾ KIIFB-യിൽ പരിശോധനയ്ക്ക് വിധേയമാക്കാതെ SPV-യിൽനിന്നും അംഗീകാരം നൽകാവുന്നതാണെന്ന് തീരുമാനിച്ചിട്ടുണ്ട്. പൊതുവിൽ കിഫ്ബി പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുമായും എസ്.പി.വി.-കളുമായും ജനപ്രതിനിധികളുമായും പദ്ധതി അവലോകന യോഗങ്ങൾ നിശ്ചിത ഇടവേളകളിൽ കിഫ്ബി നടത്തിവരുന്നു. ഇതിനുപുറമേ പദ്ധതി പ്രദേശത്തെ പ്രശ്നങ്ങൾമൂലം കാലതാമസം നേരിടുന്ന പദ്ധതികൾ വേഗത്തിലാക്കുന്നതിനായി ഫീൽഡ് ഇൻസ്പെക്ഷൻ നടത്തുകയും സാധ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്.

(സി) പുനരുദ്ധാരണ പ്രവൃത്തികളിൽ കാലതാമസം ഉണ്ടാകുന്നതിനാൽ പ്രസ്തുത റോഡുകൾ സഞ്ചാരയോഗ്യമല്ലാത്ത നിലയിൽ തകർച്ചയിലാകുന്നത് നിമിത്തം പൊതുജനങ്ങൾ അനുഭവിക്കുന്ന കഠിനമായ യാത്രാ ദുരിതം പരിഗണിച്ച് ഇക്കാര്യത്തിൽ എത്രയും വേഗത്തിലുള്ള പരിഹാര നടപടികൾ സ്വീകരിക്കുമോ?

കിഫ്ബി മുഖേന നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളതും പ്രവൃത്തികൾക്ക് കാലതാമസമുണ്ടാകുന്നതുമൂലം സഞ്ചാരയോഗ്യമല്ലാതായിതീർന്നിട്ടുള്ളതുമായ റോഡുകളുടെ അടിയന്തര അറ്റകുറ്റപ്പണികൾ കിഫ്ബിയുടെ സാമ്പത്തികാനുമതിയോടെ കെ.ആർ.എഫ്.ബി. മുഖേന നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

### ടൂറിസം രംഗത്തെ അടിസ്ഥാനസൗകര്യ വികസനം

10(*250) ശ്രീ. പി. പി. സുമോദ്
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
ശ്രീ. എം. മുകേഷ്
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) വിദേശ-ആഭ്യന്തര ടൂറിസ്റ്റുകളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്നതിനായി എന്തെല്ലാം അടിസ്ഥാന സൗകര്യ വികസന പദ്ധതികളും പ്രചരണ പരിപാടികളുമാണ് സംഘടിപ്പിക്കുന്നത്?

വിദേശ-ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി കേരളത്തിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ നിരവധി അടിസ്ഥാനസൗകര്യ വികസന പദ്ധതികളാണ് വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നത്. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം വികസനത്തിന്റെ ഭാഗമായി നിരവധി പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലെയും പഞ്ചായത്തുകളുടെ ടൂറിസം സാധ്യത പരിശോധിച്ച് അവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി അതാത് ജില്ലകളിലെ ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ അവിടെയുള്ള ബന്ധപ്പെട്ട സ്റ്റേക്ക് ഹോൾഡേഴ്സിനേയും പഞ്ചായത്ത് പ്രതിനിധികളെയും ഉൾപ്പെടുത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കേരളത്തിലെത്തുന്ന അന്താരാഷ്ട്ര ആഭ്യന്തര വിനോദസഞ്ചാരികൾക്ക് കേരളത്തിന്റെ പൈതൃകവും സംസ്കാരവും അനുഭവവേദ്യമാക്കുന്നതിനായി 2021-22-ലെ ബഡ്ജറ്റിൽ താഴെ പറയുന്ന രണ്ട് ബൃഹത് ടൂറിസം സർക്യൂട്ടുകൾ പ്രഖ്യാപിച്ചിട്ടുണ്ട്.

1. <u>മലബാർ ലിറ്ററി സർക്യൂട്ട്-</u>

മലയാള സാഹിത്യത്തിലെ അതികായൻമാരായ തുഞ്ചത്ത് എഴുത്തച്ഛൻ, വൈക്കം മുഹമ്മദ് ബഷീർ, ഒ. വി. വിജയൻ, എം.ടി. വാസുദേവൻ നായർ എന്നിവരിലൂടെ പ്രശസ്തി നേടിയ തുഞ്ചൻ സ്മാരകം, ബേപ്പൂർ, തസ്രാക്ക്, ഭാരതപ്പുഴയുടെ തീരങ്ങൾ കൂടാതെ പൊന്നാനി, തൃത്താല എന്നീ സ്ഥലങ്ങളെ കോർത്തിണക്കിയുള്ളതാണ് ഈ ടൂറിസം സർക്യൂട്ട്. തുഞ്ചൻ പറമ്പ് മുതൽ കൽപ്പാത്തി വരെ നീളുന്നതാണ് നിളയിലെ പൈതൃക സർക്യൂട്ട്. ഇതിലേയ്ക്ക് ബേപ്പൂർ സുൽത്താൻ വൈക്കം മുഹമ്മദ് ബഷീറിന്റെ നാടിനെയും കോർത്തിണക്കും. മഹാകവിയുടെ പൈതൃക സ്മരണകൾ ഉറങ്ങുന്ന നിളാതീരത്തെ തുഞ്ചന്റെ തട്ടകവും കുഞ്ചന്റെ കിള്ളിക്കുറിശ്ശിയും എം.ടി-യുടെ കൂടല്ലൂരും ഇടശ്ശേരിയുടെ കുറ്റിപ്പുറവും സാമൂതിരിയുടെ നിലപാടുതറയുമെല്ലാം കൂട്ടിയിണക്കുന്ന രീതിയിലാണ് ഈ സർക്യൂട്ട് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്.

2. <u>ബയോ ഡൈവേഴ്സിറ്റി സർക്യൂട്ട്-</u>

കൊല്ലം ജില്ലയിലെ അഷ്ടമുടിക്കായൽ, മൺട്രോ തുരുത്ത്, കൊട്ടാരക്കര, മീൻപിടിപ്പാറ, മുട്ടറമരുതിമല, ജടായുപാറ, തെന്മല, അച്ചൻകോവിൽ എന്നീ പ്രദേശങ്ങളെ കോർത്തിണക്കിയുള്ളതാണ് ഈ ടൂറിസം സർക്യൂട്ട്. കായലും കടലും ഭംഗിയുള്ള തോടുകളും തുരുത്തുകളും മലനിരകളും തേയിലത്തോട്ടവുമുള്ള കൊല്ലം ജില്ല വിനോദസഞ്ചാര മേഖലയിൽ പുത്തൻ ഉണർവ്വുണ്ടാക്കും. ജൈവവൈവിധ്യവും പ്രകൃതിസൗന്ദര്യവും സഞ്ചാരികളെ ആകർഷിക്കുന്ന തരത്തിലാകും പദ്ധതി നടപ്പാക്കുക. കണ്ടൽക്കാടുകളിലൂടെയുള്ള ജലയാത്ര, മലകയറ്റം, തെന്മല-അച്ചൻകോവിൽ വനമേഖലയിലൂടെയുള്ള സഞ്ചാരം എന്നിവയെല്ലാം ഈ സർക്യൂട്ടിൽ ഉൾപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. കൂടാതെ കോവിഡ് മഹാമാരിയെത്തുടർന്ന് പ്രതിസന്ധിയിലായ വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി വിവിധതരത്തിലുള്ള വിപണന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കോവിഡ് ഒന്നാം തരംഗത്തിനുശേഷം വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി പോസ്റ്റ് കോവിഡ് ക്യാമ്പയിനുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. "ചെയ്ഞ്ച് ഓഫ് എയർ" എന്ന തീമിനെ അടിസ്ഥാനമാക്കി വിഷ്വൽ മീഡിയകളിലൂടെയും പ്രിന്റ് മീഡിയകളിലൂടെയും സമൂഹ മാധ്യമങ്ങളിലൂടെയുമാണ് ഈ ക്യാമ്പയിനുകൾ നടപ്പിലാക്കിയത്. ഇതിനുപുറമെ കാരവൻ ടൂറിസം പദ്ധതിയും ടൂറിസ്റ്റുകളുടെ സഹായത്തിനായി നവീകരിച്ച മൊബൈൽ ആപ്പും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഗ്രീൻ കാർപ്പെറ്റ് പദ്ധതിയിലൂടെ എന്തെല്ലാമാണ് ലക്ഷ്യമിട്ടിരിക്കുന്നത്; ഇതിലൂടെ എത്രത്തോളം നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പങ്കാളിത്ത വ്യവസ്ഥയിൽ അധിഷ്ഠിതമായ സുസ്ഥിരവും പരിസ്ഥിതി സൗഹൃദവുമായ വികസനമാണ് ഗ്രീൻ കാർപ്പെറ്റ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സംസ്ഥാനത്തിലേയ്ക്കെത്തുന്ന വിനോദസഞ്ചാരികൾക്ക് മെച്ചപ്പെട്ട താമസ-വിനോദ സൗകര്യങ്ങൾ ഈ പദ്ധതിമൂലം ലക്ഷ്യമിടുന്നു. ഇതിനോടകം തന്നെ ഡി.ടി.പി.സി.-കൾ മുഖാന്തരം പൂർത്തീകരിച്ച പ്രസ്തുത പദ്ധതികൾ വിവിധ ടൂറിസം സംരംഭകർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ എൻ.എസ്.എസ്., എൻ.സി.സി., എസ്.പി.സി. കേഡറ്റുകൾ, എൻ.ജി.ഒ.-കൾ, മറ്റ് സാമൂഹിക സംഘടനകൾ എന്നിവയുടെ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് വിജയകരമായി പ്രവർത്തിച്ചുവരുന്നു. ഗ്രീൻ കാർപ്പെറ്റ് പദ്ധതി വഴിയുള്ള നിർമ്മാണ പ്രവൃത്തികൾ എറണാകുളം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിൽ പ്രസ്തുത പദ്ധതിപ്രകാരം മൊത്തം 11 കോടി 77 ലക്ഷം രൂപയുടെ 17 നിർമ്മാണ പ്രവൃത്തികൾക്ക് ഇതിനോടകംതന്നെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഏറ്റവുമധികം പദ്ധതികൾ വയനാട് ജില്ലയിലാണ്. 5 എണ്ണം - കാന്തൻപാറ വെള്ളച്ചാട്ടം (2), പ്രിയദർശിനി ടീ എൻവിറോൺസ്, കുറുവാ ദ്വീപ്, പൂക്കോട് തടാകം എന്നിവ. മലപ്പുറം - കോട്ടക്കുന്ന് എറണാകുളം - ചെറായി ബീച്ച്, കോഴിക്കോട്-തുഷാരഗിരി, കാപ്പാട്, വടകര. പാലക്കാട് - വാടിക, മലമ്പുഴ (2), തൃശ്ശൂർ - പീച്ചി, പൂമല, മുനക്കൽ, ഇടുക്കി-വാഗമൺ എന്നിവ.

ഗ്രീൻ ഗ്രാസ്സ് പദ്ധതിവഴി മാലിന്യ നിർമ്മാർജ്ജനം- സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 79 വിനോദ സഞ്ചാരകേന്ദ്രങ്ങൾ മാലിന്യ വിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ 2019-20 സാമ്പത്തിക വർഷത്തിൽ 4.79 കോടി രൂപയുടെ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത കേന്ദ്രങ്ങളിലെ ജൈവ – അജൈവ മാലിന്യങ്ങൾ തരം തിരിച്ച്, ജൈവ മാലിന്യങ്ങൾ ബിന്നുകളിൽ നിക്ഷേപിച്ച്, ജൈവ വളമാക്കി മാറ്റുകയും അജൈവ മാലിന്യങ്ങൾ ശേഖരണ ബിന്നുകളും ബൂത്തുകളും ഉപയോഗിച്ച് തരം തിരിച്ച് ശേഖരിച്ച്, അവയെ പിന്നീട് കൃത്യമായ ഇടവേളകളിൽ പുനഃചംക്രമണത്തിനും മറ്റും ഉപയോഗപ്പെടുത്തുന്നതിലേയ്ക്കായി അതാത് തദ്ദേശ സ്ഥാപനങ്ങളുടെ എം.സി.എഫ്. (Material Collection Facility)-ലേയ്ക്ക് എത്തിച്ചുനൽകാനും ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി. പ്രസ്തുത പദ്ധതിയുടെ ജൈവ മാലിന്യ സംസ്കരണ യൂണിറ്റുകളുടെ പ്രവൃത്തികൾ എല്ലാ ജില്ലകളിലും പൂർത്തിയായി വരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണം സാധ്യമാകുന്നതാണ്.

ഗ്രീൻ കാർപ്പെറ്റ് പദ്ധതിവഴി ശുദ്ധമായ കുടിവെള്ള വിതരണം-വിനോദ സഞ്ചാരികൾക്ക് അതത് കേന്ദ്രങ്ങളിൽത്തന്നെ പ്രതിലോമ വ്യതിവ്യാപനം (Reverse Osmosis) എന്ന സാങ്കേതികവിദ്യവഴി ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കാനുദ്ദേശിച്ച് സ്ഥാപിക്കുന്ന വാട്ടർ കിയോസ്കുകൾ, പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം കനകക്കുന്നിലും കോഴിക്കോട്ടെ സരോവരം ബയോപാർക്കിലും സ്ഥാപിച്ചിട്ടുണ്ട്. ടി കിയോസ്കുകൾ കൊണ്ട് സഞ്ചാരികൾക്കുള്ള പ്രയോജനം വിലയിരുത്തിയതിനുശേഷം എല്ലാ ജില്ലകളിലേയും പ്രധാന കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതാണ്. കൂടാതെ തെരഞ്ഞെടുക്കപ്പെടുന്ന പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ ഗ്രീൻ കാർപ്പെറ്റ് പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) മൺസൂൺ ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് പ്രത്യേക പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാനത്ത് മൺസൂൺ ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് കാലാകാലങ്ങളിൽ വിവിധങ്ങളായ പ്രചരണ പരിപാടികൾ സംഘടിപ്പിച്ചു വരാറുണ്ട്. കോവിഡ്മൂലം പ്രതിസന്ധിയിലായ വിദേശ ആഭ്യന്തര സഞ്ചാരികളുടെ വരവ് പ്രോത്സാഹിപ്പിക്കാൻ ഇനിയും പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നതാണ്. ഓഫ് സീസൺ/ഡ്രീം സീസൺ ക്യാമ്പുകളെ പരമാവധി പ്രയോജനപ്പെടുത്തി മൺസൂൺ ടൂറിസത്തിന്റെ സാധ്യതകൾ വർദ്ധിപ്പിക്കാനാണ് ശ്രമിക്കുന്നത്. ഇപ്പോൾ നടന്നുവരുന്ന പോസ്റ്റ് കോവിഡ് ക്യാമ്പയിനുകളും മൺസൂൺ സാധ്യതകളെ പ്രയോജനപ്പെടുത്തുന്ന രീതിയിലാണ് ആവിഷ്കരിച്ചിരിക്കുന്നത്.

## റസ്റ്റ് ഹൗസുകളുടെ പ്രവർത്തനം

11(*251) ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ശശി:
ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ ചുമതലയിലുള്ള റസ്റ്റ് ഹൗസുകളുടെ പ്രവർത്തനം പരിശോധിച്ചിട്ടുണ്ടോ; ഇവയ്ക്ക് വേണ്ടിവരുന്ന ചെലവുകൾക്കനുസൃതമായ വരുമാനം ലഭിക്കുന്നുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ ചുമതലയിലുള്ള റസ്റ്റ് ഹൗസുകളുടെ പ്രവർത്തനം നിരന്തരം പരിശോധിച്ചുവരുന്നുണ്ട്. പല റസ്റ്റ് ഹൗസുകളിലും ചെലവുകൾക്കനുസൃതമായ വരുമാനം ലഭിക്കുന്നില്ല. കോവിഡ് നിയന്ത്രണങ്ങൾ

നിലനിന്നിരുന്നതിനാൽ റസ്റ്റ് ഹൗസുകളിൽ മുറികൾ പൊതുജനങ്ങൾക്ക് നൽകിയിരുന്നില്ല. കാന്റീൻ പ്രവർത്തിക്കാത്തതും റസ്റ്റ് ഹൗസുകളിൽനിന്നുള്ള വരുമാനത്തിൽ വലിയ തോതിലുള്ള കുറവുണ്ടാക്കിയിട്ടുണ്ട്. റസ്റ്റ് ഹൗസുകളുടെ ദൈനംദിന ചെലവുകളും കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികളും ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും മറ്റും പരിഗണിക്കുമ്പോൾ ആയതിനനുസൃതമായ വരുമാനം റസ്റ്റ് ഹൗസുകളിൽനിന്നും ലഭിക്കുന്നില്ല. ഉൾപ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന ചില റസ്റ്റ് ഹൗസുകൾക്കാണ് വരുമാനം തീരെ ലഭിക്കാത്തത്. എന്നാൽ റസ്റ്റ് ഹൗസുകൾ വരുമാനം എന്നതിലുപരി സേവന മേഖലയിലാണ് ഉൾപ്പെടുന്നത്.

(ബി) വാർഷിക അറ്റകുറ്റപ്പണികൾ സമയോചിതമായി നടത്താത്തതുമൂലം റസ്റ്റ് ഹൗസുകളോടനുബന്ധിച്ചുള്ള കെട്ടിടങ്ങളും മറ്റ് നിർമ്മിതികളും നശിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതൊഴിവാക്കുന്നതിനുവേണ്ടി അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

വാർഷിക അറ്റകുറ്റപ്പണികൾ സമയോചിതമായി നടത്താത്തതുമൂലം റസ്റ്റ് ഹൗസുകളോടനുബന്ധിച്ചുള്ള കെട്ടിടങ്ങളും മറ്റ് നിർമ്മിതികളും നശിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിലുള്ള എല്ലാ കെട്ടിടങ്ങൾക്കും സമയബന്ധിതമായി വാർഷിക അറ്റകുറ്റപ്പണികൾ നടത്തിവരുന്നുണ്ട്.

(സി) റസ്റ്റ് ഹൗസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ജനകീയമാക്കുന്നതിനും ഓൺലൈൻ ബുക്കിംഗ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ നടപ്പിലാക്കുമോ?

സംസ്ഥാനത്തെ എല്ലാ റസ്റ്റ് ഹൗസുകളിലും 2021 നവംബർ 1 മുതൽ ഓൺലൈൻ ബുക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ടൂറിസം വികസനത്തിന് സഹായിക്കുന്നരീതിയിൽ റസ്റ്റ് ഹൗസുകളുടെ പ്രവർത്തനം ആധുനികവൽക്കരിക്കുമോ; വിശദമാക്കുമോ?

റസ്റ്റ് ഹൗസുകളുടെ പ്രവർത്തനം ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തി അവയെ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ടൂറിസം മേഖലയിലെ പ്രാധാന്യവും സ്ഥല സൗകര്യമുള്ളതുമായ തെരഞ്ഞെടുക്കപ്പെട്ട 25 റസ്റ്റ് ഹൗസുകളെ പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തി നവീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കെ.ടി.ഡി.സി. മാനേജിംഗ് ഡയറക്ടറെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി

ഫോർട്ട് കൊച്ചി റസ്റ്റ് ഹൗസ് നവീകരണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. റസ്റ്റ് ഹൗസുകളിൽ നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ടൂറിസം വികസനത്തിന് അനുയോജ്യമാകുംവിധം കുറഞ്ഞ ചെലവിൽ നവീകരിച്ച് പരിപാലിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. ഇതിലൂടെ റസ്റ്റ് ഹൗസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സാധിക്കുന്നതാണ്. കൂടാതെ വരുമാന വർദ്ധനവും ലക്ഷ്യമിടുന്നു. എല്ലാ റസ്റ്റ് ഹൗസുകളും നവീകരിക്കുന്നതിനോടൊപ്പം അറ്റകുറ്റപ്പണികൾ Routine Maintenance മുഖേന ചെയ്തുവരുന്നു.

**തീരദേശ കപ്പൽ ഗതാഗത പദ്ധതി**

12(*252) ശ്രീ. കെ. ആൻസലൻ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ കപ്പൽ ഗതാഗത പദ്ധതി ഏത് ഘട്ടത്തിലാണ്; ഏതൊക്കെ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ടാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

റോഡ് വഴിയുള്ള ചരക്കുനീക്കം കുറയ്ക്കുന്നതിനും ഗതാഗത കുരുക്കും വായു മലിനീകരണവും ഒഴിവാക്കുന്നതിനുമായി കേരളത്തിലെ ചെറുകിട തുറമുഖങ്ങളെ ബന്ധിപ്പിച്ചിട്ടുള്ള പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇത്തരത്തിൽ അഴീക്കൽ - ബേപ്പൂർ - കൊല്ലം തുറമുഖങ്ങളെ ബന്ധിപ്പിച്ച് ചരക്ക് നീക്കം ആരംഭിച്ചു. ആയത് വിഴിഞ്ഞം നോൺ മേജർ പോർട്ടിലേയ്ക്ക് നീട്ടുന്നതിനും ആലോചിക്കുന്നുണ്ട്. കടൽ വഴിയുള്ള ചരക്ക് നീക്കം പ്രോത്സാഹിപ്പിക്കുന്നതിനായി സമഗ്രമായ ഇൻസെന്റീവ് സ്കീം നടപ്പിലാക്കി വരുന്നു. സ്കീമിന്റെ ആനുകൂല്യം ട്രേഡേഴ്സിനുകൂടി ലഭ്യമാക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രാവർത്തികമാകുന്നതോടെ സംസ്ഥാനത്ത് ചരക്ക് നീക്കത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

റോഡുകളിലെ തിരക്കും വായുമലിനീകരണവും പരമാവധി കുറയ്ക്കുന്നതിന് ഈ പ്രോജക്ട് ലക്ഷ്യമിടുന്നു. കൂടാതെ പോർട്ടുകൾ പ്രൊഫഷണലായി പ്രവർത്തിക്കുന്നതോടൊപ്പം ചരക്കുനീക്കം ദ്രുതഗതിയിലാക്കുന്നതിനും റോഡിലൂടെയുള്ള ചരക്കുനീക്കം

മൂലമുണ്ടാകുന്ന ഓവർഹെഡ് ചാർജ്ജുകൾ ഗണ്യമായി കുറയ്ക്കുന്നതിനും ഇതുമൂലം സാധിക്കും. തുറമുഖങ്ങൾ പ്രവർത്തന സജ്ജമാകുന്നതോടെ തുറമുഖ അധിഷ്ഠിത വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടും. പ്രത്യക്ഷമായും പരോക്ഷമായും തുറമുഖങ്ങളുമായി ബന്ധപ്പെട്ട തൊഴിലവസരങ്ങൾ വർദ്ധിക്കും.

**പുതിയ പ്ലസ് വൺ ബാച്ചുകൾ അനുവദിക്കാൻ നടപടി**

13(*253) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) പ്ലസ് വൺ രണ്ടാംഘട്ട അലോട്ട്മെന്റ് പൂർത്തിയായപ്പോൾ ഒരു ലക്ഷത്തിലേറെ കുട്ടികൾ സീറ്റ് ലഭിക്കാതെ പുറത്ത് നിൽക്കുന്ന സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് പുതിയ പ്ലസ് വൺ ബാച്ചുകൾ അനുവദിക്കാൻ തയ്യാറാകുമോ;

(ബി) നിരവധി അർഹരായ കുട്ടികളുടെ പഠനം പ്രതിസന്ധിയിലായതായി പറയപ്പെടുന്ന സാഹചര്യത്തിൽ പുതിയ പ്ലസ് വൺ ബാച്ചുകൾ അനുവദിച്ചുകൊണ്ട് ഇതിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) പുതിയ പ്ലസ് വൺ ബാച്ചുകൾ അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. 2021-22 അദ്ധ്യയന വർഷത്തെ ഹയർ സെക്കണ്ടറി പ്രവേശ നത്തിന്റെ മുഖ്യഘട്ടത്തിലെ രണ്ടാമത്തെ/ അവസാനത്തെ അലോട്ട്മെന്റ് 23-10-2021-ന് അവസാനിക്കുകയുണ്ടായി. നിലവിലെ സ്ഥിതിവിവര കണക്കനുസരിച്ച് സംസ്ഥാനത്ത് ഏകജാലക രീതിയിൽ പ്രവേശനം നടത്തുന്ന 270188 (രണ്ട് ലക്ഷത്തി എഴുപതിനായിരത്തി നൂറ്റി എൺപത്തി എട്ട്) സീറ്റുകളിലേയ്ക്ക് 465219 (നാല് ലക്ഷത്തി അറുപത്തി അയ്യായിരത്തി ഇരുന്നൂറ്റി പത്തൊൻപത്) വിദ്യാർത്ഥികൾ അപേക്ഷിക്കുകയുണ്ടായി. ഇതിൽ മാതൃജില്ലയ്ക്ക് പുറമേ മറ്റ് ജില്ലകളിലും അപേക്ഷിച്ച 39489 (മുപ്പത്തി ഒൻപതിനായിരത്തി നാന്നൂറ്റി എൺപത്തി ഒൻപത്) പേരുണ്ടായിരുന്നു. ആയതിനാൽ പ്രവേശനം നൽകേണ്ട യഥാർത്ഥ അപേക്ഷകർ 425730 (നാല് ലക്ഷത്തി ഇരുപത്തി അയ്യായിരത്തി എഴുന്നൂറ്റി മുപ്പത്) മാത്രമാണ്. മുഖ്യഘട്ട അലോട്ട്മെന്റ് 23-10-2021-ന് പൂർത്തിയായപ്പോൾ മെറിറ്റ് ക്വാട്ടയിൽ 235879 (രണ്ട് ലക്ഷത്തി മുപ്പത്തി അയ്യായിരത്തി എണ്ണൂറ്റിഎഴുപത്തി ഒൻപത്)

കുട്ടികളും സ്പോർട്ട്സ് ക്വാട്ട, എയ്ഡഡ് സ്കൂളുകളിലെ കമ്മ്യൂണിറ്റി ക്വാട്ട, മാനേജ്മെന്റ് ക്വാട്ടാ, അൺ-എയ്ഡഡ് ക്വാട്ട മുതലായവയിൽ 71142 (എഴുപത്തി ഒന്നായിരത്തി ഒരുന്നൂറ്റി നാല്പത്തി രണ്ട്) കുട്ടികളും കൂടി ആകെ 307021 (മൂന്ന് ലക്ഷത്തി ഏഴായിരത്തി ഇരുപത്തി ഒന്ന്) വിദ്യാർത്ഥികൾ പ്രവേശനം നേടുകയുണ്ടായി. കഴിഞ്ഞ 5 വർഷത്തെ പ്രവേശനത്തോതനുസരിച്ചാണെങ്കിൽ മുഖ്യ അലോട്ട്മെന്റിനുശേഷം സംസ്ഥാനത്താകെ 67910 (അറുപത്തി ഏഴായിരത്തി തൊള്ളായിരത്തി പത്ത്) അപേക്ഷകർ പ്രവേശനത്തിനായി അവശേഷിക്കുകയാണ്. അപേക്ഷിച്ച എല്ലാവരും പ്ലസ് വൺ പ്രവേശനം തേടുകയാണെങ്കിൽ ആകെ 115734 (ഒരു ലക്ഷത്തി പതിനയ്യായിരത്തി എഴുന്നൂറ്റി മുപ്പത്തി നാല്) പേർക്ക് അഡ്മിഷൻ നൽകേണ്ടതായി വരും. 2021-22 അദ്ധ്യയന വർഷത്തെ ഹയർ സെക്കണ്ടറി പ്രവേശനത്തിൽ എയ്ഡഡ് സ്കൂളുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലെ അലോട്ട്മെന്റ്, എയ്ഡഡ് സ്കൂളുകളിലെ മാനേജ്മെന്റ് ക്വാട്ട പ്രവേശനം, അൺ-എയ്ഡഡ് സ്കൂളുകളിലെ പ്രവേശനം എന്നിവയൊക്കെ നടന്നുകൊണ്ടിരിക്കുകയാണ്. മുഖ്യഘട്ട അലോട്ട്മെന്റ് പ്രവേശനത്തിനുശേഷം മെറിറ്റ് ക്വാട്ടയിൽ ഒഴിവുള്ള 33153 (മുപ്പത്തി മൂവ്വായിരത്തി ഒരുന്നൂറ്റി അൻപത്തിമൂന്ന്) സീറ്റുകളും എയ്ഡഡ് സ്കൂളുകളിലെ കമ്മ്യൂണിറ്റി ക്വാട്ടയിൽ ഒഴിവുള്ള 6438 (ആറായിരത്തി നാന്നൂറ്റി മുപ്പത്തിയെട്ട്) സീറ്റുകളും മാനേജ്മെന്റ് ക്വാട്ടയിൽ ഒഴിവുള്ള 8988 (എണ്ണായിരത്തി തൊള്ളായിരത്തി എൺപത്തിയെട്ട്) സീറ്റുകളും സ്പോർട്ട്സ് ക്വാട്ടയിൽ ഒഴിവുള്ള 4461 (നാലായിരത്തി നാന്നൂറ്റി അറുപത്തിയൊന്ന്) സീറ്റുകളും അൺ-എയ്ഡഡ് സ്കൂളുകളിലെ ഒഴിവുള്ള 34252 (മുപ്പത്തി നാലായിരത്തി ഇരുന്നൂറ്റി അൻപത്തിരണ്ട്) സീറ്റുകളും കൂടി ആകെ 87292 (എൺപത്തി ഏഴായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി രണ്ട്) സീറ്റുകളും ലഭ്യമാണ്. ഇതിനുപുറമേ വൊക്കേഷണൽ ഹയർസെക്കണ്ടറി, പോളിടെക്നിക്, ഐ.ടി.ഐ. മേഖലകളിലായി 83000 സീറ്റുകളും ലഭ്യമാണ്. മാനേജ്മെന്റ് ക്വാട്ട, കമ്മ്യൂണിറ്റി ക്വാട്ട അൺ-എയ്ഡഡ് ബാച്ചുകൾ എന്നിവയിലും പ്രവേശനം നടന്നുകൊണ്ടിരിക്കുകയാണ്. ഇവ പരിശോധിച്ചശേഷം താലൂക്ക്തല വിഷയ കോമ്പിനേഷൻ തിരിച്ചുള്ള കണക്കുകൾ അവലോകനം നടത്തി ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം സ്വീകരിക്കുന്നതാണ്.

(സി) 2011-16-ലെ സർക്കാരിന്റെ കാലഘട്ടത്തിൽ അർഹരായ കുട്ടികളുടെ പ്ലസ് വൺ പ്രവേശനം സംബന്ധിച്ച് സമാന സാഹചര്യമുണ്ടായപ്പോൾ അന്നത്തെ സർക്കാർ താത്കാലിക ബാച്ചുകൾ അനുവദിച്ചിരുന്നോയെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

കഴിഞ്ഞ 5 വർഷങ്ങളിൽ, 2016-ലാണ് ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പാസ്സായിട്ടുള്ളത്. 458080 (നാലുലക്ഷത്തി അമ്പത്തിയെട്ടായിരത്തി എൺപത്) വിദ്യാർത്ഥികളാണ് ഉന്നതപഠനത്തിന് യോഗ്യത നേടിയത്. ആകെ അപേക്ഷകർ 517156 (അഞ്ചുലക്ഷത്തി പതിനേഴായിരത്തി ഒരുനൂറ്റി അൻപത്തി ആറ്) ആയിരുന്നു. പ്രസ്തുത വർഷം 22879 (ഇരുപത്തി രണ്ടായിരത്തി എണ്ണൂറ്റി എഴുപത്തി ഒൻപത്) വിദ്യാർത്ഥികൾ എല്ലാവിഷയത്തിനും എ പ്ലസ് ലഭിച്ചവരായിരുന്നു. ആകെ ലഭ്യമായിരുന്ന 413564 (നാല് ലക്ഷത്തി പതിമൂന്നായിരത്തി അഞ്ഞൂറ്റി അറുപത്തി നാല്) സീറ്റുകളിൽ 3,84,612 (മൂന്ന് ലക്ഷത്തി എൺപത്തി നാലായിരത്തി അറുന്നൂറ്റി പന്ത്രണ്ട്) അപേക്ഷകർ പ്രവേശനം നേടുകയുണ്ടായി. സർക്കാർ/എയ്ഡഡ്/അൺ-എയ്ഡഡ് മേഖലകളിലായി 28952 (ഇരുപത്തിയെട്ടായിരത്തി തൊള്ളായിരത്തി അൻപത്തി രണ്ട്) സീറ്റ് ഒഴിഞ്ഞു കിടക്കുകയും ചെയ്തു. കൂടാതെ 2012-ൽ സർക്കാർ/എയ്ഡഡ്/അൺ-എയ്ഡഡ് മേഖലകളിൽ 20 ശതമാനം മാർജിനൽ സീറ്റ് വർദ്ധനവിനുപുറമേ സർക്കാർ സ്കൂളുകളിൽ സയൻസ് കോമ്പിനേഷനുകളിൽ ഒരു ബാച്ചിൽ 3 അധിക വിദ്യാർത്ഥികളേയും ഹ്യുമാനിറ്റീസ്, കോമേഴ്സ് കോമ്പിനേഷനുകളിൽ ഒരോ ബാച്ചിലും 8 അധിക വിദ്യാർത്ഥികളേയും കൂടുതലായി ചേർക്കുകയുണ്ടായി, കൂടാതെ സപ്ലിമെന്ററി അലോട്ട്മെന്റുകൾ പൂർത്തീകരിച്ചതിനുശേഷം തിരുവനന്തപുരം, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ താൽക്കാലിക അധിക ബാച്ചുകൾ സർക്കാർ സ്കൂളുകളിൽ ഹ്യുമാനിറ്റീസ്, കോമേഴ്സ് വിഷയങ്ങളിൽ അനുവദിച്ചിരുന്നു. തിരുവനന്തപുരം ജില്ലയിലെ 5 സർക്കാർ സ്കൂളുകളിൽ 6 താൽക്കാലിക ബാച്ചുകളും കോഴിക്കോട് ജില്ലകളിലെ 10 സർക്കാർ സ്കൂളുകളിൽ 10 താൽക്കാലിക ബാച്ചുകളും മലപ്പുറം ജില്ലയിലെ 15 സർക്കാർ സ്കൂളുകളിൽ 16 താൽക്കാലിക ബാച്ചുകളും അനുവദിച്ച് സപ്ലിമെന്ററി അലോട്ട്മെന്റുകൾ പൂർത്തീകരിച്ചതിനുശേഷം പ്രവേശനം ലഭിക്കാതിരുന്ന 1699 വിദ്യാർത്ഥികളുടെ പ്രവേശനവും സാധ്യമാക്കിയിരുന്നു.

### പ്ലാസ്റ്റിക് മാലിന്യം ഉപയോഗിച്ച് റോഡ് ടാറിംഗ്

14 (*254) ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരിസ്ഥിതിക്കും ആരോഗ്യത്തിനും വിപത്തായ പ്ലാസ്റ്റിക് മാലിന്യം ഉപയോഗിച്ച് എത്ര കിലോമീറ്റർ റോഡ് ടാർ ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

നിരത്തുകൾ വിഭാഗത്തിന് കീഴിൽ പ്ലാസ്റ്റിക് മാലിന്യം ഉപയോഗിച്ച് 2016 മുതൽ നാളിതുവരെ 803 കി.മീ. റോഡും ദേശീയപാത വിഭാഗത്തിന് കീഴിൽ പ്ലാസ്റ്റിക്ക് ഉപയോഗിച്ച് 102.34 കി.മീ. റോഡും ടാർ ചെയ്തിട്ടുണ്ട്.

(ബി) തദ്ദേശ സ്ഥാപനങ്ങളും പൊതുമരാമത്തും നിർമ്മിക്കുന്ന റോഡുകളിൽ പ്ലാസ്റ്റിക് ഉപയോഗിക്കണമെന്ന സർക്കാർ ഉത്തരവ് അനുസരിച്ച് കഴിഞ്ഞ അഞ്ച് വർഷത്തിനിടെ എത്ര മെട്രിക് ടൺ പ്ലാസ്റ്റിക് മാലിന്യമാണ് റോഡ് ടാറിംഗിന് പ്രയോജനപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ?

നിരത്തുകൾ വിഭാഗത്തിന് കീഴിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടെ 1180 മെട്രിക് ടൺ പ്ലാസ്റ്റിക് മാലിന്യമാണ് റോഡ് ടാറിംഗിന് പ്രയോജനപ്പെടുത്തിയിട്ടുള്ളത്. പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന റോഡുകളിൽ പ്ലാസ്റ്റിക് ഉപയോഗിക്കണമെന്ന സർക്കാർ ഉത്തരവ് അനുസരിച്ച് ബി.സി. പ്രതലം ഉപയോഗിച്ച് നിർമ്മിക്കുന്ന എല്ലാ പ്രവൃത്തികളിലും നിലവിൽ 50% പ്ലാസ്റ്റിക് ഉൾപ്പെടുത്തി നിർമ്മിക്കുന്നതിനാണ് അനുമതി നൽകുന്നത്. ദേശീയപാത വിഭാഗത്തിനുകീഴിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ 265.283 മെട്രിക് ടൺ പ്ലാസ്റ്റിക് മാലിന്യം റോഡ് ടാർ ചെയ്യാൻ ഉപയോഗിച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ക്ലീൻ കേരള കമ്പനി വഴി പൊതുമരാമത്ത് വകുപ്പിന് എത്ര മെട്രിക് ടൺ പൊടിച്ച പ്ലാസ്റ്റിക്കാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള പ്രവൃത്തികൾ ടെണ്ടർ ചെയ്ത് കരാർ നൽകി കഴിഞ്ഞാൽ ബന്ധപ്പെട്ട കരാറുകാരൻതന്നെയാണ് പ്ലാസ്റ്റിക് മാലിന്യം ഉൾപ്പെടെയുള്ള സാമഗ്രികൾ വാങ്ങുന്നത്. കരാറുകാർ ക്ലീൻ കേരള കമ്പനി ഉൾപ്പെടെയുള്ള കമ്പനികളിൽ നിന്നാണ് പ്ലാസ്റ്റിക് മാലിന്യം വാങ്ങുന്നത്.

(ഡി) പ്ലാസ്റ്റിക് ചേർത്ത് നിർമ്മിക്കുന്ന റോഡുകളുടെ ഗുണനിലവാരം പരിശോധിക്കുവാൻ നിലവിൽ എന്ത് സംവിധാനമാണ് ഉള്ളതെന്ന് വിശദമാക്കാമോ; ഇത് സംബന്ധിച്ച് കൃത്യമായ പരിശോധന നടത്തുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഇന്ത്യൻ റോഡ്സ് കോൺഗ്രസ്സ് IRC SP: 98-2013 പ്രകാരം പ്ലാസ്റ്റിക് മാലിന്യം റോഡ് നിർമ്മിക്കുന്നതിന് ഉപയോഗിക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ബി.സി. ഉപരിതലം നിർമ്മിക്കുന്നതിനാവശ്യമായ എല്ലാ ഗുണനിലവാര പരിശോധനകളും പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിക്കുന്ന റോഡുകളിലും നടത്തിവരുന്നു. കൂടാതെ ഷ്രെഡഡ് പ്ലാസ്റ്റിക് IRC Code-ൽ പ്രതിപാദിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമുള്ളതാണ് ടാറിംഗിന് ഉപയോഗിക്കുന്നത്.

## പ്ലസ് വൺ പ്രവേശനം

15(*255) ശ്രീമതി കെ. കെ. രമ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്ലസ് വൺ പ്രവേശന പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ മേഖലയിലെ സ്കൂളുകളിലെ ബാച്ചുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് പകരം അൺ-എയ്ഡഡ് സ്കൂളുകളിലെ സീറ്റുകൾ വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത തീരുമാനം എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉയർന്ന മാർക്ക് നേടിയ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ പ്രതികൂലമായി ബാധിക്കുവാൻ ഇടയാകുമെന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(സി) സർക്കാർ മേഖലയിലെ സ്കൂളുകളിലെ ബാച്ചുകൾക്ക് പകരം അൺ-എയ്ഡഡ് സ്കൂളുകളിലെ സീറ്റുകൾ വർദ്ധിപ്പിക്കുന്നത് ഡൊണേഷൻ പ്രവണതയെ പ്രോത്സാഹിപ്പിക്കുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ ആയത് നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

(എ-സി) നിലവിൽ തീരുമാനമെടുത്തിട്ടില്ല.

## വിഴിഞ്ഞം തുറമുഖ നിർമ്മാണ പ്രവർത്തനങ്ങളുടെ ഏകോപനം

16(*256) ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ) സദയം മറുപടി നൽകുമോ:

വിഴിഞ്ഞം തുറമുഖ നിർമ്മാണം ത്വരിതഗതിയിൽ നടക്കുന്നുവെന്ന് ഉറപ്പുവരുത്താനും നിർമ്മാണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കൺസഷൻ കരാറിലെ വ്യവസ്ഥപ്രകാരം തുറമുഖത്തിന്റെ നിർമ്മാണ പുരോഗതിയും ഗുണമേന്മയും ഉറപ്പാക്കുന്നതിനായി ഒരു ഇൻഡിപെൻഡന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവർ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായ വിഴിഞ്ഞം

തുറമുഖ കമ്പനിക്ക് (VISL) റിപ്പോർട്ടുകൾ സമർപ്പിക്കുകയും ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും വിവിധ വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളുമായ ഒരു പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും (PIC) ഒരു എംപവേർഡ് കമ്മിറ്റിയും പ്രവർത്തിക്കുന്നുണ്ട്. ഈ കമ്മിറ്റികൾ സമയാസമയങ്ങളിൽ പ്രോജക്ടിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തിവരുന്നുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു IAS ഓഫീസറുടെ നേതൃത്വത്തിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് RDO-യുടെ അദ്ധ്യക്ഷതയിൽ ഒരു Livelihood Impact Assessment കമ്മിറ്റിയും (LIAC) ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ അപ്പീൽ കമ്മിറ്റിയും പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ ഇപ്പോൾ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി ഒരു സീനിയർ IAS ഓഫീസറെ വിഴിഞ്ഞം തുറമുഖ കമ്പനിയുടെ മാനേജിംഗ് ഡയറക്ടറായി നിയമിച്ചിട്ടുണ്ട്. തുറമുഖ കമ്പനിയുടെ റിപ്പോർട്ടുകൾ തുറമുഖ വകുപ്പുമന്ത്രി നിശ്ചിത ഇടവേളകളിൽ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. ബഹു. മുഖ്യമന്ത്രിയും ആവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ട്.

**പൈതൃക ടൂറിസം പദ്ധതി**

17(*257) <u>ശ്രീ. ആന്റണി ജോൺ</u>:
<u>ശ്രീ. എം. നൗഷാദ്</u>:
<u>ശ്രീ. എം. വിജിൻ</u>:
<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര വികസനത്തിന്റെ ഭാഗമായി ആരംഭിച്ച പൈതൃക സംരക്ഷണ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പരിഗണനയിൽ വരുന്ന പ്രധാന ഇടങ്ങൾ ഏതൊക്കെയാണെന്നും പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കാമോ?

(എ&ബി) വിനോദസഞ്ചാര വികസനത്തിന്റെ ഭാഗമായി ആരംഭിച്ച പൈതൃക സംരക്ഷണ പദ്ധതികളുടെ ലക്ഷ്യങ്ങളും വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഒരു വിശാലമായ പ്രദേശത്തെ ചരിത്ര സ്മാരകങ്ങളെ വിനോദ സഞ്ചാരവുമായി കൂട്ടിയിണക്കി പദ്ധതികൾ ആവിഷ്കരിക്കുന്നതിലൂടെ വിവിധ മേഖലകളിൽ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ?

ടൂറിസം വകുപ്പ് കേരളത്തിലെ പ്രധാന ചരിത്ര സ്മാരകങ്ങളെ സംരക്ഷിച്ചും തനത് പൈതൃക കെട്ടിടങ്ങളും അവയുടെ പൗരാണികതയും വാസ്തുവിദ്യയും നില നിർത്തിക്കൊണ്ടുമാണ് പൈതൃക ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുന്നത്. ചരിത്ര പ്രാധാന്യമുള്ള ക്ഷേത്രങ്ങളും പള്ളികളും കെട്ടിടങ്ങളും ആസ്വദിക്കാൻ സ്വദേശീയരും വിദേശീയരുമായ വിനോദസഞ്ചാരികൾ കേരളത്തിൽ എത്തുന്നുണ്ട്. വിദേശ ടൂറിസ്റ്റുകളെയും ആഭ്യന്തര ടൂറിസ്റ്റുകളെയും ഒരുപോലെ ആകർഷിക്കുന്ന രീതിയിൽ പഴമയുടെ പ്രൗഢി നിലനിർത്തിക്കൊണ്ടാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്യുന്നത്. ഈ പദ്ധതികൾ എല്ലാം പൂർത്തിയാകുന്നതോടെ കേരളത്തിലെ പൈതൃക ടൂറിസം ലോകശ്രദ്ധ ആകർഷിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഈ പദ്ധതികൾ നടപ്പാക്കുന്നതിലൂടെ തദ്ദേശീയർക്ക് തൊഴിൽപരമായും സാമ്പത്തികമായും അഭിവൃദ്ധിയുണ്ടാകുന്നതാണ്. കൂടാതെ ഗവേഷകർക്കും വിദ്യാർത്ഥികൾക്കും തനത് പുരാതന ആർക്കിടെക്ച്ചറൽ രീതികളെ കണ്ട് മനസ്സിലാക്കാനുള്ള സാഹചര്യം ലഭിക്കുന്നതാണ്.

**ടൂറിസം മേഖലയിൽ കേരള-തായ്‌വാൻ സഹകരണം**

18(*258) ഡോ. കെ. ടി. ജലീൽ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിൽ കേരളവും തായ്‌വാനും തമ്മിലുള്ള സഹകരണം സംബന്ധിച്ച് തായ്‌വാൻ പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ ഉരുത്തിരിഞ്ഞിട്ടുള്ള നവീന ആശയങ്ങൾ സംസ്ഥാനത്ത് പ്രാവർത്തികമാക്കാവുന്നവയാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ടൂറിസം മേഖലയിൽ കൂടുതൽ വിദേശ നിക്ഷേപം നടത്തുന്നത് സംബന്ധിച്ച് തായ്‌വാൻ പ്രതിനിധികളുമായി ചർച്ച ചെയ്തിരുന്നോ; വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് ടൂറിസത്തിന്റെ ഏതെല്ലാം മേഖലകളിലാണ് തായ്‌വാനുമായി സഹകരിച്ച് പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

(എ-സി) ടൂറിസം മേഖലയിൽ കേരളവും തായ്‌വാനും തമ്മിലുള്ള സഹകരണം സംബന്ധിച്ച് തായ്‌വാൻ പ്രതിനിധികളുമായി പ്രാഥമിക തലത്തിലുള്ള ചില ചർച്ചകൾ മാത്രമാണ് നടന്നിട്ടുള്ളത്. ഈ ചർച്ചകളുടെ അടിസ്ഥാനത്തിൽ പുതിയ ടൂറിസം പദ്ധതികളുടെ ആശയങ്ങൾ ഒന്നും രൂപപ്പെടുത്തിയിട്ടില്ല. കേരളത്തിലേയും തായ്‌വാനിലേയും ടൂറിസം വികസനത്തിൽ പരസ്പരം സഹകരിച്ച് പ്രവർത്തിക്കുവാനുള്ള താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

**പൊതുമരാമത്ത് വകുപ്പിന്റെ ആധുനീകരണം**

19(*259) ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. വി. ജോയി:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിടങ്ങൾ, പാലങ്ങൾ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ സംസ്ഥാനത്തിന്റെ പരമ്പരാഗത നിർമ്മാണ സങ്കൽപ്പങ്ങൾക്കപ്പുറം ആധുനിക സാങ്കേതികവിദ്യകൾ അടിസ്ഥാനമാക്കി സൗകര്യവും സൗന്ദര്യവും സംയോജിപ്പിച്ച് നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്തെ കാലാവസ്ഥയ്ക്കും ഭൂപ്രകൃതിക്കും അനുയോജ്യമായ പരിസ്ഥിതി സൗഹൃദ കെട്ടിട നിർമ്മാണ രീതികൾ ഉൾപ്പെടുത്തിക്കൊണ്ട് പൊതുമരാമത്ത് വകുപ്പിലെ ആർക്കിടെക്ചറൽ വിഭാഗത്തിൽനിന്നും ലഭിക്കുന്ന ഡ്രോയിംഗുകൾ അനുസരിച്ച് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗം കെട്ടിടങ്ങളുടെ സ്ട്രക്ചറൽ ഡിസൈൻ ചെയ്തുവരുന്നു. പൊതുമരാമത്ത് വകുപ്പ് നിലവിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന പരമ്പരാഗത നിർമ്മാണരീതിയിൽ ചെറിയ കെട്ടിടങ്ങൾ load bearing wall, RCC roof ഉള്ളവയും വലിയ കെട്ടിടങ്ങൾ framed structure രീതിയിലുമാണ്. ഇത്തരം നിർമ്മാണങ്ങൾക്ക് നിലവിൽ ലഭ്യത കുറഞ്ഞുകൊണ്ടിരിക്കുന്ന പാറ/മെറ്റൽ/ മണൽ /സിമന്റ്/ഇഷ്ടിക എന്നിവ വളരെയധികം ആവശ്യമായി വരികയും കൂടാതെ ഇത്തരം നിർമ്മാണങ്ങൾ പൂർത്തിയാക്കുന്നതിന് വളരെയധികം കാലതാമസവും ഉണ്ടാകുന്നുണ്ട്. ഇതിന് പരിഹാരമായി പുതിയ രീതിയിലുള്ള കെട്ടിട നിർമ്മാണ രീതികൾ അവലംബിച്ചുകൊണ്ട് സമയലാഭവും പാറ, മെറ്റൽ, മണൽ എന്നിവയുടെ ഉപയോഗത്തിൽ കുറവുവരുത്തുന്നതിനും സാധിക്കുന്നതാണ്. ഇതിലേയ്ക്കായി പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന കെട്ടിടങ്ങൾ പ്രീഫാബ്രിക്കേഷൻ, കോമ്പോസിറ്റ്

സ്ട്രക്ചർ, ഹരിത നിർമ്മാണ ചട്ടങ്ങൾ തുടങ്ങിയ സാങ്കേതിക വിദ്യകളുപയോഗിച്ച് കുറഞ്ഞ സമയത്തിനുള്ളിൽ പരിസ്ഥിതി സൗഹൃദമായി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രീഫാബ്രിക്കേഷൻ സാങ്കേതിക വിദ്യയിലൂടെ നിർമ്മാണ കാലാവധി കുറയ്ക്കാൻ സാധിക്കും. കൂടുതൽ വിസ്തൃതിയുള്ള നിർമ്മാണങ്ങൾക്ക് പ്രീഫാബ്രിക്കേഷൻ കൂടുതൽ കോസ്റ്റ് ഇഫക്ടീവാണ്. കോമ്പോസിറ്റ് സ്ട്രക്ചർ നിർമ്മിക്കുന്നതിലൂടെ ചെലവ് കുറയ്ക്കുവാനും കുറഞ്ഞ സമയത്തിനുള്ളിൽ നിർമ്മാണം പൂർത്തിയാക്കുവാനും സാധിക്കും. കൂടാതെ കോമ്പോസിറ്റ് സ്ട്രക്ചറിലെ metal parts recycle ചെയ്ത് വീണ്ടും ഉപയോഗിക്കുവാനും സാധിക്കും. പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കാനുദ്ദേശിക്കുന്ന പ്രധാന നിർമ്മിതികളിൽ പരമാവധി ഈ സാങ്കേതിക വിദ്യകൾ ഉപയോഗിക്കാനാണ് ഉദ്ദേശിക്കുന്നത്. കെട്ടിട നിർമ്മാണം പരിസ്ഥിതി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ഹരിത നിർമ്മാണ നയത്തിന് രൂപം നൽകിയിട്ടുണ്ട്. വർദ്ധിച്ചുവരുന്ന ഊർജ്ജോപയോഗം, ജലദൗർലഭ്യം, നിർമ്മാണ സാമഗ്രികളുടെ അപര്യാപ്തത, കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ എന്നിവയ്ക്ക് ഒരു പരിധിവരെ പരിഹാരം കണ്ടെത്തുന്നതിന് ഇതുമൂലം സാധിക്കും. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള കെട്ടിടങ്ങളിലാണ് പരിസ്ഥിതി സൗഹാർദ്ദ തത്വങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന പാലങ്ങൾ 2016 മുതൽ തന്നെ ആധുനിക സാങ്കേതികവിദ്യ ആസ്പദമാക്കിയ ഇന്റഗ്രൽ ബ്രിഡ്ജും അതോടൊപ്പം പാലങ്ങൾ സൗന്ദര്യാസ്പദമായും ഡിസൈൻ ചെയ്തുതുടങ്ങി. പരമ്പരാഗത നിർമ്മാണ സമ്പ്രദായങ്ങളിൽനിന്നും വ്യത്യസ്തമായി ബോസ്ട്രിംഗ് പാലങ്ങൾ, എക്സ്ട്രാഡോസ്സ് പാലങ്ങൾ, കേബിൾസ്റ്റെയിഡ് പാലങ്ങൾ തുടങ്ങിയവ ഡിസൈൻ ചെയ്ത് നിർവ്വഹിച്ചുവരുന്നു. കൂടാതെ ഓരോ പ്രദേശത്തിന്റെയും സംസ്കാരം ഉൾക്കൊണ്ടുകൊണ്ട് രൂപകൽപ്പന നടത്തുവാനും ശ്രദ്ധിക്കുന്നുണ്ട്. നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടുള്ള Bowstring പാലമായ ആലപ്പുഴയിലെ മുട്ടേൽപാലം, മലപ്പുറം ജില്ലയിലെ പാലത്തിങ്കൽ പാലം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. ഇതേ വിഭാഗത്തിൽപ്പെടുന്ന ആലപ്പുഴയിലെ വലിയഴീക്കൽ പാലവും പാർക്ക് ജംഗ്ഷൻ തുടങ്ങിയ പാലങ്ങളും പൂർത്തീകരണത്തോടടുക്കുന്നു. ഉള്ളൂർകടവ് പാലം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുതുതായി നിർമ്മിക്കുന്ന പാലങ്ങൾക്ക് നാവിഗേഷൻ സ്പാൻ ലഭിക്കുന്നരീതിയിൽ Extra dose രൂപകൽപ്പന സ്വീകരിക്കുന്നുണ്ട്. പെരുമൺപാലം, നാലുചിറപാലം എന്നീ പാലങ്ങൾ Extra dosed രൂപകൽപ്പനയിൽ നിർമ്മാണം നടത്തിവരുന്നു. ആലപ്പുഴയിലെ മുപ്പാലം നാലുപാലങ്ങൾ ചേർന്ന് Round about വരുന്ന രീതിയിൽ വിനോദസഞ്ചാരത്തിനുപയോഗിക്കുന്നവിധം വിഭാവനം ചെയ്താണ് നിർമ്മിക്കുന്നത്.

(ബി) പൊതുമരാമത്ത് വകുപ്പിന്റെ വിവിധ അടിസ്ഥാനസൗകര്യ വികസന പദ്ധതികളുടെ ഡിസൈനിംഗ് ആധുനികീകരിക്കുന്നതിനായി രൂപംകൊടുത്ത ഡിസൈൻ വിംഗിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പിന്റെ ഡിസൈൻ വിംഗിനുകീഴിൽ 2002 വരെ പാലങ്ങളുടെയും കെട്ടിടങ്ങളുടെയും രൂപകല്പനയാണ് ചെയ്തുവന്നിരുന്നത്. 2002-ൽ റോഡുകളുടെ രൂപകല്പനയും പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിലേയ്ക്കുമായി പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റ് രൂപീകരിക്കുകയുണ്ടായി. 10-4-2017-ലെ ജി.ഒ (എം.എസ്.) നമ്പർ 24/2017 പി.ഡബ്ല്യൂ.ഡി. പ്രകാരം ഡിസൈൻ വിംഗിൽ നിലവിലിരുന്ന യൂണിറ്റുകളിൽ കൂടുതൽ തസ്തികകൾ ഉൾക്കൊള്ളിക്കുകയും ഹൈവേ ഡിസൈൻ യൂണിറ്റ്, ജിയോ ടെക്നിക്കൽ എഞ്ചിനീയറിംഗ് യൂണിറ്റ്, എൻവയോൺമെന്റൽ എഞ്ചിനീയറിംഗ് യൂണിറ്റ് തുടങ്ങിയ നൂതന യൂണിറ്റുകൾ ഉൾപ്പെടുത്തി വിപുലീകരിക്കുകയും ചെയ്തു. സൗന്ദര്യാത്മകമായ പാലങ്ങളും കെട്ടിടങ്ങളും റോഡുകളും പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ച് ആധുനികരീതിയിൽ രൂപകല്പന ചെയ്യലും പദ്ധതി രൂപരേഖ മാനദണ്ഡങ്ങൾക്കനുസരിച്ച് തയ്യാറാക്കലും ഈ യൂണിറ്റുകളിൽ നിലവിൽ ചെയ്തുവരുന്നു. 26-2-2021-ലെ ജി.ഒ. (എം.എസ്.) നമ്പർ 19/2021/പി.ഡബ്ല്യൂ.ഡി. പ്രകാരം കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ സാങ്കേതിക വിഭാഗത്തിനെ ശാക്തീകരിക്കുന്നതിനും ആധുനിക ഡിസൈനുകൾ തയ്യാറാക്കുന്നതിലേയ്ക്കുമായി Innovative Design Unit രൂപീകരിച്ചു. അത്യാധുനിക ഡിസൈൻ സോഫ്റ്റ്‌വെയറുകൾ സ്വായത്തമാക്കി ഇവ ഉപയോഗിച്ച് നൂതന രൂപകൽപ്പനകൾ ചെയ്തുവരുന്നു. ഇതുകൂടാതെ സാങ്കേതികവിദ്യയുടെ ശാക്തീകരണ ത്തിനായി IIT പാലക്കാട്, IIT മദ്രാസ്, IIT തിരുപ്പതി മുതലായ സ്ഥാപനങ്ങളിലെ സാങ്കേതിക വിദഗ്ധരുടെ നിർദ്ദേശങ്ങളും സ്വീകരിച്ചുവരുന്നു.

(സി) പൊതുമരാമത്ത് വകുപ്പിൻകീഴിൽ ഗവേഷണ സ്ഥാപനം പ്രവർത്തിക്കു ന്നുണ്ടോ; എങ്കിൽ ഇതിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പൊതുമരാമത്ത് വകുപ്പിനുകീഴിൽ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ലബോറട്ടറിയിലെ പരിശോധനകൾ National Accreditation Board for Testing and Callibration Laboratories (NABL) വിലയിരുത്തിയിട്ടുണ്ട്. Concrete and Structures, Solid Mechanics and Foundations, Flexible Pavements എന്നീ മൂന്ന് വിഭാഗങ്ങളിൽ ഉൾപ്പെടുന്ന 61 ടെസ്റ്റുകൾക്കായി ദേശീയ നിലവാരത്തിലുള്ള അംഗീകാരം ലഭ്യമായിട്ടുള്ള, പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള ഏക സ്ഥാപനമാണ് കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്.

## പൊതുവിദ്യാഭ്യാസ മേഖലയിലെ നൂറുദിന കർമ്മ പരിപാടി

20(*260) ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നൂറുദിന കർമ്മ പദ്ധതിയുടെ ഭാഗമായി പൊതുവിദ്യാഭ്യാസ മേഖലയിൽ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്ത പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കുമോ?

സർക്കാരിന്റെ നൂറുദിന കർമ്മ പദ്ധതിയുടെ ഭാഗമായി 2021 ജൂൺ 11 മുതൽ സെപ്റ്റംബർ 19 വരെ പൊതുവിദ്യാഭ്യാസ വകുപ്പിൽ നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി 2021 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ മാസങ്ങളിലെ ഭക്ഷ്യഭദ്രതാ അലവൻസ് ഭക്ഷ്യകിറ്റായി വിതരണം ചെയ്യുന്ന പദ്ധതി ആഗസ്റ്റ് 12-ന് ഉദ്ഘാടനം ചെയ്തു. കുട്ടികൾക്ക് ഭക്ഷ്യധാന്യത്തോടൊപ്പം ഭക്ഷ്യക്കിറ്റുകളും വിതരണം ചെയ്തുവരുന്നു.

2. സ്കൂൾ വിദ്യാർത്ഥികളിൽ വായനശീലം വളർത്തുന്നതിനായി വീടുകളിൽ പുസ്തകം എത്തിക്കുന്ന 'വായനയുടെ വസന്തം' പദ്ധതിക്ക് 15-10-2021-ലെ സ.ഉ. (സാധാ) നമ്പർ 4647/2021/പൊ.വി.വ. നമ്പർ ഉത്തരവുപ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

3. സ്കൂളുകളിൽ കൈറ്റ്-വിക്ടേഴ്സ് ചാനലിലൂടെയുള്ള ഡിജിറ്റൽ ക്ലാസ്സുകളുടെ തുടർച്ചയായി അദ്ധ്യാപകർക്ക് കുട്ടികളുമായി നേരിട്ട് സംവദിക്കാൻ കഴിയുന്ന ഓൺലൈൻ ക്ലാസ്സുകൾ നടത്തിവരുന്നു. നൂറുദിന പരിപാടിയിൽ കൈറ്റ് എസ്.പി.വി. ആയി അടിസ്ഥാന സൗകര്യവികസനത്തിന്റെ ഭാഗമായി 5 കോടി രൂപവീതം ചെലവഴിച്ച് മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയിലുൾപ്പെടുത്തി 11 സ്കൂളുകളുടേയും 3 കോടി രൂപവീതം ചെലവഴിച്ച് നടത്തുന്ന ഭൗതിക സൗകര്യ വികസനം ഉറപ്പുവരുത്തുന്ന 10 സ്കൂളുകളുടേയും നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നടത്തി.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോവിഡ് 19 കാലയളവിൽ സ്കൂളുകളിൽ കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെയുള്ള ഡിജിറ്റൽ ക്ലാസ്സുകളുടെ തുടർച്ചയായി അദ്ധ്യാപകർക്ക് കുട്ടികളുമായി നേരിട്ട് സംവദിക്കാൻ കഴിയുന്ന ഓൺലൈൻ ജി-സ്യൂട്ട് സംവിധാനം കൈറ്റിന്റെ നേതൃത്വത്തിൽ പൂർണ്ണമായ തോതിൽ സജ്ജമാക്കി യിട്ടുണ്ട്. ട്രയൽ, പൈലറ്റ് പ്രവർത്തനങ്ങൾക്കുശേഷം പത്താം ക്ലാസ്സിലെ എല്ലാ കുട്ടികൾക്കും ജി-സ്യൂട്ട് ഉപയോഗിച്ച് ഓൺലൈൻ ക്ലാസ് നടത്തുന്നതിന്, മുപ്പതിനായിരത്തോളം പത്താം ക്ലാസ്സിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് പരിശീലനവും അദ്ധ്യാപകർക്കും കുട്ടികൾക്കും ജി-സ്യൂട്ടിൽ പ്രത്യേക ലോഗിൻ ഐ.ഡി.-യും ലഭ്യമാക്കിയിട്ടുണ്ട്. ഘട്ടംഘട്ടമായി എല്ലാ സ്കൂളുകളിലും ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

4. 2020-21 വർഷം പൂർത്തീകരിക്കേണ്ട 50 ലാബുകളിൽ 48 ഹയർ സെക്കണ്ടറി ലാബുകളുടെയും 3 ലൈബ്രറികളുടെയും ഉദ്ഘാടനം 14-9-2021-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിച്ചു.

5. സർക്കാരിന്റെ നൂറുദിന കർമ്മപദ്ധതിയുടെ ഭാഗമായി കിഫ്ബിയുടെ 5 കോടി രൂപ ധനസഹായത്തോടെ നിർമ്മാണം പൂർത്തിയാക്കിയ 11 സ്കൂൾ കെട്ടിടങ്ങളും 3 കോടി രൂപ കിഫ്ബി ധനസഹായത്തോടെ നിർമ്മിച്ച 23 സ്കൂൾ കെട്ടിടങ്ങളും പ്ലാൻ ഫണ്ടും മറ്റ് ഫണ്ടുകളും പ്രയോജനപ്പെടുത്തിയുള്ള 58 സ്കൂൾ കെട്ടിടങ്ങളും ഉൾപ്പെടെ 92 സ്കൂൾ കെട്ടിടങ്ങളുടെ ഉദ്ഘാടനവും 107 സ്കൂൾ കെട്ടിടങ്ങളുടെ ശിലാസ്ഥാപനവും 14-9-2021-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിച്ചു.

(ബി) പൊതുവിദ്യാലയങ്ങളുടെ പശ്ചാത്തല സൗകര്യ വികസനത്തിനായി വിഭാവനം ചെയ്യുന്ന തുടർപദ്ധതികളെ കുറിച്ച് വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ പൊതുവിദ്യാലയങ്ങളുടെ പശ്ചാത്തല സൗകര്യ വികസന ത്തിനായി ആവിഷ്കരിച്ച പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. 141 സ്കൂളുകൾക്ക് 5 കോടി രൂപ വീതവും 386 സ്കൂളുകൾക്ക് 3 കോടി രൂപ വീതവും 446 സ്കൂളുകൾക്ക് 1 കോടി രൂപ വീതവും എയ്ഡഡ് വിദ്യാലയങ്ങൾക്ക് ചാലഞ്ച് ഫണ്ടും 59 വിദ്യാലയങ്ങൾക്ക് നബാർഡ് സ്കീമിൽ 104 കോടി രൂപയും പ്ലാൻ ഫണ്ടിലൂടെ 1100 ഓളം വിദ്യാലയങ്ങളിൽ ഭൗതിക സൗകര്യ വികസനത്തിനുമാണ് നടപടി സ്വീകരിച്ചത്. കൂടാതെ എസ്.എസ്.കെ., തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ട്, ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്,

പൂർവ്വ വിദ്യാർത്ഥി ഫണ്ട് തുടങ്ങിയവ ഭൗതിക സൗകര്യ വികസനത്തിനായി പ്രയോജനപ്പെടുത്തി. 5 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെട്ട 120 സ്കൂൾ കെട്ടിടങ്ങളും 3 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെട്ട 96 സ്കൂൾ കെട്ടിടങ്ങളും നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനംചെയ്തു. ശേഷിക്കുന്ന സ്കൂളുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. പശ്ചാത്തല സൗകര്യ വികസനം ഇനിയും ആവശ്യമായ സ്കൂളുകളുടെ പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് വിവിധ ഫണ്ടുകളുടെ സാധ്യത പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## തൊഴിലില്ലായ്മ പരിഹരിക്കാൻ നടപടി

21 (*261) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലില്ലായ്മ അതിരൂക്ഷമായിരിക്കുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

സംസ്ഥാനത്ത് തൊഴിലില്ലായ്മ രൂക്ഷമാണെന്ന പൊതുവായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല; എന്നിരുന്നാലും ഈ വിഷയത്തിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് തൊഴിലില്ലായ്മ കുറയ്ക്കുന്നതിനുള്ള സാധ്യമായ എല്ലാ ശ്രമങ്ങളും സർക്കാരിന്റെ ഭാഗത്തുനിന്നും സ്വീകരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

(ബി) കോവിഡിന്റെ പശ്ചാത്തലത്തിൽ തൊഴിൽ നഷ്ടപ്പെട്ടവരുടെ കണക്കുകൾ ലഭ്യമായിട്ടുണ്ടോ; ഇതുസംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

തൊഴിൽ വകുപ്പ് ഇക്കാര്യത്തിൽ പഠനം നടത്തിയിട്ടില്ല.

(സി) ആദിവാസി, തീരദേശ മേഖലകളിൽ തൊഴിലില്ലായ്മ രൂക്ഷമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ആദിവാസി മേഖലയിലെ തൊഴിലില്ലായ്മ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് തൊഴിൽ നേടുന്നതിനുള്ള സാഹചര്യവും പരിശീലനവും ഒരുക്കുന്നതിനും ഇവരുടെ കരിയർ വികസനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. തീരദേശ മേഖലയിൽ തൊഴിലില്ലായ്മ

ദ്രുക്ഷമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടില്ലെങ്കിലും ഫിഷറീസ് വകുപ്പിന്റെ ഏജൻസികൾ മുഖേന മത്സ്യബന്ധനത്തിനുപുറമെ ഇതര ഉപജീവന മാർഗ്ഗങ്ങൾ ലഭ്യമാക്കുന്ന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(ഡി) പ്രവാസികൾ വൻതോതിൽ തിരിച്ചുവരുന്നതുമൂലമുണ്ടാകുന്ന പ്രതിസന്ധി ഉൾപ്പെടെ പരിഹരിക്കുന്നതിന് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുമോ; വിശദമാക്കുമോ?

പ്രവാസികൾക്ക് പ്രത്യേകമായി Virtual Registration സാധ്യമാകുന്ന രീതിയിൽ Online Portal (Virtual Employment Exchange) തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. തിരികെ എത്തിയ പ്രവാസികളെയും കേരളത്തിനുപുറത്ത് നിലവിൽ ജോലി ചെയ്യുന്നവരെയും പ്രവാസികളായി കണക്കാക്കി അവർക്കും രജിസ്ട്രേഷൻ സൗകര്യം ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. കോവിഡുമൂലം തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനായി വിവിധ പദ്ധതികൾ 'കേരളീയ പ്രവാസികാര്യ വകുപ്പ് (NORKA)' ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

**സ്കൂളുകളിൽ നൂതന മാതൃകയിലുള്ള ഫർണിച്ചർ**

22(*262) ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയതായി നിർമ്മിച്ചതും പുതുക്കിപ്പണിതതുമായ സ്കൂൾ കെട്ടിടങ്ങളിൽ കുട്ടികൾക്കും അദ്ധ്യാപകർക്കും നൂതന മാതൃകയിലുള്ള ഫർണിച്ചർ നൽകുന്നതിനായുള്ള പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(എ&ബി) 2021-22 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ പദ്ധതിയിനത്തിൽ നിന്നും ഒരു സ്കൂളിന് 2 ലക്ഷം രൂപ വീതം 100 ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങുന്നതിനായി 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സെക്കണ്ടറി വിഭാഗത്തിലെ സ്കൂളുകൾക്കായി പദ്ധതിയേതര വിഭാഗത്തിൽ 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സ്കൂളുകളുടെ ആവശ്യകതയനുസരിച്ച് തുക അനുവദിക്കുകയാണ് ചെയ്യുന്നത്. കൂടാതെ, പുതിയതായി നിർമ്മിക്കുന്നതും പുതുക്കിപ്പണിതതുമായ സ്കൂൾ കെട്ടിടങ്ങൾ നിർമ്മാണം പൂർത്തിയാകുന്ന ഘട്ടത്തിൽ അടിസ്ഥാനസൗകര്യങ്ങളൊരുക്കി നൽകുന്നത് അതാത് തദ്ദേശഭരണ സ്ഥാപനങ്ങളാണ്. ആയതിനാൽ ഈ ആവശ്യങ്ങൾക്കായി സർക്കാർ പദ്ധതി വിഹിതം മാറ്റിവയ്ക്കാറില്ല.

## സ്കൂൾ തുറക്കുന്നതിനുള്ള മാർഗ്ഗരേഖ

23(*263) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. കെ. ഡി. പ്രസേനൻ:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നേരിട്ടുള്ള വിദ്യാഭ്യാസം പുനഃസ്ഥാപിക്കുന്നതിനുള്ള ആസൂത്രണ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ?

സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി വിദ്യാഭ്യാസ വകുപ്പിലെ ക്യൂ.ഐ.പി. മോണിറ്ററിംഗ് കമ്മിറ്റി, അംഗീകൃത അദ്ധ്യാപക സംഘടനകൾ, യുവജന സംഘടനകൾ, വിദ്യാർത്ഥി സംഘടനകൾ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/മേയർമാർ, ട്രേഡ് യൂണിയൻ സംഘടനകൾ, ജില്ലാ കളക്ടർമാർ, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരുടെ യോഗം ചേർന്ന് സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്ന മാർഗ്ഗരേഖയിന്മേൽ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആരാഞ്ഞിരുന്നു. അപ്രകാരം ലഭിച്ച അഭിപ്രായങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ട്. കൂടാതെ സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂളും പരിസരവും വൃത്തിയാക്കുന്നതിനും അണുനശീകരണം നടത്തുന്നതിനും വിവിധ വകുപ്പുകൾ പി.ടി.എ./എസ്.എം.സി., യുവജന സംഘടനകൾ, അദ്ധ്യാപക സംഘടനകൾ തുടങ്ങിയവരുടെയെല്ലാം സഹകരണത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. വിവിധ വകുപ്പുകളുമായി (ആരോഗ്യം, ഗതാഗതം, തദ്ദേശസ്വയംഭരണം) മന്ത്രിതല ചർച്ചകൾ പൂർത്തിയാക്കി സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റും മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ട്.

(ബി) കുട്ടികളുടെ സുരക്ഷയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടാണോ സ്കൂൾ തുറക്കുന്നതിനുള്ള മാർഗ്ഗരേഖ തയ്യാറാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; മാർഗ്ഗരേഖ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കാനും എല്ലാ കുട്ടികളെയും സ്കൂളുകളിലേയ്ക്കെത്തിക്കാനും ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ അറിയിക്കാമോ?

കുട്ടികളുടെ സുരക്ഷയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടാണ് മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുള്ളത്. അതിന്റെ ഭാഗമായി ആരോഗ്യസുരക്ഷാ കാര്യങ്ങൾ സംബന്ധിച്ച് സ്കൂൾ തുറക്കുന്നതിനുമുമ്പുതന്നെ അദ്ധ്യാപകർ, ഇതര ജീവനക്കാർ, രക്ഷിതാക്കൾ, കുട്ടികൾ എന്നിവർക്ക് ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ആവശ്യമായ ബോധവത്കരണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. രക്ഷകർത്താക്കളുടെ സമ്മതത്തോടെ

താല്പര്യമുള്ള കുട്ടികൾക്ക് മാത്രമാണ് സ്കൂളിൽ വരാൻ നിർദ്ദേശം നൽകിയിട്ടുള്ളത്. ബാക്കിയുള്ള കുട്ടികൾക്ക് നിലവിലെ ഓൺലൈൻ ക്ലാസ്സുകൾ പ്രയോജനപ്പെടുത്താവുന്നതാണ്. കുട്ടികളുടെ ആരോഗ്യസുരക്ഷ സംബന്ധിച്ച് മാർഗ്ഗരേഖയിൽ വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മാർഗ്ഗനിർദ്ദേശത്തിൽ പരാമർശിക്കുന്ന കാര്യങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് പരിശോധിക്കാൻ എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽനിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

## ചുമട്ടുതൊഴിലാളികൾക്ക് തൊഴിൽ നിഷേധിക്കുന്നതിനെതിരെ നിയമ വ്യവസ്ഥ

24 (*264) ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ വ്യവസായ-വ്യാപാര സ്ഥാപനങ്ങൾക്ക് തങ്ങൾക്കിഷ്ടമുള്ളവരെ ചുമട്ടുതൊഴിലാളികളായി നിയമിക്കാമെന്ന ഹൈക്കോടതി വിധിയുടെ പ്രത്യാഘാതം കണക്കിലെടുത്ത് മേൽനടപടിയുടെ സാധ്യത പരിശോധിക്കുമോയെന്ന് വ്യക്തമാക്കുമോ?

സ്വകാര്യ വ്യാപാര വ്യവസായ സ്ഥാപനങ്ങളിൽ കയറ്റിറക്ക് ജോലിക്കായി തൊഴിലുടമയ്ക്ക് ഇഷ്ടമുള്ളവരെവച്ച് ജോലി ചെയ്യിക്കാമെന്നും കേരള ചുമട്ട് തൊഴിലാളി ചട്ടം 26 എ പ്രകാരം രജിസ്ട്രേഷൻ നേടാൻ അവർക്ക് കയറ്റിറക്ക് ജോലിയിൽ മുൻപരിചയം നിർബന്ധമില്ലായെന്നും ടി മേഖലയിൽ രജിസ്ട്രേഷനുള്ള മറ്റ് തൊഴിലാളികളുണ്ടോ എന്നത് പരിഗണിക്കേണ്ടതില്ലെന്നുമാണ് നിലവിൽ ഹൈക്കോടതി ഉത്തരവായിരിക്കുന്നത്. കോടതി വിധിയുടെ അന്തഃസത്ത പാലിച്ചുകൊണ്ട് ഈ വിഷയം സർക്കാർ ഗൗരവമായി വിലയിരുത്തുന്നതാണ്, കോടതി വിധി പരിശോധനയിലാണ്.

(ബി) ഓരോ പ്രദേശത്തും രജിസ്റ്റർ ചെയ്തിട്ടുള്ള അർഹരായ തൊഴിലാളികൾക്ക് തൊഴിലുടമകൾ തൊഴിൽ നിഷേധിക്കുന്നതിനെതിരെ നിയമ വ്യവസ്ഥ ഏർപ്പെടുത്തുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിഗണിക്കുമോയെന്ന് അറിയിക്കുമോ?

തൊഴിൽ നിഷേധം സംബന്ധിച്ച് 1978-ലെ കേരള ചുമട്ടുതൊഴിലാളി നിയമത്തിലെ ചാപ്റ്റർ 7 വകുപ്പ് 21-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) നോക്കുകൂലി സംബന്ധമായ പരാതികൾ സമയബന്ധിതമായി പരിഹരിക്കാൻ ജില്ല ലേബർ ഓഫീസർമാരുടെ ഇടപെടൽ കാര്യക്ഷമമാക്കാൻ വേണ്ട നടപടിയുണ്ടാകുമോ; വ്യക്തമാക്കുമോ?

നോക്കുകൂലി വാങ്ങുന്നത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ, ഡെപ്യൂട്ടി ലേബർ ഓഫീസർമാർ, ജില്ലാ ലേബർ ഓഫീസർമാർ എന്നിവർ പ്രശ്നത്തിൽ ഇടപെടുകയും അമിതമായോ അനർഹമായോ വാങ്ങിയ കൂലി തൊഴിലാളികളിൽനിന്നും തൊഴിലുടമയ്ക്ക് തിരികെ വാങ്ങികൊടുക്കുകയും തൊഴിലാളികളുടെ ഭാഗത്തുനിന്നും ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ കേരള ചുമട്ട് തൊഴിലാളി ചട്ടം 26 എ(4) ൽ അനുശാസിക്കുന്ന വിധത്തിൽ ചുമട്ട് തൊഴിലാളികളുടെ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. മാത്രവുമല്ല തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്യുന്ന പരാതികൾ പോലീസിന് കൈമാറി ഉചിതമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. കൂടാതെ പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാനത്തെ ചുമട്ടുതൊഴിൽ മേഖലയിലെ യൂണിയൻ പ്രതിനിധികളുടെ യോഗത്തിൽ നോക്കുകൂലി സംബന്ധിച്ച പരാതികൾ വളരെ ഗൗരവത്തോടെ കൈകാര്യം ചെയ്യുമെന്നും ഇത്തരം അനഭിലഷണീയമായ പ്രവണതകൾ ഒരുതരത്തിലും അനുവദിക്കില്ലെന്നും തീരുമാനിച്ചിട്ടുണ്ട്. നോക്കുകൂലി ആവശ്യപ്പെട്ടുവെന്ന പരാതികളിൽ അന്വേഷണം നടത്തുമ്പോൾ ഭൂരിഭാഗവും ചുമട്ടുതൊഴിലാളികൾ ഉൾപ്പെടുന്ന പ്രശ്നങ്ങളല്ല എന്നാണ് മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ ചുമട്ടുതൊഴിൽ മേഖലയിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ, നിയമപരമായി ചുമട്ടുതൊഴിലാളികൾക്ക് ലഭിക്കേണ്ട വേതനം എന്നിവ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം ഉണ്ടാക്കുന്നതിന് എല്ലാ ജില്ലകളിലും തൊഴിലാളി-തൊഴിലുടമ പ്രതിനിധികൾക്കായി ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിനേയും കിലയെയും ചുമതലപ്പെടുത്താൻ ടി യോഗത്തിൽ തീരുമാനമായി.

(ഡി) വ്യാവസായിക തർക്കങ്ങൾ പരിഹരിക്കാനുള്ള സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

വ്യാവസായിക തർക്കങ്ങൾ പരിഹരിക്കുന്നതിന് 1947-ലെ വ്യവസായതർക്ക നിയമപ്രകാരമുള്ള കൺസിലിയേഷൻ ഓഫീസർമാർ നടപടി സ്വീകരിച്ചു വരുന്നുണ്ട്. കോവിഡ്-19-മായി ബന്ധപ്പെട്ട് നിയന്ത്രണങ്ങൾ തുടർന്നിരുന്നതിനാൽ തർക്കകക്ഷികളുടെ മീറ്റിംഗ് ക്രമീകരിക്കുവാൻ സാധിക്കാതിരുന്ന സാഹചര്യത്തിൽ തർക്കങ്ങളിൽ നടപടി എടുക്കുന്നതിന് പ്രായോഗികമായി ബുദ്ധിമുട്ടനുഭവിച്ചിരുന്നു. ഇപ്പോൾ നിയന്ത്രണമെല്ലാം നീക്കിയിട്ടുള്ള സാഹചര്യത്തിൽ തർക്കപരിഹാര സംവിധാനം മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

## ടൂറിസം മേഖലയിലെ അടിസ്ഥാനസൗകര്യ വികസനം

25(*265) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

വിദേശ-ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി കേരളത്തിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ നിരവധി അടിസ്ഥാനസൗകര്യ വികസന പദ്ധതികളാണ് വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നത്. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം വികസനത്തിന്റെ ഭാഗമായി നിരവധി പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലെയും പഞ്ചായത്തുകളുടെ ടൂറിസം സാധ്യത പരിശോധിച്ച് അവയുടെ അടിസ്ഥാനസൗകര്യ വികസനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി അതത് ജില്ലകളിലെ ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ അവിടെയുള്ള ബന്ധപ്പെട്ട സ്റ്റേക്ക് ഹോൾഡേഴ്സിനേയും പഞ്ചായത്ത് പ്രതിനിധികളെയും ഉൾപ്പെടുത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾ തയ്യാറാക്കിയ പദ്ധതി നിർദ്ദേശങ്ങൾ വകുപ്പിന് ലഭിച്ചുവരുന്നു. കൂടാതെ കേരളത്തിൽ എത്തുന്ന അന്താരാഷ്ട്ര-ആഭ്യന്തര വിനോദസഞ്ചാരികൾക്ക് കേരളത്തിന്റെ പൈതൃകവും സംസ്കാരവും അനുഭവവേദ്യമാക്കുന്നതിനായി 2021-2022-ലെ ബഡ്ജറ്റിൽ താഴെ പറയുന്ന രണ്ട് ബൃഹത് ടൂറിസം സർക്യൂട്ടുകൾ പ്രഖ്യാപിച്ചിട്ടുണ്ട്.

1. മലബാർ ലിറ്റററി സർക്യൂട്ട് - മലയാള സാഹിത്യത്തിലെ അതികായന്മാരായ തുഞ്ചത്ത് എഴുത്തച്ഛൻ, വൈക്കം മുഹമ്മദ് ബഷീർ, ഒ. വി. വിജയൻ, എം. ടി. വാസുദേവൻ നായർ എന്നിവരിലൂടെ പ്രശസ്തി നേടിയ തുഞ്ചൻ സ്മാരകം, ബേപ്പൂർ, തസ്രക്ക്, ഭാരതപ്പുഴയുടെ തീരങ്ങൾ, കൂടാതെ പൊന്നാനി, തൃത്താല എന്നീ സ്ഥലങ്ങളെ കോർത്തിണക്കിയുള്ളതാണ് ഈ ടൂറിസം സർക്യൂട്ട്. തുഞ്ചൻപറമ്പ് മുതൽ കൽപ്പാത്തി വരെ നീളുന്നതാണ് നിളയിലെ പൈതൃക സർക്യൂട്ട്. ഇതിലേയ്ക്ക് ബേപ്പൂർ സുൽത്താൻ വൈക്കം മുഹമ്മദ് ബഷീറിന്റെ നാടിനെയും കോർത്തിണക്കും. മഹാകവിയുടെ പൈതൃക സ്മരണകളുറങ്ങുന്ന നിളാതീരത്തെ തുഞ്ചന്റെ തട്ടകവും കുഞ്ചന്റെ കിള്ളിക്കുറിശ്ശിയും എം.ടി.-യുടെ കൂടല്ലൂരും ഇടശ്ശേരിയുടെ കുറ്റിപ്പുറവും സാമൂതിരിയുടെ നിലപാടുതറയുമെല്ലാം കൂട്ടിയിണക്കുന്ന രീതിയിലാണ് ഈ സർക്യൂട്ട് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്.

2. ബയോ ഡൈവേഴ്സിറ്റി സർക്യൂട്ട് - കൊല്ലം ജില്ലയിലെ അഷ്ടമുടിക്കായൽ, മൺട്രോതുരുത്ത്, കൊട്ടാരക്കര, മീൻപിടിപ്പാറ, മുട്ടറമരുതിമല, ജടായുപാറ, തെന്മല, അച്ചൻകോവിൽ എന്നീ പ്രദേശങ്ങളെ കോർത്തിണക്കിയുള്ളതാണ് ഈ ടൂറിസം സർക്യൂട്ട്. കായലും കടലും ഭംഗിയുള്ള തോടുകളും തുരുത്തുകളും മലനിരകളും തേയിലത്തോട്ടവുമുള്ള കൊല്ലം ജില്ല വിനോദസഞ്ചാര മേഖലയിൽ പുത്തൻ ഉണർവ്വുണ്ടാക്കും. ജൈവവൈവിദ്ധ്യവും പ്രകൃതി സൗന്ദര്യവും സഞ്ചാരികളെ ആകർഷിക്കുന്ന തരത്തിലാകും പദ്ധതി നടപ്പാക്കുക. കണ്ടൽക്കാടുകളിലൂടെയുള്ള ജലയാത്ര, മലകയറ്റം, തെന്മല- അച്ചൻകോവിൽ വനമേഖലയിലൂടെയുള്ള സഞ്ചാരം എന്നിവയെല്ലാം ഈ സർക്യൂട്ടിൽ ഉൾപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്.

(ബി) എല്ലാ ടൂറിസം കേന്ദ്രങ്ങളിലും മികച്ച നിലവാരത്തിൽ യാത്രി നിവാസുകളും ഗവൺമെന്റ് ഗസ്റ്റ് ഹൗസുകളും നിർമ്മിച്ച് കുറഞ്ഞ നിരക്കിൽ ടൂറിസ്റ്റുകൾക്ക് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ടൂറിസം കേന്ദ്രങ്ങളിൽ മികച്ച നിലവാരത്തിൽ താമസസൗകര്യം ടൂറിസ്റ്റുകൾക്ക് നൽകുന്നതിന്റെ ഭാഗമായി അതിരപ്പിള്ളിയിലും ഇടുക്കിയിലും യാത്രിനിവാസുകൾ നിർമ്മിക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം, ആറ്റിങ്ങൽ, എറണാകുളം, ദേവികുളം എന്നിവിടങ്ങളിലും യാത്രിനിവാസ് പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്തിനകത്ത് 23 ഗസ്റ്റ് ഹൗസുകളും ടൂറിസം വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

(സി) എല്ലാ ടൂറിസം കേന്ദ്രങ്ങളിലും മികച്ച ശുചിത്വ നിലവാരം ഉറപ്പ് വരുത്താൻ നടപടികൾ സ്വീകരിക്കുമോ?

എല്ലാ ടൂറിസം കേന്ദ്രങ്ങളിലും മികച്ച ശുചിത്വ നിലവാരം ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി നിരവധി പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ, പങ്കാളിത്ത വ്യവസ്ഥയിൽ അധിഷ്ഠിതമായ, സുസ്ഥിരവും പരിസ്ഥിതി സൗഹൃദവുമായ വികസനമാണ് ഗ്രീൻ കാർപ്പെറ്റ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സംസ്ഥാനത്തിലേയ്ക്കെത്തുന്ന വിനോദസഞ്ചാരികൾക്ക് മെച്ചപ്പെട്ട താമസ-വിനോദ സൗകര്യങ്ങൾ ഒരുക്കുന്നതിന് ഈ പദ്ധതിയിലൂടെ സാധിക്കുന്നതാണ്. ഇതിനോടകംതന്നെ ഡി.ടി.പി.സി.-കൾ മുഖാന്തരം പൂർത്തീകരിച്ച പ്രസ്തുത പദ്ധതികൾ വിവിധ ടൂറിസം സംരംഭകർ, തദ്ദേശഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, വിദ്യാഭ്യാസസ്ഥാപനങ്ങളിലെ എൻ.എസ്.എസ്., എൻ.സി.സി., എസ്.പി.സി.

കേഡറ്റുകൾ, എൻ.ജി.ഒ.-കൾ, മറ്റ് സാമൂഹിക സംഘടനകൾ എന്നിവയുടെ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് വിജയകരമായി പ്രവർത്തിച്ചു വരുന്നു. ഗ്രീൻ കാർപ്പെറ്റ് പദ്ധതി വഴിയുള്ള നിർമ്മാണ പ്രവൃത്തികൾ എറണാകുളം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിൽ പ്രസ്തുത പദ്ധതി പ്രകാരം മൊത്തം 11 കോടി 77 ലക്ഷം രൂപയുടെ 17 നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഏറ്റവുമധികം പദ്ധതികൾ വയനാട് ജില്ലയിലാണ് (5 എണ്ണം): കാന്തൻപാറ വെള്ളച്ചാട്ടം (2), പ്രിയദർശിനി ടീ എൻവിറോൺസ്, കുറുവാ ദ്വീപ്, പൂക്കോട് തടാകം എന്നിവ; മലപ്പുറം ജില്ലയിലെ കോട്ടക്കുന്ന്; എറണാകുളം ജില്ലയിലെ ചെറായി ബീച്ച്; കോഴിക്കോട് ജില്ലയിലെ തുഷാരഗിരി, കാപ്പാട്, വടകര; പാലക്കാട് ജില്ലയിലെ വാടിക, മലമ്പുഴ (2); തൃശ്ശൂർ ജില്ലയിലെ പീച്ചി, പൂമല, മുനക്കൽ; ഇടുക്കി ജില്ലയിലെ വാഗമൺ എന്നിവ.

ഗ്രീൻ ഗ്രാസ്സ് പദ്ധതി വഴി മാലിന്യ നിർമ്മാർജ്ജനം-സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യ വിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ 2019-20 വർഷത്തിൽ സംസ്ഥാന സർക്കാർ 4.79 കോടി രൂപയുടെ പദ്ധതിക്ക് അനുമതി നൽകി. പ്രസ്തുത കേന്ദ്രങ്ങളിലെ ജൈവ -അജൈവ മാലിന്യങ്ങൾ തരം തിരിച്ച് ജൈവ മാലിന്യങ്ങൾ ബിന്നുകളിൽ നിക്ഷേപിച്ച് ജൈവ വളമാക്കി മാറ്റുകയും അജൈവ മാലിന്യങ്ങൾ ശേഖരണ ബിന്നുകളും ബൂത്തുകളും ഉപയോഗിച്ച് തരം തിരിച്ച് ശേഖരിച്ച് അവയെ പിന്നീട് കൃത്യമായ ഇടവേളകളിൽ പുനഃചംക്രമണത്തിനും മറ്റും ഉപയോഗപ്പെടുത്തുന്നതിലേയ്ക്കായി അതത് തദ്ദേശ സ്ഥാപനങ്ങളുടെ എം.സി.എഫ്. (Material Collection Facility)-ലേയ്ക്ക് എത്തിച്ചുനൽകാനും ഉദ്ദേശിച്ചുള്ളതാണ് പദ്ധതി. പ്രസ്തുത പദ്ധതിയുടെ ജൈവ മാലിന്യ സംസ്കരണ യൂണിറ്റുകളുടെ പ്രവൃത്തികൾ ആരംഭിച്ചു. ഇതിൽ 29 സ്ഥലത്തെ പ്രവൃത്തികൾ പൂർത്തീകരിച്ചു. എല്ലാ ജില്ലകളിലും പദ്ധതി പൂർത്തിയായിവരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണം സാധ്യമാകുന്നതാണ്.

വേൾഡ് ക്ലാസ്സ് ടോയ്‌ലെറ്റുകളുടെ നിർമ്മാണം-ദിവസേന ആയിരത്തിലധികം ടൂറിസ്റ്റുകൾ എത്തിച്ചേരുന്ന കേന്ദ്രങ്ങളിൽ ലോകനിലവാരമുള്ള ടോയ്‌ലെറ്റുകൾ നിർമ്മിക്കാനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. ഈ പദ്ധതി വഴി വർക്കല ബീച്ച്, ശംഖുംമുഖം ബീച്ച്, കൊല്ലം ബീച്ച്, ആലപ്പുഴ ബീച്ച്, മൂന്നാർ ബൊട്ടാണിക്കൽ ഗാർഡൻ, ഫോർട്ട് കൊച്ചി, മലമ്പുഴ ഡാം, കോഴിക്കോട് ഭട്ട് റോഡ് ബീച്ച്, പൂക്കോട്, കാരാപ്പുഴ, പയ്യാമ്പലം ബീച്ച്, ബേക്കൽ എന്നീ 12 കേന്ദ്രങ്ങളിൽ ടോയ്‌ലെറ്റുകൾ സ്ഥാപിക്കുന്നതിനായി 17.76 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ പൂക്കോട്, കൊല്ലം, ആലപ്പുഴ, വർക്കല, പയ്യാമ്പലം,

കാരാപ്പുഴ, ശംഖുംമുഖം, മൂന്നാർ എന്നീ വർക്കുകൾ കോൺട്രാക്ടർക്ക് അവാർഡ് ചെയ്തുകഴിഞ്ഞു. ബേക്കൽ, കോഴിക്കോട് ഭട്ട് റോഡ്, ഫോർട്ട് കൊച്ചി എന്നീ മൂന്ന് വർക്കുകൾ ടെണ്ടർ ചെയ്തുകഴിഞ്ഞു. മലമ്പുഴ പദ്ധതിക്ക് ഇറിഗേഷൻ വകുപ്പിന്റെ എൻ.ഒ.സി. ലഭിക്കേണ്ടതുണ്ട്. ശംഖുംമുഖം, കൊല്ലം, ആലപ്പുഴ, വർക്കല, ഫോർട്ട് കൊച്ചി, കോഴിക്കോട് ഭട്ട് റോഡ് ബീച്ച്, പയ്യാമ്പലം, ബേക്കൽ എന്നീ പദ്ധതികൾക്ക് CRZ ക്ലിയറൻസ് ലഭിക്കേണ്ടതുണ്ട്.

## സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും കൈവശം വയ്ക്കുന്ന പുരാവസ്തുക്കൾ

26(*266) ശ്രീ. പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പുരാവസ്തുക്കൾ കൈവശം വയ്ക്കുന്നതിനും വിപണനം നടത്തുന്നതിനും അവകാശമുണ്ടോ; എങ്കിൽ ഇതിന്റെ ആധികാരികതയും അവകാശങ്ങളും പരിശോധിക്കുന്നതിനും ഉറപ്പാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കുമോ?

സംസ്ഥാനത്ത് സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പുരാവസ്തുക്കൾ കൈവശം വയ്ക്കുന്നതിനും വിപണനം/കൈമാറ്റം ചെയ്യുന്നതിനും അധികാരമുണ്ട്. സംസ്ഥാനത്ത് പുരാവസ്തുക്കൾ സൂക്ഷിക്കുന്നതിനും ക്രയവിക്രയം നടത്തുന്നതിനും ബാധകമായത് കേന്ദ്ര നിയമമായ ദി ആന്റിക്വിറ്റീസ് ആൻഡ് ആർട്ട് ട്രഷേഴ്സ് ആക്ട് 1972, അതിന്റെ 1973-ലെ ചട്ടങ്ങൾ എന്നിവയാണ് (The Antiquities & Art Treasures Act 1972 & Rules 1973). ഈ ആക്ടിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരമാണ് സംസ്ഥാനത്ത് പുരാവസ്തുക്കളുടെ രജിസ്ട്രേഷനും കൈമാറ്റവും വിപണനവും മറ്റും നടക്കുന്നത്. ആക്ടിൽ അനുശാസിക്കുന്ന വിധത്തിൽപ്പെട്ടതെന്ന് തോന്നുന്ന വസ്തുക്കൾ അവ പുരാവസ്തുവാണോ എന്നകാര്യം ഉറപ്പിക്കുന്നതിനും അത് നിയമപരമായി സൂക്ഷിക്കുന്നതിനുള്ള അവകാശം സമ്പാദിക്കുന്നതിനുമായാണ് രജിസ്ട്രേഷൻ നടപടികൾ നടത്തുന്നത്. ഇതിന്റെ പൂർണ്ണ അധികാരി കേന്ദ്ര പുരാവസ്തു വകുപ്പിന് (Archaeological Survey of India) കീഴിൽ പ്രവർത്തിക്കുന്ന രജിസ്റ്ററിംഗ് ഓഫീസറാണ്.

(ബി) അമൂല്യമായ പുരാവസ്തുക്കളുടെ ശേഖരം സ്വകാര്യ വ്യക്തികളോ സ്ഥാപനങ്ങളോ കൈവശം വയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ വകുപ്പിന് ഏതെല്ലാം രീതിയിൽ ഇടപെടൽ നടത്താൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

അമൂല്യങ്ങളായ പുരാവസ്തുക്കളുടെ ശേഖരം സ്വകാര്യ വ്യക്തികളോ സ്ഥാപനങ്ങളോ മേൽപ്പറഞ്ഞ വിധത്തിലുള്ള രജിസ്ട്രേഷൻ കൂടാതെ കൈവശം വയ്ക്കുന്നത് മേൽ കേന്ദ്ര നിയമത്തിന്റെ സെക്ഷൻ 25(2) പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണ്. ഇതിൻമേൽ കേന്ദ്ര ആക്ട് പ്രകാരം കേന്ദ്രസർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥന് നടപടി സ്വീകരിക്കാവുന്നതും ഇത്തരം പുരാവസ്തുക്കൾ കണ്ടുകെട്ടാവുന്നതുമാണ്.

(സി) 2016 മുതൽ പുരാവസ്തു വകുപ്പ് ഇപ്രകാരം നടത്തിയ ഇടപെടലുകളുടെ വിശദവിവരം ലഭ്യമാക്കുമോ?

പുരാവസ്തുക്കളുടെ രജിസ്ട്രേഷൻ സംബന്ധമായിട്ടുള്ള പ്രവൃത്തികൾ 1972-ലെ കേന്ദ്ര നിയമപ്രകാരം ആയതിലേയ്ക്ക് ചുമതലപ്പെടുത്തിയ കേന്ദ്ര പുരാവസ്തു വകുപ്പിലെ ഉദ്യോഗസ്ഥരാണ് നിർവ്വഹിക്കുന്നത് എന്നതിനാൽ, കേരള പുരാവസ്തു വകുപ്പിന് ഈ വിഷയത്തിൽ ഇടപെടാൻ നിർവ്വാഹമില്ല.

## നീതി ആയോഗിന്റെ സ്കൂൾ വിദ്യാഭ്യാസ ഗുണനിലവാര സൂചികയിൽ സംസ്ഥാനത്തിന് മികവ്

27(*267) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) പ്രഥമ ഡിജിറ്റൽ സംസ്ഥാനം എന്ന നേട്ടം കൈവരിച്ച് സംസ്ഥാനത്തിന് നീതി ആയോഗിന്റെ സ്കൂൾ വിദ്യാഭ്യാസ ഗുണനിലവാര സൂചികയിൽ മികവ് പുലർത്താനായിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. നീതി ആയോഗ് നടത്തിയ പഠനത്തിൽ കേരളത്തിലെ പൊതു വിദ്യാലയങ്ങൾ രാജ്യത്ത് ഒന്നാം സ്ഥാനത്താണ്. നീതി ആയോഗിന്റെയും കേന്ദ്ര മാനവ വിഭവശേഷി വികസന വകുപ്പിന്റെയും സഹായത്തോടെ 2019 സെപ്റ്റംബർ 30-ന് പ്രസിദ്ധീകരിച്ച സ്കൂൾ വിദ്യാഭ്യാസ ഗുണനിലവാര സൂചിക അനുസരിച്ച് 82.17% സൂചികയോടുകൂടി കേരളം സംസ്ഥാനങ്ങളുടെ പട്ടികയിൽ ഒന്നാം സ്ഥാനത്താണ്. ആകെ 965 സ്കോറിൽ 82.17% നേടിയാണ് കേരളം മുന്നിലെത്തിയത്. പഠനനേട്ടങ്ങൾ, ഭൗതിക സാഹചര്യങ്ങളിലെ നേട്ടങ്ങൾ, തുല്യതയിലുള്ള നേട്ടങ്ങൾ, അദ്ധ്യാപക ലഭ്യത, വിദ്യാഭ്യാസ നിർവ്വഹണം, പരിശീലനം, സമഗ്രശിക്ഷാ കേരളം വഴിയുള്ള വിദ്യാഭ്യാസ രംഗത്തെ പ്രവർത്തന നിർവഹണം എന്നിങ്ങനെ 30 സൂചകങ്ങളെ അടിസ്ഥാനമാക്കിയാണ് നീതി ആയോഗ് എല്ലാ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും പ്രകടനത്തെ വിലയിരുത്തിയത്.

(ബി) സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലും വിവര സാങ്കേതിക വിദ്യാധിഷ്ഠിത ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തിയതിനോടൊപ്പം ഡിജിറ്റൽ പഠന വിഭവങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നതിന് അദ്ധ്യാപകരെയും പഠിതാക്കളെയും പ്രാപ്തരാക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

സ്കൂളുകളിലെ അടിസ്ഥാനസൗകര്യ വികസനവും ഐ.ടി. അടിസ്ഥാന സൗകര്യ ലഭ്യതയും ഉറപ്പുവരുത്തുന്നതിനോടൊപ്പം ഒന്നു മുതൽ പന്ത്രണ്ടു വരെ ക്ലാസ്സുകളിലെ പാഠഭാഗങ്ങൾക്ക് അനുയോജ്യമായ ഡിജിറ്റൽ വിഭവങ്ങളും കൈറ്റ് സജ്ജമാക്കി 'സമഗ്ര' ഡിജിറ്റൽ വിഭവ പോർട്ടൽ മുഖേന എല്ലാ അദ്ധ്യാപകർക്കും പ്രയോജനപ്പെടുന്നതരത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. ക്ലാസ്മുറികളിലെ ഹൈടെക് ഉപകരണങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് പാഠവിനിമയം നടത്തുന്നതിന് ഡിജിറ്റൽ വിഭവങ്ങൾ അനിവാര്യമാണ്. പാഠഭാഗങ്ങൾക്കനുസൃതമായി അദ്ധ്യാപകർക്ക് ആവശ്യമായ ഡിജിറ്റൽ വിഭവങ്ങൾ സമഗ്ര പോർട്ടലിലൂടെ ലഭ്യമാക്കിയതിനോടൊപ്പം ഈ വിഭവങ്ങൾ സ്വയം നിർമ്മിക്കുന്നതിനാവശ്യമായ സാങ്കേതിക പരിശീലനവും അദ്ധ്യാപകർക്ക് നൽകിയിട്ടുണ്ട്. ഇമേജ് എഡിറ്റിംഗ്, ഓഡിയോ-വീഡിയോ റെക്കോർഡിംഗ് & എഡിറ്റിംഗ്, ഇന്ററാക്ടീവ് വിഭവങ്ങളുടെ നിർമ്മാണം എന്നീ മേഖലകളിൽ അദ്ധ്യാപകർക്ക് കൈറ്റ് പരിശീലനം നൽകിയിട്ടുണ്ട്. ക്ലാസ് മുറികൾ ഹൈടെക്കായതിനൊപ്പം പരമ്പരാഗത അദ്ധ്യാപന രീതിയിലും മാറ്റം വരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. പാഠാസൂത്രണങ്ങളും സൂക്ഷ്മാസൂത്രണങ്ങളും സാങ്കേതിക വിദ്യാസൗഹൃദമായി സമർപ്പിക്കുന്നതിനും അവ പരിശോധിക്കുന്നതിനും ഓരോ ക്ലാസ് മുറിയിലും വിഭവങ്ങൾ ഉപയോഗിച്ച് പഠന പ്രവർത്തനങ്ങൾ നടത്തിയശേഷം റിഫ്ലക്ഷൻ നോട്ട് ഉൾപ്പെടുത്തുന്നതിനുമുള്ള സംവിധാനങ്ങളും സമഗ്ര വിഭവ പോർട്ടലിൽ നൽകിയിട്ടുണ്ട്.

(സി) നൂറുദിന പരിപാടിയിൽ അടിസ്ഥാനസൗകര്യ വികസനത്തിൽ കൈവരിച്ച നേട്ടം അറിയിക്കാമോ; അടിസ്ഥാനസൗകര്യ വികസനത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര തുക ചെലവഴിച്ചുവെന്നതിന്റെ കണക്ക് ലഭ്യമാണെങ്കിൽ നൽകാമോ?

സർക്കാരിന്റെ നൂറുദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബിയുടെ 5 കോടി, ധനസഹായത്തോടെ നിർമ്മാണം പൂർത്തിയാക്കിയ 11 സ്കൂൾ കെട്ടിടങ്ങളും 3 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മിച്ച 23 സ്കൂൾ കെട്ടിടങ്ങളും പ്ലാൻ ഫണ്ടും മറ്റ് ഫണ്ടുകളും പ്രയോജനപ്പെടുത്തിയുള്ള 58 സ്കൂൾ കെട്ടിടങ്ങളും ഉൾപ്പെടെ 92 സ്കൂൾ കെട്ടിടങ്ങളുടെ ഉദ്ഘാടനവും 107 സ്കൂൾ കെട്ടിടങ്ങളുടെ ശിലാസ്ഥാപനവും 14-9-2021-ന് ബഹു. മുഖ്യമന്ത്രി നിർവ്വഹിച്ചു. കൂടാതെ ഹയർസെക്കണ്ടറി വിഭാഗം പ്ലാൻ ഫണ്ടുപയോഗിച്ച്

നിർമ്മാണം പൂർത്തിയാക്കിയ 48 ലാബുകളുടെയും 3 ലൈബ്രറികളുടെയും ഉദ്ഘാടനവും അതോടൊപ്പം നടന്നു. അടിസ്ഥാനസൗകര്യ വികസനത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുവിദ്യാലയങ്ങൾക്ക് കിഫ്ബിവഴി 5 കോടി, 3 കോടി, 1 കോടി പദ്ധതികളിൽ ഉൾപ്പെടുത്തി 2075.5 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. 2016-2017 മുതൽ 2020-2021 വരെ ചെലവഴിച്ച തുകയുടെയും പൂർത്തിയായ പ്രവൃത്തികളുടെയും വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## ജില്ല റവന്യൂ അസംബ്ലി

28(*268) ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. എച്ച്. സലാം:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുജനങ്ങൾ റവന്യൂ വകുപ്പുമന്ത്രിക്ക് നൽകുന്ന പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ജില്ല അടിസ്ഥാനത്തിൽ പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പൊതുജനങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രിക്ക് ഓൺലൈനായി പരാതി നൽകുന്നതിനും നേരിട്ട് നൽകുന്ന പരാതികൾ നടപടികൾക്കായും വിവിധ റവന്യൂ ഓഫീസുകളിലേയ്ക്ക് അയച്ച് കൊടുക്കുന്നതിനുമായി റവന്യൂ മിത്രം എന്ന പോർട്ടൽ നടപ്പിലാക്കിയിട്ടുണ്ട്. ഈ പോർട്ടലിലൂടെ പൊതുജനങ്ങൾ സമർപ്പിക്കുന്ന പരാതികളുടെ സ്ഥിതി അവർക്കുതന്നെ നിരീക്ഷിക്കുന്നതിന് സാധിക്കും. അപേക്ഷകൾ ക്രോഡീകരിക്കുന്നതിനും എല്ലാ അപേക്ഷകളിലും നടപടി സ്വീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുമായി ജില്ലാതലത്തിൽ ഡെപ്യൂട്ടി കളക്ടർ (ആർ.ആർ.)-ന്റെ നേതൃത്വത്തിൽ ഒരു സെൽ രൂപീകരിച്ചിട്ടുണ്ട്.

(ബി) റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട ഓരോ ജില്ലയിലേയും വിഷയങ്ങൾ പരിഹരിക്കുന്നതിനായി രൂപം കൊടുത്ത ജില്ല റവന്യൂ അസംബ്ലിയുടെ പ്രവർത്തന രീതി വിശദമാക്കാമോ?

വിഷൻ & മിഷൻ 2021-26 എന്ന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ നിയമസഭാ സാമാജികരുടെയും അഭിപ്രായങ്ങളും നിവേദനങ്ങളും ശിപാർശകളും കേൾക്കുന്നതിനും സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിനുമായി റവന്യൂ അസംബ്ലി എന്ന സംവിധാനം രൂപീകരിച്ചിട്ടുണ്ട്. റവന്യൂ അസംബ്ലിയുടെ ആദ്യ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

യോഗങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ 13 ദിവസങ്ങളിലായി തിരുവനന്തപുരം ഐ.എൽ.ഡി.എം.-ൽ വച്ച് കൂടിയിട്ടുള്ളതാണ്. ടി യോഗത്തിൽ സാമാജികർ തങ്ങളുടെ മണ്ഡലവുമായി ബന്ധപ്പെട്ടും പൊതുവായും സമർപ്പിച്ച നിവേദനങ്ങളും ശിപാർശകളും യോഗത്തിൽ പറഞ്ഞിട്ടുള്ള അഭിപ്രായങ്ങളും ഉൾപ്പെടുത്തി ഡാഷ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. നിയമസഭാ സാമാജികർ സമർപ്പിച്ച/ഉന്നയിച്ച നിവേദനങ്ങൾ/പരാതികളിൽ സ്വീകരിച്ച നടപടി സംബന്ധിച്ച് എം.എൽ.എ.-മാർക്ക് ഡാഷ് ബോർഡ് വഴി വിലയിരുത്തുവാൻ സാധിക്കുകയും അതുവഴി ഉന്നയിച്ച വിഷയങ്ങളുടെ പ്രശ്നപരിഹാരം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും സാധിക്കും. ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നിവേദനങ്ങളും പരാതികളും പരിശോധിച്ച് സമയ ബന്ധിതമായി നടപടി സ്വീകരിക്കുന്നതിനും വിവരം നിയമസഭാ സാമാജികരെ അറിയിക്കുന്നതിനും കക്ഷികളുമായി ബന്ധപ്പെട്ട അപേക്ഷയിലെ നടപടി വിവരം നിലവിലെ മാർഗ്ഗത്തിൽ ആവശ്യമെങ്കിൽ കക്ഷികളെയും അറിയിക്കുന്നതിനും സാധിക്കും.

(സി) റവന്യൂ അസംബ്ലിയുടെ പരിഗണനയ്ക്കായി പൊതുജനങ്ങൾക്ക് നേരിട്ട് പരാതി നൽകുന്നതിന് വ്യവസ്ഥയുണ്ടോ; പ്രസ്തുത അസംബ്ലിയുടെ നടപടിക്രമങ്ങളും തീരുമാനങ്ങളും ജനങ്ങളെ അറിയിക്കുന്നതിന് സംവിധാനമുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

പൊതുജനങ്ങൾക്ക് നേരിട്ട് റവന്യൂ അസംബ്ലിയിൽ പരാതി നൽകാൻ വ്യവസ്ഥയില്ല. നിയമസഭാ സാമാജികർ ഉന്നയിക്കുന്ന ആവശ്യങ്ങളുടെ പുരോഗതി അവരവരുടെ ലോഗിൻ ഐ.ഡി.-യും പാസ്‌വേർഡും ഉപയോഗിച്ച് നിരീക്ഷിക്കാനാകും. ഇതിനായി ഒരു ഡാഷ് ബോർഡ് തയ്യാറാക്കിയിട്ടുണ്ട്.

**തീമാറ്റിക് മ്യൂസിയങ്ങൾ**

29(*269) <u>ശ്രീ. എ. രാജ</u>:
<u>ശ്രീ. എ. സി. മൊയ്തീൻ</u>:
<u>ശ്രീ. ഒ. ആർ. കേളു</u>:
<u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (<u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ ജില്ലയുടെയും തനതായ പൈതൃകം കാത്തു സൂക്ഷിക്കുന്നതിനും വരുംതലമുറയ്ക്ക് കൈമാറുന്നതിലേയ്ക്കുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഓരോ ജില്ലയുടെയും തനതായ പൈതൃകം കാത്തുസൂക്ഷിക്കുന്നതിനും വരുംതലമുറയ്ക്ക് കൈമാറുക എന്ന ലക്ഷ്യം കൈവരിക്കുന്നതിലേയ്ക്കുമായി മ്യൂസിയം, പുരാവസ്തു, പുരാരേഖാ വകുപ്പുകളുടെ കീഴിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ഓരോ ജില്ലാ പൈതൃക മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിന് പുരാവസ്തു വകുപ്പിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിന്റെ ആദ്യപടി എന്നനിലയിൽ പുരാവസ്തു വകുപ്പിന്റെ കീഴിൽ തൃശ്ശൂർ, ഇടുക്കി, പാലക്കാട്, എറണാകുളം എന്നീ ജില്ലകളിൽ ജില്ലാ പൈതൃക മ്യൂസിയങ്ങളുടെ സജ്ജീകരണം പൂർത്തിയാക്കി ജനങ്ങൾക്ക് തുറന്നുകൊടുത്തിട്ടുള്ളതാണ്. മറ്റു ജില്ലകളിൽ ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്. സംസ്ഥാനത്തിന്റെ പുരാരേഖാ പൈതൃകം കാത്തുസൂക്ഷിക്കുന്നതിനായി പുരാരേഖാ വകുപ്പ്, ജില്ലാ തലത്തിൽ ചരിത്രരേഖകൾ കണ്ടെത്തുന്നതിനും അതിന്റെ ശാസ്ത്രീയ സംരക്ഷണം, റിസർച്ച് എന്നിവയ്ക്കായി കൊല്ലം, തൃശ്ശൂർ, ഇടുക്കി, കണ്ണൂർ, വയനാട് ജില്ലകളിൽ ജില്ലാ പൈതൃക കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി ആർക്കൈവ്സ് പദ്ധതിയിലൂടെ പ്രാദേശിക സ്വകാര്യ ചരിത്രരേഖാ സമ്പാദനം, സംരക്ഷണം എന്നിവയ്ക്ക് ഊന്നൽ നൽകുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. മ്യൂസിയം മൃഗശാലാ വകുപ്പിനുകീഴിൽ ഉത്തര മലബാറിന്റെ പൈതൃക കൈത്തൊഴിലായ കൈത്തറിയെ അടിസ്ഥാനമാക്കി കണ്ണൂരിൽ ഒരു കൈത്തറി മ്യൂസിയവും ഉത്തരമലബാറിന്റെ പൈതൃക അനുഷ്ഠാന കലയായ തെയ്യം അടിസ്ഥാനമാക്കി കണ്ണൂർ ജില്ലയിലെ ചന്തപ്പുരയിൽ ഒരു തെയ്യം മ്യൂസിയവും സ്ഥാപിക്കുന്നതിനാവശ്യമായ പ്രവൃത്തികൾ ദ്രുതഗതിയിൽ നടന്നുവരികയാണ്. വയനാട് ജില്ലയിലെ കുങ്കിച്ചിറയിൽ ആരംഭിക്കുന്ന പൈതൃക മ്യൂസിയത്തിൽ ആദിവാസി ഗോത്ര സമൂഹങ്ങളുടെ പരമ്പരാഗത പൈതൃകങ്ങളായ കലയും തൊഴിലും സംസ്കാരവും ചികിത്സാ രീതികളും അടിസ്ഥാനമാക്കിയുള്ള പ്രദർശന സംവിധാനം സജ്ജീകരിക്കുന്നതിന് ആവശ്യമായ ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) മ്യൂസിയങ്ങളെ കേവലം പ്രദർശനശാലകൾ എന്ന നിലയിൽനിന്നും തീമാറ്റിക് മ്യൂസിയങ്ങൾ എന്ന പുതിയ സങ്കല്പത്തിലേയ്ക്ക് പരിവർത്തനപ്പെടുത്താനുതകുന്ന തരത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

മ്യൂസിയങ്ങളെ കേവലം പ്രദർശനശാലകൾ എന്നതിലുപരി ആധുനിക സാങ്കേതികവിദ്യകളുടെ സഹായത്തോടെ തീമാറ്റിക് മ്യൂസിയങ്ങളായി സജ്ജീകരിച്ച് കൂടുതൽ സന്ദർശക സൗഹൃദമാക്കുന്നതിന് പുരാവസ്തു, പുരാരേഖ, മ്യൂസിയം വകുപ്പുകൾ പ്രത്യേകം ശ്രദ്ധചെലുത്തുന്നുണ്ട്. പുരാവസ്തു വകുപ്പിന്റെ ജില്ലാ പൈതൃക മ്യൂസിയങ്ങൾ പ്രത്യേക തീമുകളെ (വിഷയം) ആസ്പദമാക്കിയാണ് സജ്ജീകരിച്ചുവരുന്നത്.

ഇടുക്കി, എറണാകുളം, പാലക്കാട് ജില്ലാ പൈതൃക മ്യൂസിയങ്ങൾ സജ്ജീകരിച്ചിരിക്കുന്നത് അത്തരമൊരു കാഴ്ചപ്പാടിലാണ്. മറ്റു മ്യൂസിയങ്ങളും ഇതേ മാതൃകയിൽ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിനായി ഓരോ മ്യൂസിയത്തിനും പ്രത്യേകമായി ക്യൂറേറ്റോറിയൽ നരേറ്റീവുകൾ തയ്യാറാക്കുന്നതിനും അതിനനുസൃതമായി പ്രദർശന വസ്തുക്കൾ കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്. സംസ്ഥാന ആർക്കൈവ്സ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സിഗ്നേച്ചർ മ്യൂസിയം, വൈക്കം സത്യാഗ്രഹ മ്യൂസിയം എന്നിവ തീമാറ്റിക് മാതൃകയിൽ തയ്യാറാക്കപ്പെട്ട മ്യൂസിയങ്ങളാണ്. പുരാരേഖ വകുപ്പിന്റെ രേഖാശേഖരങ്ങളിൽനിന്നും മറ്റും ശേഖരിക്കപ്പെട്ട മഹത്‌വ്യക്തികളുടെ കയ്യൊപ്പുകളാണ് സിഗ്നേച്ചർ മ്യൂസിയത്തിൽ പ്രദർശന വസ്തുക്കളായി ഒരുക്കിയിട്ടുള്ളത്. വൈക്കം സത്യാഗ്രഹം സംബന്ധിച്ച് ലഭ്യമായ അമൂല്യങ്ങളായ ചരിത്രരേഖകളിലൂടെ വൈക്കം സത്യാഗ്രഹത്തിന്റെ നാൾവഴി ചരിത്രം, നായകന്മാർ, പ്രധാന സംഭവങ്ങൾ, മഹാത്മാഗാന്ധിയുടെ വൈക്കം സന്ദർശനം എന്നിങ്ങനെ വൈക്കം സത്യാഗ്രഹത്തെ തീമാക്കി ഒരുക്കിയിട്ടുള്ള ആധുനിക സജ്ജീകരണങ്ങൾ അടങ്ങുന്ന പൂർണ്ണമായും രേഖകളെ അടിസ്ഥാനപ്പെടുത്തിയ മ്യൂസിയമാണ് വൈക്കം സത്യാഗ്രഹ മ്യൂസിയം. പ്രസ്തുത മ്യൂസിയം 2020 ജനുവരി 21-ന് പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തിട്ടുണ്ട്. അതിബൃഹത്തായ താളിയോല ചരിത്രരേഖാശേഖരത്തിനെ തീമാക്കി ഈ രേഖകളിൽനിന്നും ഉരുത്തിരിയുന്ന കേരള ചരിത്രത്തെ അടിസ്ഥാനമാക്കി ഒരുക്കുന്ന മ്യൂസിയമാണ് താളിയോല ചുരുണ മ്യൂസിയം. മ്യൂസിയം മൃഗശാലാ വകുപ്പിനുകീഴിൽ പ്രവർത്തിച്ചുവരുന്ന മ്യൂസിയങ്ങൾ എല്ലാംതന്നെ ചരിത്രം ഉൾപ്പെടെയുള്ള വിവിധങ്ങളായ വിഷയങ്ങളെ ആസ്പദമാക്കിയാണ് സജ്ജീകരിച്ചിട്ടുള്ളത്. ഇത്തരത്തിൽ തിരുവനന്തപുരത്തെ മ്യൂസിയം മൃഗശാലാ വകുപ്പിന്റെ ആസ്ഥാനത്ത് വിശ്വവിഖ്യാത ചിത്രകാരനായ രാജാരവിവർമ്മയുടെ പേരിൽ പുതിയ ആർട്ട് ഗ്യാലറിയും കണ്ണൂർ ജില്ലയിലെ ചന്തപ്പുരയിൽ പുതിയതായി തെയ്യം മ്യൂസിയവും കണ്ണൂർ ജില്ലയിലെ പെരളശ്ശേരിയിൽ എ.കെ.ജി. സ്മൃതി മ്യൂസിയവും കണ്ണൂർ ടൗണിൽ പുതിയതായി കൈത്തറി മ്യൂസിയവും ഉൾപ്പെട്ട നാല് പുതിയ മ്യൂസിയങ്ങളുടെ പദ്ധതികൾ സജ്ജീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

## ഹാരിസൺ കമ്പനിയുടെ പ്രമാണരേഖ

30(*270) <u>ശ്രീ. നജീബ് കാന്തപുരം</u>:
<u>ഡോ. എം. കെ. മുനീർ</u>:
<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>:
<u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>) സദയം മറുപടി നൽകുമോ:

(എ) ഹാരിസൺ കമ്പനി ലിമിറ്റഡിന്റെ അധികൃതർ 1923-ലെ അവരുടെ പ്രമാണരേഖ തിരുത്തിയെന്ന് ഫോറൻസിക് സയൻസ് ലാബ് കണ്ടെത്തി റിപ്പോർട്ട് ചെയ്തിരുന്നോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലായി ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനിയുടെ കൈവശമുള്ള 25630 ഏക്കർ ഭൂമിയുടെ പ്രമാണ രേഖയായി കമ്പനി ഹാജരാക്കിയതും കൊല്ലം എസ്.ആർ.ഒ.- യിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ 1600/1923 നമ്പർ കരാർ ഉടമ്പടി (Indenture)-യുടെ ആധികാരികത സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ അന്വേഷണത്തിന്റെ ഭാഗമായി തിരുവനന്തപുരം ഫോറൻസിക് സയൻസ് ലാബ് നടത്തിയ പരിശോധനയിൽ പ്രസ്തുത രേഖയുടെ പ്രസക്തി നഷ്ടമാകുംവിധത്തിൽ നിരവധി തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും വരുത്തിയിട്ടുള്ളതായി കണ്ടെത്തുകയും ഫോറൻസിക് സയൻസ് ലാബ് ഡയറക്ടറുടെ 12-6-2018-ലെ B2-9044/FSL/2015 നമ്പർ കത്തുപ്രകാരം വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോയ്ക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി.

(ബി) പ്രസ്തുത റിപ്പോർട്ടിന്മേൽ നടപടി എടുക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കാലതാമസം വരുത്തിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെ ഗൗരവമായി കാണുന്നുണ്ടോ?

ഇല്ല. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണത്തിന്റെ ഭാഗമായാണ് രേഖകൾ ഫോറൻസിക് ലാബിൽ പരിശോധന നടത്തിയത്. അന്വേഷണം പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് വിജിലൻസ് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് കോടതിയുടെ പരിഗണനയിലാണ്.

(സി) ഇതുമായി ബന്ധപ്പെട്ട കേസ് വിജിലൻസ് കോടതിയിൽ ഉണ്ടായിരുന്നോയെന്ന് അറിയിക്കുമോ?

സർക്കാർ ഭൂമി അനധികൃതമായി വ്യാജരേഖകൾ ചമച്ച് കൈമാറിയിട്ടുള്ള കേസിൽ ഉൾപ്പെട്ട ഹാരിസൺസ് മലയാളം ലിമിറ്റഡിന്റെ ചുമതലക്കാർക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുമെതിരെ അന്വേഷണം നടത്തുന്നതിനായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ രജിസ്റ്റർ ചെയ്ത വി.സി.09/2013/ എസ്.ഐ.യു.-II നമ്പർ കേസ് തിരുവനന്തപുരം വിജിലൻസ് കോടതിയുടെ പരിഗണനയിലാണ്.

(ഡി) എങ്കിൽ വകുപ്പിന്റെ അറിവോ സമ്മതമോ ഇല്ലാതെ പ്രസ്തുത കേസ് അവസാനിപ്പിക്കാൻ ചില ഉദ്യോഗസ്ഥർ നീക്കം നടത്തിയതായി പറയപ്പെടുന്ന വിഷയത്തിൽ നടപടിക്ക് തയ്യാറാകുമോയെന്നറിയിക്കുമോ?

ക്രിമിനൽ നടപടി ചട്ടപ്രകാരം കേസ് അന്വേഷിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്തിമ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് നിലവിൽ കോടതിയുടെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർക്ക് കേസിൽ ഇടപെടാൻ കഴിയില്ല.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വളാഞ്ചേരി ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം

1 (2999) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ വളാഞ്ചേരി ഫയർ സ്റ്റേഷൻ കെട്ടിടനിർമ്മാണത്തിനുവേണ്ടി ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക നീക്കിവച്ചതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ വളാഞ്ചേരി ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനുവേണ്ടി പൊതുമരാമത്ത് വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം ടോപ്പോഗ്രാഫിക്കൽ സർവ്വേ ആരംഭിച്ചു.

(ബി) പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ഭരണാനുമതിക്കുവേണ്ടിയുള്ള പ്രൊപ്പോസലും എസ്റ്റിമേറ്റും തയ്യാറാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(ബി&സി) ഇല്ല. ടോപ്പോഗ്രാഫിക്കൽ സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡ്രോയിംഗ് ലഭിച്ചതിനുശേഷം സോയിൽ ഇൻവെസ്റ്റിഗേഷനും തുടർന്ന് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗം ഡിസൈനും തയ്യാറാക്കിയശേഷം എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി പ്രൊപ്പോസൽ ലഭ്യമാക്കുന്നതാണ്.

### കുന്ദമംഗലം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമി

2 (3000) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ഒൻപത് വില്ലേജ് പരിധികളിൽ പൊതുമരാമത്ത് വകുപ്പിന്റെ കൈവശത്തിലുള്ള ഭൂമിയുടെ വിസ്തീർണ്ണം, വില്ലേജ് സ്കെച്ച്, ലൊക്കേഷൻ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കുന്ദമംഗലം നിയോജകമണ്ഡലത്തിൽ കെട്ടിട വിഭാഗത്തിന്റെ അധീനതയിലുള്ള കുന്ദമംഗലം റസ്റ്റ് ഹൗസ് ഉൾപ്പെടുന്ന റീസർവ്വേ നമ്പർ 390-5A2 & 394A-യിൽ 103 സെന്റ് സ്ഥലമുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ കൈവശത്തിലുള്ള ഭൂമിയുടെ വിസ്തീർണ്ണം, വില്ലേജ് സ്കെച്ച്, ലൊക്കേഷൻ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ പൊതുമരാമത്ത് വകുപ്പിൽ ലഭ്യമല്ല.

## അങ്കമാലി കോടതി സമുച്ചയ നിർമ്മാണം

3 (3001) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി കോടതി സമുച്ചയ നിർമ്മാണത്തിന്റെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കൽ ഏതുഘട്ടംവരെയായെന്ന് വിശദമാക്കുമോ?

അങ്കമാലി കോടതി സമുച്ചയത്തിന്റെ കെട്ടിടം അങ്കമാലി വില്ലേജിലെ സർവ്വേ നമ്പർ B11/603/12 എന്ന സ്ഥലത്ത് നിർമ്മിക്കുന്നതിനായി തീരുമാനിച്ച പ്രകാരം പ്രസ്തുത സ്ഥലത്ത് total station നടത്തുകയും Sketch AR drawing വരയ്ക്കുന്നതിനു വേണ്ടി AR wing-ന് സമർപ്പിക്കുകയും ചെയ്തു. സർവ്വേ പ്രകാരം 18.61 ആർ സ്ഥലത്ത് കെട്ടിട നിർമ്മാണത്തിനായി പൊതുമരാമത്ത് ആർക്കിടെക്ച്ചറൽ വിഭാഗം പ്ലാൻ തയ്യാറാക്കുകയും കോടതിയുടെ നിർദ്ദേശപ്രകാരം വേണ്ട മാറ്റങ്ങൾ വരുത്തി പുതുക്കിയ പ്ലാൻ സമർപ്പിക്കുകയും ചെയ്തു. ആയതുപ്രകാരം എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിരുന്നു. ഈ ഘട്ടത്തിലാണ് 29-7-2019-ലെ G.O.(Ms) 242/2019/ Revenue പ്രകാരം ഇറിഗേഷൻ വകുപ്പിൽനിന്നും 15.08 ആർ സ്ഥലം മാത്രം നിർമ്മാണത്തിനായി കൈമാറുകയുള്ളൂയെന്ന നിർദ്ദേശം ലഭിച്ചിട്ടുള്ളത്. ആയതിനാൽ അംഗീകരിച്ച പ്ലാൻ പ്രകാരം പ്രവൃത്തി ചെയ്യുന്നതിന് 4.53 ആർ സ്ഥലത്തിന്റെ കുറവ് നേരിടുമെന്നതിനാൽ District Sessions Judge-ന്റെ അദ്ധ്യക്ഷതയിൽ 17-9-2020-ൽ യോഗം ചേരുകയും ലഭ്യമായ 15.08 ആർ സ്ഥലത്ത് റിവൈസ്ഡ് പ്ലാൻ തയ്യാറാക്കാൻ എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തു. പ്രസ്തുത ഭൂമിയുടെ അതിരുകൾ, പ്രസ്തുത സ്ഥലത്തേയ്ക്കുള്ള പ്രവേശനാനുമതി എന്നിവ സംബന്ധിച്ച വ്യക്തത ലഭിക്കുന്നമുറയ്ക്ക് AR drawing തയ്യാറാക്കുന്നതും എസ്റ്റിമേറ്റിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

(ബി) നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കോടതികളുടെ ശോചനീയാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അങ്കമാലി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റിന്റെ കോടതി 2014 മുതൽ ഒരു വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇതിന് മൂന്ന് നിലകളാണുള്ളത്. Ground Floor-ൽ കോടതിയും 1st floor-ൽ ബാർ അസോസിയേഷന്റേയും അസി.പബ്ലിക് പ്രോസിക്യൂട്ടറിന്റേയും ഓഫീസുകൾ പ്രവർത്തിക്കുന്ന കാലപ്പഴക്കമുള്ള ഈ കെട്ടിടത്തിൽ കോടതി പ്രവർത്തനത്തിനുള്ള സൗകര്യക്കുറവ് കോടതി അധികാരികൾ 17-9-2021-ലെ യോഗത്തിൽ ബോധിപ്പിച്ചിട്ടുണ്ട്.

(സി) ബഹു. ഹൈക്കോടതി നിർദ്ദേശത്തെ തുടർന്ന് എറണാകുളം ജില്ലാ കോടതി, പൊതുമരാമത്ത്, ഇറിഗേഷൻ, റവന്യൂ, സ്ഥലത്തെ നിയമസഭാംഗം എന്നിവരുടെ സാന്നിദ്ധ്യത്തിൽ 2021 സെപ്റ്റംബർ 17-ന് നടന്ന യോഗ തീരുമാനപ്രകാരം പൊതുമരാമത്ത് വകുപ്പ് ഈ വിഷയത്തിൽ നാളിതുവരെയായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

സെപ്റ്റംബർ 17-ൽനടന്ന യോഗതീരുമാനത്തിനുശേഷം അതിർത്തികളെ സംബന്ധിച്ചും വസ്തുവിലേയ്ക്കുള്ള പ്രവേശനാനുമതി സംബന്ധിച്ചുമുള്ള വിശദാംശങ്ങൾക്കായി ബഹു. ജില്ലാ ജഡ്ജിയെ സമീപിച്ചിട്ടുണ്ട്. കോടതി സമുച്ചയത്തിനായി ഗവൺമെന്റ് കൈമാറിയ 15.08 ആർ സ്ഥലത്തിന്റെ അതിർത്തി റവന്യൂ സർവ്വേയറുടെ നേതൃത്വത്തിൽ പൊതുമരാമത്ത് വകുപ്പിന് ബോധ്യപ്പെടുത്തി തരണമെന്നും ടി പ്രവൃത്തി സ്ഥലത്തേയ്ക്ക് സാധനസാമഗ്രികൾ തടസ്സം കൂടാതെ എത്തിക്കാനുള്ള പ്രവേശനാനുമതിയും നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർ ബഹു. ജില്ലാ ജഡ്ജിന് കത്ത് നൽകിയിട്ടുണ്ട്.

(ഡി) പുതിയ കോടതി സമുച്ചയത്തിന്റെ പ്ലാനും എസ്റ്റിമേറ്റും എന്ന് സമർപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

അതിരുകളിൽ വ്യക്തത ലഭിച്ചാൽ അതുപ്രകാരം പുതുക്കിയ സൈറ്റ് പ്ലാൻ തയ്യാറാക്കി, പുതിയ ആർക്കിടെക്ച്ചറൽ ഡ്രോയിംഗും എസ്റ്റിമേറ്റും തയ്യാറാക്കാവുന്നതാണ്.

## ചാരുംമൂട് സിവിൽ സ്റ്റേഷൻ നിർമ്മാണം

4 (3002) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ ചാരുംമൂട് സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് കെട്ടിട വിഭാഗവും ആർക്കിടെക്ച്ചർ വിഭാഗവും സ്വീകരിച്ച നപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ?

(എ&ബി) ചാരുംമൂട് സിവിൽ സ്റ്റേഷനുവേണ്ടിയുള്ള സ്ഥലം വാസ്തുശില്പ വിഭാഗത്തിലെ ഡെപ്യൂട്ടി ആർക്കിടെക്ട് 5-8-21-ൽ സന്ദർശിച്ചിരുന്നു. പ്രസ്തുത സ്ഥലത്തുകൂടി കടന്നുപോകുന്ന ഒരു സ്വകാര്യ വ്യക്തിയുടെ വഴി തർക്കവുമായി ബന്ധപ്പെട്ട് പരിഷ്കരിച്ച സൈറ്റ് പ്ലാൻ തഹസിൽദാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. പുതിയ കെട്ടിട രൂപകല്പനയിൽ ഉൾക്കൊള്ളിക്കേണ്ട ഓഫീസുകളുടെ വിശദാംശങ്ങളും

തഹസിൽദാരിൽനിന്നും കെട്ടിടവിഭാഗം ആവശ്യപ്പെട്ടിട്ടുണ്ട്. പുതുക്കിയ സൈറ്റ് പ്ലാനും ഓഫീസ് വിശദാംശങ്ങളും തഹസിൽദാരിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് വാസ്തുശില്പ വിഭാഗ ത്തിൽനിന്ന് ലഭിക്കുന്ന കെട്ടിട രൂപകൽപ്പനയുടെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി പരിഗണിക്കുന്നതാണ്.

**മണലൂർ മണ്ഡലത്തിലെ ഡോക്ടർമാർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണം**

5 (3003) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ഡോക്ടർമാർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണത്തിനായി പ്രൈസ് ഐ.ഡി: ബി.എൽ/ 2019/5062 പ്രകാരം തയ്യാറാക്കിയ രണ്ട് കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

(എ&ബി) ഭരണാനുമതി ലഭിച്ചിട്ടില്ല. ഭരണാനുമതിക്കുള്ള ശിപാർശ ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസ്, തിരുവനന്തപുരത്തിന് പൊതുമരാമത്ത് കെട്ടിട വിഭാഗം സമർപ്പിച്ചിട്ടുണ്ട്.

**വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

6 (3004) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ പാലങ്ങൾ, നിരത്തുകൾ, ദേശീയപാത, കെട്ടിടങ്ങൾ എന്നീ വിഭാഗങ്ങളുടെ കീഴിൽ മുൻസർക്കാരിന്റെ കാലയളവ് മുതൽ ബഡ്ജറ്റിൽ ഉൾപ്പെട്ട എത്ര പ്രവൃത്തികൾ നടപ്പാക്കിവരുന്നു; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ പാലങ്ങൾ വിഭാഗത്തിനുകീഴിൽ കൂമൻതൊടി പാലം പുനർനിർമ്മാണത്തിന് 600 ലക്ഷം രൂപയുടെ ഭരണാനുമതിയും 550.30 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകുകയും തുടർന്ന് പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്യുകയും M/s മലബാർ ടെക്, ഗവൺമെന്റ് കോൺട്രാക്ടേഴ്സ്, മഞ്ചേരി, മലപ്പുറം എന്ന കരാർ കമ്പനി പ്രവൃത്തി ഏറ്റെടുക്കുകയും 12-9-2021-ന് പ്രവൃത്തി ചെയ്യുന്നതിന് കരാറുകാരന് സ്ഥലം കൈമാറിയിട്ടുള്ളതുമാണ്. പ്രവൃത്തി ആരംഭിക്കുന്നതിന് നിലവിലെ പൊതുമരാമത്ത് റോഡിന്റെ അതിർത്തി നിർണ്ണയിച്ചു തരുന്നതിന് തിരൂരങ്ങാടി തഹസിൽദാർക്ക് കത്ത് സമർപ്പിച്ചിട്ടുണ്ട്. 2021-22

ബഡ്ജറ്റിൽ വള്ളിക്കുന്ന്, അരിയല്ലൂർ വില്ലേജുകളെ ബന്ധിപ്പിക്കുന്ന മുദിയം പാലം നിർമ്മാണം, ഇരുമ്പോത്തിങ്ങൾ പാലം നിർമ്മാണം, ചേലേമ്പ്ര പുല്ലിപ്പുഴയ്ക്ക് കുറുകെ മുനമ്പത്ത് കടവ് പാലം നിർമ്മാണം, ആനങ്ങാടി റെയിൽവേ മേൽപ്പാലം നിർമ്മാണം എന്നീ പ്രവൃത്തികൾക്കെല്ലാംകൂടി 100 രൂപ ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിൽ ഇരുമ്പോത്തിങ്ങൾ പാലത്തിന്റെ മണ്ണ് പര്യവേഷണ എസ്റ്റിമേറ്റ് തയ്യാറാക്കുകയും മണ്ണ് പര്യവേഷണ പ്രവൃത്തി പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചതിനെ തുടർന്ന് പാലത്തിന്റെ രൂപരേഖ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ആയതിൻപ്രകാരം പ്രസ്തുത പാലം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ പ്രസ്തുത പാലം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വള്ളിക്കുന്ന്-അരിയല്ലൂർ വില്ലേജുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന മുദിയം പാലം വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിൽ അരിയല്ലൂർ ബീച്ചിലെ ടിപ്പുസുൽത്താൻ റോഡിൽ മുദിയം തോടിന് കുറുകെയാണ് നിർമ്മിക്കാനുദ്ദേശിക്കുന്നത്. ദേശീയപാത വിഭാഗത്തിനുകീഴിൽ തീരദേശ ഹൈവേയുടെ പുതിയ വികസന പദ്ധതിയിൽ ടി പാലം ഉൾപ്പെടുന്നുണ്ട്. നിരത്ത്, കെട്ടിടം വിഭാഗങ്ങൾക്കുകീഴിലെ പ്രവൃത്തികളുടെ വിശദാംശം അനുബന്ധം ആയി ചേർക്കുന്നു.*

(ബി) മേൽ സൂചിപ്പിച്ച വകുപ്പുകളുടെ കീഴിൽ ബജറ്റ് മുഖേനയും പ്ലാൻ/നോൺ പ്ലാൻ ഫണ്ട് മുഖേനയും ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ ഇനിയും പൂർത്തിയാകുവാനുള്ളവയുടെ വിശദാംശങ്ങൾ നൽകാമോ?

ബഡ്ജറ്റ് 2019-20 മുഖേന ഭരണാനുമതി ലഭിച്ച കുമൻതൊടി പാലം പ്രവൃത്തി പുരോഗമിക്കുന്നു. നിരത്ത്, കെട്ടിടം വിഭാഗങ്ങൾക്കുകീഴിലെ പ്രവൃത്തികളുടെ വിശദാംശം അനുബന്ധം ആയി ചേർക്കുന്നു.*

## മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസ് കെട്ടിട നിർമ്മാണം

7 (3005) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീർണ്ണാവസ്ഥയിലുള്ള മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസ് പുതുക്കി പണിയുന്നതിന് പൊതുമരാമത്ത് വിഭാഗം തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ചീഫ് ആർക്കിടെക്ട് തയ്യാറാക്കിയിട്ടുള്ള കെട്ടിടം പ്ലാൻ പകർപ്പ് ലഭ്യമാക്കുമോ?

എസ്റ്റിമേറ്റ് ഭരണാനുമതിക്ക് സമർപ്പിച്ചിട്ടില്ല. ചീഫ് ആർക്കിടെക്ട് തയ്യാറാക്കിയിട്ടുള്ള കെട്ടിടം പ്ലാനിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം എത്രയാണ്; പ്രസ്തുത സ്ഥലം സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

50 സെന്റ് സ്ഥലം സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ ലഭ്യമാക്കാൻവേണ്ട നടപടി സ്വീകരിക്കേണ്ടത് മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസ് മുഖാന്തിരമാണ്.

(സി) പൊതുജന സൗകര്യാർത്ഥം മലപ്പുറത്തും പരിസരത്തുമുള്ള ഹയർ സെക്കണ്ടറി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ ഓഫീസ്, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ ഓഫീസുകൾ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനുവേണ്ടി സിവിൽ സ്റ്റേഷനിൽ വിദ്യാഭ്യാസ ടവർ നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ?

സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണ്.

## പൊതുമരാമത്ത് വകുപ്പിന്റെ ഡിപ്പാർട്ട്മെന്റ് ഫണ്ടിൽനിന്നും റോഡുകൾക്ക് ഭരണാനുമതി

8 (3006) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിന്റെ ഡിപ്പാർട്ട്മെന്റ് ഫണ്ടിൽനിന്നും സംസ്ഥാനത്തെ ഏതൊക്കെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

നിരത്ത്, കെട്ടിടം, പാലം, ദേശീയപാത വിഭാഗങ്ങൾക്ക് കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## പൊതുമരാമത്ത് വകുപ്പിന്റെ വിവിധ പദ്ധതികൾ

9 (3007) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൻ കീഴിൽ നടപ്പാക്കുന്ന റോഡ്, പാലം, ഫ്ലൈഓവറുകൾ, ബൈപാസ്സുകൾ എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്തതിനാൽ വലിയ നഷ്ടം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുമരാമത്ത് വകുപ്പിനുകീഴിൽ നടപ്പാക്കുന്ന നിർമ്മാണ പ്രവൃത്തികൾ നിശ്ചിത സമയത്തിനുള്ളിൽത്തന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ യഥാസമയം സ്വീകരിച്ചുവരുന്നുണ്ട്. കയ്യേറ്റം ഒഴിപ്പിക്കലുമായി ബന്ധപ്പെട്ട കോടതി വ്യവഹാരങ്ങൾ, KWA, KSEB, ടെലികോം കമ്പനികൾ എന്നിവയുടെ പൈപ്പുകൾ, കേബിളുകൾ എന്നിവ മാറ്റിസ്ഥാപിക്കുന്നതിൽ വരുന്ന കാലതാമസം, കാലവർഷം, കോവിഡ് 19 മാനദണ്ഡം കാരണം നിർമ്മാണ മേഖലയിൽ ഉണ്ടായ തടസ്സങ്ങൾ എന്നിവമൂലം മരാമത്ത് പണികൾ തടസ്സപ്പെടുന്നുണ്ട്. എല്ലാ പ്രവൃത്തികളും ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ എന്നിവരുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ നടത്തപ്പെടുന്നതിന് പുറമെ ഉന്നത ഉദ്യോഗസ്ഥർ ആവശ്യകത അനുസരിച്ച് പ്രവൃത്തി സ്ഥലം സന്ദർശിക്കുകയും കാലാകാലങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകൾ, കരാറുകാർ, ഉദ്യോഗസ്ഥർ എന്നിവരുടെ അവലോകന യോഗം നടത്തുകയും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള തടസ്സങ്ങൾ ദൂരീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. പ്രവൃത്തികളുടെ സുഗമമായ നടത്തിപ്പിനും വിവിധ വകുപ്പുകളുടെ ഏകോപനത്തിനുമായി District Infrastructure Co-ordination Committee-കൾ രൂപീകരിച്ചിട്ടുണ്ട്. മതിയായ കാരണങ്ങളില്ലാതെ പ്രവൃത്തി കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്ത കരാറുകാരുടെ കാലാവധി പിഴയോടുകൂടി ദീർഘിപ്പിച്ചുനൽകുന്നു. എന്നാൽ തുടർന്നും പ്രവൃത്തി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ചില്ലെങ്കിൽ കരാറുകാരന്റെതന്നെ നഷ്ടോത്തരവാദിത്തത്തിൽ ഒഴിവാക്കി പ്രവൃത്തി റീടെണ്ടർ ചെയ്യുകയും കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. പാലം നിർമ്മാണത്തിനുള്ള സ്ഥലമെടുപ്പ് കോടതി വ്യവഹാരംമൂലം നീണ്ടുപോകുന്നതുകൊണ്ടും Utility Shifting-ൽ വരുന്ന താമസവും അതിവർഷംമൂലം ഹൈഫ്ലഡ് ലെവലിലുള്ള ഉയർച്ചകൊണ്ട് ഡിസൈനിലുണ്ടാകുന്ന മാറ്റംകൊണ്ടും പാലങ്ങളുടെ നിർമ്മാണം പൂർത്തിയാകുന്നതിന് താമസം നേരിടാറുണ്ട്.

(ബി) സർക്കാർ പദ്ധതികൾ കൃത്യസമയത്ത് പൂർത്തീകരിക്കാൻ കൃത്യമായ സമയപരിധി ടെണ്ടറിൽ തന്നെ ഉറപ്പുവരുത്തി പദ്ധതി പൂർത്തീകരണം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പിനുകീഴിലെ പദ്ധതികൾ കൃത്യസമയത്ത് പൂർത്തീകരിക്കാൻ കൃത്യമായ സമയപരിധി ടെണ്ടർ നോട്ടീസിൽത്തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ കരാറിലും സമയപരിധി ഉൾപ്പെടുത്തുകയും സമയബന്ധിതമായി പൂർത്തീകരിക്കേണ്ടുന്നതിന് ആവശ്യമായ പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരമുള്ള നിബന്ധനകളും നിർദ്ദേശങ്ങളും Standard Bid Document-ൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നിശ്ചിത കാലാവധിക്കുള്ളിൽ തന്നെ പ്രവൃത്തി പൂർത്തീകരിക്കുവാൻവേണ്ട നടപടി സ്വീകരിക്കാറുണ്ട്. പ്രവൃത്തി കാലാവധി നീട്ടിക്കൊണ്ടുപോകുന്നത് നിരുത്സാഹപ്പെടുത്തുന്നതിനായി വ്യക്തമായ കാരണങ്ങളില്ലാതെ സമയപരിധി നീട്ടുന്നതിനായി കരാറുകാരൻ

ആവശ്യപ്പെടുന്നപക്ഷം ഫൈൻ ഈടാക്കിവരുന്നു. സമയ ക്ലിപ്തത പാലിക്കുന്നതിനായി മരാമത്ത് പ്രവൃത്തികളുടെ അവലോകന യോഗങ്ങൾ കൃത്യമായ ഇടവേളകളിൽ സർക്കാർതലത്തിലും ഉദ്യോഗസ്ഥതലത്തിലും നടത്താറുണ്ട്. കൂടാതെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിനും ഏകോപനത്തിനുമായി ഡിസ്ട്രിക്ട് ഇൻഫ്രാസ്ട്രക്ച്ചർ കോ-ഓർഡിനേഷൻ കമ്മിറ്റികൾ (DICC) രൂപീകരിച്ച് കൃത്യമായ ഇടവേളകളിൽ യോഗം ചേരുന്നു.

**കോട്ടത്തറ ഗ്രാമപഞ്ചായത്തിലെ വെള്ളിയോട്-പള്ളിക്കുന്ന് റോഡ്**

10 (3008) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ കോട്ടത്തറ ഗ്രാമപഞ്ചായത്തിലെ വെള്ളിയോട്-പള്ളിക്കുന്ന് റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

(എ&ബി) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ കോട്ടത്തറ ഗ്രാമപഞ്ചായത്തിലെ വെള്ളിയോട്-പള്ളിക്കുന്ന് റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഉത്തരമേഖലാ നിരത്ത് വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമീണ റോഡുകൾ നിലവിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നില്ല. റോഡുകൾ ഏറ്റെടുക്കുന്നതിനുള്ള പുതിയ മാനദണ്ഡങ്ങൾ പരിശോധിച്ചുവരുന്നു.

**കുണ്ടറ മണ്ഡലത്തിൽ നബാർഡ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ**

11 (3009) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ 2021 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കുണ്ടറ നിയോജക മണ്ഡലത്തിൽ നബാർഡ് ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ചതും നിലവിൽ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നതും ആരംഭിക്കുവാൻ പോകുന്നതുമായ പദ്ധതികളുടെ വിശദ വിവരം നൽകാമോ?

2016 മുതൽ 2021 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കുണ്ടറ നിയോജക മണ്ഡലത്തിൽ നബാർഡ് ഫണ്ടുപയോഗിച്ച് പൂർത്തീകരിച്ചതും നിലവിൽ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നതും ആരംഭിക്കുവാൻ പോകുന്നതുമായ പദ്ധതികൾ ഒന്നും തന്നെ പാലങ്ങൾ വിഭാഗത്തിലും കെട്ടിട വിഭാഗത്തിലും ഇല്ല. നിരത്തുവിഭാഗത്തിൻ കീഴിലുള്ളവ അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മലമ്പുഴ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

12 (3010) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 5-1-2021-ലെ സ.ഉ.(സാധാ) നമ്പർ11/2021/പി.ഡബ്ല്യു.ഡി. എന്ന സർക്കാർ ഉത്തരവുപ്രകാരം മലമ്പുഴ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) ഇതിൽ ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നിവ അറിയിക്കാമോ;

(സി) ഇതിൽ ഓരോ പ്രവൃത്തിക്കും സാങ്കേതികാനുമതി ലഭിച്ച തീയതി, ടെണ്ടർ ചെയ്ത തീയതി, കരാറുകാരനുമായി എഗ്രിമെന്റ് വച്ച തീയതി എന്നിവ അറിയിക്കാമോ?

(എ-സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## പൊതുമരാമത്ത് കെട്ടിട വിഭാഗം മെയിന്റനൻസ് സബ്ഡിവിഷൻ തിരുവനന്തപുരം ആഫീസിലെ ധനകാര്യ വിഭാഗം പരിശോധന

13 (3011) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ഏപ്രിൽ-മേയ് മാസങ്ങളിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം മെയിന്റനൻസ് സബ്ഡിവിഷൻ തിരുവനന്തപുരം ആഫീസിൽ ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ പരിശോധനയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ വീഴ്ചകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

1. കഴക്കൂട്ടം വനിത ഐ.ടി.ഐ.-യിലെ ടോയ്ലെറ്റിന്റെ നവീകരണവുമായി ബന്ധപ്പെട്ട് ചെയ്യാത്ത പ്രവൃത്തികൾ ചെയ്തതായി വരുത്തി രേഖകൾ ചമച്ച് സർക്കാരിനെ കബളിപ്പിച്ച് 2,18,845 (രണ്ട് ലക്ഷത്തി പതിനെട്ടായിരത്തി എണ്ണൂറ്റി നാല്പത്തി അഞ്ച് രൂപ മാത്രം) രൂപ മാറി എടുത്തു.
2. പി.ഡബ്ല്യു.ഡി. മാന്വൽ ഖണ്ഡിക 2013, 2013.1, 11-2-2011-ലെ 11/2011/ധന. നമ്പർ സർക്കുലർ എന്നിവയിലെ നിർദ്ദേശങ്ങൾ അവഗണിച്ചുകൊണ്ട് അടിയന്തര പ്രാധാന്യമില്ലാത്ത കോടിക്കണക്കിന് രൂപയുടെ പ്രവൃത്തികൾ വേവിംഗ് ഓഫ് ടെണ്ടർ കോൾ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രകാരം ചെയ്തിരിക്കുന്നതായി കണ്ടെത്തി. 2011-2012 സാമ്പത്തിക വർഷം മുതൽ ടെണ്ടർ നടപടികൾ പാലിക്കാതെ വേവിംഗ് ഓഫ് ടെണ്ടർ കോൾ പ്രകാരം 21,09,87,089 രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കി.

3. കേരള പി.ഡബ്ല്യൂ.ഡി. മാന്വൽ സെക്ഷൻ 2014-ന് വിരുദ്ധമായി ഉദ്യോഗസ്ഥരുടെ അധികാരപരിധിക്കുള്ളിൽ നിർത്തുന്നതിനു വേണ്ടി പ്രവൃത്തികൾ വിഭജിച്ചുനൽകി.

4. പൊതുമരാമത്ത് മാന്വലിലോ പി.ഡബ്ല്യൂ.ഡി. കോഡിലോ പരാമർശമില്ലാത്ത 'ബിൽ ഓഫ് കോസ്റ്റ്' വ്യവസ്ഥയിൽ പ്രവൃത്തി ചെയ്തതായി കണ്ടെത്തി.

(ബി) സർക്കാരിന് എത്ര കോടി രൂപയുടെ നഷ്ടമാണ് സംഭവിച്ചതെന്ന് പ്രസ്തുത പരിശോധനയിലൂടെ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

കഴക്കൂട്ടം വനിതാ ഐ.ടി.ഐ.-യിലെ ടോയ്‌ലെറ്റിന്റെ നവീകരണവുമായി ബന്ധപ്പെട്ട് ചെയ്യാത്ത പ്രവൃത്തികൾ ചെയ്തതായി വരുത്തി രേഖകൾ ചമച്ച് സർക്കാരിനെ കബളിപ്പിച്ചതുവഴി 2,18,845 (രണ്ട് ലക്ഷത്തി പതിനെട്ടായിരത്തി എണ്ണൂറ്റി നാല്പത്തി അഞ്ച് രൂപ മാത്രം) രൂപ നഷ്ടം സംഭവിച്ചുയെന്ന് കണ്ടെത്തിയിട്ടുണ്ട്. 2011-2012 സാമ്പത്തിക വർഷം മുതൽ ടെണ്ടർ നടപടികൾ പാലിക്കാതെ വേവിംഗ് ഓഫ് ടെൻഡർ കോൾ പ്രകാരം 21,09,87,089 രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കിയതിലൂടെ സർക്കാരിന് വൻ സാമ്പത്തിക നഷ്ടമുണ്ടായി.

(സി) പ്രസ്തുത അന്വേഷണ റിപ്പോർട്ടിലെ ശിപാർശപ്രകാരം വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണം പൂർത്തിയായിട്ടുണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണം പൂർത്തിയായിട്ടില്ല.

## പൊതുമരാമത്ത് വകുപ്പിന്റെ മൊബൈൽ ആപ്പ്/ഫിക്സിറ്റ് ആപ്പ്

14 (3012) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളെപ്പറ്റി പൊതുജനങ്ങൾക്കുള്ള പരാതി അറിയിക്കാനുള്ള പൊതുമരാമത്ത് വകുപ്പിന്റെ മൊബൈൽ ആപ്പ് നിർമ്മിക്കുന്ന കമ്പനിയെ ടെണ്ടർ നടപടികളിലൂടെയാണോ തെരഞ്ഞെടുത്തതെന്ന് വ്യക്തമാക്കാമോ?

റോഡുകളെപ്പറ്റി പൊതുജനങ്ങൾക്കുള്ള പരാതി അറിയിക്കാനുള്ള പൊതുമരാമത്ത് വകുപ്പിന്റെ PWD 4 U എന്ന മൊബൈൽ ആപ്പ് പൊതുമരാമത്ത് വകുപ്പിൽ നടപ്പാക്കി വരുന്ന റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ ഭാഗമായാണ് നിലവിൽ വന്നിട്ടുള്ളത്. ലോക ബാങ്ക് വ്യവസ്ഥകൾക്ക് വിധേയമായി അന്താരാഷ്ട്ര ടെണ്ടർ നടപടിക്രമങ്ങളിലൂടെയാണ് ഇത് രൂപകൽപ്പന ചെയ്തുനിർമ്മിക്കുന്ന കമ്പനിയായ TRL UK in joint Venture with Experion global-നെ തെരഞ്ഞെടുത്തത്.

(ബി) പി.ഡബ്ല്യൂ.ഡി. ഫിക്സ് ഇറ്റ് ആപ്പ് നിർമ്മിക്കാനായി ഏത് കമ്പനിയെയാണ് ചുമതലപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ?

റോഡുകളുടെ പരാതി അറിയിക്കുന്നതിനുള്ള പി.ഡബ്ല്യൂ.ഡി. ഫിക്സ് ഇറ്റ് എന്ന മൊബൈൽ ആപ്പ്, പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ കീഴിലുള്ള ഇലക്ട്രോണിക്സ് വിഭാഗം Hubspire എന്ന സ്വകാര്യ കമ്പനിയുമായി സഹകരിച്ചാണ് രൂപകൽപ്പന ചെയ്തുനടപ്പാക്കിയത്.

**ഗുരുവായൂർ നിയോജകമണ്ഡലത്തിലെ മുഴുവൻ പ്രവൃത്തികളുടെയും വിവരങ്ങൾ**

15 (3013) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗുരുവായൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നിർവ്വഹണം നടത്തുന്നതിന് അനുവാദം ലഭിക്കുകയും ഇതുവരെ പൂർത്തിയാക്കാതിരിക്കുകയും ചെയ്ത മുഴുവൻ പ്രവൃത്തികളുടെയും വിവരങ്ങൾ അറിയിക്കുമോ?

ഗുരുവായൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നിർവ്വഹണം നടത്തുന്നതിന് അനുവാദം ലഭിക്കുകയും ഇതുവരെ പൂർത്തിയാകാതിരിക്കുകയും ചെയ്ത പ്രവൃത്തികളിൽ ദേശീയപാത വിഭാഗത്തിന് കീഴിൽ വരുന്ന പ്രവൃത്തികൾ:

1. സി.ആർ.എഫ്-2018-19 തമ്പുരാൻപടി-മല്ലാട്-ചെറായി-കൊട്ടുമ്പസാർ റോഡ് അഭിവൃദ്ധിപ്പെടുത്തൽ (13.50 കോടി)

2. എം.എൽ.എ.-എ.ഡി.എസ്. 2018-19-എൻ.എച്ച്-66 (ഓൾഡ് എൻ.എച്ച്-17) ഒറ്റതെങ്ങ് കാന നിർമ്മാണം (35 ലക്ഷം) എന്നിവയാണ്. ഗുരുവായൂർ റെയിൽവേ മേൽപ്പാലം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി RBDCK-യെ SPV ആയി നിയമിച്ചിട്ടുള്ളതാണ്. പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കി, ഗുരുവായൂർ ഉൾപ്പെടെ 10 ആർ.ഒ.ബി.-കൾക്കായി RBDCK Design Build Transfer വ്യവസ്ഥയിൽ കരാർ ഒപ്പിടുകയും പദ്ധതിയുടെ നിർമ്മാണോദ്ഘാടനം 23-1-2021-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവഹിക്കുകയും ചെയ്തു. പദ്ധതിയുടെ പ്രോജക്ട് മാനേജ്മെന്റ്

കൺസൾട്ടന്റായി RITES എന്ന കമ്പനിയെ കിഫ്ബി മുഖാന്തരം ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളായ സർവ്വേ, ഡിസൈനിനാവശ്യമായ മണ്ണ് പരിശോധന, ടെസ്റ്റ് പൈൽ എന്നിവ പൂർത്തിയായിട്ടുണ്ട്. കരാറുകാരൻ പ്ലാൻ ആൻഡ് പ്രൊഫൈൽ ഡ്രോയിംഗ്, ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗ്, അബട്ട്മെന്റ് ഡ്രോയിംഗ്, ഫൗണ്ടേഷൻ ഡ്രോയിംഗ് എന്നിവ പദ്ധതിയുടെ കൺസൾട്ടന്റായ റൈറ്റ്സിന് സമർപ്പിക്കുകയും ആവശ്യമായ തിരുത്തലുകൾക്കുശേഷം ഇവ അംഗീകരിച്ച്, ഐ.ഐ.ടി.-യുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുമുണ്ട്. അംഗീകാരം ലഭിച്ചാലുടനെ നിർമ്മാണം ആരംഭിക്കുന്നതാണ്. നിരത്ത്, കെട്ടിട വിഭാഗങ്ങൾക്ക് കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ഉള്ളടക്കം ചെയ്യുന്നു.*

**ഷൊർണ്ണൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ഭൂമി**

16 (3014) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ വകയായി എത്ര ഭൂമിയുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഭൂമി സ്വകാര്യ വ്യക്തികളോ ഏതെങ്കിലും ഏജൻസികളോ മറ്റാവശ്യത്തിനായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുനടപടി സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കാമോ?

ഷൊർണ്ണൂർ മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്തുവിഭാഗത്തിന് കീഴിലുള്ള ഭൂമിയുടെ വിവരങ്ങൾ റവന്യൂ വകുപ്പിന്റെ അധീനതയിലാണുള്ളത്. അതിർത്തി വ്യക്തതയുള്ള ഭാഗങ്ങളിലെ കയ്യേറ്റങ്ങൾ നോട്ടീസ് കൊടുത്തും പോലീസിനെ ഉപയോഗിച്ചും അതിർത്തി വ്യക്തതയില്ലാത്ത ഭാഗങ്ങളിൽ താലൂക്ക് സർവ്വേയർ അതിർത്തി നിർണ്ണയിച്ച് തരുന്നതനുസരിച്ച് കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നോട്ടീസ് നൽകി ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കെട്ടിട വിഭാഗത്തിന്റെ വകയായി പൊതുവാൾ ജംഗ്ഷനിൽ ഓഫീസുകൾ പ്രവർത്തിച്ചുവരുന്ന 65.25 സെന്റ് ഭൂമിയും ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയുടെ അടുത്ത് സ്ഥിതിചെയ്യുന്ന പൊതുമരാമത്ത് വകുപ്പ് വിശ്രമ കേന്ദ്രം പ്രവർത്തിച്ചുവരുന്ന 73.90 സെന്റ് ഭൂമിയുമാണുള്ളത്. ഇതുകൂടാതെ ചെർപ്പുളശ്ശേരിയിൽ പൊതുമരാമത്ത് വകുപ്പ് വിശ്രമ കേന്ദ്രം പ്രവർത്തിച്ചുവരുന്ന സ്ഥലത്ത് കെ.എസ്.ഇ.ബി., ജില്ലാ ട്രഷറി എന്നീ സ്ഥാപനങ്ങൾക്ക് നൽകിയത് ഒഴിവാക്കിയാൽ നിലവിൽ 4.75 ഏക്കർ സ്ഥലമാണുള്ളത്. ചെർപ്പുളശ്ശേരി റസ്റ്റ് ഹൗസിന്റെ ഭാഗത്ത്, അടുത്ത് താമസിക്കുന്ന ചില വ്യക്തികൾ ചെറിയ രീതിയിൽ കയ്യേറ്റം നടത്തിയത് ശ്രദ്ധയിൽപ്പെടുകയും അവർക്ക് നോട്ടീസ് നൽകി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഈ ഭൂമിയുടെ സംരക്ഷണത്തിനായി ചുറ്റുമതിൽ നിർമ്മിക്കുന്നതിന് 75.64 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധനയിലാണ്. പാലം വിഭാഗത്തിന്റെ വകയായി പാലങ്ങളോടനുബന്ധിച്ചുള്ള 50 മീറ്റർ നീളത്തിലുള്ള അപ്രോച്ച് റോഡ് മാത്രമാണുള്ളത്. പ്രസ്തുത ഭൂമി സ്വകാര്യ വ്യക്തികളോ ഏതെങ്കിലും ഏജൻസികളോ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. റോഡിന്റെ വശങ്ങളിൽ ബസ് കാത്തിരിപ്പ് കേന്ദ്രം, കംഫർട്ട് സ്റ്റേഷനുകൾ എന്നിവ തുടങ്ങുന്നതിന് അനുമതി നൽകി വരുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് മുൻ സർക്കാരിന്റെ കാലത്ത് എത്ര പദ്ധതികൾ മണ്ഡലത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്; ഇത്തരം കാര്യങ്ങളിൽ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 18 ബസ് വെയിറ്റിംഗ് ഷെഡ്ഡുകൾക്ക് പാലക്കാട് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ കാര്യാലയത്തിൽനിന്ന് അനുമതി നൽകിയിട്ടുണ്ട്. അപേക്ഷ ലഭിക്കുന്നമുറയ്ക്ക് കാലതാമസം കൂടാതെ അനുമതി നൽകി വരുന്നുണ്ട്.

**വടക്കാഞ്ചേരി ബൈപ്പാസ് നിർമ്മാണം**

17 (3015) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-2018-ലെ ബജറ്റിൽ ഉൾപ്പെട്ട വടക്കാഞ്ചേരി ബൈപ്പാസ് നിർമ്മാണത്തിനായി പൊതുമരാമത്ത് ചീഫ് എഞ്ചിനീയർ അംഗീകരിച്ച പാലം, റെയിൽവേ പാലം എന്നിവയുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ സാങ്കേതിക വിഭാഗം പൂർത്തീകരിച്ച് നൽകിയിട്ടുണ്ടോ; ഇതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

വടക്കാഞ്ചേരി ബൈപ്പാസിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 20 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ പ്രാഥമിക ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് നിർദ്ദിഷ്ട അലൈൻമെന്റ് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ നിർദ്ദിഷ്ട അലൈൻമെന്റിൽ ചെയിനേജ് 1/460-ൽ ഒരു പാലവും ചെയിനേജ് 4/820-ൽ ഒരു റെയിൽവേ മേൽപാലവും നിർമ്മിക്കേണ്ടതുണ്ട്. ആയതിനുവേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് കിഫ്ബിയുടെ ടെക്നിക്കൽ റിസോഴ്സ് വിംഗിന്റെ സഹായം തേടിയിട്ടുണ്ട്.

(ബി) ആയത് പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ഡി.പി.ആർ. പ്രകാരം കിഫ്ബിയിൽ നിന്നും സാമ്പത്തിക അനുമതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ ;

(സി) പൂർത്തീകരിച്ചിട്ടില്ലെങ്കിൽ ആയത് പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാമോ?

(ബി&സി) പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഡി.പി.ആർ. ലഭ്യമാക്കി, കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## തിരൂർ അമിനിറ്റി സെന്റർ

18 (3016) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ മണ്ഡലത്തിൽ 2014-15-ലെ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തിരൂർ മണ്ഡലത്തിൽ നിർമ്മിച്ച തിരൂർ അമിനിറ്റി സെന്റർ പൊതുജനങ്ങൾക്കായി ഇതുവരെ തുറന്നുകൊടുക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനം മുനിസിപ്പാലിറ്റിക്ക് കൈമാറുന്നതിന് കാലതാമസം വന്നതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും അനാസ്ഥയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരൂർ അമിനിറ്റി സെന്റർ ആശ്വാസ് മുഖേന സിൽക്ക് ഏജൻസി കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണ്. നിലവിൽ കെട്ടിടത്തിന് നമ്പർ അനുവദിച്ചിട്ടുണ്ട്. നമ്പർ ലഭിക്കുന്നതുമായി ബന്ധപ്പെട്ട് സിൽക്ക് അധികൃതർ താൽക്കാലികമായി താക്കോൽ കൈമാറിയിരുന്നു. നിലവിൽ കെട്ടിടത്തിന്റെ താക്കോൽ തിരൂർ മുനിസിപ്പാലിറ്റി അധികൃതരുടെ കൈവശമാണുള്ളത്.

(സി) എങ്കിൽ ഇതുസംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിക്ക് ബഹു. എം.എൽ.എ. നൽകിയ പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

കെട്ടിടത്തിന് തദ്ദേശഭരണ സ്ഥാപനത്തിൽനിന്നും നമ്പർ ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കെട്ടിടത്തിന്റെ താക്കോൽ മുനിസിപ്പാലിറ്റിക്ക് അധികൃതർ കൈമാറിയിട്ടുണ്ട്.

(ഡി) അമിനിറ്റി സെന്റർ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

തിരൂർ, അമിനിറ്റി സെന്റർ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കു ന്നതിനുള്ള നിർദ്ദേശം സർക്കാരിൽനിന്ന് ചീഫ് എഞ്ചിനീയർക്ക് നൽകിയിരുന്നു. എന്നാൽ ടി കെട്ടിടവും സ്ഥലവും നിശ്ചിതകാലത്തേയ്ക്ക് തിരൂർ നഗരസഭയ്ക്ക് വിട്ടുനൽകുന്നത് സംബന്ധിച്ച കൂടുതൽ സ്പഷ്ടീകരണം ആവശ്യമായിട്ടുണ്ട്.

**തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ കുണ്ടന്നൂർ ജംഗ്ഷൻ വികസനം**

19 (3017) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ കുണ്ടന്നൂർ ജംഗ്ഷൻ വികസനവുമായി ബന്ധപ്പെട്ട് ആർ.ബി.ഡി.സി.കെ. സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ജംഗ്ഷൻ വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതിക്കായി ആർ.ബി.ഡി.സി.കെ. സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) കുണ്ടന്നൂർ ജംഗ്ഷൻ വികസനം സംബന്ധിച്ച് ബഹു. ഹൈക്കോടതിയുടെ പരാമർശം ഉണ്ടായിട്ടുണ്ടോ; ആയത് ഈ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) കിഫ്ബി മുഖേന പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകി ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(ബി&സി) കുണ്ടന്നൂർ ജംഗ്ഷൻ വികസനം സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 3-8-2021-ലെ WP(സി) No. 12943/2021 വിധിയിൽ പരാമർശമുണ്ടായിട്ടുണ്ട്. ആയതിന്മേൽ സർക്കാർ തുടർനടപടി സ്വീകരിച്ചുവരുന്നു.

**ആലപ്പുഴ മണ്ഡലത്തിൽ പൊതുമരാമത്ത് പ്രവൃത്തികൾക്കുള്ള കാലതാമസം**

20 (3018) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ 2021-22-ലെ ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഭരണാനുമതി ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) ആലപ്പുഴ മണ്ഡലത്തിൽ നിരത്ത് വിഭാഗത്തിനുകീഴിൽ 2021-22 ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയിട്ടുള്ള 14 പൊതുമരാമത്ത് പ്രവൃത്തികളുണ്ട്. ഇതിൽ പൊതുമരാമത്ത് വകുപ്പിന്റെ ആസ്തിയിൽ ഉൾപ്പെട്ട രണ്ട് പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ബാക്കി 12 റോഡുകളും വകുപ്പിന്റെ ആസ്തിയിൽ ഉൾപ്പെട്ടതല്ല. ODR ഗണത്തിൽപ്പെട്ടവയാണ്. കെട്ടിട വിഭാഗത്തിനു കീഴിൽ, പ്രൈസ്-2 സോഫ്റ്റ്‌വെയറിൽനിന്നും പ്രൈസ്-3 ലേയ്ക്കുള്ള മാറ്റവും റേറ്റ് റിവിഷൻമൂലവും കാലതാമസമുണ്ടായിരുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് അടിയന്തരമായി സമർപ്പിക്കുന്നതിനുള്ള നടപടികൾ ചീഫ് എഞ്ചിനീയർതലത്തിൽ സ്വീകരിച്ചു വരുന്നു.

### കണ്ണൂർ നിയോജകമണ്ഡലത്തിലെ നിർമ്മാണപ്രവൃത്തികൾ

21 (3019) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ നിയോജകമണ്ഡലത്തിലെ തെക്കിബസാർ ഫ്ലൈഓവർ, മേലെച്ചൊവ്വ അണ്ടർപാസ് എന്നീ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

<u>തെക്കിബസാർ ഫ്ലൈഓവർ</u>:

പദ്ധതിയുടെ ഭൂമിയേറ്റെടുക്കലിന് ആവശ്യമായ നഷ്ടപരിഹാര തുക നിർണ്ണയിക്കുന്നതിനുവേണ്ടി ഭൂമിയുടെയും കെട്ടിടങ്ങളുടെയും വിലനിർണ്ണയം ലാൻഡ് അക്വിസിഷൻ ഓഫീസർ മുഖേന പുരോഗമിച്ചുവരികയാണ്.

<u>മേലെചൊവ്വ അണ്ടർപാസ്</u>.

പദ്ധതിയുടെ ഭൂമി ഏറ്റെടുക്കലിന് 19(1) പ്രഖ്യാപനം നടത്തിയിട്ടുള്ളതും ആവശ്യമായ നഷ്ടപരിഹാര തുക ലാൻഡ് അക്വിസിഷൻ ഓഫീസർക്ക് കൈമാറിയിട്ടുള്ളതും ഭൂമി ഏറ്റെടുക്കൽ നടപടി അന്തിമഘട്ടത്തിലുമാണ്.

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾക്ക് എന്തെങ്കിലും തടസ്സമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മേലെചൊവ്വ അണ്ടർപാസ്, തെക്കി-ബസാർ ഫ്ലൈഓവർ എന്നീ പദ്ധതികളോടൊന്നിച്ച് കണ്ണൂർ നഗരത്തിൽ നടപ്പാക്കിവരുന്ന സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിയുടെ സംയോജനഭാഗം നേർരേഖയിലാണ് എന്ന് ഉറപ്പുവരുത്തുന്നതിനായി നടത്തിയ സംയുക്ത പരിശോധനയിൽ ഇരുപദ്ധതികളുടെയും മദ്ധ്യരേഖയിൽ ചെറിയ വ്യതിയാനം ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ടി പ്രശ്നം പരിഹരിക്കുന്നതിന് ഏതാനും ഭൂമികൂടി ഏറ്റെടുക്കേണ്ടതുണ്ട്. ആയതിന്റെ വിസ്തീർണ്ണം, സർവ്വേ നമ്പർ

എന്നിവ തിട്ടപ്പെടുത്തുന്നത് പൂർത്തിയായിട്ടുള്ളതും ടി ഭൂമിയും അതിലുൾപ്പെട്ട കെട്ടിടങ്ങളും ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശം തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള അന്തിമ നടപടിയിലുമാണ്. ഇത് തുടങ്ങിയിട്ടുള്ള എൽ.എ. നടപടികൾക്ക് തടസ്സമല്ല.

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ആയത് എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഭൂമി ഏറ്റെടുത്ത് ലഭിക്കുന്ന മുറയ്ക്ക് ഉദ്ദേശം രണ്ട് വർഷക്കാലയളവിനുള്ളിൽ ടി പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

## ചാത്തന്നൂർ-പരവൂർ-പാരിപ്പള്ളി റോഡിന്റെ നവീകരണം

22 (3020) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നവീകരിക്കുവാൻ ഭരണാനുമതി നൽകിയിട്ടുള്ള ചാത്തന്നൂർ-പരവൂർ-പാരിപ്പള്ളി റോഡിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതിയും പുരോഗതിയും വ്യക്തമാക്കുമോ?

ചാത്തന്നൂർ-പരവൂർ-പാരിപ്പള്ളി റോഡിന്റെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. എന്നാൽ ടി ഡി.പി.ആർ. കിഫ്ബി മാനദണ്ഡങ്ങൾപ്രകാരം പുനഃസമർപ്പിക്കാൻ ആവശ്യപ്പെട്ടതുപ്രകാരം ഡി.പി.ആർ. തയ്യാറാക്കുന്നതിന് പി.ഡബ്ല്യൂ.ഡി. പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റിനെ ചുമതലപ്പെടുത്തുകയും ആവശ്യമായ അധിക വിവരങ്ങൾ RIQCL തിരുവനന്തപുരം കാര്യാലയം മുഖേന ഇൻവെസ്റ്റിഗേഷൻ നടത്തി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതിൻപ്രകാരമുള്ള ഡി.പി.ആർ. തയ്യാറാക്കി വരികയാണ്.

(ബി) പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തിയാക്കി റോഡിന്റെ നവീകരണ പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ കഴിയുമെന്നും നിലവിലെ കാലതാമസത്തിനുള്ള കാരണമെന്തെന്നും വ്യക്തമാക്കുമോ?

ഡി.എൽ.പി. പിരീയഡിലായതിനാൽ ചാത്തന്നൂർ തിരുമുക്ക് മുതൽ മീനാട് വരെയുള്ള 1.5 കി.മീ. സ്ട്രെച്ച് മുൻപ് പ്രസ്തുത പ്രവൃത്തിയിൽ ഉൾപ്പെടുത്താൻ സാധിച്ചിരുന്നില്ല. ഇപ്പോൾ ഡിഫക്ട് ലയബിലിറ്റി പീരിയഡ് കഴിഞ്ഞതിനാൽ, ടി

ഭാഗത്തുകൂടി പുതിയതായി ഇൻവെസ്റ്റിഗേഷൻ നടത്തുകയും അതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ PPU വിഭാഗത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാകുന്ന മുറയ്ക്ക് കിഫ്ബിയിൽ സമർപ്പിച്ച് സാമ്പത്തിക അനുമതി ലഭ്യമാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) കൊല്ലം ഗവൺമെന്റ് മെഡിക്കൽ കോളേജിലേയ്ക്കും പരവൂർ പട്ടണത്തിലേയ്ക്കും എത്തിച്ചേരാനുള്ള പ്രസ്തുത സുപ്രധാന പാത ഗതാഗത യോഗ്യമാക്കുന്നതിന് പ്രഥമ പരിഗണന നൽകേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന് എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

പ്രസ്തുത റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് പ്രഥമ പരിഗണന നൽകുന്നുണ്ട്. പ്രവൃത്തിയുടെ തൃപ്തികരമായ പൂർത്തീകരണത്തിനായി മുൻപ് ഉൾപ്പെടുത്താൻ കഴിയാതെപോയ ചാത്തന്നൂർ തിരുമുക്ക് മുതൽ മീനാട് വരെയുള്ള 1.5 കി.മി കൂടി ഉൾപ്പെടുത്തിയാണ് പുതിയ ഡി.പി.ആർ. തയ്യാറാക്കി വരുന്നത്. പ്രസ്തുത റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് പ്രഥമ പരിഗണന നൽകുന്നുണ്ട്. പ്രവൃത്തിയുടെ തൃപ്തികരമായ പൂർത്തീകരണത്തിനായി മുൻപ് ഉൾപ്പെടുത്താൻ കഴിയാതെപോയ ചാത്തന്നൂർ തിരുമുക്ക് മുതൽ മീനാട് വരെയുള്ള 1.5 കി.മി. കൂടി ഉൾപ്പെടുത്തിയാണ് പുതിയ ഡി.പി.ആർ. തയ്യാറാക്കി വരുന്നത്.

**കുന്നംകുളം നഗരവികസനം**

23 (3021) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം നഗരവികസനവുമായി ബന്ധപ്പെട്ട കിഫ്ബി വഴിയുള്ള പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

1. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കുന്നംകുളം മുനിസിപ്പാലിറ്റി റോഡ് ഡെവലപ്മെന്റ് പ്രോജക്ടിന് (ജംഗ്ഷൻ ഇംപ്രൂവ്മെന്റ്) 50 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബി 89.83 കോടി രൂപയുടെ സാമ്പത്തിക അനുമതി 28-10-2020-ൽ നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയിൽ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് കെ.ആർ.എഫ്.ബി.-യുടെ ഫീൽഡ് ഓഫീസിൽനിന്നും പ്രൈസിൽ സമർപ്പിച്ചത് ആവശ്യമായ മാറ്റം വരുത്തി പുനഃസമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

2. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കുന്നംകുളം മുനിസിപ്പാലിറ്റി റിംഗ് റോഡ് ഡെവലപ്മെന്റ് പദ്ധതിക്ക് 25 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. 28-10-2020-ൽ കിഫ്ബി 62.96 കോടി രൂപയുടെ സാമ്പത്തിക അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയിൽ അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് കെ.ആർ.എഫ്.ബി.-യുടെ ഫീൽഡ് ഓഫീസിൽനിന്നും പ്രൈസിൽ സമർപ്പിച്ചത് ആവശ്യമായ മാറ്റം വരുത്തി പുനഃസമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥലത്തെ ജംഗ്ഷൻ വികസനത്തിന്റെയും റിംഗ് റോഡ് പദ്ധതിയുടെയും അടങ്കൽ തുക എത്രയാണ്; 2017-18-ലെ ബജറ്റിൽ പ്രഖ്യാപിച്ച പ്രസ്തുത പദ്ധതിയുടെ കാലതാമസം ഒഴിവാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ലഭ്യമായാലുടൻ അടങ്കൽ തുക നിർണ്ണയിച്ച് സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ ആരംഭിക്കാവുന്നതാണ്.

## നിലമ്പൂർ സെക്ഷൻ ഓഫീസിന് വാഹനം

24 (3022) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകളുടെ കിലോമീറ്റർ ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കാമോ; ആകെ എത്ര കി.മീ. പൊതുമരാമത്ത് റോഡുകളാണ് നിലമ്പൂരിലുള്ളതെന്നും അറിയിക്കാമോ?

നിലമ്പൂർ മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പ് സെക്ഷൻ ഓഫീസിന് കീഴിൽ സംസ്ഥാന പാത 60.6 കി.മീറ്ററും പ്രധാന ജില്ലാ റോഡുകൾ 203.625 കി.മീ ആണുള്ളത്. ഇതിൽ 202.035 കി.മീ. പൊതുമരാമത്ത് റോഡുകൾ നിലമ്പൂർ മണ്ഡലത്തിലുണ്ട്.

(ബി) നിലമ്പൂർ സെക്ഷൻ ഓഫീസിലെ ജീവനക്കാർ ഓഫീസ് വാഹനം ഇല്ലാതെ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പൊതുമരാമത്ത് വകുപ്പ് സെക്ഷൻ ഓഫീസുകൾക്ക് ഓഫീസ് വാഹനങ്ങൾ അനുവദിക്കാറുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. നിലവിൽ സബ്ഡിവിഷൻ വരെയുള്ള ഓഫീസുകൾക്കാണ് സർക്കാർ വാഹനം അനുവദിച്ചിട്ടുള്ളത്. സബ്ഡിവിഷൻ ഓഫീസുകളുമായി സഹകരിച്ച് സെക്ഷൻ ഓഫീസുകൾ വാഹനങ്ങൾ പങ്കിട്ട് ഉപയോഗിക്കുന്നുണ്ട്.

(സി) നിലമ്പൂർ സെക്ഷന് കീഴിലെ ജീവനക്കാർ ഔദ്യോഗിക പരിശോധനകൾക്കും സ്ഥലസന്ദർശനങ്ങൾക്കും സ്വകാര്യ വാഹനങ്ങളെയാണോ ആശ്രയിക്കുന്നതെന്നും ആയതിന്റെ ചെലവുകൾ ജീവനക്കാർ വ്യക്തിപരമായിട്ടാണോ വഹിക്കുന്നതെന്നും അറിയിക്കാമോ?

നിലമ്പൂർ സെക്ഷന് കീഴിലെ ജീവനക്കാർ ഔദ്യോഗിക ആവശ്യങ്ങൾക്ക് സ്വകാര്യ വാഹനങ്ങളെ ആശ്രയിക്കുന്നുണ്ട്.

(ഡി) മലയോര പ്രദേശമായതിനാലും മണ്ണിടിച്ചിൽ ഭീഷണിയുള്ളതും അന്തർ സംസ്ഥാന പൊതുമരാമത്ത് റോഡുകളുള്ളതും ആയതിനാലും നിലമ്പൂർ സെക്ഷൻ ഓഫീസിന് വാഹനം നൽകുന്നതിനോ യാത്രാബത്ത അനുവദിക്കുന്നതിനോ ഉള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഇതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിൽ ലഭിക്കുന്നമുറയ്ക്ക് ഈ വിഷയം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളു ന്നതാണ്.

## നാദാപുരം മണ്ഡലത്തിൽ കിഫ്ബി വഴി പ്രഖ്യാപിച്ച റോഡിന്റെ പുനർനാമകരണം

25 (3023) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം മണ്ഡലത്തിൽ കിഫ്ബി വഴി പ്രഖ്യാപിച്ച കായപ്പനച്ചി-കുന്നംചിറ-ചുണ്ടയിൽ-പുതിയങ്ങാടി റോഡിന് ചുണ്ടയിൽ സ്ഥലം ലഭിക്കാത്ത സാഹചര്യത്തിൽ ചുണ്ടയിൽ ഒഴിവാക്കി പുതിയങ്ങാടി എന്ന സ്ഥലത്തിന്റെ നൂറ് മീറ്റർ ഇപ്പുറമുള്ള കായപ്പനച്ചി-കുന്നംചിറ-എടച്ചേരി എന്ന് പുനർനാമകരണം ചെയ്യാൻ സ്ഥലം എം.എൽ.എ. നൽകിയ കത്തിന്മേൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

'കായപ്പനച്ചി ചുണ്ടയിൽ പുതിയങ്ങാടി' എന്ന റോഡ് പ്രവൃത്തി 'കായപ്പനച്ചി കുന്നംചിറ എടച്ചേരി (പുതിയങ്ങാടി)' എന്ന് പുനർനാമകരണം ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള റോഡ് ഫണ്ട് ബോർഡ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിക്കുകയും ഇക്കാര്യത്തിൽ വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന് നിർദ്ദേശം നൽകുകയുമുണ്ടായി.

## പുണ്ടൂർ-നെക്രാംപാറ-അർളട്ടക്ക റോഡ് പുനർനിർമ്മാണം

26 (3024) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നിയോജകമണ്ഡലത്തിലെ പുണ്ടൂർ-നെക്രാംപാറ-അർളട്ടക്ക റോഡ് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ളതാണോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തത് ഏത് വർഷത്തിലാണ്; നാളിതുവരെ വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെ; ചെലവഴിച്ച തുക എത്ര; പ്രസ്തുത റോഡിന്റെ നീളവും വീതിയും എത്ര; വിശദമാക്കുമോ?

(എ&ബി) നെക്രാംപാറ-അർളട്ടക്ക-കൊടിമൂല-പുണ്ടൂർ-നാരമ്പാടി-ഏത്തടുക്ക റോഡ് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡാണ്. 2012-ലെ ഉത്തരവുപ്രകാരമാണ് പ്രസ്തുത റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുള്ളത്. പ്രസ്തുത റോഡിന് 13.50 കി.മീ. നീളം ഉണ്ട്. റോഡിന്റെ ക്യാരേജ്‌വേയുടെ വീതി ഉദ്ദേശം 3 കിലോമീറ്ററോളം ഭാഗത്ത് 3.8 മീറ്ററും ബാക്കിയുള്ള ഭാഗങ്ങളിൽ 5.5 മീറ്ററും ആണ്. കഴിഞ്ഞ 5 വർഷക്കാലത്തിൽ പ്രസ്തുത റോഡിൽ നടത്തിയ പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.* പ്രസ്തുത പ്രവൃത്തികൾ എല്ലാംതന്നെ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത റോഡിന്റെ പുനർനിർമ്മാണം കിഫ്ബിയിൽ ഉൾപ്പെടുത്തി ബജറ്റിൽ പ്രഖ്യാപനം നടത്തിയിരുന്നോ; എങ്കിൽ ഏത് വർഷത്തെ ബജറ്റിലായിരുന്നു; വ്യക്തമാക്കുമോ ;

(ഡി) കിഫ്ബിയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ബജറ്റ് പ്രഖ്യാപനത്തിനുശേഷം സ്വീകരിച്ച തുടർനടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) കിഫ്ബി പ്രസ്തുത റോഡ് ഉപേക്ഷിച്ചിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം എന്ത്; ആയത് ഏത് ഫണ്ടുപയോഗിച്ച് പുനർനിർമ്മിക്കാനാണുദ്ദേശിക്കുന്നത്; വിശദാംശം നൽകാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി-ഇ) നെക്രംപാറ ഏത്തടുക്ക എന്ന പ്രവൃത്തി കിഫ്ബിയിൽ ഉൾപ്പെടുത്തി 2017-18 വർഷം പ്രഖ്യാപനം നടത്തിയിരുന്നു. പ്രസ്തുത പ്രവൃത്തിക്ക് 10-7-2017-ലെ സ.ഉ.(സാധാ) നമ്പർ 942/2017/പൊ.മ.വ. പ്രകാരം 15 കോടി രൂപയുടെ തത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട്. നെക്രംപാറ മുതൽ കരുക്കത്തടുക്ക വരെയുള്ള 11.60 കി.മീ. നീളവും 5.50 മീറ്റർ വീതിയുമുള്ള റോഡിന്റെ വിശദമായ പദ്ധതി രേഖ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന് കിഫ്ബി ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് നൽകി. ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ടിന്റെ മറുപടി കിഫ്ബിക്ക് സമർപ്പിക്കേണ്ടതുണ്ട്. ആയത് കേരള റോഡ് ഫണ്ട് ബോർഡ് ഫീൽഡ് ഓഫീസ് മുഖേന ലഭ്യമാക്കി കിഫ്ബിയിൽ സമർപ്പിച്ച് സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കോഴിക്കോട് വിമാനത്താവളത്തിലേയ്ക്കുള്ള പുതിയ റോഡ് നിർമ്മാണം**

27 (3025) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

രാമനാട്ടുകരയിൽനിന്നും കോഴിക്കോട് വിമാനത്താവളത്തിലേയ്ക്ക് പുതിയ റോഡ് നിർമ്മിക്കുന്നതിനോ കോഴിക്കോട്-പാലക്കാട് ദേശീയപാത വീതി കൂട്ടുന്നതിനോ പുതിയ പദ്ധതിയുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കോഴിക്കോട്-മലപ്പുറം-പാലക്കാട് ജില്ലകളെ ബന്ധിപ്പിക്കുന്ന ദേശീയപാത 966-നെ കേന്ദ്ര സർക്കാർ ഭാരത്മാല പരിയോജനയിൽ ഉൾപ്പെടുത്തി 4/6 വരിപ്പാതയാക്കി വികസിപ്പിക്കുന്നതിന് എൻ.എച്ച്.എ.ഐ.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എൻ.എച്ച്.എ.ഐ.-യുടെ പുതിയ അലൈൻമെന്റിൽ കോഴിക്കോട് മുതൽ കാലിക്കറ്റ് എയർപോർട്ട് ജംഗ്ഷൻ വരെയുള്ള എൻ.എച്ച്.-966-ന്റെ ഭാഗം ഉൾപ്പെട്ടിട്ടില്ല. 23-9-2021-ന് കോഴിക്കോട് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഓൺലൈനായി നടത്തിയ ജില്ലാ ഇൻഫ്രാസ്ട്രക്ചർ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗത്തിൽ രാമനാട്ടുകര മുതൽ എയർപോർട്ട് ജംഗ്ഷൻവരെയുള്ള ഭാഗം നാലുവരിപ്പാതയാക്കുന്നതിനുള്ള അലൈൻമെന്റ്, ഇൻവെസ്റ്റിഗേഷൻ എന്നിവ നടത്തുന്നതിന് നാഷണൽ ഹൈവേ എക്സിക്യൂട്ടീവ് എഞ്ചിനീയർ കോഴിക്കോടിന് നിർദ്ദേശം നൽകുകയും കോഴിക്കോട് ജില്ലാ കളക്ടറോട് പ്രസ്തുത പ്രവൃത്തി പ്രത്യേകം

മോണിറ്റർ ചെയ്യുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. പ്രസ്തുത നിർദ്ദേശപ്രകാരം രാമനാട്ടുകര മുതൽ എയർപോർട്ട് ജംഗ്ഷൻ വരെയുള്ള എൻ.എച്ച്-966-ന്റെ ഭാഗം വികസിപ്പിക്കുന്നതിനുവേണ്ടി ഡി.പി.ആർ. തയ്യാറാക്കുന്നതിനുവേണ്ടിയുള്ള അലൈൻമെന്റ്, ഇൻവെസ്റ്റിഗേഷൻ എന്നീ പ്രവൃത്തികൾക്കുവേണ്ടി 33.70 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി പരിശോധിച്ചുവരുന്നു.

**നെടുമുടി-കുപ്പപ്പുറം റോഡ് പരിഷ്കരണം**

28 (3026) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമുടി-കുപ്പപ്പുറം റോഡിൽ മുട്ടേൽ ഭാഗം മുതൽ കുപ്പപ്പുറം വരെയുള്ള റോഡ് ചെറിയ വെള്ളപ്പൊക്കത്തിൽപോലും മുങ്ങി യാത്ര തടസ്സപ്പെടുന്നതിനാൽ പ്രസ്തുത ഭാഗം ഉയർത്തി ടാർ ചെയ്യുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) ബഡ്ജറ്റ് പ്രൊവിഷനുള്ള പ്രസ്തുത റോഡിന്റെ ഒരുഭാഗം ഉയർത്തി പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശം നിരസിക്കാൻ കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റോഡ് അടിയന്തരമായി പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(എ-സി) പ്രസ്തുത പ്രവൃത്തിക്ക് 2021-22-ലെ ബഡ്ജറ്റിൽ 100 രൂപ ടോക്കൺ പ്രൊവിഷനാണ് വകയിരുത്തിയിട്ടുള്ളത്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമായിട്ടില്ല. ലഭ്യമാകുന്നമുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ**

29 (3027) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകളുടെ പട്ടിക ലഭ്യമാക്കുമോ; പ്രസ്തുത റോഡുകൾ ഓരോന്നിന്റെയും നീളം എത്രയെന്ന് വ്യക്തമാക്കുമോ?

വിശദവിവരം അനുബന്ധം ആയി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മുൻ സർക്കാരിന്റെ കാലത്ത് ഇവയിൽ ഏതെല്ലാം റോഡുകളാണ് എസ്.എൽ.റ്റി.എഫ്. ഫണ്ട് ഉൾപ്പെടെയുള്ളവ ഉപയോഗിച്ച് നവീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ അവസ്ഥയും വ്യക്തമാക്കുമോ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

(ബി&സി) വിശദവിവരം അനുബന്ധം ആയി ചേർക്കുന്നു.*

**കോഴിക്കോട് നഗരപാത വികസന പദ്ധതി**

30 (3028) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരപാത വികസനം രണ്ടാം ഘട്ട പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പനാത്തുതാഴം - ഗാന്ധിറോഡിൽ സരോവരം പ്രദേശത്ത് മേല്പാലം നിർമ്മാണത്തിന് നടപടി സ്വീകരിക്കുമോ; ആയതിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

(എ&ബി) കോഴിക്കോട് നഗരപാത വികസന പദ്ധതി രണ്ടാം ഘട്ടത്തിൽ 10 കോറിഡോറുകളിലായി 28.84 കി.മീ. വികസിപ്പിക്കുന്നതിന് തയ്യാറാക്കിയ വിശദമായ പദ്ധതി രൂപരേഖ (ഡി.പി.ആർ.) പ്രകാരം ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. പ്രസ്തുത 10 റോഡുകളുടെ പേര് അനുബന്ധമായി ചേർക്കുന്നു.* ടി പ്രവൃത്തിക്കായി 342.62 കോടി രൂപ (സ്ഥലമേറ്റെടുപ്പ് ഇല്ലാതെ) അടങ്കൽ തുകയായി കണക്കാക്കിയിട്ടുണ്ട്. സ്ഥലമേറ്റെടുപ്പിനായി ഏകദേശം 277.87 കോടി രൂപ ആവശ്യമായിവരും. ഇതിൽ കോറിഡോർ 4, 5, 6, 9-ൽ നാലുവരി പാതയായും ബാക്കി കോറിഡോറുകളിൽ രണ്ട് വരി പാതയായുമാണ് ഡി.പി.ആർ. തയ്യാറാക്കിയിട്ടുള്ളത്. കോറിഡോറിന്റെ നടപ്പാതയുടെ വീതി 1.8 & 2.0 മീറ്ററാണ്. ഈ പദ്ധതിയിൽ നാല് വരിപാതയായ പനാത്തുതാഴം മേൽപാലവും (394.05 മീറ്റർ), കോറിഡോർ 2, 4, 6, 7-ൽ ചെറിയ പാലങ്ങളും ഉൾക്കൊള്ളിച്ച് നടപ്പിലാക്കാനാണ് ഡി.പി.ആർ. തയ്യാറാക്കിയിട്ടുള്ളത്.

(സി) പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി ഇതൊരു ഡിസൈൻ-ബിൽഡ്-ഫിനാൻസ്-ഓപ്പറേറ്റ്-ട്രാൻസ്ഫർ (ഡി.ബി.എഫ്.ഒ.റ്റി.) മാതൃകയിൽ നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കല്ല്യാശ്ശേരി മണ്ഡലത്തിലെ കുപ്പം-ചുടല-പാണപ്പുഴ-എടക്കോം റോഡ് പ്രവൃത്തി

31 (3029) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള റോഡ് ഫണ്ട് ബോർഡ് മുഖേന വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ച് കിഫ്ബി ധനകാര്യ അനുമതി നൽകിയ കല്ല്യാശ്ശേരി മണ്ഡലത്തിലെ കുപ്പം-ചുടല-പാണപ്പുഴ-എടക്കോം റോഡിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ; പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കുപ്പം-ചുടല-പാണപ്പുഴ-എടക്കോം റോഡ് പ്രവൃത്തിക്ക് 9-10-2018-ൽ 52.66 കോടി രൂപയ്ക്ക് കരാർ നൽകി. പ്രവൃത്തിയുടെ കാലാവധി 31-10-2021 വരെ നീട്ടി നൽകിയിട്ടുണ്ട്. നിലവിൽ 12 കി.മീ. ഡി.ബി.എം. പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന്റെ മരണത്തെത്തുടർന്ന് കരാർ റദ്ദായി. ഇക്കാര്യത്തിലെ തുടർനടപടികൾ സംബന്ധിച്ച നിയമവശങ്ങളും സാങ്കേതിക വശങ്ങളും പരിശോധിച്ച് പ്രവൃത്തി തുടരുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കൂത്തുപറമ്പ് കെ.എസ്.ടി.പി. റോഡിന്റെ പ്രവർത്തന പുരോഗതി

32 (3030) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ തലശ്ശേരി വളവുപാറ റോഡിൽ, കൂത്തുപറമ്പ് പട്ടണത്തിൽ നടക്കുന്ന കെ.എസ്.ടി.പി.-യുടെ പ്രവർത്തനം മന്ദഗതിയിലായതിനാൽ വാഹനങ്ങൾക്കും പൊതുജനങ്ങൾക്കും അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) തലശ്ശേരി– കൂത്തുപറമ്പ്– മട്ടന്നൂർ റോഡിൽ കെ.എസ്.ടി.പി.-യുടെ എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിക്കാൻ ബാക്കിയുള്ളതെന്ന് വിശദമാക്കാമോ?

3 ജംഗ്ഷനുകളിൽ സിഗ്നൽ നിർമ്മാണം, ബസ്ബെ, ബസ് ഷെൽട്ടർ, സോളാർ സ്ട്രീറ്റ് ലൈറ്റ്, ഹാൻഡ് റെയിൽ, ഫുട്ട്പാത്ത് ടൈലിംഗ്, സൈൻബോർഡ്, 4 സ്ഥലങ്ങളിലായി 780 മീറ്റർ കോൺക്രീറ്റ് ഡ്രെയിനുകളുടെ നിർമ്മാണം, എരഞ്ഞോളി പാലത്തിന്റെ അപ്രോച്ച് റോഡ് പ്രവൃത്തി എന്നിവ പൂർത്തീകരിക്കാൻ ബാക്കിയുണ്ട്.

(സി) പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തി 2021 നവംബർ മാസത്തോടെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## ഒറ്റപ്പാലം മണ്ഡലത്തിൽ ബി.എം. ആൻഡ് ബി.സി. ചെയ്ത് നവീകരിക്കുന്ന റോഡുകൾ

33 (3031) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിൽ ഒറ്റപ്പാലം മണ്ഡലത്തിൽ നിലവിലുള്ള റോഡുകളിൽ ബി.എം. ആൻഡ് ബി.സി. ചെയ്ത് നവീകരിക്കാൻ ബാക്കിയുള്ളത് എത്ര കിലോമീറ്റർ റോഡ് ആണെന്ന് അറിയിക്കാമോ?

57.12 കിലോമീറ്റർ റോഡ്.

(ബി) ബി.എം. ആൻഡ് ബി.സി. ചെയ്യാൻ ബാക്കിയുള്ള ഒറ്റപ്പാലം മണ്ഡലത്തിലെ റോഡുകളും അതിന്റെ ദൂരവും വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) നിലവിൽ ബി.എം. ആൻഡ് ബി.സി. ചെയ്യാത്ത പൊതുമരാമത്ത് റോഡുകൾ അപ്രകാരം ചെയ്ത് നവീകരിക്കുന്നതിന് ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

1. Ambalappara-Melur-Kozhur road km 0/000 to 1/500 വരെ ബി.എം. & ബി.സി. ചെയ്ത് നവീകരിക്കുന്നതിന് 2020-21 എസ്.എൽ.ടി.എഫ്.-ൽ ഉൾപ്പെടുത്തി ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.
2. Pathirippala -Chantha - Kripalani Road km 0/000 to 3/000 വരെ ബി.എം.&ബി.സി. ചെയ്ത് നവീകരിക്കുന്നത് RIDF-XXVII നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തുന്നതിനായി നിരത്തുവിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിൽ പരിശോധിച്ചു വരുന്നു. മറ്റുള്ള റോഡുകളുടെ നവീകരണത്തിന് നിലവിൽ പദ്ധതി കളൊന്നും ആവിഷ്കരിച്ചിട്ടില്ല. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഈ പ്രവൃത്തികൾ നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പട്ടാമ്പി മണ്ഡലത്തിലെ ടെണ്ടർ നടപടി പൂർത്തിയായ റോഡുകളുടെ തുടർപ്രവൃത്തികൾ

34 (3032) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പി മണ്ഡലത്തിൽ ടെണ്ടർ നടപടികൾ പൂർത്തിയായ റോഡുകളിൽ വാട്ടർ അതോറിറ്റി പൈപ്പ് ലൈനുകൾ സ്ഥാപിക്കാൻ വൈകുന്നതിനാൽ തുടർപ്രവൃത്തികൾ നടത്തുവാൻ സാധിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാം റോഡുകളാണെന്നും പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടാമ്പി മണ്ഡലത്തിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച റോഡുകളിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈനുകൾ സ്ഥാപിക്കുവാൻ വൈകുന്നതിനാൽ തുടർപ്രവൃത്തികൾ നടത്തുവാൻ സാധിക്കാത്ത പ്രവൃത്തികൾ താഴെ പറയുന്നവയാണ്.

1. NABARD RIDF XXIV Improvements & BM&BC to Thiruvegappura - Pallippuram road km 0/000 - 5/025 in Pattambi LAC
2. Improvements & Providing BM&BC to Kaipram - Vilathur - Chembra road km 1/000 - 5/000
3. BC Overlay to Valanchery Koppam road km 5/035 to 13/525 in Pattambi LAC
4. Providing drainage facilities and Improvements to Koppam Town in Pattambi LAC in Palakkad District.
5. Providing BM&BC to Pattambi Veterinary Hospital - Muthuthala road km 0/000 - 8/000 in Palakkad District.
6. Improvements by providing BM&BC to Koorachipadi Naduvattam road km 1/000 - 3/400.

മുകളിൽ പരാമർശിച്ചിട്ടുള്ള പാതകളിൽ കൂരാച്ചിപ്പടി-നടുവട്ടം റോഡ്, കൈപ്രം-വിളത്തൂർ-ചെമ്പ്ര റോഡ്, തിരുവേഗപ്പുറ-പള്ളിപ്പുറം റോഡ് എന്നിവയിൽ കേരള വാട്ടർ അതോറിറ്റിയുടെ ജൽജീവൻ മിഷൻ പ്രവൃത്തിയുമായി ബന്ധപ്പെട്ട് റെസ്റ്റോറേഷൻ ചാർജ്ജ് അടയ്ക്കുന്നതിനായി 3-8-2021, 23-9-2021, 30-9-2021

എന്നീ തീയതികളിൽ പൊതുമരാമത്ത് വകുപ്പ് കേരള വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ട്. ആയത് നാളിതുവരെയായി അടച്ചിട്ടില്ല. തുക അടച്ചതിനുശേഷം പൈപ്പിടുന്ന പ്രവൃത്തി കേരള വാട്ടർ അതോറിറ്റി പൂർത്തീകരിച്ചെങ്കിൽ മാത്രമേ റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കാൻ കഴിയുകയുള്ളൂ. കൊപ്പം-വളാഞ്ചേരി റോഡിൽ കേരള വാട്ടർ അതോറിറ്റി ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി അടയ്ക്കേണ്ട റെസ്റ്റോറേഷൻ ചാർജ്ജ് അടയ്ക്കുന്നതിനായി 30-9-2021-ന് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. ആയത് നാളിതുവരെയായി അടച്ചിട്ടില്ല. റോഡിലെ കുഴികൾ താൽകാലികമായി അടച്ച് റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. പട്ടാമ്പി വെറ്ററിനറി ഹോസ്പിറ്റൽ റോഡിൽ കേരള വാട്ടർ അതോറിറ്റി ജൽജീവൻ മിഷൻ പ്രവൃത്തിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പൂർത്തീകരിച്ചെങ്കിൽ മാത്രമേ റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ പുനഃരാരംഭിക്കാൻ സാധിക്കുകയുള്ളൂ. കൊപ്പം ടൗൺ നവീകരണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ട്രാൻസ്ഫോർമറുകളും മറ്റ് ഇലക്ട്രിക് പോസ്റ്റുകളും മാറ്റേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പും കെ.എസ്.ഇ.ബി.-യും ഒരു ജോയിന്റ് ഇൻസ്പെക്ഷൻ 12-10-2021-ന് നടത്തിയിട്ടുണ്ട്.

## ഹരിപ്പാട് റിംഗ് റോഡുകൾ

35 (3033) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നഗരസഭാ പരിധിയിലേയും നഗര കേന്ദ്രത്തിലേയും തിരക്ക് ഒഴിവാക്കുന്നതിന് റിംഗ് റോഡുകൾ നിർമ്മിക്കുന്നകാര്യം പരിഗണിക്കുമോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നും ഏതെല്ലാം റോഡുകൾ കൂട്ടിയിണക്കിയാണ് റിംഗ് റോഡുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

(എ&ബി) പ്രസ്തുത വിഷയം നിലവിൽ പരിഗണനയിലില്ല.

## കൽപ്പറ്റ നിയോജകമണ്ഡലത്തിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച റോഡുകൾ

36 (3034) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ 2016 മുതൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച/നിർമ്മിക്കുന്ന റോഡുകളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

LAC-ADS 2015-16-ൽ ഉൾപ്പെട്ട കമ്പളക്കാട്-പരിയാരം പാറയ്ക്കൽ റോഡിന്റെ പ്രവൃത്തി മാത്രമാണ് എം.എൽ.എ. ഫണ്ടുപയോഗിച്ച് നടത്തിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തിക്കായി 71,00,000 രൂപ അനുവദിച്ചിട്ടുണ്ട്. 14-12-2017-ന് ആരംഭിച്ച പ്രവൃത്തി 17-9-2018-ന് പൂർത്തീകരിക്കുകയും 16-3-2020-ന് ബാധ്യതാ കാലയളവ് പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.

(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണത്തിൽ നിലവിൽ എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നേരിടുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ അത്തരം തടസ്സങ്ങൾ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

(ബി&സി) നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും നടന്നുവരുന്നില്ല.

**വണ്ടൂർ മണ്ഡലത്തിലെ റോഡ് പ്രവൃത്തികൾ**

37 (3035) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടൂർ മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പൂക്കോട്ടുംപാടം-കാളികാവ്-കേരള എസ്റ്റേറ്റ് കിഴക്കേത്തല (കരുവാരക്കുണ്ട്) ചിറക്കൽ മലയോര ഹൈവേ റോഡ് പ്രവൃത്തിയുടെ ടെണ്ടർ നടപടികളെല്ലാം പൂർത്തിയായിട്ടും ഇതുവരെ പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തടസ്സങ്ങൾ പരിഹരിച്ച് പ്രവൃത്തി എത്രയുംപെട്ടെന്ന് ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും റോഡ് പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

(എ&ബി) പൂക്കോട്ടുംപാടം-കാളികാവ് കേരള എസ്റ്റേറ്റ് കിഴക്കേത്തല (കരുവാരക്കുണ്ട്) ചിറക്കൽ മലയോര ഹൈവേ റോഡ് പ്രവൃത്തിയിൽ കാളികാവ് മുതൽ ചിറക്കൽ വരെ 8.7 കിലോമീറ്റർ പ്രവൃത്തി ചെയ്യുന്നതിന് ടെണ്ടർ നടപടികൾ പൂർത്തിയാക്കി, 24-9-2020-ൽ എഗ്രിമെന്റ് നമ്പർ 14/PWD013-10/PD/PMU KRFB/2020-21 പ്രകാരം പ്രവൃത്തിയുടെ കരാർ നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത പ്രവൃത്തി 1-10-2020-ന് കരാറുകാരന് പൊതുമരാമത്ത് നിരത്തുവിഭാഗം കൈമാറിയിരുന്നെങ്കിലും പ്രവൃത്തി ആരംഭിച്ചിരുന്നില്ല. ഈ കാലയളവിൽ ഭൂമി സർവ്വേയും മരങ്ങളുടെ valuation നടപടികളും പുരോഗമിച്ചു വരികയായിരുന്നു. പ്രസ്തുത പ്രവൃത്തി 4-3-2021-ന് കെ.ആർ.എഫ്.ബി.- പി.എം.യു. മലപ്പുറം വിഭാഗം ഏറ്റെടുത്തതിനുശേഷം മേൽ നടപടികൾ പൂർത്തീകരിച്ചു. മരങ്ങളുടെ സർവ്വേ

റിപ്പോർട്ട് 6-10-2021-ൽ കെ.ആർ.എഫ്.ബി.-പി.എം.യു. പ്രോജക്ട് ഡയറക്ടറുടെ കാര്യാലയത്തിൽനിന്നും അംഗീകരിച്ച് നൽകുകയും ലേലനടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. 11-10-2021-ൽ കരാറുകാരന് പ്രവൃത്തി തുടങ്ങുവാനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന വാണിയമ്പലം-താളിയംകുണ്ട്-പൂളമണ്ണ റോഡ് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത തടസ്സങ്ങൾ പരിഹരിച്ച് പ്രവൃത്തി എത്രയുംപെട്ടെന്ന് ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും റോഡ് പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

(സി&ഡി) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പൂളമണ്ണ-താലിയംകുണ്ട് - വാണിയമ്പലം റോഡ് വീതികൂട്ടി നവീന രീതിയിൽ പുനരുദ്ധരിക്കുന്നതിനായി (4/350 മുതൽ 11/900 വരെ) 21.40 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിക്കുകയുണ്ടായി (ഇതിൽ സ്ഥലം ഏറ്റെടുക്കുന്നതും ഉൾപ്പെടുന്നു). പ്രസ്തുത പ്രവൃത്തിയുടെ 4/350 മുതൽ 6/500 വരെയുള്ള ഭാഗം പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലും 6/500 മുതൽ 11/600 വരെ മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ അധീനതയിലും 11/600 മുതൽ 11/900 വരെ വണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുമാണ്. 16-8-2021-ന് വണ്ടൂർ ഗ്രാമപഞ്ചായത്തും 30-9-2021-ന് മലപ്പുറം ജില്ലാ പഞ്ചായത്തും അവരുടെ അധീനതയിലുള്ള റോഡ് പുനരുദ്ധാരണ പ്രവൃത്തിക്കായി കെ.ആർ.എഫ്.ബി.-ക്ക് വിട്ടുനൽകി. 0.781 ഹെക്ടർ ഭൂമി ഏറ്റെടുക്കുവാനുള്ള റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ ഭരണാനുമതി ലഭിച്ചു. LA നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് സാങ്കേതികാനുമതി നൽകുന്നതിനും പ്രവൃത്തി ടെണ്ടർ ചെയ്ത് ആരംഭിക്കുവാനും കഴിയുന്നതാണ്.

## വൈപ്പിൻ നിയോജകമണ്ഡലം നിവാസികൾ നേരിടുന്ന ബുദ്ധിമുട്ടുകളും വികസനമുരടിപ്പും പരിഹരിക്കാൻ നടപടി

38 (3036) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വല്ലാർപാടം കണ്ടെയ്നർ റോഡിൽ കളമശ്ശേരി മുതൽ വല്ലാർപാടം വരെ കൃത്യമായ സർവ്വീസ് റോഡും ആയതിൽനിന്ന് കണ്ടെയ്നർ റോഡിലേയ്ക്ക് കൃത്യമായ ഇടവേളകളിൽ പ്രവേശനവും ഇല്ലാത്തതിനാൽ വൈപ്പിൻ നിയോജകമണ്ഡലത്തിലെ മുളവുകാട്, കടമക്കുടി പഞ്ചായത്ത് നിവാസികളും ചേരാനല്ലൂർ പഞ്ചായത്തുകാരും നേരിടുന്ന ബുദ്ധിമുട്ടുകളും വികസന മുരടിപ്പും പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

(എ&ബി) എൻ.എച്ച്. 966 എ-യിൽ ഡി.പി.ആർ. പഠന പ്രകാരം ആവശ്യമായ സ്ഥലങ്ങളിൽ സർവീസ് റോഡുകൾ നൽകിയിട്ടുണ്ട്. ആകെ 17.121 കി.മീ. ദൂരത്തിലുള്ള എൻ.എച്ച്. 966 എ-യിൽ 10.361 കി.മീ. സർവ്വീസ് റോഡുകൾ നൽകിയിട്ടുണ്ട് സർവ്വീസ് റോഡ് സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഇതുസംബന്ധിച്ച് പൊതുമരാമത്ത് വകുപ്പോ മറ്റേതെങ്കിലും ഏജൻസിയോ പഠനം നടത്തുകയോ റിപ്പോർട്ട് തയ്യാറാക്കുകയോ കൃത്യമായ അപേക്ഷ നാഷണൽ ഹൈവേ അതോറിറ്റിയിൽ സമർപ്പിക്കുകയോ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ ഇതുസംബന്ധിച്ച് പഠനം നടത്തുന്നതിനും മേൽനടപടികൾ സ്വീകരിക്കുന്നതിനും ഏതെങ്കിലും ഏജൻസിയെ ഏല്പിക്കുന്നതിന് തീരുമാനമായിട്ടുണ്ടോ; വ്യക്തമാക്കുമോ?

(സി&ഡി) കളമശ്ശേരി വല്ലാർപാടം സ്ട്രെച്ച് സംബന്ധിച്ച് ദേശീയപാത അതോറിറ്റിയുടെ ഡി.പി.ആർ. കൺസൾട്ടന്റ് പഠനം നടത്തിയിട്ടുണ്ട്. പദ്ധതി പ്രദേശത്തിന്റെ അവസ്ഥയ്ക്കനുയോജ്യമായ വിധത്തിലുള്ള ഡി.പി.ആർ. അംഗീകരിച്ച് അതിനനുസൃതമായാണ് പ്രസ്തുത പാത നിർമ്മിച്ചിരിക്കുന്നത്.

## കൊല്ലം ജില്ലയിലെ മലയോര ഹൈവേ

39 (3037) <u>ശ്രീ. എം. മുകേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ മലയോര ഹൈവേയുടെ നിർമ്മാണ പ്രവൃത്തി എപ്രകാരമാണ് പുരോഗമിക്കുന്നത്; ഏതെല്ലാം റീച്ചുകളിലെ പ്രവൃത്തിയാണ് ആരംഭിച്ചിട്ടുള്ളത്; അവയുടെ നിലവിലെ സ്ഥിതി സഹിതം വിശദവിവരം ലഭ്യമാക്കുമോ?

പുനലൂർ കെ.എസ്.ആർ.ടി.സി. ജംഗ്ഷൻ മുതൽ അഗസ്ത്യക്കോട് വരെയുള്ള 48 കി.മീ. ആണ് മലയോര ഹൈവേയിൽ കൊല്ലം ജില്ലയിലൂടെ കടന്നുപോകുന്നത്. പ്രസ്തുത പ്രവൃത്തിയുടെ 46 കി.മീ. ഡിസംബർ 2020 ഒടുവിൽ പൂർത്തീകരിച്ചു. ബാക്കിയുള്ള 2 കി.മീ. ഭാഗത്തെ പ്രവൃത്തി സ്ഥല പരിമിതിമൂലം തുടങ്ങാൻ സാധിച്ചില്ല.

(ബി) പ്രസ്തുത മലയോര ഹൈവേയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ പ്രക്രിയ എപ്രകാരമാണ് പുരോഗമിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

12 മീറ്റർ വീതിയിൽ നിർമ്മിക്കുന്ന മലയോര ഹൈവേയ്ക്ക് ഫ്രീ സറണ്ടർ ആയാണ് സ്ഥലം ഏറ്റെടുക്കുന്നത്. പുനലൂർ മുതൽ അഗസ്ത്യക്കോട് വരെയുള്ള റീച്ചിലെ 46 കി.മീ.-ലെ സ്ഥലം ഏറ്റെടുക്കൽ നടത്തി പ്രവൃത്തി പൂർത്തീകരിച്ചു. ബാക്കി 2 കി.മീ. പ്രദേശത്ത് 12 മീറ്റർ വീതി ലഭ്യമല്ല.

**ശംഖുംമുഖം -വിമാനത്താവളം റോഡിന്റെ പുനർനിർമ്മാണം**

40 (3038) ശ്രീ. എം. വിൻസെന്റ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് മാസങ്ങളായി തകർന്നുകിടക്കുന്ന ശംഖുംമുഖം-വിമാനത്താവളം റോഡിന്റെ പുനർനിർമ്മാണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

എയർപോർട്ട് ശംഖുംമുഖം റോഡ് പുനർനിർമ്മാണം റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തുന്നതിനാണ് വിഭാവന ചെയ്തിട്ടുള്ളത്. ആദ്യഘട്ടമായ ഡയഫ്രം വാൾ നിർമ്മാണത്തിനായി 429 ലക്ഷം രൂപയും റോഡ് നിർമ്മാണ ത്തിനായി 110 ലക്ഷം രൂപയുമടക്കം 539 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി യിരുന്നു. തുടർന്ന് സെൻട്രൽ റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡിസൈൻ പ്രകാരം റോഡിന്റെ സംരക്ഷണത്തിനായി 245 മീറ്റർ ഡയഫ്രം വാൾ നിർമ്മാണത്തിനായി 10-8-2020-ന് കരാർ ഉടമ്പടി വച്ചിരുന്നു. എന്നാൽ കടൽക്ഷോഭംമൂലം 26-10-2020-ന് മാത്രമാണ് പ്രവൃത്തികൾ ആരംഭിക്കാൻ കഴിഞ്ഞത്. ഡയഫ്രം വാളിന്റെ പ്രവൃത്തി പുരോഗമിക്കവേ ടൗട്ടേ ചുഴലിക്കാറ്റിന്റെ പ്രഭാവത്തിലുണ്ടായ ശക്തമായ പ്രകൃതിക്ഷോഭം കാരണം കടൽത്തീരത്ത് കൂട്ടിയിട്ടിരുന്ന മണ്ണ് കടലെടുക്കുകയും ഗൈഡ് വാൾ ഒലിച്ച് പോകുകയുംചെയ്തു. സമീപകാലങ്ങളിലായി ശംഖുംമുഖം ഉൾപ്പെടെയുള്ള തീരമേഖലകളിൽ മുമ്പുണ്ടായിരുന്നതിൽനിന്നും വ്യത്യസ്തമായി തുടരെത്തുടരെ ശക്തമായ കടലാക്രമണമുണ്ടായിരുന്നു. തുടർന്ന് കടൽ ശാന്തമായമുറയ്ക്ക് 2021 സെപ്റ്റംബർ അവസാനം പ്രവൃത്തികൾ പുനരാരംഭിച്ചുവെങ്കിലും നിരന്തരമായ ന്യൂനമർദ്ദങ്ങൾ ഉണ്ടായതുമൂലം കടൽ വീണ്ടും കരയിലേയ്ക്ക് കയറി പ്രവൃത്തിയുടെ സുഗമമായ നടത്തിപ്പിന് തടസ്സമുണ്ടാകുന്ന രീതിയിൽ നിലകൊള്ളുകയാണ്. എന്നിരുന്നാലും പ്രതികൂല കാലാവസ്ഥയിലും പ്രവൃത്തികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടത്തിവരുന്നു. 2022 ഏപ്രിൽ മാസത്തോടുകൂടി പൂർത്തീകരിക്കുന്ന രീതിയിലാണ് പ്രവൃത്തി ക്രമീകരിച്ചിരിക്കുന്നത്.

(ബി) തലസ്ഥാനത്തെ വിമാനത്താവളത്തിലേയ്ക്കുള്ള റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിൽ സർക്കാരിന് വീഴ്ച സംഭവിച്ചുവെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത ആക്ഷേപം സംസ്ഥാനത്തിന്റെ പ്രതിച്ഛായ നഷ്ടമാകുന്നതിന് കാരണമായി എന്ന വിമർശനം ഗൗരവത്തോടെ കാണുന്നുണ്ടോ;

(സി) ഇതുവരെ നടന്ന അറ്റകുറ്റപ്പണികൾ അശാസ്ത്രീയമായതുകൊണ്ടാണോ റോഡ് വീണ്ടും ഉപയോഗശൂന്യമാകുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ?

(ബി&സി) ഇക്കാര്യത്തിൽ സർക്കാരിൽ വീഴ്ച സംഭവിച്ചിട്ടില്ല. സെൻട്രൽ റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡിസൈൻ ആസ്പദമാക്കിയാണ് ഇതുവരെയുള്ള പ്രവൃത്തികൾ നടത്തിയത്. ഔട്ടേ ചുഴലിക്കാറ്റും ആഗോളതാപനം മൂലമുണ്ടായ കാലാവസ്ഥാ വ്യതിയാനവും തുടർന്നുണ്ടായ ന്യൂനമർദ്ദങ്ങളെ തുടർന്ന് സംഭവിച്ച കടൽക്ഷോഭവുമാണ് നാശനഷ്ടങ്ങൾ സൃഷ്ടിച്ച് പ്രവൃത്തിയുടെ സുഗമമായ പുരോഗതിക്ക് വിഘാതം സൃഷ്ടിച്ചത്.

**പാലാ മണ്ഡലത്തിലെ റോഡ് നവീകരണം**

41 (3039) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മണ്ഡലത്തിലെ ചെർപ്പുങ്കൽ മുത്തോലി ഭരണങ്ങാനം റോഡിന് ഫണ്ട് അനുവദിച്ചിട്ടും റോഡിന്റെ നവീകരണം വർഷങ്ങളായി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പാലാ മണ്ഡലത്തിലെ ചെർപ്പുങ്കൽ ഭരണങ്ങാനം പാരലൽ റോഡിനായി മുത്തോലി ഭരണങ്ങാനം റോഡ് എന്ന പേരിൽ 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽ തയ്യാറാക്കിവരുന്നു. പ്രവൃത്തിയുടെ അലൈൻമെന്റിന്റെ ഫീസിബിലിറ്റി റിപ്പോർട്ട് പരിശോധിച്ച് സമർപ്പിക്കുന്നതിന് കേരള റോഡ് ഫണ്ട് ബോർഡ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ഡിസൈൻ വിഭാഗത്തിൽ സമർപ്പിച്ച് ഡി.പി.ആർ. ലഭ്യമാക്കി സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കുന്നതാണ്.

(ബി) പ്രസ്തുത റോഡിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ; പ്രസ്തുത റോഡുമായി ബന്ധപ്പെട്ട പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

നിലവിൽ ഈ റോഡ് ഗതാഗതയോഗ്യമാണ്. പ്രസ്തുത റോഡുമായി ബന്ധപ്പെട്ട പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കരുവാറ്റ-നെടുമുടി റോഡ് പരിഷ്കരിക്കാൻ നടപടി

42 (3040) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിന്നും എം.സി. റോഡിൽ എത്തിച്ചേരാവുന്ന ഏറ്റവും എളുപ്പമാർഗ്ഗമായ കരുവാറ്റ-നെടുമുടി റോഡ് അടിയന്തരമായി പരിഷ്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കരുവാറ്റ-നെടുമുടി റോഡ്, എം.സി. റോഡിൽ പൂപ്പള്ളിയിൽനിന്നും ആരംഭിച്ച് ഹരിപ്പാട് എൻ.എച്ച്. പവർ ഹൗസ് ജംഗ്ഷൻ വരെ വന്നുചേരുന്ന 17.200 കി.മീ. നീളമുള്ള റോഡാണ്. ഈ റോഡ് പൂർണ്ണതോതിൽ പ്രാവർത്തികമാക്കുന്നതിന് പടഹാരം പാലം, കോരൻകുഴി പാലം, മുതലക്കുറിച്ചിക്കൽ പാലം എന്നീ പാലങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്. ഈ റോഡിന്റെ ഭാഗമായ മുതലക്കുറിച്ചിക്കൽ മുതൽ എൻ.എച്ച്. പവർ ഹൗസ് വരെയുള്ള റോഡിന്റെ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. കോരൻകുഴി പാലം, മുതലിക്കുറിച്ചിക്കൽ പാലം വരെയുള്ള ഭാഗം ഫോർമേഷൻ ചെയ്ത് സഞ്ചാരയോഗ്യ മാക്കിയെടുക്കേണ്ടതുണ്ട്.

(ബി) ഈ റോഡിൽ ഇനിയും ഏതൊക്കെ പാലങ്ങളാണ് നിർമ്മാണം പൂർത്തീകരിക്കാൻ ഉള്ളതെന്ന് വ്യക്തമാക്കുമോ;

(സി) റോഡിന്റെ പ്രാധാന്യം ഉൾക്കൊണ്ട് സമയബന്ധിതമായി ഈ റോഡ് പരിഷ്കരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

**(ബി&സി)** പടഹാരം പാലം, കോരൻകുഴി പാലം, മുതലക്കുറിച്ചിക്കൽ പാലം എന്നീ പാലങ്ങളുടെയാണ് നിർമ്മാണം പൂർത്തീകരിക്കേണ്ടത്. ഈ റോഡ് പൂർണ്ണമായും സഞ്ചാരയോഗ്യമാകണമെങ്കിൽ ഈ പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കേ ണ്ടതുണ്ട്.

(ഡി) പ്രസ്തുത റോഡിന്റെ ഏതൊക്കെ ഭാഗങ്ങളിൽ നിർമ്മാണം പൂർത്തിയായെന്ന് വ്യക്തമാക്കാമോ?

പൂപ്പള്ളി മുതൽ പടഹാരം പാലം വരെയുള്ള ഭാഗം സി.ആർ.എഫ്.-ൽ ഉൾപ്പെടുത്തി ബി.എം.ആൻഡ് ബി.സി. ചെയ്തിട്ടുള്ളതാണ്. പടഹാരം പാലം മുതൽ കോരൻകുഴി പാലം വരെയുള്ള ഭാഗം എം.എസ്.എസ്. ചെയ്ത് സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്. കോരൻകുഴി പാലം മുതൽ മുതലക്കുറിച്ചിക്കൽ പാലം വരെയുള്ള ഭാഗം ഫോർമേഷൻ ചെയ്ത് സഞ്ചാരയോഗ്യമാക്കിയെടുക്കേണ്ടതുണ്ട്. മുതലക്കുറിച്ചിക്കൽ മുതൽ എൻ.എച്ച്. പവർ ഹൗസ് വരെയുള്ള റോഡിന്റെ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## തിരൂർ മണ്ഡലത്തിലെ പാലങ്ങളുടെയും അപ്രോച്ച് റോഡുകളുടെയും പ്രവൃത്തികൾ

43 (3041) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ മണ്ഡലത്തിലെ താഴെപ്പാലത്തിന്റെ അനുബന്ധപാലം, തിരൂർ-പൊൻമുണ്ടം ആർ.ഒ.ബി., തിരൂർ ടൗൺ ആർ.ഒ.ബി. എന്നീ പാലങ്ങളുടെ പ്രവൃത്തികൾ എന്നാണ് പൂർത്തീകരിച്ചതെന്ന് വ്യക്തമാക്കുമോ?

തിരൂർ മണ്ഡലത്തിലെ താഴെപ്പാലം പാരലൽ പാലം 25-3-2017-ലും തിരൂർ ടൗൺ പാരലൽ ആർ.ഒ.ബി.-യുടെ റെയിൽവേയുടെ ഭാഗം 2016-ലും തിരൂർ പൊന്മുണ്ടം ആർ.ഒ.ബി.-യുടെ റെയിൽവേയുടെ ഭാഗം 2015-ലുമാണ് പൂർത്തീകരിച്ചത്.

(ബി) പ്രസ്തുത പാലങ്ങളുടെ അപ്രോച്ച് റോഡുകളുടെ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ കാലതാമസം നേരിടുന്നത് ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ഓരോ പാലത്തിന്റെയും അപ്രോച്ച് റോഡുകളുടെയും പ്രവർത്തനം ഏത് ഘട്ടത്തിലാണെന്നുള്ള വിശദവിവരം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പാലങ്ങൾ പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുന്നതിനും അപ്രോച്ച് റോഡുകളുടെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(ബി-ഡി) താഴെപ്പാലം പാരലൽ പാലം: ചമ്രവട്ടം പാലം ഗതാഗത യോഗ്യമായതിനുശേഷം തിരൂർ ടൗണിൽ അനുഭവപ്പെടുന്ന അധിക ഗതാഗതക്കുരുക്ക് പരിഹരിക്കുവാൻ തിരൂർ പുഴയ്ക്കുകുറുകെ താഴെപ്പാലം ബൈപ്പാസ് റോഡിൽ ഒരു പുതിയ പാലം നിർമ്മിച്ചെങ്കിലും നിലവിലുണ്ടായിരുന്ന എസ്റ്റിമേറ്റിൽ അപ്രോച്ച് റോഡ് നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റുണ്ടായിരുന്നില്ല. പ്രസ്തുത പ്രവൃത്തിക്ക് 320 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും 31-3-2017-ൽ സാങ്കേതികാനുമതിയും നൽകി. ടി പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിക്കുകയും 1,59,14,863 രൂപയ്ക്ക് ആറ് മാസത്തിനുള്ളിൽ, പണി പൂർത്തീകരിക്കണമെന്ന വ്യവസ്ഥയിൽ പ്രവൃത്തി കരാർ നൽകുകയും പ്രവൃത്തി തുടങ്ങുന്നതിനായി 27-2-2018-ൽ സൈറ്റ് കൈമാറുകയും ചെയ്തു. എന്നാൽ യഥാസമയം ഭൂമി കൈമാറാൻ വകുപ്പിന് കഴിയാത്തതിനാൽ, പൂർത്തീകരണ കാലയളവ് നീട്ടുന്നതിന് കരാറുകാരൻ അപേക്ഷിക്കുകയും 31-12-2018 വരെ കരാർ നീട്ടി നൽകുകയും ചെയ്തു. ഈ കാലയളവിലും സ്ഥിതിഗതികൾ മെച്ചപ്പെടാത്തതിനാലും സാധന

സാമഗ്രികളുടെ വിലവർദ്ധിച്ചതിനാലും കരാർ തുകയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കാൻ സാധ്യമല്ലെന്നും പ്രവൃത്തിയിൽനിന്നും റിസ്ക് ആൻഡ് കോസ്റ്റില്ലാതെ ഒഴിവാക്കി ത്തരണമെന്നും അറിയിച്ച് കരാറുകാരൻ അപേക്ഷ നൽകി. 22-6-2021-ൽ റിസ്ക് ആൻഡ് കോസ്റ്റിൽ കരാറുകാരനെ പ്രവൃത്തിയിൽനിന്നും വിടുതൽ നൽകിയിട്ടുണ്ട്. പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിന് 63,63,083 രൂപ ഫെബ്രുവരി 2020-ൽ പൊതുമരാമത്ത് വകുപ്പ് തിരൂർ എൽ.എ. ജനറൽ തഹസിൽദാർക്ക് കൈമാറുകയും 26-6-2020-ലെ ഡോക്യുമെന്റ് നമ്പർ 1266/2020 പ്രകാരം കേരള ഗവർണർക്ക് സ്ഥലം കൈമാറുകയും ചെയ്തു. എത്രയും പെട്ടെന്ന് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് അപ്രോച്ച് റോഡ് നിർമ്മാണം വേഗത്തിൽ പൂർത്തിയാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സന്ദർശന വേളയിൽ ബഹു. പൊതുമരാമത്ത് ടൂറിസം വകുപ്പുമന്ത്രി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ബാലൻസ് ഷെഡ്യൂൾ പ്രകാരം 19807432.804 (ജി.എസ്.ടി. ഉൾപ്പെടെ) രൂപയുടെ വർക്ക് ടെണ്ടർ ചെയ്യുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. തിരൂർ ടൗൺ പാരലൽ ആർ.ഒ.ബി. സമീപന റോഡിനുവേണ്ടി 2018-19 വർഷത്തിൽ 2.9 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചുവെങ്കിലും ഫണ്ടിന്റെ ലഭ്യതക്കുറവുമൂലം പരിഗണിച്ചില്ല. എന്നാൽ 2021-2022-ലെ ബഡ്ജറ്റിൽ ഈ പ്രവൃത്തിക്ക് 60,00,000 രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 13-8-2021-ലെ G.O.(Rt)No.730/2021/PWD പ്രകാരം 328 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. എന്നാൽ പുതുക്കിയ ഭരണാനുമതിക്കായി DSOR 2018 പ്രകാരം സമർപ്പിച്ച 360 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു. തിരൂർ പൊന്മുണ്ടം ആർ.ഒ.ബി. തിരൂർ പൊന്മുണ്ടം ആർ.ഒ.ബി. സമീപന റോഡ് നിർമ്മാണത്തിനായി നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കായി 25.90 കോടി രൂപയുടെ എസ്റ്റിമേറ്റും ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചതും പരിശോധിച്ചുവരുന്നു.

**കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് നിർമ്മാണം**

44 (3042) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡ് നിർമ്മാണത്തിന്റെ പുരോഗതി സംബന്ധിച്ച വിശദമായ വിവരം ലഭ്യമാക്കുമോ?

മൂടാൽ - കഞ്ഞിപ്പുര ബൈപ്പാസ് കി. മീ. 3/600- 5/000 വരെയുള്ള സബ് ബേസ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കി.മീ. 0/000 മുതൽ 3/600 വരെയുള്ള ഭാഗങ്ങളിലെ ഫോർമേഷൻ പ്രവൃത്തികൾ, സംരക്ഷണ ഭിത്തി നിർമ്മാണം എന്നിവ പുരോഗതി

യിലാണ്. ഈ ഭാഗത്തെ യൂട്ടിലിറ്റീസ്, വാട്ടർ അതോറിറ്റി പൈപ്പ് ലൈനുകൾ, കെ.എസ്.ഇ.ബി. പോസ്റ്റുകൾ തുടങ്ങിയവ മാറ്റുന്നതിനായി ROW പോർട്ടൽ മുഖേന എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, മഞ്ചേരി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഫോർമേഷൻ ഭാഗത്തെ മരങ്ങൾ മുറിച്ച് മാറ്റുന്നതിനായി വിലനിർണ്ണയത്തിനായി ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിലേയ്ക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയർ തലത്തിൽ അപേക്ഷ നൽകിയിട്ടുണ്ട്.

(ബി) കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് നിർമ്മാണത്തിന് സ്ഥലം വിട്ടു നൽകിയവരിൽ ഇനി എത്രപേർക്ക് നഷ്ടപരിഹാരം നൽകാനുണ്ടെന്ന് അറിയിക്കാമോ; ഇതുസംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് പൊതുമരാമത്ത് (സി) വകുപ്പിലുള്ള ഫയലിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

(ബി&സി) മൂടാൽ - കഞ്ഞിപ്പുര ബൈപ്പാസ് റോഡ് നിർമ്മാണത്തിനായി സ്ഥലം വിട്ടുനൽകിയവരിൽ 10 പേർക്ക് നഷ്ടപരിഹാര തുക നൽകാനുണ്ട്. പ്രസ്തുത തുക നൽകുന്നതുമായി ബന്ധപ്പെട്ട 39,19,594 രൂപയുടെ എൽ.ഒ.സി. പ്രൊപ്പോസൽ PWD-C2/246/2021-PWD നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു. പ്രസ്തുത ഫയൽ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

### തോപ്പുംപടി-അരൂർ റോഡ് വികസനം

45 (3043) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലുൾപ്പെടുന്ന തോപ്പുംപടി-അരൂർ റോഡ് വികസിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിന് ചെലവ് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര; വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഫണ്ട് എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; അറിയിക്കാമോ;

(ഡി) ഭരണാനുമതി എന്ന് നൽകുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ഇ) അടുത്ത സാമ്പത്തിക വർഷം പദ്ധതിക്ക് തുടക്കം കുറിക്കുവാൻ സാധിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

(എ-ഇ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ തോപ്പുംപടി-അരൂർ റോഡിൽ ബി.ഒ.റ്റി. (ചെ. 357/000) മുതൽ കച്ചേരിപ്പടി (359/000) വരെ വികസിപ്പിക്കുന്നതിന് ബഡ്ജറ്റ് 2019-20-ൽ ഉൾപ്പെടുത്തി Widening & Land

Acquisition in Old NH between ch. 357/000 to 359/000 എന്ന പ്രവൃത്തിക്ക് 22 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ 357/000- 359/000 വരെ (2 കി.മീ.) റോഡ് വീതി കൂട്ടി വികസിപ്പിക്കുന്നതിനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. തോപ്പുംപടി-അരൂർ റോഡിലെ പ്രവൃത്തി ഇടക്കൊച്ചി പാലം (ചെ.363/000) വരെ (6 കി.മീ.) ദീർഘിപ്പിക്കുന്ന പ്രവൃത്തിക്ക് സ്ഥലം ഏറ്റെടുപ്പുൾപ്പെടെ 91.93 കോടി രൂപയുടെ ഏകദേശ ചെലവ് പ്രതീക്ഷിക്കുന്നു. പ്രസ്തുത പ്രവൃത്തി സംബന്ധിച്ച പ്രൊപ്പോസലുകളൊന്നും സർക്കാരിൽ ലഭ്യമായിട്ടില്ല.

**പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന ഗ്രാമീണ റോഡുകൾ**

46 (3044) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് എപ്രകാരമുള്ള ഗ്രാമീണ റോഡുകളാണ് ഏറ്റെടുക്കാറുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന ഗ്രാമീണ റോഡുകൾ പുതുതായി ഏറ്റെടുക്കുന്ന കാര്യം പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ?

(എ&ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവാകുന്നതനുസരിച്ച് ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് പ്രധാന ജില്ലാ റോഡുകളാക്കി പുനരുദ്ധരിച്ചിരുന്നു. റെഗുലർ ബസ് സർവ്വീസുള്ളതും രണ്ട് പൊതുമരാമത്ത് റോഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതും കുറഞ്ഞത് രണ്ട് പഞ്ചായത്തുകൾ വഴി കടന്നു പോകുന്നതും 8 മീറ്റർ എങ്കിലും റൈറ്റ് ഓഫ് വേ ഉള്ളതുമായ ഗ്രാമീണ റോഡുകളാണ് ഇത്തരത്തിൽ ഏറ്റെടുത്തിരുന്നത്. കൂടാതെ ഒറ്റത്തവണ മെയിന്റനൻസ് പ്രവൃത്തികളും ചെയ്തിരുന്നു. ഗ്രാമീണ റോഡുകൾ നിലവിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നില്ല. ഗ്രാമീണ റോഡുകൾ ഏറ്റെടുക്കുന്നതിനുള്ള പുതിയ മാനദണ്ഡം പരിശോധിച്ചുവരുന്നു.

**പി.ഡബ്ല്യൂ.ഡി. ഫിക്സിറ്റ് മൊബൈൽ ആപ്പ്**

47 (3045) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യൂ.ഡി. ഫിക്സിറ്റ് എന്ന മൊബൈൽ ആപ്പ് നിർമ്മിക്കാനുള്ള കരാർ കഴിഞ്ഞ സർക്കാർ ഏത് കമ്പനിക്കാണ് നൽകിയിരുന്നതെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

പി.ഡബ്ല്യൂ.ഡി. ഫിക്സിറ്റ് എന്ന മൊബൈൽ ആപ്പ്, പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ കീഴിലുള്ള ഇലക്ട്രോണിക്സ് വിഭാഗം " Hubspire" എന്ന സ്വകാര്യ കമ്പനിയുമായി സഹകരിച്ചാണ് രൂപകൽപ്പന ചെയ്തുനടപ്പാക്കിയത്. ഈ സംരംഭ ത്തിനുവേണ്ടി സർക്കാരിന്റെ യാതൊരു ഫണ്ടും ഉപയോഗിച്ചിട്ടില്ല.

(ബി) പ്രസ്തുത കരാർ നൽകിയത് ഗ്ലോബൽ ടെണ്ടർ വഴിയാണോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ടെണ്ടറിൽ പങ്കെടുത്ത കമ്പനികളുടെ വിശദാംശങ്ങൾ നൽകുമോ?

അല്ല. ഇതുമായി ബന്ധപ്പെട്ട് ടെണ്ടറുകളൊന്നുംതന്നെ ക്ഷണിച്ചിട്ടില്ല.

(സി) പ്രസ്തുത മൊബൈൽ ആപ്പ് പ്രവർത്തനക്ഷമമല്ലെന്ന് കണ്ടെത്തിയിരുന്നോ; എങ്കിൽ ഇത് പ്രവർത്തനക്ഷമമാക്കുന്നതിന് കരാർ പ്രകാരമുള്ള വ്യവസ്ഥകൾ വ്യക്തമാക്കാമോ?

" Hubspire" എന്ന സ്ഥാപനം അവരുടെ Corporate Social Responsibility (CSR) ഫണ്ട് ഉപയോഗിച്ചാണ് ഈ Mobile App വികസിപ്പിച്ചത്. ആപ്പിന്റെ പ്രവർത്തനങ്ങളും സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ചെലവും സെർവർ മുതലായവയുടെ ചെലവും വഹിക്കുവാൻ ആപ്പിന്റെ ഡെവലപ്പറായ കമ്പനി തയ്യാറാകാത്തത് കാരണം 2019 ജൂലൈ മാസത്തിനുശേഷം ആപ്പിന്റെ പ്രവർത്തനം നിലച്ചിരുന്നു.

(ഡി) പ്രസ്തുത മൊബൈൽ ആപ്പ് പ്രശ്നങ്ങൾ നേരിടുന്ന സാഹചര്യത്തിൽ പ്രസ്തുത കമ്പനി തുക സർക്കാരിനെ തിരിച്ചേൽപ്പിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

ആപ്പ് രൂപകല്പനചെയ്ത് നടപ്പാക്കിയത് "Hubspire" എന്ന സ്ഥാപനം സൗജന്യമായിട്ടാണ്.

## കാസർഗോഡ് ജില്ലയിൽ നബാർഡ് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയ പ്രവൃത്തികൾ

48 (3046) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ കാസർഗോഡ് ജില്ലയിൽ നബാർഡ് ഫണ്ട് ഉപയോഗിച്ച് വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് മണ്ഡലം തിരിച്ച് വിശദമാക്കാമോ;

(ബി) ഇതിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ചിരിക്കുന്ന തുക എത്രയെന്ന് അറിയിക്കാമോ?

(എ&ബി) 2016 മുതൽ നാളിതുവരെ കാസർഗോഡ് ജില്ലയിൽ നബാർഡ് ഫണ്ടുപയോഗിച്ച് റോഡും പാലങ്ങളും വിഭാഗം/കെട്ടിട വിഭാഗം നടപ്പിലാക്കിയ പ്രവൃത്തികളുടെ മണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ യഥാക്രമം അനുബന്ധം I*-ഉം അനുബന്ധം II-ഉം ആയി ചേർത്തിട്ടുണ്ട്.*

## കൊയിലാണ്ടി - താമരശ്ശേരി - മുക്കം - അരീക്കോട് നവീകരണ പദ്ധതി

49 (3047) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി-താമരശ്ശേരി-മുക്കം-അരീക്കോട് നവീകരണ പ്രവൃത്തിയുടെ അന്തിമ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ?

തയ്യാറാക്കിയിട്ടുണ്ട്.

(ബി) കൊയിലാണ്ടി മുതൽ പൂനൂർ വരെയുള്ള പ്രധാന ടൗണുകളിൽ ഫുട്പാത്തിന് ടൈൽ വിരിച്ചും ഹാൻഡ് റെയിൽ സ്ഥാപിച്ചും മനോഹരമാക്കുന്നതിനോടൊപ്പം യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള അടിയന്തര നടപടി സ്വീകരിക്കാമോ; വ്യക്തമാക്കാമോ?

അംഗീകൃത ഡി.പി.ആർ. പ്രകാരം ഈ പ്രവൃത്തിയിൽ റോഡിന്റെ വശങ്ങളിലെ ഡ്രെയിനുകൾക്ക് മുകളിൽ കോൺക്രീറ്റ് സ്ലാബുകൾ സ്ഥാപിച്ച് നടപ്പാത ഒരുക്കാനുള്ള സൗകര്യമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഹാൻഡ് റെയിൽ സ്ഥാപിക്കൽ, ടൈൽ വിരിക്കൽ എന്നീ പ്രവൃത്തികൾ ഡി.പി.ആർ.-ൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രവൃത്തി പൂർത്തീകരണസമയത്തെ സാഹചര്യം പരിഗണിച്ച് മേൽപ്പറഞ്ഞ പണികൾ ആവശ്യമെങ്കിൽ നടപ്പിലാക്കുന്നതാണ്.

## പട്ടണക്കാട് പി.ഡബ്ല്യൂ.ഡി. സെക്ഷൻ ഓഫീസിൽ ഒഴിഞ്ഞുകിടക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക

50 (3048) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ പട്ടണക്കാട് പി.ഡബ്ല്യൂ.ഡി. റോഡ് സെക്ഷൻ ഓഫീസിൽ 6 മാസമായി അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത ഒഴിവ് നികത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

(എ&ബി) പൊതുമരാമത്ത് വകുപ്പ് റോഡ്സ് സെക്ഷൻ പട്ടണക്കാടിലെ അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന ശ്രീ. സന്തോഷ് കുമാർ പി. ഡി., 31-5-2021-ൽ വിരമിച്ചതിനെ തുടർന്ന് 1-6-2021 മുതൽ പ്രസ്തുത തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. എന്നാൽ പ്രവർത്തനങ്ങൾ തടസ്സപ്പെടാതിരിക്കുന്നതിന് നിലവിൽ രാമങ്കരി റോഡ്സ് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് ടി സെക്ഷൻ ഓഫീസിന്റെ അധിക ചുമതലകൂടി നൽകിയിട്ടുണ്ട്.

**കടുത്തുരുത്തി ബൈപ്പാസിന്റെ അപ്രോച്ച് റോഡ് നിർമ്മാണം**

51 (3049) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി ബൈപ്പാസിന്റെ പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള കാലതാമസം വിശദമാക്കാമോ?

കടുത്തുരുത്തി ബൈപ്പാസിന്റെ എഗ്രിമെന്റിലുള്ള പ്രവൃത്തിക്ക് നിലവിൽ തടസ്സങ്ങൾ ഒന്നുംതന്നെയില്ല. പുതുക്കിയ എസ്റ്റിമേറ്റിന് അനുമതി ലഭ്യമായിട്ടുണ്ട്. മണ്ണിട്ട് നികത്തി ഫോർമേഷൻ ചെയ്യേണ്ടത് പാടശേഖരത്തിന് നടുവിൽ കൂടിയാണ്. ശക്തമായ മഴ നിലനിൽക്കുന്നതിനാൽ മേൽ പ്രവൃത്തിക്ക് കാലതാമസം നേരിടുന്നുണ്ട്.

(ബി) കടുത്തുരുത്തി ബൈപ്പാസിന്റെ അപ്രോച്ച് റോഡുകളുടെ സ്ഥലമേറ്റെടുപ്പ് നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

സ്ഥലമേറ്റെടുക്കുന്നതിനുള്ള റിക്വസിഷൻ ഫോം സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

(സി) കടുത്തുരുത്തി ബൈപ്പാസിന്റെ അപ്രോച്ച് റോഡിനായുള്ള വലിയപള്ളി ഭാഗത്തെ സ്ഥലമേറ്റെടുപ്പിന് ഫണ്ട് വകയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; സ്ഥലമേറ്റെടുപ്പിനായി എത്ര കോടി രൂപയാണ് നീക്കി വച്ചിരിക്കുന്നതെന്നും സ്ഥല മേറ്റെടുപ്പുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

സ്ഥലമേറ്റെടുക്കുന്നതിനുള്ള റിക്വസിഷൻ ഫോം സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

## ഗ്രീൻഫീൽഡ് ഇടനാഴി

52 (3050) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.സി. റോഡിന് സമാന്തരമായി തിരുവനന്തപുരം മുതൽ അങ്കമാലി വരെ നാലുവരിയിൽ ഗ്രീൻഫീൽഡ് ഇടനാഴി എന്ന പാത പരിഗണനയിലുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. പ്രസ്തുത പാതയുടെ ഭൂമി ഏറ്റെടുക്കലിന് 25% തുക സംസ്ഥാന സർക്കാർ വഹിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(സി) പാത നിർമ്മാണവുമായി ബന്ധപ്പെട്ട ഫൈനൽ അലൈൻമെന്റ് ആയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പുതിയ പാതയുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുപ്പ് നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(സി&ഡി) ദേശീയപാത അതോറിറ്റി അലൈൻമെന്റ് അംഗീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം - കൊട്ടാരക്കര, കോട്ടയം - അങ്കമാലി റോഡിൽ ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടുണ്ട്.

(ഇ) എത്ര കിലോമീറ്റർ ദൂരത്തിലാണ് പാത നിർമ്മിക്കുന്നതെന്നും ഇതിൽ കോതമംഗലം താലൂക്കിൽ ഏതെല്ലാം സ്ഥലങ്ങൾ വരുമെന്നും വിശദമാക്കാമോ?

227.50 കി.മീ. ദൂരത്തിലാണ് പാത നിർമ്മിക്കുന്നത്. കോതമംഗലം താലൂക്കിൽ 22.1 കി.മി. ദൂരത്തിൽ പാത കടന്നുപോകുന്നു. (CH- 181+100 - 203+200) താഴെപ്പറയുന്ന വില്ലേജുകളിലൂടെയാണ് ഈ പാത കടന്നുപോകുന്നത്.

1. പോത്തനിക്കോട്
2. കുട്ടമംഗലം
3. കോതമംഗലം
4. കീരാംപാറ
5. പിണ്ടിമന
6. പോത്തനിക്കാട്

(എഫ്) പ്രസ്തുത പാതയുടെ കൃത്യമായ ദിശ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദവിവരം നൽകാമോ?

പാതയുടെ ദിശ താഴെപ്പറയും പ്രകാരമാണ്: നെടുമങ്ങാട് (അഴിക്കോട്) - SH2, അഞ്ചൽ (കൊല്ലം) - SH - 89, കോന്നിക്കോട് - NH - 744, പത്തനാപുരം (കൊല്ലം) - SH - 5, റാന്നി - (പത്തനംതിട്ട) - SH-8, ഭരണങ്ങാനം - SH - 32, കല്ലൂർക്കാട് - SH - 43, കോതമംഗലം - (മില്ലുംപാടി ബസ് സ്റ്റോപ്പ്) - NH 49, ചേരനല്ലൂർ ചന്ദ്രപാറ-(കപ്പിലിക്കാവ് - കോട്ടുകല്ല റോഡ്) തുറവൂർ വങ്ങൂർ (crossing to MC Road) End point (Puthussery) New Airport, Kochi

(ജി) കോതമംഗലം താലൂക്കിൽ പ്രസ്തുത പാതയ്ക്കായി ഏറ്റെടുക്കുന്ന വില്ലേജുകൾ അവയുടെ സർവ്വേ നമ്പർ, വിസ്തീർണ്ണം എന്നിവ അറിയിക്കാമോ; പദ്ധതിക്ക് ആകെ വരുന്ന തുക എത്രയെന്നും പദ്ധതി പൂർത്തിയാക്കുവാൻ നിശ്ചയിച്ചിട്ടുള്ള സമയക്രമവും വ്യക്തമാക്കാമോ?

ഏറ്റെടുക്കേണ്ട ഭൂമിയുടെയും നഷ്ടപരിഹാരത്തുകയുടെയും വിശദവിവരങ്ങൾ കണക്കാക്കി വരുന്നു.

## കരാറുകാരൻ പണി ഏറ്റെടുത്തിട്ടും പണി തുടങ്ങാത്തതിന്റെ കാരണം സംബന്ധിച്ച്

53 (3051) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല-അരൂക്കുറ്റി റോഡിൽ പൂച്ചാക്കൽ മുതൽ ഓടമ്പള്ളിവരെയുള്ള റോഡിന് ഫണ്ട് അനുവദിച്ചിട്ടും കരാറുകാരൻ പണി ഏറ്റെടുത്തിട്ടും പണി തുടങ്ങാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡിൽ വലിയ കുഴികൾ രൂപപ്പെട്ടതിനെത്തുടർന്ന് നിരവധി അപകടങ്ങളുണ്ടാകുന്ന സാഹചര്യത്തിൽ മേൽപ്പറഞ്ഞ നിർമ്മാണ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുമോ?

(എ&ബി) ചേർത്തല-അരൂക്കുറ്റി റോഡിൽ പൂച്ചാക്കൽ മുതൽ ഓടമ്പള്ളി വരെയുള്ള റോഡിൽ കരാറുകാരൻ എഗ്രിമെന്റ്വച്ച് കാനയുടെ പണി പൂർത്തീകരിക്കുകയും റോഡ് വികസനത്തിനുവേണ്ട മെറ്റീരിയൽസ് സ്റ്റോക്ക് ചെയ്തിട്ടുള്ളതും initial levels എടുത്തുതുടങ്ങിയതുമാണ്. അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ പ്രകാരമുള്ള 3.00 കോടി രൂപയ്ക്ക് 2.50 കി.മീ. റോഡാണ് പുനർ നിർമ്മിക്കാൻ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ പ്രവൃത്തിയുടെ പേരിൽ പരാമർശിച്ചിരുന്ന

ചെയിനേജ് 13/000 മുതൽ 16/500 വരെയാണ്. അംഗീകരിച്ച എസ്റ്റിമേറ്റ് പ്രകാരം 2.50 കി.മീ. റോഡിന്റെ പ്രവൃത്തിയുടെ ചെയിനേജിലുള്ള വ്യത്യാസംമൂലം nomenclature correct ചെയ്യാനായി തയ്യാറാക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിച്ചിട്ടുള്ളതുമാണ്. ടി പ്രവൃത്തി താമസംവിനാ പൂർത്തീകരിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്.

## മലപ്പുറം പരപ്പനങ്ങാടി പൊതുമരാമത്ത് റോഡ് വീതി കൂട്ടുന്നതിനുള്ള നടപടി

54 (3052) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം പരപ്പനങ്ങാടി പൊതുമരാമത്ത് റോഡിൽ പാണക്കാട് തങ്ങൾപടി മുതൽ മറ്റത്തൂർ ജംഗ്ഷൻ വരെ റോഡ് വീതി കൂട്ടുന്ന നടപടികളുടെ പുരോഗതി വെളിപ്പെടുത്തുമോ?

മലപ്പുറം പരപ്പനങ്ങാടി പൊതുമരാമത്ത് റോഡിൽ പാണക്കാട് തങ്ങൾ പടിമുതൽ-മറ്റത്തൂർ ജംഗ്ഷൻ വരെ റോഡ് വീതികൂട്ടുന്നതിന് സ്ഥലമെടുപ്പിനായി 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയത് പ്രകാരം അലൈൻമെന്റ് പ്ലാൻ പ്രൊപ്പോസൽ, അനുബന്ധ രേഖകൾ സഹിതം അംഗീകാരത്തിനും നോട്ടിഫിക്കേഷൻ 6(1) 4(1) പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടിയും ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരുന്നു. ഇതിലേയ്ക്കായി 60 ലക്ഷം രൂപ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജായും മലപ്പുറം എൽ.എ. (ജനറൽ) സ്പെഷ്യൽ തഹസിൽദാർക്ക് നൽകിയിട്ടുണ്ട്. പാണക്കാട് ടൗൺ വികസനവുമായി ബന്ധപ്പെട്ട് പാണക്കാട് വില്ലേജിലെ വിവിധ സർവ്വേ നമ്പറിൽ നിന്നും 0.1042 ഹെക്ടർ ഭൂമി 2013-ലെ ലാൻഡ് അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിന് റിക്വിസിഷൻ സമർപ്പിട്ടുണ്ട് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് 0.196 ഹെക്ടർ ഭൂമി ഡയറക്ട്/ നെഗോഷിയേറ്റഡ് പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട സാമൂഹ്യ ആഘാത പഠനം നടത്തുന്നതിന് തിരുവനന്തപുരം സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെ നിയോഗിച്ചുകൊണ്ട് 4(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) റോഡ് വികസനത്തിനാവശ്യമായ ഭൂമി ലഭ്യമാക്കുവാൻ പ്രദേശവാസികൾ തയ്യാറായിട്ടും സ്ഥലമെടുപ്പ് നടപടികൾക്ക് കാലതാമസം നേരിടുന്നതിന്റെ കാരണം എന്താണെന്നും ഇതിനായി തുക എന്തെങ്കിലും അനുവദിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

ഭൂമി നൽകുന്നതിന് പ്രദേശവാസികൾ തയ്യാറാണെങ്കിലും അവർക്ക് നഷ്ട പരിഹാരം നൽകുന്നതുമായി ബന്ധപ്പെട്ട ഔദ്യോഗിക നടപടിക്രമങ്ങൾ റവന്യൂ വകുപ്പിൽനിന്ന് പൂർത്തീകരിക്കേണ്ടതായുണ്ട്. സ്ഥലമേറ്റെടുപ്പ് പൂർത്തീകരിച്ച് സ്ഥലം കൈമാറുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) അപകടങ്ങൾ പതിവായിട്ടുള്ള സാഹചര്യത്തിൽ റോഡ് വീതി കൂട്ടി നിർമ്മിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഭൂമി നൽകുന്നതിന് പ്രദേശവാസികൾ തയ്യാറാണെങ്കിലും അവർക്ക് നഷ്ട പരിഹാരം നൽകുന്നതുമായി ബന്ധപ്പെട്ട ഔദ്യോഗിക നടപടിക്രമങ്ങൾ റവന്യൂ വകുപ്പിൽനിന്ന് പൂർത്തീകരിക്കേണ്ടതായുണ്ട്. സ്ഥലമേറ്റെടുപ്പ് പൂർത്തീകരിച്ച് സ്ഥലം കൈമാറുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കണ്ണൂർ ജില്ലയിലെ തീരദേശ ഹൈവേ

55 (3053) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ തീരദേശ ഹൈവേയുടെ പുരോഗതി ലഭ്യമാക്കാമോ; അലൈൻമെന്റ് പ്രവൃത്തികൾ നടന്നുവരുന്നുണ്ടോ; അഴീക്കോട് മണ്ഡലത്തിലെ പ്രസ്തുത ഹൈവേയുടെ വിശദാംശങ്ങൾ അറിയിക്കാമോ?

കണ്ണൂർ ജില്ലയിൽ തീരദേശ ഹൈവേ ധർമ്മടം മണ്ഡലത്തിലുള്ള മുഴപ്പിലങ്ങാട് മുതൽ പയ്യന്നൂർ നിയോജകമണ്ഡലത്തിലെ രണ്ടുതെങ്ങ് വരെയാണുള്ളത്. ഇതിൽ പാലക്കോട്-കുന്നരു ഭാഗത്തിന് സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു. അലൈൻമെന്റ് ഫൈനലൈസ് ചെയ്യുന്നതിന്റെ ഭാഗമായുള്ള പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഡി.പി.ആർ. അടക്കമുള്ള വിശദമായ പ്രവൃത്തികൾക്കുള്ള ഏജൻസിയെ ഏൽപ്പിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ 16-9-2021-ന് ആരംഭിച്ചിട്ടുണ്ട്. അഴീക്കോട് മണ്ഡലത്തിലെ തീരദേശ ഹൈവേ ആരംഭിക്കുന്നത് നീർക്കടവ് മുതൽ അഴീക്കൽ - മാട്ടൂൽ നിർദ്ദിഷ്ട പാലം വരെയാണ്. ഇതിന്റെ പ്രാഥമിക സർവ്വേ പൂർത്തിയായിട്ടുണ്ട്.

(ബി) പ്രവൃത്തി എപ്പോൾ ആരംഭിക്കുമെന്ന് അറിയിക്കാമോ?

ഡി.പി.ആർ. പൂർത്തീകരിച്ച് സാമ്പത്തികാനുമതി ലഭിക്കുന്നമുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## തൃക്കുന്നപ്പുഴ - വലിയഴീക്കൽ റോഡിന്റെ പുനരുദ്ധാരണം

56 (3054) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭത്തിൽ തകർന്ന തൃക്കുന്നപ്പുഴ - വലിയഴീക്കൽ റോഡിന്റെ പുനരുദ്ധാരണം എന്ന് മുതൽ ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോയെന്നും പ്രസ്തുത റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ എത്രയുംവേഗം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

(എ&ബി) പ്രകൃതി ക്ഷോഭത്തിൽ തകർന്ന തൃക്കുന്നപ്പുഴ-വലിയഴീക്കൽ റോഡിന്റെ ചെ. 11/400 മുതൽ 15/700 വരെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 22.9 ലക്ഷം രൂപയുടെ പ്രവൃത്തി ടെണ്ടർ ക്ഷണിക്കുകയും കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്ത് കരാർ വെച്ചിട്ടുള്ളതുമാണ്. ഈ റോഡിൽ 0/000 മുതൽ 5/400 വരെയുള്ള 48 ലക്ഷം രൂപയുടെ ബിറ്റു ബി.സി. പ്രവൃത്തിയും 5/400 മുതൽ 11/400 വരെയുള്ള ഒരു കോടി രൂപയുടെ ബി.സി. ഓവർ ലേ പ്രവൃത്തിയും ടെണ്ടർ ചെയ്യുകയും ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയും ചെയ്യുന്നു. കൂടാതെ 5/500 മുതൽ 5/750 വരെയുള്ള റോഡിന്റെ വശങ്ങൾ ബലപ്പെടുത്തുന്നതിനുവേണ്ടിയുള്ള 85 ലക്ഷം രൂപയുടെ പ്രവൃത്തി പുരോഗമിച്ചുവരികയാണ്. കാലാവസ്ഥ അനുകൂലമാകുന്ന മുറയ്ക്ക് പ്രവൃത്തികൾ പൂർത്തീകരിക്കാവുന്നതാണ്.

## നാട്ടുകാണി-പരപ്പനങ്ങാടി പാതയിലെ പ്രവൃത്തി

57 (3055) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊരാളുങ്കൽ സഹകരണ സംഘം പ്രവൃത്തി ഏറ്റെടുത്ത നാട്ടുകാണി-പരപ്പനങ്ങാടി പാതയിൽ മഞ്ചേരി മണ്ഡലത്തിലെ തൃക്കലങ്ങോട് പഞ്ചായത്തിലെ ചീനിക്കൽ മുതൽ മഞ്ചേരി ജസീല ജംഗ്ഷൻ വരെയുള്ള പ്രവൃത്തി നിലച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാതയിലെ ഗതാഗതം ദു:സ്സഹമായതിനാൽ പാത വീതികൂട്ടി റോഡ് ഗതാഗതയോഗ്യമാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; ആയത് എന്നേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ?

(എ&ബി) നാട്ടുകാണി-പരപ്പനങ്ങാടി പാതയിൽ മഞ്ചേരി മണ്ഡലത്തിലെ ജസീല ജംഗ്ഷൻ മുതൽ ചീനിക്കൽ വരെ ഡി.എഫ്.ഐ.പി. പദ്ധതിയിൽ വിഭാവനംചെയ്ത രൂപത്തിൽ പൂർണ്ണമായും പ്രവൃത്തി നിർവ്വഹിക്കാൻ സാധിച്ചിട്ടില്ല. സി.ടി.ഇ.-യുടെ നിർദ്ദേശപ്രകാരം ഡി.എൽ.പി.-യിൽ ഉൾപ്പെട്ട റോഡ് ഉപരി തലവുമായി ബന്ധപ്പെട്ട എല്ലാ പ്രവൃത്തികളും ഒഴിവാക്കിയതിനാലും റിവൈസ്ഡ് എസ്റ്റിമേറ്റ് തുക ചുരുക്കേണ്ടി വന്നതിനാലുമാണ് റോഡ് പ്രവൃത്തി പൂർണ്ണമായും നിർവ്വഹിക്കാൻ സാധിക്കാത്തത്.

## മുണ്ടൂർ-തൂത റോഡിന്റെ നിർമ്മാണം

58 (3056) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി. മുഖാന്തരം നടപ്പിലാക്കി വരുന്ന പാലക്കാട് ജില്ലയിലെ മുണ്ടൂർ-തൂത റോഡിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ്; ആയതിന്റെ ക്യാരേജ് വേ എത്ര; വിശദമാക്കാമോ?

ഓടയുടെയും കലുങ്കിന്റെയും നിർമ്മാണം നടന്നുവരുന്നു. നിലവിൽ 13.82 കി.മീ.- ഓടയുടെ നിർമ്മാണം പൂർത്തിയാക്കി. ഈ പ്രോജക്ട് പ്രകാരം 14.00M carriage way നിർമ്മിക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഭൂമി ഇല്ലാത്തിടത്ത് നിലവിലുള്ള carriage way നിലനിർത്തും.

(ബി) പ്രസ്തുത റോഡ് പണിയുടെ പൂർത്തീകരണത്തിന് ലാൻഡ് അക്വിസിഷൻ ആവശ്യമായി വരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിപ്രകാരം ഭൂമി ഏറ്റെടുത്ത് പ്രവൃത്തി നടത്തുന്നതിന് സാധിക്കുകയില്ല. എന്നിരുന്നാലും നിലവിലുള്ള സ്ഥലത്തിനുപുറമേ ഫ്രീ സറണ്ടറായി ഭൂമി ലഭിക്കുകയാണെങ്കിൽ ഫണ്ടിന്റെ ലഭ്യതകൂടി കണക്കിലെടുത്ത് വീതികൂട്ടുന്ന കാര്യം പരിഗണിക്കുന്നതാണ്.

(സി) പ്രസ്തുത റോഡ് നിർമ്മാണത്തിനായി ഇനിയെത്ര അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിലവിൽ റവന്യൂ വിഭാഗം അളവ് പൂർത്തീകരിച്ച ഇടങ്ങളിൽ പാലക്കാട് ഡിവിഷനിൽ 94 കയ്യേറ്റങ്ങളും ഒറ്റപ്പാലം ഡിവിഷനിൽ 159 കയ്യേറ്റങ്ങളും കണ്ടെത്തിയിട്ടുണ്ട്. ഒഴിപ്പിക്കൽ നടപടികൾ തുടരുന്നു.

## മാനന്തവാടി-കൈതക്കൽ റോഡ് നിർമ്മാണം

59 (3057) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി-കൈതക്കൽ റോഡ് നിർമ്മാണത്തിന്റെ നിലവിലെ പുരോഗതി അറിയിക്കാമോ?

മാനന്തവാടി-കൈതക്കൽ റോഡിന്റെ സൈഡ് സംരക്ഷണ ഭിത്തികളും ഡ്രെയിനേജ് പ്രവൃത്തികളും 8.113 കി.മീ. പൂർത്തിയായിട്ടുണ്ട്. ഉപരിതല പ്രവൃത്തികൾ പുരോഗമിക്കുകയാണ്. ഡി.ബി.എം. പ്രവൃത്തി 6.023 കി.മീ. പൂർത്തിയായിട്ടുണ്ട്.

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാനാകുമെന്നാണ് നിർമ്മാണ കമ്പനി കരാർ പ്രകാരം സമ്മതിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത റോഡിന്റെ നിർമ്മാണം 30-4-2021-ന് പൂർത്തീകരിക്കുന്ന രീതിയിലാണ് കരാറിൽ ഏർപ്പെട്ടിരുന്നത്. എന്നാൽ ആ തീയതിയിൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ശിപാർശപ്രകാരം പൂർത്തീകരണ കാലാവധി 31-12-2021 വരെ നീട്ടി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തിക്കായി എത്ര തവണ നിർമ്മാണ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

പ്രസ്തുത പ്രവൃത്തിക്കായി രണ്ടുതവണ കാലാവധി നീട്ടി നൽകിയിട്ടുണ്ട്.

## മുത്തോലപുരം-കിഴക്കൊമ്പ് റോഡിലെ വലിയ വിരിപ്പ്-ചമ്പാല ഭാഗത്ത് ക്രാഷ് ബാരിയർ സ്ഥാപിക്കൽ

60 (3058) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡലത്തിലെ കൂത്താട്ടുകുളം നഗരസഭയിലെ മുത്തോലപുരം-കിഴക്കൊമ്പ് റോഡിൽ വലിയ വിരിപ്പ് മുതൽ ചമ്പാല വരെയുള്ള ഭാഗത്ത് റോഡപകടങ്ങൾ വർദ്ധിച്ചുവരുന്നതായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ഭാഗത്ത് ക്രാഷ് ബാരിയർ സ്ഥാപിക്കണമെന്ന ആവശ്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഉണ്ടെങ്കിൽ അതിന്റെ നടപടികൾ നിലവിൽ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ; പ്രസ്തുത ക്രാഷ്ബാരിയർ എന്നത്തേയ്ക്ക് സ്ഥാപിക്കാൻ കഴിയുമെന്നറിയിക്കാമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വലിയ വിരിപ്പ് മുതൽ ചമ്പാല വരെയുള്ള ഭാഗത്ത് റോഡിന് സംരക്ഷണഭിത്തി ഇല്ലാത്തതിനാലും കുത്തനെയുള്ള കയറ്റമായ തിനാലും ക്രാഷ് ബാരിയർ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ റോഡ് സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി, സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## പി.യു.കെ.സി.(പുതിയങ്ങാടി-ഉള്ള്യേരി-കുറ്റ്യാടി-ചൊവ്വ) റോഡ്

61 (3059) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.യു.കെ.സി.(പുതിയങ്ങാടി-ഉള്ള്യേരി-കുറ്റ്യാടി-ചൊവ്വ) റോഡ് പേരാമ്പ്ര മണ്ഡലത്തിലൂടെ എത്ര കിലോമീറ്റർ കടന്നുപോകുന്നുവെന്ന് വ്യക്തമാക്കാമോ?

പി.യു.കെ.സി റോഡ് പേരാമ്പ്ര മണ്ഡലത്തിൽ 19.66 കി.മീ. (കി.മീ. 23/500 മുതൽ 43/160 വരെ) ആണുള്ളത്.

(ബി) ടി റോഡിന്റെ നിലവിലെ സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത റോഡിന്റെ പുനരുദ്ധാരണത്തിനായി നിലവിൽ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

(ബി&സി) പി.യു.കെ.സി. റോഡിൽ 'പുതിയങ്ങാടി-പുറക്കാട്ടിരി- അണ്ടിക്കോട് - അത്തോളി- ഉള്ള്യേരി റോഡ് ' എന്ന പ്രവൃത്തിക്കായി 82.36 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭ്യമായിട്ടുണ്ട്. സ്ഥലമേറ്റെടുക്കുന്നതിനായി 23.45 കോടി രൂപ ഇതിൽനിന്നും മാറ്റിവച്ചിട്ടുണ്ട്. സ്ഥലമേറ്റെടുക്കുന്നതിനായുള്ള സർക്കാർ ഉത്തരവ് ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ കേരള റോഡ് ഫണ്ട് ബോർഡ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. 'ഉള്ള്യേരി മുതൽ കുറ്റ്യാടി' വരെയുള്ള റോഡിന്റെ ഇൻവെസ്റ്റിഗേഷൻ നടത്തുകയും ആയതിന്റെ റിപ്പോർട്ട് ഡി.പി.ആർ. തയ്യാറാക്കുന്നതിനായി കേരള റോഡ് ഫണ്ട് ബോർഡിൽനിന്നും ഡിസൈൻ വിംഗിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് പ്രവൃത്തിയുടെ ഡ്രാഫ്റ്റ് അലൈൻമെന്റ് ഫീസിബിലിറ്റി പരിശോധിച്ച് സമർപ്പിക്കുന്നതിനും അലൈൻമെന്റ് പ്രകാരം റോഡിന് ഡീവിയേഷനുള്ള ഭാഗങ്ങളിൽ അഡീഷണൽ ടോട്ടൽ സ്റ്റേഷൻ സർവ്വെ നടത്തിയ റിപ്പോർട്ട് സമർപ്പിക്കുന്നതിനും ഡിസൈൻ വിംഗിൽനിന്നും കേരള റോഡ് ഫണ്ട് ബോർഡിന് നിർദേശം നൽകിയിട്ടുണ്ട്. അന്തിമ ഡി.പി.ആർ. ലഭ്യമാകുന്നമുറയ്ക്ക് കിഫ്ബിയിൽ സമർപ്പിച്ച് സാമ്പത്തികാനുമതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**മഞ്ചേരി മണ്ഡലത്തിലെ തുടിയൻമല-കൊടശ്ശേരി റോഡ്**

62 (3060) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ തുടിയൻമല-കൊടശ്ശേരി റോഡ് പണി നടക്കുന്നതിനിടെ കോൺട്രാക്ടർ മരണപ്പെട്ടതിനാൽ പ്രവൃത്തി നിലച്ചത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; പ്രവൃത്തി എന്ന് പുനരാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്, എക്സിക്യൂട്ടീവ് എഞ്ചിനീയർ, മഞ്ചേരി സമർപ്പിച്ച പൂർത്തിയായ പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തിയ റിവൈസ്ഡ് എസ്റ്റിമേറ്റും കരാറുകാരൻ നോമിനിയെ വയ്ക്കാത്തതിനാൽ പ്രവൃത്തി അവസാനിപ്പിച്ച് ക്ലോഷർ എഗ്രിമെന്റ് വയ്ക്കുന്നതിനുവേണ്ടി പ്രവൃത്തിയുടെ പൂർണ്ണ വിവരങ്ങൾ അടങ്ങിയ പ്രൊപ്പോസലും സൂപ്രണ്ടിംഗ് എഞ്ചിനീയർതലത്തിൽ പരിശോധിച്ചുവരുന്നു. നടപടിക്രമങ്ങൾ പൂർത്തിയാക്കി ബാലൻസ് വർക്കിനുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**പാലം നിർമ്മാണ ഫണ്ടിലെ ബാക്കി പണത്തിന്റെ വിനിയോഗം**

63 (3061) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോരപ്പുഴ പാലം നിർമ്മാണ പദ്ധതിയുടെ പൂർത്തീകരണത്തിന് ശേഷം പ്രസ്തുത ഫണ്ടിൽ തുക ബാക്കിയുണ്ടോ; വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ടി തുക, പാലം നിർമ്മാണത്തിനായി പൊളിച്ചു നീക്കിയ കോരപ്പുഴയിൽനിന്നും കൊയിലാണ്ടി ഭാഗത്തേയ്ക്കുള്ള ബസ്സ്റ്റോപ്പ് പുനഃനിർമ്മിക്കാൻ വിനിയോഗിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി) പ്രവൃത്തിയിൽ തുക ബാക്കിയില്ല. ബസ് സ്റ്റോപ്പ് നിർമ്മിക്കുന്നതിനുള്ള തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല.

**ഐരാപുരം-മണ്ണൂർ റോഡിലെ തട്ടുപാലം നിർമ്മാണം**

64 (3062) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ ഐരാപുരം-മണ്ണൂർ റോഡിലെ തട്ടുപാലം നിർമ്മാണത്തിന് അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിന് ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

(എ-സി) ഐരാപുരം-മണ്ണൂർ റോഡിലെ തട്ടുപാലം പുനർനിർമ്മിക്കുന്നതിനുള്ള ഭരണാനുമതിക്കായി DSOR 2018 പ്രകാരം 173 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് 13-10-2021-ൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. എന്നാൽ ഈ പാലത്തിന്റെ നിർമ്മാണം നിലവിലെ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടില്ല. പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

**മങ്കട മണ്ഡലത്തിലെ പനമ്പറ്റ പാലം അപ്രോച്ച് റോഡ് നിർമ്മാണം**

65 (3063) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ കൂട്ടിലങ്ങാടി പടിഞ്ഞാറ്റുംമുറി പനമ്പറ്റ പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിന് സ്ഥലം വിട്ടുനൽകിയ ഉടമകൾക്ക് നഷ്ട പരിഹാരം നൽകുന്നതിനുള്ള ഫണ്ട് റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് അറിയിക്കുമോ;

(ബി) സ്ഥലം വിട്ടുനൽകിയ എത്ര ഭൂവുടമകൾക്ക് എത്ര രൂപയുടെ നഷ്ടപരിഹാരമാണ് നൽകാനുള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത തുക അനുവദിക്കുന്നതിന് പൊതു മരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

(എ&ബി) ഇല്ല. ടി പ്രവൃത്തിക്ക് 400 ലക്ഷം രൂപയുടെ ഭരണാനുമതി 5054-04-101-86-PV എന്ന ശീർഷകത്തിൽ അനുവദിച്ചിരുന്നു. എന്നാൽ ഭരണാനുമതിയിൽ സ്ഥലമെടുപ്പിന് തുക വകയിരുത്തിയിരുന്നില്ല. മാത്രമല്ല 5054-04-101-86-PV "മാന്ദ്യ വിരുദ്ധ ഉത്തേജക പാക്കേജിന് കീഴിലുള്ള പദ്ധതികൾ (പാലങ്ങൾ)" എന്ന ശീർഷകത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുമില്ലായിരുന്നു. ആയതിനാൽ,

സ്ഥലമെടുപ്പിന് തുക അനുവദിക്കുന്ന പൊതുശീർഷകമായ 5054-04-337-80-PV-യിൽ തുക അനുവദിക്കുന്നതിലേയ്ക്ക് അപേക്ഷ സമർപ്പിക്കുകയും അപേക്ഷയുടെ അടിസ്ഥാനത്തിൽ ധനവകുപ്പ് 5054-04-101-86-PV "മാന്ദ്യ വിരുദ്ധ ഉത്തേജക പാക്കേജിന് കീഴിലുള്ള പദ്ധതികൾ (പാലങ്ങൾ)" എന്ന ശീർഷകത്തിൽ അഡിഷണൽ ഓതറൈസേഷൻ മുഖേന 67,57,000 രൂപ അനുവദിക്കുകയുണ്ടായി എന്നാൽ 5054-04-101-86-PV "മാന്ദ്യവിരുദ്ധ ഉത്തേജക പാക്കേജിന് കീഴിലുള്ള പദ്ധതികൾ (പാലങ്ങൾ)" എന്ന ശീർഷകത്തിന്റെ പ്ലാൻ വിഭാഗത്തിൽ ഈ സാമ്പത്തിക വർഷത്തിലും തുകയൊന്നും വകയിരുത്തിയിട്ടില്ല. മാത്രമല്ല ഈ ശീർഷകം നിലവിൽ EMLI സോഫ്റ്റ്‌വെയറിൽ ഉൾപ്പെട്ടിട്ടില്ല എന്ന സാങ്കേതിക പ്രശ്നവുമുണ്ട്. പ്രശ്നങ്ങൾ പരിഹരിച്ച് ടി തുക അടിയന്തര പ്രാധാന്യത്തിൽ അനുവദിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. 23 ഭൂവുടമകളാണ് 0.401 ഹെക്ടർ സ്ഥലം വിട്ടുനൽകിയത്. കണക്ക് പട്ടിക പ്രകാരം 6755459 രൂപയാണ് നഷ്ടപരിഹാരമായി നൽകാനുള്ളത്.

(സി) ഭൂമി ഏറ്റെടുത്ത് ദീർഘനാൾ ആയിട്ടും നാളിതുവരെ നഷ്ടപരിഹാരം നൽകാത്തത് കാരണം ഭൂവുടമകൾ അനുഭവിക്കുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് അടിയന്തരമായി ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

തുക അടിയന്തര പ്രാധാന്യത്തിൽ അനുവദിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

**ശ്രീശങ്കര പാലത്തിന് സമാന്തര പാലം**

66 (3064) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മധ്യകേരളത്തിൽ പെരിയാറിന് കുറുകെ കാലടിയിൽ സ്ഥിതിചെയ്യുന്ന ശ്രീശങ്കര പാലത്തിന് സമാന്തര പാലം നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയത്തിൽ പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 12-8-2021-ന് നിയമസഭാ മന്ദിരത്തിൽ ചേർന്ന യോഗത്തിൽ നേരിട്ടോ ഓൺലൈനായോ പങ്കെടുത്ത ആരെങ്കിലും എതിർപ്പ് രേഖപ്പെടുത്തിയിരുന്നോ; യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ?

എതിർപ്പ് രേഖപ്പെടുത്തിയിട്ടില്ല. യോഗത്തിന്റെ മിനിറ്റ്സ് അനുബന്ധമായി ചേർക്കുന്നു*.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പാലം യാഥാർത്ഥ്യമാകുന്നതിന് നാളിതുവരെ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

14-6-2021-ന് പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ കാലടിപാലം സന്ദർശന ത്തിനോടനുബന്ധിച്ച് പുതിയ പാലം നിർമ്മിക്കുന്നതിന്റെ സാധ്യതകളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി 12-8-2021-ൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെയും അങ്കമാലി, പെരുമ്പാവൂർ, ആലുവ എം.എൽ.എ.-മാരുടെയും സാന്നിദ്ധ്യത്തിൽ പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരത്ത് യോഗം ചേരുകയും നിലവിലുള്ള പാലം അപകടാവസ്ഥയിലാകാനുള്ള സാഹചര്യം പരിഗണിച്ചുകൊണ്ട്, നിലവിലുള്ള ഭരണാനുമതി ഉപയോഗപ്പെടുത്തി സമാന്തരപാലം നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. അതനുസരിച്ച് സമാന്തര പാലത്തിന്റെ ഡിസൈൻ ലഭിക്കുന്നതിനുവേണ്ടി 31-8-2021-ന് ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ചീഫ് എഞ്ചിനീയർ ബ്രിഡ്ജസ് മുഖാന്തരം ചീഫ് എഞ്ചിനീയർ ഡിസൈൻ സമർപ്പിക്കുകയും ആയതിന് ടെൻഡേറ്റീവ് ഡിസൈൻ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഈ സമാന്തര പാലത്തിന്റെ നിർമ്മാണം എന്ന് ആരംഭിക്കുവാൻ കഴിയുമെന്നും ഇതിന്റെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നത് ഏത് ഘട്ടത്തി ലാണെന്നും വ്യക്തമാക്കുമോ?

സ്ഥലമെടുപ്പ് നടപടികളും ടെൻഡർ നടപടികളും പൂർത്തിയാക്കാനുണ്ട്. സമാന്തര പാലം നിർമ്മിക്കുന്നതിനായി ടെൻഡേറ്റീവ് ഡിസൈൻ, ഡിസൈൻ വിഭാഗത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഇതിന്റെ സാധ്യതാ പഠന റിപ്പോർട്ട് സമർപ്പിച്ച് അന്തിമ ഡിസൈൻ ലഭിച്ചുകഴിഞ്ഞാൽ മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ കഴിയുകയുള്ളൂ.

**കെ-റെയിലിന്റെ ഭാഗമായി റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണം**

67 (3065) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈ സ്പീഡ് റെയിൽ (കെ-റെയിൽ)-ന്റെ ഭാഗമായി സംസ്ഥാനത്ത് എത്ര റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണവും ടെൻഡർ നടപടികളും തടസ്സപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ആർ.ബി.ഡി.സി.കെ.-യുടെ 19 ആർ.ഒ.ബി.-കളുടെ അലൈൻമെന്റ് ഫൈനലൈസേഷൻ സിൽവർലൈനുമായി ബന്ധപ്പെട്ട് തടസ്സപ്പെട്ടിട്ടുണ്ട്.

(ബി) ആർ.ഒ.ബി.-യുടെ നിലവിലെ തടസ്സം പരിഹരിച്ച് നിർമ്മാണം ആരംഭിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

സിൽവർലൈൻ അലൈൻമെന്റിൽ വരുന്ന ആർ.ഒ.ബി.-കളുടെ അനുബന്ധ രേഖകൾ കെ.ആർ.ഡി.സി.എൽ.-ന് സമർപ്പിക്കുകയും സിൽവർലൈനുമായി ബന്ധപ്പെട്ട അനിവാര്യമായ മാറ്റങ്ങൾ ആവശ്യമെങ്കിൽ അറിയിക്കുവാനും മാറ്റങ്ങൾ വേണ്ടെങ്കിൽ എൻ.ഒ.സി. നൽകുവാനും ആർ.ബി.ഡി.സി.കെ. KRDCL-നോട് ആവശ്യപ്പെടുകയും കെ.ആർ.ഡി.സി.എൽ. 19 ആർ.ഒ.ബി.-കൾക്ക് അനിവാര്യമായ മാറ്റങ്ങൾ അറിയിക്കുകയുമുണ്ടായി. ആയത് റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയുമാണ്. റെയിൽവേയിൽനിന്ന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയുമായി മുന്നോട്ടുപോകുന്നതാണ്.

## ഇരിക്കൂർ മണ്ഡലത്തിലെ അലക്സ് നഗർ പാലത്തിന്റെ നിർമ്മാണം

68 (3066) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിലെ അലക്സ് നഗർ പാലത്തിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഇരിക്കൂർ മണ്ഡലത്തിലെ അലക്സ് നഗർ പാലത്തിന്റെ പ്രവൃത്തി 45% പൂർത്തീകരിച്ചു. പിയർ ക്യാപുകളുടെയും ബീമുകളുടെയും പ്രവൃത്തിയാണ് ഇനി നടക്കേണ്ടത്.

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം ആരംഭിച്ച് വർഷങ്ങളായിട്ടും പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

കരാറുകാരന്റെ അനാസ്ഥകാരണം പ്രവൃത്തി നിലച്ചിരിക്കുകയാണ്. നിരവധി തവണ കർശന നിർദ്ദേശം നൽകിയിട്ടും കരാറുകാരൻ പ്രവൃത്തി പൂർത്തീകരിക്കുവാൻ യാതൊരു നടപടിയും സ്വീകരിക്കാത്തതിനാൽ കരാർ റദ്ദ് ചെയ്യാൻ വേണ്ട നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## പുന്നപ്പാടം-മമ്പാട് പാലം നിർമ്മാണം

69 (3067) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ പുന്നപ്പാടം-മമ്പാട് പാലത്തിന്റെ നിർമ്മാണം എന്നേയ്ക്ക് ആരംഭിക്കുമെന്ന് അറിയിക്കുമോ?

ആലത്തൂർ മണ്ഡലത്തിലെ പുന്നപ്പാടം-മമ്പാട് പാലത്തിന്റെ നിർമ്മാണ ടെൻഡർ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ടെൻഡർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരനുമായി ഉടമ്പടി വച്ചതിനുശേഷം പ്രവൃത്തി ആരംഭിക്കുവാൻ കഴിയും.

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തിക്കുവേണ്ടി ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഡിസൈൻ ലഭ്യമാക്കി, തുടർന്ന് 660 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുകയുണ്ടായി. നിലവിൽ ടെൻഡർ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

**മഞ്ചേരി നിയോജകമണ്ഡലത്തിലെ മരാമത്തുപണികൾ**

70 (3068) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി-ഒലിപ്പുഴ റോഡിൽ ജീർണ്ണാവസ്ഥയിലായ നെല്ലിക്കുത്ത് പാലം പുനരുദ്ധാരണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

നെല്ലിക്കുത്ത് പാലത്തിന്റെ സംരക്ഷണഭിത്തി കെട്ടുന്നതിനും പുനരുദ്ധാരണ പ്രവൃത്തികൾക്കുമായി 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മണ്ണ് പര്യവേഷണ പ്രവൃത്തികൾ നടത്തി രൂപകൽപ്പന ലഭിച്ചതിനെത്തുടർന്ന് സാങ്കേതികാനുമതി നൽകുകയും പ്രവൃത്തി ടെൻഡർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) മഞ്ചേരി-ഒലിപ്പുഴ റോഡിൽ പാണ്ടിക്കാട് മുതൽ ഒലിപ്പുഴ വരെ ബി.എം. & ബി.സി. ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

പാണ്ടിക്കാട് മുതൽ ഓലിപ്പുഴ വരെയുള്ള റോഡിൽ പാണ്ടിക്കാട് മുതൽ കിഴക്കേ പാണ്ടിക്കാട് വരെയുള്ള ഭാഗം (കി.മീ. 13/300 മുതൽ 16/200 വരെ) ബി.എം.& ബി.സി. പ്രവൃത്തികൾ നടത്തിയിട്ട് 10 വർഷത്തിലേറെയായി. നിലവിൽ ഈ ഭാഗത്തേയ്ക്ക് സ്ട്രിപ്പ്ഡ് ബി.ടി.-യും വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ഡ്രെയിനേജ് അനുബന്ധ പ്രവൃത്തികൾക്കുമായി 50 ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുള്ളതും പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയുമാണ്. ഈ ഭാഗത്ത് ബി.എം.&ബി.സി ചെയ്യുന്നതിനായി 230 ലക്ഷം രൂപയുടെ വർക്ക് പ്രൊപ്പോസൽ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരികയാണ്. ഇതേ റോഡിന്റെ തുടർച്ചയായ പെരിമ്പിലാവ്-നിലമ്പൂർ SH-ൽ ഉൾപ്പെട്ട ഒലിപ്പുഴ പാലം മുതൽ കിഴക്കേ പാണ്ടിക്കാട് ഉൾപ്പെടുന്ന 1300 മീറ്റർ ഭാഗം ഉൾപ്പെടുത്തി ബി.എം.&ബി.സി. റിന്യൂവൽ പ്രവൃത്തിക്കുവേണ്ടി മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(സി) പാണ്ടിക്കാട് റസ്റ്റ് ഹൗസ് പുതുക്കി പണിയുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

പാണ്ടിക്കാട് റസ്റ്റ് ഹൗസ് നവീകരണ ആവശ്യത്തിലേയ്ക്ക് ബഡ്ജറ്റിൽ 100 രൂപ ടോക്കൺ വകയിരുത്തിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ ഭരണാനുമതി ലഭിക്കുന്നതിനുവേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടി പുരോഗമിച്ചുവരുന്നു.

(ഡി) മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക് കോളേജിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് കെട്ടിട നിർമ്മാണത്തിന് ഡി.പി.ആർ. സമർപ്പിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കെട്ടിടത്തിന് ഫണ്ട് അനുവദിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക് കോളേജിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് കെട്ടിട നിർമ്മാണത്തിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഭരണാനുമതിക്കായി സമർപ്പിച്ച 11.50 കോടി രൂപയുടെ പ്രൊപ്പോസൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് പരിശോധിച്ചുവരുന്നു.

## തിരൂരങ്ങാടി മണ്ഡലത്തിലെ നൂക്കട്ട് പാലം

71 (3069) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി മണ്ഡലത്തിലെ നൂക്കട്ട് പാലം നിർമ്മാണത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

പൂർത്തീകരിച്ചിട്ടില്ല. ഈ പ്രവൃത്തിക്ക് 1500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പാലത്തിന്റെ സമീപന റോഡുകൾ നിർമ്മിക്കാനാവശ്യമായ ഭൂമി ജലസേചന വകുപ്പിന്റെ പരിധിയിൽപ്പെടുന്നതിനാൽ പ്രസ്തുത സ്ഥലം വിട്ടുകിട്ടുന്നതിന് അനുമതി ലഭിക്കുന്നതിനായി ജലസേചന വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. നിർദ്ദിഷ്ട പാലം ദേശീയ ജലപാതയിൽ വരുന്നതിനാൽ IWAI NORMS പ്രകാരം 45.00 മീറ്റർ ഹൊറിസോണ്ടൽ ക്ലിയറൻസും 6.00 മീറ്റർ വെർട്ടിക്കൽ ക്ലിയറൻസും നൽകിയാണ് മധ്യത്തിൽ ബോസ്ട്രിങ്ങ് ആർച്ച് സ്പാൻ രൂപകൽപ്പന ചെയ്തിരിക്കുന്നത്. IWAI-യുടെ അനുമതി ലഭിക്കുന്നതിനായി ഓൺലൈൻ അപേക്ഷ സമർപ്പിക്കുകയും തുടർന്ന് IWAI ഉദ്യോഗസ്ഥർ 18-2-2021-ന് സ്ഥലം സന്ദർശിക്കുകയും ഡിസൈൻ പുതുക്കുന്നതിന് നിർദ്ദേശം നൽകുകയും അതനുസരിച്ച് പുതുക്കിയ ഡിസൈൻ ലഭ്യമാക്കുന്നതിനായി ചീഫ് എഞ്ചിനീയർ (ഡിസൈൻ)-ന് അപേക്ഷ സമർപ്പിക്കുകയും ചെയ്തു. ഡിസൈൻ വിംഗിന്റെയും IWAI-യുടെയും തുടർന്നുള്ള നിർദ്ദേശങ്ങൾ പ്രകാരം പാലത്തിന്റെ നീളം 85 മീറ്ററിൽനിന്നും 92.20 മീറ്ററായി വർദ്ധിക്കുകയും പാലത്തിന്റെ ഡിസൈനിൽ മാറ്റംവരുകയും ചെയ്തതിനെ തുടർന്ന് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ എസ്റ്റിമേറ്റ് തുക ഭരണാനുമതി തുകയേക്കാൾ വർദ്ധിച്ചതിനാൽ പുതുക്കിയ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പാലക്കാട് ജില്ലയിൽ തകർച്ച നേരിടുന്ന പാലങ്ങൾ

72 (3070) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ തകർച്ച നേരിടുന്ന പാലങ്ങളുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

പാലക്കാട് ജില്ലയിൽ തകർച്ച നേരിടുന്ന 5 പാലങ്ങളുണ്ട്.

1. കണ്ണനികടവ് പാലം

2. പുന്നപ്പാടം - മമ്പാട് കോസ് വേ

3. ചെമ്മണംപതി പാലം

4. വേലന്താവളം പാലം

5. കണ്ണംകുണ്ട് കടവ് പാലം.

(ബി) പ്രസ്തുത പാലങ്ങൾ പുനർനിർമ്മിക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ടോ; വിശദമാക്കാമോ?

തകർച്ച നേരിടുന്ന പാലങ്ങൾ പുനർനിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നുണ്ട്. ഇവ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## കുണ്ടറ മണ്ഡലത്തിലെ പള്ളിമുക്ക്-ചിറ്റുമല-മൺറോതുരുത്ത് റോഡ്

73 (3071) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടറ മണ്ഡലത്തിലെ പള്ളിമുക്ക്-ചിറ്റുമല-മൺറോതുരുത്ത് റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കുണ്ടറ മണ്ഡലത്തിലെ പള്ളിമുക്ക്-ചിറ്റുമല-മൺറോത്തുരുത്ത് റോഡിന് കിഫ്ബി പദ്ധതിയായി 15 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുള്ളതും തുടർന്ന് 25.80 കോടി രൂപയുടെ സാമ്പത്തികാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുള്ളതാണ്. നിലവിൽ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. കുണ്ടറ ചിറ്റുമല റോഡിന്റെ ചെയിനേജ് 1/930 മുതൽ 5/480 വരെയും ചിറ്റുമല മുതൽ ഇടച്ചാൽ വരെയുള്ള റോഡിന്റെ ചെയിനേജ് 0/000 മുതൽ 1/200 വരെയും 6/520 മുതൽ 8/450 വരെയുള്ള ഭാഗത്ത് ഡി.ബി.എം. പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ഇരിക്കൂർ മണ്ഡലത്തിലെ അഡൂർ കടവ് പാലം നിർമ്മാണം**

74 (3072) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ അഡൂർ കടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് എത്ര തുകയുടെ എസ്റ്റിമേറ്റാണ് സമർപ്പിച്ചിരിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

(എ&ബി) അഡൂർക്കടവ് പാലത്തിന് 950 ലക്ഷം രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് 2018 DSOR പ്രകാരം സാങ്കേതികാനുമതി തുക 1057 ലക്ഷം രൂപയായി ഉയർന്നിട്ടുണ്ട്. സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് ഭരണാനുമതി തുകയിൽ പരിമിതപ്പെടുത്തി പുനഃസമർപ്പിക്കാനും പ്രവൃത്തി നടത്താനുള്ള സ്ഥലലഭ്യത ഉറപ്പുവരുത്തുവാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കുട്ടനാട്ടിലെ പാലങ്ങളുടെ നിർമ്മാണം**

75 (3073) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ നിർമ്മാണത്തിലിരിക്കുന്നതും ടെണ്ടർ നടപടികൾ പൂർത്തിയാക്കിയതുമായ പാലങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

1. മാമ്മൂട് പാലം 2. തൈച്ചേരിത്തോട് പാലം

(ബി) പ്രസ്തുത പാലങ്ങൾക്കുള്ള അപ്രോച്ച് റോഡുകളുടെ സ്ഥലമെടുപ്പ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

പ്രസ്തുത രണ്ട് പാലങ്ങൾക്കും അപ്രോച്ച് റോഡിനുവേണ്ടി സ്ഥലം ഏറ്റെടുക്കേണ്ടതില്ല.

(സി) ഓരോ പാലങ്ങളും എന്നത്തേയ്ക്ക് ഗതാഗതയോഗ്യമാകുമെന്ന് വ്യക്തമാക്കാമോ?

മാമ്മൂട് പാലം 2021 നവംബർ മാസത്തോടുകൂടിയും തൈച്ചേരിത്തോട് പാലം 2022 ആഗസ്റ്റ് മാസത്തോടുകൂടിയും ഗതാഗതത്തിനായി തുറന്നുകൊടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

### കോഴിക്കോട് എരഞ്ഞിപ്പാലത്ത് ഫ്ലൈഓവർ

76 (3074) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എരഞ്ഞിപ്പാലത്ത് ഫ്ലൈഓവർ നിർമ്മിക്കുന്ന പദ്ധതി പരിഗണനയിലുണ്ടോ?

ഇപ്പോൾ പരിഗണയിലില്ല. ദേശീയപാത 766-ൽ മലാപറമ്പ് മുതൽ പുതുപ്പാടിവരെയും പുതുപ്പാടി മുതൽ മുത്തങ്ങ വരെയുമുള്ള ഭാഗം പേവ്ഡ് ഷോൾഡ റോട്ടുകൂടി രണ്ടുവരി പാതയാക്കുന്ന പ്രവൃത്തികളുടെ പദ്ധതി രൂപ രേഖയിൽ എരഞ്ഞിപ്പാലം ഫ്ലൈഓവർ ഉൾപ്പെടുന്നില്ല.

(ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഇപ്പോൾ പരിഗണയിലില്ല. ദേശീയപാത 766-ൽ മലാപറമ്പ് മുതൽ പുതുപ്പാടിവരെയും പുതുപ്പാടി മുതൽ മുത്തങ്ങ വരെയുമുള്ള ഭാഗം പേവ്ഡ് ഷോൾഡറോട്ടുകൂടി രണ്ടുവരിപ്പാതയാക്കുന്ന പ്രവൃത്തികളുടെ പദ്ധതി രൂപരേഖയിൽ എരഞ്ഞിപ്പാലം ഫ്ലൈഓവർ ഉൾപ്പെടുന്നില്ല.

### വള്ളിക്കുന്ന് മണ്ഡലത്തിലെ മുദിയം പാലം നിർമ്മാണം

77 (3075) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ മുദിയം പാലം നിർമ്മാണവുമായി ബന്ധപ്പെട്ട ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് പ്രസ്തുത ഡി.പി.ആർ. അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ടോ;

(സി) സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുക ഡി.പി.ആർ.-ൽ വകയിരുത്തി യിട്ടുണ്ടോ;

(ഡി) പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയുടെ സാമ്പത്തിക അനുമതി ലഭിക്കുന്ന തിനാവശ്യമായ നടപടി അടിയന്തരമായി പൂർത്തിയാക്കുമോ; വ്യക്തമാക്കാമോ?

(എ-ഡി) മലപ്പുറം ജില്ലയിൽ തീരദേശ ഹൈവേയുടെ അലൈന്റ്മെന്റിൽ വരുന്നതാണ് മുദിയം പാലം. പ്രസ്തുത പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി മലപ്പുറം ദേശീയപാത വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പൂർത്തീകരിച്ച് ഫയലുകൾ മലപ്പുറം കെ.ആർ.എഫ്.ബി. വിഭാഗത്തിന് കൈമാറി

യിട്ടുണ്ട്. തീരദേശ ഹൈവേയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് കൺസൾട്ടന്റിനെ ഏൽപ്പിക്കണമെന്ന കിഫ്ബിയുടെ നിർദ്ദേശത്തെത്തുടർന്ന് മലപ്പുറം ജില്ലയിലെ തീരദേശ ഹൈവേയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് കൺസൾട്ടന്റിനെ കണ്ടെത്തുന്നതിനായി റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ (RFP) ക്ഷണിച്ചിരിക്കുകയാണ്. അതിൽ പ്രസ്തുത പാലവും ഉൾപ്പെടുന്നു. 21-10-2021-നാണ് പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി. അന്നുവരെ ലഭിച്ച ടെക്നിക്കൽ-ഫിനാൻഷ്യൽ പ്രൊപ്പോസലുകൾ പരിശോധിച്ച് യോഗ്യരായ കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതാണ്. തെരഞ്ഞെടുത്ത കൺസൾട്ടന്റ് മുഖേന, നിശ്ചയിച്ചിട്ടുള്ള സമയ പരിധിയായ 6 മാസത്തിനുള്ളിൽ ഡി.പി.ആർ. തയ്യാറാക്കി, സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കുന്നതാണ്.

## നിലമ്പൂർ യാർഡിലെ ലെവൽ ക്രോസിൽ റെയിൽവേ അണ്ടർ ബ്രിഡ്ജ്

78 (3076) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ യാർഡിലെ ലെവൽ ക്രോസിൽ റെയിൽവേ അണ്ടർ ബ്രിഡ്ജ് നിർമ്മിക്കുന്ന പ്രവൃത്തിയുടെ നിലവിലെ അവസ്ഥ അറിയിക്കാമോ?

പ്രസ്തുത പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് നിശ്ചിത സ്ഥലത്ത് അതിർത്തിക്കല്ലുകൾ സ്ഥാപിച്ച് സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്. ഭൂമിയേറ്റെടുക്കൽ പ്രവർത്തനം, ടെൻഡർ നടപടി തുടങ്ങിയവ പുരോഗമിക്കുന്നു.

(ബി) പ്രസ്തുത ആർ.യു.ബി. നിർമ്മാണത്തിന് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇതിന്റെ നിർമ്മാണത്തിന് എത്ര തുകയാണ് വകയിരുത്തിയതെന്നും എന്നത്തേയ്ക്ക് നിർമ്മാണം പൂർത്തിയാക്കാനാകുമെന്നും അറിയിക്കാമോ?

പ്രസ്തുത ആർ.യു.ബി. നിർമ്മാണത്തിനായി കെ.ആർ.ഡി.സി.എൽ. 2021 ജൂലൈ 23-ന് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. 12 കോടി രൂപയ്ക്കാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്. ടെണ്ടർ നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

(സി) പ്രസ്തുത ആർ.യു.ബി.-യുടെ ഡിസൈൻ, റോഡ് അലൈൻമെന്റ് എന്നിവ പൂർത്തീകരിച്ചിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; നിർദ്ദിഷ്ട മലയോര ഹൈവേ ഡിസൈനുമായി ചേർന്ന് പോകുന്ന തരത്തിലാണോ ആർ.യു.ബി. നിർമ്മിക്കുന്നതെന്ന് അറിയിക്കാമോ?

മലപ്പുറം ജില്ലയിലെ മലയോര ഹൈവേയുടെ ഭാഗമായുള്ള പൂക്കോട്ടുപാടം - നിലമ്പൂർ റോഡിൽ നിർമ്മിക്കുന്ന ഈ അടിപ്പാതയുടെ അലൈൻമെന്റിന് മലയോര ഹൈവേ പദ്ധതി നടപ്പിലാക്കുന്ന കിഫ്ബിയുടെ അനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത ആർ.യു.ബി.-യുടെ ഡിസൈൻ, റോഡ് അലൈൻമെന്റ് എന്നിവ പൂർത്തീകരിച്ച് റെയിൽവേ അംഗീകരിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)*

(ഡി) നിലമ്പൂർ യാർഡിലെ ലെവൽ ക്രോസ് കയറ്റിറക്കമുള്ള റോഡായതിനാൽ മഴക്കാലത്ത് അണ്ടർ ബ്രിഡ്ജിലെ വെള്ളം കെട്ടിനിന്ന് വാഹന ഗതാഗതം തടസ്സപ്പെടുന്ന സാഹചര്യമുണ്ടാകാൻ സാധ്യതയുണ്ടോ; ഇക്കാര്യത്തിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; അറിയിക്കാമോ?

അടിപ്പാതയിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ട്. അടിപ്പാതയുടെ നിർമ്മാണത്തോടൊപ്പംതന്നെ വെള്ളം സുഗമമായി ഒഴുകിപ്പോകുന്നതിനുള്ള പ്രവൃത്തികൾ ചെയ്യുന്നതിനുവേണ്ട നിർദ്ദേശങ്ങൾ ടെണ്ടറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## കാവിൽ മുനമ്പ്, പഴയങ്ങാടി പാലങ്ങൾ

79 (3077) <u>ശ്രീ. എം. വിജിൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽനിന്ന് ധനകാര്യ അനുമതി ലഭിച്ചതും കേരള റോഡ് ഫണ്ട് ബോർഡ് മുഖേന വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചതുമായ കാവിൽ മുനമ്പ് പാലത്തിന്റെയും പഴയങ്ങാടി പാലത്തിന്റെയും സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) ടെണ്ടർ നടപടി പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) കണ്ണൂർ ജില്ലയിലെ കാവിൽമുനമ്പ് പാലത്തിന്റെ നിർമ്മാണത്തിനായി 35 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും 59.98 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് സാങ്കേതികാനുമതിക്കായി ടെക്നിക്കൽ കമ്മറ്റിയുടെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് പരിശോധിച്ച് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയും. കണ്ണൂർ ജില്ലയിലെ പഴയങ്ങാടി പാലത്തിന്റെ നിർമ്മാണത്തിനായി 35 കോടി രൂപയുടെ ഭരണാനുമതി നൽകുകയും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തുടർന്ന് ടി പ്രവൃത്തിയുടെ പേരുമാറ്റുകയും 16.66 കോടി രൂപയായി ഭരണാനുമതി പുതുക്കി നൽകുകയുമുണ്ടായി. കിഫ്ബിയിൽനിന്നും 15.49 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് സാങ്കേതികാനുമതിക്കായി ടെക്നിക്കൽ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് പരിശോധിച്ച് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയും.

**ശ്രീശങ്കര പാലത്തിലെ ഗതാഗത കുരുക്ക്**

80 (3078) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മധ്യകേരളത്തിൽ പെരിയാറിന് കുറുകെ കാലടിയിൽ സ്ഥിതിചെയ്യുന്ന ശ്രീശങ്കര പാലത്തിലെ സ്ഥിരമായ ഗതാഗതക്കുരുക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

മാമ്മൂട് പാലം 2021 നവംബർ മാസത്തോടുകൂടിയും തൈച്ചേരിത്തോട് പാലം 2022 ആഗസ്റ്റ് മാസത്തോടുകൂടിയും ഗതാഗതത്തിനായി തുറന്നുകൊടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പ്രസ്തുത പാലത്തിന് സമീപമായി സമാന്തര പാലം നിർമ്മാണം സംബന്ധിച്ച തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. നിലവിലെ 42 കോടി രൂപയുടെ ഭരണാനുമതി അനുസരിച്ച് സമാന്തര പാലത്തിന്റെ നിർമ്മാണം അടിയന്തരമായി ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 12-8-2021 നിയമസഭാ മന്ദിരത്തിൽവച്ച് യോഗം ചേർന്നിരുന്നോ; പ്രസ്തുത യോഗത്തിൽ ആരെല്ലാം പങ്കെടുത്തു; വിശദമാക്കുമോ?

12-8-2021-ൽ പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിരുന്നു. ബഹു. വ്യവസായ വകുപ്പുമന്ത്രിയുടെയും അങ്കമാലി, പെരുമ്പാവൂർ, ആലുവ എം.എൽ.എ.-മാരുടെയും സാന്നിദ്ധ്യത്തിലാണ് യോഗം ചേർന്നത്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരും വീഡിയോ കോൺഫറൻസ് വഴി ആ പ്രദേശത്തെ രാഷ്ട്രീയ പാർട്ടികളുടെ മറ്റ് പ്രതിനിധികളും യോഗത്തിൽ പങ്കെടുത്തു.

**മുക്കം പൊതുമരാമത്ത് കെട്ടിട വിഭാഗം സബ്ഡിവിഷൻ ഓഫീസ്**

81 (3079) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ പൊതുമരാമത്ത് കെട്ടിടവിഭാഗത്തിന് പുതിയ സബ്ഡിവിഷൻ ആഫീസ് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സബ്ഡിവിഷൻ ആഫീസ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മുക്കം ആസ്ഥാനമായി പൊതുമരാമത്ത് കെട്ടിട വിഭാഗം സബ്ഡിവിഷൻ ആഫീസ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**തിരൂർ മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾ**

82 (3080) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ പൂർത്തിയാകാത്ത പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോ പദ്ധതിയിലും ഉൾപ്പെട്ട പ്രവൃത്തികൾ നിലവിൽ ഏതുഘട്ടത്തിലാണെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം എന്താണെന്ന് അറിയിക്കുമോ;

(സി) ഓരോ പദ്ധതിയിലും ഉൾപ്പെട്ട പ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ?

(എ-സി) തിരൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിന് കീഴിൽ താഴെപ്പാലം പാരലൽ ബ്രിഡ്ജ് അനുബന്ധ റോഡ് നിർമ്മാണത്തിന് 320 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കരാറുകാരന് 27-2-2018-ന് സൈറ്റ് കൈമാറുകയും ചെയ്തിരുന്നു. പുഴയുടെ താനൂർ ഭാഗത്ത് സംരക്ഷണ ഭിത്തി നിർമ്മിക്കുവാനാവശ്യമായ ഭൂമിയുടെ ഉടമസ്ഥനും ജലസേചന വകുപ്പും തമ്മിൽ സ്ഥലത്തെക്കുറിച്ച് കേരള ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ ഭൂമി നൽകുവാൻ ഭൂവുടമ തയ്യാറായിരുന്നില്ല. ഇതിനിടെ കരാറുകാരൻ പുഴയുടെ തിരൂർ ഭാഗത്ത് ആവശ്യമായ സംരക്ഷണ ഭിത്തികൾ നിർമ്മിച്ചുവെങ്കിലും ശേഷിക്കുന്ന എല്ലാ ജോലികളും വൈകുകയുണ്ടായി. യഥാസമയം ഭൂമി കൈമാറാൻ വകുപ്പിന് കഴിയാത്തതിനാൽ, പൂർത്തീകരണ കാലയളവ്

നീട്ടുന്നതിന് കരാറുകാരൻ അപേക്ഷിക്കുകയും 31-12-2018 വരെ കരാർ നീട്ടി നൽകുകയും ചെയ്തു. പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിന് 63,63,083 രൂപ ഫെബ്രുവരി 2020-ൽ പൊതുമരാമത്ത് വകുപ്പ് തിരൂർ എൽ.എ; തഹസിൽദാർക്ക് നൽകുകയും തുടർന്ന് സ്ഥലം കൈമാറുകയും ചെയ്തു. അതേസമയം കരാറുകാരനെ റിസ്ക് ആൻഡ് കോസ്റ്റിൽ പ്രവൃത്തിയിൽനിന്നും വിടുതൽ നൽകിയിട്ടുള്ളതും താഴെപ്പാലം പാരലൽ ബ്രിഡ്ജിന്റെ ബാലൻസ് വർക്ക് ഷെഡ്യൂൾ പ്രകാരം വർക്ക് ടെണ്ടർ ചെയ്യുകയും ഉത്തര മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർ പാലങ്ങൾ വിഭാഗം കോഴിക്കോട് ഓഫീസിനുകീഴിൽ തുടർനടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയുമാണ്. കരാറുകാരനെ റിസ്ക് ആൻഡ് കോസ്റ്റിൽ ഉൾപ്പെടുത്തി പ്രവൃത്തിയിൽനിന്നും വിടുതൽ നൽകിയതിനെതിരെ കരാറുകാരൻ ബഹു. കേരള ഹൈക്കോടതിയെ സമീപിക്കുകയും ഉത്തരവിനെതിരെ സ്റ്റേ നേടുകയും ചെയ്തു. എന്നിരുന്നാലും സൂപ്രണ്ടിംഗ് എഞ്ചിനീയർ പാലങ്ങൾ വിഭാഗം കോഴിക്കോടിന് ടെണ്ടർ ഓപ്പൺ ചെയ്യുന്നതിന് ബഹു. അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടിയിട്ടുള്ളതും നിയമോപദേശം ലഭ്യമാകുന്നമുറയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണം ആരംഭിക്കാവുന്നതാണ്. തിരൂർ ടൗൺ പാരലൽ ആർ.ഒ.ബി. സമീപന റോഡിന് 13-8-2021-ലെ G.O.(Rt) No.730/2021/PWD പ്രകാരം 328 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാകുകയും പുതിയ DSOR 2018 പ്രകാരം 360 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയും ചെയ്യുന്നു. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് കീഴിലുള്ള പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. NABARD- RIDF XXI - Construction of Building for Oncology Centre at District Hospital, Tirur- ഓങ്കോളജി കെട്ടിടത്തിന്റെ സിവിൽ പ്രവൃത്തികൾ 95% പൂർത്തീകരിച്ചിട്ടുണ്ട്.

2. Annual Plan Fund 2019-20- Construction of building for GMLP School, Edakkulam -കെട്ടിടത്തിന്റെ 60% പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം നിലയുടെ സ്ലാബ് പ്രവൃത്തികൾ നടന്നു വരുന്നു. കോവിഡ്, ലോക്ക്ഡൗൺ കാരണങ്ങളാൽ പ്രവൃത്തി പൂർത്തീകരണ സമയം 22-3-2022 വരെ നീട്ടി നൽകിയിട്ടുണ്ട്.

3. Annual Plan Fund 2020-21 -Construction of building for GUP School, Koodasseri- ആദ്യഘട്ട പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. പ്രവൃത്തി 25-9-2022-ന് പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

പൊതുമരാമത്ത് വകുപ്പ് നിരത്ത്, കിഫ്ബി വിഭാഗങ്ങളുടെ കീഴിൽ വരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സീ പ്ലെയിൻ പദ്ധതി

83 (3081) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16 കാലത്ത് നടപ്പിലാക്കുന്നതിനായി തീരുമാനിച്ച സീ പ്ലെയിൻ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണ്; വിശദമാക്കാമോ?

സാങ്കേതിക അനുമതികൾ ലഭ്യമായ ജലവിമാനങ്ങളുടെ ഓപ്പറേറ്റർമാർ ആരും വ്യാവസായികാടിസ്ഥാനത്തിലുള്ള സർവ്വീസുകൾ ആരംഭിക്കുവാനായി മുന്നോട്ടു വരാത്തതിനാൽ സീ പ്ലെയിൻ പദ്ധതി ആരംഭിക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ, പദ്ധതിക്കായി ഒരുക്കിയിരുന്ന അടിസ്ഥാന സൗകര്യങ്ങൾ ടൂറിസം മേഖലയിലെ വിവിധ ഉപയോഗങ്ങൾക്കായി പുനർവിന്യസിക്കുകയാണുണ്ടായത്.

(ബി) ആയതിന് മേല്പറഞ്ഞ കാലയളവിൽ എത്ര തുക വിനിയോഗിച്ചു; എന്തെല്ലാം കാര്യങ്ങൾക്കായാണ് തുക ചെലവഴിച്ചതെന്ന് ഇനം തിരിച്ച് വിശദമാക്കുമോ?

ഈ കാലയളവിൽ പദ്ധതിക്കായി ആകെ 13,73,50,111 രൂപയാണ് ചെലവഴിക്കപ്പെട്ടിട്ടുള്ളത്. ഇത് താഴെപ്പറയുന്ന കാര്യങ്ങൾക്കായാണ് ചെലവഴിച്ചിട്ടുള്ളത്.

1. അടിസ്ഥാന സൗകര്യങ്ങൾ: 6,14,23,511 രൂപ
2. അഡ്മിനിസ്ട്രേഷൻ മറ്റു ചെലവുകൾ: 1,58,08,297 രൂപ
3. സ്റ്റേറ്റ് ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സ്: 3,90,27,682 രൂപ
4. പരസ്യം ആൾ ഇന്ത്യ, (വിഷ്വൽ മീഡിയ അടക്കം): 1,88,70,983 രൂപ
5. ഉദ്ഘാടനം: 22,19,638 രൂപ

ആകെ - 13,73,50,111 രൂപ.

## കടുത്തുരുത്തി ബസ്സ്ബേ ടെർമിനൽ നിർമ്മാണം

84 (3082) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി വലിയപാലത്തിനോട് ചേർന്നുള്ള ബസ്സ്ബേ ടെർമിനൽ നിർമ്മാണവുമായി ബന്ധപ്പെട്ട മണ്ണ് പരിശോധനാ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് ലഭിക്കുന്നതിലുള്ള കാലതാമസത്തിന്റെ കാരണം അറിയിക്കാമോ?

കടുത്തുരുത്തി ബസ്സ്ബേ ടെർമിനൽ നിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണ് പരിശോധനാ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ബി) ബസ്സ്ബേയുടെ ഡിസൈൻ ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വകുപ്പ് ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

4-8-2021-ൽ ബസ്സ്ബേയുടെ Tentative General Design Drawing ലഭിച്ചിട്ടുണ്ട്.

(സി) ഡിസൈൻ അനുമതിക്കായി പൊതുമരാമത്ത് വകുപ്പ് കഴിഞ്ഞ രണ്ട് വർഷമായി സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ; അനുമതി ലഭിക്കുന്ന തിനുള്ള കാലതാമസത്തിന്റെ കാരണം അറിയിക്കാമോ?

ഫീസിബിലിറ്റി റിപ്പോർട്ടിനെ ആസ്പദമാക്കിയുള്ള ജനറൽ ഡിസൈൻ ഡ്രോയിംഗ് തയ്യാറാക്കിവരുന്നു. 2021 നവംബർ മാസം ആദ്യവാരത്തിൽ പൂർത്തീ കരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) പൊതുമരാമത്ത് നിരത്ത് ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കടുത്തുരുത്തിയുടെ കാര്യാലയത്തിൽനിന്നും പൂർത്തീകരിക്കുകയും തുടർ നടത്തിപ്പിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (പാലങ്ങൾ) ഡിവിഷനിലേയ്ക്ക് കൈമാറി നൽകുകയും ചെയ്ത ഡി.പി.ആർ. ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ടോ; ആയത് അംഗീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

പൊതുമരാമത്ത് നിരത്ത് വിഭാഗത്തിൽനിന്ന് കിട്ടിയ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടാണ് പാലം വിഭാഗത്തിന് കൈമാറി നൽകിയത്. ഈ റിപ്പോർട്ട് പാലം വിഭാഗത്തിൽനിന്ന് ഡിസൈൻ വിഭാഗത്തിലേയ്ക്ക് സമർപ്പിക്കുകയും അതനുസരിച്ച് ഡിസൈൻ യൂണിറ്റ് Tentative General Design Drawing തയ്യാറാക്കുകയും ഇതിൻപ്രകാരം ഡി.പി.ആർ. പാലം വിഭാഗം തയ്യാറാക്കിയിട്ടുമുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**മലമ്പുഴ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

85 (3083) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെയുള്ള കാലയളവിൽ പൊതുമരാമത്ത് കെട്ടിടങ്ങൾ വിഭാഗം മുഖാന്തരം മലമ്പുഴ മണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇതിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്നിവ അറയിക്കാമോ?

(എ&ബി) ഉത്തരം അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പാറശ്ശാല മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

86 (3084) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് മുഖാന്തരം 2016-നുശേഷം പാറശ്ശാല മണ്ഡലത്തിൽ നടത്തുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും ഇവയുടെ പൂർത്തീകരണത്തിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) അവയുടെ ഓരോന്നിന്റെയും സാങ്കേതികാനുമതി ലഭ്യമായ തീയതി, കരാർ ഏറ്റെടുത്ത തീയതി എന്നിവയും നിലവിലുള്ള പ്രവൃത്തികളുടെ പുരോഗതിയും വിശദമാക്കാമോ;

(സി) പാറശ്ശാല മണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി. വക റോഡുകളുടെ ഔദ്യോഗിക നാമം, ലൊക്കേഷൻ, ദൈർഘ്യം എന്നിവ ലഭ്യമാണോ; എങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ?

(എ-സി) പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിൽ 2016-ന് ശേഷം പാറശ്ശാല നിയോജകമണ്ഡലത്തിൽ " ഉദിയൻകുളങ്ങര, ധനുവച്ചപുരം, പാങ്കോട്ടുകോണം - മലയിൽകട-വടകര - മാരായമുട്ടം - അരുവിപ്പുറം - അയിരൂർ റോഡ് നവീകരണം" എന്ന സി.ആർ.എഫ്. പ്രവൃത്തിക്ക് 10.50 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ കരാറുകാരൻ കോവിഡ് ബാധിച്ച് മരണപ്പെട്ടതിനാൽ കരാർ അവസാനിപ്പിക്കുകയും ബാക്കി പ്രവൃത്തികൾക്ക് പുതിയ കരാർ ക്ഷണിച്ച് MJD construction Company എന്ന സ്ഥാപനത്തിന് 8,75,00,000 രൂപയ്ക്ക് കരാർ നൽകുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി നിലവിൽ 50% പൂർത്തീകരിച്ചിട്ടുണ്ട്. ദേശീയപാത 66-ന്റെ ചെയിനേജ് 591/00 മുതൽ 599/000 വരെയുള്ള 8 കി.മീ. ഭാഗം പാറശ്ശാല മണ്ഡലത്തിൽ ഉൾപ്പെടുന്നുണ്ട്. പാലങ്ങൾ വിഭാഗത്തിനുകീഴിൽ

1. പ്ലാംപഴിഞ്ഞി പാലം നിർമ്മാണം-പ്രസ്തുത പാലം നിർമ്മാണ പ്രവൃത്തി ടെണ്ടർ ചെയ്തു. നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. സാങ്കേതികാനുമതി ലഭ്യമായ തീയതി: 12-2-2020, എഗ്രിമെന്റ് തീയതി: 16-9-2020

2. വേങ്കോട് - കൊടിഞ്ഞാമൂല പാലം നിർമ്മാണം - പാലത്തിന്റെ നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. സാങ്കേതികാനുമതി ലഭ്യമായ തീയതി : 15-2-2020

പൊതുമരാമത്ത് വകുപ്പ് കെട്ടിട, നിരത്തുകൾ, കിഫ്ബി വിഭാഗങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* പാലങ്ങൾ വിഭാഗത്തിനു കീഴിൽ 1. പ്ലാംപഴിഞ്ഞി പാലം നിർമ്മാണം - പ്രസ്തുത പാലം നിർമ്മാണ പ്രവൃത്തി ടെണ്ടർചെയ്തു. നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. സാങ്കേതികാനുമതി ലഭ്യമായ തീയതി: 12-2-2020, എഗ്രിമെന്റ് തീയതി: 16-9-2020 2. വേങ്കോട് - കൊടിഞ്ഞാമൂല പാലം നിർമ്മാണം - പാലത്തിന്റെ നിർമ്മാണത്തിനായുമുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. സാങ്കേതികാനുമതി ലഭ്യമായ തീയതി : 15-2-2020. പൊതുമരാമത്ത് വകുപ്പ് കെട്ടിട, നിരത്തുകൾ, കിഫ്ബി വിഭാഗങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ മുൻഗണന പട്ടികയിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽനിന്നും ഏതൊക്കെ റോഡുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ?

മുൻഗണനാപട്ടിക അന്തിമ രൂപത്തിലായിട്ടില്ല.

**പൊതുമരാമത്ത് വകുപ്പ് സ്പെഷ്യൽ പാക്കേജ് പദ്ധതി**

87 (3085) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പ് സ്പെഷ്യൽ പാക്കേജ് പദ്ധതിപ്രകാരം വാമനപുരം മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ ഏതൊക്കെയെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്തെന്നും അറിയിക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് നൽകിയ ഭരണാനുമതിയുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**മങ്കട നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

88 (3086) <u>ശ്രീ. മഞ്ഞളാംകുഴി അലി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്തോ ഈ സർക്കാരിന്റെ കാലത്തോ ഭരണാനുമതി ലഭിച്ചതും എന്നാൽ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ലാത്തതുമായ പൊതുമരാമത്ത് പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മങ്കട നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചിട്ടില്ലാത്തതുമായ കെട്ടിടവിഭാഗത്തിന് കീഴിലുള്ള പ്രവൃത്തികൾ

1. GHSS Mankada-Construction of School-പ്രവൃത്തിക്കുവേണ്ടി ഇൻവെസ്റ്റിഗേഷൻ നടത്തുവാനുള്ള എസ്റ്റിമേറ്റ് സാങ്കേതികാനുമതിക്കായി തയ്യാറാക്കിയിട്ടുണ്ട്.

2. LAC-ADF Construction of Building for AEO Office Mankada - ടി പ്രവൃത്തി ചെയ്യുന്നതിനുള്ള സ്ഥലം നിർണ്ണയിക്കേണ്ടതുണ്ട്. പാലങ്ങൾ വിഭാഗത്തിന് കീഴിൽ കുറുവ-കീരംകുണ്ട് പാലത്തിന്റെ പുനർനിർമ്മാണ പ്രവൃത്തിക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2019-2020-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി 65 ശതമാനം പുരോഗതിയിലാണ്. കെ.എസ്.ടി.പി-യിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരമുള്ള പെരുമ്പിലാവ്-നിലമ്പൂർ റോഡ് പുനരുദ്ധാരണ പ്രവൃത്തിക്കാണ് മങ്കട നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.ടി.പി.-ക്ക് ഭരണാനുമതി ലഭിച്ചത്. പ്രസ്തുത പ്രവൃത്തി M/s KMC Construction കമ്പനിയുമായി 7-10-2020-ന് കരാർ ഉടമ്പടി ഒപ്പുവച്ചു. 25 ശതമാനത്തോളം പ്രവൃത്തി നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് ഈ നിയോജകമണ്ഡലത്തിൽ കെ.എസ്.ടി.പി. പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടില്ല. മങ്കട നിയോജകമണ്ഡലത്തിൽ 2016-ൽ ഭരണാനുമതി നൽകിയ ആർ.ബി.ഡി.സി.കെ. നിർവ്വഹിക്കുന്ന പദ്ധതിയാണ് ഓരൊട്ടംപാലം-വൈലോങ്ങര ബൈപ്പാസ്. പ്രസ്തുത പ്രവൃത്തിക്ക് 12.62 കോടി രൂപ 22-5-2018-ൽ അനുവദിക്കുകയുണ്ടായി. പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനം 12-7-2018-ന് പ്രസിദ്ധീകരിക്കുകയും അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തു. എന്നാൽ പദ്ധതി പ്രദേശത്തെ ഏതാനും ഭൂവുടമകൾ പദ്ധതിയുടെ അലൈൻമെന്റിൽ മാറ്റം വരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ടി പ്രവൃത്തി തടസ്സപ്പെടുത്തുകയും കൂടാതെ ബഹു. കേരള ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും മലപ്പുറം ജില്ലാ കളക്ടർക്ക് അപേക്ഷ നൽകുകയും ചെയ്തു. ടി സാഹചര്യത്തിൽ പദ്ധതിയുടെ മുന്നോട്ടുള്ള പ്രവർത്തനം താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. നിരത്ത് വിഭാഗത്തിനുകീഴിലുള്ള പ്രവൃത്തികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭരണാനുമതി ലഭിച്ചതും ഈ സർക്കാരിന്റെ കാലത്ത് പൂർത്തീകരിച്ചതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഇല്ല.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടങ്ങിയതും പൂർത്തിയാക്കാനാവാതെ ഉപേക്ഷിക്കുകയോ നിർത്തിവയ്ക്കുകയോ ചെയ്തിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെ യാണെന്നും വ്യക്തമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടങ്ങിയതും പൂർത്തിയാക്കാനാവാതെ നിർത്തി വച്ചിട്ടുള്ളതും RBDCK നിർവ്വഹിക്കുന്ന ഒരോടുംപാലം - വൈലോങ്ങര ബൈപ്പാസ് എന്ന പ്രവൃത്തിയാണ്.

(ഡി) നിലവിൽ ഡി.പി.ആർ. സമർപ്പിച്ചിട്ടുള്ളതും ഭരണാനുമതി ലഭിക്കാത്തതുമായ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിൽ മങ്കട മണ്ഡലത്തിൽ ഉൾപ്പെട്ട മക്കരപ്പറമ്പ് ബൈപ്പാസ് പ്രവൃത്തി കേന്ദ്ര ഉപരിതല ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുവാൻ M/s KITCO Ltd Kochi-യെ കൺസൾട്ടൻ സിയായി MoRTH അംഗീകരിച്ചിരുന്നു. ആയതിൻ പ്രകാരം 9-12-2019-ൽ ബൈപ്പാസിനുവേണ്ടി KITCO സമർപ്പിച്ച അലൈൻമെന്റ് അംഗീകാരത്തിനായി MoRTH-ൽ സമർപ്പിക്കുകയുണ്ടായെങ്കിലും അനുമതി ലഭിച്ചിട്ടില്ല. 12-5-2020 -ലെ കേന്ദ്ര സർക്കാർ വിജ്ഞാപന പ്രകാരം ദേശീയ പാത 966 ഭാരത് മാല പരിയോജനയിൽ ഉൾപ്പെടുത്തി 4/6 വരിയായി വികസിപ്പിക്കുന്നതിനായി NHAI-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ വികസനം ഉൾപ്പെട്ട ദേശീയപാത 966 അലൈൻമെന്റ് കടന്നുപോകുന്നത് കോഴിക്കോട്-മലപ്പുറം-പാലക്കാട് ഇന്റർഫീഡർ കോറിഡോർ (ICR -34) പുതിയ ഗ്രീൻഫീൽഡ് പാതയിലൂടെയാണ്. ഇതിൽ മക്കരപ്പറമ്പ് ബൈപ്പാസ് ഉൾപ്പെട്ടിട്ടില്ല.

കെട്ടിടവിഭാഗത്തിന് കീഴിൽ : 1. അമിനിറ്റി സെന്റർ പോളിടെക്നിക്ക് കോളേജ്, പെരിന്തൽമണ്ണ. 2. ലൈബ്രറി ഫസ്റ്റ് ഫ്ളോർ പോളിടെക്നിക്ക് കോളേജ്, പെരിന്തൽമണ്ണ. 3. ലാബ് ബിൽഡിംഗ് പോളിടെക്നിക്ക് കോളേജ്, പെരിന്തൽമണ്ണ. 4. ഇലക്ട്രോണിക് ബ്ലോക്ക് പോളിടെക്നിക്ക് കോളേജ്, പെരിന്തൽമണ്ണ എന്നിവയുടെ ഡി.പി.ആർ. കോളേജ് അധികൃതർക്ക് നൽകിയിട്ടുണ്ട്.

(ഇ) മങ്കട മണ്ഡലത്തിൽ അടിയന്തരപ്രാധാന്യത്തോടെ നടപ്പിലാക്കേണ്ട പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

പാലങ്ങൾ വിഭാഗത്തിനുകീഴിൽ : 1. കുളത്തൂർ പാലത്തിന്റെ പുനർനിർമ്മാണം: നിലവിലെ പാലത്തിന് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ആയതിനാൽ പാലത്തിന്റെ പുനർനിർമ്മാണം അനിവാര്യമാണ്. പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കായി ഭരണാനുമതിയും സാങ്കേതികാനുമതിയും നല്കി ടെൻഡർ നടപടികൾ പുരോഗമിക്കുകയാണ്. 2. വള്ളിക്കാപ്പറ്റ പാലം പുനർനിർമാണം : 2021-22 ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കായി 3 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. 3. വെള്ളില ചോഴി പാലം: 2021-22 ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കായി 3 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

കെട്ടിട വിഭാഗത്തിനു കീഴിൽ : 1. മങ്കട പോലീസ് സ്റ്റേഷൻ കെട്ടിടം 2, മക്കരപ്പറമ്പ് ട്രഷറി തുടങ്ങിയ പ്രവൃത്തികൾ അടിയന്തരമായി നടപ്പിലാക്കേണ്ടതുണ്ട്.

നിരത്ത് വിഭാഗത്തിനുകിഴിൽ : 1. Providing BM & BC to Mankada-Pattikkad between km 4/500-7/000. 2. Providing BM & BC to Thirurkkad - Anakkayam road between km 0/000-13/440. (except 2.4km) 3. Providing BM and BC works in Valanchery - Angadippuram - Wandoor - Vadapuram Road KM 6/395 to 20/05 in Mankada LAC (Vengad to Angadippuram) 4. Providing BM & BC works in Kolathur- Malappuram road Km 0/000 to 10/000 in Mankada LAC 5. Providing BM & BC works to Pookkattiri - Malappuram Link road Km 10/160 to 11/360 in Mankada LAC.

## പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി

89 (3087) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

പൊതുമരാമത്ത് നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ പൊതുമരാമത്ത് വകുപ്പിലെ വിവിധ വിഭാഗങ്ങൾ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു :

നിരത്തുവിഭാഗം-പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിനുകീഴിൽ നടപ്പാക്കുന്ന നിർമ്മാണ പ്രവൃത്തികൾ നിശ്ചിത സമയത്തിനുള്ളിൽത്തന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ യഥാസമയം സ്വീകരിച്ചുവരുന്നുണ്ട്. എന്നാൽ കയ്യേറ്റം ഒഴിപ്പിക്കലുമായി ബന്ധപ്പെട്ട കോടതി വ്യവഹാരങ്ങൾ, KWA, KSEB, ടെലികോം കമ്പനികൾ എന്നിവയുടെ പൈപ്പുകൾ, കേബിളുകൾ എന്നിവ മാറ്റി സ്ഥാപിക്കുന്നതിൽ വരുന്ന കാലതാമസം, കാലവർഷം, കോവിഡ് 19 മാനദണ്ഡം എന്നിവ കാരണം നിർമ്മാണ മേഖലയിലുണ്ടായ തടസ്സങ്ങൾമൂലം മരാമത്ത് പണികൾ തടസ്സപ്പെടുന്നുണ്ട്. എല്ലാ പ്രവൃത്തികളും ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ എന്നിവരുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ നടത്തപ്പെടുന്നതിനുപുറമേ ഉന്നത ഉദ്യോഗസ്ഥർ ആവശ്യകത അനുസരിച്ച് പ്രവൃത്തി സ്ഥലം സന്ദർശിക്കുകയും കാലാകാലങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകൾ, കരാറുകാർ, ഉദ്യോഗസ്ഥർ എന്നിവരുടെ അവലോകന യോഗം നടത്തുകയും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള തടസ്സങ്ങൾ ദൂരീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. പ്രവൃത്തികളുടെ സുഗമമായ നടത്തിപ്പിനും വിവിധ വകുപ്പുകളുടെ ഏകോപനത്തിനുമായി 13-9-2021-ലെ സ.ഉ. (സാധാ) നമ്പർ 829/2021/പി.ഡബ്യൂ.ഡി പ്രകാരം District Infrastructure Co-ordination Committee-കൾ രൂപീകരിച്ചിട്ടുണ്ട്. മതിയായ കാരണങ്ങളില്ലാതെ പ്രവൃത്തി കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്ത കരാറുകാരുടെ കാലാവധി പിഴയോടുകൂടി ദീർഘിപ്പിച്ചുനൽകുന്നു. എന്നാൽ തുടർന്നും പ്രവൃത്തി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചില്ലെങ്കിൽ കരാറുകാരന്റെതന്നെ നഷ്ടോത്തരവാദിത്വത്തിൽ കരാർ ഒഴിവാക്കി പ്രവൃത്തി റീടെണ്ടർ ചെയ്യുകയും കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിക്കാറുണ്ട്.

പാലങ്ങൾ വിഭാഗം - പൊതുമരാമത്ത് പാലങ്ങളുടെ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാറുണ്ട്. പാലം നിർമ്മാണത്തിനുള്ള സ്ഥലമേറ്റെടുപ്പ് കോടതി വ്യവഹാരംമൂലം നീണ്ടുപോകുന്നതുകൊണ്ടും Utility shifting-ൽ വരുന്ന കാലതാമസവും അതിവർഷംമൂലം ഹൈ ഫ്ലഡ് ലെവലിലുള്ള ഉയർച്ചകൊണ്ട് ഡിസൈനിലുണ്ടാകുന്ന മാറ്റംകൊണ്ടും പാലങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് താമസം നേരിടാറുണ്ട്. പ്രവൃത്തിയിൽ വീഴ്ച വരുത്തുന്ന കരാറുകാരുടെ കരാർ റദ്ദ് ചെയ്ത് ബാക്കി പ്രവൃത്തി വീണ്ടും ടെണ്ടർ നടത്തി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കാറുണ്ട്. പൂർത്തീകരണ കാലാവധി നിശ്ചയിച്ചുകൊണ്ടാണ് ടെണ്ടർ നൽകുന്നത്. നിശ്ചിത കാലാവധിക്കുള്ളിൽത്തന്നെ പ്രവൃത്തി പൂർത്തിയാക്കുവാൻവേണ്ട നടപടി സ്വീകരിക്കാറുണ്ട്. പ്രവൃത്തി കാലാവധി നീട്ടിക്കൊണ്ടുപോകുന്നത് നിരുത്സാഹപ്പെടുത്തുന്നതിനായി വ്യക്തമായ കാരണങ്ങളില്ലാതെ പൂർത്തീകരണ സമയപരിധി നീട്ടുന്നതിനുവേണ്ടി

കരാറുകാരൻ ആവശ്യപ്പെടുന്നപക്ഷം പിഴ ഈടാക്കാറുണ്ട്. സമയക്ലിപ്തത പാലിക്കുന്നതിനായി മരാമത്ത് പ്രവൃത്തികളുടെ അവലോകന യോഗങ്ങൾ കൃത്യമായ ഇടവേകളിൽ സർക്കാർതലത്തിലും ഉദ്യോഗസ്ഥതലത്തിലും നടത്താറുണ്ട്.

കെട്ടിടവിഭാഗം-കെട്ടിടത്തിനുള്ള സ്ഥലലഭ്യത പ്രവൃത്തിയേറ്റെടുക്കുമ്പോൾത്തന്നെ ഉറപ്പുവരുത്തുന്നുണ്ട്. പ്രവൃത്തിയുടെ എഗ്രിമെന്റ് നടത്തി 10 ദിവസത്തിനുള്ളിൽ സൈറ്റ് ഹാൻഡ് ഓവർ ചെയ്യുന്നുണ്ട്. Rate of Progress of work chart തയ്യാറാക്കി എഗ്രിമെന്റിൽ ഉൾപ്പെടുത്താറുണ്ട്. പ്രവൃത്തി ആരംഭിച്ച് പുരോഗമിക്കുന്നമുറയ്ക്ക് Structural Drawing നൽകി വരുന്നുണ്ട്. വിവിധതലങ്ങളിൽ പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നതിനായി കൃത്യമായി അവലോകന യോഗങ്ങൾ നടത്താറുണ്ട്. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് കരാറുകാരനുമായുള്ള ഉടമ്പടിയിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഒരു നിശ്ചിത കാലാവധി നിർണ്ണയിക്കാറുണ്ട്. കരാറുകാരന്റെ വീഴ്ചമൂലം നിശ്ചിത കാലാവധിക്കപ്പുറം പ്രവൃത്തി നീണ്ടുപോവുകയാണെങ്കിൽ പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരം കരാറുകാരനിൽനിന്നും പിഴ ഈടാക്കാറുണ്ട്. ആവശ്യമെങ്കിൽ കരാർ റദ്ദ് ചെയ്ത് റീ ടെണ്ടർ നടത്താറുണ്ട്.

ദേശീയപാതാ വിഭാഗം പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി അവലോകനയോഗങ്ങൾ നടത്തി പദ്ധതികളുടെ പുരോഗതി വിലയിരുത്തുകയും മേലുദ്യോഗസ്ഥൻ സൈറ്റ് വിസിറ്റ് നടത്തുകയും ചെയ്തുകൊണ്ട് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടുന്ന നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

### പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള ജില്ലാ ഗുണനിലവാര പരിശോധനാ ലാബിന്റെ പ്രവർത്തനം

90 (3088) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. വാഴൂർ സോമൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ചുമതലപ്പെട്ട ജില്ലാ ഗുണനിലവാര പരിശോധനാ ലാബിന്റെ പ്രവർത്തനം സർക്കാർതലത്തിൽ അവലോകനം ചെയ്തിട്ടുണ്ടോ; വിശദീകരിക്കുമോ?

പൊതുമരാമത്ത് വകുപ്പ് റീജിയണൽ ഇൻവെസ്റ്റിഗേഷൻ & ക്വാളിറ്റി കൺട്രോൾ ലാബുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ അവരുടെ കീഴിലെ ജില്ലകളിലെ പ്രവൃത്തികളുടെ ഗുണനിലവാരം അവലോകനം ചെയ്തുവരുന്നു. കൂടാതെ ഡയറക്ടർ (ഐ.&ക്യൂ.സി.) (സൂപ്രണ്ടിംഗ് എഞ്ചിനീയർ), ചീഫ് എഞ്ചിനീയർ (ഡിസൈൻ) എന്നിവർ പ്രത്യേകമായി അവലോകനവും ലാബിന്റെ പരിശോധനകളും നടത്തിവരുന്നു.

(ബി) പ്രസ്തുത ലാബുകളിൽ ലോകോത്തര നിലവാരമുള്ള പരിശോധനാ ഉപകരണങ്ങൾ ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള ഗുണനിലവാര പരിശോധനാ ലാബുകളിൽ ലോകോത്തര നിലവാരമുള്ള പരിശോധനാ ഉപകരണങ്ങൾ ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത പരിശോധിക്കുകയും ആയവ ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആധുനിക പരിശോധനാ ഉപകരണങ്ങൾ വാങ്ങുന്ന തിനാവശ്യമായ തുക അതത് വർഷം സർക്കാരിൽനിന്നും ലഭിക്കുന്നുണ്ട്. ഇതിലൂടെ ആധുനിക ഉപകരണങ്ങളുടെ ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടുതൽ തുക ലഭ്യമാകുന്നമുറയ്ക്ക് പൂർണ്ണതോതിലുള്ള ക്വാളിറ്റി കൺട്രോൾ പ്രവർത്തനങ്ങൾക്കായുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ കഴിയുന്നതാണ്.

(സി) പ്രവൃത്തികളുടെ ഗുണനിലവാരം സംബന്ധിച്ച് ലഭിക്കുന്ന പരാതി പരിശോധിക്കുന്നതിനും വേഗത്തിൽ തീർപ്പ് കല്പിക്കുന്നതിനും മൊബൈൽ ടെസ്റ്റിംഗ് ലാബുകൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; ആയത് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പ്രവൃത്തികളുടെ ഗുണനിലവാരം സംബന്ധിച്ച് ലഭിക്കുന്ന പരാതി പരിശോധി ക്കുന്നതിനും തീർപ്പ് കൽപ്പിക്കുന്നതിനും മൊബൈൽ ടെസ്റ്റിംഗ് ലാബുകൾ ഒരുക്കേണ്ട നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷംതന്നെ മൊബൈൽ ലാബ് സംവിധാനം പ്രവർത്തിച്ച് തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

(ഡി) ഇതര വകുപ്പുകളുടെ ചുമതലയിൽ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാര പരിശോധനകൾ പൊതുമരാമത്ത് വകുപ്പിന്റെ ഗുണനിലവാര പരിശോധനാ കേന്ദ്രങ്ങളിൽ നടത്താറുണ്ടോ; വിശദാംശം നൽകുമോ?

പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള പ്രവൃത്തികളുടെ ഗുണനിലവാര പരിശോധനകൾ നടത്താനുള്ള സർക്കാർ അനുമതി മാത്രമേ ഇപ്പോൾ പൊതുമരാമത്ത് വകുപ്പിന്റെ ഗുണനിലവാര പരിശോധനാ കേന്ദ്രങ്ങൾക്കുള്ളൂ. ആയത് പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ മാന്വൽപ്രകാരം വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ളതാണ്.

(ഇ) ഗുണനിലവാര പരിശോധനാഫലങ്ങൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള ഗുണനിലവാര പരിശോധനാ ലാബുകളിൽ IS Code പ്രകാരമുള്ള സമയമെടുത്താണ് അതത് ടെസ്റ്റുകൾ ചെയ്തുവരുന്നത്. പുതുതായി LIMS (Lab Information Management System) Software ലാബുകളിൽ സജ്ജമാകുന്നതോടുകൂടി കൂടുതൽ വേഗത്തിൽ റിപ്പോർട്ടുകൾ ലഭ്യമാകുന്നതാണ്.

**കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ**

91(3089) ശ്രീ. ഒ. ആർ. കേളു:
ഡോ. കെ. ടി. ജലീൽ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് നടത്തി വരുന്ന പ്രധാന പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

കിഫ്ബി മുഖേന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളതും അവയിൽ കിഫ്ബി ധനാനുമതി നൽകിയിട്ടുള്ളതുമായ 50 കോടി രൂപയ്ക്ക് മുകളിലുള്ള പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ഇവ സമയബന്ധിതമായി പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനും എന്തെല്ലാം സംവിധാനമാണുള്ളത്?

കിഫ്ബി പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടിട്ടുണ്ട്. കിഫ്ബി പദ്ധതികളുടെ സ്ഥലമേറ്റെടുപ്പ് വേഗത്തിലാക്കുന്നതിനായി 15 ലാൻഡ് അക്വിസിഷൻ യൂണിറ്റുകളെ നിയോഗിച്ചിട്ടുണ്ട്. ടി യൂണിറ്റുകൾ കിഫ്ബി പദ്ധതികളുടെ ഭൂമിയേറ്റെടുപ്പ് പരമാവധി വേഗത്തിലാക്കാൻവേണ്ട സഹായ സഹകരണം എസ്.പി.വി.-കൾക്ക് നൽകിവരുന്നു. യൂട്ടിലിറ്റി ഷിഫ്റ്റിംഗ് എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിന് കിഫ്ബിയിൽ കാലതാമസം ഒഴിവാക്കുന്നതിനായി ധനാനുമതി തുകയുടെ പത്ത് ശതമാനത്തിനുള്ളിൽ (5% KWA യൂറ്റിലിറ്റി ഷിഫ്റ്റിംഗ് + 5% KSEBL യൂറ്റിലിറ്റി ഷിഫ്റ്റിംഗ്) വരുന്ന എസ്റ്റിമേറ്റുകൾ കിഫ്ബിയുടെ പരിശോധനയ്ക്ക് വിധേയമാക്കാതെ എസ്.പി.വി.-കൾക്ക്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അംഗീകാരം നൽകാവുന്നതാണെന്ന് തീരുമാനിച്ചിട്ടുണ്ട്. പൊതുവിൽ കിഫ്ബി പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുമായും എസ്.പി.വി.-കളുമായും ജനപ്രതിനിധികളുമായും പദ്ധതി അവലോകനയോഗങ്ങൾ നിരന്തരമായി കിഫ്ബി നടത്തിവരുന്നു. ഇതിനുപുറമേ പദ്ധതി പ്രദേശത്തെ പ്രശ്നങ്ങൾമൂലം കാലതാമസം നേരിടുന്ന പദ്ധതികൾ വേഗത്തിലാക്കുന്നതിനായി ഫീൽഡ് ഇൻസ്പെക്ഷൻ നടത്തുകയും സാധ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്. കിഫ്ബി പദ്ധതികളുടെ ഗുണനിലവാരം കിഫ്ബിയുടെ സാങ്കേതിക പരിശോധന വിഭാഗം (ടെക്നിക്കൽ ഇൻസ്പെക്ഷൻ വിംഗ് യഥാസമയങ്ങളിൽ നേരിട്ട് പരിശോധന നടത്തി ഉറപ്പുവരുത്തുന്നു. ഇതിനുപുറമെ കിഫ്ബിയുടെ തെരഞ്ഞെടുക്കപ്പെട്ട പ്രധാന പദ്ധതികൾ ഗുണനിലവാരം ഉറപ്പുവരുത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ ഇന്ത്യൻ റെയിൽവേയുടെ കീഴിൽവരുന്ന പൊതുമേഖലാ കൺസൾട്ടൻസിയായ റൈറ്റ്സിനെ മേൽനോട്ടത്തിനായി ഏൽപ്പിച്ചിട്ടുണ്ട്.

(സി) വയനാട് തുരങ്കപാത പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

വയനാട് തുരങ്കപാതയുടെ പുതുക്കിയ ഡി.പി.ആർ., പദ്ധതിയുടെ എസ്.പി.വി.-യായ കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡ് സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

**മലയോര ഹൈവേയുടെ നിർമ്മാണ പുരോഗതി**

92 (3090) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ച മലയോര ഹൈവേയുടെ നിർമ്മാണ പുരോഗതി എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ടെന്നും പൂർണ്ണമായും ഗതാഗതത്തിനുതകുന്ന തരത്തിൽ പ്രസ്തുത ഹൈവേ എപ്പോൾ സജ്ജമാകുമെന്നുമുള്ള വിവരം ജില്ല തിരിച്ച് വ്യക്തമാക്കാമോ?

മലയോര ഹൈവേ നിർമ്മാണത്തിന് 10-7-2017-ലെ സ.ഉ. (സാധാ) നമ്പർ 942/2017/പൊ.മ.വ. പ്രകാരം 3500 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കേരളത്തിന്റെ 13 ജില്ലകളിലൂടെ ഫ്രീസറണ്ടർ മുഖേന സ്ഥലം ഏറ്റെടുത്ത് 12 മീറ്റർ വീതിയിലാണ് മലയോര ഹൈവേ നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കുന്നത്. 11 ജില്ലകളിലെ 21 റീച്ചുകളിലായി വരുന്ന 704.53 കി.മീ.-ന്റെ ഡി.പി.ആർ. കെ.ആർ.എഫ്.ബി.-പി.എം.യു. മുഖാന്തരം കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 549.44 കി.മീ. വരുന്ന റീച്ചുകൾക്ക് സാമ്പത്തികാംഗീകാരം ലഭിച്ചു. 296.9 കി.മീ. റീച്ചുകൾക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ സ്വീകരിച്ച്

പ്രവൃത്തി ആരംഭിക്കാൻ സാധിച്ചു. ഇതിൽ 93.68 കി.മീ. വരുന്ന റീച്ചുകളുടെ പണി പൂർത്തീകരിക്കാൻ സാധിച്ചു. മലയോര ഹൈവേയുടെ വനമേഖലകളിലൂടെ കടന്നു പോകുന്ന ഭാഗത്തെ വനഭൂമി വിട്ടുകിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വനം വകുപ്പും നാറ്റ്പാക്കും കെ.ആർ.എഫ്.ബി.-യും കിഫ്ബിയും ചേർന്ന് വനം വകുപ്പിന്റെ അനുമതി ആവശ്യമായിവരുന്ന ഭാഗങ്ങളിൽ പരിശോധന നടത്തുകയും ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇതുപ്രകാരം ചില റീച്ചുകളിൽ പുതിയ അലൈൻമെന്റ് നാറ്റ്പാക്ക് നിർദ്ദേശിച്ചിട്ടുണ്ട്. ഈ റീച്ചുകളിൽ പുതുതായി ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റ് റീച്ചുകളിൽ വനം വകുപ്പ് നിർദ്ദേശിച്ച വിവരങ്ങൾ PARIVESH പോർട്ടലിൽ ലഭ്യമാക്കി അനുമതി ലഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. വനം വകുപ്പിന്റെ അനുമതി ലഭിക്കേണ്ടതായിട്ടുള്ളതിനാലും സൗജന്യമായി ഭൂമി വിട്ടുകിട്ടേണ്ടതുള്ളതിനാലും മലയോര ഹൈവേ പദ്ധതി പൂർത്തീകരണം വൈകാൻ കാരണമായി. ഈ പ്രതിസന്ധികൾ പരിഹരിച്ച് പദ്ധതി കൂടുതൽ കാലതാമസം കൂടാതെ പൂർത്തീകരി ക്കുന്നതിനായി നിരന്തരമായ അവലോകന യോഗങ്ങളും സർക്കാർ ഇടപെടലുകളും നടത്തുന്നുണ്ട്. ജില്ല തിരിച്ചുള്ള പുരോഗതി അനുബന്ധമായി ചേർക്കുന്നു*.

### കാസർകോട് ജില്ലയിലെ ദേശീയപാത വികസനം

93 (3091) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോട് ജില്ലയിൽ ദേശീയപാത വികസനത്തിനായി ഏറ്റെടുക്കാത്ത ഭൂമിയിൽ കരാർ കമ്പനി അധികൃതർ കല്ലിടുന്നുവെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ ദേശീയപാതാ വികസനത്തിനായി ഏറ്റെടുക്കാത്ത ഭൂമിയിൽ കരാർ കമ്പനി അധികൃതർ കല്ലിടുന്നുവെന്ന പരാതി ചില കക്ഷികൾ ഉന്നയിച്ചിട്ടുണ്ട്.

(ബി) സ്ഥലമെടുപ്പ് വിഭാഗം ഭൂമി ഏറ്റെടുത്ത് കല്ലിട്ടത് 2009-ലെ അലൈൻമെന്റ് പ്രകാരമാണെന്നും നിർമ്മാണം ഏറ്റെടുത്ത കമ്പനി കല്ലിടുന്നത് 2016-ൽ ദേശീയപാത അതോറിറ്റി നിർദ്ദേശിച്ച അലൈൻമെന്റിലുമാണെന്നത് ശരിയാണോ; വ്യക്തമാക്കാമോ;

(സി) ഏത് വർഷത്തിൽ നിർദ്ദേശിച്ച അലൈൻമെന്റ് പ്രകാരമാണ് ഭൂമി ഏറ്റെടുത്ത് ദേശീയപാത അതോറിറ്റിക്ക് കൈമാറിയതെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി&സി) 2009-ലാണ് എൻ.എച്ച്.എ.ഐ. അലൈൻമെന്റ് നിശ്ചയിച്ചത്. തുടർന്ന് 2016-ൽ ചില വില്ലേജുകളിലെ ഏതാനും ഭാഗങ്ങളിൽ അലൈൻമെന്റിന് വ്യത്യാസം വരുത്തി പുതിയ അലൈൻമെന്റ് നിശ്ചയിച്ചിട്ടുണ്ട്. ടി അലൈൻമെന്റുകളുടെ അടിസ്ഥാനത്തിലാണ് കല്ലിടുകയും ഭൂമിയേറ്റെടുക്കുകയും ചെയ്യുന്നത്.

(ഡി) കൂടുതൽ ഭൂമി ആവശ്യമാണെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ടോ; എങ്കിൽ കൂടുതൽ ഭൂമി ഏറ്റെടുത്ത് നൽകുമോയെന്ന് വ്യക്തമാക്കാമോ?

കൂടുതൽ ഭൂമി ആവശ്യമാണെന്ന് ദേശീയപാതാ അതോറിറ്റി അറിയിച്ചിട്ടില്ല.

(ഇ) അലൈൻമെന്റ് വ്യത്യാസമുള്ള പ്രദേശങ്ങളിൽ ഏറ്റെടുത്ത് കൈമാറിയ ഭൂമിയുടെ ഉടമകൾക്ക് പണം കൊടുക്കുന്നത് നിർത്തണമെന്ന് ദേശീയപാത അതോറിറ്റി നിർദ്ദേശിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

അലൈൻമെന്റ് വ്യത്യാസമുള്ള പ്രദേശങ്ങളിൽ കൈമാറിയ ഭൂമിയുടെ ഉടമകൾക്ക് പണം കൊടുക്കുന്നത് നിർത്തണമെന്ന് നിലവിൽ ദേശീയപാതാ അതോറിറ്റി നിർദ്ദേശിച്ചിട്ടില്ല.

(എഫ്) ഏറ്റെടുത്ത ഭൂമിയുടെ മുഴുവൻ ഉടമകൾക്കും പണം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ഏതെല്ലാം വില്ലേജുകളിൽ എത്ര ഉടമകൾക്ക് എത്ര രൂപയാണ് നൽകാൻ ബാക്കിയുള്ളതെന്ന് വ്യക്തമാക്കാമോ?

ഏറ്റെടുത്ത ഭൂമിയിൽ റിക്കാർഡുകൾ എല്ലാം ഹാജരാക്കിയവർക്ക് നഷ്ടപരിഹാരത്തുക നൽകിയിട്ടുണ്ട്. മറ്റുള്ളവർക്ക് റിക്കാർഡുകൾ ഹാജരാക്കുന്ന മുറയ്ക്ക് നൽകുന്നതാണ്. 33 വില്ലേജുകളിലായി ഏകദേശം 1000 പേർക്ക് 125 കോടി രൂപ നൽകാനുണ്ട്.

**കായംകുളം-തോട്ടപ്പള്ളി എൻ.എച്ച്.66**

94 (3092) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മുതൽ തോട്ടപ്പള്ളിവരെയുള്ള എൻ.എച്ച്. 66-ന്റെ വീതിക്കുറവും വാഹനങ്ങളുടെ തിരക്കും കാരണം നിരവധി അപകടങ്ങൾ സംഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കായംകുളം മുതൽ തോട്ടപ്പള്ളി വരെയുള്ള പഴയ എൻ.എച്ച്. 47 റോഡ് ഉപയോഗയോഗ്യമാക്കി നിലവിലുള്ള പ്രതിസന്ധിക്ക് താൽക്കാലിക പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) കായംകുളത്തിനും തോട്ടപ്പള്ളിക്കും ഇടയിലുള്ള അപകടസാധ്യത കൂടിയ ഭാഗങ്ങൾ ഡി.പി.ആർ. കൺസൾട്ടന്റ് നടത്തിയ പഠനത്തെത്തുടർന്ന് ' Black Spot'-കളായി നിശ്ചയിച്ച് താത്കാലിക പരിഹാര നടപടികൾ ചെയ്തിട്ടുണ്ട്. പ്രസ്തുത പാത 6 വരിയാക്കുന്നതിനുള്ള ടെണ്ടർ ക്ഷണിച്ചിരിക്കുന്നു. വീതിക്കുറവിനും വാഹനത്തിരക്കിനും പാത 6 വരിയാക്കി വീതി കൂട്ടുന്നതോടെ ശാശ്വത പരിഹാരമാകുന്നതാണ്.

**തീരദേശ ഹൈവേ നിർമ്മാണം**

95(3093) <u>ശ്രീമതി യു. പ്രതിഭ:</u>
<u>ശ്രീ. കെ. ജെ. മാക്സി:</u>
<u>ശ്രീ. ടി. ഐ. മധുസൂദനൻ:</u>
<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേ നിർമ്മാണം ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

തിരുവനന്തപുരം ജില്ലയിലെ പൂവാർ മുതൽ കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം വരെ വിഭാവനം ചെയ്തിട്ടുള്ള തീരദേശ ഹൈവേയിലെ രണ്ട് റീച്ചുകളാണ് നിലവിൽ പ്രവൃത്തി പുരോഗമിക്കുന്നത്. മലപ്പുറം ജില്ലയിലെ പടിഞ്ഞാറേക്കര ഉണ്ണിയാൽ, താനൂർ മുഹ്‌യിദ്ദീൻ പള്ളി - കെട്ടുങ്ങൽ എന്നിവയാണ് ആ റീച്ചുകൾ. ഇതിനുപുറമെ തൃശ്ശൂർ ജില്ലയിലെ അഴീക്കോട് മുനമ്പം പാലം, കോഴിക്കോട് ജില്ലയിലെ കൊടിക്കൽ കൊളവി പാലം റീച്ച്, കുഞ്ഞാലിമരക്കാർ പാലം, കണ്ണൂർ ജില്ലയിലെ പാലക്കോട് കുന്നരു സിറ്റി റീച്ച് എന്നീ പ്രവൃത്തികൾക്ക് കിഫ്ബി സാമ്പത്തികാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ബാക്കിയുള്ള റീച്ചുകളിലെ ഡി.പി.ആർ. തയ്യാറാക്കുവാൻ നാറ്റ്പാക്കിനെയും തൃശ്ശൂർ, എറണാകുളം ജില്ലയിലേതിന് എൽ.ആൻഡ്.ടി.-യെയുമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. മലപ്പുറം മുതൽ കാസർഗോഡ് വരെയുള്ള മറ്റ് റീച്ചുകളുടെ ഡി.പി.ആർ. തയ്യാറാക്കുവാൻ കൺസൾട്ടൻസിയെ കണ്ടെത്തുവാനുള്ള ടെണ്ടർ സെപ്റ്റംബർ 16-ന് പ്രസിദ്ധീകരിച്ചു. 21-10-2021 ആണ് ടെണ്ടർ സമർപ്പിക്കാനുള്ള അവസാന തീയതി.

(ബി) തീരദേശ പാതയെ സംസ്ഥാനത്തെ തുറമുഖങ്ങളുമായി ബന്ധിപ്പി ക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

NHAI-യുടെ പോർട്ട് കണക്ടിവിറ്റി പദ്ധതിക്കായി തയ്യാറാക്കിയ ഡ്രാഫ്റ്റ് അലൈൻമെന്റിൽ ഉൾപ്പെട്ട തങ്കശ്ശേരി - കാവനാടി, പായിക്കുളങ്ങര - ആലപ്പുഴ ബൈപ്പാസ്, ആലപ്പുഴ ബൈപ്പാസ്, ഫോർട്ട് കൊച്ചി - ഞാറയ്ക്കൽ, അറിയാളൂർ - കടലുണ്ടി, കടലുണ്ടി-കോഴിക്കോട് ബീച്ച് മലാപ്പറമ്പ, ചാൽ ബീച്ച് - അഴീക്കൽ, അഴീക്കൽ - പുതുവളപ്പ് എന്നീ റീച്ചുകൾ സംസ്ഥാന തീരദേശ പാതയിൽക്കൂടി ഉൾപ്പെടുന്നു.

(സി) പ്രസ്തുത പദ്ധതി പ്രാവർത്തികമാകുന്നതോടെ സംസ്ഥാനത്തിന്റെ വിനോദസഞ്ചാര, വ്യാവസായിക, വാണിജ്യ, ഗതാഗത മേഖലകളിൽ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തി യാഥാർത്ഥ്യമാകുന്നതോടുകൂടി സംസ്ഥാനത്തെ തുറമുഖങ്ങൾ, കടലോര വിദേശ സഞ്ചാരകേന്ദ്രങ്ങൾ എന്നിവ തമ്മിൽ ബന്ധിപ്പിക്കുന്ന 14 മീറ്റർ റോഡ് യാഥാർത്ഥ്യമാകുകയും അതുവഴി വാണിജ്യ രംഗത്തിന് വലിയ മുന്നേറ്റമാണ് വിഭാവനം ചെയ്യുന്നത്. ഹൈവേയ്ക്ക് സമാന്തരമായി സൈക്കിൾ ട്രാക്കുകൂടി ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ടൂറിസം മേഖലയ്ക്കും പദ്ധതി ഏറെ ഗുണം ചെയ്യും.

## റസ്റ്റ് ഹൗസുകളിൽ കാന്റീൻ സൗകര്യം

96 (3094) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റസ്റ്റ് ഹൗസുകളിൽ കാന്റീൻ സൗകര്യം ഇല്ലാത്തതുകാരണം അവിടെ എത്തിച്ചേരുന്ന ജനപ്രതിനിധികളും ഉദ്യോഗസ്ഥരും മറ്റുള്ളവരും അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ അടിസ്ഥാന സൗകര്യങ്ങളുള്ള 41 റസ്റ്റ് ഹൗസുകളിൽ കാന്റീൻ പ്രവർത്തിച്ചുവരുന്നുണ്ട്. കാന്റീൻ സൗകര്യമില്ലാത്ത ബാക്കിയുള്ള അടിസ്ഥാന സൗകര്യവും തിരക്കുമുള്ള റസ്റ്റ് ഹൗസുകളിൽ ടെണ്ടർ സൗകര്യംവഴി കാന്റീൻ നടത്തുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്.

(ബി) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ എത്ര റസ്റ്റ് ഹൗസുകളുണ്ടെന്നും അവയിൽ കാന്റീൻ സൗകര്യമുള്ളതും ഇല്ലാത്തതും എത്രയുണ്ടെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ 153 റസ്റ്റ് ഹൗസുകളുണ്ട്. അവയിൽ 41 എണ്ണം കാന്റീൻ സൗകര്യമുള്ളതും ബാക്കിയുള്ള 112 എണ്ണം കാന്റീൻ സൗകര്യമില്ലാത്തതുമാണ്.

(സി) റസ്റ്റ് ഹൗസുകളിൽ കാന്റീൻ സൗകര്യം ഏർപ്പെടുത്തിയും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തിയും ആളുകളെ ആകർഷിച്ച് വരുമാനം കൂട്ടുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

റസ്റ്റ് ഹൗസുകളിൽ കാന്റീൻ സൗകര്യം ഏർപ്പെടുത്തിയും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തിയും ആളുകളെ ആകർഷിച്ച് വരുമാനം കൂട്ടുന്നതിലേയ്ക്കായി ടൂറിസം സാധ്യതയുള്ള മേഖലകളിലെ റസ്റ്റ് ഹൗസുകൾ നവീകരിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കിവരുന്നുണ്ട്. ടൂറിസം സാധ്യതകൾ കണക്കിലെടുത്ത് തെരഞ്ഞെടുക്കപ്പെട്ട 25 റസ്റ്റ് ഹൗസുകളെ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കെ.റ്റി.ഡി.സി. മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വരുമാനം കൂട്ടുന്നതിന്റെ ഭാഗമായി എല്ലാ റസ്റ്റ് ഹൗസുകളിലും പൊതുജനങ്ങൾക്ക് സൗകര്യ പ്രദമാകുന്ന രീതിയിൽ 2021 നവംബർ ഒന്ന് മുതൽ ഓൺലൈൻ ബുക്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**വളയംകുളം റസ്റ്റ് ഹൗസ് നവീകരണം**

97 (3095) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുറ്റിപ്പുറം-തൃശ്ശൂർ റോഡരികിലെ വളയംകുളം റസ്റ്റ് ഹൗസിൽ കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

നിലവിൽ വളയംകുളം റസ്റ്റ് ഹൗസിൽ ഭൗതിക സൗകര്യം ഒരുക്കുന്നതിനു വേണ്ടി 25 ലക്ഷം രൂപയുടെ പ്രവൃത്തി നടന്നുവരുന്നുണ്ട്.

**കുന്നംകുളം സിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണം**

98 (3096) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം താലൂക്കിൽ സിവിൽ സ്റ്റേഷനുവേണ്ടിയുള്ള കെട്ടിട നിർമ്മാണം ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഇക്കാര്യത്തിൽ വരുന്ന കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) കുന്നംകുളം താലൂക്ക് ഓഫീസ് കെട്ടിട നിർമ്മാണത്തിനുവേണ്ടി 10 കോടി രൂപയുടെ ഭരണാനുമതിയായിട്ടുണ്ട്. ഈ കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ സോയിൽ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. ഫൈനൽ ആർക്കിടെക്ച്വർ പ്ലാൻ സ്ട്രക്ച്ചറൽ ഡിസൈൻ ലഭിക്കുന്നതിനുവേണ്ടി ഡിസൈൻ വിംഗിൽ സമർപ്പിച്ചിട്ടുണ്ട്. ടെണ്ടേറ്റീവ് സ്ട്രക്ച്ചറൽ ഡിസൈൻ ലഭിച്ചാൽ ഉടൻതന്നെ സാങ്കേതികാനുമതി നല്കി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## വാമനപുരം മണ്ഡലത്തിലെ വെഞ്ഞാറമൂട് റിംഗ് റോഡ്, വാമനപുരം-ചിറ്റാർ റോഡ് പ്രവൃത്തികൾ

99(3097) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതി പ്രകാരം അനുവദിച്ച് ടെണ്ടർ ചെയ്ത വെഞ്ഞാറമൂട് റിംഗ് റോഡ്, വാമനപുരം-ചിറ്റാർ റോഡ് എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) ഈ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽവന്ന കാലതാമസത്തിനുണ്ടായ കാരണം വിശദീകരിക്കാമോ?

(എ-സി) വെഞ്ഞാറമൂട് റിങ് റോഡ് - ഈ പ്രവൃത്തിക്ക് 26-7-2017-ൽ 32.77 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. പ്രവൃത്തി ടെണ്ടർ ചെയ്ത് കോൺട്രാക്ടറുമായി 5-2-2018-ൽ എഗ്രിമെന്റിൽ ഏർപ്പെടുകയും 14-2-2018-ൽ സൈറ്റ് കൈമാറുകയും ചെയ്തിട്ടുള്ളതാകുന്നു. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 24 മാസമായിരുന്നു. ബി.എം. പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബി.സി. പ്രവൃത്തികൾ ഇനി 3 കി.മീ പൂർത്തീകരിക്കാനുണ്ട്. ഡിസംബർ 31-നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഈ റോഡിന്റെ ഡി.പി.ആർ. തയ്യാറാക്കിയിരുന്നത് 5 മീ. വീതിയുള്ള ക്യാരേജ് വേയാണ്. എന്നാൽ കിഫ്ബിയുടെ അപ്ഗ്രഡേഷന്റെ ഭാഗമായി ക്യാരേജ് വേ 7 മീറ്ററായി ഉയർത്തി. ആയതിനാൽ യൂട്ടിലിറ്റി ഷിഫ്റ്റിംഗ്, ഡ്രെയിൻ, കൾവർട്ട്, സംരക്ഷണ ഭിത്തി എന്നിവ അധികമായി ചെയ്യേണ്ടിവന്നു. ഇതിനുള്ള കാലതാമസവും മഴയും കോവിഡ് നിയന്ത്രണങ്ങളും കരാറുകാരന്റെ സാമ്പത്തിക ബുദ്ധിമുട്ടും പ്രവൃത്തി മന്ദഗതിയിലാക്കി. വെഞ്ഞാറമൂട് ഇന്നർ റിംഗ് റോഡ് പ്രവൃത്തിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. അതിലേയ്ക്കായി 4.7 കോടി രൂപ ലാൻഡ് അക്വിസിഷൻ തഹസിൽദാർക്ക് 12-10-2021-ന് കൈമാറിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികളിലേയ്ക്ക് കടക്കുന്നതാണ്. വാമനപുരം - ചിറ്റാർ റോഡ് - ഈ പ്രവൃത്തിക്ക് 26-7-2017-ൽ 31.70 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. പ്രവൃത്തി ടെണ്ടർ ചെയ്ത് കോൺട്രാക്ടറുമായി 22-1-2018-ൽ എഗ്രിമെന്റിൽ ഏർപ്പെടുകയും 27-2-2018-ൽ സൈറ്റ് കൈമാറുകയും ചെയ്തിട്ടുള്ളതാകുന്നു. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 24 മാസമായിരുന്നു. ബി.എം. പ്രവൃത്തികൾ

പൂർത്തീകരിച്ചിട്ടുണ്ട്. ബി.സി. പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. 2022 ഏപ്രിൽ മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 7 മീ. വീതിയുള്ള ക്യാരേജ് വേ സഹിതമാണ് ഈ റോഡിന്റെ ഡി.പി.ആർ. തയ്യാറാക്കിയിരുന്നത്. എന്നാൽ കിഫ്ബിയുടെ അപ്ഗ്രഡേഷന്റെ ഭാഗമായി ക്യാരേജ് വേ 10 മീറ്ററായി ഉയർത്തി. ആയതിനാൽ യൂട്ടിലിറ്റി ഷിഫ്റ്റിംഗ്, ഡ്രെയിൻ, കൾവെർട്ട്, സംരക്ഷണ ഭിത്തി എന്നിവ അധികമായി ചെയ്യേണ്ടിവന്നു. ഈ റോഡിൽ കിഫ്ബി ഫണ്ട് ചെയ്ത വാട്ടർ അതോറിറ്റിയുടെ ഒരു പ്രവൃത്തി നടപ്പിലാക്കുകയും ഇതിന്റെ റീസ്റ്റോറേഷൻ പ്രവൃത്തികളിലുണ്ടായ കാലതാമസവും മഴയും കോവിഡ് നിയന്ത്രണങ്ങളും കരാറുകാരന്റെ സാമ്പത്തിക ബുദ്ധിമുട്ടും പ്രവൃത്തിയുടെ പൂർത്തീകരണം വൈകാനിടയായി.

## നാദാപുരം മണ്ഡലത്തിലെ കിഫ്ബി വഴി പ്രഖ്യാപിച്ച പ്രവൃത്തികൾ

100 (3098) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം മണ്ഡലത്തിൽ മുൻസർക്കാരിന്റെ കാലത്ത് കിഫ്ബി വഴി പ്രഖ്യാപിച്ച റോഡുകൾ, പാലങ്ങൾ തുടങ്ങിയവയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

നാദാപുരം മണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലത്ത് കിഫ്ബി വഴി പ്രഖ്യാപിച്ച റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*. പാലങ്ങളുടെ പ്രവൃത്തികൾ ഒന്നും തന്നെയില്ല.

## ദേശീയപാത 66 -ന്റെ അറ്റകുറ്റപ്പണി

101 (3099) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66-ന്റെ ആലപ്പുഴ പുന്നപ്ര മുതൽ കായംകുളം വരെയുള്ള ഭാഗത്ത് റോഡിലുണ്ടായിട്ടുള്ള കുഴികൾമൂലം യാത്രാദുരിതവും അപകടങ്ങളും വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ അറ്റകുറ്റപ്പണിയുടെ ചുമതല ആർക്കാണെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേശീയപാത 66, 4/6 വരിയാക്കുന്ന പ്രവൃത്തികൾക്കായി കേന്ദ്ര സർക്കാരിന്റെ 12-5-2020-ലെ ഗസറ്റ് നോട്ടിഫിക്കേഷൻ 1507(E) പ്രകാരം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറിയിട്ടുള്ളതാണ്. നിലവിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ അധികാര പരിധിയിലാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) 2015-ൽ ജർമ്മൻ സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിച്ച റോഡ് മൂന്ന് വർഷത്തിനിപ്പുറം തകരാൻ ഇടയായതിന്റെ കാരണം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിനുകീഴിൽ 2015 കാലയളവിൽ ജർമ്മൻ സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രവൃത്തികൾ ഒന്നും ചെയ്തിട്ടില്ല. എന്നാൽ 2017-18 കാലയളവിൽ ആലപ്പുഴ പാതിരാപ്പള്ളി (ചെ.- 406/600) മുതൽ പുറക്കാട് (ചെ.-428/000) വരെയുള്ള ഭാഗം ജർമ്മൻ സാങ്കേതികവിദ്യയായ Cold milling and Recycling ഉപയോഗിച്ച് നിർമ്മിച്ചിട്ടുണ്ട്. ആയതിന്റെ defect liability period 9-1-2021-ൽ പൂർത്തിയായിട്ടുണ്ട്. ഈ കാലയളവിൽ തകരാറുകളൊന്നും തന്നെയുണ്ടായിട്ടില്ല. 2018-19 കാലയളവിൽ അരൂർ മുതൽ ചേർത്തല വരെയുള്ള ഭാഗത്ത് (ചെ.-366/905 മുതൽ 390/570) ജർമ്മൻ സാങ്കേതികവിദ്യ Recycling Pavement by cold milling in hot mix plant ഉപയോഗിച്ച് പുനരുദ്ധാരണം ചെയ്തിട്ടുണ്ട്. റോഡിന്റെ സെൻട്രൽ മീഡിയനിൽ വെള്ളം കെട്ടിനിൽക്കുകയും തുടർന്ന് വെള്ളം DBM, BC layer-കളുടെ ഇടയിലേയ്ക്ക് ഊർന്നിറങ്ങുന്നത് മൂലമാണ് റോഡ് ഉപരിതലത്തിൽ കേടുപാടുകൾ സംഭവിച്ചിരുന്നത്. പ്രസ്തുത പ്രവൃത്തി DLP പിരീഡിൽ ആയതിനാൽ കരാറുകാരന്റെ ചെലവിൽത്തന്നെ കേടുപാടുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) നാഷണൽ ഹൈവേ അതോറിറ്റി ഈ റോഡിന്റെ പൂർണ്ണ ചുമതല ഏറ്റെടുത്തത് എന്നാണെന്നും ഇതിനുശേഷം റോഡിൽ ഏതെങ്കിലും തരത്തിലുള്ള അറ്റകുറ്റപ്പണി നടത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ഡി) ഹൈവേ അതോറിറ്റി അറ്റകുറ്റപ്പണി യഥാസമയം നടത്താത്ത സാഹചര്യത്തിൽ റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

(സി&ഡി) ദേശീയപാത 66, 4/6 വരിയാക്കുന്ന പ്രവൃത്തികൾക്കായി കേന്ദ്ര സർക്കാരിന്റെ 12-5-2020-ലെ ഗസറ്റ് നോട്ടിഫിക്കേഷൻ 1507(E) പ്രകാരം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറിയിട്ടുള്ളതാണ്, നിലവിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ അധികാര പരിധിയിലാണ്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറിയ ദേശീയപാതയിലെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയോട് ആവശ്യപ്പെട്ടെങ്കിലും അതിന് കാലതാമസമുണ്ടായതിനാൽ, ദേശീയപാത വിഭാഗം എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നമുറയ്ക്ക് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഫണ്ട് അനുവദിക്കാമെന്നും പൊതുമരാമത്ത് ദേശീയപാതാ വിഭാഗംതന്നെ പ്രവൃത്തി നടപ്പിലാക്കണമെന്ന് തീരുമാനമെടുക്കുകയും അതുപ്രകാരം തുക അനുവദിച്ച് ടെണ്ടർ നടപടികൾ നടത്തി അറ്റകുറ്റപ്പണികൾ ചെയ്ത് തുടങ്ങിയിട്ടുണ്ട്.

## കാപ്പാട് ബീച്ചിലെ ഓപ്പൺ ഏരിയയും ശുചിമുറികളും

102 (3100) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാപ്പാട് ബീച്ചിൽ തുവ്വപ്പാറയോട് ചേർന്ന് ടൂറിസം വകുപ്പ് നിർമ്മിച്ച ഓപ്പൺ ഏരിയയും ശുചിമുറികളും അറ്റകുറ്റപ്പണികൾ നടത്താതെ നശിച്ച് തുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാപ്പാട് ബീച്ചിൽ തുവ്വപ്പാറയോട് ചേർന്ന് ടൂറിസം വകുപ്പ് ഓപ്പൺ ഏരിയ, വാക് വേ, ലൈറ്റിംഗ് തുടങ്ങിയവയാണ് നിർമ്മിച്ചത്. എന്നാൽ ശുചിമുറികൾ തുവ്വപ്പാറ ഗ്രാമപഞ്ചായത്തിന്റെ ഫണ്ടുപയോഗിച്ചാണ് നിർമ്മിച്ചത്. ടി ശുചിമുറികൾ നാളിതുവരെ ഓപ്പൺ ചെയ്തിട്ടില്ല. ആയത് ടൂറിസം വകുപ്പിന് കൈമാറിയിട്ടുമില്ല.

(ബി) പ്രസ്തുത സ്ഥലത്ത് ഏതെങ്കിലും നവീകരണ പദ്ധതികൾ നടപ്പിലാക്കാൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ആയതിന്റെ നവീകരണ പ്രവൃത്തികൾ നടത്താനാവശ്യമായ ഫണ്ട് അനുവദിച്ച് നൽകുമോ; വിശദമാക്കാമോ?

(ബി&സി) നിലവിൽ നവീകരണ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടില്ല. ടി സ്ഥലം കോഴിക്കോട് ഡി.ടി.പി.സി.-യാണ് പരിപാലനം ചെയ്യുന്നത്. ഇവിടെ നവീകരണ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് ഡി.ടി.പി.സി. തയ്യാറാക്കി വകപ്പിന് സമർപ്പിക്കുന്നമുറയ്ക്ക് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതാണ്.

## മാർമല, വേങ്ങത്താനം ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷാക്രമീകരണങ്ങൾ

103 (3101) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളായ തീക്കോയി പഞ്ചായത്തിലെ മാർമല അരുവി വെള്ളച്ചാട്ടം, പാറത്തോട് പഞ്ചായത്തിലെ വേങ്ങത്താനം അരുവി വെള്ളച്ചാട്ടം എന്നിവിടങ്ങളിൽ മുന്നറിയിപ്പ് സംവിധാനങ്ങളോ സുരക്ഷാ ക്രമീകരണങ്ങളോ ഇല്ലാത്തതിനാൽ സമീപനാളുകളിൽ അപകടമരണങ്ങൾ സംഭവിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥലങ്ങളിൽ മുന്നറിയിപ്പ് സംവിധാനങ്ങളും സുരക്ഷാ ക്രമീകരണങ്ങളും ഒരുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കോട്ടയം ജില്ലയിലെ മാർമല അരുവി വെള്ളച്ചാട്ടം, വേങ്ങത്താനം വെള്ളച്ചാട്ടം എന്നിവിടങ്ങളിൽ അപകടം നടന്നതുമായി ബന്ധപ്പെട്ട് പൂഞ്ഞാർ എം.എൽ.എ.-യുടെ നിർദേശപ്രകാരം പഞ്ചായത്ത് അംഗങ്ങൾ പദ്ധതിനിർവ്വഹണ ഏജൻസിയായ സിൽക്ക് ലിമിറ്റഡ് പ്രതിനിധികളുമായി ഈ കേന്ദ്രങ്ങൾ സന്ദർശിക്കുകയും സുരക്ഷാ ക്രമീകരണങ്ങൾ നടപ്പാക്കുന്നതിനായി പദ്ധതി പ്രൊപ്പോസൽ തയ്യാറാക്കുവാൻ സിൽക്ക് ലിമിറ്റഡിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി പ്രൊപ്പോസൽ തയ്യാറാക്കിവരികയാണ്.

(സി) പ്രസ്തുത സ്ഥലങ്ങളിലെത്തുന്ന ടൂറിസ്റ്റുകൾക്കായി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ പുതിയ പദ്ധതികൾ ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ടി പ്രദേശങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ പുതിയ പദ്ധതികൾ പരിഗണിക്കാവുന്നതാണ്.

**ഫോർട്ട് കൊച്ചി-മട്ടാഞ്ചേരി ടൂറിസം വികസനം**

104 (3102) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസനത്തിനായി സംസ്ഥാനത്തെ ബീച്ചുകളെയും തുറമുഖ നഗരങ്ങളെയും കൂട്ടിയിണക്കി വകുപ്പ് നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ ബീച്ചുകളെയും തുറമുഖങ്ങളെയും കൂട്ടിയിണക്കിയിട്ടുള്ള ടൂറിസം പദ്ധതികൾ ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഫോർട്ട് കൊച്ചി-മട്ടാഞ്ചേരി പ്രദേശങ്ങളിലെ പോർച്ചുഗീസ്-ഡച്ച്-ബ്രിട്ടീഷ് കാല നിർമ്മിതികളുടെ സംരക്ഷണത്തിലൂടെ ടൂറിസം വികസനം ഉറപ്പാക്കുന്നതിന് എന്തെല്ലാം തുടർനവീകരണ പ്രവർത്തനങ്ങൾ നടത്താനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഫോർട്ട് കൊച്ചി-മട്ടാഞ്ചേരി പ്രദേശങ്ങളിലെ പോർച്ചുഗീസ്-ഡച്ച്-ബ്രിട്ടീഷ് കാല നിർമ്മിതികളുടെ തുടർ നവീകരണവുമായി ബന്ധപ്പെട്ട വിവിധ വകുപ്പുതല ഉദ്യോഗസ്ഥരുടെയും ജില്ലാ കളക്ടറുടെയും ഏകോപന സമിതി യോഗം ടൂറിസം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 11-10-2021-ൽ ചേരുകയും പദ്ധതികൾ പൂർത്തീകരിക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത പ്രദേശങ്ങളിലെ ചീനവല സംരക്ഷിക്കാനും ആയതിന് നിയോഗിക്കപ്പെട്ട കിറ്റ്കോയുടെ പ്രവർത്തനം കാര്യക്ഷമവും സമയബന്ധിതവുമായി നടപ്പാക്കാനും കൊച്ചിയിലെ ബീച്ചുകളുടെ ശുചിത്വവും സംരക്ഷണവും ഉറപ്പു വരുത്താനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

11-10-2021-ലെ യോഗത്തിൽ 2021 ഡിസംബർ മാസത്തോടെ പദ്ധതി പൂർത്തീകരിക്കാനുള്ള നടപടികളുണ്ടാകുന്നതാണെന്ന് കിറ്റ്കോ ഉറപ്പുനൽകിയിട്ടുണ്ട്. വനം വകുപ്പിൽനിന്നുള്ള തടസ്സങ്ങൾ ഒഴിവാക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തുന്നതാണെന്ന് എറണാകുളം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

**ടൂറിസം മേഖലയിൽ കോവിഡ് സഹായ പാക്കേജ്**

105 (3103) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ടൂറിസം മേഖലയിൽ ജോലി ചെയ്യുവർക്ക് എന്തെങ്കിലും പുതിയ കോവിഡ് സഹായ പാക്കേജ് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ടൂറിസം മേഖലയെ സഹായിക്കുന്നതിനുള്ള പാക്കേജിനായി 2021-22-ലെ പുതുക്കിയ ബഡ്ജറ്റിൽ 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി കോവിഡുമൂലം പ്രതിസന്ധിയിലായ ടൂറിസം മേഖലയിലെ തൊഴിലാളികളെയും ചെറുകിട സംരംഭകരെയും ഉത്തരവാദിത്ത ടൂറിസം മിഷൻ യൂണിറ്റുകളെയും ഗൈഡുകളെയും സാമ്പത്തികമായി സഹായിക്കുന്നതിനായി 'റിവോൾവിംഗ് ഫണ്ട് പദ്ധതി' നടപ്പാക്കാൻ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. അംഗീകൃത ടൂറിസം സംഘടനകളിൽ അംഗമായിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ഉത്തരവാദിത്ത ടൂറിസം മിഷൻ കീഴിലുള്ള യൂണിറ്റുകൾക്കും വ്യക്തികൾക്കും അംഗീകൃത ഗൈഡുകൾക്കും പലിശയോ ഈടോ ഇല്ലാതെ 10,000 രൂപ വീതം വായ്പ അനുവദിക്കുന്ന പദ്ധതിയാണിത്.

**വിനോദസഞ്ചാര മേഖലകളിലെ അപകട മരണങ്ങൾ**

106 (3104) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കെ. പി. എ. മജീദ്:
ഡോ. എം. കെ. മുനീർ:
ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലകളിൽ ചെറുപ്പക്കാരുടെയും വിദ്യാർത്ഥികളുടെയും അപകട മരണങ്ങൾ ആശങ്കാജനകമായവിധം വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ അതിനിടയാക്കുന്ന കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

പരിശോധിച്ചുവരുന്നു.

(സി) മദ്യം, മയക്കുമരുന്ന് എന്നിവയുടെ അനിയന്ത്രിത ഉപയോഗം ഈ അപകടങ്ങൾക്കുള്ള പ്രധാന കാരണങ്ങളിലൊന്നാണെന്ന കാര്യം വിനോദസഞ്ചാര വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

നിലവിൽ ഇത്തരത്തിലുള്ള വിലയിരുത്തലുകൾ ഒന്നും ടൂറിസം വകുപ്പ് നടത്തിയിട്ടില്ല.

(ഡി) ഇത്തരം അപകടമരണങ്ങൾ ഒഴിവാക്കാൻ സ്വീകരിക്കേണ്ട മുൻകരുതലുകളെ സംബന്ധിച്ച് അവബോധമുണ്ടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പരിശോധിക്കാവുന്നതാണ്.

**വിനോദസഞ്ചാരികളുടെ എണ്ണം**

107 (3105) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിനെത്തുടർന്ന് അടച്ച സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങൾ തുറന്നപ്പോൾ സന്ദർശനത്തിനെത്തുന്ന വിദേശ സഞ്ചാരികൾ ഉൾപ്പെടെയുള്ളവരുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ?

2021 കലണ്ടർ വർഷത്തെ ജൂൺ വരെയുള്ള വിനോദസഞ്ചാരികളുടെ വരവിന്റെ സ്ഥിതിവിവര കണക്കുകളാണ് ക്രോഡീകരിച്ചിട്ടുള്ളത്. പ്രസ്തുത കണക്കുകൾ വിശകലനം ചെയ്യുമ്പോൾ 2020-നെ അപേക്ഷിച്ച് 2021 മാർച്ച് മാസം മുതൽ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. എന്നാൽ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ ഏപ്രിൽ 2021 മുതൽ നാമമാത്രമായ വർദ്ധനവ് മാത്രമേയുള്ളൂ. 2021 മൂന്നും നാലും പാദങ്ങളിലെ (ജൂലൈ മുതൽ ഡിസംബർ വരെ) കണക്കുകൾകൂടി അന്തിമമാക്കിയാലേ വിനോദസഞ്ചാര കേന്ദ്രങ്ങൾ തുറന്നതുമൂലം സഞ്ചാരികളുടെ എണ്ണത്തിലുണ്ടായ യഥാർത്ഥ വർദ്ധനവ് മനസ്സിലാക്കാൻ സാധിക്കൂ.

(ബി) എന്നാൽ മുൻവർഷങ്ങളെ അപേക്ഷിച്ച് എത്ര ശതമാനം കുറവാണ് ഈ എണ്ണത്തിൽ ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

2020 ഫെബ്രുവരി മുതലാണ് കോവിഡ് മഹാമാരി സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖലയെ ബാധിച്ചുതുടങ്ങിയത്. 2020 കലണ്ടർ വർഷം വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 71.36 ശതമാനവും ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 72.86 ശതമാനവും ഇടിവാണുണ്ടായത്. 2021 ജൂൺ വരെയുള്ള സ്ഥിതിവിവര കണക്കുകളാണ് വകുപ്പ് ക്രോഡീകരിച്ചിട്ടുള്ളത്. പ്രസ്തുത കണക്കുകൾ 2019 കലണ്ടർ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 97.36 ശതമാനവും ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 69.20 ശതമാനവും ഇടിവാണുണ്ടായത്.

(സി) ഈ മേഖലയിൽ എത്ര കോടിയുടെ വരുമാന നഷ്ടമാണ് ഉണ്ടായിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

വിനോദസഞ്ചാര മേഖലയിലെ വരുമാനം കണക്കാക്കുന്നത് കലണ്ടർ വർഷം കേരളം സന്ദർശിക്കുന്ന വിനോദസഞ്ചാരികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ്. വിദേശനാണ്യ വരുമാനം 2019 കലണ്ടർ വർഷം 10,271.06 കോടി രൂപയായിരുന്നത് 2020-ൽ 2,799.85 കോടി രൂപയായി കുറഞ്ഞു. (7,471.21 കോടി രൂപയുടെ കുറവ്) 2020 കലണ്ടർ വർഷത്തിലെ ആകെ വരുമാനം 11,335.96 കോടി രൂപയാണ്. (74.81 ശതമാനം കുറവ്). അതായത് 2020 കലണ്ടർ വർഷത്തെ ടൂറിസം മേഖലയിലെ ആകെ നഷ്ടം (Direct + Indirect) ഏകദേശം 33,500 കോടി രൂപയ്ക്ക് മുകളിലാണ്. 2021 കലണ്ടർ വർഷത്തെ ജൂൺ വരെയുള്ള വിനോദസഞ്ചാരികളുടെ വരവിന്റെ സ്ഥിതിവിവര കണക്കുകളാണ് ക്രോഡീകരിച്ചിട്ടുള്ളത്. പ്രസ്തുത കണക്കുകൾ 2019-ലെ സഞ്ചാരികളുടെ വരവുമായി താരതമ്യം ചെയ്യുമ്പോൾ ഏകദേശം 12,000 കോടിയോളം രൂപയുടെ നേരിട്ടുള്ള നഷ്ടം (Direct Loss) ഉണ്ടായതായും അനുമാനിക്കുന്നു.

**ടൂറിസം കേന്ദ്രങ്ങളെ ഉൾപ്പെടുത്തി മൊബൈൽ ആപ്പ്**

108 (3106) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് മൊബൈൽ ആപ്പ് തയ്യാറാക്കാനുള്ള പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളെ പരിചയപ്പെടുത്തുവാനും സന്ദർശകർക്ക് അവരുടെ യാത്രാനുഭവങ്ങൾ പങ്കുവയ്ക്കുവാനുമായി തയ്യാറാക്കിയ കേരള ടൂറിസം മൊബൈൽ ആപ്പ് നിലവിലുണ്ട്.

(ബി) ടൂറിസം കേന്ദ്രങ്ങൾ സംബന്ധിച്ചുള്ള എന്തൊക്കെ വിവരങ്ങളാണ് പ്രസ്തുത ആപ്പ് വഴി ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വിനോദസഞ്ചാരികൾക്ക് ആവശ്യമാകുന്ന എല്ലാ സേവനങ്ങളും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് കേരള ടൂറിസം മൊബൈൽ ആപ്പ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങൾ, അവയ്ക്ക് അടുത്തുള്ള മറ്റ് ടൂറിസം ആകർഷണങ്ങൾ, അവയുടെ വിവരണം, ചിത്രങ്ങൾ, ദൃശ്യങ്ങൾ എന്നിവ ആപ്പിലൂടെ ലഭ്യമാണ്. ഉത്തരവാദിത്ത ടൂറിസം സംരംഭങ്ങളെക്കുറിച്ചും ഗ്രാമീണ ജീവിതാനുഭവങ്ങളെക്കുറിച്ചും ആപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ആപ്പിലൂടെ ഓരോ സന്ദർശകനും അധികം ശ്രദ്ധ നേടിയിട്ടില്ലാത്ത ടൂറിസം ആകർഷണങ്ങളെക്കുറിച്ചുള്ള വിവരണം, യാത്രാനുഭവം, ചിത്രങ്ങൾ, ദൃശ്യങ്ങൾ എന്നിവ പങ്കുവയ്ക്കാൻ സാധിക്കും. കേരളത്തിൽ യാത്ര ചെയ്യുന്നവർക്ക് വൃത്തിയും സുരക്ഷിതത്വവുമുള്ള ശുചിമുറികൾ കണ്ടെത്തുവാൻ സഹായിക്കുന്നത് ആപ്പിന്റെ മറ്റൊരു സവിശേഷതയാണ്. ഇതുകൂടാതെ സന്ദർശകർക്ക് അനുയോജ്യമായ താമസ സൗകര്യങ്ങളെക്കുറിച്ചുള്ള വിവരവും ആപ്പിൽനിന്ന് ലഭ്യമാണ്.

### ടൂറിസം രംഗത്തെ കോവിഡാനന്തര പ്രതിസന്ധി

109 (3107) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനം ടൂറിസം മേഖലയെ എത്രത്തോളം ബാധിച്ചിട്ടുണ്ടെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) 2019-20 സാമ്പത്തിക വർഷത്തിൽ എത്രമാത്രം വരുമാന നഷ്ടം ടൂറിസം മേഖലയ്ക്ക് ഉണ്ടായിട്ടുണ്ടെന്ന് അറിയിക്കാമോ; ഈ കാലയളവിൽ സ്വകാര്യ ടൂറിസം മേഖലയ്ക്കുണ്ടായ നഷ്ടം എത്രയെന്ന് വ്യക്തമാക്കാമോ?

(എ&ബി) 2020-ൽ സംസ്ഥാനത്ത് ബാധിച്ച കോവിഡ് മഹാമാരി സംസ്ഥാനത്തെ ടൂറിസം മേഖലയിൽ ഗുരുതരമായ സാമ്പത്തിക ആഘാതമാണ് സൃഷ്ടിച്ചത്. വിശദമായ സ്ഥിതിവിവര കണക്കുകൾ ചുവടെ പ്രതിപാദിക്കുന്നു. വിനോദസഞ്ചാര മേഖലയിലെ വരുമാനം കണക്കാക്കുന്നത് കലണ്ടർ വർഷം സംസ്ഥാനം സന്ദർശിക്കുന്ന ആഭ്യന്തര/വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ്. 2019-ലെ സ്ഥിതിവിവര കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ 2020 കലണ്ടർ വർഷം വിദേശ വിനോദസഞ്ചാരികളുടെ വരവിൽ 71.36 ശതമാനം കുറവുണ്ടായിട്ടുണ്ട്. ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവിലും 72.86 ശതമാനം ഇടിവുണ്ടായി. വിദേശനാണ്യ വരുമാനത്തിൽ 2019

വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 7000-ൽപ്പരം കോടി രൂപയുടെയും ആകെ വരുമാനത്തിൽ (വിദേശനാണ്യം+ ആഭ്യന്തര ടൂറിസം + indirect വരുമാനം) 33500 കോടി രൂപയുടെയും ഏകദേശ നഷ്ടം കണക്കാക്കിയിട്ടുണ്ട്. എന്നാൽ 2021 വർഷവും കോവിഡ് മഹാമാരിയുടെ ആഘാതം ടൂറിസം മേഖലയിൽ തുടരുകയാണ്. 2021 കലണ്ടർ വർഷത്തെ ജൂൺ വരെയുള്ള വിനോദസഞ്ചാരികളുടെ വരവിന്റെ സ്ഥിതിവിവര കണക്കുകളാണ് ക്രോഡീകരിച്ചിട്ടുള്ളത്. പ്രസ്തുത കണക്കുകൾ 2019-ലെ സഞ്ചാരികളുടെ വരവുമായി താരതമ്യം ചെയ്യുമ്പോൾ ഏകദേശം 12,000 കോടിയോളം രൂപയുടെ നേരിട്ടുള്ള നഷ്ടം (Direct Loss) ഉണ്ടായതായും അനുമാനിക്കുന്നു. മേൽവിശദമാക്കിയ നഷ്ടകണക്കുകളിൽ സ്വകാര്യ വിനോദസഞ്ചാര മേഖലയ്ക്കുണ്ടായ നഷ്ടംകൂടി ഉൾപ്പെടും. സ്വകാര്യ വിനോദസഞ്ചാര മേഖലയ്ക്ക് മാത്രമുണ്ടായിട്ടുള്ള നഷ്ടം പ്രത്യേകമായി കണക്കാക്കിയിട്ടില്ല.

(സി) പ്രസ്തുത നഷ്ടം നികത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; സ്വകാര്യ ടൂറിസം മേഖലയ്ക്ക് എന്തെല്ലാം തരത്തിൽ ആശ്വാസം നൽകിയെന്ന് വിശദീകരിക്കാമോ?

കോവിഡ്-19-ന്റെ ഒന്നും രണ്ടും തരംഗങ്ങൾ സംസ്ഥാനത്തെ വിനോദ സഞ്ചാരമേഖലയെ ഏറെ പ്രതികൂലമായി ബാധിച്ചിരുന്നു. അത് പരിഹരിക്കാനായി സർക്കാർ നടപ്പിലാക്കിയ വിവിധ സ്കീമുകളാണ് ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം എന്നിവ. ഇത് വിനോദ സഞ്ചാരമേഖലയിലെ നിരവധി നിക്ഷേപകർക്കും തൊഴിലാളികൾക്കും പ്രത്യക്ഷമായും പരോക്ഷമായും ഏറെ ഗുണം ചെയ്തിരുന്നു. ഈ പദ്ധതികളുടെ തുടർച്ചയ്ക്കായുള്ള പുനരുജ്ജീവന പാക്കേജുകൾ സർക്കാർ പരിഗണനയിലാണ്. സംസ്ഥാനത്ത് കോവിഡ്മൂലം പ്രയാസമനുഭവിക്കുന്ന വിവിധ ടൂറിസം മേഖലയിലുള്ളവർക്ക് സഹായകരമാകുന്ന വിവിധ ധനസഹായ പദ്ധതികൾ സർക്കാർ പരിശോധിച്ചു വരുന്നു. റിവോൾവിംഗ് ഫണ്ട് പദ്ധതി മഹാമാരിയുടെ പശ്ചാത്തലത്തിൽ ടൂറിസം മേഖലയെ സഹായിക്കുന്നതിനുള്ള പാക്കേജിനായി 2021-22-ലെ പുതുക്കിയ ബഡ്ജറ്റിൽ 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി കോവിഡുമൂലം പ്രതിസന്ധിയിലായ ടൂറിസം മേഖലയിലെ തൊഴിലാളികളെയും ചെറുകിട സംരംഭകരെയും ഉത്തരവാദിത്ത ടൂറിസം മിഷൻ യൂണിറ്റുകളെയും ഗൈഡുകളെയും സാമ്പത്തികമായി സഹായിക്കുന്നതിനായി ഒരു റിവോൾവിംഗ് ഫണ്ട് പദ്ധതി നടപ്പാക്കാൻ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. അംഗീകൃത ടൂറിസം സംഘടനകളിൽ അംഗമായിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ഉത്തരവാദിത്ത ടൂറിസം മിഷന് കീഴിലുള്ള യൂണിറ്റുകൾക്കും വ്യക്തികൾക്കും അംഗീകൃത ഗൈഡുകൾക്കും

പലിശയോ ഈടോ ഇല്ലാതെ 10,000 രൂപ വീതം വായ്പ അനുവദിക്കുന്ന പദ്ധതിയാണിത്. വർക്കിംഗ് ക്യാപ്പിറ്റൽ ലോൺ അസിസ്റ്റന്റ് സ്കീം ടൂറിസം സംരംഭകർക്കായി കെ.എഫ്.സി. മുഖാന്തരം സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 400 കോടി രൂപയുടെ പദ്ധതിയാണിത്. ഈ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് അനുയോജ്യമായ ഒരു രൂപരേഖ തയ്യാറാക്കാൻ കെ.എഫ്.സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. കോവിഡ് മഹാമാരിമൂലം പ്രതിസന്ധിയിലായ ട്രാവൽ & ടൂറിസം ഓപ്പറേറ്റർമാരെ സഹായിക്കുന്നതിനായി ഒറ്റത്തവണ ധനസഹായ പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ സമൂഹ മാധ്യമങ്ങളിലൂടെ കോവിഡാനന്തര മാർക്കറ്റിംഗ് നടത്തുന്നതിനായി മാർക്കറ്റിംഗ് ഡെവലപ്മെന്റ് അസിസ്റ്റന്റ് സ്കീം സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) സർക്കാർ-സ്വകാര്യ മേഖലകളിൽ പ്രസ്തുത കാലയളവിലുണ്ടായ തൊഴിൽ നഷ്ടം എത്രയെന്ന് വ്യക്തമാക്കാമോ?

തൊഴിൽ നഷ്ടം സംബന്ധിച്ച പഠനങ്ങൾ ഒന്നുംതന്നെ പ്രത്യേകമായി നടത്തിയിട്ടില്ല. എന്നിരുന്നാലും സഞ്ചാരികളുടെ വരവിലും വരുമാനത്തിലുമുണ്ടായ ഗണ്യമായ കുറവ് തൊഴിൽ മേഖലയെയും സാരമായി ബാധിച്ചിട്ടുണ്ടെന്ന് അനുമാനിക്കാം.

**ഹോം സ്റ്റേ പ്രോത്സാഹനം**

110 (3108) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖല ശക്തിപ്പെടുത്തുന്നതിന് ഹോം സ്റ്റേ വ്യവസായത്തെ ഉപയോഗപ്പെടുത്താൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് ടൂറിസം മേഖല ശക്തിപ്പെടുത്തുന്നതിന് ഹോംസ്റ്റേ മേഖലയുടെ പങ്ക് വലുതാണെന്ന് ടൂറിസം വകുപ്പ് വിലയിരുത്തുന്നു. അതിന്റെ ഭാഗമായി ഹോംസ്റ്റേകളെ മാത്രം കേന്ദ്രീകരിച്ചുകൊണ്ട് ഒരു പ്രത്യേക പ്രചാരണ പരിപാടി നടപ്പാക്കുവാനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഹോംസ്റ്റേ മേഖലയിലെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുവാനായി വിവിധ സംഘടനകളുമായി സർക്കാർതലത്തിലും വകുപ്പുതലത്തിലും ചർച്ചകൾ നടത്തുകയുണ്ടായി. ഹോംസ്റ്റേ ഉടമകളുടെ പ്രശ്നങ്ങളിൽ സർക്കാർ ഫലപ്രദമായി ഇടപെട്ട് പരിഹാരം കണ്ടെത്തുവാൻ ഈ ചർച്ചകൾമൂലം കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെത്തുന്ന സഞ്ചാരികൾക്ക് കേരളത്തിലെ ഹോംസ്റ്റേകളെ പരിചയപ്പെടുത്തുവാനായി ടൂറിസം വകുപ്പ് അംഗീകൃത ക്ലാസ്സിഫൈഡ് ഹോംസ്റ്റേകളുടെ ലിസ്റ്റ് കേരള ടൂറിസത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഹോം സ്റ്റേ നടത്തുന്നവർക്ക് അതിനാവശ്യമായ പരിശീലനം നൽകുന്ന കാര്യം ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥനത്തെ ഹോംസ്റ്റേ നടത്തുന്നവർക്ക് അതിനാവശ്യമായ പരിശീലനം കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ & ടൂറിസം സ്റ്റഡീസ് (KITTS), ഉത്തരവാദിത്ത ടൂറിസം മിഷൻ എന്നീ സ്ഥാപനങ്ങൾ വഴി നൽകുവാൻ നടപടിക്രമങ്ങൾ തുടങ്ങിയിട്ടുണ്ട്.

(സി) ഹോം സ്റ്റേ നടത്താനുള്ള വ്യവസ്ഥകൾ ലഘൂകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് ഹോംസ്റ്റേ നടത്തുന്നതിന് നിലവിൽ ലളിതമായ വ്യവസ്ഥകളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. എന്നാൽ ഹോംസ്റ്റേയ്ക്ക് അംഗീകാരം നൽകുന്ന നടപടിക്രമം കുറെക്കൂടി ലളിതമാക്കുവാൻ കഴിയുമോയെന്ന വിഷയം പരിശോധിക്കാവുന്നതാണ്.

**ആലപ്പുഴ പൈതൃക പദ്ധതി**

111(3109) ശ്രീമതി യു. പ്രതിഭ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയുടെ വിനോദസഞ്ചാര സാധ്യത വികസിപ്പിക്കുന്നതിന് ഉതകുന്ന ആലപ്പുഴ പൈതൃക പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടന്നുവരുന്ന പ്രവൃത്തികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) ആലപ്പുഴ പൈതൃക പദ്ധതിയുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

ആലപ്പുഴ ഹെറിറ്റേജ് പദ്ധതി (കിഫ്ബി മുഖാന്തരം) - ഈ പദ്ധതിക്ക് 122.28 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി 5 ഘട്ടങ്ങളായാണ് നടപ്പാക്കുന്നത്. ഇതിന്റെ ഭാഗമായി 76.08 കോടി രൂപ കിഫ്ബിയിൽനിന്നും അനുവദിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു. ഒന്നാംഘട്ട പദ്ധതിക്ക് 17.19 കോടി രൂപയാണ് കിഫ്ബി ആദ്യഘട്ടമായി അനുവദിച്ചത്. ഈ പദ്ധതിയുടെ SPV INKEL Ltd ആണ്. ഈ പദ്ധതിയുടെ ഒന്നാംഘട്ടത്തിലെ പ്രധാന ഘടകങ്ങൾ താഴെപ്പറയുന്നവയാണ് :

പൂർത്തീകരിച്ചവ-ലിവിംഗ് കയർ മ്യൂസിയം (4 ഘടകങ്ങൾ), കൺസർവേഷൻ ഓഫ് സൗക്കർ മസ്ജിദ്, കൺസർവേഷൻ ഓഫ് മക്ക മസ്ജിദ് ടെൻഡർ നടപടി ശിവപാർവ്വതി ക്ഷേത്രം, ബാലകൃഷ്ണ ക്ഷേത്രം, ഹനുമാൻ ക്ഷേത്രം NOC ലഭിക്കാനുള്ളത് നോർട്ടൺ ബംഗ്ലാവ്, എസ്.ഡി.വി. സ്കൂൾ, വില്യംഗഡ് ഏക്കർ മ്യൂസിയം. ആലപ്പുഴ ഹെറിറ്റേജ് പദ്ധതിയുടെ രണ്ടാംഘട്ടത്തിനായി 15.86 കോടി രൂപ കിഫ്ബി അനുവദിച്ചു. രണ്ടാംഘട്ടത്തിൽ ആകെ 7 ഘടകങ്ങളാണ് ഉൾപ്പെട്ടിരിക്കുന്നത്. പൂർത്തീകരിച്ചവ - പോർട്ട് മ്യൂസിയം ടെൻഡർ നടപടി മാരിറ്റൈം സിഗ്നലിംഗ് മ്യൂസിയം എൻട്രൻസ് ബിൽഡിംഗ് പ്രീസ്റ്റ് ഹൗസ് ഗുജറാത്തി ഹെറിറ്റേജ് സെന്റർ എൻ.ഒ.സി. ലഭിക്കാനുള്ളത് ഗുജറാത്തി സ്കൂൾ കെ.സി. കരുണാകരൻ മ്യൂസിയം ആലപ്പുഴ ഹെറിറ്റേജ് പദ്ധതിയുടെ മൂന്നാം ഘട്ടത്തിനായി 13.39 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മൂന്നാംഘട്ടത്തിൽ ആകെ 5 ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പുരോഗമിച്ചു കൊണ്ടിരിക്കുന്ന ഘടകങ്ങൾ-ബീച്ച് സൈഡ് വികസനം-ആദ്യ സർവ്വേ പൂർത്തീകരിച്ചു. യാൺ മ്യൂസിയം (കയർഫെഡ്) - 80% പൂർത്തീകരിച്ചു. കൺസർവേഷൻ ഓഫ് ലിയോ സ്കൂൾ - 60% പൂർത്തീകരിച്ചു. ഗാന്ധി മ്യൂസിയം (കയർഫെഡ്- മധുര കമ്പനി)- വർക്ക് ഓർഡർ നൽകി. ലെറ്റർ ഓഫ് അവാർഡ് നൽകേണ്ടവ - മ്യൂസിയം ഓഫ് ലേബർ മൂവ്മെന്റ്- എൽ.ഒ.എ ഇഷ്യൂ ചെയ്തു. ആലപ്പുഴ ഹെറിറ്റേജ് പദ്ധതിയുടെ നാലാം ഘട്ടത്തിനായി 15.26 കോടി രൂപ കിഫ്ബി അനുവദിച്ചു. ഘടകങ്ങൾ സീപെയർ വർക്ക് റീ ടെൻഡർ നടപടിയിലാണ്. ആലപ്പുഴ ഹെറിറ്റേജ് പദ്ധതിയുടെ അഞ്ചാംഘട്ടം - കനാൽ വികസനത്തിനായി 14.38 കോടി രൂപ കിഫ്ബി അനുവദിച്ചു. ഘടകങ്ങൾ കനാൽ സൈഡ് ഡെവലപ്മെന്റ് എൽ.ഒ.എ ഇഷ്യൂ ചെയ്തു. ആലപ്പുഴ ഹെറിറ്റേജ് സ്റ്റേറ്റ് പ്രോജക്ട് 1. ആലപ്പുഴ പൈതൃക പദ്ധതി - ഡെവലപ്മെന്റ് ഓഫ് മ്യൂസിയം ഓഫ് കയർ ഹിസ്റ്ററി അറ്റ് കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ആലപ്പുഴ, ഭരണാനുമതി തുക - Rs 9,68,31,000, അനുവദിച്ച തുക - Rs 4,03,96,747, നിർവ്വഹണ ഏജൻസി - മുസിരിസ് ഹെറിറ്റേജ് പ്രോജക്ട്സ് ലിമിറ്റഡ് മുഖാന്തരം. ഇൻകെൽ ലിമിറ്റഡ് പദ്ധതി പ്രധാന ഘടകങ്ങൾ - ഷെഡ് എ, ലോറി ഷെഡ്, ഗോഡൗൺ ബി, ഷെഡ് ഡി, ഗോഡൗൺ എ, എൻട്രൻസ്സ് ഷോപ്പ് ബിൽഡിംഗ്, ബംഗ്ളാവ് എന്നിവയുടെ അറ്റകുറ്റപ്പണികൾ, കാന്റീൻ ബ്ലോക്ക്, ഷെഡ് ബി. പദ്ധതി പുരോഗതി- 65% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മുകളിൽ പ്രതിപാദിച്ചിട്ടുള്ള ഘടകങ്ങളിൽ ഷെഡ് എ, ലോറി ഷെഡ്, ഗോഡൗൺ എ എന്നിവയുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. എൻട്രൻസ് ഷോപ്പ് ബിൽഡിംഗ്, ബംഗ്ലാവ് എന്നിവയുടെ അറ്റകുറ്റപ്പണികൾ തുടങ്ങിയിട്ടേയുള്ളൂ. എന്നാൽ ഗോഡൗൺ എ-യുടെ പണികൾ റീടെണ്ടർ നടപടികളാൽ ഇതുവരെയും തുടങ്ങാൻ സാധിച്ചിട്ടില്ല.

2. ആലപ്പുഴ പൈതൃക പദ്ധതി - ഡെവലപ്മെന്റ് ഓഫ് മ്യൂസിയം ഓഫ് ലിവിംഗ് കയർ ഫാക്ടറി അറ്റ് ന്യൂ മോഡൽ കയർ ഫാക്ടറി ആലപ്പുഴ ഭരണാനുമതി തുക-Rs 9,95,94,000, അനുവദിച്ച തുക - Rs 4,08,58,600, നിർവ്വഹണ ഏജൻസി - മുസിരിസ് ഹെറിറ്റേജ് പ്രോജക്ട്സ് ലിമിറ്റഡ് മുഖാന്തരം. ഇൻകെൽ ലിമിറ്റഡ് പ്രധാന ഘടകങ്ങൾ - എൻട്രൻസ് ആൻഡ് ടിക്കറ്റിംഗ്, ലൈഫ് ഓഫ് കയർവർക്കർ, പ്രസ്സ് ഹൗസ്, ഷെഡ്ഡ് ഡി, 100 ഇയർ ഓൾഡ് ഫാക്ടറി, ഇവൊല്യൂഷൻ ഗാലറി, ലിവിംഗ് ഫാക്ടറി ഗാലറി 1, ലിവിംഗ് ഫാക്ടറി ഗാലറി 2, പാത് വേ & ലാൻഡ്സ്കേപ്പിംഗ്, അഡ്മിൻ ബ്ലോക്ക് എന്നിവ. പദ്ധതി പുരോഗതി - 75 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മുകളിൽ പ്രതിപാദിച്ചിട്ടുള്ള എൻട്രൻസ് ആൻഡ് ടിക്കറ്റിംഗ്, ലൈഫ് ഓഫ് കയർവർക്കർ, പ്രസ്സ് ഹൗസ്, 100 ഇയർ ഓൾഡ് ഫാക്ടറി എന്നിവ പൂർത്തീകരിച്ചു. പാത് വേ & ലാൻഡ് സ്കേപ്പിംഗ് 90% പൂർത്തീകരിച്ചു. ഇവൊല്യൂഷൻ ഗാലറി, ലിവിംഗ് ഫാക്ടറി ഗാലറി 1, ലിവിംഗ് ഫാക്ടറി ഗാലറി 2, അഡ്മിൻ ബ്ലോക്ക് എന്നിവയുടെ തുടർച്ചയായ റീടെണ്ടർ നടപടികൾ കാരണം ഇതുവരെയും പ്രവൃത്തി തുടങ്ങാൻ സാധിച്ചിട്ടില്ല.

3. ആലപ്പുഴ പൈതൃക പദ്ധതി - ഡെവലപ്മെന്റ് ഓഫ് യാൺ മ്യൂസിയം അറ്റ് കയർ ഫെഡ്ഡ് ആലപ്പുഴ ഭരണാനുമതി തുക - Rs 5,42,75,000, അനുവദിച്ച തുക - Rs 1,29,72,819, നിർവ്വഹണ ഏജൻസി - മുസിരിസ് ഹെറിറ്റേജ് പ്രോജക്ട്സ് മുഖേന ഇൻകെൽ ലിമിറ്റഡ് പദ്ധതി പ്രധാന ഘടകങ്ങൾ-മെയിൻ ബ്ലോക്ക് സ്റ്റോറേജ് ഷെഡ് ബി, ഷെഡ് അലോംഗ് ദി റോഡ്, റബ്ബർ മാറ്റിങ് യൂണിറ്റ്, സ്റ്റോറേജ് യൂണിറ്റ്, ലാൻഡ്സ്കേപ്പിംഗ് വർക്ക് ഫോർ യാൺ മ്യൂസിയം, സൈനേജ്, ഇലക്ട്രിക്കൽ വർക്ക്, ആർ.ഡി.ഒ ബിൽഡിംഗ്. പദ്ധതി പുരോഗതി - 80 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മെയിൻ ബ്ലോക്ക് സ്റ്റോറേജ് ഷെഡ് ബി, ഷെഡ് അലോംഗ് ദി റോഡ് റബ്ബർ മാറ്റിംഗ് യൂണിറ്റ്. സ്റ്റോറേജ് യൂണിറ്റ്, ലാൻഡ് സ്കേപ്പിംഗ് വർക്ക് ഫോർ യാൺ മ്യൂസിയം എന്നിവ പൂർത്തീകരിച്ചു.

4. ആലപ്പുഴ പൈതൃക പദ്ധതി- റിപ്പയർ ആൻഡ് മെയിന്റനൻസ് ഓഫ് ഷെഡ് ബി കയർ കോർപ്പറേഷൻ ആൻഡ് കാന്റീൻ ബ്ലോക്ക് ഫോർ മ്യൂസിയം - ഭരണാനുമതി തുക - Rs 3,29,87,000, അനുവദിച്ച തുക - Rs 65,97,400, നിർവ്വഹണ ഏജൻസി - മുസിരിസ് ഹെറിറ്റേജ് പ്രോജക്ട്സ് ലിമിറ്റഡ് മുഖേന. ഇൻകെൽ ലിമിറ്റഡ് പദ്ധതി പ്രധാന ഘടകങ്ങൾ - ഷെഡ് ബി & കാന്റീൻ ബ്ലോക്ക് എന്നിവയുടെ അറ്റകുറ്റപ്പണികൾ. പദ്ധതി പുരോഗതി- 70 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. (പഴയ കാന്റീൻ ബ്ലോക്ക് ഇതുവരെയും KSCC ഒഴിഞ്ഞു നൽകാത്തതിനാൽ കാന്റീൻ ബ്ലോക്കിന്റെ പ്രവൃത്തികൾ തുടങ്ങാൻ സാധിച്ചിട്ടില്ല)

5. ആലപ്പുഴ പൈതൃക പദ്ധതി- സൈനേജസ്സ് അറ്റ് ആലപ്പുഴ ഹെറിറ്റേജ് പ്രോജക്ട്സ് ഭരണാനുമതി തുക- Rs.61,29,000, അനുവദിച്ച തുക - Rs 54,444, നിർവ്വഹണ ഏജൻസി - മുസിരിസ് ഹെറിറ്റേജ് പ്രോജക്ട്സ് ലിമിറ്റഡ്. നടത്തിപ്പ് ഏജൻസി-ഇൻകെൽ ലിമിറ്റഡ്. പദ്ധതി ഘടകങ്ങൾ - ആലപ്പുഴ പൈതൃക പദ്ധതിയുടെ വിവിധ പ്രദേശങ്ങളിൽ സൈനേജസ്സ് സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ പദ്ധതി പുരോഗതി - ഇതുവരെയും നിർവ്വഹണ ഏജൻസി പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങിയിട്ടില്ല.

(സി) പുതുതായി ആരംഭിക്കുന്ന ബിനാലെയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിലവിൽ കൊച്ചി ബിനാലെ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ പട്ടണത്തിൽ 'ലോകമേ തറവാട്' എന്ന പേരിൽ എക്സിബിഷന് സ്ഥലസൗകര്യം ഒരുക്കിയിട്ടുണ്ട്. ആലപ്പുഴ ഹെറിറ്റേജ് പ്രോജക്ട്സ് മ്യൂസിയങ്ങൾക്കുവേണ്ടി നവീകരിച്ചിട്ടുള്ള കെട്ടിടങ്ങളിലാണ് ഈ എക്സിബിഷൻ നടക്കുന്നത്. ലോകത്തെ മ്പാടുമുള്ള കേരളീയരായ 256-ഓളം കലാകാരന്മാരുടെ സൃഷ്ടികൾ ഉൾപ്പെടുത്തിക്കൊണ്ട് നടത്തുന്ന അന്താരാഷ്ട്ര നിലവാരമുള്ള എക്സിബിഷനാണിത്. നമ്മുടെ കലാകാരന്മാരുടെ സൃഷ്ടികൾ പ്രദർശി പ്പിക്കുന്നതിന് ഇത് ഏറെ പ്രയോജനം ചെയ്തിട്ടുണ്ട്. ധാരാളം ആളുകൾ സന്ദർശിച്ച ഈ എക്സിബിഷൻ 30-11-2021 വരെ തുടരും.

## പള്ളിപ്പുറം മിലിട്ടറി-പോലീസ് മ്യൂസിയം പദ്ധതി

112 (3110) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുസിരീസ് പൈതൃക പദ്ധതിയുടെ ഭാഗമായി വൈപ്പിൻ നിയോജക മണ്ഡലത്തിലെ പള്ളിപ്പുറത്ത് വിഭാവനം ചെയ്ത മിലിട്ടറി-പോലീസ് മ്യൂസിയം പദ്ധതിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ?

മിലിട്ടറി പോലീസ് മ്യൂസിയം സ്ഥാപിക്കുന്നതിന് ഉദ്ദേശിച്ചിരുന്നത് പള്ളിപ്പുറം പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്താണ്. എന്നാൽ ആഭ്യന്തര വകുപ്പ് പ്രസ്തുത സ്ഥലത്ത് മ്യൂസിയം നിർമ്മിക്കാൻ അനുമതി നൽകാത്ത തിനാൽ മ്യൂസിയ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

(ബി) ചെറായി സഹോദര സ്മാരകത്തിൽ പ്രസ്തുത മ്യൂസിയം സ്ഥാപിക്കുന്ന തിനായി അനുമതി നൽകിയിട്ടുണ്ടോ; പദ്ധതിക്ക് തുക വകയിരുത്തിയിരുന്നോ; വിശദാംശം ലഭ്യമാക്കാമോ?

ചെറായി സഹോദര സ്മാരകത്തിൽ പ്രസ്തുത മ്യൂസിയം സ്ഥാപിക്കുന്നതിനായി അനുമതി നൽകിയിട്ടില്ല. മിലിറ്ററി പോലീസ് മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള സ്ഥലസൗകര്യം സഹോദരൻ സ്മാരകത്തിൽ ഇല്ലാത്തതിനാലാണ് അനുമതി നൽകാതിരുന്നത്. സെൻട്രൽ ഫിനാൻഷ്യൽ അസിസ്റ്റന്റ്സ് ഇനത്തിൽ പള്ളിപ്പുറം ടൂറിസ്റ്റ് അറൈവൽ സെന്ററിന് അനുവദിച്ച 83.06 ലക്ഷം രൂപയാണ് പള്ളിപ്പുറം പോലീസ് മിലിറ്ററി മ്യൂസിയത്തിനായി നീക്കിവച്ചിരുന്നത്. സ്ഥലം ലഭ്യമല്ലാത്ത തിനാൽ പദ്ധതി നടപ്പാക്കിയിട്ടില്ല.

(സി) എങ്കിൽ പ്രസ്തുത മ്യൂസിയം പദ്ധതി നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

സ്ഥലം ലഭ്യമല്ലാത്തതിലാണ് ഈ പദ്ധതി നടപ്പാക്കാൻ കഴിയാത്തത്.

**ടേക്ക് എ ബ്രേക്ക് പദ്ധതി**

113 (3111) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യാത്രികർക്കുവേണ്ടി ടൂറിസം വകുപ്പ് ആവിഷ്കരിച്ച ടേക്ക് എ ബ്രേക്ക് പദ്ധതി ആരംഭിച്ചത് ഏത് വർഷമാണെന്ന് അറിയിക്കുമോ?

ടൂറിസം വകുപ്പ് ഡയറക്ടറുടെ 11-12-2014-ലെ P1-19701/2014 പ്രൊസീഡിംഗ്സ് പ്രകാരം ശംഖുംമുഖത്ത് ആദ്യ യൂണിറ്റിന് അനുമതി നൽകി.

(ബി) ആദ്യഘട്ടത്തിൽ എത്ര യൂണിറ്റുകൾ സ്ഥാപിച്ചുവെന്ന് അറിയിക്കുമോ; പദ്ധതിയുടെ ആദ്യ യൂണിറ്റ് സ്ഥാപിച്ചത് എവിടെയെന്ന് വ്യക്തമാക്കാമോ?

21-5-2015-ലെ സ.ഉ.(ആർ.റ്റി.) നമ്പർ 179/15/ടൂറിസം പ്രകാരം 8 യൂണിറ്റുകൾക്കും 22-8-2015-ലെ സ.ഉ.(ആർ.റ്റി.) നമ്പർ 370/15/ടൂറിസം പ്രകാരം 11 യൂണിറ്റുകൾക്കും അനുവാദം നൽകി. ആകെ 16 യൂണിറ്റുകൾ സ്ഥാപിച്ചു. 4 യൂണിറ്റുകൾക്ക് സ്ഥലം ലഭ്യമല്ലാത്തതിനാൽ സ്ഥാപിച്ചിട്ടില്ല. ടേക്ക് എ ബ്രേക്കിന്റെ ആദ്യ യൂണിറ്റ് സ്ഥാപിച്ചത് ശംഖുംമുഖത്താണ്.

(സി) പുതിയ ടേക്ക് എ ബ്രേക്ക് യൂണിറ്റുകൾ ആരംഭിക്കാൻ വകുപ്പ് ഉദ്ദേശി ക്കുന്നുണ്ടോ; എത്ര തുക ഇതിനായി വകയിരുത്തിയിട്ടുണ്ട്; വിശദമാക്കാമോ?

ഇല്ല.

(ഡി) ആദ്യഘട്ടത്തിൽ ആരംഭിച്ച യൂണിറ്റുകളിൽ ചിലത് വ്യാപാര സ്ഥാപന ങ്ങളായി പരിവർത്തനം ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവ പുനഃസ്ഥാപി ക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും ആയത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

**വിനോദസഞ്ചാര ബീച്ചുകളുടെ സംരക്ഷണം**

114 (3112) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയുടെ പ്രധാന ആകർഷണ കേന്ദ്രമായ ബീച്ചുകളിൽ കടലാക്രമണത്താൽ തീരം നഷ്ടപ്പെടുന്നത് തടയാൻ വിനോദസഞ്ചാര വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

കടലാക്രമണത്തിൽനിന്നും ബീച്ചുകളുടെ തീരം നഷ്ടപ്പെടുന്നത് തടയുന്ന ജോലികൾ ചെയ്യുന്നത് ടൂറിസം വകുപ്പല്ല. എന്നിരുന്നാലും ചില പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ ടൂറിസം വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്നും ആയത് നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്നും വിശദമാക്കാമോ?

അന്തർദ്ദേശീയ വിനോദസഞ്ചാര കേന്ദ്രമായ കോവളത്തെ ഹവ്വാബീച്ചിന്റെ തീരത്തെ മണ്ണിടിച്ചിൽ തടയുന്നതിനും ബീച്ചുകളുടെ നടപ്പാതയുടേയും തീരസംരക്ഷണ പ്രവർത്തനങ്ങൾക്കുമായി 8.35 കോടി രൂപയുടെ ഒരു പദ്ധതിക്ക് ഭരണാനുമതി നൽകുകയുണ്ടായി. പദ്ധതിയുടെ നിർവ്വഹണ ചുമതല ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനാണ്. കൂടാതെ കേരളത്തിലെ പ്രധാന ബീച്ചുകളിലൊന്നായ ഫോർട്ട് കൊച്ചി ബീച്ചിലെ തീരം സംരക്ഷണത്തിനായുള്ള " ഷോർ പ്രൊട്ടക്ഷൻ ഫോർ ദ കോസ്റ്റ് ഓഫ് ഫോർട്ട് കൊച്ചി ബീച്ച്" എന്ന പേരിൽ ഒരു പഠനം ചെന്നൈ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ എഞ്ചിനീയറിംഗ് വിഭാഗം മുഖാന്തരം നടത്തിയിട്ടുണ്ട്. 27,14,000 (ഇരുപത്തിയേഴ് ലക്ഷത്തി പതിനാലായിരം രൂപ) രൂപ ചെലവിൽ നടത്തിയ ഈ പഠനത്തിന്റെ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് പുതുക്കിയ പ്രൊപ്പോസൽ ഇറിഗേഷൻ വകുപ്പ് തയ്യാറാക്കി വരുന്നു.

(സി) എറണാകുളം ജില്ലയിലെ പ്രധാന വിനോദ സഞ്ചാരകേന്ദ്രങ്ങളായ ചെറായി, കുഴുപ്പിള്ളി, എടവനക്കാട് ഉൾപ്പെടെയുള്ള ബീച്ചുകളിൽ രൂക്ഷമായ കടലാക്രമണത്താൽ തീരം നഷ്ടമാകുന്നത് തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഈ പ്രദേശങ്ങളിൽ തീരം നഷ്ടമാകുന്നത് തടയാനുള്ള പദ്ധതികൾ ടൂറിസം വകുപ്പിൽ നിലവിലില്ല.

## കൊല്ലം ബയോഡൈവേഴ്സിറ്റി ടൂറിസം സർക്യൂട്ട്

115 (3113) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം ജില്ലയിലെ വിവിധ ടൂറിസം ഡെസ്റ്റിനേഷനുകൾ ബന്ധിപ്പിച്ചുള്ള ബയോഡൈവേഴ്സിറ്റി ടൂറിസം സർക്യൂട്ട് പദ്ധതി നിർവ്വഹണത്തിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ബയോഡൈവേഴ്സിറ്റി ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള കൺസൽട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള ടെണ്ടർ വിളിച്ചുകഴിഞ്ഞു. ലഭിച്ച ഓഫറുകളുടെ പരിശോധന നടന്നുവരുന്നു.

## പാലാ മണ്ഡലത്തിൽ അഗ്രി ടൂറിസം പദ്ധതി

116 (3114) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക് പദ്ധതി സംസ്ഥാനത്ത് എവിടെയൊക്കെയാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; പാലാ മണ്ഡലത്തിൽ പ്രസ്തുത പദ്ധതി ഏതെല്ലാം പ്രദേശത്താണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കുന്ന കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക് എന്ന പദ്ധതി സംസ്ഥാന വ്യാപകമായാണ് നടപ്പിലാക്കുന്നത്. ഏതെങ്കിലും ഒരു പ്രത്യേക പ്രദേശം കേന്ദ്രീകരിച്ചല്ല പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാന വ്യാപകമായി അപേക്ഷകൾ ക്ഷണിച്ചുകൊണ്ട്, വിവിധ നിബന്ധനകൾക്ക് അനുസൃതമായി അഗ്രി ടൂറിസം നെറ്റ് വർക്കിൽ ഭാഗമാകുന്നതിനുള്ള പരിശീലനം നടന്നുവരുന്നു. ആദ്യഘട്ട പരിശീലനം 16-10-2021-ന് അവസാനിക്കും.

## ലിറ്ററി ടൂറിസം പദ്ധതി

117(3115) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിലെ സാഹിത്യ-സാംസ്കാരിക കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ലിറ്ററി ടൂറിസം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) മലപ്പുറം ജില്ലയിലെ ഏതെല്ലാം സ്ഥലങ്ങളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

(എ&ബി) മലബാർ മേഖലയിലെ സാഹിത്യ-സാംസ്കാരിക കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ലിറ്ററി ടൂറിസം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. മലയാള സാഹിത്യത്തിലെ അതികായൻമാരായ തുഞ്ചത്ത് എഴുത്തച്ഛൻ, വൈക്കം മുഹമ്മദ് ബഷീർ, ഒ.വി.വിജയൻ, എം.ടി.വാസുദേവൻ നായർ, എന്നിവരിലൂടെ പ്രശസ്തി നേടിയ തുഞ്ചൻ സ്മാരകം, ബേപ്പൂർ, തസ്രക്ക്, ഭാരതപ്പുഴയുടെ തീരങ്ങൾ കൂടാതെ പൊന്നാനി, തൃത്താല എന്നീ സ്ഥലങ്ങളെ കോർത്തിണക്കിയുള്ളതാണ് ഈ ടൂറിസം സർക്യൂട്ട്. ഭാരതപ്പുഴയെയും സാഹിത്യത്തെയും കോർത്തിണക്കി സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതിയാണിത്. മലയാള ഭാഷാപിതാവിന്റെ തുഞ്ചൻ പറമ്പ് മുതൽ കൽപ്പാത്തിവരെ നീളുന്നതാണ് നിളയിലെ പൈതൃകസർക്യൂട്ട്. ഇതിലേയ്ക്ക് ബേപ്പൂർ സുൽത്താൻ വൈക്കം മുഹമ്മദ് ബഷീറിന്റെ നാടിനേയും കോർത്തിണക്കും. മഹാകവിയുടെ പൈതൃകസ്മരണകളുറങ്ങുന്ന നിളാതീരത്തെ തുഞ്ചന്റെ തട്ടകവും കുഞ്ചന്റെ കിള്ളിക്കുറിശ്ശിയും എം.ടി.-യുടെ കൂടല്ലൂരും ഇടശ്ശേരിയുടെ കുറ്റിപ്പുറവും സാമൂതിരിയുടെ നിലപാടുതറയുമെല്ലാം കൂട്ടിയിണക്കുന്ന രീതിയിലാണ് ഈ സർക്യൂട്ട് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ഒരു ഗ്രാമത്തിൽ ഒരു വിനോദസഞ്ചാര കേന്ദ്രം**

118(3116) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>:
<u>ശ്രീ. വാഴൂർ സോമൻ</u>:
<u>ശ്രീ. ഇ. കെ. വിജയൻ</u>:
<u>ശ്രീ. സി. സി. മുകുന്ദൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ സ്ത്രീകളുടെ സംരഭകത്വവും സാമ്പത്തിക സ്വാശ്രയത്വവും പ്രോത്സാഹിപ്പിക്കുന്നതിന് ഒരു ഗ്രാമത്തിൽ ഒരു വിനോദസഞ്ചാര കേന്ദ്രം വികസിപ്പിക്കുന്നതിന് വേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ; വിശദമാക്കാമോ?

സ്ത്രീശാക്തീകരണം ലക്ഷ്യമാക്കിയുള്ള വിവിധ വിനോദസഞ്ചാര പ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന നടപ്പാക്കിവരുന്നു. ഇതുവഴി സ്ത്രീകളുടെ സംരംഭകത്വവും സാമ്പത്തിക സ്വാശ്രയത്വവും പ്രോത്സാഹിപ്പിക്കുന്നതിന് വകുപ്പ് ലക്ഷ്യമിടുന്നു. ഇതിനായി വിവിധ പരിശീലനങ്ങൾ ഇവർക്ക് നൽകിവരുന്നു. ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേനയുള്ള വിവിധ പാക്കേജുകളുടെ ഭാഗമായും വനിതകൾ പ്രവർത്തിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം

ഒരു പഞ്ചായത്തിൽ ഒരു വിനോദസഞ്ചാര കേന്ദ്രം എന്ന പദ്ധതി വികസിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു. പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്.

(ബി) പാരിസ്ഥിതിക ആഘാതം പരമാവധി ഒഴിവാക്കി നടപ്പിലാക്കുന്ന ഉത്തരവാദിത്ത ടൂറിസം പദ്ധതിയിൽ ഈ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

നിലവിൽ ഉൾപ്പെടുത്തിയിട്ടില്ല.

(സി) വനിതകളെ വിനോദസഞ്ചാര മേഖലയിൽ കൂടുതലായി ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ?

വനിതകളെ വിനോദസഞ്ചാര മേഖലയിൽ കൂടുതലായി ഉൾപ്പെടുത്തുന്നതിന് താഴെ പറയുന്ന പദ്ധതികൾ ആർ.ടി. മിഷൻ (റെസ്പോൺസിബിൾ ടൂറിസം) മുഖേന നടപ്പാക്കി വരുന്നു.

1 വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജ്

2. കൾച്ചറൽ എക്സ്പീരിയൻസ് പാക്കേജ്

3. എക്സ്പീരിയൻസ് എതിക് കുസീൻ

4. വിവിധ പരിശീലനങ്ങൾ

5. അഗ്രി ടൂറിസം നെറ്റ്‌വർക്ക്

6. വിവിധ വനിതാ സംരംഭങ്ങൾ കൂടാതെ ഉത്തരവാദിത്ത ടൂറിസം മിഷന്റെ സംരംഭകരിൽ 80 % വനിതകളാണ്.

**ബാലുശ്ശേരി മണ്ഡലത്തിലെ വിനോദസഞ്ചാര പദ്ധതി**

119 (3117) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം ഗ്രാമ പഞ്ചായത്തുകളിൽ നിന്നാണ് ഒരു പഞ്ചായത്തിൽ ഒരു വിനോദസഞ്ചാര കേന്ദ്രം പദ്ധതിക്കായി അപേക്ഷ ലഭിച്ചിട്ടുള്ളത്?

നിലവിൽ ബാലുശ്ശേരി മണ്ഡലത്തിലെ പനങ്ങാട്, കാക്കൂർ, നന്മണ്ട, കായണ്ണ എന്നീ പഞ്ചായത്തുകളിൽനിന്നും ടി പദ്ധതി പ്രകാരമുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി എപ്പോൾ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുന്ന കാര്യം അന്തിമഘട്ടത്തിലാണ്.

**മുണ്ടേരികടവ് പക്ഷിസങ്കേത ടൂറിസം**

120 (3118) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ മണ്ഡലത്തിലെ മുണ്ടേരി ഗ്രാമപഞ്ചായത്തിലുള്ള മുണ്ടേരി കടവ് പക്ഷിസങ്കേത ടൂറിസം പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

മുണ്ടേരി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന മുണ്ടേരി കടവ് ഇക്കോ ടൂറിസം പദ്ധതിയുടെ നിർവ്വഹണ ചുമതല തെന്മല ഇക്കോ ടൂറിസം പ്രൊമോഷൻ സൊസൈറ്റിക്ക് (ടി.ഇ.പി.എസ്.) ആണ്. 2020 ജനുവരി മാസത്തിൽ 73,50,000 (എഴുപത്തിമൂന്ന് ലക്ഷത്തി അൻപതിനായിരം രൂപ) രൂപയ്ക്ക് വിനോദസഞ്ചാര വകുപ്പ് ഭരണാനുമതി നൽകിയ പദ്ധതി 2021 ഫെബ്രുവരി മാസത്തിൽ ശിലാസ്ഥാപനം നടത്തുകയുണ്ടായി. പദ്ധതി നിർവ്വഹണത്തിനുള്ള നടപടികൾ ടി.ഇ.പി.എസ്. സ്വീകരിച്ചുവരുന്നു. കെട്ടിടം കണ്ടെത്തി ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ മുണ്ടേരി ഗ്രാമപഞ്ചായത്ത് സ്വീകരിക്കുമെന്ന് ഇതുസംബന്ധിച്ച 1-10-2021-ലെ യോഗത്തിൽ മുണ്ടേരി ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോവിഡ് മഹാമാരിയുടെ വ്യാപനം നിയന്ത്രിക്കുന്നതിനായി സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ, നിലനിന്നിരുന്ന പെരുമാറ്റച്ചട്ട നിയന്ത്രണങ്ങൾ, കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് ഫെസിലിറ്റേഷൻ സെന്ററിനാവശ്യമായ കെട്ടിടം കണ്ടെത്തുന്നതിനായി പ്രാദേശികമായി ഉണ്ടായ തടസ്സങ്ങൾ തുടങ്ങിയ കാരണങ്ങളാൽ ഈ പദ്ധതിയുടെ നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.

(സി) ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിനാവശ്യമായ കെട്ടിടം മുണ്ടേരി ഗ്രാപഞ്ചായത്ത് ടി.ഇ.പി.എസ്.-ന് കൈമാറുന്നമുറയ്ക്ക് പദ്ധതി പൂർത്തീകരണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

## മഞ്ചേരിയിലെ ടൂറിസം പദ്ധതികൾ

121 (3119) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരിയിലെ ചെരണി ടൂറിസം പാർക്കിൽ പുതിയ പദ്ധതികൾ ആരംഭിക്കുമോ; വിശദമാക്കുമോ?

മഞ്ചേരിയിലെ ചെരണി ടൂറിസം പാർക്കിൽ പുതിയ ടൂറിസം പദ്ധതികൾ ആരംഭിക്കുന്നതിനാവശ്യമായ സ്ഥലം നിലവിൽ ലഭ്യമല്ല. മഞ്ചേരി മുനിസിപ്പാലിറ്റി സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതി രൂപരേഖ തയ്യാറാക്കാവുന്നതാണ്.

(ബി) സ്വാതന്ത്ര്യസമര സ്മൃതികളുള്ള ചന്തപ്പുര അടക്കമുള്ള പാണ്ടിക്കാട് പ്രദേശം ടൂറിസം മേഖലയിൽ ഉൾപ്പെടുത്തി പുതിയ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ടൂറിസം സാധ്യത പരിശോധിച്ച് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

## പൊൻമല ടൂറിസം പദ്ധതി

122 (3120) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള കണ്ടാണശ്ശേരി പഞ്ചായത്തിലെ പൊൻമല ടൂറിസം പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഇല്ല.

(ബി) ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പദ്ധതി പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

## കാട്ടാക്കട മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

123 (3121) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ വിളപ്പിൽ പഞ്ചായത്തിൽ കടമ്പുപാറ കേന്ദ്രീകരിച്ച് ടൂറിസം പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ; പ്രസ്തുത പദ്ധതിയുടെ തുടർനടപടികളും വിശദാംശങ്ങളും ലഭ്യമാക്കാമോ?

കാട്ടാക്കട മണ്ഡലത്തിലെ വിളപ്പിൽ പഞ്ചായത്തിൽ കടമ്പുപാറ കേന്ദ്രീകരിച്ച് ടൂറിസം പദ്ധതി ആരംഭിക്കുന്നതിനായി സ്ഥലം എം.എൽ.എ., വിനോദസഞ്ചാര വകുപ്പ് ഉദ്യോഗസ്ഥർ, ആർക്കിടെക്റ്റ്, പഞ്ചായത്ത് പ്രതിനിധികൾ എന്നിവർ ചേർന്ന് പ്രസ്തുത പ്രദേശം സന്ദർശിക്കുകയും പ്രാഥമിക ചർച്ച നടത്തുകയും ചെയ്തു. റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള പ്രദേശം വിട്ടുകിട്ടുന്നതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതിനായി പഞ്ചായത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ മാറനല്ലൂർ പഞ്ചായത്തിലെ നെയ്യാറിന്റെ തീരത്തുള്ള അരുവിക്കര പ്രദേശത്ത് ടൂറിസവുമായി ബന്ധപ്പെട്ട് പദ്ധതി ആവിഷ്കരിക്കുന്നത് പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കാമോ?

ഇത്തരത്തിലുള്ള പദ്ധതി നിർദ്ദേശങ്ങളൊന്നും നിലവിൽ പരിഗണനയിലില്ല. പദ്ധതി നിർദ്ദേശം ലഭിക്കുന്നമുറയ്ക്ക് ആയതിന്റെ ടൂറിസം സാധ്യത പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

## ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിലെ യു.ഡി. ക്ലാർക്ക് തസ്തിക

124 (3122) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വകുപ്പിന് കീഴിലുള്ള ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് (കേരള) സൊസൈറ്റിയിൽ യു.ഡി. ക്ലാർക്ക് തസ്തികയിലേയ്ക്ക് എത്ര സ്ഥാനക്കയറ്റ ഒഴിവുകളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ; എങ്കിൽ ഈ ഒഴിവുകൾ ഏതെല്ലാം തീയതികളിലാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വിനോദസഞ്ചാര വകുപ്പിന് കീഴിലുള്ള ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് (കേരള) സൊസൈറ്റിയിൽ യു.ഡി. ക്ലാർക്ക് തസ്തികയിൽ റിട്ടയർമെന്റ്, സ്ഥാനക്കയറ്റം എന്നിങ്ങനെ മൂന്ന് ഒഴിവുകളാണ് നിലവിലുള്ളത്. പ്രസ്തുത ഒഴിവുകൾ 31-5-2020, 29-7-2020, 31-7-2021 എന്നീ തീയതികളിലാണ് ഉണ്ടായിട്ടുള്ളത്.

(ബി) പ്രസ്തുത ഒഴിവുകളിലേയ്ക്ക് സ്ഥാനക്കയറ്റം നടത്തുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

യു.ഡി. ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നല്കുന്നത് സംബന്ധിച്ച വിഷയം അടുത്ത് നടക്കുന്ന ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് (കേരള) സൊസൈറ്റിയുടെ ഗവേണിംഗ് ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതുണ്ട്.

(സി) യു.ഡി. ക്ലാർക്ക് തസ്തികയിൽ പ്രൊമോഷന് സീനിയോരിറ്റി ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ സീനിയോരിറ്റി ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കാത്തതിന് കാരണം വ്യക്തമാക്കുമോ?

ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് (കേരള) സൊസൈറ്റിയിലെ എൽ.ഡി. ക്ലാർക്ക് തസ്തികയിലുള്ള ജീവനക്കാരുടെ കരട് സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയത് അനുബന്ധമായി ചേർക്കുന്നു*. അന്തിമ സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത ഒഴിവുകളിലേയ്ക്ക് എന്നത്തേയ്ക്ക് സ്ഥാനക്കയറ്റ നടപടികൾ പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കാമോ?

യു.ഡി. ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നല്കുന്നത് സംബന്ധിച്ച വിഷയം അടുത്ത് നടക്കുന്ന ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് (കേരള) സൊസൈറ്റിയുടെ ഗവേണിംഗ് ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അവതരിപ്പിച്ച് തീരുമാനമെടുക്കുന്നതാണ്.

**പിറവം മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

125 (3123) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിലെ രാമമംഗലം പഞ്ചായത്തിലെ കൊടികുത്തിമല, ഇലഞ്ഞി പഞ്ചായത്തിലെ കുരുമല, പാമ്പാകുട പഞ്ചായത്തിലെ ഊരനാട്ട് ചിറ എന്നിവിടങ്ങളിൽ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ടൂറിസം ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ടൂറിസം ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. എന്നാൽ പിറവം നിയോജകമണ്ഡലത്തിലെ രാമമംഗലം പഞ്ചായത്തിലെ കൊടികുത്തിമല, ഇലഞ്ഞി പഞ്ചായത്തിലെ കുരുമല, പാമ്പാകുട പഞ്ചായത്തിലെ ഊരനാട്ട് ചിറ എന്നിവിടങ്ങളിൽ വിവിധ സാഹസിക ടൂറിസം സേവനങ്ങൾക്കുള്ള ഒരു വിശദ പദ്ധതി റിപ്പോർട്ട് സമർപ്പിക്കുവാനും അതിന്റെ അടിസ്ഥാനത്തിൽ എറണാകുളം ഡി.ടി.പി.സി.-യും കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയും സംയുക്തമായി വരുമാനം പങ്കുവച്ചുള്ള ഒരു സംരംഭ മാതൃക ആവിഷ്കരിക്കാനും കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയോട് എറണാകുളം ഡി.ടി.പി.സി. ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ ഫയൽ നമ്പർ സഹിതം വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണം ത്വരിതപ്പെടുത്തുന്നതിലേയ്ക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

(ബി&സി) റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

### മാനന്തവാടി പഴശ്ശിപാർക്ക് രണ്ടാംഘട്ട നവീകരണം

126 (3124) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി പഴശ്ശി പാർക്ക് രണ്ടാംഘട്ട നവീകരണത്തിന് തുക വകയിരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പാർക്ക് നവീകരണത്തിനുള്ള നടപടിക്രമങ്ങൾ ഏതുവരെയായി എന്നറിയിക്കാമോ?

(എ&ബി) മാനന്തവാടി പഴശ്ശി പാർക്ക് നവീകരണത്തിനായി പഴശ്ശി പാർക്ക് ബ്യൂട്ടിഫിക്കേഷൻ ഇൻ വയനാട് ഫേസ്-2 എന്ന പദ്ധതിക്ക് 2017-ൽ 2 കോടി രൂപയുടെ ഭരണാനുമതി നൽകി, പദ്ധതി പൂർത്തീകരിച്ച് 9-2-2021-ൽ ഉദ്ഘാടനം നടത്തി പഴശ്ശിപാർക്ക് വിനോദ സഞ്ചാരികൾക്കായി തുറന്ന് കൊടുത്തിട്ടുണ്ട്.

### ആക്കുളം ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ

127 (3125) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ആക്കുളത്ത് ടൂറിസം വകുപ്പ് വിഭാവനം ചെയ്ത അന്താരാഷ്ട്ര കൺവെൻഷൻ സെന്റർ യാഥാർത്ഥ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

യാഥാർത്ഥ്യമായിട്ടില്ല. 13-6-2007-ൽ ഷാലെറ്റ് ഹോട്ടൽസ് & പ്രോപ്പർട്ടീസ് (കേരള) പ്രൈവറ്റ് ലിമിറ്റഡുമായി ഓതറൈസേഷൻ എഗ്രിമെന്റിൽ ഒപ്പിട്ടെങ്കിലും 2008-ൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് നിലവിൽവരികയും അതുപ്രകാരമുള്ള അനുമതി ലഭ്യമാകാത്തതിനാൽ പദ്ധതിക്ക് കാലതാമസമുണ്ടാകുകയും ചെയ്തു. ആക്കുളത്ത് അക്വയർ ചെയ്യപ്പെട്ട ഭൂമിയിൽ ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ കോംപ്ലക്സ് (ഐ.സി.സി.സി.) പദ്ധതിക്കായി അനുവദിക്കപ്പെട്ടതിനുപുറമെ രണ്ട് വ്യത്യസ്ത ഭാഗങ്ങളിലായി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച് ആൻഡ് ഹിയറിംഗ് (NISH)-ന് അനുവദിക്കപ്പെട്ടിരുന്ന 9.9 ഏക്കർ ഭൂമിക്കുപകരം ഐ.സി.സി.സി. പദ്ധതിയുടെ ഒരു വശത്ത് 9.9 ഏക്കർ വിസ്തൃതിയുള്ള ഒറ്റ ഭാഗമാക്കി പുനർനിശ്ചയിച്ച് 2013-2015 കാലഘട്ടത്തിൽ അനുവദിക്കുകയും ചെയ്തു. അതേസമയം പദ്ധതി പ്രദേശം 2017-ൽ റവന്യൂ വകുപ്പ് വീണ്ടും സർവ്വേനടത്തുകയും ഡ്രൈ ലാൻഡ് വെറ്റ് ലാൻഡ് എന്നിവ വേർതിരിക്കുകയും ചെയ്തു. നിർമ്മാണം നടത്താവുന്ന ഭൂമിയുടെ വിസ്തൃതിയിലുണ്ടായ കുറവ് പരിഹരിച്ച് പദ്ധതിയുടെ

കൺസെപ്റ്റ് മാസ്റ്റർ പ്ലാനിനും ലേഔട്ടിനും തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തു. 2008-ൽ തണ്ണീർത്തട നിയമം പ്രാബല്യത്തിൽ വരുന്നതിനുമുൻപ് ഓതറൈസേഷൻ എഗ്രിമെന്റ് ഒപ്പിട്ട സാഹചര്യത്തിൽ അനുപ്രകാരമുള്ള 2.89 ഏക്കർ നിലം നികത്തുന്നതിനുള്ള അനുമതിക്കായുള്ള അപേക്ഷ സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു. തൽസ്ഥിതി തുടരുകയാണ്.

(ബി) പ്രസ്തുത കൺവെൻഷൻ സെന്റർ നിർമ്മിക്കുന്നതിന് സർക്കാർ നൽകിയ സ്ഥലത്തിന്റെ വിസ്തൃതിയും സ്ഥലം നൽകിയത് ആർക്കെന്നും നൽകിയ തീയതിയും അറിയിക്കാമോ?

46.06 ഏക്കർ ഭൂമി. 2007 ജൂൺ-13 ന് സർക്കാർ ഷാലെറ്റ് ഹോട്ടൽസ് & പ്രോപ്പർട്ടീസ് (കേരള) പ്രൈവറ്റ് ലിമിറ്റഡുമായി ഓതറൈസേഷൻ എഗ്രിമെന്റിൽ ഒപ്പിട്ടെങ്കിലും ഭൂമിയുടെ ലീസ് എഗ്രിമെന്റ് ഇതുവരെ ഒപ്പിട്ടിട്ടില്ല.

(സി) കൺവെൻഷൻ സെന്റർ നിർമ്മിക്കുന്നതിനായി സർക്കാർ ഏർപ്പെട്ട കരാറിന്റെ കാലാവധി എന്നുവരെയായിരുന്നു എന്നറിയിക്കാമോ?

ടി പദ്ധതി ജോയിന്റ് വെൻചർ പ്രകാരമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിൽ ലാൻഡിന്റെ ഇക്വിറ്റി ഷെയറായ 26% ഗവൺമെന്റിനും 74% ഷാലെറ്റ് ഹോട്ടൽസ് & പ്രോപ്പർട്ടീസ് (കേരള) പ്രൈവറ്റ് ലിമിറ്റഡിനുമാണ്. പദ്ധതിക്കാവശ്യമായ ലാൻഡിന്റെ ലീസ് എഗ്രിമെന്റ് ടി കമ്പനിയുമായി ഒപ്പിടുന്ന തീയതി മുതൽ 90 വർഷത്തേയ്ക്കാണ് നൽകുന്നത്.

(ഡി) കാലാവധിക്കുള്ളിൽ നിർമ്മാണം നടന്നിട്ടില്ലെങ്കിൽ സ്ഥലം തിരിച്ചെടുക്കുവാൻ സാധിക്കുമോയെന്നും അതിനുള്ള നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

46.06 ഏക്കർ ഭൂമി പദ്ധതി നടത്തിപ്പ് കമ്പനിയുമായി ഓതറൈസേഷൻ എഗ്രിമെന്റിൽ ഒപ്പിട്ടെങ്കിലും ഭൂമിയുടെ റിലീസ് എഗ്രിമെന്റ് ഇതുവരെ ഒപ്പിട്ടിട്ടില്ല. ആയതിനാൽ നിയമപരമായി ടി ഭൂമി ഇപ്പോഴും സർക്കാരിന്റെ അധീനതയിലാണ്.

## ആറാട്ടുപുഴ വലിയഴീക്കൽ ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ പ്രോഗ്രാം

128 (3126) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറാട്ടുപുഴ പഞ്ചായത്തിലെ വലിയഴീക്കൽ പാലം കേന്ദ്രീകരിച്ച് പ്രത്യേക ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ പ്രോഗ്രാം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം തുടർനടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ആറാട്ടുപുഴ പഞ്ചായത്തിലെ വലിയഴീക്കൽ പാലം കേന്ദ്രീകരിച്ച് വിനോദ സഞ്ചാര പദ്ധതി നടപ്പാക്കുന്നകാര്യം ഭൂമിയുടെ ലഭ്യത ഉറപ്പുവരുത്തിയശേഷം പരിഗണിക്കാവുന്നതാണ്. പ്രദേശത്തിന്റെ വിനോദസഞ്ചാര സാധ്യത, പ്രാദേശികമായ പ്രത്യേകതകൾ എന്നിവകൂടി വിലയിരുത്തി ആവശ്യമായ ഭൂമി കണ്ടെത്തി എം.എൽ.എ. അടക്കമുള്ള ജനപ്രതിനിധികളുടെ കൂടി അഭിപ്രായം തേടി അനുയോജ്യമായ പദ്ധതി രൂപരേഖ തയ്യാറാക്കേണ്ടതുണ്ട്.

**കാഞ്ഞിരമറ്റം-മില്ലുങ്കൽ ടൂറിസം പദ്ധതി**

129 (3127) <u>ശ്രീ. അനൂപ് ജേക്കബ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിലെ കാഞ്ഞിരമറ്റം-മില്ലുങ്കൽ ടൂറിസം പദ്ധതിക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ടൂറിസം വകുപ്പിന്റെ എംപാനൽഡ് ആർക്കിടെക്റ്റായ പിത്തവാടിയൻ ആൻഡ് പാർട്ണേഴ്സ് എന്ന സ്ഥാപനം മുഖേന വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 2,08,56,604 രൂപയുടെ കാഞ്ഞിരമറ്റം-മില്ലുങ്കൽ ടൂറിസം പദ്ധതിക്ക് ഭരണാനുമതി നൽകുകയും കെൽ ((Kerala Electrical and Allied Engineering Co. Ltd) എന്ന നിർവ്വഹണ ഏജൻസി മുഖേന പദ്ധതി പൂർത്തിയാക്കിയിട്ടുള്ളതുമാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് ഈ പദ്ധതിക്കുവേണ്ടി തുടർനടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

(സി) പ്രസ്തുത ടൂറിസം പദ്ധതി വിപുലീകരിക്കുന്നതിലേയ്ക്കായി ബോട്ടിംഗും കനോയിംഗും ആരംഭിക്കണമെന്ന ആവശ്യം സംബന്ധിച്ച നടപടികൾ ഏതുഘട്ടത്തിലാണെന്ന് ഫയൽ നമ്പർ സഹിതം അറിയിക്കുമോ?

പ്രസ്തുത ടൂറിസം പദ്ധതി വിപുലീകരിക്കുന്നതിനായുള്ള നടപടികൾ അഭികാമ്യത പരിശോധിച്ച് പരിഗണിക്കാവുന്നതാണ്.

**വള്ളിക്കുന്നം ചിറ ടൂറിസം പദ്ധതി**

130(3128) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്നം ചിറ ടൂറിസം പദ്ധതിയുടെ മാസ്റ്റർപ്ലാൻ ലഭ്യമാക്കുമോ?

വള്ളിക്കുന്നം ചിറ ടൂറിസം പദ്ധതിയുടെ വിശദമായ രൂപരേഖ (DPR) തയ്യാറാക്കിയിട്ടില്ല.

(ബി) പ്രസ്തുത പദ്ധതി അടിയന്തരമായി അനുവദിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

വള്ളിക്കുന്നം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വള്ളിക്കുന്നം ചിറ ഉൾപ്പെട്ട ഭൂമിയുടെ അതിർത്തി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ നിലവിൽ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കാൻ കഴിയില്ല. ഭൂമിയുടെ അതിരുകൾ നിർണ്ണയിച്ച് സ്കെച്ച് ലഭ്യമാക്കുവാൻ വള്ളിക്കുന്നം ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതോടൊപ്പം ഭൂമിയുടെ വിനിയോഗ അനുമതികൂടി ഗ്രാമപഞ്ചായത്തിൽനിന്ന് ലഭിക്കേണ്ടതുണ്ട്.

**വാടാനപ്പള്ളി ബീച്ച് ടൂറിസം പദ്ധതി**

131 (3129) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി ബീച്ച് ടൂറിസം പദ്ധതിക്കായി തൃശ്ശൂർ ഡി.റ്റി.പി.സി. 16-4-2018-ലെ റ്റി.എസ്.ആർ 584/2017 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി ടൂറിസം ഡയറക്ടർക്ക് സമർപ്പിച്ചെങ്കിലും പ്രസ്തുത പ്രവൃത്തി ഇതുവരെ നടപ്പാക്കാനായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് എൻ.ഒ.സി. ലഭിക്കുന്നതിനായി വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കത്തിന്റെ ഓഫീസ് കോപ്പിയുടെ പകർപ്പ് നൽകാമോ?

പ്രസ്തുത പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് എൻ.ഒ.സി. ലഭിക്കുന്നതിനായി വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് തൃശ്ശൂർ ഡി.റ്റി.പി.സി. കത്ത് നൽകിയിട്ടുണ്ട്. കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(സി) വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽനിന്നും എൻ.ഒ.സി. ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ലഭ്യമായിട്ടില്ല.

(ഡി) എൻ.ഒ.സി. ലഭ്യമായിട്ടില്ലെങ്കിൽ അത് ലഭ്യമാകുന്നതിനുവേണ്ട തുടർനടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

എൻ.ഒ.സി. ലഭ്യമാക്കുന്നതിനുള്ള തുടർനടപടികളുടെ ഭാഗമായി ടൂറിസം പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഭൂമി സംബന്ധിച്ചുള്ള റിപ്പോർട്ട് പഞ്ചായത്ത് വകുപ്പിന് നൽകിയിട്ടുണ്ട്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വാമനപുരം മണ്ഡലത്തിലെ ഉത്തരവാദിത്ത ടൂറിസം പദ്ധതി

132 (3130) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ വിഷൻ, മിഷൻ എന്നിവ വിശദീകരിക്കാമോ?

ടൂറിസത്തിന്റെ ഗുണഫലങ്ങൾ പ്രാദേശിക സമൂഹത്തിന് ലഭ്യമാക്കുക, ദോഷഫലങ്ങൾ പരമാവധി കുറയ്ക്കുക എന്നതാണ് ഉത്തരവാദിത്ത ടൂറിസം മുന്നോട്ടു വയ്ക്കുന്ന പ്രധാനപ്പെട്ട ആശയം. ഒരുനാടിന്റെ പരിസ്ഥിതിയെയും സംസ്കാരത്തെയും പൈതൃകത്തെയും സംരക്ഷിച്ചുകൊണ്ട് തദ്ദേശീയർക്ക് ടൂറിസം വഴി തൊഴിലും വരുമാനവും ഉറപ്പുവരുത്തി ആ പ്രദേശത്തെ ഒരേസമയം തദ്ദേശീയർക്ക് നന്നായി ജീവിക്കാനും ടൂറിസ്റ്റുകൾക്ക് ആസ്വദിക്കാനും കഴിയുന്ന സ്ഥലമാക്കി മാറ്റുക എന്നുള്ളതാണ് ഉത്തരവാദിത്ത ടൂറിസത്തിന്റെ പ്രധാന ലക്ഷ്യം. സാമ്പത്തികം, സാമൂഹികം, പാരിസ്ഥിതികം എന്നിങ്ങനെ മൂന്ന് അടിസ്ഥാന ഉത്തരവാദിത്തങ്ങളിൽ ഊന്നിയുള്ളതാണ് ഉത്തരവാദിത്ത ടൂറിസത്തിന്റെ പ്രവർത്തനങ്ങൾ. ഇത് വിജയകരമായി നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ 2017-ൽ ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചു. പ്രാദേശികമായി വിനോദസഞ്ചാര പ്രവർത്തനങ്ങൾ ആരംഭിക്കുകയും വളർത്തിയെടുക്കുകയും ചെയ്യുക, ടൂറിസം വ്യവസായവുമായി പ്രാദേശിക സമൂഹത്തെ ബന്ധിപ്പിക്കുക, ഉത്തരവാദിത്ത ടൂറിസം ആശയങ്ങൾ പ്രചരിപ്പിക്കുകയും പ്രയോഗവൽക്കരിക്കുന്നതിന് പ്രോത്സാഹനം നൽകുകയും ചെയ്യുക എന്നീ പ്രധാന ലക്ഷ്യങ്ങളോടെ രൂപീകരിച്ച മിഷൻ 4 വർഷംകൊണ്ട് സംസ്ഥാനത്തിന്റെ വിനോദസഞ്ചാര വികസന രംഗത്ത് വലിയ മാറ്റമാണ് സൃഷ്ടിച്ചത്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം വാമനപുരം നിയോജകമണ്ഡലത്തിൽ എന്തൊക്കെയാണ് നടപ്പാക്കിയതെന്നും കൈവരിച്ച നേട്ടങ്ങളും വിശദീകരിക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിൽപ്പെട്ട പെരിങ്ങമല പഞ്ചായത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷന്റെ 'പെപ്പർ പദ്ധതി' ആരംഭിച്ചിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ വിശേഷാൽ ടൂറിസം ഗ്രാമസഭ, ടൂറിസം റിസോഴ്സ് മാപ്പിംഗ്, ടൂറിസം റിസോഴ്സ് ഡയറക്ടറി (കരട്) തയ്യാറാക്കൽ എന്നിവ നടന്നുകഴിഞ്ഞിട്ടുണ്ട്. ടൂറിസം സംരംഭക യോഗം കോവിഡ് സാഹചര്യത്തിൽ നടത്താൻ കഴിഞ്ഞിട്ടില്ല. രണ്ടാംഘട്ടത്തിൽ പരിശീലനങ്ങളാണ് നടക്കേണ്ടത്. ഇതിൽ ജനപ്രതിനിധികൾക്കുള്ള പരിശീലനം ജില്ലാതലത്തിൽ നടന്നു. ഇതിൽ പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ പങ്കെടുത്തിട്ടുണ്ട്. തദ്ദേശവാസികൾക്കായുള്ള പരിശീലനങ്ങൾക്കുള്ള അപേക്ഷ പഞ്ചായത്ത് ശേഖരിച്ച് നൽകുന്നതനുസരിച്ച്

പരിശീലനങ്ങൾ നൽകുന്നതാണ്. പ്രദേശത്ത് തദ്ദേശവാസികളെ ഉൾപ്പെടുത്തി വരുമാനം ലഭ്യമാക്കാൻ ഉതകുംവിധം ഒരു അനുഭവവേദ്യ പാക്കേജ് ഉണ്ടാക്കുന്ന തിനുള്ള നിർദ്ദേശം പരിശീലനത്തിന്റെ ഭാഗമായി നൽകിയിട്ടുണ്ട്. ആയതിനുള്ള സ്ഥലങ്ങളും പരമ്പരാഗത തൊഴിലുകളും കലാപ്രവർത്തനങ്ങളും പഞ്ചായത്ത് ഔദ്യോഗികമായി നിർദ്ദേശിക്കേണ്ടതുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് പ്രസ്തുത പാക്കേജ് തയ്യാറാക്കുന്നതാണ്. സംസ്ഥാനതലത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തുന്ന പരിശീലനങ്ങളിൽ പ്രസ്തുത തദേശഭരണ സ്ഥാപനത്തിലെ പ്രദേശവാസികൾക്ക് നേരിട്ട് അപേക്ഷ നൽകിയും ഭാഗമാകാവുന്നതാണ്. എന്നാൽ ആ തരത്തിലുള്ള അപേക്ഷകൾ ലഭിച്ചിട്ടില്ല.

(സി) പ്രസ്തുത പദ്ധതി പ്രകാരം വാമനപുരം നിയോജകമണ്ഡലത്തിൽ എന്തൊക്കെയാണ് നടപ്പാക്കിയതെന്നും കൈവരിച്ച നേട്ടങ്ങളും വിശദീകരിക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിൽപ്പെട്ട പെരിങ്ങമല പഞ്ചായത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷന്റെ 'പെപ്പർ പദ്ധതി' ആരംഭിച്ചിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ വിശേഷാൽ ടൂറിസം ഗ്രാമസഭ, ടൂറിസം റിസോഴ്സ് മാപ്പിംഗ്, ടൂറിസം റിസോഴ്സ് ഡയറക്ടറി (കരട്) തയ്യാറാക്കൽ എന്നിവ നടന്നുകഴിഞ്ഞിട്ടുണ്ട്. ടൂറിസം സംരംഭക യോഗം കോവിഡ് സാഹചര്യത്തിൽ നടത്താൻ കഴിഞ്ഞിട്ടില്ല. രണ്ടാം ഘട്ടത്തിൽ പരിശീലനങ്ങളാണ് നടക്കേണ്ടത്. ഇതിൽ ജനപ്രതിനിധികൾക്കുള്ള പരിശീലനം ജില്ലാതലത്തിൽ നടന്നു. ഇതിൽ പെരിങ്ങമല ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ പങ്കെടുത്തിട്ടുണ്ട്. തദ്ദേശവാസികൾ ക്കായുള്ള പരിശീലനങ്ങൾക്കുള്ള അപേക്ഷ പഞ്ചായത്ത് ശേഖരിച്ച് നൽകുന്നതനുസരിച്ച് പരിശീലനങ്ങൾ നൽകുന്നതാണ്. പ്രദേശത്ത് തദ്ദേശവാസികളെ ഉൾപ്പെടുത്തി വരുമാനം ലഭ്യമാക്കാൻ ഉതകുംവിധം ഒരു അനുഭവവേദ്യ പാക്കേജ് ഉണ്ടാക്കുന്നതിനുള്ള നിർദ്ദേശം പരിശീലനത്തിന്റെ ഭാഗമായി നൽകിയിട്ടുണ്ട്.

**കലശമല ഇക്കോ ടൂറിസം പദ്ധതി**

133 (3131) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലശമല ഇക്കോ ടൂറിസം പദ്ധതി രണ്ടാംഘട്ട സ്ഥലമെടുപ്പ് നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

പദ്ധതിയുടെ രണ്ടാംഘട്ട സ്ഥലമെടുപ്പിനായി അലൈൻമെന്റ് സ്കെച്ച് തയ്യാറാക്കി കല്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു.

(ബി) ഇക്കാര്യത്തിൽ ടൂറിസം വകുപ്പിലെ ഏത് ഉദ്യോഗസ്ഥർക്കാണ് ചുമതലയെന്ന് വിശദമാക്കാമോ?

വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്കുവേണ്ടി തൃശ്ശൂർ ജില്ലാ ഡെപ്യൂട്ടി ഡയറക്ടറാണ് ഈ പദ്ധതിയുടെ ചുമതല വഹിക്കുന്നത്.

(സി) ഭൂമി ഏറ്റെടുക്കൽ നടപടി ഈ സാമ്പത്തിക വർഷം പൂർത്തിയാക്കാനാകുമോയെന്ന് അറിയിക്കുമോ?

ഭൂമി ഏറ്റെടുക്കൽ നടപ്പ് സാമ്പത്തിക വർഷം പൂർത്തിയാക്കാനാകുമെന്നാണ് പ്രതീക്ഷ.

**പേരാമ്പ്ര മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

134 (3132) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ ഏതൊക്കെ പഞ്ചായത്തുകളിൽനിന്ന് എന്തൊക്കെ പ്രോജക്ടുകൾ ടൂറിസം പ്രൊമോഷൻ കൗൺസിൽവഴിയും മറ്റും ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

അരികുളം-ഉത്തരവാദിത്ത ടൂറിസം പാർക്ക് സാധ്യതകളും നിർദ്ദേശങ്ങളും ചങ്ങരോത് - കൈതെരിമുക്ക് ഗ്രാമീണ ടൂറിസം സെന്റർ, ചെറിയ കുമ്പളം പദ്ധതി, ചവരം മുഴി പദ്ധതി, വെള്ളച്ചാൽ മല പദ്ധതി, അഗ്രോ ടൂറിസം, കടിയങ്ങാട് പാലം മുളംകാട്, കുനിയങ്ങാട്ട് അങ്ങാടി- കുണിയങ്ങാട്ട് ഭാഗവതി ക്ഷേത്രം, ആയുർവേദ ഗ്രാമം കുത്താളി - കുത്താളി സമര ചരിത്ര സ്മാരകവും മ്യൂസിയവും മേപ്പയൂർ-മീറോട് മല പരിസ്ഥിതി സൗഹൃദ വിനോദസഞ്ചാര പദ്ധതി പേരാമ്പ്ര-കേവ് പാർക്ക് തുറയൂർ-പ്രാദേശിക ടൂറിസം വികസനം -പയ്യോളി ചീർപ്പ്, കേളപ്പജി ജന്മദേശം എന്നിവയും, അകാലപുഴ കേന്ദ്രീകരിച്ച ടൂറിസം പ്രോജക്ട് എന്നിവയാണ് പേരാമ്പ്ര മണ്ഡലത്തിലെ പഞ്ചായത്തുകളിൽനിന്നുള്ള പ്രോജക്ടുകൾ.

(ബി) നിലവിൽ ഏതൊക്കെ പ്രവൃത്തികളാണ് മണ്ഡലത്തിൽ നടന്നുകൊണ്ടിരിക്കുന്നതെന്ന് അറിയിക്കാമോ?

പെരുവണ്ണാമൂഴി ഡാം ടൂറിസം വികസന പദ്ധതി പുരോഗമിക്കുന്നു.

(സി) പ്രസ്തുത മണ്ഡലത്തിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പെരുവണ്ണാമൂഴി ഡാം ടൂറിസം വികസന പദ്ധതി.

## പുതുക്കാട് മണ്ഡലത്തിലെ ടൂറിസം വികസനം

135 (3133) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ ചിമ്മിനി ഡാം കേന്ദ്രീകരിച്ച് ഒരു ടൂറിസം ഡെസ്റ്റിനേഷൻ കൗൺസിൽ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

(ബി) പ്രസ്തുത മേഖലയിലെ ടൂറിസം വികസനത്തിനായി വനം, ഇറിഗേഷൻ, തദ്ദേശസ്വയംഭരണം, പി.ഡബ്ല്യു.ഡി. തുടങ്ങിയ വകുപ്പുകളെ ഏകോപിപ്പിച്ച് ചിമ്മിനി ഡാം ഗാർഡൻ വികസനം ഉൾപ്പെടെയുള്ള ഇക്കോ ടൂറിസം പദ്ധതികൾ നടപ്പാക്കുന്നതിന് ടൂറിസം വകുപ്പ് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പദ്ധതി നിർദ്ദേശം ലഭിക്കുന്നമുറയ്ക്ക് അവയുടെ ടൂറിസം സാധ്യത പരിശോധിച്ച് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

(സി) വേലൂപ്പാടം കെ.എഫ്.ആർ.ഐ. സെന്ററിനെ ഇക്കോ ടൂറിസം സെന്ററാക്കി മാറ്റുന്നതിനായി സമർപ്പിച്ചിട്ടുള്ള പ്രോജക്ടിന് അനുമതി നൽകുമോ?

പരിശോധിച്ച് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

(ഡി) വാഴാനി, പീച്ചി, പുത്തൂർ മൃഗശാല, വേലൂപ്പാടം കെ.എഫ്.ആർ.ഐ. റിസർച്ച് സെന്റർ, മുനിപ്പാറക്കുന്ന്, ചിമ്മിനി ഡാം, അതിരപ്പിള്ളി എന്നീ കേന്ദ്രങ്ങളെ ഉൾപ്പെടുത്തി ഒരു ടൂറിസം സർക്യൂട്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ടൂറിസം സാധ്യത പരിശോധിച്ച് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

## തിക്കോടി ടൂറിസം വികസന പദ്ധതി

136 (3134) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ തിക്കോടി ടൂറിസം വികസന പദ്ധതിയുടെ ഭാഗമായിരുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

തിക്കോടി ടൂറിസം വികസന പദ്ധതിയുടെ (Development of Turtle Beach-Thikkodi) ഭാഗമായി താഴെ പറയുന്ന നിർമ്മാണ പ്രവർത്തനങ്ങളാണ് പ്രധാനമായും നടപ്പിലാക്കുന്നത്. ശുചിമുറികൾ, വേസ്റ്റ് ബിൻ, നടപ്പാത, മുളകൊണ്ടുള്ള നിർമ്മിതികൾ, ചുറ്റുവേലി, ജലവിതരണ സംവിധാനങ്ങൾ വൈദ്യുതി വിളക്കുകൾ, കുട്ടികൾക്കുള്ള കളി ഉപകരണങ്ങൾ.

(ബി) തിക്കോടി ബീച്ച് നവീകരണ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

പ്രസ്തുത പദ്ധതിക്ക് 93,00,000 (തൊണ്ണൂറ്റിമൂന്ന് ലക്ഷം രൂപ) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഡി.ടി.പി.സി. കോഴിക്കോട് ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പ്രവൃത്തികൾ എത്ര സമയത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ?

ടി പദ്ധതിക്ക് 15-6-2021-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. 12 മാസത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

**വടക്കാഞ്ചേരി മണ്ഡലത്തിലെ വിലങ്ങൻ കുന്നിന്റെ വികസനം**

137 (3135) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി മണ്ഡലത്തിലെ ടൂറിസ്റ്റ് കേന്ദ്രമായ വിലങ്ങൻ കുന്നിന്റെ സമഗ്ര വികസനത്തിനായി ഉന്നത നിലവാരമുള്ള റോഡ് നിർമ്മാണം, തെരുവ് വിളക്കുകൾ സ്ഥാപിക്കൽ, വിപുലമായ പാർക്കിംഗ് സംവിധാനം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പദ്ധതി നിർദ്ദേശം ലഭിക്കുന്നമുറയ്ക്ക് അവയുടെ ടൂറിസം സാധ്യത പരിശോധിച്ച് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

**പയംകുറ്റിമല, ലോകനാർകാവ് ടൂറിസം പദ്ധതികൾ**

138 (3136) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയംകുറ്റിമലയിലെയും ലോകനാർകാവിലെയും ടൂറിസം പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

പയംകുറ്റിമല ടൂറിസം പദ്ധതിക്കായി 2019-ജനുവരിയിൽ 2.15 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. അതിൽ വ്യൂ ടവർ, പ്ലാറ്റ്ഫോം, കോംപൗണ്ട് വാൾ, റോഡ്, ലാൻഡ് സ്കേപിംഗ്, കഫറ്റേരിയ, ഇന്റർലോക് ഫോർ ഗ്രൗണ്ട് & ഇലക്ട്രിഫിക്കേഷൻ വർക്സ് എന്നീ ഘടകങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. ഈ പദ്ധതി നിർവ്വഹണ ഏജൻസിയായ ULCCS Ltd. മുഖേന പൂർത്തീകരിക്കുകയും ആയതിന്റെ ഉദ്ഘാടനം 14-2-2021-ന് നിർവ്വഹിക്കുകയും ചെയ്തു. പിൽഗ്രിം ടൂറിസം ഡെവലപ്മെന്റ്

അറ്റ് ലോകനാർക്കാവ് ടെമ്പിൾ, കോഴിക്കോട് എന്ന പദ്ധതിക്ക് 19-10-2020-ൽ 3.60 കോടി രൂപയുടെ ഭരണാനുമതി നൽകി. ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി ഡി.റ്റി.പി.സി, കോഴിക്കോട് മുഖേന SILK LTD-നെയാണ് ചുമതല പ്പെടുത്തിയിരിക്കുന്നത്. നിലവിൽ ഈ പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാകാത്തതിനാൽ പദ്ധതി ആരംഭിച്ചിട്ടില്ല. പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ SILK LTD, ഈ പദ്ധതിയിൽനിന്ന് പിൻമാറുന്നുവെന്ന് ഡി.ടി.പി.സി., കോഴിക്കോട് അറിയിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് പുതിയ പി.എം.സി.-യെ തെരഞ്ഞെടുത്ത് പദ്ധതി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. കൂടാതെ തലശ്ശേരി ഹെറിറ്റേജ് പ്രോജക്ടിന്റെ ഭാഗമായി ലോകനാർക്കാവ് ക്ഷേത്രം എന്ന ഘടകത്തിനായി 9-8-2020-ൽ 6.69,28,524 (ആറ് കോടി അറുപത്തി ഒൻപതു ലക്ഷത്തി ഇരുപത്തിയെണ്ണായിരത്തി അഞ്ഞൂറ്റി ഇരുപത്തി നാല് രൂപ) രൂപയുടെ അംഗീകാരം കിഫ്ബി നൽകിയിട്ടുണ്ട്. മ്യൂസിയം ഒഴികെയുള്ള ഘടങ്ങൾക്ക് 3,91,50,000 (മൂന്ന് കോടി തൊണ്ണൂറ്റിയൊന്ന് ലക്ഷത്തി അൻപതിനായിരം രൂപ) രൂപയുടെ സാങ്കേതികാനുമതി ലഭിച്ചു. നിലവിൽ വർക്ക് അവാർഡ് ചെയ്യുകയും 17-6-2021-ൽ എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്യുകയും ചെയ്തു. കൺസൾട്ടന്റ് ആർക്കിടെക്ടിൽനിന്നും ജി.എഫ്.സി ഡ്രോയിംഗ്സ് ലഭിക്കുന്നമുറയ്ക്ക് പദ്ധതിയുടെ പ്രവൃത്തി ആരംഭിക്കുന്നതാണ്.

(ബി) പയംകുറ്റിമല ടൂറിസം പദ്ധതി എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശി ക്കുന്നത് എന്നറിയിക്കാമോ?

പയംകുറ്റിമല ടൂറിസം പദ്ധതി പൂർത്തീകരിച്ചു. ടി പദ്ധതി 14-2-2021-ന് ഉദ്ഘാടനം ചെയ്തിട്ടുള്ളതാണ്.

(സി) പയംകുറ്റിമലയിലേയ്ക്കുള്ള റോഡ് വികസനത്തിന് വിനോദസഞ്ചാര വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

പയംകുറ്റിമലയിലേയ്ക്കുള്ള റോഡ് പഞ്ചായത്തിന്റെ അധീനതയിൽ ആയതിനാൽ ടി റോഡിന്റെ വികസനം നിലവിൽ ടൂറിസം വകുപ്പിന്റെ പരിഗണനയിലില്ല.

**അമ്പൂരി ഇക്കോ ടൂറിസം പദ്ധതി**

139 (3137) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ അമ്പൂരി ഗ്രാമപഞ്ചായത്ത് ടൂറിസം ഡെസ്റ്റിനേ ഷനായി ഉയർത്തുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി സാധ്യതാപഠനം നടത്തിയിട്ടുണ്ടോ; പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ;

(സി) അമ്പൂരി ഗ്രാമപഞ്ചായത്തിലെ ട്രൈബൽ മേഖലയെ ടൂറിസത്തിന് ഉപയോഗപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികൾ പരിഗണനയിലുണ്ട്; വിശദാംശം അറിയിക്കാമോ;

(ഡി) പ്രസ്തുത ടൂറിസം പദ്ധതി വിപുലീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ-ഡി) കേരളത്തിലെ ടൂറിസം സാദ്ധ്യതയുള്ള പഞ്ചായത്തുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി പഞ്ചായത്തുകളുമായി ചേർന്ന് ടൂറിസം വകുപ്പ് ആസൂത്രണം ചെയ്യുന്ന പദ്ധതികളുടെ മാനദണ്ഡം നിശ്ചയിച്ചുവരുന്നു. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് ടി സ്ഥലത്തെ ടൂറിസം പ്രാധാന്യം പരിശോധിച്ച് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

## പൊതു വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണത്തിലെ കുറവ്

140 (3138) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം നടപ്പിലാക്കിയതിനുശേഷവും ഈ അക്കാദമിക വർഷം എൽ.പി. സ്കൂളുകളിൽ 10-ൽത്താഴെയും എൽ.പി മുതൽ യു.പി വരെ 20 ൽ താഴെയും എൽ.പി മുതൽ ഹൈസ്കൂൾ വരെ 50-ൽത്താഴെയും ഹൈസ്കൂൾ വിഭാഗത്തിൽ മാത്രം 25-ൽ താഴെമാത്രം വിദ്യാർത്ഥികളുള്ള സ്കൂളുകൾ ഏതൊക്കെയെന്ന് സർക്കാർ, എയ്ഡഡ് മേഖല തിരിച്ച് ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ?

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം നടപ്പിലാക്കിയതിനുശേഷവും ഈ അക്കാദമിക വർഷം (2021-22) എൽ.പി. സ്കൂളുകളിൽ 10-ൽ താഴെ കുട്ടികളുള്ള 121 സ്കൂളുകളും എൽ.പി മുതൽ യു.പി വരെ 20-ൽ താഴെ കുട്ടികളുള്ള 18 സ്കൂളുകളും എൽ.പി മുതൽ ഹൈസ്കൂൾ വരെ 50-ൽ താഴെ കുട്ടികളുള്ള 10 സ്കൂളുകളും ഹൈസ്കൂൾ വിഭാഗത്തിൽ മാത്രം 25-ൽ താഴെ കുട്ടികളുള്ള 68 സ്കൂളുകളുമാണുള്ളത്. മേൽപ്പറഞ്ഞ സ്കൂളുകളുടെ എണ്ണം ജില്ല അടിസ്ഥാനത്തിൽ സർക്കാർ, സർക്കാർ എയ്ഡഡ് മേഖല തിരിച്ച് അനുബന്ധമായി ചേർക്കുന്നു*.

(ബി) ഈ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ അദ്ധ്യാപകർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഓരോ പ്രദേശത്തും നടത്തിയ പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുട്ടികളുടെ എണ്ണം കുറഞ്ഞ സ്കൂളുകൾ കേന്ദ്രീകരിച്ച് തദ്ദേശഭരണ സ്ഥാപന ങ്ങളുടെ സഹകരണത്തോടെ സമഗ്രശിക്ഷാ കേരളം നടത്തിവരുന്ന ഫോക്കസ് പ്രോഗ്രാം നടത്തിപ്പിലൂടെ വിദ്യാഭ്യാസ നിലവാരം ഉയർത്താനും സ്കൂൾ പരിസരത്തെ രക്ഷകർത്താക്കളെ സ്കൂളിനോട് യോജിപ്പിച്ച് നിർത്തുവാനും സാധിച്ചിട്ടുണ്ട്. കൂടാതെ, കുട്ടികൾ കുറവുള്ള സ്കൂളുകളിൽ അവസ്ഥാ പഠനം നടത്തി പരിഹാരമാർഗ്ഗങ്ങൾ സ്വീകരിച്ച് മെച്ചപ്പെടുത്തുന്നതിനായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാരുടെ നേതൃത്വത്തിൽ ഒരു കൂട്ടായ പരിശ്രമം നടത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി, ഗൃഹ സന്ദർശനം, പഠനോത്സവങ്ങൾ എന്നിവ തദ്ദേശഭരണ സ്ഥാപന പ്രതിനിധികൾ, സന്നദ്ധ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥികൾ, പി.ടി.എ. തുടങ്ങിയവരുടെയെല്ലാം സഹകരണത്തോടെ സംഘടി പ്പിച്ചിരുന്നു. മതിയായ എണ്ണം കുട്ടികളില്ലാത്ത വിദ്യാലയങ്ങളെ കേന്ദ്രീകരിച്ച് അക്കാദമിക മികവുയർത്തുന്നതിനുള്ള നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ശാസ്ത്ര, സാങ്കേതിക രംഗത്തുണ്ടാകുന്ന മാറ്റങ്ങൾക്കനുസൃതമായി വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി സാങ്കേതികവിദ്യ സൗഹൃദ ക്ലാസ് മുറികളെ ഫലപ്രദമായി പ്രയോജനപ്പെടുത്തൽ ലക്ഷ്യമിട്ട് അദ്ധ്യാപകർക്കുവേണ്ടി പരിശീലനം ലഭ്യമാക്കിയിട്ടുണ്ട്. സമഗ്ര ഡിജിറ്റൽ വിഭവങ്ങൾ ഓരോ ക്ലാസ്സിലും എങ്ങനെയെല്ലാം പ്രയോജനപ്പെടുത്തുമെന്നത് സംബന്ധിച്ച പ്രായോഗിക പരിശീലനവും നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ വിവിധ പരിപാടികളിലൂടെ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.

## ആലത്തൂർ മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം

141 (3139) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള പദ്ധതികൾ അനുവദിച്ച ആലത്തൂർ മണ്ഡലത്തിലെ വിദ്യാലയങ്ങളും അനുവദിച്ച തുകയും വ്യക്തമാക്കാമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ 5 കോടി രൂപ, 3 കോടി രൂപ, ഒരു കോടി രൂപ എന്നിങ്ങനെ അനുവദിച്ച് പൊതുവിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യ വികസനത്തിനുള്ള പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതും ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർമ്മാണം പുരോഗമിക്കുന്നതുമായ വിവിധ സ്കൂളുകളുടെ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു :

5 കോടി രൂപ കിഫ്ബി ഫണ്ട്- 5 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെട്ട കിഴക്കഞ്ചേരി ജി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണം പൂർത്തിയായിവരുന്നു.

3 കോടി രൂപ കിഫ്ബി ഫണ്ട്- 3 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെട്ട ആലത്തൂർ ജി.എച്ച്.എസ്.എസ്.-ന്റെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. തുടർനടപടികൾ എസ്.പി.വി.-യായ കില സ്വീകരിച്ചുവരുന്നു.

1 കോടിരൂപ കിഫ്ബി ഫണ്ട്- 1 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെട്ട ജി.എച്ച്.എസ്. മുടപ്പല്ലൂർ - കിഫ്ബി അംഗീകരിച്ചു. ടെണ്ടർ നടപടി പൂർത്തിയാക്കി വർക്ക് അവാർഡ് ചെയ്തു. നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ജി.എച്ച്.എസ്. കുനിശ്ശേരി-കിഫ്ബി അംഗീകരിച്ചു. ടെണ്ടർ നടപടി പൂർത്തിയാക്കി നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ജി.യു.പി.എസ്. പുതിയങ്കം - കിഫ്ബിയുടെ അംഗീകാരം ലഭിച്ചു. നിർമ്മാണം പുരോഗമിച്ചുവരുന്നു. ജി.എച്ച്.എസ്.എസ്. തേങ്കുറിശ്ശി - കിഫ്ബിയുടെ അംഗീകാരം ലഭിച്ചു. നിർമ്മാണം പുരോഗമിച്ചുവരുന്നു.

## പഠന നിലവാരം ഉറപ്പുവരുത്തുന്നതിന് മോണിറ്ററിംഗ്

142 (3140) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാർത്ഥികൾ തീരെ കുറവായ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠന നിലവാരം ആർജ്ജിച്ചതായി ഉറപ്പുവരുത്തുന്ന അക്കാദമിക മോണിറ്ററിംഗ് നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

വിദ്യാർത്ഥികൾ തീരെ കുറവായ സ്കൂളുകളിലെ അക്കാദമിക നിലവാരം ഉയർത്തി അത്തരം വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. ഇത്തരം പ്രവർത്തന പരിപാടികൾ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിപുലമായ ജനപങ്കാളിത്തത്തോടെ നടത്തിവരികയാണ്. പഠന പിന്നോക്കാവസ്ഥ കണ്ടെത്തുന്നതിനുള്ള വിവിധ പരിപാടികൾ, പരിഹരിക്കാനുള്ള പാക്കേജുകളുടെ നിർമ്മാണം, അദ്ധ്യാപക പരിശീലനം തുടങ്ങിയവയാണ് പ്രധാനമായും ഇടപെടൽ മേഖലകൾ. സംസ്ഥാനത്തെ വിവിധ ജില്ലാ പഞ്ചായത്തുകൾ ഇക്കാര്യത്തിൽ മാതൃകാപരമായ പ്രവർത്തനങ്ങളാണ് കാഴ്ചവച്ചിട്ടുള്ളത്. എന്നിരുന്നാലും പ്രാദേശികമായി നടക്കുന്ന ഇത്തരം പ്രവർത്തനങ്ങൾക്ക് സജീവമായ പിന്തുണ ഉറപ്പാക്കുന്നതിനും അക്കാദമിക മോണിറ്ററിംഗിനുവേണ്ട ദിശാ സൂചകങ്ങൾ നൽകുന്നതിനും സംസ്ഥാന തലത്തിൽ പ്രത്യേക പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട്.

## സ്കൂളുകൾ തുറക്കുന്നതിനുള്ള ക്രമീകരണം

143 (3141) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കാണ് വീണ്ടും സ്കൂളിൽ അദ്ധ്യയനം ആരംഭിക്കുന്നതിനായി സർക്കാർ തീരുമാനിച്ചിട്ടുള്ളത്?

ആദ്യ ഘട്ടത്തിൽ ഒന്ന് മുതൽ ഏഴ് വരെ ക്ലാസ്സുകളും പത്ത് മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളും തുടർന്ന് നവംബർ 15 മുതൽ 8, 9 ക്ലാസ്സുകളും ആരംഭിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) പതിനെട്ട് വയസ്സിന് താഴെയുള്ളവർക്ക് കോവിഡ് വാക്സിനേഷൻ നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ ചെറിയ കുട്ടികൾ ഉൾപ്പെടെയുള്ളവർ സ്കൂളുകളിൽ വന്ന് ക്ലാസ്സുകളിൽ പങ്കെടുക്കുമ്പോൾ കോവിഡ് വ്യാപനം ഉണ്ടാകാതിരിക്കുന്നതിനായി സർക്കാർ എന്തൊക്കെ മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ?

കോവിഡ് മാനദണ്ഡ പ്രകാരമുള്ള സാമൂഹ്യ അകലം സ്കൂളുകളിൽ പാലിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പ് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഒരു ക്ലാസ്സിനെ രണ്ടായി വിഭജിച്ച് ഒരു സമയം പരമാവധി ക്ലാസ്സിലുള്ള കുട്ടികളുടെ പകുതി കുട്ടികൾ ഹാജരാകുന്നവിധത്തിൽ ഒരു ബെഞ്ചിൽ രണ്ട് കുട്ടികളെ വീതമാണ് ക്രമീകരിച്ചിട്ടുള്ളത്. 1000 കുട്ടികൾ കൂടുതലുള്ള സ്കൂളുകളിൽ ആകെ കുട്ടികളുടെ 25% മാത്രം ഒരു സമയത്ത് ക്യാമ്പസ്സിൽ വരുന്ന രീതിയിലും കുട്ടികളുടെ എണ്ണം ക്രമീകരിച്ച് നിയന്ത്രിക്കുന്നതിനായി ഓരോ ക്ലാസ്സിലെയും കുട്ടികളെ ബാച്ചുകളായി തിരിക്കുന്ന രീതിയിലും സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ വിശദീകരിച്ചിട്ടുണ്ട്. ഓരോ ബാച്ചിനും തുടർച്ചയായി 3 ദിവസം (വിദ്യാർത്ഥികൾ അധികമുള്ള സ്കൂളുകളിൽ രണ്ട് ദിവസം) സ്കൂളിൽ വരാനുള്ള അവസരം ഒരുക്കും. അടുത്ത ബാച്ച് അടുത്ത മൂന്ന് ദിവസമായിരിക്കും സ്കൂളിലെത്തേണ്ടത്. ഒരു ബാച്ചിൽ ഉൾപ്പെട്ട വിദ്യാർത്ഥി സ്ഥിരമായി അതേ ബാച്ചിൽത്തന്നെ തുടരേണ്ടതാണ്. ആരോഗ്യ സുരക്ഷാകാര്യങ്ങൾ സംബന്ധിച്ച് സ്കൂൾ തുറക്കുന്നതിനുമുമ്പുതന്നെ അദ്ധ്യാപകർ, ഇതര ജീവനക്കാർ, രക്ഷിതാക്കൾ, കുട്ടികൾ എന്നിവർക്ക് ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ നൽകുന്നതാണ്.

(സി) ദീർഘകാലമായി അടഞ്ഞ് കിടക്കുന്ന സ്കൂൾ കെട്ടിടങ്ങൾക്ക് ഉണ്ടായേക്കാവുന്ന ബലക്ഷയവും ജീവജാലങ്ങൾ കയറി കൂടുന്നതുമൂലം ഉണ്ടായേക്കാവുന്ന അപകടങ്ങളും മുന്നിൽ കണ്ടുകൊണ്ട് കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് ഇതിനോടകം കൈക്കൊണ്ടിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ?

സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂളും പരിസരവും വൃത്തിയാക്കുന്നതിനും അണുനശീകരണം നടത്തുന്നതിനും വിവിധ വകുപ്പുകൾ പി.ടി.എ./എസ്.എം.സി., യുവജന സംഘടനകൾ, അദ്ധ്യാപക സംഘടനകൾ തുടങ്ങിയവരുടെയെല്ലാം സഹകരണത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. ദീർഘകാലമായി സ്കൂൾ അടഞ്ഞുകിടന്നതിനാൽ ഇഴജന്തുക്കൾ കയറി ഇരിക്കാൻ സാധ്യതയുള്ള ഇടങ്ങൾ സൂക്ഷ്മമായി പരിശോധിച്ച് അവയുടെ സാന്നിദ്ധ്യമില്ലെന്ന് ഉറപ്പുവരുത്തി ആവശ്യമുള്ള തുടർനടപടി സ്വീകരിക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് പുറത്തിറക്കിയ മാർഗ്ഗരേഖയിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. വിവിധ വകുപ്പുകളുമായി (ആരോഗ്യം, ഗതാഗതം, തദ്ദേശസ്വയംഭരണം) ചർച്ചകൾ പൂർത്തിയാക്കി സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനായി അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കണമെന്ന് പ്രഥമാദ്ധ്യാപകർക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്.

## കുട്ടികൾക്ക് നീന്തൽ പരിശീലനം

144 (3142) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികൾ വെള്ളത്തിൽ വീണുള്ള ആപത്തുകൾ വർദ്ധിച്ചു വരുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) എല്ലാ കുട്ടികളെയും നീന്തൽ പരിശീലിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സ്കൂളുകളിലും അനുബന്ധമായും നീന്തൽക്കുളങ്ങൾ സ്ഥാപിക്കുവാൻ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

(ബി&സി) എല്ലാ മണ്ഡലത്തിലെയും "ഒരു സർക്കാർ സ്കൂളിൽ ഒരു നീന്തൽകുളം" എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കി വരികയാണ്.

## അദ്ധ്യാപക തസ്തികയിലെ ഒഴിവുകൾ

145(3143) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്കൂളുകൾ തുറക്കുമ്പോൾ, നിലവിലുള്ള അദ്ധ്യാപക തസ്തികയിലെ ഒഴിവുകളിൽ താല്ക്കാലിക അദ്ധ്യാപകരെ നിയമിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

സ്കൂൾ തുറക്കുമ്പോൾ, 30 ദിവസത്തിലധികം ദൈർഘ്യമുള്ള താല്കാലിക ഒഴിവുകളിൽ ദിവസവേതന അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

## സ്കൂളുകളിലെ ഓൺലൈൻ ക്ലാസ്സുകൾ

146 (3144) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ ഓൺലൈൻ ക്ലാസ്സുകൾക്കിടയിൽ നുഴഞ്ഞുകയറി അനാവശ്യ കമന്റുകൾ പോസ്റ്റ് ചെയ്യുന്നവരെക്കുറിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചില റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഇത്തരക്കാർക്കെതിരെ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

ഇതുസംബന്ധിച്ച പരാതികളിൽ ആഭ്യന്തര വകുപ്പാണ് നടപടി സ്വീകരിക്കേണ്ടത്. ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിന് ജി-സ്യൂട്ട് പ്ലാറ്റ്ഫോമിൽ പ്രത്യേക ലോഗിൻ സൗകര്യമൊരുക്കിക്കൊണ്ടാണ് ഘട്ടം ഘട്ടമായി 'കൈറ്റ്' ഓൺലൈൻ ക്ലാസ്സുകൾ നടപ്പിലാക്കുന്നത്. പ്രസ്തുത ജി-സ്യൂട്ട് സംവിധാനത്തിൽ നുഴഞ്ഞ് കയറുന്നതിനുള്ള പഴുതുകൾ ഇപ്പോൾ പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ട്.

## പൊന്നാനി മണ്ഡലത്തിലെ മുക്കുതല, മാറഞ്ചേരി ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് പുതിയ ബ്ലോക്ക് നിർമ്മാണം

147 (3145) <u>ശ്രീ. പി. നന്ദകുമാർ:</u> താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊന്നാനി മണ്ഡലത്തിൽപ്പെട്ട മുക്കുതല, മാറഞ്ചേരി ഹയർ സെക്കണ്ടറി സ്കൂളുകളിൽ സ്ഥലസൗകര്യം ഇല്ലാത്തതിനാൽ പുതിയ ബ്ലോക്ക് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 5 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി മുക്കുതല ഗവ. ഹയർ സെക്കണ്ടറി സ്കൂളിലും 3 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി മാറഞ്ചേരി ഹയർ സെക്കണ്ടറി സ്കൂളിലും കെട്ടിട നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നടത്തുകയും ചെയ്തിട്ടുണ്ട്.

## ആനുകാലിക വിദ്യാഭ്യാസ വിഷയങ്ങളിൽ ഗവേഷണം

148 (3146) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അദ്ധ്യാപകരെ ഗവേഷകരാക്കി മാറ്റുന്നതിനുതകുന്ന കർമ്മപരിപാടികൾക്ക് അക്കാദമികതലത്തിൽ രൂപം കൊടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

ഗവേഷണത്തിൽ തൽപ്പരരായ അദ്ധ്യാപകരെ അതിന് സഹായിക്കുന്ന വിധത്തിൽ "അദ്ധ്യാപകരുടെ വ്യക്തിഗത ഗവേഷണം" എന്ന പേരിൽ ഒരു പ്രോജക്ട് എസ്.സി.ഇ.ആർ.ടി.-യിൽ ആരംഭിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട ഗവേഷണ പ്രവർത്തനങ്ങൾ നടത്തുവാനായി സ്കൂൾ-കോളേജ് അദ്ധ്യാപകർക്ക് ഈ പ്രോജക്ടിലൂടെ അവസരം നൽകുന്നുണ്ട്.

(ബി) ഗവേഷണ തല്പരരായ അദ്ധ്യാപകരിൽനിന്നും ലഭിക്കുന്ന പ്രൊപ്പോസലുകൾ പരിശോധിച്ച് തുടർപ്രവർത്തനങ്ങൾക്കായി സാമ്പത്തിക, അക്കാദമിക സഹായങ്ങൾ നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിശദാംശം അറിയിക്കുമോ?

സ്കൂൾ, കോളേജ് തലത്തിലുള്ള അദ്ധ്യാപകരുടെ ഗവേഷണാഭിരുചി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രൊപ്പോസലുകൾ ക്ഷണിക്കുകയും സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ വിദഗ്ധസമിതി പരിശോധിച്ച് അതിൽനിന്നും തെരഞ്ഞെടുത്തവ അവതരണത്തിന് നിർദ്ദേശം നൽകുകയും ചെയ്യുന്നു. ആയതിൽനിന്നും എസ്.സി.ഇ.ആർ.ടി.-യുടെ റിസർച്ച് കമ്മിറ്റി മികച്ചവ തെരഞ്ഞെടുത്ത് അക്കാദമികവും സാമ്പത്തികവുമായ സഹായം നൽകിവരുന്നുണ്ട്.

(സി) ആനുകാലിക വിദ്യാഭ്യാസ വിഷയങ്ങളിൽ ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പ്രത്യേക സംവിധാനങ്ങൾ നിലവിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. പ്രസ്തുത വിഷയങ്ങളിൽ ഗവേഷണ പ്രൊപ്പോസലുകൾ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കി റിസർച്ച് കമ്മിറ്റിയുടെ അംഗീകാരത്തോടെ നടപ്പിലാക്കിവരുന്നു. കൂടാതെ, ഇതര വിദ്യാഭ്യാസ ഏജൻസികളുമായി ചേർന്ന് ഗവേഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. തിരുവനന്തപുരം സർക്കാർ വനിതാ കോളേജുമായി ചേർന്ന് "കോവിഡ് കാലത്തെ കുട്ടികളുടെ മനോ-സാമൂഹിക അവസ്ഥ" എന്ന വിഷയത്തിൽ എസ്.സി. ഇ.ആർ.ടി. ഒരു ഗവേഷണ പഠനം നടത്തുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്,

## പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം

149 (3147) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ എത്രയെന്നും ഇതിൽ സർക്കാർ, എയ്ഡഡ്, മറ്റിതര സ്കൂളുകളിൽ എത്ര ശതമാനം വീതം വിദ്യാർത്ഥികൾ ഉണ്ട് എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിൽ 2021-22 അദ്ധ്യയന വർഷത്തെ നിലവിലെ കണക്കുകൾപ്രകാരം ആകെ 3866255 വിദ്യാർത്ഥികൾ പഠിക്കുന്നു. ഇതിൽ 33% കുട്ടികൾ (1266839 കുട്ടികൾ) സർക്കാർ സ്കൂളുകളിലും 58% കുട്ടികൾ (22,43,328 കുട്ടികൾ) സർക്കാർ എയ്ഡഡ് സ്കൂളുകളിലും 9% കുട്ടികൾ (356088 കുട്ടികൾ) സർക്കാർ അംഗീകൃത അൺ-എയ്ഡഡ് സ്കൂളുകളിലും പഠിക്കുന്നു.

(ബി) പൊതുവിദ്യാഭ്യാസമേഖല പശ്ചാത്തല വികസനം ഒപ്പം പഠന സൗകര്യങ്ങൾ വർദ്ധിപ്പിക്കലുൾപ്പെടെ ഈ സർക്കാർ നടപ്പാക്കി വരുന്നതും നടപ്പാക്കാനുദ്ദേശിക്കുന്നതുമായ പ്രധാന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ പൊതുവിദ്യാലയങ്ങളുടെ പശ്ചാത്തല സൗകര്യവികസനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. 141 സ്കൂളുകൾക്ക് 5 കോടി രൂപ വീതവും 386 സ്കൂളുകൾക്ക് 3 കോടി രൂപ വീതവും 446 സ്കൂളുകൾക്ക് 1 കോടി രൂപ വീതവും എയ്ഡഡ് വിദ്യാലയങ്ങൾക്ക് ചാലഞ്ച് ഫണ്ടും 59 വിദ്യാലയങ്ങൾക്ക് നബാർഡ് സ്കീമിൽ 104 കോടിയും പ്ലാൻ ഫണ്ടിലൂടെ 1100-ഓളം വിദ്യാലയങ്ങളിൽ ഭൗതിക സൗകര്യ വികസനത്തിനുമാണ് നടപടി സ്വീകരിച്ചത്. കൂടാതെ എസ്.എസ്.കെ., തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ട്, ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, പൂർവ്വവിദ്യാർത്ഥി ഫണ്ട് തുടങ്ങിയവ ഭൗതിക സൗകര്യവികസനത്തിനായി പ്രയോജനപ്പെടുത്തി. 5 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട 120 സ്കൂൾ കെട്ടിടങ്ങളും 3 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട 96 സ്കൂൾ കെട്ടിടങ്ങളും നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തു. ശേഷിക്കുന്ന സ്കൂളുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. പശ്ചാത്തല സൗകര്യ വികസനം ഇനിയും ആവശ്യമായ സ്കൂളുകളുടെ പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് വിവിധ ഫണ്ടുകളുടെ സാധ്യത പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ആധുനിക സാങ്കേതികവിദ്യയുടെ പിന്തുണ ഉറപ്പാക്കാൻ എല്ലാ സെക്കണ്ടറി, ഹയർ സെക്കണ്ടറി

ക്ലാസ് മുറികളും സാങ്കേതികവിദ്യാ സൗഹൃദമാക്കി. മുഴുവൻ പ്രൈമറി വിദ്യാലയങ്ങളിലും കമ്പ്യൂട്ടർ ലാബ് സ്ഥാപിച്ചു. 4752 സ്കൂളുകളിൽ ഐ.ടി. അടിസ്ഥാന സൗകര്യം, 14000 സ്കൂളുകളിൽ ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് 1 മുതൽ 12 വരെയുള്ള ക്ലാസ്സുകൾക്കായി 119054 ലാപ്ടോപ്പ്, 69943 പ്രൊജക്ടർ, 4578 ഡി.എസ്.എൽ.ആർ. ക്യാമറ, 4545 ടി.വി, 4611 മൾട്ടി ഫംഗ്ഷൻ പ്രിന്റർ, 23098 സ്ക്രീൻ, 4720 വെബ്ക്യാം, 100472 യു.എസ്.ബി. സ്പീക്കർ 43250 മൗണ്ടിങ് കിറ്റ് തുടങ്ങിയ ഐ.ടി. ഉപകരണങ്ങൾ വിന്യസിച്ചു. സാങ്കേതിക വിദ്യ ഫലപ്രദമായി ക്ലാസ് മുറികളിൽ പ്രയോജനപ്പെടുത്താൻ സമഗ്ര പോർട്ടൽ തയ്യാറാക്കി. കുട്ടികളെ കർമ്മോത്സുകരാക്കാനും പഠന പാതയിൽ നിലനിർത്താനും ജൂൺ 1-നുതന്നെ ഫസ്റ്റ് ബെൽ ഡിജിറ്റൽ ക്ലാസ്സുകൾ വിക്ടേഴ്സ് ചാനലിലൂടെ ആരംഭിച്ചു. ഡിജിറ്റൽ സൗകര്യമില്ലാത്ത കുട്ടികൾക്ക് ഡിജിറ്റൽ ഉപകരണങ്ങൾ സാമൂഹികമായി സ്വരൂപിച്ച് മുഴുവൻ കുട്ടികൾക്കും ഡിജിറ്റൽ ക്ലാസ്സുകൾ വീക്ഷിക്കാനുള്ള സൗകര്യമൊരുക്കി. ഭിന്നശേഷിയുള്ള കുട്ടികൾക്ക് യൂട്യൂബിലൂടെ വൈറ്റ് ബോർഡ് ക്ലാസ്സുകൾ ഒരുക്കി. കന്നട, തമിഴ് മാധ്യമം കുട്ടികൾക്കും ക്ലാസ്സുകൾ ഒരുക്കി. വൊക്കേഷണൽ വിഷയങ്ങൾക്കും ഡിജിറ്റൽ ക്ലാസ്സുകൾ ഉറപ്പാക്കി. കുട്ടികൾക്ക് അവരുടെ അദ്ധ്യാപകർതന്നെ നേരിട്ട് ഓൺലൈൻ ക്ലാസ്സെടുക്കുന്നതിനായി ജി-സ്യൂട്ട് പ്ലാറ്റ്ഫോം തയ്യാറാക്കിയിട്ടുണ്ട്. ട്രയൽ റൺ വിജയകരമായി പൂർത്തിയാക്കി. 426 സ്കൂളുകളിൽ പൈലറ്റ് വിന്യാസം നടന്നുവരുന്നു. കൈറ്റ് തയ്യാറാക്കിയ പരിശീലന മൊഡ്യൂൾ ഉപയോഗിച്ച് ഈ സ്കൂളുകളിലെ മുഴുവൻ അദ്ധ്യാപകർക്കും ജി-സ്യൂട്ടിന്റെ പരിശീലനം നൽകി. ഗുണമേന്മാ വിദ്യാഭ്യാസം കുട്ടിയുടെ അവകാശം എന്ന കാഴ്ചപ്പാടിനനുസൃതമായി ഏറ്റവും മികച്ച അക്കാദമിക അന്തരീക്ഷവും അക്കാദമിക പ്രവർത്തനങ്ങളുമാണ് നടപ്പിലാക്കിയത്. കേരളത്തിലെ മുഴുവൻ വിദ്യാലയങ്ങളിലും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി, അതനുസരിച്ച് പ്രവർത്തന പദ്ധതി രൂപകൽപ്പന ചെയ്തു. പഠന പിന്തുണ ആവശ്യമുള്ളവർക്കും പഠനത്തിൽ മികവ് പുലർത്തുന്നവരെ മികവിലേയ്ക്കെത്തിക്കുന്നതിനും വൈവിദ്ധ്യമാർന്ന അക്കാദമിക പദ്ധതികൾ ആവിഷ്കരിച്ചു. ഭാഷാ വികസത്തിനായി പഠനപിന്തുണ ആവശ്യമുള്ള കുട്ടികൾക്കായി മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി തുടങ്ങിയ പ്രവർത്തനങ്ങൾ, ഗണിതശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, ശാസ്ത്രം, കലാകായികം തുടങ്ങിയ എല്ലാ മേഖലകളിലും സർവ്വതലസ്പർശിയായ പ്രവർത്തനങ്ങൾ നടത്തി. കുട്ടികളെ അക്കാദമികമായി സഹായിക്കാനും അവർക്കുണ്ടാകുന്ന വ്യക്തിപരമായ പ്രശ്നങ്ങളടക്കം മനസ്സിലാക്കി പരിഹരിക്കാനും സഹായകമായ 'മെന്ററിംഗ് പദ്ധതി' ആവിഷ്കരിക്കുകയും അതിനായി 'സഹിതം' ഡിജിറ്റൽ പോർട്ടൽ വികസിപ്പി ക്കുകയും ചെയ്തു.

(സി) എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പഠന സൗകര്യങ്ങൾ കാര്യക്ഷമമാക്കാനും അവയുടെ പ്രവർത്തനങ്ങൾ പരിശോധിച്ച് ആയതു മെച്ചപ്പെടുത്തുവാനും മേഖലയിലെ അദ്ധ്യാപക-മാനേജ്മെന്റ് പ്രശ്നങ്ങൾ പരിശോധിച്ച് അവ സമയ ബന്ധിതമായി പരിഹരിക്കാനും ഈ സർക്കാർ നടപ്പാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

എയ്ഡഡ് സ്കൂളുകളുടെ പശ്ചാത്തലസൗകര്യ വികസനത്തിനായി ചലഞ്ച് ഫണ്ട് ആവിഷ്കരിച്ചു. സർക്കാർ സ്കൂളുകളിലേതുപോലെ സാങ്കേതികവിദ്യാ സൗഹൃദ പഠനാന്തരീക്ഷവും അക്കാദമിക പ്രവർത്തനങ്ങളും എയ്ഡഡ് സ്കൂളുകളിലും നടപ്പിലാക്കിയിട്ടുണ്ട്.

## എറണാകുളം ജില്ലയിലെ വിദ്യാലയങ്ങളും പ്ലസ് വൺ സീറ്റുകളും

150 (3148) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ എത്ര വിദ്യാർത്ഥികളാണ് പ്ലസ് വൺ സീറ്റിനായി അപേക്ഷിച്ചതെന്ന് അറിയിക്കാമോ?

എറണാകുളം ജില്ലയിൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ 41373 പേരും വൊക്കേഷണൽ ഹയർ സെക്കണ്ടറിയിലേയ്ക്ക് 3609 പേരുമാണ് അപേക്ഷിച്ചിട്ടുള്ളത്.

(ബി) ജില്ലയിലെ സർക്കാർ വിദ്യാലയങ്ങളിൽ എത്ര പ്ലസ് വൺ സീറ്റുണ്ടെന്ന് വ്യക്തമാക്കാമോ?

എറണാകുളം ജില്ലയിൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ 9700 സീറ്റുകളും വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ 1620 സീറ്റുകളുമാണുള്ളത്.

(സി) പ്രസ്തുത ജില്ലയിൽ എയ്ഡഡ് വിദ്യാലയങ്ങളിൽ എത്ര പ്ലസ് വൺ സീറ്റുണ്ടെന്നും ഇതിൽ മെരിറ്റ്, മാനേജ്മെന്റ് സീറ്റുകൾ എത്രയാണെന്നും വിശദമാക്കാമോ?

എറണാകുളം ജില്ലയിൽ എയ്ഡഡ് വിദ്യാലയങ്ങളിൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ 17050 സീറ്റുകളും വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ 1170 സീറ്റുകളുമുണ്ട്. മെരിറ്റ് സീറ്റുകൾ ഹയർ സെക്കണ്ടറിയിൽ 13690-ഉം വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ 936-ഉം ഉണ്ട്. മാനേജ്മെന്റ് സീറ്റുകൾ ഹയർ സെക്കണ്ടറിയിൽ 3360-ഉം വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ 234-ഉം ഉണ്ട്.

(ഡി) എറണാകുളം ജില്ലയിൽ അൺ എയ്ഡഡ് വിദ്യാലയങ്ങളിൽ എത്ര പ്ലസ് വൺ സീറ്റുണ്ടെന്ന് വ്യക്തമാക്കാമോ?

എറണാകുളം ജില്ലയിൽ അൺ-എയ്ഡഡ് വിദ്യാലങ്ങളിൽ 5789 സീറ്റുകളുണ്ട്.

## പൊതുവിദ്യാഭ്യാസ വകുപ്പിലെ ജീവനക്കാരുടെ സ്ഥലം മാറ്റം

151 (3149) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിലെ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിലെ സീനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട് ജീവനക്കാരുടെ സ്ഥലംമാറ്റം കഴിഞ്ഞ വർഷത്തെ ഓൺലൈൻ സ്ഥലംമാറ്റ അപേക്ഷകൾ പരിഗണിച്ച് 8-10-2021, 11-10-2021 എന്നീ തീയതികളിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഓൺലൈൻ സ്ഥലംമാറ്റത്തിനുള്ള അപേക്ഷ വിളിച്ചുകൊണ്ടുള്ള പരിപത്രം 30-10-2021-ന് മുമ്പായി ഇറക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഏപ്രിൽ 30-ന് മുമ്പ് പൂർത്തീകരിക്കേണ്ട പൊതുസ്ഥലംമാറ്റം നാളിതുവരെ പൂർത്തിയാകാത്തതിന്റെ കാരണം വിശദമാക്കാമോ?

കഴിഞ്ഞ വർഷത്തെ ഓൺലൈൻ മുഖേനയുള്ള സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചത് ഡിസംബർ 20-നാണ്. ഒരു ഓൺലൈൻ ട്രാൻസ്ഫർ കഴിഞ്ഞ് മറ്റൊരു ഓൺലൈൻ സ്ഥലംമാറ്റത്തിനുവേണ്ടിയുള്ള ഇടവേളയിൽ കോവിഡ്-19 നിമിത്തമാണ് ഓൺലൈൻ സ്ഥലംമാറ്റം വൈകിയത്.

(സി) 2017 മുതൽ ജീവനക്കാരുടെ സ്ഥലംമാറ്റം ഓൺലൈൻ മുഖേന നടപ്പിലാക്കണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും പൊതു വിദ്യാഭ്യാസ വകുപ്പിലെ ജീവനക്കാരുടെ കാര്യത്തിൽ ഇത് കൃത്യമായി നടക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

2020-ൽ സർക്കാർ ഉത്തരവുപ്രകാരം ഓൺലൈൻ സ്ഥലംമാറ്റം പൊതു വിദ്യാഭ്യാസ വകുപ്പ് നടപ്പാക്കി. 2021-ലെ ഓൺലൈൻ സ്ഥലംമാറ്റത്തിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവരുന്നു.

(ഡി) പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് മേൽപ്പറഞ്ഞ വിഷയത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പിലെ ജൂനിയർ സൂപ്രണ്ട്, സീനിയർ സൂപ്രണ്ട്, ക്ലാർക്ക്, ടൈപ്പിസ്റ്റ് ജീവനക്കാരുടെ 2021-ലെ ഓൺലൈൻ സ്ഥലംമാറ്റത്തിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവരുന്നു.

## ഒരു സ്കൂളിൽ ഒരു നീന്തൽ കുളം പദ്ധതി

152 (3150) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീന്തൽ പരിശീലനത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കാൻ ഉദ്ദേശിച്ച ഒരു മണ്ഡലത്തിലെ ഒരു സ്കൂളിൽ ഒരു നീന്തൽ കുളം എന്ന പദ്ധതി തുടരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതി തുടരുന്നുണ്ടെങ്കിൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ;

(സി) കോഴിക്കോട് ജില്ലയിൽ പ്രസ്തുത പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ള സ്കൂളുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

(എ-സി) എല്ലാ മണ്ഡലത്തിലെയും ഒരു സർക്കാർ സ്കൂളിൽ ഒരു നീന്തൽ കുളം എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു.

## പ്രീ പ്രൈമറി വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ

153 (3151) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീ-പ്രൈമറി വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാൻ പ്രത്യേക സമിതിയെ നിയോഗിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. 26-8-2021-ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ180/2021/പൊ. വി.വ. പ്രകാരം പ്രീ-പ്രൈമറി വിഭാഗത്തിന് പൊതുനയം രൂപീകരിക്കുന്നതിനായി പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ നേതൃത്വത്തിൽ 12 അംഗ കമ്മിറ്റി രൂപീകരിച്ച് പ്രീ-പ്രൈമറി നയരൂപീകരണം നടത്തുന്നതിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

(ബി) എന്നത്തേയ്ക്ക് റിപ്പോർട്ട് നൽകാനാണ് പ്രസ്തുത സമിതിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ?

ഒരു മാസത്തിനകം സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുവാനാണ് സമിതിക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്.

## മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള കുട്ടികളുടെ പ്ലസ് വൺ പ്രവേശനം

154 (3152) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. പി. പി. സുമോദ്:
ശ്രീ. എം. മുകേഷ്:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് സംസ്ഥാനങ്ങളിൽനിന്നും ഗ്രേഡോ മാർക്കോ ഇല്ലാതെ എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായ കുട്ടികൾക്ക് സംസ്ഥാനത്ത് പ്ലസ് വൺ-ന് ചേരാൻ കഴിയാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) മലയാളികൾ അടക്കമുള്ള ഇത്തരം കുട്ടികളുടെ തുടർ വിദ്യാഭ്യാസത്തിന് സർക്കാർ നടപടി സ്വീകരിക്കുമോ; അറിയിക്കുമോ?

നിലവിൽ പ്രസ്തുത വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റിൽ ഗ്രേഡോ മാർക്കോ ഇല്ലാത്തതിനാൽ ഹയർ സെക്കണ്ടറി പ്രവേശനത്തിന് അപേക്ഷിക്കുവാൻ സാധിക്കുകയില്ല. അവർക്ക് കേരളത്തിൽ ഓപ്പൺ സ്കൂളിൽ ഉന്നത പഠനത്തിന് അപേക്ഷിക്കാവുന്നതാണ്.

(സി) ഇത്തരം വിദ്യാർത്ഥികളുടെ പ്രശ്നം അവർ പഠിച്ച വിദ്യാഭ്യാസ ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ?

ബോർഡുതല പരീക്ഷ നടക്കാത്ത സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. തുടങ്ങിയ ബോർഡുകൾ പ്രത്യേക മാനദണ്ഡമുണ്ടാക്കി വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റിൽ മാർക്ക് ഉൾപ്പെടുത്തിയാണ് നൽകിയത്. അതിനാൽ പ്രസ്തുത വിദ്യാർത്ഥികൾക്ക് അവരുടെ സർട്ടിഫിക്കറ്റുകളിൽ മാർക്കോ, ഗ്രേഡോ ഉൾപ്പെടുത്തുവാൻ പ്രസ്തുത ബോർഡുകളെ സമീപിക്കാവുന്നതാണ്.

## സ്കൂളുകളിൽ കുട്ടികൾക്ക് ഹോമിയോ പ്രതിരോധ മരുന്ന്

155 (3153) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകൾ തുറക്കുമ്പോൾ കുട്ടികൾക്ക് ഹോമിയോ പ്രതിരോധ മരുന്ന് നൽകുന്നതിന് തീരുമാനിക്കുകയുണ്ടായോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് 2021 നവംബർ മുതൽ തുറന്നു പ്രവർത്തിക്കുന്നതിന്റെ ഭാഗമായി സ്കൂൾ കുട്ടികൾക്ക് ഹോമിയോപ്പതി വകുപ്പിന്റെ നേതൃത്വത്തിലുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി കരുതലോടെ മുന്നോട്ട് എന്ന കർമ്മ പദ്ധതിക്ക് 11-10-2021-ലെ സ.ഉ.(സാധാ) നമ്പർ 372/2021/ആയുഷ് പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ഇതുപ്രകാരം രക്ഷിതാക്കളുടെ സമ്മതത്തോടെ സ്കൂൾ കുട്ടികൾക്ക് ഇമ്മ്യൂൺ ബൂസ്റ്റർ വിതരണം ചെയ്യുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ബി) ഏതൊക്കെ മരുന്നുകളാണ് ഇപ്രകാരം സ്കൂളുകളിൽ കുട്ടികൾക്ക് നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

ഹോമിയോ ഇമ്മ്യൂൺ ബൂസ്റ്ററായി Ars Alb 30 ആണ് നൽകിവരുന്നത്.

(സി) ഈ മരുന്നുകളുടെ ഫലപ്രാപ്തി സംബന്ധിച്ച് ആധികാരിക പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കേന്ദ്ര ആയുഷ് മന്ത്രാലയം നിർദ്ദേശിച്ച മരുന്നാണ് നൽകുന്നത്. ഈ മരുന്നിന്റെ ഫലപ്രാപ്തി സംബന്ധിച്ച് സംസ്ഥാനതലത്തിൽ ആധികാരികമായി പഠനം നടത്തിയിട്ടില്ല.

(ഡി) കുട്ടികൾക്ക് ഹോമിയോ മരുന്ന് നല്കുന്നതിനുള്ള തീരുമാനത്തിൽ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ എതിർപ്പ് രേഖപ്പെടുത്തുകയുണ്ടായോ; എങ്കിൽ ആയതിന് ഐ.എം.എ. ചൂണ്ടിക്കാണിച്ചിട്ടുള്ള കാരണങ്ങൾ വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കടുത്തുരുത്തി കേന്ദ്രീയ വിദ്യാലയത്തിന് സ്ഥിരം കെട്ടിടം**

156 (3154) <u>ശ്രീമതി സി. കെ. ആശ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി കേന്ദ്രീയ വിദ്യാലയത്തിന് സ്ഥിരം കെട്ടിടം നിർമ്മിക്കു ന്നതിനായി സർക്കാർ അനുവദിച്ച സ്ഥലം പരിസ്ഥിതി സംരക്ഷണ നിയമപ്രകാരം ഉപയോഗിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത വിദ്യാലയം ഇപ്പോൾ താൽക്കാലികമായി പ്രവർത്തിക്കുന്ന എച്ച്.എൻ.എൽ.-ന്റെ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനായി ഭൂമി അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) സ്ഥിരം കെട്ടിടമില്ലെന്ന കാരണത്താൽ നടപ്പ് അദ്ധ്യയന വർഷം പതിനൊന്നാം ക്ലാസ്സ് അനുവദിക്കാത്ത സാഹചര്യത്തിലും അടുത്ത അദ്ധ്യയന വർഷം മുതൽ ഒന്നാം ക്ലാസ്സിലേയ്ക്കുള്ള പ്രവേശനം നിർത്തിവയ്ക്കുമെന്ന് കേന്ദ്രീയ വിദ്യാലയ അധികൃതർ അറിയിച്ച സാഹചര്യത്തിലും സർക്കാർ ഇടപെട്ട് പതിനൊന്നാം ക്ലാസ്സ് അനുവദിക്കുന്നതിനും ഒന്നാം ക്ലാസ്സിൽ പ്രവേശനം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കൽ

157 (3155) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിൽ ഉൾപ്പെടുത്തി അമ്പലപ്പുഴ മണ്ഡലത്തിൽ കെട്ടിടനിർമ്മാണം പൂർത്തിയാക്കിയതും പൂർത്തിയാക്കാത്തതുമായ സ്കൂളുകൾ ഏതൊക്കെയെന്ന് അറിയിക്കാമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ 5 കോടി രൂപ, 3 കോടി രൂപ, ഒരു കോടി രൂപ എന്നിങ്ങനെ ധനസഹായം അനുവദിച്ചുകൊണ്ട് പൊതുവിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യ വികസനത്തിനായി പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ആയതിൽ അമ്പലപ്പുഴ മണ്ഡലത്തിൽ 5 കോടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ അമ്പലപ്പുഴ ജി.എച്ച്.എസ്. എസ്.-ന്റെ നിർമ്മാണം 96% പൂർത്തിയാക്കിയിട്ടുണ്ട്. ജി.എച്ച്.എസ്. നാലുച്ചിറ, എസ്.ഡി.വി. ജി.യു.പി.എസ് നീർക്കുന്നം, ജി.എച്ച്.എസ്. കക്കാഴം, കെ.കെ.പി. എം.ജി.എച്ച്.എസ്.എസ്. അമ്പലപ്പുഴ, ഗവ. മോൻസ്. ജി.എച്ച്.എസ്.എസ്. ആലപ്പുഴ എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

(ബി) ഇൻകെൽ, കില എന്നീ ഏജൻസികൾക്ക് നിർമ്മാണച്ചുമതല നൽകിയ സ്കൂളുകൾ ഏതൊക്കെയാണ്;

(സി) സ്കൂൾ കെട്ടിടനിർമ്മാണം മുടങ്ങാനുണ്ടായ കാരണങ്ങളും അവയ്ക്കുള്ള പരിഹാര നടപടികളും വിശദമാക്കാമോ?

(ബി&സി) മൂന്ന് കോടി രൂപ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ നാലുച്ചിറ ജി.എച്ച്.എസ്.-ന്റെ എസ്.പി.വി.-യായി ഇൻകെലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ. കിഫ്ബി അംഗീകരിച്ച് ടെണ്ടർ നടപടി സ്വീകരിച്ചിരുന്നു. എന്നാൽ നിർമ്മാണം ആരംഭിക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ റീടെണ്ടർ

നടപടികൾ സ്വീകരിച്ചുവരുന്നു. മൂന്ന് കോടി രൂപ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ നീർക്കുന്നം എസ്.ഡി.വി.ജി.യു.പി.എസ്. സ്കൂളിന്റെ നിർമ്മാണത്തിനുള്ള എസ്.പി.വി.-യായി കിലയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. നിലവിൽ എൽ.എസ്.ജി.ഡി./പി.ഡബ്ല്യൂ.ഡി ഫണ്ടുപയോഗിച്ചുള്ള നിർമ്മാണം നിർദ്ദിഷ്ട സ്ഥലത്ത് നടന്നുവരുന്നതിനാൽ നിർമ്മാണം താൽക്കാലികമായി മാറ്റിവച്ചിരിക്കുന്നു. മൂന്നു കോടി രൂപ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ ജി.എച്ച്.എസ്. കക്കാഴം സ്കൂളിന്റെ നിർമ്മാണത്തിനുള്ള എസ്.പി.വി.-യായി ഇൻകലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണം പുരോഗമിച്ചുവരുന്നു. ഒരു കോടി രൂപ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള എസ്.പി.വി.-യായി കിലയെയാണ് സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നത്. ആയതിലെ അമ്പലപ്പുഴ മണ്ഡലത്തിലെ കെ.കെ.പി.എം.ജി.എച്ച്.എസ്.എസ്. അമ്പലപ്പുഴ സ്കൂളിന്റെ ടെണ്ടർ നടപടി സ്വീകരിച്ച്. നിർമ്മാണത്തിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ഗവ.മോൻസ്. ജി.എച്ച്.എസ്.എസ്. ആലപ്പുഴ സ്കൂളിന് സ്ഥലം ലഭ്യമായിട്ടില്ല. സ്ഥലം കണ്ടെത്തുന്നതിനുള്ള ശ്രമം നടന്നുവരുന്നു. നിർമ്മാണപ്രവർത്തനങ്ങളുടെ കാലതാമസം പരിഹരിക്കുന്നതിന് എല്ലാ എസ്.പി.വി.-കളുടെ പ്രതിനിധികളുടേയും കിഫ്ബിയുടെ പ്രതിനിധിയേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള യോഗം ചേർന്ന് നിർമ്മാണത്തിന്റെ തടസ്സങ്ങൾ ചർച്ചചെയ്ത് ആവശ്യമായ പരിഹാരം കാണുന്നതിന് തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**കുട്ടികളുടെ ഉപരിപഠനത്തിന് അഡ്മിഷൻ ലഭിക്കുന്നതിനുള്ള നടപടി**

158 (3156) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ എത്ര കുട്ടികൾ ഇതുവരെ ഉപരിപഠന യോഗ്യത നേടിയെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

സംസ്ഥാനത്ത് ഈ വർഷം എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ കുട്ടികളിൽ ഉപരിപഠന യോഗ്യത നേടിയവരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

(ബി) നിലവിൽ ഈ ജില്ലകളിലെ എത്ര കുട്ടികൾക്ക് പ്ലസ് വൺ കോഴ്സിന് സയൻസ്, കോമേഴ്സ്, ഹ്യുമാനിറ്റീസ് വിഭാഗങ്ങളിൽ സർക്കാർ, എയ്ഡഡ് മേഖലയിൽ സീറ്റുകൾ ലഭ്യമാണെന്ന് ജില്ല തിരിച്ച്, കോഴ്സ് തിരിച്ച് വിശദമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജില്ലകളിൽ ലഭ്യമായ പ്ലസ് വൺ സീറ്റ് വിവരം അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

(സി) കുട്ടികൾക്ക് അവർ ഇഷ്ടപ്പെട്ട കോഴ്സിന് അതത് ജില്ലകളിൽ അഡ്മിഷൻ നല്കുന്നതിന് ആവശ്യമായ സീറ്റുകൾ അനുവദിക്കുമോ?

മുഖ്യഘട്ട അലോട്ട്മെന്റ് പൂർത്തീകരിക്കുന്ന 2021 ഒക്ടോബർ 23-ന് ശേഷം സപ്ലിമെന്ററി അലോട്ട്മെന്റുകൾ ആരംഭിക്കുന്നതിനുമുൻപായി സംസ്ഥാനത്തെ എല്ലാ ജില്ലകളുടെയും സ്ഥിതി വിശദമായി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## ശമ്പളം ലഭിക്കാത്ത എയ്ഡഡ് സ്കൂൾ അദ്ധ്യാപകർ

159 (3157) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമന നിരോധന കാലത്ത് എയ്ഡഡ് സ്കൂളുകളിൽ മാനേജർ നിയമിക്കുകയും സർക്കാർ ഉത്തരവ് പ്രകാരം പിന്നീട് നിയമനം അംഗീകരിക്കുകയും ചെയ്തതും എന്നാൽ ശമ്പളം ഇതുവരെ ലഭിക്കാത്തവരുമായ അദ്ധ്യാപകരുണ്ടോ?

ഇങ്ങനെയുള്ള അദ്ധ്യാപകർ ഇനിയും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശമ്പളം ലഭിക്കാത്ത അദ്ധ്യാപകരെ ഉൾപ്പെടുത്തി ഡി.പി.ഐ. പുറത്തിറക്കിയ ലിസ്റ്റിൽ നിലവിൽ ഉൾപ്പെടാത്ത അർഹതപ്പെട്ട അദ്ധ്യാപകരെ ഉൾപ്പെടുത്തി ശമ്പളം നൽകുവാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

1-10-2011-ലെ സ.ഉ. (പി)നമ്പർ 199/ 2011/പൊ.വി.വ. (അദ്ധ്യാപക പാക്കേജ് ഉത്തരവ്) പ്രകാരമാണ് റിട്രെഞ്ച്ഡ് അദ്ധ്യാപകരുടെ ലിസ്റ്റ് തയ്യാറാക്കിയത്. അദ്ധ്യാപക സംരക്ഷണമില്ലാത്ത സമയത്ത് (1997 മുതൽ 2011 വരെ) തസ്തിക നഷ്ടപ്പെട്ട് പുറത്തായ അദ്ധ്യാപകരെ അദ്ധ്യാപക പാക്കേജിലെ റിട്രെഞ്ച്ഡ് ലിസ്റ്റിൽ ഉൾപ്പെടുത്തി ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി സംരക്ഷണം അനുവദിച്ചു. ഇതിനുശേഷവും സർക്കാർ നിർദേശപ്രകാരം റിട്രെഞ്ചഡ് ലിസ്റ്റിൽ ഉൾപ്പെടാൻ അർഹരായവരെ അതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ റിട്ട് ഹർജി (സി)നമ്പർ 30107/2013(കെ) യിന്മേൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച 15-1-2015 വിധിന്യായ പ്രകാരം അദ്ധ്യാപക പാക്കേജ് ഉത്തരവ് റദ്ദ് ചെയ്തിട്ടുണ്ട്. കോടതി റദ്ദുചെയ്ത പാക്കേജിൽ വീണ്ടും അദ്ധ്യാപകരെ ഉൾപ്പെടുത്തുന്നത് കോടതിയലക്ഷ്യം ആകുന്നതിന് വഴിയൊരുക്കിയേക്കാം. മാത്രമല്ല, പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ അദ്ധ്യാപക പാക്കേജും അനുബന്ധ ഉത്തരവുകളും സർക്കാർ പിൻവലിക്കുകയും ചെയ്തിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**സ്കൂളുകളിലെ ഉച്ചഭക്ഷണവും യൂണിഫോമും**

160 (3158) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സ്കൂളുകൾ നവംബർ മാസം തുറക്കാൻ തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ സ്കൂൾ കുട്ടികളുടെ ഉച്ചഭക്ഷണം, യൂണിഫോം മുതലായ കാര്യങ്ങളിൽ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

സ്കൂളുകളുടെ സാഹചര്യം കണക്കിലെടുത്ത് കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് സ്കൂൾ കുട്ടികൾക്ക് സ്കൂളുകൾ തുറക്കുമ്പോൾ ഉച്ചഭക്ഷണം നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. 2021 ജൂൺ മാസത്തിൽത്തന്നെ സ്കൂൾ കുട്ടികൾക്ക് കൈത്തറി യൂണിഫോം വിതരണം നടത്തിയിട്ടുണ്ട്. യൂണിഫോം നൽകാത്ത സ്കൂളുകളിൽ സ്കൂൾ തുറക്കുന്ന മുറയ്ക്ക് യൂണിഫോം അലവൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**വിദ്യാർത്ഥികൾക്ക് സുരക്ഷിതമായ പഠന സൗകര്യം ഉറപ്പുവരുത്തൽ**

161 (3159) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് സാന്നിദ്ധ്യം തുടരുന്ന പശ്ചാത്തലത്തിൽ വിദ്യാർത്ഥികൾക്ക് സുരക്ഷിതമായ പഠന സൗകര്യം ഉറപ്പുവരുത്തുന്നതിന് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ബന്ധപ്പെട്ട എല്ലാ വകുപ്പുമായും കൂടിയോലോചിച്ചാണ് കുട്ടികളുടെ സുരക്ഷയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുള്ളത്. അതിന്റെ ഭാഗമായി ആരോഗ്യ സുരക്ഷാകാര്യങ്ങൾ സംബന്ധിച്ച് സ്കൂൾ തുറക്കുന്നതിനുമുമ്പുതന്നെ അദ്ധ്യാപകർ, ഇതര ജീവനക്കാർ, രക്ഷിതാക്കൾ, കുട്ടികൾ എന്നിവർക്ക് ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ആവശ്യമായ ബോധവത്കരണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. രക്ഷകർത്താക്കളുടെ സമ്മതത്തോടെ താല്പര്യമുള്ള കുട്ടികൾക്ക് മാത്രമാണ് സ്കൂളിൽ വരാൻ നിർദ്ദേശം നൽകിയിട്ടുള്ളത്. ബാക്കിയുള്ള കുട്ടികൾക്ക് നിലവിലെ ഡിജിറ്റൽ/ഓൺലൈൻ ക്ലാസ്സുകൾ പ്രയോജനപ്പെടുത്താവുന്നതാണ്. കുട്ടികളുടെ ആരോഗ്യ സുരക്ഷ സംബന്ധിച്ച് മാർഗ്ഗരേഖയിൽ വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മാർഗ്ഗനിർദേശത്തിൽ പരാമർശിക്കുന്ന കാര്യങ്ങൾ

പാലിക്കപ്പെടുന്നുണ്ടെന്ന് പരിശോധിക്കാൻ എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽനിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥികളുടെ യാത്രാ സംവിധാനവുമായി ബന്ധപ്പെട്ട് ഗതാഗത വകുപ്പ് പ്രത്യേക മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഈ പശ്ചാത്തലത്തിൽ വിദ്യാർത്ഥികൾക്ക് സുരക്ഷിതമായ പഠന സൗകര്യം ഉറപ്പുവരുത്തുന്നതിന് അദ്ധ്യാപകർ, അനദ്ധ്യാപകർ തുടങ്ങിയവരുടെ വാക്സിനേഷൻ സമയബന്ധിതമായി നടപ്പാക്കാൻ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

സ്കൂൾ തുറക്കുന്ന പശ്ചാത്തലത്തിൽ അദ്ധ്യാപകർ, അനദ്ധ്യാപകർ തുടങ്ങിയ ജീവനക്കാർക്ക് വാക്സിനേഷൻ നൽകുന്നതിന്റെ ഭാഗമായി പല കാരണങ്ങളാൽ വാക്സിനേഷൻ സ്വീകരിച്ചിട്ടില്ലാത്ത ജീവനക്കാർക്ക് അടിയന്തരമായി സ്കൂൾ തുറക്കുന്നതിനുമുമ്പുതന്നെ വാക്സിനേഷൻ പൂർത്തിയാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. അദ്ധ്യാപകരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി വാക്സിനേഷൻ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**സ്കൂൾ തുറക്കുന്നതിനുള്ള ക്രമീകരണം**

162 (3160) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാലയങ്ങളിൽ നേരിട്ടുള്ള വിദ്യാഭ്യാസം ഘട്ടം ഘട്ടമായി പുനഃസ്ഥാപിക്കാൻ വേണ്ട ഭൗതിക സാഹചര്യം സൃഷ്ടിക്കാൻ നടപടി സ്വീകരിച്ചിട്ടുള്ളതിനോടൊപ്പം കോവിഡാനന്തര അദ്ധ്യയന പ്രവർത്തനത്തിനുവേണ്ട രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ?

നവംബർ ഒന്ന് മുതൽ സ്കൂൾ തുറന്ന് പ്രവർത്തനം ആരംഭിക്കുമ്പോൾ കുട്ടികളുടെ പഠനം എങ്ങനെയായിരിക്കണം എന്നത് സംബന്ധിച്ച മാർഗ്ഗരേഖ എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ തയ്യാറാക്കി വരുന്നുണ്ട്. ഇതിൽ കുട്ടികളെ ക്ലാസ്സ്റൂം പഠനത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരുന്നതിനും പഠനനഷ്ടം കണ്ടെത്തി പരിഹരിക്കുന്നതിനുമാവശ്യമായ നിർദ്ദേശങ്ങളുണ്ടാകും. ഓൺലൈൻ ഓഫ് ലൈൻ മോഡുകളെ സമന്വയിപ്പിച്ച് പഠനം നടത്തുന്നതിന് പാഠഭാഗങ്ങളെ സമീപിക്കേണ്ട രീതിയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രവർത്തനാധിഷ്ഠിത അറിവ് നിർമ്മാണ പ്രക്രിയ ഏറെക്കാലമായി തടസ്സപ്പെട്ടത് സൃഷ്ടിച്ച വിടവ് നികത്തുന്ന രീതിയിൽ അദ്ധ്യാപന പ്രക്രിയ ആസൂത്രണം ചെയ്തിട്ടുണ്ടോ?

ലഭ്യമാകുന്ന ഓഫ് ലൈൻ ക്ലാസ്സുകളെ നേരനുഭവങ്ങൾക്കും പ്രായോഗിക പ്രവർത്തനങ്ങൾക്കും ഉപയോഗപ്പെടുത്താനാവശ്യമായ അക്കാദമിക ആസൂത്രണമാണ് നിർദ്ദേശിച്ചിരിക്കുന്നത്. ക്ലാസ് അവതരണത്തിനും അസൈൻമെന്റുകൾ നൽകുന്നതിനും ഫീഡ്ബാക്ക് നൽകുന്നതിനും പൊതുവായ ചർച്ചകൾ നയിക്കുന്നതിനും സാദ്ധ്യമാംവിധം വീഡിയോ ക്ലാസ്സുകളും ഓഫ് ലൈൻ പ്ലാറ്റ് ഫോമുകളും ഉപയോഗപ്പെടുത്തിയാൽ ഇതിന്റെ തുടർച്ചയായി വരുന്ന നേരനുഭവങ്ങൾക്കും പ്രായോഗിക പ്രവർത്തനങ്ങൾക്കും (പ്രാക്ടിക്കൽ) ക്ലാസ് മുറിയെ ഉപയോഗപ്പെടുത്താനാകും. ഇത്തരത്തിലൊരു സമീപനമാണ് സ്വീകരിക്കുന്നത്.

(സി) വിദ്യാർത്ഥികൾ നേരിടാനിടയുള്ള പഠന പ്രശ്നങ്ങളോടൊപ്പംതന്നെ സാമൂഹിക, മാനസിക പ്രശ്നങ്ങൾകൂടി പരിഹരിക്കാൻവേണ്ട ഇടപെടൽ ഉറപ്പാക്കാൻ നടപടിയെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കൗൺസിലിംഗുമായി ബന്ധപ്പെട്ട് പ്രത്യേക മൊഡ്യൂൾ സമഗ്രശിക്ഷയുടെ നേതൃത്വത്തിൽ തയ്യാറാക്കിവരുന്നു. ഇത് സ്കൂൾ തുറക്കുന്നതിനുമുമ്പായി പരിശീലനത്തിലൂടെ അദ്ധ്യാപകരെ പരിചയപ്പെടുത്തുകയും അതിനനുസരിച്ച് കുട്ടികളുടെ ഇത്തരം സാമൂഹിക മാനസിക പ്രശ്നങ്ങളെ സമീപിക്കാൻ അദ്ധ്യാപകരെ പ്രാപ്തരാക്കുകയുമാണ് ചെയ്യുന്നത്. കുട്ടികൾക്ക് അതിജീവനം എന്ന പേരിൽ മാനസിക ആരോഗ്യ വിദ്യാഭ്യാസത്തിന്റെ ഭാഗമായി കൗൺസിലിംഗ് പ്രോഗ്രാമുകൾ സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ യൂണിസെഫിന്റെ സഹായത്തോടെ നടപ്പിലാക്കുന്നു.

**സംസ്ഥാന വിദ്യാഭ്യാസമേഖലയെ രാജ്യത്ത് ഒന്നാമതെത്തിക്കാനായുള്ള പ്രവർത്തനങ്ങൾ**

163 (3161) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യയിൽ കമ്പ്യൂട്ടറുള്ളതും ആധുനിക പഠന സൗകര്യമുള്ളതുമായ സ്കൂളുകളുടെ ഗണത്തിൽ സംസ്ഥാനത്തിന് എത്രാമത്തെ സ്ഥാനമാണുള്ളതെന്നും മറ്റ് സംസ്ഥാനങ്ങളുടെ സ്ഥാനം എത്രയെന്നും വ്യക്തമാക്കുമോ?

കേരള ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) സ്കൂളുകളിൽ നടപ്പിലാക്കിയ ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ, അദ്ധ്യാപക പരിശീലനം, 'സമഗ്ര' ഡിജിറ്റൽ വിഭവ പോർട്ടൽ, ലിറ്റിൽ കൈറ്റ്സ്

ഐ.ടി ക്ലബ്ബുകൾ, കൈറ്റ് വിക്ടേഴ്സിലൂടെയുള്ള 'ഫസ്റ്റ്ബെൽ' ഡിജിറ്റൽ ക്ലാസുകൾ തുടങ്ങിയ പ്രവർത്തനങ്ങളുടെ ഫലമായി പൊതുവിദ്യാഭ്യാസ മേഖലയിൽ കേരളത്തെ രാജ്യത്തിന്റെ ആദ്യ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമായി 2020 ഒക്ടോബർ 12-ന് പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) വൈദ്യുതി തുടങ്ങി മറ്റ് അടിസ്ഥാന പഠനസൗകര്യങ്ങളിലെ സ്ഥാനങ്ങളുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ?

കേരളത്തിലെ എല്ലാ പൊതുവിദ്യാലയങ്ങളും പൂർണ്ണമായും വൈദ്യുതീകരിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ UDISE (Unified District Information System for Education) പ്രകാരം മതിയായ ക്ലാസ് മുറികൾ, ലാബ്, ലൈബ്രറികൾ എന്നിവയും ഉറപ്പുവരുത്തിയിട്ടുണ്ട്.

(സി) സംസ്ഥാന വിദ്യാഭ്യാസമേഖലയെ രാജ്യത്ത് ഒന്നാം സ്ഥാനത്തെത്തിക്കാനായി കഴിഞ്ഞ സർക്കാരും ഇപ്പോഴത്തെ സർക്കാരും നടപ്പിലാക്കിവരുന്നതും നടപ്പാക്കാൻ ലക്ഷ്യമിടുന്നതുമായ പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളുടെ ഭൗതികവും അക്കാദമികവുമായ സാഹചര്യങ്ങൾ മികവുറ്റതാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് കഴിഞ്ഞ സർക്കാരും ഇപ്പോഴത്തെ സർക്കാരും നടപ്പിലാക്കിവരുന്നത്. ആധുനിക സൗകര്യങ്ങളോടു കൂടിയ സ്മാർട്ട് ക്ലാസ് റൂമുകൾ, ടോയ്‌ലെറ്റുകൾ, കളിസ്ഥലങ്ങൾ, ചുറ്റുമതിൽ, ആഡിറ്റോറിയം എന്നിവ ഒരുക്കുന്ന പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു. കൂടാതെ അക്കാദമിക മികവാണ് വിദ്യാലയ മികവ് എന്ന കാഴ്ചപ്പാടോടുകൂടി നിരവധി അക്കാദമിക പ്രവർത്തനങ്ങളാണ് ഇക്കാലയളവിൽ നടപ്പിലാക്കിയിട്ടുള്ളത്. ഓരോ സ്കൂളിന്റെയും സവിശേഷ സാഹചര്യം പരിഗണിച്ചുള്ള അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി ജനകീയ പിന്തുണയോടുകൂടി പ്രവർത്തനങ്ങൾ നടപ്പിലാക്കുകയാണുണ്ടായത്. പൊതുസമൂഹത്തിന്റെ ഭാഗത്തുനിന്ന് വലിയ പിന്തുണയാണ് ഇക്കാര്യത്തിലുണ്ടായത്. ഓരോ കുട്ടിയുടെയും ശേഷിയും പരിമിതിയും തിരിച്ചറിഞ്ഞ് ആവശ്യമായ പിന്തുണ നൽകുന്നതിനുള്ള വ്യക്തിഗത മാസ്റ്റർ പ്ലാൻ തയ്യാറാക്കി. ക്യാമ്പസ്സുതന്നെ പാഠപുസ്തകം എന്ന പുരോഗമന കാഴ്ചപ്പാട് മുന്നോട്ടുവയ്ക്കുന്ന ജൈവവൈവിദ്ധ്യ ഉദ്യാനം, ടാലന്റ് ലാബ് എന്നീ സംവിധാനങ്ങളും നടപ്പിലാക്കി. ആധുനിക സാങ്കേതികവിദ്യ പാഠ്യപദ്ധതി വിനിമയത്തിന് ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് സ്മാർട്ട് ക്ലാസ്സുകളിലൂടെയുള്ള വിനിമയം സാധ്യമാക്കി. കൂടാതെ അദ്ധ്യാപകർക്ക് ഈ കാര്യത്തിൽ ശാസ്ത്രീയമായി തയ്യാറെടുപ്പുകൾ നടത്തുന്നതിന് സഹായകരമായി 'സമഗ്രപോർട്ടൽ' വികസിപ്പിച്ചു. പാഠപുസ്തകങ്ങളിൽ ഓരോ പാഠഭാഗത്തിനും അനുയോജ്യമായ ഡിജിറ്റൽ വിഭവങ്ങൾ ലഭ്യമാക്കുന്ന ക്യു.ആർ. കോഡുകൾ ഉൾപ്പെടുത്തി.

വർത്തമാനകാല സാഹചര്യങ്ങൾ പരിഗണിച്ച് തൊഴിൽ നൈപുണി, ദുരന്ത നിവാരണം, ഐ.ടി. വിഭവങ്ങൾ എന്നിവ ഉൾപ്പെടുത്തി പാഠപുസ്തകങ്ങൾ മെച്ചപ്പെടുത്തി. അദ്ധ്യാപക ശാക്തീകരണം ലക്ഷ്യമാക്കിയുള്ള നിരവധി പ്രവർത്തനങ്ങൾ ഇക്കാല യളവിൽ നടപ്പിലാക്കിയിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ സ്കൂളുകൾ അടച്ചിടേണ്ടി വന്നപ്പോൾ ജൂൺ ഒന്നാം തീയതി തന്നെ പഠനം ആരംഭി ക്കുന്നതിനും ഫലപ്രദമായി പഠനം മുന്നോട്ടു പോകുന്നതിനും ആവശ്യമായ ഡിജിറ്റൽ/ ഓൺലൈൻ ക്ലാസ്സുകൾ ഒരുക്കുന്നതിൽ കേരളം രാജ്യത്തിന് മാതൃകയായി. സമയ ബന്ധിതമായി പൊതു പരീക്ഷകൾ നടപ്പിലാക്കി ഫലപ്രഖ്യാപനം നടത്തിയ സംസ്ഥാനമായി കേരളം മാറുകയുണ്ടായി. സമഗ്രമായ പാഠ്യപദ്ധതി പരിഷ്കരണ ത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ സൗജന്യ യൂണിഫോം, സൗജന്യ പുസ്തക വിതരണം എന്നിവ നൽകിവരുന്നു. പഠനപോഷണ പരിപാടികളായ മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, ഹലോവേൾഡ്, സുരീലിഹിന്ദി, ഉല്ലാസഗണിതം, ഗണിതവിജയം, ഗണിതോത്സവം, ശാസ്ത്രകൗതുകം, ശാസ്ത്രപാർക്ക്, ശാസ്ത്രപഥം, ഭൂമിശാസ്ത്രലാബ്, വായനക്കാർഡുകൾ, കുഞ്ഞുവായന എന്നിവയും കുട്ടികൾക്ക് നൽകിവരുന്നു.

## എസ്.സി.ഇ.ആർ.ടി.-യെ ഗവേഷണ, പരിശീലന സ്ഥാപനമാക്കുന്നതിന് നടപടി

164 (3162) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി.ഇ.ആർ.ടി.-യെ ഗവേഷണത്തിനും പരിശീലനത്തിനുമായുള്ള സ്വയംഭരണ സ്ഥാപനമായി മാറ്റുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികളെ ക്കുറിച്ച് വിശദമാക്കാമോ?

വിദ്യാഭ്യാസ വകുപ്പിനുകീഴിൽ ഗവേഷണത്തിനും പരിശീലനത്തിനുമായുള്ള സ്വയംഭരണ സ്ഥാപനമാണ് എസ്.സി.ഇ.ആർ.ടി.

(ബി) പ്രസ്തുത നടപടികളുടെ ഭാഗമായി വിദ്യാഭ്യാസത്തിൽ ഗവേഷണ പരിചയമുള്ളവരെ അന്യത്രസേവനത്തിൽ എസ്.സി.ഇ.ആർ.ടി.-യിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസത്തിൽ ഗവേഷണ പരിചയമുള്ള അദ്ധ്യാപകരെ അന്യത്രസേവന വ്യവസ്ഥയിൽ എസ്.സി.ഇ.ആർ.ടി-യിൽ റിസർച്ച് ഓഫീസർമാരായി നിയമിക്കുന്നുണ്ട്.

(സി) ഭിന്നശേഷിയുള്ള കുട്ടികളുടെ സമഗ്രവികസനം സാധ്യമാക്കുന്നതിനു വേണ്ടി ആ മേഖലയിൽ ഗവേഷണം നടത്തിയ ആളുകളെ എസ്.സി.ഇ.ആർ.ടി.-യുടെ ഭാഗമാക്കുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഭിന്നശേഷിയുള്ള കുട്ടികളുടെ സമഗ്രവികസനം സാധ്യമാക്കുന്നതിന് മുദ്രികാപാഠം, ശ്രുതിപാഠം, സമീക്ഷാ, ഗണിനിപ്രഭ തുടങ്ങിയ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സർക്കാർ മേഖലയിലെ അദ്ധ്യാപകരിൽനിന്നും പ്രസ്തുത വിഷയത്തിൽ ഗവേഷണ പരിചയമുള്ളവരെ അന്യത്രസേവന വ്യവസ്ഥയിൽ എസ്.സി.ഇ.ആർ.ടി-യിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) എസ്.സി.ഇ.ആർ.ടി., ഡയറ്റ്, ബി.ആർ.സി., സി.ആർ.സി.-കൾ എന്നിവയുടെ പ്രവർത്തനം സംയോജിപ്പിച്ച് സ്കൂൾ അദ്ധ്യാപകരുടെ പരിശീലനവും അക്കാദമിക മോണിറ്ററിംഗും മെച്ചപ്പെടുത്തുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സ്കൂൾ അദ്ധ്യാപകരുടെ പരിശീലനവും അക്കാദമിക മോണിറ്ററിംഗും മെച്ച പ്പെടുത്തുന്നതിന് എസ്.സി.ഇ.ആർ.ടി, ഡയറ്റ്, ബി.ആർ.സി, സി.ആർ.സി. എന്നിവയുടെ യോജിച്ചുള്ള പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ട്.

## പയ്യന്നൂർ മണ്ഡലത്തിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം

165 (3163) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ എസ്.എസ്.ജി.എച്ച്.എസ്.എസ്. കണ്ടങ്കാളി, ജി.എച്ച്.എസ്.എസ് മാത്തിൽ, ജി.എച്ച്.എസ്.എസ്. വയക്കര, ജി.എച്ച്.എസ്.എസ്. വെള്ളൂർ എന്നീ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി മൂന്ന് കോടി രൂപ വീതം കിഫ്ബി വഴി അനുവദിച്ച പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസി ഏതെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ സമയബന്ധിതമായി മുന്നോട്ടു പോകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിച്ച് പദ്ധതി വേഗത്തിൽ ആക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ-സി) നിർമ്മാണ പ്രവർത്തനങ്ങളുടെ കാലതാമസം പരിഹരിക്കുന്നതിന് എസ്.പി.വി.-കളുടെ പ്രതിനിധികളെയും കിഫ്ബിയുടെ പ്രതിനിധിയേയും ഉൾപ്പെ ടുത്തിക്കൊണ്ടുള്ള യോഗം ചേർന്ന് നിർമ്മാണത്തിന്റെ തടസ്സങ്ങൾ ചർച്ചചെയ്ത് ആവശ്യമായ പരിഹാരം കാണുന്നതിനായി തുടർനടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## നിലമ്പൂർ നിയോജകമണ്ഡലത്തിലെ സ്കൂൾ കെട്ടിടനിർമ്മാണം

166 (3164) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 2020-21, 2021-22 വർഷങ്ങളിലെ പദ്ധതി വിഹിതം ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് എത്ര സ്കൂളുകളുടെ എസ്റ്റിമേറ്റ് അടക്കമുള്ള പ്രൊപ്പോസലുകളാണ് നിലമ്പൂർ നിയോജകമണ്ഡലത്തിൽനിന്നും വകുപ്പിൽ ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; ആവശ്യപ്പെടുന്ന തുക അടക്കമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) മേൽ പ്രൊപ്പോസലുകളിൽ പ്രൈസ് സോഫ്റ്റ്‌വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ച സ്കൂളുകളുടെ വിവരങ്ങൾ ലഭ്യമാക്കാമോ; സമർപ്പിച്ച വർഷവും അറിയിക്കാമോ?

(എ&ബി) 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലെ പദ്ധതി വിഹിതം വിനിയോഗിച്ച് കെട്ടിട നിർമ്മാണം നടത്തുന്നതിന് അനുമതി ലഭ്യമാക്കുന്നതിനായി പ്രൊപ്പോസൽ നൽകിയിട്ടുള്ള സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) 2020-21, 2021-22 സാമ്പത്തിക വർഷത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതിവിഹിതം ഉപയോഗിച്ച് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ശേഷിക്കുന്ന സ്കൂളുകളുടെ പ്രൊപ്പോസലുകളിൽ പൊതുവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ശേഷിക്കുന്ന സ്കൂളുകൾക്ക് കൂടി കെട്ടിടനിർമ്മാണ ഫണ്ട് അനുവദിക്കുന്നതിന് നടപ്പുസാമ്പത്തികവർഷം നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(സി&ഡി) 2020-21 സാമ്പത്തിക വർഷത്തിൽ ഗവ. മാനവേദൻ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന് 40 ലക്ഷം രൂപ വിനിയോഗിച്ച് കെട്ടിടനിർമ്മാണം നടത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം വിനിയോഗിച്ച് കെട്ടിട നിർമ്മാണം നടത്തുന്നതിനായി സ്കൂളുകളെ തെരഞ്ഞെടുത്ത് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സ്കൂൾ ഉച്ചഭക്ഷണ പദ്ധതി

167 (3165) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥികളെക്കൂടി ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

(ബി) സ്കൂൾ പാചകത്തൊഴിലാളികൾക്ക് ആരോഗ്യ-പാചക സംവിധാനങ്ങളെ കുറിച്ച് പരിശീലനം നൽകാൻ സംവിധാനമൊരുക്കുമോ; വിശദമാക്കാമോ?

2017-18, 2018-19, 2019-20 കാലയളവുകളിൽ ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ ഓരോ ജില്ലയിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 30 പാചകത്തൊഴിലാളികൾക്ക് പരിശീലനം നൽകിയിരുന്നു. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ 2020-21 കാലയളവിൽ പരിശീലനം നൽകുവാൻ കഴിഞ്ഞിട്ടില്ല.

## മലപ്പുറം ജില്ലയിൽ കൂടുതൽ ഹയർ സെക്കണ്ടറി വിഭാഗം അനുവദിക്കൽ

168 (3166) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ സർക്കാർ/എയ്ഡഡ് മേഖലയിൽ ഹയർസെക്കണ്ടറി വിഭാഗം ഇല്ലാത്ത എത്ര ഹൈസ്കൂളുകൾ ഉണ്ട് എന്ന് വിശദമാക്കുമോ?

മലപ്പുറം ജില്ലയിൽ ഹയർസെക്കണ്ടറി വിഭാഗം ഇല്ലാത്ത 25 ഹൈസ്കൂളുകളുണ്ട്. ഇതിൽ സർക്കാർ മേഖലയിൽ 21-ഉം, എയ്ഡഡ് മേഖലയിൽ 2 സ്പെഷ്യൽ സ്കൂളുകൾ ഉൾപ്പെടെ 4-ഉം വിദ്യാലയങ്ങളാണുള്ളത്. വിശദമായ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത സ്കൂളുകളിൽനിന്നുള്ള എത്ര കുട്ടികൾ ഈ വർഷം പത്താം ക്ലാസ്സിൽനിന്നും ഉപരിപഠന യോഗ്യത നേടിയെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത 25 സ്കൂളുകളിൽ നിന്നുമായി ആകെ 2972 കുട്ടികൾ 2020-21 അദ്ധ്യയന വർഷം പത്താം ക്ലാസ്സിൽ നിന്നും ഉപരിപഠന യോഗ്യത നേടി.

(സി) ഈ സ്കൂളുകളിൽ കൂടി ഹയർ സെക്കണ്ടറി വിഭാഗം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് പുതിയ സ്കൂളുകളും അധിക ബാച്ചുകളും അനുവദിക്കുന്നതിലേയ്ക്കായി അതത് വർഷത്തെ വിദ്യാഭ്യാസ ആവശ്യകത പ്രാദേശിക/സംസ്ഥാനതലത്തിൽ വിലയിരുത്തുകയും 20-9-2021-ലെ സ.ഉ. (സാധാ) നമ്പർ 4160/21/പൊ.വി.വ. പ്രകാരം ഈ അധ്യയന വർഷം സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഹയർ സെക്കണ്ടറി ബാച്ചുകൾ അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

**വടക്കാഞ്ചേരി മണ്ഡലത്തിലെ വിദ്യാഭ്യാസ പദ്ധതികൾ**

169 (3167) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ മുൻസർക്കാരിന്റെ കാലത്ത് കിഫ്ബി പദ്ധതി പ്രകാരം പൊതുവിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങളും അനുവദിച്ച തുകയും ചെലവഴിച്ച തുകയും പട്ടികയാക്കി ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ പ്രവർത്തനം പുരോഗമിക്കുന്ന വിദ്യാഭ്യാസ പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ;

(സി) 2016 മുതൽ നാളിതുവരെ കിഫ്ബിവഴി മണ്ഡലത്തിന് അനുവദിച്ച വിദ്യാഭ്യാസ പദ്ധതികളിൽ ഭരണാനുമതി ലഭിച്ചവ, ഭരണാനുമതി ലഭിച്ചിട്ടും ആരംഭിച്ചിട്ടില്ലാത്തവ, ടെണ്ടർ ചെയ്തവ, എഗ്രിമെന്റ് ചെയ്തിട്ടുള്ളവ എന്നിങ്ങനെ പട്ടികയാക്കി ലഭ്യമാക്കാമോ?

(എ-സി) വടക്കാഞ്ചേരി മണ്ഡലത്തിലേയ്ക്ക് ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികളും ഓരോ മണ്ഡലത്തിലേയും തെരഞ്ഞെടുത്ത ഒരു സർക്കാർ സ്കൂളിനെ 5 കോടി രൂപ വീതം ചെലവഴിച്ച് മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയും തെരഞ്ഞെടുത്ത സ്കൂളുകളിലെ ഭൗതിക സാഹചര്യ വികസനം ഉറപ്പുവരുത്തുന്നതിന് 3 കോടി രൂപ വീതവും ഒരു കോടി രൂപ വീതവും ചെലവഴിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന പദ്ധതിയാണ് പ്രധാനമായി നടപ്പിലാക്കിവരുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ വിദ്യാലയങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ

170 (3168) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ വിദ്യാലയങ്ങളുടെ നിർമ്മാണ പ്രവൃത്തികൾക്കായി ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ സ്കൂളുകളിൽ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) നിർമ്മാണ പ്രവൃത്തികളുടെ കാലതാമസം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

കെട്ടിട നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുവാൻ നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## സ്കൂൾ പാചകപ്പുര നിർമ്മാണം

171 (3169) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരുന്ന സർക്കാർ-എയ്ഡഡ് വിദ്യാലയങ്ങൾക്ക് കിച്ചൻ-കം-സ്റ്റോർ നിർമ്മിക്കുന്നതിന് 2019-ന ശേഷം തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ?

കേന്ദ്രവിഹിതവും സംസ്ഥാന മാൻഡേറ്ററി വിഹിതത്തിന്റെ ബാലൻസ് തുകയും ചേർത്ത് 13,766.69 ലക്ഷം രൂപ 2020-21 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്.

(ബി) ആയതിന് കേന്ദ്ര സർക്കാർ വിഹിതം അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണെന്ന് വിശദമാക്കാമോ?

ഉണ്ട്. 12,658.26 ലക്ഷം രൂപ.

(സി) 2021 മാർച്ച് മാസം ഇത്തരത്തിലുള്ള ഏതെങ്കിലും ഫണ്ട് തിരിച്ചടച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഫണ്ട് അടിയന്തരമായി അനുവദിച്ച് കിച്ചൻ-കം-സ്റ്റോർ നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

(സി&ഡി) 2020-2021 സാമ്പത്തിക വർഷം അനുവദിച്ച തുകയിൽ 31-3-2021 വരെ മാറിലഭിക്കാത്ത ബില്ലുകളുടെ തുകയായ 12,471.48 ലക്ഷം രൂപ ലാപ്സാവാതിരിക്കുന്നതിനായി ആയത് പ്രസ്തുത സാമ്പത്തികവർഷം ഇലക്ട്രോണിക് ലഡ്ജർ അക്കൗണ്ടിലേയ്ക്ക് പോസ്റ്റ് ചെയ്തിരുന്നു. പ്രസ്തുത തുക 2021-2022 സാമ്പത്തിക വർഷം റിലീസ് ചെയ്തുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത കിച്ചൺ-കം-സ്റ്റോർ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകുന്നതാണ്.

## തൊഴിലധിഷ്ഠിത പാഠ്യപദ്ധതി

172 (3170) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലധിഷ്ഠിത പാഠ്യപദ്ധതി രാജ്യത്താകമാനം നടപ്പാക്കുന്നതിനുള്ള കേന്ദ്ര പദ്ധതിയുടെ ഭാഗമായി പ്രസ്തുത പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുമോ; വിശദമാക്കുമോ?

എൻ.എസ്..ക്യൂ.എഫ് പാഠ്യപദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ 2018-19 അദ്ധ്യയനവർഷം മുതൽതന്നെ ആരംഭിച്ചിട്ടുണ്ട്. 2020-21 വർഷത്തോടെ സംസ്ഥാനത്തെ എല്ലാ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും എൻ.എസ്.ക്യൂ.എഫ്. അധിഷ്ഠിത തൊഴിൽ പാഠ്യപദ്ധതി നടപ്പിലാക്കുകയുണ്ടായി.

(ബി) വി.എച്ച്.എസ്.ഇ. പദ്ധതിയും സെക്കണ്ടറി സ്കൂളുകളിലെ അസാപ്-ന്റെ പ്രവർത്തനവും ഇതിനനുസൃതമായി മാറ്റം വരുത്തുമോ; വ്യക്തമാക്കുമോ?

വി.എച്ച്.എസ്.ഇ. പാഠ്യപദ്ധതി ഇതനുസരിച്ച് മാറ്റം വരുത്തിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്ന സ്കൂളുകളുടെ അക്കാദമിക അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുമോ; വിശദമാക്കുമോ?

അക്കാദമിക അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന നടപടികൾ പുരോഗമിക്കുകയാണ്.

(ഡി) തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ആവശ്യമായ പ്രായോഗിക പരിശീലനം നൽകുന്നതിന് വേണ്ടത്ര ലാബ് സൗകര്യങ്ങളും സ്ഥലും വർക്ക്ഷോപ്പുകളും സ്ഥാപിക്കുമോ; വ്യക്തമാക്കുമോ?

ലാബ് സൗകര്യങ്ങൾ വർദ്ധിപ്പിച്ചുവരുന്നു.

**സമഗ്രശിക്ഷ കേരളം പദ്ധതി**

173 (3171) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സമഗ്രശിക്ഷ കേരളം പദ്ധതിപ്രകാരം നിയമനം ലഭിച്ച സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ ശമ്പളം മുൻകാലങ്ങളിൽ അനുവദിച്ചരീതിയിൽ നൽകുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ടി വിഷയത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സമഗ്രശിക്ഷ കേരളയിലെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് മുൻകാലങ്ങളിൽ നൽകിയതുപോലെ 2021-22 വർഷവും പ്രതിമാസം 14,000 (പതിനാലായിരം രൂപ) രൂപ നിരക്കിൽ നൽകുവാൻ 1-10-2021-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 4361/2021/ പൊ.വി.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**സാന്ത്വനം സ്പെഷ്യൽ സ്കൂളിനുള്ള സ്പെഷ്യൽ സ്കൂൾ പാക്കേജ് പദ്ധതി**

174 (3172) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ സ്കൂൾ പാക്കേജ് പദ്ധതിയിൽ 'സി' വിഭാഗത്തിൽ ഫിസിയോ തെറാപ്പിസ്റ്റ്, ഡെവലപ്മെന്റ് (സ്പീച്ച്) തെറാപ്പിസ്റ്റ് അദ്ധ്യാപകരെക്കൂടി ഉൾപ്പെടുത്തുന്നതിനായി കോതമംഗലം മണ്ഡലത്തിൽ 2008 മുതൽ പ്രവർത്തിക്കുന്ന സാന്ത്വനം സ്പെഷ്യൽ സ്കൂൾ നൽകിയിട്ടുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മേൽപ്പറഞ്ഞ വിഷയം സംബന്ധിച്ച് എം (ജി.ഇ.ഡി.എൻ. &എൽ) വി.ഐ.പി ഒ.ഡബ്ല്യു./262/26/2021 എന്ന നമ്പരിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് കൊടുത്തതനുസരിച്ച് പി.എ 2/256732/21/ഡി.ജി.ഇ. എന്ന നമ്പരിൽ ഉള്ള ഫയലിൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ വിശദമാക്കാമോ;

(സി) സി ഗ്രേഡിൽ കൂടുതൽ തസ്തിക അനുവദിക്കാതെ നിലവിലുള്ള ഫിസിക്കൽ എഡ്യുക്കേറ്റർ/ഡ്രോയിംഗ്/മ്യൂസിക്/ക്രാഫ്റ്റ് വിഭാഗങ്ങളിൽ ഓപ്ഷണലായി ഫിസിയോ തെറാപ്പിസ്റ്റ്, ഡെവലപ്മെന്റ് (സ്പീച്ച്) തെറാപ്പിസ്റ്റ് എന്നീ പേരുകൾക്കൂടി ഉൾപ്പെടുത്തണമെന്ന അപേക്ഷയിൽ വേഗത്തിൽ തീരുമാനമെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-സി) സാന്ത്വനം സ്പെഷ്യൽ സ്കൂൾ സമർപ്പിച്ച അപേക്ഷയിൻമേൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽനിന്നും തുടർനടപടികൾ സ്വീകരിച്ചു വരികയാണ്. പ്രസ്തുത വിഷയം 2021-22-ലെ ഗ്രാന്റ് ഇൻ-എയ്ഡ് കമ്മിറ്റിയിൽ അവതരിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ടി വിവരം അപേക്ഷകനെ അറിയിച്ചിട്ടുണ്ട്.

**മലപ്പുറം ജില്ലയിൽ പുതിയ ഹയർ സെക്കണ്ടറി ബാച്ച്**

175 (3173) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പ്ലസ് വൺ പഠനത്തിന് ആവശ്യമായ സീറ്റുകളുടെ നിലവിലുള്ള അപര്യാപ്തത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ;

(ബി) ജില്ലയിൽ പുതിയ ഹയർ സെക്കണ്ടറി ബാച്ചുകൾ അനുവദിക്കുമോ; വെളിപ്പെടുത്തുമോ?

(എ&ബി) മുഖ്യഘട്ട അലോട്ട്മെന്റ് പൂർത്തീകരിക്കുന്ന 2021 ഒക്ടോബർ 23-നുശേഷം സപ്ലിമെന്ററി അല്ലോട്ട്മെന്റുകൾ ആരംഭിക്കുന്നതിനുമുൻപായി മലപ്പുറം ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ ജില്ലകളുടെയും സ്ഥിതി വിശദമായി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**വിദ്യാകിരണം പദ്ധതി**

176 (3174) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്ന വിദ്യാകിരണം പദ്ധതിയിൽനിന്നും ഡിജിറ്റൽ പഠനോപകരണങ്ങൾ ലഭിക്കേണ്ട വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

വ്യത്യസ്ത കാരണങ്ങളാൽ ഡിജിറ്റൽ ഉപകരണങ്ങളുടെ അഭാവംമൂലം പഠനം മുടങ്ങുന്ന വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ/ഓൺലൈൻ പഠനത്തിനാവശ്യമായ ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ടാണ് വിദ്യാകിരണം എന്ന പോർട്ടൽ സജ്ജമാക്കിയിട്ടുള്ളത്. സംസ്ഥാനത്തെ ഓരോ സർക്കാർ, എയ്ഡഡ് സ്കൂൾ പ്രഥമാദ്ധ്യാപകരും അവരവരുടെ സ്കൂൾ, ലോഗിൻ ഐ.ഡി. ഉപയോഗിച്ച് 'സമ്പൂർണ്ണ' സ്കൂൾ മാനേജ്മെന്റ് സിസ്റ്റത്തിൽ കുട്ടികളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശിച്ചുകൊണ്ടാണ് ഉപകരണങ്ങളില്ലാത്ത കുട്ടികളുടെ എണ്ണം കണ്ടെത്തിയത്. ഓരോ സ്കൂളിലും (A) - 'സ്വന്തമായി ഉപകരണങ്ങൾ വാങ്ങാൻ കഴിയുന്ന കുട്ടികൾ',

(B) - 'ലോൺ സൗകര്യം ലഭ്യമാക്കിയാൽ ഉപകരണങ്ങൾ വാങ്ങാൻ കഴിയുന്ന കുട്ടികൾ', (C) - ' സമൂഹ സഹായത്തോടെ മാത്രം ഉപകരണങ്ങൾ വാങ്ങാൻ കഴിയുന്ന കുട്ടികൾ' എന്നീ വിഭാഗത്തിലുള്ളവരുടെ വിശദാംശങ്ങളാണ് അതത് സ്കൂൾ മുഖേന ഉൾപ്പെടുത്തിയത്. ഇതിൽ (C) വിഭാഗത്തിലുള്ള കുട്ടികൾക്ക് സാമൂഹ്യ പങ്കാളിത്തത്തോടെ ഉപകരണങ്ങൾ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരികയാണ്. വ്യക്തികൾ, ഗ്രൂപ്പുകൾ എന്നിവർക്ക് അവർ ആഗ്രഹിക്കുന്നതരത്തിൽ ഏതെങ്കിലും സ്കൂളിലെയോ സ്കൂളുകളിലെ കുട്ടികളുടെ എണ്ണത്തിന് അനുസൃതമായോ അല്ലെങ്കിൽ ഒരു നിശ്ചിത തുകയോ സംഭാവനകൾ നല്കാൻ ഈ പോർട്ടലിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഡിജിറ്റൽ ഉപകരണങ്ങൾ ഇല്ലാത്ത ഏതൊരു കുട്ടിക്കും അതത് സ്കൂളുകളിൽ അപേക്ഷ നൽകാവുന്നതാണ്. സ്കൂൾ മുഖാന്തരം ഈ വിവരം സമ്പൂർണ്ണ പോർട്ടലിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നു. വിദ്യാകിരണം വഴി ലഭ്യമാകുന്ന തുകയിൽനിന്നും ആവശ്യകതയ്ക്കനുസരിച്ച് സ്കൂളുകൾക്ക് ഉപകരണങ്ങൾ ലഭ്യമാക്കുകയും അപ്രകാരം ലഭ്യമാകുന്ന ഉപകരണങ്ങൾ സ്കൂളുകളിൽ പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി കുട്ടികൾക്ക് താൽക്കാലിക അടിസ്ഥാനത്തിൽ വിതരണം നടത്തുകയും ചെയ്യുന്നു.

**വിദ്യാഭ്യാസ രംഗത്ത് അന്താരാഷ്ട്ര നിലവാരം കൈവരിക്കുകയെന്ന ലക്ഷ്യം**

177 (3175) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുരോഗമനാത്മക സമൂഹത്തിന്റെ ചാലകശക്തിയാകുന്ന തരത്തിൽ പാഠ്യപദ്ധതി കാലാനുസൃതമായി പരിഷ്കരിക്കേണ്ടതിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് അതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

നിലവിലുള്ള പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും ഗവേഷണാത്മകമായി പരിശോധിച്ച് എസ്.സി.ഇ.ആർ.ടി. പാഠ്യപദ്ധതി വിശകലന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. തുടർന്ന് ആധുനിക സാങ്കേതികവിദ്യയുടെ പശ്ചാത്തലത്തിൽ, വിവിധ വിജ്ഞാന മേഖലകളിലും തൊഴിൽ മേഖലയിലും സംഭവിച്ചുകൊണ്ടിരിക്കുന്ന ദ്രുത ഗതിയിലുള്ള മാറ്റങ്ങളെ പരിഗണിച്ചുകൊണ്ട് പാഠ്യപദ്ധതി നവീകരണം എങ്ങനെയാകണം എന്നതുസംബന്ധിച്ച ചർച്ചാരേഖ തയ്യാറാക്കിവരുന്നു. കോവിഡാനന്തര വിദ്യാഭ്യാസത്തെ അഭിമുഖീകരിക്കുന്നതിനും ശാസ്ത്രാഭിമുഖ്യവും യുക്തിചിന്തയും

പരിപോഷിപ്പിക്കുന്നതിനും ഭരണഘടനാമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനും പ്രത്യേക ഊന്നൽ നല്കിയാണ് ചർച്ചാരേഖ വികസിപ്പിക്കുന്നത്. സംസ്ഥാന പാഠ്യപദ്ധതി സ്റ്റിയറിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെ വിപുലമായ ജനകീയ ചർച്ചകൾക്കുശേഷമാണ് പാഠ്യപദ്ധതി പരിഷ്കരണത്തിലേയ്ക്ക് നീങ്ങുക.

(ബി) ദേശീയ വിദ്യാഭ്യാസ നയം രൂപീകരിച്ചതിന്റെ തുടർച്ചയായി പാഠ്യ പദ്ധതി പരിഷ്കരണത്തിലൂടെ കേന്ദ്ര അജണ്ട നടപ്പിലാക്കാനാണ് ശ്രമിക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നിലപാട് അറിയിക്കാമോ?

വിവരങ്ങളുടെ വികേന്ദ്രീകരണം സംഭവിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അതിനനുസരണമായി പാഠ്യപദ്ധതിയും അനുബന്ധ പ്രവർത്തനങ്ങളും ക്രമീകരിക്കു ന്നതാണ് അഭികാമ്യം. കേന്ദ്രീകൃതമായ പാഠ്യപദ്ധതി നമ്മുടെ കുട്ടികളുടെ പഠന സാദ്ധ്യതകളെ പ്രതികൂലമായി ബാധിക്കും. ഓരോ സംസ്ഥാനവും അവരവരുടെ സാദ്ധ്യതകൾക്കനുസരിച്ച് ദേശീയ താല്പര്യത്തിനുള്ളിൽനിന്നുകൊണ്ട് തനത് പാഠ്യപദ്ധതികൾ തയ്യാറാക്കുന്ന രീതിയാണ് അഭികാമ്യം.

(സി) ശാസ്ത്രസാങ്കേതികവിദ്യ രംഗത്തെ വികാസത്തിനനുസൃതമായി ബോധന സാമഗ്രികളിലും ബോധന രീതിയിലും വന്നിട്ടുള്ള പുരോഗമനപരമായ മാറ്റങ്ങൾ ഉൾച്ചേർത്തുകൊണ്ട് വിദ്യാഭ്യാസ രംഗത്ത് അന്താരാഷ്ട്ര നിലവാരം കൈവരിക്കുകയെന്ന ലക്ഷ്യത്തോടെ പാഠ്യപദ്ധതി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്. അതിനുസഹായകരമായ രീതിയാണ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ (ഡിജിറ്റൽ ക്ലാസ്സ്മുറികളും ലാബുകളും ലൈബ്രറികളും) സജ്ജീകരിച്ചുവരുന്നത്. ഇതോടൊപ്പംതന്നെ ഓൺലൈൻ ഓഫ് ലൈൻ സാദ്ധ്യതകളെ സമന്വയിപ്പിച്ച് ഫലപ്രദമായി ഉപയോഗപ്പെടുത്താൻ സഹായകരമാകുംവിധം പാഠപുസ്തകങ്ങളും പരിഷ്കരിക്കേണ്ടതുണ്ട്. ഒരു പാഠത്തിലെ ഓൺലൈൻ സാദ്ധ്യതകൾ, ഓഫ് ലൈനിലൂടെ കൊടുക്കേണ്ട നേരനുഭവങ്ങൾ, ഇതിനെല്ലാം ആവശ്യമായി വരുന്ന ഡിജിറ്റൽ സാമഗ്രികളും സാങ്കേതവും ഇവയെല്ലാം പാഠപുസ്തക നവീകരണസമയത്ത് പ്രത്യേകം പരിഗണി ക്കേണ്ടവയാണ്. ഇപ്രകാരം സമഗ്രമായിത്തന്നെ പാഠ്യപദ്ധതി പരിഷ്കരണത്തെ സമീപിക്കും.

## സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം

178 (3176) ശ്രീ. യു. എ. ലത്തീഫ്:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:

ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

നിലവിലെ പാഠപുസ്തകങ്ങളും പാഠ്യപദ്ധതിയും ശാസ്ത്രീയമായി വിശകലനം ചെയ്ത് എസ്.സി.ഇ.ആർ.ടി. റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ആധുനിക സാങ്കേതിക രംഗത്തും വൈജ്ഞാനിക മേഖലയിലുമുണ്ടായ ദ്രുതഗതിയിലുള്ള വികാസത്തിന്റെ അടിസ്ഥാനത്തിൽ നിലവിലെ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കേണ്ടതുണ്ട്. കൂടാതെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ അടിസ്ഥാനത്തിലുള്ള പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ ദേശീയാടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ കേരളത്തിലെ സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഇതിനായി പ്രത്യേക സമിതിയെ നിയോഗിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

പ്രത്യേക സമിതിയെ നിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാന കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം സമയബന്ധിതമായി പാഠ്യപദ്ധതി പരിഷ്കരണ നടപടികൾ പൂർത്തീകരിക്കുന്നതാണ്.

(സി) പുതിയ പാഠ്യപദ്ധതിയിൽ സ്ത്രീ സമത്വം, സ്ത്രീധന നിരോധനം തുടങ്ങിയ സാമൂഹ്യ വിഷയങ്ങൾ ഉൾപ്പെടുത്തുവാനും മതസ്പർദ്ധ വളർത്തുന്ന ആശയങ്ങൾ കടന്ന് കൂടാതിരിക്കുവാനും പ്രത്യേകം ശ്രദ്ധ ചെലുത്തുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

പുതിയ പാഠ്യപദ്ധതിയിൽ സാമൂഹ്യ വിഷയങ്ങളായ സ്ത്രീ സമത്വം, സ്ത്രീധന നിരോധനം എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തുന്നത് പരിഗണിക്കുന്നതാണ്. കൂടാതെ ജനാധിപത്യ മതേതര കാഴ്ചപ്പാട് വികസിപ്പിക്കുന്നതിനുള്ള പാഠഭാഗങ്ങളും ഉൾപ്പെടുത്തുന്നതാണ്.

(ഡി) പുതിയ പാഠ്യപദ്ധതി എന്നത്തേയ്ക്ക് നിലവിൽ വരുത്തുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കുമോ?

സംസ്ഥാന കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം സമയബന്ധിതമായി പാഠ്യപദ്ധതി പരിഷ്കരണ നടപടികൾ പൂർത്തീകരിക്കുന്നതാണ്.

## ദേശീയ വിദ്യാഭ്യാസ നയത്തിന്റെ പ്രത്യാഘാതങ്ങൾ

179 (3177) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ വിദ്യാഭ്യാസ നയത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പുതിയ വിദ്യാഭ്യാസ നയവും പാഠ്യപദ്ധതി പരിഷ്കരണവും നടപ്പിലാക്കുവാൻ ശ്രമിക്കുമ്പോൾ കേരളം ഇതുവരെ പിന്തുടർന്ന് വന്ന ഉന്നത ധാർമിക മതേതര ജനാധിപത്യമൂല്യങ്ങൾ പകർന്നു നൽകുന്ന ശാസ്ത്രീയ അടിത്തറയുള്ള ഒരു വിദ്യാഭ്യാസ നയം വികലമാക്കപ്പെടുമെന്നുള്ളത് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ?

ദേശീയ വിദ്യാഭ്യാസനയം 2020 സൂക്ഷ്മമായി വിലയിരുത്തുകയുണ്ടായി. പുരോഗമന വിദ്യാഭ്യാസ കാഴ്ചപ്പാടുകൾ ഉയർത്തിപ്പിടിക്കുന്ന സംസ്ഥാനമെന്ന നിലയ്ക്ക് കേരളത്തിന് പ്രസ്തുത വിദ്യാഭ്യാസനയത്തെക്കുറിച്ച് പല ആശങ്കകളുമുണ്ട്. ഇതുമായി ബന്ധപ്പെട്ട് എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ ആശങ്കകൾ കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ബി) അറിയിച്ചുവെങ്കിൽ ഈ വിഷയത്തിൽ കേന്ദ്ര സർക്കാരിന്റെ പ്രതികരണം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

പ്രതികരണം ലഭ്യമായിട്ടില്ല.

## കോട്ടയ്ക്കൽ ഗവൺമെന്റ് എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണം

180 (3178) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ ഗവൺമെന്റ് എൽ.പി. സ്കൂൾ കെട്ടിടം ആര്യവൈദ്യശാലയുടെ മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച് മലപ്പുറം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറും പൊതുവിദ്യാഭ്യാസ വകുപ്പും സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

കോട്ടയ്ക്കൽ ഗവൺമെന്റ് എൽ.പി. സ്കൂളിന്റെ സ്ഥലവും ആര്യവൈദ്യശാലയുടെ സ്ഥലവും പരസ്പരം കൈമാറുന്നതിനായുള്ള 'അർത്ഥനാപത്രം' പൊതു വിദ്യാഭ്യാസ ഡയറക്ടർ ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. മലപ്പുറം ജില്ലാ കളക്ടർ, കോട്ടയ്ക്കൽ നഗരസഭാ സെക്രട്ടറി, ആര്യവൈദ്യശാല മാനേജിംഗ് ട്രസ്റ്റി, മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർ എന്നിവർ ചേർന്ന് ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇത് സംബന്ധിച്ച് റവന്യൂ വകുപ്പിൽനിന്നും ഇറങ്ങിയ ഉത്തരവ് മലപ്പുറം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിൻമേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ പ്രസ്തുത ഉത്തരവ് അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുവാൻ ആവശ്യമായ നിർദ്ദേശം പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്കും നൽകുമോ; വിശദമാക്കുമോ?

(ബി&സി) റവന്യൂ വകുപ്പിന്റെ ഉത്തരവ് മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലങ്ങളുടെ കൈമാറ്റത്തിനായുള്ള ധാരണാപത്രം ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ജി.എം.യു.പി. സ്കൂൾ ചേന്ദമംഗല്ലൂർ, ജി.എച്ച്.എസ്., പുതുപ്പാടി സ്കൂൾ കെട്ടിട നിർമ്മാണം

181(3179) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തിൽ ജി.എം.യു.പി. സ്കൂൾ, ചേന്ദമംഗല്ലൂർ, ജി.എച്ച്.എസ്., പുതുപ്പാടി എന്നീ സ്കൂളുകളുടെ കെട്ടിട നിർമ്മാണം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ?

കിഫ്ബിയുടെ 3 കോടി രൂപ ധനസഹായത്തോടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള എസ്.പി.വി.-യെ മാറ്റി നിയമിക്കുന്നതിലുണ്ടായ കാലതാമസമാണ് കെട്ടിടനിർമ്മാണം ആരംഭിക്കാൻ സാധിക്കാതെ വന്നത്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട ജി.എം.യു.പി.എസ്. ചേന്ദമംഗല്ലൂർ, ജി.എച്ച്. എസ്.എസ്. പുതുപ്പാടി എന്നീ സ്കൂളുകളുടെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ പദ്ധതികളുടെ എസ്.പി.വി. ആരാണെന്ന് അന്തിമമായി തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പ്രസ്തുത പ്രവൃത്തികളുടെ എസ്.പി.വി.-യായി നിലവിൽ കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) സാങ്കേതിക കാരണങ്ങൾ പരിഹരിച്ച് പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് എസ്.പി.വി.-യായ കിലയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഹയർ സെക്കണ്ടറി അദ്ധ്യാപകരാവാനുള്ള യോഗ്യതാ മാനദണ്ഡം

182 (3180) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്ത് വർഷം സർവ്വീസുള്ള ഹൈസ്കൂൾ അദ്ധ്യാപകരെ ഹയർ സെക്കണ്ടറി അദ്ധ്യാപകരാവാനുള്ള യോഗ്യതാ മാനദണ്ഡമായ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ?

ഉണ്ട്. പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത ആനുകൂല്യം ട്രെയിനിംഗ് സ്കൂളുകളിൽ ഇതേ യോഗ്യതയുള്ള അദ്ധ്യാപകർക്കും ബാധകമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

പരിശോധിച്ചുവരുന്നു.

## കോഴിക്കോട് ജില്ലയിൽ അധിക പ്ലസ് വൺ സീറ്റുകൾ അനുവദിക്കാൻ നടപടി

183 (3181) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഈ അദ്ധ്യയന വർഷത്തേയ്ക്കുള്ള പ്ലസ് വൺ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുകയുണ്ടായോ?

നിലവിൽ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 20% മാർജിനൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

(ബി) എങ്കിൽ എത്ര സീറ്റുകളാണ് വർദ്ധിപ്പിച്ചിട്ടുള്ളത്?

ബാച്ചടിസ്ഥാനത്തിൽ 10 സീറ്റ് വീതം ജില്ലയിൽ ആകെ 5840 സീറ്റുകൾ വർദ്ധിപ്പിക്കുകയുണ്ടായി.

(സി) സീറ്റുകൾ വർദ്ധിപ്പിച്ചതിനുശേഷവും കോഴിക്കോട് ജില്ലയിൽ പ്ലസ് വൺ പ്രവേശനത്തിനുള്ള ഫസ്റ്റ് അലോട്ട്മെന്റ് പൂർത്തിയായപ്പോൾ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ച വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വിവരം ശേഖരിച്ചുവരുന്നു.

(ഡി) നിലവിലെ സാഹചര്യത്തിൽ ഒരു ക്ലാസ്സിൽ അറുപത്തിയഞ്ചും എഴുപതും കുട്ടികൾ ഇരുന്നുപഠിക്കുന്നത് കുട്ടികളുടെ പഠനനിലവാരത്തെ സാരമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ?

ഹയർ സെക്കണ്ടറി തുടങ്ങിയ വർഷം മുതൽതന്നെ മാർജിനൽ വർദ്ധനവിലൂടെ സീറ്റുകൾ വർദ്ധിപ്പിച്ച ഒരു ബാച്ചിൽ 60 മുതൽ 65 കുട്ടികളെ വരെ പ്രവേശിപ്പിച്ചിരുന്നു. ക്ലാസ്സിലെ നിലവിലുള്ള കുട്ടികളുടെ എണ്ണം പഠനനിലവാരത്തെ സാരമായി ബാധിക്കുന്നതായി കാണുന്നില്ല.

(ഇ) എങ്കിൽ കോവിഡ് സാഹചര്യംകൂടി പരിഗണിച്ച് കോഴിക്കോട് ജില്ലയിൽ അധിക പ്ലസ് വൺ ബാച്ചുകൾ അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; വിശദമാക്കാമോ?

2021-22 അദ്ധ്യയന വർഷത്തെ ഹയർ സെക്കണ്ടറി പ്രവേശനത്തിന്റെ മുഖ്യഘട്ടത്തിലെ അവസാനത്തെ അലോട്ട്മെന്റ്, എയ്ഡഡ് സ്കൂളുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലെ അലോട്ട്മെന്റ്, എയ്ഡഡ് സ്കൂളുകളിലെ മാനേജ്മെന്റ് ക്വാട്ട പ്രവേശനം, അൺ-എയ്ഡഡ് സ്കൂളുകളിലെ പ്രവേശനം എന്നിവയൊക്കെ നടന്നുകൊണ്ടിരിക്കുകയാണ്. മുഖ്യ അലോട്ട്മെന്റ് പ്രവേശനത്തിനുശേഷം മെരിറ്റ് ക്വാട്ടയിൽ ഒഴിവുള്ള 33153 (മുപ്പത്തി മൂന്നായിരത്തി ഒരുന്നൂറ്റി അൻപത്തി മൂന്ന്) സീറ്റുകളും എയ്ഡഡ് സ്കൂളുകളിലെ കമ്മ്യൂണിറ്റി ക്വാട്ടയിൽ ഒഴിവുള്ള 6438 (ആറായിരത്തി നാന്നൂറ്റി മുപ്പത്തി എട്ട്) സീറ്റും മാനേജ്മെന്റ് ക്വാട്ടയിൽ ഒഴിവുള്ള 8988 (എണ്ണായിരത്തി തൊള്ളായിരത്തി എൺപത്തിയെട്ട്) സീറ്റുകളും സ്പോർട്ട്സ് ക്വാട്ടയിൽ ഒഴിവുള്ള 4461 (നാലായിരത്തി നാന്നൂറ്റി അറുപത്തി ഒന്ന്) സീറ്റുകളും അൺ-എയ്ഡഡ് സ്കൂളുകളിലെ ഒഴിവുള്ള 34252 (മുപ്പത്തി നാലായിരത്തി ഇരുന്നൂറ്റി അൻപത്തി രണ്ട്) സീറ്റുകളും കൂടി ആകെ 87292 (എൺപത്തി ഏഴായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി രണ്ട്) സീറ്റുകളും ലഭ്യമാണ്. ഇതിനുപുറമേ വൊക്കേഷണൽ ഹയർ സെക്കണ്ടറി, പോളിടെക്നിക്, ഐ.ടി.ഐ. മേഖലകളിലായി 83000 സീറ്റുകളും ലഭ്യമാണ്. മാനേജ്മെന്റ് ക്വാട്ട, കമ്മ്യൂണിറ്റി ക്വാട്ട, അൺ-എയ്ഡഡ് ബാച്ചുകൾ എന്നിവയിലും പ്രവേശനം നടന്നുകൊണ്ടിരിക്കുകയാണ്. താലൂക്കതല വിഷയ കോമ്പിനേഷൻ തിരിച്ചുള്ള കണക്കുകൾ അവലോകനം നടത്തി ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം സ്വീകരിക്കുന്നതാണ്.

**ചേളാരി ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം**

184 (3182) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ ചേളാരി ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) ദേശീയപാത വികസനത്തിന്റെ ഭാഗമായി പൊളിക്കേണ്ട പ്രസ്തുത കെട്ടിടത്തിനുപകരം പുതിയ കെട്ടിട നിർമ്മാണം നവംബർ മാസം സ്കൂൾ തുറക്കുന്നഘട്ടത്തിൽ ആരംഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ഈ വിഷയം സംബന്ധിച്ച് നിലവിലുള്ള ഫയലിന്റെ പുരോഗതി അറിയിക്കാമോ?

(എ-സി) ചേളാരി ഗവ.വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന് 2.60 കോടി രൂപ ഹയർ സെക്കണ്ടറി പ്ലാൻ ഫണ്ടിൽനിന്നും 3 കോടി രൂപ കിഫ്ബി ധനസഹായത്തോടെയുമുള്ള കെട്ടിട നിർമ്മാണങ്ങൾക്ക് ഭരണാനുമതി നൽകിയിരുന്നു. എന്നാൽ കെട്ടിട നിർമ്മാണത്തിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ തയ്യാറാക്കിയ മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്യുന്ന വിധത്തിലല്ലെന്നും നിലവിലുള്ള പരിമിതമായ കളിസ്ഥലംപോലും ഇല്ലാതാക്കുന്നവിധത്തിലാണെന്നുമുള്ള പരാതികളുടെ അടിസ്ഥാനത്തിൽ തർക്കം നിലനിൽക്കുന്നതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മാണം നടത്തുന്നതിന് ചുമതല പ്പെടുത്തിയ കരാറുകാരന് നൽകിയ സമയപരിധി കഴിഞ്ഞിട്ടുള്ളതിനാൽ നിർമ്മാണ പ്രവൃത്തി ഉപേക്ഷിക്കുന്നതായി കൈറ്റ് സി.ഇ.ഒ അറിയിച്ചിട്ടുണ്ട്. കൂടാതെ പ്ലാൻ ഫണ്ടുപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനം ഏറ്റെടുത്തിരുന്ന കോൺട്രാക്ടർ കോടതിയെ സമീപിക്കുകയും അതുമൂലം നിർമ്മാണപ്രവർത്തനം ആരംഭിക്കാനാകാത്ത സാഹചര്യവുമാണ് നിലവിലുള്ളത്.

(ഡി) ദേശീയപാത വികസനത്തിന് സ്ഥലം നഷ്ടപ്പെടുന്ന പ്രസ്തുത സ്കൂൾ കെട്ടിടത്തിന് പുതിയ കെട്ടിടം നിർമ്മാണം, സ്ഥലം വാങ്ങൽ എന്നിവയ്ക്കുള്ള ഫണ്ട് അനുവദിക്കുമോ?

പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ഇ) സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് പൊളിച്ചുമാറ്റുന്ന കെട്ടിടത്തിനുള്ള നഷ്ടപരിഹാര തുക സ്കൂൾ സ്ഥിതി ചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നൽകുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ചേളാരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ ഉടമസ്ഥതയിലുള്ള ദേശീയപാതാ വികസനത്തിനാവശ്യമായി ഏറ്റെടുക്കുന്ന ഭൂമി റവന്യൂ റിക്കാർഡുകൾ പ്രകാരം സർക്കാർ പുറമ്പോക്ക് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നതിനാൽ, ഏറ്റെടുക്കുന്ന സ്കൂൾ വക ഭൂമി ഉൾപ്പെട്ട കെട്ടിടങ്ങളുടെ സാൽവേജ് വാല്യൂ കഴിച്ചുള്ള വാല്യൂവേഷൻ തുക മാനദണ്ഡപ്രകാരം ബന്ധപ്പെട്ടവർക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കുണ്ടംകുഴി, ഉദുമ സ്കൂളുകളുടെ കെട്ടിട നിർമ്മാണം

185 (3183) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ 3 കോടി പദ്ധതിയിൽ ഉൾപ്പെട്ട ജി.എച്ച്.എസ്.എസ്. കുണ്ടംകുഴി, ജി.എച്ച്.എസ്.എസ്. ഉദുമ എന്നീ സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിന് സാമ്പത്തികാനുമതി നൽകിയിട്ടുണ്ടോ?

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായുള്ള കിഫ്ബിയുടെ 3 കോടി രൂപ ധനസഹായത്തോടെ ഭൗതിക സാഹചര്യവികസനത്തിന് തെരഞ്ഞെടുത്ത ജി.എച്ച്.എസ്.എസ്. കുണ്ടംകുഴി, ജി.എച്ച്.എസ്.എസ്. ഉദുമ എന്നിവയ്ക്ക് ഭരണാനുമതി നൽകി എസ്.പി.വി.-യായി കിലയെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. പ്രസ്തുത സ്കൂളുകളുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ച് കിഫ്ബി അംഗീകരിക്കുന്ന മുറയ്ക്ക് കിഫ്ബിയാണ് സാമ്പത്തികാനുമതി നൽകുന്നത്. ജി.എച്ച്.എസ്.എസ്. ഉദുമയുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ചിരുന്നു. പ്രസ്തുത ഡി.പി.ആർ. പുനഃപരിശോധിക്കുന്നതിന് കിഫ്ബിയിൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ജി.എച്ച്.എസ്.എസ്. കുണ്ടംകുഴി സ്കൂളിന്റെ ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

(ബി) ഇതിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കൾ (എസ്.പി.വി.) ആയ കിലയ്ക്ക് പകരം ഇൻകെൽ-നെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഇല്ല.

(സി) ഡി.പി.ആർ. തയ്യാറാക്കാനുള്ള ഉത്തരവ് നൽകി വർഷങ്ങളായിട്ടും പ്രവൃത്തികൾ നടപ്പിലാക്കാതെ അനിശ്ചിതമായി നീണ്ടുപോകുന്ന വിഷയം പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്.

(ഡി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

നിർമ്മാണ പ്രവർത്തനങ്ങളുടെ കാലതാമസം പരിഹരിക്കുന്നതിന് എസ്.പി.വി.-കളുടെ പ്രതിനിധികളേയും കിഫ്ബിയുടെ പ്രതിനിധിയേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള യോഗംചേർന്ന് നിർമ്മാണത്തിന്റെ തടസ്സങ്ങൾ ചർച്ച ചെയ്ത് ആവശ്യമായ പരിഹാരം കാണുന്നതിനായി തുടർനടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**എടരിക്കോട് ഗ്രാമപഞ്ചായത്തിലെ ക്ലാരി ഗവ. യു.പി. സ്കൂളിന് കെട്ടിടം**

186 (3184) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി വിദ്യാഭ്യാസ ജില്ലയിൽപ്പെട്ട എടരിക്കോട് ഗ്രാമ പഞ്ചായത്തിലെ ക്ലാരി ഗവ. യു.പി. സ്കൂളിന് പ്ലാൻ ഫണ്ടിൽനിന്നും കെട്ടിട നിർമ്മാണത്തിന് തുക അനുവദിക്കുന്നതിന് നിയോജകമണ്ഡലം എം.എൽ.എ.-യും ഗ്രാമപഞ്ചായത്തും സ്കൂൾ പി.ടി.എ.-യും നിവേദനങ്ങൾ നൽകിയിരുന്നോ;

(ബി) മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർ ഈ വിഷയത്തിൽ ശിപാർശ ചെയ്ത പ്രൊപ്പോസൽ പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് ലഭിച്ചിരുന്നോ?

(എ&ബി) ഉണ്ട്.

(സി) പ്രസ്തുത സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിന് പ്ലാൻ ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ: വിശദാംശം ലഭ്യമാക്കുമോ?

പ്ലാൻ ഫണ്ടിൽനിന്നും തുക അനുവദിച്ചിട്ടില്ല. എന്നാൽ ഗവ. യു.പി. സ്കൂൾ, ക്ലാരിക്ക് കെട്ടിട നിർമ്മാണത്തിനായി 3 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനത്തിനുള്ള എസ്.പി.വി. (SPV) ആയി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ഹയർ സെക്കണ്ടറി സ്കൂളുകളിലെ ബൈട്രാൻസ്ഫർ അധ്യാപക നിയമനം**

187 (3185) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്കാദമിക് താൽപ്പര്യം കണക്കിലെടുത്ത് ഹയർ സെക്കണ്ടറി സ്കൂളുകളിലെ ബൈട്രാൻസ്ഫർ അദ്ധ്യാപക നിയമനം പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന സീനിയോറിറ്റിയനുസരിച്ച് നടത്തുന്നതിനുള്ള ഉത്തരവ് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ സ്റ്റേ ചെയ്തത് പ്രകാരം സ്വീകരിച്ച തുടർ നടപടികൾ വ്യക്തമാക്കാമോ?

ശ്രീ. ഷിഹാബ് ജെ. എസ്. ഫയൽ ചെയ്ത 1-2-2021-ലെ O.A:(EKM)No.41/ 2016 നമ്പർ കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവുപ്രകാരം ഹയർ സെക്കണ്ടറി തസ്തികമാറ്റ നിയമനത്തിനായി നീക്കിവച്ചിട്ടുള്ള 25% ഒഴിവുകളിലേയ്ക്ക് HSA-യോടൊപ്പം UPSA/LPSA, Ministerial Staff, Lab Assistant എന്നീ വിഭാഗങ്ങളെ ഉൾപ്പെടുത്തി ക്വാട്ട നിശ്ചയിച്ചുകൊണ്ടുള്ള 1-12-2015-ലെ സർക്കാർ ഉത്തരവ് set aside ചെയ്തിട്ടുണ്ട്. 1-12-2015-ലെ G.O. ( P)No.296/15 ഉത്തരവ്

കോടതി set aside ചെയ്ത നടപടി നിലനിൽക്കേ, ഇതിന് അനുബന്ധ ഉത്തരവായി പുറപ്പെടുവിച്ച 30-1-2021-ലെ G.O.(P)No.2/2021 set aside ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ, ചട്ടം ഭേദഗതിയുമായി മുന്നോട്ടുപോകാൻ സാധിക്കുമോ എന്നതിന്റെ നിയമവശം പരിശോധിച്ചുവരുന്നു.

(ബി) ഹയർ സെക്കണ്ടറി സ്കൂളുകളിലെ ബൈട്രാൻസ്ഫർ നിയമനത്തിനായി എല്ലാ വിഷയങ്ങളിലുമായി എകദേശം എണ്ണൂറ് ഒഴിവുകൾ നാല് വർഷത്തിലേറെയായി നികത്തപ്പെടാതെയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

1-1-2016 മുതലുള്ള തസ്തികമാറ്റ ഒഴിവുകൾ കെ.പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. 1-7-2016 മുതൽ 28-12-2020 വരെയുള്ള ഒഴിവുകളിലേയ്ക്ക് 30-1-2021-ലെ സർക്കാർ ഉത്തരവുപ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പ് (ഹയർ സെക്കണ്ടറി വിഭാഗം) ഡയറക്ടർ മുഖേന നടത്തുന്നതിന് ഉത്തരവാകുകയും ആയതുപ്രകാരം HSA/ UPSA/ LPSA, Ministerial Staff, Lab Assistant എന്നീ വിഭാഗങ്ങളിൽനിന്നും അപേക്ഷ ക്ഷണിച്ച് provisional seniority list, modified provisional seniority list എന്നിവ പ്രസിദ്ധീകരിക്കുകയും ചെയ്തു. എന്നാൽ ശ്രീ. ഷിഹാബ്. ജെ. എസ് ഫയൽ ചെയ്ത OA(EKM)No.41/2016 നമ്പർ കേസിലെ 1-2-2021-ലെ ബഹു.കോടതി ഉത്തരവ് പ്രകാരം ഹയർ സെക്കണ്ടറി തസ്തികമാറ്റ നിയമനത്തിനായി നീക്കിവച്ചിട്ടുള്ള 25% ഒഴിവുകളിലേയ്ക്ക് HSA-യോടൊപ്പം UPSA/LPSA/Ministerial Staff, Lab Assistant എന്നീ വിഭാഗങ്ങളെ ഉൾപ്പെടുത്തി ക്വാട്ട നിശ്ചയിച്ചുകൊണ്ടുള്ള 1-12-2015-ലെ സർക്കാർ ഉത്തരവ് set aside ചെയ്തിട്ടുണ്ട്. മേൽസാഹചര്യത്തിൽ set aside ഒഴിവാക്കുന്ന മുറയ്ക്ക് മാത്രമേ തസ്തികമാറ്റ പ്രക്രിയ പൂർത്തിയാക്കുവാൻ സാധിക്കുകയുള്ളൂ.

(സി) കൊറോണ പ്രതിസന്ധിയിൽ സ്കൂൾ തുറന്ന് പ്രവർത്തിക്കാത്തതിനാലും പ്രൊമോഷൻ നടപടികളും പോസ്റ്റ് ക്രിയേഷനും സമയബന്ധിതമായി നടക്കാത്ത തിനാലും നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങൾ വളരെ കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. 2020-ലെ Junior to Senior By Transfer നടപടികൾ പൂർത്തി യായിട്ടുണ്ട്. ടി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പോസ്റ്റ് ക്രിയേഷൻ വേണ്ട കേസുകളിൽ അതുസംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നമുറയ്ക്ക് ഹയർ സെക്കണ്ടറി സ്പെഷ്യൽ റൂൾസ് പ്രകാരം ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

(ഡി) സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാൻ പോകുന്ന സാഹചര്യത്തിൽ അക്കാദമിക് താൽപ്പര്യം മുൻനിർത്തിയും നിലവിലെ റാങ്ക് ലിസ്റ്റുകളുടെ കാലാവധി തീരാറായത് പരിഗണിച്ചും ബൈട്രാൻസ്ഫർ നിയമനത്തിനായി നീക്കിവച്ച ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിന് താൽക്കാലികമായി നൽകാമോ; വിശദമാക്കുമോ;

(ഇ) സ്കൂളുകൾ തുറക്കുന്നതിന് മുമ്പ് എല്ലാ ഒഴിവുകളും നികത്തുമെന്ന് പ്രഖ്യാപിച്ചിട്ടും നാലുവർഷത്തിലധികമായ ഒഴിവുകൾ അകാരണമായി മാറ്റിവച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഒഴിവുകളിലേയ്ക്ക് പി. എസ്.സി. റാങ്ക് ലിസ്റ്റിൽനിന്ന് നിയമനം നൽകാത്തത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

(ഡി&ഇ) 16-4-2001-ലെ ഹയർ സെക്കണ്ടറി സ്പെഷ്യൽ റൂൾസ് പ്രകാരമാണ് വിവിധ എച്ച്.എസ്.എസ്.റ്റി./എച്ച്.എസ്.എസ്.റ്റി. ജൂനിയർ തസ്തികകളിൽനിന്നും തസ്തികമാറ്റ ഒഴിവുകൾ നീക്കിവയ്ക്കുന്നത്. 1-1-2016 മുതലുള്ള തസ്തികമാറ്റ ഒഴിവുകൾക്ക് HSA-യോടൊപ്പം UPSA/LPSA, Ministerial Staff, Lab Assistant എന്നിവർക്ക് പ്രത്യേക ക്വാട്ട അനുവദിച്ചുള്ള സർക്കാർ ഉത്തരവും 1-1-2016 മുതൽ 28-12-2020 വരെയുള്ള ഒഴിവുകളിലെ തസ്തികമാറ്റം പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന നടത്തേണ്ടതാണെന്നുള്ള 30-1-2021-ലെ സർക്കാർ ഉത്തരവും 1-2-2021-ലെ ഉത്തരവുപ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ set aside ചെയ്തിട്ടുണ്ട്. ആയതിനാൽ set aside ഒഴിവാക്കുന്ന മുറയ്ക്ക് മാത്രമേ തസ്തികമാറ്റ ഒഴിവുകൾ നികത്തുവാൻ കഴിയുകയുള്ളൂ. തസ്തികമാറ്റ ഒഴിവുകൾ സ്പെഷ്യൽ റൂൾസ് പ്രകാരം മാറ്റി വയ്ക്കപ്പെടുന്നതായതിനാൽ ആയത് നേരിട്ടുള്ള നിയമനത്തിനായി നീക്കിവയ്ക്കാൻ കഴിയുകയില്ല.

## എച്ച്.എസ്.എസ്.ടി. തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ

188 (3186) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവ. ഹയർ സെക്കണ്ടറിയിൽ എച്ച്.എസ്.എസ്.ടി. തസ്തികയിലേയ്ക്കുള്ള പ്രൊമോഷനായി ഡി.പി.സി. ലിസ്റ്റിൽ ഉയർന്ന സീനിയോറിറ്റി ഉണ്ടായിട്ടും 10-9-2021-ലെ വിവിധ ഉത്തരവുകൾ പ്രകാരമുള്ള പ്രൊമോഷനിൽനിന്ന് ഒഴിവാക്കപ്പെട്ട അദ്ധ്യാപകരുടെ വിവരം വിഷയാടിസ്ഥാനത്തിൽ നൽകാമോ?

എച്ച്.എസ്.എസ്.ടി സുവോളജി വിഷയത്തിൽ സീരിയൽ നമ്പർ 1 ആയി ഉൾപ്പെട്ടിരുന്ന ശ്രീമതി കെ.പി.-ക്ക് എച്ച്.എസ്.എസ്.ടി. ആയി നിയമനം നൽകിയിരുന്നില്ല. 2-8-2021-ലെ എഡി.സി3/180537/20/ഡി.ജി.ഇ. നമ്പർ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട മറ്റെല്ലാവർക്കും എച്ച്.എസ്.എസ്.ടി ആയി നിയമനം നൽകിയിട്ടുണ്ട്.

(ബി) ഡി.പി.സി. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും ഇവരെ ഒഴിവാക്കിയതിന്റെ കാരണം വിശദമാക്കാമോ; ഇവർ ഒഴിവാക്കപ്പെട്ടതുമൂലമുണ്ടായ ഒഴിവുകൾ നികത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ മതിയായ എണ്ണം അദ്ധ്യാപകരെ ഡി.പി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുമോ; വ്യക്തമാക്കുമോ?

സർവ്വീസിൽനിന്നും വിരമിച്ചതിനാലാണ് ശ്രീമതി കെ.പി-ക്ക് നിയമനം നൽകാതിരുന്നത്. ടി ഒഴിവ് അടുത്ത് നടക്കുന്ന എച്ച്.എസ്.എസ്.ടി. (ജൂനിയർ) അദ്ധ്യാപകരുടെ എച്ച്.എസ്.എസ്.ടി. ആയുള്ള തസ്തികമാറ്റ നിയമനത്തിൽ ഉൾപ്പെടുത്തി നികത്തുന്നതാണ്.

(സി) ഗവ. ഹയർ സെക്കണ്ടറിയിൽ എച്ച്.എസ്.എസ്.ടി. തസ്തികയിലേയ്ക്കുള്ള പ്രൊമോഷനായി ഡി.പി.സി. ലിസ്റ്റ് കൃത്യതയോടെ തയ്യാറാക്കാത്തത് കാരണം ഒഴിവുകൾ പൂർണ്ണമായി നികത്താൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡി.പി.സി.-കൾ സമയബന്ധിതമായി ചേർന്ന് ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഗവ. ഹയർ സെക്കണ്ടറിയിൽ 2020-ൽ നിലവിൽവന്ന സീനിയർ ഒഴിവുകളിലേയ്ക്ക് 10-9-2021-ലെ വിവിധ ഉത്തരവുകൾപ്രകാരം എച്ച്.എസ്.എസ്.ടി. തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭിച്ച അദ്ധ്യാപകർ റിലിങ്ക്വിഷ് ചെയ്തതുമൂലമുണ്ടായ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ?

10-9-2021-ലെ ഉത്തരവുപ്രകാരം എച്ച്.എസ്.എസ്.ടി. തസ്തികയിലേയ്ക്ക് നിയമനം ലഭിച്ച അദ്ധ്യാപകർ, റിലിങ്ക്വിഷ് ചെയ്ത ഒഴിവുകൾ അടുത്ത ഡി.പി.സി.-യിൽ ഉൾപ്പെടുത്തി നികത്താൻ കഴിയുന്നതാണ്.

## സർക്കാർ ഹയർ സെക്കണ്ടറി ബാച്ചുകളുടെ തസ്തിക പുനഃസൃഷ്ടിക്കൽ

189 (3187) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018, 2019 വർഷങ്ങളിൽ മതിയായ പഠിതാക്കൾ ഇല്ലാത്തതിനാൽ മാറ്റി നൽകപ്പെട്ട സർക്കാർ ഹയർ സെക്കണ്ടറി ബാച്ചുകളുടെ തസ്തിക പുനഃസൃഷ്ടിക്കൽ നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) 2014-15, 2015-16 അദ്ധ്യയന വർഷങ്ങളിൽ ആരംഭിച്ചതും മതിയായ പഠിതാക്കളില്ലാത്തതിനാൽ തസ്തിക സൃഷ്ടിച്ചിട്ടില്ലാത്തതുമായ സർക്കാർ ഹയർ സെക്കണ്ടറി ബാച്ചുകളുടെ തസ്തിക സൃഷ്ടിക്കൽ നടപടിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത ബാച്ചുകളിലെ 2019-20, 2020-21 അദ്ധ്യയന വർഷങ്ങളിലെ കുട്ടികളുടെ എണ്ണം ബാച്ച് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

(എ&ബി) 31-7-2014-ലെ സ.ഉ. (സാധാ) നമ്പർ 143/14/പൊ.വി.വ. ഉത്തരവുപ്രകാരം പുതിയതായി ആരംഭിച്ച ഹയർ സെക്കണ്ടറി സ്കൂളുകളിലും/ അഡീഷണൽ ബാച്ചുകളിലും 2014-15 അദ്ധ്യയന വർഷത്തിൽ 40 കുട്ടികളും 2015-16 അദ്ധ്യയന വർഷം മുതൽ തുടർച്ചയായി 3 വർഷം മതിയായ എണ്ണം (പ്ലസ് വണ്ണിലും

പ്ലസ് ടൂവിലും 50 കുട്ടികൾ വീതം) കുട്ടികളുണ്ടെങ്കിൽ മാത്രമേ തസ്തിക നിർണ്ണയത്തിന് പരിഗണിക്കുകയുള്ളൂ. ടി വ്യവസ്ഥ പാലിച്ചുകൊണ്ടുള്ള ഗവ.ഹയർ സെക്കണ്ടറി സ്കൂളുകളിൽ തസ്തിക സൃഷ്ടിക്കുന്നതിന് പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. ഐ.സി.റ്റി. സെൽ റിപ്പോർട്ട് പ്രകാരം പ്രസ്തുത ബാച്ചുകളിലെ 2019-20, 2020-21 അദ്ധ്യയന വർഷങ്ങളിലെ കുട്ടികളുടെ എണ്ണം ബാച്ച് അടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു.*

(സി) സർക്കാർ ഹയർ സെക്കണ്ടറി ജൂനിയർ തസ്തികകളുടെ മുൻ റാങ്ക് ലിസ്റ്റുകളിൽനിന്നുള്ള നിയമനങ്ങളുടെ എണ്ണവും ഇപ്പോഴത്തെ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങളുടെ എണ്ണവും വിഷയാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(ഡി) സർക്കാർ ഹയർ സെക്കണ്ടറി ജൂനിയർ തസ്തികകളുടെ ബൈ ട്രാൻസ്ഫർ നിയമനങ്ങൾക്കായി നിലവിൽ പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്തിരിക്കുന്ന ഒഴിവുകളുടെ എണ്ണം വിഷയാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; പ്രസ്തുത ഒഴിവുകൾ എപ്രകാരം നികത്തപ്പെടുമെന്ന് വ്യക്തമാക്കാമോ?

സർക്കാർ ഹയർ സെക്കണ്ടറി ജൂനിയർ തസ്തികകളുടെ ബൈട്രാൻസ്ഫർ നിയമനങ്ങൾക്കായി നിലവിൽ പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്തിരിക്കുന്ന ഒഴിവുകളുടെ എണ്ണം ചുവടെ ചേർക്കുന്നു :

| Subject | No. of vaccancy |
|---|---|
| (1) | (2) |
| HSST (Jr) Maths | 55 |
| HSST (Jr) Commerce | 82 |
| HSST (Jr) Geography | 7 |
| HSST (Jr) Chemistry | 15 |
| HSST (Jr) English | 54 |
| HSST (Jr) Economics | 13 |

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| (1) | (2) |
|---|---|
| HSST (Jr) Malayalam | 40 |
| HSST (Jr) Sanskrit | 6 |
| HSST (Jr) Journalism | 1 |
| HSST (Jr) Botany | 39 |
| HSST (Jr) Sociology | 10 |
| HSST (Jr) Kannada | 1 |
| HSST (Jr) Hindi | 33 |
| HSST (Jr) Urudu | 3 |
| HSST (Jr) Arabic | 6 |
| HSST (Jr) Computer Science | 21 |
| HSST (Jr) Zoology | 55 |
| HSST (Jr) History | 7 |
| HSST (Jr) Political Science | 18 |
| HSST (Jr) Physics | 50 |

1-2-2021-ലെ OA(EKM)No.41/2016 നമ്പർ കേസിലെ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധി പ്രകാരം ഹയർ സെക്കണ്ടറി തസ്തികമാറ്റ നിയമനത്തിനായി നീക്കിവച്ചിട്ടുള്ള 25% ഒഴിവുകളിലേയ്ക്ക് HSA-യോടൊപ്പം UPSA/LPSA, Ministerial Staff, Lab Assistant എന്നീ വിഭാഗങ്ങളെ ഉൾപ്പെടുത്തി ക്വാട്ട നിശ്ചയിച്ചുകൊണ്ടുള്ള 1-12-2015-ലെ സർക്കാർ ഉത്തരവ് റദ്ദാക്കിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ തുടർനടപടികൾ പരിശോധിച്ച് തീരുമാനിക്കേണ്ടതുണ്ട്.

## പ്ലസ് വൺ പ്രവേശനം

190 (3188) ശ്രീ. പി. കെ. ബഷീർ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലപ്പുറം ജില്ലയിൽ പ്ലസ് വണ്ണിന് അർഹത നേടിയ കുട്ടികളുടെ എണ്ണം മറ്റു ജില്ലകളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കൂടുതലാണെന്ന കാര്യം പരിഗണിച്ച് പുതിയ സ്കൂളുകളും അധിക ബാച്ചുകളും അടിയന്തരമായി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

മാനേജ്മെന്റ് ക്വാട്ട, കമ്മ്യൂണിറ്റി ക്വാട്ട അൺ-എയ്ഡഡ് ബാച്ചുകൾ എന്നിവയിലും പ്രവേശനം നടന്നുകൊണ്ടിരിക്കുകയാണ്. താലൂക്കുതല വിഷയ കോമ്പിനേഷൻ തിരിച്ചുള്ളകണക്കുകൾ അവലോകനം നടത്തി ഉചിതമായ തീരുമാനം സ്വീകരിക്കുന്നതാണ്.

## പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പ്ലസ് വൺ പ്രവേശനം

191(3189) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനത്തിന് അപേക്ഷിച്ച പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ; ഇതിൽ നാളിതുവരെ പ്രവേശനം ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം എത്ര?

സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനത്തിന് ഹയർ സെക്കണ്ടറിയിൽ 7139 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ അപേക്ഷിക്കുകയും 5438 പേർക്ക് പ്രവേശനം ലഭിക്കുകയും ചെയ്തിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ 654 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ അപേക്ഷിക്കുകയും 322 വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗ വിദ്യാർത്ഥികൾ കൂടുതലുള്ള പ്രദേശങ്ങളിലെ സ്കൂളുകളിൽ പ്ലസ് വൺ പ്രവേശനത്തിന് അപേക്ഷിച്ച എല്ലാ കുട്ടികൾക്കും അതേ സ്കൂളുകളിൽ പ്രവേശനം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മേൽപ്പറഞ്ഞ കുട്ടികൾ താമസ സൗകര്യത്തിന്റെയും യാത്രാ സൗകര്യത്തിന്റെയും അഭാവത്താൽ മറ്റ് പ്രദേശങ്ങളിലെ സ്കൂളുകളിൽ ഓപ്ഷൻ നൽകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓരോ ബാച്ചിലും 8 ശതമാനം സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. മതിയായ അപേക്ഷകരില്ലെങ്കിൽ മാത്രമേ ഇത്തരം സീറ്റുകൾ മറ്റ് വിഭാഗങ്ങൾക്ക് നൽകുകയുള്ളൂ. അധിക സീറ്റ് സൃഷ്ടിച്ചുപോലും പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കെല്ലാം പ്രവേശനം ഉറപ്പാക്കുന്നുണ്ട്.

(സി) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അവർ അപേക്ഷിച്ച വിദ്യാലയത്തിൽ തന്നെ പ്രവേശനം ലഭിക്കുന്ന തരത്തിൽ സംവരണ സീറ്റുകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകാമോ?

ആദിവാസികൾ കൂടുതലുള്ള മേഖലയിൽ ജനിച്ചുവളർന്ന ആദിവാസി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി വിവിധ സ്ഥലങ്ങളിൽ പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ഹോസ്റ്റൽ സൗകര്യങ്ങളോടുകൂടിയ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ഇപ്പോൾ നിലവിലുണ്ട്. അധിക സീറ്റ് സൃഷ്ടിച്ചുപോലും പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കെല്ലാം പ്രവേശനം ഉറപ്പാക്കുന്നുണ്ട്.

## കാസർഗോഡ് ജില്ലയിലെ പ്ലസ് വൺ സീറ്റുകൾ

192 (3190) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഏകജാലക സംവിധാനം വഴി പ്ലസ് വൺ പ്രവേശനത്തിന് എത്ര വിദ്യാർത്ഥികളാണ് അപേക്ഷ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; എത്ര കുട്ടികൾക്ക് പ്രവേശനം ലഭിച്ചുവെന്ന് വിശദമാക്കാമോ?

ഏകജാലക സംവിധാനംവഴി ഹയർ സെക്കണ്ടറിയിൽ കാസർഗോഡ് ജില്ലയിൽ 19653 വിദ്യാർത്ഥികളാണ് അപേക്ഷ നൽകിയിട്ടുള്ളത്. അതിൽ 12891 വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ 1742 വിദ്യാർത്ഥികൾ അപേക്ഷ നൽകിയിട്ടുള്ളതിൽ മൂന്നാംഘട്ട അലോട്ട്മെന്റ് വരെ 1203 പേർക്ക് (വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ മൂന്ന് അലോട്ട്മെന്റുകളുണ്ട്) പ്രവേശനം ലഭിച്ചിട്ടുണ്ട്.

(ബി) ജില്ലയിൽ നിലവിൽ എത്ര പ്ലസ് വൺ സീറ്റുകളാണ് ഒഴിഞ്ഞു കിടക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രവേശനം ലഭിക്കാതെ എത്ര കുട്ടികളാണ് ജില്ലയിൽ ബാക്കിയുള്ളതെന്ന് അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ നിലവിൽ ഹയർ സെക്കണ്ടറിയിൽ 967 പ്ലസ് വൺ സീറ്റുകൾ ഒഴിഞ്ഞുകിടപ്പുണ്ട്. 2821 വിദ്യാർത്ഥികൾക്കാണ് പ്രവേശനം ലഭിക്കാത്തത്. വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ 387 സീറ്റുകൾ ഒഴിഞ്ഞു

കിടക്കുന്നുണ്ട്. അപേക്ഷകരിൽ ഇനിയും അഡ്മിഷൻ നേടാത്തവരുടെ എണ്ണം - (അലോട്ട്മെന്റ് ലഭിച്ചിട്ടും ജോയിൻ ചെയ്യാത്തവർ, ടി.സി. വാങ്ങിയവർ എന്നിവർ ഒഴികെ) 239.

(സി) ജില്ലയിൽ ഐ.ടി.ഐ., പോളിടെക്നിക് എന്നിവിടങ്ങളിൽ എത്ര സീറ്റുകളാണ് നിലവിലുള്ളതെന്നും പ്രവേശന നടപടികൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ?

കാസർഗോഡ് ജില്ലയിൽ ഗവ. ഐ.ടി.ഐ.-കളിൽ 1652 സീറ്റുകളും പ്രൈവറ്റ് ഐ.ടി.ഐ.-കളിൽ 328 സീറ്റുകളും നിലവിലുണ്ട്. ഐ.ടി.ഐ.-കളിൽ ഒക്ടോബർ 1 മുതൽ പ്രവേശന നടപടികൾ ആരംഭിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ സർക്കാർ/എയ്ഡഡ്/സ്വാശ്രയ പോളിടെക്നിക് കോളേജുകളിലായി ആകെ 741 സീറ്റുകളാണ് നിലവിലുള്ളത്. നിലവിൽ അഡ്മിഷൻ നടപടിക്രമങ്ങളിലെ മൂന്ന് അലോട്ട്മെന്റുകൾക്കുശേഷമുള്ള ആദ്യ സ്പോട്ട് അഡ്മിഷൻ നടന്നുകൊണ്ടിരിക്കുന്നു.

(ഡി) പ്ലസ് വൺ, ഐ.ടി.ഐ., പോളിടെക്നിക് എന്നിവിടങ്ങളിൽ പ്രവേശനം ലഭിക്കാത്ത കാസർഗോഡ് ജില്ലയിലെ വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് എന്ത് സംവിധാനമാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; പുതിയ ബാച്ചുകളും അഡീഷണൽ ബാച്ചുകളും ഈ വർഷം തന്നെ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

2021-22 അദ്ധ്യയന വർഷത്തെ ഹയർ സെക്കണ്ടറി പ്രവേശനത്തിന്റെ മുഖ്യഘട്ടത്തിലെ അവസാനത്തെ അലോട്ട്മെന്റ്, എയ്ഡഡ് സ്കൂളുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലെ അലോട്ട്മെന്റ്, എയ്ഡഡ് സ്കൂളുകളിലെ മാനേജ്മെന്റ് ക്വാട്ട പ്രവേശനം, അൺ-എയ്ഡഡ് സ്കൂളുകളിലെ പ്രവേശനം എന്നിവ പൂർത്തീകരിക്കുന്ന 2021 ഒക്ടോബർ 23-നശേഷം ഹയർ സെക്കണ്ടറി പ്രവേശനത്തിന്റെ സപ്ലിമെന്ററി അലോട്ട്മെന്റുകൾ ആരംഭിക്കുന്നതിന് മുൻപായി സംസ്ഥാനത്തെ എല്ലാ ജില്ലകളുടെയും സ്ഥിതി വിശദമായി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## മലപ്പുറം, കോഴിക്കോട്, കാസർഗോഡ്, കണ്ണൂർ, പാലക്കാട് ജില്ലകളിലെ വിദ്യാലയങ്ങളിൽ പ്ലസ് വൺ പ്രവേശനം

193 (3191) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം, കോഴിക്കോട്, കാസർഗോഡ്, കണ്ണൂർ, പാലക്കാട് ജില്ലകളിൽ എത്ര വിദ്യാർത്ഥികളാണ് പ്ലസ് വൺ സീറ്റിനായി അപേക്ഷിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

മലപ്പുറം, കോഴിക്കോട്, കാസർഗോഡ്, കണ്ണൂർ, പാലക്കാട് ജില്ലകളിൽ ഹയർ സെക്കണ്ടറിയിൽ അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ എണ്ണം താഴെപ്പറയും പ്രകാരമാണ്. മലപ്പുറം - 77837, കോഴിക്കോട് - 48606 കാസർഗോഡ് - 19653, കണ്ണൂർ - 37289, പാലക്കാട് - 43010 വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ എണ്ണം മലപ്പുറം - 5374, കോഴിക്കോട് - 6485, കാസർഗോഡ് - 1742, കണ്ണൂർ - 1857, പാലക്കാട് - 3726.

(ബി) പ്രസ്തുത ജില്ലകളിൽ സർക്കാർ വിദ്യാലയങ്ങളിൽ എത്ര പ്ലസ് വൺ സീറ്റുണ്ടെന്ന് വ്യക്തമാക്കാമോ;

പ്രസ്തുത ജില്ലകളിലെ സർക്കാർ വിദ്യാലയങ്ങളിലെ ഹയർ സെക്കണ്ടറി സീറ്റുകളുടെ എണ്ണം : മലപ്പുറം - 27120, കോഴിക്കോട് - 15600, കാസർഗോഡ് - 10260, കണ്ണൂർ - 17460, പാലക്കാട് - 15489. വൊക്കേഷണൽ ഹയർ സെക്കണ്ടറി സീറ്റുകളുടെ എണ്ണം: മലപ്പുറം - 2580, കോഴിക്കോട് - 1920, കാസർഗോഡ് - 1350, കണ്ണൂർ - 1620, പാലക്കാട് - 1470

(സി) പ്രസ്തുത ജില്ലകളിൽ എയ്ഡഡ് വിദ്യാലയങ്ങളിൽ എത്ര പ്ലസ് വൺ സീറ്റുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിൽ മെറിറ്റ്, മാനേജ്മെന്റ് സീറ്റുകൾ എത്രയെന്ന് വിശദമാക്കാമോ?

പ്രസ്തുത ജില്ലകളിൽ എയ്ഡഡ് വിദ്യാലയങ്ങളിൽ ഹയർ സെക്കണ്ടറിയിലെ സീറ്റുകൾ സംബന്ധിച്ച വിശദവിവരം താഴെ ചേർക്കുന്നു :

| ജില്ലയുടെ പേര് | മെറിറ്റ് സീറ്റുകളുടെ എണ്ണം | മാനേജ്മെന്റ് സീറ്റുകളുടെ എണ്ണം |
|---|---|---|
| മലപ്പുറം | 18768 | 4452 |
| കോഴിക്കോട് | 15684 | 3756 |
| കാസർഗോഡ് | 3504 | 876 |
| കണ്ണൂർ | 10440 | 2520 |
| പാലക്കാട് | 10980 | 2520 |

വൊക്കേഷണൽ ഹയർ സെക്കണ്ടറിയിലെ സീറ്റുകൾ സംബന്ധിച്ച വിശദ വിവരം താഴെ ചേർക്കുന്നു :

| ജില്ലയുടെ പേര് | സീറ്റുകളുടെ എണ്ണം | മെരിറ്റ് സീറ്റുകളുടെ എണ്ണം | മാനേജ്മെന്റ് സീറ്റുകളുടെ എണ്ണം |
|---|---|---|---|
| മലപ്പുറം | 210 | 168 | 42 |
| കോഴിക്കോട് | 690 | 552 | 138 |
| കാസർഗോഡ് | 240 | 192 | 48 |
| കണ്ണൂർ | 60 | 48 | 12 |
| പാലക്കാട് | 600 | 480 | 120 |

(ഡി) പ്രസ്തുത ജില്ലകളിൽ അൺ എയ്ഡഡ് വിദ്യാലയങ്ങളിൽ എത്ര പ്ലസ് വൺ സീറ്റുണ്ട് എന്ന് വ്യക്തമാക്കാമോ?

പ്രസ്തുത ജില്ലകളിൽ അൺ എയ്ഡഡ് വിദ്യാലയങ്ങളിലെ പ്ലസ് വൺ സീറ്റുകളുടെ എണ്ണം: മലപ്പുറം-11275, കോഴിക്കോട്-5272, കാസർഗോഡ്-2078, കണ്ണൂർ-2417, പാലക്കാട്-4117

## വയനാട് ജില്ലയിലെ പ്ലസ് വൺ പ്രവേശനം

194 (3192) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ എത്ര വിദ്യാർത്ഥികൾക്ക് പ്ലസ് വൺ സീറ്റുകളിലേയ്ക്കുള്ള അലോട്ട്മെന്റിനുശേഷം അഡ്മിഷൻ ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ?

നിലവിൽ ഹയർ സെക്കണ്ടറിയിൽ വയനാട് ജില്ലയിൽ 2730 വിദ്യാർത്ഥി കൾക്കാണ് ഇനി പ്രവേശനം ലഭിക്കുവാനുള്ളത്. വി.എച്ച്.എസ്.ഇ.-യിൽ 789 വിദ്യാർത്ഥികൾക്കാണ് പ്രവേശനം ലഭിക്കാനുള്ളത്.

(ബി) ജില്ലയിലെ എസ്.എസ്.എൽ.സി. വിജയിച്ച മുഴുവൻ വിദ്യാർത്ഥികൾക്കും പ്ലസ് വൺ അഡ്മിഷൻ ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

മുഖ്യഘട്ട അലോട്ട്മെന്റ് പൂർത്തീകരിക്കുന്ന 2021 ഒക്ടോബർ 23-നുശേഷം സപ്ലിമെന്ററി അലോട്ട്മെന്റുകൾ ആരംഭിക്കുന്നതിനു മുൻപായി സംസ്ഥാനത്തെ എല്ലാ ജില്ലകളുടെയും സ്ഥിതി വിശദമായി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## എല്ലാ വിഷയങ്ങളിലും എ പ്ലസ് ലഭിച്ച മുഴുവൻ വിദ്യാർത്ഥികൾക്കും പ്രവേശനം ലഭിക്കാത്ത സാഹചര്യം

195(3193) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലസ് വൺ രണ്ടാം അലോട്ട്മെന്റ് പൂർത്തിയായപ്പോൾ എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങളിലും എ പ്ലസ് ലഭിച്ച മുഴുവൻ വിദ്യാർത്ഥികൾക്കും അഡ്മിഷൻ ലഭ്യമാക്കാൻ സാധിച്ചിട്ടില്ല എന്നത് വസ്തുതയാണോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

2021-22 അദ്ധ്യയന വർഷത്തെ ഹയർ സെക്കണ്ടറി പ്രവേശനത്തിന്റെ മുഖ്യ ഘട്ടത്തിലെ രണ്ടാമത്തെ/അവസാനത്തെ അലോട്ട്മെന്റിലെ പ്രവേശന നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. അതോടൊപ്പം മാനേജ്മെന്റ് ക്വാട്ട, കമ്മ്യൂണിറ്റി ക്വാട്ട, അൺ-എയ്ഡഡ് ബാച്ചുകൾ എന്നിവയിലും പ്രവേശനം നടക്കുന്നുണ്ട്. ഈ പ്രവേശന നടപടികൾ പൂർത്തീകരിച്ചശേഷം അവശേഷിക്കുന്ന അപേക്ഷകരുടേയും സീറ്റുകളുടേയും കണക്കെടുത്ത് എല്ലാവർക്കും പഠിക്കാനാവശ്യമായ സീറ്റ് ക്രമീകരണങ്ങൾ ആവശ്യമുള്ള മേഖലകളിൽ ചെയ്യുന്നതായിരിക്കും.

(ബി) എല്ലാ വിഷയങ്ങളിലും എ പ്ലസ് ലഭിച്ച വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകാൻ സാധിക്കുന്നില്ല എന്നതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്?

കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ വിദ്യാർത്ഥികൾക്ക് ഫോക്കസ് ഏരിയ നൽകി അതിൽനിന്നും വേണ്ടുന്നതിന്റെ ഇരട്ടി ചോയ്സുകൾ നൽകി പരമാവധി മാർക്കിന്റെ ഇരട്ടി മാർക്ക് വരെ ലഭിക്കത്തക്കവിധം എസ്.എസ്.എൽ.സി പരീക്ഷ നടത്തിയതിന്റെ ഫലമായി എല്ലാ വിഷയത്തിനും എ പ്ലസ് ലഭിച്ച വിദ്യാർത്ഥി കളുടെ എണ്ണം 125509 (ഒരു ലക്ഷത്തി ഇരുപത്തയ്യായിരത്തി അഞ്ഞൂറ്റി ഒൻപത്) ആയി വർദ്ധിക്കുകയുണ്ടായി. ഇത് കഴിഞ്ഞ വർഷത്തേതിനേക്കാൾ മൂന്ന് മടങ്ങിൽ കൂടുതലാണ്. മുഖ്യഘട്ട അലോട്ട്മെന്റ് പൂർത്തിയായപ്പോൾ 235879 (രണ്ട് ലക്ഷത്തി

മുപ്പത്തയ്യായിരത്തി എണ്ണൂറ്റി എഴുപത്തൊൻപത്) വിദ്യാർത്ഥികൾ മെരിറ്റ് ക്വാട്ടയിൽ മാത്രം പ്രവേശനം നേടിയിട്ടുണ്ട്. എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ ചുരുക്കം ചില വിദ്യാർത്ഥികൾക്ക് അവരുടെ അപേക്ഷയിൽ വളരെ കുറച്ചുമാത്രം ഓപ്ഷനുകൾ ഉൾപ്പെടുത്തിയതിന്റെ ഫലമായി അലോട്ട്മെന്റ് ലഭിച്ചിട്ടില്ല.

(സി) എല്ലാ വിഷയങ്ങളിലും എ പ്ലസ് ലഭിച്ച മുഴുവൻ വിദ്യാർത്ഥികൾക്കും അവർക്ക് ഇഷ്ടപ്പെട്ട സ്കൂളുകളിൽ ഇഷ്ടപ്പെട്ട വിഷയത്തിൽ പ്ലസ് വൺ പ്രവേശനം ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

2021-22 അദ്ധ്യയന വർഷത്തെ ഹയർ സെക്കണ്ടറി പ്രവേശനത്തിന്റെ മുഖ്യ ഘട്ടത്തിലെ അവസാനത്തെ അലോട്ട്മെന്റ്, എയ്ഡഡ് സ്കൂളുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലെ അലോട്ട്മെന്റ്, എയ്ഡഡ് സ്കൂളുകളിലെ മാനേജ്മെന്റ് ക്വാട്ട പ്രവേശനം, അൺ-എയ്ഡഡ് സ്കൂളുകളിലെ പ്രവേശനം എന്നിവ നടന്നുകൊണ്ടിരിക്കുകയാണ്. മുഖ്യഅലോട്ട്മെന്റ് പ്രവേശനത്തിനുശേഷം മെറിറ്റ് ക്വാട്ടയിൽ ഒഴിവുള്ള 33153 (മുപ്പത്തി മൂവ്വായിരത്തി ഒരുന്നൂറ്റി അൻപത്തി മൂന്ന്) സീറ്റുകളും എയ്ഡഡ് സ്കൂളുകളിലെ കമ്മ്യൂണിറ്റി ക്വാട്ടയിൽ ഒഴിവുള്ള 6438 (ആറായിരത്തി നാന്നൂറ്റി മുപ്പത്തിയെട്ട്) സീറ്റും മാനേജ്മെന്റ് ക്വാട്ടയിൽ ഒഴിവുള്ള 8988 (എണ്ണായിരത്തി തൊള്ളായിരത്തി എൺപത്തിയെട്ട്) സീറ്റുകളും സ്പോർട്ട്സ് ക്വാട്ടയിൽ ഒഴിവുള്ള 4461 (നാലായിരത്തി നാന്നൂറ്റി അറുപത്തിയൊന്ന്) സീറ്റുകളും അൺ-എയ്ഡഡ് സ്കൂളുകളിലെ ഒഴിവുള്ള 34252 (മുപ്പത്തിനാലായിരത്തി ഇരുന്നൂറ്റി അൻപത്തിരണ്ട്) സീറ്റുകളുംകൂടി ആകെ 87292 (എൺപത്തി ഏഴായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി രണ്ട്) സീറ്റുകളും ലഭ്യമാണ്. ഇതിനുപുറമേ വൊക്കേഷണൽ ഹയർ സെക്കണ്ടറി, പോളിടെക്നിക്, ഐ.ടി.ഐ. മേഖലകളിലായി 83000 സീറ്റുകളും ലഭ്യമാണ്. മാനേജ്മെന്റ് ക്വാട്ട, കമ്മ്യൂണിറ്റി ക്വാട്ട, അൺ-എയ്ഡഡ് ബാച്ചുകൾ എന്നിവയിലും പ്രവേശനം നടന്നുകൊണ്ടിരിക്കുകയാണ്. താലൂക്കുതല വിഷയ കോമ്പിനേഷൻ തിരിച്ചുള്ള കണക്കുകൾ അവലോകനം നടത്തി ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം സ്വീകരിക്കുന്നതാണ്.

## പ്ലസ് വൺ അഡ്മിഷൻ

196 (3194) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ് വൺ രണ്ടാംഘട്ട അലോട്ട്മെന്റിന് അപേക്ഷിച്ചവരുടെ എണ്ണം, അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം, ലഭിക്കാത്ത വിദ്യാർത്ഥികളുടെ എണ്ണം എന്നിവ വ്യക്തമാക്കുമോ?

2021-22 അദ്ധ്യയന വർഷത്തെ ഹയർ സെക്കണ്ടറി പ്രവേശനത്തിന്റെ ഘട്ടത്തിലെ രണ്ടാമത്തെ അലോട്ട്മെന്റിലെ പ്രവേശന നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. നിലവിലെ സ്ഥിതിവിവര കണക്കുകളനുസരിച്ച് സംസ്ഥാനത്ത് ഏകജാലക രീതിയിൽ പ്രവേശനം നടത്തുന്ന 270188 സീറ്റുകളിലേയ്ക്ക് 465219 വിദ്യാർത്ഥികൾ അപേക്ഷിക്കുകയുണ്ടായി. ഇതിൽ മാതൃജില്ലയ്ക്കുപുറമേ മറ്റ് ജില്ലകളിലും അപേക്ഷിച്ച 39489 പേരുമുണ്ടായിരുന്നു. ആയതിനാൽ പ്രവേശനം നൽകേണ്ട യഥാർത്ഥ അപേക്ഷകർ 425730 മാത്രമാണ്. രണ്ടാമത്തെ അലോട്ട്മെന്റിൽ 269533 അപേക്ഷകർക്ക് അലോട്ട്മെന്റ് ലഭിച്ചു. അതിൽ 69642 വിദ്യാർത്ഥികൾക്ക് പുതിയതായി അലോട്ട്മെന്റ് ലഭിച്ചപ്പോൾ 44707 വിദ്യാർത്ഥികൾക്ക് അവരുടെ ഉയർന്ന ഓപ്ഷനുകളിൽ പ്രവേശനം ലഭിച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷത്തെ പ്രവേശന തോതനുസരിച്ചാകെ 385530 അപേക്ഷകർ മാത്രമേ പ്ലസ് വൺ പ്രവേശനം തേടാൻ സാധ്യതയുള്ളൂ. കഴിഞ്ഞ അഞ്ച് വർഷത്തെ പ്രവേശന തോതനുസരിച്ചാണെങ്കിൽ പ്രവേശനം ലഭിക്കുന്നതിനായി രണ്ടാമത്തെ അലോട്ട്മെന്റിനുശേഷം സംസ്ഥാനത്താകെ 85316 അപേക്ഷകർ മാത്രമാണ് ശേഷിക്കുന്നത്. വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ ആകെ അപേക്ഷിച്ചവരുടെ എണ്ണം 48220-ഉം മൂന്നാംഘട്ട അലോട്ട്മെന്റ് വരെ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം 27331-ഉം (വി.എച്ച്.എസ്.ഇ.-യ്ക്ക് 3 അലോട്ട്മെന്റുകളുണ്ട്) ആണ്. അപേക്ഷകരിൽ ഇനിയും അഡ്മിഷൻ ലഭിക്കാത്ത വിദ്യാർത്ഥികളുടെ എണ്ണം 7572 (അലോട്ട്മെന്റ് ലഭിച്ചിട്ടും ജോയിൻ ചെയ്യാത്തവർ, ടി.സി. വാങ്ങിയവർ എന്നിവർ ഒഴികെ) ആണ്.

(ബി) മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടിയിട്ടും അഡ്മിഷൻ ലഭിക്കാത്ത കുട്ടികൾ എത്രയെന്ന് വ്യക്തമാക്കുമോ?

മുഖ്യഘട്ട അലോട്ട്മെന്റുകൾ പൂർത്തിയാകുന്ന 2021 ഒക്ടോബർ 23-ന് മാത്രമേ കൃത്യമായ കണക്ക് ലഭിക്കുകയുള്ളൂ. വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ അഡ്മിഷൻ ലഭിക്കാത്ത 73 കുട്ടികളുണ്ട്.

**പ്ലസ് വൺ അഡ്മിഷൻ**

197(3195) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്ലസ് വൺ രണ്ടാംഘട്ട അലോട്ട്മെന്റ് കഴിഞ്ഞതിനുശേഷം ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കാത്തതിനാൽ അഡ്മിഷൻ ഉറപ്പാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

2021-22 അദ്ധ്യയന വർഷത്തെ ഹയർ സെക്കണ്ടറി പ്രവേശനത്തിന്റെ മുഖ്യഘട്ടത്തിലെ അവസാനത്തെ അലോട്ട്മെന്റ്, എയ്ഡഡ് സ്കൂളുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലെ അലോട്ട്മെന്റ്, എയ്ഡഡ് സ്കൂളുകളിലെ മാനേജ്മെന്റ് ക്വാട്ട പ്രവേശനം, അൺ-എയ്ഡഡ് സ്കൂളുകളിലെ പ്രവേശനം എന്നിവ നടന്നുകൊണ്ടിരിക്കുകയാണ്. മുഖ്യ അലോട്ട്മെന്റ് പ്രവേശനത്തിനുശേഷം മെരിറ്റ് ക്വാട്ടയിൽ ഒഴിവുള്ള 33153 (മുപ്പത്തി മൂവ്വായിരത്തി ഒരുന്നൂറ്റി അൻപത്തി മൂന്ന്) സീറ്റുകളും എയ്ഡഡ് സ്കൂളുകളിലെ കമ്മ്യൂണിറ്റി ക്വാട്ടയിൽ ഒഴിവുള്ള 6438 (അറായിരത്തി നാന്നൂറ്റി മുപ്പത്തിയെട്ട്) സീറ്റും മാനേജ്മെന്റ് ക്വാട്ടയിൽ ഒഴിവുള്ള 8988 (എണ്ണായിരത്തി തൊള്ളായിരത്തി എൺപത്തിയെട്ട്) സീറ്റുകളും സ്പോർട്ട്സ് ക്വാട്ടയിൽ ഒഴിവുള്ള 4461 (നാലായിരത്തി നാന്നൂറ്റി അറുപത്തിയൊന്ന്) സീറ്റുകളും അൺ-എയ്ഡഡ് സ്കൂളുകളിലെ ഒഴിവുള്ള 34252 (മുപ്പത്തി നാലായിരത്തി ഇരുന്നൂറ്റി അൻപത്തിരണ്ട്) സീറ്റുകളുംകൂടി ആകെ 87292 (എൺപത്തി ഏഴായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി രണ്ട്) സീറ്റുകളും ലഭ്യമാണ്. ഇതിനുപുറമേ വൊക്കേഷണൽ ഹയർ സെക്കണ്ടറി, പോളിടെക്നിക്, ഐ.ടി.ഐ. മേഖലകളിലായി 83000 സീറ്റുകളും ലഭ്യമാണ്. മാനേജ്മെന്റ് ക്വാട്ട, കമ്മ്യൂണിറ്റി ക്വാട്ട, അൺ-എയ്ഡഡ് ബാച്ചുകൾ എന്നിവയിലും പ്രവേശനം നടന്നുകൊണ്ടിരിക്കുകയാണ്. താലൂക്കുതല വിഷയ കോമ്പിനേഷൻ തിരിച്ചുള്ള കണക്കുകൾ അവലോകനം നടത്തി ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം സ്വീകരിക്കുന്നതാണ്.

## സംസ്ഥാനത്തെ സ്കൂളുകളിൽ പ്ലസ് വൺ സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനെതിരെയുള്ള ഹൈക്കോടതി വിധി

198(3196) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. പി. ടി. തോമസ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ പ്ലസ് വൺ സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനെതിരെ കേരള ഹൈക്കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനെതിരെ വിധി പുറപ്പെടുവിച്ചിട്ടില്ല. 2020 അക്കാദമിക വർഷം ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ച WP(c) No.18096/2019 നമ്പർ കേസിന്റെ വിധിയിൽ വരുംവർഷങ്ങളിൽ സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനുമുമ്പ് ഭൗതിക സാഹചര്യങ്ങൾ പരിശോധിക്കണമെന്ന് പറഞ്ഞിട്ടുണ്ട്.

(ബി) പ്ലസ് വൺ സീറ്റ് പ്രതിസന്ധി പരിഹരിക്കാനായി പ്ലസ് വൺ സീറ്റുകൾ വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നടപടി കോടതി വിധിയുടെ ലംഘനമാണോ എന്ന് വ്യക്തമാക്കുമോ?

പ്ലസ് വൺ സീറ്റ് പ്രതിസന്ധി പരിഹരിക്കുവാനായി സീറ്റുകൾ കുറവുള്ള ഏഴ് ജില്ലകളിൽ 20% മാർജിനൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. പ്രസ്തുത കോടതി വിധിയനുസരിച്ച് ഭൗതിക സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് ഉറപ്പാക്കി അതുപ്രകാരമാണ് മാർജിനൽ വർദ്ധനവ് വരുത്തിയിട്ടുള്ളത്.

(സി) സ്കൂളുകളിലെ സീറ്റുകൾ വർദ്ധിപ്പിക്കുന്നത് അശാസ്ത്രീയമാണെന്നതിനാൽ എസ്.എസ്.എൽ.സി.-ക്ക് ഉന്നത വിജയം നേടിയ വിദ്യാർത്ഥികളുടെ തുടർ വിദ്യാഭ്യാസം ഉറപ്പുവരുത്താൻ പ്ലസ് വൺ ബാച്ചുകൾ വർദ്ധിപ്പിക്കുക മാത്രമാണ് ഏക പോംവഴിയെന്ന് കരുതുന്നുണ്ടോ?

ഇല്ല.

(ഡി) സംസ്ഥാനത്ത് പ്ലസ് വൺ അഡീഷണൽ ബാച്ചുകളുടെ ആവശ്യകത സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ഉണ്ട്. ഇതുമായി ബന്ധപ്പെട്ട സംസ്ഥാനതല കമ്മിറ്റിയുടെ 17-2-2021-ലെ അവലോകന യോഗത്തിന്റെ നടപടിക്കുറിപ്പ് അനുബന്ധമായി ചേർക്കുന്നു.*

**പ്ലസ് വൺ സീറ്റുകളുടെ കുറവ് പരിഹരിക്കൽ**

199 (3197) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ് വൺ സീറ്റുകളുടെ കുറവ് പരിഹരിക്കുന്നതിന് സർക്കാരിന് അധിക ബാധ്യതയില്ലാത്തവിധം സർക്കാർ സ്കൂളുകളിലെ കുട്ടികളില്ലാത്ത ബാച്ചുകൾ ആവശ്യമുള്ള സ്ഥലങ്ങളിലേയ്ക്ക് മാറ്റുന്നകാര്യം പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത നടപടികൾ മുൻപ് സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

മാനേജ്മെന്റ് ക്വാട്ട, കമ്മ്യൂണിറ്റി ക്വാട്ട, അൺ-എയ്ഡഡ് ബാച്ചുകൾ എന്നിവയിലും പ്രവേശനം നടന്നുകൊണ്ടിരിക്കുകയാണ്. താലൂക്കുതല വിഷയ കോമ്പിനേഷൻ തിരിച്ചുള്ള കണക്കുകൾ അവലോകനം നടത്തി ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം സ്വീകരിക്കുന്നതാണ്. മുൻ വർഷങ്ങളിൽ സീറ്റ് ലഭ്യതക്കുറവ് പരിഹരിക്കുവാൻ സർക്കാർ സ്കൂളിലെ കുട്ടികളില്ലാത്ത ബാച്ചുകൾ മാറ്റുന്ന നടപടി സ്വീകരിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഹയർ സെക്കണ്ടറി ഇല്ലാത്ത അൺ-എയ്ഡഡ് സ്കൂളുകളിൽ പുതിയ പ്ലസ് വൺ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് നയപരമായ തീരുമാനം എടുത്തിട്ടുണ്ടോ; വെളിപ്പെടുത്തുമോ?

നിലവിൽ അത്തരമൊരു തീരുമാനമെടുത്തിട്ടില്ല.

(സി) നിലവിൽ ഹയർ സെക്കണ്ടറിയുള്ള അൺ-എയ്ഡഡ് സ്കൂളുകളിൽ 20% സീറ്റ് വർദ്ധനവ് അനുവദിക്കുമോ; വിശദമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

**നീന്തൽ അറിവിന് ബോണസ് പോയിന്റ് നൽകുന്നതിന്റെ ഉദ്ദേശ്യലക്ഷ്യം**

200 (3198) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി പ്രവേശനത്തിന് നീന്തൽ അറിവിന് ബോണസ് പോയിന്റ് ലഭിക്കുന്നതിന് ഈ അദ്ധ്യയന വർഷം ജില്ലാ സ്പോർട്സ് കൗൺസിൽ നൽകുന്ന സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയത് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ബുദ്ധിമുട്ടുണ്ടാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

2010 കായിക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ സ്കൂൾ വിദ്യാർത്ഥികൾക്കും നീന്തൽ പരിശീലനം നൽകാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് 2010-11 അദ്ധ്യയന വർഷം മുതൽ ഹയർ സെക്കണ്ടറി ഏകജാലക പ്രവേശനത്തിന് നീന്തൽ അറിവുള്ള അപേക്ഷകർക്ക് 2 ബോണസ് പോയിന്റ് നൽകുവാൻ ആരംഭിച്ചത്. അപേക്ഷകൻ താമസിക്കുന്ന കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി/ ഗ്രാമപഞ്ചായത്ത് സ്പോർട്ട്സ് കൗൺസിലിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നവർക്കാണ് മുൻവർഷങ്ങളിൽ ബോണസ് പോയിന്റ് ലഭിച്ചിരുന്നത്. എന്നാൽ മുൻവർഷങ്ങളിൽ നീന്തൽ സർട്ടിഫിക്കറ്റിന്റെ ആധികാരികതയെപ്പറ്റി നിരവധി പരാതികൾ ലഭിച്ചതിനാൽ ഈ വർഷം മുതൽ സർക്കാരിന്റെ നയപരമായ തീരുമാനമനുസരിച്ച് 12-8-2021-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3667/2021/പൊ.വി.വ. പ്രകാരം അപേക്ഷകൻ ജില്ലാ സ്പോർട്ട്സ് കൗൺസിലിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) അടുത്ത അദ്ധ്യയന വർഷം മുതൽ നേരത്തെ ഉണ്ടായിരുന്നതുപോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന സർട്ടിഫിക്കറ്റ് മതിയെന്ന കാര്യം പരിഗണിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

## ഓൺലൈൻ ഗെയിമുകൾ സംബന്ധിച്ച്

201 (3199) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കോവിഡ് എന്ന മഹാമാരി തുടരുന്ന സാഹചര്യത്തിൽ ഓൺലൈൻ പഠനത്തിനായി കുട്ടികൾ മൊബൈൽ ഫോണുകൾ ഉപയോഗിച്ചുവരുന്നതിനാൽ കുട്ടികളുടെ ഫോണുകളിലേയ്ക്ക് ഓൺലൈൻ ഗെയിമുകൾ ധാരാളമായി വരുന്നതായും ഇവ കുട്ടികളുടെ പഠനത്തെ സാരമായി ബാധിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം ഓൺലൈൻ ഗെയിമുകൾ നിരോധിക്കുന്നതിനുവേണ്ടി സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കുട്ടികൾക്ക് ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിനായി ലഭ്യമാക്കിയിട്ടുള്ള മൊബൈൽ ഫോൺ, ടാബ്‌ലറ്റ്, ലാപ്‌ടോപ്പ്, കമ്പ്യൂട്ടർ എന്നിവയിലൂടെ കുട്ടികൾ നിരവധി ഓൺലൈൻ ഗെയിമുകളും മറ്റും ഉപയോഗിച്ചുവരുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന ഡിജിറ്റൽ, ഓൺലൈൻ പഠന പ്രവർത്തനങ്ങൾ വിദ്യാർത്ഥികളുടെ മാനസിക ആരോഗ്യവും സൈബർ പരിരക്ഷയും പരമാവധി ഉറപ്പുവരുത്തിക്കൊണ്ടാണ് നടത്തുന്നത്. കമ്പ്യൂട്ടറും ഇന്റർനെറ്റും എങ്ങനെ ഉപയോഗിക്കണം എന്നത് സംബന്ധിച്ച കൃത്യമായ സൈബർ സേഫ്റ്റി പ്രോട്ടോക്കോൾ വികസിപ്പിച്ച് സ്കൂളുകൾക്കും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കുമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരള പോലീസ് സൈബർ ഡോമിന്റെ നേതൃത്വത്തിൽ സുരക്ഷിതമായ ഇന്റർനെറ്റ് ഉപയോഗത്തിനും സ്മാർട്ട് ഫോൺ ഉപയോഗത്തിനും ആവശ്യമായ ബോധവത്കരണ ക്യാമ്പയിനുകൾ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കുമായി നൽകിവരുന്നുണ്ട്. വിദ്യാർത്ഥികളുടെ സൈബർ സുരക്ഷിതത്വത്തിനായി കിഡ്സ് ഗ്ലോവ് പോലെയുള്ള സൈബർ സുരക്ഷാ ബോധവത്കരണവും ഓൺലൈൻ ഗെയിമുകളുടെ ദൂഷ്യവശങ്ങളെ കുറിച്ചുള്ള പ്രചാരണവും ഓൺലൈൻ, സോഷ്യൽ മീഡിയ, പ്രിന്റഡ് മീഡിയ തുടങ്ങിയ മാധ്യമങ്ങൾ വഴിയും നടത്തുന്നുണ്ട്. കൂടാതെ ഇത്തരത്തിലുള്ള അപകടകരമായ ഗെയിമുകളെ കണ്ടെത്തുവാനും അവയുടെ പ്രവർത്തനം നിരീക്ഷിക്കുവാനും ആവശ്യമായ സൈബർ പട്രോളിംഗ് ഇന്റർനെറ്റിലും വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലും നടത്തിവരുന്നുണ്ട്. പാരന്റൽ കൺട്രോൾ ആപ്പുകളുടെയും വിവിധ ഓപ്പറേറ്റിംഗ് സിസ്റ്റത്തിൽ പാരന്റൽ കൺട്രോൾ സാധ്യമാക്കുന്ന ഫീച്ചറുകളെക്കുറിച്ചും ശരിയായ രീതിയിൽ രക്ഷിതാക്കളെയും അദ്ധ്യാപകരെയും ബോധവത്കരിക്കുന്നതിനായി അവയുടെ പ്രവർത്തന രീതികളും ഇൻസ്റ്റാൾ ചെയ്യുന്ന മാർഗ്ഗങ്ങളും ഉൾപ്പെടുത്തിയ വീഡിയോകൾ സാമൂഹ്യ മാധ്യമങ്ങളിലൂടെയും മറ്റ് മീഡിയകൾ വഴിയും രക്ഷിതാക്കളിലേയ്ക്ക് എത്തിക്കുന്നുണ്ട്.

## വിദ്യാകിരണം പദ്ധതിയിലൂടെ കുട്ടികൾക്ക് ഡിജിറ്റൽ ഉപകരണങ്ങൾ

202 (3200) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാകിരണം പദ്ധതിയിൽ സംസ്ഥാനത്ത് നാളിതുവരെ എത്ര കുട്ടികൾക്ക് ഡിജിറ്റൽ ഉപകരണങ്ങൾ നൽകിയിട്ടുണ്ട്?

ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിദ്യാകിരണം പദ്ധതിയുടെ പോർട്ടൽ 2021 ആഗസ്റ്റ് 4-നാണ് ഉദ്ഘാടനം ചെയ്തത്. 2021 ജൂലൈ 26 വരെ 'സമ്പൂർണ' ഓൺലൈൻ സ്കൂൾ മാനേജ്മെന്റ് സിസ്റ്റത്തിലൂടെ ശേഖരിച്ച കണക്കുപ്രകാരം 472445 കുട്ടികൾക്ക് ഓൺലൈൻ വിദ്യാഭ്യാസത്തിൽ പങ്കെടുക്കുന്നതിന് സാമൂഹ്യപങ്കാളിത്തത്തോടെ മാത്രം ഉപകരണങ്ങൾ ലഭ്യമാക്കേണ്ട വിഭാഗത്തിലായിരുന്നു. എന്നാൽ ഒക്ടോബർ 12 വരെയുള്ള കണക്കുപ്രകാരം പ്രസ്തുത കുട്ടികളുടെ എണ്ണം 355471 ആണ്. 'വിദ്യാകിരണം' പോർട്ടൽവഴിയുള്ള പർച്ചേസ് നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത നടപടികൾ ആരംഭിക്കുന്നതിനുമുമ്പുതന്നെ 116974 കുട്ടികൾക്ക് സാമൂഹ്യ പങ്കാളിത്തത്തോടെ ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമായി എന്നതാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതോടൊപ്പം 'വിദ്യാശ്രീ' പദ്ധതിയിൽ ലഭ്യമായ 45313 ലാപ്ടോപ്പുകൾ വിദ്യാകിരണം പദ്ധതിയുടെ ഭാഗമായി വിതരണം ചെയ്യാനും അതുവഴി മുഴുവൻ പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്കും ലാപ്ടോപ്പുകൾ നൽകാനും സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിന്റെ വിതരണം ഉടൻ ആരംഭിക്കും.

(ബി) ജില്ല അടിസ്ഥാനത്തിലുള്ള കണക്ക് പ്രത്യേകം വിശദമാക്കാമോ?

തിരുവനന്തപുരം - 974, കൊല്ലം - 1243, പത്തനംതിട്ട - 846, ആലപ്പുഴ - 762, കോട്ടയം - 966, ഇടുക്കി - 2355, എറണാകുളം - 938, തൃശ്ശൂർ - 2095, പാലക്കാട് - 7575, മലപ്പുറം - 2792, കോഴിക്കോട് - 1196, വയനാട് - 17129, കണ്ണൂർ - 2804, കാസർഗോഡ് - 3638.

## ഗൂഗിളുമായി സഹകരിച്ചുള്ള ഓൺലൈൻ വിദ്യാഭ്യാസം

203 (3201) ശ്രീ. വി. ജോയി:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓൺലൈൻ വിദ്യാഭ്യാസത്തിന് ഏകീകൃതരൂപം നൽകുന്നതിനും കൂടുതൽ ഫലപ്രദമാക്കുന്നതിനും ഗൂഗിളുമായി സഹകരിച്ച് ഒരു പുതിയ പ്ലാറ്റ്ഫോം സർക്കാർ സജ്ജീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കേരളത്തിലെ മുഴുവൻ സർക്കാർ, എയ്ഡഡ്, അംഗീകൃത അൺ-എയ്ഡഡ് സ്കൂളുകളിലേയും അദ്ധ്യാപകർക്കും കുട്ടികൾക്കും സുരക്ഷിതമായ രീതിയിൽ ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിന് ജി-സ്യൂട്ട് പ്ലാറ്റ്ഫോമിൽ പ്രത്യേക ലോഗിൻ സൗകര്യം ഒരുക്കിക്കൊണ്ട് ഘട്ടംഘട്ടമായി ഓൺലൈൻ ക്ലാസ്സുകൾ നടപ്പിലാക്കുന്നതിനാണ് കൈറ്റ് ജി-സ്യൂട്ട് സംവിധാനം ഒരുക്കിയിട്ടുള്ളത്.

(ബി) പ്രസ്തുത പ്ലാറ്റ്ഫോമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

ഡിജിറ്റൽ പഠനത്തോടൊപ്പം സുരക്ഷിതമായ രീതിയിൽ ഓൺലൈൻ പഠനവും സൗജന്യമായി ഉറപ്പുവരുത്തുക, കുട്ടികളുടെ സെൻസിറ്റീവായ വ്യക്തിഗത വിവരങ്ങൾ നൽകാതിരിക്കുക, അപ്‌ലോഡ് ചെയ്യുന്ന ഡാറ്റയിൽ സർക്കാരിന് മാസ്റ്റർ കൺട്രോൾ ഉണ്ടായിരിക്കുക, പരസ്യങ്ങൾ ഒഴിവാക്കുക, സംസ്ഥാനത്ത് ഓൺലൈൻ വിദ്യാഭ്യാസത്തിന് ഏകീകൃതരൂപം നൽകുക തുടങ്ങിയവയാണ് പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) പ്രസ്തുത പ്ലാറ്റ്ഫോം എന്നത്തേയ്ക്ക് പൂർണ്ണതോതിൽ സജ്ജമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ജി-സ്യൂട്ട് പ്ലാറ്റ്ഫോം പൂർണ്ണമായ തോതിൽ കൈറ്റ് സജ്ജമാക്കിയിട്ടുണ്ട്. ട്രയൽ, പൈലറ്റ് പ്രവർത്തനങ്ങൾക്കുശേഷം പത്താം ക്ലാസ്സിലെ എല്ലാ കുട്ടികൾക്കും ജി-സ്യൂട്ട് ഉപയോഗിച്ച് ഓൺലൈൻ ക്ലാസ് നടത്തുന്നതിനുള്ള ക്രമീകരണം പൂർത്തിയാക്കിയിട്ടുണ്ട്. ഘട്ടംഘട്ടമായി മറ്റ് ക്ലാസ്സുകളിലേയ്ക്കും പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

**ചേവായൂർ ജി.എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണം**

204 (3202) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ ഉൾപ്പെട്ട ചേവായൂർ ജി.എൽ.പി. സ്കൂൾ കെട്ടിടനിർമ്മാണത്തിന് പദ്ധതി നിലവിലുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

പ്രസ്തുത സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ടിൽ നിന്നും ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനുള്ള സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

## ഇരട്ടപ്പുഴ ഗവൺമെന്റ് എൽ.പി. സ്കൂൾ

205 (3203) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിലെ ഇരട്ടപ്പുഴ ഗവൺമെന്റ് എൽ.പി. സ്കൂളിന്റെ നിലവിലുള്ള വാടക കെട്ടിടവും സ്ഥലവും സർക്കാർ ഏറ്റെടുക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഗുരുവായൂർ നിയോജകമണ്ഡലത്തിലെ ഇരട്ടപ്പുഴ ഗവൺമെന്റ് എൽ.പി. സ്കൂളിനായി കടപ്പുറം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടുപയോഗിച്ച് സ്ഥലം ഏറ്റെടുക്കുന്ന നടപടിയുമായി മുന്നോട്ടുപോകുന്നതിന് സർക്കാരിന് എതിർപ്പില്ലായെന്ന വിവരം പ്രസ്തുത ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. കൂടാതെ ടി സ്കൂളിന്റെ നിലവിലുള്ള വാടക കെട്ടിടവും സ്ഥലവും ഏറ്റെടുക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുവാൻ തൃശ്ശൂർ ജില്ലാ കളക്ടറോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(ബി) നിലവിലുള്ള വാടക കെട്ടിടത്തിൽ ഈ സ്കൂൾ പ്രവർത്തിക്കാൻ തുടങ്ങിയത് ഏത് വർഷമാണെന്ന് വ്യക്തമാക്കാമോ; ഏത് വർഷംവരെ വാടക നൽകിയിട്ടുണ്ടെന്നും വാടക നൽകാത്തതിന്റെ കാരണവും വ്യക്തമാക്കാമോ?

1926 മുതൽ നിലവിലുള്ള വാടക കെട്ടിടത്തിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്. കഴിഞ്ഞ നാല് വർഷങ്ങളായി സ്ഥലമുടമകൾ വാടക കൈപ്പറ്റിയിട്ടില്ല. പ്രസ്തുത സ്ഥലം തിരിച്ച് വേണമെന്ന ആവശ്യത്തിൽത്തന്നെ സ്ഥലമുടമകൾ ഉറച്ചുനിൽക്കുന്നു.

(സി) സ്കൂൾ കെട്ടിടത്തിന്റെ ഉടമ സ്കൂൾ കെട്ടിടം റിപ്പയർ ചെയ്യാൻ തയ്യാറാകാത്ത സാഹചര്യത്തിൽ അടിയന്തരമായി റിപ്പയർ ചെയ്യുന്നതിന് ഗുരുവായൂർ എം.എൽ.എ. സർക്കാരിന് നൽകിയ കത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട എം.എൽ.എ. നൽകിയിട്ടുള്ള കത്ത് തുടർനടപടികൾക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് കൈമാറുകയും അതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ തുറക്കുന്നതിന്റെ പ്രാരംഭ നടപടി എന്ന നിലയിൽ സ്കൂൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി സ്കൂൾ പ്രഥമാദ്ധ്യാപിക സ്ഥലമുടമകൾക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്.

## ഉദുമ നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണ പുരോഗതി

206 (3204) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ നിയോജകമണ്ഡലത്തിൽ കിഫ്ബിയുടെ ഒരു കോടി രൂപ പദ്ധതിയിൽ ഉൾപ്പെടുത്തിയ സ്കൂളുകളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) ഏതൊക്കെ പ്രവൃത്തികൾ തുടങ്ങാൻ സാധിച്ചിട്ടുണ്ട്; ഇനി എത്ര പ്രവൃത്തികൾ ടെണ്ടർ ചെയ്യാനുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

(എ&ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഉദുമ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന ഒരു കോടി രൂപ അനുവദിച്ചിട്ടുള്ള പദ്ധതിയിൽ നിലവിൽ 15 സ്കൂളുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ഇതിൽ 3 സ്കൂളുകളുടെ നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. ശേഷിക്കുന്ന 12 സ്കൂളുകളുടേയും ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. 11 സ്കൂളുകൾക്കും ടെണ്ടർ നടപടികൾ സ്വീകരിച്ചു. 1 സ്കൂളിന്റെ ഡി.പി.ആർ. സാങ്കേതികാനുമതിക്കായി സമർപ്പിച്ചിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ജി.എച്ച്.എസ്.എസ്. ബേത്തൂർപ്പാറ, ജി.എച്ച്.എസ്.എസ്. കല്ലിയോട്ട്, ജി.യു.പി.എസ്. കോളിയടുക്കം, ജി.യു.പിഎസ്. മൂളിയാർ മാപ്പിള, ജി.എച്ച്.എസ്. ബാരെ, ജി.എച്ച്.എസ്. തച്ചങ്ങാട്, ജി.എച്ച്.എസ്. കൊളത്തൂർ, ജി.എഫ്.എച്ച്.എസ്.എസ്. ബേക്കൽ, ജി.എച്ച്.എസ്.എസ്. ചന്ദ്രഗിരി, ജി.എച്ച്.എസ്. അമ്പലത്തറ, ജി.വി.എച്ച്.എസ്.എസ്. ദേലംപാടി. എന്നീ 11 സ്കൂളുകളുടെ ഡി.പി.ആർ. കിഫ്ബിയുടെ അനുമതി ലഭ്യമായി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചവയാണ്. ജി.വി.എച്ച്.എസ്.എസ്. കുനിയ സ്കൂളിന്റെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ച് സാങ്കേതികാനുമതിക്കായി സമർപ്പിച്ചിരിക്കുന്നു. ജി.യു.പി.എസ്. ചെമ്മനാട് വെസ്റ്റ്-CRZ zone-ൽ ആയതിനാൽ NOC ലഭ്യമായാൽ മാത്രമേ നടപടി സ്വീകരിക്കാൻ കഴിയൂ. ജി.എച്ച്.എസ്.എസ്. പാക്കം, ജി.എം.യു.പി.എസ്. പള്ളിക്കര എന്നീ സ്കൂളുകൾ മറ്റൊരു കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയില്ല.

## ഗവൺമെന്റ് എൽ.പി. സ്കൂൾ ചന്തപ്പടി

207 (3205) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ ചന്തപ്പടിയിലുള്ള ഗവൺമെന്റ് എൽ.പി. സ്കൂൾ കെട്ടിടത്തിന്റെ കോൺക്രീറ്റും സിമന്റും കാലപ്പഴക്കത്താൽ അടർന്ന് ക്ലാസ് റൂമുകളിൽ വീഴുന്നത് ചൂണ്ടിക്കാണിച്ച് ഈ സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിക്കാൻ നിവേദനം നൽകിയിരുന്നോ?

നൽകിയിരുന്നു.

(ബി) മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർ ഈ വിഷയത്തിൽ ശിപാർശ ചെയ്ത പ്രൊപ്പോസൽ പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിരുന്നോ;

(സി) ടി സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിന് പ്ലാൻ ഫണ്ടിൽനിന്നും തുക അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(ബി&സി) വിശദമായ പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

**നെന്മാറ നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തികൾ**

208 (3206) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിലെ സ്കൂളുകൾ തുറക്കാൻ തീരുമാനിച്ച ഈ സാഹചര്യത്തിൽ നെന്മാറ നിയോജകമണ്ഡലത്തിലെ നെന്മാറ ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിന്റെയും വട്ടേക്കാട് ജി.യു.പി. സ്കൂളിന്റെയും നിർമ്മാണ പ്രവൃത്തികൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) ഈ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ?

(ബി&സി) നെന്മാറ ഗവൺമെന്റ് ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ 5 കോടി രൂപയുടെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിന്റെ എസ്.പി.വി.-യായി 'കൈറ്റി'നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം 71% പൂർത്തിയായിട്ടുണ്ട്. ഹൈസ്കൂൾ ബ്ലോക്കിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. ഹൈസ്കൂൾ ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയായാൽ ആഡിറ്റോറിയം ബ്ലോക്കിന്റെ നിർമ്മാണം ആരംഭിക്കുന്നതാണ്. വട്ടേക്കാട് ഗവൺമെന്റ് യു.പി. സ്കൂളിന്റെ ഒരു ബ്ലോക്കിന്റെ നിർമ്മാണം സ്കൂൾ തുറക്കുന്നതിന് മുൻപായി പൂർത്തിയാക്കുമെന്നും അവശേഷിക്കുന്നത് ഡിസംബർ മാസത്തോടെ പൂർത്തിയാക്കാനാകുമെന്നും നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ യഥാസമയം പൂർത്തിയാക്കുവാൻ നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പൊന്നാനി മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം**

209 (3207) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിൽ ഇപ്പോൾ പണി നടക്കുന്ന സ്കൂൾ കെട്ടിടങ്ങൾ ഏതൊക്കെയാണ്;

(ബി) ഏതൊക്കെ ഏജൻസികൾ മുഖേനയാണ് പണി നടക്കുന്നത്;

(സി) ഇതുവരെ പണി തുടങ്ങാത്ത സ്കൂളുകളിൽ ഏത് ഏജൻസിയാണ് പണി ഏറ്റെടുത്തിരിക്കുന്നത്?

(എ-സി) പൊന്നാനി മണ്ഡലത്തിൽ കെട്ടിട നിർമ്മാണം നടക്കുന്ന സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* ഗവൺമെന്റ് എഫ്.എൽ.പി.എസ്. കടവനാടിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ല. പൊതുമരാമത്ത് വകുപ്പാണ് പണി ഏറ്റെടുത്തിരിക്കുന്നത്.

## ഗവൺമെന്റ് മാപ്പിള വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ കെട്ടിട നിർമ്മാണം

210 (3208) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽനിന്നും 3 കോടി രൂപ പുതിയ കെട്ടിടം നിർമ്മിക്കാൻ ഗവൺമെന്റ് മാപ്പിള വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന് അനുവദിച്ചിരുന്നുവെങ്കിലും ഇതിന്റെ ഡി.പി.ആർ. ഇതുവരെ ചുമതലപ്പെടുത്തിയ ഏജൻസി പൂർത്തീകരിച്ച് നൽകാത്തത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2018-19-ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 3 കോടി രൂപ കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യ വികസനത്തിനായുള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയ സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എസ്.പി.വി.-യായി 'ഇൻകെൽ'-നെയായിരുന്നു ചുമതലപ്പെടുത്തിയിരുന്നത്. ഗവൺമെന്റ് മാപ്പിള വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, കൊയിലാണ്ടി ടി പദ്ധതിയിൽ ഉൾപ്പെട്ടിരുന്നു. പ്രസ്തുത സ്കൂളിന്റെ ഡി.പി.ആർ.-ഉം തയ്യാറാക്കിയിരുന്നു. എന്നാൽ കാലതാമസം നേരിടുന്നത് മനസിലാക്കി എസ്.പി.വി.-യായ ഇൻകെലിനെ മാറ്റി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഗവൺമെന്റ് മാപ്പിള വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ ഡി.പി.ആർ. ഇപ്പോൾ കിഫ്ബിയുടെ പരിഗണനയിലാണ്.

(ബി) ഡി.പി.ആർ. തയ്യാറാക്കുന്നത് വേഗത്തിലാക്കി നിർമ്മാണം ആരംഭിക്കുന്നതിനായി വകുപ്പ് നിർദ്ദേശം നൽകുമോ; ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

നിർമ്മാണ പ്രവർത്തനങ്ങളുടെ കാലതാമസം പരിഹരിക്കുന്നതിന് എസ്.പി.വി.-കളുടെ പ്രതിനിധികളേയും കിഫ്ബിയുടെ പ്രതിനിധിയേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള യോഗം ചേർന്ന് നിർമ്മാണത്തിന്റെ തടസ്സങ്ങൾ ചർച്ചചെയ്ത് ആവശ്യമായ പരിഹാരം കാണുന്നതിനായി തുടർനടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പൊതുവിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ ഓൺലൈൻ സ്ഥലംമാറ്റം

211 (3209) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ ഓൺലൈൻ സ്ഥലംമാറ്റത്തിൽ അഞ്ച് വർഷം ഒരു ഓഫീസിൽ തുടർച്ചയായി ജോലി ചെയ്യുന്ന ജീവനക്കാരെ മാറ്റണമെന്ന പൊതുഭരണ വകുപ്പിന്റെ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഈ വർഷത്തെ പൊതുസ്ഥലംമാറ്റം ഓൺലൈനായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ ഓൺലൈൻ സ്ഥലംമാറ്റ നടപടി പൂർത്തീകരിക്കാത്തതിനാൽ ഓഫീസുകളിൽ 5 വർഷം പൂർത്തീകരിച്ച ജീവനക്കാർ തുടരുന്നു. എന്നാൽ ഈ വർഷത്തെ ഓൺലൈൻ സ്ഥലംമാറ്റ നടപടികൾ പൂർത്തീകരിക്കുമ്പോൾ ഇവർ സ്ഥലം മാറ്റപ്പെടുന്നതാണ്.

(ബി) വിദ്യാഭ്യാസ വകുപ്പിന് കീഴിൽവരുന്ന ഓഫീസുകളിൽ അഞ്ച് വർഷത്തിൽ കൂടുതൽ കാലം ജോലി ചെയ്യുന്ന മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ താൽക്കാലികമായി സ്ഥലം മാറ്റുകയും ഓഫീസ് ഉത്തരവിലൂടെ ആറുമാസത്തിനുള്ളിൽ അതേ ഓഫീസുകളിൽത്തന്നെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള നടപടികൾ അവസാനിപ്പിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സംരക്ഷിതാദ്ധ്യാപകർ പുറത്തുനിന്ന കാലയളവ് ക്രമീകരിക്കാൻ നടപടി

212 (3210) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 8-6-2018-ലെ സ.ഉ. (കൈ) നമ്പർ 82/2018/പൊ.വി.വ. എന്ന ഉത്തരവിലെ അപ്രായോഗികതകൾ ചൂണ്ടിക്കാട്ടി പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്തെങ്കിലും പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ 8-6-2018-ലെ പ്രസ്തുത ഉത്തരവിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തുന്നത് ഉചിതമായിരിക്കും എന്നാണ് ഡയറക്ടർ അറിയിച്ചത്?

ഉണ്ട്. രണ്ട് മാറ്റങ്ങൾ വരുത്തുന്നത് ഉചിതമായിരിക്കും എന്നതാണ് അറിയിച്ചത്. ആയത് ചുവടെ ചേർക്കുന്നു:-

1. തസ്തിക നഷ്ടപ്പെട്ട സംരക്ഷിതാദ്ധ്യാപകരുടെ പുനർവിന്യസിക്കപ്പെടാത്ത അവരുടെ കാലയളവിൽ 1-6-2016 മുതൽ 4-8-2016 വരെയുള്ള കാലയളവ് ഡ്യൂട്ടിയായി പരിഗണിക്കാവുന്നതാണ്. 5-8-2016 മുതൽ പുനർവിന്യാസ തീയതി വരെയുള്ള കാലയളവ് അർഹതപ്പെട്ട അവധിയോ ശൂന്യ വേതനാവധിയായോ ക്രമീകരിക്കാവുന്നതാണ്.

2. പുനർവിന്യാസത്തിന്റെ മാനദണ്ഡങ്ങൾ പ്രസിദ്ധീകരിച്ച ഉത്തരവിന്റെ തീയതിയാണ് 5-8-2016. ഏകദേശം 4000-ഓളം പേരെ ഉത്തരവ് തീയതിയിൽത്തന്നെ പുനർവിന്യസിക്കുക എന്നത് അസാധ്യമായിരുന്നു. രണ്ട് മാസത്തിൽ കൂടുതലെടുത്താണ് അക്കാലത്ത് പുനർവിന്യാസം പൂർത്തിയാക്കിയത്. ആയതിനാൽ 1-6-2016 മുതലുള്ള ഡ്യൂട്ടിയായി പരിഗണിക്കുന്ന കാലയളവ് 4-8-2016-ൽ പരിമിതപ്പെടുത്താതെ 31-8-2016/30-9-2016 വരെ ദീർഘിപ്പിക്കുന്നത് ഉചിതമായ നടപടിയായിരിക്കും.

(ബി) 15-7-2016 മുതൽ 30-9-2016 വരെയുള്ള കാലയളവിൽ സംരക്ഷിത അദ്ധ്യാപക, അനദ്ധ്യാപകരെ ഉൾക്കൊള്ളിക്കാൻ തസ്തിക ഉണ്ടെന്ന് ഉറപ്പുള്ളപക്ഷം, പ്രസ്തുത തസ്തികകളിൽ ജീവനക്കാർ ഡ്യൂട്ടി നിർവ്വഹിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത കാലയളവ് ഡ്യൂട്ടിയായി ക്രമീകരിക്കാവുന്നതും ഡ്യൂട്ടി നിർവ്വഹിച്ചിട്ടില്ലാത്തപക്ഷം അർഹതപ്പെട്ട അവധി അനുവദിച്ച് ക്രമീകരിക്കാവുന്നതാണെന്നും സർക്കാർ 24-5-2021-ലെ കത്തിന്റെ അവസാന ഖണ്ഡികയിൽ നൽകിയ നിർദേശം തികച്ചും അവ്യക്തമായതിനാൽ സംസ്ഥാനത്തെ വിദ്യാഭ്യാസ ഓഫീസുകളിൽ അവ നടപ്പാക്കാൻ കഴിയുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) 15-7-2016-ന് തസ്തിക നഷ്ടമായ അദ്ധ്യാപക, അനദ്ധ്യാപകരെ ഉൾക്കൊള്ളാൻ പ്രസ്തുത വിദ്യാലയത്തിൽ 16-7-2016 മുതൽ തസ്തിക ലഭ്യമല്ല എന്നത് വസ്തുതയാണെന്നിരിക്കെ 30-9-2016 വരെയുള്ള കാലയളവിൽ അവരെ ഉൾക്കൊള്ളിക്കാൻ തസ്തികയുണ്ടെന്ന് ഉറപ്പുള്ള പക്ഷം, പ്രസ്തുത തസ്തികകളിൽ ജീവനക്കാർ ഡ്യൂട്ടി നിർവ്വഹിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത കാലയളവ് ഡ്യൂട്ടിയായി ക്രമീകരിക്കാവുന്നതും ഡ്യൂട്ടി നിർവ്വഹിച്ചിട്ടില്ലാത്തപക്ഷം അർഹതപ്പെട്ട അവധി അനുവദിച്ച ക്രമീകരിക്കാവുന്നതാണെന്നും" നിർദ്ദേശിച്ചതുകൊണ്ട് അർത്ഥമാക്കുന്നത് എന്താണ്;

(ഡി) 30-9-2016 വരെയുള്ള കാലയളവിൽ അവരെ ഉൾക്കൊള്ളിക്കാൻ തസ്തിക ഉണ്ടെന്ന് ഉറപ്പുള്ളപക്ഷം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് 15-7-2016-ന് തസ്തിക നഷ്ടമായ അദ്ധ്യാപക, അനദ്ധ്യാപകരെ പുനർവിന്യസിക്കാനുള്ള തസ്തികയുടെ

കാര്യമാണെങ്കിൽ അതിലേയ്ക്ക് പുനർവിന്യസിക്കാതെ തസ്തിക നഷ്ടമായ സംരക്ഷി താദ്ധ്യാപകർക്ക് അവിടെ ഡ്യൂട്ടി നിർവഹിക്കാൻ കഴിയില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ അവ്യക്തത പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദീകരിക്കുമോ?

(സി&ഡി) 5-8-2016-ലെ G.O.(P)No.134/2016/പൊ.വി.വ. ഉത്തരവുപ്രകാരമാണ് സംരക്ഷിതാദ്ധ്യാപകരെ പുനർവിന്യസിക്കുന്നതിനുള്ള ഉത്തരവിറക്കിയത്. അതുപ്രകാരം നിലവിലുണ്ടായിരുന്ന മുഴുവൻ സംരക്ഷിതാദ്ധ്യാപകരെയും ഡിപ്ലോയ് ചെയ്യാനാവശ്യമായ മതിയായ തസ്തികകൾ 15-7-2016 മുതൽത്തന്നെ ലഭ്യമായിരുന്നു. ഉത്തരവിറക്കു ന്നതിനും തുടർന്ന് പുനർവിന്യസിക്കുന്നതിനുമുണ്ടായ കാലതാമസം മാത്രമാണ് ഈ കാര്യത്തിലുണ്ടായത്. മാതൃസ്കൂളിൽ 16-7-2016 മുതൽ തസ്തിക ലഭ്യമല്ലെങ്കിലും മറ്റുള്ള സ്കൂളുകളിൽ ഡിപ്ലോയ് ചെയ്യാൻ തസ്തിക ലഭ്യമായിരുന്നുവെന്ന വസ്തുത പരിഗണിച്ചാണ് ഇപ്രകാരം നിർദ്ദേശിച്ചത്. 15-7-2016 മുതൽ മാതൃസ്കൂളിൽ തസ്തിക നഷ്ടമായെങ്കിലും നിരവധി ടീച്ചർമാർ അവിടെത്തന്നെ ഡിപ്ലോയ്മെന്റ് വരെ തുടർന്നതായി ശ്രദ്ധിച്ച തിനാലാണ് ഇപ്രകാരം നിർദ്ദേശിച്ചത്. 2015-16-ലെ തസ്തികനിർണ്ണയംതന്നെ 2016-17-ലേയ്ക്ക് ബാധകമാക്കിയിരുന്നതിനാലും 2016-17 വർഷത്തെ തസ്തിക നിർണ്ണയം നടത്തിയപ്പോൾ പ്രസ്തുത വർഷം കഴിഞ്ഞിരുന്നതിനാലും 15-12-2017-ലെ സർക്കുലർ110/ജെ2/17/പൊ.വി.വ. പ്രകാരം 14-7-2017 വരെ ഇത്തരക്കാർ സർവ്വീസിൽ തുടർന്നത് സാധൂകരിച്ചിട്ടുണ്ടെന്ന വസ്തുതകൂടി ഈ അവസരത്തിൽ പരിഗണിച്ചിരുന്നു.

(ഇ) 15-7-2016-ന് തസ്തിക നഷ്ടമായതും സംരക്ഷണത്തിന് അർഹതയുള്ള വരുമായ നാലായിരത്തില്പരം അദ്ധ്യാപക, അനദ്ധ്യാപകരെ മുഴുവൻ പുനർവിന്യസിച്ചത് 2016 നവംബർ മാസത്തോടെയായിരുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) 15-7-2016-ന് തസ്തിക നഷ്ടമായതും സംരക്ഷണത്തിന് അർഹതയു ള്ളവരുമായ നാലായിരത്തില്പരം അദ്ധ്യാപക, അനദ്ധ്യാപകരെല്ലാം പുനർവിന്യാസ ത്തീയതി വരെ അവരുടെ മാതൃവിദ്യാലയത്തിൽ തന്നെ തുടരുകയായിരുന്നു എന്നിരിക്കെ തസ്തിക നഷ്ടമായ തീയതി മുതൽ പുനർവിന്യാസത്തീയതി വരെയുള്ള പ്രസ്തുത കാലയളവ് ക്രമീകരിക്കാത്തതിനാൽ കഴിഞ്ഞ 5 വർഷക്കാലമായി ഇവർക്ക് ലഭിക്കേണ്ട വാർഷിക ഇൻക്രിമെന്റുകളും സമയബന്ധിത ഹയർ ഗ്രേഡുകളും തടയപ്പെട്ടിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ഇ &എഫ്) ഉണ്ട്.

(ജി) 15-7-2016-ന് തസ്തിക നഷ്ടമായ സംരക്ഷിത അദ്ധ്യാപക, അനദ്ധ്യാപകരുടെ 15-7-2016 മുതൽ പുനർവിന്യാസത്തീയതി വരെയുള്ള കാലയളവ് ക്രമീകരിക്കു ന്നതിനുള്ള സമഗ്രമായ ഉത്തരവ് ഇപ്പോഴത്തെ നിയമസഭാ സമ്മേളന കാലയള വിനുള്ളിൽത്തന്നെ പുറപ്പെടുവിക്കാൻ നടപടികൾ സ്വീകരിക്കുമോ?

മുൻ പിരിവുകളിൽ വ്യക്തമാക്കപ്പെട്ട സാഹചര്യം നിലവിലുള്ളതിനാൽ ഇക്കാര്യം തൽകാലം പ്രസക്തമല്ല.

## കെ-ടെറ്റ്

213 (3211) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22 ജൂലൈ 15 മുതൽ നിയമിതരായ അദ്ധ്യാപകർക്കുകൂടി കെ-ടെറ്റ് പാസാകുന്നതിന് ഇളവ് അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഒരോ കാറ്റഗറിയിലും ടെറ്റ് യോഗ്യതയുള്ള മതിയായ എണ്ണം ഉദ്യോഗാർത്ഥികൾ സംസ്ഥാനത്തുണ്ടെന്നും ടി സാഹചര്യത്തിൽ 2019-20-നുശേഷം നിയമിതരായവർക്ക് ടെറ്റ് ഇളവ് നൽകേണ്ട സാഹചര്യമില്ലെന്നും വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ 18-8-2021-ലെ സ.ഉ.(കൈ) നമ്പർ 179/2021/പൊ.വി.വ പ്രകാരം എയ്ഡഡ് സ്കൂൾ നിയമനവുമായി ബന്ധപ്പെട്ട് സമന്വയ സോഫ്റ്റ്‌വെയറിൽ കെ-ടെറ്റ് യോഗ്യത ഒരു മാൻഡേറ്ററി ഫീൽഡാക്കി സോഫ്റ്റ്‌വെയർ പരിഷ്കരിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കഴിഞ്ഞു. ഈ സാഹചര്യത്തിൽ 2021-22 ജൂലൈ 15 മുതൽ നിയമിതരായ അദ്ധ്യാപകർക്ക് കെ-ടെറ്റ് പാസാകുന്നതിന് ഇളവ് നൽകുന്ന കാര്യം പരിഗണനയിലില്ല.

## എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ നിയമനം

214 (3212) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയ്ഡഡ് സ്കൂൾ അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

കെ.ഇ.ആർ. അദ്ധ്യായം 14 എ, അദ്ധ്യായം 21 എന്നിവയിലെ ചട്ടങ്ങൾ പ്രകാരമാണ് എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനങ്ങൾ നടത്തുന്നത്. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ 2020-21 അദ്ധ്യയന വർഷം സ്കൂളുകളിൽ അദ്ധ്യാപക നിയമനങ്ങൾ നടന്നില്ല. പിന്നീട് 6-7-2021-ലെ സ.ഉ.(സാധാ) നമ്പർ 3287/2021/ പൊ.വി.വ. പ്രകാരം 2021-22 വർഷം എയ്ഡഡ് സ്കൂളുകളിൽ റെഗുലർ തസ്തികകളിലുണ്ടാകുന്ന അദ്ധ്യാപക ഒഴിവുകൾ ചട്ടപ്രകാരമുള്ള നിയമന നടപടികൾ പാലിച്ച് 15-7-2021 മുതൽ മാനേജർക്ക് നിയമനം നടത്താവുന്നതാണെന്ന് നിഷ്കർഷിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സെപ്റ്റംബർ 24-ന് മുമ്പ് നിയമനം അംഗീകരിക്കണമെന്ന നിർദ്ദേശമുള്ള പ്രസ്തുത ഉത്തരവിനെതിരെ ഫെഡറേഷൻ ഓഫ് ബ്ലൈന്റ് സമർപ്പിച്ച ഹർജിയിന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നിയമനാംഗീകാരം കാത്തുനിൽക്കുന്ന ആയിരക്കണക്കിന് സ്വകാര്യ സ്കൂൾ അദ്ധ്യാപകരുടെ നിയമനത്തെയും ഭാവിയെയും ഈ ഉത്തരവ് പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; പ്രസ്തുത നടപടിയുടെ പകർപ്പ് ലഭ്യമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

## ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുന്നതിനായി അദ്ധ്യാപക നിയമനം

215 (3213) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുന്നതിനായി ഇംഗ്ലീഷ് ഭാഷയിലുള്ള ബിരുദധാരികളെ തസ്തിക സൃഷ്ടിച്ച് നിയമിക്കണമെന്ന ഹൈക്കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇംഗ്ലീഷ്, ഭാഷാ വിഷയമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയത് നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഉത്തരവ് അടിയന്തരമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

(ബി&സി) ഇംഗ്ലീഷ്, ഭാഷാ വിഷയമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ബഹുമാനപ്പെട്ട ഹൈക്കോടതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിഷയം പരിശോധിച്ചുവരുന്നു.

## മണത്തല ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ പുതിയ ഡിവിഷനുകളും അദ്ധ്യാപക തസ്തികകളും സൃഷ്ടിക്കൽ

216 (3214) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിലെ മണത്തല ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ അനുവദിച്ച എത്ര ഡിവിഷനുകൾ മുൻ അദ്ധ്യയന വർഷത്തിൽ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

അവസാനമായി തസ്തികനിർണ്ണയം നടന്നിട്ടുള്ളത് 2019-20 വർഷത്തിലാണ്. പ്രസ്തുത തസ്തിക നിർണ്ണയത്തിൽ 2018-19-നേക്കാൾ കൂടുതലായി 5 അധിക ഡിവിഷനുകളും 7 അധിക തസ്തികകളും അനുവദിച്ചിരുന്നു. പിന്നീട് നടന്ന പരിശോധനയിൽ പ്രസ്തുത അധിക ഡിവിഷനുകളും തസ്തികകളും അനുവദിക്കാനാവില്ലെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ പ്രകാരം അനുവദിച്ചിരുന്ന 5 അധിക ഡിവിഷനുകളും 7 അധിക തസ്തികകളും കുറവ് ചെയ്ത് തസ്തിക നിർണ്ണയ ഉത്തരവ് പുതുക്കി നൽകിയിരുന്നു.

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുകയും കെട്ടിട നിർമ്മാണം പൂർത്തീകരിക്കാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ എത്ര അദ്ധ്യാപക തസ്തികകൾ നഷ്ടപ്പെട്ടിട്ടുണ്ടെന്ന വിവരം വ്യക്തമാക്കാമോ?

2019-20 വർഷത്തിൽ ആദ്യം അനുവദിച്ചിരുന്ന 7 അധിക തസ്തികകൾ നഷ്ടപ്പെട്ടു. പിന്നീട് 2020-21, 2021-22-നും 2019-20-ലെ തസ്തിക നിർണയം തുടരുകയാണ് ചെയ്യുന്നത്.

(സി) ഈ അദ്ധ്യയന വർഷത്തിൽ വിദ്യാർത്ഥികൾ വർദ്ധിക്കുകയും കെട്ടിട നിർമ്മാണം പൂർത്തീകരിച്ചുവരികയും ചെയ്യുന്ന സാഹചര്യത്തിൽ എത്ര പുതിയ ഡിവിഷനുകളും അദ്ധ്യാപക തസ്തികകളും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2019-20-നുശേഷം തസ്തിക നിർണ്ണയം നടന്നിട്ടില്ല.

## മഞ്ചേശ്വരം താലൂക്കിലെ അൺ-എയ്ഡഡ് ഹയർ സെക്കണ്ടറി വിദ്യാലയങ്ങളും കോഴ്സുകളും

217 (3215) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിലെ അൺ എയ്ഡഡ് ഹയർ സെക്കൻഡറി വിദ്യാലയങ്ങൾ ഏതൊക്കെയാണെന്നും ഇവയിൽ ഏതൊക്കെ കോഴ്സുകളാണ് നിലവിലുള്ളതെന്നും വിശദമാക്കുമോ?

ക്ലനിൽ എഡ്യൂക്കേഷൻ ട്രസ്റ്റ് ഹയർ സെക്കണ്ടറി സ്കൂൾ, കാസർഗോഡ്. ബയോളജി സയൻസ് (കോഴ്സ് കോഡ്-1), ഹ്യൂമാനിറ്റീസ് (കോഴ്സ് കോഡ്-11), കോമേഴ്സ് (കോഴ്സ് കോഡ്-38).

(ബി) അനാഥ-അഗതി വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യത്തോടെ സൗജന്യ വിദ്യാഭ്യാസം നൽകുന്ന മുഹിമ്മാത്ത് ഹയർ സെക്കണ്ടറി സ്കൂളിൽ ഹയർ സെക്കണ്ടറിതലത്തിൽ പുതിയ കോഴ്സും അഡീഷണൽ ബാച്ചും അനുവദിക്കണ മെന്നാവശ്യപ്പെട്ട് സ്ഥാപനത്തിന്റെ അധികൃതർ സർക്കാരിന് അപേക്ഷ നൽകി യിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്ത് നടപടികളാണ് സർക്കാർ കൈക്കൊ ണ്ടിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) മേൽ സ്ഥാപനത്തിൽ താമസിച്ച് വരുന്ന വിദ്യാർത്ഥികൾ ഇവിടെ മതിയായ പ്ലസ് വൺ സീറ്റുകൾ ഇല്ലാത്തതിനാൽ കിലോമീറ്ററുകൾ സഞ്ചരിച്ച് പ്ലസ് ടു പഠനത്തിന് പോകേണ്ടിവരുന്ന അവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സ്ഥാപനത്തിൽ പുതിയ കോഴ്സുകളും അഡീഷണൽ ബാച്ചുകളും ഈ വർഷം അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(ബി-ഡി) മുഹിമ്മാത്ത് ഹയർ സെക്കണ്ടറി സ്കൂളിൽ ഹയർ സെക്കണ്ടറി തലത്തിൽ പുതിയ കോഴ്സും അധിക ബാച്ചും അനുവദിക്കുന്നത് സംബന്ധിച്ച അപേക്ഷ 3-9-2021-ന് റിപ്പോർട്ടിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചു കൊടുത്തിട്ടുണ്ട്. 2021-22 അദ്ധ്യയന വർഷം പുതിയ സ്കൂളുകൾ/അധിക ബാച്ചുകൾ സർക്കാർ/ എയ്ഡഡ് മേഖലയിൽ അനുവദിക്കേണ്ടതില്ലെന്ന് ഇതിനകം തീരുമാനിച്ചിട്ടുണ്ട്. അൺ-എയ്ഡഡ് മേഖലയിൽ പുതിയ ബാച്ചുകൾ അനുവദിക്കുന്നത് സംബന്ധിച്ച് നിലവിൽ തീരുമാനമെടുത്തിട്ടില്ല.

**നിയമന അംഗീകാരം ലഭിച്ച എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ ശമ്പളം**

218 (3216) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ വിവിധ കാലയളവിൽ നിയമന അംഗീകാരം ലഭിച്ച എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് 2011 ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ ശമ്പളം പി.എഫ്. അക്കൗണ്ടിലേയ്ക്ക് പോകണം എന്ന് ഗവൺമെന്റ് ഉത്തരവുണ്ടോയെന്ന് വ്യക്തമാക്കുമോ?

2011-12 മുതൽ 2015-16 വരെയുള്ള കാലയളവിൽ നിയമിക്കപ്പെട്ട അദ്ധ്യാപകർക്ക് 29-1-2016-ലെ സ.ഉ.(പി) നമ്പർ 29/2016/പൊ.വി.വ. പ്രകാരം നിയമനാംഗീകാരം നൽകുമ്പോഴാണ് മേൽ ഉത്തരവ് തീയതി വരെയുള്ള ശമ്പളവും അലവൻസുകളും അവരുടെ പ്രോവിഡന്റ് ഫണ്ട് ആരംഭിക്കുന്നമുറയ്ക്ക് അതിൽ നിക്ഷേപിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചത്. 29-1-2016-ലെ മേൽ ഉത്തരവുപ്രകാരം

അംഗീകാരം ലഭിക്കാതിരുന്ന മുൻകാല നിയമനങ്ങളിൽ പിന്നീട് അംഗീകാരം ലഭിക്കുന്ന സാഹചര്യത്തിൽ ശമ്പള കുടിശ്ശിക ഇനത്തിൽ വരുന്ന തുക നിർബന്ധമായും അവരുടെ പി.എഫ്. അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണെന്നും ടി തുക ജീവനക്കാർക്ക് നിയമനാംഗീകാരം നൽകിയ ഉത്തരവിന്റെ തീയതി മുതൽ 5 വർഷം കഴിഞ്ഞ് മാത്രമേ പിൻവലിക്കാൻ കഴിയുകയുള്ളൂ എന്നും 27-1-2021-ലെ പരിപത്രം നമ്പർ 7/2021/ധന. പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) ഉത്തരവ് ഉണ്ടെങ്കിൽ സ്പാർക്കിൽ അതിനുള്ള ഓപ്ഷൻ ഉൾപ്പെടുത്തുമോയെന്നും അല്ലെങ്കിൽ അത് ക്യാഷായി മാറ്റി എടുക്കുന്നതിനുള്ള അനുവാദം നൽകുമോയെന്നും അറിയിക്കുമോ?

29-1-2016-ലെ ഉത്തരവുപ്രകാരമുള്ള നിയമനാംഗീകാരങ്ങൾക്ക് സ്പാർക്കിൽ അതിനുള്ള ഓപ്ഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്.

## എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷിക്കാരായവരുടെ നിയമനം

219 (3217) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങളിൽ ഭിന്നശേഷിക്കാരായവരുടെ അപേക്ഷകൾ നിയമനം കാത്ത് വിദ്യാഭ്യാസ ഓഫീസുകളിൽ കെട്ടിക്കിടപ്പുണ്ടോ എന്ന് അറിയിക്കുമോ?

ഇല്ല.

(ബി) ബഹുമാനപ്പെട്ട കോടതി ഉത്തരവുപ്രകാരം ബാക്ക് ലോഗ് നിയമനം ഭിന്നശേഷിക്കാർക്കായി നൽകേണ്ടിവരുമ്പോൾ ആയതിന്റെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; ആയതിന്റെ കണക്ക് ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

ബഹുമാനപ്പെട്ട കോടതി ഉത്തരവുപ്രകാരം ഭിന്നശേഷിക്കാർക്ക് സംവരണം നൽകേണ്ടിവരുമ്പോഴുള്ള ബാക്ക് ലോഗ് കണക്കാക്കിയിട്ടില്ല. പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ അധികം ഹയർ സെക്കണ്ടറി സീറ്റുകൾ അനുവദിക്കുന്നത്

220 (3218) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നത വിജയം കൈവരിച്ച വിദ്യാർത്ഥികൾക്ക് ഹയർ സെക്കണ്ടറി പഠനത്തിനാവശ്യമായ സൗകര്യമില്ലാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്. കൂത്തുപറമ്പ്, ജി.എച്ച്.എസ്.എസ്. പാട്യം, പാട്യം ഗോപാലൻ സ്മാരക ജി.എച്ച്.എസ്.എസ്. ചെറുവാഞ്ചേരി, കോട്ടയം മലബാർ ജി.എച്ച്.എസ്.എസ്. എന്നീ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ കൂടുതൽ സീറ്റുകളും അധിക ബാച്ചും അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

നിലവിൽ 20% മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. അധിക ബാച്ചുകൾ അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) ഇക്കാര്യത്തിൽ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദീകരിക്കാമോ?

മാനേജ്മെന്റ് ക്വാട്ട, കമ്മ്യൂണിറ്റി ക്വാട്ട, അൺ-എയ്ഡഡ് ബാച്ചുകൾ എന്നിവയിലും പ്രവേശനം നടന്നുകൊണ്ടിരിക്കുകയാണ്. താലൂക്കതല വിഷയ കോമ്പിനേഷൻ തിരിച്ചുള്ള കണക്കുകൾ അവലോകനം നടത്തി ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം സ്വീകരിക്കുന്നതാണ്.

**മലയാള ഭാഷാ പാഠാവലിയിൽ അക്ഷരമാല ചേർക്കുന്നതിന് നടപടി**

221 (3219) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാഷാബോധന രംഗത്ത് ആശയാവതരണ രീതിയിൽ പാഠപുസ്തകങ്ങൾ തയ്യാറാക്കുമ്പോൾത്തന്നെ അക്ഷരമാലയ്ക്കുകൂടി പ്രാധാന്യം നൽകുന്നതിനായി മലയാള ഭാഷാ പാഠാവലികളിൽ അക്ഷരമാല ചേർക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

മലയാളം പാഠപുസ്തകങ്ങളിൽ അക്ഷരമാലയായി നൽകിയിട്ടില്ലെങ്കിലും അതതിടങ്ങളിൽ കൃത്യമായി അക്ഷരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അക്ഷരങ്ങൾ എഴുതേണ്ടവിധം എങ്ങനെയാണെന്ന് അദ്ധ്യാപകസഹായിയിൽ നൽകിയിട്ടുണ്ട്. ഇതനുസരിച്ച് ആലേഖനക്രമം അദ്ധ്യാപകർ കുട്ടികൾക്ക് നൽകിവരുന്നു. ഇപ്പോൾ ആശയാവതരണത്തിലൂടെ അക്ഷരം പഠിപ്പിക്കുന്ന രീതിയാണ് പിന്തുടരുന്നത്.

(ബി) പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പാഠപുസ്തകങ്ങൾ പരിഷ്ക്കരിക്കുന്ന ഘട്ടത്തിൽ മലയാള ഭാഷാ പാഠാവലികളിൽ അക്ഷരമാല ഉൾപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

പാഠ്യപദ്ധതിപരിഷ്കരണം നടക്കുന്ന വേളയിൽ കരിക്കുലം കമ്മിറ്റിയുടെ വിദഗ്ദ്ധോപദേശം അനുസരിച്ച് പാഠപുസ്തകങ്ങളിൽ അക്ഷരമാല ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**മെഡിക്കൽ അലവൻസിനുള്ള വർദ്ധനവ്**

222 (3220) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ സർക്കാർ, എയ്ഡഡ് അന്ധ-ബധിര വിദ്യാലയങ്ങളിലെ ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികളുടെ മെഡിക്കൽ അലവൻസ്സായി ഒരു ഹോസ്റ്റലിന് ഒരു വർഷത്തേയ്ക്ക് 100 രൂപ നൽകി വരുന്നതിൽ കാലാനുസൃതമായ വർദ്ധനവ് നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേരളത്തിലെ സർക്കാർ, എയ്ഡഡ് അന്ധ-ബധിര വിദ്യാലയങ്ങളിലെ ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മെഡിക്കൽ അലവൻസായി സ്കൂളിൽനിന്നും ആവശ്യപ്പെടുന്ന തുക പ്ലാൻ ഫണ്ടിൽനിന്നും പ്ലാൻ ഫണ്ടിന്റെ ലഭ്യതകൂടി പരിഗണിച്ച് അനുവദിച്ച് നൽകുകയാണ് ചെയ്യുന്നത്.

**അന്ധ-ബധിര വിദ്യാർത്ഥികളുടെ വിനോദയാത്രാ അലവൻസ്**

223 (3221) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ, എയ്ഡഡ് അന്ധ-ബധിര വിദ്യാലയങ്ങളിലെ കുട്ടികൾക്ക് ഒരു വർഷത്തെ വിനോദയാത്രാ അലവൻസായി നൽകിവരുന്ന 5 (അഞ്ച് രൂപ) വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേരളത്തിലെ സർക്കാർ, എയ്ഡഡ് അന്ധ-ബധിര വിദ്യാലയങ്ങളിലെ കുട്ടികൾക്ക് ഒരു വർഷത്തെ വിനോദയാത്രാ അലവൻസായി സ്കൂളിൽനിന്നും ആവശ്യപ്പെടുന്ന തുക എത്രയാണോ അത് പ്ലാൻ ഫണ്ടിൽനിന്നും പ്ലാൻ ഫണ്ടിന്റെ ലഭ്യതകൂടി പരിഗണിച്ച് അനുവദിച്ച് നൽകുകയാണ് ചെയ്യുന്നത്.

**സ്കൂൾ പാചക തൊഴിലാളികളുടെ ക്ഷേമം**

224 (3222) ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരി കാലഘട്ടത്തിൽ സ്കൂൾ പാചക തൊഴിലാളികൾക്ക് എന്ത് ആനുകൂല്യമാണ് നൽകിയത്; വിശദമാക്കാമോ?

കോവിഡ് മഹാമാരി കാലഘട്ടത്തിൽ സ്കൂൾ പാചക തൊഴിലാളികൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 1,000 രൂപയുടെ ധനസഹായം അനുവദിച്ചിരുന്നു. കൂടാതെ കോവിഡ് കാലയളവിലേയ്ക്ക് പ്രതിമാസം 1,600 രൂപ സമാശ്വാസവും അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ;

(സി) പാചക തൊഴിലാളികളുടെ റിട്ടയർമെന്റ് പ്രായം നിശ്ചയിച്ചിട്ടുണ്ടോ; പെൻഷൻ ആനുകൂല്യം ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

(ബി&സി) ഇതുസംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

**കെ.ജി.ടി.ഇ. ടൈപ്പ് റൈറ്റിംഗ് പരീക്ഷ**

225 (3223) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരീക്ഷഭവൻ നടത്തുന്ന (കെ.ജി.ടി.ഇ.) ടൈപ്പ് റൈറ്റിംഗ് പരീക്ഷയുടെ ചോദ്യപേപ്പർ പരീക്ഷ കഴിഞ്ഞശേഷം വിദ്യാർത്ഥികളിൽ നിന്നും തിരികെ വാങ്ങാറുണ്ടോ; എങ്കിൽ കാരണം അറിയിക്കുമോ;

(ബി) മറ്റ് പരീക്ഷകളെപ്പോലെ പരീക്ഷയ്ക്കുശേഷം ചോദ്യപേപ്പർ വിദ്യാർത്ഥികളുടെ കൈവശം കൊണ്ടുപോകാൻ അനുമതി നൽകാൻ നിർദ്ദേശം നല്കുമോ; വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. കെ.ജി.ടി.ഇ. പരീക്ഷയുടെ ഓരോ പേപ്പറും വിദ്യാർത്ഥികളെ വിവിധ ബാച്ചുകളായി തിരിച്ച് 1 മുതൽ 3 ദിവസം വരെ സമയമെടുത്താണ് പൂർത്തീകരിക്കുന്നത്. പരീക്ഷയുടെ നടത്തിപ്പിനോട് അനുബന്ധിച്ച് പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിൽ പരീക്ഷാർത്ഥികൾക്ക് ചോദ്യപേപ്പർ തിരികെ നൽകാം എന്ന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. വിവിധ ബാച്ചുകളായി പരീക്ഷകൾ നടക്കുന്നത് കൊണ്ട് ഓരോ പേപ്പറിന്റെയും എല്ലാ ബാച്ചുകളുടെയും പരീക്ഷ പൂർത്തീകരിക്കുന്ന മുറയ്ക്ക് പരീക്ഷാർത്ഥികൾക്ക് പരീക്ഷ കേന്ദ്രത്തിൽനിന്നും ചോദ്യപേപ്പർ കൈപ്പറ്റാവുന്നതാണ്.

**കെ-ടെറ്റ് പരീക്ഷയ്ക്കുള്ള സമയപരിധി**

226 (3224) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ 2019-20 വർഷം നിയമിതരായ അദ്ധ്യാപകർക്ക് കെ-ടെറ്റ് പരീക്ഷ പാസ്സാകുന്നതിന് സമയപരിധി ദീർഘിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ കെ-ടെറ്റ് പരീക്ഷകൾ നിശ്ചിത സമയത്തിനകം നടത്താൻ കഴിയാത്തതിനാൽ 12-2-2021-ലെ സ.ഉ.(കൈ) നമ്പർ 58/2021/പൊ.വി.വ. ഉത്തരവുപ്രകാരം എയ്ഡഡ് സ്കൂളുകളിൽ 2019-20 അദ്ധ്യയന വർഷം വരെ നിയമിതരായ അദ്ധ്യാപകർക്ക് കെ-ടെറ്റ് യോഗ്യത നേടുന്നതിന് 2020-21 സ്കൂൾ വർഷാവസാനം വരെ സമയം അനുവദിച്ചിട്ടുണ്ട്.

## എൽ.പി/യു.പി. സ്കൂളുകളിലെ ഹെഡ്മാസ്റ്റർ തസ്തിക

227 (3225) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എൽ.പി., യു.പി. സ്കൂളുകളിൽ ഹെഡ്മാസ്റ്റർ തസ്തികയിൽ നിലവിലുള്ള ഒഴിവുകളിൽ ഉദ്യോഗക്കയറ്റം മുഖേനയുള്ള നിയമനം സംബന്ധിച്ച് വ്യവഹാരങ്ങളുണ്ടെങ്കിൽ കോടതിവിധിക്ക് വിധേയമായി ഹെഡ്മാസ്റ്റർ തസ്തികയിലേയ്ക്ക് താൽക്കാലിക നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ഇക്കാര്യത്തിൽ വ്യവഹാരങ്ങൾ നിലവിലുള്ളതിനാൽ കോടതിവിധിക്ക് വിധേയമായി പ്രഥമ അദ്ധ്യാപക നിയമനം നടത്തുന്നതിനുള്ള നിയമോപദേശം അഡ്വക്കേറ്റ് ജനറലിനോട് തേടിയിരിക്കുകയാണ്.

## ഹയർ സെക്കണ്ടറിയിലെ ലൈബ്രേറിയൻ തസ്തിക

228 (3226) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹയർ സെക്കണ്ടറിയിലെ ലൈബ്രേറിയൻ തസ്തിക അടക്കമുള്ള അനദ്ധ്യാപക തസ്തികകളിൽ നിയമനം നടത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഹയർ സെക്കണ്ടറിയിലെ അനദ്ധ്യാപക തസ്തികകളിൽ നിയമനം നടത്തുന്നത് സംബന്ധിച്ച് പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സമർപ്പിച്ച ശിപാർശ സർക്കാർതലത്തിൽ പരിശോധിച്ചുവരുന്നു. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## കാസർഗോഡ് ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിലെ ഒഴിവുകൾ

229 (3227) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഒഴിവുകൾ നിലവിൽ വന്നത് എന്നാണെന്ന് തസ്തിക തിരിച്ച് അറിയിക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഹയർ സെക്കണ്ടറി വിഭാഗത്തിൽ കാസർഗോഡ് ജില്ലയിൽ എച്ച്.എസ്.എസ്.ടി.-യുടെ 45 ഒഴിവുകളും എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തികയുടെ 35 ഒഴിവുകളുമാണ് നിലവിലുള്ളത്. ഹയർ സെക്കണ്ടറി

സ്പെഷ്യൽ റൂൾസ് പ്രകാരം ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ ഒഴിവുകൾ സംസ്ഥാനതലത്തിൽ ഒറ്റ യൂണിറ്റായാണ് കണക്കാക്കുന്നത്. ജില്ലാതലത്തിൽ ഒഴിവ് കണക്കാക്കുന്നില്ല. സംസ്ഥാനത്ത് ഇതുവരെയുണ്ടായിട്ടുള്ള എച്ച്.എസ്.എസ്.ടി., എച്ച്.എസ്.എസ്.ടി. ജൂനിയർ ഒഴിവുകൾ സ്പെഷ്യൽ റൂളിലെ വ്യവസ്ഥകൾക്ക് വിധേയമായി പി.എസ്.സി./ബൈട്രാൻസ്ഫർ നിയമനത്തിനായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ ലാബ് അസിസ്റ്റന്റ് തസ്തികയിൽ 10 ഒഴിവുകൾ നിലവിലുണ്ട്. അതിൽ എട്ടെണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. രണ്ടെണ്ണം ബൈട്രാൻസ്ഫർ നിയമനത്തിന് വേണ്ടിയുള്ളതാണ്. പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള മറ്റ് ഒഴിവുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഒഴിവുകളിൽ എത്രയെണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന വിവരം തസ്തിക തിരിച്ച് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ ലാബ് അസിസ്റ്റന്റ് തസ്തികയിൽ നിലവിലുള്ള 8 ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഓഫീസ് അറ്റൻഡന്റ്മാരുടെ 2 ഒഴിവുകൾ ബൈട്രാൻസ്ഫർ നിയമനം നൽകിയത് മുഖേന ഉണ്ടായിട്ടുള്ളതാണ് അത് പി.എസ്.സി. വഴി നികത്തേണ്ടതില്ല. പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മറ്റ് ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തത് അനുബന്ധമായി ചേർക്കുന്നു.

## ഡയറ്റ് സ്പെഷ്യൽ റൂൾ

230 (3228) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപാകതകൾ പരിഹരിച്ച് 26-2-2021-ലെ ഗസറ്റിൽ വിജ്ഞാപനം ചെയ്ത ഡയറ്റ് സ്പെഷ്യൽ റൂൾ പി.എസ്.സി.-ക്ക് കൈമാറിയോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

കൈമാറിയിട്ടുണ്ട്.

(ബി) പി.എസ്.സി.-യിൽ 2014-ൽ റിപ്പോർട്ട് ചെയ്ത 17 ലക്ച്ചറർ ഒഴിവുകളിൽ വിജ്ഞാപനം ഇറക്കണമെന്ന് ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 16-7-2019-ലെ വിധി നടപ്പിലാക്കുന്നത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡയറ്റിന്റെ 2011-ൽ പുറപ്പെടുവിച്ച സ്പെഷ്യൽ റൂളിൽ നിരവധി ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടതിനാൽ ഒഴിവുകൾ നികത്തുന്നതിനായി പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നില്ല. അപാകതകൾ പരിഹരിച്ച പുതുക്കിയ വിശേഷാൽ ചട്ടങ്ങൾ 2021-ൽ പുറപ്പെടുവിക്കുകയും ആയത് പി.എസ്.സി.-യിൽ ലഭ്യമാക്കിയിട്ടുള്ളതുമാണ്. ആയതിൽ പി.എസ്.സി. നടപടികൾ സ്വീകരിച്ചുവരുന്നു.

### അദ്ധ്യാപക നിയമനം സംബന്ധിച്ച്

231 (3229) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22 അദ്ധ്യയന വർഷത്തെ അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലം മാറ്റത്തിനുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ?

2021-22 അദ്ധ്യയന വർഷത്തെ അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലം മാറ്റത്തിന് അനുമതി നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

### ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്ന നടപടി

232 (3230) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 അദ്ധ്യയന വർഷം മുതൽ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ എച്ച്.എസ്.എ. ഇംഗ്ലീഷ് തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതി 10-8-2021-ൽ പുറപ്പെടുവിച്ച WP(C) 23159/2018 നമ്പർ വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച്, റിട്ട് ഹർജി (സി) നമ്പർ 23159/2018-ൽ 10-8-2021-ന് പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിഷയം പരിശോധിച്ചുവരുന്നു.

(ബി) ഇംഗ്ലീഷ് ഭാഷാ അദ്ധ്യാപകരുടെ അഭാവത്തിൽ മറ്റ് അദ്ധ്യാപകർ ഇംഗ്ലീഷ് പഠിപ്പിക്കുന്ന വിദ്യാലയങ്ങളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ?

ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇംഗ്ലീഷ് മീഡിയം ഡിവിഷനുകളുള്ള സർക്കാർ ഹൈസ്കൂളുകളിൽ പോലും ഇംഗ്ലീഷ് അദ്ധ്യാപക തസ്തികയില്ല എന്നത് ഗൗരവത്തിലെടുക്കുമോ; വ്യക്തമാക്കുമോ?

നിലവിൽ ഇംഗ്ലീഷ് കോർ വിഷയങ്ങളുടെ ഗണത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 8 മുതൽ 10 വരെ ക്ലാസ്സുകളിൽ 4 ഡിവിഷനുകൾ വരെയുള്ള വിദ്യാലയങ്ങളിൽ എച്ച്.എസ്.ടി. ഇംഗ്ലീഷ് തസ്തിക ലഭ്യമല്ല. 5 ഡിവിഷനുകളോ അതിലധികമോ ഉണ്ടെങ്കിൽ മാത്രമേ എച്ച്.എസ്.ടി. (ഇംഗ്ലീഷ്) തസ്തിക അനുവദിക്കുകയുള്ളൂ. മുകളിൽ (എ) പിരിവിന് നൽകിയിട്ടുള്ള പ്രകാരം ഈ വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

### സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനം

233 (3231) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2020-21, 2021-22 അദ്ധ്യയന വർഷത്തിൽ എൽ.പി.എസ്.ടി., യു.പി.എസ്.ടി., എച്ച്.എസ്.ടി. വിഭാഗങ്ങളിലായി സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ എത്ര അദ്ധ്യാപകർക്ക് നിയമനം നൽകിയിട്ടുണ്ട്; ജില്ലതിരിച്ച് വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

### എറണാകുളം ജില്ലയിലെ പ്രൈമറി സ്കൂളുകളിലെ പ്രധാനാദ്ധ്യാപക തസ്തിക

234 (3232) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ നിലവിൽ പ്രധാനാദ്ധ്യാപകരില്ലാത്ത എത്ര സർക്കാർ പ്രൈമറി സ്കൂളുകളുണ്ടെന്ന് വ്യക്തമാക്കാമോ?

116 എണ്ണം.

(ബി) പ്രസ്തുത ജില്ലയിലെ പ്രൈമറി സ്കൂളുകളിൽ പ്രധാനാദ്ധ്യാപകരെ നിയമിക്കുന്നതിന് നിലവിൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

ഗവൺമെന്റ് പ്രൈമറി സ്കൂളുകളിലെ പ്രധാനാദ്ധ്യാപക തസ്തികയിലെ സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട് 1997-2002, 2003-2005 കാലയളവിലെ പി.ഡി. ടീച്ചർമാരുടെ സീനിയോറിറ്റി ലിസ്റ്റുകൾ നിലവിലുണ്ട്. ഇവയുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) 13-3-2021, 9-6-2021 എന്നീ തീയതികളിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഈ തസ്തികയിലേയ്ക്ക് താൽക്കാലിക പ്രൊമോഷൻ നടത്തുന്നതിന് എന്തെല്ലാം നിയമ തടസ്സങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ?

പ്രൈമറി പ്രധാനാദ്ധ്യാപക നിയമനം സംബന്ധിച്ച് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ശ്രീ. ഫൈസൽ. എ.എൽ. ഫയൽ ചെയ്ത ഒ.എ.(441/2021)-ലെ 19-2-2021-ലെ ഇടക്കാല വിധിന്യായത്തിൽ പ്രൈമറി പ്രധാനാദ്ധ്യാപക പ്രൊമോഷൻ സംബന്ധിച്ച സർക്കാർ സർക്കുലർ സ്റ്റേചെയ്ത് ഉത്തരവായിരുന്നു. സ്റ്റേ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുവാൻ 28-5-2021-ലെ എ 2/ 1570/20/ഡി.ജി.ഇ. കത്തുപ്രകാരം അഡ്വക്കേറ്റ് ജനറലിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).*

## ടൈപ്പിസ്റ്റ് തസ്തികയിലെ അനധികൃത നിയമനം

235 (3233) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ എഫ്.ടി.എം. തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരെ ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴി നിയമിക്കുവാൻ സാധിക്കുമോ; ഇതിനായി പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പൊ.വി.(എൻ) വകുപ്പിന്റെ 17-3-2015-ലെ 20723/എൻ.1/2014/ പൊ.വി.വ. നമ്പർ കത്തുപ്രകാരം വിദ്യാഭ്യാസ വകുപ്പിലെ ഫുൾടൈം മീനിയൽ 1966-ലെ ലാസ്റ്റ് ഗ്രേഡ് വിശേഷാൽ ചട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ ഉ.ഭ.പ. വകുപ്പിന്റെ 3-1-2014-ലെ സ.ഉ.(പി)നമ്പർ 1/2014/ഉ.ഭ.പ.വ. 19-7-2014-ലെ സ.ഉ.(പി) നമ്പർ 21/2014/ ഉ.ഭ.പ.വ. ഉത്തരവുകൾ പ്രകാരമുള്ള തസ്തികമാറ്റ നിയമനം നൽകുന്നതിനായി തയ്യാറാക്കുന്ന സംയോജിത സീനിയോരിറ്റി ലിസ്റ്റിൽ ടി ജീവനക്കാരേയും ഉൾപ്പെടുത്തുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിവിധ സർക്കാർ വകുപ്പുകളിലെ എൽ.ഡി. ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലുണ്ടാകുന്ന ഒഴിവുകളുടെ 10% അതത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് (സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കുൾപ്പെടെ) യോഗ്യതയുടെയും സീനിയോരിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി നിയമനം നൽകുന്നതിനായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിൽനിന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (3-1-2014-ലെ സ.ഉ.(പി)നമ്പർ 1/2014/ ഉ.ഭ.പ.വ. 19-7-2014-ലെ സ.ഉ.(പി) നമ്പർ 21/2014/ഉ.ഭ.പ.വ.) പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ആലപ്പുഴ ജില്ലയിൽ എഫ്.ടി.എം. തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരിയെ ഡി.ഡി.ഇ. ഓഫീസ് ഉത്തരവിലൂടെ അനധികൃതമായി ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് മാറ്റി നിയമിച്ചത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും സർക്കാരിന്റെയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ ഒരു ഉത്തരവ് പുറപ്പെടുവിക്കാനുള്ള സാഹചര്യം എന്തെന്ന് വിശദീകരിക്കാമോ; ഇതുസംബന്ധിച്ച് എന്തെങ്കിലും പരാതികൾ ബന്ധപ്പെട്ടവർക്ക് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ പരാതികളിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) നിയമവിരുദ്ധമായ ഈ നിയമനം റദ്ദാക്കാനും ഇത്തരമൊരു ഉത്തരവ് പുറപ്പെടുവിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാനും സർക്കാർ തയ്യാറാകുമോ; ഇതിന്റെ വിശദവിവരം ലഭ്യമാക്കുമോ?

(ബി&സി) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ ഉത്തരവുപ്രകാരം ആലപ്പുഴ ജില്ലയിലും എഫ്.ടി.എം. ജീവനക്കാർക്ക് സീനിയോരിറ്റിയുടെയും യോഗ്യതയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം അനുവദിച്ചിട്ടുണ്ട്. 17-3-2015-ലെ 20723/എൻ.1/2014/ പൊ.വി.വ. നമ്പർ കത്തുപ്രകാരം വിദ്യാഭ്യാസ വകുപ്പിലെ ഫുൾടൈം മീനിയൽ 1966-ലെ ലാസ്റ്റ് ഗ്രേഡ് വിശേഷാൽ ചട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ ഉ.ഭ.പ. വകുപ്പിന്റെ മേൽസൂചിപ്പിച്ച ഉത്തരവുകൾ പ്രകാരമുള്ള തസ്തികമാറ്റ നിയമനം നൽകുന്നതിനായി തയ്യാറാക്കുന്ന സംയോജിത സീനിയോരിറ്റി ലിസ്റ്റിൽ ടി ജീവനക്കാരെയും ഉൾപ്പെടുത്തുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 10 ശതമാനം റേഷ്യോ പ്രൊമോഷൻ നൽകുന്നതിനായി ഇതുസംബന്ധിച്ച് ശ്രീമതി ബിന്ദു. കെ.-യുടെ പരാതി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്. കൂടാതെ ശ്രീമതി ബിന്ദു കെ. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. നമ്പർ 239/2021 ൻമേലുള്ള 1-2-2021-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ ശ്രീമതി ബിന്ദുവിനെ ഓൺലൈൻ മുഖേന കേൾക്കുകയും ശ്രീമതി ബിന്ദു, ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടർ എന്നിവർ സമർപ്പിച്ച വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ, പരാതി പരിശോധിച്ച് 3-9-2021-ലെ സി2-7541/ 2021/ഡി.ജി.ഇ. നമ്പർ ഉത്തരവുപ്രകാരം തീർപ്പാക്കിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**അദ്ധ്യാപിക റോസ് മേരി വർഗീസിന്റെ സർവ്വീസ് സംബന്ധമായ ഫയൽ**

236 (3234) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂക്കന്നൂർ സേക്രഡ് ഹാർട്ട് ഓർഫനേജ് ഹൈസ്കൂൾ അദ്ധ്യാപിക റോസ് മേരി വർഗീസിന്റെ സർവ്വീസ് സംബന്ധമായ E2/7341/2020 E/4896317 വിദ്യാഭ്യാസം നമ്പർ ഫയൽ വിദ്യാഭ്യാസ വകുപ്പിൽനിന്ന് സെക്രട്ടേറിയറ്റിൽ എന്നാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ; നാളിതുവരെയായി ഫയൽ തീർപ്പാക്കാത്ത കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത ഫയൽ നാളിതുവരെ തീർപ്പാകാത്തതിനാൽ ശമ്പളം പോലും കിട്ടാതെ കുടുംബം പ്രയാസപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ ഫയൽ തീർപ്പാക്കാൻ പ്രധാനമായ ഏത് രേഖയാണ് ഇനി വകുപ്പിന് സമർപ്പിക്കേണ്ടതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഫയൽ തീർപ്പാക്കാൻ നീണ്ടുപോയ സാഹചര്യം ആരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണെന്ന് കണ്ടെത്തി നടപടി സ്വീകരിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

(എ-ഡി) ശ്രീമതി റോസ് മേരി വർഗീസ്, തനിക്ക് വിദേശത്ത് (അമേരിക്കയിൽ) മകളോടൊപ്പം ചേരുന്നതിനായി അനുവദിച്ച ശൂന്യവേതന അവധി ദീർഘിപ്പിച്ചു നൽകണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ 18-1-2021-ൽ സർക്കാരിൽ ലഭിക്കുകയും ആയത് ഇ 2/19/2021/പൊ.വി.വ. നമ്പർ ഫയലിൽ പരിശോധിക്കുകയും ചെയ്തു. ടിയാരി ശൂന്യവേതന അവധി കഴിഞ്ഞ് സേവനത്തിൽ തിരികെ പ്രവേശിച്ച 'ജോയ്നിംഗ് റിപ്പോർട്ട്' അപേക്ഷയോടൊപ്പം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ, പൊതുവിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെടുകയും ആയത് ലഭ്യമാക്കുകയും ചെയ്തു. പ്രസ്തുത രേഖകൾ പരിശോധിച്ച് ഫയലിൽ തുടർനടപടി സ്വീകരിച്ചുവരുന്നു. വിവരങ്ങൾ ലഭിക്കുന്നതിലുണ്ടായ സ്വാഭാവിക കാലതാമസം മാത്രമേ ഉണ്ടായിട്ടുള്ളൂ. അപേക്ഷകയുടെ ലീവ് അപേക്ഷ, തീർപ്പാക്കലിന്റെ അവസാന ഘട്ടത്തിലാണ്.

**എറണാകുളം ജില്ലയിലെ സർക്കാർ എൽ.പി. സ്കൂളുകളിലെ അദ്ധ്യാപക ഒഴിവുകൾ**

237 (3235) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ സർക്കാർ എൽ.പി. സ്കൂളുകളിൽനിന്നും 2022 ജനവരി 1 മുതൽ 2025 ഡിസംബർ 31 വരെ വിരമിക്കുന്ന അദ്ധ്യാപകരുടെ എണ്ണം എത്രയാണെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ?

വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2022 - 66, 2023 - 61, 2024 - 43, 2025 - 50.

(ബി) ഇതേവർഷങ്ങളിൽ ഇതേ സ്കൂളുകളിൽ ഉണ്ടായേക്കാവുന്ന അദ്ധ്യാപക, പ്രധാനാദ്ധ്യാപക ഒഴിവുകൾ വേർതിരിച്ച് എ.ഇ.ഒ., ഡി.ഇ.ഒ. അടിസ്ഥാനത്തിൽ പട്ടികപ്പെടുത്തി ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## എയ്ഡഡ് യു.പി/ഹൈസ്കൂളുകളിലെ സംരക്ഷിത അദ്ധ്യാപകർക്കായുള്ള നിയമനം

238 (3236) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് യു.പി./ഹൈസ്കൂളുകളിലെ ഒരു തസ്തിക സംരക്ഷിത അദ്ധ്യാപകർക്കായി നീക്കിവച്ചിട്ടും അത്തരം തസ്തികകളിൽ സർക്കാർ അദ്ധ്യാപകരെ നാളിതുവരെ നിയമിച്ചിട്ടില്ല എന്ന കാരണത്താൽ 15-7-2021-ലെ റിട്ടയർമെന്റ് തസ്തികകളിൽ പ്രസ്തുത സ്കൂളുകളിൽ ജോയിൻ ചെയ്ത അദ്ധ്യാപകരുടെ നിയമനത്തിന് അപ്രൂവൽ നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അപ്രൂവൽ നൽകുന്നതിന് വിദ്യാഭ്യാസ വകുപ്പ് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉണ്ട്. ഇത് പരിഹരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) സംരക്ഷിത അദ്ധ്യാപകർക്ക് ഈ സ്കൂളുകളിൽ നിയമനം നൽകാത്ത സാഹചര്യത്തിൽ 2021-22 വർഷത്തേയ്ക്ക് ഒഴിവ് നീക്കിവച്ചിട്ടുണ്ടെന്ന സത്യപ്രസ്താവന നൽകി റിട്ടയർമെന്റ് പോസ്റ്റുകളിലെ നിയമനം അംഗീകരിക്കുമോ?

2021-22-ലെ റിട്ടയർമെന്റ് ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിന് നിലവിൽ തടസ്സങ്ങളില്ല. എന്നാൽ പുതുതായി ആരംഭിച്ചതോ ഉയർത്തപ്പെട്ടതോ ആയ സ്കൂളുകളിൽ 6-2-2021-ലെ ജി.ഒ.(പി) 4/2021/പൊ.വി.വ. ഉത്തരവിലെ വ്യവസ്ഥപ്രകാരം സത്യപ്രസ്താവന നൽകിയ കേസുകളിൽ 2021-22 വർഷത്തിലെ റിട്ടയർമെന്റ് ഉൾപ്പെടെയുള്ള റെഗുലർ ഒഴിവുകളിൽ അതിനനുസരിച്ച് സംരക്ഷിതാദ്ധ്യാപക നിയമനം നടത്തേണ്ടതുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**മലപ്പുറം ജില്ലയിലെ പ്രൈമറി അദ്ധ്യാപകരുടെ ഒഴിവുകൾ**

239 (3237) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകൾ തുറക്കാത്തതിനാൽ പ്രൈമറി മേഖലയിൽ രണ്ട് വർഷമായി തസ്തിക നിർണ്ണയം നടന്നിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മലപ്പുറം ജില്ലയിലെ പ്രൈമറി അദ്ധ്യാപകരുടെ നിലവിലെ ഒഴിവുകൾ എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) 516/2019 കാറ്റഗറി നമ്പർ പ്രകാരമുള്ള മലപ്പുറം ജില്ലയുടെ എൽ.പി. എസ്.ടി. ഷോർട്ട് ലിസ്റ്റിന്റെ മുഖ്യപട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ എണ്ണം ജില്ലയിലെ അദ്ധ്യാപകരുടെ ഒഴിവുകൾ നികത്തുന്നതിന് പര്യാപ്തമല്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉദ്യോഗാർത്ഥികളുടെ പരാതികളുടെ അടിസ്ഥാനത്തിൽ ലിസ്റ്റ് വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) 2020-21, 2021-22 വർഷങ്ങളിലെ തസ്തിക നിർണ്ണയം നടന്നിട്ടില്ല. ടി വർഷങ്ങളിൽ 2019-20-ലെ തസ്തിക നിർണ്ണയം തുടരുന്നതാണ്. മലപ്പുറം ജില്ലയിൽ നിലവിൽ 517 എൽ.പി.എസ്.ടി. ഒഴിവുകളും 30 യു.പി.എസ്.ടി. ഒഴിവുകളുമുണ്ട്.

(സി) പ്രസ്തുത ജില്ലയിലെ പ്രൈമറി അദ്ധ്യാപക ഒഴിവുകൾ നികത്തുവാൻ സർക്കാർ തയ്യാറാകുമോ?

പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിയമന ശിപാർശ ലഭ്യമാകുന്നമുറയ്ക്ക് നിയമന നടപടികൾ സ്വീകരിക്കുന്നതാണ്.

**ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമനം -ചട്ടം ഭേദഗതി ചെയ്യൽ**

240 (3238) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവ. ഹയർ സെക്കണ്ടറിയിൽ 10-8-2018-ലെ സർക്കാർ ഉത്തരവ് നമ്പർ 3082/2018/പൊ.വി.വ. പ്രകാരവും 24-8-2019-ലെ ഉത്തരവ് G.O. (MS) No.129/2019/GEDN പ്രകാരവും പുനഃക്രമീകരിക്കപ്പെട്ട സ്കൂളുകളിൽ നിലവിൽ സ്ഥിരാദ്ധ്യാപകർ ഇല്ലാത്തതിനാൽ കരാർ വ്യവസ്ഥയിലാണ് അദ്ധ്യയനം നടത്തുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഗവൺമെന്റ് ഹയർ സെക്കണ്ടറിയിൽ എച്ച്.എസ്.എസ്.ടി. (ജൂനിയർ) ടു എച്ച്.എസ്.എസ്.ടി. തസ്തികമാറ്റ നിയമനം വഴി ഡി.പി.സി. ലിസ്റ്റിൽ ഉൾപ്പെടുന്ന ജൂനിയർ അദ്ധ്യാപകർ പ്രൊമോഷൻ ലഭിച്ചതിനുശേഷം തുടർച്ചയായി റിലിങ്ക്വിഷ് ചെയ്യുന്നത് സീനിയർ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനെ കാര്യമായി ബാധിക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ചില അദ്ധ്യാപകർ എച്ച്.എസ്.എസ്.ടി. പ്രൊമോഷൻ റിലിങ്ക്വിഷ് ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത റിലിങ്ക്വിഷ്മെന്റ് ഒഴിവുകൾ അടുത്ത ഡി.പി.സി.-യിൽ ഉൾപ്പെടുത്തി നിയമനം നൽകി വരുന്നുണ്ട്. അദ്ധ്യാപകരുടെ റിലിങ്ക്വിഷ്മെന്റ് നടപടി എച്ച്.എസ്.എസ്.ടി. സീനിയർ തസ്തികയിലെ നിയമനത്തെ കാര്യമായി ബാധിക്കാറില്ല.

(സി) ഗവൺമെന്റ് ഹയർ സെക്കണ്ടറിയിൽ പ്രൊമോഷന് താല്പര്യമില്ലാത്ത എച്ച്.എസ്.എസ്.ടി. (ജൂനിയർ) അദ്ധ്യാപകരെ ആയതിൽനിന്ന് ഒഴിവാക്കാൻ ചട്ടം ഭേദഗതി ചെയ്യുന്നത് പരിഗണനയിലുണ്ടോ?

ഇല്ല.

(ഡി) ഗവൺമെന്റ് ഹയർ സെക്കണ്ടറിയിൽ എച്ച്.എസ്.എസ്.ടി. തസ്തികയിലേയ്ക്ക് 7-1-2021, 2-8-2021 എന്നീ തീയതികളിലെ സർക്കുലർ Ad.C3/ 180537/2020/ D.G.E, Ad.C3/180537/2020/DGE പ്രകാരം പ്രസിദ്ധീകരിച്ച ഡി.പി.സി. ലിസ്റ്റിൽ നിന്നും വിവിധ വിഷയങ്ങളിലുള്ള ഒഴിവുകളെല്ലാം നികത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം വിഷയത്തിൽ ഒഴിവുകൾ നികത്തിയിട്ടില്ലായെന്നും നികത്താത്തതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കാമോ?

7-1-2021-ലെ എഡി.സി3/180537/2020/ഡി.ജി.ഇ. നമ്പർ സർക്കുലർ പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ 2-8-2021-ലെ എഡി.സി3/ 180537/ 2020/ഡി.ജി.ഇ. നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം പ്രസിദ്ധീകരിച്ച സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടതും സർവ്വീസിലുള്ളതുമായ എല്ലാ അദ്ധ്യാപകർക്കും എച്ച്.എസ്. എസ്.ടി. ആയി പ്രൊമോഷൻ നിയമനം 10-9-2021-ൽ നൽകിയിട്ടുണ്ട്. പ്രസ്തുത സെലക്ട് ലിസ്റ്റ് തീർന്നുകഴിഞ്ഞു. എച്ച്.എസ്.എസ്.ടി. കോമേഴ്സ് - 4, എച്ച്.എസ്.എസ്.ടി. സുവോളജി - 3, എച്ച്.എസ്.എസ്.ടി. അറബിക് - 2, എച്ച്.എസ്.എസ്.ടി ഹിന്ദി -1, എച്ച്.എസ്.എസ്.ടി ഇക്കണോമിക്സ് -1, എച്ച്.എസ്.എസ്.ടി. കെമിസ്ട്രി - 1, എച്ച്.എസ്.എസ്.ടി. ഇംഗ്ലീഷ്-2, എച്ച്.എസ്.എസ്.ടി. ബോട്ടണി -7, എച്ച്.എസ്. എസ്.ടി. ഫിസിക്സ് -4, എച്ച്.എസ്.എസ്.ടി. പൊളിറ്റിക്കൽ സയൻസ് - 1 എന്നീ ഒഴിവുകൾ, ചില അദ്ധ്യാപകരുടെ റിലിങ്ക്വിഷ്മെന്റും റിലീവിംഗും കാരണം നികത്തിയിട്ടില്ല. പ്രസ്തുത ഒഴിവുകൾ അടുത്ത ഡി.പി.സി.-യിൽ ഉൾപ്പെടുത്തി നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ അധ്യാപക ഒഴിവുകൾ

241 (3239) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 ജൂൺ മുതൽ 2021 സെപ്റ്റംബർ വരെ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ എത്ര ജൂനിയർ സുവോളജി അദ്ധ്യാപകർ ശൂന്യവേതനാവധിയിൽ പ്രവേശിച്ചിട്ടുണ്ട്; ഇപ്രകാരം ശൂന്യവേതന അവധിയിൽ പ്രവേശിച്ചവരുടെ റിലീവിംഗ് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

4 അദ്ധ്യാപകർ. പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. ടി ഒഴിവുകൾ നിലവിൽവന്ന സമയത്ത് സ്പെഷ്യൽ റൂൾസ് പ്രകാരം നേരിട്ടുള്ള നിയമനത്തിനായി നിലനിർത്തേണ്ട തസ്തികയിൽ അധികമായി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. ഇക്കാരണത്താലാണ് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതിരുന്നത്.

(ബി) ഗവൺമെന്റ് ഹയർ സെക്കണ്ടറിയിൽ എച്ച്.എസ്.എസ്.ടി. ജൂനിയർ (സുവോളജി) തസ്തികയിൽ ശൂന്യവേതന അവധി കഴിഞ്ഞ് 2022, 2023 വർഷങ്ങളിൽ ജോലിയിൽ തിരികെ പ്രവേശിക്കാനുള്ളവർക്കായി 2019-ലെ പ്രൊമോഷൻവഴി നിലവിൽവന്ന ജൂനിയർ ഒഴിവുകൾ മാറ്റിവച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം നടപടികൾ പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ളവരുടെ നിയമനത്തെ ബാധിക്കുമെന്നതിനാൽ ഇത് ഒഴിവാക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ;

(സി) ശൂന്യവേതന അവധി, അന്യത്ര സേവനം തുടങ്ങിയ കാരണങ്ങൾ പറഞ്ഞ് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരിക്കുന്നത് പി.എസ്.സി. നിയമനങ്ങളെ ദോഷകരമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ നേരിട്ടുള്ള നിയമന ക്വാട്ടയിൽ നാല് ഒഴിവുകൾ (പ്രതീക്ഷിത ഒഴിവുകൾ) അധികമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് അഡ്വൈസ് ലഭ്യമാക്കിയിട്ടുള്ളതിനാൽ ടി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ നിർവ്വാഹമില്ല.

## ഹയർ സെക്കണ്ടറി ടീച്ചർമാരുടെ ട്രാൻസ്ഫർ

242 (3240) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി ടീച്ചർമാരുടെ ട്രാൻസ്ഫർ അനുവദിക്കുന്നതിൽ കംപാഷനേറ്റ് ഗ്രൗണ്ട് മറയാക്കി അനർഹരായ പലരും ഇഷ്ടപ്പെട്ട സ്കൂളുകളിൽ തുടരുകയോ ഇഷ്ടപ്പെട്ട സ്കൂളിലേയ്ക്ക് സ്ഥലംമാറ്റം വാങ്ങുകയോ ചെയ്യുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കംപാഷനേറ്റ് ഗ്രൗണ്ടിൽ ട്രാൻസ്ഫർ അനുവദിച്ചിട്ടുള്ള ജീവനക്കാരുടെ ലിസ്റ്റ് കുറ്റമറ്റതാക്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി) അർഹരായവർക്ക് മാത്രം കംപാഷനേറ്റ് ഗ്രൗണ്ടിൽ ട്രാൻസ്ഫർ ലഭിക്കുന്ന രീതിയിൽ നിയമങ്ങൾ കർശനമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

(ബി&സി) നിലവിൽ സർക്കാർ നോമിനേറ്റ് ചെയ്യുന്ന സിവിൽ സർജൻ റാങ്കിൽ കുറയാത്ത ഡോക്ടർമാർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കണ്ടറി വിഭാഗം സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവരടങ്ങുന്ന കമ്മിറ്റിയാണ് അനുകമ്പാർഹ സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ പരിശോധിച്ച് റാങ്ക് പട്ടിക തയ്യാറാക്കുന്നത്. ആയത് കുറ്റമറ്റ രീതിയിൽ നടന്നുവരുന്നുണ്ട്.

## ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർമാരുടെ സ്ഥലംമാറ്റത്തിന്റെ മാനദണ്ഡങ്ങൾ

243 (3241) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി ടീച്ചർമാരുടെ സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

2-3-2019-ലെ സ.ഉ.(സാധാ) നമ്പർ 838/2019/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ് സർക്കാർ ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ പൊതുസ്ഥലമാറ്റം നടത്തപ്പെടുന്നത്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കംപാഷിനേറ്റ് ഗ്രൗണ്ടിൽ ഹയർ സെക്കണ്ടറി ടീച്ചർമാരുടെ ട്രാൻസ്ഫർ അനുവദിക്കാറുണ്ടോ; ഇതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ?

അനുവദിക്കാറുണ്ട്. ടി സർക്കാർ ഉത്തരവിന്റെ ആറാം ഖണ്ഡികയിൽ അനുകമ്പാർഹ സ്ഥലംമാറ്റത്തിന്റെ മാനദണ്ഡങ്ങൾ പരാമർശിക്കുന്നുണ്ട്.

## പൊതുവിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ ഉദ്യോഗക്കയറ്റം

244 (3242) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ ബ്രാഞ്ചിലേയ്ക്ക് 24-9-2021-ലെ സർക്കാർ ഉത്തരവ് നമ്പർ (അച്ചടി)14/2021/ പൊതുവിദ്യാഭ്യാസം (സി) വകുപ്പുപ്രകാരം തയ്യാറാക്കി പുറപ്പെടുവിച്ചിട്ടുള്ള ഡി.പി.സി. ഹയർ ലിസ്റ്റിൽ 2021 വർഷമുണ്ടാകുന്ന എ.എ./എ.പി.എഫ്.ഒ./എ.ഒ. ഒഴിവുകൾ നികത്താൻ പര്യാപ്തമാകുംവിധം ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കുറവ് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

2021 കലണ്ടർ വർഷത്തിൽ നിലവിലുണ്ടായിരുന്നതും പ്രതീക്ഷിതവുമായ ഒഴിവുകളിലേയ്ക്ക് പര്യാപ്തമാകുംവിധമുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയാണ് എ.എ./എ.ഒ./എ.പി.എഫ്.ഒ. തസ്തികയിലേയ്ക്കുള്ള സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചത്. ടി സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട ഒരു ഉദ്യോഗസ്ഥയ്ക്കെതിരെ അച്ചടക്ക നടപടികൾ ആരംഭിച്ചതിനാലും മറ്റൊരുദ്യോഗസ്ഥൻ മരണപ്പെട്ടതിനാലും ടി തസ്തികയിലേയ്ക്ക് ഈ വർഷം പ്രതീക്ഷിക്കുന്ന രണ്ട് ഒഴിവുകളിൽ സ്ഥാനക്കയറ്റം നൽകാൻവേണ്ട ഉദ്യോഗസ്ഥർ പ്രസ്തുത സെലക്ട് ലിസ്റ്റിലില്ല. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പൊതുവിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ ഉദ്യോഗക്കയറ്റം സമയബന്ധിതമായി നടപ്പാക്കാൻ ജൂനിയർ സൂപ്രണ്ട് മുതൽ സീനിയർ എ.എ. വരെയുള്ളവരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. ജൂനിയർ സൂപ്രണ്ടുമാരുടെ 31-12-2018 വരെയും സീനിയർ സൂപ്രണ്ടുമാരുടെ 31-12-2019 വരെയും പി.എ. ടു ഡി.ഇ.ഒ.-മാരുടെ 30-9-2020 വരെയും എ.എ./ എ.ഒ./എ.പി.എഫ്.ഒ.-മാരുടെ 30-9-2019 വരെയും സീനിയർ എ.എ.-മാരുടെ 31-12-2020 വരെയുമുള്ള സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## സർക്കാർ ജീവനക്കാരുടെ കലാ - സാംസ്കാരിക പ്രവർത്തനങ്ങൾ

245 (3243) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ കലാ-സാംസ്കാരിക പ്രവർത്തനങ്ങൾക്ക് തടസ്സങ്ങളുണ്ടാകുന്ന തരത്തിൽ മുൻസർക്കാരുകളുടെ കാലത്ത് ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ?

സംസ്ഥാന സർക്കാർ ജീവനക്കാരുടെ കലാ-സാംസ്കാരിക പ്രവർത്തനങ്ങൾക്ക് തടസ്സങ്ങളുണ്ടാകുന്ന തരത്തിൽ മുൻസർക്കാരുകളുടെ കാലത്ത് പൊതുവിദ്യാഭ്യാസ വകുപ്പ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എങ്കിൽ ഏത് സർക്കാരിന്റെ കാലത്ത് എപ്പോഴാണ് ഉത്തരവ് പുറത്തിറക്കിയത്; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഈ ഉത്തരവ് പിന്നീട് മരവിപ്പിച്ചിരുന്നോ; എങ്കിൽ ഉത്തരവിറങ്ങി എത്ര ദിവസത്തിനകമാണ് ഉത്തരവ് മരവിപ്പിച്ചതെന്ന് വ്യക്തമാക്കാമോ?

(ബി & സി) ബാധകമല്ല.

(ഡി) പ്രസ്തുത ഉത്തരവിലെ കാര്യങ്ങൾ പുതിയ രീതിയിലൂടെ ജീവനക്കാർക്കുമേൽ സമ്മർദ്ദം ചെലുത്താൻ ഈ സർക്കാരിന്റെ ഭാഗത്തുനിന്ന് ശ്രമമുണ്ടായിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്ന് അത്തരത്തിൽ ഏതെങ്കിലും സർക്കുലർ ഉണ്ടായിട്ടുണ്ടോയെന്നും എപ്പോഴാണ് സർക്കുലർ പുറത്തിറക്കിയതെന്നും പ്രസ്തുത സർക്കുലർ ഇപ്പോൾ നിലവിലുണ്ടോയെന്നും വ്യക്തമാക്കാമോ; സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കാമോ?

കലാ-സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ ജീവനക്കാർക്കുമേൽ സമ്മർദം ചെലുത്താൻ ഈ സർക്കാരിന്റെ ഭാഗത്തുനിന്ന് യാതൊരു ശ്രമവുമുണ്ടായിട്ടില്ല. കലാ-സാഹിത്യ-സാംസ്കാരിക രംഗങ്ങളിൽ ഏർപ്പെടുന്നതിനായി അനുമതി ആവശ്യപ്പെട്ടുകൊണ്ട് പൊതുവിദ്യാഭ്യാസ വകുപ്പിലെ ജീവനക്കാർ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ശിപാർശ ചെയ്യുന്നതിലേയ്ക്കുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 9-9-2021-ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽനിന്നും ഒരു സർക്കുലർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ, ഈ സർക്കുലർ കലാ-സാഹിത്യ-സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് നിയന്ത്രണം ഏർപ്പെടുത്തിയെന്ന രീതിയിൽ ദുർവ്യാഖ്യാനം ചെയ്യപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പിൻവലിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലർ ഇപ്പോൾ നിലവിലില്ല. സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) സർക്കാർ ജീവനക്കാരുടെ കലാ-സാംസ്കാരിക പ്രവർത്തനങ്ങൾക്ക് കൃത്യമായ പെരുമാറ്റച്ചട്ടം നിലനിൽക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

സർക്കാർ ജീവനക്കാരുടെ കലാ-സാംസ്കാരിക പ്രവർത്തനങ്ങൾക്ക് "1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടം" ബാധകമാണ്. മേൽ പറഞ്ഞ പെരുമാറ്റച്ചട്ടത്തിലെ ചട്ടങ്ങൾക്ക് വിധേയമായി സർക്കാർ ജീവനക്കാർക്ക് കലാ-സാഹിത്യ-സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കാവുന്നതാണ്.

**ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപക തസ്തികകളിലെ ഒഴിവുകൾ**

246 (3244) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകൾ നവംബർ മാസത്തിൽ തുറക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിലെ ഒഴിവുള്ള അദ്ധ്യാപക തസ്തികകൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

ഉണ്ട്. എച്ച്.എസ്.എസ്.ടി. തസ്തികയിൽ 671 ഒഴിവുകളും എച്ച്.എസ്.എസ്.ടി. (ജൂനിയർ) തസ്തികയിൽ 978 ഒഴിവുകളുമാണുള്ളത്.

(ബി) കുന്നത്തുനാട് മണ്ഡലത്തിലെ പൂത്തൃക്ക ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ വിവിധ വിഷയങ്ങളിലെ എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവിധ വിഷയങ്ങളിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളിൽ നിയമന ശിപാർശ ലഭ്യമാകുന്നമുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്.

**കോഴിക്കോട് ജില്ലയിലെ പ്രൈമറി അദ്ധ്യാപകരുടെ പ്രൊമോഷൻ**

247 (3245) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ പ്രൈമറി അദ്ധ്യാപകർക്കുള്ള ഹൈസ്കൂൾ പ്രൊമോഷൻ (എച്ച്.എസ്.ടി. ഫിസിക്കൽ സയൻസ്) ലിസ്റ്റിൽനിന്നും ഇതുവരെ ഏത് റാങ്ക് വരെയുള്ളവർക്കാണ് നിയമനം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഫിസിക്കൽ സയൻസ് തസ്തികയിലേയ്ക്കുള്ള പ്രൈമറി അദ്ധ്യാപകരുടെ റാങ്ക് ലിസ്റ്റിൽനിന്നും ക്രമനമ്പർ 34 വരെ പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(ബി) പ്രൈമറി അദ്ധ്യാപകരുടെ പ്രൊമോഷനുവേണ്ടി കേഡർ സ്ട്രെംഗ്ത്തിന്റെ എത്ര ശതമാനം നൽകണമെന്നാണ് വ്യവസ്ഥയുള്ളത്; നിലവിൽ പ്രൈമറി അദ്ധ്യാപകർക്ക് അവകാശപ്പെട്ടതായി എത്ര ഒഴിവുകളാണുള്ളത്; വ്യക്തമാക്കുമോ?

15 ശതമാനം നൽകണമെന്നാണ് വ്യവസ്ഥയുള്ളത്. 10 ഒഴിവുകൾ മാറ്റിവച്ചിരുന്നു. ഇതിൽ നിയമനം നടത്തിയിട്ടുണ്ട്.

(സി) 31-3-2021-ന് എ 1/5653/2021 നമ്പരായി വിവരാവകാശ നിയമപ്രകാരം നൽകിയ മറുപടിയിൽ പ്രൈമറി അദ്ധ്യാപകർക്ക് അവകാശപ്പെട്ടതായി 14 ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ടോ?

ഇല്ല. 14 പേർക്കുകൂടി സ്ഥാനക്കയറ്റം ലഭിക്കേണ്ടതുണ്ടെന്ന മറുപടിയാണ് നൽകിയിട്ടുള്ളത്.

(ഡി) പ്രസ്തുത തസ്തികകളിലേയ്ക്ക് പ്രൊമോഷൻ നിയമനം നൽകുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വിശദമാക്കാമോ;

(ഇ) അർഹതപ്പെട്ട പ്രൊമോഷൻ നൽകാതെ വൈകിപ്പിക്കുന്നത് സ്വാഭാവിക നീതി നിഷേധമായിക്കണ്ട് ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ഡി&ഇ) പ്രൊമോഷൻ വൈകുന്ന സാഹചര്യം ജില്ലയിൽ നിലവിലില്ല.

## ആലത്തൂർ മണ്ഡലത്തിലെ ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകരുടെ നിയമനം

248 (3246) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ കുനിശ്ശേരി ഗവൺമെന്റ് ഹൈസ്കൂൾ എന്ന് മുതലാണ് ഹയർ സെക്കണ്ടറി സ്കൂളായി അപ്ഗ്രേഡ് ചെയ്തത്; പ്രസ്തുത തീയതി മുതൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം വർഷാടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 15-12-2020-ലെ 3307/2020 നമ്പർ ഉത്തരവുപ്രകാരം അക്കാദമിക വർഷം 2015-16 മുതൽ പ്രവർത്തനാനുമതി ലഭിച്ചിട്ടും പ്രസ്തുത സ്കൂളിൽ അദ്ധ്യാപകരുടെ സ്ഥിരം തസ്തിക അനുവദിക്കാത്തതിന് കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത അദ്ധ്യാപകരുടെ സ്ഥിരം തസ്തിക അനുവദിച്ച് എന്ന് ഉത്തരവാകുമെന്ന് അറിയിക്കാമോ?

(എ-സി) 2007-ലാണ് ആലത്തൂർ ഗവൺമെന്റ് ഹൈസ്കൂൾ ഹയർ സെക്കണ്ടറിയായി ഉയർത്തിയത്. സർക്കാർ ഉത്തരവ് നമ്പർ 191/2007/പൊ.വി.വ. തീയതി 2-11-2007 പ്രകാരം അനുവദിച്ച ഹ്യൂമാനിറ്റീസ് ബാച്ചിൽ കുട്ടികൾ ലഭ്യമാകാത്തതിനാൽ ആരംഭിച്ചിരുന്നില്ല. ടി ബാച്ച് 2015-16 അദ്ധ്യയന വർഷം പുനരാരംഭിച്ചപ്പോൾ സർക്കാർ അനുമതി ലഭിച്ചിരുന്നില്ല. അനധികൃതമായി (അനുമതിയില്ലാതെ) പ്രവർത്തിച്ചുവന്ന ഈ ബാച്ചിന് 15-12-2020-ലെ സർക്കാർ ഉത്തരവ് നമ്പർ 3307/2020/ പൊ.വി.വ. പ്രകാരം തുടർപ്രവർത്തനാനുമതി നൽകി സർക്കാർ ഉത്തരവായിരുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി സ്കൂളിലെ തസ്തികകൾ അനുവദിക്കുന്നതിന് വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ആർ.ഡി.ഡി. മലപ്പുറത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭിക്കുന്നമുറയ്ക്ക് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

**അദ്ധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകാൻ നടപടി**

249 (3247) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനേജ്മെന്റിന് കീഴിൽവരുന്ന എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ നേരിട്ടും പ്രൊമോഷൻവഴിയും അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കാമോ?

എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ നേരിട്ടും പ്രൊമോഷൻ വഴിയുമുള്ള അദ്ധ്യാപകരുടെ നിയമനം കെ.ഇ.ആർ. അദ്ധ്യായം 32-ൽ നിഷ്കർഷിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് നടക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(എ) <u>പ്രിൻസിപ്പൽ തസ്തികയിലെ നിയമനം</u>:

വിദ്യാഭ്യാസ ഏജൻസിയുടെ പരിധിയിലുള്ള എച്ച്.എസ്.എസ്.ടി.-മാരിൽനിന്നും പ്രൊമോഷൻ മുഖേനയും യോഗ്യരായ ഹൈസ്കൂൾ വിഭാഗം എച്ച്.എം.-മാരിൽനിന്നും ബൈട്രാൻസ്ഫർ മുഖേനയും 2:1 എന്ന അനുപാതത്തിൽ.

(ബി) <u>എച്ച്.എസ്.എസ്.ടി. തസ്തികയിലെ നിയമനം</u>:

വിദ്യാഭ്യാസ ഏജൻസിയുടെ പരിധിയിലുള്ള ബന്ധപ്പെട്ട വിഷയത്തിലുള്ള എച്ച്.എസ്.എസ്.ടി. ജൂനിയർമാരിൽനിന്നും ബൈട്രാൻസ്ഫർ മുഖേനയും അവരുടെ അഭാവത്തിൽ യോഗ്യരായ എച്ച്.എസ്.ടി./യു.പി. എസ്.ടി./എൽ.പി.എസ്.ടി.-മാരിൽനിന്നും ബൈട്രാൻസ്ഫർ മുഖേനയും നേരിട്ടുള്ള നിയമനത്തിലൂടെയും 1:3 എന്ന അനുപാതത്തിൽ നിയമിക്കാവുന്നതാണ്. ബൈട്രാൻസ്ഫർ നിയമനത്തിന് യോഗ്യരായവർ ഇല്ലെങ്കിൽ നേരിട്ടാണ് നിയമനം നടത്തേണ്ടത്.

(സി) എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തികയിലെ നിയമനം:

വിദ്യാഭ്യാസ ഏജൻസിയുടെ പരിധിയിലുള്ള യോഗ്യരായ എച്ച്.എസ്.ടി./ യു.പി.എസ്.ടി./എൽ.പി.എസ്.ടി.-മാരിൽനിന്നും ബൈട്രാൻസ്ഫർ മുഖേനയും നേരിട്ടുള്ള നിയമനം മുഖേനയും നടത്താം. എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തികയുടെ 25% തസ്തികമാറ്റം മുഖേനയും 75% നേരിട്ടുള്ള നിയമനത്തിലൂടെയുമാണ് നടത്തുന്നത്.

(ബി) എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിയമിതരായ അദ്ധ്യാപകരുടെ പ്രൈമറി, ഹൈസ്കൂൾ എന്നിവിടങ്ങളിലെ സീനിയോറിറ്റി ലിസ്റ്റ് ഹാജരാക്കാത്തതിനാൽ നിയമനം അംഗീകരിക്കാത്ത എത്ര അപേക്ഷകൾ നിലവിലുണ്ട്; ജില്ല തിരിച്ച് കണക്ക് വിശദമാക്കാമോ?

എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിയമിതരായ അദ്ധ്യാപകരുടെ പ്രൈമറി, ഹൈസ്കൂൾ എന്നിവിടങ്ങളിലെ സീനിയോറിറ്റി ലിസ്റ്റ് ഹാജരാക്കാത്ത തിനാൽ നിയമനം അംഗീകരിക്കാത്ത 44 അപേക്ഷകൾ നിലവിലുണ്ട്. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| | |
|---|---|
| തിരുവനന്തപുരം | 4 |
| കോട്ടയം | 6 |
| ഇടുക്കി | 1 |
| കോഴിക്കോട് | 7 |
| മലപ്പുറം | 8 |
| പാലക്കാട് | 2 |
| കണ്ണൂർ | 12 |
| കാസർഗോഡ് | 4 |

(സി) കോവിഡ്-19 സാഹചര്യത്തിൽ സീനിയോറിറ്റി ലിസ്റ്റ് സമയബന്ധിതമായി അംഗീകരിച്ച് കിട്ടാത്ത അവസ്ഥയിൽ അദ്ധ്യാപക നിയമനം നൽകിയതിന് തൊട്ടുമുമ്പത്തെ വർഷത്തെ സീനിയോറിറ്റി ലിസ്റ്റിന്റെയും മാനേജരുടെ ഡിക്ലറേഷന്റെയും അടിസ്ഥാനത്തിൽ നിയമനങ്ങൾക്ക് അംഗീകാരം നൽകാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

## സ്കൂളുകളിലെ അദ്ധ്യാപക നിയമനത്തിന് കെ-ടെറ്റ് പാസ്സാകണമെന്നുള്ള നിബന്ധന

250 (3248) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ അദ്ധ്യാപക നിയമനത്തിന് കെ-ടെറ്റ് പാസ്സാകണമെന്നുള്ള നിബന്ധനയിൽ ഇളവുകൾ പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

എയ്ഡഡ് സ്കൂളുകളിൽ 2019-20 അദ്ധ്യയന വർഷംവരെ നിയമിതരായ അദ്ധ്യാപകർക്ക് 12-2-2021-ലെ സ.ഉ.(കൈ) നമ്പർ 58/2021/പൊ.വി.വ. പ്രകാരം കെ-ടെറ്റ് യോഗ്യത നേടുന്നതിന് 2020-21 സ്കൂൾ വർഷാവസാനം വരെ സമയപരിധി അനുവദിച്ചിരുന്നു.

(ബി) കെ-ടെറ്റ് പാസ്സാകാതെ അദ്ധ്യാപക തസ്തികയിൽ ജോലി ചെയ്യുന്ന എത്ര അദ്ധ്യാപകർ നിലവിലുണ്ട് (ഗവൺമെന്റ്, എയ്ഡഡ്); വിശദമാക്കാമോ?

കെ-ടെറ്റ് യോഗ്യത നേടാത്ത 4187 അദ്ധ്യാപകർ നിലവിലുണ്ട്. (ഗവൺമെന്റ് - 1017, എയ്ഡഡ് - 3170)

(സി) കോവിഡുമൂലം കെ-ടെറ്റ് പരീക്ഷ നടക്കാതിരിക്കുകയും ഈ വർഷം എയ്ഡഡ് സ്കൂളുകളിൽ നിയമനം ലഭിക്കുകയും ചെയ്ത അദ്ധ്യാപകർക്ക് കെ-ടെറ്റ് പരീക്ഷ പാസ്സാകുന്നതിൽ ഏതെങ്കിലും തരത്തിലുള്ള ഇളവുകൾ പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഇളവുകൾ പ്രഖ്യാപിച്ചിട്ടില്ല.

## എൽ.പി., യു.പി. ഹെഡ്മാസ്റ്റർമാരുടെ ഒഴിവ്

251 (3249) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ എൽ.പി., യു.പി. ഹെഡ്മാസ്റ്റർമാരുടെ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ നിയമനം നടത്താത്തതിന്റെ കാരണം വിശദമാക്കാമോ?

സർക്കാർ സ്കൂളുകളിൽ എൽ.പി., യു.പി. ഹെഡ്മാസ്റ്റർമാരുടെ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ നികത്തുന്നതിന് സർക്കാർ പുറപ്പെടുവിച്ച സർക്കുലർ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റേ ചെയ്തിരിക്കുകയാണ്. ഈ സാഹചര്യത്തിലാണ് നിയമനം നടത്താൻ സാധിക്കാത്തത്.

(ബി) എൽ.പി., യു.പി. ഹെഡ്മാസ്റ്റർ തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ മാനദണ്ഡം വിശദമാക്കാമോ?

സീനിയോറിറ്റിയും 12 വർഷത്തെ തുടർച്ചയായ സേവനവും പി.എസ്.സി. നടത്തുന്ന അക്കൗണ്ട് ടെസ്റ്റ് ലോവർ, കെ.ഇ.ആർ., കെ.ഇ. ആക്ട് എന്നീ ടെസ്റ്റുകൾ പാസ്സാകേണ്ടതുമാണ് എന്നതാണ് പ്രധാനാദ്ധ്യാപക തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള മാനദണ്ഡം.

(സി) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ എത്ര എൽ.പി., യു.പി. ഹെഡ്മാസ്റ്റർ ഒഴിവുകൾ നിലവിലുണ്ട്; വിശദമാക്കാമോ?

സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ 1625 എൽ.പി., യു.പി. പ്രധാനാദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്.

**നോൺ വൊക്കേഷണൽ ടീച്ചർ ജൂനിയർ, സീനിയർ തസ്തികകളിലെ ഒഴിവുകൾ**

252 (3250) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ വിവിധ വിഷയങ്ങളുടെ നോൺവൊക്കേഷണൽ ടീച്ചർ ജൂനിയർ, സീനിയർ തസ്തികകളിലെ ആകെ ഒഴിവുകളുടെ എണ്ണം വിഷയാടിസ്ഥാനത്തിൽ തരംതിരിച്ച് ലഭ്യമാക്കുമോ?

നോൺ വൊക്കേഷണൽ ടീച്ചർ സീനിയർ:

ഇംഗ്ലീഷ് - 21, ഫിസിക്സ്- 17, കെമിസ്ട്രി - 14, ബയോളജി - 3, കോമേഴ്സ് - 22, മാത്തമാറ്റിക്സ് - 8.

നോൺ വൊക്കേഷണൽ ടീച്ചർ ജൂനിയർ:

ഇംഗ്ലീഷ് - 8, ഫിസിക്സ് - 9, കെമിസ്ട്രി - 15, മാത്തമാറ്റിക്സ്- 11, ഹിസ്റ്ററി - 4, ഇക്കണോമിക്സ് - 3, ജി.എഫ്.സി -8, ജോഗ്രഫി - 1.

(ബി) ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ നോൺ വൊക്കേഷണൽ ടീച്ചർ ജൂനിയർ തസ്തികയിലെ പുതിയ ഒഴിവുകൾ നിലവിലെ എച്ച്.എസ്.എസ്.ടി. റാങ്ക് ലിസ്റ്റിൽനിന്ന് നികത്തുന്നതിന്റെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കുമോ?

പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർ സെക്കണ്ടറി വിഭാഗത്തിലെയും വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിലെയും അദ്ധ്യാപക നിയമനങ്ങൾക്കായി വെവ്വേറെ റാങ്ക് ലിസ്റ്റാണ് പബ്ലിക് സർവ്വീസ് കമ്മീഷൻ തയ്യാറാക്കുന്നത്. Rules of

procedure of Kerala PSC പ്രകാരം വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ നോൺവൊക്കേഷണൽ അദ്ധ്യാപക തസ്തികകൾ ഹയർ സെക്കണ്ടറി റാങ്ക് ലിസ്റ്റിൽനിന്നും അഡ്വൈസ് ചെയ്യണമോയെന്നത് കേരള പബ്ലിക് സർവ്വീസ് കമ്മീഷനാണ് തീരുമാനിക്കേണ്ടത്. ഇക്കാര്യത്തിൽ തീരുമാനമെടുത്തതായി പബ്ലിക് സർവ്വീസ് കമ്മീഷൻ അറിയിച്ചിട്ടില്ല.

## ജില്ലാ വിദ്യാഭ്യാസ പരിശീലന സമിതി

253 (3251) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജില്ലാ വിദ്യാഭ്യാസ പരിശീലന സമിതി (ഡയറ്റ്)കളിൽ സ്പെഷ്യൽ റൂൾ നിലവിലില്ലാത്തതിനാൽ ഒരു ഗ്രേഡ് പ്രൊമോഷൻപോലും സർവ്വീസ് കാലയളവിൽ അനുവദിച്ചിട്ടില്ലാത്ത ലക്ചറർ, സീനിയർ ലക്ചറർ, പ്രിൻസിപ്പൽ തസ്തികകളിൽ നിന്ന് വിരമിച്ച അദ്ധ്യാപകർക്ക് പെൻഷൻ ബെനിഫിറ്റായി ഗ്രേഡ് പ്രൊമോഷന്റെ ആനുകൂല്യം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പരിശോധിച്ചുവരുന്നു.

## ഹയർ സെക്കണ്ടറിയിൽ എച്ച്.എസ്.എസ്.ടി. തസ്തികയിലെ അദ്ധ്യാപകരുടെ നിയമനം

254 (3252) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവ. ഹയർ സെക്കണ്ടറിയിൽ 10-8-2018-ലെ സർക്കാർ ഉത്തരവ് 3082/2018/പൊ.വി.വ. പ്രകാരവും 24-8-2019-ലെ G.O.(MS) No.129/2019/ GEDN ഉത്തരവ് പ്രകാരവും പുന:ക്രമീകരിക്കപ്പെട്ട സ്കൂളുകളിൽ നിലവിൽ സ്ഥിരാദ്ധ്യാപകർ ഇല്ലാത്തതിനാൽ കരാർ വ്യവസ്ഥയിലാണ് അദ്ധ്യയനം നടത്തുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഗവ. ഹയർ സെക്കണ്ടറിയിൽ എച്ച്.എസ്.എസ്.ടി. (ജൂനിയർ) ടു എച്ച്.എസ്.എസ്.ടി. തസ്തികമാറ്റ നിയമനംവഴി ഡി.പി.സി. ലിസ്റ്റിൽ ഉൾപ്പെടുന്ന ജൂനിയർ അദ്ധ്യാപകർ പ്രൊമോഷൻ ലഭിച്ചതിനുശേഷം തുടർച്ചയായി റിലിംഗ്വിഷ് ചെയ്യുന്നത് സീനിയർ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനെ കാര്യമായി ബാധിക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ചില അദ്ധ്യാപകർ എച്ച്.എസ്.എസ്.ടി. പ്രൊമോഷൻ റീലിംഗ്വിഷ് ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത റീലിംഗ്വിഷ്മെന്റ് ഒഴിവുകൾ അടുത്ത ഡി.പി.സി.-യിൽ ഉൾപ്പെടുത്തി നിയമനം നൽകിവരുന്നുണ്ട്. റീലിംഗ്വിഷ്മെന്റ് നടപടി സീനിയർ തസ്തികയിലെ നിയമനത്തെ കാര്യമായി ബാധിക്കാറില്ല.

(സി) ഗവൺമെന്റ് ഹയർ സെക്കണ്ടറിയിൽ എച്ച്.എസ്.എസ്.ടി. തസ്തികയിലേയ്ക്ക് 7-1-2021, 2-8-21 എന്നീ തീയതികളിലെ ഉത്തരവുകൾ Ad.C3/180537/ 2020/ D.G.E, Ad.C3/180537/2020/DGE പ്രകാരം ഡി.പി.സി. ലിസ്റ്റ് പ്രസിദ്ധീകരിച്ചതിൽനിന്നും വിവിധ വിഷയങ്ങളിലുള്ള ഒഴിവുകളെല്ലാം നികത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം വിഷയത്തിൽ എത്ര ഒഴിവുകൾ നികത്തിയിട്ടില്ലായെന്നും നികത്താത്തതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കാമോ?

7-1-2021-ലെ എഡി.സി.3/180537/2020/ഡി.ജി.ഇ. നമ്പർ സർക്കുലർ പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ 2-8-2021-ലെ എഡി.സി.3/ 180537/2020/ഡി.ജി.ഇ. നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം പ്രസിദ്ധീകരിച്ച സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടതും സർവ്വീസിലുള്ളതുമായ എല്ലാ അദ്ധ്യാപകർക്കും എച്ച്.എസ്.എസ്.ടി. ആയി പ്രൊമോഷൻ നിയമനം 10-9-2021-ൽ നൽകിയിട്ടുണ്ട്. പ്രസ്തുത സെലക്ട് ലിസ്റ്റ് തീർന്നുകഴിഞ്ഞു. എച്ച്.എസ്.എസ്.ടി. കോമേഴ്സ്-4, എച്ച്.എസ്.എസ്.ടി. സുവോളജി-3, എച്ച്.എസ്.എസ്.ടി. അറബിക്-2, എച്ച്.എസ്. എസ്.ടി ഹിന്ദി-1, എച്ച്.എസ്.എസ്.ടി ഇക്കണോമിക്സ് -1, എച്ച്.എസ്.എസ്.ടി കെമിസ്ട്രി-1, എച്ച്.എസ്.എസ്.ടി. ഇംഗ്ലീഷ് -2, എച്ച്.എസ്.എസ്.ടി ബോട്ടണി-7, എച്ച്.എസ്.എസ്.ടി ഫിസിക്സ് - 4, എച്ച്.എസ്.എസ്.ടി. പൊളിറ്റിക്കൽ സയൻസ് -1 എന്നീ ഒഴിവുകൾ ചില അദ്ധ്യാപകരുടെ റീലിംഗ്വിഷ്മെന്റും റിലീവിങ്ങും കാരണം നികത്തിയിട്ടില്ല. പ്രസ്തുത ഒഴിവുകൾ അടുത്ത ഡി.പി.സി.-യിൽ ഉൾപ്പെടുത്തി നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഗവ. ഹയർ സെക്കണ്ടറിയിൽ എച്ച്.എസ്.എസ്.ടി. തസ്തികയിലേയ്ക്കുള്ള പ്രൊമോഷനായി ഡി.പി.സി. ലിസ്റ്റിൽ ഉയർന്ന സീനിയോറിറ്റിയുണ്ടായിട്ടും വിവിധ ഉത്തരവുകൾ പ്രകാരം പ്രൊമോഷനിൽനിന്ന് ഒഴിവാക്കപ്പെട്ട അദ്ധ്യാപകരുടെ വിവരം വിഷയാടിസ്ഥാനത്തിൽ നൽകുമോ; ഇവർ ഒഴിവാക്കപ്പെട്ടത് മൂലമുണ്ടായ ഒഴിവുകൾ നികത്തിയിട്ടില്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ?

എച്ച്.എസ്.എസ്.ടി. സുവോളജി വിഷയത്തിൽ സീരിയൽ നമ്പർ 1 ആയി ഉൾപ്പെട്ടിരുന്ന ശ്രീമതി ശ്രീമതി കെ.പി.-ക്ക് എച്ച്.എസ്.എസ്.ടി. ആയി നിയമനം നൽകിയിരുന്നില്ല. 2-8-2021-ലെ എ.ഡി.സി13/180537/20/ഡി.ജി.ഇ. നമ്പർ സെലക്ട് ലിസ്റ്റിലുൾപ്പെട്ട മറ്റെല്ലാവർക്കും എച്ച്.എസ്.എസ്.ടി. ആയി നിയമനം

നൽകിയിട്ടുണ്ട്. സർവ്വീസിൽനിന്നും വിരമിച്ചതിനാലാണ് ശ്രീമതി ശ്രീമതി കെ.പി.-ക്ക് നിയമനം നൽകാൻ കഴിയാത്തത്. ടി ഒഴിവ് അടുത്ത് നടക്കുന്ന എച്ച്.എസ്.എസ്.ടി. (ജൂനിയർ) അദ്ധ്യാപകരുടെ എച്ച്.എസ്.എസ്.ടി. ആയുള്ള തസ്തികമാറ്റ നിയമനത്തിൽ ഉൾപ്പെടുത്തി നികത്തുന്നതാണ്.

(ഇ) 2014-15, 2015-16 അദ്ധ്യയന വർഷങ്ങളിൽ ആരംഭിച്ചതും മതിയായ കുട്ടികളില്ലാത്തതിനാൽ തസ്തിക സൃഷ്ടിച്ചിട്ടില്ലാത്തതുമായ ഗവ. ഹയർ സെക്കണ്ടറി ബാച്ചുകളുടെ തസ്തിക സൃഷ്ടിക്കൽ നടപടിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത ബാച്ചുകളിലെ 2019-20, 2020-21 അദ്ധ്യയന വർഷങ്ങളിലെ കുട്ടികളുടെ എണ്ണം ബാച്ച് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. വിവരം അനുബന്ധമായി ചേർക്കുന്നു*.

**തിരുവനന്തപുരം ജില്ലയിലെ യു.പി.എസ്.എ. തസ്തികയിലുള്ള ഒഴിവുകൾ**

255 (3253) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ യു.പി.എസ്.എ. തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അറിയിക്കാമോ?

യു.പി.എസ്.എ. തസ്തികയിൽ 89 ഒഴിവുകൾ നിലവിലുണ്ട്. ഇതിൽ 78 എണ്ണം സുപ്രീം കോടതിയുടെ നിർദ്ദേശാനുസരണം പഴയ റാങ്ക് ലിസ്റ്റിലേയ്ക്കായി മാറ്റിവച്ചിരിക്കുന്നു. ബാക്കിയുള്ളവ അന്തർജില്ലാ സ്ഥലംമാറ്റത്തിനുവേണ്ടിയും മാറ്റിവച്ചിട്ടുണ്ട്. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ ഒഴിവുകൾ നിലവിലില്ല.

(ബി) നിലവിലുള്ള ഒഴിവുകൾ ഏതൊക്കെ സ്കൂളുകളിലാണെന്ന് അറിയിക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**കായികാദ്ധ്യാപക തസ്തികകൾ നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

256 (3254) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ-എയ്ഡഡ് മേഖലകളിൽ പ്രവർത്തിക്കുന്ന യു.പി., എച്ച്.എസ്. സ്കൂളുകളിൽ നിലവിൽ എത്ര കായികാദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1881 കായികാദ്ധ്യാപകർ സർക്കാർ എയ്ഡഡ് മേഖലകളിൽ പ്രവർത്തിക്കുന്ന യു.പി./എച്ച്.എസ്. സ്കൂളുകളിൽ ജോലി ചെയ്യുന്നുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*.

(ബി) സ്കൂളുകളിൽ കായികാദ്ധ്യാപക തസ്തികകൾ നിർണ്ണയിക്കുന്നതിനും അനുവദിക്കുന്നതിനുമുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; പ്രസ്തുത മാനദണ്ഡങ്ങൾ കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ?

യു.പി. സ്കൂളുകളിലും ഹൈസ്കൂൾ യു.പി. വിഭാഗത്തിലും 500 കുട്ടികൾ ഉണ്ടെങ്കിൽ യു.പി. വിഭാഗത്തിൽ കായികാദ്ധ്യാപക തസ്തിക, തസ്തിക നിർണ്ണയ പ്രകാരം അനുവദിക്കാവുന്നതാണ്. ഹൈസ്കൂൾ വിഭാഗത്തിൽ VIII-ലും IX-ലും തസ്തിക നിർണ്ണയപ്രകാരം അനുവദിച്ചിട്ടുള്ള ഡിവിഷനുകൾക്ക് ഓരോ പീരിയഡുവച്ച് ആകെ 5 പീരിയഡുകൾ ലഭ്യമെങ്കിൽ കായികാദ്ധ്യാപക തസ്തിക അനുവദിക്കാവുന്നതാണ്. പ്രസ്തുത മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്.

**ഹെഡ് ലോഡ് വർക്കേഴ്സ് നിയമം കാര്യക്ഷമമാക്കാൻ നടപടി**

257 (3255) ശ്രീ. പി. ടി. തോമസ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോക്കുകൂലിക്ക് നിരോധനമേർപ്പെടുത്തി വർഷങ്ങൾ കഴിഞ്ഞിട്ടും നിയമം കാര്യക്ഷമമായി നടപ്പിലാക്കാത്തതാണ് നോക്കുകൂലിയുടെ പേരിൽ നടക്കുന്ന അതിക്രമങ്ങൾക്കിടയാക്കുന്നതെന്ന ഹൈക്കോടതി വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏതുസാഹചര്യത്തിലും ചെയ്യാത്ത ജോലിക്ക് തൊഴിലാളികൾ കൂലി ആവശ്യപ്പെടുന്നതും കൈപ്പറ്റുന്നതും നിയമ വിരുദ്ധമായി പ്രഖ്യാപിച്ച് സംസ്ഥാന സർക്കാർ 30-4-2018-ൽ ജി.ഒ.(ആർ.ടി.)നമ്പർ.511/2018/തൊഴിൽ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എങ്കിലും നോക്കുകൂലി ആവശ്യപ്പെടുന്നത് സംബന്ധിച്ച പരാതി ഇടയ്ക്കിടെ ലഭിക്കാറുണ്ട്. നോക്കുകൂലി വാങ്ങുന്നത് സംബന്ധിച്ച പരാതി

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രദ്ധയിൽപ്പെട്ടാലുടൻതന്നെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ, ഡെപ്യൂട്ടി ലേബർ ഓഫീസർമാർ, ജില്ലാ ലേബർ ഓഫീസർമാർ എന്നിവർ പ്രശ്നത്തിൽ ഇടപെടുകയും അമിതമായോ അനർഹമായോ വാങ്ങിയ കൂലി തൊഴിലാളികളിൽനിന്നും തൊഴിലുടമയ്ക്ക് തിരികെ വാങ്ങികൊടുക്കുകയും തൊഴിലാളികളുടെ ഭാഗത്തുനിന്നും ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ കേരള ചുമട്ടുതൊഴിലാളി ചട്ടം 26 എ അനുശാസിക്കുന്ന വിധത്തിൽ തൊഴിലാളികളുടെ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്യുന്ന പരാതി പോലീസിന് കൈമാറി ഉചിതമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. നോക്കുകൂലി നിരോധിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പത്രമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിച്ചിട്ടുള്ളതിനാൽ പൊതുജനങ്ങൾക്കിടയിൽ അവബോധം ഉണ്ടായിട്ടുണ്ട്. കൂടാതെ പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാനത്തെ ചുമട്ടുതൊഴിൽ മേഖലയിലെ യൂണിയൻ പ്രതിനിധികളുടെ യോഗത്തിൽ നോക്കുകൂലി സംബന്ധിച്ച പരാതികൾ വളരെ ഗൗരവത്തോടെ കൈകാര്യം ചെയ്യുമെന്നും ഇത്തരം അനഭിലഷണീയമായ പ്രവണതകൾ ഒരു തരത്തിലും അനുവദിക്കില്ലെന്നും തീരുമാനിച്ചിട്ടുണ്ട്. നോക്കുകൂലി ആവശ്യപ്പെട്ടുവെന്ന പരാതികളിൽ അന്വേഷണം നടത്തുമ്പോൾ ഭൂരിഭാഗവും ചുമട്ടുതൊഴിലാളികൾ ഉൾപ്പെടുന്ന പ്രശ്നങ്ങളല്ലെന്നാണ് മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ ചുമട്ടുതൊഴിൽ മേഖലയിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ, നിയമപരമായി ചുമട്ടുതൊഴിലാളികൾക്ക് ലഭിക്കേണ്ട വേതനം എന്നിവ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധമുണ്ടാക്കുന്നതിന് എല്ലാ ജില്ലകളിലും തൊഴിലാളി-തൊഴിലുടമ പ്രതിനിധികൾക്കായി ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിനേയും കിലെയേയും ചുമതലപ്പെടുത്താൻ ടി യോഗത്തിൽ തീരുമാനമായിട്ടുണ്ട്.

(ബി) ഹെഡ്‌ലോഡ് വർക്കേഴ്സ് നിയമം കാര്യക്ഷമമായി നടപ്പിലാക്കാൻ സാധിച്ചിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിയമം കാര്യക്ഷമമാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 1978-ലെ കേരള ചുമട്ട് തൊഴിലാളി നിയമം, തൊഴിൽ വകുപ്പ് സംസ്ഥാനത്ത് കാര്യക്ഷമമായിത്തന്നെ നടപ്പിലാക്കി വരുന്നുണ്ട്.

## ചുമട്ടു തൊഴിലാളികളുടെ നോക്കുകൂലി

258 (3256) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നോക്കുകൂലി തടയാൻ നിലവിൽ സർക്കാർ സംവിധാനങ്ങളുണ്ടോയെന്നും എങ്കിൽ അത് ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടോയെന്നും വിശദമാക്കാമോ?

ഉണ്ട്. ഏത് സാഹചര്യത്തിലും ചെയ്യാത്ത ജോലിക്ക് തൊഴിലാളികൾ കൂലി ആവശ്യപ്പെടുന്നതും കൈപ്പറ്റുന്നതും നിയമവിരുദ്ധമായി പ്രഖ്യാപിച്ച് സംസ്ഥാന സർക്കാർ 30-4-2018-ൽ ജി.ഒ.(ആർ.ടി.)നമ്പർ 511/2018/തൊഴിൽ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എങ്കിലും നോക്കുകൂലി ആവശ്യപ്പെടുന്നത് സംബന്ധിച്ച പരാതി ഇടയ്ക്കിടെ ലഭിക്കാറുണ്ട്. നോക്കുകൂലി വാങ്ങുന്നത് സംബന്ധിച്ച പരാതി ശ്രദ്ധയിൽ പ്പെട്ടാലുടൻതന്നെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ, ഡെപ്യൂട്ടി ലേബർ ഓഫീസർമാർ, ജില്ലാ ലേബർ ഓഫീസർമാർ എന്നിവർ പ്രശ്നത്തിൽ ഇടപെടുകയും അമിതമായോ അനർഹമായോ വാങ്ങിയ കൂലി തൊഴിലാളികളിൽനിന്നും തൊഴിലുടമയ്ക്ക് തിരികെ വാങ്ങികൊടുക്കുകയും തൊഴിലാളികളുടെ ഭാഗത്തുനിന്നും ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ കേരള ചുമട്ടുതൊഴിലാളി ചട്ടം 26 എ അനുശാസിക്കുന്ന വിധത്തിൽ തൊഴിലാളികളുടെ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ തൊഴിലുടമയെ അധിക്ഷേപി ക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്യുന്ന പരാതി പോലീസിന് കൈമാറി ഉചിതമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. നോക്കുകൂലി നിരോധിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പത്രമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിച്ചിട്ടുള്ളതിനാൽ പൊതുജനങ്ങൾക്കിടയിൽ അവബോധമുണ്ടായിട്ടുണ്ട്. കൂടാതെ പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാനത്തെ ചുമട്ടുതൊഴിൽ മേഖലയിലെ യൂണിയൻ പ്രതിനിധികളുടെ യോഗത്തിൽ നോക്കുകൂലി സംബന്ധിച്ച പരാതികൾ വളരെ ഗൗരവത്തോടെ കൈകാര്യം ചെയ്യുമെന്നും ഇത്തരം അനഭിലഷണീയമായ പ്രവണതകൾ ഒരു തരത്തിലും അനുവദിക്കില്ലെന്നും തീരുമാനിച്ചിട്ടുണ്ട്. നോക്കുകൂലി ആവശ്യപ്പെട്ടുവെന്ന പരാതികളിൽ അന്വേഷണം നടത്തുമ്പോൾ ഭൂരിഭാഗവും ചുമട്ടുതൊഴിലാളികൾ ഉൾപ്പെടുന്ന പ്രശ്നങ്ങളല്ല എന്നാണ് മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ ചുമട്ടുതൊഴിൽ മേഖലയിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ, നിയമപരമായി ചുമട്ടുതൊഴിലാളികൾക്ക് ലഭിക്കേണ്ട വേതനം എന്നിവ സംബന്ധിച്ച് പൊതു ജനങ്ങൾക്കിടയിൽ അവബോധമുണ്ടാക്കുന്നതിന് എല്ലാ ജില്ലകളിലും തൊഴിലാളി-തൊഴിലുടമ പ്രതിനിധികൾക്കായി ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിനേയും കിലെയേയും ചുമതലപ്പെടുത്താൻ ടി യോഗത്തിൽ തീരുമാനമായി.

## തൊഴിൽ പോർട്ടൽ

259 (3257) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ തൊഴിൽ പോർട്ടൽ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത പദ്ധതിയിലൂടെ ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

അഭ്യസ്തവിദ്യരായ തൊഴിലന്വേഷകരെയും തൊഴിൽദാതാക്കളെയും ഒരു കുടക്കീഴിലെത്തിക്കുന്ന ഏകജാലക സംവിധാനമായി "സ്റ്റേറ്റ് ജോബ് പോർട്ടൽ" എന്ന വെബ് പോർട്ടൽ തൊഴിലും നൈപുണ്യവും വകുപ്പിനുകീഴിൽ രൂപം നൽകിയിട്ടുണ്ട്. തൊഴിലന്വേഷകർക്ക് സ്വന്തം വിവരങ്ങൾ ഈ പോർട്ടലിൽ അപ്ഡേറ്റ് ചെയ്ത് തങ്ങൾക്കനുയോജ്യമായ തൊഴിലവസരങ്ങൾ കണ്ടെത്താനും തൊഴിൽദാതാവിന് തൊഴിലവസരങ്ങൾ പോർട്ടലിൽ നൽകി തങ്ങൾക്കനുയോജ്യമായ ഉദ്യോഗാർത്ഥിയെ കണ്ടെത്താനും സാധിക്കും. സ്റ്റേറ്റ് ജോബ് പോർട്ടൽ ആഗോളസാന്നിദ്ധ്യമുള്ള ലിങ്ക്ഡിൻ എന്ന പോർട്ടലുമായി കരാറിലേർപ്പെട്ടുകൊണ്ട് ഉദ്യോഗാർത്ഥിക്ക് ഒരു പോർട്ടലിലെ ലോഗിൻ വിവരങ്ങൾകൊണ്ട് രണ്ട് പോർട്ടലിലെയും സേവനങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്. പോർട്ടലിൽ നൽകുന്ന വിവരങ്ങൾ ഉൾപ്പെടുത്തി ഒരു ഓട്ടോമാറ്റിക് റെസ്യൂമെ ഉദ്യോഗാർത്ഥിക്ക് ലഭ്യമാകുന്നതാണ്.

(ബി) തൊഴിൽ പോർട്ടൽ തയ്യാറാക്കിയത് ഏത് ഏജൻസിയാണെന്ന് വ്യക്തമാക്കുമോ?

കെൽട്രോൺ ആണ് തൊഴിൽ പോർട്ടൽ തയ്യാറാക്കിയത്.

(സി) പ്രസ്തുത പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നവരുടെ വിദേശത്തെ തൊഴിൽ സാദ്ധ്യത വിശദമാക്കുമോ;

(ഡി) ഒ.ഡി.ഇ.പി.സി.-യുടെ പ്രവർത്തനം പ്രസ്തുത പോർട്ടലുമായി ബന്ധപ്പെടുത്തിയിട്ടുണ്ടോ; വിദേശത്ത് ഇന്ത്യാക്കാർ നടത്തുന്ന സ്ഥാപനങ്ങളിൽ തൊഴിൽ ലഭിക്കുന്നതിന് പോർട്ടൽ സഹായകമാകുമോ; വ്യക്തമാക്കുമോ?

(സി&ഡി) വിദേശത്തുള്ള കമ്പനികൾ ഈ പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്ന മുറയ്ക്ക് അവിടേയ്ക്കുള്ള തൊഴിൽ സാദ്ധ്യതകൾകൂടി പോർട്ടൽ മുഖാന്തരം പ്രയോജന പ്പെടുത്താനാകും. നിലവിൽ ഒ.ഡി.ഇ.പി.സി.-യുടെ പ്രവർത്തനം പ്രസ്തുത പോർട്ടലുമായി ബന്ധപ്പെടുത്തിയിട്ടില്ല.

## കാട്ടാക്കടയിലെ കൗശൽ കേന്ദ്ര സെന്റർ

260 (3258) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന നൈപുണ്യ വികസന മിഷന് (കെ.എ.എസ്.ഇ.) കീഴിലെ കൗശൽ കേന്ദ്രയുടെ ഒരു സെന്റർ കാട്ടാക്കടയിൽ ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത വിഷയത്തിൻമേൽ സ്വീകരിച്ച തുടർനടപടി സംബന്ധിച്ച് വിശദമാക്കാമോ?

(എ&ബി) സംസ്ഥാന നൈപുണ്യ വികസന മിഷന് (കെ.എ.എസ്.ഇ.) കീഴിൽ കൗശൽ കേന്ദ്രയുടെ ഒരു സെന്റർ കാട്ടാക്കടയിൽ ആരംഭിക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം

261 (3259) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം വിഭാഗത്തിലുള്ള തൊഴിലാളികൾക്കാണ് നിലവിൽ ക്ഷേമനിധിയുള്ളതെന്ന് വിശദമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും സമയബന്ധിതമായി ആനുകൂല്യങ്ങൾ വിതരണം നടത്തുന്നതിനും ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കൂടുതൽ സുഗമമാക്കുന്നതിനായി കമ്പ്യൂട്ടറൈസേഷനും ഓൺലൈൻ ഫണ്ട് ട്രാൻസ്ഫർ അടക്കമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ക്ഷേമനിധി ബോർഡുകളിലെ അംശദായം വർദ്ധിപ്പിച്ച് ബോർഡുകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ബോർഡുകൾ നൽകുന്ന ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിച്ച് കൂടുതൽ തൊഴിലാളികളെ ക്ഷേമനിധി ബോർഡിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ചു. തൊഴിൽ വകുപ്പിന്റെ കീഴിൽവരുന്ന 16 ക്ഷേമനിധി ബോർഡുകളിലും രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ വിവരങ്ങൾ അവരുടെ ആധാർ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ എന്നിവ കൂട്ടിച്ചേർത്ത് ഡിജിറ്റലൈസ് ചെയ്യുന്ന പദ്ധതിയായ അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫേസ് സിസ്റ്റം വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ക്ഷേമനിധി പെൻഷൻ വിതരണം

262 (3260) ശ്രീ. പി.വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ക്ഷേമനിധികളിൽ അംഗങ്ങളായവർക്ക് കോവിഡ് പ്രതിസന്ധിമൂലം മസ്റ്ററിംഗ് നടത്താൻ കഴിയാത്തതിനാൽ പെൻഷൻ മുടങ്ങിയത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം പെൻഷൻ മുടങ്ങിയവർക്ക് മസ്റ്ററിംഗ് നടത്തി തുടർന്ന് പെൻഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2019 ഡിസംബർ 31 വരെ പെൻഷൻ അനുവദിക്കപ്പെട്ടവർ മസ്റ്റർ ചെയ്താൽ മാത്രമേ പെൻഷൻ അനുവദിക്കാൻ കഴിയുകയുള്ളൂ. മസ്റ്റർ ചെയ്യുന്നതിനായി 2019 നവംബർ മുതൽ 2020 ഒക്ടോബർ 15 വരെ വിവിധ ഘട്ടങ്ങളിലായി സമയം അനുവദിച്ചിരുന്നു. ഇനിയും മസ്റ്റർ ചെയ്യാനുള്ളവർക്ക് അതിന് ഒരവസരംകൂടി നൽകുന്ന കാര്യം പരിശോധിച്ചുവരികയാണ്.

## ക്ഷേമനിധി ബോർഡുകളുടെ സംയോജനം

263 (3261) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരേ സേവന ലക്ഷ്യവുമായി പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡുകൾ, കമ്മീഷനുകൾ, അതോറിറ്റികൾ എന്നിവ സംയോജിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് സംയോജിപ്പിക്കാൻ ഉദ്ദേശിക്കുന്നത്?

(എ&ബി) തൊഴിൽ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിച്ച് ആകെ ക്ഷേമനിധി ബോർഡുകളുടെ എണ്ണം 11 ആയി കുറയ്ക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡുമായും കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡുമായും കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡുമായും കേരള ബീഡി & സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ് കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡുമായും സംയോജിപ്പിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

**പാലാ നിയോജകമണ്ഡലത്തിലെ സ്കൂൾ പാചകത്തൊഴിലാളികളുടെ ദുരവസ്ഥ**

264 (3262) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ്-19 തുടരുന്ന സാഹചര്യത്തിൽ കഴിഞ്ഞ ഒന്നര വർഷക്കാലമായി തൊഴിൽ നഷ്ടം നേരിട്ട പാലാ മണ്ഡലത്തിലെ സ്കൂളുകളിലെ പാചക തൊഴിലാളികളെ സഹായിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാത്തതിനാൽ പാലാ മണ്ഡലം ഉൾപ്പെടെയുള്ള സംസ്ഥാനത്തെ സ്കൂൾ പാചക തൊഴിലാളികൾക്ക് പ്രസ്തുത കാലയളവിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 1,000 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ ടി കാലയളവിലേയ്ക്ക് 1,600 രൂപ സമാശ്വാസമായി ഇവർക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

**അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായി പ്രത്യേക പാക്കേജ്**

265 (3263) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് വ്യാപനംമൂലമുള്ള പ്രതിസന്ധിയാൽ അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്ന നിരവധി തൊഴിലാളികൾ ആത്മഹത്യ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലൈറ്റ് ആൻഡ് സൗണ്ട് മേഖലയിൽ ജോലി ചെയ്തിരുന്ന ഒൻപതോളം തൊഴിലാളികൾ ഇതിനോടകം ആത്മഹത്യ ചെയ്തുയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ പരിഗണിക്കുമോ?

(എ&ബി) ആത്മഹത്യ സംബന്ധിച്ച വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എല്ലാ വിഭാഗത്തിലുമുള്ള തൊഴിലാളികൾക്കും സാധ്യമായ പരമാവധി സഹായം സർക്കാർ ലഭ്യമാക്കിവരുന്നുണ്ട്.

(സി) അസംഘടിത മേഖലയിലെ തൊഴിലാളികളുടെ വായ്പ സംബന്ധിച്ച് ഇളവുകൾ നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കോവിഡ്-19 രണ്ടാംഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ എല്ലാവിധ വായ്പാ തിരിച്ചടവുകൾക്കും 31-12-2021 വരെ മൊറട്ടോറിയം പ്രഖ്യാപിക്കണമെന്നും മൊറട്ടോറിയം കാലയളവിലെ പലിശയും പിഴപ്പലിശയും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സർക്കാർ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളതാണ്. കോവിഡ്-19 രണ്ടാംഘട്ട വ്യാപനം സൃഷ്ടിച്ച പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ വ്യക്തികളുടെയും ചെറിയ സംരംഭങ്ങളുടെയും അർഹതപ്പെട്ട വായ്പകൾക്കായി വായ്പകളെ തരംതാഴ്ത്താതെതന്നെ വായ്പ റീഷെഡ്യൂളിംഗ് അനുവദിച്ചും രണ്ട് വർഷംവരെ മൊറട്ടോറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വായ്പക്കാരന് അനുവദിക്കാവുന്ന രീതിയിലും Resolution Framework 2.0- Resolution of Covid-19 related stress of Individual and Small Business പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ, ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ബാങ്ക് ഇതര ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുൾപ്പെടെ എല്ലാ ധനകാര്യ സ്ഥാപനങ്ങൾക്കും റിസർവ് ബാങ്ക് നൽകിയിട്ടുള്ളതാണ്. പ്രസ്തുത ആനുകൂല്യങ്ങൾക്കായി ബന്ധപ്പെട്ട ബാങ്കുകളെ സമീപിക്കാവുന്നതും ബാങ്കുകൾക്ക് റിസർവ് ബാങ്ക് മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അർഹത പരിശോധിച്ച് നടപടികൾ സ്വീകരിക്കാവുന്നതുമാണ്. മൊറട്ടോറിയം കാലയളവിലെ പലിശയും പിഴപ്പലിശയും ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സർക്കാർ, റിസർവ് ബാങ്ക് ഗവർണറോട് അഭ്യർത്ഥിച്ചിട്ടുള്ളതാണ്. അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്ന വഴിയോരക്കച്ചവടക്കാരുടെ ഉന്നമനത്തിനായി നടപ്പാക്കിയിട്ടുള്ള പ്രധാൻ മന്ത്രി സ്ട്രീറ്റ് വെൻഡേഴ്സ് ആത്മനിർഭർനിധി പദ്ധതി പ്രകാരം കേരളത്തിലെ ബാങ്കുകൾ 8,336 വഴിയോരക്കച്ചവടക്കാർക്കായി 8.36 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ഡി) ലോക്ക്ഡൗൺമൂലം ദുരിതമനുഭവിക്കുന്ന അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായി പ്രത്യേക പാക്കേജ് നടപ്പാക്കാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ?

കോവിഡ്-19-ന്റെ ഒന്നാംഘട്ടത്തിൽ അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 206939 അംഗങ്ങൾക്ക് 1,000 രൂപ നിരക്കിൽ ആശ്വാസ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. കോവിഡ് 19-ന്റെ രണ്ടാം തരംഗത്തിൽ സംജാതമായ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് 215699 തൊഴിലാളികൾക്ക് 1,000 രൂപ നിരക്കിൽ ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ, കോവിഡ്-19 അസുഖ ബാധിതരായ തൊഴിലാളികളിൽ ഹോം ക്വാറന്റൈൻ/CFLTC/DCC എന്നിവിടങ്ങളിൽ ചികിത്സയിൽ കഴിയുന്നവർക്ക് ബോർഡിന്റെ സഞ്ചിതനിധിയിൽനിന്ന് പരമാവധി 2,000 രൂപ വരെ ധനസഹായം അനുവദിക്കാനും കോവിഡാനന്തര ശാരീരിക പ്രയാസംമൂലം തുടർചികിത്സയിലേർപ്പെട്ടവർക്ക് ചികിത്സാ ധനസഹായമായി ബോർഡിന്റെ സഞ്ചിതനിധിയിൽ

നിന്ന് പരമാവധി 5,000 രൂപ വരെ ചികിത്സാരേഖകളുടെയും മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ അനുവദിക്കുവാനും കോവിഡ്-19 അസുഖ ബാധിതരായി മരണപ്പെട്ടവരുടെ ആശ്രിതർക്ക് മരണാനന്തര സഹായമായി ബോർഡിന്റെ സഞ്ചിതനിധിയിൽനിന്ന് പരമാവധി 15,000 രൂപവരെ ചികിത്സാ രേഖകളുടെയും മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ അനുവദിക്കുവാനും തീരുമാനിച്ചിട്ടുള്ളതും ആയത് നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ ആരംഭിച്ചി ട്ടുള്ളതുമാണ്.

## പൂട്ടിപ്പോയ പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ഉത്സവബത്ത

266 (3264) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂട്ടിപ്പോയ പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് നൽകിവരുന്ന ഉൽസവബത്ത ലഭ്യമാക്കുന്നതിന് തൊഴിൽ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ഇവർക്ക് ധനസഹായമായി ഓണത്തിന് ലഭിച്ചിരുന്ന ഉൽസവബത്ത നൽകിയെന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് ഒരു വർഷത്തിലധികമായി അടഞ്ഞുകിടക്കുന്ന സ്വകാര്യ/പൊതുമേഖലാ സ്ഥാപനങ്ങൾ/കയർ ഫാക്ടറികൾ/തോട്ടങ്ങൾ എന്നിവയിലെ തൊഴിലാളികൾക്കാണ് തൊഴിൽ വകുപ്പ് മുഖേന എല്ലാ വർഷവും ഓണത്തിന് എക്സ്ഗ്രേഷ്യ നൽകിവരുന്നത്. ടി സ്ഥാപനങ്ങളിൽനിന്നും റിട്ടയർ ചെയ്തിട്ടുള്ളതും എന്നാൽ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ലാത്തതുമായ തൊഴിലാളികൾക്കാണ് ഉത്സവബത്ത നൽകിവരുന്നത്. വി.ആർ.എസ്. വാങ്ങി പിരിഞ്ഞവർ ആനുകൂല്യത്തിന് അർഹരല്ല. തൊഴിലാളിക്ക് അനുവദിക്കുന്ന ഉത്സവബത്ത, അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെയും ജില്ലാ ലേബർ ഓഫീസർമാരുടെയും പരിശോധനയ്ക്ക് വിധേയ മായിട്ടായിരിക്കും. ജില്ലാ ലേബർ ഓഫീസുകൾ മുഖേന തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്കാണ് തുക അനുവദിക്കുന്നത്. ആയത് തൊഴിലാളികൾക്ക് ലഭ്യമായിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. ടി സാമ്പത്തിക വർഷം 12270 തൊഴിലാളികൾക്ക് ഉത്സവബത്ത ലഭ്യമാക്കുന്ന തിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## ലൈറ്റ് ആൻഡ് സൗണ്ട് മേഖലയിലെ തൊഴിലാളികൾ

267 (3265) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് ലൈറ്റ് ആൻഡ് സൗണ്ട് മേഖലയിൽ ജോലി ചെയ്തിരുന്ന എത്ര തൊഴിലാളികൾ ആത്മഹത്യ ചെയ്തുവെന്ന് വിശദമാക്കാമോ?

ലൈറ്റ് ആൻഡ് സൗണ്ട് മേഖലയിൽ ജോലി നോക്കിയിരുന്ന ചില തൊഴിലാളികൾ ആത്മഹത്യ ചെയ്തിരുന്നതായുള്ള വാർത്ത, മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ടിരുന്നു. ആത്മഹത്യ ചെയ്ത തൊഴിലാളികളുടെ എണ്ണം ലഭ്യമല്ല.

(ബി) പ്രസ്തുത മേഖലയിലെ തൊഴിലാളികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ വിശദമാക്കാമോ?

ലൈറ്റ് ആൻഡ് സൗണ്ട് മേഖലയിലെ തൊഴിലാളികൾക്ക് കേരള ഷോപ്പ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിലും കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിലും അംഗത്വമെടുക്കാവുന്നതാണ്. കോവിഡ്-19 പശ്ചാത്തലത്തിൽ കേരള ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത സജീവ അംഗങ്ങളിൽ അപേക്ഷ സമർപ്പിച്ച എല്ലാ തൊഴിലാളികൾക്കും 2020 കാലയളവിൽ 1000 രൂപയും ക്വാറന്റൈനിലായിരുന്ന അംഗങ്ങൾക്ക് 5000 രൂപയും കോവിഡ് ബാധിതരായ അംഗങ്ങൾക്ക് 10,000 രൂപയും ക്ഷേമനിധി ബോർഡിൽ നിന്നും വിതരണം ചെയ്തിരുന്നു. 2021 കാലയളവിലും കോവിഡ് ധനസഹായമായി എല്ലാ സജീവ ക്ഷേമനിധി അംഗങ്ങൾക്കും സർക്കാർ പ്രഖ്യാപിച്ച 1000 രൂപ നൽകിവരുന്നു. കൂടാതെ കോവിഡ്-19 വ്യാപനംമൂലം കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 206939 പേർക്ക് കോവിഡ്-19 ആശ്വാസ ധനസഹായമായി 1000 രൂപ നിരക്കിൽ ഒന്നാംഘട്ടം 20,69,39,000 രൂപ വിതരണം ചെയ്യുകയും രണ്ടാം ഘട്ടമായി കോവിഡ്-19 ആശ്വാസ ധനസഹായമായി 1000 രൂപ നിരക്കിൽ 215699 പേർക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കേരള ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിലും കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിലും അംഗങ്ങളായവർക്ക് ലഭിക്കുന്ന വിവിധ ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി യഥാക്രമം ചേർത്തിട്ടുണ്ട് *.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പീരുമേട്ടിൽ പൂട്ടിക്കിടക്കുന്ന തേയിലത്തോട്ടങ്ങൾ

268 (3266) <u>ശ്രീ. വാഴൂർ സോമൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോട്ടം തൊഴിലാളികളിൽനിന്നും പിരിച്ചെടുക്കുന്ന പ്രോവിഡന്റ് ഫണ്ട് കൃത്യമായി തോട്ടം ഉടമകൾ ഒടുക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ എന്ത് സംവിധാനമാണ് നിലവിലുള്ളത്; വിശദമാക്കാമോ;

(ബി) കൃത്യമായി പ്രോവിഡന്റ് ഫണ്ട് ഒടുക്കാത്ത ഉടമകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) പ്രോവിഡന്റ് ഫണ്ട് ഒടുക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ കേന്ദ്ര തൊഴിൽ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷന്റെ (ഇ.പി.എ.ഒ.) വെബ്സൈറ്റിൽ ലഭ്യമാണ്. കൃത്യമായി പ്രോവിഡന്റ് ഫണ്ട് ഒടുക്കാത്ത ഉടമകൾക്കെതിരെ നടപടി സ്വീകരിക്കേണ്ടത് കേന്ദ്ര തൊഴിൽ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് അതോറിറ്റിയാണ്.

(സി) 20 വർഷമായി പീരുമേട്ടിൽ പൂട്ടിക്കിടക്കുന്ന തേയിലത്തോട്ടങ്ങൾ തുറക്കുവാൻവേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുകയെന്ന സർക്കാർ നയത്തിന്റെ ഭാഗമായി ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ, പൂട്ടിയ തോട്ടങ്ങളായ പീരുമേട് ടീ കമ്പനി, എം.എം.ജെ. പ്ലാന്റേഷൻസ് എന്നീ മാനേജ്മെന്റുകളെ ഉൾപ്പെടുത്തി 22-11-2018-ൽ മീറ്റിംഗ് കൂടുകയും പ്രസ്തുത മീറ്റിംഗിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തോട്ടം തുറന്ന് പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ലേബർ കമ്മീഷണറുടെ ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്.

(ഡി) ശോചനീയ അവസ്ഥയിലായ തോട്ടം തൊഴിലാളികളുടെ ലയങ്ങൾ പുതുക്കിപ്പണിയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

തോട്ടം മേഖലയിലെ ഭവനരഹിതരായ തോട്ടം തൊഴിലാളികൾക്ക് വീട് നിർമ്മിച്ച് നൽകുകയെന്ന സർക്കാർ നയത്തിന്റെ ഭാഗമായി തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിയ പ്രാഥമിക സർവ്വേയിൽ കണ്ടെത്തിയ ഭവനരഹിതരായ തോട്ടം തൊഴിലാളികളെ 'ലൈഫ്' ലിസ്റ്റിൽ ഉൾപ്പെടുത്തി സ്വന്തമായി വീട് നിർമ്മിച്ച് നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. മൂന്നാർ മേഖലയിൽ

'ലൈഫ്' ലിസ്റ്റിൽ ഉൾപ്പെട്ട തോട്ടം തൊഴിലാളികൾക്കുള്ള വീടുകളുടെ നിർമ്മാണം തുടങ്ങുകയും പൂർത്തീകരിച്ച 5 വീടുകൾ തൊഴിലാളികൾക്ക് കൈമാറുകയും ചെയ്തിട്ടുള്ളതാണ്. ഭവനം ഫൗണ്ടേഷൻ ഭവനം പദ്ധതിയുടെ കീഴിൽ 'ഓൺ യുവർ ഓൺ ഹൗസിംഗ് സ്കീമിൽ' ഉൾപ്പെടുത്തി ആർ.പി.എൽ. കുളത്തുപ്പുഴ എസ്റ്റേറ്റിൽ 5 ഏക്കർ സ്ഥലത്ത് 412.6 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണത്തിലുള്ള 40 വീടുകളുടെ നിർമ്മാണം നടന്നുവരുന്നു.

**ആശുപത്രികൾ ഇ.എസ്.ഐ. സ്കീമിൽ എംപാനൽ ചെയ്യാൻ നടപടി**

269 (3267) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ഏതെല്ലാം ആശുപത്രികളാണ് ഇ.എസ്.ഐ. കോർപ്പറേഷനിൽ എംപാനൽ ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

കണ്ണൂർ ജില്ലയിൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്കായി മലബാർ കാൻസർ സെന്റർ, തലശ്ശേരി, പരിയാരം മെഡിക്കൽ കോളേജ് എന്നീ ആശുപത്രികളെ ഇ.എസ്.ഐ. കോർപ്പറേഷനും സ്പെഷ്യാലിറ്റി ചികിത്സയ്ക്കായി പയ്യന്നൂർ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ, ശ്രീചന്ദ് സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, പരിയാരം മെഡിക്കൽ കോളേജ് എന്നീ ആശുപത്രികളെ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പും എംപാനൽ ചെയ്തിട്ടുണ്ട്.

(ബി) കൂടുതൽ ആശുപത്രികൾ എംപാനൽ ചെയ്യാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇ.എസ്.ഐ. സ്കീമിൽ എംപാനൽ ചെയ്ത് ചികിത്സ നൽകുന്നതിന് പ്രധാനപ്പെട്ട ആശുപത്രികൾ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് ക്യാഷ്‌ലെസ്സ് ചികിത്സ നൽകുന്നതിന് CGHS നിരക്കിലാണ് ആശുപത്രികളെ എംപാനൽ ചെയ്യുന്നത്. സ്വകാര്യ ആശുപത്രികളുടെ നിരക്കിനേക്കാൾ CGHS നിരക്ക് കുറവായതിനാൽ പല സ്വകാര്യ ആശുപത്രികളും ഇ.എസ്.ഐ.സി.-യുമായി എംപാനൽ ചെയ്യുന്നതിന് വിമുഖത കാണിക്കുന്നുണ്ട്.

## പുതുക്കാട് മണ്ഡലത്തിൽപ്പെട്ട പി. ചന്ദ്രമോഹൻ ദാസിന് തുക അനുവദിക്കുന്നതിന് നടപടി

270 (3268) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട ചിറ്റിശ്ശേരി നിവാസിയും ഓട്ടുകമ്പനി തൊഴിലാളിയുമായ പി. ചന്ദ്രമോഹൻദാസ് ഇ.എസ്.ഐ. വഴി 28-10-2019 മുതൽ പെരിറ്റോണിയൽ ഡയാലിസിസ് നടത്തിവരുന്ന ടിയാന് 7.5 ശതമാനത്തിന്റെ ഫ്ലൂയിഡ് ഇ.എസ്.ഐ. ലിസ്റ്റിൽ ഉൾപ്പെട്ടില്ലെന്ന കാരണത്താൽ തുക അനുവദിക്കുന്നില്ലയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഒല്ലൂർ ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഇൻഷ്വേർഡ് പേഴ്സണായ ശ്രീ. പി. ചന്ദ്രമോഹൻ ദാസിന് (ഐ.പി. നമ്പർ 5401119276) പെരിറ്റോണിയൽ ഡയാലിസിസ് ഫ്ലൂയിഡ് 7.5% റേറ്റ് കോൺട്രാക്റ്റ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലെന്ന കാരണത്താൽ റീ-ഇംബേഴ്സ്മെന്റ് ക്ലെയിം അനുവദിക്കാത്ത സാഹചര്യമുണ്ടായിട്ടില്ല.

(ബി) മരുന്നിനായി മാസം 50,000 രൂപ ചെലവ് വരുന്ന ചന്ദ്രമോഹൻ ദാസിന് ജീവൻ നിലനിർത്തുന്നതിനായി പെരിറ്റോണിയൽ ഡയാലിസിസിന്റെ 7.5 ശതമാനത്തിന്റെ ഫ്ലൂയിഡ് ഇ.എസ്.ഐ. ലിസ്റ്റിൽ ഉൾപ്പെടുത്തി ടിയാൻ സമർപ്പിച്ചിട്ടുള്ള അപേക്ഷയിലെ ബിൽ തുക അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. പി. ചന്ദ്രമോഹൻ ദാസ് ഒല്ലൂർ ഇ.എസ്.ഐ. ഡിസ്പെൻസറിവഴി സമർപ്പിച്ച 2020-ലെ എല്ലാ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ക്ലെയിമുകളും അനുവദിച്ചിട്ടുണ്ട്. 2021 വർഷത്തിൽ ലഭിച്ച 8 ക്ലെയിമുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വെഞ്ഞാറമൂട്ടിൽ അനുവദിച്ച ഇ.എസ്.ഐ. ഡിസ്പെൻസറി

271 (3269) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ വെഞ്ഞാറമൂട്ടിൽ അനുവദിച്ച ഇ.എസ്.ഐ. ഡിസ്പെൻസറിയുടെ ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

15-9-2017-ലെ സ.ഉ.(കൈ)നമ്പർ 75/2017/തൊഴിൽ പ്രകാരം വെഞ്ഞാറമൂട്ടിൽ ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ്

അനുബന്ധമായി ചേർക്കുന്നു*. എന്നാൽ 7-5-2021 ലെ U-16/12/1/ Misc/ Disp/2017/Med.III (Kerala) നമ്പർ കത്തുപ്രകാരം ഇ.എസ്.ഐ. കോർപ്പറേഷൻ വെഞ്ഞാറമൂട്ടിൽ രണ്ട് ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ. ഡിസ്പെൻസറിയുടെ പ്രവർത്തനത്തിനാണ് തത്വത്തിൽ അംഗീകാരം നൽകിയത്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഭരണാനുമതി ലഭിച്ചശേഷം ഡിസ്പെൻസറി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(സി) ഈ ഡിസ്പെൻസറി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(ബി&സി) രണ്ട് ഡോക്ടർ ടൈപ്പ് ഡിസ്പെൻസറിയുടെ പ്രവർത്തനത്തിന് അധിക തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർതലത്തിൽ പരിശോധിച്ചുവരുന്നുണ്ട്. ഈ വിഷയം സംബന്ധിച്ച് സർക്കാർതലത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ പൂർത്തീകരിച്ചശേഷവും പുതിയ ഡിസ്പെൻസറിയുടെ പ്രവർത്തനത്തിനാവശ്യമായ വാടക കെട്ടിടം ലഭിക്കുന്ന മുറയ്ക്കും വെഞ്ഞാറമൂട്ടിൽ ഇ.എസ്.ഐ. ഡിസ്പെൻസറിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് സാധിക്കുന്നതാണ്.

**മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് ലംഘനങ്ങൾക്കുള്ള പിഴ**

272 (3270) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മിനിമം വേജ് ആക്ട്, ഷോപ് ആക്ട് പ്രകാരമുള്ള നിയമ ലംഘനങ്ങൾക്ക് പിഴത്തുക വർദ്ധിപ്പിച്ച സാഹചര്യത്തിൽ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് പ്രകാരമുള്ള നിയമ ലംഘനങ്ങൾക്കുള്ള പിഴതുക 500 രൂപയിൽനിന്ന് വർദ്ധിപ്പിക്കു ന്നതിനുള്ള നിയമനിർമ്മാണത്തിന് നടപടി സ്വീകരിക്കാമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

1961-ലെ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് നിയമപ്രകാരമുള്ള നിയമലംഘന ങ്ങൾക്കുള്ള പിഴത്തുക 500 രൂപയാണ്. ടി പിഴത്തുക വർദ്ധിപ്പിക്കുന്നതിന് നിയമഭേദഗതി ആവശ്യമാണ്. ടി നിയമം കേന്ദ്ര നിയമമായതിനാൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമാണ്. 23-7-2021-ലെ സ.ഉ.(സാധാ) നമ്പർ 887/2021/തൊഴിൽ ഉത്തരവുപ്രകാരം കോവിഡ്-19 മഹാമാരി തീവ്രവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ മോട്ടോർ ട്രാൻസ്പോർട്ട് സംരംഭങ്ങളുടെ രജിസ്ട്രേഷൻ പുതുക്കുന്നതിന് 2021 ഡിസംബർ 31 വരെ സമയം അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ചാത്തന്നൂരിലെ കൺസ്ട്രക്ഷൻ അക്കാദമി**

273 (3271) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂരിലെ നിർദ്ദിഷ്ട കൺസ്ട്രക്ഷൻ അക്കാദമി സംബന്ധിച്ച ഭേദഗതി വരുത്തിയ ഡി.പി.ആർ.-ന് അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) ഡി.പി.ആർ.-ൽ ഭേദഗതി വരുത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ഇതിനകം ഭേദഗതികൾ വരുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) കൺസ്ട്രക്ഷൻ അക്കാദമിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ഡി) ചാത്തന്നൂരിലെ കൺസ്ട്രക്ഷൻ അക്കാദമിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്നും ഉണ്ടെങ്കിൽ അവ എന്തെല്ലാമെന്നും അറിയിക്കാമോ?

(എ-ഡി) കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ ചാത്തന്നൂരിൽ ആരംഭിക്കുന്ന നാഷണൽ കൺസ്ട്രക്ഷൻ & ഇൻഫ്രാസ്ട്രക്ച്ചർ അക്കാദമി (NCIA) സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ് സമർപ്പിച്ച ഭേദഗതി വരുത്തിയ പദ്ധതി രൂപരേഖ (DPR) അംഗീകരിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. പ്രസ്തുത ഡി.പി.ആർ.-ന് സർക്കാർ അംഗീകാരം നൽകുന്നമുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

**നോക്കുകൂലിയുമായി ബന്ധപ്പെട്ട പരാതികൾ**

274 (3272) <u>ശ്രീ. എം. എം. മണി</u>:
<u>ശ്രീ. കെ. ജെ. മാക്സി</u>:
<u>ശ്രീ. എ. പ്രഭാകരൻ</u>:
<u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോക്കുകൂലിയുമായി ബന്ധപ്പെട്ട പരാതികൾ സംസ്ഥാനത്ത് കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒറ്റപ്പെട്ട സംഭവങ്ങൾ അംഗീകൃത ട്രേഡ് യൂണിയനുകളുടെ അറിവോടെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം, കോട്ടയം, എറണാകുളം ജില്ലകളിൽ ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് അംഗീകൃത ട്രേഡ് യൂണിയനുകളുടെ അറിവോടെയാണെന്ന് കണ്ടെത്തിയിട്ടില്ല.

(ബി) നോക്കുകൂലിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ ട്രേഡ് യൂണിയനുകൾ അവരുടെ നിലപാട് സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിവരങ്ങൾ ലഭ്യമാക്കാമോ?

ചെയ്യാത്ത ജോലിക്ക് വേതനം കൈപ്പറ്റുന്നതിനെ ഒരു ട്രേഡ് യൂണിയനുകളും അനുകൂലിക്കുന്നില്ല. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 16-9-2021-ന് ചേർന്ന സംസ്ഥാനത്തെ ചുമട്ടുതൊഴിൽ മേഖലയിലെ യൂണിയൻ പ്രതിനിധികളുടെ യോഗത്തിൽ നോക്കുകൂലി സംബന്ധിച്ച പരാതികൾ വളരെ ഗൗരവത്തോടെ കൈകാര്യം ചെയ്യുമെന്നും ഇത്തരം അനഭിലഷണീയമായ പ്രവണതകൾ ഒരുതരത്തിലും അനുവദിക്കില്ലെന്നും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ചുമട്ടുതൊഴിൽ മേഖലയിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ, നിയമപരമായി ചുമട്ടുതൊഴിലാളികൾക്ക് ലഭിക്കേണ്ട വേതനം എന്നിവ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധമുണ്ടാക്കുന്നതിന് എല്ലാ ജില്ലകളിലും തൊഴിലാളി-തൊഴിലുടമ പ്രതിനിധികൾക്കായി ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിനേയും കിലെയെയും (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ്) ചുമതലപ്പെടുത്താനും ടി യോഗത്തിൽ തീരുമാനമായിട്ടുണ്ട്.

(സി) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ഇതുസംബന്ധിച്ച് എത്ര പരാതികളാണ് തൊഴിൽ വകുപ്പിന് ലഭിച്ചത്; വർഷം, ജില്ല തിരിച്ച് അവയുടെ എണ്ണം എന്നിവ വ്യക്തമാക്കുമോ?

കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ നോക്കുകൂലി സംബന്ധിച്ച് 17 പരാതികൾ ലഭിച്ചിട്ടുണ്ട്. ആയത് വർഷം തിരിച്ച് അനുബന്ധമായി ചേർക്കുന്നു*.

### പെരിങ്ങോം ഗവൺമെന്റ് ഐ.ടി.ഐ. നിർമ്മാണം

275 (3273) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിങ്ങോം ഗവൺമെന്റ് ഐ.ടി.ഐ.-യുടെ ഒന്നാം നിലയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി 52 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിന് എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ തടസ്സമെന്താണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത എസ്റ്റിമേറ്റിന് പുതിയ ഭരണാനുമതി നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ-സി) പെരിങ്ങോം ഗവൺമെന്റ് ഐ.ടി.ഐ.-യുടെ ഒന്നാംഘട്ട കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് പുതുക്കിയ ഭരണാനുമതിക്കുള്ള ശിപാർശ ട്രെയിനിംഗ് ഡയറക്ടർ സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നു. എന്നാൽ പൂർത്തീകരിക്കേണ്ട പ്രവൃത്തികൾക്ക് പുതിയ ഭരണാനുമതി ആവശ്യമില്ലെന്നും പൂർത്തിയായ പ്രവൃത്തികളുടെ കോൺട്രാക്ട് റേറ്റിലുള്ളതും ശേഷിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റേറ്റിലുമുള്ള റിവൈസ്ഡ് ടെക്നിക്കൽ സാംഗ്ഷൻ തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ ശേഷിക്കുന്ന പ്രവൃത്തികൾ പുതിയ ടെണ്ടർ ക്ഷണിച്ച് നടത്തുന്നതിനാവശ്യമായ നിർദ്ദേശം പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നൽകുന്നതിന് സർക്കാർ തലത്തിൽ ട്രെയിനിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ തുടർന്നും പൊതുമരാമത്ത് വകുപ്പിൽനിന്നും ശേഷിക്കുന്ന പ്രവൃത്തികൾ ഉൾക്കൊള്ളിച്ചുകൊണ്ട് 51.5 ലക്ഷം രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് സഹിതം ഭരണാനുമതിക്കായി ട്രെയിനിംഗ് ഡയറക്ടർ ശിപാർശ സമർപ്പിച്ചിരുന്നു. തുടർന്ന് സർക്കാർതലത്തിൽ നൽകിയിരുന്ന നിർദ്ദേശപ്രകാരം പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ സ്വീകരിച്ച നടപടികൾ സംബന്ധിച്ചും ഇക്കാര്യത്തിൽ ഏത് സാഹചര്യത്തിലാണ് ഭരണാനുമതി പുതുക്കി നൽകേണ്ടത് എന്നത് സംബന്ധിച്ചുമുള്ള റിപ്പോർട്ട് ലഭ്യമാക്കുവാൻ സർക്കാർ നിർദ്ദേശിച്ചിരുന്നു. ടി വിവരങ്ങൾ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയിട്ടില്ല.

(ഡി) ഐ.ടി.ഐ.-യുടെ കെട്ടിടനിർമ്മാണത്തിന് ആദ്യം എത്ര രൂപയുടെ ഭരണാനുമതി ലഭിച്ചു; അതിൽ എത്ര രൂപ ചെലവഴിച്ചു; ബാക്കിയുള്ള തുക എത്രയെന്നും അറിയിക്കാമോ?

പെരിങ്ങോം ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു :

ഭരണാനുമതി നൽകിയ തുക -3.5 കോടി രൂപ

ചെലവഴിച്ച തുക - 2,55,29,160 രൂപ

ബാക്കി തുക - 94,70,840 രൂപ

(ഇ) പൊതുമരാമത്ത് വകുപ്പിൽ ഡെപ്പോസിറ്റ് വർക്കായിട്ടാണോ ഇത് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ?

ഡെപ്പോസിറ്റ് വർക്കല്ല. പൊതുമരാമത്ത് വകുപ്പിന്റെ ക്യാപിറ്റൽ ഹെഡ്ഡിലായിരുന്ന ഭരണാനുമതി അനുവദിച്ച് നൽകിയിരുന്നത്.

**ചിത്തിരപുരം ഐ.ടി.ഐ.-യുടെ പുതിയ കെട്ടിടനിർമ്മാണം**

276 (3274) <u>ശ്രീ. എ. രാജ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേവികുളം മണ്ഡലത്തിലെ ചിത്തിരപുരം ഐ.ടി.ഐ.-യുടെ പുതിയ കെട്ടിടം പണിയുന്നതിനുള്ള സ്ഥലത്തിന്റെ ബി.ടി.ആർ. സംബന്ധിച്ച ഫയലിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ചിത്തിരപുരം ഗവൺമെന്റ് ഐ.ടി.ഐ.-യുടെ കെട്ടിടനിർമ്മാണത്തിനായി കണ്ടെത്തിയ ഭൂമി വ്യാവസായിക പരിശീലന വകുപ്പിന് കൈമാറാൻ ലാൻഡ് റിക്വിസിഷൻ ഫോം ജില്ലാ കളക്ടർക്ക് ട്രെയിനിംഗ് ഡയറക്ടർ സമർപ്പിച്ചിരുന്നു. മേൽപ്പറഞ്ഞ ഭൂമി ബി.ടി.ആർ. റിമാർക്സിൽ ജി.എച്ച്.എസ്. ചിത്തിരപുരമെന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ വിദ്യാഭ്യാസ വകുപ്പിന്റെ എൻ.ഒ.സി. ആവശ്യമാണെന്ന് ജില്ലാ കളക്ടറുടെ കാര്യാലയത്തിൽനിന്നും അറിയിച്ചിരുന്നു. ചിത്തിരപുരം ഹൈസ്കൂളിന്റെ കൈവശമുള്ള 8.5 ഏക്കർ ഭൂമിയിൽനിന്നുമാണ് വ്യാവസായിക പരിശീലന വകുപ്പിന് ഭൂമി ലഭ്യമാക്കുന്നത്. സ്ഥലം കൈമാറ്റം സംബന്ധിച്ച് യാതൊരുവിധ തടസ്സവുമില്ലെന്ന് സ്കൂൾ അധികാരി തൊടുപുഴ ഡി.ഇ.ഒ.-യെ അറിയിച്ചിട്ടുണ്ട്. തുടർന്ന് തൊടുപുഴ ഡി.ഇ.ഒ., ഭൂമി സന്ദർശിച്ച് ജില്ലാ കളക്ടർക്ക് സമർപ്പിക്കാൻ എൻ.ഒ.സി. ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

**ഐ.ടി.ഐ.-കളിൽ സെന്റർ ഓഫ് എക്സലൻസ് പരിശീലന പദ്ധതി**

277 (3275) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും ഐ.ടി.ഐ.-കളിൽ സെന്റർ ഓഫ് എക്സലൻസ് പരിശീലന പദ്ധതി നിലവിലുണ്ടോ?

ഐ.ടി.ഐ. കൽപ്പറ്റ, ഐ.ടി.ഐ. ചന്ദനത്തോപ്പ് എന്നീ സ്ഥാപനങ്ങളിൽ സെന്റർ ഓഫ് എക്സലൻസ് പരിശീലന പദ്ധതി നിലവിലുണ്ട്.

(ബി) സംസ്ഥാനത്ത് സെന്റർ ഓഫ് എക്സലൻസ് പദ്ധതി നടപ്പിലാക്കിയിരുന്ന മിക്ക സ്ഥാപനങ്ങളിലും ഈ പദ്ധതി നിർത്തലാക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാർ സെന്റർ ഓഫ് എക്സലൻസ് (CoE)-ഉം ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമും (CTS) സംബന്ധിച്ച് താരതമ്യപഠനം നടത്തുകയും CTS കോഴ്സുകളെവച്ച് താരതമ്യം ചെയ്യുമ്പോൾ CoE കോഴ്സുകൾക്ക് ജോലി സാധ്യത കുറവാണെന്ന് കണ്ടെത്തുകയും ചെയ്തു. ആയതുപ്രകാരം ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗാണ് CoE പദ്ധതി നിർത്തലാക്കിയത്.

(സി) നിലവിൽ ഈ പദ്ധതി പ്രകാരം പരിശീലനം നടത്തുന്ന സ്ഥാപന ങ്ങളിൽനിന്നും ഈ കോഴ്സുകൾ പിൻവലിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

നിലവിൽ ഈ വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

**പൂഞ്ഞാർ മണ്ഡലത്തിൽ ഐ.ടി.ഐ. ആരംഭിക്കുന്നതിന് നടപടി**

278 (3276) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ഗവൺമെന്റ് ഐ.ടി.ഐ. ഇല്ലാത്ത പൂഞ്ഞാർ മണ്ഡലത്തിൽ ഒരു ഐ.ടി.ഐ. ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള പൂഞ്ഞാർ എഞ്ചിനീയറിംഗ് കോളേജിന്റെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം ഉപയോഗിച്ച് പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) പൂഞ്ഞാർ മണ്ഡലത്തിൽ പുതിയ ഐ.ടി.ഐ. ആരംഭിക്കുന്നതിനുള്ള ശിപാർശ ട്രെയിനിംഗ് ഡയറക്ടർ സമർപ്പിക്കുന്നമുറയ്ക്ക് ഈ വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.

**മുതിർന്ന പൗരൻമാരുടെ ഡാറ്റാ ബാങ്ക്**

279 (3277) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതിർന്ന പൗരൻമാരുടെ വിജ്ഞാനവും പ്രവൃത്തിപരിചയവും സമൂഹ നന്മയ്ക്കായി പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ ഡാറ്റാ ബാങ്ക് സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് എംപ്ലോയ്മെന്റ് ഡയറക്ടർ മുഖേന നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ ?

മുതിർന്ന പൗരൻമാരുടെ വിജ്ഞാനവും പ്രവൃത്തിപരിചയവും സമൂഹ നന്മയ്ക്കായി പ്രയോജനപ്പെടുത്തുന്നതിന് "നവജീവൻ" പദ്ധതിയിൽ ഉൾപ്പെടുത്തി മുതിർന്ന പൗരൻമാരുടെ ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള നടപടികളാണ്

എംപ്ലോയ്മെന്റ് ഡയറക്ടർ മുഖേന സ്വീകരിച്ചുവരുന്നത്. മുതിർന്ന പൗരൻമാർക്ക് വളരെ കുറഞ്ഞ വിവരങ്ങൾ നൽകി ലളിതമായ രീതിയിൽ ഓൺലൈനായി രജിസ്റ്റർ ചെയ്യാവുന്ന തരത്തിലും നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് 50 വയസ്സ് കഴിഞ്ഞാൽ നവജീവൻ പദ്ധതി ഡാറ്റാ ബാങ്കിലേയ്ക്ക് രജിസ്ട്രേഷൻ മാറ്റാവുന്ന തരത്തിലുമാണ് ഈ സംവിധാനമൊരുക്കുന്നത്. മുതിർന്ന പൗരൻമാരുടെ സേവനം ആവശ്യമുള്ള വ്യക്തികൾ/ സ്ഥാപനങ്ങൾ/ സംഘടനകൾ മുതലായവർക്ക്, അവർക്ക് ആവശ്യമുള്ള സേവനങ്ങൾ നൽകാൻ താൽപ്പര്യമുള്ള വ്യക്തികളെ ടി ഡാറ്റാ ബാങ്കിൽനിന്നും തെരഞ്ഞെടുക്കാവുന്ന തരത്തിലാണ് ഡാറ്റാ ബാങ്ക് സജ്ജീകരിക്കുന്നത്. സേവനങ്ങൾക്ക് മാന്യമായ വേതനം നൽകുന്നതിനും അവരുടെ സേവനങ്ങൾ വിലയിരുത്തുന്നതിന് മാർക്ക്/ ഗ്രേഡിംഗ് രേഖപ്പെടുത്തുന്നതിനുള്ള അവസരവും ഇതിൽ ഉൾപ്പെടുത്തുന്നുണ്ട്. കൂടാതെ നവജീവൻ ഡാറ്റാ ബാങ്ക് സംവിധാനം മൊബൈൽ ആപ്പ് വഴിയും ആവശ്യക്കാർക്ക് ലഭ്യമാക്കാനും നടപടി സ്വീകരിച്ചുവരുന്നു.

(ബി) ആയതിലേയ്ക്ക് ഇന്നേവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

നവജീവൻ പദ്ധതിയുടെ ഘടകമായ മുതിർന്ന പൗരന്മാരുടെ വിജ്ഞാനവും പ്രവൃത്തി പരിചയവും സമൂഹ നന്മയ്ക്കായി പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ ഡാറ്റാ ബാങ്ക് സൃഷ്ടിക്കുന്നതിന് എംപ്ലോയ്മെന്റ് ഡയറക്ടർക്ക് ഭരണാനുമതി നൽകി 17-12-2018-ലെ സ.ഉ.(കൈ)നമ്പർ 73/2018/തൊഴിൽ പ്രകാരം ഉത്തരവായിരുന്നു. ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ സൗകര്യമൊരുക്കുന്ന ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ ഓഫീസർമാർ മുതൽ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ചർച്ച നടത്തി ഡാറ്റാ ബാങ്കിന്റെ പ്രവർത്തനം സംബന്ധിച്ച് ഒരു രൂപരേഖ തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ എൻ.ഐ.സി. മുഖാന്തരം ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പ്രൊപ്പോസൽ എംപ്ലോയ്മെന്റ് ഡയറക്ടർ എൻ.ഐ.സി.-ക്ക് ലഭ്യമാക്കിയിട്ടുമുണ്ട്.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത പ്രൊഫഷണൽ ബിരുദധാരികളുടെ വർധന**

280 (3278) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u>
<u>ശ്രീ. ടി. ജെ. വിനോദ്:</u>
<u>ശ്രീ. എം. വിൻസെന്റ്:</u>
<u>ശ്രീ. സനീഷ്കുമാർ ജോസഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡിന്റെ പശ്ചാത്തലത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവരുടെ എണ്ണത്തിൽ വൻ വർദ്ധനവുണ്ടായിയെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് കോവിഡിന്റെ പശ്ചാത്തലത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവരുടെ എണ്ണത്തിൽ വൻവർദ്ധനവുണ്ടായിട്ടില്ല.

(ബി) സംസ്ഥാനത്ത് എം.ബി.ബി.എസ്. ബിരുദധാരികൾ ഉൾപ്പെടെ പ്രൊഫഷണൽ ബിരുദധാരികൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത് തൊഴിലിനായി കാത്തിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; സംസ്ഥാനത്ത് എം.ബി.ബി.എസ്. ബിരുദധാരികൾ ഉൾപ്പെടെ 179207 പ്രൊഫഷണൽ ബിരുദധാരികളായ ഉദ്യോഗാർത്ഥികളാണ് ജോലിക്കായി കാത്തിരിക്കുന്നത്.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത പ്രൊഫഷണൽ ബിരുദധാരികളുടെ കണക്ക് ലഭ്യമാണോ; എങ്കിൽ ആയത് ലഭ്യമാക്കുമോ?

ലഭ്യമാണ്; രണ്ടാം ക്ലാസ്സിൽ കുറയാത്ത പരമ്പരാഗത ആർട്സ്/ സയൻസ്/ കോമേഴ്സ് ബിരുദാനന്തര ബിരുദധാരികളെയും എഞ്ചിനീയറിംഗ്, മെഡിസിൻ, അഗ്രികൾച്ചർ, നിയമം തുടങ്ങിയ സാങ്കേതിക/പ്രൊഫഷണൽ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെയുമാണ് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) വകുപ്പ് പ്രൊഫഷണൽ ബിരുദധാരികൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കേരളത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിങ്ങനെ മൂന്ന് പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലായി യഥാക്രമം 61962, 51205, 66040 ഉൾപ്പെടെ 179207 പ്രൊഫഷണൽ ബിരുദധാരികളായ ഉദ്യോഗാർത്ഥികളാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത് ജോലിക്കായി കാത്തിരിക്കുന്നത്.

**ബേഡഡുക്ക പഞ്ചായത്തിൽ കൗശൽ കേന്ദ്ര**

281 (3279) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക പഞ്ചായത്തിൽ ആരംഭിക്കുന്ന കൗശൽ കേന്ദ്രയിൽ ക്ലാസ്സുകൾ എന്നുമുതൽ ആരംഭിക്കാനാകുമെന്ന് അറിയിക്കാമോ;

(ബി) ഈ സ്ഥാപനത്തിന്റെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

(എ&ബി) കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക പഞ്ചായത്തിൽ കൗശൽ കേന്ദ്ര സ്ഥാപിക്കുന്നതിനായുള്ള കെട്ടിടത്തിന്റെ 80 ശതമാനം പണി പൂർത്തിയായി ക്കഴിഞ്ഞിട്ടുണ്ട്. ഈ കലണ്ടർ വർഷംതന്നെ ക്ലാസ്സുകൾ ആരംഭിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തിവരുന്നു.

(സി) പ്രാരംഭത്തിൽ ഈ സ്ഥാപനത്തിൽ ഏതൊക്കെ കോഴ്സുകൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

പ്രാരംഭ ഘട്ടത്തിൽ ക്വാണ്ടിറ്റേറ്റീവ് ആപ്റ്റിറ്റ്യൂഡ് ആൻഡ് അനാലിറ്റിക്കൽ റീസണിംഗ്, ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ, ഡിജിറ്റൽ ലിറ്ററസി എന്നീ മേഖലകളിൽ പരിശീലനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

**കോടതി ഉത്തരവുപ്രകാരം അവകാശം ലഭിക്കുന്ന ഭൂമി**

282 (3280) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടതി ഉത്തരവുപ്രകാരം അവകാശം ലഭിക്കുന്ന ഭൂമിയുടെ പോക്കു വരവിനായുള്ള അപേക്ഷകൾ താലൂക്ക് ഓഫീസുകളിൽ കെട്ടിക്കിടക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കോടതി ഉത്തരവുകൾ മറികടന്ന് പോക്കുവരവ് ചെയ്ത് നൽകുന്നതിനുള്ള അപേക്ഷ താലൂക്ക് ഓഫീസുകളിൽനിന്ന് കളക്ടറേറ്റുകളിലേയ്ക്ക് നിയമോപദേശത്തിന് നൽകാറുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. കോടതി ഉത്തരവുകൾക്ക് വിരുദ്ധമായി പോക്കുവരവ് ചെയ്ത് നൽകുന്നതിനുള്ള അപേക്ഷകളിൽ നിയമോപദേശം ആവശ്യമായിവരുന്നവ ജില്ലാ കളക്ടർവഴി ജില്ലാ ലോ ഓഫീസർക്ക് നിയമോപദേശം നൽകുന്നതിന് നൽകാറുണ്ട്.

(സി) 2010 മുതൽ അത്തരത്തിലുള്ള എത്ര പരാതികളാണ് സംസ്ഥാനത്തെ വിവിധ താലൂക്ക് ഓഫീസുകളിൽ കെട്ടിക്കിടക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതുസംബന്ധിച്ച് താലൂക്ക് തിരിച്ചുള്ള കണക്കുകൾ ലഭ്യമാണോ; വിശദാംശം നൽകുമോ?

(സി&ഡി) അത്തരത്തിലുള്ള പരാതികൾ താലൂക്ക് ഓഫീസുകളിൽ കെട്ടിക്കി ടക്കുന്നില്ല. ആയതിനാൽ താലൂക്ക് തിരിച്ചുള്ള കണക്കുകൾ തയ്യാറാക്കിയിട്ടില്ല.

## പാറശ്ശാല മണ്ഡലത്തിലെ വില്ലേജുകളിലെ പുറമ്പോക്ക് ഭൂമി

283 (3281) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ വില്ലേജുകളിൽ വിവിധ ഇനങ്ങളിലായി സർക്കാർ വകുപ്പുകൾക്ക് കീഴിൽ എത്ര പുറമ്പോക്ക് ഭൂമിയുണ്ടെന്നുള്ള വിവരം കണക്കാക്കിയിട്ടുണ്ടോ; സർവ്വേ നമ്പർ, ഭൂമിയുടെ അളവ്, ഇനം എന്നിവ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ?

കണക്കാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത ഭൂമി ഓരോന്നും ഏതൊക്കെ ആവശ്യത്തിനാണ് നിലവിൽ ഉപയോഗിക്കുന്നതെന്ന വിവരം പട്ടികയാക്കി നൽകാമോ; പ്രസ്തുത പുറമ്പോക്ക് ഭൂമി അളന്ന് അതിർത്തി നിർണ്ണയിച്ച് സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പ്രസ്തുത ഭൂമി സർക്കാരിന്റെ പൊതുആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുണ്ട്. അവ എന്താവശ്യത്തിനാണ് ഉപയോഗിക്കുന്നത് എന്നത് സംബന്ധിച്ച് പ്രത്യേകം പട്ടികയാക്കി ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതാണ്. പുറമ്പോക്ക് ഭൂമി അതിർത്തി നിർണ്ണയിച്ച് സംരക്ഷിച്ച് വരുന്നതുമാണ്. കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളവയിൽ ഒഴിപ്പിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടി സ്വീകരിച്ചു വരുന്നു.

(സി) പ്രസ്തുത ഭൂമിയിൽ സ്വകാര്യ വ്യക്തികളുടെ കയ്യേറ്റം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ തിരിച്ചുപിടിക്കുന്നതിന് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ആയതിന്റെ വിശദമായ വിവരം വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിലെ വില്ലേജുകളിൽ ഉൾപ്പെടുന്ന പുറമ്പോക്ക് ഭൂമിയിലെ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമപ്രകാരം കേസുകൾ രജിസ്റ്റർ ചെയ്ത് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ വില്ലേജ് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| വില്ലേജ് | കേസുകളുടെ എണ്ണം |
|---|---|
| പെരുങ്കടവിള | 1 |
| കുന്നത്തുകാൽ | 60 |
| വെള്ളറട | 11 |
| പാറശ്ശാല | 2 |
| അമ്പൂരി | 2 |
| കള്ളിക്കാട് | 1 |
| ഒറ്റശേഖരമംഗലം | 1 |
| വാഴിച്ചൽ | 1 |

(ഡി) പാറശ്ശാല മണ്ഡലത്തിലെ സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; മണ്ഡലത്തിലെ സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

പാറശ്ശാല മണ്ഡലത്തിലെ സർക്കാർ ഭൂമി കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടവയിൽ ബന്ധപ്പെട്ട തഹസിൽദാർ മുഖേന കേരള ഭൂസംരക്ഷണ നിയമപ്രകാരം നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

### റവന്യൂ വകുപ്പിലെ ഇ-പേമെന്റ്

284 (3282) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന്റെ ഇ-പേമെന്റ് ഉൾപ്പെടെയുള്ള ഡിജിറ്റൽ സേവനങ്ങളിൽ പോരായ്മകളുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ എന്തെല്ലാം പോരായ്മകളാണുള്ളതെന്നും ഇവ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

(എ&ബി) റവന്യൂ വകുപ്പിന്റെ ഇ-പേമെന്റ് ഉൾപ്പെടെയുള്ള ഡിജിറ്റൽ സേവനങ്ങളിൽ നിലവിൽ എന്തെങ്കിലും പോരായ്മകളുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. സ്മാർട്ട് ഫോണുകളിലെ അടിസ്ഥാന സേവനങ്ങൾ ഉപയോഗിക്കുവാൻ കഴിയുന്നവർക്ക് അനായാസം കൈകാര്യം ചെയ്യുവാൻ പാകത്തിൽ ലളിതമായ യൂസർ ഇന്റർഫേസുകളും പ്രോസസ്സുകളുമാണ് റവന്യൂ സേവനങ്ങൾ ലഭ്യമാക്കുന്ന വെബ്പോർട്ടലുകളിലും മൊബൈൽ ആപ്ലിക്കേഷനുകളിലും തയ്യാറാക്കിയിട്ടുള്ളത്. മൊബൈൽ ആപ്ലിക്കേഷനുകളിലൂടെയും വെബ് പോർട്ടലുകളിലൂടെയും ഓൺലൈൻ സേവനങ്ങൾ ഉപയോഗിക്കുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുന്നവർക്ക് ആവശ്യമായ സഹായങ്ങൾ ചെയ്യുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കോമൺ സർവ്വീസ് സെന്ററുകളും സന്നദ്ധമാണ്. ഓൺലൈൻ സേവനങ്ങൾ ഉപയോഗിക്കുന്ന വിവിധ തലങ്ങളിൽപ്പെട്ട ജനവിഭാഗങ്ങളിൽനിന്നും ലഭിക്കുന്ന അഭിപ്രായവും പ്രതികരണങ്ങളും അനുസരിച്ച് ബന്ധപ്പെട്ട സോഫ്റ്റ്വെയറുകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തു ന്നതിനും വകുപ്പ് ശ്രദ്ധിക്കുന്നുണ്ട്.

(സി) വൺടൈം സർട്ടിഫിക്കേഷൻ സംവിധാനം എന്താണെന്നും ഇതിന്റെ ഗുണം എന്താണെന്നും വ്യക്തമാക്കാമോ?

ഭൂരേഖകൾ ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ പോക്കുവരവ് സാധ്യമാക്കിയിട്ടുള്ള എല്ലാ വില്ലേജുകളിലും 2017 മുതൽ ഇ-പേമെന്റ് മുഖാന്തരം ഓൺലൈനായി ഭൂനികുതി സ്വീകരിക്കുന്നതിനുള്ള സംവിധാനം നടപ്പിൽവരുത്തിയിട്ടുണ്ട്. എന്നാൽ ഈ സംവിധാനം നടപ്പിലാക്കിയതിനുശേഷം നാളിതുവരെ ഓൺലൈനായി ഭൂനികുതി ഒടുക്കുവരുത്താത്ത വ്യക്തികളുടെ വിവരം വില്ലേജടിസ്ഥാനത്തിൽ ലിസ്റ്റ് ചെയ്യുകയും അവരുടെ ഭൂനികുതി കുടിശ്ശിക കണക്കാക്കി ഓൺലൈനായിത്തന്നെ ഭൂനികുതി ഒടുക്കുവരുത്തുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിനുമുള്ള പ്രവർത്തനമാണ് വൺടൈം സർട്ടിഫിക്കേഷൻ. ഈ സംവിധാനത്തിലൂടെ സംസ്ഥാനത്തിന് പിരിഞ്ഞുകിട്ടേണ്ട ഭൂനികുതി സംബന്ധിച്ച കണക്ക് ലഭ്യമാകുകയും ടി വിവരം കക്ഷികളെ അറിയിച്ച് ഭൂനികുതി കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുവാനും സാധിക്കുന്നു. സർക്കാരിന്റെ നികുതി വരുമാനം കൂട്ടുന്നതിനുപുറമെ പരമാവധി ആളുകളെ ഇ-പേമെന്റ് ഓൺലൈൻ പ്ലാറ്റ്ഫോമിലേയ്ക്ക് കൊണ്ടുവരാനും കൂടുതൽ സുതാര്യവും ലളിതവും ജനപങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ടുമുള്ള ഇ-ഗവേണൻസ് പ്രവർത്തനമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

(ഡി) വില്ലേജ് ഓഫീസുകൾ മുഖേന സ്വീകരിച്ചിരുന്ന ഭൂനികുതി മൊബൈൽ ഫോൺമുഖേന ഒടുക്കുന്നതിനുള്ള സൗകര്യം വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഉണ്ട്. റവന്യൂ വെബ്പോർട്ടൽ മുഖാന്തരവും ഇ-സർവ്വീസസ് മൊബൈൽ ആപ്ലിക്കേഷൻവഴിയും മൊബൈൽ ഫോൺമുഖേന ഭൂനികുതി ഒടുക്കുവരുത്താവുന്നതാണ്.

(ഇ) റസിഡന്റ് ഡീറ്റെയിൽസ് മൊഡ്യൂൾകൊണ്ട് ഉദ്ദേശിക്കുന്നതെന്താണെന്നും ഏതെല്ലാം ജില്ലകളിൽ ഈ സംവിധാനം നടപ്പാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഭൂമിയുടെ കൈവശാവകാശം സംബന്ധിച്ച് കൃത്യമായ രേഖകൾ ലഭ്യമല്ലാത്ത പൗരന്മാർക്ക് ഭൂനികുതി ഒടുക്കുന്നതിനുവേണ്ടി ഇ-പേയ്മെന്റ് സിസ്റ്റത്തിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമാണ് " റസിഡന്റ് ഡീറ്റെയിൽസ് മൊഡ്യൂൾ" . കൈവശാവകാശ രേഖകൾ ലഭ്യമല്ലാത്തത് കാരണം ഭൂനികുതി ഒടുക്കുവാൻ കഴിയാതിരിക്കുകയും തന്മൂലം പൗരന് ലഭിക്കേണ്ട സർക്കാർ സേവനങ്ങളിൽ കാലതാമസം നേരിടുകയും ചെയ്യ സാഹചര്യത്തിലാണ് ഇത്തരമൊരു സംവിധാനം ഇ-പേയ്മെന്റ് സിസ്റ്റത്തിൽ ഉൾപ്പെടുത്തിയത്. ഇതിലൂടെ പൗരന്മാർക്ക് ലളിതമായ രീതിയിൽ കരമൊടുക്കുന്നതിനും അതുമായി ബന്ധപ്പെട്ട മറ്റ് സർക്കാർ സേവനങ്ങൾ ലഭിക്കുന്നതിനുമുള്ള സാഹചര്യം സംജാതമാകുന്നു. മാത്രവുമല്ല നികുതിയിനത്തിലുള്ള സർക്കാർ വരുമാനം വർദ്ധിപ്പിക്കുവാനും ഈ സംവിധാനത്തിലൂടെ സാധിക്കുന്നുണ്ട്. റസിഡന്റ് ഡീറ്റെയിൽസ് മൊഡ്യൂളിലൂടെ ഒരു വ്യക്തിയുടെ ഭൂനികുതി ഒടുക്കുവരുത്തി നൽകുന്നതിനോടൊപ്പം ടി വ്യക്തിക്ക് പ്രസ്തുത ഭൂമിയിന്മേലുള്ള കൈവശാവകാശം സംബന്ധിച്ച രേഖകളുടെ അന്വേഷണവും പരിശോധനയും സമാന്തരമായി നടത്തുന്നുണ്ട്. കൈവശാവകാശം സംബന്ധിച്ച രേഖ ലഭ്യമാകുന്നമുറയ്ക്ക് ടി ഭൂമിയുടെ കൈവശാവകാശം സംബന്ധിച്ച വിവരം ലാൻഡ് റെക്കോർഡ്സ് സിസ്റ്റത്തിൽ ഉൾപ്പെടുത്തി റസിഡന്റ് ഡീറ്റെയിൽസ് മൊഡ്യൂളിലൂടെ നികുതി ഒടുക്കുന്നവരുടെ എണ്ണം കുറച്ചുകൊണ്ടു വരുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നുണ്ട്. ഭൂനികുതി ഒടുക്കുന്നതിനു വേണ്ടിയുള്ള ഇ-പേയ്മെന്റ് സിസ്റ്റത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള " റസിഡന്റ് ഡീറ്റെയിൽസ് മൊഡ്യൂൾ" സംസ്ഥാന വ്യാപകമായി നടപ്പിലാക്കിയിട്ടുള്ളതാണ്. കൃത്യമായ കൈവശാവകാശ രേഖകൾ ലഭ്യമല്ലാത്തവർക്ക് ഭൂനികുതി ഒടുക്കുവാൻ വേണ്ടിമാത്രമാണ് വില്ലേജുകളിൽ ഈ സംവിധാനം ഉപയോഗിക്കുന്നത്.

**ചെങ്ങറ കെ.ആർ. നാരായണൻ മാതൃകാ ഗ്രാമത്തിലെ ഭൂനികുതി**

285 (3283) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പെരിയ വില്ലേജിലെ ചെങ്ങറ കെ.ആർ. നാരായണൻ മാതൃകാ ഗ്രാമത്തിൽ താമസിക്കുന്നവർക്ക് നൽകിയ സ്ഥലത്തിന് ഭൂനികുതി അടയ്ക്കാൻ സാധിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ചെങ്ങറ പുനരധിവാസ പാക്കേജ് പ്രകാരം ഗുണഭോക്താക്കൾക്ക് പെരിയ വില്ലേജിൽ കൃഷിയാവശ്യത്തിന് അനുവദിച്ച ഭൂമി KRN സൊസൈറ്റിയുടെ പേരിൽ നിലനിർത്തിക്കൊണ്ട് പട്ടികജാതി വികസന വകുപ്പിന് കൈമാറിക്കൊണ്ടാണ് അനുവദിച്ചിരുന്നത്. പ്രസ്തുത ഭൂമിക്ക് പട്ടയം അനുവദിച്ചിട്ടില്ലാത്തതിനാൽ ഇവരിൽ നിന്നും ഭൂനികുതി സ്വീകരിക്കുന്നില്ല. എന്നാൽ കിടപ്പാടത്തിനുവേണ്ടി അനുവദിച്ച 8 സെന്റ് ഭൂമിക്ക് നികുതി സ്വീകരിക്കുന്നുണ്ട്. KRN സൊസൈറ്റിയുടെ പേരിൽ പട്ടികജാതി വികസന വകുപ്പിന് കൈമാറിയ ഭൂമി റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് ഇവരിൽ അർഹരായവർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## ഇടുക്കി ജില്ലയിലെ പനംകുട്ടി വാൽവ് ഹൗസ് നിവാസികൾക്ക് ഭൂനികുതി അടയ്ക്കാൻ സൗകര്യം

286 (3284) <u>ശ്രീ. എ. രാജ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ വെള്ളത്തൂവൽ ഗ്രാമ പഞ്ചായത്ത് വാർഡ് 15 ഭാഗം ഉൾപ്പെടുന്ന പനംകുട്ടി വാൽവ് ഹൗസ് പ്രദേശത്തെ ജനങ്ങൾക്ക് വില്ലേജ് ഓഫീസിൽ ഭൂനികുതി അടയ്ക്കാൻ സാധിക്കുന്നില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ദേവികുളം താലൂക്കിൽ വെള്ളത്തൂവൽ, മന്നാങ്കണ്ടം എന്നീ വില്ലേജുകളിൽപ്പെടുന്ന ചില പൊതുഅതിർത്തി പ്രദേശത്ത് ഭൂമി കൈവശം വച്ചുവരുന്ന ഏതാനും ആളുകൾക്ക് ഭൂനികുതി അടയ്ക്കാൻ കഴിയാത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വെള്ളത്തൂവൽ വില്ലേജ് ബ്ലോക്ക് 6-ലും മന്നാങ്കണ്ടം വില്ലേജ് ബ്ലോക്ക് 4-ലും പൊതു അതിർത്തിയിൽ മുൻകാലത്ത് പട്ടയം നൽകിയിട്ടുള്ള ചില വസ്തുക്കൾ റീസർവ്വേ റിക്കാർഡുകൾ നിലവിൽ വന്നപ്പോൾ പേരിൽ ചേർത്ത് വന്നിട്ടില്ലാത്തതാണ്. ചില കക്ഷികളുടെ വസ്തു മുഴുവനായോ ഭാഗീകമായോ റിസർവ് വനത്തിന്റെ സർവ്വേ നമ്പരിൽ ഉൾപ്പെട്ട് വരുന്നതുമൂലം കരം സ്വീകരിക്കാൻ കഴിയാതെ വരുന്നതുമാണ്.

(ബി) പ്രസ്തുത പ്രദേശം ഏത് വില്ലേജ് ഓഫീസിന് കീഴിലാണ് ഉൾപ്പെടുന്നതെന്ന് വ്യക്തമാക്കാമോ?

വെള്ളത്തൂവൽ, മന്നാങ്കണ്ടം വില്ലേജുകളുടെ അതിർത്തിയിലാണ് ടി പ്രദേശം ഉൾപ്പെട്ടുവരുന്നത്.

(സി) പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഭൂമി സർവ്വേചെയ്ത് പട്ടയ സ്കെച്ചിന്റെയും റീസർവ്വേ പ്ലാനിന്റെയും അടിസ്ഥാനത്തിൽ വിശദമായി റിപ്പോർട്ട് ചെയ്യുന്നതിന് താലൂക്ക് സർവ്വേയർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

**അട്ടപ്പാടി ഭവാനി ടീ ആൻഡ് പ്രൊഡ്യൂസ് കമ്പനി**

287 (3285) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി ഭവാനി ടീ ആൻഡ് പ്രൊഡ്യൂസ് കമ്പനിയുടെ പേരിൽ എത്ര ഏക്കർ തോട്ടമുണ്ട്; പ്രസ്തുത കമ്പനിക്ക് ലാൻഡ് ട്രൈബ്യൂണലും താലൂക്ക് ലാൻഡ് ബോർഡും ഭൂപരിധിയിൽ ഇളവ് നൽകിയതെന്നാണ്; വ്യക്തമാക്കാമോ?

അട്ടപ്പാടി ഭവാനി ടീ ആൻഡ് പ്രൊഡ്യൂസ് കമ്പനിയുടെ പേരിൽ ഷോളയൂർ വില്ലേജിൽ 872.3800 ഹെക്ടർ തോട്ടമുണ്ട്. പ്രസ്തുത കമ്പനിക്ക് മണ്ണാർക്കാട് താലൂക്ക് ലാൻഡ് ബോർഡിന്റെ 13-7-1995-ലെ CC 158/74 ഉത്തരവുപ്രകാരം ഭൂപരിധിയിൽ ഇളവ് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ഭൂമി ബ്രിട്ടീഷ് കമ്പനികൾ കൈവശം വച്ചിരുന്ന പാട്ട ഭൂമിയാണോ; പ്രസ്തുത സ്ഥലം നിലവിൽ പാട്ടഭൂമിയാണോ; അല്ലെങ്കിൽ ഉടമസ്ഥരാണെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത ഭൂമി ബ്രിട്ടീഷ് കമ്പനികൾ കൈവശം വച്ചിരുന്ന പാട്ടഭൂമിയാണോ എന്നത് സംബന്ധിച്ച രേഖകൾ ലഭ്യമല്ല. നിലവിൽ ടി ഭൂമി പാട്ട ഭൂമിയല്ല. വില്ലേജിലെ എ&ബി രജിസ്റ്റർ പ്രകാരം പ്രസ്തുത ഭൂമി ദി ഭവാനി ടീ & പ്രൊഡ്യൂസ് കമ്പനി എന്ന പേരിൽ രേഖപ്പെടുത്തിയിട്ടുള്ളതും പ്രസ്തുത കമ്പനിയുടെ പേരിൽത്തന്നെ നിലവിൽ ഉടമസ്ഥാവകാശം നിലനിൽക്കുന്നതുമാണ്.

**അട്ടപ്പാടിയിലെ വട്ടലക്കി ആദിവാസി ഊരിന് സമീപമുള്ള വിദ്യാധിരാജ ട്രസ്റ്റ് ഭൂമി**

288 (3286) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അട്ടപ്പാടിയിലെ വട്ടലക്കി ആദിവാസി ഊരിന് സമീപമുള്ള വിദ്യാധിരാജ ട്രസ്റ്റിന്റെ ഭൂമി ആദിവാസികളുടെ പാരമ്പര്യ ഭൂമിയാണെന്ന പരാതിയിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; അന്വേഷണത്തിന്റെ വിശദാംശങ്ങൾ നൽകാമോ?

പരാതിയിൽ അന്വേഷണം നടത്തിവരുന്നു. കോട്ടത്തറ വില്ലേജിൽ വട്ടലക്കിയിൽ വിദ്യാധിരാജ വിദ്യാസമാജം ട്രസ്റ്റിന്റെ പേരിൽ 17 ആധാരങ്ങളിലായി 18 സർവ്വേ നമ്പറുകളിൽപ്പെട്ട 21.834 ഹെക്ടർ ഭൂമി കൈവശമുണ്ട്. ഇതിൽ 307/3, 307/4, 579 എന്നീ സർവ്വേ നമ്പറുകളിൽപ്പെട്ട വസ്തുവും ഉൾപ്പെടും. എ ആൻഡ് ബി രജിസ്റ്റർ പരിശോധിച്ചതിൽ 307/3, 307/4, 579 എന്നീ സർവ്വേ നമ്പറുകളിൽപ്പെട്ട വസ്തുക്കൾ ആദിവാസി ഭൂമിയാണെന്ന് കാണുന്നു. തീറാധാരത്തിൽ മറ്റ് സർവ്വേ നമ്പറുകൾകൂടി ചേർന്നുവരുന്നതിനാൽ ആദിവാസി ഭൂമിയുടെ കൃത്യമായ വിസ്തീർണ്ണം വിശദമായ സർവ്വേ നടത്തി മാത്രമേ കണ്ടെത്താനാകൂ. അതിനുള്ള നടപടികൾ നടന്നുവരുന്നു.

## വൈക്കം കായലോരത്തെ സ്ഥലത്തിന്റെ ഉടമസ്ഥത

289 (3287) ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം നഗരസഭയ്ക്ക് 1988-ൽ വൈക്കം കായലോരത്തായി പതിച്ചു നൽകിയിട്ടുള്ള ഭൂമിയുടെ നിലവിലെ ഉടമസ്ഥാവകാശം ആർക്കാണെന്ന് വ്യക്തമാക്കുമോ?

10-10-1988-ലെ ജി.ഒ. (എം.എസ്.) നമ്പർ 734/88/ആർ.ഡി. സർക്കാർ ഉത്തരവുപ്രകാരം വൈക്കം വില്ലേജിലെ സർവ്വേ 197/1-ൽപ്പെട്ട 6.80 ഏക്കർ കായൽ പുറമ്പോക്ക്, കളിസ്ഥലം, സ്റ്റേഡിയം എന്നിവ നിർമ്മിക്കുന്നതിന് വൈക്കം മുനിസിപ്പാലിറ്റിക്ക് കൈമാറി നൽകുന്നതിന് കോട്ടയം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നതാണ്. ടി ഉത്തരവുപ്രകാരമുള്ള നടപടികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ടി സ്ഥലം നിലവിൽ സർക്കാർ അധീനതയിലാണ്. എന്നാൽ 1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്ട് പ്രകാരം കായൽ പുറമ്പോക്ക് ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിക്ഷിപ്തമായിട്ടുള്ളതിനാൽ ബീച്ചിന്റെ സംരക്ഷണം, പരിപാലനം എന്നിവ മുനിസിപ്പാറ്റിയുടെ ഉത്തരവാദിത്വമാണ്. ടി സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച് കേരള ഹൈക്കോടതിയിൽ വൈക്കം മുനിസിപ്പാലിറ്റി ഫയൽ ചെയ്ത WP(സി) 20416/2021 നമ്പർ കേസിലെ 1-10-2021-ലെ വിധി പ്രകാരം 10-10-1988-ലെ സർക്കാർ ഉത്തരവ് നടപ്പിലാക്കാൻ ഉത്തരവായിട്ടുള്ളതാണ്.

(ബി) ടി ഭൂമിയുടെ ഉടമസ്ഥാവകാശം നഗരസഭയ്ക്കല്ലെങ്കിൽ എന്തുകൊണ്ട് ഉടമസ്ഥാവകാശം നഗരസഭയ്ക്ക് ലഭിച്ചില്ലെന്ന് വ്യക്തമാക്കാമോ?

ഭൂമി കൈമാറാനുള്ള നടപടികൾ പൂർത്തീകരിക്കാത്തതിനാൽ നഗരസഭയ്ക്ക് ടി ഭൂമിയുടെ ഉടമസ്ഥാവകാശം ലഭിച്ചിട്ടില്ല.

(സി) പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശം വൈക്കം നഗരസഭയുടെ പേരിലേയ്ക്ക് മാറ്റി നഗരസഭയുടെ തണ്ടപ്പേരിൽ കരം ഒടുക്കുന്നതിന് നിലവിലെ നിയമപ്രകാരം തടസ്സമുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

10-10-1988-ലെ ജി.ഒ (എം.എസ്.) നമ്പർ 734/88/ആർ.ഡി. സർക്കാർ ഉത്തരവുപ്രകാരം ഭൂമി വൈക്കം നഗരസഭയ്ക്ക് കൈമാറാനായിരുന്നു (transfer) ഉത്തരവായിട്ടുള്ളത്. ഇത്തരത്തിൽ കൈമാറുന്ന സർക്കാർ പുറമ്പോക്ക് ഭൂമി പുറമ്പോക്കായിത്തന്നെ നിലനിൽക്കുന്നതിനാൽ തണ്ടപ്പേർ പിടിച്ച് കരമൊടുക്കുന്നതിന് നിയമപ്രകാരം വ്യവസ്ഥയില്ല.

**കോടതി ഉത്തരവുപ്രകാരം ലഭിക്കുന്ന ഭൂമിക്ക് പോക്കുവരവ്**

290 (3288) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോടതി ഉത്തരവുപ്രകാരം ലഭിക്കുന്ന ഭൂമിയുടെ പോക്കുവരവിനായുള്ള അപേക്ഷകൾ താലൂക്ക് ഓഫീസുകളിൽ കെട്ടിക്കിടക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

കോടതി ഉത്തരവുപ്രകാരം അവകാശം ലഭിക്കുന്ന ഭൂമിയുടെ പോക്കുവരവിനായുള്ള അപേക്ഷകൾ താലൂക്ക് ഓഫീസുകളിൽ കെട്ടിക്കിടക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കോങ്ങാട് മണ്ഡലത്തിലെ പള്ളിക്കുറുപ്പ് കേന്ദ്രമാക്കി വില്ലേജ് രൂപവത്കരണം**

291 (3289) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ കാരാക്കുറിശ്ശി വില്ലേജിന്റെ ഭൂവിസ്തൃതിയും ജനസംഖ്യയും വ്യക്തമാക്കാമോ?

കോങ്ങാട് മണ്ഡലത്തിലെ കാരാക്കുറിശ്ശി വില്ലേജിന്റെ ആകെ വിസ്തീർണ്ണം 7499.16 ഏക്കറും ജനസംഖ്യ മുപ്പത്തിരണ്ടായിരത്തോളവുമാണ്.

(ബി) പ്രസ്തുത വില്ലേജിന്റെ ജനസംഖ്യയും ഭൂവിസ്തൃതിയും കണക്കിലെടുത്ത് ടി വില്ലേജ് വിഭജിച്ച് പള്ളിക്കുറുപ്പ് കേന്ദ്രമാക്കി വില്ലേജ് രൂപവത്കരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് വില്ലേജുകളുടെ വിഭജനം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനവുമായി ബന്ധപ്പെട്ട നടപടികളിൽ തീരുമാനമാകുന്നമുറയ്ക്ക് മാത്രമേ പരിഗണിക്കാൻ കഴിയുകയുള്ളൂ.

**മാനന്തവാടി താലൂക്കിൽ വീടുകൾക്ക് നാശനഷ്ടം സംഭവിച്ചതിനുള്ള ധനസഹായം**

292 (3290) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിൽ വീടുകൾക്ക് ഭാഗികമായി നാശനഷ്ടം സംഭവിച്ച വകയിൽ മാനന്തവാടി താലൂക്കിൽ എത്ര പേർക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2018-ലെ പ്രളയത്തെത്തുടർന്ന് മാനന്തവാടി താലൂക്കിൽ വീടുകൾക്കുണ്ടായ ഭാഗിക നാശനഷ്ടങ്ങൾക്ക് 3097 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) മാനന്തവാടി താലൂക്കിലെ ഓരോ വില്ലേജിലും എത്ര പേർക്ക് ഇത്തരത്തിൽ ധനസഹായം ലഭിച്ചിട്ടുണ്ട്?

ധനസഹായം നൽകിയതിന്റെ വില്ലേജ് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*.

(സി) ഈ വകയിൽ അർഹരായ ആർക്കെങ്കിലും ഇനിയും ധനസഹായം വിതരണം ചെയ്യാനുണ്ടോ എന്നറിയിക്കാമോ?

അർഹതയുള്ളവരുടെ ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാവർക്കും ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

**റവന്യൂ ഡാഷ് ബോർഡ്**

293 (3291) ശ്രീ. പി. എസ്. സുപാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിനെ ജനസൗഹൃദമാക്കുന്നതിന്റെ ഭാഗമായി റവന്യൂ ഡാഷ് ബോർഡ് എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിഷൻ & മിഷൻ 2021-26 എന്ന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ നിയമസഭാ സാമാജികരുടേയും അഭിപ്രായങ്ങളും നിവേദനകളും ശിപാർശകളും കേൾക്കുന്നതിനും സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിനുമായി റവന്യൂ അസംബ്ലി എന്ന പേരിൽ ഒരു സംവിധാനം രൂപീകരിച്ചിട്ടുണ്ട്. ടി യോഗത്തിൽ സാമാജികർ തങ്ങളുടെ മണ്ഡലവുമായി ബന്ധപ്പെട്ടും പൊതുവായും സമർപ്പിച്ച നിവേദനങ്ങളും ശിപാർശകളും അഭിപ്രായങ്ങളും ഉൾപ്പെടുത്തി ഡാഷ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. നിയമസഭാ സാമാജികർ സമർപ്പിച്ച അഭിപ്രായങ്ങളും ശിപാർശകളും നിർദ്ദേശങ്ങളും പരിശോധിച്ച് പ്രാധാന്യം മനസ്സിലാക്കി നിശ്ചിത സമയപരിധി ക്കുള്ളിൽ തീർപ്പാക്കി, റവന്യൂ വകുപ്പ് കാര്യക്ഷമമാക്കി വകുപ്പിനെ കൂടുതൽ ജനോപകാരപ്രദമാക്കുക എന്നുള്ളതാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്.

(ബി) നിയമസഭാ സാമാജികർ നൽകുന്ന കത്തുകളിന്മേൽ വില്ലേജ് ഓഫീസ് മുതൽ റവന്യൂ സെക്രട്ടറിയുടെ ഓഫീസ് വരെയുള്ള മേഖലകളിൽ നടക്കുന്ന നടപടിക്രമങ്ങളുടെ തത്സമയ വിവരം ശേഖരിക്കുന്നതിന് ഇത് സഹായകമാകുമോ; വിശദമാക്കുമോ?

ഡാഷ് ബോർഡിൽ നിയമസഭാ സാമാജികർക്ക് പ്രത്യേകമായി ലോഗിൻ അനുവദിച്ചിട്ടുണ്ട്. അതുവഴി നിയമസഭാ സാമാജികർക്ക് റവന്യൂ അസംബ്ലിയിൽ തങ്ങൾ ഉന്നയിച്ച അഭിപ്രായങ്ങളുടെയും സമർപ്പിച്ച നിവേദനങ്ങളുടെയും ശിപാർശകളുടെയും നിലവിലെ സ്ഥിതിവിവരം അറിയാവുന്നതാണ്.

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ പരിശീലനം റവന്യൂ വകുപ്പിലെ എല്ലാ ജീവനക്കാർക്കും നൽകിയിട്ടുണ്ടോ; പദ്ധതി സംബന്ധിച്ച് മറ്റ് ആർക്കൊക്കെയാണ് പരിശീലനം നല്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഡാഷ് ബോർഡുമായി ബന്ധപ്പെട്ട് 14 ജില്ലകളിലും ആർ.ആർ. ഡെപ്യൂട്ടി കളക്ടർമാരെ നോഡൽ ഓഫീസറായി നിയോഗിച്ച് പ്രത്യേക സെൽ രൂപീകരി ച്ചിട്ടുണ്ട്. സെല്ലിലെ നോഡൽ ഓഫീസർക്കും അംഗങ്ങളായ സൂപ്രണ്ടിനും ക്ലാർക്കിനും തിരുവനന്തപുരം ഐ.എൽ.ഡി.എം.-ൽവച്ച് ഡാഷ് ബോർഡിനെ സംബന്ധിച്ച് പരിശീലനം നൽകിയിട്ടുണ്ട്.

(ഡി) റവന്യൂ വകുപ്പും ഇതര വകുപ്പുകളുമായി ബന്ധപ്പെട്ട് ദീർഘകാലമായി പെൻഡിംഗിലുള്ള ഫയലുകൾ തീർപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് ഈ സംവിധാനം എപ്രകാരമെല്ലാം സഹായകരമാകുമെന്ന് വിശദമാക്കുമോ?

വിവിധതലങ്ങളിൽ ഡാഷ് ബോർഡുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് സംവിധാനമുണ്ട്. ആയതിനാൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പുതുതായി ഉയർന്നു വന്നിട്ടുള്ള പരാതികളുടെയും താലൂക്ക് ഓഫീസ്, കളക്ടറേറ്റുകൾ, റവന്യൂ ഡിവിഷണൽ ഓഫീസ്, സബ് ഓഫീസുകൾ എന്നിവിടങ്ങളിൽ ദീർഘകാലമായി കുടിശ്ശികയുള്ള ഫയലുകളുടെയും തീർപ്പാക്കലിന് ഈ സംവിധാനം സഹായകമാകും.

**കോഴിക്കോട് താലൂക്കിൽ ചേവായൂർ വില്ലേജിന് സ്വന്തമായി ഭൂമി**

294 (3292) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിൽ ചേവായൂർ വില്ലേജിന് സ്വന്തമായി ആരെങ്കിലും ഭൂമി വിട്ടുനൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ ഏറ്റെടുക്കൽ പ്രക്രിയയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

ചേവായൂർ വില്ലേജ് ഓഫീസ് നിലവിൽ സ്വന്തമായി നവീകരിച്ച കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. എന്നാൽ കോഴിക്കോട് താലൂക്കിലെ ചെലവൂർ വില്ലേജിന് സ്വന്തമായി കെട്ടിടമില്ലാത്ത സാഹചര്യത്തിൽ ആയതിന് ഭൂമി വിട്ടുകിട്ടിയിട്ടുള്ളതാണ്. ചെലവൂർ വില്ലേജിനുവേണ്ടി ഭൂമി വിട്ടൊഴിയുന്നതിന് കേരള ഭൂമി വിട്ടൊഴിയൽ നിയമ പ്രകാരം ശ്രീ. ജയദാസൻ എന്നവർ കോഴിക്കോട് ഭൂരേഖ തഹസിൽദാരുടെ റിപ്പോർട്ട് സഹിതം സമർപ്പിച്ച അപേക്ഷയിൽ ഫോറം സി നോട്ടീസ് പുറപ്പെടുവിച്ച് താലൂക്കാഫീസിലും ചെലവൂർ വില്ലേജ് ഓഫീസിലും പ്രസ്തുത വിട്ടൊഴിയൽ ഭൂമിയുടെ വക സ്ഥലത്തും പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടി സബ് കളക്ടർ കോഴിക്കോട് സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥലത്ത് വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിന് സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത വില്ലേജ് ഓഫീസിന്റെ നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

(ബി&സി) ഇല്ല. ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് വില്ലേജ് പദ്ധതിക്കായുള്ള ബഡ്ജറ്റ് വിഹിതമനുസരിച്ച് മുൻഗണനാക്രമത്തിൽ മാത്രമേ ഫണ്ട് അനുവദിക്കുവാൻ നിർവ്വാഹമുള്ളൂ.

## രാജാ രവിവർമ്മ സെന്റർ ഫോർ വിഷ്വൽ ആർട്സിന് സ്ഥലം കൈമാറുന്നതിനുള്ള നടപടി

295 (3293) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ രാജാ രവിവർമ്മ സെന്റർ ഫോർ വിഷ്വൽ ആർട്സിന് പമ്പ ഇറിഗേഷൻ പ്രോജക്ടിന്റെ സ്ഥലം കൈമാറുന്നതിനുള്ള നടപടി 2021 ഒക്ടോബർ 30-ന് മുൻപായി പൂർത്തീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥലം 2021 നവംബർ 1-ന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) ആലപ്പുഴ ജില്ലയിൽ മാവേലിക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 83 റീ.സർവ്വേ 8/2-ൽപ്പെട്ട പമ്പ ജലസേചന പദ്ധതി വക 66 സെന്റ് ഭൂമി രാജാ രവിവർമ്മ സെന്റർ ഫോർ വിഷ്വൽ ആർട്സിന് പാട്ടത്തിന് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ജില്ലാ കളക്ടർ, ലാൻഡ് റവന്യൂ കമ്മീഷണർ മുഖാന്തരം ലഭ്യമാക്കിയിട്ടുണ്ട്. രാജാ രവിവർമ്മ സെന്റർ ഫോർ വിഷ്വൽ ആർട്സ് കേരള സർവ്വകലാശാലയ്ക്കു കീഴിലുള്ള സ്ഥാപനമായതിനാൽ ഈ വിഷയത്തിൽ നിലവിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസലിൽ ചട്ടപ്രകാരമുള്ള നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

## ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റ് അപേക്ഷകൾ

296 (3294) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റിന് അപേക്ഷ നൽകിയാൽ സർട്ടിഫിക്കറ്റ് നൽകുന്നതുവരെയുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്?

ലാൻഡ് റവന്യൂ മാനുവൽ, വാല്യം 6-ന്റെ 236-ാം ഖണ്ഡികയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി സംസ്ഥാനത്ത് അനന്തരാവകാശ സർട്ടിഫിക്കറ്റ് നല്കുന്നതിനുള്ള നടപടിക്രമം ചുവടെ ചേർക്കുന്നു.

അനന്തരാവകാശികളെ നിർണ്ണയിക്കുന്നതിലേയ്ക്കായി അപേക്ഷ ലഭിച്ചാൽ വില്ലേജ് ഓഫീസർ വിശദമായ പ്രാദേശികാന്വേഷണം നടത്തേണ്ടതും മരണപ്പെട്ടയാളുടെ മരണത്തീയതിയിൽ പ്രായ പൂർത്തിയായ രണ്ടിൽ കുറയാതെയുള്ള അയൽ സാക്ഷികളിൽ നിന്നും അവകാശികളെ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളിച്ചുള്ള മൊഴി ശേഖരിക്കേണ്ടതുമാണ്. അപേക്ഷകന്റെ സത്യവാങ്മൂലം, അയൽസാക്ഷി മൊഴികൾ, അപേക്ഷകൻ

ഹാജരാക്കിയിട്ടുള്ള രേഖകൾ എന്നിവ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി വിശദമായ റിപ്പോർട്ട് സഹിതം വില്ലേജ് ആഫീസർ തഹസിൽദാർക്ക് സമർപ്പിക്കുന്നു. തുടർന്ന് തഹസിൽദാർ ടി രേഖകൾ പരിശോധിച്ച് അവകാശികളെ സംബന്ധിച്ച ഗസറ്റ് പരസ്യം തയ്യാറാക്കി ഗവൺമെന്റ് പ്രസ്സിലേയ്ക്ക് അയയ്ക്കുന്നു. ടി പരസ്യം ഗസറ്റിൽവന്ന് 30 ദിവസത്തിനുള്ളിൽ ആക്ഷേപമൊന്നും ലഭിച്ചിട്ടില്ലായെങ്കിൽ അനന്തരാവകാശ സർട്ടിഫിക്കറ്റ് തയ്യാറാക്കി അപേക്ഷകന്/അപേക്ഷകയ്ക്ക് നൽകുന്നു.

(ബി) അപേക്ഷ നൽകിയവർക്ക് സർട്ടിഫിക്കറ്റ് ലഭിക്കുവാൻ കാലതാമസമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സർട്ടിഫിക്കറ്റ് സമയബന്ധിതമായി ലഭിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുമോ; നടപടികൾ ത്വരിതപ്പെടുത്തുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അവകാശികളെ സംബന്ധിച്ച പരസ്യം ഗസറ്റിൽവന്ന് 30 ദിവസത്തിനുള്ളിൽ ആക്ഷേപമൊന്നും ലഭിച്ചിട്ടില്ലായെങ്കിൽ അനന്തരാവകാശ സർട്ടിഫിക്കറ്റ് നൽകിവരുന്നുണ്ട്.

**ഇരിക്കൂർ മണ്ഡലത്തിൽ വിവിധ വകുപ്പുകളുടെ അധീനതയിലുള്ള ഭൂമി**

297 (3295) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ റവന്യൂ, തദ്ദേശസ്വയംഭരണം, ഇറിഗേഷൻ, വ്യവസായം തുടങ്ങി ഏതൊക്കെ വകുപ്പുകളുടെ അധീനതയിൽ നിലവിൽ എത്ര അളവ് ഭൂമിയുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭൂമി ഓരോന്നും നിലവിൽ ഏതൊക്കെ ആവശ്യത്തിനാണ് ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഇരിക്കൂർ മണ്ഡലത്തിൽ വിവിധ സർക്കാർ വകുപ്പുകളുടെ അധീനതയിലുള്ള ഭൂമി സംബന്ധമായ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**റവന്യൂ വകുപ്പിലെ മൊബൈൽ ആപ്ലിക്കേഷൻ**

298 (3296) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിലെ സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിനുവേണ്ടിയുള്ള മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കിയത് ഏത് സ്ഥാപനമാണെന്ന് വ്യക്തമാക്കുമോ; ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലാൻഡ് റവന്യൂ വകുപ്പിലെ സേവനങ്ങൾ ഓൺലൈനാക്കുന്നതിന് വേണ്ടിയുള്ള ഇ-സർവ്വീസസ് മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കിയത് നാഷണൽ ഇൻഫോമാറ്റിക്സ് സെന്റർ, പാലക്കാടാണ്. നിലവിലെ ആപ്ലിക്കേഷനുമായി ബന്ധപ്പെട്ട് ഫണ്ട് ഒന്നുംതന്നെ NIC-യ്ക്ക് അനുവദിച്ചിട്ടില്ലാത്തതാണ്.

(ബി) പ്രസ്തുത ആപ്ലിക്കേഷന്റെ സേവനം ഫലപ്രദമാണോയെന്ന് വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കാമോ?

2017 മുതൽ ഓൺലൈനായി നികുതി ഒടുക്കുന്നതിന് ഉപയോഗിച്ചുവരുന്ന റവന്യൂ വെബ്പോർട്ടലിന്റെ മൊബൈൽ വേർഷനാണ് ഇ-സർവ്വീസസ് മൊബൈൽ ആപ്ലിക്കേഷൻ. സ്മാർട്ട് ഫോണുകളിലെ അടിസ്ഥാന സേവനങ്ങൾ ഉപയോഗിക്കുവാൻ കഴിയുന്നവർക്ക് അനായാസം കൈകാര്യം ചെയ്യുവാൻ പാകത്തിൽ ലളിതമായ യൂസർ ഇന്റർഫേസുകളും പ്രോസസ്സുകളുമാണ് റവന്യൂ സേവനങ്ങൾ ലഭ്യമാക്കുന്ന വെബ് പോർട്ടലുകളിലും മൊബൈൽ ആപ്ലിക്കേഷനുകളിലും തയ്യാറാക്കിയിട്ടുള്ളത്. മൊബൈൽ ആപ്ലിക്കേഷനുകളിലൂടെയും വെബ് പോർട്ടലുകളിലൂടെയും ഓൺലൈൻ സേവനങ്ങൾ ഉപയോഗിക്കുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുന്നവർക്കാവശ്യമായ സഹായങ്ങൾ ചെയ്യുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കോമൺ സർവ്വീസ് സെന്ററുകളും സന്നദ്ധമാണ്. ഓൺലൈൻ സേവനങ്ങൾ ഉപയോഗിക്കുന്ന വിവിധ തലങ്ങളിൽപ്പെട്ട ജനവിഭാഗങ്ങളിൽനിന്നും ലഭിക്കുന്ന അഭിപ്രായവും പ്രതികരണങ്ങളും അനുസരിച്ച് ബന്ധപ്പെട്ട ആപ്ലിക്കേഷനുകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും ശ്രദ്ധിക്കുന്നുണ്ട്.

### റവന്യൂ സംബന്ധിച്ച പ്രശ്നങ്ങൾക്ക് പരിഹാരം

299 (3297) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ നിയമസഭാമണ്ഡലങ്ങളിലും നിലനിൽക്കുന്ന റവന്യൂ സംബന്ധിച്ച പ്രശ്നങ്ങൾ കേൾക്കുന്നതിനും പരിഹാരം കാണുന്നതിനുമായി റവന്യൂ വകുപ്പുമന്ത്രി എം.എൽ.എ.-മാരുമായി നടത്തിയ യോഗത്തിൽ ഉന്നയിക്കപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

റവന്യൂ വകുപ്പ് നടപ്പിലാക്കുന്ന വിഷൻ ആൻഡ് മിഷൻ 2021-26 പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ നിയമസഭാ സാമാജികരുടെയും റവന്യൂ സംബന്ധമായ അഭിപ്രായങ്ങളും നിവേദനങ്ങളും ശിപാർശകളും കേൾക്കുന്നതിനും സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിനുമായി റവന്യൂ അസംബ്ലി എന്ന പേരിൽ ഒരു സംവിധാനം

രൂപീകരിച്ചിട്ടുണ്ട്. റവന്യൂ അസംബ്ലിയുടെ ജില്ല തിരിച്ചുള്ള ആദ്യ യോഗം തിരുവനന്തപുരം ഐ.എൽ.ഡി.എം.-ൽ 13 ദിവസങ്ങളിലായി കൂടിയിട്ടുള്ളതാണ്. ടി യോഗത്തിൽ സാമാജികർ തങ്ങളുടെ മണ്ഡലവുമായി ബന്ധപ്പെട്ടും പൊതുവായും സമർപ്പിച്ച നിവേദനങ്ങളും ശിപാർശകളും യോഗത്തിൽ പറഞ്ഞിട്ടുള്ള അഭിപ്രായങ്ങളും ഉൾപ്പെടുത്തി ഡാഷ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. നിയമസഭാ സാമാജികർക്ക് തങ്ങൾ സമർപ്പിച്ചിട്ടുള്ള ആവശ്യങ്ങളുടെ പുരോഗതി റിപ്പോർട്ട് ഡാഷ് ബോർഡുവഴി വിലയിരുത്തുന്നതിനും കൂടാതെ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് ഡാഷ് ബോർഡ് പരിശോധിച്ച് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിനും വിവരം നിയമസഭാ സാമാജികരെ അറിയിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. സമയബന്ധിതമായുള്ള അപേക്ഷകളുടെ തീർപ്പാക്കലാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്.

(ബി) പ്രസ്തുത യോഗത്തിൽ ഉന്നയിക്കപ്പെട്ട പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരം കാണുന്നതിനായി ഓരോ മണ്ഡലത്തിലും പ്രത്യേക യോഗം ചേരുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരം യോഗങ്ങളിൽ ഏതൊക്കെ ഉദ്യോഗസ്ഥരാണ് പങ്കെടുക്കേണ്ടത്; ഇത് സംബന്ധിച്ച നിർദ്ദേശം ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ടോ?

ജില്ലാടിസ്ഥാനത്തിൽ ഉന്നയിക്കപ്പെട്ടിട്ടുള്ള പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരം കാണുന്നതിനും ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരുടെ യോഗം ചേരുന്നതിനും ചർച്ച നടത്തുന്നതിനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**എക്സൈസ്, രജിസ്ട്രേഷൻ വകുപ്പുകൾക്ക് റവന്യൂ ഭൂമി കൈമാറൽ**

300 (3298) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ കല്ല്യാശ്ശേരിയിൽ റീസർവ്വേ 357/2-ൽ ഉൾപ്പെട്ട റവന്യൂഭൂമിയിൽ എക്സൈസ് വകുപ്പിനും രജിസ്ട്രേഷൻ വകുപ്പിനും സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ അനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കണ്ണൂർ ജില്ലയിൽ കണ്ണൂർ താലൂക്ക് കല്ല്യാശ്ശേരി വില്ലേജിൽ റീ സ.387/2-ൽപ്പെട്ട റവന്യൂ ഭൂമിയിൽ എക്സൈസ് വകുപ്പിനും രജിസ്ട്രേഷൻ വകുപ്പിനും ഭൂമി കൈമാറുന്നതുമായി ബന്ധപ്പെട്ട് അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. എക്സൈസ് വകുപ്പിന് കൈമാറുന്നതിനായി പരിഗണനയിലുള്ള ഭൂമിയിലേയ്ക്കുള്ള വഴിയിൽ ഡി.ടി.പി.സി.-യുടെ കെട്ടിടം സ്ഥിതി ചെയ്യുന്നുണ്ട്. പ്രസ്തുത കെട്ടിടം പൊളിച്ചുനീക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ടി കെട്ടിടം പൊളിച്ചു നീക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**മാവേലിക്കര മണ്ഡലത്തിൽ തെക്കേക്കര പഞ്ചായത്തിലെ വാലിൻ കോളനി**

301 (3299) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ തെക്കേക്കര ഗ്രാമപഞ്ചായത്തിലെ വാലിൻ കോളനിയിലേയ്ക്കുള്ള വഴി അനുവദിക്കുന്നതിനായി റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത വഴിക്കായി സ്ഥലം ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(എ&ബി) മാവേലിക്കര മണ്ഡലത്തിലെ തെക്കേക്കര ഗ്രാമപഞ്ചായത്തിലെ വാലിൻ കോളനിയിലേയ്ക്കുള്ള വഴി നിർമ്മിക്കുന്നതിനായി തെക്കേക്കര വില്ലേജിലെ 1.95 ആർസ് ഭൂമി LARR ആക്ട് 2013 പ്രകാരം ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി 18-6-2020-ലെ സ.ഉ. (സാധാ) നമ്പർ 2219/2020/ആർ.ഡി. പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി റിക്വിസിഷൻ അതോറിറ്റിയായ തെക്കേക്കര ഗ്രാമപഞ്ചായത്ത് അധികൃതരുമായി ചേർന്ന് സംയുക്ത സ്ഥല പരിശോധന നടത്തിയിട്ടുള്ളതാണ്. സാമൂഹികാഘാത പഠനം നടത്തുന്നതിനുവേണ്ടി സെന്റർ ഫോർ റിസർച്ച് ഇന്നൊവേഷൻസ് & കൺസൾട്ടൻസി (C-RIC) സെന്റ് തോമസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി, കൊഴുവല്ലൂർ, ചെങ്ങന്നൂരിനെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള 4(1) വിജ്ഞാപനം 12-10-2021-ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 2997-ൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിദഗ്ധ സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിച്ച് സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതാണ്.

**മിശ്രവിവാഹിതരുടെ സന്താനങ്ങൾക്കുള്ള ജാതി സർട്ടിഫിക്കറ്റ്**

302 (3300) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിശ്രവിവാഹിതരുടെ മക്കൾക്കുള്ള ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ;

(ബി) വിവാഹബന്ധം വേർപ്പെടുത്തുകയോ വേർപിരിഞ്ഞ് താമസിക്കുകയോ ചെയ്യുന്ന മിശ്രവിവാഹിതരുടെ മക്കൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകാൻ കൃത്യമായ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) മിശ്രവിവാഹിതരുടെ മക്കൾക്കുള്ള ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നത്, മാതാപിതാക്കളുടെ ജാതിയിൽ അവകാശം ഉന്നയിക്കുന്ന ജാതിയുടെ ആചാര പ്രകാരമാണോ ടിയാളുകൾ ജീവിക്കുന്നതെന്നുള്ള പ്രാദേശിക അന്വേഷണത്തിന്റെയും സമർപ്പിക്കപ്പെട്ട രേഖകളുടെയും ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകളുടെയും അടിസ്ഥാനത്തിലാണ്. മിശ്രവിവാഹിതരിലൊരാൾ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നുവെങ്കിൽ അവരുടെ മക്കൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള വ്യവസ്ഥകൾ 20-11-2008 ലെ സ.ഉ.(കൈ)109/2008/SCSTDD നമ്പർ ഉത്തരവിലും മിശ്ര വിവാഹിതരിലൊരാൾ മറ്റ് പിന്നോക്ക സമുദായത്തിൽപ്പെടുന്നുവെങ്കിൽ അവരുടെ മക്കൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് 24-4-1979-ലെ സ.ഉ.(സാധാ) 806/1979/SCSTDD നമ്പർ ഉത്തരവിലും വ്യക്തമാക്കിയിട്ടുള്ളതും ടി വ്യവസ്ഥകൾ വില്ലേജ് ഓഫീസ് മാന്വലിലെ ഖണ്ഡിക 241-ൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. പ്രസ്തുത വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

മിശ്രവിവാഹിതരിലൊരാൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ പെടുന്നുവെങ്കിൽ അവരുടെ മക്കൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള വ്യവസ്ഥകൾ

1. അപേക്ഷകൻ ഉൾപ്പെടുന്നു എന്നവകാശപ്പെടുന്ന സമുദായം അപേക്ഷകനെ അവരിലൊരാളായി അംഗീകരിച്ചിരിക്കണം.

2. അപേക്ഷകൻ പ്രസ്തുത സമുദായത്തിന്റെ ആചാരാനുഷ്ഠാനങ്ങൾ അനുസരിച്ച് ജീവിച്ചുവരുന്നയാളായിരിക്കണം.

3. അപേക്ഷകൻ താൻ ഉൾപ്പെടുന്നുവെന്ന് അവകാശപ്പെടുന്ന സമുദായത്തിന്റെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നാക്കാവസ്ഥ അനുഭവിക്കുന്ന ആളായിരിക്കണം. മിശ്രവിവാഹിതരിൽ ഒരാൾ മറ്റ് പിന്നാക്ക സമുദായത്തിൽപ്പെട്ട ആളാണെങ്കിൽ അവരുടെ മക്കൾക്ക് മറ്റ് പിന്നാക്ക സമുദായത്തിന്റെ എല്ലാവിധ ആനുകൂല്യങ്ങൾക്കും അർഹതയുള്ളതാണ്. നിയമാനുസൃതം ദത്തെടുക്കപ്പെടുന്ന കുട്ടികൾക്ക് ദത്തെടുത്ത മാതാപിതാക്കളുടെ ജാതി നിർണ്ണയിച്ച് നൽകാവുന്നതാണ്. ജന്മം നൽകിയ മാതാപിതാക്കളെപ്പറ്റി നിശ്ചയമില്ലാത്തതോ ബാല്യത്തിൽത്തന്നെ അനാഥരാവുകയോ ചെയ്ത കുഞ്ഞുങ്ങളെ നിയമപ്രകാരമല്ലാതെ സ്വേച്ഛയാ എടുത്തു വളർത്തുന്ന കേസ്സുകളിൽ വളർത്തുമാതാപിതാക്കൾ ഒരേ ജാതിയിൽപ്പെട്ടവരെങ്കിൽ അവരുടെ ജാതിയും മിശ്ര വിവാഹിതരെങ്കിൽ അവരുടെ ജാതികളിൽ ഏതു ജാതിയിലാണോ കുട്ടി വളർന്നുവരുന്നത് പ്രസ്തുത ജാതിയും വളർത്തു മാതാപിതാക്കൾ നിയമാനുസൃതം വിവാഹതിരായിട്ടില്ലാത്തവരെങ്കിൽ വളർത്തമ്മയുടെ ജാതിയുമാണ് കുട്ടികൾക്ക് സിദ്ധിക്കുക. മാതാപിതാക്കൾ ബന്ധം വേർപെടുത്തുകയോ വേർപിരിഞ്ഞ് താമസിക്കുകയോ ചെയ്താലും മേൽപ്പറഞ്ഞ വ്യവസ്ഥകൾക്ക് വിധേയമായാണ് സാക്ഷ്യപത്രം അനുവദിക്കുന്നത്.

(സി) മതപരിവർത്തനം നടത്തിയവർക്കും തിരികെ സ്വന്തം മതത്തിലേയ്ക്ക് മടങ്ങിവന്നവർക്കും ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള വ്യവസ്ഥ എന്താണെന്ന് വിശദമാക്കാമോ?

മതപരിവർത്തനം നടത്തിയവർക്കും തിരികെ സ്വന്തം മതത്തിലേയ്ക്ക് മടങ്ങി വന്നവർക്കും ജാതി സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് വില്ലേജ് മാന്വൽ ഖണ്ഡിക 242, 243 പ്രകാരമുള്ള വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

ക്രിസ്തുമതത്തിലേയ്ക്ക് മതപരിവർത്തനം നടത്തിയാലും ഹിന്ദു മതത്തിലെ പട്ടികഗോത്രവർഗ്ഗ വിഭാഗക്കാർക്ക് പട്ടികഗോത്ര വിഭാഗ സാക്ഷ്യപത്രത്തിന് അർഹതയുണ്ട്. എന്നാൽ മതപരിവർത്തനം നടത്തിയ പട്ടികജാതി വിഭാഗക്കാർക്ക് പിന്നാക്ക സമുദായങ്ങൾക്കുള്ള ആനുകൂല്യമേ ലഭിക്കുകയുള്ളൂ. ഇവർ തിരികെ ഹിന്ദു മതത്തിലേയ്ക്ക് മതപരിവർത്തനം നടത്തുകയും ഹിന്ദു മതാചാര പ്രകാരം ജീവിക്കുന്നുവെന്ന് അന്വേഷണത്തിൽ ബോദ്ധ്യപ്പെടുകയും അയാളുടെ പിതാവ്/പൂർവ്വികർ പട്ടിക ജാതിക്കാരനായിരിക്കുകയും മാതൃസമുദായം അവരിലൊരാളായി വീണ്ടും അംഗീകരിക്കുകയും ചെയ്താൽ പട്ടികജാതി ആനുകൂല്യം വീണ്ടും ലഭിക്കുന്നതാണ്. ഹിന്ദു മതത്തിലെ പിന്നാക്ക സമുദായത്തിൽ ജനിക്കുകയും ജാതിവ്യവസ്ഥ നിലവിലില്ലാത്ത മറ്റേതെങ്കിലും മതത്തിലേയ്ക്ക് പരിവർത്തനപ്പെടുകയും ചെയ്താൽ, അപേക്ഷകന്റെ നിലവിലെ മതാചാര പ്രകാരമുള്ള സാക്ഷ്യപത്രമേ അനുവദിക്കാറുള്ളൂ.

## റവന്യൂ സെക്രട്ടേറിയറ്റ് സംവിധാനം

303 (3301) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ സെക്രട്ടേറിയറ്റ് സംവിധാനം ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഘടനയും പ്രവർത്തനവും വിശദമാക്കാമോ?

ഉണ്ട്. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി അദ്ധ്യക്ഷനും റവന്യൂ, സർവ്വേ, ഭവനനിർമ്മാണം, ദുരന്തനിവാരണം എന്നീ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ, ഐ.എൽ.ഡി.എം., സംസ്ഥാന നിർമ്മിതി കേന്ദ്രം ഡയറക്ടർമാർ, ലാൻഡ് ബോർഡ് സെക്രട്ടറി എന്നിവർ അംഗങ്ങളായുമാണ് റവന്യൂ സെക്രട്ടേറിയറ്റ് സംവിധാനം ആവിഷ്കരിച്ചിട്ടുള്ളത്. റവന്യൂ-ഭവനനിർമ്മാണ വകുപ്പുകളിലെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുകയാണ് റവന്യൂ സെക്രട്ടേറിയറ്റിന്റെ ലക്ഷ്യം. എല്ലാ ബുധനാഴ്ചയുമാണ് റവന്യൂ സെക്രട്ടേറിയറ്റ് ചേരാൻ നിശ്ചയിച്ചിട്ടുള്ളത്. അതത് ദിവസങ്ങളിലെ പരിഗണനാ വിഷയങ്ങൾ മുൻകൂട്ടി അറിയിച്ച് നടത്തുന്ന യോഗങ്ങളിൽ മുൻയോഗ തീരുമാനങ്ങളിൽ സ്വീകരിച്ച നടപടി പരിശോധിക്കുന്നതും തീരുമാനങ്ങൾ നടപ്പാക്കുന്നതിന് കൃത്യമായ സമയപരിധി നിശ്ചയിച്ച് അതുപ്രകാരം നടപടികൾ സ്വീകരിക്കുന്നതുമാണ്.

(ബി) ഈ സംവിധാനംവഴി റവന്യൂ-ഭവനനിർമ്മാണ വകുപ്പുകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

റവന്യൂ സെക്രട്ടേറിയറ്റ് സംവിധാനം വഴി റവന്യൂ-ഭവനനിർമ്മാണ വകുപ്പുകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്. പട്ടയങ്ങളുടെ വിതരണം, പട്ടയ അദാലത്ത്, സ്മാർട്ട് വില്ലേജാഫീസ് കെട്ടിടങ്ങളുടെ പൂർത്തീകരണം, റവന്യൂ ഇൻഫർമേഷൻ ബ്യൂറോ, റവന്യൂ ജേർണൽ, റവന്യൂ കോൾ സെന്റർ, റവന്യൂ ഭവൻ, റവന്യൂ കാർഡ്, റവന്യൂ അവാർഡ്, ഓഫീസുകളിൽ ഇ-ഓഫീസ് നടപ്പിലാക്കൽ, വില്ലേജാഫീസുകൾക്ക് വാഹന സൗകര്യം ഏർപ്പെടുത്തൽ, ഡിജിറ്റൽ റീസർവ്വേ പദ്ധതിയുമായി ബന്ധപ്പെട്ട വിഷയങ്ങളുടെ പുരോഗതി, ഭവനനിർമ്മാണ വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ റവന്യൂ സെക്രട്ടേറിയറ്റിൽ ചർച്ച ചെയ്യുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

(സി) ഇതുവഴി വിവിധ തലങ്ങളിൽ തീർപ്പാകാതിരിക്കുന്ന ഫയലുകളിൽ തീരുമാനം കൈക്കൊള്ളുവാൻ സാധിച്ചിട്ടുണ്ടോ; ഫയൽ അദാലത്ത് സംവിധാനം ഫലപ്രദമാണോ?

റവന്യൂ സെക്രട്ടേറിയറ്റ് സംവിധാനംവഴി വിവിധ തലങ്ങളിൽ തീർപ്പാക്കാതിരിക്കുന്ന ഫയലുകളിൽ തീരുമാനം കൈക്കൊള്ളുവാൻ സാധിച്ചിട്ടുണ്ട്. ഫയൽ അദാലത്ത് വഴി തീർപ്പാക്കാൻ ബാക്കിയുള്ള ഫയലുകളിൽ റിപ്പോർട്ട് ലഭ്യമാക്കി അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റിൽ ഫയൽ അദാലത്ത് നടത്തി നിരവധി ഫയലുകൾ തീർപ്പ് കൽപ്പിച്ചിട്ടുള്ളതാണ്. ലാൻഡ് റവന്യൂ കമ്മീഷണറേറ്റും കളക്ടറേറ്റുകളും കേന്ദ്രീകരിച്ചുള്ള ഫയൽ അദാലത്തുകൾ നടന്നുവരുന്നു.

(ഡി) ഈ സർക്കാരിന്റെ കാലയളവിൽ പ്രസ്തുത സംവിധാനം എത്ര മീറ്റിംഗുകൾ/സിറ്റിംഗുകൾ നടത്തിയിട്ടുണ്ടെന്നും ഏതെല്ലാം വിഷയങ്ങൾ പരിഗണിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഈ സർക്കാരിന്റെ കാലയളവിൽ "റവന്യൂ സെക്രട്ടേറിയറ്റ്" സംവിധാനത്തിന്റെ 13 മീറ്റിംഗുകൾ/സിറ്റിംഗുകൾ (13-10-2021 വരെ) നടന്നിട്ടുണ്ട്. പട്ടയങ്ങളുടെ വിതരണം, പട്ടയ അദാലത്ത്, സ്മാർട്ട് വില്ലേജാഫീസ് കെട്ടിടങ്ങളുടെ പൂർത്തീകരണം, റവന്യൂ ഇൻഫർമേഷൻ ബ്യൂറോ, റവന്യൂ ജേർണൽ, റവന്യൂ കോൾ സെന്റർ, റവന്യൂ ഭവൻ, റവന്യൂ കാർഡ്, റവന്യൂ അവാർഡ്, ഓഫീസുകളിൽ ഇ-ഓഫീസ് നടപ്പിലാക്കൽ, വില്ലേജാഫീസുകൾക്ക് വാഹന സൗകര്യം ഏർപ്പെടുത്തൽ, ഡിജിറ്റൽ റീസർവ്വേ പദ്ധതിയുമായി ബന്ധപ്പെട്ട വിഷയങ്ങളുടെ പുരോഗതി, ഭവനനിർമ്മാണ വകുപ്പുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾ എന്നിവയാണ് റവന്യൂ സെക്രട്ടേറിയറ്റിൽ പ്രധാനമായും പരിഗണിച്ചിട്ടുള്ള വിഷയങ്ങൾ.

## ഡിജിറ്റൽ സേവനങ്ങൾ

304 (3302) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാവർക്കും ഭൂമി എല്ലാവർക്കും ഭൂരേഖ എന്ന പദ്ധതിയോടൊപ്പം എല്ലാ സേവനങ്ങളും ഡിജിറ്റലാക്കുന്നതിനായി റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എല്ലാ സേവനങ്ങൾക്കും സ്മാർട്ട് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി ക്രിയാത്മകമായ വിവിധ പദ്ധതികളാണ് റവന്യൂ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. എല്ലാവർക്കും ഭൂമി കണ്ടെത്തുന്നതിനായി സംസ്ഥാനത്ത് ഓരോ വില്ലേജിലും നിലവിലുള്ള ഭൂരഹിതരുടെ വിവരം ഭൂമിയുടെ ലഭ്യത പട്ടയവിതരണത്തിനുള്ള തടസ്സം എന്നീ വിവരങ്ങൾ ഉൾപ്പെടുന്ന ഒരു ഡാഷ്ബോർഡ് തയ്യാറാക്കുന്നതിനും അതിലൂടെ പട്ടയവിതരണത്തിനുള്ള തടസ്സം കണ്ടെത്തി പരിഹരിക്കുന്നതിനുമുള്ള പദ്ധതി പരിഗണനയിലാണ്. ലാൻഡ് ബോർഡുകളിൽ തീർപ്പാക്കാൻ ശേഷിക്കുന്ന കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി കേരളത്തിലെ ലാൻഡ് ബോർഡുകളെ നാല് മേഖലകളായി തിരിച്ച് ഓരോ ലാൻഡ് ബോർഡിന്റെയും ചുമതല ഓരോ ഡെപ്യൂട്ടി കളക്ടർമാർക്ക് നൽകുന്ന കാര്യവും പരിഗണനയിലാണ്. ലാൻഡ് ട്രിബ്യൂണൽ കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ജീവനക്കാർക്കുള്ള പരിശീലന പരിപാടിയും അദാലത്തും നടന്നുവരുന്നു. സേവനങ്ങൾ സ്മാർട്ടാക്കുന്നതിനായി കേരളം മുഴുവൻ ഡിജിറ്റലായി സർവ്വേ ചെയ്ത് ഭൂമിയുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിലേയ്ക്ക് RKI-ൽ ഉൾപ്പെടുത്തി 807.98 കോടി രൂപയുടെ പദ്ധതി തയ്യാറാക്കുകയും ആദ്യഘട്ടമായി 339.438 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. വില്ലേജ് ഓഫീസിൽനിന്നും പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങളായി സർട്ടിഫിക്കറ്റ് വിതരണം പോക്കുവരവ്, തണ്ടപ്പേർ പകർപ്പ്, ലോക്കേഷൻ സ്കെച്ച്, എഫ്.എം.ബി. എന്നിവ ഓൺലൈനായി അനുവദിക്കുന്നതിനുള്ള മൊഡ്യൂൾ എന്നിവ ഓൺലൈനായി സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ സമഗ്ര ദുരിതാശ്വാസ മാനേജ്മെന്റ് സംവിധാനമായ റിലീഫ്, പൊതുജനങ്ങൾക്കുള്ള വിവിധ പരാതികൾ റവന്യൂ മന്ത്രിക്കും മറ്റ് ഓഫീസുകളിലും സമർപ്പിക്കുന്നതിനുള്ള മിത്രം, റവന്യൂ റിക്കവറി നടപടികൾക്കായുള്ള ആർ.ആർ. ഓൺലൈൻ എന്നീ പോർട്ടലുകളും സജ്ജമാക്കിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഭൂനികുതി അനായാസേന മൊബൈൽ ഫോൺവഴി ഒടുക്കുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷനും എല്ലാ തുകയും കാഷ്ലെസ്സായി ഓൺലൈനായോ യു.പി.ഐ. മുഖേനയോ ഇ-പോസ് മെഷീൻ

മുഖേനയോ ഒടുക്കുന്നതിനുള്ള ഇ-പേമെന്റ് സംവിധാനവുമൊരുക്കിയിട്ടുണ്ട്. ബിൽഡിംഗ് ടാക്സ് ഓൺലൈനായി ഒടുക്കുന്നതിനുള്ള കെബിറ്റി മാനേജ്മെന്റ് സിസ്റ്റം, റവന്യൂ വകുപ്പിൽനിന്ന് അനുവദിക്കുന്ന ക്ഷേമപെൻഷനുകൾ ഓൺലൈനായി നൽകുന്നതിനുള്ള മൊഡ്യൂൾ എന്നിവ സജ്ജമാക്കുകയും നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള അപേക്ഷകൾ ഓൺലൈനായി നൽകുന്നതിനുള്ള പോർട്ടൽ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) നിസ്സാരകാരണങ്ങളാൽ നാളിതുവരെ ഭൂരേഖയോ പട്ടയമോ ലഭിക്കാത്തവരുടെ പരാതികൾ പരിശോധിച്ച് അവയ്ക്ക് സ്ഥായിയായ പരിഹാരമുണ്ടാക്കുന്നതിനായി താലൂക്ക് അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നകാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നിലവിലുള്ള അർഹരായ അപേക്ഷകൾ കേരള ഭൂമിപതിവ് ചട്ടങ്ങൾ അനുസരിച്ച് ലാൻഡ് അസൈൻമെന്റ് കമ്മിറ്റിയിൽവച്ച് അംഗീകാരം തേടേണ്ടതുണ്ട്. നവംബർ മാസം 1-ാം തീയതിതന്നെ എല്ലാ ജില്ലകളിലും പുതിയ ഭൂമിപതിവ് കമ്മിറ്റികൾ രൂപീകരിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി ഭൂമിപതിവ് കമ്മിറ്റി രൂപീകരണത്തിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ലാൻഡ് ട്രിബ്യൂണൽ പട്ടയം വിതരണം ചെയ്യുന്നത് സംബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്തുന്നതിന് പ്രസ്തുത ഓഫീസുമായി ബന്ധപ്പെട്ട ജീവനക്കാർക്ക് ആവശ്യമായ പരിശീലനവും പട്ടയവിതരണം വേഗത്തിലാക്കുന്നതിന് കർശന നിർദ്ദേശവും നൽകിയിട്ടുണ്ട്. പട്ടയ വിതരണം സംബന്ധിച്ച നടപടികൾ സുഗമവും വേഗത്തിലുമാക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിലേയ്ക്കുമായി ഒരു അവലോകന കമ്മിറ്റി രൂപീകരിച്ച് ആയതിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഓരോ വില്ലേജിലും ലഭ്യമായ ഭൂരഹിതരുടെ വിവരങ്ങളും ഭൂമിയുടെ ലഭ്യതയും പട്ടയവിതരണത്തിലുള്ള തടസ്സങ്ങളും ഉൾപ്പെടുത്തി ഒരു ഡാഷ് ബോർഡ് തയ്യാറാക്കുന്ന കാര്യം പരിഗണനയിലാണ്.

### കായംകുളം മണ്ഡലത്തിലെ വിദ്യാലയങ്ങൾക്ക് ഡിജിറ്റൽ പഠനോപകരണങ്ങൾ

305 (3303) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിലെ കായംകുളം നഗരസഭ ഉൾപ്പെടെയുള്ള വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരപരിധിയിൽ ഉൾപ്പെടുന്ന വിദ്യാലയങ്ങൾക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ, ലാപ്ടോപ്പുകൾ എന്നിവ

വാങ്ങി നല്കുന്നതിന് എം.എൽ.എ.-യുടെ പ്രത്യേക വികസന നിധി വിനിയോഗിക്കുന്നതിനായി ആലപ്പുഴ ജില്ലാ കളക്ടർക്ക് നൽകിയ നിർദ്ദേശപ്രകാരം 2016 മുതൽ നാളിതുവരെ ഏതൊക്കെ വിദ്യാലയങ്ങളിൽ ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ട്; വ്യക്തമാക്കാമോ?

കായംകുളം മണ്ഡലത്തിൽ എം.എൽ.എ.-യുടെ പ്രത്യേക വികസന നിധി ഉപയോഗിച്ച് ഡിജിറ്റൽ പഠനോപകരണങ്ങൾ വാങ്ങി നൽകിയ വിദ്യാലയങ്ങളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) നിർദ്ദേശിക്കപ്പെട്ട ഏതൊക്കെ വിദ്യാലയങ്ങളിൽ പദ്ധതി ഇനിയും നടപ്പിലാക്കാനുണ്ടെന്നതും വ്യക്തമാക്കാമോ?

കായംകുളം നഗരസഭയുടെ കീഴിൽ പദ്ധതി നടപ്പിലാക്കാനുള്ള വിദ്യാലയങ്ങളുടെ വിശദവിവരങ്ങൾ താഴെ പറയുന്നു.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | വിശദവിവരങ്ങൾ |
|---|---|---|
| 1 | എൻ.എസ്.എസ്., പുള്ളിക്കണക്ക് | 5 UPS ലഭിക്കാനുണ്ട് |
| 2 | എം.എസ്.എം. എൽ.പി.എസ്., കായംകുളം | 3 UPS ലഭിക്കാനുണ്ട് |
| 3 | ചെറവള്ളി എൽ.പി.എസ്., കായംകുളം | 3 UPS ലഭിക്കാനുണ്ട് |
| 4 | ഗവ.യു.പി.എസ്., കൃഷ്ണപുരം, കായംകുളം | 4 കമ്പ്യൂട്ടർ & 4 UPS ലഭിക്കാനുണ്ട് |
| 5 | ഗവ.ഐ.റ്റി.എ., കൃഷ്ണപുരം, കായംകുളം | 4 കമ്പ്യൂട്ടർ & 4 UPS ലഭിക്കാനുണ്ട് |
| 6 | എം.എസ്.എം. കോളേജ്, കായംകുളം | 1 UPS (3 KV) ലഭിക്കാനുണ്ട് |
| 7 | എം.എസ്.എം.എച്ച്.എസ്.എസ്. കോളേജ്, കായംകുളം | 10 ലാപ്ടോപ്പ് ലഭിക്കാനുണ്ട് |

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ദേവികുളം മണ്ഡലത്തിലെ തോട്ടം തൊഴിലാളികൾക്ക് സ്വന്തമായി വീടും സ്ഥലവും

306 (3304) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം തൊഴിലാളികൾക്ക് സ്വന്തമായി സ്ഥലവും വീടും നൽകുന്നതിന് ആവിഷ്കരിച്ച പദ്ധതിപ്രകാരം ദേവികുളം മണ്ഡലത്തിൽ ആയത് അനുവദിച്ചവരുടെ വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് നൽകാമോ;

(ബി) അർഹതയുള്ള മുഴുവൻ തൊഴിലാളികൾക്കും ടി പദ്ധതിയിൽ വീടും സ്ഥലവും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതിക്ക് അർഹരായവരുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ നൽകാമോ?

(എ-സി) തോട്ടം തൊഴിലാളികൾക്ക് സ്വന്തമായി വീടും സ്ഥലവും നൽകുന്നതിനുള്ള പ്രത്യേക പദ്ധതികളൊന്നും ദേവികുളം മണ്ഡലത്തിൽ നടപ്പാക്കിയിട്ടില്ല.

## ഹാരിസൺസ് വ്യാജരേഖ കേസ്

307 (3305) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാരിസൺസ് കമ്പനി വ്യാജരേഖ ചമച്ചതിനെതിരെ നടന്നുവരുന്ന കേസ് അവസാനിപ്പിക്കാമെന്ന് വിജിലൻസ് കോടതിയിൽ പബ്ലിക് പ്രോസിക്യൂട്ടർമാർ അറിയിച്ചത് റവന്യൂ വകുപ്പ് അറിയാതെയാണോ എന്നറിയിക്കുമോ?

സർക്കാർ ഭൂമി അനധികൃതമായി വ്യാജരേഖകൾ ചമച്ച് കൈമാറിയ കേസിലുൾപ്പെട്ട ഹാരിസൺസ് മലയാളം ലിമിറ്റഡിന്റെ ചുമതലക്കാർക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുമെതിരെ അന്വേഷണം നടത്തുന്നതിനായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ രജിസ്റ്റർ ചെയ്ത വി.സി.09/2013/എസ്.ഐ.യു-II നമ്പർ കേസിൽ 'Further Actions Dropped' എന്ന് രേഖപ്പെടുത്തി അന്തിമ റിപ്പോർട്ട് അന്വേഷണ ഏജൻസി വിജിലൻസ് കോടതിയിൽ സമർപ്പിച്ചു. അതിനുശേഷമാണ് ടി കേസ് അവസാനിപ്പിക്കുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പിന്റെ അനുമതി ആവശ്യമില്ലാത്തതിനാൽ ഇക്കാര്യം പബ്ലിക് പ്രോസിക്യൂട്ടർമാർ വിജിലൻസ് കോടതിയെ അറിയിച്ചത്. ആയത് റവന്യൂ വകുപ്പിന്റെ അറിവോടുകൂടിയല്ല. അന്തിമ റിപ്പോർട്ട് കോടതിയുടെ പരിഗണനയിലാണ്.

(ബി) എത്ര ഏക്കർ ഭൂമിയാണ് ഇപ്രകാരം ഹാരിസൺസ് അധികൃതർ അനധികൃതമായി കൈവശം വച്ചിട്ടുള്ളതായി റവന്യൂ വകുപ്പ് കണക്കാക്കിയിട്ടുള്ളത്?

പ്രമാണ രേഖയായി ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനി ഹാജരാക്കിയതും കൊല്ലം എസ്.ആർ.ഒ.-യിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ 1600/1923 നമ്പർ കരാർ ഉടമ്പടി (Indenture) പ്രകാരം കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലായി 25,630 ഏക്കർ ഭൂമി ടി കമ്പനി കൈവശം വയ്ക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.

(സി) ഹാരിസൺസ് കമ്പനി മറ്റ് എവിടെയെല്ലാമാണ് ഭൂമി കയ്യേറ്റങ്ങൾ നടത്തിയതായി കണ്ടെത്തിയിട്ടുള്ളത്; വിശദാംശങ്ങൾ നൽകാമോ?

സർക്കാർ നിയമിച്ച ഉന്നതാധികാര സമിതിയുടെ അന്വേഷണത്തിൽ കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, വയനാട് ജില്ലകൾ ഉൾപ്പെടുന്ന തിരുവിതാംകൂർ, കൊച്ചി, മലബാർ മേഖലകളിലായി ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനി 76,769.80 ഏക്കർ ഭൂമി കൈവശം വച്ചിരിക്കുന്നതായി കണ്ടെത്തിയിരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുണ്ട്*.

**കോഴിക്കോട് ജില്ലയിലെ കാപ്പാടൻ കൈപ്പുഴ കയ്യേറ്റം ചെറുക്കാൻ നടപടി**

308(3306) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിൽ കണ്ണങ്കടവ് ഭാഗത്ത് സ്ഥിതിചെയ്യുന്ന കാപ്പാടൻ കൈപ്പുഴ കയ്യേറ്റം ചെറുക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) കാപ്പാടൻ കൈപ്പുഴ കയ്യേറ്റം കൃത്യമായി നിർണ്ണയിച്ച് പുഴ നില നിർത്താൻവേണ്ട സർവ്വേ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്ക് ചേമഞ്ചേരി വില്ലേജിൽ കാപ്പാടൻ കൈപ്പുഴ കയ്യേറുന്നു എന്ന പരാതി ജില്ലാ കളക്ടർക്ക് ലഭിച്ച തിനെത്തുടർന്ന്, തഹസിൽദാർ മുഖേന അന്വേഷണം നടത്തിയതിൽ, പുഴ പുറമ്പോക്ക് കയ്യേറ്റം നടന്നിട്ടില്ലെന്ന് കണ്ടെത്തിയിട്ടുള്ളതാണ്. പുഴ പുറമ്പോക്ക് കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടില്ലെങ്കിലും പുറമ്പോക്ക് ഭൂമി സംരക്ഷിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

### ഹാരിസൺസ് ഭൂമി

309 (3307) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാരിസൺസ് കമ്പനി അധികൃതർ 1923-ലെ പ്രമാണ രേഖ തിരുത്തിയെന്ന ഫോറൻസിക് സയൻസ് ലാബിന്റെ റിപ്പോർട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലായി ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനിയുടെ കൈവശമുള്ള 25630 ഏക്കർ ഭൂമിയുടെ പ്രമാണ രേഖയായി കമ്പനി ഹാജരാക്കിയതും കൊല്ലം എസ്. ആർ.ഒ.-യിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ 1600/1923 നമ്പർ കരാർ ഉടമ്പടി (Indenture)-യുടെ ആധികാരികത സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ അന്വേഷണത്തിന്റെ ഭാഗമായി തിരുവനന്തപുരം ഫോറൻസിക് സയൻസ് ലാബ് നടത്തിയ പരിശോധനയിൽ പ്രസ്തുത രേഖയുടെ പ്രസക്തി നഷ്ടമാകുംവിധത്തിൽ നിരവധി തിരുത്തലുകളും കൂട്ടിചേർക്കലുകളും വരുത്തിയിട്ടുള്ളതായി കണ്ടെത്തുകയും ഫോറൻസിക് സയൻസ് ലാബ് ഡയറക്ടറുടെ 12-6-2018-ലെ B2-9044/FSL/2015 നമ്പർ കത്ത് പ്രകാരം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി.

(ബി) പ്രസ്തുത റിപ്പോർട്ട് പൂഴ്ത്തിവച്ച ഉദ്യോഗസ്ഥർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ?

1600/1923 നമ്പർ കരാർ ഉടമ്പടി (Indenture)-യുടെ ആധികാരികത സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ അന്വേഷണത്തിന്റെ അന്തിമ റിപ്പോർട്ട് വിജിലൻസ് കോടതിയിലാണ് സമർപ്പിച്ചത്. പ്രസ്തുത റിപ്പോർട്ട് വിജിലൻസ് വകുപ്പ് മുഖേന റവന്യൂ വകുപ്പിൽ ലഭ്യമാക്കിയത് 2021 മാർച്ച് മാസത്തിലായിരുന്നു. പ്രസ്തുത റിപ്പോർട്ടിൽ ഫോറൻസിക് സയൻസ് ലാബിന്റെ (Forensic Science Lab) കണ്ടെത്തലുകൾ സംബന്ധിച്ച് പരാമർശിച്ചിരുന്നുവെങ്കിലും FSL-ന്റെ പരിശോധനാ റിപ്പോർട്ട് ഉൾപ്പെടുത്തിയിരുന്നില്ല. റവന്യൂ വകുപ്പിൽനിന്നും ആവശ്യപ്പെട്ടതിനെത്തുടർന്ന് വിജിലൻസ് വകുപ്പ്, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽനിന്നും പ്രസ്തുത റിപ്പോർട്ട് ശേഖരിച്ച് 2021 ആഗസ്റ്റ് മാസത്തിലാണ് റവന്യൂ വകുപ്പിൽ ലഭ്യമാക്കിയിട്ടുള്ളത്.

(സി) റവന്യൂ വകുപ്പ് അറിയാതെ വിജിലൻസ് കോടതിയിൽ കേസ് അവസാനിപ്പിക്കാൻ ഏതെങ്കിലും ഉദ്യോഗസ്ഥർ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

തർക്കഭൂമിയുടെ ഉടമസ്ഥത സർക്കാർ സിവിൽ കോടതിയിൽ കേസുകൾ നടത്തി സ്ഥാപിച്ചതിനുശേഷമേ കുറ്റാരോപിതരായ കമ്പനി അധികൃതർക്കും ഉദ്യോഗസ്ഥർക്കുമെതിരെ Prevention Of Corruption Act (PC) പ്രകാരം വിജിലൻസ് കേസ് എടുക്കാൻ കഴിയുകയുള്ളൂ എന്നാണ് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ സമർപ്പിച്ച അന്തിമ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ളത്. Further Actions Dropped (FAD) എന്നാണ് വിജിലൻസ് കോടതിയിൽ അന്വേഷണ ഉദ്യോഗസ്ഥർ റിപ്പോർട്ട് സമർപ്പിച്ചത്. പ്രസ്തുത അന്തിമ റിപ്പോർട്ട് കോടതിയുടെ പരിഗണനയിലാണ്.

**സർക്കാർ ഭൂമി വീണ്ടെടുക്കൽ**

310 (3308) ശ്രീ. എ. കെ. എം. അഷ്റഫ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. അബ്ദുൽ ഹമീദ് :
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിയമവിരുദ്ധമായി സർക്കാർ ഭൂമി കൈവശംവയ്ക്കുകയോ കയ്യേറുകയോ ചെയ്തിട്ടുള്ള വൻകിട തോട്ട മുടമകളിൽനിന്നും പ്രസ്തുത ഭൂമി തിരിച്ച് പിടിച്ചെടുത്തിട്ടുണ്ടോ?

ഇല്ല. നിയമവിരുദ്ധമായി വൻകിട തോട്ടമുടമകൾ കൈവശംവയ്ക്കുന്ന സർക്കാർ ഭൂമിയിന്മേൽ സർക്കാർ ഉടമസ്ഥത സ്ഥാപിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട സിവിൽ കോടതികളിൽ സിവിൽ കേസ് ഫയൽ ചെയ്യുന്നതിന് ജില്ലാ കളക്ടർമാരെ ചുമതല പ്പെടുത്തിക്കൊണ്ട് സ.ഉ.(കൈ) 172/2019/റവ തീയതി 6-6-2019 പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സിവിൽ കേസ് ഫയൽ ചെയ്യുന്ന നടപടി ജില്ലാ തലത്തിൽ സ്വീകരിച്ചുവരുന്നു.

(ബി) ഇപ്രകാരം പിടിച്ചെടുത്ത ഭൂമി പൊതുആവശ്യത്തിനും ഭൂരഹിതർക്കും വിതരണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

6-6-2019-ലെ സ.ഉ. (കൈ) 172/2019/റവ. നമ്പർ സർക്കാർ ഉത്തരവു പ്രകാരം ബന്ധപ്പെട്ട സിവിൽ കോടതികളിൽ സിവിൽ കേസ് ഫയൽ ചെയ്യുന്ന നടപടി തുടർന്നുവരുന്നു. ടി കേസുകളിൽ അന്തിമ തീർപ്പ് ആയിട്ടില്ലാത്തതിനാൽ ടി ചോദ്യത്തിന് ഉന്നയിച്ചിട്ടുള്ളതുപോലെ ഭൂമി പൊതുആവശ്യത്തിന് ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനുമുള്ള നടപടി ഇപ്പോൾ സ്വീകരിച്ചിട്ടില്ല.

**കാസർഗോഡ് ജില്ലയിലെ പട്ടയം ലഭിക്കാത്ത കുടുംബങ്ങൾ**

311 (3309) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വിവിധ വില്ലേജുകളിലായി ഇനിയും പട്ടയം ലഭിക്കാത്ത എത്ര കുടുംബങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ?

പട്ടയം ലഭിക്കാത്ത കുടുംബങ്ങളുടെ കണക്ക് സൂക്ഷിച്ചിട്ടില്ല.

(ബി) വിവിധ താലൂക്കുകളിലായി പട്ടയം ലഭിക്കാനുള്ള അപേക്ഷകളിൽ ഇനിയും തീർപ്പ് കൽപ്പിക്കാത്തവ എത്രയെന്നും വ്യക്തമാക്കാമോ?

2778 അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിക്കാനുണ്ട്.

**പട്ടയത്തിനായുള്ള അപേക്ഷകളുടെ അതിവേഗം തീർപ്പാക്കൽ**

312 (3310) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ കളക്ടറേറ്റുകളിലും ലാൻഡ് ട്രൈബ്യൂണലുകളിലും പട്ടയത്തിനായി അപേക്ഷ നൽകി കാത്തിരിക്കുന്നവർക്ക് പട്ടയം അതിവേഗം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

സംസ്ഥാനത്ത് 17 ലാൻഡ് ട്രൈബ്യൂണലുകളും 15 സ്പെഷ്യൽ ലാൻഡ് ട്രൈബ്യൂണലുകളും 16 ദേവസ്വം ലാൻഡ് ട്രൈബ്യൂണലുകളുമാണുള്ളത്. ഇവിടങ്ങളിലായി ഒരു ലക്ഷത്തിൽപ്പരം കേസ്സുകളാണ് ഇനിയും തീർപ്പാക്കാനായി ശേഷിക്കുന്നത്. കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കാൻ ഓരോ ലാൻഡ് ട്രൈബ്യൂണലിനും പ്രതിമാസ ടാർജറ്റ് നൽകിയിട്ടുണ്ട്. ഇതിന്റെ പുരോഗതി പ്രതിമാസ അവലോകനം നടത്തി വിലയിരുത്തിവരുന്നു. കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനായി സ്റ്റേറ്റ് ലാൻഡ് ബോർഡിൽനിന്നും പരിശീലനവും നൽകിവരുന്നു. ഈ സർക്കാരിന്റെ ആദ്യ 100 ദിവസത്തിനുള്ളിൽ പതിനായിരത്തോളം കേസുകൾ തീർപ്പാക്കാനും അർഹതയുണ്ടായിരുന്ന ഏഴായിരത്തോളം പേർക്ക് ലാൻഡ് ട്രൈബ്യൂണൽ പട്ടയം നൽകാനും കഴിഞ്ഞിട്ടുണ്ട്. ഒരു വർഷത്തിനകം ഒരു ലക്ഷം കേസുകൾ തീർപ്പാക്കാനുള്ള ഒരു കർമ്മ പദ്ധതി വിഭാവന ചെയ്തിട്ടുണ്ട്. ഇതിന്റെ ഒന്നാംഘട്ടമായി അദാലത്ത് മാതൃകയിൽ 35000 കേസുകൾ തീർപ്പാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 20-10-2021-ന് ആരംഭിച്ച് 31-12-2021-ന് ഒന്നാംഘട്ടം പൂർത്തീകരിക്കുന്നതാണ്. സംസ്ഥാനത്തെ ലാൻഡ് ബോർഡുകളെ നാല് സോണുകളായി തിരിച്ച് ഓരോ സോണിന്റെയും ചുമതല ഓരോ ഡെപ്യൂട്ടി കളക്ടർമാർക്ക് നൽകി അടിയന്തരമായി കേസുകൾ തീർപ്പാക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുന്നുണ്ട്.

(ബി) പാട്ടഭൂമി, കാണം ഭൂമി, ദേവസ്വം ഭൂമി തുടങ്ങിയവയുടെ പട്ടയത്തിനായി അപേക്ഷിച്ചവർക്ക് വർഷങ്ങൾക്കുശേഷവും പട്ടയം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിവരിക്കുമോ?

ദേവസ്വങ്ങളും മതധർമ്മ സ്ഥാപനങ്ങളും ഭൂവുടമകളും ജന്മികളുമായി വരുന്ന ഭൂമികളെ സംബന്ധിച്ച ഇത്തരം ലാൻഡ് ട്രൈബ്യൂണൽ കേസുകൾ കൈകാര്യം ചെയ്യുന്നത് ദേവസ്വം ലാൻഡ് ട്രൈബ്യൂണലുകളാണ്. ഡെപ്യൂട്ടി കളക്ടർ (എൽ.ആർ.)-മാരാണ് ജില്ലകളിൽ ദേവസ്വം ലാൻഡ് ട്രൈബ്യൂണലുകളായി അധിക ചുമതല വഹിക്കുന്നത്. ധാരാളം മറ്റ് ചുമതലകൾകൂടി നിർവ്വഹിക്കേണ്ടതിനാൽ ലാൻഡ് ട്രൈബ്യൂണൽ കേസുകൾ തീർപ്പാക്കുന്നതിൽ താരതമ്യേന കുറവ് സംഭവിച്ചിട്ടുണ്ട്.

ഇതുകാരണം പട്ടയം ലഭിക്കുന്നതിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി അദാലത്തിൽ ദേവസ്വം ലാൻഡ് ട്രൈബ്യൂണൽ കേസുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ ഈ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പട്ടയ അപേക്ഷകളിന്മേലുള്ള ഹിയറിംഗ് തീയതികൾ പലപ്പോഴും നീട്ടിവയ്ക്കുന്നത് ശ്രദ്ധയിൽവന്നിട്ടുണ്ടോ; ഇതിന് മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

കോവിഡ്-19-ന്റെ നിയന്ത്രണങ്ങളുണ്ടായിരുന്ന കഴിഞ്ഞ വർഷങ്ങളിൽ ലാൻഡ് ട്രൈബ്യൂണൽ കേസുകളുടെ ഹിയറിംഗിന് തടസ്സങ്ങൾ നേരിട്ടിട്ടുണ്ട്. ഇപ്പോൾ ഹിയറിംഗ് തടസ്സമില്ലാതെ നടന്നുവരുന്നു. അപേക്ഷകരെ കേസിന്റെ ആവശ്യത്തിനായി 3 തവണയിൽ കൂടുതൽ വിളിച്ച് വരുത്തരുതെന്നും പരമാവധി 3 വിചാരണകളിൽ കേസ് തീർപ്പാക്കണമെന്നും മന്ത്രിതലത്തിൽ നടത്തിയ അവലോകനയോഗത്തിൽ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കേസുകൾ സമയബന്ധിതമായി തീർക്കുന്നതിന് അദാലത്ത് നടത്താനും 73 ദിവസത്തിനുള്ളിൽ 35000 കേസുകൾ തീർപ്പാക്കാനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

## പെരിയാർവാലി കനാൽ പുറമ്പോക്കിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം നൽകാൻ നടപടി

313 (3311) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ പെരിയാർവാലി കനാൽ പുറമ്പോക്കിൽ താമസിക്കുന്ന എത്ര കുടുംബങ്ങൾ പട്ടയത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

(എ&ബി) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ പെരിയാർവാലി കനാൽ പുറമ്പോക്കിൽ താമസിക്കുന്ന 126-ഓളം കുടുംബങ്ങൾ പട്ടയത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിൽ 1-1-1992-നുമുമ്പുള്ള കൈവശക്കാർക്ക് കൈവശരേഖകൾ അനുവദിച്ചിട്ടുള്ളതാണ്. നിലവിൽ 14 അപേക്ഷകളിൽ വില്ലേജ് ഓഫീസർമാരിൽ നിന്ന് റിപ്പോർട്ട് ലഭിക്കാനുണ്ട്.

(സി) പട്ടയം നൽകുന്നതിന് ജലവിഭവ വകുപ്പിന്റെ അംഗീകാരം ലഭ്യമായിട്ടുണ്ടോ; വിശദവിവരം നൽകാമോ?

പട്ടയം അനുവദിക്കുന്നതിനായി നിരാക്ഷേപ പത്രം നൽകുന്നതിന് PVIP എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുള്ളതും NOC നൽകാൻ കഴിയില്ലെന്ന് മറുപടി ലഭിച്ചിട്ടുള്ളതുമാണ്.

**താമരശ്ശേരി താലൂക്ക്, പാമ്പിഴഞ്ഞപാറ പ്രദേശത്തെ കൈവശക്കാർക്ക് പട്ടയം**

314 (3312) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി താലൂക്ക്, തിരുവമ്പാടി വില്ലേജിലെ പാമ്പിഴഞ്ഞപാറ പ്രദേശത്തെ കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

താമരശ്ശേരി താലൂക്ക്, തിരുവമ്പാടി വില്ലേജിലെ പാമ്പിഴഞ്ഞപാറയിലെ കൈവശക്കാർക്ക് ബന്ധപ്പെട്ട നിയമങ്ങളിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് വിധേയമായി വീട് നിർമ്മിക്കുന്നതിനായി പതിച്ച് നൽകുന്നതിനും അങ്ങനെ നൽകുമ്പോൾ കൈവശക്കാർ അധികഭൂമി സർക്കാരിന് വിട്ടുനൽകുന്നുവെന്ന് ഉറപ്പാക്കുവാനും സർക്കാരിൽനിന്നും റവ-ജി 1/37/2021/റവ. നമ്പർ കത്ത് പ്രകാരം കോഴിക്കോട് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പട്ടയവിതരണം എപ്പോൾ നടത്താൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ടി വിഷയത്തിൽ സർക്കാർ നിർദ്ദേശപ്രകാരമുള്ള തുടർനടപടികൾ കൈക്കൊള്ളുന്നതിന് നിലവിൽ അംഗീകാരത്തിന് ശിപാർശ ചെയ്തിട്ടുള്ള ജില്ലാ ഭൂമി പതിവ് കമ്മിറ്റിയുടെ അംഗീകാരം ലഭിക്കേണ്ടതുള്ളതിനാൽ ടി കമ്മിറ്റി നിലവിൽ വരുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പട്ടയവിതരണത്തിന് അടിയന്തര നടപടികൾ സ്വീകരിക്കാമോ?

ഭൂമി പതിവ് കമ്മിറ്റി നിലവിൽ വന്നയുടൻതന്നെ പതിവ് കമ്മിറ്റി ചേർന്ന് പതിവ് നടപടികൾ പൂർത്തീകരിക്കുന്നതാണ്.

**പുതുക്കാട് പഞ്ചായത്തിലെ ചാക്കോച്ചിറ നിവാസികൾക്ക് പട്ടയം**

315 (3313) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് പഞ്ചായത്തിലെ 12-ാം വാർഡിലെ ചാക്കോച്ചിറ പ്രദേശത്ത് തലമുറകളായി താമസിച്ചുവരുന്ന പത്തോളം കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പുതുക്കാട് പഞ്ചായത്തിലെ ചാക്കോച്ചിറ പ്രദേശത്ത് തലമുറകളായി താമസിച്ചു വരുന്ന 10 കുടുംബങ്ങൾ പട്ടയത്തിനായി സമർപ്പിച്ച അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിലേയ്ക്ക് പരിശോധന നടത്തിയതിൽ അപേക്ഷ ഭൂമി വില്ലേജ് രേഖകളിൽ 'ചിറപുറമ്പോക്ക്' ആയി രേഖപ്പെടുത്തിയിട്ടുള്ളതാണ്. 'ചിറപുറമ്പോക്ക്' തദ്ദേശസ്വയംഭരണ വകുപ്പിന്റെ അധീനതയിലായതിനാൽ പ്രസ്തുത ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് പുനർനിക്ഷിപ്തമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാനായി മുകുന്ദപുരം തഹസിൽദാർ പുതുക്കാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയും എന്നാൽ പഞ്ചായത്ത് രാജ് ആക്ട് 1994 സെക്ഷൻ 218 പ്രകാരം 'ചിറപുറമ്പോക്ക് പുനർനിക്ഷിപ്തമാക്കാൻ വ്യവസ്ഥയില്ലാത്ത സാഹചര്യത്തിൽ തുടർനടപടി സ്വീകരിക്കുവാൻ സാധിച്ചിട്ടില്ലാത്തതാണ്.

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

നിലവിലുള്ള നിയമപ്രകാരവും കോടതി വിധിയുടെ അടിസ്ഥാനത്തിലും ചിറപുറമ്പോക്കുകൾ ഉൾപ്പെടെ പഞ്ചായത്തുകളിൽ നിക്ഷിപ്തമായിട്ടുള്ള ഭൂമിക്ക് പട്ടയം നൽകുന്നതിന് നിയമതടസ്സമുണ്ട്.

**താമരശ്ശേരി താലൂക്കിൽ ചെറുപ്ലാട് വനഭൂമി താമസക്കാർക്ക് പട്ടയം**

316 (3314) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി താലൂക്കിൽ ഈങ്ങാപ്പുഴ വില്ലേജിലെ ചെറുപ്ലാട് വനഭൂമിയിലെ താമസക്കാർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഇവർക്ക് പട്ടയം എന്നത്തേയ്ക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) താമരശ്ശേരി താലൂക്കിൽ ഈങ്ങാപ്പുഴ വില്ലേജിലെ ചെറുപ്ലാട് വനഭൂമിയിലെ താമസക്കാർക്ക് പട്ടയം അനുവദിക്കുന്നതിന് പരിഹാര വനവത്കരണത്തിനായി വനം വകുപ്പിന് 2.64 ഹെക്ടർ ഭൂമി കൈമാറേണ്ടതുണ്ട്. ആയതിലേയ്ക്ക്

കോഴിക്കോട് താലൂക്ക് കൊടിയത്തൂർ വില്ലേജിലെ മിച്ചഭൂമി ഏറ്റെടുത്ത് വനം വകുപ്പിന് കൈമാറുന്നതിനുള്ള സർവ്വേ നടപടികൾ സ്വീകരിച്ചുവരുന്നു. പരിഹാര വനവത്കരണത്തിനായുള്ള ഭൂമി വനം വകുപ്പിന് കൈമാറുന്നതിന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി തേടേണ്ടതുണ്ട്. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭ്യമാകുന്നമുറയ്ക്ക് അർഹരായ കൈവശക്കാർക്ക് പട്ടയം നൽകുന്നതാണ്.

**പുതുതായി നല്കിയിട്ടുള്ള പട്ടയങ്ങളുടെ വിനിയോഗ വ്യവസ്ഥകൾ**

317 (3315) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപതിവ് ചട്ടങ്ങൾ പ്രകാരം തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ രണ്ടായിരത്തിനുശേഷം ഇതുവരെ എത്ര പട്ടയങ്ങൾ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

ആവശ്യമുള്ള ജില്ലകളിൽ വിവിധ ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരം രണ്ടായിരത്തിനുശേഷം വിതരണം ചെയ്ത പട്ടയങ്ങളുടെ വിവരങ്ങൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു :

മഴക്കെടുതിയും ഉരുൾപൊട്ടലുംമൂലം കോട്ടയം ജില്ലയിലെ ബന്ധപ്പെട്ട ജീവനക്കാർ ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതിനാൽ, ടി ജില്ലയിലെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. ആയത് ശേഖരിച്ച് നൽകുന്നതാണ്.

| ക്രമ നമ്പർ | ജില്ല | വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 10674 (2011 മുതലുള്ള കണക്ക്, 2000 മുതൽ 2011 വരെ വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.) |
| 2 | കൊല്ലം | 8126 |
| 3 | പത്തനംതിട്ട | 3766 |
| 4 | കോട്ടയം | - |
| 5 | ഇടുക്കി | 74536 |
| 6 | എറണാകുളം | 8395 |

(ബി) മേൽപ്രകാരം നൽകിയവ ഉപാധിരഹിത പട്ടയങ്ങളാണോ വ്യവസ്ഥകളുള്ള പട്ടയങ്ങളാണോയെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ?

1960-ലെ ഭൂമി പതിവ് നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള വിവിധ ചട്ടങ്ങൾപ്രകാരം ചട്ടങ്ങളിൽ പ്രതിപാദിക്കുന്ന വ്യവസ്ഥകളോടെയാണ് പട്ടയങ്ങൾ വിതരണം ചെയ്തത്.

(സി) ഉപാധിരഹിത പട്ടയം നൽകുമ്പോൾ നിശ്ചിത വ്യവസ്ഥകൾ രേഖപ്പെടുത്തിയാണോ പട്ടയം നൽകുന്നതെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ?

ഭൂമി പതിവ് ചട്ടപ്രകാരമുള്ള വ്യവസ്ഥകൾ രേഖപ്പെടുത്തിയാണ് പട്ടയങ്ങൾ അനുവദിക്കുന്നത്.

(ഡി) ഉപാധിരഹിത പട്ടയഭൂമിയിൽ ഗാർഹികേതര ആവശ്യങ്ങൾക്കായി കെട്ടിട നിർമ്മാണ പ്രവൃത്തികൾ നടത്താമോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ എപ്രകാരമുള്ള നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിനാണ് അനുമതിയുള്ളതെന്ന് അറിയിക്കാമോ?

1964-ലെ കേരള ഭൂമിപതിവ് ചട്ടങ്ങൾ ചട്ടം (4) പ്രകാരം ഭൂമി പതിച്ചു നൽകുന്നത് വ്യക്തിഗത കൃഷി, താമസിക്കുന്നതിനായി വീട് നിർമ്മാണം, സമീപങ്ങളായ രജിസ്റ്റേർഡ് ഭൂമികളിലേയ്ക്കുള്ള പ്രയോജനപ്രദമായ അനുഭവാവകാശം എന്നീ ആവശ്യങ്ങൾക്കായാണ്. 1993-ലെ പ്രത്യേക ഭൂമിപതിവ് ചട്ടങ്ങൾ (1-1-1977-ന് മുമ്പുള്ള വനഭൂമി കുടിയേറ്റം ക്രമീകരിക്കൽ) ചട്ടം (3) പ്രകാരം കൃഷിക്കും വാസഗൃഹങ്ങൾക്കും കടമുറികൾ വയ്ക്കുന്നതിനുമായി പട്ടയഭൂമിയുടെ വിനിയോഗം നിജപ്പെടുത്തിയിരിക്കുന്നു. കാർഷികാവശ്യത്തിന് അനുവദിക്കുന്ന പട്ടയഭൂമിയിൽ കെട്ടിട നിർമാണം അനുവദനീയമല്ല.

(ഇ) ഉപാധിരഹിത പട്ടയ വ്യവസ്ഥകളുള്ള പട്ടയഭൂമികളിൽ ഗാർഹികേതര ആവശ്യങ്ങൾക്കുള്ള കെട്ടിട നിർമ്മാണ പ്രവൃത്തികൾ നിരോധിച്ചിട്ടുണ്ടോ; എങ്കിൽ ഏത് നിയമങ്ങളുടെ, ചട്ടങ്ങളുടെ, ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് നിരോധനമെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ സഹിതം നൽകാമോ?

ഉപാധിരഹിത പട്ടയമെന്നത് പട്ടയം കൈമാറ്റം ചെയ്യുന്നതിന്റെ കാലാവധി സംബന്ധിച്ച് മാത്രമാണെന്ന് കാണുന്നു. റിസോർട്ട് നിർമ്മാണത്തിന് നിരോധന ഉത്തരവ് നൽകിയതിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള WP(സി) 32143/2016, 32145/2016 എന്നീ കേസ്സുകളിൽ 14-11-2016-ൽ പുറപ്പെടുവിച്ചിട്ടുള്ള വിധിയിൽ, കാർഷികാവശ്യത്തിന് പതിച്ചുനൽകപ്പെട്ട ഭൂമിയിൽ

വാണിജ്യപരമായ കെട്ടിട നിർമ്മാണം അനുവദനീയമല്ലെന്ന് ഉത്തരവുള്ളതാണ്. 1964-ലെ കേരള ഭൂമിപതിവ് ചട്ടങ്ങൾ ചട്ടം (4) പ്രകാരം ഭൂമി പതിച്ചുനൽകുന്നത് വ്യക്തിഗത കൃഷി, താമസിക്കുന്നതിനായി വീട് നിർമാണം, സമീപങ്ങളായ രജിസ്റ്റേർഡ് ഭൂമികളിലേയ്ക്കുള്ള പ്രയോജനപ്രദമായ അനുഭവാവകാശം എന്നീ ആവശ്യങ്ങൾക്കായിട്ടാണ്. 1993-ലെ പ്രത്യേക ഭൂമി പതിവ് ചട്ടങ്ങൾ (1-1-1977-ന് മുമ്പുള്ള വനഭൂമി കുടിയേറ്റം ക്രമീകരിക്കൽ) ചട്ടം (3) പ്രകാരം കൃഷിക്കും വാസഗൃഹങ്ങൾക്കും കടമുറികൾ വയ്ക്കുന്നതിനുമായി പട്ടയഭൂമിയുടെ വിനിയോഗം നിജപ്പെടുത്തിയിരിക്കുന്നു. വൻകിട ഹോട്ടലുകൾ, റിസോർട്ടുകൾ, വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയവ പട്ടയ വസ്തുക്കളിൽ നിർമ്മിക്കുന്നത് നിലവിലുള്ള ഭൂമിപതിവ് ചട്ടങ്ങളിലെ വ്യവസ്ഥകളുടെയും കോടതി വിധികളുടെയും ലംഘനമാണ്. ആയതിനാൽ അത്തരം നിർമ്മാണ പ്രവർത്തനങ്ങൾ അനുവദിക്കാൻ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം സാധിക്കുന്നതല്ല.

### മൂവാറ്റുപുഴ കടവൂർ വില്ലേജിലെ കുടിയേറ്റ കർഷകർക്ക് പട്ടയം

318 (3316) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ പൈങ്ങോട്ടൂർ പഞ്ചായത്തിലെ കടവൂർ വില്ലേജിൽ 1977 മുതൽ കുടിയേറ്റ കർഷകരായി താമസിച്ചുവരുന്നവരിൽ ഉപാധിരഹിത പട്ടയം ലഭിക്കാത്ത എത്ര കുടുംബങ്ങളുണ്ടെന്ന് അറിയിക്കാമോ?

ഉപാധിരഹിത പട്ടയം ലഭിക്കാത്ത ഏകദേശം 400 കുടുംബങ്ങളുണ്ട്.

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് ഉപാധിരഹിത പട്ടയം നൽകുന്നതിനുള്ള തടസ്സം എന്തെന്നറിയിക്കാമോ; ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; വിശദാംശം ലഭ്യമാക്കുമോ?

കടവൂർ വില്ലേജ് സർവ്വേ 1111/1, 1047/1 എന്നീ സർവ്വേ നമ്പറുകളിൽപ്പെട്ട കൈവശങ്ങൾക്കാണ് പട്ടയം നൽകുവാൻ സാധിക്കാത്തത്. ടി ഭൂമി വനഭൂമിയിൽ ഉൾപ്പെട്ടുവരുന്നതിനാൽ പതിച്ചുകൊടുക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ആവശ്യമുള്ളതാണ്. എന്നാൽ ടി ഭൂമി അംഗീകൃത പരിശോധനാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ റവന്യൂ-വനം വകുപ്പുകൾ സംയുക്ത പരിശോധന നടത്തി കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്കെ ടി വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

(സി) പൂർണ്ണമായും സാധുതയുള്ള പട്ടയമില്ലാത്തതിനാൽ ഈ കുടുംബങ്ങൾ ഭവനനിർമ്മാണ ധനസഹായം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളിൽനിന്നും നിരന്തരമായി പുറന്തള്ളപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) എങ്കിൽ ഈ കുടുംബങ്ങൾക്ക് ഉപാധിരഹിത പട്ടയം എന്ന് നൽകുവാൻ കഴിയും; വ്യക്തമാക്കാമോ?

റവന്യൂ-വനം വകുപ്പുകൾ സംയുക്ത പരിശോധന നടത്തി കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്നമുറയ്ക്ക് മാത്രമേ ടി വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**ദേവികുളം മണ്ഡലത്തിൽ പട്ടയം ലഭിച്ച വ്യക്തികൾ**

319 (3317) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേവികുളം മണ്ഡലത്തിൽ കഴിഞ്ഞ 15 വർഷത്തിൽ ലാൻഡ് അസൈൻമെന്റ് കമ്മിറ്റി തീരുമാനപ്രകാരം പട്ടയം ലഭിച്ച വ്യക്തികളുടെ വിവരങ്ങൾ വില്ലേജ് തിരിച്ച് വിശദമാക്കാമോ?

5205 പട്ടയങ്ങൾ അനുവദിച്ചിട്ടുണ്ട്. പട്ടയം ലഭിച്ച വ്യക്തികളുടെ വില്ലേജ് തിരിച്ചുള്ള വിവരം ശേഖരിച്ച് നൽകുന്നതാണ്.

**പാറശ്ശാല മണ്ഡലത്തിൽ പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവരുടെ പട്ടയം**

320 (3318) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലുൾപ്പെടുന്ന വിവിധ ഗ്രാമപഞ്ചായത്തുകളിൽ കുളം പുറമ്പോക്ക്, റോഡ് പുറമ്പോക്ക്, ആറ്റു പുറമ്പോക്ക്, സർക്കാർ പുറമ്പോക്ക് എന്നിങ്ങനെ വിവിധയിനം പുറമ്പോക്ക് ഭൂമികളിൽ താമസിച്ചുവരുന്ന കുടുംബങ്ങളുടെ എണ്ണവും ഇനം തിരിച്ചുള്ള വിവരവും ലഭ്യമാക്കാമോ?

ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ബി) രണ്ടായിരമാണ്ടിനുശേഷം ഇവരിൽ എത്ര പേർ പട്ടയത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; അപേക്ഷ നൽകിയിട്ടും പട്ടയം ലഭിക്കാത്ത എത്ര അപേക്ഷകരുണ്ട്; അവരുടെ പേരും മേൽവിലാസവും സർവ്വേനമ്പർ ഉൾപ്പെടെ വില്ലേജ് തിരിച്ചുള്ള വിവരവും നൽകുമോ?

രണ്ടായിരമാണ്ടിനുശേഷം ഇവരിൽ പട്ടയത്തിനായി 14 പേർ കാട്ടാക്കട താലൂക്കിലും 144 പേർ നെയ്യാറ്റിൻകര താലൂക്കിലുമായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷ നൽകിയിട്ടും പട്ടയം ലഭിക്കാത്ത അപേക്ഷകരുടെ പേരും മേൽവിലാസവും സർവ്വേ നമ്പരും ഉൾപ്പെടെയുള്ള വില്ലേജ് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

പുറമ്പോക്ക് ഭൂമി പതിവിന് വിധേയമല്ല. റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമികളിൽ താമസിക്കുന്നവർക്ക് പ്രസ്തുത ഭൂമി തരിശ്ശാക്കി മാറ്റി പതിച്ചു നൽകാൻ ആകുമോയെന്ന വിഷയം പരിശോധിക്കുന്നതാണ്. സർക്കാർ തരിശ്ശിൽ താമസിക്കുന്നവർക്ക് പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടികൾ അപേക്ഷകരുടെ അർഹത പരിശോധിച്ച് കേരള ഭൂമി പതിവ് നിയമം 1960 പ്രകാരം സ്വീകരിച്ചുവരുന്നു.

## പ്രകൃതിക്ഷോഭത്തിൽ വീട് പൂർണ്ണമായും തകർന്നു പോയവർക്കുള്ള നഷ്ടപരിഹാരം

321 (3319) <u>ശ്രീമതി ശാന്തകുമാരി കെ.</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രകൃതിക്ഷോഭത്തിൽ വീട് പൂർണ്ണമായും തകർന്നുപോയവർക്ക് നിലവിൽ എത്ര രൂപയാണ് നഷ്ടപരിഹാരമായി നൽകുന്നത്; വിശദാംശം ലഭ്യമാക്കാമോ; ആയത് സംബന്ധിച്ച ഉത്തരവുകളുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

കേന്ദ്ര ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരമുള്ള 20-5-2015-ലെ സ.ഉ.(കൈ)നമ്പർ 194/2015-ദു.നി.വ. ഉത്തരവുപ്രകാരം അംഗീകൃത പ്രകൃതിദുരന്തത്തിൽ പൂർണ്ണമായും തകർന്നതോ (Fully damaged) വാസയോഗ്യം അല്ലാതായതോ (severely damaged) ആയ വീടുകളുടെ പുനരുദ്ധാരണത്തിന് നിരപ്പായ പ്രദേശമാണെങ്കിൽ 95,100 രൂപയും (തൊണ്ണൂറ്റി അയ്യായിരത്തി ഒരുനൂറ് രൂപയും) മലയോര പ്രദേശമാണെങ്കിൽ 1,01,900 രൂപയും (ഒരു ലക്ഷത്തി ഒരായിരത്തി തൊള്ളായിരം രൂപയും) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും അനുവദിക്കാവുന്നതാണ്. എന്നാൽ 2018, 2019 വർഷങ്ങളിൽ കേരളം നേരിട്ട മഹാപ്രളയത്തിൽ പൂർണ്ണമായും തകർന്നതോ (Fully damaged) വാസയോഗ്യം അല്ലാതായതോ (severely damaged) ആയ വീടുകൾക്ക് 21-6-2018-ലെ സ.ഉ. (കൈ) നമ്പർ 7/2018/ദു.നി.വ. ഉത്തരവുപ്രകാരം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും മൊത്തമായി 4,00,000 (നാല് ലക്ഷം രൂപ) രൂപ ആശ്വാസധനസഹായമായി അനുവദിച്ചിട്ടുണ്ട്. ഇതിൽ സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽനിന്നും നിരപ്പായ പ്രദേശമാണെങ്കിൽ 95,100 രൂപയും (തൊണ്ണൂറ്റി അയ്യായിരത്തി ഒരുന്നൂറു രൂപയും) മലയോര പ്രദേശമാണെങ്കിൽ 1,01,900 രൂപയും (ഒരു ലക്ഷത്തി ഒരായിരത്തി തൊള്ളായിരം രൂപയും), ബാക്കി തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുമാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വടക്കാഞ്ചേരി മണ്ഡലത്തിൽപ്പെട്ട മുല്ലപ്പ്ലാക്കൽ ബെന്നിക്ക് നഷ്ടപരിഹാരം

322 (3320) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ആഗസ്റ്റ് 16-ന് വടക്കാഞ്ചേരി മണ്ഡലത്തിൽപ്പെട്ട കുറാഞ്ചേരിയിലുണ്ടായ ഉരുൾപൊട്ടലിൽ വീടും സ്ഥലവും നഷ്ടപ്പെട്ട മുല്ലപ്പ്ലാക്കൽ ബെന്നി എന്ന വ്യക്തിക്ക് നാളിതുവരെ നഷ്ടപരിഹാരം വിതരണം ചെയ്തിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് പരിശോധിച്ച് നഷ്ടപരിഹാരം അടക്കമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കാമോ?

(എ&ബി) 2018 ആഗസ്റ്റ് 16-ന് വടക്കാഞ്ചേരി മണ്ഡലത്തിൽപ്പെട്ട കുറാഞ്ചേരിയിലുണ്ടായ ഉരുൾപൊട്ടലിൽ മുല്ലപ്പ്ലാക്കൽ ബെന്നി എന്ന വ്യക്തിയുടെ വീടും സ്ഥലവും നഷ്ടപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പാലക്കാട് ജില്ലയിൽ ആലത്തൂർ താലൂക്കിൽ ജനിച്ചുവളർന്നവരും തലപ്പിള്ളി താലൂക്ക് തെക്കുംകര വില്ലേജിൽ താമസിച്ചിരുന്നവരുമായ മുണ്ടംപ്ലാക്കൽ വീട്ടിൽ ജെൻസൻ, ഭാര്യ സുമിത, മക്കളായ മോസസ്, ഹെനോക്ക്, യാഫത്ത്, ജെൻസന്റെ സഹോദരൻ ഷാജി പൗലോസ്, ജെൻസന്റെ ഭാര്യ സുമിതയുടെ മാതാപിതാക്കളായ കളപ്പുരക്കൽ ഫ്രാൻസിസ്, സാലി എന്നിവരും മരണപ്പെട്ടിട്ടുള്ളതാണ്. മരണപ്പെട്ട ജെൻസൻ, ഷാജി പൗലോസ് എന്നിവരുടെ അവകാശികളായി ഇന്ത്യൻ പിൻതുടർച്ചാവകാശത്തിലെ 1 മുതൽ 5 വരെയുള്ള വിഭാഗത്തിലെ ആരും ഇല്ലാത്തതാണ്. പരേതരായ ജെൻസൻ, ഷാജി പൗലോസ് എന്നിവരുടെ സഹോദരനായ ശ്രീ. മുണ്ടംപ്ലാക്കൽ ബെന്നി എന്ന വ്യക്തി പരേതരുടെ ആശ്രയത്വത്തിലല്ല ജീവിച്ചിരുന്നതെന്ന കാരണത്താൽ അദ്ദേഹത്തിന് പ്രകൃതിക്ഷോഭത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് അനുവദിക്കുന്ന ആശ്വാസ ധനസഹായം അനുവദിച്ചിട്ടില്ല.

## നിലമ്പൂർ താലൂക്കിലെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഹായം

323 (3321) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ താലൂക്കിൽ 2019-ലെ പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട് ഇതുവരെ ധനസഹായം ലഭിക്കാത്തവരുടെ പരാതികളിന്മേലുള്ള എത്ര അപ്പീൽ അപേക്ഷകളാണ് പരിഗണനയിലുള്ളതെന്ന് വില്ലേജ് തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

നിലമ്പൂർ താലൂക്കിൽ 2019-ലെ പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട് ഭവന നാശം സംഭവിച്ചവർക്ക് ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലെ പിശക്, പേരിലുള്ള ന്യൂനതകൾ തുടങ്ങിയ കാരണങ്ങളാൽ തുക കൈമാറാൻ കഴിയാതെ വന്നിട്ടുള്ള റീബിൽഡ് ആപ്പിൽപ്പെട്ടവരുടെ അപാകതകൾ പരിഹരിച്ച് തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. കൂടാതെ സി.എം.ഒ. ഓൺലൈൻവഴി കിട്ടിയ അപേക്ഷകളും പരിശോധിച്ച് അതത് സമയം കക്ഷികൾക്ക് മറുപടി നൽകിയിട്ടുള്ളതാണ്. മേൽപ്പറഞ്ഞ രണ്ട് തരത്തിലുള്ള അപേക്ഷകളുടെ വില്ലേജ് തിരിച്ചുള്ള കണക്ക് താഴെ പറയും പ്രകാരമാണ്.

| ക്രമ നമ്പർ | വില്ലേജ് | എണ്ണം |
|---|---|---|
| 1 | പുള്ളിപ്പാടം | 12 |
| 2 | അകമ്പാടം | 1 |
| 3 | എടക്കര | 10 |
| 4 | നിലമ്പൂർ | 12 |
| 5 | ചുങ്കത്തറ | 4 |
| 6 | കരുളായി | 4 |
| 7 | പോത്തുകല്ല് | 6 |
| 8 | മൂത്തേടം | 1 |
| 9 | മമ്പാട് | 6 |
| 10 | വഴിക്കടവ് | 4 |
| | ആകെ | 60 |

(ബി) 2019-ലെ പ്രകൃതി ക്ഷോഭവുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് സജ്ജമാക്കിയിരുന്ന മൊബൈൽ ആപ്പും സോഫ്റ്റ്‌വെയറും ഇപ്പോഴും പ്രവർത്തനസജ്ജമാണോ; പരാതിക്കാധാരമായ വിവരങ്ങൾ മൊബൈൽ ആപ്പിൽ വില്ലേജ് ഓഫീസർമാർക്ക് അപ്‌ലോഡ് ചെയ്യാൻ സാധിക്കാത്തതിനാലാണോ പരാതികൾ പരിഹരിക്കപ്പെടാത്തത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രകൃതിക്ഷോഭം നടന്ന് രണ്ട് വർഷമായിട്ടും ധനസഹായം ലഭിച്ചിട്ടില്ലാത്തവർക്ക് ധനസഹായം ലഭ്യമാക്കുന്നതിനും പരാതികളിന്മേലുള്ള അപ്പീൽ അപേക്ഷകൾ പരിഹരിക്കുന്നതിനും സർക്കാർതലത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഇക്കാര്യത്തിൽ സർക്കാർ തീരുമാനമെടുക്കുന്ന മുറയ്ക്കേ അപേക്ഷകൾ പരിഗണിക്കാനാവൂ എന്നാണ് തഹസിൽദാർ രേഖാമൂലം മറുപടി നൽകുന്നതെന്ന കാര്യം ശ്രദ്ധയിലുണ്ടോ;

(ഇ) പ്രസ്തുത ധനസഹായം ഇനിയും ലഭിക്കാനുള്ളവർക്ക് എന്നത്തേയ്ക്ക് നൽകാനാവുമെന്ന് അറിയിക്കാമോ; ഇതിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

(ബി-ഇ) 2019-ലെ പ്രളയവുമായി ബന്ധപ്പെട്ട് ധനസഹായം ലഭിക്കുന്നതിനായി സർവ്വേ നടത്തി തയ്യാറാക്കിയ പട്ടികയിൽ ഉൾപ്പെടാതെ പോയ അർഹരായവരെ ഉൾപ്പെടുത്തുന്നതിനായി നിലവിൽ റിലീഫ് സൈറ്റിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി തുറന്ന് നൽകിയിട്ടുണ്ട്. ഇത്തരത്തിൽപ്പെട്ട കേസുകൾ ഉൾപ്പെടുത്തുന്നതിന് വില്ലേജ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നടപടികൾ പുരോഗമിക്കുന്നു.

**നിലമ്പൂർ മണ്ഡലത്തിൽ പ്രളയഫണ്ടിലുൾപ്പെടുത്തിയ റോഡുകളുടെ പ്രവൃത്തി**

324 (3322) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20, 2020-21, 2021-22 വർഷങ്ങളിൽ നിലമ്പൂർ നിയോജക മണ്ഡലത്തിലെ തകർന്ന ഏതെല്ലാം റോഡുകളുടെ അറ്റകുറ്റപ്പണികൾക്കാണ് പ്രളയ ഫണ്ടിലുൾപ്പെടുത്തി തുക അനുവദിച്ചതെന്ന് അറിയിക്കാമോ; തുക അടക്കമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത റോഡുകളിൽ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചവയുടേയും പണി പുരോഗമിച്ചുവരുന്നവയുടെയും പണിയാരംഭിക്കുന്നതിന് കരാറായവയുടേയും വിശദവിവരം വ്യക്തമാക്കാമോ?

(എ&ബി) സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽനിന്നും റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്ക് നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഭരണാനുമതിയോ ഫണ്ടോ അനുവദിക്കാറില്ല; ബാധകമല്ല.

(സി) പ്രളയഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി നല്കിയ റോഡുപണികളുടെ ബില്ലുകൾ അനുവദിക്കുന്നതിന് രണ്ട് വർഷത്തിലധികം കാലതാമസം നേരിടുന്നുവെന്ന വിവരം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ജില്ലാ തലത്തിലാണോ ഫണ്ട് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഫണ്ട് അനുവദിക്കുന്നതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ഡി) പ്രളയഫണ്ടിലുൾപ്പെടുത്തി നിർമ്മിച്ച റോഡുകളുടെ ബില്ലുകൾ മാറുന്നതിലുണ്ടാകുന്ന കാലതാമസം കാരണം ടെണ്ടറുകളിൽ കരാറുകാർ സാധാരണ പങ്കെടുക്കാറില്ല എന്നത് ശ്രദ്ധിച്ചിട്ടുണ്ടോ; ഇതുമൂലം ഈ ഇനത്തിൽ അനുവദിച്ച പല പ്രവൃത്തികളും ആരംഭിക്കാനാകാതെ ഫണ്ടുകൾ ലാപ്സായി പോകുന്നുവെന്നുമുള്ള കാര്യം പരിശോധിക്കുമോ;

(ഇ) പ്രളയഫണ്ടിലുൾപ്പെടുത്തി അനുവദിക്കുന്ന റോഡുകളുടെ ബില്ലുകൾ സമയബന്ധിതമായി കൊടുത്തു തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(സി-ഇ) മുൻവർഷങ്ങളിൽ ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; മുമ്പ് സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം ഭരണാനുമതി നല്കിയിരുന്ന പ്രവൃത്തികളുടെ ഭരണാനുമതി കാലാവധി ഭരണാനുമതി ഉത്തരവിന്റെ തീയതി മുതൽ രണ്ട് വർഷമായിരുന്നു. എന്നാൽ 2018-19 വർഷം മുതൽ ഭരണാനുമതി നല്കുന്ന പ്രവൃത്തികളുടെ ഭരണാനുമതി കാലാവധി ഭരണാനുമതി ഉത്തരവിന്റെ തീയതി മുതൽ ഒന്നര വർഷമായി നിജപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തീയതിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കി ബിൽ സമർപ്പിക്കുന്നമുറയ്ക്ക് മുൻഗണനാക്രമത്തിലാണ് ബിൽത്തുക അനുവദിക്കുന്നത്. സർക്കാർ ഇത്തരം പ്രവൃത്തികളുടെ ഫണ്ട് റോഡുകളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട ശീർഷകത്തിൽ ജില്ലാ കളക്ടർമാർക്കാണ് അനുവദിക്കുന്നത്. ഓരോ പ്രവൃത്തിക്കും പ്രത്യേകമായിട്ടല്ല സർക്കാരിൽനിന്നും തുക അനുവദിക്കുന്നത്. ജില്ലാ കളക്ടർമാർ പ്രസ്തുത ശീർഷകത്തിൽ ഫണ്ട് ആവശ്യപ്പെടുന്ന മുറയ്ക്ക് സർക്കാരിൽനിന്നും ജില്ലകൾക്ക് ഫണ്ട് അനുവദിച്ചുനൽകാറുണ്ട്. ജില്ലാ കളക്ടർ ബിൽ തുക ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കൈമാറുകയാണ് ചെയ്യുന്നത്. പ്രവൃത്തി പൂർത്തീകരിച്ചശേഷം മാത്രമാണ് സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽനിന്നും ജില്ലാ കളക്ടർ ഫണ്ട് അനുവദിക്കുന്നത്. ഭരണാനുമതി കാലാവധി അവസാനിക്കുന്നമുറയ്ക്ക് നടപ്പാക്കാൻ സാധിക്കാത്ത പ്രവൃത്തിയുടെ ഭരണാനുമതി റദ്ദാകുമെങ്കിലും ദുരന്ത പ്രതികരണനിധി ലാപ്സായി പോകുന്ന സാഹചര്യമില്ല. സമയബന്ധിതമായി പൂർത്തീകരിക്കുന്ന പ്രവൃത്തികളുടെ ബിൽ തുക അനുവദിക്കുന്നതിന് തടസ്സം നേരിടുന്നില്ല. എന്നാൽ പ്രതികൂല കാലാവസ്ഥ, നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവ്, മറ്റ് ഒഴിവാക്കാനാകാത്ത കാരണങ്ങൾ എന്നിവ നിമിത്തം പ്രവൃത്തി ആരംഭിച്ച് പൂർത്തീകരിക്കുന്നതിന് തടസ്സം നേരിടാറുണ്ട്. അത്തരം പ്രവൃത്തികൾ ഭരണാനുമതി കാലാവധിയ്ക്കുശേഷം പൂർത്തീകരിക്കപ്പെടുമ്പോൾ ഭരണാനുമതി കാലാവധി അവസാനിച്ചിട്ടുള്ള കാരണത്താൽ ജില്ലാ കളക്ടർമാർക്ക് നേരിട്ട് ഫണ്ട് അനുവദിക്കാൻ സാധിക്കാതെ വരും. അത്തരം പ്രവൃത്തികൾക്ക് കാലതാമസം മാപ്പാക്കി ബിൽ തുക അനുവദിക്കുന്നതിനായി ജില്ലാ കളക്ടർമാർ സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിക്കാറുണ്ട്. അത്തരം കേസുകൾ ഓരോന്നും

പ്രത്യേകം പരിശോധിച്ച് ബിൽ തുക മാറി നല്കുന്നതിന് സർക്കാർ ജില്ലാ കളക്ടർമാർക്ക് അനുമതി നല്കുകയാണ് ചെയ്യുന്നത്. വൈകി പൂർത്തിയാക്കുന്ന പ്രവൃത്തികൾക്ക് മാത്രമാണ് ബിൽ തുക നല്കുന്നതിന് കാലതാമസം നേരിടുന്നത്. സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്ന കരാറുകാർക്ക് ബിൽ സമർപ്പിക്കുന്ന മുൻഗണനാ ക്രമത്തിൽ തന്നെ ഫണ്ട് ലഭിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

**ഭൂമിയിനം മാറ്റൽ നടപടിക്രമങ്ങൾ**

325 (3323) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ തരം മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും എന്നാൽ റവന്യൂ രേഖകളിൽ 'നിലം' എന്ന് രേഖപ്പെടുത്തിയതുമായ ഭൂമിയുടെ തരം മാറ്റുന്നതിനായി ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഭൂവിസ്തൃതി 50 സെന്റ് വരെ ആകുന്നിടത്ത് ടി നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള ചട്ടപ്രകാരമുള്ള ഫാറം 6-ലും ഭൂവിസ്തൃതി 50 സെന്റിന് മുകളിലാകുന്നിടത്ത് ടി ചട്ട പ്രകാരമുള്ള ഫോറം 7-ലും 1967 ജൂലൈ 4-നുമുമ്പ് നികത്തിയതോ നികന്നതോ ആയ ഭൂമിയുടെ തരം മാറ്റത്തിനായി ടി ചട്ടപ്രകാരമുള്ള ഫോറം-9 ലും റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപ്രകാരം ലഭിക്കുന്ന അപേക്ഷകളിന്മേൽ വില്ലേജ് ഓഫീസർ/കൃഷി ഓഫീസർ മുഖാന്തരം അന്വേഷണം നടത്തിയും രേഖകൾ പരിശോധിച്ചും റവന്യൂ ഡിവിഷണൽ ഓഫീസർ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നു. മേൽപ്രകാരം റവന്യൂ ഡിവിഷണൽ ഓഫീസർ ഉത്തരവാകുന്നതിനെത്തുടർന്ന്, തഹസിൽദാർ സബ് ഡിവിഷൻ നടപടി പൂർത്തീകരിച്ച്, റവന്യൂ രേഖകളിൽ ആവശ്യമായ മാറ്റം വരുത്തുന്നു. ഫോറം 6-ൽ സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ ഭൂവിസ്തൃതി 25 സെന്റ് വരെയുള്ളവയ്ക്ക്, തരംമാറ്റത്തിനായി ഫീസ് അടവാക്കേണ്ടതില്ല. 25 സെന്റിന് മുകളിൽ 1 ഏക്കർ വരെ വിസ്തൃതിയുള്ള ഭൂമിക്ക് ന്യായവിലയുടെ 10 ശതമാനവും ഭൂവിസ്തൃതി 1 ഏക്കറിന് മുകളിൽ ആകുന്നിടത്ത് ന്യായവിലയുടെ 20 ശതമാനവുമാണ് ഭൂമിയുടെ തരം മാറ്റത്തിനായുള്ള ഫീസ് അടവാക്കേണ്ടത്.

(ബി) ഭൂമിയുടെ തരം മാറ്റുന്നതിനായുള്ള അപേക്ഷ തയ്യാറാക്കുന്നതിന് എന്തൊക്കെ കാര്യങ്ങളാണ് ശ്രദ്ധിക്കേണ്ടത് എന്നറിയിക്കാമോ; അപേക്ഷയും ആയത് സമർപ്പിക്കാനുള്ള നിർദ്ദേശങ്ങളും ഏതൊക്കെ കേന്ദ്രങ്ങളിൽനിന്നാണ് ലഭ്യമാകുക എന്നറിയിക്കാമോ?

ഭൂമിയുടെ തരം മാറ്റുന്നതിനായുള്ള അപേക്ഷ, നിശ്ചിത ഫോറത്തിലാണ് (ഫോറം 6/ഫോറം 7/ഫോറം 9) സമർപ്പിക്കേണ്ടത്. അപേക്ഷയോടൊപ്പം, കൈവശ സർട്ടിഫിക്കറ്റ്, നികുതി രശീത്, ഭൂമിയുടെ സ്കെച്ച്, ആധാരത്തിന്റെ പകർപ്പ്, ബിൽഡിംഗ് പ്ലാൻ, അപേക്ഷ ഫീസായ 1000 രൂപ ഒടുക്കിയതിന്റെ രശീത് എന്നിവ സഹിതം ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. പ്രസ്തുത അപേക്ഷകൾ റവന്യൂ ഇ-സർവ്വീസ് വഴി ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ റവന്യൂ കോൾ സെന്ററിൽനിന്നും ലഭിക്കുന്നതാണ്.

(സി) പഞ്ചായത്തുകളിലും നഗരസഭകളിലും ഭൂമിയുടെ തരം മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ എങ്ങനെയാണ് വ്യത്യാസപ്പെട്ടിരിക്കുന്നത് എന്ന് വിശദ വിവരങ്ങൾ സഹിതം വ്യക്തമാക്കാമോ?

25-2-2021-ലെ സ.ഉ. (സാധാ) 1166/2021/റവ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ ഭേദഗതി ചെയ്തുകൊണ്ട് വിജ്ഞാപനം ചെയ്ത 21-4-2021-ലെ എസ്.ആർ.ഒ 369/2021-ലെ വ്യവസ്ഥകൾ പ്രകാരം ഭൂമിയുടെ തരം മാറ്റുന്നതിനായുള്ള പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പ്രദേശങ്ങളിലെ നടപടി ക്രമങ്ങളിൽ വ്യത്യാസമില്ല. എന്നാൽ, 25-2-21-നുമുമ്പ് തരം മാറ്റത്തിനായി സമർപ്പിച്ച അപേക്ഷകളിൽ ഭൂവിസ്തൃതി 20.23 ആർ വരെയുള്ളവയ്ക്ക്, പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിൽ, യഥാക്രമം, ന്യായവിലയുടെ 10%, 20%, 30% നിരക്കിലും ഭൂവിസ്തൃതി 20.23 ആർ മുതൽ 40.47 ആർ വരെയുള്ളവയ്ക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിൽ, യഥാക്രമം, ന്യായവിലയുടെ 20%, 30%, 40% നിരക്കിലും ഭൂവിസ്തൃതി 40.47 ആർ-ന് മുകളിലാകുന്നിടത്ത്, പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിൽ, യഥാക്രമം, ന്യായവിലയുടെ 30%, 40%, 50% നിരക്കിലുമാണ് തരം മാറ്റത്തിനായുള്ള ഫീസ് അടവാക്കേണ്ടത്.

**കാഞ്ഞങ്ങാട് ആർ.ഡി. ഓഫീസിൽ ഭൂമി തരംമാറ്റൽ**

326 (3324) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് കാഞ്ഞങ്ങാട് ആർ.ഡി. ഓഫീസിൽ എത്ര ഫയലുകളാണ് തീർപ്പാക്കാനുള്ളതെന്ന് പഞ്ചായത്ത്/വില്ലേജ് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് കാഞ്ഞങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസിൽ 1012 അപേക്ഷകളാണ് തീർപ്പാക്കാനുള്ളത്. പഞ്ചായത്ത്/വില്ലേജ് തിരിച്ചുള്ള അപേക്ഷകളുടെ കണക്കുകൾ ലഭ്യമായിട്ടുള്ളതല്ല.

(ബി) പ്രസ്തുത ഫയലുകൾ വേഗത്തിൽ തീർപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. പ്രസ്തുത ഫയലുകളിൽ എത്രയും പെട്ടെന്ന് നടപടികൾ പൂർത്തീകരിച്ച് തീർപ്പാക്കുന്നതിന് ഉദ്യോഗസ്ഥരെ അധികമായി നിയമിച്ചിട്ടുണ്ട്. അപേക്ഷകളുടെ തീർപ്പാക്കൽ പുരോഗതി പരിശോധിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറുടെ നേതൃത്വത്തിൽ കഴിഞ്ഞ മാസങ്ങളിൽ ഓൺലൈനായി യോഗം നടത്തുകയും പ്രവർത്തന പുരോഗതി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്.

**കോട്ടയ്ക്കൽ മണ്ഡലത്തിലെ പുത്തൂർ-ചെനയ്ക്കൽ ബൈപ്പാസ് റോഡ്**

327 (3325) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ പുത്തൂർ-ചെനയ്ക്കൽ ബൈപ്പാസ് റോഡിന്റെ സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് മലപ്പുറം എൽ.എ. വിഭാഗം സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

30-5-2018-ലെ സ.ഉ. (സാധാ) 1984/2018/റവ. നമ്പർ ഉത്തരവുപ്രകാരം കോട്ടയ്ക്കൽ വില്ലേജിലെ പുത്തൂർ-ചെനയ്ക്കൽ ബൈപ്പാസ് മൂന്നാംഘട്ട റോഡ് നിർമ്മാണത്തിനായി 2.3276 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവായിരുന്നു. 26-10-2018-ലെ സ.ഉ. (അച്ചടി) 67/2018/റവ. പ്രകാരം രാജഗിരി ഔട്ട് റീച്ച് സർവ്വീസ് സൊസൈറ്റി എന്ന ഏജൻസിയെ സാമൂഹ്യാഘാത പഠനം നടത്തുന്നതിന് ചുമതലപ്പെടുത്തിക്കൊണ്ട് 4(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതും പ്രസ്തുത ഏജൻസി അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. SIA പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി നിയമിച്ച വിദഗ്ദ്ധ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 6-8-2019-ലെ സ.ഉ. (കൈ) 256/2019/റവ. പ്രകാരം സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതിന് ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത സ്ഥലമെടുപ്പിന്റെ 11(1) വിജ്ഞാപനം 27-11-2019-ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 2896 പ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. LARR ആക്ട് 2013-ലെ സെക്ഷൻ 19(7) പ്രകാരം 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തി ഒരു വർഷത്തിനുള്ളിൽ 19(1) പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം സ്ഥലമേറ്റെടുക്കൽ നടപടികൾ കാലഹരണപ്പെടുന്നതാണ്. പുത്തൂർ-ചെനയ്ക്കൽ ബൈപ്പാസ് റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട 11(1) വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നത് 27-11-2019-ലാണ്. അപ്രകാരം 26-11-2020-ൽ സ്ഥലമേറ്റെടുക്കൽ നടപടികൾ കാലഹരണപ്പെട്ടിട്ടുള്ളതാണ്. എന്നാൽ LARR ആക്ട് 2013-ലെ സബ് സെക്ഷൻ (2) സെക്ഷൻ 19 (7) പ്രകാരം സർക്കാരിന്റെ അധികാരം ഉപയോഗിച്ച് പ്രസ്തുത

സമയപരിധി ദീർഘിപ്പിച്ച് നൽകുവാൻ നിയമം അനുശാസിക്കുന്നു. അപ്രകാരം ഈ സ്ഥലമേറ്റെടുക്കൽ നടപടിയിൽ 19(1) ദീർഘിപ്പിക്കുന്നതിന് കാര്യകാരണങ്ങൾ സഹിതം ജില്ലാ കളക്ടർ പ്രൊപ്പോസൽ സമർപ്പിക്കുന്നമുറയ്ക്ക് സർക്കാരിന്റെ വിവേചനാധികാരം ഉപയോഗിച്ച് LARR ആക്ട് 2013-ലെ സബ് സെക്ഷൻ (2) സെക്ഷൻ 19(7) പ്രകാരം സ്ഥലമേറ്റെടുക്കൽ നടപടികൾ നീട്ടിക്കൊണ്ടു പോകുന്നതിനുള്ള തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി) മൂന്നാംഘട്ട സ്ഥലം ഏറ്റെടുക്കുന്നതിന് വേണ്ട തുക എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇതുസംബന്ധിച്ച പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഇല്ല. മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ - പുത്തൂർ - ചെനയ്ക്കൽ ബൈപ്പാസ് റോഡ് മൂന്നാംഘട്ടം സ്ഥലമേറ്റെടുക്കുന്നതിനുവേണ്ട തുക എത്രയെന്ന് BVR അംഗീകരിച്ചതിനുശേഷം തിട്ടപ്പെടുത്തുന്നതാണ്.

**കടുത്തുരുത്തി മണ്ഡലത്തിൽ കിഫ്ബി പദ്ധതികളുടെ സ്ഥലമെടുപ്പ് നടപടികൾ**

328 (3326) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി പദ്ധതിവഴി നടപ്പാക്കുന്ന കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കടുത്തുരുത്തി മേൽപ്പാലത്തിന്റെയും കുറുപ്പന്തറ മേൽപ്പാലത്തിന്റെയും അവയിലേയ്ക്കുള്ള അപ്രോച്ച് റോഡുകളുടെയും സ്ഥലമെടുപ്പ് നടപടികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

കടുത്തുരുത്തി റെയിൽവേ മേൽപ്പാല നിർമ്മാണത്തിനായി വൈക്കം താലൂക്കിലെ മുട്ടുചിറ, കടുത്തുരുത്തി എന്നീ വില്ലേജുകളിലായി 53.80 ആർ സ്ഥലമേറ്റെടുക്കുന്നതിനായി RBDCK 2-11-2019-ൽ റിക്വിസിഷൻ സമർപ്പിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ LARR Act 2013 പ്രകാരം സ്ഥലമേറ്റെടുക്കുന്നതിന് 6-12-2019-ലെ സ.ഉ.(സാധാ) നമ്പർ 3663/2019/ആർ.ഡി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത പദ്ധതിയുടെ റെയിൽവേയിൽനിന്നുള്ള അലൈൻമെന്റ് ഫൈനലൈസ് ചെയ്ത് ലഭിച്ചിട്ടില്ലാത്തതിനാൽ സംയുക്ത പരിശോധന റിപ്പോർട്ട് പൊന്നുംവില ഓഫീസറായ സ്പെഷ്യൽ തഹസിൽദാർ എൽ.എ. (കിഫ്ബി)-യിൽ നിന്നും ലഭ്യമായിട്ടില്ലാത്തതാണ്. സംയുക്ത പരിശോധന പൂർത്തിയാക്കുകയും അർത്ഥനാധികാരി കണ്ടിൻജൻസി ചാർജ്ജ് അടവുവരുത്തുകയും ചെയ്യുന്നമുറയ്ക്ക് LARR Act, 2013 പ്രകാരമുള്ള നിയമാനുസൃത നടപടികൾ പൂർത്തീകരിച്ച് സ്ഥലം അർത്ഥനാധികാരിക്ക് കൈമാറുന്നതാണ്. കുറുപ്പന്തറ റെയിൽവേ മേൽപ്പാല

നിർമ്മാണത്തിനായി വൈക്കം താലൂക്കിൽ മാഞ്ഞൂർ വില്ലേജിൽപ്പെട്ട സ്ഥലമേറ്റെടുക്കുന്നതിന് 20-10-2018-ൽ ലഭിച്ചിട്ടുള്ള അർത്ഥനയുടെ അടിസ്ഥാനത്തിൽ 4-5-2019-ലെ സ.ഉ (സാധാ) നമ്പർ 1069/2019/ആർ.ഡി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത സ്ഥലമെടുപ്പ് നടപടിയിലെ 11(1) വിജ്ഞാപനം 16-7-2020-ലെ കേരള അസാധാരണ ഗസറ്റ് 1700 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ അലൈൻമെന്റിൽ സ്ഥലമെടുപ്പുമൂലം നഷ്ടപ്പെടുന്ന നിർമ്മിതികൾ വളരെയധികമുള്ളതാണ്. യഥാസമയം ആർ. & ആർ. പാക്കേജ് അംഗീകരിച്ച് ഫണ്ട് ലഭ്യമാക്കി 16-7-2021-നുമുമ്പ് പ്രഖ്യാപനം പ്രസിദ്ധീകരിക്കുന്നതിന് സാധിക്കാത്തതിനാൽ 18-6-2021-ലെ സ.ഉ.(അച്ചടി) 74/2021/ആർ.ഡി (25-06-2021-ലെ അസാധാരണ ഗസറ്റ് നമ്പർ 1870) പ്രകാരം സമയപരിധി 16-7-2021 മുതൽ 6 മാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ചു നല്കിയിട്ടുള്ളതാണ്. Structural Valuation അടിയന്തരമായി പൂർത്തീകരിക്കുന്നതിന് LAO-ക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. ആർ. & ആർ. പാക്കേജ് അംഗീകരിക്കുന്നതിന് 22-10-2021-ന് ഹിയറിംഗ് നിശ്ചയിച്ചിട്ടുള്ളതുമാണ്. എൽ.എ.ആർ.ആർ. ചട്ടം 4(6) പ്രകാരം സ്ഥലമെടുപ്പിനായുള്ള നഷ്ടപരിഹാരത്തുക മുഴുവൻ അർത്ഥനാധികാരി ലാൻഡ് അക്വിസിഷൻ ഓഫീസറുടെ ശീർഷകത്തിൽ കെട്ടിവച്ചാൽ മാത്രമേ 19(1) പ്രഖ്യപനം പ്രസിദ്ധപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. അർത്ഥനാധികാരി ഫണ്ട് ലഭ്യമാക്കുന്നമുറയ്ക്ക് 19(1) പ്രഖ്യാപനം പ്രസിദ്ധീകരിച്ച് അവാർഡ് പാസ്സാക്കി ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് സ്ഥലം അർത്ഥനാധികാരിക്ക് കൈമാറുന്നതാണ്.

### നീലേശ്വരം-എടത്തോട് റോഡ് വികസനത്തിന് ഭൂമി

329 (3327) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീലേശ്വരം-എടത്തോട് റോഡ് വികസനവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിലെ പേരാൽ വില്ലേജിൽ ഉൾപ്പെട്ടിട്ടുള്ള 0.9429 ഹെക്ടർ ഭൂമി നീലേശ്വരം-എടത്തോട് റോഡ് വികസനത്തിനുവേണ്ടി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 2013-ലെ എൽ.എ.ആർ.ആർ. ആക്ട് പ്രകാരമുള്ള 11(1)വിജ്ഞാപനം (പ്രാരംഭ വിജ്ഞാപനം) 19-1-2021-ലെ 188-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള public hearing 21-10-2021 തീയതിയിൽ നിശ്ചയിച്ചിട്ടുള്ളതാണ്.

(ബി) ഭൂമി ഏറ്റെടുക്കൽ വേഗത്തിലാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

എൽ.എ.ആർ.ആർ. ആക്ട്, 2013 സെക്ഷൻ 4(6) പ്രകാരം 19(1) പ്രഖ്യാപനം പുറപ്പെടുവിക്കുന്നതിനുമുൻപ് നഷ്ടപരിഹാരത്തുക അർത്ഥനാധികാരി LAO-യുടെ അക്കൗണ്ടിൽ ഒടുക്കേണ്ടതാണ്. പ്രസ്തുത തുക അർത്ഥനാധികാരി കെട്ടിവയ്ക്കുന്നമുറയ്ക്ക് 19(1) പ്രഖ്യാപനം പുറപ്പെടുവിച്ച് അവാർഡ് പാസ്സാക്കി സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച്, അർത്ഥനാധികാരിക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ചാത്തന്നൂർ മണ്ഡലത്തിലെ പള്ളിക്കമണ്ണടി പാലം അപ്രോച്ച് റോഡിനായുള്ള സ്ഥലം

330 (3328) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന പള്ളിക്കമണ്ണടി പാലത്തിന്റെ അപ്രോച്ച് റോഡിനായുള്ള സ്ഥലമേറ്റെടുപ്പ് നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുപ്പ് നടപടികളിൽ റവന്യൂ വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

(എ&ബി) പള്ളിക്കമണ്ണടിപ്പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിനായി കൊല്ലം ജില്ലയിലെ മീനാട്, ആദിച്ചനല്ലൂർ എന്നീ വില്ലേജുകളിൽ നിന്നായി 55.32 ആർസ് സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട് സാമൂഹ്യാഘാത പഠനം നടത്തുന്നതിനായി എൽ.എ.ആർ.ആർ. നിയമം, 2013 സെക്ഷൻ 4(1) പ്രകാരമുള്ള വിജ്ഞാപനം 16-7-2021-ലെ 2107-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സർവ്വേ നടപടികൾ പൂർത്തീകരിച്ച് റിക്കോർഡുകൾ തയ്യാറാക്കിവരുന്നു. കരട് സാമൂഹ്യാഘാത പഠന റിപ്പോർട്ട് SIA ഏജൻസിയായ ഐഡിയൽ കൺസൾട്ടൻസി, കൊല്ലം സമർപ്പിച്ചിട്ടുള്ളതാണ്. സാമൂഹ്യാഘാത പഠന റിപ്പോർട്ടിന്മേലുള്ള പൊതുഹിത പരിശോധന 23-10-2021-ന് നിശ്ചയിച്ചിരിക്കുകയാണ്. സാമൂഹ്യാഘാത പഠന അന്തിമ റിപ്പോർട്ട് വിദഗ്ദ്ധ സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിച്ച് സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതാണ്.

### പിറവം മണ്ഡലത്തിലെ പിറവം വില്ലേജിലെ പുറമ്പോക്ക് ഭൂമി

331 (3329) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പിറവം വില്ലേജിൽ നിലവിലുള്ള 203 ഹെക്ടർ 17 ആർ 61 ചതുരശ്ര മീറ്റർ പുറമ്പോക്ക് ഭൂമിയുടെ സർവ്വേ നമ്പർ, അളവ് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മൂവാറ്റുപുഴ താലൂക്കിലെ പിറവം വില്ലേജിൽ നിലവിൽ വിവിധ സർവ്വേ നമ്പരുകളിലായി ആകെ 185.20.000 ഹെക്ടർ പുറമ്പോക്ക് ഭൂമിയാണ് അവശേഷിക്കുന്നത്. ആയതിന്റെ വിശദവിവരം ഉൾപ്പെടുന്ന പുറമ്പോക്ക് രജിസ്റ്ററിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) പ്രസ്തുത പുറമ്പോക്ക് ഭൂമി ഏതെല്ലാം ആവശ്യങ്ങൾക്കായി ഏറ്റെടുക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ ഏതെല്ലാം ആവശ്യങ്ങൾക്കാണ് പ്രസ്തുത പുറമ്പോക്ക് ഏറ്റെടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ?

(ബി&സി) നിലവിൽ യാതൊരു ആവശ്യങ്ങൾക്കായും ടി ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് തീരുമാനമായിട്ടില്ല.

### കാട്ടാക്കട താലൂക്കിൽ ഭൂമി പോക്കുവരവിന് ടി. ദേവദാനം സമർപ്പിച്ച അപേക്ഷ

332 (3330) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ രജിസ്ട്രേഷൻ കഴിഞ്ഞ് പോക്കുവരവിന് അപേക്ഷിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; അപേക്ഷ സമർപ്പിക്കപ്പെട്ട് എത്ര നാളുകൾക്കുള്ളിൽ പോക്കുവരവ് ചെയ്ത് നല്കാൻ കഴിയും എന്ന് അറിയിക്കുമോ; പോക്കുവരവിനുള്ള നടപടികൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ?

ഭൂമിയുടെ രജിസ്ട്രേഷൻ കഴിഞ്ഞ് പോക്കുവരവിന് അപേക്ഷിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടില്ല. 21-1-2015-ലെ 19561/ഇ 3/2014/റവന്യൂ നമ്പർ സർക്കുലർ പ്രകാരം പോക്കുവരവ് ചെയ്യുന്നതിന് നിലവിലുണ്ടായിരുന്ന സമയപരിധി ഒഴിവാക്കിയിട്ടുണ്ട്. സേവനാവകാശ നിയമപ്രകാരം നിയമ തടസ്സമോ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാങ്കേതിക തടസ്സമോ ഇല്ലാത്ത കേസ്സുകളിൽ 40 ദിവസത്തിനുള്ളിൽ പോക്കു വരവ് നടപടി പൂർത്തിയാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആധാരം രജിസ്റ്റർ ചെയ്ത് ഭൂമിയുടെയും ഉടമയുടെയും വിവരങ്ങൾ ReLIS എന്ന ഓൺലൈൻ സൈറ്റിൽ സബ് രജിസ്ട്രാർ അപ്‌ലോഡ് ചെയ്ത് കഴിഞ്ഞാൽ ബന്ധപ്പെട്ട സ്ഥലവും റിക്കാർഡുകളും പരിശോധിച്ച് പോക്കുവരവിന് വിധേയമാണെന്ന് ഉറപ്പുവരുത്തി യതിനുശേഷം സബ്ഡിവിഷൻ ഇല്ലാത്ത കേസുകൾ വില്ലേജ് ഓഫീസറും സബ്ഡിവിഷൻ ഉള്ള കേസുകൾ ബന്ധപ്പെട്ട ഭൂരേഖ തഹസിൽദാരും പരിശോധ നകൾക്ക് ശേഷം പാസ്സാക്കുകയാണ് നിലവിലെ നടപടിക്രമം.

(ബി) തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്ക് ഓഫീസിലെ ഫയൽ നമ്പർ 18802/18-ൽ ടി. ദേവദാനം സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

മാറനല്ലൂർ വില്ലേജിലെ ശ്രീ. ദേവദാനം, ഊരൂട്ടമ്പലം സബ് രജിസ്ട്രാർ ഓഫീസിലെ 1524/2006-ാം നമ്പർ വിലയാധാരപ്രകാരം സിദ്ധിച്ച മാറനല്ലൂർ വില്ലേജിലെ ബ്ലോക്ക് 12-ൽ റീസർവ്വേ 35/3-ൽപ്പെട്ട 05.20 ആർ സ്ഥലം പോക്കുവരവ് ചെയ്ത് നൽകുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ സ്ഥലവും റിക്കാർഡും പരിശോധിച്ചതിൽ അപേക്ഷകന് ആധാരപ്രകാരം റീസർവ്വോ 35/03-ൽപ്പെട്ട 05.20 ആർ സിദ്ധിച്ചിട്ടുണ്ടെങ്കിലും കൈവശത്തിൽ റീസർവ്വേ 35/50-ൽ 02.50 ആറും (പൂർണ്ണമായി) റീസർവ്വേ 35/03-ൽ 01.58 ആറും ഉൾപ്പെട്ടിരിക്കുകയും ചെയ്യുന്നതിനാൽ പോക്കുവരവ് നടപടി സ്വീകരിക്കുന്നതിനായി റീസർവ്വേ 35/50-ൽ 02.50 ആർ-ഉം 35/03-ൽ 01.58 ആർ-ഉം ആയി പിഴതിരുത്താധാരം ഹാജരാക്കുന്നതിന് ശ്രീ. ദേവദാനത്തെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പിഴതിരുത്താധാരം ഹാജരാക്കുന്നതിന് വിസമ്മതിക്കുകയും വിവിധ കേന്ദ്രങ്ങളിൽ പരാതി സമർപ്പിക്കുകയും ചെയ്തു. അപേക്ഷകൻ പിഴതിരുത്താധാരം ഹാജരാക്കിയാൽ മാത്രമേ ടിയാന്റെ പേർക്ക് പോക്കുവരവ് നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

(സി) ജില്ലാ കളക്ടർ 20-8-2019-ൽ നടത്തിയ അദാലത്തിൽ ഈ ഫയൽ സംബന്ധിച്ച് തീരുമാനം എടുത്തിരുന്നോയെന്നും എടുത്തിരുന്നുവെങ്കിൽ പ്രസ്തുത തീരുമാനം നടപ്പാക്കുവാൻ സ്വീകരിച്ച നടപടികളെന്തെന്നും വിശദമാക്കുമോ?

സ്ഥലം നേരിട്ട് പരിശോധിക്കുവാനും രേഖകളും ഫയലും പരിശോധിച്ച് നാലാഴ്ചയ്ക്കകം ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുവാനും 20-8-2019-ൽ ജില്ലാ കളക്ടറുടെ അദാലത്തിൽ ഉത്തരവായിരുന്നു. തുടർന്ന് തിരുത്താധാരം ഹാജരാക്കുന്നതിനും അല്ലെങ്കിൽ കോടതി കമ്മീഷൻ സ്കെച്ചിൽ തിരുത്തൽ വരുത്തുന്നതിനും ശ്രീ. ദേവദാനത്തിന് തഹസിൽദാർ നിർദ്ദേശം നല്കിയിട്ടുണ്ട്. മാറനല്ലൂർ വില്ലേജിൽ

1990 കാലഘട്ടത്തിൽത്തന്നെ റീസർവ്വേ നിലവിൽ വന്നപ്പോഴെ ബ്ലോക്ക് 12-ൽ റീസർവ്വേ 35/50 എന്ന സബ്ഡിവിഷൻ നിലവിൽ വന്നിരുന്നു. ആയതിനാൽ റീസർവ്വേ 35/50-നെ ഒഴിവാക്കി റിസർവ്വേ 35/3-ൽ നിന്ന് മാത്രം അപേക്ഷകന്റെ പേരിൽ പോക്കുവരവ് ചെയ്ത് നല്കിയാൽ സമീപ കൈവശക്കാർക്ക് ബുദ്ധിമുട്ടുണ്ടാകാൻ സാദ്ധ്യതയുണ്ട്. ആയതിനാൽ ടിയാൻ തിരുത്താധാരം ചെയ്ത് ഹാജരാക്കിയാൽ മാത്രമേ പ്രശ്നം പരിഹരിക്കുവാൻ കഴിയുകയുള്ളൂ.

**പേരാമ്പ്ര മണ്ഡലത്തിലെ ഭൂമി തരംമാറ്റൽ അപേക്ഷകൾ**

333 (3331) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയിൽ വീട് അനുവദിക്കപ്പെട്ടിട്ടും ഭൂമി തരംമാറ്റൽ കഴിയാത്തതിനാൽ പാവപ്പെട്ടവർക്ക് പദ്ധതി നഷ്ടമാവുന്നതായ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നവകേരള മിഷന്റെ ആഭിമുഖ്യത്തിൽ ലൈഫ് മിഷൻ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് 2-11-2018, 28-11-2018 തീയതികളിലായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ ദ്വിദിന സെമിനാറിന്റെ അടിസ്ഥാനത്തിൽ നിലം വിഭാഗത്തിൽപ്പെട്ട ഭൂമിയിലുള്ള വീട് നിർമ്മാണവുമായി ബന്ധപ്പെട്ട് 3-12-2018-ലെ 787/പി1/18/റവ. നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ലൈഫ് മിഷനിൽ ഉൾപ്പെട്ട നെൽവയലിന്റെ ഉടമസ്ഥർക്ക് വീടുവയ്ക്കുന്നതിനുള്ള അപേക്ഷകൾ യുദ്ധകാലാടിസ്ഥാനത്തിൽ തീർപ്പാക്കാൻ അതാത് ജില്ലാതല അധികൃത സമിതികൾക്കും അപ്പീലുകൾ അടിയന്തരമായി തീർപ്പാക്കാൻ ജില്ലാ കളക്ടർമാർക്കും പ്രസ്തുത സർക്കുലറിലൂടെ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. കൂടാതെ, 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള 10 സെന്റ് വരെ വിസ്തൃതിയുള്ള, വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിൽ 120 സ്ക്വയർ മീറ്റർ വരെ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിനായി ടി നിയമ പ്രകാരമുള്ള തരംമാറ്റ ഉത്തരവ് ആവശ്യമില്ലാത്തതാണ്. 25 സെന്റ് വരെ വിസ്തൃതിയുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ തരംമാറ്റം സൗജന്യ നിരക്കിലും സാധ്യമാവുന്നതാണ്.

(ബി) ഇത്തരത്തിൽ പേരാമ്പ്ര മണ്ഡലത്തിലെ വിവിധ വില്ലേജുകളിൽ നിന്നായി എത്ര അപേക്ഷകൾ റവന്യൂ വിഭാഗത്തിലുണ്ടെന്ന് വ്യക്തമാക്കാമോ?

വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ തരം മാറ്റത്തിനായി/ഡാറ്റാ ബാങ്കിൽനിന്ന് ഒഴിവാക്കാൻ ലഭിക്കുന്ന അപേക്ഷകളിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുന്ന അപേക്ഷകരാണോയെന്ന കാര്യം വ്യക്തമാക്കുന്നില്ല. എന്നാൽ, ലൈഫ് പദ്ധതിയിൽ ഉൾപ്പെടുന്നുവെന്ന് കാണിച്ച് ലഭിക്കുന്ന അപേക്ഷകൾ അടിയന്തരമായി തീർപ്പ് കൽപ്പിച്ചുവരുന്നുണ്ട്.

(സി) ഒരു പ്രത്യേക അദാലത്ത് നടത്തി ഇത്തരം പ്രശ്നങ്ങൾ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

ഒരു പ്രത്യേക അദാലത്ത് നടത്തി ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട അപേക്ഷകൾ തീർപ്പാക്കുന്ന വിഷയം പരിഗണിക്കാവുന്നതാണ്.

## അട്ടപ്പാടിയിലെ വട്ടലക്കി ആദിവാസി ഊരിന് സമീപത്തെ വിദ്യാധിരാജ ട്രസ്റ്റ് ഭൂമി

334 (3332) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ വട്ടലക്കി ആദിവാസി ഊരിന് സമീപം വിദ്യാധിരാജ ട്രസ്റ്റിന് 55 ഏക്കർ ഭൂമിയുണ്ടോയെന്ന് വ്യക്തമാക്കാമോ?

വില്ലേജ് രേഖകൾ പരിശോധിച്ചതിൽനിന്നും വിദ്യാധിരാജ ട്രസ്റ്റിന് കീഴിൽ 21.834 ഹെക്ടർ ഭൂമിയുണ്ട്.

(ബി) എങ്കിൽ അത് എന്നാണ് ട്രസ്റ്റിന് ലഭിച്ചത് എന്ന് വ്യക്തമാക്കാമോ?

ഓരോ ആധാര വിവരങ്ങളും അടങ്ങിയ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) പ്രസ്തുത ഭൂമിക്ക് ഭൂപരിഷ്കരണ നിയമപ്രകാരമുള്ള റിട്ടേൺ സമർപ്പിക്കുന്നതിൽനിന്ന് താലൂക്ക് ലാൻഡ് ബോർഡ് ഇളവ് നൽകിയിട്ടുണ്ടോ എന്ന് അറിയിക്കാമോ?

പ്രസ്തുത ഭൂമിക്ക് ഭൂപരിഷ്കരണ നിയമപ്രകാരമുള്ള റിട്ടേൺ സമർപ്പിക്കുന്നതിൽനിന്ന് മണ്ണാർക്കാട് താലൂക്ക് ലാൻഡ് ബോർഡ് ഇളവ് നൽകിയിട്ടില്ല.

## കൊളോണിയൽ എസ്റ്റേറ്റുകളുടെ സ്വദേശി കൈമാറ്റവും നിയമങ്ങളും

335 (3333) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ (ഷോളയൂർ-കോട്ടത്തറ വില്ലേജുകളിലെ) ശിരുവാണി, പെരിയംചോല, ഏലമല, മേൽത്തോട്ടം, വരടിമല എന്നീ എസ്റ്റേറ്റുകൾക്ക് എത്ര ഏക്കർവീതം വിസ്തൃതിയുണ്ടെന്ന് വ്യക്തമാക്കുമോ; 1947-ന് മുമ്പ് ഈ എസ്റ്റേറ്റുകൾ ആരംഭിച്ചത് ബ്രിട്ടീഷുകാർ ആയിരുന്നോ എന്നും സ്വദേശികൾക്ക് എസ്റ്റേറ്റുകൾ കൈമാറിയത് എന്നാണെന്നും അറിയിക്കാമോ; നിലവിൽ ഈ എസ്റ്റേറ്റ് ഭൂമി കൈവശം വച്ചിരിക്കുന്നത് ആരാണെന്ന് വെളിപ്പെടുത്താമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അട്ടപ്പാടിയിലെ ശിരുവാണി, പെരിയംചോല, ഏലമല, വരടിമല, മേൽത്തോട്ടം എന്നീ എസ്റ്റേറ്റുകൾക്ക് ആകെ 947.0681 ഹെക്ടർ വിസ്തീർണ്ണമുണ്ട്. 1947-നുമുൻപ് ടി എസ്റ്റേറ്റുകൾ ആരംഭിച്ചത് ബ്രിട്ടീഷുകാർ ആണെന്ന് സാധൂകരിക്കുന്ന തരത്തിലുള്ള വിവരങ്ങൾ വില്ലേജ് റിക്കാർഡുകളിൽനിന്നും ലഭ്യമല്ല. ടി എസ്റ്റേറ്റുകൾ ടി.കെ. ഉമ്മൻ ഭവാനി ടീ പ്രൊഡ്യൂസ് കമ്പനി പേരിൽ 1963, 1966 കാലഘട്ടത്തിൽ സർവ്വേ നടത്തിയിട്ടുള്ളതാണ്. ടി കമ്പനിതന്നെയാണ് പ്രസ്തുത ഭൂമി കൈവശം വച്ചുവരുന്നത്.

(ബി) പ്രസ്തുത എസ്റ്റേറ്റുകൾ എന്നാണ് പാട്ടത്തിന് നൽകിയതെന്നും അവയ്ക്ക് നിലവിൽ പാട്ടമാണോ ഭൂനികുതിയാണോ അടയ്ക്കുന്നതെന്നതും അറിയിക്കുമോ; പ്രസ്തുത എസ്റ്റേറ്റുകൾ പാട്ടഭൂമിയാണെങ്കിൽ 1970 ജനവരി 1-ന് ഈ എസ്റ്റേറ്റുകളുടെ പാട്ടം റദ്ദാക്കി സർക്കാർ ഭൂമിയായി മാറേണ്ടതല്ലേ എന്ന് വ്യക്തമാക്കുമോ?

നിലവിൽ ടി എസ്റ്റേറ്റുകൾ ഭൂനികുതിയാണ് അടച്ചുവരുന്നത്.

(സി) നിലവിലെ കൈവശക്കാർക്ക് ഈ എസ്റ്റേറ്റ് ഭൂമിയിൽ ഉടമസ്ഥാവകാശമുണ്ടോ; ഇവർക്ക് ലാൻഡ് ട്രൈബ്യൂണൽ നല്കിയ ക്രയസർട്ടിഫിക്കറ്റിന്റെ പകർപ്പ് നൽകാമോ; താലൂക്ക് ലാൻഡ് ബോർഡ് ഈ എസ്റ്റേറ്റുകൾക്ക് തോട്ടഭൂമിക്കുള്ള ഭൂപരിധിയിൽ ഇളവ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് നൽകാമോ?

നിലവിൽ എ&ബി രജിസ്റ്റർ പ്രകാരം ടി വസ്തുവിന്റെ സർവ്വേ ഭവാനി ടീ & പ്രൊഡ്യൂസ് കമ്പനിയുടെ പേരിലാണ് നടത്തിയിട്ടുള്ളത്. പ്രസ്തുത കമ്പനിക്ക് മണ്ണാർക്കാട് താലൂക്ക് ലാൻഡ് ബോർഡ് ചെയർമാന്റെ 13-7-1995-ലെ സി.സി 158/74 നമ്പർ നടപടി ഉത്തരവുപ്രകാരം ഭൂപരിധിയിൽ ഇളവ് നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ഡി) നെല്ലിയാമ്പതിയിലെ എസ്റ്റേറ്റുകൾ ആരംഭിച്ചത് ബ്രിട്ടീഷുകാരായിരുന്നോ; 1947-നുമുമ്പ് അത് ബ്രിട്ടീഷുകാരുടെ (കമ്പനികളുടെ) കൈവശമായിരുന്നതിന് ചരിത്രപരമായി തെളിവുകളുണ്ടോ എന്ന് വ്യക്തമാക്കാമോ; ഓരോ എസ്റ്റേറ്റും സ്വദേശികൾക്ക് കൈമാറിയത് എന്നാണെന്നത് അറിയിക്കുമോ?

നെല്ലിയാമ്പതിയിലെ എസ്റ്റേറ്റുകൾ ആരംഭിച്ചത് ബ്രിട്ടീഷുകാരുടെ കാലത്താണ്. ബ്രിട്ടീഷുകാരുടെ കൈവശത്തിലായിരുന്നു എന്നതിന് കൊട്ടയാക്കാടി എസ്റ്റേറ്റിൽ ബ്രിട്ടീഷുകാരുടെ ശവക്കല്ലറകൾ സ്ഥിതി ചെയ്യുന്നതല്ലാതെ മറ്റു തെളിവുകൾ ലഭ്യമല്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ഹാരിസൺസ് ഹാജരാക്കിയ ആധാരങ്ങളുടെ കൃത്യത**

336 (3334) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയിടപാട് സംബന്ധിച്ച് ഹാരിസൺസ് ഹാജരാക്കിയ 63 ആധാരങ്ങളിൽ തിരിമറികൾ നടന്നതായുള്ള ഫോറൻസിക് റിപ്പോർട്ട് വിജിലൻസ് മൂന്ന് വർഷം പൂഴ്ത്തിവച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്ത് കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലായി ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനിയുടെ കൈവശമുള്ള 25630 ഏക്കർ ഭൂമിയുടെ പ്രമാണ രേഖയായി കമ്പനി ഹാജരാക്കിയതും കൊല്ലം എസ്.ആർ.ഒ.-യിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ 1600/1923 നമ്പർ കരാർ ഉടമ്പടി (Indenture)-യുടെ ആധികാരികത സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ അന്വേഷണത്തിന്റെ ഭാഗമായി തിരുവനന്തപുരം ഫോറൻസിക് സയൻസ് ലാബ് നടത്തിയ പരിശോധനയിൽ പ്രസ്തുത രേഖയുടെ പ്രസക്തി നഷ്ടമാകുംവിധത്തിൽ നിരവധി തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും വരുത്തിയിട്ടുള്ളതായി കണ്ടെത്തുകയും ഫോറൻസിക് സയൻസ് ലാബ് ഡയറക്ടറുടെ 12-6-2018-ലെ B2-9044/ FSL/ 2015 നമ്പർ കത്തുപ്രകാരം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി. ടി അന്വേഷണത്തിന്റെ അന്തിമ റിപ്പോർട്ട് വിജിലൻസ് കോടതിയിലാണ് സമർപ്പിച്ചത്. പ്രസ്തുത റിപ്പോർട്ട് വിജിലൻസ് വകുപ്പ് മുഖേന റവന്യൂ വകുപ്പിൽ ലഭ്യമാക്കിയത് 2021 മാർച്ച് മാസത്തിലായിരുന്നു. പ്രസ്തുത റിപ്പോർട്ടിൽ ഫോറൻസിക് സയൻസ് ലാബിന്റെ (Forensic Science Lab- FSL) കണ്ടെത്തലുകൾ സംബന്ധിച്ച് പരാമർശിച്ചിരുന്നുവെങ്കിലും FSL-ന്റെ പരിശോധനാ റിപ്പോർട്ട് ഉൾപ്പെടുത്തിയിരുന്നില്ല. റവന്യൂ വകുപ്പിൽനിന്നും ആവശ്യപ്പെട്ടതിനെ തുടർന്ന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽനിന്നും വിജിലൻസ് വകുപ്പ് പ്രസ്തുത റിപ്പോർട്ട് ശേഖരിച്ച് 2021 ആഗസ്റ്റിൽ മാത്രമാണ് റവന്യൂ വകുപ്പിൽ ലഭ്യമാക്കിയിട്ടുള്ളത്.

(ബി) ഇതിനെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

Further Actions Dropped (FAD) എന്നാണ് വിജിലൻസ് കോടതിയിൽ അന്വേഷണ ഉദ്യോഗസ്ഥർ അന്തിമ റിപ്പോർട്ട് സമർപ്പിച്ചത്. നിലവിൽ കേസ് തിരുവനന്തപുരം വിജിലൻസ് കോടതിയുടെ പരിഗണനയിലാണ്. കോടതി വിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ ഇതുസംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

## സ്വകാര്യവ്യക്തികൾ കൈവശംവച്ചിരിക്കുന്ന അധികഭൂമി

337 (3335) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യവ്യക്തികൾ അനധികൃതമായി കൈവശംവച്ചിരിക്കുന്ന അധികഭൂമി തിരിച്ചെടുക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇത്തരത്തിൽ അനധികൃതമായി കൈവശംവച്ചിരിക്കുന്ന അധികഭൂമി പിടിച്ചെടുത്ത് ഭൂരഹിതർക്ക് നൽകുന്നതിനുള്ള കർമ്മ പദ്ധതി തയ്യാറാക്കുമോ?

(എ&ബി) കേരള ഭൂപരിഷ്കരണ നിയമം 1963-ലെ സെക്ഷൻ 82-ൽ പ്രതിപാദിച്ചിരിക്കുന്നതിൽ കൂടുതൽ ഭൂമി വ്യക്തി/കുടുംബം കൈവശം വയ്ക്കുന്നെങ്കിൽ അവർക്കെതിരെ മിച്ചഭൂമി കേസെടുത്ത് ഭൂമി സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കുന്നതിനുള്ള നിയമനടപടികൾ താലൂക്ക് ലാൻഡ് ബോർഡുകൾ സ്വീകരിച്ചുവരുന്നു. കേരളത്തിൽ ആധാർ അധിഷ്ഠിത ഏകീകൃത തണ്ടപ്പേർ സംവിധാനം നടപ്പിലാക്കാൻ കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ഇത് നടപ്പിലാക്കിക്കഴിഞ്ഞാൽ അധിക ഭൂമി പെട്ടെന്ന് കണ്ടെത്തി നടപടി സ്വീകരിക്കാൻ കഴിയും. കർമ്മ പദ്ധതി തയ്യാറാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(സി) സ്വകാര്യവ്യക്തികൾ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ; വ്യക്തമാക്കുമോ?

ഓരോ മിച്ചഭൂമി കേസിലും ഏറ്റെടുക്കേണ്ട മിച്ചഭൂമി ഇത്രയാണെന്ന് നിയമാനുസൃത നടപടിക്രമം പാലിച്ച് താലൂക്ക് ലാൻഡ് ബോർഡ് ഉത്തരവായാൽ മാത്രമേ ആ ഭൂമി അനധികൃതമായി കൈവശം വച്ചതാണെന്ന് പറയാൻ നിയമപരമായി കഴിയൂ. മിച്ചഭൂമി കേസിൽ ഉൾപ്പെട്ടിരിക്കുന്ന ഭൂമിയെ അനധികൃത കൈവശം എന്ന് നിയമപരമായി പറയാൻ കഴിയാത്തതിനാൽ അതിന്റെ കണക്ക് ലഭ്യമല്ല.

## ചാലക്കുടി മണ്ഡലത്തിലെ കാടുകുറ്റി തൈക്കൂട്ടം തൂക്കുപാലം

338 (3336) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന്റെ പ്രകൃതി ദുരന്ത നിവാരണ ഫണ്ട് ഉപയോഗിച്ച് നിർമ്മാണം പൂർത്തീകരിച്ച ചാലക്കുടി മണ്ഡലത്തിലെ കാടുകുറ്റി ഗ്രാമപഞ്ചായത്തിലെ തൈക്കൂട്ടം തൂക്കുപാലം 2018-ലെ പ്രളയത്തിൽ തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ പാലത്തിന്റെ സംരക്ഷണ ചുമതല ഏതെങ്കിലും വകുപ്പിനെ ഏൽപ്പിക്കുകയോ ഏതെങ്കിലും വകുപ്പ് ഏറ്റെടുക്കുകയോ ചെയ്തിട്ടുണ്ടോ;

(സി) തകർന്ന തൂക്കുപാലത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ഡി) ഏതെങ്കിലും ഏജൻസി ടി തൂക്കുപാലത്തിന്റെ പുനർനിർമ്മാണത്തിന്റെ കരാർ ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏജൻസിയുടെ പേര് വിവരം അറിയിക്കുമോ;

(ഇ) തൂക്കുപാലം പുനർനിർമ്മിച്ച് പ്രദേശവാസികളുടെ യാത്രാദുരിതത്തിന് പരിഹാരമുണ്ടാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(ബി-ഇ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ.ഉ. (കൈ)നമ്പർ 71/2020/ ത.സ്വ.ഭ.വ ഉത്തരവുപ്രകാരം കാട്ടുകുറ്റി ഗ്രാമ പഞ്ചായത്ത് മുഖേന 40 ലക്ഷം രൂപ സി.എം.എൽ.ആർ.ആർ.പി. ഫണ്ടുപയോഗിച്ച് തൈക്കൂട്ടം തൂക്കുപാലത്തിന്റെ പുനർനിർമ്മാണം നടത്താൻ ഭരണാനുമതി നൽകിയിട്ടുണ്ട്. പാലത്തിന്റെ പരിപാലനം 2 വർഷത്തേയ്ക്ക് ഉറപ്പ് വരുത്തണമെന്ന നിബന്ധനയോടെ കാട്ടുകുറ്റി ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ 4-11-2020-ന് കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (കെൽ)-മായി കരാർ ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തുതലത്തിൽ കെൽ കമ്പനിയുമായി ചർച്ച നടത്തി എത്രയുംവേഗം പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഇടുക്കി ജില്ലയിൽ കാലവർഷക്കെടുതിയിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണം

339 (3337) <u>ശ്രീ. എ. രാജ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ കാലവർഷക്കെടുതിയിൽ തകർന്ന റോഡുകളുടേയും മറ്റുള്ളവയുടേയും പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് അനുവദിച്ച പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

ഇടുക്കി ജില്ലയിൽ കാലവർഷക്കെടുതിയിൽ തകർന്ന റോഡുകളുടേയും മറ്റുള്ളവയുടേയും പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് അനുവദിച്ച പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇതിൽ പൂർത്തീകരിക്കാത്ത പദ്ധതികളുടെ വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് അറിയിക്കുമോ?

പൂർത്തീകരിക്കാത്ത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**മങ്കട നിയോജകമണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ**

340 (3338) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ നിലവിൽ സ്മാർട്ട് വില്ലേജ് ഓഫീസായി ഉയർത്തിയിട്ടുള്ള ഓഫീസുകൾ ഏതൊക്കെയാണെന്നും പുതിയതായി സ്മാർട്ട് വില്ലേജ് ഓഫീസായി ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുള്ള വില്ലേജ് ഓഫീസുകൾ ഏതൊക്കെയാണെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ വലമ്പൂർ, അങ്ങാടിപ്പുറം കുട്ടിലങ്ങാടി, മൂർക്കനാട്, പുഴക്കാട്ടിരി വില്ലേജ് ഓഫീസുകൾക്ക് അറ്റകുറ്റപ്പണികൾ ആവശ്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ;

(സി) മങ്കട വില്ലേജ് ഓഫീസിന് ചുറ്റുമതിൽ നിർമ്മിക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

(എ-സി) മങ്കട നിയോജകമണ്ഡലത്തിൽ സ്മാർട്ട് വില്ലേജ് ഓഫീസായി ഉയർത്തിയിട്ടുള്ള ഓഫീസുകൾ നിലവിലില്ല. ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് വില്ലേജ്/അടിസ്ഥാന സൗകര്യവികസനം പദ്ധതിക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാക്രമത്തിൽ മാത്രമേ ഫണ്ട് അനുവദിക്കുവാൻ കഴിയുകയുള്ളൂ.

**ഇരിട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം**

341 (3339) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരിട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് ഭരണാനുമതി നൽകി തറക്കല്ലിട്ടെങ്കിലും നിർമ്മാണപ്രവൃത്തി ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിർമ്മാണപ്രവൃത്തി ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി ഇരിട്ടി മിനി സിവിൽ സ്റ്റേഷൻ കെട്ടിടനിർമ്മാണത്തിനായി 20,00,00,000 രൂപ അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ 15-8-2021 തീയതി മുതൽ DSoR (Delhi Schedule of Rates) 2018 നിലവിൽ വന്നതിനാൽ എസ്റ്റിമേറ്റ് തുക 23,45,90,000 രൂപയായി അധികരിച്ചിട്ടുണ്ടെന്നും അധികരിച്ച തുക അനുവദിക്കണമെന്നും പൊതുമരാമത്ത് കെട്ടിടവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ മേൽ പ്രവൃത്തിക്കായി 23,45,90,000 രൂപയുടെ ഭരണാനുമതിക്കായി, പുതുക്കിയ പ്രൊപ്പോസലിന് ആർ.കെ.ഐ.-യുടെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കൽപ്പറ്റ നിയോജകമണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ നവീകരണം**

342 (3340) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ വില്ലേജ് ഓഫീസുകൾ നവീകരിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ?

കൽപ്പറ്റ നിയോജകമണ്ഡലത്തിലെ വില്ലേജുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി കൽപ്പറ്റ, കോട്ടപ്പടി എന്നീ വില്ലേജുകൾ സ്മാർട്ട് വില്ലേജുകളാക്കി മാറ്റിയിട്ടുള്ളതും വെള്ളരിമല, കണിയാമ്പറ്റ, കോട്ടത്തറ, അച്ചൂരാനം, പൊഴുതന, കുപ്പാടിത്തറ എന്നീ വില്ലേജ് ഓഫീസുകളിൽ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുള്ളതും ചുണ്ടേൽ, അച്ചൂരാനം, തരിയോട്, കാവുംമന്ദം, കുപ്പാടിത്തറ എന്നീ വില്ലേജുകളിൽ അഡീഷണൽ റൂമുകൾ നിർമ്മിച്ചിട്ടുള്ളതുമാണ്. കൂടാതെ അച്ചൂരാനം, തരിയോട്, പൊഴുതന, ചുണ്ടേൽ എന്നീ വില്ലേജുകളിൽ ചുറ്റുമതിൽ നിർമ്മിച്ചിട്ടുള്ളതും തൃക്കൈപ്പറ്റ വില്ലേജ് സ്മാർട്ട് വില്ലേജാക്കി മാറ്റുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്.

(ബി) ഇതിനായി 2016 മുതൽ 2021 മാർച്ച് 31 വരെ എത്ര തുക അനുവദിച്ചു; വ്യക്തമാക്കാമോ?

ഇതിനായി 2016 മുതൽ 2021 മാർച്ച് 31 വരെ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഷൊർണ്ണൂർ മണ്ഡലത്തിൽ കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ നിർമ്മാണം

343 (3341) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഷൊർണ്ണൂർ മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ കൈവശമിരുന്നതും പിന്നീട് റവന്യൂ വകുപ്പിന് കൈമാറിയതുമായ രണ്ടര ഏക്കർ ഭൂമിയിൽ കെ.എസ്.ഇ.ബി. സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് അനുമതി നൽകാൻ കഴിയുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ കൈവശമിരുന്നതും പിന്നീട് റവന്യൂ വകുപ്പിന് കൈമാറിയതുമായ ഭൂമി സീറോ ലാൻഡ് ലെസ്സ് പദ്ധതി പ്രകാരം ഭൂരഹിതർക്ക് വിതരണം ചെയ്തിട്ടുള്ളതാണ്. ടി സ്ഥലത്ത് പട്ടയം കൊടുത്ത് കഴിഞ്ഞിട്ടുള്ളതിനാൽ കെ.എസ്.ഇ.ബി. സബ് സ്റ്റേഷൻ നിർമ്മാണത്തിന് പ്രസ്തുത സ്ഥലം കൈമാറാൻ കഴിയില്ല.

## പുതുക്കാട് മണ്ഡലത്തിലെ വില്ലേജാഫീസുകളുടെ നവീകരണം

344 (3342) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ നവീകരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വില്ലേജ് ഓഫീസുകളാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളതെന്നും അതിന്റെ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ?

പുതുക്കാട് മണ്ഡലത്തിൽ നവീകരണത്തിനായി തെരഞ്ഞെടുത്തിട്ടുള്ള വില്ലേജ് ഓഫീസുകളുടെയും അവയുടെ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു*.

(സി) ജീർണ്ണാവസ്ഥയിലുള്ള പഴയ കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന മുകുന്ദപുരം താലൂക്കിലെ തൊട്ടിപ്പാൾ വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സ്മാർട്ട് വില്ലേജ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് വില്ലേജ് പദ്ധതിക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാ ക്രമത്തിൽ മാത്രമേ ഫണ്ട് അനുവദിക്കുവാൻ കഴിയുകയുള്ളൂ.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## എരുമേലി തെക്ക് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം

345 (3343) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലി തെക്ക് വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിലെ സ്ഥലപരിമിതി ഓഫീസിന്റെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വില്ലേജ് ഓഫീസ് സ്മാർട്ട് വില്ലേജ് ഓഫീസാക്കി മാറ്റുന്നതിന് സ്വന്തമായി കെട്ടിടം നിർമ്മിക്കേണ്ടത് ആവശ്യമാകയാൽ എരുമേലി ഗ്രാമപഞ്ചായത്ത് ലഭ്യമാക്കാമെന്നറിയിച്ചിട്ടുള്ള സ്ഥലത്ത് കെട്ടിട നിർമ്മാണത്തിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

വിശദ പരിശോധന നടത്തിയെങ്കിൽ മാത്രമേ പ്രസ്തുത സ്ഥലം വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിന് അനുയോജ്യമാണോ എന്നറിയാൻ കഴിയുകയുള്ളൂ. കൂടാതെ ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് വില്ലേജ് പദ്ധതിക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാ ക്രമത്തിൽ ഫണ്ട് അനുവദിക്കാവുന്നതാണ്.

## തലശ്ശേരി പെൻഷൻ പേമെന്റ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുവാൻ ഭൂമി

346 (3344) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി പെൻഷൻ പേമെന്റ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തലശ്ശേരി നഗരസഭയുടെ കൈവശമുള്ള ഭൂമി അനുവദിക്കുന്നത് സംബന്ധിച്ച (L2/15/20 റവന്യൂ വകുപ്പ്) ഫയലിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; ഈ വിഷയത്തിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

തലശ്ശേരി പെൻഷൻ പേമെന്റ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി നഗരസഭയുടെ ഉടമസ്ഥതയിലുള്ള തലശ്ശേരി അംശം വാടിക്കകം ദേശം വാർഡ് 5 ബ്ലോക്ക് 7-ൽ സർവ്വേ നമ്പർ 112-ലുൾപ്പെട്ട 15.7 സെന്റ് സ്ഥലത്തുനിന്നും 10.7 സെന്റ് സ്ഥലം ട്രഷറി വകുപ്പിന് കൈമാറി നൽകുന്ന വിഷയത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് റവന്യൂ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. പ്രസ്തുത വിഷയം L2/15/2020/റവ പ്രകാരം പരിശോധിക്കുകയും തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഫയൽ താഴെ കാണുന്ന അഭിപ്രായത്തോടെ തുടർനടപടി സ്വീകരി

ക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിന് മടക്കി നൽകിയിട്ടുള്ളതാണ്. " നഗരസഭയുടെ ഉടമസ്ഥതയിലുള്ള തലശ്ശേരി അംശം വാടിക്കകം ദേശം വാർഡ് 5 ബ്ലോക്ക് 7-ൽ സർവ്വേ നമ്പർ 112-ൽ ഉൾപ്പെട്ട നഗരസഭയുടെ കൈവശമുള്ള 10.7 സെന്റ് ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് പുനർനിക്ഷിപ്തമാക്കുന്ന വിഷയത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിനുതന്നെ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും പ്രസ്തുത ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് പുനർനിക്ഷിപ്തമാക്കി ലഭിക്കുന്ന മുറയ്ക്ക് ടി ഭൂമി, സേവന വകുപ്പായ ട്രഷറി വകുപ്പിന് കൈമാറി നൽകാനുള്ള തുടർനടപടികൾ റവന്യൂ വകുപ്പ് സ്വീകരിക്കുന്നതാണെന്നുമുള്ള വിവരം അറിയിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഫയൽ മടക്കുന്നു".

## കൊയിലാണ്ടി താലൂക്കിലെ നൊച്ചാട് വില്ലേജ് വിഭജനം

347 (3345) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്കിലെ നൊച്ചാട് വില്ലേജിന്റെ ഭൂവിസ്തൃതിയും ജനസംഖ്യയും എത്രയാണെന്ന് വ്യക്തമാക്കാമോ?

കൊയിലാണ്ടി താലൂക്കിലെ നൊച്ചാട് വില്ലേജിന്റെ ഭൂവിസ്തൃതി 5841.53 ഏക്കറും ജനസംഖ്യ 29719- ഉം ആണ്.

(ബി) പ്രസ്തുത വില്ലേജ് വിഭജിക്കുന്നതിന് എന്തെങ്കിലും പ്രൊപ്പോസൽ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഭൂവിസ്തൃതിയും ജനസംഖ്യയും പരിഗണിച്ച് ടി വില്ലേജ് വിഭജിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പ്രൊപ്പോസൽ നിലവിലുണ്ട്. എന്നാൽ, സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് വില്ലേജുകളുടെ വിഭജനം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനവുമായി ബന്ധപ്പെട്ട നടപടികളിൽ തീരുമാനമാകുന്ന മുറയ്ക്ക് മാത്രമേ പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

## ഗുരുവായൂർ പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം

348 (3346) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ കണ്ടാണശ്ശേരി പഞ്ചായത്തിൽ വർഷങ്ങളായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഗുരുവായൂർ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി ആളൂർ വില്ലേജിലെ സർവ്വേ നമ്പർ 240/1-ൽ ഉൾപ്പെട്ട റവന്യൂ പുറമ്പോക്ക് ഭൂമിയുടെ കൈവശാവകാശം പോലീസ് വകുപ്പിന് കൈമാറുന്നതിന് റവന്യൂ(എൽ) വകുപ്പിന്റെ ഉത്തരവുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. കുന്നംകുളം താലൂക്ക്, ആളൂർ വില്ലേജ് സർവ്വേ 240/1-ൽ ഉൾപ്പെട്ട 25 സെന്റ് ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി കൈവശാവകാശം ഗുരുവായൂർ പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി പോലീസ് വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ 20-12-2018-ലെ എൽ 3/228/2018/റവ. നമ്പർ കത്ത് പ്രകാരം റവന്യൂ (എൽ) വകുപ്പിൽനിന്ന് തൃശ്ശൂർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥലം പോലീസ് വകുപ്പിന് കൈമാറുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; ഉണ്ടെങ്കിൽ തടസ്സം നീക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ നൽകാമോ?

(ബി&സി) തൃശ്ശൂർ ജില്ല, കുന്നംകുളം താലൂക്ക്, ആളൂർ വില്ലേജ് സർവ്വേ 240/1-ൽ ഉൾപ്പെട്ട 25 സെന്റ്, ബി.ടി.ആർ.-ൽ സ്കൂൾ കളിസ്ഥലം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും വില്ലേജ് പുറമ്പോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ ടി ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി കൈവശാവകാശം ഗുരുവായൂർ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി കൈമാറി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതിനിടയിൽ, ഈ സ്ഥലം മറ്റം സെന്റ് ഫ്രാൻസിസ് ഗേൾസ് ഹൈസ്കൂൾ കളിസ്ഥലമായി ഉപയോഗിച്ചുവരുന്നതിനാൽ പ്രസ്തുത ഭൂമി പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് വിട്ടുനൽകുന്നതിനുള്ള തീരുമാനം പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട് മറ്റം സെന്റ് തോമസ് ഫെറോന പള്ളി അധികൃതർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(C) 77/19 നമ്പറിൽ വ്യവഹാരം ഫയൽ ചെയ്തിട്ടുള്ളതാണ്. ടി കേസിൽ 30-1-2020-ന് ഹിയറിംഗ് നടന്നിട്ടുള്ളതും കേസ് ഇപ്പോഴും നിലനിൽക്കുന്നതുമാണ്. ഈ കേസുമായി ബന്ധപ്പെട്ട് ഉത്തരവുകളൊന്നും തന്നെ ലഭ്യമായിട്ടില്ലാത്തതുമാണ്.

## തിരൂർ മണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ

349 (3347) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിൽ റവന്യൂ വകുപ്പിന്റേതുൾപ്പെടെ എത്ര സർക്കാർ സ്ഥാപനങ്ങൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

തിരൂർ നിയോജകമണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന റവന്യൂ വകുപ്പ് അടക്കമുള്ള എല്ലാ സർക്കാർ സ്ഥാപനങ്ങളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. താലൂക്ക് സപ്ലൈ ഓഫീസ്, തിരൂർ;

2. താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, തിരൂർ

3. ലീഗൽ മെട്രോളജി ഓഫീസ്, തിരൂർ

4. താലൂക്ക് വ്യവസായ ഓഫീസ്, തിരൂർ

5. അസിസ്റ്റന്റ് ലേബർ ഓഫീസ്, തിരൂർ

6. എക്സൈസ് ഓഫീസ് (റേഞ്ച്), തിരൂർ

7. എക്സൈസ് ഓഫീസ് (സർക്കിൾ) തിരൂർ

8. റീസർവ്വേ സൂപ്രണ്ട്, എക്സൈസ് ഓഫീസ്, തിരൂർ

9. മത്സ്യഫെഡ് ഓഫീസ്, തിരൂർ

10. ജില്ലാ ലോട്ടറി ഓഫീസ്, തിരൂർ

11. സബ് ട്രഷറി ഓഫീസ്, തിരൂർ

12. സബ് രജിസ്ട്രാർ ഓഫീസ്, തിരൂർ

13. കൃഷി ഭവൻ, തിരുനാവായ

(ബി) തിരൂർ മിനി സിവിൽ സ്റ്റേഷനോടനുബന്ധിച്ച് റവന്യൂ വകുപ്പിന്റെ എത്ര സ്ഥലം ഒഴിഞ്ഞു കിടക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ?

ഏകദേശം 15 ഏക്കർ സ്ഥലം ഒഴിഞ്ഞു കിടപ്പുണ്ട്. യഥാർത്ഥ സ്ഥല ലഭ്യത റീസർവ്വേ പൂർത്തീകരിക്കുന്നമുറയ്ക്ക് മാത്രമേ അറിയുവാൻ കഴിയുകയുള്ളൂ.

(സി) പ്രസ്തുത മിനി സിവിൽ സ്റ്റേഷനിൽ സ്ഥല സൗകര്യത്തിന്റെ അപര്യാപ്തത നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ഡി) പ്രസ്തുത സിവിൽ സ്റ്റേഷനോട് ചേർന്ന് ഒഴിഞ്ഞ് കിടക്കുന്ന സ്ഥലത്ത് അഡീഷണൽ ബ്ലോക്ക് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി മാത്രമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

### വൈപ്പിൻ മണ്ഡലത്തിലെ ഏയ്ഞ്ചൽ അങ്കണവാടിക്ക് പുതിയ കെട്ടിടം

350 (3348) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 9-1-2020-ലെ എളങ്കുന്നപ്പുഴ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ പഞ്ചായത്തിൽ 19-ാം വാർഡിലെ 116-ാം നമ്പർ ഏയ്ഞ്ചൽ അങ്കണവാടിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പുതുവൈപ്പ് വില്ലേജിലെ റീ സർവ്വേ നമ്പർ 550/3-ൽ ഉൾപ്പെട്ട 4.05 ആർ സ്ഥലം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 16-1-2020-ന് എറണാകുളം ജില്ലാ കളക്ടർക്ക് നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥലം അനുവദിച്ച് നൽകുന്നതിൽ നേരിടുന്ന കാലതാമസം എന്തെന്ന് വിശദമാക്കാമോ?

(എ&ബി) എളങ്കുന്നപ്പുഴ പഞ്ചായത്ത് 19-ാം വാർഡിലെ 116-ാം നമ്പർ ഏയ്ഞ്ചൽ അങ്കണവാടിക്ക് പുതുവൈപ്പ് വില്ലേജിലെ സർവ്വേ 550/3-ൽപ്പെട്ട 4.05 ആർ സ്ഥലം അനുവദിക്കണമെന്നാവശ്യപ്പെട്ട് ജില്ലാ കളക്ടർക്ക് നൽകിയ അപേക്ഷയിൽ പുതുവൈപ്പ് വില്ലേജ് ഓഫീസർ സ്കെച്ച് മഹസർ തയ്യാറാക്കി വിശദമായ റിപ്പോർട്ട് കൊച്ചി ഭൂരേഖ തഹസിൽദാർക്ക് സമർപ്പിക്കുകയും സർവ്വേ 550/3-ൽപ്പെട്ട 5.67 ആർ ഭൂമി സബ്ഡിവിഷൻ ചെയ്ത് 550/3-ൽ 4.05 ആർ ഭൂമി തണ്ടപ്പേർ കക്ഷികളുടെ പേരിലും 550/36-ൽ 1.62 ആർ ഭൂമി സർക്കാർ പേരിലും ചേർത്ത് പുരയിടം എന്നത് പുറമ്പോക്ക് എന്ന് ഇനം മാറ്റി ഉത്തരവായിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 550/36-ൽപ്പെട്ട 1.62 ആർ ഭൂമി 116-ാം നമ്പർ ഏയ്ഞ്ചൽ അങ്കണവാടിക്ക് കൈമാറുന്നതിനായി തയ്യാറാക്കിയ ഭൂമി കൈമാറ്റ ശിപാർശ തുടർനടപടികൾക്കായി റവന്യൂ ഡിവിഷണൽ ഓഫീസർക്ക് ലഭിച്ചിട്ടുള്ളതും മേൽ ഭൂമി കൈമാറ്റ ശിപാർശ റവന്യൂ ഡിവിഷണൽ ഓഫീസറിൽനിന്ന് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

### പത്തനാപുരം മണ്ഡലത്തിലെ വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ പുനർനിർമ്മാണം

351 (3349) ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പത്തനാപുരം മണ്ഡലത്തിലെ വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ പുനർ നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

പത്തനാപുരം മണ്ഡലത്തിലെ തലവൂർ, പുന്നല, വിളക്കുടി എന്നീ വില്ലേജുകൾ സ്മാർട്ട് വില്ലേജാക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. തലവൂർ വില്ലേജ്: 2018-19-ലെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി ടി വില്ലേജിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തിയിട്ടുള്ളതാണ്.

2. പുന്നല വില്ലേജ്: 2019-20 പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഉദ്ഘാടനം കഴിഞ്ഞിട്ടില്ല.

3. വിളക്കുടി വില്ലേജ്: റീബിൽഡ് കേരള പദ്ധതി പ്രകാരം സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി തെരഞ്ഞെടുത്തിട്ടുള്ളതും സ്റ്റേറ്റ് നിർമ്മിതി കേന്ദ്രയുമായി എഗ്രിമെന്റ് വച്ചിട്ടുള്ളതുമാണ്.

**അമ്പലപ്പുഴ മണ്ഡലത്തിലെ സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത വില്ലേജ് ഓഫീസുകൾ**

352 (3350) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത വില്ലേജ് ഓഫീസുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്തെ സ്വന്തമായി കെട്ടിടമില്ലാത്ത വില്ലേജ് ഓഫീസുകൾക്ക് മുൻഗണന നൽകിയാണ് സംസ്ഥാനത്ത് സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

(ബി) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ ഏതൊക്കെ വില്ലേജുകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; എത്ര തുകയാണ് ഓരോ കെട്ടിടത്തിനുമായി അനുവദിച്ചിട്ടുള്ളത്; ഏത് ഏജൻസിക്കാണ് ഇവയുടെ നിർമ്മാണ ചുമതല നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ പുന്നപ്ര വില്ലേജ് ഓഫീസ് സ്മാർട്ട് വില്ലേജ് ഓഫീസാക്കുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. 44 ലക്ഷം രൂപയാണ് പുന്നപ്ര സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി അനുവദിച്ചിട്ടുള്ളത്. ആലപ്പുഴ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിനാണ് നിർമ്മാണച്ചുമതല നൽകിയിട്ടുള്ളത്. പുന്നപ്ര വില്ലേജ് ഓഫീസ് പഴയ കെട്ടിടം മുഴുവനായി പൊളിച്ചുമാറ്റിയിട്ടാണ് പുതിയ കെട്ടിടം നിർമ്മിക്കുന്നത്. ആയതിനായി നിലവിലെ വില്ലേജ് ഓഫീസ് പ്രവർത്തനം മറ്റൊരു കെട്ടിടത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. പഴയ കെട്ടിടം പൊളിക്കുന്നതിനുള്ള വാല്യുവേഷൻ നടപടികൾ നടന്നുവരുന്നു.

(സി) പ്രസ്തുത മണ്ഡലത്തിലുൾപ്പെടുന്ന ഏതെല്ലാം വില്ലേജുകളെയാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കാൻ ഉദ്ദേശിക്കുന്നത്; ഇതിനായി എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

അമ്പലപ്പുഴ മണ്ഡലത്തിലെ മുഴുവൻ വില്ലേജ് ഓഫീസുകളും സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കേണ്ടതുണ്ട്. ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് വില്ലേജ് പദ്ധതിക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാക്രമത്തിൽ മാത്രമേ ഫണ്ട് അനുവദിക്കുവാൻ കഴിയുകയുള്ളൂ.

## കടുത്തുരുത്തി മണ്ഡലത്തിലെ ഇലയ്ക്കാട്, വെളിയന്നൂർ വില്ലേജാഫീസുകളുടെ നിർമ്മാണം

353 (3351) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിലെ ഇലയ്ക്കാട്, വെളിയന്നൂർ എന്നീ വില്ലേജ് ഓഫീസുകൾക്ക് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം പുതിയ കെട്ടിടം പണിയുന്നതിനുള്ള ഡി.പി.ആർ. അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന് സാങ്കേതികാനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

കടുത്തുരുത്തി മണ്ഡലത്തിലെ ഇലയ്ക്കാട്, വെളിയന്നൂർ എന്നീ വില്ലേജ് ഓഫീസുകൾക്ക് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം പുതിയ കെട്ടിടം പണിയുന്നതിനുള്ള 44 ലക്ഷം രൂപയുടെ ഡി.പി.ആർ. അംഗീകരിച്ചിട്ടുണ്ട്. സാങ്കേതികാനുമതി ലഭ്യമായിട്ടില്ല.

(ബി) പ്രസ്തുത പദ്ധതി ടെണ്ടർ ചെയ്തിട്ടുണ്ടോ എന്നറിയിക്കാമോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഇലയ്ക്കാട്, വെളിയന്നൂർ എന്നീ വില്ലേജാഫീസുകൾക്ക് പുതിയ കെട്ടിടം പണിയുന്നതിന് നിർവ്വഹണ ഏജൻസി ആയി കോട്ടയം ജില്ലാ നിർമ്മിതി കേന്ദ്രത്തിനെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. Non-PMC ആയ ടി സ്ഥാപനത്തെ ടെണ്ടർ നടപടികളിൽനിന്നും ഒഴിവാക്കിയിട്ടുള്ളതാണ്.

(സി) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളുടെ നവീകരണ പദ്ധതികളാണ് റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് പ്രകാരം ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; അവയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ?

ഇലയ്ക്കാട്, വെളിയന്നൂർ എന്നീ രണ്ട് വില്ലേജ് ഓഫീസുകൾക്കാണ് നിലവിൽ പുതിയ കെട്ടിടം പണിയുന്നതിന് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഭരണാനുമതി നൽകിയിരിക്കുന്നത്. പുതിയ വില്ലേജ് ഓഫീസ് കെട്ടിടം പണിയുന്നതിന് സ്ഥലം ലഭ്യമാക്കുന്നതിന് നിലവിലുള്ള കെട്ടിടം ലേലം ചെയ്ത് മുതൽ കൂട്ടിയിട്ടുണ്ട്.

## ഇരിക്കൂർ മണ്ഡലത്തിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത സർക്കാർ ഓഫീസുകൾ

354 (3352) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരിക്കൂർ നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടം ഇല്ലാത്തത് കാരണം എത്ര സർക്കാർ ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

ഇരിക്കൂർ നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത 6 സർക്കാർ ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. പ്രസ്തുത സർക്കാർ ഓഫീസുകൾ ചുവടെ ചേർക്കുന്നു:

1. എക്സൈസ് റേഞ്ച് ഓഫീസ്, ശ്രീകണ്ഠാപുരം.

2. റീസർവ്വേ ഓഫീസ്, ശ്രീകണ്ഠാപുരം.

3. സബ് ട്രഷറി ഓഫീസ്, ആലക്കോട്

4. ഡെയറി ഡെവലപ്പ്മെന്റ് ഓഫീസ്, ആലക്കോട്

5. എക്സൈസ് റേഞ്ച് ഓഫീസ്, ആലക്കോട്

6. ഫോറസ്റ്റ് സെക്ഷൻ ഓഫീസ്, കരുവഞ്ചാൽ.

## വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തിക അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടി

355 (3353) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തിക അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച T2-278/2017/ആർ.ഡി. നമ്പർ ഫയലിന്മേൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ ഫയലിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) വില്ലേജ് ഓഫീസുകൾ കാലനുസൃതായി പരിഷ്കരിക്കുകയും വില്ലേജ് ഓഫീസുകളിൽ കൂടുതൽ ക്ലാർക്കുമാർ ആവശ്യവുമായ സാഹചര്യത്തിൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യതയില്ലാതെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തിക അപ്ഗ്രേഡ് ചെയ്ത് ക്ലറിക്കൽ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ&ബി) റവന്യൂ വകുപ്പിലെ വി.എഫ്.എ. തസ്തികയുടെ 50% അപ്ഗ്രേഡ് ചെയ്ത് ക്ലറിക്കൽ തസ്തികയാക്കുന്നതിലേയ്ക്കായി ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച ശിപാർശ റ്റി2/278/2017/റവ. നമ്പർ ഫയൽ സർക്കാർ പരിശോധിച്ചു വരികയാണ്. പ്രസ്തുത ഫയൽ തീർപ്പ് കല്പിച്ചിട്ടില്ല. ടി ഫയൽ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ധനകാര്യ വകുപ്പുകൂടി നൽകുന്ന അഭിപ്രായം പരിശോധിച്ച് വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തിക അപ്ഗ്രേഡ് ചെയ്യുന്ന കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

(സി) വിവിധ ശമ്പള കമ്മീഷനുകളുടെ നിർദ്ദേശപ്രകാരമുള്ള സ്റ്റാഫ് പാറ്റേൺ പരിഷ്കരണം ഈ ഘട്ടത്തിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) പൊതുജനങ്ങൾക്ക് വേഗത്തിലും സുതാര്യമായും സേവനങ്ങൾ ലഭ്യമാക്കുന്നതിന് വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ആരംഭിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടങ്ങളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങളൊരുക്കിയിട്ടുണ്ട്. മതിയായ ജീവനക്കാരെ നിയമിക്കുന്നമുറയ്ക്ക് വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ആരംഭിക്കുന്നതാണ്.

## റവന്യൂ വകുപ്പിലെ തസ്തികകൾ

356 (3354) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസിലെ ഉദ്യോഗസ്ഥർ മുതൽ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ഉദ്യോഗസ്ഥർവരെ ഏത് വകുപ്പിന് കീഴിലാണ് ഉൾപ്പെടുന്നത്; വ്യക്തമാക്കുമോ?

ലാൻഡ് റവന്യൂ വകുപ്പിനുകീഴിൽ ഉൾപ്പെടുന്നു.

(ബി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽനിന്നും ഓൺലൈൻ ആയി ഭൂനികുതി അടവാക്കുമ്പോൾ നൽകുന്ന രസീതിൽ വകുപ്പിന്റെ പേര് ശരിയായിട്ടാണോ രേഖപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ; എങ്കിൽ അത്തരത്തിൽ ഒരു വകുപ്പ് രൂപീകരിച്ചിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

വില്ലേജ് ഓഫീസുകളിൽനിന്നും ഭൂനികുതി അടവാക്കുമ്പോൾ നൽകുന്ന രസീതുകളിൽ വകുപ്പിന്റെ പേര് 'ലാൻഡ് റവന്യൂ വകുപ്പ്' എന്ന് ശരിയായി രേഖപ്പെടുത്തിയാണ് നൽകുന്നത്. 12-8-1921-ലെ തിരുവിതാംകൂർ മഹാരാജാവിന്റെ G.O. ROC.1832/1921 നമ്പർ ഉത്തരവിൽ ലാൻഡ് റവന്യൂ വകുപ്പിന്റെ തലവൻ ലാൻഡ് റവന്യൂ കമ്മീഷണർ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 1996-ലെ കേരള റവന്യൂ ബോർഡ് നിർത്തലാക്കൽ നിയമപ്രകാരം റവന്യൂ ഭരണത്തിന്റെ സിരാകേന്ദ്രമായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് എന്നും തുടർന്ന് 14-10-1998-ലെ ജി.ഒ(എം.എസ്) നമ്പർ 510/98/ആർഡി പ്രകാരമുള്ള പുനഃസംഘടന ഉത്തരവിൽ ലാൻഡ് റവന്യൂ വകുപ്പ് എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. 14-10-1998-ലെ ജി.ഒ.(എം.എസ്.) നമ്പർ 510/98/ആർ.ഡി. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) ജില്ലാ കളക്ടർ തസ്തിക ഏത് വകുപ്പിന്റെ കീഴിൽ വരുന്നതാണെന്ന് വ്യക്തമാക്കാമോ?

ജില്ലാ കളക്ടർ തസ്തിക ലാൻഡ് റവന്യൂ വകുപ്പിന്റെ കീഴിലും പ്രസ്തുത തസ്തികയിലേയ്ക്കുള്ള നിയമനം പൊതുഭരണ വകുപ്പിന്റെ കീഴിലും വരുന്നതാണ്.

**വില്ലേജ് ഓഫീസ് സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കാൻ നടപടി**

357 (3355) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് വില്ലേജ് പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി പരിശീലനം സിദ്ധിച്ച ജീവനക്കാരെ അധികം നിയമിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വില്ലേജ് ഓഫീസ് സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുവാൻ നയപരമായ തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശം നൽകാമോ?

നയപരമായ തീരുമാനമെടുത്തിട്ടില്ല.

(സി) പൊതുജനങ്ങൾക്ക് വേഗത്തിലും സുതാര്യമായും സേവനങ്ങൾ ലഭ്യമാക്കുന്നതിന് കൂടുതൽ ക്ലറിക്കൽ ജീവനക്കാരെ നിയമിക്കുവാൻ സത്വര നടപടി സ്വീകരിക്കാമോ?

ഇക്കാര്യം പരിശോധിച്ച് സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

### ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി

358 (3356) <u>ശ്രീ. വി. ശശി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചു പിടിക്കുന്നതിനായി 1999-ൽ ആദിവാസി ഭൂനിയമം പാസ്സാക്കിയതിന് ശേഷം രണ്ട് ഹെക്ടറിലധികം ഭൂമി നഷ്ടപ്പെട്ട അട്ടപ്പാടിയിലെ എത്ര ആദിവാസി കുടുംബങ്ങൾക്ക് അതേ ഭൂമി തിരികെ ലഭിച്ചിട്ടുണ്ടെന്നുള്ള വിവരം പട്ടികയുൾപ്പെടെ നൽകാമോ?

രണ്ട് ഹെക്ടറിൽ കൂടുതൽ ഭൂമി നഷ്ടപ്പെട്ട 36 പട്ടികവർഗ്ഗ കുടുംബങ്ങൾക്കായി 49.86 ഹെക്ടർ ഭൂമി പുനഃസ്ഥാപിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത കുടുംബങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു*.

(ബി) രണ്ട് ഹെക്ടറിൽ താഴെ ഭൂമി നഷ്ടപ്പെട്ട എത്ര കുടുംബങ്ങൾക്ക് പകരം ഭൂമി നൽകിയെന്നുള്ള വിവരം പട്ടിക സഹിതം വ്യക്തമാക്കാമോ?

രണ്ട് ഹെക്ടറിൽ താഴെ ഭൂമി നഷ്ടപ്പെട്ട ആദിവാസികൾക്ക് പകരം ഭൂമി നൽകിയിട്ടില്ലാത്തതാണ്. അപ്രകാരം പകരം ഭൂമി നൽകേണ്ട കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിനും പ്രസ്തുത കുടുംബങ്ങൾക്ക് കേന്ദ്രാനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമിയിൽനിന്നോ അല്ലെങ്കിൽ അനുയോജ്യമായ മറ്റ് ഭൂമി കണ്ടെത്തിയോ നൽകുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർ പാലക്കാട് ജില്ലാ കളക്ടർക്ക് കർശന നിർദ്ദേശം നൽകിയതായി അറിയിച്ചിട്ടുണ്ട്.

(സി) ഇവർക്ക് പകരം ഭൂമി ഏതെല്ലാം വില്ലേജുകളിൽ നൽകിയെന്നും പുനരധിവാസകേന്ദ്രങ്ങൾ എവിടെയൊക്കെ ഒരുക്കിയിട്ടുണ്ടെന്നും അറിയിക്കുമോ?

മേൽപ്പറഞ്ഞ 36 കുടുംബങ്ങൾക്കും നഷ്ടപ്പെട്ട അതേ ഭൂമിതന്നെയാണ് പുനഃസ്ഥാപിച്ച് നൽകിയിട്ടുള്ളത്. ആയതിനാൽ പുനരധിവാസ കേന്ദ്രങ്ങൾ ഒരുക്കേണ്ട സാഹചര്യം ഇതുവരെ ഉണ്ടായിട്ടില്ല.

### വയനാട്ടിൽ ബ്രിട്ടീഷ് കമ്പനികൾ കൈവശം വച്ചിരുന്ന ഭൂമി

359 (3357) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

1947-നുമുമ്പ് വയനാട്ടിൽ ബ്രിട്ടീഷ് കമ്പനികളുടെ കൈവശം എത്ര ഏക്കർ ഭൂമിയും ഏതെല്ലാം എസ്റ്റേറ്റുകളുമാണ് ഉണ്ടായിരുന്നതെന്ന് വ്യക്തമാക്കാമോ; വയനാട് കളക്ടർ ഇതുസംബന്ധിച്ച് നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| കമ്പനിയുടെ പേര് | വിസ്തീർണ്ണം (ഏക്കർ) |
|---|---|
| മലയാളം പ്ലാന്റേഷൻസ് | 10914.604 |
| വേങ്ങാക്കോട്ട എസ്റ്റേറ്റ് | 329.45 |
| ഇംഗ്ലീഷ് & സ്കോട്ടിഷ് കോ-ഓപ്പറേറ്റീവ് ഹോൾസെയിൽ സൊസൈറ്റി ലിമിറ്റഡ് | 880.05 |
| മേപ്പാടി വയനാട് ടീ എസ്റ്റേറ്റ് കമ്പനി | 9083.32 |
| Mr.g.റൊമാലി കമ്പനി | 810.91 |
| E/S കമ്പനി | 243.46 |
| M/s പാരി & കമ്പനി | 1372.76 |
| ഈസ്റ്റ് ഇന്ത്യ ടീ പ്രൊഡ്യൂസേഴ്സ് കമ്പനി | 1186.89 |
| M/s പാരി &കമ്പനി, പനോര ടീ എസ്റ്റേറ്റ് ലിമിറ്റഡ് | 874.15 |
| ഈസ്റ്റ് ഇന്ത്യ പ്രൊഡ്യൂസേഴ്സ് ലിമിറ്റഡ് | 247.00 |
| ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യ കമ്പനി | 411.00 |
| ദ ഇംഗ്ലീഷ് ആൻഡ് സ്കോട്ടിഷ് സൊസൈറ്റി | 3328.16 |

വയനാട് ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പ്ലാന്റേഷന് നൽകിയ ഭൂമി

360(3358) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്കരണ നിയമത്തിലെ വകുപ്പ് 81 പ്രകാരം സംസ്ഥാനത്താകെ പ്ലാന്റേഷൻ ആവശ്യത്തിനായി എത്ര ഏക്കർ ഭൂമിക്ക് ഇളവ് നൽകിയിട്ടുണ്ട്; അതിൽ ആകെ എത്ര ഏക്കർ പ്ലാന്റേഷൻ ഭൂമി തരംമാറ്റിയിട്ടുണ്ട്; വ്യക്തമാക്കാമോ?

കേരള ഭൂപരിഷ്കരണ നിയമം 1963-ലെ 81 (1) (e) പ്രകാരം പ്ലാന്റേഷൻ ഭൂമിയെ ഭൂപരിധി നിയമത്തിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഭൂപരിധി നിർണ്ണയിക്കുന്നതിന് കണക്കാക്കാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതുകൊണ്ട് ആദ്യകാലത്ത് താലൂക്ക് ലാൻഡ് ബോർഡ് തീർപ്പാക്കിയ കേസ്സുകളിലെ വകുപ്പ് 81 (1) പ്രകാരം ഇളവ് അനുവദിക്കപ്പെട്ട ഭൂമിയുടെ കണക്ക് സൂക്ഷിച്ചിട്ടില്ല. 81(1) വകുപ്പിൽ (a) മുതൽ (u) വരെയുള്ള വിവിധ വിഭാഗങ്ങളിൽപ്പെടുന്ന ഭൂമി 81(1)-ാം വകുപ്പിൽ പ്രതിപാദിക്കാത്ത വിഭാഗത്തിലുള്ള ഭൂമിയാക്കിമാറ്റിയാൽ മാറ്റിയ അത്രയും ഭാഗം ഭൂമി, കൈവശക്കാരന്റെ ഭൂപരിധി നിർണ്ണയിക്കുന്നതിന് ഉൾപ്പെടുത്തണം എന്നാണ് 87-ാം വകുപ്പ് വിശദീകരണം I, II എന്നിവയിൽ വ്യവസ്ഥ ചെയ്യുന്നത്. പ്ലാന്റേഷൻ ഉൾപ്പെടെ വിവിധ ഇനങ്ങളിൽ ഒഴിവാക്കിയ ഭൂമികൾ തരം മാറ്റിയത് സംബന്ധിച്ച് സംസ്ഥാനത്തെ വിവിധ ലാൻഡ് ബോർഡുകളിൽ നിരവധി കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ ഇതിന്റെ കണക്ക് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ബി) തരംമാറ്റിയ പ്രസ്തുത പ്ലാന്റേഷൻ ഭൂമിയിൽ എത്ര ഏക്കർ സർക്കാർ ഏറ്റെടുത്തു എന്നും അതിൽ എത്ര ഏക്കർ ഭൂരഹിതർക്ക് വിതരണം ചെയ്തു എന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഈ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

## ഭൂമി തരംതിരിവിലെ അപാകതകൾ പരിഹരിക്കാൻ നടപടി

361 (3359) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിലാകുന്നതിനുമുമ്പ് കരഭൂമിയെന്ന് രേഖപ്പെടുത്തിയിരുന്ന ഭൂമിയെ നിലവിലെ രേഖകളിൽ നിലം ഭൂമിയായി രേഖപ്പെടുത്തപ്പെട്ടത് ഒഴിവാക്കി വീണ്ടും കരഭൂമിയെന്നാക്കി രേഖപ്പെടുത്തപ്പെടുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കുമോ?

മുൻപ് കരഭൂമിയെന്ന് രേഖപ്പെടുത്തിയിരുന്ന ഭൂമി നിലവിലെ രേഖകളിൽ നിലം ഭൂമിയായി രേഖപ്പെടുത്തപ്പെട്ടത് ഒഴിവാക്കാനായി ബന്ധപ്പെട്ട ഭൂരേഖ തഹസിൽദാർക്ക് അപേക്ഷ സമർപ്പിക്കണം.

(ബി) ഇതുസംബന്ധിച്ച പരാതികൾ അതിവേഗം തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഇത്തരം പരാതികൾ അതിവേഗം തീർപ്പാക്കുന്നതിനുള്ള നടപടികൾ വിശദീകരിച്ചുകൊണ്ട് സ.ഉ (കൈ) 303/17/റവ., സ.ഉ (സാധാ)5273/14/റവ, സ.ഉ. (കൈ) 200/10/റവ. എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

### ഭൂരേഖ ഡിജിറ്റലൈസ് ചെയ്യൽ

362 (3360) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരേഖ ഡിജിറ്റലൈസ് ചെയ്യുന്ന പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയായിട്ടുണ്ട്. ഇതിൽ 87 വില്ലേജുകൾ നൂതന സർവ്വേ ഉപകരണങ്ങൾ ഉപയോഗിച്ച് സർവ്വേ ചെയ്ത് ഡിജിറ്റലായി മാപ്പുകൾ തയ്യാറാക്കിയിട്ടുള്ളതും ബാക്കിയുള്ള 822 വില്ലേജുകളിൽ പരമ്പരാഗത സർവ്വേ ഉപകരണങ്ങൾ ഉപയോഗിച്ച് സർവ്വേ ചെയ്തിട്ടുള്ളതും റിക്കാർഡുകൾ പേപ്പർ ഫോർമാറ്റിൽ തയ്യാറാക്കിയിട്ടുള്ളതുമാണ്. ഇപ്രകാരം പേപ്പർ ഫോർമാറ്റിൽ തയ്യാറാക്കിയിട്ടുള്ള മാപ്പുകൾ സംരക്ഷിക്കുന്നതിനും ഓൺലൈനായി വിതരണം ചെയ്യുന്നതിനും 813 വില്ലേജുകളുടെ മാപ്പുകൾ (FMB) സ്കാൻ ചെയ്ത് സർവ്വേയും ഭൂരേഖയും വകുപ്പ് ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. ലാൻഡ് റവന്യൂ വകുപ്പിൽ ഭൂരേഖകളുടെ ഡിജിറ്റൽവൽക്കരണം രണ്ട് തലങ്ങളിലാണ് നിലവിൽ നടക്കുന്നത്. അടിസ്ഥാന ഭൂനികുതി രജിസ്റ്റർ, തണ്ടപ്പേർ രജിസ്റ്റർ എന്നിവയിലെ വിവരങ്ങൾ (Textual Data) ഡിജിറ്റൽവൽക്കരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളിലെയും അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകളും തണ്ടപ്പേർ രജിസ്റ്ററുകളും ഡിജിറ്റൈസ് ചെയ്ത് റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) എന്ന പോർട്ടൽ മുഖേന ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. റവന്യൂ രേഖകളുടെ അടുത്തതലത്തിലുള്ള ഡിജിറ്റൈസേഷന്റെ ഭാഗമായി അടിസ്ഥാന ഭൂനികുതി രജിസ്റ്റർ (BTR), തണ്ടപ്പേർ രജിസ്റ്റർ (TPR) എന്നിവ സ്കാൻ ചെയ്ത് ഡിജിറ്റൽ രേഖകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനവും നടന്നുവരുന്നു. അപ്രകാരം സംസ്ഥാനത്തെ 103 വില്ലേജുകളുടെ BTR, TPR സ്കാനിംഗ് പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) വില്ലേജ് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും ഭൂരേഖ ഡിജിറ്റലൈസ് ചെയ്യുന്നത് സംബന്ധിച്ച് എന്തൊക്കെ മാറ്റങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

വില്ലേജ് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും ഭൂരേഖ ഡിജിറ്റൽവൽക്കരണവുമായി ബന്ധപ്പെട്ട് ആദ്യഘട്ടമായി അടിസ്ഥാന ഭൂനികുതി രജിസ്റ്റർ (BTR), തണ്ടപ്പേർ രജിസ്റ്റർ (TPR) എന്നിവയിലെ വിവരങ്ങളാണ് (Textual Data) ഡിജിറ്റൈസ് ചെയ്തത്. Textual Data Digitization അന്തിമഘട്ടത്തിൽ എത്തിച്ചേർന്നപ്പോൾ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ (BTR), തണ്ടപ്പേർ രജിസ്റ്റർ (TPR) എന്നിവ സ്കാൻ ചെയ്ത് ഡിജിറ്റൽ രേഖകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനം ആരംഭിക്കുകയും നിലവിൽ സംസ്ഥാനത്തെ 103 വില്ലേജുകളുടെ BTR, TPR സ്കാനിംഗ് പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. BTR, TPR സ്കാനിംഗ് പൂർത്തിയാകുന്നതോടെ റവന്യൂ റെക്കോർഡുകൾ ഓൺലൈനായിത്തന്നെ പരിശോധിക്കാനും ബന്ധപ്പെട്ട സേവനങ്ങൾ പരമാവധി വേഗത്തിൽ ജനങ്ങൾക്ക് ലഭ്യമാക്കാനും സാധിക്കും. സംസ്ഥാനത്താകെ 87 വില്ലേജുകളിൽ ഡിജിറ്റൽ റീസർവ്വേയിംഗ് പൂർത്തിയായിട്ടുണ്ട്. അതിൽ 83 വില്ലേജുകളിൽ റവന്യൂ വകുപ്പിന്റെ ReLIS, സർവ്വേ വകുപ്പിന്റെ Emaps എന്നിവ യോജിപ്പിച്ചുകൊണ്ടുള്ള ഓൺലൈൻ സംവിധാനം നിലവിലുണ്ട്. സംസ്ഥാനത്ത് പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി സംയോജിത ഭൂവിവര സേവന വിനിമയ സംവിധാനം നടപ്പിൽ വരുത്തുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിന്റെ ReLIS (Revenue Land Information System), സർവ്വേ വകുപ്പിന്റെ Emaps, രജിസ്ട്രേഷൻ വകുപ്പിന്റെ PEARL എന്നിവ സംയോജിപ്പിച്ച് ഒരു Single Window Portal (ഏകജാലക ഓൺലൈൻ സംവിധാനം) ആരംഭിക്കുന്നതിന്റെ പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്.

## കോതമംഗലം, മണികണ്ഠംചാൽ, കല്ലേലിമേട് പ്രദേശങ്ങളിൽ പട്ടയം വ്യവസ്ഥയിൽ ഇളവ്

363 (3361) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ വില്ലേജിൽ ഉൾപ്പെടുന്ന മണികണ്ഠംചാൽ, കല്ലേലിമേട് പ്രദേശങ്ങൾ റീസർവ്വേയ്ക്കുശേഷം തയ്യാറാക്കിയ ലിത്തോമാപ്പിൽ സെറ്റിൽമെന്റ് എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പ്രദേശങ്ങളിൽ നിലവിൽ ഏതെങ്കിലും ട്രൈബൽ കുടുംബങ്ങൾ താമസിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) 1970-നുമുൻപുതന്നെ ഈ പ്രദേശങ്ങളിലെ ട്രൈബൽ കുടുംബങ്ങൾ ഇവിടെനിന്നും മാറിപ്പോയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

(ബി&സി) ഇല്ല. ഈ പ്രദേശത്ത് പട്ടികവർഗ്ഗക്കാരായ മുതുവാൻ വിഭാഗത്തിൽപ്പെട്ടവർ താമസിച്ച് വന്നിരുന്നതും 1970-നുമുൻപുതന്നെ ഈ വിഭാഗത്തിലുള്ളവർ താമസം മാറി പോയിട്ടുള്ളതുമാണ്.

(ഡി) കേരള ഭൂമി പതിച്ചു നൽകൽ പ്രത്യേക ചട്ടങ്ങൾ 1993 പ്രകാരം 1-1-1977-നു മുൻപ് പട്ടികവർഗ്ഗത്തിൽപ്പെട്ട വ്യക്തികളുടെ കൈവശത്തിലും അനുഭവത്തിലുമുള്ളതും പിന്നീട് പട്ടികവർഗ്ഗക്കാരനല്ലാത്ത ഒരു വ്യക്തിക്ക് കൈമാറിയിട്ടുള്ളതുമായ ഭൂമിയിൽ പട്ടികവർഗ്ഗക്കാരല്ലാത്ത വ്യക്തികൾ 1-1-1977-നുമുമ്പ് കുടിയേറിയിട്ടുള്ളതാണെങ്കിൽപ്പോലും അയാൾക്ക് ഭൂമി പതിച്ചു നൽകുവാൻ പാടുള്ളതല്ലെന്ന വ്യവസ്ഥമൂലം കല്ലേലിമേട്, മണികണ്ഠംചാൽ പ്രദേശങ്ങളിൽ പട്ടയം നൽകുവാൻ കഴിയാത്ത സാഹചര്യത്തിൽ മേൽ പ്രദേശങ്ങളിലെ അംഗീകൃത സംയുക്ത പരിശോധന ലിസ്റ്റിൽപ്പെട്ട ഭൂമിക്ക് പട്ടയം നൽകുന്നതിനായി മേൽവിവരിച്ച വ്യവസ്ഥയിൽ പ്രസ്തുത പ്രദേശങ്ങൾക്ക് പ്രത്യേക ഇളവ് നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; വിശദമാക്കാമോ?

ടി ഭൂമി പതിച്ചു നൽകുന്നതിലേയ്ക്ക് 2-6-2020-ലെ ജി.ഒ. (സാധാ) നമ്പർ 2020/2020/റവ. സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും പ്രസ്തുത സർക്കാർ ഉത്തരവിലെ ചില നിബന്ധനകൾ ടി ഭൂമി പതിച്ചു നൽകുന്നതിന് വിഘാതം സൃഷ്ടിക്കുന്നതിനാൽ ടി വിഷയവുമായി ബന്ധപ്പെട്ട് ലാൻഡ് റവന്യൂ കമ്മീഷണറോട് എറണാകുളം ജില്ലാ കളക്ടർ സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ടി ഭൂമി പതിച്ച് നൽകുന്നതുമായി ബന്ധപ്പെട്ട് WP(C)8083/2018 നമ്പരായി ഫാ.റോബിൻ പടിഞ്ഞാറേക്കുറ്റ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത കേസിൽ 25-8-2021-ൽ വിധിയായിട്ടുള്ളതാണ്. സ.ഉ.(സാധാ) നമ്പർ 2020/2020-ന്റെ അടിസ്ഥാനത്തിൽ, മണികണ്ഠംചാൽ പ്രദേശത്തെ ജനങ്ങളുടെ കൈവശഭൂമി പതിച്ചു നൽകുന്നതിനുള്ള അപേക്ഷയിൽ അടിയന്തര നടപടി സ്വീകരിക്കുന്നതിനാണ് ടി കോടതി ഉത്തരവ് വന്നിട്ടുള്ളത്. കോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

**തോട്ടങ്ങളെ സംബന്ധിച്ച വിവരശേഖരണം**

364 (3362) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ- ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യത്തിന് മുമ്പ് വിദേശ കമ്പനികളുടെ അധീനതയിലായിരുന്നതും സ്വാതന്ത്ര്യത്തിനുശേഷം സംസ്ഥാനത്തിന് അവകാശപ്പെട്ടതുമായ തോട്ടങ്ങളെ സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ?

നടത്തിയിട്ടുണ്ട്. സംസ്ഥാനത്ത് മലയാളം പ്ലാന്റേഷൻസ് (യു.കെ.) ലിമിറ്റഡ് സ്വാതന്ത്ര്യത്തിനുമുമ്പ് കൈവശം വച്ചിരുന്ന ഭൂമി നിലവിൽ ഹാരിസൺസ് മലയാളം ലിമിറ്റഡും അവരിൽനിന്നും ഭൂമി നേടിയവരും മറ്റ് കയ്യേറ്റക്കാരും കൈവശം വച്ചുവരുന്നു. പ്രസ്തുത ഭൂമിക്കുപുറമേ സ്വാതന്ത്ര്യത്തിനുമുമ്പ് മറ്റ് വിദേശ കമ്പനികളും പൗരൻമാരും കൈവശം വച്ചിരുന്ന ഭൂമി സ്വാതന്ത്ര്യാനന്തരം കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ നിലവിലെ കൈവശക്കാർക്ക് നിയമപ്രകാരം കൈമാറിയിട്ടില്ലെങ്കിൽ അത്തരം ഭൂമി 1957-ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം ഏറ്റെടുക്കുന്നതിന് സംസ്ഥാനതല സ്പെഷ്യൽ ഓഫീസറെ നിയോഗിച്ചുകൊണ്ട് 30-12-2015-ൽ സ.ഉ. (കൈ)703/2015/റവ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിൻപ്രകാരം സ്പെഷ്യൽ ഓഫീസർ പ്രാഥമിക വിവരശേഖരണം നടത്തിയിട്ടുണ്ട്.

(ബി) ഇത്തരം തോട്ടങ്ങൾ സ്വദേശ കമ്പനികൾ അനധികൃതമായി കൈവശം വച്ചിരിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

ഉണ്ട്. സ്വാതന്ത്ര്യത്തിനുമുമ്പ് വിദേശ കമ്പനികളും പൗരൻമാരും കൈവശം വച്ചിരുന്ന സർക്കാർ ഗ്രാന്റുകളിലും പാട്ടങ്ങളിലും ഉൾപ്പെട്ട ഭൂമിയും സ്വകാര്യ പാട്ട ഭൂമിയും നിലവിലെ കൈവശക്കാർ നിയമപ്രകാരം അവരുടെ പേരിൽ ഉടമസ്ഥത സ്ഥാപിക്കാതെ അനധികൃതമായി കൈവശം വച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യം സംരക്ഷിക്കുന്നതിനായി സ്വീകരിച്ച നടപടികളും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളും വിശദമാക്കുമോ?

1957-ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം നടത്തിയ നടപടികളുടെ ആദ്യഘട്ടമായി ഹാരിസൺസ് മലയാളം ലിമിറ്റഡും അവരിൽനിന്നും ഭൂമി നേടിയവരും മറ്റ് കമ്പനികളും കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലായി കൈവശം

വച്ചിരുന്ന 38,171 ഏക്കർ ഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിന് സ്പെഷ്യൽ ഓഫീസർ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവുകൾക്കെതിരെ ഹാരിസൺസ് മലയാളം ലിമിറ്റഡും മറ്റുള്ളവരും ഫയൽ ചെയ്ത WP(C)33122/2014 & Ors-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ച് 11-4-2018-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ കേരള ഭൂസംരക്ഷണ നിയമപ്രകാരം നിയോഗിക്കപ്പെട്ട സ്പെഷ്യൽ ഓഫീസർക്ക് ഭൂമിയുടെ ഉടമസ്ഥത നിശ്ചയിക്കുന്നതിന് "ജുറിസ്ഡിക്ഷൻ" ഇല്ല എന്നു നിരീക്ഷിച്ചുകൊണ്ട് ഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിനായി സ്പെഷ്യൽ ഓഫീസർ പുറപ്പെടുവിച്ച നടപടിക്രമങ്ങൾ റദ്ദ് ചെയ്യുകയുണ്ടായി. ഉടമസ്ഥത സംബന്ധിച്ച് തർക്കമുണ്ടെങ്കിൽ സർക്കാരിന് സിവിൽ കോടതിയിൽ കേസുകൾ ഫയൽ ചെയ്യാവുന്നതാണെന്നും സർക്കാരിന്റെ ബന്ധപ്പെട്ട അധികാരസ്ഥാനങ്ങൾക്ക് വ്യവസ്ഥാപിതമായ മറ്റ് നടപടികൾ സ്വീകരിക്കാവുന്നതാണെന്നും ബഹുമാനപ്പെട്ട ഡിവിഷൻ ബഞ്ച് നിർദ്ദേശിച്ചിരുന്നു. ടി വിധിക്കെതിരെ സർക്കാർ ഫയൽ ചെയ്ത അപ്പീലുകളിൽ വിശദമായ വാദംകേൾക്കാതെതന്നെ ബഹുമാനപ്പെട്ട സുപ്രീം കോടതി തള്ളുകയുണ്ടായി. പ്രസ്തുത വിധിന്യായങ്ങളുടെ പശ്ചാത്തലത്തിൽ തർക്കഭൂമിയിൽ സർക്കാരിനുള്ള ഉടമസ്ഥത (Title) സ്ഥാപിക്കുന്നതിനായി സിവിൽ കേസുകൾ ഫയൽ ചെയ്യുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് 6-6-2019-ൽ സ.ഉ. (കൈ)172/2019/റവ. നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഹാരിസൺസ് മലയാളം ലിമിറ്റഡും അവരിൽനിന്നും ഭൂമി നേടിയവരും മറ്റ് കമ്പനികളും കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിലായി കൈവശം വച്ചിരിക്കുന്ന ഭൂമിയിൽപ്പെട്ട 29426.50 ഏക്കർ ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിച്ചു കിട്ടുന്നതിനായി സിവിൽ കേസുകൾ നിലവിൽ ഫയൽ ചെയ്തിട്ടുണ്ട്. മറ്റ് ജില്ലകളിലും അത്തരം കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### സർവ്വേ സ്കെച്ചുകൾ ലഭിക്കുന്നതിനുള്ള കാലതാമസം

365 (3363) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ടും പരാതികൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ടും സ്ഥലത്തിന്റെ സർവ്വേ സ്കെച്ചുകൾ ലഭിക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ റീസർവ്വേ നടപടികൾ പൂർത്തിയാക്കിയ 909 വില്ലേജുകളുടെ റീസർവ്വേ റിക്കാർഡുകളുടെയും മറ്റ് വില്ലേജുകളുടെ ലഭ്യമായ മുൻ സർവ്വേ റിക്കാർഡുകളുടെയും

പകർപ്പുകൾ സർക്കാർ നിശ്ചയിച്ചിട്ടുള്ള നിശ്ചിത ഫീസ് ഈടാക്കിയും സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയും യഥാസമയം പൊതുജനങ്ങൾക്കും മറ്റ് സർക്കാർ വകുപ്പുകൾക്കും നൽകിവരുന്നു.

(ബി) കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ടും പരാതികൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ടും ലഭിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നിലവിലെ സർവ്വേയർമാരുടെ തസ്തികകൾ പര്യാപ്തമാണോ; അല്ലെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

സർവ്വേ സംബന്ധിച്ച പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നിലവിലെ സർവ്വേയർമാരുടെ തസ്തികകൾ അപര്യാപ്തമാണ്. ഇത് പരിഹരിക്കുന്നതിനായി ഡ്രാഫ്റ്റ്സ്മാൻമാരുടെ 110 തസ്തികകൾ സർവ്വേയർ തസ്തികകളായി പരിവർത്തനം ചെയ്തിട്ടുണ്ട്.

**റീസർവ്വേ പൂർത്തിയാക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ**

366 (3364) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ റീസർവ്വേ പൂർത്തിയാക്കുന്നതിനായി ഈ സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയായെങ്കിലും 87 വില്ലേജുകൾ ഒഴികെ പരമ്പരാഗത സർവ്വേ ഉപകരണങ്ങൾ ഉപയോഗിച്ച് സർവ്വേ ചെയ്തിട്ടുള്ളതും റിക്കാർഡുകൾ പേപ്പർ ഫോർമാറ്റിലുള്ളതുമാണ്. ടി മാപ്പുകളൊന്നും കാലഘട്ടത്തിനനുസൃതമായി ഡിജിറ്റൽ ഫോർമാറ്റിൽ മാറ്റുന്നതിനോ ഡിജിറ്റൽ സംവിധാനത്തിലൂടെയുള്ള സേവനം ജനങ്ങൾക്ക് നൽകുന്നതിനോ സാധിക്കാത്തതാണ്. സംസ്ഥാനത്തെ എല്ലാ വില്ലേജുകളുടെയും ഡിജിറ്റൽ സർവ്വേ മാപ്പുകൾ ആവശ്യമാണ്. ടി സാഹചര്യത്തിൽ ഡിജിറ്റലായി റീസർവ്വേ നടത്തിയ 87 വില്ലേജുകളും നിലവിൽ ഡിജിറ്റൽ സർവ്വേ നടപടികൾ നടന്നുവരുന്ന 29 വില്ലേജുകളും ഒഴികെ ബാക്കി 1550 വില്ലേജുകളും നൂതന സാങ്കേതികവിദ്യയുടെ സഹായത്താൽ സർവ്വേ നടത്തി സമയബന്ധിതമായിത്തന്നെ ടി ജോലികൾ പൂർത്തിയാക്കുന്നതിനുള്ള കർമ്മപദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. ആധുനിക സർവ്വേ സാങ്കേതികവിദ്യയായ CORS (Continuously Operating Reference Stations) നെറ്റ്‌വർക്ക് സ്ഥാപിക്കുന്നതിനും RTK (Real Time Kinematic) ഉപകരണങ്ങളുടെ സഹായത്താൽ സർവ്വേ ജോലികൾ

ത്വരിതപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നു. ടി സാങ്കേതികവിദ്യയിൽ കൂടുതൽ പരിജ്ഞാനമുള്ള സർവ്വേ ഓഫ് ഇന്ത്യ മുഖേന ഇത് സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വകുപ്പിലെ ഉദ്യോഗസ്ഥരുടെയും കോൺട്രാക്ട് സർവ്വേയർമാരുടെയും സേവനം വിനിയോഗിച്ച് സർവ്വേ ചെയ്യുന്നതിന് ലക്ഷ്യമിടുന്നതും അതിലേയ്ക്കായി ആദ്യഘട്ടത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽനിന്ന് ഭരണാനുമതി നൽകിയ 339.438 കോടി രൂപയുൾപ്പെടെ നാല് ഘട്ടങ്ങൾക്കായി ആകെ 807.98 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത സാങ്കേതികവിദ്യയുടെ സഹായത്താൽ സർവ്വേ നടത്തി മാപ്പുകൾ ഡിജിറ്റലായി തയ്യാറാക്കുന്നതിനും ഭൂപരിപാലനത്തിന്റെ ഭാഗമായി മാപ്പുൾപ്പെടെയുള്ള സേവനം പൊതുജനങ്ങൾക്ക് ഓൺലൈനായി നൽകുന്നതിനും ലക്ഷ്യമിടുന്നു.

## ഡിജിറ്റൽ റീസർവ്വേ

367 (3365) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിർത്തി തർക്കങ്ങളുമായി ബന്ധപ്പെട്ടുള്ള സർവ്വേ നടപടികൾക്കായി താലൂക്ക് ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിലുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എല്ലാ വില്ലേജുകളിലും ഡിജിറ്റൽ റീസർവ്വേ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ?

സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയായെങ്കിലും 87 വില്ലേജുകൾ ഒഴികെ ബാക്കിയുള്ള വില്ലേജുകളെല്ലാം പരമ്പരാഗത സർവ്വേ ഉപകരണങ്ങളുപയോഗിച്ച് സർവ്വേ ചെയ്തിട്ടുള്ളതും റിക്കാർഡുകൾ പേപ്പർ ഫോർമാറ്റിലുമാണ്. ടി മാപ്പുകളൊന്നും കാലഘട്ടത്തിനനുസൃതമായി ഡിജിറ്റൽ ഫോർമാറ്റിൽ മാറ്റുന്നതിനോ ഡിജിറ്റൽ സംവിധാനത്തിലൂടെയുള്ള സേവനം ജനങ്ങൾക്ക് നൽകുന്നതിനോ സാധിക്കാത്തതാണ്. സംസ്ഥാനത്തെ എല്ലാ വില്ലേജുകളുടെയും ഡിജിറ്റൽ സർവ്വേ മാപ്പുകൾ ആവശ്യമാണ്. ആയതിനാൽ ഡിജിറ്റൽ റിക്കാർഡുകൾ തയ്യാറാക്കിയിട്ടുള്ള 87 വില്ലേജുകളും നിലവിൽ ഡിജിറ്റൽ സർവ്വേ ജോലികൾ പുരോഗതിയിലുള്ള 29 വില്ലേജുകളും ഒഴികെ ശേഷിക്കുന്ന 1550 വില്ലേജുകൾ നൂതന സർവ്വേ സാങ്കേതികവിദ്യകളായ CORS (Continuously Operating Reference Stations), RTK (Real Time Kinematic), Drone, ETS എന്നിവ പ്രയോജനപ്പെടുത്തി 4 വർഷത്തിനകം ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കുക എന്ന ലക്ഷ്യത്തോടെ

807.98 കോടി രൂപയുടെ പദ്ധതി അംഗീകരിച്ച് 4 ഘട്ടങ്ങളായി നടക്കുന്ന ഡിജിറ്റൽ റീസർവ്വേയുടെ ആദ്യ ഘട്ടത്തിന് 339.438 കോടി രൂപ RKI- ൽ ഉൾപ്പെടുത്തി അനുമതി നൽകിയിട്ടുണ്ട്.

(സി)എങ്കിൽ ഇത് പൂർത്തിയാക്കുന്നതിനായി കാലാവധി നിശ്ചയിച്ചിട്ടുണ്ടോ; അറിയിക്കുമോ?

സംസ്ഥാനത്താകെയുള്ള 1666 വില്ലേജുകളിൽ ഡിജിറ്റൽ രീതിയിൽ റീസർവ്വേ പൂർത്തീകരിച്ച 87 വില്ലേജുകളും നിലവിൽ ഡിജിറ്റൽ രീതിയിൽ സർവ്വേ ചെയ്യുന്ന 29 വില്ലേജുകളും ഒഴികെ ശേഷിക്കുന്ന 1550 വില്ലേജുകൾ നൂതന സർവ്വേ സാങ്കേതികവിദ്യകളായ CORS (Continuously Operating Reference Stations), RTK (Real Time Kinematic), Drone, ETS എന്നിവ പ്രയോജനപ്പെടുത്തി 4 വർഷത്തിനകം ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

**റീസർവ്വേ നടപടികൾ**

368 (3366) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. ടി. വി. ഇബ്രാഹിം:
ഡോ. എം. കെ. മുനീർ:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേ റെക്കോർഡുകളിൽ കൃത്യത വരുത്തുന്നതിനായി 1966-ൽ ആരംഭിച്ച റീസർവ്വേ നടപടികൾ എത്ര ശതമാനം പൂർത്തീകരിക്കാൻ കഴിഞ്ഞുവെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് 1966-ൽ ആരംഭിച്ച റീസർവ്വേ നടപടികൾ നാളിതുവരെ 55% പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) റീസർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി സർവ്വേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ ഡിജിറ്റൽ സർവ്വേ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ?

റീസർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി സർവ്വേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ ഡിജിറ്റൽ സർവ്വേ നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്താകെയുള്ള 1666 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയായെങ്കിലും 87 വില്ലേജുകളൊഴികെ ബാക്കിയുള്ള വില്ലേജുകളെല്ലാം പരമ്പരാഗത സർവ്വേ ഉപകരണങ്ങളുപയോഗിച്ച് സർവ്വേ ചെയ്തിട്ടുള്ളതും റെക്കാർഡുകൾ

പേപ്പർ ഫോർമാറ്റിലുള്ളതുമാണ്. ടി മാപ്പുകളൊന്നും കാലഘട്ടത്തിനനുസൃതമായി ഡിജിറ്റൽ ഫോർമാറ്റിൽ മാറ്റുന്നതിനോ ഡിജിറ്റൽ സംവിധാനത്തിലൂടെയുള്ള സേവനം ജനങ്ങൾക്ക് നൽകുന്നതിനോ സാധിക്കാത്തതാണ്. പ്രസ്തുത സാഹചര്യത്തിൽ ഡിജിറ്റലായി റീസർവ്വേ നടത്തിയ 87 വില്ലേജുകളും നിലവിൽ ഡിജിറ്റൽ സർവ്വേ നടപടികൾ നടന്നുവരുന്ന 29 വില്ലേജുകളും ഒഴികെ ബാക്കി 1550 വില്ലേജുകളും നൂതന സാങ്കേതികവിദ്യയുടെ സഹായത്താൽ സർവ്വേ നടത്തി സമയബന്ധിതമായി തന്നെ ടി ജോലികൾ പൂർത്തിയാക്കുന്നതിനുള്ള കർമ്മപദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. ടി ജോലികൾ കൂടുതൽ വേഗത്തിലും കൃത്യതയിലും നിർവ്വഹിക്കുന്നതിലേയ്ക്കായി Continuously Operating Reference Station (CORS) നെറ്റ് വർക്ക് സ്ഥാപിക്കുന്നതിനും Real-time kinematic positioning (RTK) ഉപകരണങ്ങളുടെ സഹായത്താൽ ഡിജിറ്റൽ റീസർവ്വേ പൂർത്തീകരിക്കുന്നതിനായി 807.98 കോടി രൂപയുടെ പദ്ധതി അംഗീകരിച്ച് 4 ഘട്ടങ്ങളിലായി നടത്തുന്ന പദ്ധതിയുടെ ആദ്യ ഘട്ടത്തിന് 339.438 കോടി രൂപ RKI-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ടി സാങ്കേതികവിദ്യയിൽ കൂടുതൽ പരിജ്ഞാനമുള്ള സർവ്വേ ഓഫ് ഇന്ത്യ മുഖേന ആയത് സ്ഥാപിക്കുന്നതിനുള്ള ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. സർവ്വേ ഓഫ് ഇന്ത്യയുടെ പ്ലാനനുസരിച്ച് സംസ്ഥാനത്താവശ്യമായിട്ടുള്ള 28 സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് 9 കോടി രൂപയാണ് എസ്റ്റിമേറ്റ് ചെയ്തിട്ടുള്ളത്. നിലവിൽ ഒരു സ്റ്റേഷന് മൂന്ന് സ്ഥാനങ്ങൾ വീതം കണ്ടെത്തിയിട്ടുണ്ട്. സ്റ്റേഷൻ സ്ഥാപിക്കുന്ന സമയത്ത് ഏതെങ്കിലും സ്ഥാനം സിഗ്നൽ ടെസ്റ്റ് പാസ്സാകാത്ത സാഹചര്യമുണ്ടെങ്കിൽ പുതിയ സ്ഥാനം കണ്ടെത്തുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനാണ് ഒരു സ്റ്റേഷന് മൂന്ന് സ്ഥാനങ്ങൾ വീതം കണ്ടെത്തിയിട്ടുള്ളത്. CORS സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ സർവ്വേ ഓഫ് ഇന്ത്യ ആരംഭിച്ചുകഴിഞ്ഞു. ടി സംവിധാനം നടപ്പു സാമ്പത്തിക വർഷത്തിൽത്തന്നെ പ്രവർത്തനക്ഷമമാക്കുന്നതിന് ലക്ഷ്യമിടുന്നു.

(സി) റീസർവ്വേ നടപടികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നറിയിക്കുമോ?

ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കിയിട്ടുള്ള 87 വില്ലേജുകളും നിലവിൽ ഡിജിറ്റൽ സർവ്വേ ജോലികൾ പുരോഗതിയിലുള്ള 29 വില്ലേജുകളുമൊഴികെ ശേഷിക്കുന്ന 1550 വില്ലേജുകൾ നൂതന സർവ്വേ സാങ്കേതികവിദ്യകളായ CORS (Continuously Operating Reference Stations), RTK (Real Time Kinematic), Drone, ETS എന്നിവ പ്രയോജനപ്പെടുത്തി 4 വർഷത്തിനകം പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

### മാനന്തവാടി വർക്കിംഗ് വിമൻസ് ഹോസ്റ്റലിന്റെ പ്രവർത്തനം

369 (3367) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ വകുപ്പ് മാനന്തവാടിയിൽ നിർമ്മിച്ച വർക്കിംഗ് വിമൻസ് ഹോസ്റ്റലിന്റെ നിലവിലെ പ്രവർത്തനം വിശദീകരിക്കാമോ?

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മാനന്തവാടിയിൽ നിർമ്മിച്ച വർക്കിംഗ് വിമൻസ് ഹോസ്റ്റലിന്റെ സിവിൽ വർക്കുകളുടെ പണികൾ തീർന്നിട്ടുള്ളതും ഇലക്ട്രിക്കൽ പണികൾ 99% തീർന്നിട്ടുള്ളതുമാണ്. വർക്കിംഗ് വിമൻസ് ഹോസ്റ്റലിൽ അന്തേവാസികളെ താമസിപ്പിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു .

(ബി) ഈ സ്ഥാപനത്തിന്റെ നടത്തിപ്പും മറ്റ് ചുമതലകളും വഹിക്കുന്ന ഉദ്യോഗസ്ഥന്റെ തസ്തിക അറിയിക്കാമോ?

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ വയനാട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറാണ് മാനന്തവാടി വർക്കിംഗ് വിമൻസ് ഹോസ്റ്റലിന്റെ നടത്തിപ്പും മറ്റ് ചുമതലകളും വഹിക്കുന്നത് .

(സി) നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ സ്ഥാപനത്തിൽ നടത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

വനിതാ ജീവനക്കാർക്ക് മിതമായ ചെലവിൽ സുരക്ഷിതവും സൗകര്യപ്രദവുമായി താമസിക്കുന്നതിന് സൗകര്യം ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഒരു ബെഡ് സിക്ക് റൂം, വികലാംഗർക്കായി ഒരു 6 ബെഡ് ഡോർമെടിയും ഉൾപ്പെടെ ആകെ 169 കിടക്കകൾ ഉൾക്കൊള്ളിച്ചിട്ടുള്ള 3256.82 ച.മീ. വിസ്തീർണ്ണമുള്ള 3 നില കെട്ടിടമാണ് പദ്ധതിയിലൂടെ ഉദ്ദേശിച്ചത്. എല്ലാ മുറികൾക്കും attached ടോയ്‌ലറ്റ് സൗകര്യങ്ങളുണ്ട്. കൂടാതെ 57 കുട്ടികളെ ഉൾക്കൊള്ളിക്കാവുന്ന ഒരു day care centre ഈ കെട്ടിടത്തിന്റെ താഴത്തെ നിലയിലുണ്ട്.

### പുതുക്കാട് മണ്ഡലത്തിലെ മാട്ടുമലയിൽ ഫ്ലാറ്റ് നിർമ്മാണം

370 (3368) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട മാട്ടുമലയിൽ ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഭവനരഹിതർക്കായി ഫ്ലാറ്റ് നിർമ്മിക്കുന്നതിനുള്ള നടപടി ഉപേക്ഷിക്കപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പുതുക്കാട് മണ്ഡലത്തിൽപ്പെട്ട മാട്ടുമലയിൽ ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഭവനരഹിതർക്കായി ഫ്ലാറ്റ് നിർമ്മിക്കുന്നതിനുള്ള ഭവന നിർമ്മാണ ബോർഡിന്റെ നടപടി ഉപേക്ഷിച്ചിട്ടില്ല. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത ഭൂമിയിൽ പുതുക്കാട് മണ്ഡലത്തിലെ ഭവന-ഭൂരഹിതരായ ലൈഫ് പദ്ധതി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അപേക്ഷകർക്ക് പാർപ്പിട സൗകര്യമൊരുക്കുന്നതിനായി ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ പദ്ധതി തയ്യാറാക്കുന്നതിനും ആയതിന് ഭൂമി വിട്ടുനൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പ്രസ്തുത ഭൂമിയിൽ കേരളത്തിലെ ദുർബ്ബല വിഭാഗത്തിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭൂ-ഭവന രഹിതരായ EWS വിഭാഗത്തിൽപ്പെട്ടവർക്ക് ഫ്ലാറ്റ് നിർമ്മിച്ചു നൽകുന്ന 'സാഫല്യം' എന്ന പദ്ധതിയാണ് ബോർഡ് ആവിഷ്കരിച്ചിട്ടുള്ളത്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ടി പദ്ധതിയിലെ ബാക്കി പണികൾ പൂർത്തിയാക്കി ഫ്ലാറ്റുകൾ ഗുണഭോക്താക്കൾക്ക് നൽകുന്നതാണ്. ഗുണഭോക്താക്കളെ പഞ്ചായത്തും ഭവന നിർമ്മാണ ബോർഡും ഉൾപ്പെടുന്ന Beneficiary Selection Committee രൂപീകരിച്ചാണ് തെരഞ്ഞെടുക്കുന്നത്. പുതുക്കാട് മണ്ഡലത്തിലെ ഗ്രാമ പഞ്ചായത്തുകളിലെ ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾക്ക് പാർപ്പിടം നിർമ്മിക്കാനുള്ള ഭൂമി വാങ്ങി നൽകി പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ ലൈഫ് മിഷന്റെ കീഴിൽ നിലവിൽ നടത്തിവരുന്നുണ്ട്.

(സി) മാട്ടുമലയിലെ ഫ്ലാറ്റ് നിർമ്മാണത്തിന് നേരത്തെ തെരഞ്ഞെടുത്ത 50 സെന്റ് ഭൂമിയും ബാക്കിയുള്ള 25 സെന്റോളം ഭൂമിയും ഇത്തരത്തിലുള്ള വലിയ ഒരു ഹൗസിംഗ് പ്രോജക്റ്റിന് പൂർണ്ണമായും ഉപയോഗപ്പെടുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഫ്ലാറ്റിന്റെ തുടർ നിർമ്മാണം നടത്തുമ്പോൾ ബാക്കിയുള്ള 25 സെന്റ് ഭൂമിയുംകൂടി ടി ആവശ്യത്തിന് പ്രയോജനപ്പെടുത്തുന്നതാണ്.

**കയ്പമംഗലം മണ്ഡലത്തിലെ ഭവനരഹിതർക്ക് വീടും സ്ഥലവും**

371 (3369) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജകമണ്ഡലത്തിലെ സ്വന്തമായി സ്ഥലമോ വീടോ ഇല്ലാത്ത പാവപ്പെട്ട കുടുംബങ്ങൾക്ക് ആവശ്യമായ സ്ഥലവും വീടും ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കുമോ?

നിലവിൽ പദ്ധതികളൊന്നും ഭവന നിർമ്മാണ ബോർഡ് ആവിഷ്കരിച്ചിട്ടില്ല. എന്നാൽ എം. എൻ. ലക്ഷം വീട് പദ്ധതിയിലുൾപ്പെട്ട കയ്പമംഗലം എടവിലങ്ങാട് പഞ്ചായത്തിലെ 19 ഇരട്ട വീടുകൾ ഒറ്റവീടുകളാക്കുന്നതിന് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) സ്വന്തം ഭൂമിയില്ലാത്ത പാവപ്പെട്ട കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനുള്ള ഭൂമി നൽകുന്നതിനുള്ള പദ്ധതി ഹൗസിംഗ് ബോർഡിന്റെ നേതൃത്വത്തിൽ ആവിഷ്കരിക്കുമോ?

നിലവിൽ ഭവന നിർമ്മാണ ബോർഡിന്റെ പരിഗണനയിലില്ല.

**ഗവൺമെന്റ് മഹാരാജാസ് താലൂക്ക് ആശുപത്രി വികസനം**

372 (3370) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ടതും സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് നിർമ്മാണ ചുമതലയുള്ളതുമായ കൊച്ചി ഗവൺമെന്റ് മഹാരാജാസ് താലൂക്ക് ആശുപത്രി വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

കൊച്ചി ഗവൺമെന്റ് മഹാരാജാസ് താലൂക്ക് ആശുപത്രി വികസനവുമായി ബന്ധപ്പെട്ട് കരാറുകാരൻ 30-6-2021-ൽ ഭവന നിർമ്മാണ ബോർഡുമായി കരാറിലേർപ്പെട്ടു. സൈറ്റിൽ നിലവിലുള്ള പൊളിച്ചുനീക്കേണ്ട കെട്ടിടങ്ങൾക്കുള്ള ലേലം 30-9-2021-ൽ നടന്നത് ഡി.എം.ഒ.-യുടെ അംഗീകാരത്തിനായി ഭവന നിർമ്മാണ ബോർഡ് അയച്ചിരിക്കുകയാണ്. Proposed building-ന്റെ ഭാഗത്തെ മരങ്ങൾ മുറിച്ചുമാറ്റുന്നത് പൂർത്തീകരിച്ചിട്ടുണ്ട്. Test piling ചെയ്യുന്നതിനായി Total station survey-യും മറ്റുനടപടികളും പൂർത്തിയായിവരുന്നു. ഹോസ്പിറ്റൽ അധികൃതർ Site clear ചെയ്ത് കൈമാറുന്നമുറയ്ക്ക് 18 മാസത്തിനുള്ളിൽ പണികൾ പൂർത്തിയാക്കുവാൻ സാധിക്കും.

(ബി) ഇതു സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഈ പദ്ധതി സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) പ്രസ്തുത ആശുപത്രി വികസന പ്രവർത്തനവുമായി ബന്ധപ്പെട്ട് ബോർഡ് നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

---

* നിയമസഭായുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

8-2-2018-ലെ G.O. (Rt) No-475/2018/H&FWD നമ്പർ ഉത്തരവ് പ്രകാരം എറണാകുളം ജില്ലയിൽ മഹാരാജാസ് താലൂക്കാശുപത്രിയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി ഭവന നിർമ്മാണ ബോർഡിനെ സർക്കാർ നിയമിച്ചിരുന്നു. 54.45 കോടി രൂപ ചെലവിൽ ടി പദ്ധതി നടപ്പിലാക്കുന്നതിന് 15-12-2018-ൽ സ.ഉ.(സാധാ) നമ്പർ 3699/2018/ആ.കു.വ. പ്രകാരം (ഹെൽത്ത് & ഫാമിലി വെൽഫെയർ വകുപ്പ്) ഭരണാനുമതി നൽകിയിരുന്നു. ഭവന നിർമ്മാണ ബോർഡ് കിഫ്ബിക്ക് സമർപ്പിച്ച DPR പരിശോധിച്ച് 28-10-2020-ലെ നടപടിക്രമംപ്രകാരം 29.67 കോടി രൂപയ്ക്കുള്ള സാമ്പത്തികാനുമതി കിഫ്ബി നൽകിയിരുന്നു. "സിവിൽ വർക്ക്, വാട്ടർ സപ്ലൈ, സാനിട്ടറി വർക്ക്സ്, ഭൂവികസന പ്രവർത്തനം, റോഡ് നിർമ്മാണം, ചുറ്റുമതിൽ, വാച്ച്മാന്റെ ക്യാബിൻ, ഡ്രെയിനേജ് വർക്കുകൾ തുടങ്ങിയവ ചെയ്യുന്നതിലേയ്ക്കായി" Package I ആയി 20.76 കോടി രൂപയ്ക്ക് (GST ഉൾപ്പെടെ) 21-1-2021-ൽ ചീഫ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകുകയും ഏറ്റവും കുറഞ്ഞ നിരക്കായ 18,78,13,364.44 രൂപ രേഖപ്പെടുത്തിയിരുന്ന M/s. GKV Associates-ന് 7-5-2021-ൽ വർക്ക് ഓർഡർ നൽകുകയും ചെയ്തു. ഈ വർക്കുകൾ പൂർത്തീകരിക്കുന്നതിനുള്ള കാലാവധി 18 മാസമായാണ് നിശ്ചയിച്ചിരിക്കുന്നത്. കോവിഡ് ലോക്ക്ഡൗൺ സാഹചര്യം കണക്കിലെടുത്ത് M/s. GKV Associates ആവശ്യപ്പെട്ടതനുസരിച്ച് 30-6-2021 വരെ കരാർ വയ്ക്കുന്നതിനുള്ള സമയം ദീർഘിപ്പിച്ചു നൽകിയതിന്റെ അടിസ്ഥാനത്തിൽ M/s. GKV Associates 30-6-2021-ന് ബോർഡുമായി എഗ്രിമെന്റിലേർപ്പെട്ടു. സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസിൽപ്പെട്ട പൊല്യൂഷൻ കൺട്രോൾ ബോർഡിൽനിന്നുള്ള എൻ.ഒ.സി., ഏവിയേഷൻ ക്ലിയറൻസ് എൻ.ഒ.സി. എന്നിവ ലഭ്യമായിട്ടുണ്ട്. 16-9-2021-ൽ ഫയർ എൻ.ഒ.സി. ലഭിക്കുന്നതിനായുള്ള അപേക്ഷ ഭവന നിർമ്മാണ ബോർഡ് ഫയർ ഡിപ്പാർട്ട്മെന്റിൽ സമർപ്പിച്ചു. ഹോസ്പിറ്റൽ അധികൃതർ സൈറ്റ് ക്ലിയർചെയ്ത് കൈമാറുന്നമുറയ്ക്ക് 18 മാസത്തിനുള്ളിൽ പണികൾ പൂർത്തിയാക്കുവാൻ സാധിക്കും.

(ഡി) പ്രസ്തുത പദ്ധതി പ്രദേശം സി.ആർ.ഇസഡ്.-II സോണിൽ ഉൾപ്പെടുന്നതിനാൽ കെ.സി.ഇസഡ്.എം.എ.-യുടെ എൻ.ഒ.സി. ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് ലഭ്യമാക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

നിർമ്മാണ പെർമിറ്റിനാവശ്യമായ CRZ (Coastal Regulation Zone) എൻ.ഒ.സി.-ക്കായി KCZMA (Kerala Coastal Zone Management Authority)-ൽ നിന്നും എൻ.ഒ.സി. ലഭ്യമാക്കേണ്ടതുണ്ട്. സി.ആർ.ഇസഡ് എൻ.ഒ.സി. ലഭിക്കുന്നതിലേയ്ക്കായി NCESS (National Centre for Earth Science Studies)-ലേയ്ക്ക് ഇൻസ്പെക്ഷൻ ഫീസ് ട്രാൻസ്ഫർ ചെയ്തുനൽകിയെങ്കിലും നാളിതുവരെ ഇൻസ്പെക്ഷൻ നടത്തിയിട്ടില്ല.

(ഇ) എൻ.ഒ.സി. എപ്പോഴേയ്ക്ക് ലഭ്യമാകുമെന്നും നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്നതും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

CRZ എൻ.ഒ.സി. ലഭിക്കുന്നതിലേയ്ക്കായി NCESS-ലേയ്ക്ക് ഇൻസ്പെക്ഷൻ ഫീസ് നൽകിയെങ്കിലും നാളിതുവരെ ഇൻസ്പെക്ഷൻ നടത്തിയിട്ടില്ല. ഹോസ്പിറ്റൽ അധികൃതർ സൈറ്റ് ക്ലിയർചെയ്ത് കൈമാറുന്നമുറയ്ക്ക് 18 മാസത്തിനുള്ളിൽ പണികൾ പൂർത്തിയാക്കുവാൻ സാധിക്കും.

**നിർമ്മാണ മേഖലയിൽ നിർമ്മിതി കേന്ദ്രത്തിന്റെ ഇടപെടൽ**

373 (3371) ശ്രീ. പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കെ. പി. എ. മജീദ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭവനനിർമ്മാണ വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തു ന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

ഭവന നിർമ്മാണ വകുപ്പിനുകീഴിലുള്ള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് 14-ാം പഞ്ചവത്സര പദ്ധതി (2022-2027) കാലയളവിൽ 3 മുതൽ 6 ലക്ഷം രൂപവരെ വാർഷിക വരുമാന പരിധിയിൽപ്പെടുന്ന ഭൂ-ഭവന രഹിതരായ ഗുണഭോ ക്താക്കൾക്ക് സർക്കാർ ധനസഹായത്തോടെ ദുർബ്ബല/താഴ്ന്ന വിഭാഗക്കാർക്കായുള്ള ഭവന പദ്ധതി, വനിതാ ജീവനക്കാർക്ക് മിതമായ ചെലവിൽ സുരക്ഷിതവും സൗകര്യപ്രദവുമായ താമസസൗകര്യം ലഭ്യമാക്കുന്നതിനായി വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും മിതമായ വാടക നിരക്കിൽ താമസസൗകര്യം ലഭ്യമാക്കുന്നതിനായി ആശ്വാസ് വാടക വീട് പദ്ധതി, സർക്കാർ ഭൂമിയിൽ സർക്കാർ ഉദ്യോഗസ്ഥർക്കുള്ള ഭവന പദ്ധതി, ഗൃഹശ്രീ പദ്ധതി, ട്രാൻസ് ജെൻഡർ വിഭാഗത്തിന് സുകൃതം പദ്ധതി, വൃദ്ധജനങ്ങൾക്ക് സായാഹ്ന സദനം പദ്ധതി, വനിതകൾക്ക് രാത്രി കാലങ്ങളിൽ സുരക്ഷിതമായി വിശ്രമിക്കുന്നതിനായി സ്ത്രീ സുരക്ഷ പദ്ധതി, ചേരിനിവാസികളുടെ പുനരധിവാസം, എം.എൻ. ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി, റവന്യൂ ടവർ/ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണ പദ്ധതി, 4-6 ലക്ഷം രൂപ വാർഷിക വരുമാനമുള്ളവർക്ക് റീബിൽഡ് കേരള പദ്ധതി യിലുൾപ്പെടുത്തി കുറഞ്ഞ ചെലവിൽ പാർപ്പിട സൗകര്യം ലഭ്യമാക്കുന്നതിന് കൈരളി ശ്രീ ഭവന പദ്ധതി മുതലായവ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. കേരള

സംസ്ഥാന നിർമ്മിതി കേന്ദ്രം (കെസ്നിക്) എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് ഫിനിഷിംഗ് സ്കൂൾ ആരംഭിക്കുന്നതിനും കെസ്നിക് കാമ്പസുകൾ കെട്ടിട നിർമ്മാണ മേഖലകളുമായി ബന്ധപ്പെട്ട മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനും നിർമ്മാണ മേഖലയിലെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് മൊബൈൽ ടെസ്റ്റിംഗ് ലാബുകൾ സ്ഥാപിക്കുന്നതിനും കെസ്നിക് കാമ്പസുകൾ നിർമ്മാണ മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് ഒരു ഫെസിലിറ്റേറ്ററായി പ്രവർത്തിക്കുന്നതിനും രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലെ നിർമ്മാണരീതി അവലംബിച്ച് വിവിധ നിർമ്മിതികളുടെ ഒരു പാർക്ക്, നിർമ്മാണ മേഖലയിലെ വിവിധ കോഴ്സുകൾക്കായുള്ള പഠന കേന്ദ്രങ്ങൾ, എക്സിബിഷൻ സെന്ററുകൾ തുടങ്ങിയ പദ്ധതികൾ ഉൾപ്പെടുത്തിയുള്ള വിപുലമായ ഹൗസിംഗ് പാർക്ക് നിർമ്മാണം നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നിർമ്മിതി കേന്ദ്രം സംസ്ഥാനത്തെ നിർമ്മാണ മേഖലയിൽ ഏതെല്ലാം തരത്തിലാണ് ഇടപെടുന്നത്; വിശദാംശം ലഭ്യമാക്കുമോ?

ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹാർദ്ദവുമായ കെട്ടിട നിർമ്മാണ സാങ്കേതികവിദ്യകൾ വികസിപ്പിക്കുക, പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന നിർമ്മിതി കേന്ദ്രം പ്രവർത്തിച്ചുവരുന്നത്. നിർമ്മാണമേഖലയിലെ വിഷയങ്ങളിൽ സാങ്കേതിക സേവനം നൽകുക, കൺസൾട്ടൻസി പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുക, കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട വിവിധ മേഖലകളിൽ തൊഴിൽ പരിശീലനം നൽകുക, കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉൽപ്പാദനം, നിർമ്മാണ മേഖലകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായുള്ള പരിശോധന ലാബുകൾ നടത്തുക, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതും വീട് വയ്ക്കുന്നതുമായ ഗുണഭോക്താക്കൾക്ക് സൗജന്യ നിരക്കിൽ കമ്പി, സിമന്റ് നൽകുന്ന ന്യായവില വിപണനകേന്ദ്രമായ കലവറകളുടെ നടത്തിപ്പ് എന്നിവയാണ് സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ പ്രധാന പ്രവർത്തന മേഖലകൾ.

(സി) നിർമ്മിതി കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ വസ്തുക്കൾ കുറഞ്ഞവിലയ്ക്ക് വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ വിവിധ ജില്ലകളിൽ പ്രവർത്തിച്ചുവരുന്ന ന്യായവില വിപണന കേന്ദ്രമായ 16 കലവറകൾ മുഖേന ബി.പി.എൽ. ഗുണഭോക്താക്കൾ, സർക്കാരിന്റെ വിവിധ പദ്ധതികളിൽ വീട് വയ്ക്കുന്നവർ എന്നിവർക്ക് സിമന്റ്, കമ്പി എന്നിവ സൗജന്യ നിരക്കിൽ നൽകി വരുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും അതാത് പഞ്ചായത്തുകളുടെ സഹകരണത്തോടെ കലവറയുടെ സേവനം ലഭ്യമാക്കി, ആവശ്യക്കാർക്ക് സിമന്റ്, കമ്പി എന്നിവ നൽകുന്നതിനും പദ്ധതിയുണ്ട്.

## തിരുവനന്തപുരം ജില്ലയിൽ സാഫല്യം ഭവന നിർമ്മാണ, ഗൃഹശ്രീ ഭവനപദ്ധതികൾ

374 (3372) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 കാലയളവിൽ സാഫല്യം ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭൂ-ഭവനരഹിതരിൽ എത്ര പേർക്ക് വീട് അനുവദിച്ചിട്ടുണ്ടെന്നും എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

2016-21 കാലയളവിൽ സാഫല്യം ഭവന നിർമ്മാണപദ്ധതിയിൽ ഉൾപ്പെടുത്തി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭൂ-ഭവനരഹിതരിൽ ആർക്കും വീട് അനുവദിച്ചിട്ടില്ല.

(ബി) ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം എത്ര പേർക്ക് വീട് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം 2016-21 കാലയളവിൽ 2184 വീടുകൾ പൂർത്തീകരിച്ച് നൽകിയിട്ടുണ്ട്.

(സി) സാഫല്യം ഭവന നിർമ്മാണ പദ്ധതി, ഗൃഹശ്രീ ഭവന പദ്ധതി എന്നിവ പ്രകാരം തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലാണ് വീടുകൾ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സാഫല്യം ഭവന നിർമ്മാണ പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ വീടുകൾ അനുവദിച്ചിട്ടില്ല. ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിലെ വിവിധ ഗ്രാമ പഞ്ചായത്തുകളിൽ അനുവദിച്ച വീടുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

## കണ്ണൂരിൽ ഗ്രീൻ ഫീൽഡ് തുറമുഖ പദ്ധതി

375 (3373) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിൽ മലബാർ ഇന്റർനാഷണൽ പോർട്ട് ആൻഡ് സെസ് ലിമിറ്റഡ് നിർമ്മിക്കുന്ന ഗ്രീൻ ഫീൽഡ് തുറമുഖ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

തുറമുഖ വികസനത്തിനുള്ള ഡി.പി.ആർ. തയ്യാറായിക്കൊണ്ടിരിക്കുന്നു. അതോടൊപ്പം പാരിസ്ഥിതിക പഠനങ്ങളും പുരോഗമിക്കുന്നുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) പോർട്ടിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നതിന് കണ്ണൂർ കേന്ദ്രീകരിച്ച് ഓഫീസ് സംവിധാനം തുടങ്ങുന്നത് പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ കണ്ണൂരിൽ ഓഫീസ് തുടങ്ങുന്നത് പരിഗണിക്കാമോ?

നിർമ്മാണ പ്രവർത്തനങ്ങൾ കണ്ണൂരിൽ ആരംഭിക്കുന്ന ഘട്ടത്തിൽ പദ്ധതി പ്രദേശത്ത് പ്രോജക്ട് ഓഫീസ് ആരംഭിക്കാനാണ് നിലവിൽ ഉദ്ദേശിക്കുന്നത്.

(സി) പോർട്ടുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രാരംഭ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഡി.പി.ആർ. സർക്കാർ അംഗീകരിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പാക്കുന്നതിന്റെ വിശദാംശങ്ങൾ തീരുമാനിക്കുന്നതാണ്.

### ആലപ്പുഴ തുറമുഖ നവീകരണം

376 (3374) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ തുറമുഖം നവീകരിച്ച് ചരക്ക് ഗതാഗതത്തിനും ടൂറിസ്റ്റുകൾക്ക് കടൽ യാത്രാസൗകര്യമൊരുക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ആലപ്പുഴ തുറമുഖം ചരക്ക് നീക്കത്തിനുതകുന്ന തരത്തിൽ വികസിപ്പിക്കുന്നതിന് പരിമിതികളുണ്ട്. മുസിരീസ് പൈതൃക പദ്ധതിയിലുൾപ്പെടുത്തി 350 മീറ്റർ നീളത്തിൽ ഒരു പാലം നിർമ്മിച്ച് ടൂറിസ്റ്റുകൾക്ക് സൗകര്യമൊരുക്കുന്നതിന് പരിപാടിയുണ്ട്.

(ബി) ആലപ്പുഴയുടെ ടൂറിസം രംഗത്തെ സാദ്ധ്യതകൾ പരിഗണിച്ച് ആലപ്പുഴ തുറമുഖ വികസനം സാദ്ധ്യമാക്കാൻ എന്തൊക്കെ പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കാമോ?

ആലപ്പുഴയുടെ ടൂറിസം രംഗത്തെ സാദ്ധ്യതകൾ പരിഗണിച്ച് ഒരു ഫ്ലോട്ടിംഗ് ബ്രിഡ്ജ് നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

### വിഴിഞ്ഞം തുറമുഖ പദ്ധതി

377 (3375) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിഴിഞ്ഞം തുറമുഖ പദ്ധതി നിർദ്ദിഷ്ട കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിയില്ല എന്ന് തുറമുഖ നിർമ്മാണ കമ്പനി വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ എന്തൊക്കെ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർണ്ണായക ഘടകമായ പുലിമുട്ട് നിർമ്മാണത്തിനാവശ്യമായ പാറ ലഭ്യമാക്കുവാൻ കരാർ കമ്പനിക്ക് കഴിയാതെ വന്നതുകൊണ്ടാണ് പദ്ധതി നിർദ്ദിഷ്ട കാലാവധിക്കുള്ളിൽ പൂർത്തിയാക്കാൻ സാധിക്കാതെ വന്നത്. പദ്ധതി അടിയന്തരമായി പൂർത്തിയാക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. കരാറിലെ ' Force Majeure Events' വ്യവസ്ഥകൾ ഉന്നയിച്ച് പദ്ധതി പൂർത്തീകരണത്തിന് സമയം നീട്ടി നൽകണമെന്ന് ' Arbitration Tribunal' മുമ്പാകെ നിർമ്മാണ കമ്പനി അപേക്ഷിച്ചിട്ടുണ്ട്. Arbitration നടപടികൾ നിർമ്മാണപ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നില്ലെന്ന് സർക്കാർ ഉറപ്പാക്കിയിട്ടുണ്ട്. കരാറിലെ വ്യവസ്ഥകൾക്ക് വിധേയമായി പദ്ധതി ഏറ്റവും വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്.

**വിഴിഞ്ഞം തുറമുഖ നിർമ്മാണ കരാർ**

378 (3376) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണം ആയിരം ദിവസംകൊണ്ട് പൂർത്തീകരിക്കുന്നതിൽ തടസ്സം എന്താണെന്ന് വെളിപ്പെടുത്താമോ; തുറമുഖ നിർമ്മാണ കരാർ ലംഘനം ഉണ്ടായിട്ടുണ്ടോയെന്നും ഉണ്ടായെങ്കിൽ ലംഘനം നടത്തിയത് ആരാണെന്നും അറിയിക്കാമോ?

കരാർ പ്രകാരം ആദ്യഘട്ട നിർമ്മാണ കാലയളവ് പൂർത്തീകരിക്കേണ്ടത് 1460 ദിവസങ്ങൾക്കുള്ളിലാണ്. പദ്ധതിയുടെ നിർണ്ണായക ഘടകമായ പുലിമുട്ട് നിർമ്മാണത്തിലെ കാലതാമസമാണ് പദ്ധതി സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കുന്നതിന് തടസ്സമായിട്ടുള്ളത്. കരാറിലെ വ്യവസ്ഥ പ്രകാരം കൺസഷണർക്ക് പുലിമുട്ട് നിർമ്മാണം നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടില്ല.

(ബി) കരാർ ലംഘനത്തിന് നഷ്ടപരിഹാരം ഈടാക്കുവാൻ കരാറിൽ വ്യവസ്ഥയുണ്ടോ?

ഉണ്ട്.

(സി) തുറമുഖ നിർമ്മാണത്തിനായി ഏറ്റെടുക്കേണ്ട സ്ഥലം പൂർണ്ണമായി ഏറ്റെടുത്ത് നൽകുന്നതിന് തടസ്സമെന്താണെന്നും സ്ഥലമേറ്റെടുക്കൽ എന്നത്തേയ്ക്ക് പൂർത്തിയാകുമെന്നും വിശദമാക്കാമോ?

കൺസഷൻ എഗ്രിമെന്റ് പ്രകാരം ഭൂമിയുടെ 97.10% ഭൂമി കരാർ കമ്പനിക്ക് കൈമാറിയിട്ടുണ്ട്. ബാക്കി സ്ഥലം 4 മാസത്തിനകം ഏറ്റെടുത്ത് നൽകാനാണ് ലക്ഷ്യമിടുന്നത്.

(ഡി) മത്സ്യത്തൊഴിലാളി ക്ഷേമത്തിനായി എന്തൊക്കെ വ്യവസ്ഥകൾ കരാറിലുണ്ട്; പ്രസ്തുത വ്യവസ്ഥകൾ നടപ്പിലാക്കിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും എന്നത്തേയ്ക്ക് നടപ്പിലാക്കുമെന്നും വിശദമാക്കാമോ;

(ഇ) തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട ഫിഷറീസ് ഹാർബറിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ; ഇതിന്റെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

(ഡി&ഇ) മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ഫിഷ് ലാൻഡിംഗ് ബെർത്തും അനുബന്ധ സൗകര്യങ്ങളോട്ടുകൂടിയുള്ള ഒരു ഫിഷിംഗ് ഹാർബറും സീപോർട്ടിനോടൊപ്പം പൂർത്തീകരിക്കുന്നതിനുള്ള വ്യവസ്ഥ കരാറിലുണ്ട്. സീപോർട്ട് നിർമ്മാണം വൈകുന്നതിനാൽ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണവും വൈകുകയാണ്.

(എഫ്) തദ്ദേശവാസികൾക്കായി കരാറിൽ എന്തെല്ലാം വ്യവസ്ഥകളാണുള്ളതെന്നും ഇവ എന്നത്തേയ്ക്ക് നടപ്പിലാക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ?

വിഴിഞ്ഞം തുറമുഖ നിർമ്മാണ കരാറിൽ തദ്ദേശീയരായ മത്സ്യത്തൊഴിലാളികൾക്ക് ഒരു പുതിയ ഫിഷിംഗ് ഹാർബർ നിർമ്മിച്ച് നൽകാൻ വ്യവസ്ഥയുണ്ട്.

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ തുറമുഖ വകുപ്പ് പദ്ധതികൾ

379 (3377) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ തുറമുഖ വകുപ്പിന് കീഴിൽ ഏതെങ്കിലും പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ?

(എ&ബി) ഇല്ല. ഇത്തരം പദ്ധതി നിർദ്ദേശങ്ങളൊന്നും നിലവിൽ തുറമുഖ വകുപ്പിന്റെ പരിഗണനയിലില്ല.

## ആലപ്പുഴ പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കടൽപ്പാലം നിർമ്മാണത്തിന് അനുമതി

380 (3378) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കടൽപ്പാലം നിർമ്മിക്കുന്നതിന് കിഫ്ബി ധനസഹായത്തോടെ വിഭാവന ചെയ്ത പദ്ധതിയുടെ വിശദാംശങ്ങളും ഇപ്പോഴത്തെ സ്ഥിതിയും വ്യക്തമാക്കാമോ?

ആലപ്പുഴ തുറമുഖ പൈതൃക പദ്ധതിയുടെ ഭാഗമായി പുതിയ കടൽപ്പാലം നിർമ്മിക്കുന്ന പദ്ധതി മുസിരീസ് ഹെറിറ്റേജ് പ്രോജക്ടിൽ ഉൾപ്പെടുത്തി ടെണ്ടർ ചെയ്തിരുന്നതെങ്കിലും പദ്ധതി ഏറ്റെടുക്കാൻ ആരും തയ്യാറായിട്ടില്ല.

(ബി) ടൂറിസം സാധ്യത പ്രയോജനപ്പെടുത്തുന്നതിനായി നിലവിലുള്ള പഴയ കടൽപ്പാലം പുതുക്കുന്നതിനും അത് സംരക്ഷിച്ചുകൊണ്ട് പുതിയ കടൽപ്പാലം നിർമ്മിക്കുന്നതിനും കഴിയുമോയെന്നും ഇതിനായി പ്രത്യേക പദ്ധതി നടപ്പാക്കാൻ തയ്യാറാകുമോയെന്നും വ്യക്തമാക്കാമോ?

പഴയ കടൽപ്പാലം നിലവിൽ വളരെയധികം ക്ഷയിച്ച രീതിയിലാണ്. പൈതൃക സ്വഭാവം നിലനിർത്തുന്നതിനുതകുംവിധം കടൽപ്പാലം നിലവിൽ അവശേഷിക്കുന്നില്ല. അതിനാൽ അത് പുനരുദ്ധരിക്കുന്നത് പ്രായോഗികമല്ല.

(സി) ആലപ്പുഴ പൈതൃക പദ്ധതിയിലുൾപ്പെടുത്തി പുതിയ കടൽപ്പാലം നിർമ്മിക്കുന്നതിനും ആലപ്പുഴ-കൊച്ചി-ബേപ്പൂർ തുറമുഖങ്ങളെ ബന്ധിപ്പിച്ച് ടൂറിസ്റ്റുകൾക്കായി ചെറുകപ്പൽ ഗതാഗതം നടപ്പാക്കുന്നതിനും തയ്യാറാക്കിയ പദ്ധതിയിന്മേൽ സ്വീകരിച്ച നടപടിയെന്തെന്ന് വിശദമാക്കാമോ?

ആഴം കുറവായതിനാൽ കപ്പൽ ഗതാഗതം ആരംഭിക്കുന്ന തരത്തിൽ വികസിപ്പിക്കുന്നതിന് ആലപ്പുഴ തുറമുഖത്തിന് പരിമിതികളുണ്ട്.

### ആലപ്പുഴ തുറമുഖത്തിന്റെ പുനരുദ്ധാരണം

381 (3379) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ തുറമുഖത്ത് ഏറ്റവുമൊടുവിൽ ചരക്കുകപ്പൽ എത്തിയത് ഏത് വർഷമാണെന്നും കപ്പൽ അവസാനമായി നങ്കൂരമിട്ടത് ഏത് വർഷമാണെന്നുമുള്ള വിവരം ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കാമോ?

രേഖകൾ പ്രകാരം 1989-ലാണ് ആലപ്പുഴ തുറമുഖത്ത് ചരക്കുകപ്പൽ അവസാനമായി നങ്കൂരമിട്ടത്.

(ബി) ചെലവ് കുറഞ്ഞ ചരക്കുനീക്കത്തിനുതകുംവിധം ആലപ്പുഴ തുറമുഖം പുനഃരുദ്ധരിക്കുന്നതിന് എന്തെങ്കിലും നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിലവിൽ ആലപ്പുഴ തുറമുഖത്ത് ചരക്ക് ഗതാഗതത്തിനുള്ള സാദ്ധ്യതകളില്ലാത്തതിനാൽ ആലപ്പുഴ തുറമുഖം പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതികളൊന്നും നിലവിലില്ല.

(സി) ആലപ്പുഴ നഗരത്തിന്റെ പ്രധാന ആകർഷണമായ തുറമുഖത്തോടൊപ്പം നിർമ്മിച്ച കടൽപ്പാലം അറ്റകുറ്റപ്പണി നടത്തി പുതുക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പൈതൃകം നിലനിർത്തുന്ന രീതിയിൽ പുനഃസ്ഥാപിക്കാൻ കഴിയാത്തവിധം കടൽപ്പാലം നശിച്ചുപോയിട്ടുള്ളതിനാൽ അറ്റകുറ്റപ്പണി നടത്തി പുതുക്കുന്നതിന് സാധിക്കില്ല. എന്നാൽ മുസിരിസ് പൈതൃക പദ്ധതിയിലുൾപ്പെടുത്തി ടൂറിസം ആവശ്യത്തിനായി 350 മീറ്റർ നീളത്തിൽ സമാന്തരമായി ഒരു പുതിയ പാലം നിർമ്മിക്കുന്നതിന് പദ്ധതിയുണ്ട്.

**അഴീക്കോട് പൂച്ചക്കടവ് തുറമുഖ നിർമ്മാണം**

382 (3380) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ അഴീക്കോട് പൂച്ചക്കടവ് തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിൽ ഏറ്റെടുത്തിരിക്കുന്ന പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

അഴീക്കോട് പൂച്ചക്കടവ് ഭാഗത്ത് ഡ്രഡ്ജിംഗിലൂടെ ഭൂമി നികത്തിയെടുക്കുന്ന പ്രവൃത്തി പൂർത്തിയായിവരുന്നു. സർവ്വേ നടപടികൾ പൂർത്തിയാക്കിയശേഷം മറ്റ് പ്രവൃത്തികളിൽ തീരുമാനമാകുന്നതാണ്.

(ബി) ഇതുമായി ബന്ധപ്പെട്ട ഡ്രെഡ്ജിംഗ് പ്രവർത്തനങ്ങൾ പൂർത്തിയാകാതെ നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തിയാക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

ഡ്രഡ്ജിംഗ് അടിയന്തരമായി പുനരാരംഭിക്കുന്നതിന് സർവ്വേ നടപടികൾ എത്രയുംവേഗം പൂർത്തിയാക്കുവാൻ ചീഫ് ഹൈഡ്രോഗ്രാഫർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**അഴീക്കൽ തുറമുഖത്തെ ഡ്രെഡ്ജിംഗ് പ്രവൃത്തി**

383 (3381) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കൽ തുറമുഖത്ത് നിലവിൽ ഡ്രെഡ്ജിംഗ് നടത്തുന്നുണ്ടോയെന്നും ഡ്രെഡ്ജിംഗ് നടത്തുന്നത് എത്ര മീറ്ററിലാണെന്നും ആയത് നടക്കുന്നില്ലായെങ്കിൽ എന്തുകൊണ്ടാണെന്നും തടസ്സങ്ങളുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും നൽകാമോ?

അഴീക്കൽ തുറമുഖത്ത് അടിയന്തരമായി 4 മീറ്റർ ആഴത്തിലും പിന്നീട് 7 മീറ്ററിലേയ്ക്കും ഡ്രഡ്ജിംഗ് നടത്താനാണുദ്ദേശിക്കുന്നത്. താല്പര്യപത്രമോ/ ദർഘാസോ ക്ഷണിച്ച് കപ്പൽ ചാനലിന്റെ ആഴം കൂട്ടുന്ന പ്രവൃത്തി നടത്താനാണ് ഉദ്ദേശിക്കുന്നത്.

(ബി) നിലവിൽ അഴീക്കൽ പോർട്ടിലുള്ള ഡ്രെഡ്ജിംഗ് മെറ്റീരിയൽ നീക്കം ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

ഉണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയാക്കുന്നതും എത്രയുംവേഗം മണൽ നീക്കം ചെയ്യാൻ ടെണ്ടർ വിജയിക്ക് നിർദ്ദേശം നല്കുന്നതുമാണ്.

(സി) എത്ര ടൺ ഡ്രെഡ്ജിംഗ് മെറ്റീരിയൽ തുറമുഖ ബർത്തിൽ കൂട്ടിയിട്ടിട്ടുണ്ടാകുമെന്നുള്ളതിന്റെ കണക്ക് വിശദമാക്കാമോ?

ഡ്രഡ്ജിംഗ് മെറ്റീരിയൽ നീക്കംചെയ്യുന്ന മുറയ്ക്കുമാത്രമേ ഇതുസംബന്ധിച്ച കണക്ക് ലഭ്യമാകുകയുള്ളൂ.

**അഴീക്കൽ പോർട്ട് റീജിയണൽ പോർട്ടായി മാറ്റുന്നതിനുള്ള നടപടി**

384 (3382) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ അഴീക്കൽ പോർട്ട് റീജിയണൽ പോർട്ടായി ഉയർത്തിയതിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

കോഴിക്കോട് തുറമുഖ ഓഫീസിലെ ഓഫീസർ-ഇൻ-ചാർജ്ജിന് അഴീക്കൽ തുറമുഖത്തിന്റെ അധിക ചുമതല നൽകിയിട്ടുണ്ട്.

(ബി) റീജിയണൽ പോർട്ട് ഓഫീസർ, അധിക ജീവനക്കാർ എന്നിവരെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് തടസ്സങ്ങൾ ഉണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

അധിക ജീവനക്കാരെ ആവശ്യമെങ്കിൽ പുനർവിന്യസിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) റീജിയണൽ പോർട്ടായി വികസിപ്പിക്കുന്നതിന് അഴീക്കൽ തുറമുഖത്ത് നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ എന്തെല്ലാമെന്നും ഓരോന്നിന്റേയും വിശദാംശങ്ങളും ലഭ്യമാക്കാമോ?

അഴീക്കൽ തുറമുഖത്ത് ഇമിഗ്രേഷൻ ചെക്ക് പോയിന്റ് സ്ഥാപിക്കുന്നതിലേയ്ക്കുള്ള നടപടികളും കപ്പലുകൾക്കാവശ്യമായ ശുദ്ധജല വിതരണത്തിനുള്ള പ്രത്യേക പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിലേയ്ക്കായുള്ള പ്രവർത്തനവും നാല് ഗോഡൗണുകൾ നിർമ്മിക്കാനുള്ള നടപടിക്രമങ്ങളും തൊഴിലാളികൾക്കുള്ള റസ്റ്റ് ഹൗസിന്റെ നിർമ്മാണപ്രവർത്തനവും നടന്നുവരുന്നുണ്ട്.

(ഡി) ഇമിഗ്രേഷൻ ക്ലിയറൻസിന്റെ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

അഴീക്കൽ തുറമുഖത്ത് ഇമിഗ്രേഷൻ ചെക്ക് പോയിന്റ് സ്ഥാപിക്കുന്നതിനുള്ള പ്രഖ്യാപനം നടത്തേണ്ടത് കേന്ദ്ര ആഭ്യന്തര മന്ത്രാലയമാണ്. ആയതിലേയ്ക്കുള്ള നടപടികളുടെ ഭാഗമായി ഇമിഗ്രേഷൻ വകുപ്പ് ഉദ്യോഗസ്ഥർ അഴീക്കൽ തുറമുഖത്തെത്തി പരിശോധന നടത്തിയിട്ടുണ്ട്. കൂടാതെ തദ്ദേശീയരായ ജീവനക്കാരുമായി തുറമുഖ ത്തെത്തുന്ന ഇന്ത്യൻ വെസലുകൾക്ക് ഇമിഗ്രേഷൻ നടപടികൾ പൂർത്തീകരിച്ചു നല്കുന്നതിന് ജില്ലാ പോലീസ് മേധാവിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

**ചെറുകിട, ഇടത്തരം തുറമുഖങ്ങൾ**

385 (3383) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട, ഇടത്തരം തുറമുഖങ്ങൾ പുതുതായി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പരിഗണനയിലില്ല.

(ബി) പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ വൻകിടേതര തുറമുഖങ്ങളെ വികസിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പൊതുസ്വകാര്യ പങ്കാളിത്തത്തോടെ പൊന്നാനി, അഴീക്കൽ തുറമുഖങ്ങളെ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സ്വകാര്യ വ്യക്തികൾ നടത്തുന്ന പുരാവസ്തു മ്യൂസിയങ്ങൾ**

386 (3384) <u>ശ്രീ. പി. ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ വ്യക്തികൾ നടത്തുന്ന പുരാവസ്തു മ്യൂസിയങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(ബി) മോൻസൺ മാവുങ്കൽ എന്ന വ്യക്തി മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾ പാലിച്ചാണോ അദ്ദേഹത്തിന്റെ വസതിയിൽ പുരാവസ്തു മ്യൂസിയം എന്ന പേരിൽ വ്യാജ വസ്തുക്കളുടെ പ്രദർശനം നടത്തിയിരുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) അല്ലെങ്കിൽ ഇക്കാര്യത്തിൽ പുരാവസ്തു വകുപ്പിന് വീഴ്ച സംഭവിച്ചതായി വിലയിരുത്തുന്നുണ്ടോ; ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

(എ-സി) സംസ്ഥാനത്ത് വ്യക്തികളും സ്ഥാപനങ്ങളും നടത്തുന്ന മ്യൂസിയങ്ങൾ നിലവിലുണ്ട്. സംസ്ഥാനത്ത് പുരാവസ്തുക്കൾ സൂക്ഷിക്കുന്നതിനും ക്രയവിക്രയം നടത്തുന്നതിനും ബാധകമായത് കേന്ദ്ര നിയമമായ ദി ആന്റികിറ്റിസ് & ആർട്ട് ട്രഷേഴ്സ് ആക്ട് 1972 അതിന്റെ 1973-ലെ ചട്ടങ്ങൾ എന്നിവയാണ് (The Antiquities & Art treasures Act 1972 & Rules 1973). ഈ ആക്ടിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരമാണ് സംസ്ഥാനത്ത് പുരാവസ്തുക്കളുടെ രജിസ്ട്രേഷനും കൈമാറ്റവും വിപണനവും മറ്റും നടക്കുന്നത്. ആക്ടിൽ അനുശാസിക്കുന്ന വിധത്തിൽപ്പെട്ടതെന്ന് തോന്നുന്ന വസ്തുക്കൾ  പുരാവസ്തുവാണോ എന്ന കാര്യം ഉറപ്പിക്കുന്നതിനും അത് നിയമപരമായി സൂക്ഷിക്കുന്നതിനുള്ള അവകാശം സമ്പാദിക്കുന്നതിനുമായാണ് പുരാവസ്തുക്കളുടെ രജിസ്ട്രേഷൻ നടപടികൾ നടത്തുന്നത്. ഇതിന്റെ പൂർണ്ണ അധികാരി കേന്ദ്ര പുരാവസ്തു വകുപ്പിന് (Archaeological survey of India) കീഴിൽ പ്രവർത്തിക്കുന്ന രജിസ്റ്ററിംഗ് ഓഫീസറാണ്. അമൂല്യങ്ങളായ പുരാവസ്തുക്കളുടെ ശേഖരം സ്വകാര്യ വ്യക്തികളോ സ്ഥാപനങ്ങളോ മേൽപ്പറഞ്ഞ രജിസ്ട്രേഷൻ കൂടാതെ കൈവശം വയ്ക്കുന്നത് മേൽ നിയമത്തിന്റെ സെക്ഷൻ 25(2) പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണ്. ഇതിൽ മേൽപ്പറഞ്ഞ കേന്ദ്ര ആക്ട് പ്രകാരം കേന്ദ്ര സർക്കാർ ചുമതലപ്പെടുത്തി യിരിക്കുന്ന ഉദ്യോഗസ്ഥന് നടപടി സ്വീകരിക്കാവുന്നതും ഇത്തരം പുരാവസ്തുക്കൾ കണ്ടുകെട്ടാവുന്നതുമാണ്. പ്രസ്തുത ആക്ട് പ്രകാരം സംസ്ഥാന പുരാവസ്തു വകുപ്പിന് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ അധികാരമില്ല.

### രാജാ രവിവർമ്മ ആർട്ട് ഗ്യാലറിയുടെ നിർമ്മാണം

387 (3385) ശ്രീ. പി. മമ്മിക്കുട്ടി: താഴെ  കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക പ്രശസ്ത ചിത്രകാരനായ രാജാ രവിവർമ്മയുടെ പേരിൽ നിർമ്മിക്കുന്ന ആധുനിക ആർട്ട് ഗ്യാലറിയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

തിരുവനന്തപുരത്തുള്ള ശ്രീചിത്രാ ആർട്ട് ഗ്യാലറിക്ക് സമീപത്തായി ലോക പ്രശസ്ത ചിത്രകാരനായ രാജാരവിവർമ്മയുടെ പേരിൽ നിർമ്മിക്കുന്ന ആർട്ട് ഗ്യാലറിയുടെ നിർമ്മാണ പ്രവർത്തനം 2020 നവംബർ 9-ന് ആരംഭിച്ച് പ്രധാന കെട്ടിടത്തിന്റെ നിർമ്മാണം 95% പൂർത്തീകരിച്ചിട്ടുണ്ട്. കെട്ടിടത്തിലേയ്ക്കാവശ്യമായ വൈദ്യുത, ശീതീകരണ, അഗ്നിസുരക്ഷാ സംവിധാനങ്ങളുടെ പ്രവൃത്തികൾ യഥാക്രമം 20%, 80%, 35% പൂർത്തിയായിട്ടുണ്ട്. ലിഫ്റ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട 60% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ആധുനികരീതിയിലുള്ള പ്രദർശന സംവിധാനത്തിന്റെ രൂപരേഖയും പ്രകാശ സംവിധാനം സജ്ജീകരിക്കുന്നതിനുള്ള നടപടികളും നടന്നു വരുന്നു.

(ബി) നിർമ്മാണത്തിലിരിക്കുന്ന പ്രസ്തുത ആധുനിക ആർട്ട് ഗ്യാലറിയുടെ പ്രത്യേകതകൾ എന്തൊക്കെയാണ്; പൊതുജനങ്ങൾക്ക് ഇത് എങ്ങനെ ഉപയോഗ പ്രദമാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ലോകോത്തര ചിത്രകാരനായ രാജാ രവിവർമ്മയ്ക്ക് സ്വന്തം നാട്ടിൽ അനുയോജ്യമായ ബഹുമതികളോടുകൂടി അനുപമമായ ഒരു ഗ്യാലറി സ്ഥാപിക്കുക എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനോടൊപ്പം, കേരളത്തിന്റെ കലാ-സാംസ്കാരിക-പൈതൃകസംരക്ഷണവും കലാ സൃഷ്ടികളുടെ ദീർഘകാല സംരക്ഷണവും സാധ്യമാക്കി കൊണ്ട്, ഗവേഷണങ്ങൾ നടത്തുന്നതിന് അനുയോജ്യമായ ഒരു പൊതുകേന്ദ്രം ലോകോത്തര നിലവാരത്തിൽ സ്ഥാപിക്കപ്പെടുന്നതാണ്. ശ്രീചിത്രാ ആർട്ട് ഗ്യാലറിയിൽ പ്രദർശിപ്പിച്ചിരിക്കുന്ന അമൂല്യ ചിത്രശേഖരങ്ങൾ പുതിയ രാജാ രവിവർമ്മ ആർട്ട് ഗ്യാലറിയിൽ ആധുനിക സാങ്കേതിക സംവിധാനങ്ങളോടുകൂടിയാണ് പ്രദർശന സജ്ജമാക്കുന്നത്. ഗ്യാലറിയിൽ സന്ദർശക സൗഹൃദ അന്തരീക്ഷം ഉറപ്പുവരുത്തുന്ന തിനോടൊപ്പം കലാസൃഷ്ടികളുടെ ദീർഘകാല സംരക്ഷണം മുൻനിർത്തിക്കൊണ്ട് ഊഷ്മാവ്, ആർദ്രത എന്നിവ നിയന്ത്രണ വിധേയമാക്കിക്കൊണ്ടുള്ള കേന്ദ്രീകൃത ശീതീകരണ സംവിധാനം, ചിത്രങ്ങൾക്ക് യാതൊരു കേടുപാടും വരാത്തതരത്തിലുള്ള കേന്ദ്രീകൃത വാതക അഗ്നിസുരക്ഷാ സംവിധാനം, ചിത്രങ്ങൾക്ക് അനുയോജ്യമായ തീവ്രതയോടും ഗുണങ്ങളോടുംകൂടിയ പ്രകാശസംവിധാനം എന്നിവ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രധാന കെട്ടിടത്തോടനുബന്ധിച്ച് ടിക്കറ്റ് കൗണ്ടർ, വിദ്യാഭ്യാസ പ്രസിദ്ധീകരണങ്ങൾ, കൗതുകവസ്തുക്കൾ എന്നിവയുടെ വിൽപ്പനയ്ക്കുള്ള സംവിധാനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

**മഞ്ചേശ്വരം താലൂക്കിൽ കൾച്ചറൽ ആൻഡ് ഹിസ്റ്റോറിക്കൽ മ്യൂസിയം**

388 (3386) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരത്തെ തുളുനാടൻ കലാ കാർഷിക ചരിത്ര പ്രാധാന്യമുള്ള വസ്തുക്കളും രേഖകളും ആവിഷ്കാരങ്ങളും ശേഖരിക്കാനും സംരക്ഷിക്കാനും പ്രദർശിപ്പി ക്കാനുമുതകുന്ന ഒരു കൾച്ചറൽ ആൻഡ് ഹിസ്റ്റോറിക്കൽ മ്യൂസിയം മഞ്ചേശ്വരം താലൂക്കിൽ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

(എ&ബി) ഇതിനായുള്ള പദ്ധതികളൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## നാദാപുരത്ത് വടക്കൻ പാട്ട് മ്യൂസിയം

389 (3387) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ പുരാവസ്തു വകുപ്പിന് കീഴിൽ ഒരു വടക്കൻ പാട്ട് മ്യൂസിയം സ്ഥാപിക്കുന്നതിനുവേണ്ടി സ്ഥലം എം.എൽ.എ. നൽകിയ കത്തിന്മേൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രൊപ്പോസൽ പരിഗണനയിലുണ്ടോ എന്ന് വെളിപ്പെടുത്താമോ?

(എ&ബി) നാദാപുരം മണ്ഡലത്തിൽ പുരാവസ്തു വകുപ്പിനുകീഴിൽ ഒരു വടക്കൻപാട്ട് മ്യൂസിയം സ്ഥാപിക്കണമെന്ന ബഹുമാനപ്പെട്ട സ്ഥലം എം.എൽ.എ.-യുടെ കത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് 27-9-2021-ൽ വടകര കുഞ്ഞാലിമരയ്ക്കാർ മ്യൂസിയം ചാർജ് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് മേൽവിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## പൊന്നാനിയിൽ പോർട്ട് മ്യൂസിയം

390 (3388) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പോർച്ചുഗീസുകാരുടെ കാലംമുതൽക്ക് വാണിജ്യ തുറമുഖവും വിപണന കേന്ദ്രവുമായിരുന്നതും അതുമായി ബന്ധപ്പെട്ട് ചരിത്രസ്മാരകങ്ങളായ കെട്ടിടങ്ങളുമുള്ള പൊന്നാനിയിൽ പോർട്ട് മ്യൂസിയം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പൊന്നാനിയിൽ പോർട്ട് മ്യൂസിയം ആരംഭിക്കുന്നതിനുള്ള പദ്ധതികൾ ഒന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## സംസ്ഥാനത്തെ സംരക്ഷിത സ്മാരകങ്ങൾ

391 (3389) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചരിത്രപരമായും പുരാവസ്തുപരമായും പ്രാധാന്യം ഉള്ള സ്മാരകങ്ങൾ ഏതെല്ലാമെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) സംരക്ഷിത സ്മാരകങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പ്രാചീന സ്മാരകങ്ങളുടെ ലിസ്റ്റ് ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; ഇവയുടെ സംരക്ഷണത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് ചരിത്രപരമായും പുരാവസ്തുപരമായും പ്രാധാന്യമുള്ളതും നൂറ് വർഷത്തിൽപ്പരം പഴക്കമുള്ളതുമായ 185 സംരക്ഷിത സ്മാരകങ്ങളാണ് നിലവിൽ പുരാവസ്തു വകുപ്പിനുകീഴിലുള്ളത്. ഇവയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു*. കേരള പുരാവസ്തു വകുപ്പിനുകീഴിൽ ഒരു ഘടനാ സംരക്ഷണ വിഭാഗവും ഒരു രാസസംരക്ഷണ വിഭാഗവും പ്രവർത്തിച്ചുവരുന്നു. സമയാസമയങ്ങളിൽ സ്മാരകങ്ങൾ പരിശോധിക്കുകയും ജീർണ്ണതകൾ തിട്ടപ്പെടുത്തി ആവശ്യമായ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുകയുമാണ് ഈ വിഭാഗങ്ങൾ ചെയ്തുവരുന്നത്. സ്മാരകങ്ങളുടെ പൗരാണികതയ്ക്ക് ഒട്ടും കോട്ടം തട്ടാതെയാണ് മേൽസംരക്ഷണ പ്രവർത്തനങ്ങൾ ചെയ്തുവരുന്നത്. സ്മാരകങ്ങളുടെയും പുരാവസ്തുക്കളുടെയും സംരക്ഷണ കാര്യത്തിൽ പ്രിവെന്റീവായ സമീപനമാണ് വകുപ്പ് കൈക്കൊണ്ടുവരുന്നത്.

(സി) പൈതൃക മ്യൂസിയങ്ങളുടെ സജ്ജീകരണം ഏതെല്ലാം ജില്ലകളിലാണ് പുരോഗമിക്കുന്നതെന്നും ഇവയുടെ പ്രവർത്തന പുരോഗതിയും വിശദമാക്കുമോ?

സംസ്ഥാനത്തെ ഓരോ ജില്ലയുടെയും തനതായ പൈതൃകം കാത്തുസൂക്ഷിക്കുന്നതിനും വരുംതലമുറയ്ക്ക് കൈമാറുന്നതിനും എല്ലാ ജില്ലകളിലും ഓരോ ജില്ലാ പൈതൃക മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിന്റെ ആദ്യപടി എന്ന നിലയിൽ കേരള പുരാവസ്തു വകുപ്പിന്റെ കീഴിൽ തൃശ്ശൂർ, ഇടുക്കി, പാലക്കാട്, എറണാകുളം എന്നീ ജില്ലകളിൽ ജില്ലാ പൈതൃക മ്യൂസിയങ്ങളുടെ സജ്ജീകരണം പൂർത്തിയാക്കി ജനങ്ങൾക്ക് തുറന്നുകൊടുത്തിട്ടുണ്ട്. എറണാകുളം ജില്ലാ പൈതൃക മ്യൂസിയത്തിൽ കൂടുതൽ ആധുനിക സംവിധാനങ്ങൾ ഉൾപ്പെടുത്തി സന്ദർശക സൗഹൃദമാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. തിരുവനന്തപുരം ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുവാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ ഘടനാസംരക്ഷണ ജോലികൾ പൂർത്തിയാക്കിയിട്ടുള്ളതും മ്യൂസിയം സജ്ജീകരിക്കുന്നതിലേയ്ക്ക് വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുള്ളതുമാണ്. വയനാട്, പത്തനംതിട്ട എന്നീ ജില്ലകളിലും ജില്ലാ പൈതൃക മ്യൂസിയങ്ങളുടെ സജ്ജീകരണത്തിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിൽ വയനാട് ജില്ലാ പൈതൃക മ്യൂസിയത്തിന്റെ പരിസര വികസന പ്രവൃത്തികളും ഇതിനോടനുബന്ധിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങളും നടന്നുവരികയാണ്. പത്തനംതിട്ട ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിന് കോന്നിയിൽ സ്ഥലസൗകര്യമുള്ള ഒരു കെട്ടിടം വിട്ടുകിട്ടുന്നതിന് വനം വകുപ്പുമായുള്ള നടപടികൾ പുരോഗമിക്കുകയാണ്. മലപ്പുറം ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കാൻ തീരുമാനിച്ച തിരൂരങ്ങാടി പഴയ ഹജ്ജൂർ കച്ചേരി കെട്ടിടത്തിൽ ഘടനാസംരക്ഷണ പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. മറ്റ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജില്ലകളിൽ മ്യൂസിയം സജ്ജീകരിക്കുന്നതിന് കെട്ടിടം ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്നമുറയ്ക്ക് അതാത് ജില്ലാ പൈതൃക മ്യൂസിയത്തിന്റെ സജ്ജീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. മ്യൂസിയം മൃഗശാലാ വകുപ്പിനുകീഴിൽ വയനാട് ജില്ലയിലെ കുങ്കിച്ചിറയിലും കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി - പാണപ്പുഴ ഗ്രാമപഞ്ചായത്തിൽപ്പെട്ട ചന്തപ്പുരയിലും കണ്ണൂർ ടൗണിൽ സ്ഥിതിചെയ്യുന്ന കേരള സംസ്ഥാന ഹാൻഡ്‌ലൂം ഡെവലപ്‌മെന്റ് കോർപ്പറേഷന്റെ 200 വർഷം പഴക്കമുള്ള പഴയ ആസ്ഥാന മന്ദിരത്തിലും പുതിയ മ്യൂസിയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. കണ്ണൂർ കൈത്തറി മ്യൂസിയത്തിൽ പ്രദർശന സംവിധാനം സജ്ജീകരിക്കുന്ന പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. കണ്ണൂർ തെയ്യം മ്യൂസിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2020 ഒക്ടോബർ മാസത്തിൽ ആരംഭിച്ചിട്ടുണ്ട്. വയനാട് കുങ്കിച്ചിറയിൽ ഒരു മ്യൂസിയത്തിനായി കെട്ടിടം സജ്ജീകരിച്ചുവരുന്നു.

**ഗുരുവായൂർ മണ്ഡലത്തിലെ പുരാവസ്തു വകുപ്പ് പദ്ധതികൾ**

392 (3390) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗുരുവായൂർ മണ്ഡലത്തിൽ 2016 മുതൽ 2021 വരെ പുരാവസ്തു വകുപ്പ് മുഖേന നടപ്പിലാക്കിയതും നടപ്പിലാക്കാൻ അവശേഷിക്കുന്നതുമായ പദ്ധതികളുടെ വിവരം ലഭ്യമാക്കാമോ?

ടി കാലയളവിൽ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ ചേറ്റുവാ കോട്ടയുടെ അതിർത്തി നിർണ്ണയിച്ച് വശങ്ങൾ കെട്ടി സംരക്ഷിക്കുന്നതിനും കോട്ടയിലേയ്ക്ക് പ്രവേശിക്കുന്നതിനുള്ള നടപ്പാലം നിർമ്മിക്കുന്നതിനും കിടങ്ങുകൾ ശുചിയാക്കി അരികുകൾ കെട്ടി ബലപ്പെടുത്തുന്നതിനും അനുബന്ധ പ്രവൃത്തികൾക്കുമായി 100.32 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

**വള്ളിക്കുന്ന് മണ്ഡലത്തിലെ നെരുങ്കൈതക്കോട്ട ഭഗവതി ക്ഷേത്രം**

393 (3391) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ നെരുങ്കൈതക്കോട്ട ഭഗവതി ക്ഷേത്രം സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ക്ഷേത്രത്തിന്റെ റവന്യൂ വിശദാംശങ്ങളടങ്ങിയ മലപ്പുറം ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ നെരുങ്കൈതക്കോട്ട ഭഗവതി ക്ഷേത്രം 1968-ലെ കേരള പ്രാചീന പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമം ചട്ടം 4(1) പ്രകാരം കേരള പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിനാവശ്യമായ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത ക്ഷേത്രം സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിലൂടെ ക്ഷേത്രത്തിന് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ച് 2 മാസത്തെ നോട്ടീസ് കാലയളവിൽ ഇതുസംബന്ധിച്ച് ആക്ഷേപങ്ങൾ ലഭ്യമാകുന്നപക്ഷം ആയത് പരിശോധിച്ചശേഷം, പുരാവസ്തു വകുപ്പ് പ്രസ്തുത ക്ഷേത്രത്തെ പുരാവസ്തു വകുപ്പിന്റെ ഒരു സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചുകൊണ്ടുള്ള അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇതിനുശേഷം 1968-ലെ ആക്ടിലെ നിബന്ധനകൾക്ക് വിധേയമായി സ്മാരകത്തിന്റെ സംരക്ഷണ ജോലികൾ പുരാവസ്തു വകുപ്പിന് നിർവ്വഹിക്കാവുന്നതാണ്.

(ഡി) പ്രസ്തുത ക്ഷേത്രം സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിന് സർക്കാർതലത്തിൽ സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

പ്രസ്തുത ക്ഷേത്രത്തെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിനായി പുരാവസ്തു വകുപ്പ് സമർപ്പിക്കുന്ന പ്രാഥമിക വിജ്ഞാപനം അംഗീകരിച്ച് പ്രസിദ്ധീകരിക്കുന്നതും ആക്ഷേപങ്ങൾ പരിശോധിച്ച് അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതും സർക്കാരിന്റെ ചുമതലയാണ്.

**പുരാവസ്തുക്കളുടെ കാലപ്പഴക്കം നിർണ്ണയിക്കുന്നതിനുള്ള സംവിധാനം**

394 (3392) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തികളുടെയും മറ്റും കൈവശത്തിലുള്ള പുരാവസ്തുക്കളുടെ കാലപ്പഴക്കം നിർണ്ണയിക്കുന്നതിനും സ്ഥിരീകരിക്കുന്നതിനും സാക്ഷ്യപ്പെടുത്തുന്നതിനും മൂല്യം നിർണ്ണയിക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) സ്വകാര്യ വ്യക്തിയുടെ കൈവശമുള്ള പുരാവസ്തു ശേഖരങ്ങളുടെ വിവരങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും പൊതുജനങ്ങൾക്ക് അവയുടെ ആധികാരികത പരിശോധിക്കുന്നതിനും വെബ് പോർട്ടൽ അടക്കമുള്ള സംവിധാനങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) സംസ്ഥാനത്ത് പുരാവസ്തുക്കൾ സൂക്ഷിക്കുന്നതിനും ക്രയവിക്രയം നടത്തുന്നതിനും കാലപ്പഴക്കം നിർണ്ണയിക്കുന്നതിനും 1972-ലെ കേന്ദ്ര നിയമമായ ' ദി ആന്റിക്വിറ്റിസ് & ആർട്ട് ട്രഷേഴ്സ് ആക്ട്'-ഉം അതിന്റെ 1973-ലെ ചട്ടങ്ങളുമാണുള്ളത് (The Antiquities & Art treasures Act 1972 & Rules 1973). ഈ ആക്ടിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരമാണ് സംസ്ഥാനത്ത് പുരാവസ്തുക്കളുടെ രജിസ്ട്രേഷനും കൈമാറ്റവും വിപണനവും കാലപ്പഴക്കനിർണ്ണയവും മറ്റും നടക്കുന്നത്. മേൽ ആക്ടിലെ റൂൾ 24 പ്രകാരം ഒരു വസ്തു പുരാവസ്തുവാണോ അല്ലയോ എന്ന കാര്യം നിർണ്ണയിക്കുന്നതിന് അധികാരമുള്ളത് ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ഡയറക്ടർ ജനറലിനോ അല്ലെങ്കിൽ ഇക്കാര്യത്തിലേയ്ക്ക് അദ്ദേഹം ചുമതലപ്പെടുത്തിയ ഡയറക്ടർ തസ്തികയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനോ ആണ്. ഇവരുടെ തീരുമാനം അന്തിമമായിരിക്കും. മേൽ ആക്ട് പ്രകാരം ഈ വിഷയത്തിൽ ഇടപെടുന്നതിന് സംസ്ഥാന പുരാവസ്തു വകുപ്പിന് അധികാരമില്ലാത്തതിനാൽ സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള പുരാവസ്തു ശേഖരങ്ങളുടെ വിവരങ്ങൾ പ്രസിദ്ധീകരിക്കുന്നതിനോ ആധികാരികത പരിശോധിക്കുന്നതിനോ കേരള പുരാവസ്തു വകുപ്പിന് ചട്ടപ്രകാരം നടപടികളൊന്നും സ്വീകരിക്കുവാൻ കഴിയുകയില്ല.

(സി) പുരാവസ്തുക്കൾ വ്യാജമായി നിർമ്മിക്കുകയും വിപണനം നടത്തിയുള്ള തട്ടിപ്പുകൾ വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇത്തരം തട്ടിപ്പുകൾ ഒഴിവാക്കുന്നതിനും തടയുന്നതിനും എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; പൊതുജനങ്ങൾക്ക് സംശയ നിവാരണത്തിനായി വാട്ട്സ് ആപ്പ് നമ്പരും ഫോൺ നമ്പരും പ്രസിദ്ധപ്പെടുത്താമോ;

(ഡി) പുരാവസ്തു നിർണ്ണയരീതി എപ്രകാരമാണെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(സി&ഡി) ഒരു വസ്തു പുരാവസ്തുവാണോ അല്ലയോ എന്ന കാര്യം തീർച്ചപ്പെടുത്താനുള്ള അധികാരം 1972-ലെ ദി ആന്റിക്വിറ്റിസ് & ആർട്ട് ട്രഷേഴ്സ് ആക്ട്, റൂൾ 24 പ്രകാരം കേന്ദ്ര പുരാവസ്തു വകുപ്പിന്റെ ഡയറക്ടർ ജനറലിനോ ഈ ആവശ്യത്തിലേയ്ക്ക് അദ്ദേഹം ചുമതലപ്പെടുത്തുന്ന ഡയറക്ടറിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനോ ആണ്. മേൽ ആക്ട് പ്രകാരം ഈ വിഷയത്തിൽ ഇടപെടുന്നതിന് സംസ്ഥാന പുരാവസ്തു വകുപ്പിന് അധികാരമില്ലാത്തതിനാലും ഈ വിഷയം പൂർണ്ണമായും ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ അധികാരപരിധിയിൽ വരുന്ന വിഷയമായതിനാലും പൊതുജനങ്ങളുടെ സംശയനിവാരണത്തിന് വാട്ട്സ് ആപ്പ് സംവിധാനം ഒരുക്കുകയും മറ്റും ചെയ്യുന്നതുപോലുള്ള വിഷയത്തിൽ കേരള പുരാവസ്തു വകുപ്പിന് പ്രത്യേക നടപടികളൊന്നും സ്വീകരിക്കാൻ കഴിയുകയില്ല.

## പുരാവസ്തു ശേഖരത്തിന്റെ പേരിലുള്ള തട്ടിപ്പ്

395 (3393) ശ്രീ. റോജി എം. ജോൺ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീമതി കെ. കെ. രമ:
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുരാവസ്തു ശേഖരത്തിന്റെ പേരിൽ തട്ടിപ്പുകൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ ഇത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇനി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളെന്തെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്ത് പുരാവസ്തുക്കൾ സൂക്ഷിക്കുന്നതിനും ക്രയവിക്രയം നടത്തുന്നതിനും ബാധകമായത് കേന്ദ്ര നിയമമായ 1972-ലെ ദി ആന്റിക്വിറ്റിസ് & ആർട്ട് ട്രഷേഴ്സ് ആക്ട്, അതിന്റെ 1973-ലെ ചട്ടങ്ങൾ (The Antiquities & Art treasures Act 1972 & Rules 1973) എന്നിവയാണ്. പ്രസ്തുത ആക്ടിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരമാണ് സംസ്ഥാനത്ത് പുരാവസ്തുക്കളുടെ രജിസ്ട്രേഷനും കൈമാറ്റവും വിപണനവും മറ്റും നടക്കുന്നത്. ആക്ടിൽ അനുശാസിക്കുന്ന വിധത്തിൽപ്പെട്ടതെന്ന് തോന്നുന്ന വസ്തുക്കൾ പുരാവസ്തുവാണോ എന്ന കാര്യം ഉറപ്പിക്കുന്നതിനും അത് നിയമപരമായി സൂക്ഷിക്കുന്നതിനുള്ള അവകാശം സമ്പാദിക്കുന്നതിനുമായാണ് രജിസ്ട്രേഷൻ നടപടികൾ നടത്തുന്നത്. ഇതിന്റെ പൂർണ്ണ അധികാരി കേന്ദ്ര പുരാവസ്തു വകുപ്പിന് (Archaeological Survey of India) കീഴിൽ പ്രവർത്തിക്കുന്ന രജിസ്റ്ററിംഗ് ഓഫീസറാണ്. അമൂല്യങ്ങളായ പുരാവസ്തുക്കളുടെ ശേഖരം സ്വകാര്യ വ്യക്തികളോ സ്ഥാപനങ്ങളോ മേൽപ്പറഞ്ഞ രജിസ്ട്രേഷൻ കൂടാതെ കൈവശം വയ്ക്കുന്നത് മേൽ നിയമത്തിന്റെ റൂൾ 25(2) പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണ്. ഇതിന്മേൽ കേന്ദ്ര ആക്ട് പ്രകാരം കേന്ദ്ര സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥന് നടപടി സ്വീകരിക്കാവുന്നതും ഇത്തരം പുരാവസ്തുക്കൾ കണ്ടുകെട്ടാവുന്നതുമാണ്. മേൽപ്പറഞ്ഞ ആക്ട് പ്രകാരം സംസ്ഥാന പുരാവസ്തു വകുപ്പിന് ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കാൻ അധികാരമില്ല.

(സി) പുരാവസ്തു തട്ടിപ്പുമായി ബന്ധപ്പെട്ട് മോൻസൺ മാവുങ്കലിന്റെ പുരാവസ്തു ശേഖരം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ?

പുരാവസ്തു തട്ടിപ്പുമായി ബന്ധപ്പെട്ട് മോൺസൻ മാവുങ്കൽ എന്ന വ്യക്തിയുടെ കൈവശമുള്ള പുരാവസ്തുക്കളെന്ന് പറയപ്പെടുന്ന വസ്തുക്കൾ പരിശോധിക്കുന്നതിനു വേണ്ടി എറണാകുളം ക്രൈംബ്രാഞ്ച് സെൻട്രൽ യൂണിറ്റ് പോലീസ് സൂപ്രണ്ടിന്റെ അറിയിപ്പ് സംസ്ഥാന പുരാവസ്തു ഡയറക്ടർക്ക് ലഭിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ പുരാവസ്തു വകുപ്പിലെ കൺസർവേഷൻ ഓഫീസർ, എഡ്യൂക്കേഷൻ ഓഫീസർ എന്നിവർ ഉൾപ്പെടുന്ന സംഘം 30-9-2021-ൽ കേന്ദ്ര പുരാവസ്തു വകുപ്പിലെയും പോലീസ് വകുപ്പിലെയും ഉന്നത ഉദ്യോഗസ്ഥരോടൊപ്പം സ്ഥലം സന്ദർശിക്കുകയും പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) സ്വകാര്യ വ്യക്തികളുടെ പുരാവസ്തു ശേഖരം പരിശോധിക്കാൻ വകുപ്പിനുള്ള അധികാരങ്ങൾ വിശദമാക്കാമോ?

പുരാവസ്തുക്കളുടെ രജിസ്ട്രേഷൻ, സൂക്ഷിപ്പ്, കൈമാറ്റം എന്നിവ സംബന്ധിയായിട്ടുള്ള പ്രവൃത്തികൾ ദി ആന്റിക്വിറ്റിസ് & ആർട്ട് ട്രഷേഴ്സ് ആക്ട് 1972, അതിന്റെ 1973-ലെ ചട്ടങ്ങൾ എന്നിവ പ്രകാരം ആയതിലേയ്ക്ക് ചുമതലപ്പെടുത്തിയ കേന്ദ്ര പുരാവസ്തു വകുപ്പിലെ ഉദ്യോഗസ്ഥരാണ് നിർവ്വഹിക്കുന്നത്. പ്രസ്തുത ആക്ട് പ്രകാരം സംസ്ഥാന പുരാവസ്തു വകുപ്പിന് ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കാൻ അധികാരമില്ല.

**വർക്കല മണ്ഡലത്തിലെ സംരക്ഷിത സ്മാരകങ്ങൾ**

396 (3394) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ ചരിത്രപരവും പൈതൃക പ്രാധാന്യമുള്ളതും നൂറ് വർഷത്തിൽ കുറയാതെ കാലപ്പഴക്കമുള്ളതുമായ എത്ര കെട്ടിടങ്ങളാണ് പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കെട്ടിടങ്ങൾ ഏതെല്ലാമാണെന്നും എവിടെയെല്ലാമാണെന്നും വ്യക്തമാക്കാമോ?

(എ&ബി) 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമപ്രകാരം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചിട്ടുള്ള സ്മാരകങ്ങൾ വർക്കല മണ്ഡലത്തിലില്ല.

**സ്വകാര്യവ്യക്തികൾക്ക് പുരാവസ്തുക്കൾ കൈവശംവയ്ക്കുന്നതിനുള്ള അവകാശം**

397 (3395) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യവ്യക്തികൾക്ക് പുരാവസ്തുക്കൾ കൈവശം വയ്ക്കുന്നതിനും വിപണനം നടത്തുന്നതിനും അവകാശമുണ്ടോ; എങ്കിൽ ഇവയുടെ ആധികാരികത പരിശോധിക്കുന്നതിനും അവകാശവാദങ്ങൾ പരിശോധിച്ച് ഉറപ്പു വരുത്തുന്നതിനുമായി പുരാവസ്തു വകുപ്പ് എന്തെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

സംസ്ഥാനത്ത് സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പുരാവസ്തുക്കൾ കൈവശം വയ്ക്കുന്നതിനും വിപണനം/കൈമാറ്റം ചെയ്യുന്നതിനും കേന്ദ്രനിയമമായ ദി ആന്റിക്വിറ്റീസ് & ആർട്ട് ട്രേഷേഴ്സ് ആക്ട് 1972, അതിന്റെ 1973-ലെ ചട്ടങ്ങൾ എന്നിവയിലെ (The Antiquities & Art Treasures Act 1972 & Rules 1973) വ്യവസ്ഥകൾ പ്രകാരം സാധിക്കുന്നതാണ്. ആക്ടിൽ അനുശാസിക്കുന്ന വിധത്തിൽ പ്പെട്ടതെന്ന് തോന്നുന്ന വസ്തുക്കൾ പുരാവസ്തുവാണോ എന്ന കാര്യം ഉറപ്പിക്കുന്നതിനും അത് നിയമപരമായി സൂക്ഷിക്കുന്നതിനുള്ള അവകാശം സമ്പാദിക്കുന്നതിനുമായി രജിസ്ട്രേഷൻ

നടപടികൾ നടത്താവുന്നതാണ്. ഇതിന്റെ പൂർണ്ണ അധികാരി കേന്ദ്രപുരാവസ്തു വകുപ്പിന് (Archaeological Survey of India) കീഴിൽ പ്രവർത്തിക്കുന്ന രജിസ്റ്ററിംഗ് ഓഫീസറാണ്. മേൽപ്പറഞ്ഞ ആക്ടിൻ പ്രകാരം സംസ്ഥാന പുരാവസ്തു വകുപ്പിന് ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കാൻ നിലവിൽ വ്യവസ്ഥയില്ല.

(ബി) പുരാവസ്തു വകുപ്പിന്റെ കൈവശമില്ലാത്ത അമൂല്യപുരാവസ്തുശേഖരം സ്വകാര്യവ്യക്തികൾ കൈവശം വയ്ക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ വകുപ്പിന് ഇടപെടാൻ അധികാരം ഉണ്ടോ; എങ്കിൽ മുൻസർക്കാരിന്റെ കാലത്തും നിലവിലെ സർക്കാരിന്റെ കാലത്തും സംസ്ഥാനത്ത് ഇത്തരത്തിലുള്ള എത്ര സംഭവങ്ങളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

അമൂല്യങ്ങളായ പുരാവസ്തുക്കളുടെ ശേഖരം സ്വകാര്യ വ്യക്തികളോ സ്ഥാപനങ്ങളോ മേൽപ്പറഞ്ഞ വിധത്തിലുള്ള രജിസ്ട്രേഷൻ കൂടാതെ കൈവശം വയ്ക്കുന്നത് മേൽ കേന്ദ്രനിയമത്തിന്റെ റൂൾ 25(2) പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണ്. ഇതിൽ, മേൽ ആക്ട് പ്രകാരം കേന്ദ്ര സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥന് നടപടി സ്വീകരിക്കാവുന്നതും ഇത്തരം പുരാവസ്തുക്കൾ കണ്ടുകെട്ടാവുന്നതുമാണ്. സംസ്ഥാന പുരാവസ്തു വകുപ്പിന് ഇത്തരം വിഷയങ്ങളിൽ നടപടികൾ സ്വീകരിക്കാൻ മേൽ ആക്ടിൽ നിലവിൽ വ്യവസ്ഥയില്ല.

**പുരാവസ്തു ശേഖരവുമായി ബന്ധപ്പെട്ട തട്ടിപ്പുകൾ തടയാൻ നടപടി**

398 (3396) ശ്രീ. പി. ടി. തോമസ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോൻസൺ മാവുങ്കലിന്റെ പുരാവസ്തു ശേഖരം പരിശോധനാ വിധേയമാക്കാൻ മുൻ ഡി.ജി.പി. പുരാവസ്തു വകുപ്പിന് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിരുന്നോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

കേരള പുരാവസ്തു വകുപ്പിന് ഇപ്രകാരം നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല.

(ബി) സ്വകാര്യ വ്യക്തികളുടെ പുരാവസ്തു ശേഖരവുമായി ബന്ധപ്പെട്ട് പുരാവസ്തു വകുപ്പിന്റെ അധികാരങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പുരാവസ്തു ശേഖരവുമായി ബന്ധപ്പെട്ട തട്ടിപ്പുകൾ തടയാൻ പ്രത്യേക കർമ്മ പരിപാടി നടപ്പിലാക്കാൻ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

(ബി&സി) സംസ്ഥാനത്ത് സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പുരാവസ്തുക്കൾ കൈവശം വയ്ക്കുന്നതിനും വിപണനം/കൈമാറ്റം ചെയ്യുന്നതിനും സാധ്യമാണ്. സംസ്ഥാനത്ത് പുരാവസ്തുക്കൾ സൂക്ഷിക്കുന്നതിനും ക്രയവിക്രയം നടത്തുന്നതിനും ബാധകമായത് കേന്ദ്ര നിയമമായ ദി ആന്റിക്വിറ്റീസ് & ആർട്ട് ട്രഷേഴ്സ് ആക്ട് 1972, അതിന്റെ 1973-ലെ ചട്ടങ്ങൾ എന്നിവയാണ് (The Antiquities & Art treasures Act 1972 &Rules 1973). ഈ ആക്ടിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ

പ്രകാരമാണ് സംസ്ഥാനത്ത് പുരാവസ്തുക്കളുടെ രജിസ്ട്രേഷനും കൈമാറ്റവും വിപണനവും മറ്റും നടക്കുന്നത്. ആക്ടിൽ അനുശാസിക്കുന്ന വിധത്തിൽപ്പെട്ടതെന്ന് തോന്നുന്ന വസ്തുക്കൾ പുരാവസ്തുവാണോ എന്ന കാര്യം ഉറപ്പിക്കുന്നതിനും അത് നിയമപരമായി സൂക്ഷിക്കുന്നതിനുള്ള അവകാശം സമ്പാദിക്കുന്നതിനുമായാണ് രജിസ്ട്രേഷൻ നടപടികൾ നടത്തുന്നത്. ഇതിന്റെ പൂർണ്ണ അധികാരി കേന്ദ്ര പുരാവസ്തു വകുപ്പിന് (Archaeological Survey of India) കീഴിൽ പ്രവർത്തിക്കുന്ന രജിസ്റ്ററിംഗ് ഓഫീസറാണ്. പുരാവസ്തുക്കളുടെ ശേഖരം സ്വകാര്യ വ്യക്തികളോ സ്ഥാപനങ്ങളോ മേൽപ്പറഞ്ഞ രജിസ്ട്രേഷൻ കൂടാതെ കൈവശം വയ്ക്കുന്നത് പ്രസ്തുത നിയമത്തിന്റെ സെക്ഷൻ 25(2) പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണ്. ഇതിന്മേൽ കേന്ദ്ര ആക്ട് പ്രകാരം കേന്ദ്ര സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥന് നടപടി സ്വീകരിക്കാവുന്നതും ഇത്തരം പുരാവസ്തുക്കൾ കണ്ടുകെട്ടാവുന്നതുമാണ്. സംസ്ഥാന പുരാവസ്തു വകുപ്പിന് ഇക്കാര്യത്തിൽ ഇടപെടുന്നതിന് മേൽ ആക്ട് പ്രകാരം അധികാരമില്ലാത്തതിനാൽ ഇക്കാര്യത്തിൽ ഏതെങ്കിലും കർമ്മ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കാൻ ചട്ടപ്രകാരം കഴിയുകയില്ല.

### പുരാവസ്തു വകുപ്പ് പദ്ധതികൾ

399 (3397) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു വകുപ്പിന് കീഴിൽ എല്ലാ ജില്ലകളിലും പൈതൃക മ്യൂസിയം ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

സംസ്ഥാനത്ത് ഓരോ ജില്ലയുടെയും തനതായ പൈതൃകം കാത്തുസൂക്ഷിക്കുന്നതിനും വരുംതലമുറയ്ക്ക് ഇവ കൈമാറുക എന്ന ലക്ഷ്യം മുൻനിർത്തിയും എല്ലാ ജില്ലകളിലും ജില്ലാ പൈതൃക മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിന്റെ ആദ്യപടി എന്ന നിലയിൽ കേരള പുരാവസ്തു വകുപ്പിന്റെ കീഴിൽ ഇടുക്കി, പാലക്കാട്, തൃശ്ശൂർ, എറണാകുളം എന്നീ ജില്ലകളിൽ ജില്ലാ പൈതൃക മ്യൂസിയങ്ങളുടെ സജ്ജീകരണം പൂർത്തിയാക്കി ജനങ്ങൾക്ക് തുറന്നുകൊടുത്തിട്ടുള്ളതാണ്. തിരുവനന്തപുരം ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ ഘടനാ സംരക്ഷണ ജോലികൾ പൂർത്തിയാക്കിയിട്ടുള്ളതും മ്യൂസിയം സജ്ജീകരിക്കുന്നതിലേയ്ക്ക് വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുള്ളതുമാണ്. ഒപ്പംതന്നെ വയനാട്, പത്തനംതിട്ട എന്നീ ജില്ലകളിലും ജില്ലാ പൈതൃക മ്യൂസിയങ്ങളുടെ സജ്ജീകരണത്തിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിൽ വയനാട് ജില്ലാ പൈതൃക മ്യൂസിയത്തിന്റെ പരിസരവികസന പ്രവൃത്തികളും അതിനോടനുബന്ധിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങളും നടന്നുവരികയാണ്. പത്തനംതിട്ട ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിന് കോന്നി ആനത്താവളത്തിൽ വനം വകുപ്പ് വിട്ടുനൽകിയ കെട്ടിടം പര്യാപ്തമല്ലാത്തതിനാൽ കൂടുതൽ സ്ഥലസൗകര്യമുള്ള മറ്റൊരു കെട്ടിടം വിട്ടു നൽകുന്നതിന് വനം വകുപ്പുമായുള്ള ചർച്ചകൾ പുരോഗമിക്കുകയാണ്. മലപ്പുറം ജില്ലാ പൈതൃക മ്യൂസിയമായി സജ്ജീകരിക്കാൻ തീരുമാനിച്ച തിരൂരങ്ങാടി പഴയ

ഹജ്ജൂർ കച്ചേരി കെടിടത്തിൽ താലൂക്ക് ഓഫീസ് പ്രവർത്തിച്ചുവന്നതിനാൽ കെട്ടിടം പുരാവസ്തു വകുപ്പിന് വിട്ടുകിട്ടാൻ താമസം നേരിടുകയുണ്ടായി. അതിനാൽ മ്യൂസിയം സജ്ജീകരണ പ്രവൃത്തികൾ യഥാസമയം തുടങ്ങാൻ പുരാവസ്തു വകുപ്പിന് സാധിച്ചിരുന്നില്ല. നിലവിൽ കെട്ടിടം പുരാവസ്തു വകുപ്പിന് കൈമാറി ലഭ്യമായിട്ടുണ്ട്. മ്യൂസിയം സജ്ജീകരിക്കേണ്ട ഈ കെട്ടിടത്തിന്റെ ഘടനാ സംരക്ഷണ ജോലികൾ ഇപ്പോൾ നടന്നുവരികയാണ്. മറ്റ് ജില്ലകളിൽ മ്യൂസിയം സജ്ജീകരിക്കുന്നതിന് കെട്ടിടങ്ങൾ ലഭ്യമായിട്ടില്ല. ഇത് ലഭ്യമാകുന്നമുറയ്ക്ക് അതാത് ജില്ലാ പൈതൃക മ്യൂസിയത്തിന്റെ സജ്ജീകരണ പ്രവർത്തനങ്ങൾ പുരാവസ്തു വകുപ്പ് ആരംഭിക്കുന്നതാണ്.

(ബി) കാസർഗോഡ് ജില്ലയിൽ പുരാവസ്തു വകുപ്പിന് കീഴിൽ 2016 മുതൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും ഓരോന്നിനും ചെലവായ തുക എത്രയെന്നും വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിൽ പുരാവസ്തു വകുപ്പ് 2016 മുതൽ നടപ്പിലാക്കിയ പദ്ധതികളും അവയ്ക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

1. ചന്ദ്രഗിരി കോട്ടയുടെ സംരക്ഷണ പ്രവർത്തനങ്ങൾ -68.17 ലക്ഷം രൂപ
2. പൗവ്വൽ കോട്ടയുടെ സംരക്ഷണ പ്രവൃത്തികൾ - 53.40 ലക്ഷം രൂപ
3. ഹോസ്ദുർഗ്ഗ് കോട്ടയുടെ സംരക്ഷണ പ്രവൃത്തികൾ - 81.87 ലക്ഷം രൂപ
4. പൗവ്വൽ കോട്ടയിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചത് - 26 ലക്ഷം രൂപ

### പുരാരേഖകളുടെ ഡിജിറ്റലൈസേഷൻ

400 (3398) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആർക്കൈവ്സ് ഡയറക്ടറേറ്റിലും കോഴിക്കോട്, എറണാകുളം ആർക്കൈവ്സ് മേഖലാ ഓഫീസുകളിലും എത്ര പുരാരേഖകൾ ഡിജിറ്റലൈസ് ചെയ്തുവെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന ആർക്കൈവ്സ് ഡയറക്ടറേറ്റിലും വകുപ്പിന്റെ മേഖലാ ഓഫീസുകളായ എറണാകുളം, കോഴിക്കോട്, റീജിയണൽ ആർക്കൈവ്സുകളിലും ഡിജിറ്റൈസ് ചെയ്ത പുരാരേഖകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഡയറക്ടറേറ്റ്, തിരുവനന്തപുരം

പേപ്പർ റിക്കാർഡുകൾ - 71,40,220 പേജുകൾ

(ഡയറക്ടറേറ്റ്, സെൻട്രൽ ആർക്കൈവ്സ്)

മൈക്രോഫിലിം - 1,25,000 films

ക്യാബിനറ്റ് റിക്കാർഡ്സ് - 9,60,000 പേജുകൾ

<u>റീജിയണൽ ആർക്കൈവ്സ്, എറണാകുളം</u>

പേപ്പർ റിക്കാർഡ്സ് - 10,30,000 പേജുകൾ

താളിയോല റിക്കാർഡ്സ് - 1,25,000 ചുരുണ ഓലകൾ

<u>റീജിയണൽ ആർക്കൈവ്സ്, കോഴിക്കോട്</u>

പേപ്പർ റിക്കാർഡ്സ് - 6,75,000 പേജുകൾ

(ബി) പ്രസ്തുത ജോലി ചെയ്യുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയതെന്നും എന്നാണ് ചുമതലപ്പെടുത്തിയതെന്നും വ്യക്തമാക്കാമോ?

വകുപ്പിലെ ഡിജിറ്റൈസേഷൻ പദ്ധതികൾ നിർവ്വഹിച്ചത് M/s Atelier Outsourcing Solutions, C-Dit എന്നീ ഏജൻസികളാണ്. പ്രസ്തുത ഏജൻസികളെ ചുമതലപ്പെടുത്തിയ തീയതികൾ ചുവടെ ചേർക്കുന്നു.

M/s Atelier Outsourcing Solutions - 11-11-2018

C-Dit-6-2-2010 മുതൽ 27-5-2020 വരെയുള്ള വിവിധ തീയതികളിൽ.

(സി) ഇതിലേയ്ക്കായി എത്ര കേന്ദ്ര, സംസ്ഥാന ഫണ്ടുകൾ ഇതുവരെ അനുവദിച്ചുവെന്നും എത്ര ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

ഇതിലേയ്ക്കായി ആകെ അനുവദിച്ച തുക - 10,44,16,776 (പത്ത് കോടി നാൽപ്പത്തിനാല് ലക്ഷത്തി പതിനാറായിരത്തി എഴുന്നൂറ്റി എഴുപത്തിയാറ് രൂപ മാത്രം).

കേന്ദ്ര ഗ്രാന്റ് - 1,86,22,061

സംസ്ഥാന ഫണ്ട് - 8,57,94,715

ആകെ ചെലവഴിച്ചത് - 9,37,80,450 (ഒമ്പത് കോടി മുപ്പത്തിയേഴ് ലക്ഷത്തി എൺപതിനായിരത്തി നാന്നൂറ്റി അൻപത് രൂപ മാത്രം).

കേന്ദ്ര ഗ്രാന്റ് - 1,86,22,061, സംസ്ഥാന ഫണ്ട് - 7,51,58,389

(ഡി) ഡിജിറ്റലാക്കിയ രേഖ ഓൺലൈനിൽ ലഭ്യമാണോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

രേഖകൾ ഓൺലൈനിൽ ഇപ്പോൾ ലഭ്യമല്ല. ഇവ സെർവറുകളിലാണ് സൂക്ഷിച്ചിട്ടുള്ളത്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

10.00 A.M.]

## II അടിയന്തരപ്രമേയം

### പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിലെ കാര്യക്ഷമതയില്ലായ്മ

മി. സ്പീക്കർ: ഓർഡർ...ഓർഡർ... കഴിഞ്ഞ ദിവസങ്ങളിൽ സംസ്ഥാനത്തുണ്ടായ പ്രകൃതി ദുരന്തങ്ങളുടെ മുന്നറിയിപ്പ് സംവിധാനം കാര്യക്ഷമമാക്കുന്നതിലും ആഘാതം ലഘൂകരിക്കുന്നതിലും രക്ഷാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലും സർക്കാർ പരാജയപ്പെട്ടതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, സംസ്ഥാനത്ത് അപ്രതീക്ഷിതമായുണ്ടായ പ്രകൃതി ദുരന്തത്തിൽ 55 വിലപ്പെട്ട ജീവനുകളാണ് നമുക്ക് നഷ്ടപ്പെട്ടത്. അവരുടെ വേർപാടിൽ ഈ സഭ അഗാധമായ ദുഃഖം രേഖപ്പെടുത്തുകയാണ്. കഴിഞ്ഞ രണ്ട് മഹാപ്രളയങ്ങളുടെ പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഇനിയൊരു പ്രളയമുണ്ടായാൽ എങ്ങനെ നേരിടണമെന്നത് സംബന്ധിച്ച വ്യക്തമായ കാഴ്ചപ്പാടോടുകൂടി ശാസ്ത്രീയവും ഗൗരവവുമായ നടപടികളാണ് കഴിഞ്ഞ രണ്ട് വർഷക്കാലവും സർക്കാർ നടത്തിയത്. ഈ മഴക്കാലത്തെയും അപ്രതീക്ഷിതമായി പെയ്യുന്ന മഴയെയും നേരിടുന്നതിന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ മുഴുവൻ വകുപ്പുകളുടെയും ദേശീയ-സംസ്ഥാന രക്ഷാ സേനകളുടെയും യോഗം വിളിച്ചുചേർക്കുകയും സ്ഥിതിഗതികൾ അവലോകനം ചെയ്യുകയും ചെയ്തിരുന്നു. തയ്യാറെടുപ്പിന്റെ ഭാഗമായി സംസ്ഥാനത്താവശ്യമായ കേന്ദ്ര സേനകളുടെ വിന്യാസം പ്രസ്തുത യോഗത്തിലൂടെ ബന്ധപ്പെട്ടവരെ അറിയിച്ചിരുന്നു. മുഴുവൻ വകുപ്പുകൾക്കും ദുരന്ത ലഘൂകരണ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾക്കായി സുവ്യക്തമായ ഒരു മാർഗ്ഗരേഖ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കി പ്രസിദ്ധീകരിച്ചിരുന്നു. സംസ്ഥാനത്തെ ഓരോ സർക്കാർ വകുപ്പുകളും രക്ഷാസേനകളും പൊതുജനങ്ങളും എങ്ങനെയാണ് മഴക്കാലത്തിന് തയ്യാറെടുക്കേണ്ടതെന്നും ഒരു ദുരന്ത സാഹചര്യമുണ്ടായാൽ ഏത് വിധേനയാണ് പ്രവർത്തിക്കേണ്ടതെന്നും സൂക്ഷ്മമായ മാർഗ്ഗനിർദ്ദേശം നൽകുന്ന ഒരു കൈപ്പുസ്തകമാണ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കിയിട്ടുള്ള ഓറഞ്ച് ബുക്ക്. അതിൽ വിവിധങ്ങളായ കാലാവസ്ഥാ മുന്നറിയിപ്പുകളും അവ മനസ്സിലാക്കേണ്ട വിധവും ഓരോ മുന്നറിയിപ്പുമനുസരിച്ച് ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കേണ്ട

നടപടികളും വിശദീകരിച്ചിട്ടുണ്ട്. ഇതിനനുസൃതമായാണ് എല്ലാ പ്രവർത്തനങ്ങളും പ്ലാൻ ചെയ്ത് നടപ്പിലാക്കിയിട്ടുള്ളത്. ഇപ്പോൾ അപകടം സംഭവിച്ച കൂട്ടിക്കലിന് സമീപം പൂഞ്ഞാർ എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിച്ചിട്ടുള്ള ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനിയിലൂടെയും കൊക്കയാറിന് സമീപത്തായി സ്ഥിതിചെയ്യുന്ന മഴമാപിനിയിലൂടെയും ഓരോ പതിനഞ്ച് മിനിറ്റിലും ലഭിച്ച മഴയുടെ വിവരങ്ങൾ നമുക്ക് ലഭ്യമാണ്. 2018-ലെ പ്രളയാനന്തരം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും കേന്ദ്ര കാലാവസ്ഥാ വകുപ്പും ചേർന്ന് സ്ഥാപിച്ചതാണ് ഈ രണ്ട് മഴമാപിനികൾ. ഇവയിൽ രേഖപ്പെടുത്തിയ മഴവിവരങ്ങൾ പരിശോധിക്കുമ്പോൾ കൂട്ടിക്കലിനടുത്തുള്ള പൂഞ്ഞാറിൽ 11-10-2021 മുതൽ 16-10-2021 രാവിലെ 8.30 വരെ രേഖപ്പെടുത്തിയിട്ടുള്ള ആകെ മഴ 140 മി.ലിറ്റർ മാത്രമാണ്. 11-10-2021 പകൽ 8.00 മണി മുതൽ 12-10-2021 പകൽ 8.00 വരെയുള്ള സമയത്ത് 72 മി.ലിറ്റർ മഴയും 13-10-2021-ന് 24 മി.ലിറ്ററും 14-10-2021-ന് 14 മി.ലിറ്ററും 15-10-2021-ന് 15 മി.ലിറ്ററും 15-10-2021 പകൽ 8.00 മുതൽ 16-10-2021 പകൽ 8.00 വരെ 12.5 മി.ലിറ്റർ മഴയുമാണ് ലഭിച്ചത്. അതായത് ഒക്ടോബർ 12-നുശേഷം പ്രദേശത്ത് നേരിയ മഴ മാത്രമായിരുന്നു ലഭിച്ചുകൊണ്ടിരുന്നത്. എന്നാൽ ഒക്ടോബർ 16-ന് പകൽ സമയത്ത് പൊടുന്നനെ മഴ ശക്തിപ്പെട്ട സാഹചര്യമാണുണ്ടായത്. പൂഞ്ഞാർ സ്റ്റേഷനിലെ മഴ വിവരങ്ങൾ പരിശോധിക്കുമ്പോൾ പകൽ 8.30 മുതൽ 11.30 വരെയുള്ള മൂന്ന് മണിക്കൂറിനുള്ളിൽ 117 മി.ലിറ്റർ മഴയാണ് പെയ്തത്. 24 മണിക്കൂറിൽ 205 മി.ലിറ്റർ മഴ ലഭിക്കുന്നതിനെയാണ് കാലാവസ്ഥാ വകുപ്പ് അതിതീവ്രമഴയെന്ന് നിർവ്വചിക്കുന്നതെന്നത് പരിഗണിക്കുമ്പോൾ മൂന്ന് മണിക്കൂർ കൊണ്ട് ലഭിച്ച മഴയുടെ തീവ്രത മനസ്സിലാകും. ഏകദേശം 11.30-ഓടുകൂടിയാണ് കൂട്ടിക്കലിൽ ഉരുൾപൊട്ടലുണ്ടായതെന്നതാണ് നമ്മുടെ മുന്നിലുള്ള റിപ്പോർട്ടുകൾ. അന്നേ ദിവസം 24 മണിക്കൂറിൽ പൂഞ്ഞാറിൽ ലഭിച്ച ആകെ മഴ 164.5 മി.ലിറ്ററാണ്. കാലാവസ്ഥാ വകുപ്പിന്റെ കാഞ്ഞിരപ്പള്ളി മഴമാപിനിയിൽ 24 മണിക്കൂറിനുള്ളിൽ രേഖപ്പെടുത്തിയ മഴ 266 മി.ലിറ്ററാണ്. പൂഞ്ഞാർ സ്റ്റേഷനിൽനിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2021 ജൂൺ 1 മുതൽ ഒക്ടോബർ 16 വരെ ലഭിച്ച ആകെ മഴ 2768 മി.ലിറ്ററാണ്. കൂട്ടിക്കലിൽനിന്നും അധികം ദൂരെയല്ലാത്ത പ്രദേശമാണ് കൊക്കയാർ. അവിടെ ഉരുൾപൊട്ടൽ നടന്ന പ്രദേശത്ത് കാലാവസ്ഥാ വകുപ്പിന്റെ ഏറ്റവുമടുത്ത കേന്ദ്രമായ പീരുമേട് ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനിയിൽനിന്നും ലഭ്യമായ വിവരങ്ങൾ പരിശോധിക്കുമ്പോൾ 11-10-2021 മുതൽ 16-10-2021 രാവിലെ 8.30 വരെ രേഖപ്പെടുത്തിയ ആകെ മഴ 218 മി.ലിറ്റർ മാത്രമാണ്. 11-10-2021 പകൽ 8.00 മുതൽ 12-10-2021 പകൽ 8.00 വരെയുള്ള സമയത്ത് 92.5 മി.ലിറ്ററും 13-10-2021-ന് 15 മി.ലിറ്ററും 14-10-2021-ന് 32.5

മി.ലിറ്ററും 15-10-2021-ന് 49 മി.ലിറ്ററും 15-10-2021 രാവിലെ 8.00 മണി മുതൽ 16-10-2021 പകൽ 8.00 വരെ 14.5 മി.ലിറ്റർ മഴയുമാണ് ലഭിച്ചത്. എന്നാൽ 16-10-2021-ന് പകൽ 8.30 മുതൽ 17-10-2021 പകൽ 8.30 വരെയുള്ള 24 മണിക്കൂറിനുള്ളിൽ 305.5 മി.ലിറ്റർ മഴയാണ് പൊടുന്നനെ പീരുമേട് സ്റ്റേഷനിൽ രേഖപ്പെടുത്തിയത്. അതിൽത്തന്നെ പകൽ 8.30 മുതൽ 11.30 വരെയുള്ള മൂന്ന് മണിക്കൂറിൽ മാത്രമാണ് 140 മി.ലിറ്റർ മഴ ലഭിച്ചത്. പകൽ മുഴുവനും രാത്രിയിലും പീരുമേട് മേഖലയിലെ മഴ അതിശക്തമായി തുടർന്ന് കൊക്കയാറിലെ രക്ഷാപ്രവർത്തനം കൂടുതൽ ദുഷ്കരമാക്കി. പീരുമേട് സ്റ്റേഷനിൽനിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2021 ജൂൺ 1 മുതൽ ഒക്ടോബർ 16 വരെ ലഭിച്ച ആകെ മഴ 3021 മി.ലിറ്ററാണ്. സീസണിൽ പലപ്പോഴായി ലഭിച്ച മഴ മണ്ണിനെ saturated ആക്കുകയും 16-10-2021-ന് പകൽ അതിതീവ്രതയിൽ കുത്തിയൊലിച്ചു പെയ്ത മഴ ശക്തമായ മണ്ണിടിച്ചിലിലേയ്ക്കും ഉരുൾപൊട്ടലിലേയ്ക്കും നയിക്കുകയുമാണുണ്ടായത്. ഒക്ടോബർ 15-ന് ഉച്ചയ്ക്ക് 1.00 മണിക്ക് കേന്ദ്ര കാലാവസ്ഥാ വകുപ്പ് പുറപ്പെടുവിച്ച മുന്നറിയിപ്പുപ്രകാരം ഒക്ടോബർ 16-ന് കോഴിക്കോട്, മലപ്പുറം ജില്ലകളിൽ മാത്രമാണ് ഓറഞ്ച് അലെർട്ടുണ്ടായിരുന്നത്. കോട്ടയം ജില്ലയ്ക്ക് സാധാരണ മഴ മാത്രം ലഭിക്കുന്ന ഗ്രീൻ അലെർട്ട് അഥവാ അപകട സാധ്യതാ മുന്നറിയിപ്പില്ലാത്ത അവസ്ഥ യായിരുന്നു. അതുകൊണ്ടുതന്നെ മുൻകൂറായി നമുക്ക് ലഭ്യമായ ആറ് സംഘം ദേശീയ ദുരന്ത നിവാരണ സേനയെ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഓറഞ്ച് അലെർട്ടായി പ്രഖ്യാപിച്ച ജില്ലകളിലേയ്ക്കും മുൻവർഷങ്ങളിൽ കൂടുതൽ അപകടങ്ങളുണ്ടായ ജില്ലകളിലേയ്ക്കും വിന്യസിപ്പിക്കുകയാണ് ചെയ്തത്. ഒക്ടോബർ 13-നുശേഷം കേരളത്തിൽ പൊതുവെ മഴ കുറവായിരുന്നു. ഒക്ടോബർ 16-ന് യെല്ലോ അലെർട്ടുണ്ടായിരുന്ന ഇടുക്കി, എറണാകുളം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിലും പൊതുവെ അപകടസാധ്യത കൂടുതലുള്ള പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലുമായി കേന്ദ്ര സേനയെ നാം വിന്യസിപ്പിച്ചിരുന്നു. സമീപജില്ലകളിൽ അനിഷ്ടങ്ങളുണ്ടാകുന്ന സാഹചര്യത്തിൽ അങ്ങോട്ടെത്താൻകൂടി സാദ്ധ്യമാകുന്നരീതിയിലാണ് കേന്ദ്ര സേനകളെ വിന്യസി പ്പിച്ചിരുന്നത്. ഒക്ടോബർ 16-ന് പകൽ സമയത്ത് പൊടുന്നനെ അതിതീവ്രമായ മഴ കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകളുടെ മലയോര മേഖലകളിലുണ്ടാകുകയും നിർഭാഗ്യകരമായ ചില ദുരന്തങ്ങൾ സംഭവിക്കുകയും ചെയ്തു. കൂട്ടിക്കലിലും കൊക്കയാറിലും ഉരുൾപൊട്ടിയ വിവരം ലഭിച്ചയുടൻതന്നെ പോലീസ്, അഗ്നിശമന രക്ഷാസേന, റവന്യൂ, സിവിൽ ഡിഫൻസ്, സന്നദ്ധ സേനാംഗങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർ, ജനപ്രതിനിധികൾ തുടങ്ങി പ്രദേശത്തെ സർക്കാർ സംവിധാനമാകെ നാട്ടുകാരായ ജനങ്ങളോടൊപ്പം കൈകോർത്തുകൊണ്ടുള്ള രക്ഷാ പ്രവർത്തനമാണ് നടന്നത്. ഏഴ് യൂണിറ്റ് അഗ്നിശമനസേന രക്ഷാപ്രവർത്തന

ത്തിനെത്തിയിരുന്നു. ജില്ലകളിൽ മുൻകൂട്ടി തയ്യാറാക്കി വച്ചിരുന്ന കേന്ദ്ര സേനകളും കൂടുതലായി സംസ്ഥാന പോലീസ് അഗ്നിശമന രക്ഷാ സേനകളും അങ്ങോട്ടെത്താനുള്ള ശ്രമങ്ങൾ ഉടനടി ആരംഭിച്ചെങ്കിലും പലതരത്തിലുള്ള തടസ്സങ്ങളുണ്ടായി. അതിശക്തമായ മലവെള്ളപ്പാച്ചിലും നദികളിലെ കുത്തിയൊലിച്ചൊഴുകിയ പെയ്ത്തുവെള്ളവും പാലങ്ങളും റോഡുകളും പൂർണ്ണമായും ഒലിച്ചുപോകുന്ന സ്ഥിതിയുണ്ടാക്കി. സേനകളുടെ വാഹനങ്ങൾക്ക് പോകാൻ പറ്റാത്ത രീതിയിൽ റോഡുകൾ മുങ്ങിപ്പോകുകയും നദികൾ കുത്തിയൊലിച്ച് ഒഴുകുകയും ചെയ്തു. അതോടെ പൂർണ്ണമായും ഒറ്റപ്പെട്ട കൂട്ടിക്കൽ പ്രദേശത്ത് കുടുങ്ങിക്കിടക്കുന്ന മനുഷ്യരെ രക്ഷിക്കാൻ ആകാശമാർഗ്ഗമുള്ള രക്ഷാ പ്രവർത്തനത്തിനേ സാധിക്കൂയെന്ന പ്രത്യേക ഘട്ടം വന്നു. ഉച്ചയോടെതന്നെ വ്യോമസേനയുടെ രണ്ടും നേവിയുടെ ഒരു ഹെലികോപ്റ്ററും സജ്ജമായിരുന്നെങ്കിലും മോശമായ കാലാവസ്ഥ തുടരുന്നതിനാൽ അവർക്ക് രക്ഷാപ്രവർത്തനത്തിനെത്താൻ സാങ്കേതിക തടസ്സങ്ങളുണ്ടായി. പോലീസും അഗ്നിശമന സേനയും റവന്യൂ, പഞ്ചായത്ത് ഉദ്യോഗസ്ഥരും നാട്ടുകാരും ചേർന്ന് അപകടത്തിൽപ്പെട്ടവരെ രക്ഷപ്പെടുത്താനും കാണാതായവർക്ക് വേണ്ടിയുള്ള തെരച്ചിൽ നടത്താനും മുന്നിട്ടിറങ്ങി. ഗതാഗത സൗകര്യങ്ങൾ പൂർണ്ണമായും അപകടത്തിലായതിനാൽ കൂടുതൽ രക്ഷാസേനകൾക്ക് പുറത്തുനിന്നും ഇവിടെയെത്താൻ മറ്റ് മാർഗ്ഗങ്ങളുണ്ടായിരുന്നില്ല. എന്നാൽ കാലാവസ്ഥ ചെറിയരീതിയിൽ മെച്ചപ്പെട്ടപ്പോൾത്തന്നെ കരസേനയുൾപ്പെടെ മറ്റ് കേന്ദ്രസേനകളെയെത്തിച്ച് ഇരുപത്തിനാല് മണിക്കൂറിനകംതന്നെ അപകടത്തിൽപ്പെട്ടവരെ രക്ഷിക്കാനും മരണമടഞ്ഞവരുടെ മൃതദേഹങ്ങൾ വീണ്ടെടുക്കാനും സാധിച്ചു. കൊക്കയാറിൽ ഉരുൾപൊട്ടലുണ്ടായെന്ന വിവരം ലഭിച്ചയുടൻതന്നെ ഇടുക്കി ജില്ലയിൽ വിന്യസിച്ചിരുന്ന National Disaster Response Force (NDRF) ടീമിനെ അവിടേയ്ക്കയച്ചെങ്കിലും വഴിയിലുണ്ടായ തടസ്സങ്ങൾ കാരണം ഈ ടീമിന് വൈകിട്ടാണ് സംഭവ സ്ഥലത്തെത്താൻ കഴിഞ്ഞത്. ഇടുക്കി ജില്ലയിൽ വീണ്ടും അപകടങ്ങളുണ്ടാകാനുള്ള സാദ്ധ്യതയും ദുരന്ത നിവാരണ അതോറിറ്റിയുടെ മുന്നറിയിപ്പും കണക്കിലെടുത്ത് ഒരു ടീമിനെക്കൂടി അവിടെ വിന്യസിപ്പിച്ചു. സാധാരണ ഇത്തരം അപകടങ്ങൾ സംഭവിക്കുമ്പോൾ മണ്ണിനടിയിൽപ്പെട്ട് പോകുന്നവരുടെ മൃതദേഹങ്ങൾ കണ്ടെടുക്കാൻ ഏറെ ദിവസങ്ങളെടുക്കാറുണ്ടെന്നുള്ളത് വസ്തുതയാണ്; എന്നാൽ ഇവിടെ നാട്ടുകാരും സേനയും വിവിധ സന്നദ്ധപ്രവർത്തകരും അക്ഷീണമായ രക്ഷാപ്രവർത്തനങ്ങൾ നടത്തി അപകടത്തിൽപ്പെട്ട് മരണമടഞ്ഞവരുടെ മൃതദേഹങ്ങൾ വളരെപ്പെട്ടെന്നുതന്നെ കണ്ടെടുക്കാൻ സഹായിച്ചു. മഴ ശക്തിപ്പെടാൻ തുടങ്ങിയ ഉടനെതന്നെ സംസ്ഥാന സർക്കാർ കൂടുതൽ കേന്ദ്ര സേനയെ ആവശ്യപ്പെടുകയും കര, നാവിക, വ്യോമസേനകളുടെയും ദേശീയ ദുരന്ത നിവാരണ സേനയുടെയും അധിക സംഘങ്ങളെ രക്ഷാപ്രവർത്തനത്തിനെത്തിക്കാനും സാധിച്ചു. ദേശീയ

ദുരന്ത നിവാരണ പ്ലാൻ പേജ് 114, 118 പ്രകാരം വെള്ളപ്പൊക്കവുമായി ബന്ധപ്പെട്ട പ്രവചനങ്ങളും നേരത്തെയുള്ള മുന്നറിയിപ്പുകളും ഭൗമശാസ്ത്ര മന്ത്രാലയത്തിലും ജലശക്തി മന്ത്രാലയത്തിലും ദേശീയ ദുരന്ത നിവാരണ പ്ലാൻ പേജ് 104 പ്രകാരം ചുഴലിക്കാറ്റുമായി ബന്ധപ്പെട്ട പ്രവചനങ്ങളും നേരത്തെയുള്ള മുന്നറിയിപ്പുകളും ഭൗമശാസ്ത്ര മന്ത്രാലയത്തിലും നിക്ഷിപ്തമാണ്. നിലവിൽ ഭൗമശാസ്ത്ര മന്ത്രാലയത്തിന് കീഴിലുള്ള കേന്ദ്ര കാലാവസ്ഥ വകുപ്പാണ് മുന്നറിയിപ്പ് നൽകിവരുന്നത്. ദേശീയ ദുരന്ത നിവാരണ പ്ലാൻ പേജ് 161, 162 പ്രകാരം മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ എന്നിവയുമായി ബന്ധപ്പെട്ട പ്രവചനങ്ങളും നേരത്തെയുള്ള മുന്നറിയിപ്പുകളും ഖനി മന്ത്രാലയത്തിലും ഭൗമശാസ്ത്ര മന്ത്രാലയത്തിലും നിക്ഷിപ്തമാണ്. അറബിക്കടലിലും ബംഗാൾ ഉൾക്കടലിലും ന്യൂനമർദ്ദ രൂപീകരണ സാദ്ധ്യതാ മുന്നറിയിപ്പാണുണ്ടായിരുന്നത്. ചുഴലിക്കാറ്റ് പ്രവചനത്തിൽ ശ്രദ്ധേയമായ ഇടപെടലുകൾ നടത്തിയിട്ടുള്ള കാലാവസ്ഥാ വകുപ്പിനെ അവഗണിച്ചുകൊണ്ട് ന്യൂനമർദ്ദ പ്രവചനത്തിൽ സംസ്ഥാന സർക്കാരിന് മുന്നോട്ടുപോകാൻ സാധ്യമല്ല. അപ്പോഴും മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള വിവരങ്ങൾകൂടി ദുരന്ത നിവാരണ അതോറിറ്റി സ്വീകരിക്കുകയും നടപടികൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പിനെ മാത്രമേ ഔദ്യോഗിക മുന്നറിയിപ്പായി പരിഗണിക്കുകയും ഭരണപരമായ നടപടികൾക്ക് ആധാരമാക്കി സ്വീകരിക്കുകയും ചെയ്തിട്ടുള്ളൂ. ഒക്ടോബർ 14-ന് പകൽ ചില മേഖലകൾ കേന്ദ്രീകരിച്ചുണ്ടായ അതിതീവ്രമഴ മറ്റേതെങ്കിലും ഏജൻസികളോ മോഡലുകളോ ശരിയായരീതിയിൽ കാലേക്കൂട്ടി പ്രവചിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കാലവർഷത്തിന്റെ മുന്നൊരുക്കങ്ങളുടെ ഭാഗമായി അണക്കെട്ടുകളുടെ പ്രവർത്തനങ്ങൾ നിരന്തരം നിരീക്ഷിക്കാനും സുസജ്ജമാക്കാനുമായി ഗവൺമെന്റ് ഉത്തരവ് 453/2021 പ്രകാരം റൂൾ കർവ് കമ്മിറ്റി രൂപീകരിച്ചു. കാലാവസ്ഥാ മാറ്റങ്ങൾക്കനുസരിച്ച് അണക്കെട്ടിൽ ഒരു വർഷം സൂക്ഷിക്കാവുന്ന ജല സംഭരണത്തിന്റെ അളവ് രേഖപ്പെടുത്താനാണ് റൂൾ കർവ് കമ്മിറ്റി രൂപീകരിച്ചിരുന്നത്. 200 ദശലക്ഷം മീറ്റർ ക്യൂബിൽ കൂടുതൽ സംഭരണശേഷിയുള്ള ജലസംഭരണികൾക്കാണ് റൂൾ കർവ് നിയന്ത്രണങ്ങൾ പ്രധാനമായും പാലിക്കപ്പെടേണ്ടത്. കെ.എസ്.ഇ.ബി.എൽ.-ന്റെ ഇടുക്കി, ഇടമലയാർ, കക്കി, ബാണാസുരസാഗർ എന്നീ നാല് അണക്കെട്ടുകളും ജലസേചനത്തിനായുള്ള കല്ലട, മലമ്പുഴ എന്നീ രണ്ട് അണക്കെട്ടുകളും ഇതിലുൾപ്പെടുന്നു. 200 ദശലക്ഷം ക്യൂബിക് മീറ്റർ സംഭരണശേഷിക്ക് താഴെ വരുന്ന അണക്കെട്ടുകൾക്ക് അലെർട്ട് ലെവലുകളാണ് പുറപ്പെടുവിച്ചിരിക്കുന്നത്. നീല, ഓറഞ്ച്, ചുവപ്പ് എന്നിവയാണ് ഈ അലെർട്ടുകൾ. ഇത്തരം അലെർട്ടുകൾ ഉപയോഗപ്പെടുത്തിയാണ് ചെറിയ സംഭരണശേഷിയുള്ള അണക്കെട്ടുകൾ പ്രവർത്തിപ്പിക്കുന്നത്. 17 യോഗങ്ങൾ റൂൾ കർവ് കമ്മിറ്റി ഈ കാലയളവിൽ നടത്തിയിട്ടുണ്ട്. കാലാവസ്ഥയുടെ തുടർച്ചയായ

മാറ്റങ്ങൾക്കനുസരിച്ച് കേരളത്തിലെ അണക്കെട്ടുകളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കാനും പുറത്തേയ്ക്ക് ഒഴുക്കിവിടുന്നതിന്റെ അളവ് സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളാനും അതുവഴി പ്രളയ സാധ്യത മറികടക്കാനും റൂൾ കർവ് കമ്മിറ്റിയുടെ കാര്യക്ഷമമായ മേൽനോട്ടത്തിലൂടെ സാധിച്ചിട്ടുണ്ട്. റൂൾ കർവ് കമ്മിറ്റിയിലുള്ള വിദഗ്ദ്ധരുടെ നിർദ്ദേശങ്ങൾ സ്വീകരിച്ചതിലൂടെ ചുരുങ്ങിയ സമയത്തിനുള്ളിൽത്തന്നെ അനുയോജ്യമായ തീരുമാനങ്ങളെടുക്കാനും അവ നടപ്പിലാക്കാനും സാധിച്ചു. ഡാമുകളുടെ പരിപാലനം ഏറ്റവും പ്രാധാന്യമർഹിക്കുന്ന വിഷയമെന്ന നിലയിൽ വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശങ്ങളും തീരുമാനങ്ങളും എടുത്തുപറയേണ്ടതുതന്നെയാണ്. സർക്കാർ പ്രത്യേകമായി ഇതിൽ ഇടപെടില്ല എന്ന ശാസ്ത്രീയ തീരുമാനംതന്നെയാണ് കൈക്കൊണ്ടത്. ഡാമിലെ വെള്ളം തുറന്നുവിടുന്നതിനനുസരിച്ച് ജനതയെ രക്ഷിക്കാനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവയ്ക്ക് സാദ്ധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി അവിടെ വാസയോഗ്യമാണോയെന്ന് മനസ്സിലാക്കുന്നതിനുവേണ്ടി ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും രൂപീകരിച്ച പ്രത്യേക സംഘങ്ങൾ വാസയോഗ്യമല്ലാത്ത സ്ഥലത്തുനിന്ന് 1100 കുടുംബങ്ങളെ മാറ്റി പാർപ്പിക്കാൻ ശിപാർശ ചെയ്തിരുന്നു. ഈ ശിപാർശയുടെ അടിസ്ഥാനത്തിലും ജില്ലാടിസ്ഥാനത്തിൽ നടത്തിയ പരിശോധനയുടെ ഭാഗമായും കടലോരങ്ങളിലുള്ള മത്സ്യത്തൊഴിലാളികളെ മാറ്റിപ്പാർപ്പിക്കണമെന്ന പദ്ധതിയുടെ അടിസ്ഥാനത്തിലും 842 കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുകയും ഇതിനായി 84 കോടി 20 ലക്ഷം രൂപ സർക്കാർ ചെലവഴിക്കുകയും ചെയ്തിട്ടുള്ളതാണ്. ബാക്കിയുള്ളവരെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള പ്രവർത്തനം യുദ്ധകാലാടിസ്ഥാനത്തിൽ നടന്നുവരികയാണ്. Highly vulnerable ആയിട്ടുള്ള ഈ മേഖലകളിൽനിന്ന് ജനങ്ങളെ നേരത്തെ മാറ്റിപ്പാർപ്പിക്കുകയെന്നുള്ളത് അലെർട്ടുകളുടെ അടിസ്ഥാനത്തിലാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. മഴ ശക്തിപ്പെടുന്ന സാഹചര്യം മനസ്സിലാക്കി വ്യോമസേനയുടെയും നാവികസേനയുടെയും കരസേനയുടേയും സഹായം സംസ്ഥാനം നേരത്തെതന്നെ തേടിയിരുന്നു. ദേശീയ ദുരന്തനിവാരണ സേനയുടെ അധിക സംഘങ്ങളും സമയോചിതമായി ഇടപെട്ടു. ലഭ്യമായ സേനകളെ ഉയർന്ന അലർട്ടുകളിലുള്ള ജില്ലകളിലും ഇടുക്കി, വയനാട് തുടങ്ങിയ ഏറ്റവും ദുരന്ത സാദ്ധ്യതകളുള്ള ജില്ലകളിലുമാണ് വിന്യസിപ്പിച്ചത്. അതിതീവ്ര മഴയ്ക്കുള്ള സാദ്ധ്യതയും ചുവപ്പ് അലെർട്ടുമാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ ഉയർന്ന മുന്നറിയിപ്പ്. അതിശക്തമായ മഴയ്ക്ക് സാദ്ധ്യതയുള്ള ഓറഞ്ച് അലെർട്ടും വളരെ ഗൗരവമായ അലെർട്ടുകളിലൊന്നാണ്. ഓറഞ്ച്, റെഡ് അലെർട്ടുകൾ പ്രഖ്യാപിക്കപ്പെടുന്ന ജില്ലകളിലാണ് കേന്ദ്ര സേനകളെ മുൻകൂറായി സജ്ജമാക്കിവയ്ക്കുകയും ജനങ്ങളെ ക്യാമ്പുകളിലേയ്ക്ക് മുൻകൂറായി മാറ്റുകയും ചെയ്യുന്നത്. ഓറഞ്ച് അലെർട്ടുള്ള ജില്ലകളിൽ ക്യാമ്പുകൾ സജ്ജമാക്കിവയ്ക്കാനും സജ്ജമാക്കി

വച്ചിരിക്കുന്ന ക്യാമ്പുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ ഏറ്റവും അപകടസാദ്ധ്യതയുള്ള പ്രദേശങ്ങളിലെ ജനങ്ങളെ അറിയിക്കാനുമുള്ള നിർദ്ദേശം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകൾക്കും ജില്ലാ ഭരണകൂടങ്ങൾക്കും കൃത്യമായി എല്ലാ ദിവസത്തേയും മുന്നറിയിപ്പിനോടൊപ്പം നൽകിയിട്ടുള്ളതാണ്. എന്നാൽ ചുവപ്പ് അലെർട്ട് പ്രഖ്യാപിച്ച ജില്ലകളിൽ മാത്രമാണ് ആളുകളെ നിർബന്ധപൂർവ്വം ഒഴിപ്പിക്കേണ്ടത്. ഒക്ടോബർ 16-ന് പകൽ 10 മണി വരെ കേന്ദ്ര കാലാവസ്ഥാ വകുപ്പ് കേരളത്തിൽ ഒരിടത്തും ചുവപ്പ് അലെർട്ട് പ്രഖ്യാപിച്ചിരുന്നില്ല. വിവിധ ജില്ലകളിലായി 12 ദേശീയ ദുരന്ത നിവാരണ ടീമുകൾ, 2 ആർമി ടീമുകൾ, 3 ഡി.എസ്.ഇ. ടീമുകൾ, എയർഫോഴ്സിന്റെ രണ്ട് ചോപ്പറുകൾ, നേവിയുടെ ഒരു ചോപ്പർ, ഇ.ടി.എസ്.-ന്റെ ഒരു പ്രത്യേക ഫോഴ്സ് എന്നിവ രക്ഷാപ്രവർത്തനങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. നിലവിൽ എല്ലാ ജില്ലകളിലും സംസ്ഥാന സേനകളെ കൂടാതെ ആവശ്യാനുസരണം ദേശീയ സേനകളെയും വിന്യസിപ്പിച്ചിട്ടുണ്ട്. സന്നദ്ധസേനാ പ്രവർത്തകർ, ഇന്റർ ഏജൻസി ഗ്രൂപ്പ്, സിവിൽ ഡിഫൻസ് എന്നിവരും രക്ഷാ പ്രവർത്തനങ്ങളിൽ പങ്കാളികളായിട്ടുണ്ട്. സംസ്ഥാനത്തെ മന്ത്രിമാരും ജനപ്രതി നിധികളും ഉദ്യോഗസ്ഥരുമടക്കം ദുരന്തനിവാരണ പ്രവർത്തനങ്ങളിലിടപെടാൻ കഴിയുന്ന എല്ലാ ഘട്ടത്തിലും നല്ലതുപോലെയുള്ള ഇടപെടൽ നടത്തിയിട്ടുണ്ടെന്ന കാര്യം സർക്കാരിനുവേണ്ടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അദ്ദേഹം ഇവിടെ 16 മിനിട്ടോളം സംസാരിച്ചു. അത് അസാധാരണമാണ്.

മി. സ്പീക്കർ: അതിൽ ഒരു അസ്വസ്ഥത പ്രകടിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെ ട്ടിരുന്നു. ഇത് വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. സഭയും ജനങ്ങളും അറിയേണ്ട കാര്യങ്ങൾ മാത്രം പറഞ്ഞതുകൊണ്ടാണ് ചെയർ ഇടപെടാതിരുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പറയാനിരുന്ന കാര്യം അങ്ങ് പറഞ്ഞതിൽ നന്ദി. ഇത് വളരെ പ്രധാനപ്പെട്ടതായതുകൊണ്ടാണല്ലോ ഇത്രയും ദീർഘമായി അദ്ദേഹം സംസാരിച്ചത്. അതിന്റെ അർത്ഥം വളരെ പ്രധാനപ്പെട്ട കാര്യം തന്നെയാണെന്നതാണ്. അദ്ദേഹം ദുരന്തനിവാരണ അതോറിറ്റിയെ ആശ്രയിച്ചാണ് ഈ കണക്കുകളെല്ലാം ഇവിടെ പറഞ്ഞത്. ദുരന്ത നിവാരണ അതോറിറ്റിയുടെ തലവൻ ഈ സമയത്ത് വിദേശത്തായിരുന്നു. ഓഖി വന്ന സമയത്തും അദ്ദേഹം വിദേശത്തായിരുന്നു. സത്യം പറഞ്ഞാൽ അദ്ദേഹത്തിന് വിദേശകാര്യത്തിന്റെ വകുപ്പുംകൊടുത്ത് വിദേശത്തുതന്നെ കുടിയിരുത്തുന്നതായിരിക്കും കേരളം രക്ഷപ്പെടാൻ നല്ലതെന്ന് എനിക്ക് തോന്നുകയാണ്. അങ്ങ് ഓഫീസേഴ്സ് ഗ്യാലറിയിലേയ്ക്ക് നോക്കുകയാണ്. എന്നിട്ട് അങ്ങ് ഇപ്പോൾ വിളിച്ചുവരുത്തിയിട്ടുണ്ടാകും, അത് വേറെ

പ്രശ്നം. പക്ഷേ ഈ സമയത്തുണ്ടായിരുന്നോ എന്നുള്ളതാണ് ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നം. സദാജാഗരൂകരാകേണ്ട ഉദ്യോഗസ്ഥർ ഇങ്ങനെ ഊരുചുറ്റി നടന്നാൽ നമ്മുടെ കേരളത്തിലെ ജനങ്ങൾ എവിടെ പോകും? ഞാൻ എന്റെ വിഷയത്തിലേയ്ക്ക് കടക്കുന്നതിനുമുമ്പ് പ്രകൃതി ദുരന്തത്തിൽ മരണപ്പെട്ട അൻപത്തിയഞ്ചോളം പേരുടെ പാവനസ്മരണയ്ക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുകയാണ്. അവരുടെ കുടുംബങ്ങളെ സ്മരിക്കുവാൻ ഈ സന്ദർഭം വിനിയോഗിക്കുന്നു. ഇവിടെ ഒരു ഫ്ലാഷ് ബാക്കുണ്ട്. 2018-ൽ സംഭവിച്ച ദുരന്തമാണത്. ഈ ദുരന്തമുണ്ടായ സമയത്ത് കേരളം ഒരു പാഠം പഠിച്ചുവെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്ന് പറഞ്ഞത്. അന്ന് പഠിച്ച പാഠത്തിൽനിന്ന് കൂടുതൽ മുന്നോട്ട് പോകുന്നതിനുള്ള നടപടിയെടുക്കുമെന്നുവേണമല്ലോ നാം അനുമാനിക്കേണ്ടത്. അസാധാരണമായുണ്ടായ ആ പ്രളയത്തിൽ നമുക്ക് ഒരുപാട് കാര്യങ്ങൾ ചെയ്യാനുണ്ടായിരുന്നു. ഞാൻ ഒരു വാക്യം മാത്രമേ അതിനെക്കുറിച്ച് പറയുന്നുള്ളൂ. കേന്ദ്ര ഫണ്ട്, ലോക ബാങ്ക് വിഹിതം, ജർമ്മൻ ബാങ്ക് വിഹിതം, പ്രളയ സെസ്സ്, പൊതുജന വിഹിതം, സാലറി ചലഞ്ച്, സഹകരണ വകുപ്പ്, മദ്യ സെസ്സ്, സർക്കാർ വിഹിതം എന്നിവയുൾപ്പെടെ പന്ത്രണ്ടായിരത്തി എണ്ണൂറ്റിമുപ്പത്തിയാറുകോടി രൂപ സർക്കാരിന്റെ കൈവശമുണ്ടായിരുന്നു. ഞങ്ങൾക്ക് ലഭിച്ച ഔദ്യോഗിക കണക്കനുസരിച്ച്, 2018 മുതൽ പ്രസ്തുത തുകയിൽനിന്ന് ചെലവഴിച്ച തുക അയ്യായിരത്തി അഞ്ഞൂറ്റി അൻപത്തിയെട്ട് കോടി രൂപയാണ്. കേരളം അനുഭവിച്ചുകൊണ്ടിരിക്കുന്ന ഈ ദുരിതത്തിൽനിന്ന് നമ്മൾ പാഠം പഠിച്ചുവെങ്കിൽ, ദുരിതമനുഭവിക്കുന്ന ജനങ്ങളെ സഹായിക്കാൻവേണ്ടി നമ്മൾ ചെയ്യേണ്ട നടപടികൾ അനവധിയാണ്. അങ്ങിവിടെ മഴയുടെ കണക്ക് പറഞ്ഞു. ചെറുതോണിയിൽ, ഒക്ടോബർ 15-ാം തീയതി അതിരാവിലെ മുതൽ തൊട്ടടുത്ത ദിവസം രാവിലെ, ഏകദേശം 7.30 വരെ 140 മില്ലി മീറ്റർ മഴ പെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ കണക്കിൽ ഞാനത് കേട്ടില്ല. പക്ഷെ, ഇതുസംബന്ധിച്ച് ഡിപ്പാർട്ടുമെന്റിൽനിന്ന് ലഭിച്ച റിപ്പോർട്ടുപ്രകാരമുള്ള കണക്കാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. 8 മണിക്കൂർകൊണ്ട് ഇത്രയധികം വെള്ളം തൊടുപുഴയാറ്റിൽ ഒഴുകിയെത്തി. 4 മീറ്റർ വെള്ളം അവിടെ ഉയർന്നിട്ടുണ്ട്. വളരെയധികം നടപടികളെടുക്കുമെന്ന് ആവർത്തിച്ച് പറയുമ്പോഴും ഗവൺമെന്റിന്റെ മുമ്പിൽ 8 മണിക്കൂർ കിട്ടിയില്ലേ? സെൻട്രൽ വാട്ടർ കമ്മീഷൻ സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുള്ള 42 മോണിറ്ററിംഗ് സ്റ്റേഷനുകളിൽ ലൈവ് അപ്ഡേറ്റ് ചെയ്യുന്നുണ്ട്. വിവരശേഖരം വിശകലനം ചെയ്ത് ജനങ്ങൾക്ക് വിവരമെത്തിക്കാൻ കഴിയുന്നില്ലെങ്കിൽ പിന്നെന്ത് ദുരന്ത നിവാരണമാണ് നമ്മൾ വിവക്ഷിക്കുന്നത്? ദുരന്ത നിവാരണത്തിന്റെ നടത്തിപ്പിനെക്കുറിച്ചറിയാൻവേണ്ടി പ്രതിപക്ഷനേതാവ്, മുൻ പ്രതിപക്ഷനേതാവ്, ബഹുമാനപ്പെട്ട സഭാംഗം ശ്രീ. പി. ടി. തോമസ്, ഞങ്ങളെല്ലാവരും പോയിക്കണ്ട

നേർക്കാഴ്ചയാണ് ഞാനിവിടെ വിശദീകരിക്കുന്നത്. 2018-ലെ മഹാപ്രളയംമൂലം 400-ലധികം പേർക്ക് ജീവഹാനിയുണ്ടായി. ഐ.എം.ഡി. വേണ്ടവിധത്തിൽ വിവരങ്ങൾ ശേഖരിച്ചുതരാത്തതാണ് ദുരന്തത്തിന് കാരണമെന്നുപറഞ്ഞു. അതിന് നമ്മൾ ചെയ്ത പരിഹാരമെന്തെന്നാൽ ഭീമമായ തുക നൽകി ഐ.ബി.എം., എർത്ത് നെറ്റ് എന്നീ രണ്ട് സ്വകാര്യ സ്ഥാപനങ്ങളെ മുന്നറിയിപ്പ് നൽകേണ്ട ജോലിയേൽപ്പിച്ചു. ആദ്യമുണ്ടായിരുന്ന ഐ.എം.ഡി.-യുടെ വിവരം ശരിയല്ലെന്നും അവർ നമ്മളെ ചതിച്ചുവെന്നും ഏറെക്കുറേ കണ്ടെത്തിയതിനുശേഷം രണ്ട് സ്വകാര്യ ഏജൻസികളെ നമ്മളിത് ഏൽപ്പിച്ചു. അവർക്ക് നമ്മൾ കൊടുക്കേണ്ട തുക എത്രയെന്ന് സർക്കാരിനറിയാം. ഭീമമായൊരു തുകയാണത്, അത് കൊടുത്തു. പക്ഷേ, അവർ ഒരു മുന്നറിയിപ്പും ഈ സർക്കാരിന് തന്നില്ലേ; നമ്മൾ ഏൽപ്പിച്ച ഒരു പണിയും അവർ ചെയ്തില്ലേ? മഹാപ്രളയത്തിനുശേഷം Post Disaster Needs Assessment നടത്തിയിരുന്നു. അങ്ങിവിടെ പറയാത്ത ഒരു ഭാഗം കൂടി ഞാൻ ഓർമ്മപ്പെടുത്താം. Post Disaster Needs Assessment റിപ്പോർട്ടിൽ 18 മുതൽ 27 വരെ അക്കമിട്ട് പറഞ്ഞിരിക്കുന്ന കുറച്ച് കാര്യങ്ങളുണ്ട്. അതിലൊരെണ്ണമെങ്കിലും ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ? ഒരു ദുരന്തത്തിന്റെ ദുരനുഭവം നമ്മൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. രണ്ടാം ദുരന്തത്തിലേയ്ക്ക് വഴുതിവീഴാതിരിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ആ പരിശ്രമം നടത്തുന്നതിനിടയിലാണ് Post Disaster Needs Assessment നടത്തിയത്. ആ റിപ്പോർട്ടിലെ ഒരു ഖണ്ഡികപോലും നമുക്ക് നടപ്പാക്കാൻ കഴിഞ്ഞതായി അങ്ങയുടെ പ്രസംഗത്തിൽനിന്നും എനിക്ക് മനസ്സിലായിട്ടില്ല. ഇവിടെ ഒരു ഹരിത സുരക്ഷിത സംസ്ഥാനമാക്കി മാറ്റുമെന്നാണ് പറഞ്ഞിട്ടുള്ളത്. ഹരിത അരക്ഷിത സംസ്ഥാനമാക്കി നമ്മുടെ കേരളം മാറിക്കൊണ്ടിരിക്കുന്നുവെന്നുള്ളതാണ് ജനങ്ങൾ കണ്ടുകൊണ്ടിരിക്കുന്ന കാര്യം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിലേയ്ക്ക് അങ്ങയുടെ വകുപ്പിനെ സംബന്ധിച്ച് ഞാൻ ഒരു കാര്യം സൂചിപ്പിക്കുകയാണ്. കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ N.C.R.M.P. (National Cyclone Risk Management Programme)-ന്റെ കാലാവധി 2022 മാർച്ച് മാസം അവസാനിക്കുകയാണ്. കോടാനുകോടി രൂപ ഒരു സംസ്ഥാനത്തിന് കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭിക്കാൻ സാദ്ധ്യതയുള്ളത് എന്തുകൊണ്ടാണ് നിരാകരിക്കുന്നത് എന്നെനിക്ക് മനസ്സിലായിട്ടില്ല. അവർ ആവശ്യപ്പെട്ട കാര്യങ്ങൾ ഇവിടെനിന്ന് കൊടുക്കുന്നില്ലെന്നുള്ളതാണ് ഞങ്ങൾക്ക് ലഭിച്ചിട്ടുള്ള വിവരം. ചുഴലിക്കാറ്റ് ആഞ്ഞുവീശുമ്പോൾ സുരക്ഷിതമാക്കാനുള്ള 17 സൈക്ലോൺ ഷെൽറ്ററുകൾ കേരളത്തിന് ലഭിച്ചിട്ടുണ്ട്. എവിടെയാണ് പ്രസ്തുത സൈക്ലോൺ ഷെൽറ്റർ പണിതത്; എത്രയെണ്ണം പണിതു; കുട്ടിക്കലും തൊട്ടടുത്തുള്ള പ്രദേശങ്ങളിലും സൈക്ലോണുണ്ടായാൽ ആ പ്രദേശങ്ങളിലുള്ളവരെ രക്ഷിക്കുന്നതിനുവേണ്ടി എന്ത് നടപടിയാണ് എടുത്തത്? അങ്ങേയ്ക്കറിയില്ലെങ്കിൽ ബഹുമാനപ്പെട്ട ശ്രീ. റോഷി അഗസ്റ്റിൻ അവർകളോട് ചോദിക്കണം.

ഒരെണ്ണമെങ്കിലും അവിടെ പണിതിട്ടുണ്ടോ? ഒന്നും ചെയ്തിട്ടില്ല. പ്രളയം വരുമ്പോൾ പ്രളയത്തേക്കാൾ വലിയ ശബ്ദഘോഷത്തോടുകൂടി ഞങ്ങളോട് ചിലർ മറുപടി പറയും. പക്ഷെ മറുപടി കഴിഞ്ഞാലും ശൂന്യമാണ്. പിന്നെ നമുക്ക് മുന്നോട്ടുപോകാൻ പറ്റുന്നില്ല. ഈ ദുരന്ത സാഹചര്യമാണ് സംസ്ഥാനം നേരിട്ടുകൊണ്ടിരിക്കുന്നത്. ഇവിടെ ചുഴലിക്കാറ്റ് വീശുന്ന സമയത്ത് സൈക്ലോൺ ഷെൽറ്ററുകൾ പണിയുന്നതിനു വേണ്ടി നമുക്ക് കിട്ടിയ തുകയിൽനിന്ന് എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്? കാര്യമായിട്ടൊന്നുമില്ല. 'എൻ.സി.ആർ.എം.പി.'-യുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണെന്നുള്ളതിനെക്കുറിച്ച് അങ്ങിവിടെ പറയുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ഇവിടെ Post Disaster Need Assessment-ന്റെ നാല് ശാഖകളുണ്ട്. ആ ശാഖകളിലൊന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പൊതുജനങ്ങൾക്കും ദുരന്തപ്രതിരോധത്തിനും പ്രതികരണത്തിനും പരിശീലനം നൽകുകയെന്നുള്ളതാണ്. എന്താണ് പരിശീലനം നൽകിയത്; പരിശീലനം കിട്ടിയ ആളുകളെയാരെയെങ്കിലും നമ്മുടെ ഹൈറേഞ്ച് മേഖലയിൽ കണ്ടോ; അവരാരെങ്കിലും ഈ പറയുന്ന സ്ഥലങ്ങളിലെത്തിയിരുന്നോ? 'എൻ.സി.ആർ.എം.പി.' ട്രെയിനിംഗ് ഫണ്ട് 'കില'-യ്ക്കാണ് നൽകുന്നതെന്ന് പറഞ്ഞു. 'കില'-യ്ക്ക് പ്രസ്തുത തുക നൽകിയിട്ടുണ്ടോ; 'കില' അതിനുശേഷം എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോ; ദുരന്തനിവാരണ പരിശീലനത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് ജനങ്ങളോട് പറയണ്ടേ? ഇതൊക്കെ സംഭവിക്കുമ്പോഴും സർക്കാർ ഉറങ്ങുകയായിരുന്നു. നമ്മൾ നിയമസഭയിൽ പരസ്പരം കൈചൂണ്ടി സംസാരിക്കുകയും വാദഗതികൾ അവതരിപ്പിക്കുകയും ചെയ്ത് റെക്കോർഡിലെത്തിക്കുന്നതിനുപകരം സർക്കാർ ചെയ്യേണ്ട കാര്യം ചെയ്തിട്ടുണ്ടോയെന്നുള്ളതാണ് ഞങ്ങളുടെ സമഗ്രമായ ചോദ്യം. പ്രസ്തുത ചോദ്യത്തിനുത്തരം അങ്ങയുടെ ദീർഘമായ പ്രസംഗത്തിൽനിന്ന് കിട്ടിയില്ലെന്നുള്ളതാണ് ദുഃഖകരമായ കാര്യം. മഹാപ്രളയം വന്നുപോയിട്ട്, വെള്ളപ്പൊക്ക അപകടനില പൊതുജനങ്ങൾ മനസ്സിലാക്കത്തക്ക വിധത്തിൽ എന്തെങ്കിലും ഒരു മാപ്പിംഗ് നടന്നിട്ടുണ്ടോ? 2018-ലും 2019-ലും രണ്ട് വർഷത്തിനുശേഷം 2021-ൽ വീണ്ടും പ്രളയമുണ്ടായി. വെള്ളമുയർന്നാൽ എവിടെ വരെയെത്തും എന്നുള്ളതിനെക്കുറിച്ച് ഒരു മാപ്പിംഗ് സിസ്റ്റം നമുക്കുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ? 'ഐ.എസ്.ആർ.ഒ.'-യുടെ ഭുവൻ മാപ്പിൽ പൊട്ടുപോലെ കാണിച്ചിരിക്കുന്ന സ്ഥലമാണ് സർക്കാർ മാപ്പ് ആക്കി നമുക്ക് മുന്നിൽ പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇവർക്ക് ജനങ്ങൾ മാപ്പ് കൊടുക്കുമോ? ഇത് തെറ്റായ ചിത്രീകരണമാണ്. ഇത്രയും പ്രധാനപ്പെട്ട ഒരു സാഹചര്യത്തെ നേരിടുന്നതിനുവേണ്ടി, ജനങ്ങളിൽ അവബോധമുണ്ടാക്കുന്നതിനുവേണ്ടി സർക്കാർ നടപടിയെടുക്കേണ്ടതാണ്. ഭുവൻ മാപ്പിൽ പൊട്ടുപോലെ കാണുന്ന ഭാഗം കണ്ടാൽ പൊതുജനങ്ങൾക്ക് എന്ത് മനസ്സിലാകും; വില്ലേജ് ഓഫീസർക്ക് എന്താണ് മനസ്സിലാകുന്നത്; അവർ എന്ത്

പ്രതിരോധ നടപടിയാണെടുക്കുക? 'പന്തം കണ്ട പെരുച്ചാഴിയെ' പോലെ സർക്കാർ ഉദ്യോഗസ്ഥർ അന്തംവിട്ടുനിന്നുപോയി. അവർക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. Spacial Extent-ൽ ഏര്യാ മാപ്പ് കൊടുക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് അങ്ങേയ്ക്ക് പറയാമോ? അങ്ങനെയാണ് പൊതുജനങ്ങളെ നമ്മൾ പഠിപ്പിക്കുന്നത്. പ്രളയത്തിന്റെ സാധ്യതയും വരവും മാപ്പിംഗും ദുരന്തത്തിന്റെ തോതും ജനങ്ങളെ പഠിപ്പിക്കുന്നതെങ്ങനെയാണ്? അതിനുവേണ്ടിയുള്ള Spacial Extent ഏര്യാ മാപ്പ് കൊടുക്കാൻ കഴിയാത്തതെന്തെന്ന് സർക്കാർ വിശദീകരിക്കണം. മാപ്പ് പറഞ്ഞുകൊണ്ടുനടന്നാൽ ദുരന്തമനുഭവിക്കുന്ന പാവപ്പെട്ട ജനങ്ങൾ നിങ്ങൾക്കെന്ത് മാപ്പാണ് നൽകാൻ പോകുന്നത് എന്നെനിക്കറിയില്ല. കാലാവസ്ഥാ വ്യതിയാനം അതിരൂക്ഷമാകുന്ന സാഹചര്യമാണ്. ഇന്ത്യയിൽ പൊതുവെയും കേരളത്തിൽ പ്രത്യേകിച്ചും ഹോട്ട്സ്പോട്ടായിരിക്കുമെന്ന് 2021-ലെ ഏറ്റവും പുതിയ 'ഐ. പി. സി. സി.' റിപ്പോർട്ടിൽ പറയുന്നുണ്ട്. അങ്ങയുടെ പ്രസംഗത്തിൽ ഇത് പറയുമെന്ന് ഞാൻ കണക്കുകൂട്ടിയതാണ്. അങ്ങ് അവസാനമായി കാത്തുവച്ചിരിക്കുന്ന ഒരു ആയുധമായിരിക്കാം. ഐ.പി.സി.സി. റിപ്പോർട്ടിൽ പറയുന്നകാര്യം അങ്ങ് നോക്കേണ്ടതല്ലേ? അറബിക്കടലിലും ഇന്ത്യൻ മഹാസമുദ്രത്തിലും ബംഗാൾ ഉൾക്കടലിലും രൂപപ്പെട്ടുകൊണ്ടിരിക്കുന്ന താപോർജ്ജം കൂടുതൽ ആഗിരണം ചെയ്യുന്നതുമൂലമാണെന്നാണ് വിദഗ്ദ്ധരുടെ അഭിപ്രായം. അത്തരത്തിലുള്ള ശാസ്ത്രീയ പഠനങ്ങൾ ക്രോഡീകരിച്ച് സർക്കാരിന് ഗവേണൻസ് സപ്പോർട്ട് നൽകാനായി രൂപീകരിച്ച കാലാവസ്ഥാ വ്യതിയാനപഠന കേന്ദ്രത്തിന്റെ ഇപ്പോഴത്തെ അവസ്ഥ യെന്താണെന്ന് അങ്ങേയ്ക്ക് പറയാൻ സാധിക്കുമോ? കാലാവസ്ഥാ വ്യതിയാന കേന്ദ്രം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കീഴിലാണ്. അവർക്ക് ഇന്ത്യാ ഗവൺമെന്റ് അഞ്ച് കോടി രൂപ നൽകി. നമ്മുടെ സംസ്ഥാനം അതുംകൂടി കൊണ്ടുപോന്നു. അവർക്ക് ഇതുമായി ബന്ധപ്പെട്ട റിസർച്ച് നടത്താൻ കഴിഞ്ഞില്ല, വിദഗ്ദ്ധർക്ക് മുന്നോട്ടുപോകാൻ കഴിയുന്നില്ല.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നാസയുടെയും കൊച്ചിൻ സർവ്വകലാശാ ലയുടെയും വ്യക്തമായ മുന്നറിയിപ്പുണ്ടായിരുന്നിട്ടും ദുരന്തമെത്തിയതിനുശേഷമാണ് റെഡ് അലെർട്ട് കൊടുത്തതെന്നുള്ളത് ലജ്ജാകരമല്ലേ; ഒരു സമൂഹത്തോട് നമ്മൾ അങ്ങനെ ചെയ്യാമോ? നമ്മുടെ കയ്യിൽ റിപ്പോർട്ടുണ്ടായിരുന്നു. എന്നിട്ടുപോലും റെഡ് അലെർട്ട് കൊടുക്കാൻ സാധിച്ചില്ല. കോട്ടയം, ഇടുക്കി ജില്ലകളിലെ അതിർത്തി പ്രദേശത്ത് ഉരുൾപൊട്ടൽ കൊടുംനാശം വിതച്ചശേഷം ഉച്ചയ്ക്ക് 1.00 മണിക്കാണ് ജാഗ്രതാ നിർദ്ദേശം നൽകിയത്. ഞങ്ങളെല്ലാവരും ഉരുൾപൊട്ടലുണ്ടായ കൊക്കയാറിൽ പോയതാണ്. അപകടം നടന്ന് 21 മണിക്കൂറിനുശേഷമാണ് സർക്കാർ സംവിധാനം

അവിടെ പ്രവർത്തിച്ചത്. അവിടെ പോയിട്ടുള്ള മന്ത്രിമാരുടെ സേവനത്തെ ഞാൻ തള്ളിപ്പറയുന്നില്ല. അവർക്കുകഴിയുന്ന രൂപത്തിലൊക്കെ അവിടെ കാര്യങ്ങൾ ചെയ്തു. അതുകൊണ്ട് സംസ്ഥാനത്തെ കൊടുംഭീതിയിലേയ്ക്കെത്തിച്ചുകൊണ്ടിരിക്കുന്ന, മുന്നറിയിപ്പ് കൊടുത്താൽ ഒഴിവാക്കാൻ കഴിയുമായിരുന്ന, മനുഷ്യജീവൻ രക്ഷിക്കാൻ കഴിയുമായിരുന്ന സാഹചര്യം വികലമായി കൈകാര്യം ചെയ്തുവെന്നുള്ളതാണ് ഞങ്ങളുടെ ആക്ഷേപം. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ വിശദമായ മറുപടി പറഞ്ഞുവെന്നാണ് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത്. എന്നാൽ പറഞ്ഞതിനേക്കാൾ കൂടുതൽ കാര്യങ്ങളാണ് അദ്ദേഹം ചോദിക്കുന്നത്. ഒരു തർക്കവും സർക്കാരിനില്ല, ഒന്നും ഒളിച്ചുവയ്ക്കാനുമില്ല. സമയബന്ധിതമായി ഈ പ്രശ്നങ്ങളിലിടപെടാനും എല്ലാ വിഭാഗം ജനങ്ങളെയും കൂട്ടിയോജിപ്പിച്ച് മുന്നോട്ടുപോകാനും സർക്കാരിന് സാധിച്ചിട്ടുണ്ടെന്ന ആത്മവിശ്വാസം ബന്ധപ്പെട്ട ആളുകളോട് ചോദിച്ചാൽ അങ്ങേയ്ക്ക് മനസ്സിലാകുമെന്നാണ് ഞാൻ കരുതുന്നത്. ഞാൻ പിന്നിലേയ്ക്ക് തിരിഞ്ഞുനോക്കിയത് ഒരു അത്ഭുതം കേട്ടിട്ടാണ്. യഥാർത്ഥത്തിൽ ഈ വിഷയം രാഷ്ട്രീയമാണെങ്കിലും പ്രതിപക്ഷത്തുനിന്ന് ഏറ്റവും നന്നായി അവതരിപ്പിക്കാൻ കഴിയുന്ന ആൾ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനാണ്. കാരണം പ്രതിപക്ഷത്തിരിക്കുന്നവരിൽ ഏറ്റവും കൂടുതൽ വകുപ്പുകൾ കൈകാര്യം ചെയ്തത് അങ്ങാണ്. ഒരുഘട്ടത്തിൽ രാജി വച്ചവരുടെയെല്ലാം വകുപ്പുകൾ വിശ്വസിച്ച് അങ്ങയെ ഏൽപ്പിക്കുകയായിരുന്നു. അതുകൊണ്ട് അങ്ങ് ഈ വകുപ്പുകളെല്ലാം ഭരിച്ചിട്ടുണ്ട്. പക്ഷേ അങ്ങേയ്ക്ക് എവിടെനിന്നാണ് വിവരങ്ങൾ ലഭിക്കുന്നതെന്നാണ് എനിക്ക് മനസ്സിലാകാത്തത്. ഞാൻ പിന്നിലേയ്ക്ക് തിരിഞ്ഞുനോക്കിയതിനുതന്നെ കാരണം ദുരന്ത നിവാരണ അതോറിറ്റിയുടെ ചെയർമാൻ വിദേശത്താണെന്ന് അങ്ങ് പറഞ്ഞതാണ്. അങ്ങ് പറഞ്ഞപ്പോൾ സത്യത്തിൽ ഞാൻ അത്ഭുതപ്പെട്ടു. ഞാൻ അങ്ങുമായി തർക്കത്തിനില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ദുരന്തനിവാരണ അതോറിറ്റിയുടെ ചെയർമാൻ മുഖ്യമന്ത്രിയാണെന്ന് എനിക്കറിയാം. ഞാൻ പറഞ്ഞത് ദുരന്ത നിവാരണ അതോറിറ്റിയുടെ ഡയറക്ടർ എന്നാണ്.

ശ്രീ. കെ. രാജൻ: സർ, ഞാൻ അങ്ങയോട് പറയട്ടെ, ദുരന്തനിവാരണ അതോറിറ്റിയുടെ ചെയർമാൻ ബഹുമാന്യനായ മുഖ്യമന്ത്രിയാണ്. ആ നിലയിൽ അദ്ദേഹം ആ പ്രവർത്തനങ്ങൾക്ക് ശ്രദ്ധേയമായ നേതൃത്വം നൽകുകയാണ്. 2018-ലെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ, ദുരന്തനിവാരണ അതോറിറ്റിയുടെ കമ്മീഷണറായി

പ്രവർത്തിക്കുന്ന ഡോ. കൗശിഗൻ, ഐ.എ.എസ്., ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പൂർണ്ണസജ്ജമായി കേരളത്തിന്റെ എസ്.ഇ.ഒ.സി. (State Emergency Operations Centre)-യിലും ഡി.ഇ.ഒ.സി. (District Emergency Operations Centre)-കളിലും എല്ലാതരത്തിലുമുള്ള പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നിൽക്കുകയാണ്. അങ്ങേയ്ക്ക് ലഭ്യമായ വിവരങ്ങൾ അനുസരിച്ചായിരിക്കും പല കാര്യങ്ങളും പറയുന്നത്. എന്നാൽ ഈ തെറ്റായ വിവരങ്ങൾ അങ്ങയെ ബോദ്ധ്യപ്പെടുത്തുന്നത് എവിടെനിന്നാണെന്ന് എനിക്കറിയില്ല. അങ്ങ് പറഞ്ഞ ഒരു കാര്യം ശരിയാണ്, 17 സൈക്ലോൺ ഷെൽറ്ററുകൾ കേരളത്തിൽ അനുവദിക്കപ്പെട്ടിട്ടുണ്ട്. പത്ത് സ്ഥലങ്ങളിൽ അതിന്റെ പണി പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തു. അങ്ങേയ്ക്ക് എന്തെങ്കിലും സംശയമുണ്ടെങ്കിൽ മുൻ പ്രതിപക്ഷനേതാവിനോട് ചോദിച്ചാലറിയാം. ഞങ്ങൾ ഒരുമിച്ചാണ് ചെറുതനയിൽ സൈക്ലോൺ ഷെൽറ്റർ ഉദ്ഘാടനം ചെയ്തത്. മലയോരത്ത് സൈക്ലോൺ ഷെൽറ്റർ സ്ഥാപിക്കാത്തത് എന്തുകൊണ്ടാണെന്ന് അങ്ങ് ചോദിച്ചു, അങ്ങയെ ആരോ തെറ്റിദ്ധരിപ്പിക്കുകയാണ്. തീരദേശത്തെ ദുരന്തമേഖലകളെ സഹായിക്കാനാണ് സൈക്ലോൺ ഷെൽറ്ററുകൾ അനുവദിച്ചിട്ടുള്ളത്. അത് കൂട്ടിക്കലിൽ സ്ഥാപിക്കാൻ കഴിയില്ല. അക്കാര്യം അങ്ങ് ദയവായി മനസ്സിലാക്കണം. മുമ്പ് റിവർ മാനേജ്മെന്റിന്റെ ഫണ്ടെടുത്ത് പത്തനംതിട്ടയിൽ കൊണ്ടുപോയതുപോലെ, ദുരന്തനിവാരണത്തിന് ഒരു സ്ഥലം ഏൽപ്പിച്ചാൽ അവിടെയല്ലാതെ മറ്റൊരു സ്ഥലത്ത് കൊടുക്കാൻ ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. പതിനേഴ് സ്ഥലങ്ങളിൽ പത്തിടത്തും അത് രൂപീകരിച്ചു. ബാക്കിയുള്ള സ്ഥലങ്ങളിൽ അതിന്റെ നടപടിക്രമങ്ങളുമായി മുന്നോട്ടുപോകുകയാണ്. സുനാമിയുടെ അനുഭവമല്ല 2018-നുശേഷം കേരളത്തിലെ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നതെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് ഞാൻ ആഗ്രഹിക്കുന്നു. അങ്ങിവിടെ പറഞ്ഞ മറ്റൊരു പ്രധാനപ്പെട്ട കാര്യം എന്നെ അത്ഭുതപ്പെടുത്തി. അങ്ങ് പറഞ്ഞതുപോലെ 14-5-2020-ൽ IBM, Earth Networks, Skymet Weather എന്നീ മൂന്ന് ഏജൻസികളെ ഇത് പരിശോധിക്കാനായി നിയോഗിച്ചു. ഐ.എം.ഡി. അല്ലാതെ ഏതെങ്കിലും സ്വകാര്യ ഏജൻസികളെ ഉപയോഗപ്പെടുത്താൻ സാധിക്കുമോയെന്ന് പരീക്ഷിച്ചിരുന്നു. ആ ഉത്തരവ് അങ്ങ് കണ്ടുനോക്കണം. G.O.450/2020 എന്ന ഉത്തരവിൽ പറയുന്നത് ഒരു വർഷക്കാലം ഈ പ്രവർത്തനങ്ങൾ പരിശോധിക്കാനും ആ ഒരു വർഷക്കാലത്തെ പ്രവർത്തനാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ നാം തീരുമാനിക്കുന്ന വിദഗ്ദ്ധ സമിതി ആ റിപ്പോർട്ട് എങ്ങനെയാണ് ഉപയോഗിക്കാൻ കഴിയുകയെന്ന് ബോധ്യപ്പെടുത്താൻ കഴിയണം എന്നുള്ളതുകൊണ്ടാണ്. വേറെ സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കാൻ നമുക്ക് കഴിയുമോ; കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ വകുപ്പിനെ/ ഐ.എം.ഡി.-യെയാണ് നമുക്ക് ആശ്രയിക്കാൻ കഴിയുന്ന പ്രധാനപ്പെട്ട ഏജൻസി. അവർ തരുന്ന മറുപടികളും നിർദ്ദേശങ്ങളുമനുസരിച്ചാണ് നമുക്ക് അലെർട്ട് പ്രഖ്യാപിക്കാൻ

കഴിയുന്നത്. ചെറുതോണിയിലെ വെള്ളം ഉയർന്നപ്പോൾ എന്തുകൊണ്ടാണ് ഗവൺമെന്റ് റെഡ് അലെർട്ട് പ്രഖ്യാപിക്കാത്തതെന്ന് അങ്ങ് ചോദിച്ചല്ലോ; സർക്കാരിന് ഒരാഴ്ചത്തേയ്ക്ക് റെഡ് അലെർട്ട് പ്രഖ്യാപിക്കാൻ കഴിയുമോ; ഏതെങ്കിലും അപകടമുണ്ടായാൽ അതിനെ കയ്യൊഴിയാമെന്ന് കരുതി റെഡ് അലെർട്ട് പ്രഖ്യാപിക്കാൻ കഴിയുകയില്ല. ഒരു ദിവസം മൂന്ന് തവണയാണ് ഐ.എം.ഡി.-യുടെ നിർദ്ദേശം ലഭിക്കുന്നത്. അക്കാര്യം അങ്ങേയ്ക്ക് അറിയാവുന്നതാണ്. രാവിലെ പത്ത് മണിക്കും ഉച്ചയ്ക്ക് ഒരു മണിക്കും നാല് മണിക്കും ബുള്ളറ്റിൻ ഉണ്ടാകും. ഈ ബുള്ളറ്റിനുകളുടെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ഉച്ചയ്ക്ക് ഒരു മണിക്കാണ് കൃത്യതയോടെയുള്ള റിപ്പോർട്ട് ഐ.എം.ഡി. പ്രഖ്യാപിക്കുന്നത്. ഐ.എം.ഡി. പറയുന്നതിനേക്കാൾ വലിയൊരു റിപ്പോർട്ട് എങ്ങനെയാണ് സർക്കാരിന് പ്രഖ്യാപിക്കാൻ സാധിക്കുന്നത്; ഐ.എം.ഡി.-യുടെ അഭിപ്രായത്തിൽ ഈ സ്ഥലങ്ങളിൽ എവിടെയെങ്കിലും റെഡ് അലെർട്ടോ ഓറഞ്ച് അലെർട്ടോ ഉണ്ടായിരുന്നോ; ഈ ദുരന്തമുണ്ടായ ഒരിടത്തും റെഡ് അലർട്ടോ ഓറഞ്ച് അലെർട്ടോ ഉണ്ടായിരുന്നില്ലെന്ന യഥാർത്ഥ്യം നമുക്ക് രണ്ടുപേർക്കും അറിയാമല്ലോ; ആ സംഘം വരുമ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ സാന്നിദ്ധ്യത്തിൽ ചപ്പാത്തിൽവച്ച് നമ്മൾ ഒരുമിച്ച് കണ്ടതല്ലേ; ആ ദുരന്തങ്ങൾ നമ്മൾ നേരിട്ട് അനുഭവിച്ചതും മനസ്സിലാക്കിയതുമല്ലേ; നമ്മൾ നേരത്തെ പ്രഖ്യാപിച്ച റെഡ് അലെർട്ടിലോ അതിനുമുമ്പ് ഞാൻ പറഞ്ഞതുപോലെ നമ്മൾ തയ്യാറാക്കിയ ജി.എസ്.ഐ.-യുടേയും ദുരന്തനിവാരണ അതോറിറ്റിയുടേയും ഭാഗമായി മാറ്റി പാർപ്പിക്കാൻ തീരുമാനിച്ച വീടുകളിലോ നിർഭാഗ്യവശാൽ നമ്മൾ പോയ കാവാലിയോ പ്ലാപ്പള്ളിയോ മാക്കോച്ചിയോ പൂവഞ്ചിയോ ഉൾപ്പെടുന്നില്ലെന്നുള്ളതല്ലേ യാഥാർത്ഥ്യം; എങ്ങനെയാണ് ആളുകളെ മാറ്റാൻ മുന്നറിയിപ്പ് ലഭ്യമാക്കാൻ കഴിയുന്നത്? രാവിലെ എട്ട് മണിവരെ യെല്ലോ അലെർട്ടും ഗ്രീൻ അലെർട്ടുമുണ്ടായിരുന്ന രണ്ട് സ്ഥലങ്ങളിൽ പത്ത് മണിയുടെ റിപ്പോർട്ട് വരുമ്പോൾ പെട്ടെന്ന് ഓറഞ്ച് അലെർട്ടാകുന്നു. ലഭ്യമാകുന്ന മുഴുവൻ സേനകളെയും അവിടേയ്ക്ക് അയയ്ക്കാൻ തീരുമാനിക്കുന്നു. നിർഭാഗ്യവശാൽ പലസ്ഥലത്തും എത്താൻ കഴിയാത്ത വിധത്തിലുള്ള പ്രയാസങ്ങളുണ്ടായിരുന്നു. അതല്ലേ ഭീകരമായ സംഭവം? അങ്ങ് അന്വേഷിച്ച് നോക്കണം. ബഹുമാനപ്പെട്ട പി. ജെ. ജോസഫ് ഉൾപ്പെടെ ഇവിടെയുണ്ട്. എങ്ങനെയാണ് കുട്ടിക്കാനത്തുനിന്ന് മുണ്ടക്കയത്തേയ്ക്ക് വരാൻ സാധിക്കുക; കുട്ടിക്കാനത്തുനിന്ന് മുണ്ടക്കയത്തേയ്ക്ക് വരുന്ന 23 കിലോമീറ്ററിനിടയിൽ 25 സ്ഥലത്തല്ലേ മണ്ണിടിഞ്ഞുവീണത്; ഇത് നേരത്തെ പ്രഖ്യാപിച്ച ഏതെങ്കിലും ധാരണയുടെ അടിസ്ഥാനത്തിലാണോ? കൊക്കയാർ, പൂവഞ്ചി ഭാഗത്തേയ്ക്ക് എത്തിച്ചേരാനുള്ള മുണ്ടക്കയം - കുട്ടിക്കൽ റോഡും ആ റോഡിൽനിന്ന് കൊക്കയാർ ഭാഗത്തേയ്ക്കുള്ള യാത്രാമാർഗ്ഗമായ ചപ്പാത്തും അവിടത്തെ പാലവും പുല്ലകയാറിലെ ശക്തമായ

വെള്ളപ്പൊക്കത്തിൽ മുങ്ങിപ്പോയതും അങ്ങേയ്ക്കറിയാവുന്നതല്ലേ? പൂവഞ്ചിയിലെ മേലോരം പഞ്ചായത്ത് റോഡ് മണ്ണിടിച്ചിൽമൂലം തടസ്സപ്പെട്ടുകിടക്കുകയാണ്. ചപ്പാത്ത് കടന്ന് വാഹനത്തിൽ പോകാൻ കഴിയാത്തതിനാൽ വാഹനം ഒരു സ്ഥലത്ത് പാർക്കുചെയ്ത് കിലോമീറ്ററോളം നടന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉൾപ്പെടെയുള്ള പലരും മാക്കോച്ചിയിലേയ്ക്കും പൂവഞ്ചിയിലേയ്ക്കും പോയത്. ഈ പ്രദേശത്തെ എം.എൽ.എ.-മാരായ ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, ശ്രീ. വാഴൂർ സോമൻ എന്നിവർ ഇവിടെയുണ്ട്. അവിടം സന്ദർശിച്ച പ്രതിപക്ഷനേതാവ്, ദിവസങ്ങളോളം ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിക്കൊണ്ടിരുന്ന മന്ത്രിമാരായ ശ്രീ. വി. എൻ. വാസവൻ, ശ്രീ. റോഷി അഗസ്റ്റിൻ, അവിടെ എത്തിച്ചേർന്ന മന്ത്രിമാരായ ശ്രീ. കെ. കൃഷ്ണൻകുട്ടി, ശ്രീ. കെ. രാധാകൃഷ്ണൻ, രണ്ട് സ്ഥലങ്ങളിലും സജീവമായുണ്ടായിരുന്ന പത്തനംതിട്ട എം.പി. ശ്രീ. ആന്റോ ആന്റണി, ഇടുക്കി എം.പി. ശ്രീ. ഡീൻ കുര്യാക്കോസ് എന്നിവരോട് അങ്ങ് ചോദിക്കണം. രാഷ്ട്രീയമായി അവരെന്തെങ്കിലും പറയുമോയെന്ന് അറിയില്ല. പക്ഷേ വളരെ കൃത്യതയോടെ ഈ സംഭവങ്ങളെ നോക്കിക്കാണാൻ സർക്കാരിന് സാധിച്ചുവെന്നുള്ളതാണ് ഈ സഭ മുമ്പാകെ എനിക്ക് പറയാനുള്ളത്.

അറബിക്കടലിലെ ചക്രപാതച്ചുഴിയും ബംഗാൾ ഉൾക്കടലിലെ ന്യൂനമർദ്ദവും ശാന്തസമുദ്രത്തിലെ ചുഴലിക്കാറ്റും വിവിധതലങ്ങളിലുള്ള ആഗോള കാലാവസ്ഥാ മോഡലുകളുടെ പ്രവചനത്തിൽനിന്നുവന്ന അറിയിപ്പുകൾക്കും വിരുദ്ധമായ സംഭവമാണ് നിർഭാഗ്യവശാൽ ഈ തീയതികളിൽ ഉണ്ടായതെന്നുള്ളത് യാഥാർത്ഥ്യമാണ്. നേരത്തെ സൂചിപ്പിച്ചതുപോലെ, നിലവിൽ ഐ.എം.ഡി. (India Meteorological Department)-യെ അല്ലാതെ മറ്റൊരു ഏജൻസിയെ നമുക്ക് ഏല്പിക്കാൻ സാധ്യമല്ല. 14-5-2020-ൽ നിർദ്ദേശിച്ചതനുസരിച്ച് ഐ.ബി.എം.-ന്റെയും എർത്ത് നെറ്റ്‌വർക്കിന്റെയും സ്കൈമെറ്റിന്റെയും കൃത്യമായ വിവരങ്ങൾ നമുക്ക് ലഭ്യമാണെങ്കിലും അത് ഔപചാരികമായ ഒന്നായി നമുക്ക് പ്രഖ്യാപിക്കാൻ സാധ്യമല്ല. ഞാൻ വെറുതെയൊരു കണക്ക് പറയുന്നതല്ല. 204 മില്ലി മീറ്റർ വെള്ളം വരുമ്പോഴാണ് കാലാവസ്ഥാ വകുപ്പ് അതിതീവ്ര മഴയെന്ന് രേഖപ്പെടുത്തുന്നത്. അങ്ങനെ രേഖപ്പെടുത്തിയ സംഭവമൊന്നും ഇവിടെയുണ്ടായിട്ടില്ലെന്ന് ഞാൻ അങ്ങയോട് സൂചിപ്പിക്കുകയാണ്. ഒക്ടോബർ 16-ന് യാതൊരു മുന്നറിയിപ്പുമില്ലാതിരുന്ന കോട്ടയം, പത്തനംതിട്ട ജില്ലകളിലും യെല്ലോ അലെർട്ട് മാത്രമുണ്ടായിരുന്ന ഇടുക്കി ജില്ലയിലും മണിക്കൂറുകൾക്കകം വളരെ അപകടകരമായ സംഭവമാണുണ്ടായത്. ദേശീയ ദുരന്തനിവാരണ പ്ലാനിനെക്കുറിച്ച് അങ്ങിവിടെ പറഞ്ഞു. അതനുസരിച്ച് നോഡൽ ഏജൻസി എന്നനിലയിൽ കാലാവസ്ഥാ വകുപ്പിനെത്തന്നെ നമുക്ക് ആശ്രയിക്കാൻ സാധിക്കുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. ഉരുൾപൊട്ടലിന്റെ ഭൂപടം പുനർനിർണ്ണയിക്കേണ്ടതുണ്ട്. സാധാരണ

നിലയിൽ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തിനാണ് ഉരുൾപൊട്ടൽ സാദ്ധ്യതകളുടെ ഭൂപടം തയ്യാറാക്കേണ്ട ഉത്തരവാദിത്വം. അതിൽ ഹൈ മോഡറേറ്റും ലോ ഹസാർഡും ഉൾപ്പെടെയുള്ള രണ്ട് കാര്യങ്ങളെക്കുറിച്ചാണ് പ്രവചിക്കുന്നത്. നിർഭാഗ്യവശാൽ ഈ ദുരന്തമുണ്ടായ രണ്ട് സ്ഥലങ്ങളും ഇടുക്കി ജില്ലയിലെ കൊക്കയാർ പ്രദേശവും മേൽസൂചിപ്പിക്കപ്പെട്ട ഉരുൾപൊട്ടൽ സാദ്ധ്യതാ ഭൂപടത്തിൽ മോഡറേറ്റ് പ്രദേശമായാണ് കാണുന്നത്. മാറ്റേണ്ടതായിട്ടുള്ള, ഏതെങ്കിലും തരത്തിലുള്ള അപകടമുണ്ടാകുന്ന, ഹൈ മോഡറേറ്റ് പ്രദേശമായി അതിനെ കാണാൻ കഴിയുന്നില്ല. നിർഭാഗ്യവശാൽ നമ്മുടെ മുമ്പിലുണ്ടായ ദുരന്തമാണിത്. ഉരുൾ പൊട്ടലിന്റെ ഭൂപടം പുതുക്കി നിശ്ചയിക്കണം. പക്ഷേ എല്ലാ സംസ്ഥാനങ്ങളിലേയും ഉരുൾപൊട്ടൽ സാദ്ധ്യതാ ഭൂപടം തയ്യാറാക്കാനുള്ള പൂർണ്ണ ചുമതല ദേശീയ ദുരന്തനിവാരണ അതോറിറ്റി, ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയ്ക്കാണ് കൈമാറിയിട്ടുള്ളത്. ആ സാഹചര്യത്തിൽ നമുക്കതിനെ ആശ്രയിക്കുകയല്ലാതെ മറ്റ് മാർഗ്ഗങ്ങളില്ല. വിദഗ്ദ്ധ സമിതിയുടെ അഭിപ്രായ പ്രകാരം കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കാൻ കഴിയുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഇതിനെ രാഷ്ട്രീയമായി കാണാൻ ഞങ്ങൾ ഉദ്ദേശിക്കുന്നില്ല. എല്ലാ വകുപ്പുകളുമായി ബന്ധപ്പെട്ടുണ്ടായ നഷ്ടങ്ങളെയും വളരെ പെട്ടെന്ന് തിരിച്ചുപിടിക്കാനുള്ള ഇടപെടലിലേയ്ക്ക് പോകുകയെന്നുള്ളതാണ് ഇവിടത്തെ പ്രധാന പ്രശ്നം. ആ ഇടപെടലുമായി സർക്കാർ ഇപ്പോൾ മുന്നോട്ടുപോകുകയാണ്. തീർച്ചയായും നമുക്കുണ്ടായ നഷ്ടം പറയാനോ നികത്താനോ ആകുന്നതല്ല. എങ്കിലും ആ നഷ്ടങ്ങൾ പരിഹരിക്കാൻ കഴിയുന്ന വിധത്തിൽ സംസ്ഥാനത്തെയാകെ സജ്ജമാക്കുക എന്ന പ്രവർത്തനത്തിലേയ്ക്കാണ് നാം പോകുന്നത്. SDRF (State Disaster Response Fund) അനുസരിച്ച് കൊടുക്കാൻകഴിയുന്ന സംഖ്യയുടെ പരിമിതികൾ നമ്മുടെ മുമ്പിലുണ്ട്. എന്നാൽ ഗവൺമെന്റ് അതിനെ കുറേക്കൂടി ഗൗരവമായി കണ്ടുകൊണ്ട് എങ്ങനെയാകണം ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളെന്ന് വരാൻ പോകുന്ന മന്ത്രിസഭ ചർച്ച ചെയ്യുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തെ പ്രഖ്യാപിച്ചിട്ടുണ്ട്. അക്കാര്യങ്ങൾ സർക്കാർ ഗൗരവത്തോടെ കാണുന്നതാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, കേരളത്തിലെ അണക്കെട്ടുകൾ പരിശോധിക്കാനുള്ള വിദഗ്ദ്ധ സമിതി അണക്കെട്ടുകളുടെ നിയന്ത്രണത്തിൽ വളരെ ശ്രദ്ധേയമായ നടപടിയാണെടുത്തത്. കുറഞ്ഞ ദിവസങ്ങൾക്കകം 17 തവണയാണ് ആ സമിതി യോഗം ചേർന്നത്. ഓരോ ഘട്ടത്തിലും റൂൾ കർവിനെ ആസ്പദമാക്കി വളരെ കൃത്യതയോടെ അണക്കെട്ടുകളിലെ വെള്ളം പരിശോധിച്ച് ഒരപകടവുമില്ലാത്തവിധത്തിൽ മാനേജ് ചെയ്യാൻ റൂൾ കർവ് നിശ്ചയിക്കുന്ന കമ്മിറ്റിക്ക് സാധിച്ചിട്ടുണ്ടെന്നുള്ളതും വളരെ ശ്രദ്ധേയമായ പ്രവർത്തനങ്ങളിലൊന്നാണ്. ഓരോ ഡാമും തുറന്നുവിടുമ്പോൾ

രാപ്പകലില്ലാതെ ആ ഡാമുകളിലെ വെള്ളം അപകടകരമായവിധത്തിൽ ജനങ്ങളെ ബാധിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് നിയന്ത്രിക്കാൻ ബന്ധപ്പെട്ട റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകളടക്കം എല്ലാ വകുപ്പുകളെയും യോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് സാധിച്ചിട്ടുണ്ടെന്നുള്ളത് വളരെ അഭിമാനകരമാണ്. കക്കി ഡാം തുറക്കുമ്പോൾ നമ്മൾ പേടിച്ചതല്ലേ? കക്കി ഡാം തുറന്നാൽ അതൊഴുകി തിരുവല്ലയും കടന്ന് കുട്ടനാട്ടിലേയ്ക്ക് വരുമ്പോൾ അതിനെ എങ്ങനെ നേരിടുമെന്നുള്ള പേടിയുണ്ടായിരുന്നു. നിങ്ങളുടെ പ്ലാനുകൾ എവിടെയായിരുന്നു; റൂം ഫോർ ദി റിവർ പ്രോജക്ട് എവിടെയായിരുന്നു; ഇത്തരത്തിൽ സർക്കാരിനെ കളിയാക്കിക്കൊണ്ട് പലപ്പോഴും നിങ്ങൾ ചോദിച്ചിട്ടുണ്ട്. ഏറെക്കാലമായി നമ്മൾ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി തയ്യാറാക്കിയ തോട്ടപ്പള്ളി സ്പിൽവേയുടെ രൂപീകരണത്തോടെ കക്കി ഡാം തുറന്നപ്പോൾ പമ്പയും കക്കട്ടാറും അതിലേയ്ക്ക് ഒഴുകി വന്നപ്പോൾ ഒരപകടവുമില്ലാത്ത വിധത്തിൽ, തോട്ടപ്പള്ളി സ്പിൽവേയെ എതിർത്ത വരോടെല്ലാം പറയുകയാണ്, കക്കി ഡാമിലെ വെള്ളം തോട്ടപ്പള്ളി സ്പിൽവേയിലേയ്ക്കുപോകുന്ന അനുഭവം നമ്മുടെ മുമ്പിലുണ്ടായി. അതൊരു ചെറിയ കാര്യമല്ല. ശ്രീ. തോമസ് കെ. തോമസ് ഇവിടെയുണ്ട്. ഞങ്ങൾ എത്ര ദിവസമാണ് അതിനെക്കുറിച്ച് ആലോചിച്ചത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ 'പന്തം കണ്ട പെരുച്ചാഴി'യെക്കുറിച്ചൊക്കെ സൂചിപ്പിച്ചു. അത് പഴയ അനുഭവമായിരിക്കും. ഇപ്പോൾ കേരളത്തിലെ സർക്കാർ ഉദ്യോഗസ്ഥർ ഒരു പന്തവും കണ്ടാൽ പേടിക്കുന്നവരല്ല. അവരെ സഹായിക്കാനും ഇടപെടാനും കൃത്യമായ നിർദ്ദേശങ്ങൾ കൊടുക്കാനും കേരളത്തിൽ ഒരു ഗവൺമെന്റുണ്ടെന്ന ധാരണ അവർക്കുണ്ട്. ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഈ പ്രവർത്തനം ഒരു ദുരന്തമായെന്ന് പറയുന്നവരുണ്ട്. കേരളത്തിൽ കഴിഞ്ഞ പത്ത് പന്ത്രണ്ട് ദിവസമായി രാപ്പകലില്ലാതെ ഉറക്കമൊഴിഞ്ഞ് പ്രവർത്തിക്കുന്ന സർക്കാർ ജീവനക്കാർ, പൊതുജനങ്ങൾ, ജനപ്രതിനിധികൾ അടക്കമുള്ളവരുടെ മുഖത്തേയ്ക്ക് കാർക്കിച്ച് തുപ്പാനുള്ള അവസരമുണ്ടാക്കിക്കൊടുക്കരുത്. അവരെ വിശ്വാസത്തിലെടുക്കണം. അവർ നടത്തിയ പ്രവർത്തനങ്ങളുടെ പരിണിതഫലമായി കേരളത്തിൽ എത്രയോപേരെ നഷ്ടപ്പെടാൻ സാധ്യതയുണ്ടായിരുന്ന സ്ഥാനത്ത് അത്രയേറെ പ്രശ്നങ്ങളില്ലാതെ സംരക്ഷിക്കാൻ കഴിഞ്ഞുവെന്ന ധാരണ തീർച്ചയായും നമുക്കുണ്ട്. മുന്നറിയിപ്പുകളില്ലാത്തവിധത്തിൽ ഒരു ദുരന്തമുണ്ടാകുമ്പോൾ അതിനെ നേരിടാൻ മനസ്സുകൾ ചേർത്തുകെട്ടി നിലനിർത്തുകയെന്ന സമീപനമാണുണ്ടാകേണ്ടത്. അക്കാര്യത്തിൽ വളരെ ശ്രദ്ധയോടെ മുന്നോട്ടുപോകാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന സർക്കാരും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും അതിന്റെ കീഴിൽ വളരെ മിടുക്കോടെ നമ്മുടെ ജനപ്രതിനിധികളും വളരെ കാര്യക്ഷമതയോടെ സർക്കാരിന്റെ വകുപ്പുകളും കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ട് രാപ്പകലില്ലാതെ അവർക്ക് ചെയ്യാൻ

കഴിയുന്നതെല്ലാം ചെയ്തുകൊണ്ട് മുന്നോട്ടുപോകാൻ ഈ കാലയളവിൽ കഴിഞ്ഞിട്ടുണ്ട്. ജനങ്ങൾക്കുണ്ടായ മുഴുവൻ നഷ്ടവും പരിഹരിക്കാൻ കേരളത്തിലെ ഗവൺമെന്റ് അവരോടൊപ്പമുണ്ടാകുമെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട യാതൊരു കാര്യവുമില്ലെന്ന സർക്കാരിന്റെ അഭിപ്രായം അങ്ങയുടെ മുമ്പിൽ രേഖപ്പെടുത്തുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, തുടർച്ചയായ വർഷങ്ങളിൽ ദുരന്തങ്ങൾ ഒന്നൊന്നായി സാധാരണക്കാരായ മനുഷ്യരുടെ ജീവനും സ്വത്തിനുംമീതെ പെയ്തിറങ്ങുകയാണ്. സംസ്ഥാനത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾകൊണ്ടും നിരന്തരമായുണ്ടാകുന്ന അതിതീവ്ര മഴയുടെ ഭാഗമായും മാറിവരുന്ന കാലാവസ്ഥാ വ്യതിയാനങ്ങൾകൊണ്ടും കേരളം ഇന്ന് ഏറ്റവും അപകടത്തിൽപ്പെട്ട സ്ഥലമായി മാറിയിരിക്കുകയാണ്. 2017-നുമുമ്പ് കേരളം ഏറ്റവും സുരക്ഷിതമായ പ്രദേശമായിരുന്നുവെങ്കിൽ ഇന്ന് കേരളം കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി ഏറ്റവും അപകടകരമായ സ്ഥലമായി മാറിയിരിക്കുന്നുവെന്നുള്ള യാഥാർത്ഥ്യം നമ്മൾ മനസ്സിലാക്കണം. കഴിഞ്ഞ മാസങ്ങളിൽ പുറത്തിറക്കിയ ഇന്റർ ഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചെയ്ഞ്ച് - 195 രാജ്യങ്ങളിലെ എക്സ്പെർട്ടുകളുടെ സമഗ്രമായ റിപ്പോർട്ടിൽ ഏറ്റവും അപകടം പിടിച്ച ഭാഗമായി കേരളത്തെ അടയാളപ്പെടുത്തിയിരിക്കുകയാണ്. ഏറ്റവും അരക്ഷിതമായ പ്രദേശമായി കേരളം മാറിയിരിക്കുന്നു. ഈ സമസ്ത മേഖലകളും സജ്ജമായി, കാര്യങ്ങൾ അപ്ഡേറ്റ് ചെയ്ത് മുന്നോട്ടുപോയില്ലെങ്കിൽ നമുക്കിതിനെ നേരിടാൻ കഴിയില്ല. ആ യാഥാർത്ഥ്യം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാൻ വേണ്ടിയാണ് ഞങ്ങൾ നോട്ടീസ് കൊടുത്തത്. അല്ലാതെ നിസ്സാരമായ വാദമുഖങ്ങൾ നടത്തി പരസ്പരം ചെളിവാരിയെറിയാനുള്ള ഉദ്ദേശ്യമല്ല ഞങ്ങൾക്കുള്ളത്. സംസ്ഥാനത്ത് 2018-ലും 2019-ലും മഹാപ്രളയവും 2020-ൽ വ്യാപകമായ മലയിടിച്ചിലുമുണ്ടായി. തുടർച്ചയായ നാലാമത്തെ വർഷമാണ് ഈ ദുരന്തങ്ങളുണ്ടായിരിക്കുന്നത്. അതിനുമുമ്പ് 2017-ൽ ഓഖിയുണ്ടായി. അതായത് അഞ്ച് വർഷങ്ങളായി തുടർച്ചയായി അപകടങ്ങളുണ്ടാകുന്നു. നമ്മുടെ ദുരന്ത ലഘൂകരണ സംവിധാനങ്ങളും വാണിംഗ് സിസ്റ്റവും മെച്ചപ്പെടുത്താനും രക്ഷാപ്രവർത്തനങ്ങൾ അപ്ഗ്രേഡ് ചെയ്യാനും കഴിഞ്ഞ അഞ്ച് വർഷക്കാലമായി എന്ത് നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; നിലവിലുണ്ടായിരുന്ന ഏത് സിസ്റ്റത്തെയാണ്

നിങ്ങൾ അപ്ഗ്രേഡ് ചെയ്തിട്ടുള്ളത്? 2018-ൽ മഹാപ്രളയം നേരിട്ടപ്പോഴുണ്ടായിരുന്ന സിസ്റ്റത്തിൽനിന്നും ഒരിഞ്ച് മുന്നോട്ട് പോയിട്ടില്ലെന്നാണ് ഞങ്ങളുടെ ആക്ഷേപം. 2018-ലെയും 2019-ലെയും ദുരന്തത്തിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കീഴിലുള്ള കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്-ടെക്നോളജി ആൻഡ് എൻവയോൺമെന്റ് വളരെ വിശദമായ റിപ്പോർട്ട് ഗവൺമെന്റിന് കൊടുത്തിരുന്നു. എന്തിനായിരുന്നു ആ കമ്മിറ്റിയെ നിയോഗിച്ചത്. Committee to examine the causes of repeated extreme heavy rainfall events, subsequent floods and landslides and to recommend appropriate policy responses. തുടർച്ചയായു ണ്ടാകുന്ന അതിതീവ്രമഴയും അതിനെതുടർന്നുണ്ടാകുന്ന പ്രളയം, മലയിടിച്ചിൽ എന്നിവയെയെല്ലാം നിയന്ത്രിക്കുന്നതിനും ലഘൂകരിക്കുന്നതിനുംവേണ്ടിയുള്ള കൃത്യ മായിട്ടുള്ള നയപരമായ സമീപനങ്ങൾ എന്താകണം; എന്തുനടപടികൾ സ്വീകരിക്കണം എന്നുള്ള വിശദമായ റിപ്പോർട്ടിന്റെ ചുരുക്കം മാത്രമാണ് എന്റെ കയ്യിലുള്ളത്. ആ റിപ്പോർട്ടിലെ ഏതെങ്കിലുമൊരു നടപടിയോ, ശിപാർശയോ ഇത്രയും വർഷമായിട്ട് ഗവൺമെന്റ് സ്വീകരിച്ചോ? അതിനുത്തരം പറയൂ. പിന്നെ എന്തിനാണ് കമ്മിറ്റിയും റിപ്പോർട്ടും ഉണ്ടാക്കുന്നത്? ഡിസാസ്റ്റർ മാനേജ്മെന്റിന്റെ കൈപ്പുസ്തകമുണ്ടെന്നാണ് പറയുന്നത്. അതു വായിച്ചുനോക്കണം. അതിൽ ധാരാളം തമാശകൾ കൂടിയുണ്ട്. കൈപ്പുസ്തകം ഏട്ടിലെ പശുവാണ്. ഏട്ടിലെ പശു പുല്ല് തിന്നില്ല. ആ കൈപ്പുസ്തകം കൊണ്ട് ഒരു പ്രയോജനവും കേരളത്തിലെ ഡിസാസ്റ്റർ മാനേജ്മെന്റിനുണ്ടായിട്ടില്ല. ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയിൽ ഒരേയൊരു എക്സ്പെർട്ടേയുള്ളൂ. ബാക്കിയുള്ളവർ എക്സ്പെർട്ടുകളല്ല. ആ എക്സ്പെർട്ടിനെ കാണാതായ കാര്യമാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ അവതരിപ്പിച്ചത്. ഞാൻ പേരൊന്നും പറയുന്നില്ല. ദുരന്തമുണ്ടാകുമ്പോൾ ദുരിതാശ്വാസ പ്രവർത്തനത്തിൽ ഒതുങ്ങുന്നതാണോ ഒരു സർക്കാരിന്റെ ചുമതല? നമ്മളവിടെയെത്തിയെന്നും ക്യാമ്പിൽ ആളുകളെ താമസിപ്പിച്ചുവെന്നും പറയുന്നതിലാണോ നമ്മൾ ഒതുങ്ങേണ്ടത്. ഈ സംവിധാനങ്ങൾ മുഴുവൻ ഒരു ഹോളിസ്റ്റിക് അപ്രോച്ചാണ്; സമഗ്രമായ ഏകോപനമാണ്. വിവിധ ഡിപ്പാർട്ടുമെന്റുകളെയും ഏജൻസികളെയും ഫലപ്രദമായി ഏകോപിപ്പിച്ച് അവർക്ക് കൃത്യമായ ട്രെയിനിംഗ് നൽകണം. ഓരോ അവസരത്തിലും ഓരോ ജില്ലയിലും ഓരോ സിറ്റുവേഷനാണ്. മലപ്പുറത്തെ നിലമ്പൂരിലെ സ്ഥിതിയല്ല ഇടുക്കിയിലുള്ളത്. ഇടുക്കിയിലെ സ്ഥിതിയല്ല കോട്ടയത്തുള്ളത്. കോട്ടയത്തെ സ്ഥിതിയല്ല എറണാകുള ത്തുള്ളത്. പമ്പാനദി നിറഞ്ഞു കവിഞ്ഞൊഴുകുമ്പോൾ ചെങ്ങന്നൂരിലെ പ്രശ്നമല്ല പറവൂരിലുണ്ടാകുന്നത്. വ്യത്യസ്തമായ പ്രശ്നങ്ങളാണുണ്ടാകുന്നത്. ഡിസാസ്റ്റർ മാനേജ്മെന്റിന്റെ അടിസ്ഥാനപാഠം അത് ഡീസെൻട്രലൈസ് ചെയ്യുകയെന്നുള്ളതാണ്. ഓരോ ജില്ലയ്ക്കും ഓരോ വൾണറബിളായ പ്രദേശത്തിനും ഡിസാസ്റ്റർ മാനേജ്മെന്റ്

പ്ലാനുണ്ടാകണം. ഈ പ്ലാനെല്ലാം എക്സിക്യൂട്ട് ചെയ്യാനുള്ള എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ? ആത്മപരിശോധന നടത്താൻവേണ്ടിയാണ് ഞാൻ ചോദിക്കുന്നത്. കുറ്റപ്പെടുത്താൻ വേണ്ടിയല്ല. ദുരന്തമുണ്ടാകുമ്പോൾ മണ്ണിനടിയിൽ പോയ ആളുകളെ രക്ഷപ്പെടുത്തുന്നതിനും കുറെപ്പേരെ ഒഴിപ്പിക്കുന്നതിനുമപ്പുറത്തേയ്ക്ക് എന്ത് ശാസ്ത്രീയ സമീപനമാണ് നമുക്കുള്ളത്? ഐ.എം.ഡി.-യെ ആശ്രയിച്ചുമാത്രം മന്ത്രി മറുപടി പറയരുത്. ഇന്ത്യയിലെ പല സംസ്ഥാനങ്ങളും ഐ.എം.ഡി.-യെ മാത്രമല്ല ആശ്രയിക്കുന്നത്. ഐ.എം.ഡി.-യുടെ വാണിംഗ് സിസ്റ്റം എന്നു പറയുന്നത് ജനറൽ വാണിംഗ് സിസ്റ്റമാണ്. അതിൽ ഓരോ ജില്ലയിലെയോ ഓരോ പ്രത്യേക പ്രദേശത്തെയോ precision ഉണ്ടാകില്ല. യൂറോപ്യൻ യൂണിയന്റെയും നാസയുടെയും ഫോർകാസ്റ്റ് സിസ്റ്റത്തിന് ആക്സസ് ഫ്രീയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടുത്ത യോഗത്തിൽ ഉന്നയിക്കേണ്ട ഒരു ആവശ്യം അതാണ്. ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിക്ക് കാലാവസ്ഥാ നിരീക്ഷണത്തിനായി ഒരു മെറ്ററോളജിക്കൽ വിംഗുണ്ടല്ലോ. അവർ ഇതുസംബന്ധിച്ച് പരിശോധിക്കണ്ടേ? ഒക്ടോബർ 8-ാം തീയതി രൂപപ്പെട്ട ന്യൂനമർദ്ദം സാധാരണ ഒമാൻ തീരത്തേയ്ക്കോ ഗുജറാത്തിലേയ്ക്കോ ആയിരുന്നു പോകേണ്ടത്. അത് ഒക്ടോബർ 9 മുതൽ തെക്കുകിഴക്കൻ ദിശയിലേയ്ക്ക് മാറി സഞ്ചരിക്കാൻ തുടങ്ങിയെന്നുപറയുന്നു. പക്ഷേ ഇവിടെ ആരും അറിഞ്ഞില്ല. ഐ.എം.ഡി. ഒന്നും പറഞ്ഞില്ല എന്നാണ് പറയുന്നത്. ഇതുസംബന്ധിച്ച് ഒക്ടോബർ 14-ാം തീയതി തൃശ്ശൂർ ജില്ലാ കളക്ടറുടെ റിപ്പോർട്ട് ഇങ്ങനെയാണ്, 'അറബിക്കടലിൽ ലക്ഷദ്വീപിനുസമീപം രൂപപ്പെട്ട ന്യൂനമർദ്ദം തെക്കുകിഴക്ക് ദിശയിൽ നീങ്ങി അടുത്ത 48 മണിക്കൂറിൽ ന്യൂനമർദ്ദമായി കേരളത്തീരത്തേയ്ക്ക് നീങ്ങാൻ സാധ്യത; കേരളത്തിൽ നാളെയും മറ്റന്നാളും വ്യാപക മഴയ്ക്ക് സാധ്യത'. ഒക്ടോബർ 15, 16, 17 തീയതികളിൽ തീവ്രമായ മഴയുണ്ടാകുമെന്നുള്ള റിപ്പോർട്ട് ഒക്ടോബർ 12- ാം തീയതിയിലെ ഐ.എം.ഡി. റിപ്പോർട്ടിന്റെ ഫസ്റ്റ് പേജിലുണ്ട്. ആ റിപ്പോർട്ട് കിട്ടിക്കഴിയുമ്പോൾ അത് അനാലിസിസ് നടത്തണം. അതിനാണ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി, അതിനാണ് അവരുടെ കാലാവസ്ഥ നിരീക്ഷണ സംവിധാനമുള്ളത്. ഇതൊന്നും അവർ നടത്തിയിട്ടില്ല എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. രക്ഷാ പ്രവർത്തനത്തിന് ഒരു പ്രോട്ടോക്കോൾ വേണ്ടേ? അതില്ലാത്ത ഏക സംസ്ഥാനം കേരളമാണ്. ഈ പ്രദേശത്ത് എത്തിച്ചേരാനുള്ള ബുദ്ധിമുട്ട് നമുക്കറിയാം. അങ്ങ് പറഞ്ഞ ഇടുക്കിയിലെ എം.പി. ശ്രീ. ഡീൻ കുര്യാക്കോസ് ഈ സംഭവം നടന്ന അന്ന് 5 മണിക്ക് കൊക്കയാറിൽ എത്തിയല്ലോ. രാവിലെ 10 മണി കഴിഞ്ഞ് ദുരന്തമുണ്ടായതിനുശേഷം അന്നത്തെ ദിവസം ഒരു രക്ഷാപ്രവർത്തനവും കൊക്കയാറിൽ നടന്നിട്ടില്ല. പിറ്റേ ദിവസം രാവിലെ 8-9 മണിക്കാണ് രക്ഷാപ്രവർത്തനങ്ങൾ നടന്നത്. അങ്ങത് മനസ്സിലാക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): അന്നേ ദിവസം തന്നെ രക്ഷാപ്രവർത്തനം തുടങ്ങി. ഫയർ ഫോഴ്സ് ടീമുൾപ്പെടെ പൂവഞ്ചി ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ ചെന്നു. അറക്കുളത്ത് രണ്ടുപേരുടെ മരണത്തിനിടയാക്കിയ പ്രദേശത്തുനിന്നും 6.30-ഓടുകൂടി പൂവഞ്ചിയിൽ ഞാൻ എത്തിയിരുന്നു. നടന്നാണ് അവിടേയ്ക്കുപോയത്. അപ്പോൾ അവിടെ ഫയർ ഫോഴ്സുണ്ടായിരുന്നു. ഏകദേശം രാത്രി 8.30 വരെ ഫയർ ഫോഴ്സ് ചെയ്യാവുന്ന രക്ഷാപ്രവർത്തനങ്ങൾ നടത്തുകയും ശക്തമായ മഴയെത്തുടർന്ന് ഞങ്ങൾ ഒരുമിച്ച് തിരിച്ചുവരികയും ചെയ്തു. ഡിപ്പാർട്ടുമെന്റ് തലത്തിൽ ചെയ്യാവുന്ന കാര്യങ്ങളെല്ലാം തലേദിവസംതന്നെ ചെയ്തു. വീഴ്ചയുണ്ടായിയെന്നു കരുതരുത്. അങ്ങ് യാഥാർത്ഥ്യം അംഗീകരിക്കണം.

ശ്രീ. വി. ഡി. സതീശൻ: ഞാൻ അങ്ങയോട് പറഞ്ഞത് കൊക്കയാറിലെ കാര്യമാണ്. രണ്ട് മന്ത്രിമാരും പരസ്പര വിരുദ്ധമായിട്ടാണ് കാര്യങ്ങൾ പറയുന്നത്. അവിടെ എത്താൻ കഴിഞ്ഞില്ലെന്നാണ് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി പറഞ്ഞത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): എൻ.ഡി.ആർ. എഫ്.-ന്റെ ടീം അവിടെ എത്താനുള്ള തടസ്സങ്ങളെക്കുറിച്ചാണ് പറഞ്ഞത്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ഉൾപ്പെടെയുള്ളവർ സ്ഥലത്തുണ്ടായിരുന്നു. ഞാൻ നേരത്തെ വായിച്ചത് അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടാവില്ല; ഞാൻ വായിച്ചതുകൊണ്ടായിരിക്കും. ഏഴ് സംഘത്തെ അവിടെ എത്തിക്കാനുള്ള സൗകര്യമൊരുക്കി. അങ്ങ് തെറ്റിദ്ധരിപ്പിക്കരുത്.

ശ്രീ. വി. ഡി. സതീശൻ: അങ്ങായതുകൊണ്ട് ഞാൻ ശ്രദ്ധിച്ചില്ലെന്ന് പറഞ്ഞത് എന്തിനാണ്? അങ്ങ് റവന്യൂ വകുപ്പുമന്ത്രിയാണ്. ഡിസാസ്റ്റർ മാനേജ്മെന്റിന്റെ ചുമതലയുള്ള മന്ത്രിയാണ്. ഗൗരവമുള്ള കാര്യം സംസാരിക്കുമ്പോൾ അത് നിസ്സാരമാക്കി തമാശയാക്കല്ലേ. ...(ബഹളം)....

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് 17 മിനിട്ട് എടുത്തു കഴിഞ്ഞു.

ശ്രീ. വി. ഡി. സതീശൻ: സർ, മന്ത്രിമാർ ഇടയ്ക്ക് എഴുന്നേറ്റ് സംസാരിക്കുമ്പോൾ ഞാൻ ഇരിക്കാറുണ്ട്. അതുകൊണ്ടാണ് നീണ്ടുപോയത്. ഞാൻ രണ്ടുമൂന്ന് പ്രധാനപ്പെട്ട കാര്യങ്ങൾ പറയട്ടെ. നമുക്ക് ഏറ്റവും പ്രധാനപ്പെട്ട ചില കാര്യങ്ങൾ ചെയ്യേണ്ടത് നമ്മൾ ചെയ്യുന്നില്ല. ദുരന്തങ്ങൾ ഇനിയും ആവർത്തിക്കും. അവയെ നമുക്ക് തടുത്തുനിർത്താൻ കഴിയില്ല. ദുരന്തങ്ങളുണ്ടാകുമ്പോൾ ആദ്യമായി ചെയ്യേണ്ടത് എന്താണ്? ഏറ്റവും അപകടകരമായ പ്രളയബാധിത പ്രദേശങ്ങൾ ഐഡന്റിഫൈ ചെയ്യാൻ നമുക്ക് സാധിച്ചിട്ടുണ്ടോ; ഒരു flood zone mapping നടത്തിയിട്ടുണ്ടോ? പെരിയാറിലാണെങ്കിലും പമ്പയിലാണെങ്കിലും അച്ചൻ കോവിലാറിലാണെങ്കിലും വെള്ളം ഒരു മീറ്റർ പൊങ്ങിയാൽ ഏതെല്ലാം പ്രദേശങ്ങൾ വെള്ളത്തിനടിയിലാകുമെന്നുള്ള ഒരു flood zone mapping കഴിഞ്ഞ നാല്

വർഷമായി നിങ്ങൾ നടത്തിയിട്ടുണ്ടോ; ഇല്ല. ഒരു മീറ്റർ വെള്ളം ഉയർന്നാൽ എവിടെയെത്തും; രണ്ട് മീറ്റർ വെള്ളം ഉയർന്നാൽ എത്ര വീടുകൾ വെള്ളത്തിൽപ്പോകും; ഏതെല്ലാം പ്രദേശങ്ങളിൽനിന്നും ആളുകളെ ഒഴിപ്പിക്കണമെന്നുള്ളതിന് നിങ്ങൾക്ക് flood zone mapping ഇല്ല. 24 x 7 വാണിംഗ് സെന്ററാണ് നമുക്കാവശ്യമുള്ളത്. നിങ്ങൾ പറഞ്ഞ വാണിംഗ് സിസ്റ്റം തമിഴ്നാട്ടിലുണ്ടല്ലോ. ചെന്നൈ ഫ്ലഡ് വാണിംഗ് സിസ്റ്റം (CFLOWS) ഉണ്ട്. എല്ലാ പ്രധാനപ്പെട്ട ഏജൻസികളുടെയും സഹായത്തോടുകൂടി സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഏറ്റവും ശക്തമായ ഏജൻസിയാണ് ചെന്നൈയിൽ പ്രവർത്തിക്കുന്നത്.

11.00 A.M.]

പഞ്ചായത്ത് തലങ്ങളിലാവശ്യമായ rain guage നെറ്റ്വർക്കിന്റെ അഭാവം വ്യാപകമായിട്ടുണ്ട്. ഇതില്ലാത്തതുകൊണ്ട് അതിതീവ്ര മഴ പെയ്യുന്ന പ്രദേശങ്ങൾ പ്രാദേശികമായി അടയാളപ്പെടുത്താൻ കഴിയുന്നില്ലെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഉരുൾപൊട്ടൽ നിരീക്ഷണ സംവിധാനം കേന്ദ്ര ഗവൺമെന്റിനാണെന്ന് അങ്ങ് പറഞ്ഞു. ആ ഉരുൾപൊട്ടൽ നിരീക്ഷണ സംവിധാനത്തിൽ, 2009-ലെ സെസ്സിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നമ്മൾ ഇപ്പോഴും പ്രവർത്തിക്കുന്നത്. അങ്ങ് പറഞ്ഞതുപോലെ, അതിന് സംസ്ഥാന സർക്കാർതന്നെ മുൻകയ്യെടുത്ത് ജിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യയുമായി ചേർന്നുകൊണ്ടുള്ള നടപടിയുണ്ടാകണം. 2009-ലെ സാഹചര്യമല്ല, ഇപ്പോഴുള്ളത്; ഇത് 2021 ആണ്. ഏറ്റവും അപകടകരമായ ഈ സാഹചര്യം നേരിടുന്നതിനുള്ള സംവിധാനങ്ങളേർപ്പെടുത്തണം. അതുപോലെതന്നെ ഗ്രൗണ്ട് വാട്ടർ മോണിറ്ററിംഗ് സംവിധാനം, flood inundation mapping, floods on regulation എന്നിവ കർശനമായി നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കാനുള്ള സംവിധാനങ്ങൾ വേണം. ഞാൻ ഒരു കാര്യംകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. മുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ട് വ്യാപക പ്രചരണങ്ങൾ നടക്കുകയാണ്. സോഷ്യൽ മീഡിയയിൽ നടക്കുന്ന വളരെ തീവ്രമായ പ്രചരണങ്ങളാണവ. മുല്ലപ്പെരിയാറിന്റെ ജലനിരപ്പ് 136 അടി ഉയർന്നപ്പോൾ ഡാം നിറഞ്ഞ് പൊട്ടിപ്പോകുമെന്നും ഇവിടെ ഫ്ലഡ് ഉണ്ടാകുമെന്നും പ്രചരിപ്പിക്കുകയാണ്. ഇവിടെ രണ്ട് രീതികളുണ്ട്. അതിലെ വെള്ളം കുറയ്ക്കണമെന്നുള്ള രീതിയിൽ ഒരു ക്യാമ്പയിൻ, രണ്ടാമത്, അത് de-commission ചെയ്യണമെന്നുള്ള ക്യാമ്പയിൻ. ഇങ്ങനെ സോഷ്യൽ മീഡിയയിൽ നടക്കുന്ന പ്രചരണം ഇവിടെ നിലനിൽക്കുകയാണ്. കേരളത്തിൽ, പ്രത്യേകിച്ച് ഇതിന്റെ പരിധിയിൽ വരുന്ന മൂന്നുനാല് ജില്ലകളിലുള്ള ആളുകൾ മുഴവൻ വലിയ ഉത്കണ്ഠയിലും ഭീതിയിലുമാണ്. അവർ പലരെയും വിളിച്ച് സംസാരിക്കുകയും ബഹളമുണ്ടാക്കുകയു മൊക്കെ ചെയ്യുകയാണ്. ആരും ഒരു നടപടിയും സ്വീകരിക്കുന്നില്ല. നമ്മൾ ഇത്

നോക്കിനിൽക്കുന്നുവെന്ന പരാതിയാണ്. 35 ലക്ഷംപേർ മരിച്ചുപോകുമെന്നുള്ള പ്രചരണമാണ് നടത്തുന്നത്. അതുമായി ബന്ധപ്പെട്ട് കാനഡയിലെ UN-ഉമായി ബന്ധപ്പെട്ട ഒരു ഏജൻസിയുടെ റിപ്പോർട്ട് വ്യാപകമായി ചർച്ച ചെയ്യപ്പെടുന്നു. മുല്ലപ്പെരിയാറുമായി ബന്ധപ്പെട്ട് ഹ്രസ്വകാലത്തേയ്ക്കുള്ള നടപടികൾ എന്തൊക്കെയാണ് സ്വീകരിക്കുന്നത്; ദീർഘകാലത്തേയ്ക്കുള്ള നടപടികൾ എന്തൊക്കെയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തതയോടുകൂടി ജനങ്ങളോട് സംസാരിക്കാൻ നമുക്ക് കഴിയണം. ജനങ്ങളുടെയിടയിൽ വ്യാപകമായ ഭീതിയും ഉത്കണ്ഠയും മരണഭയവും മുല്ലപ്പെരിയാറുമായി ബന്ധപ്പെട്ടുണ്ടായിട്ടുണ്ട്. അതുസംബന്ധിച്ചുള്ള ഒരു വ്യക്തത ഗവൺമെന്റ് ഏജൻസികൾ നൽകണമെന്നുമാത്രം ഞാൻ അഭ്യർത്ഥിക്കുന്നു.

2018-ലെ മഹാദുരന്തത്തിനുശേഷം ചെറുതും വലുതുമായ ആയിരക്കണക്കിന് ലാൻഡ് സ്ലൈഡുകൾ പശ്ചിമഘട്ട മലനിരകളിലുണ്ടായിട്ടുണ്ട്. ഇടുക്കി ജില്ലയിൽ ഏകദേശം 900-ത്തിലധികം ലാൻഡ് സ്ലൈഡുകൾ ചെറുതും വലുതുമായുണ്ടായിട്ടുണ്ട്. 2018-നുശേഷം നമ്മുടെ സർക്കാർ 233 ക്വാറികൾക്കാണ് പുതിയതായി ലൈസൻസ് കൊടുക്കുന്നത്. കേരളത്തിൽ ലൈസൻസോടെ പ്രവർത്തിക്കുന്ന ക്വാറികളുടെ പത്തിരട്ടി ക്വാറികൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ട്. 6000-ത്തോളം ക്വാറികൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. അതിന്റെ പത്തിലൊന്ന് ക്വാറികൾക്ക് മാത്രമാണ് ലൈസൻസുള്ളത്. അശാസ്ത്രീയമായ ക്വാറിയിംഗ് നടക്കുന്നു. നമ്മുടെ ലാൻഡ് യൂസിലുണ്ടാകുന്ന പ്രശ്നങ്ങൾ, അപകടകരമായരീതിയിൽ പശ്ചിമഘട്ട മലനിരകൾ മാറിയാൽ, നദികൾ ഉത്ഭവിക്കുന്ന പ്രദേശം, ഈ മലയിടിച്ചിലുണ്ടാകുന്ന പ്രദേശം, കർഷകരെ മുന്നിൽ നിർത്തിക്കൊണ്ട് പറയുന്നവരോട് എനിക്ക് ഒരു വാക്കുമാത്രമേ പറയാനുള്ളൂ, മലയിടിച്ചിലുണ്ടാകുമ്പോൾ, ദുരന്തമുണ്ടാകുമ്പോൾ നഷ്ടപ്പെടുന്ന ജീവൻ കർഷകന്റേതാണ്. മണ്ണിനടിയിൽ പോകുന്നത് പാവപ്പെട്ട കർഷകനാണ്. അവന്റെ കൃഷിഭൂമിയാണ് ഈ മലയിടിച്ചിലിലും ഉരുൾപൊട്ടലിലു മില്ലാതാകുന്നത്. ക്വാറിയിംഗിനെയും പ്രകൃതി ചൂഷണത്തെയും നിയന്ത്രിക്കാൻ അതിശക്തമായ ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ഇവിടെ രക്ഷാപ്രവർത്തനത്തിന്റെ കാര്യത്തിലുണ്ടായ കാലതാമസവും 2018 മുതൽ തുടർച്ചയായി ഈ ദുരന്തങ്ങൾ സംസ്ഥാനത്തുണ്ടായിട്ടും നമ്മുടെ രക്ഷാപ്രവർത്തന സംവിധാനങ്ങളോ മിറ്റിഗേഷൻ പ്രോജക്ടുകളോ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള ഒരു ശ്രമവും സർക്കാർ നടത്താത്തതിൽ ഞങ്ങൾ അതിശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു. 55 പേരുടെ ജീവൻ നഷ്ടപ്പെട്ട ഗൗരവതരമായ ഒരു പ്രശ്നം, കേരളം അപകടത്തിന്റെ സോണിൽ എത്തിനിന്നിട്ടും സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി.)

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ അനർഗളമായ വാക്കുകൾ നമ്മൾ കേട്ടു. അദ്ദേഹത്തിന്റെ പ്രസംഗം പലപ്പോഴും ഒരു നയാഗ്ര വെള്ളച്ചാട്ടം പോലെയാണെന്ന് നമുക്കറിയാം.

മി. സ്പീക്കർ: ഇതുസംബന്ധിച്ച് വളരെ വിശദമായി സംസാരിച്ച് കഴിഞ്ഞതാണ്. ഇനി ചുരുക്കി പറയാം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഞാൻ രാഷ്ട്രീയമൊന്നും പറയുന്നില്ല. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ പ്രസംഗം പലപ്പോഴും എനിക്ക് വളരെ ഇഷ്ടമാണെന്നാണ് ഞാൻ പറഞ്ഞിട്ടുള്ളത്. അദ്ദേഹത്തിന്റെ അനിതരസാധാരണമായ പ്രസംഗപാടവം തീർച്ചയായും ശ്ലാഘനീയമാണ്. ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുന്നു. പക്ഷേ, നമുക്ക് ആ പ്രസംഗം മാത്രം മതിയോ? ഇവിടെ പ്രിയപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ അടിയന്തരപ്രമേയത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ പരിഹരിക്കാൻ അദ്ദേഹത്തിന്റെ പ്രസംഗപാടവം മാത്രം മതിയോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. അനുഭവമാണ് ഏറ്റവും വലിയ ഗുരുനാഥൻ. നമ്മുടെ അനുഭവത്തിൽനിന്ന് നമ്മൾ എന്ത് പാഠം പഠിച്ചുവെന്ന് ഈ സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാണ് അടിയന്തരപ്രമേയത്തിൽ പറഞ്ഞിട്ടുള്ളത്. തുടർച്ചയായ നാലാം വർഷവും മിന്നൽ പ്രളയവും ഉരുൾപൊട്ടലുമൊക്കെ വലിയ നാശനഷ്ടങ്ങളാണുണ്ടാക്കിയിട്ടുള്ളത്. കഴിഞ്ഞ ദുരന്തങ്ങളിൽനിന്ന് കേരളം എന്ത് പാഠമാണ് പഠിച്ചിട്ടുള്ളത്? ഭാവിയിൽ സംഭവിക്കാനിടയുള്ള പ്രകൃതിദുരന്തങ്ങളെ അതിജീവിക്കാൻ നമുക്ക് കഴിയണം. അതാണ് നമ്മൾ ചർച്ച ചെയ്യേണ്ടത്.

മി. സ്പീക്കർ: അങ്ങ് ദയവായി പ്രസംഗം ചുരുക്കണം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ചുരുക്കാം. കേരളം എത്രത്തോളം പ്രളയസാധ്യതയുള്ള നാടാണെന്നും അതിന്റെ ആഘാതം എത്ര കനത്തതാകുമെന്നും കഴിഞ്ഞ അനുഭവങ്ങൾ നമ്മെ പഠിപ്പിച്ചുകഴിഞ്ഞു. നാല് വർഷത്തിനിടെ കൊടും മഴയുടെ ദുരന്തങ്ങളിൽ നമ്മുടെ സംസ്ഥാനത്ത് മരിച്ചത് 500 പേരാണ്.

മി. സ്പീക്കർ: അത് വേണ്ടത്ര ചർച്ച ചെയ്ത് കഴിഞ്ഞു. അങ്ങ് നടത്തുന്നത് വാക്കൗട്ട് പ്രസംഗമാണെങ്കിൽ വാക്കൗട്ട് പ്രഖ്യാപിക്കാം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ ചുരുക്കാം. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്ന ഒരു കാര്യം, ഈയടുത്ത കാലത്തുണ്ടായ പ്രളയത്തെത്തുടർന്ന് മലയാള മനോരമ ദിനപ്പത്രത്തിൽ നാല് ദിവസങ്ങളിലായി ഒരു പരമ്പര പ്രസിദ്ധീകരിച്ചിട്ടുണ്ട്.

<u>മി. സ്പീക്കർ</u>: ഇതുസംബന്ധിച്ച് പ്രതിപക്ഷനേതാവ് ദീർഘമായി സംസാരിച്ചിട്ടുണ്ട്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും സാധാരണയിൽ കവിഞ്ഞ് കൂടുതൽ സമയമെടുത്തിട്ടുണ്ട്. ഇനി വിശദമായ പ്രസംഗമില്ല.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഒരു കാര്യം മാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കാം. മലയാള മനോരമ ഒരു മുഖപ്രസംഗം എഴുതി. അതിലെ ഒരു വാചകം, 'തലയ്ക്ക് മീതെ വെള്ളം വരുമ്പോൾ മാത്രം അതിനുമുകളിൽ ഒഴുക്കാൻ ഒരു തോണി' എന്ന നിലപാട് മാറ്റണമെന്നാണ്. (........മൈക്ക് ഓഫ്.......)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എൻ. എ. നെല്ലിക്കുന്നും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി.)

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, അരി വെന്തോയെന്ന് നോക്കാൻ ഒന്നോ രണ്ടോ വറ്റെടുത്ത് നോക്കിയാൽ മതി. ഞാനിന്നലെ കോമളം പാലത്തിന്റെ അപ്രോച്ച് റോഡ് ഇടിഞ്ഞ ഭാഗത്ത് പോയി. 2018-ലെ വെള്ളപ്പൊക്കത്തിൽ അതിന്റെ സ്പാനുകൾ തടിയും മുളകളുമെല്ലാം വന്നടിഞ്ഞ് അടഞ്ഞിരുന്നു. നദിയുടെ ഗതി മാറിയൊഴുകി. മൂന്ന് കൊല്ലമായിട്ടും അത് മാറ്റാൻ കഴിഞ്ഞിട്ടില്ല. അങ്ങനെയുള്ള ശ്രദ്ധക്കുറവുണ്ടായിട്ടുണ്ട്. അത് ഇനിയുണ്ടാകരുത്. തോട്ടപ്പള്ളി സ്പിൽവേയുടെ പ്രശ്നം തീർന്നുവെന്ന് പറയരുത്. 300 മീറ്റർ വെള്ളം ഒഴുകേണ്ടിടത്ത് വിയ്യപുരം മുതലുള്ള പത്ത് കിലോമീറ്ററിൽ ഇപ്പോൾ 70 മീറ്ററേയുള്ളൂ. അതിന് വീതിയും ആഴവും കൂട്ടിയാൽ മാത്രമേ പരിഹാരമാകുകയുള്ളൂ. അതുകൊണ്ട് ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കണമെന്ന് പറഞ്ഞുകൊണ്ട് ഇത് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭയിൽനിന്ന് പുറത്തുപോയി.)

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, 2017-നുശേഷം നിരവധി ഉരുൾപൊട്ടലു കളടക്കമുള്ള പ്രശ്നങ്ങൾ നേരിടുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടിയിൽ, ഉരുൾപൊട്ടൽ സാദ്ധ്യതാപഠനം നടത്തുന്നത് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയാണ് എന്നാണ് പറഞ്ഞത്. സംസ്ഥാനത്തിന്റെ പരിമിതിയെക്കുറിച്ചാണ് അങ്ങ് സൂചിപ്പിച്ചത്. അവരുടെ റിപ്പോർട്ടിൽ 43 ശതമാനത്തോളം പ്രദേശം കേരളത്തിൽ ഉരുൾപൊട്ടാൻ സാദ്ധ്യതയുണ്ടെന്ന് പറഞ്ഞിരിക്കുകയാണ്. ഇതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതുപോലെ നമുക്കുതന്നെ ഒരു വ്യക്തതയുമില്ല. ഏതൊക്കെ മേഖലയിൽ അതിന്റെ സാദ്ധ്യതകളുണ്ടെന്നതിലേയ്ക്ക് കടക്കേണ്ടതായിട്ടുണ്ട്. ഇന്ന് നമ്മൾ പ്രതീക്ഷിക്കാത്ത

സ്ഥലങ്ങളിൽപ്പോലും ഉരുൾപൊട്ടലുണ്ടാകുന്നുവെന്നത് ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരാനാഗ്രഹിക്കുകയാണ്. രണ്ട് കാര്യം പറഞ്ഞവസാനിപ്പിക്കുകയാണ്. സംസ്ഥാനത്തെ പല സ്ഥലങ്ങളിലും അനധികൃതമായ മണ്ണെടുപ്പ് വളരെ വ്യാപകമായ നിലയിലുണ്ടാകുന്നുണ്ടെന്നത് റവന്യൂ വകുപ്പുമന്ത്രി ശ്രദ്ധിക്കേണ്ടതാണ്. ഇതിനെ സംബന്ധിച്ച് എനിക്കുതന്നെ പല അനുഭവങ്ങളുമുണ്ട്. എന്റെ മണ്ഡലത്തിലും പരിസരപ്രദേശങ്ങളിലുമുണ്ടാകുന്ന വിഷയങ്ങൾ ജില്ലാ വികസന സമിതിയിലുന്നയിച്ചിട്ടും പരിഹാരമാകാത്ത സാഹചര്യത്തിൽ അത്തരത്തിലുള്ള മണ്ണെടുപ്പിന് തടയിടാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. പുഴയിലും ഡാമുകളിലും അടിഞ്ഞുകൂടിയിരിക്കുന്ന മണൽ, എക്കലുകൾ എന്നിവ അഴിമതിയില്ലാത്ത സുതാര്യമായ സംവിധാനത്തിലൂടെ നീക്കാനുള്ള നടപടി ഗവൺമെന്റ് ഒരുക്കണം. കൃഷിനാശത്തിന് യഥാസമയം നഷ്ടപരിഹാരം നൽകാനുള്ള നടപടിയുണ്ടാകണം. വളരെ ഗൗരവമേറിയ ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭയിൽനിന്ന് പുറത്തുപോയി.)

ശ്രീമതി കെ. കെ. രമ: സർ, ദുരന്തങ്ങൾ ആവർത്തിക്കുമ്പോഴും സർക്കാർ അനധികൃത ക്വാറികളുടെ പ്രവർത്തനം പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇത് വളരെ ഗുരുതരമായ ഒരു പ്രശ്നമായി സർക്കാർ കാണുന്നില്ല. ദുരന്തങ്ങൾ ആവർത്തിക്കുമ്പോൾ സർക്കാർ പ്രഖ്യാപനങ്ങൾ പലപ്പോഴും പ്രഖ്യാപനങ്ങളിൽ മാത്രമായി ഒതുങ്ങുകയാണ്; അത് ഫലപ്രദമായി നടപ്പാക്കാൻ കഴിയുന്നില്ല. ഇത്തരം ഗുരുതരമായ സാഹചര്യങ്ങൾ ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭയിൽനിന്ന് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

## III ശ്രദ്ധ ക്ഷണിക്കൽ

### (1) മഴക്കെടുതി

ശ്രീ. എം. എം. മണി: സർ, അടിയന്തരപ്രമേയ ചർച്ചയ്ക്ക് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി വിശദമായി പ്രതിപാദിച്ച വിഷയങ്ങളാണ് ശ്രദ്ധ ക്ഷണിക്കലിലൂടെ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നാണ് ഞാൻ ഉദ്ദേശിച്ചത്. അതുമായി

ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ഇതിനകം സഭയിൽ ബഹുമാനപ്പെട്ട മന്ത്രി വിശദീകരിച്ചുകഴിഞ്ഞു. അദ്ദേഹം ഇവിടെ നടത്തിയ വിശദീകരണങ്ങളോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. അതുകൊണ്ട് അത്തരം കാര്യങ്ങളുടെ ആവർത്തന ത്തിലേയ്ക്ക് പോകണമെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല. ഗവൺമെന്റിന് ഈ കാര്യത്തിൽ ചെയ്യാൻകഴിയുന്ന എല്ലാ കാര്യങ്ങളും ചെയ്തിരിക്കുന്നുവെന്നാണ് കാണാൻ കഴിയുന്നത്. പെരുവന്താനത്തെയും കൊക്കയാറിലെയും കൂട്ടിക്കലിലെയും സംഭവത്തിലും ഇടുക്കി, കോട്ടയം ജില്ലകളിലും സംസ്ഥാനത്തുണ്ടായ പ്രശ്നങ്ങളിലുമെല്ലാം ഒരു ഗവൺമെന്റിന് എന്തുചെയ്യാം; മനുഷ്യസാധ്യമായതെല്ലാം ചെയ്തിരിക്കുന്നുവെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കൂട്ടിക്കലിലും കൊക്കയാറിലും മണിമലയാറിന്റെ തീരത്തും നഷ്ടപ്പെട്ട വീടുകളുടെ സ്ഥാനത്തുതന്നെ വീടുകൾ നിർമ്മിച്ചാൽ വീണ്ടും അപകടമാകു മെന്നകാര്യം ഞാൻ ഈ അവസരത്തിൽ ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുകയാണ്. അത് ഇനിയൊരിക്കലും സുരക്ഷിതമാകില്ലെന്നുള്ളതാണ് പറയാനുള്ളത്. അതുകൊണ്ട് അതിനാവശ്യമായ മറ്റ് ഭൂമി കണ്ടെത്തി അവിടെ എസ്റ്റേറ്റുകളും തോട്ടങ്ങളും പുനരധിവാസം നടത്തുന്നതായിരിക്കും ഉചിതം. അറക്കുളം പഞ്ചായത്തിലും മാറ്റി പാർപ്പിക്കേണ്ട കുടുംബങ്ങളുണ്ട്; ഭാവിയിൽ ദുരന്തമുണ്ടാകാൻ സാദ്ധ്യതയുണ്ടെന്നുകണ്ട് കാര്യങ്ങൾ ചെയ്യുന്നത് ഉചിതമായിരിക്കും. അതുകൊണ്ട് ഗവൺമെന്റ് ഇപ്പോൾ പറഞ്ഞിരിക്കുന്നതും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി വിശദീകരിച്ചതുമായ കാര്യങ്ങളും അവശേഷിക്കുന്ന പുനരധിവാസ കാര്യങ്ങളും സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. പ്രകൃതി ദുരന്തങ്ങളുടെ ഫലമായി വീട് നഷ്ടപ്പെട്ടവർക്കും ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്കും നൽകുന്ന കേന്ദ്ര ധനസഹായം വർദ്ധിപ്പിച്ച് നൽകണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രത്തോട് ആവശ്യപ്പെടണം. അത് അനിവാര്യമാണ്. ഇടുക്കിയിലും കോട്ടയത്തുമുണ്ടായ ദുരന്തത്തെക്കുറിച്ച് ഇവിടെ പ്രതിപക്ഷം വിശദീകരിച്ചു. ഓഖിയെയും 2018-ലും 2019-ലുമുണ്ടായ പ്രളയത്തെയും ഇപ്പോൾ കോവിഡ് 19-നെയും നമ്മൾ ഫലപ്രദമായി നേരിട്ടിട്ടുണ്ട്. പക്ഷേ ഇന്ന് ശാസ്ത്രീയ മാർഗ്ഗമുപയോഗിച്ച് കേന്ദ്ര ഗവൺമെന്റിന്റെ കാലാവസ്ഥാ നിരീക്ഷണ സംവിധാനവും മറ്റ് ശാസ്ത്രീയ സംവിധാനവും ഉപയോഗിച്ചുള്ള മുന്നറിയിപ്പുകളെ അടിസ്ഥാനപ്പെടുത്തി പ്രവർത്തിക്കുകയെന്നതല്ലാതെ മറ്റു കാര്യങ്ങൾ മനുഷ്യ സാധ്യമാകുമോ; മനുഷ്യസാധ്യമല്ലെന്നാണ് ഇപ്പോൾ തോന്നുന്നത്. ഇങ്ങനെയെല്ലാം സംഭവിക്കുമെന്നുകണ്ട് കാലേക്കൂട്ടി എല്ലാം ചെയ്യണ മായിരുന്നുവെന്നാണ് പ്രതിപക്ഷം ഇവിടെപ്പറഞ്ഞ വിശദീകരണം കേട്ടപ്പോൾ തോന്നുന്നത്. അങ്ങനെയാണെങ്കിൽ കോവിഡ്-19 നെത്തുടർന്ന് ലോകത്ത് മരിച്ച കോടിക്കണക്കിന് സഹോദരങ്ങളെ അങ്ങനെ മുൻകൂട്ടികണ്ട് രക്ഷിക്കാൻ കഴിയുമാ യിരുന്നോ? അപ്പോൾ സാമാന്യേനയുള്ള ശാസ്ത്രീയമായ പഠനവും കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ നിഗമനവുംവച്ച് നമ്മൾ മുൻകരുതൽ നടപടിയെടുക്കണം. ആ

കാര്യത്തിലൊന്നും ഒരു സംശയവുമില്ല. പക്ഷേ ഇതെല്ലാം ദിവ്യദൃഷ്ടികൊണ്ട് കണ്ട് ചെയ്യണമെന്ന് പ്രതിപക്ഷനേതാവ് ഇവിടെ വാദിച്ചത് അടിസ്ഥാനമില്ലാത്ത, പ്രായോഗികമല്ലാത്ത കാര്യങ്ങളാണ്. രാഷ്ട്രീയ കാര്യങ്ങളെന്ന നിലയിൽ വേണമെങ്കിൽ വിശദീകരിക്കാമെന്നല്ലാതെ അതിലപ്പുറം ബാഹ്യ കാര്യങ്ങളൊന്നുമില്ലെന്നാണ് കരുതുന്നത്. ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവരെ പുനരധിവസിപ്പിക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കണം. ഞാൻ പറയണമെന്ന് ഉദ്ദേശിച്ച കാര്യങ്ങളെല്ലാംതന്നെ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി വിശദീകരിച്ചുകഴിഞ്ഞു. അതിനോടെല്ലാം ഞാൻ യോജിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ ബഹുമാന്യനായ അംഗം സൂചിപ്പിച്ചതുപോലെ എല്ലാകാര്യങ്ങളും വിശദമായി അടിയന്തര പ്രമേയത്തിന്റെ മറുപടിയിലൂടെ ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി വ്യക്തമാക്കിയിട്ടുള്ളതാണ്. നമ്മുടെ സംസ്ഥാനത്തുണ്ടായ ഈ ദുരന്തഘട്ടത്തിൽ മരണമടഞ്ഞവരുടെ എണ്ണം ഇവിടെ പറഞ്ഞുകഴിഞ്ഞിട്ടുണ്ട്; വീടുകൾ പൂർണ്ണമായും ഭാഗികമായും തകർന്നവയുണ്ട്. കൃഷിയിടങ്ങൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും വ്യാപകമായ നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്. ഇത്തരം കാര്യങ്ങളിൽ വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ നാശനഷ്ടങ്ങളുടെയും മറ്റും കണക്കുകൾ തിട്ടപ്പെടുത്തി ലഭ്യമാകുന്ന മുറയ്ക്ക് മാനദണ്ഡങ്ങൾക്കനുസൃതമായ ധനസഹായം സമയബന്ധിതമായി അനുവദിക്കുന്നതാണ്. ഇപ്പോൾത്തന്നെ നമുക്കതിനുള്ള കൃത്യമായ പദ്ധതികളുള്ളതാണ്. അതുപോലെതന്നെ മരണമടഞ്ഞവരുടെയും കാണാതായവരുടെയും ആശ്രിതർക്ക് ഇതിനകം അടിയന്തര ധനസഹായം നൽകിയിട്ടുണ്ട്. 2018-ലെ മഹാപ്രളയത്തെത്തുടർന്നാരംഭിച്ച റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിലൂടെ ഭാവിയിലുണ്ടായേക്കാവുന്ന പ്രകൃതി ദുരന്തങ്ങളെക്കൂടി അതിജീവിക്കാനുതകും വിധമുള്ള സംവിധാനത്തോടെയും പരിസ്ഥിതി സൗഹൃദപരമായും കേരളത്തെ പുനർനിർമ്മിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ലോകത്തെമ്പാടുമുള്ള അനുഭവങ്ങളെ ഉൾക്കൊണ്ടുകൊണ്ടുള്ള പ്രവർത്തന പദ്ധതികളാണ് നാം ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. ഇതിന്റെ ഭാഗമായി കുട്ടനാട് മേഖലയിലെ വെള്ളപ്പൊക്കം ലഘൂകരിക്കുന്നതിനുള്ള റൂം ഫോർ റിവർ പദ്ധതിയുടെ ആദ്യഘട്ടം നടപ്പിലാക്കി വരികയാണ്. പമ്പ, അച്ചൻകോവിൽ, മണിമല എന്നീ നദികളിലെ ജലമാണ് കുട്ടനാട്ടിലെ പ്രളയത്തിന്റെ പ്രധാനകാരണം. ഇതിൽ പമ്പ, അച്ചൻകോവിൽ നദികളിലെ ജലം കടലിലേയ്ക്ക് പതിക്കുന്നത് തോട്ടപ്പള്ളി സ്പിൽവേ വഴിയാണ്. കടലിലേയ്ക്ക് ജലമൊഴുക്കാൻ 360 മീറ്റർ വീതിയിൽ പൊഴി മുറിച്ച് ആഴം വർദ്ധിപ്പിച്ചു. ഇതേത്തുടർന്ന് ഇത്തവണ പ്രളയതീവ്രത ഗണ്യമായി കുറഞ്ഞു. റൂം ഫോർ റിവർ എന്ന ബൃഹത് പദ്ധതി അടുത്തഘട്ടമായി നടപ്പാക്കുന്നതിന് ഡി. പി. ആർ. തയ്യാറാക്കി വരികയാണ്. കനാലുകളുടെ ആഴവും വീതിയും വർദ്ധിപ്പിച്ച് വെള്ളം സുഗമമായി ഒഴുകുന്നതിനാവശ്യമായ ശാസ്ത്രീയമായ പ്രവർത്തനങ്ങളാണ്

ഇതിന്റെ ഭാഗമായി നടത്തുന്നത്. വേമ്പനാട്ടുകായൽ മുതൽ മണികണ്ഠനാറു വരെയുള്ള ചെങ്ങണ്ടയാറിന്റെ ആഴം കൂട്ടിയിട്ടുണ്ട്. വെള്ളം കൂടുതൽ കെട്ടി നിൽക്കുന്ന സാഹചര്യമൊഴിവാക്കുന്നതിനായി റൂം ഫോർ വേമ്പനാട് ഉൾപ്പെടെയുള്ള പദ്ധതികളും നടപ്പാക്കാനുദ്ദേശിക്കുന്നു. ഡാമിലെ ജലമെത്തുന്ന പ്രദേശങ്ങളിൽ മഴവരാൻ സാദ്ധ്യതയുണ്ടെന്ന കാലാവസ്ഥാ പ്രവചനം പരിഗണിച്ച് ജലം തുറന്നു വിടുന്നതിനുള്ള നടപടി സ്വീകരിച്ചത് ഇവിടെ വ്യക്തമാക്കിക്കഴിഞ്ഞതാണ്. ഇതിനു പുറമേ തദ്ദേശഭരണ സ്ഥാപന തലത്തിൽ വിവിധ പദ്ധതികളും നടപ്പിലാക്കി വരുന്നു. 12 വകുപ്പുകളിലായി 7800 കോടി രൂപയുടെ പദ്ധതികൾക്ക് ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന 18685 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ മാറ്റി സുരക്ഷിത മേഖലയിൽ പുനരധിവസിപ്പി ക്കുന്നതിന് ഫിഷറീസ് വകുപ്പ് മുഖാന്തരം പുനർഗേഹം പദ്ധതി നടപ്പിലാക്കി വരുന്നു. 2018-ലെ പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ സഹായത്തോടെ സഹകരണ വകുപ്പുവഴി ഭവനനിർമ്മാണം നടത്തി നൽകുന്ന കെയർഹോം പദ്ധതി നടപ്പാക്കിക്കഴിഞ്ഞിട്ടുണ്ട്. സാമൂഹികാധിഷ്ഠിത ദുരന്ത ദൂരീകരണത്തിനായി 380000 സന്നദ്ധപ്രവർത്തകരെ വിവിധ പരിശീലനങ്ങൾ നൽകി സജ്ജരാക്കിയിട്ടുണ്ട്. ഇതിനുപുറമെ ഫയർ ആൻഡ് റെസ്ക്യൂ വകുപ്പുമായി ചേർന്ന് സിവിൽ ഡിഫൻസ് സന്നദ്ധപ്രവർത്തകർക്ക് പരിശീലനം നൽകി. 129 ഫയർ സ്റ്റേഷനുകളിലായി 6450 പേരടങ്ങുന്ന 50 സിവിൽ ഡിഫൻസ് ഫോഴ്സിനെ വിന്യസിച്ചിട്ടുണ്ട്. സംസ്ഥാനത്ത് മഴക്കെടുതി തുടർച്ചയായുണ്ടാകുന്ന സാഹചര്യത്തിൽ ഇനിയുള്ള തുടർനിർമ്മാണങ്ങളും മുൻ വർഷങ്ങളിലുണ്ടായ പ്രളയത്തിൽ തകർന്ന ആസ്തികളുടെ സുസ്ഥിരമായ പുനർനിർമ്മാണത്തിന്റെ മാതൃകയിലാണ് നടപ്പിലാ ക്കാനാവുക. ആ നിലയ്ക്കുള്ള പ്രവർത്തനങ്ങളാണ് സർക്കാർ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നത്.

<u>ശ്രീ. എം. എം. മണി</u>: സർ, മുല്ലപ്പെരിയാർ പ്രശ്നം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ഉന്നയിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, തമിഴ്നാട് സർക്കാരിന്റേയും മുഖ്യമന്ത്രിയുടേയും ശ്രദ്ധയിൽ ഈ വിഷയം കൊണ്ടുവന്നുവെന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ഉത്കണ്ഠാകുലമായ സ്ഥിതിയിലാണ് അവിടത്തെ ജലനിരപ്പ് ഉയരുന്നത്. അത് ഇടുക്കി, എറണാകുളം ജില്ലകളിലെ പതിനായിരക്കണക്കിന് ആളുകളുടെ ജീവനുതന്നെ ആപത്താകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇത് സുപ്രീം കോടതിയുടെ പരിഗണനയിലിരിക്കുന്ന കേസ്സാണ്. യഥാർത്ഥത്തിൽ ഇതിന് കേന്ദ്ര ഗവൺമെന്റ് പരിഹാരം കാണേണ്ടതാണ്. കേന്ദ്രത്തിൽ മാറിമാറി വന്ന ഭരണാധികാരികൾ തമിഴ്നാട്ടിലെ രാഷ്ട്രീയ സമവായം ഉപയോഗപ്പെടുത്തു ന്നതിനുവേണ്ടി യഥാർത്ഥ വസ്തുതകളിൽനിന്നും മാറി നിലപാടുകൾ സ്വീകരിച്ചുവെന്ന്

മുല്ലപ്പെരിയാർ പ്രശ്നം പഠിക്കുന്ന എല്ലാവർക്കും മനസ്സിലാകുന്നതാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇനി കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെടണം. ഇതുമായി ബന്ധപ്പെട്ട് നമ്മൾ വീണ്ടും സുപ്രീം കോടതിയെ സമീപിക്കുന്നത് ഉചിതമായിരിക്കും. കേന്ദ്ര ഗവൺമെന്റ് (മുൻകാല ഗവൺമെന്റുകൾ, കോൺഗ്രസിന്റെ ഗവൺമെന്റായാലും ഇപ്പോഴത്തെ ഗവൺമെന്റായാലും) ഇക്കാര്യത്തിൽ ശരിയായ നിലപാട് സ്വീകരിക്കുമെന്ന് കരുതാനാകില്ല. അതുകൊണ്ട് മുല്ലപ്പെരിയാർ പ്രശ്നത്തിൽ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ ആവശ്യപ്പെടുകയാണ്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, മുല്ലപ്പെരിയാർ വിഷയത്തിൽ ചിലയാളുകളുണ്ടാക്കിയ ഒരു അന്തരീക്ഷമാണ് ഇപ്പോഴുള്ളത്. പ്രത്യേകമായി എന്തെങ്കിലും പ്രശ്നം ഈയടുത്തകാലത്ത് സംഭവിച്ചതിന്റെ ഭാഗമായിട്ടല്ല. സോഷ്യൽ മീഡിയ പല കാര്യങ്ങൾക്കും ഉപയോഗിക്കാമെന്നുള്ളതുകൊണ്ട് ചിലർ സോഷ്യൽ മീഡിയയിലൂടെ വലിയ തോതിൽ തെറ്റായ പ്രചരണങ്ങൾ അഴിച്ചുവിടുകയാണ് ചെയ്യുന്നത്. ഇത് നാട്ടിൽ ഭീതി പരത്താനുള്ള ഒരു ശ്രമത്തിന്റെ ഭാഗമാണ്. അത്തരത്തിലുള്ള പ്രവർത്തനങ്ങൾ നമ്മുടെ നാടിന് ഒരുതരത്തിലും ഗുണം ചെയ്യുന്നതല്ല, അത് നിയമപരമായി നേരിടേണ്ടതുണ്ട്. ഏതെങ്കിലും വസ്തുതയുടെ അടിസ്ഥാനത്തിലല്ല അത്തരം പ്രചരണങ്ങൾ വന്നിട്ടുള്ളത്. മുല്ലപ്പെരിയാർ വിഷയത്തിൽ നേരത്തെതന്നെ സംസ്ഥാന സർക്കാരിന് ഒരു നിലപാടുണ്ട്. ആ നിലപാടിനോട് ഇപ്പോൾ കേന്ദ്ര സർക്കാർ അടക്കമുള്ളവർ യോജിക്കുന്നില്ലെന്നതാണ് വസ്തുത. അവിടെ പുതിയ ഡാം വരണമെന്ന നമ്മുടെ നിലപാടിൽത്തന്നെ നമ്മൾ ഉറച്ചുനിൽക്കുകയാണ്. അതിനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതുണ്ട്. അത് തുടർന്നും നമ്മൾ നടത്തുന്നതാണ്. ഇപ്പോൾ മുല്ലപ്പെരിയാർ ഡാമിന് അപകടം വരാൻ പോകുന്നുവെന്നൊരു ചിത്രമുണ്ടാക്കി ലക്ഷക്കണക്കിനാളുകൾ മരിക്കാൻ പോകുകയാണെന്ന ഭീതിയുണ്ടാക്കുന്നത് പ്രശ്നത്തെ മറ്റൊരുതരത്തിൽ വഴിതിരിച്ചുവിടലാണ്. അത്തരത്തിലൊരു ആപത്പ്രശ്നവും ഇപ്പോൾ അവിടെ നിലനിൽക്കുന്നില്ലെന്നതാണ് വസ്തുത. എല്ലാ കാര്യങ്ങളിലും നമ്മുടെ സംസ്ഥാനവുമായി നല്ല രീതിയിൽ സഹകരിച്ചു പോരുന്ന സംസ്ഥാനമാണ് തമിഴ്നാട്. അവരുമായി നമുക്ക് കാര്യങ്ങൾ ചർച്ച ചെയ്യാനുള്ള എല്ലാ സാഹചര്യവുമുണ്ട്. ആ ചർച്ചകൾ തുടർന്നും നടത്താം. ചില കാര്യങ്ങളിൽ നമ്മുടെ നിലപാടിലും അവരുടെ നിലപാടിലും വ്യത്യസ്തതകളുണ്ടാകും. അത് ചർച്ചകളിലൂടെ പരിഹരിക്കേണ്ടതാണ്. അനാവശ്യ ഭീതി പരത്തി ഇത്തരമൊരു പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുന്നവരെ നിയമപരമായിത്തന്നെ നേരിടേണ്ടതായിവരും.

<u>മി. സ്പീക്കർ</u>: ബഹുമാന്യരായ സെബാസ്റ്റ്യൻ കുളത്തുങ്കൽ, ഡോ. എൻ. ജയരാജ് എന്നിവരുടെയെല്ലാം മണ്ഡലത്തെ പ്രളയം വളരെ ഗുരുതരമായി ബാധിച്ചതാണ്. അവർ സംസാരിക്കാൻ സമയം ആവശ്യപ്പെട്ടിരുന്നു. നിങ്ങളുടെയെല്ലാം വികാരം

മനസ്സിലാക്കുന്നു. ഇക്കാര്യം സഭ വളരെ വിശദമായി ചർച്ച ചെയ്തുകഴിഞ്ഞതാണ്. ബഹുമാനപ്പെട്ട നിരവധി എം.എൽ.എ.-മാരുടെ മണ്ഡലങ്ങളെയും ഇത് ബാധിച്ചിട്ടുണ്ട്. എല്ലാവരും സംസാരിക്കുന്നത് പ്രായോഗികമായിരിക്കുകയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും കാര്യങ്ങൾ വിശദമാക്കിക്കഴിഞ്ഞു. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ ദയവായി സഹകരിക്കണം.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

(2) കരിമണൽ ഖനനം

ശ്രീമതി കെ. കെ. രമ: സർ, നിലവിലുള്ള എല്ലാ നിയമങ്ങളും ലംഘിച്ചുകൊണ്ട് ആലപ്പുഴ ജില്ലയിലെ തോട്ടപ്പള്ളി പൊഴിയിലും ഹാർബറിലും വലിയഴീക്കലിലും നടന്നുകൊണ്ടിരിക്കുന്ന അതീവ ഗുരുതരമായ മണൽ ഖനനം സംബന്ധിക്കുന്ന വിഷയങ്ങൾ ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ഇവിടങ്ങളിൽ നടക്കുന്ന നിയന്ത്രണമില്ലാത്ത ഖനനം കാരണം അതിരൂക്ഷമായ കടലാക്രമണമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഹാർബർ പ്രവർത്തനം സജ്ജമാക്കാമെന്ന് പറഞ്ഞ് തോട്ടപ്പള്ളിയിൽ കാലുകുത്തിയ IREL കമ്പനി കഴിഞ്ഞ എട്ട് വർഷംകൊണ്ട് തോട്ടപ്പള്ളി ഫിഷ് ലാൻഡിംഗ് സെന്ററിനെ നിരന്തരമായ മണലൂറ്റിലൂടെ അങ്ങേയറ്റം ആസൂത്രിതമായി നിർമ്മിച്ചിരിക്കുന്നൊരു മണൽ കെണിയാക്കി മാറ്റിയിരിക്കുകയാണ്. ഇന്റർടൈഡൽ ഏരിയയിലുൾപ്പെടുന്ന തോട്ടപ്പള്ളി പൊഴിയിൽ കായികമായിമാത്രം നടത്തേണ്ട പൊഴിമുറിക്കൽ പ്രക്രിയ വലിയ യന്ത്ര സംവിധാനങ്ങൾ ഉപയോഗിച്ചും sea washing ഉൾപ്പെടെയുള്ള ഖനന പ്രവർത്തനങ്ങൾ നടത്തിയും ഇതിനോടകം ലക്ഷക്കണക്കിന് ടൺ മണലാണ് കടത്തിക്കൊണ്ടുപോയിരിക്കുന്നത്. സാന്ദ്രതയേറിയ ലോഹ മണൽ അടിത്തറയായി കിടക്കുന്നതുകൊണ്ട് മാത്രമാണ് കേരളത്തിന്റെ ഏറ്റവും ദൈർഘ്യമേറിയ ആലപ്പുഴ തീരം ഇപ്പോഴും നിലനിൽക്കുന്നത്. ഈ തീരവരമ്പിൽ നിലനിൽക്കുന്ന സുരക്ഷിതത്വംകൊണ്ടുമാത്രമാണ് ഈ ജില്ലയും പ്രത്യേകിച്ച് സമുദ്രനിരപ്പിന് താഴെ സ്ഥിതിചെയ്യുന്ന കേരളത്തിന്റെ നെല്ലറയായ കുട്ടനാടും സുരക്ഷിതമായി നിൽക്കുന്നത്. കുട്ടനാടിന്റെ സുരക്ഷ എന്നാൽ നമ്മുടെ സംസ്ഥാനത്തിന്റെ ഭക്ഷ്യസുരക്ഷ എന്നുതന്നെയാണ് അർത്ഥം. ആത്യന്തികമായി മലയാളിയുടെ അന്നം മുട്ടിക്കുന്നതാണ് ഈ തീരത്തെ ഖനനം. ഈ തീരവരമ്പിലാണ് ജില്ലയിലെ പ്രധാനപ്പെട്ട ജനവാസ കേന്ദ്രങ്ങളുള്ളത്. ഖനനംമൂലം ഈ തീരവരമ്പ് തകർന്നാൽ ഇല്ലാതാകുന്നത് ഈ ജില്ലതന്നെയായിരിക്കും. പടിഞ്ഞാറ് അറബിക്കടലും കിഴക്ക് കായലുമായി മദ്ധ്യത്തിൽ വീതികുറഞ്ഞ വളരെ ഇടുങ്ങിയ നാട പോലെയാണ് ആലപ്പുഴ ജില്ലയുടെ തീരദേശം. ആറാട്ടുപുഴ പഞ്ചായത്ത് തറയിൽ കടവ് ഭാഗത്ത് കായലും കടലും തീരവും

തമ്മിലുള്ള ദൂരം വെറും 50 മീറ്ററാണ്. ഓരോ വർഷവും കടൽ കരയെ വിഴുങ്ങുന്ന അവസ്ഥയാണ് നിലവിലുള്ളത്. ചിലയിടങ്ങളിൽ കടൽ രണ്ട് കിലോമീറ്ററോളം കരയിലേയ്ക്ക് കയറിയിട്ടുള്ളതായിട്ടാണ് മനസ്സിലാക്കുന്നത്. ഈ സാഹചര്യത്തിൽ എട്ട് കൊല്ലത്തോളമായി തോട്ടപ്പള്ളി ഹാർബറിലും വലിയഴീക്കൽ ഹാർബറിൽ നിന്നുമായി ലക്ഷക്കണക്കിന് ക്യൂബിക് മീറ്റർ മണലാണ് കമ്പനികൾ ഖനനം ചെയ്തെടുത്തിരിക്കുന്നത്. തീരശോഷണത്തിന് മുഖ്യകാരണം ഈ മണൽ ഖനനംതന്നെയാണ്. പൊഴിമുഖവും കടലും പ്രധാന ആവാസ വ്യവസ്ഥകളാണ്. ലോകത്ത് ഒരിടത്തും പൊഴിമുഖത്ത് ഖനനം നടക്കുന്നില്ല. വേലിയേറ്റ സ്ഥലത്തു നിന്നും 50 മീറ്ററിനുള്ളിൽ യന്ത്രവൽകൃത ഉപകരണങ്ങളുപയോഗിച്ച് മണൽ വാരാൻ പാടില്ലെന്നതാണ് CRZ നിയമത്തിൽ എടുത്തുപറഞ്ഞിട്ടുള്ള ഒരു പ്രധാനപ്പെട്ട കാര്യം. ധാരാളം മത്സ്യങ്ങളും കടൽജീവികളും പ്രജനനം നടത്തുന്ന നിർണ്ണായകമായ പരിസ്ഥിതിലോല പ്രദേശങ്ങളാണ് അഴിമുഖങ്ങൾ. ഈ നിയമങ്ങളെല്ലാം കാറ്റിൽ പറത്തിക്കൊണ്ട് ഹിറ്റാച്ചികളും എസ്കവേറ്ററുകളുമുപയോഗിച്ച് അഴിമുഖത്ത് sea washing നടത്തുകയാണ് മണൽ കമ്പനികൾ. ഹെവി ഡ്രെഡ്ജറും എസ്കവേറ്ററുമുപയോഗിച്ച് അഴിമുഖത്ത് വലിയ ഗർത്തങ്ങൾ സൃഷ്ടിച്ച് സമീപ തീരപ്രദേശങ്ങളിലെ മണലിനെ അഴിമുഖത്തേയ്ക്കെത്തിക്കുന്ന പുതിയ സാങ്കേതികവിദ്യയാണ് തോട്ടപ്പള്ളിയിൽ കരിമണൽ ഖനന കമ്പനികൾ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. ആഴം വർദ്ധിപ്പിക്കുമ്പോൾ വെള്ളത്തിൽ നിന്നും ലഭിക്കുന്ന മണൽ മാത്രമെടുക്കാൻ വ്യവസ്ഥ ചെയ്തിരിക്കെ കരയിൽ കിടക്കുന്ന മുഴുവൻ മണലുംകൂടി കെ.എം.എം.എൽ. ചവറയിലേയ്ക്ക് കടത്തിക്കൊണ്ടുപോകുകയാണ്. സാധാരണ പൊഴിമുറിച്ച് വിടുമ്പോൾ ഒഴുക്കിന്റെ ശക്തിയിൽ പതുക്കെ വീതി കൂടുകയും പൊഴിമുഖത്തുള്ള മണൽ സമീപപ്രദേശങ്ങളിലേയ്ക്ക് ഒഴുകിപ്പോകുകയും കരവയ്ക്കുകയുമാണ് പതിവ്. ഈ മണൽ വീണ്ടും കടൽ തിരികെ കൊണ്ടുവന്ന് അഴിമുഖം അടയ്ക്കുകയാണ്. എന്നാൽ പൊഴിമുഖത്തുനിന്നും ക്രമാതീതമായി മണലെടുത്താൽ തൊട്ടടുത്ത തീരം കടൽ അറുത്തെടുത്തുകൊണ്ടുവന്ന് പൊഴിമുഖം വീണ്ടും അടയ്ക്കുന്നു. ഇതുമൂലം തീരപ്രദേശത്തെ വീടും സ്ഥലവും നഷ്ടപ്പെട്ട് പെരുവഴിയിലാകുന്ന നിരവധിയാളുകൾ ഇപ്പോഴും ആശ്വാസകേന്ദ്രങ്ങളിലും റെയിൽവേ പുറമ്പോക്കിലും ജീവിക്കുകയാണ്. കഴിഞ്ഞ ആറ് കൊല്ലത്തിനിടയിൽ വീടും സ്ഥലവും നഷ്ടപ്പെട്ട് 456 കുടുംബങ്ങൾ ആറാട്ടുപുഴ, തൃക്കുന്നപ്പുഴ, പുറക്കാട്, അമ്പലപ്പുഴ, പുന്നപ്ര പഞ്ചായത്തുകളിൽ ഇപ്പോഴുമുണ്ട്. ഇനി കുടിയൊഴിപ്പിക്കൽ ഭീഷണിയിൽ നിലനിൽക്കുന്ന ഏകദേശം 1600 കുടുംബങ്ങൾ വരും. ഈ മണൽക്കൊള്ളയ്ക്കെതിരെ, പരിസ്ഥിതി ചൂഷണത്തിനെതിരെ, ഇരിക്കുന്ന കൊമ്പുമുറിക്കുന്ന, അന്നംമുട്ടിക്കുന്ന, നിയമവിരുദ്ധ ഖനനത്തിനെതിരെ പ്രദേശവാസികളും പ്രകൃതി സ്നേഹികളും

നാളുകളായി സത്യാഗ്രഹ സമരത്തിലാണ്. എന്നാൽ ഈ കമ്പനികൾ ഭരണ സ്വാധീനമുപയോഗിച്ച് സമരത്തെ അടിച്ചമർത്താൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന കാഴ്ചയാണ് കാണുന്നത്. ഈ സാഹചര്യത്തിൽ പരിസ്ഥിതി ലോലപ്രദേശമായ ആലപ്പുഴ തീരത്ത് കരിമണൽ ഖനനം അവസാനിപ്പിക്കുന്നതിനും ദുരന്ത നിവാരണത്തിന്റെ പേരിൽ ഡ്രഡ്ജിംഗും മണൽക്കടത്തും നടത്താൻ ഐ.ആർ.ഇ.എൽ. (Indian Rare Earth Limited) കെ.എം.എം.എൽ. Kerala Minerals and Metals Limited എന്നീ കമ്പനികളെ അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവും ധാരണാപത്രവും പിൻവലിക്കുന്നതിനും സി.ആർ.ഇസഡ് ഉത്തരവ് നടപ്പാക്കി, ഇന്റർടൈഡൽ ഏരിയായിൽ ചട്ടം ലംഘിച്ചുകൊണ്ട് ഐ.ആർ.ഇ.എൽ., കെ.എം.എം.എൽ. എന്നീ കമ്പനികൾ നടത്തുന്ന സീ വാഷിംഗ് ഉൾപ്പെടെയുള്ള മണൽ ഖനനവും മണൽക്കടത്തും അവസാനിപ്പിക്കുന്നതിനും തീരസംരക്ഷണം ഉറപ്പാക്കി, ജീവനും സ്വത്തിനും തൊഴിലിനും സംരക്ഷണം നൽകുന്നതിനുമാവശ്യമായ അടിയന്തര നടപടികളുണ്ടാ കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, യഥാർത്ഥത്തിൽ ഇന്ന് അവതരിപ്പിക്കാൻ പാടില്ലാത്തൊരു ശ്രദ്ധ ക്ഷണിക്കലായിരുന്നു ബഹുമാനപ്പെട്ട അംഗം അവതരിപ്പിച്ചത്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി നേരത്തെ സംസാരിച്ച സന്ദർഭത്തിൽ കുട്ടനാടും അപ്പർകുട്ടനാടും മുങ്ങിപ്പോകാതിരിക്കാനും ലക്ഷക്കണക്കിന് ജീവനുകൾ രക്ഷപ്പെടുത്തുന്നതിനും സഹായകരമായ നടപടിയാണ് തോട്ടപ്പള്ളിയിലുണ്ടായതെന്ന് വ്യക്തമാക്കുകയുണ്ടായി. ബഹുമാന്യനായ ശ്രീ. പി. ജെ. ജോസഫ് എം.എൽ.എ. പറഞ്ഞത് നിലവിലുള്ള വീതി പോരായെന്നും കുറച്ചുകൂടി വീതി കൂട്ടണമെന്നുമാണ്. അപ്പോൾ ലക്ഷക്കണക്കിനുപേരുടെ ജീവൻ രക്ഷപ്പെടുത്തുന്ന ഒരു പ്രവർത്തനം അടിയന്തരമായി അവസാനിപ്പിക്കണമെന്ന ബഹുമാനപ്പെട്ട അംഗം അവതരിപ്പിച്ച ശ്രദ്ധ ക്ഷണിക്കലിനെ വളരെ ഗൗരവമായി കാണണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കുട്ടനാട് പ്രദേശത്ത് ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനും മഴക്കാലത്ത് അച്ചൻകോവിൽ, പമ്പ, മണിമല എന്നീ നദികളിലുണ്ടാകുന്ന അധികജലം കടലിലേയ്ക്ക് ഒഴുക്കിവിടുന്നതിനുമാണ് 360 മീറ്ററിൽ തോട്ടപ്പള്ളി സ്പിൽവേ നിർമ്മിച്ചിരിക്കുന്നത്. പൊഴിമുഖത്ത് അടിഞ്ഞുകൂടുന്ന മണൽത്തിട്ട മഴക്കാലത്തിനുമുമ്പ് നീക്കം ചെയ്യുകയും എല്ലാ ഷട്ടറുകളും പൂർണ്ണമായും തുറക്കുകയോ സാഹചര്യത്തിനനുസരിച്ച് നിയന്ത്രിക്കുകയോ ആണ് ചെയ്യുന്നത്. മൺസൂണിനുമുമ്പ് അടിഞ്ഞുകൂടുന്ന മണൽത്തിട്ട നീക്കം ചെയ്യാത്തപക്ഷം, മഴക്കാലത്ത് പ്രളയജലം ഒഴുക്കി വിടാനാകാത്ത സാഹചര്യമുണ്ടാവുകയും തന്മൂലം കുട്ടനാട്, അപ്പർകുട്ടനാട് പ്രദേശങ്ങൾ പൂർണ്ണമായും വെള്ളപ്പൊക്ക ഭീഷണിക്കിടയാവുകയും ചെയ്യുന്നു. ഇതിന് പ്രധാന കാരണം, തോട്ടപ്പള്ളി സ്പിൽവേയ്ക്കുമുമ്പുള്ള വിയ്യപുരം

ലീഡിംഗ് ചാനൽ, മണലും എക്കലും മറ്റ് മാലിന്യങ്ങളും അടിഞ്ഞ് താഴുന്നതും കൂടാതെ സ്പിൽവേയുടെ താഴ്ഭാഗത്തുള്ള മണൽത്തിട്ടകളുംമൂലമാണ്. ഇവിടെ കാറ്റാടിമരങ്ങൾ വച്ചുപിടിപ്പിച്ചതിന്റെ ഫലമായി മുപ്പത് മീറ്ററായി പൊഴിയുടെ വീതികുറഞ്ഞു. 2018-ലുണ്ടായ പ്രളയം, തുടർ വർഷങ്ങളിലുണ്ടായ സമാനമായ വെള്ളപ്പൊക്കം എന്നിവയെത്തുടർന്ന് കുട്ടനാട്, അപ്പർകുട്ടനാട് എന്നിവയുടെ ഭൂരിഭാഗം പ്രദേശങ്ങളും വെള്ളത്തിനടിയിലായി. ജീവനും സ്വത്തിനും ഭീഷണിയുണ്ടായ സാഹചര്യത്തിൽ ജനങ്ങളെ മാറ്റിപ്പാർപ്പിക്കേണ്ടിവന്നിട്ടുണ്ട്. കുട്ടനാടിനെ വെള്ളപ്പൊക്ക ദുരിതത്തിൽനിന്നും രക്ഷപ്പെടുത്താൻവേണ്ടി തോട്ടപ്പള്ളി സ്പിൽവേയിലെ തടസ്സങ്ങൾ നീക്കം ചെയ്യേണ്ടത് അത്യാവശ്യമാണെന്ന് ഡോ. സ്വാമിനാഥൻ കമ്മീഷന്റേയും ഐ.ഐ.ടി. മദ്രാസ്സിന്റേയും പഠന റിപ്പോർട്ട് നിർദ്ദേശിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളി യാനങ്ങളും വള്ളങ്ങളും സുരക്ഷിതമായി തീരത്തോടുചേർന്ന് നങ്കൂരമിടുന്നതിനും മത്സ്യ വിപണനം സുഗമമായി നടത്തുന്നതിനുമാണ് ഫിഷിംഗ് ഹാർബർ സ്ഥാപിച്ചിട്ടുള്ളത്. അവിടെ രണ്ടര മുതൽ മൂന്ന് മീറ്റർവരെ ആഴമുണ്ടാകേണ്ടത് അത്യാവശ്യമാണ്. മണ്ണടിയുന്നതുകാരണം ഹാർബറിൽ വള്ളങ്ങൾ അടുക്കുന്നതിനും നങ്കൂരമിടുന്നതിനും സൗകര്യമില്ലാതെ വരികയും മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തിന് വിഘാതമായിത്തീരുകയും ചെയ്യുന്നുണ്ട്. ഹാർബറിനാവശ്യമായ ആഴം കൂട്ടുന്നതിനായിമാത്രം മണൽ നീക്കം ചെയ്യുന്നതിന്, കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഐ.ആർ.ഇ.എൽ.-ന് അനുമതി നൽകിയിട്ടുണ്ട്. കുട്ടനാട്ടിലെ താഴ്ന്ന ഭാഗങ്ങളിലെ വെള്ളപ്പൊക്ക ഭീഷണിയുമായി ബന്ധപ്പെട്ടുണ്ടായ അടിയന്തര സാഹചര്യം നേരിടുന്നതിന് ജില്ലാ ഭരണകൂടത്തിന്റേയും ജലവിഭവ വകുപ്പിന്റേയും നിർദ്ദേശമനുസരിച്ച്, തോട്ടപ്പള്ളി സ്പിൽവേയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കെ.എം.എം.എൽ. ആരംഭിച്ചിട്ടുണ്ട്. സ്പിൽവേയുടെ പൊഴിമുഖത്തുനിന്നും ധാതുമണൽ നീക്കംചെയ്യുന്നതിന് കെ.എം.എം.എൽ.-നെ ഏൽപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. അപ്രകാരം ജലവിഭവ വകുപ്പുണ്ടാക്കിയ ധാരണാപത്രത്തിന്റേയും മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിന്റേയും അടിസ്ഥാനത്തിൽ തോട്ടപ്പള്ളി സ്പിൽവേയുടെ വീതിയും ആഴവും കൂട്ടുന്ന പ്രവർത്തനവും അതുവഴി ലഭ്യമാകുന്ന ധാതുമണൽ ഇവിടെനിന്നും പൊതുമേഖലാ സ്ഥാപനങ്ങളായ കെ.എം.എം.എൽ., ഐ.ആർ.ഇ.എൽ. എന്നീ കമ്പനികളിലെത്തിക്കുന്നതിനും ഉഭയസമ്മതപ്രകാരം റേറ്റുപ്രകാരം നിർവ്വഹിക്കാൻ കെ.എം.എം.എൽ. ജലവിഭവ വകുപ്പുമായി ഉടമ്പടിയുണ്ടാക്കിയിട്ടുണ്ട്. രാജ്യത്തെ നിലവിലുള്ള നിയമം അടിസ്ഥാനമാക്കി പൊതുതാൽപ്പര്യം മുൻനിർത്തിയാണ് തോട്ടപ്പള്ളിയിലെ ഈ പ്രവർത്തനം പൊതുമേഖലാ സ്ഥാപനമായ കെ.എം.എം. എൽ.-നേയും ഐ.ആർ.ഇ.എൽ.-നേയും സംസ്ഥാന സർക്കാർ ഏൽപ്പിച്ചിട്ടുള്ളത്. സ്പിൽവേയുടെ ആഴവും വീതിയും കൂട്ടൽ, പൊഴിമുഖത്തുള്ള മണൽ ഖനനം,

യന്ത്രവൽക്കൃത മാർഗ്ഗങ്ങളിലൂടെ നീക്കം ചെയ്യൽ തുടങ്ങിയവ നിലവിലുള്ള നിയമ വ്യവസ്ഥകളനുസരിച്ച് ഖനിയുടെ നിർവ്വചനത്തിൽപ്പെടുന്നില്ല. മാത്രവുമല്ല, കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച നോട്ടിഫിക്കേഷൻപ്രകാരം സ്പിൽവേയുടെ പുനഃക്രമീകരണ പ്രവർത്തനങ്ങൾക്ക് മാത്രമായുള്ള ഡ്രഡ്ജിംഗിനും ഡീസിൽറ്റിംഗിനും മുൻകൂർ പാരിസ്ഥിതികാനുമതി ആവശ്യമില്ലാത്തതുമാണ്. കുട്ടനാട്ടിലെ വെള്ളപ്പൊക്ക സാധ്യത വളരെ കൂടുതലായതിനാൽ സ്പിൽവേയുടെ തടസ്സങ്ങൾ നീക്കം ചെയ്യുന്നത് തുടരേണ്ടത് അത്യാവശ്യമാണ്. അത് ശക്തിപ്പെടുത്തി മുന്നോട്ടുകൊണ്ടു പോകേണ്ടതുമാണ്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ബഹുമാനപ്പെട്ട മന്ത്രി വിശദീകരിച്ചതിനോടൊപ്പം കൂട്ടിച്ചേർക്കേണ്ട ഒരു കാര്യമുണ്ട്. ഈ പ്രാവശ്യം എന്റേയും മന്ത്രിയുടേയുമൊക്കെ മണ്ഡലത്തിൽ നിന്നും പതിനായിരത്തോളം ആളുകളെ മാറ്റി പാർപ്പിക്കേണ്ടിവന്നിട്ടുണ്ട്. 2018-ലെ പ്രളയ സമയത്ത് കൂടുതൽ വെള്ളം ഒഴുകിയെത്തുകയും ചെയ്തു. ഇവിടെ പറഞ്ഞതു പോലെ തോട്ടപ്പള്ളിയിലെ പൊഴിമുറിച്ചാണ് ജനങ്ങളെ രക്ഷിച്ചത്. പക്ഷേ, പുതിയൊരു പ്രശ്നമുണ്ടായിട്ടുള്ളത്, അച്ചൻകോവിലാറിന്റെ ഒഴുക്ക് വളരെ കുറവായിരുന്നു. പമ്പയാറിലുണ്ടായ ആ ഗുണം അച്ചൻകോവിലാറിലുണ്ടായില്ല, അതിന്റെ ഭാഗമായി അച്ചൻകോവിലാറിന്റെ തീരപ്രദേശത്തുമുഴുവൻ ഈ പ്രാവശ്യം കൂടുതൽ വെള്ളം ഒഴുകിയെത്തി. അതുകൊണ്ട് അച്ചൻകോവിലാർ നവീകരിക്കുന്നതിനുള്ള നടപടിയുണ്ടാകണം. രണ്ട്, തോട്ടപ്പള്ളി സ്പിൽവേ അടിയന്തരമായി നവീകരിക്കുന്നതിനുള്ള നടപടിയുണ്ടാകണമെന്ന കാര്യംകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, അച്ചൻകോവിലാർ കടന്നുവരുന്നത് അടൂർ മണ്ഡലത്തിലൂടെയാണ്. അവിടെയും എല്ലാ ആറുകളും തകർന്നുകൊണ്ടിരിക്കുകയാണ്.

ശ്രീമതി കെ. കെ. രമ: സർ, ഖനനം നടക്കുന്നതുകൊണ്ടാണ് അവിടം വെള്ളത്തിനടിയിലാകാത്തതെന്നത് ഒരടിസ്ഥാനവുമില്ലാത്ത വാദമാണെന്നാണ് എന്റെ അഭിപ്രായം. ഈ ശ്രദ്ധ ക്ഷണിക്കൽ ഇപ്പോൾ കൊണ്ടുവരേണ്ടതില്ലായിരുന്നു വെന്നുകൂടി മിനിസ്റ്റർ സൂചിപ്പിച്ചുകഴിഞ്ഞു.

മി. ഡെപ്യൂട്ടി സ്പീക്കർ: താങ്കളുടെ ഉപചോദ്യം ചോദിക്കു...

ശ്രീമതി കെ. കെ. രമ: സർ, അതിലേയ്ക്കാണ് വരുന്നത്. 2769 ഹെക്ടർ ഭൂമിയാണ് കഴിഞ്ഞ വെള്ളപ്പൊക്കത്തിൽ നശിച്ചിട്ടുള്ളത്. 14033 കർഷകരെ ഈ കെടുതി നേരിട്ട് ബാധിച്ചിട്ടുണ്ട്. ചെങ്ങന്നൂരിൽ മാത്രം 11.48 കോടി രൂപയുടെ നാശനഷ്ടങ്ങളുണ്ടായിട്ടുണ്ടെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ഈ കഴിഞ്ഞ

ആഴ്ചയിൽ മുപ്പത് സ്ഥലങ്ങളിൽ മടവീണിട്ടുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മിനിസ്റ്റർ അങ്ങനെ പറഞ്ഞതിന്റെ അടിസ്ഥാനമെന്താണെന്ന് മനസ്സിലാകുന്നില്ല. മാത്രമല്ല, ധാതുക്കൾ വേർതിരിച്ചെടുക്കുന്നതിന് സ്ഥാപിച്ചിട്ടുള്ള മിനറൽ സെപ്പറേഷൻ യൂണിറ്റിന് ആണവോർജ്ജ നിയന്ത്രണ ബോർഡിന്റെ അനുമതിയും ധാതുക്കൾ വേർതിരിക്കുന്നതുമൂലമുണ്ടാകുന്ന അണുപ്രസരണം കണക്കാക്കുന്നതിനു വേണ്ട ഉപകരണങ്ങളും സൗകര്യങ്ങളുമുണ്ടോ എന്നതാണ് ചോദ്യം.

ശ്രീ. പി. രാജീവ്: സർ, യഥാർത്ഥത്തിൽ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. സജി ചെറിയാൻ സൂചിപ്പിക്കുകയുണ്ടായി. ഇവരെല്ലാം നേരിട്ട് അനുഭവിച്ച കാര്യങ്ങളാണ്. 2018-ൽനിന്നും എങ്ങനെ 2021-ൽ വ്യത്യാസമുണ്ടായി; അതിൽ തോട്ടപ്പള്ളിയിൽ വരുത്തിയ മാറ്റങ്ങൾ എത്രമാത്രം സഹായകരമായി? അതുകൊണ്ടാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. പി. ജെ. ജോസഫ് സൂചിപ്പിച്ച കാര്യം ഞാനിവിടെ പറഞ്ഞത്. ഒന്നുകൂടി വീതി കൂട്ടണമെന്നാണ് അദ്ദേഹം ആവശ്യപ്പെട്ടിട്ടുള്ളത്. ഏതെങ്കിലും വിവരങ്ങളുടെ അടിസ്ഥാനത്തിൽ വസ്തുതകളെ മറച്ചുവയ്ക്കരുത്. യഥാർത്ഥത്തിൽ ലക്ഷക്കണക്കിന് ജീവനുകളെ രക്ഷപ്പെടുത്തിയ പ്രവർത്തനത്തെ അഭിനന്ദിക്കുന്നതിനുപകരം അത് ഇല്ലാതാക്കണമെന്ന് പറയുന്നത് ഈ നാടിന്റെ പൊതുവായ വികാരത്തിനെതിരായ കാര്യമാണ്. അതോടൊപ്പംതന്നെ ഈ നാടിനെ രക്ഷപ്പെടുത്തുന്നതിനുള്ള ദൗത്യം നിർവ്വഹിക്കുന്നതിനായി കെ.എം.എം.എൽ.-നോട് ആവശ്യപ്പെടുകയും അവർക്ക് അങ്ങോട്ട് പണം കൊടുത്തതിന്റെ അടിസ്ഥാനത്തിലാണ് നടക്കുന്നത്. ബാക്കിയുള്ളതെല്ലാം തിരികെ അവിടെ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്. എല്ലാം ശാസ്ത്രീയമായും നിയമങ്ങളുടെ അടിസ്ഥാനത്തിലുമാണ് നടക്കുന്നത്. ഇത്തരം പ്രശ്നങ്ങളിൽ പൊതുവെ നാടിന്റെ വികാരത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് സമീപിക്കുന്നതായിരിക്കും അഭികാമ്യം.

## IV സബ്മിഷൻ

### (1) ഹരിത കർമ്മ സേന

ശ്രീ. പി. പി. സുമോദ്: സർ, കേരളത്തിൽ മാലിന്യ നിർമ്മാർജ്ജനത്തിനുവേണ്ടി വീടും നാടും നഗരവും വൃത്തിയാക്കാൻ ഏറ്റവും സക്രിയമായി ഇടപെടുന്നവരാണ് ഹരിത സേനാംഗങ്ങൾ. സംസ്ഥാന സർക്കാർ മാലിന്യ നിർമ്മാർജ്ജനം ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിച്ചിരുന്നു. ആയതനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ് പ്രധാനമായും ഹരിത കർമ്മസേനാംഗങ്ങളുടെ മേൽനോട്ടച്ചുമതല. സർക്കാർ നൽകിയ മാർഗ്ഗരേഖയിൽ ഹരിത

കർമ്മസേനാംഗങ്ങൾക്ക് ആരോഗ്യ പരിരക്ഷ, ഇ.എസ്.ഐ. തുടങ്ങിയ സേവനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന ലഭ്യമാക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ആയത് നടപ്പിലാക്കുന്നത് സംബന്ധിച്ച് വ്യക്തതയില്ലാത്തതിനാൽ പല പഞ്ചായത്തുകളിലും ഹരിത കർമ്മ സേനാംഗങ്ങളുടെ ആരോഗ്യ പരിരക്ഷ ഇനിയും നടപ്പാക്കാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. മാലിന്യം ശേഖരിക്കുന്ന അവസരത്തിൽ സേനാംഗങ്ങൾക്ക് പാമ്പുകടിയുൾപ്പെടെയുള്ള അപകടങ്ങൾവരാൻ സാദ്ധ്യതയുണ്ട്. കൂടാതെ ഇവർക്ക് സാംക്രമിക രോഗങ്ങളും പിടിപെടുന്നുണ്ട്. ഈ അവസരത്തിൽ ആരോഗ്യ പരിരക്ഷാ പദ്ധതി നടപ്പാക്കാൻ കാലതാമസം നേരിട്ടാൽ തുച്ഛമായ വേതനത്തിന് ജോലിചെയ്യുന്ന ഹരിത സേനാംഗങ്ങൾക്ക് അവരുടെ ജീവനുതന്നെ ഭീഷണിയാകുന്ന സ്ഥിതിയുണ്ട്. മാലിന്യ സംസ്കരണത്തിന് വീടുകളിൽനിന്നും ഈടാക്കുന്ന ഫീസ് പല പഞ്ചായത്തുകളും പല നിരക്കിലാണ് സ്വീകരിക്കുന്നത്. ആയതിനാൽ ഹരിത കർമ്മ സേനാംഗങ്ങൾക്ക് മെച്ചപ്പെട്ട വേതനം പലയിടത്തും ലഭിക്കുന്നില്ല. ഈ സാഹചര്യത്തിൽ ഇവർക്ക് ആരോഗ്യ പരിരക്ഷാ പദ്ധതി നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിനും സേനാംഗങ്ങൾക്ക് നിശ്ചിത തുക മിനിമം വേതനം പ്രഖ്യാപിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി ചുമതലപ്പെട്ടത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഹരിത കർമ്മസേനാംഗങ്ങളുടെ ആരോഗ്യ സുരക്ഷയ്ക്കാവശ്യമായ വിശദമായ പദ്ധതി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. 'ജീവൻ ദീപം ലൈഫ് ഇൻഷ്വറൻസ് പദ്ധതി' പ്രകാരം 345 രൂപ വാർഷിക പ്രീമിയമടയ്ക്കുന്ന ഹരിത കർമ്മ സേനയുൾപ്പെടെയുള്ള കുടുംബശ്രീ, അയൽക്കൂട്ടം സംരംഭങ്ങളിലെ അംഗങ്ങൾക്കായി ഏർപ്പെടുത്തിയിട്ടുള്ള പ്രത്യേക പദ്ധതിയാണിത്. ഇതുപ്രകാരം 50 വയസ്സുവരെയുള്ള അയൽക്കൂട്ട അംഗത്തിന് രണ്ട് ലക്ഷം രൂപയും 50-നും 60-നും വയസ്സിനിടയിൽ പ്രായമുള്ള അംഗത്തിന് ഒരു ലക്ഷം രൂപയും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. ഹരിത കർമ്മ സേനാംഗങ്ങളെ പദ്ധതിയിൽ ചേർത്തുവരികയാണ്. ഇതുകൂടാതെ ഇൻസ്പെയർ ആരോഗ്യ ഇൻഷ്വറൻസ് പ്രോഗ്രാം ഗവൺമെന്റ് നടപ്പിലാക്കുന്നുണ്ട്. അത് യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയുമായി സഹകരിച്ചാണ് നടപ്പിലാക്കുന്നത്. സർക്കാർ ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട അംഗീകൃത സ്വകാര്യ ആശുപത്രികളിലും പ്രതിവർഷം ഒരു ലക്ഷം രൂപ വരെയുള്ള ചികിത്സാ ചെലവ് അനുവദിക്കുന്ന പദ്ധതിയാണിത്. വാർഷിക പ്രീമിയം 1320 രൂപ കണക്കാക്കിയതിൽനിന്ന് 660 രൂപ കുടുംബശ്രീ മിഷനും 660 രൂപ ഹരിത കർമ്മ സേനാംഗവും അടയ്ക്കുന്ന രീതിയിലാണ് പദ്ധതി

ആവിഷ്കരിച്ചിട്ടുള്ളത്. ഇതിലും അംഗങ്ങളെ ചേർത്തുവരികയാണ്. ഇതുകൂടാതെ മരണാനന്തര സഹായം, കോവിഡ് -19 പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ സ്വന്തം സുരക്ഷ കണക്കിലെടുക്കാതെ വാതിൽപ്പടി സേവനം ലഭ്യമാക്കുന്ന ഹരിത കർമ്മ സേനാംഗങ്ങൾക്ക് കോവിഡ് ബാധിതരായി മരണപ്പെടുന്ന സാഹചര്യത്തിൽ 5 ലക്ഷം രൂപ വരെ ധനസഹായം ലഭ്യമാക്കുന്നതിന് കുടുംബശ്രീ മിഷൻ തയ്യാറാക്കി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്. ഇതുകൂടാതെ കേന്ദ്ര സർക്കാർ നടപ്പിലാക്കിവരുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളിലും ഹരിത കർമ്മ സേനാംഗങ്ങൾക്ക് അംഗങ്ങളാകാവുന്നതാണ്. അതിൽനിന്നും പ്രതിവർഷം 5 ലക്ഷം രൂപ വരെ ചികിത്സാ സഹായം ലഭിക്കുന്നു. ഹരിത കർമ്മ സേനാംഗങ്ങളുടെ വേതനം ഉറപ്പാക്കുന്നതിന് സർക്കാർ പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വീട്ടുടമസ്ഥർ ഹരിത കർമ്മ സേനയ്ക്ക് നൽകേണ്ട പ്രതിമാസ യൂസർഫീ ഗ്രാമപഞ്ചായത്തുകളിൽ 50 രൂപയും നഗരസഭകളിൽ 70 രൂപയുമാണ്. എന്നാൽ 509 ഗ്രാമപഞ്ചായത്തുകളും 21 നഗരസഭകളും സർക്കാർ നിശ്ചയിച്ച നിരക്കിൽനിന്നും കുറഞ്ഞ തുകയാണ് നിലവിൽ ഈടാക്കിവരുന്നത്. മാലിന്യശേഖരണ പരിപാലനരംഗത്ത് പുതിയ സംസ്കാരം രൂപപ്പെടുത്തിയെടുക്കുന്നതിനുള്ള സർക്കാർ ശ്രമങ്ങളുടെ ഭാഗമായി നിശ്ചിത യൂസർഫീ നിരക്ക് നിശ്ചയിച്ചിട്ടുണ്ടെങ്കിലും മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിലുള്ള പൊതുജനങ്ങളുടെ എതിർപ്പിനെ തീവ്ര വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിലൂടെ മറികടന്നുവരുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഈ സാഹചര്യത്തിൽ സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന ഭവനങ്ങളിൽ നിന്നും കോവിഡ് മഹാമാരിയുടെയും അനുബന്ധ സാഹചര്യങ്ങളുടെയും പശ്ചാത്തലത്തിൽ കൂടിയ തുക യൂസർ ഫീയായി വാങ്ങിയെടുക്കാൻ കഴിയാത്ത സാഹചര്യവുമുണ്ട്. ഈ സാഹചര്യം പരിഗണിച്ച് ഹരിത കർമ്മ സേനാംഗങ്ങളുടെ വരുമാന സ്ഥിരത ഉറപ്പുവരുത്തുന്നതിനായി മാലിന്യ ശേഖരണ സംഭരണ പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന അംഗങ്ങൾക്ക് സർക്കാർ ഉത്തരവുപ്രകാരം പ്രതിദിനം 750 രൂപ അടിസ്ഥാന വരുമാനമായി കണക്കാക്കി അനുവദിക്കുന്നതിനും സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. യൂസർഫീ ഇനത്തിലും പാഴ്വസ്തു വിപണന ത്തിലൂടെയും ഈ തുക ലഭിക്കാത്ത സാഹചര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്ലാൻ തനത് ഫണ്ടിൽനിന്നും തുക വകയിരുത്തി ഹരിത കർമ്മ സേനയുടെ വരുമാനക്കുറവ് പരിഹരിക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ ഉത്തരവ് നൽകിയിട്ടുള്ളതാണ്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു*.

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

## (2) പൊൻമുടി തോട്ടം തൊഴിലാളികളുടെ സംരക്ഷണം

ശ്രീ. ഡി. കെ. മുരളി: സർ, എന്റെ നിയോജകമണ്ഡലത്തിൽ പെരിങ്ങമ്മല പഞ്ചായത്തിലെ പൊന്മുടി, കുളച്ചിക്കര, മെർക്കിസ്റ്റൺ എസ്റ്റേറ്റുകളിലെ തൊഴിലാളികളുടെ ദുരിതപൂർണ്ണമായ ജീവിതം ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. തമിഴ്നാട്ടിൽനിന്നും കുടിയേറിപ്പാർത്ത തൊഴിലാളികളുൾപ്പെടെ ആയിരക്കണക്കിന് തൊഴിലാളികൾ ഇവിടെയുണ്ടായിരുന്നു. ഇന്ന് 80 ലയങ്ങളിലായി 190 തൊഴിലാളികളുൾപ്പെടെ 300-ൽപ്പരം തൊഴിലാളികളാണ് ഇവിടെ ജീവിക്കുന്നത്. ബ്രിട്ടീഷുകാരുടെ കാലത്ത് സ്ഥാപിച്ച നൂറ് വർഷത്തിലധികം പഴക്കമുള്ള ലയങ്ങളിലാണ് ഇവർ താമസിക്കുന്നത്. ഒരു ചാറ്റൽമഴ വന്നാൽ വെള്ളം കയറി താമസിക്കാൻ കഴിയാത്ത അവസ്ഥയാണ്. ഓടുമേഞ്ഞ ഈ പഴയ കെട്ടിടങ്ങളിലെ ശൗചാലയങ്ങളുൾപ്പെടെ എല്ലാം പൊട്ടിപ്പൊളിഞ്ഞ അവസ്ഥയിലാണ്. ആറേഴ് ലയങ്ങൾക്ക് ഒരു ശൗചാലയമാണുള്ളത്. തേയില, ഗ്രാമ്പു തുടങ്ങിയ തോട്ടം തൊഴിലിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളാണ് ഇവിടെയുള്ളത്. കൂലി കുടിശ്ശികയാണ്; ബോണസ് കിട്ടുന്നുമില്ല. താൽക്കാലിക തൊഴിലാളികൾക്ക് ആറ് മാസത്തെയും സ്ഥിരം തൊഴിലാളികൾക്ക് മൂന്ന് മാസത്തെയും വേതന കുടിശ്ശിക ലഭിക്കാനുണ്ട്. വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചാൽ പുനഃസ്ഥാപിക്കാൻ സാധിക്കാതെ ഇരുട്ടിൽ കഴിയേണ്ട അവസ്ഥയാണ്. ഇപ്പോഴത്തെ പേമാരിയെത്തുടർന്ന് പതിനൊന്ന് കുടുംബങ്ങളെ അവിടെനിന്നും മാറ്റി വിതുരയിൽ താമസിപ്പിച്ചിരിക്കുകയാണ്. ആശുപത്രിയിൽ പോകണമെങ്കിൽ 30-50 കിലോമീറ്റർ സഞ്ചരിച്ച് നെടുമങ്ങാടും വിതുരയിലും പോകേണ്ട സ്ഥിതിയാണുള്ളത്. പൊന്മുടിയും മെർക്കിസ്റ്റൺ എസ്റ്റേറ്റും തോട്ടം മേഖലയായിട്ടും ഇ.എഫ്.എൽ. പരിധിയിൽനിന്നും ഒഴിവാക്കാൻ കഴിയാതെ പോയതാണ് ഈ ദുരന്തത്തിന് കാരണമാകുന്നത്. തോട്ടമുടമകൾ ലയങ്ങൾ നന്നാക്കിക്കൊടുക്കുകയോ വനംവകുപ്പ് അടിക്കാടുവെട്ടാൻ അനുവാദം കൊടുക്കുകയോ ചെയ്യുന്നില്ല. സ്വാഭാവികമായും കൃഷി നശിച്ചുപോകുകയും തൊഴിൽ നഷ്ടപ്പെടുകയും ചെയ്യുന്ന അവസ്ഥയാണ് പൊതുവിലുള്ളത്. മെർക്കിസ്റ്റൺ എസ്റ്റേറ്റുടമ ബഹുമാനപ്പെട്ട ഹൈക്കോടതിൽപോയി ഇ.എഫ്.എൽ. പരിധിയിൽനിന്ന് ഒഴിവാക്കിയ വിധി വാങ്ങിയിട്ടുണ്ട്. പക്ഷേ അവിടെപ്പോലും പട്ടയം മാറിക്കൊടുക്കുന്നില്ല. അതിന്റെ ഭാഗമായി ലയങ്ങൾ വൃത്തിയാക്കാൻ തോട്ടമുടമകൾ താല്പര്യമെടുക്കുന്നില്ല. കൂലികൊടുക്കാത്തതിനാലും ലയങ്ങൾ വൃത്തിയാക്കാത്തതിനാലും ദുരിതപൂർണ്ണ ജീവിതം നയിക്കേണ്ട ഗതികേടിലാണ് തൊഴിലാളികളുള്ളത്. വനം വകുപ്പിന്റെ നിയമങ്ങളാണ് അടിക്കാട് വെട്ടുന്നതിനും തോട്ടം അഭിവൃദ്ധിപ്പെടുത്തുന്നതിനും തടസ്സം നിൽക്കുന്നത്. അതുകൊണ്ട് വനം വകുപ്പ് മുൻകയ്യെടുത്ത് ഇക്കാര്യത്തിൽ പരിഹാരം കാണേണ്ടതുകൊണ്ടാണ് ഈ സബ്മിഷൻ വനം വകുപ്പുമന്ത്രിയോട്

ചോദിക്കാനിടയായത്. ലയങ്ങളിൽ താമസ സൗകര്യമൊരുക്കാനും വൈദ്യുതിയുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളേർപ്പെടുത്താനും തോട്ടം അഭിവൃദ്ധിപ്പെടുത്തുന്നതിനാവശ്യമായ പ്രവൃത്തികൾക്ക് അനുമതി കൊടുക്കാനും ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി മുൻകയ്യെടുത്ത് പരിഹാരം കാണണമെന്നാണ് ആവശ്യപ്പെടുന്നത്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട വാമനപുരം എം.എൽ.എ. അവിടത്തെ തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങളാണ് സബ്മിഷനിലൂടെ ഉന്നയിച്ചിരിക്കുന്നത്. തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ലയങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും 211.4834 ഹെക്ടർ കൃഷിഭൂമിയെ പരിസ്ഥിതി ലോല പ്രദേശത്തുനിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട മേഖലയിൽ ഏതെങ്കിലുംതരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് വനം വകുപ്പിന്റെ ഭാഗത്തുനിന്നും ഒരു തടസ്സവുമുണ്ടാകുകയില്ലെന്ന് മാത്രമല്ല, അവിടെ വൈദ്യുതി എത്തിക്കുന്നതിനുവേണ്ടിയുള്ള അനുവാദവും ഇതിനകം നൽകിക്കഴിഞ്ഞിട്ടുണ്ട്. അവിടത്തെ തോട്ടം പ്രവർത്തിക്കുന്നില്ലെന്നതാണ് തൊഴിലാളികൾ അനുഭവിക്കുന്ന ദുരിതത്തിന്റെ പ്രധാന കാരണം. അതിന് ഇ.എഫ്.എൽ. ഭൂമിയും ഇപ്പോൾ കേസിലുൾപ്പെട്ടിരിക്കുന്ന സ്ഥലവുമൊഴിച്ച് ബാക്കിസ്ഥലത്തെ തോട്ടം പ്രവർത്തിപ്പിക്കാൻ വനം വകുപ്പിന്റെ ഭാഗത്തുനിന്നും മുൻകയ്യെടുക്കേണ്ടതുണ്ടെങ്കിലും എന്തെങ്കിലും തടസ്സമുണ്ടെങ്കിലും അവ ചർച്ചചെയ്യുന്നതിന് സർക്കാരിന് യാതൊരു പ്രയാസവുമില്ല. 211.4834 ഹെക്ടർ സ്ഥലത്ത് ഇ.എഫ്.എൽ. ആക്ട് പ്രകാരം നോട്ടിഫൈ ചെയ്തത് ഒഴിവാക്കി പ്രഖ്യാപനം നടത്തിയിടത്ത് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് ഒരു ഉപദ്രവവും ചെയ്യുന്നതല്ല. എന്നാൽ ബാക്കിനിൽക്കുന്ന മെർക്കിസ്റ്റൺ എസ്റ്റേറ്റുമായി ബന്ധപ്പെട്ട കേസിൽ തത്സ്ഥിതി തുടരുകയെന്നാണ് കോടതി ഉത്തരവ്. ആ ഉത്തരവ് മാറ്റിക്കിട്ടണമെങ്കിൽ കോടതി നടപടികളുമായി ബന്ധപ്പെട്ട് മാത്രമേ സാധിക്കുകയുള്ളൂ. കോടതി നടപടികൾ പരിശോധിച്ച് അതിനനുസരിച്ചുള്ള നടപടികൾ സ്വീകരിക്കാൻ തയ്യാറാണ്.

## (3) വനഭൂമി നൽകുന്നത് സംബന്ധിച്ച്

ശ്രീമതി ശാന്തകുമാരി കെ.: സർ, അട്ടപ്പാടിയിലേയ്ക്ക് ബദൽ റോഡ് നിർമ്മാണത്തിന് വനഭൂമി വിട്ടുനൽകുന്നതിനാവശ്യമായ സമഗ്ര സർവ്വേ നടത്തണമെന്ന് ആവശ്യപ്പെട്ടാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. കേരളത്തിലെ ഏറ്റവും വലിയ ആദിവാസി മേഖലകളിലൊന്നായ അട്ടപ്പാടിയിലേയ്ക്ക് പ്രവേശിക്കാനുള്ള ഏക റോഡാണ് മണ്ണാർക്കാട്-ചിന്നത്തടാകം-ആനകട്ടി ചുരം റോഡ്. ഇതൊരു അന്തർ സംസ്ഥാന റോഡ് കൂടിയാണ്. സ്ഥിരമായി മണ്ണിടിച്ചിലും ഉരുൾപൊട്ടലും സംഭവിക്കുന്നതുകൊണ്ട് അട്ടപ്പാടി ഒറ്റപ്പെടുക പതിവാണ്. 2018-ലേയും 2019-ലേയും

മഹാപ്രളയത്തിൽ അട്ടപ്പാടി ഒറ്റപ്പെടുകയും ഇക്കഴിഞ്ഞ ദിവസമുണ്ടായ മഴയത്ത് മണിക്കൂറുകളോളം ഈ മേഖലയിൽ ഗതാഗത തടസ്സവുമുണ്ടാകുകയും ചെയ്തതിന്റെ ഭാഗമായി റെസ്ക്യൂ ഓപ്പറേഷൻ നടത്തുന്നതിന് ദുരന്തനിവാരണ സേനയ്ക്ക് എത്തിപ്പെടാൻ സാധിക്കാത്ത സാഹചര്യമുണ്ടായിട്ടുണ്ട്. ഇതിന് ബദലായി എന്റെ മണ്ഡലമായ കോങ്ങാടിൽനിന്നും ചിറക്കൽപടി-കാഞ്ഞിരം-പൂഞ്ചോല വഴി പാറവളവ്-മുണ്ടൻപാറ-കാരറ-ഗ്ളിക്കടവ് വഴി അഗളിയിലെത്തുന്നതിന് സമാന്തര റോഡെന്ന ആവശ്യം കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി തദ്ദേശവാസികൾ മുന്നോട്ടു വച്ചിട്ടുള്ളതാണ്. അഗളിയിലെത്തിച്ചേരുന്നതിന് ഇതുമൂലം 20 കിലോമീറ്റർ ദൂരം ലാഭിക്കാവുന്നതാണ്. ഈ റോഡ് കടന്നുപോകുന്ന പ്രദേശത്ത് ചിറക്കൽപ്പടിയിൽ നിന്ന് പൂഞ്ചോല വരെ പി.ഡബ്ല്യു.ഡി. റോഡും പാറവളവ് മുതൽ കുറുക്കൻകുണ്ടു വരെ നിലവിൽ മണ്ണ് റോഡുമാണുള്ളത്. ഇതിനിടയിൽവരുന്ന 2.8 കിലോമീറ്റർ മാത്രമാണ് വനഭൂമി ആവശ്യമായി വരുന്നത്. ഇതിൽ 2 കിലോമീറ്റർ ദൂരം പുൽമേടുകളുമാണ്. റോഡ് വരുന്നതുമൂലം നഷ്ടമാകുന്ന വനഭൂമിക്കുപകരം ഭൂമി നൽകാനും വനവൽക്കരണം നടത്താനും അഗളി ഗ്രാമപഞ്ചായത്ത് ഭരണസമിതിയും അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയും തീരുമാനമെടുത്ത് സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ബദൽ റോഡിന്റെ ആവശ്യകത കാണിച്ച് അട്ടപ്പാടി നോഡൽ ഓഫീസറായ ഒറ്റപ്പാലം സബ്കളക്ടർ, പാലക്കാട് ജില്ലാ ആരോഗ്യ ഓഫീസർ, ട്രൈബൽ ഡിപ്പാർട്ടുമെന്റ് ഐ.ടി.ഡി.പി. പ്രോജക്ട് ഓഫീസർ, ജില്ലയിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഫയർ ആൻഡ് റെസ്ക്യൂ ജില്ലാ ഓഫീസർ തുടങ്ങിയവർ സർക്കാരിന് വിവിധ ഘട്ടങ്ങളിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ചുരം റോഡിലുണ്ടായിട്ടുള്ള ഗതാഗത തടസ്സംമൂലം അട്ടപ്പാടിയിലെ രോഗികളെ പാലക്കാട്, തൃശ്ശൂർ മെഡിക്കൽ കോളേജുകളിലേയ്ക്ക് കൊണ്ടുപോകുന്നതിനുവേണ്ടി കോയമ്പത്തൂർ വഴി 200 കിലോമീറ്റർ ദൂരം സഞ്ചരിക്കണം. ഇതിന്റെ ഭാഗമായി പ്രതിമാസം ഏതാണ്ട് പത്തിൽ കുറയാത്ത ആളുകളുടെ ജീവൻ ഇതിനകം നഷ്ടപ്പെട്ടിട്ടുണ്ട്. ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ട് 2013-ലും 2019-ലും മുൻ എം.എൽ.എ.-മാർ ഈ സഭയിൽ സബ്മിഷൻ ഉന്നയിക്കുകയും പൊതുമരാമത്ത് വകുപ്പ് സർവ്വേയ്ക്കാവശ്യമായ ഫണ്ട് അനുവദിക്കുകയും ചെയ്തെങ്കിൽപ്പോലും വനഭൂമി ലഭ്യമാകാത്തതിനാൽ തുടർ നടപടിയുണ്ടായില്ല. അതുകൊണ്ട് ഈ വിഷയത്തിൽ കാരുണ്യപരമായ സമീപനം സ്വീകരിച്ച് വനഭൂമി വിട്ടുനൽകുന്നതിനുവേണ്ടി സമഗ്രമായ സർവ്വേ നടത്താൻ വനംവകുപ്പ് തയ്യാറാകണമെന്നും അതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെടുകയാണ്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, കോങ്ങാട് മണ്ഡലത്തിൽപ്പെട്ട മണ്ണാർക്കാടുനിന്നും അട്ടപ്പാടി ചുരം റോഡിന് ബദലായി ഒരു റോഡ് വേണമെന്നും പ്രസ്തുത റോഡിന് വനഭൂമി വിട്ടുനൽകണമെന്നുമാണ് ഈ

സബ്മിഷനിലൂടെ ആവശ്യപ്പെട്ടിരിക്കുന്നത്. സംസ്ഥാനത്ത് മലയോര മേഖലയുമായി ബന്ധപ്പെട്ട് എല്ലാ ചുരം റോഡുകൾക്കും ബദൽറോഡ് വേണമെന്ന ആവശ്യം ഇതിനകംതന്നെ വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിനും അവിടത്തെ എം.പി.-യും ഇതുപോലൊരു റോഡിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ പാൽചുരംവഴി മാനന്തവാടിക്ക് പോകുന്നതിനുപകരം ഒരു ബദൽ റോഡുണ്ടായാൽ കിലോമീറ്ററുകളോളം യാത്രാദൂരം ഒഴിവാക്കാൻ കഴിയുമെന്ന അഭിപ്രായവും വന്നിട്ടുണ്ട്. പക്ഷേ ഇതിന്റെ പ്രധാന പ്രശ്നം വനഭൂമി വിട്ടുകൊടുക്കാനുള്ള പ്രയാസമാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ഈ പ്രശ്നം സൂചിപ്പിച്ചപ്പോൾത്തന്നെ ഞാൻ ബന്ധപ്പെട്ട അധികാരികളുമായി സംസാരിച്ചിരുന്നു. ബഹുമാനപ്പെട്ട എം.എൽ.എ.-യെക്കൂടി ഉൾപ്പെടുത്തി ഒരിക്കൽക്കൂടി സ്ഥലപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കാനുള്ള നിർദ്ദേശം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് നൽകിയിട്ടുണ്ട്. ആ റിപ്പോർട്ട് ലഭിച്ചശേഷം മറ്റൊരു യോഗം വിളിച്ചുചേർത്ത് നിയമപരമായി സാദ്ധ്യമായ എല്ലാ കാര്യങ്ങളും സർക്കാർ ചെയ്യുന്നതാണ്.

(4) തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ

ശ്രീ. എച്ച്. സലാം: സർ, 2011 ഫെബ്രുവരിയിൽ പ്രവർത്തനമാരംഭിച്ച ആലപ്പുഴ ജില്ലയിലെ തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ ഏതാനും വർഷം വിജയകരമായി പ്രവർത്തിച്ചുവെങ്കിലും സമീപകാലത്ത് കുറച്ച് വർഷങ്ങളായി പ്രസ്തുത ഹാർബർ പൂർണ്ണമായും പ്രവർത്തനരഹിതമായിരിക്കുകയാണ്. ആലപ്പുഴ ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട ഹാർബറാണിത്. കായലും കടലുമായി ചേരുന്ന ഒരു പ്രത്യേക ഭൂപ്രദേശംകൂടിയാണിത്. ഹാർബറിന്റെ മൗത്ത് ഭാഗത്തേയ്ക്ക് നേരിട്ടു തന്നെ മണൽ അടിച്ചുകയറുകയാണ്. തന്മൂലം വള്ളങ്ങളും ബോട്ടുകളും കയറ്റാൻ കഴിയുന്നില്ല. ചെത്തിയും അർത്തുങ്കലും ഇപ്പോൾ പൂർണ്ണ പ്രവർത്തനസജ്ജമല്ല. നാഷണൽ ഹൈവേയോടുചേർന്ന് ഏതാണ്ട് 200 മീറ്ററിന്റെ അകലംമാത്രമാണ് ഈ ഹാർബറിനുള്ളത്. എല്ലാനിലയിലും വികസിപ്പിക്കാൻ സാദ്ധ്യതയുള്ള ഹാർബറാണെങ്കിലും അത് പ്രയാസകരമായ നിലയിലാണ് ഇപ്പോഴുള്ളത്. ഏറ്റവും കൂടുതൽ തീരമുള്ള ജില്ലയാണ് ആലപ്പുഴ. തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിലാണ് ഏറ്റവുംകൂടുതൽ മത്സ്യത്തൊഴിലാളികളുള്ളത്. ആലപ്പുഴ ജില്ലയിൽമാത്രം 44454 മത്സ്യബന്ധനത്തൊഴിലാളികളും 27334 അനുബന്ധ തൊഴിലാളികളുമുണ്ട്. രണ്ടും കൂടി ചേർത്ത് രജിസ്റ്റർ ചെയ്യപ്പെട്ട എഴുപത്തിയൊന്നായിരത്തിലധികം തൊഴിലാളികൾ അവിടെയുണ്ട്. 5100-ലധികം മത്സ്യബന്ധന വള്ളങ്ങൾ ജില്ലയിലുണ്ട്. എന്റെ മണ്ഡലത്തിൽമാത്രം 1700 ഔട്ട് ബോർഡ് വള്ളങ്ങളും 475 കോരുവള്ളങ്ങളും 1100 മിനി ട്രോളിംഗ് നീട്ടുവല വള്ളങ്ങളുമുണ്ട്. എല്ലാംകൂടി 3200-നുമുകളിൽ വള്ളങ്ങൾ എന്റെ മണ്ഡലത്തിൽമാത്രമുണ്ട്. അവിടെ തൊഴിലാളിക്ക് ആശ്രയിക്കാൻ ഒരു

ഹാർബറുമില്ലാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. തോട്ടപ്പള്ളി ഹാർബർ ആയിരത്തോളം വള്ളങ്ങൾക്ക് കയറാൻ കഴിയുന്നനിലയ്ക്കാണ് പ്ലാൻ ചെയ്യപ്പെട്ടതെങ്കിലും അവിടത്തെ റോഡുൾപ്പെടെ നശിച്ച് വളരെ പ്രയാസകരമായ സ്ഥിതിയിലാണ്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അദ്ദേഹം വളരെ അനുകൂല നിലപാട് സ്വീകരിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ തൊഴിലാളികൾ മാത്രമല്ല, കൊച്ചിയിലേയും കൊല്ലത്തേയും തൊഴിലാളികൾ ആശ്രയിക്കുന്ന മേഖല യാണിത്. കുളച്ചലിലെ പരമ്പരാഗത തൊഴിലാളികൾ എത്തിച്ചേരുന്ന ജില്ലയാണ് ആലപ്പുഴ. ലക്ഷക്കണക്കിന് തൊഴിലാളികളും കുടുംബങ്ങളും ആശ്രയിക്കുന്നതും അവരുടെ ജീവിതവും ഉപജീവനവുമായി മാത്രം കേന്ദ്രീകരിക്കപ്പെട്ട് നിൽക്കുന്നതുമായ ഈ ഹാർബർ വികസിപ്പിക്കുകയെന്നത് ജില്ലയുടെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യമാണ്. ബഹുമാനപ്പെട്ട വടകര അംഗം ഒരുപാട് പിശകുകൾ ചേർത്താണ് ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചത്. യു.ഡി.എഫ്.-ന്റെ കാലത്ത് ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രി യായിരുന്ന സമയത്താണ് ഹാർബറിനകത്തുനിന്നും മണ്ണ് വാരാൻ അനുവാദം കൊടുത്തത്. 2018-ലെ പ്രളയത്തിനുശേഷം അതിൽനിന്നും അതിജീവിക്കാൻ വേണ്ടി, കുട്ടനാടും ചെങ്ങന്നൂരും ആറന്മുളയും ഉൾപ്പെടെയുള്ള പ്രദേശത്തെ രക്ഷപ്പെടുത്താൻവേണ്ടിയുള്ള ശ്രമത്തിന്റെ ഭാഗമായാണ് കഴിഞ്ഞ ഗവൺമെന്റ് 2018-ൽ ചില റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തോട്ടപ്പള്ളി പൊഴിമുഖത്തെ മണൽമാറ്റി 360 മീറ്റർ നീളത്തിൽ, അതായത് സ്പിൽവേയുടെ അതേ നീളത്തിൽ പൊഴി തുറക്കുകയെന്ന നിലപാട് സ്വീകരിച്ചത്. അതെല്ലാം മറ്റുരീതിയിൽ വ്യാഖ്യാനിക്കപ്പെടുകയാണ്. ഈ ഹാർബർ നവീകരിച്ച് മെച്ചപ്പെടുത്തുകയെന്നതാണ് മത്സ്യത്തൊഴിലാളികളുടെ ആവശ്യം. ഒരു ചെറിയ പദ്ധതികൊണ്ട് കഴിയാത്ത സംഗതിയായാണ് ഇപ്പോഴതിന്റെ കാര്യങ്ങൾ നിൽക്കുന്നത്. അതുകൊണ്ട് വലിയൊരു വികസന പദ്ധതി ആവിഷ്കരിച്ച് തോട്ടപ്പള്ളി ഹാർബറിനെ ഏറ്റവും മെച്ചപ്പെട്ട നിലയിൽ മുന്നോട്ടുകൊണ്ടുവരാനും ആലപ്പുഴയിലേയും കേരളത്തിലേയുമാകെ മത്സ്യത്തൊഴിലാളി ജനവിഭാഗത്തിന് അനുകൂലമായ നിലപാട് സ്വീകരിക്കണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ബഹുമാനപ്പെട്ട അമ്പലപ്പുഴ എം.എൽ.എ. ശ്രീ. എച്ച്. സലാം ഇവിടെ സൂചിപ്പിച്ച കാര്യങ്ങൾ വസ്തുതാപരമാണ്. തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിന്റെ ഒന്നാംഘട്ടം 2011-ലാണ് പൂർത്തീകരിച്ചത്. പക്ഷേ ഹാർബർ നിർമ്മാണത്തിലെ അശാസ്ത്രീയതമൂലം നിരവധി പോരായ്മകളുണ്ടായിരുന്നു. ഹാർബറിന്റെ ബേസിനകത്ത് മണൽ കൂടുന്നതിനാൽ ഇപ്പോൾ പൂർണ്ണമായി പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ല. ഇവിടെ പറഞ്ഞതുപോലെ, ആലപ്പുഴ ജില്ലയുടെ തീരദേശം നമ്മുടെ

സംസ്ഥാനത്തെ ഏറ്റവും കൂടുതൽ ദൈർഘ്യമുള്ള പ്രദേശമാണ്. ഒരുപാട് വാട്ടർ ഫ്രണ്ടേജുണ്ട്, പതിനായിരക്കണക്കിന് വള്ളങ്ങളുണ്ട്. ഇതെല്ലാം വരുന്നതിനുവേണ്ടി വലിയൊരു മാസ്റ്റർ പ്ലാനാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് രൂപപ്പെടുത്തിയതെങ്കിലും ഇതിന്റെ നിർമ്മാണത്തിൽവന്ന പോരായ്മ കണ്ടുകൊണ്ട് ബഹുമാനപ്പെട്ട എം.എൽ.എ. അടക്കമുള്ളവർ മുൻകൂട്ടി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള സ്ട്രക്ച്ചറിൽ മാറ്റംവരുത്താൻ തീരുമാനിച്ചു. അതിന്റെ ഭാഗമായി കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ CWPRS (Central Water and Power Research Station) പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നത്, ഇപ്പോഴുള്ള പുലിമുട്ടിന്റെ നീളം തെക്കേ ഭാഗത്ത് 470 മീറ്റർ വർദ്ധിപ്പിക്കണമെന്നും വടക്കേ ഭാഗത്തുള്ള പുലിമുട്ട് 300 മീറ്റർ വടക്കോട്ട് മാറി 436 മീറ്റർ നീളത്തിൽ നീട്ടണമെന്നുമാണ്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആദ്യഭാഗത്തിന് 13.38 കോടി രൂപ കഴിഞ്ഞ പിണറായി വിജയൻ ഗവൺമെന്റിന്റെ കാലത്ത് അനുവദിച്ചു. ആ പണം ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനം നടന്നുവരികയാണ്. അതുകൊണ്ടും ഈ പ്രശ്നം തീരില്ല. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. രാജീവും ബഹുമാനപ്പെട്ട എം.എൽ.എ.-യും പറഞ്ഞതിന്റെ ഭാഗമായി IREL-നെക്കൊണ്ട് ഹാർബറിന്റെ ബേസിനിൽ അടിഞ്ഞു കൂടിയ മണ്ണ് ഡ്രെഡ്ജ് ചെയ്ത് നീക്കുന്നതിനാൽ ഇപ്പോൾ ഭാഗികമായി പ്രവർത്തന മാരംഭിച്ചിട്ടുണ്ട്. തോട്ടപ്പള്ളിയിലെ പൊഴിമുഖത്ത് മണൽ മാറ്റുന്നതിന്റെ ഗുണം ബഹുമാനപ്പെട്ട രമേശ് ചെന്നിത്തലയും ഞാനും അടക്കമുള്ളവർ അനുഭവിച്ചു കൊണ്ടിരിക്കുന്നുവെന്നുള്ള കാര്യം ഞാൻ ഇതിന്റെ കൂട്ടത്തിൽ പറയാൻ ആഗ്രഹിക്കു കയാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. എച്ച്. സലാം തോട്ടപ്പള്ളിയുടെ സമ്പൂർണ്ണ വികസനം പ്രത്യേകമായി ചർച്ച ചെയ്യണമെന്ന് പറഞ്ഞ് ഒരു കത്ത് തന്നിരുന്നു. അതിന്റെ ഭാഗമായി ഞാൻ മന്ത്രിയായതിനുശേഷം കൂടിയ മീറ്റിംഗിൽ രണ്ട് കാര്യങ്ങൾ തീരുമാനിച്ചു. ഒന്ന്, നേരത്തെ സൂചിപ്പിച്ചതുപോലെ തെക്കേ പുലിമുട്ട് 170 മീറ്ററും വടക്കേ ഭാഗത്ത് 436 മീറ്ററും പുതിയതായി നിർമ്മിക്കുന്നതിന് 112 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. ഇപ്പോൾ അനുവദിക്കപ്പെട്ട 13.38 കോടി രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചുകഴിഞ്ഞാലുടൻതന്നെ 112 കോടി രൂപയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള വർക്കുകൾകൂടി നടപ്പാക്കിയെങ്കിൽ മാത്രമേ ഇന്നുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. രണ്ട്, കേരളത്തിന്റെ മധ്യഭാഗത്തായി വരുന്ന പ്രധാനപ്പെട്ട സ്ഥലമെന്നനിലയിൽ ഇതിനെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുവേണ്ടിയുള്ള തയ്യാറെടുപ്പുകൾകൂടി ഇപ്പോൾ ആലോചിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ വളരെ ശക്തമായ ഇടപെടൽ ബഹുമാനപ്പെട്ട എം.എൽ.എ. നടത്തിയിട്ടുണ്ട്. ഇതിൽ പ്രധാനപ്പെട്ടൊരു കാര്യം, ഉപേക്ഷിക്കപ്പെട്ട് പോകാൻ

സാദ്ധ്യതയുള്ള തോട്ടപ്പള്ളി ഹാർബർ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെയും ഗവൺമെന്റിന്റെയും ഇടപെടലിന്റെ ഭാഗമായി അതിന്റെ എല്ലാ സാദ്ധ്യതകളും ഉപയോഗിച്ചുകൊണ്ട് പുനരുജ്ജീവിപ്പിച്ച് ഏറ്റവും നല്ല ഹാർബറാക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമെന്ന് ഞാൻ സഭയ്ക്ക് ഉറപ്പുതരികയാണ്.

12.00 Noon]

(5) പാൽച്ചുരം-ബോയ്സ് ടൗൺ റോഡ്

ശ്രീ. സണ്ണി ജോസഫ്: സർ, കാസർഗോഡ്, കണ്ണൂർ ജില്ലകളെ വയനാടുമായി ബന്ധിപ്പിക്കുന്ന പേരാവൂർ-കൊട്ടിയൂർ-മാനന്തവാടി റോഡിലെ പാൽച്ചുരം-ബോയ്സ് ടൗൺ ഭാഗം പൂർണ്ണമായി തകർന്ന് ഗതാഗതയോഗ്യമല്ലാതായിട്ട് നാല് വർഷം തികയുകയാണ്. കാസർഗോഡ്, കണ്ണൂർ ജില്ലകളിൽനിന്ന് തമിഴ്നാട്, ഊട്ടി, ഗൂഡല്ലൂർ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലേയ്ക്ക് പോകാനുള്ള ഏറ്റവും എളുപ്പമാർഗ്ഗമാണിത്. കണ്ണൂരിനെ കർണ്ണാടകയുമായി ബന്ധിപ്പിക്കുന്ന റോഡ് പോർഷനിലാണ് ഈ റോഡുള്ളത്. 2018-ൽ മാനന്തവാടി-കണ്ണൂർ വിമാനത്താവള റോഡായും ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. 2018-ലെ പ്രളയത്തിൽ തകർന്ന മൂന്നുനാല് കിലോമീറ്റർ വരുന്ന പാൽച്ചുരം-ബോയ്സ് ടൗൺ പ്രദേശം ഇതുവരേയും നവീകരിച്ചിട്ടില്ല. 2018-ലെ ഉരുൾപൊട്ടലിൽ ലോകംകണ്ട കേരളത്തിലെ ഭീകരമായ സംഭവങ്ങളിലൊന്നായ അമ്പായത്തോട് ഉരുൾപൊട്ടലിന്റെ സമീപപ്രദേശത്താണ് ഈ റോഡ്. നിരവധി മണ്ണിടിച്ചിലുണ്ടായ പ്രദേശമാണ്. 2018-ൽ തകർന്ന റോഡ് വിമാനത്താവളറോഡ് പദ്ധതിയിൽ ഉൾപ്പെട്ടുവെന്ന കാരണത്താൽ, അതിന്റെ അലൈൻമെന്റ് നിശ്ചയത്തിലുള്ള കാലതാമസംകൊണ്ട് ഇതുവരേയും നവീകരിക്കാതെ കുണ്ടും കുഴിയുമായി കിടക്കുകയാണ്. ഞാൻ മുൻമരാമത്ത് വകുപ്പുമന്ത്രിക്ക് പത്ര കട്ടിംഗ് സഹിതം അഭ്യർത്ഥന കൊടുത്തതാണ്. പുതിയ മന്ത്രി ജില്ലയിൽ വന്നപ്പോൾ എം.എൽ.എ.-മാരെ വിളിച്ച യോഗത്തിൽ പ്രധാനപ്പെട്ട കാര്യമായി ഞാൻ ചൂണ്ടിക്കാണിച്ചതാണ്. കൊട്ടിയൂർ പഞ്ചായത്ത് ഭരണസമിതി പ്രമേയം പാസ്സാക്കി മന്ത്രിക്ക് നൽകിയിട്ടും ഈ കാര്യം പരിഹരിച്ചിട്ടില്ല. ദീർഘദൂര യാത്രക്കാരുള്ള പ്രദേശമാണ്, മാനന്തവാടി ആശുപത്രിയിൽ പോകുന്ന നിരവധി രോഗികളുണ്ട്. ഇന്നലെ ഞാൻ കണ്ണൂർ റെയിൽവേ സ്റ്റേഷനിലേയ്ക്ക് വരുന്നവഴിക്ക് എന്നെ ഒരാൾ ഫോൺ വിളിച്ചു, അദ്ദേഹത്തിന്റെ ഏഴ് മാസം ഗർഭിണിയായ ഭാര്യയെ മാനന്തവാടി ആശുപത്രിയിൽ കാണിച്ച് തിരികെവരുമ്പോൾ വഴിക്കുവച്ചുതന്നെ പ്രസവിക്കുമെന്ന് തോന്നിപ്പോയിയെന്നാണ്. അത്ര ഗുരുതരാവസ്ഥയിൽ ഈ റോഡ് പോർഷൻ നിൽക്കുകയാണ്. ഇടയ്ക്ക് വിമാനത്താവള റോഡായി എടുത്തതുകൊണ്ട് കിഫ്ബിയിലുൾപ്പെടുത്താനുള്ള പ്രോജക്ട് തൽക്കാലത്തേയ്ക്ക് നിർത്തിവച്ചു. ഈ

റോഡ് പോർഷന്റെ മറ്റൊരു ദുരവസ്ഥ ഇത് ചുരം ഡിവിഷനിലായിരുന്നു, റോഡ് ലെംഗ്ത് വളരെക്കുറഞ്ഞ വർക്ക് ലോഡില്ലാത്ത ഡിവിഷനിലായിരുന്നു എന്നതാണ്. ആ ഡിവിഷനിൽ നിന്ന് മാറ്റി കണ്ണൂർ ഡിവിഷനിലാക്കി. ഈ റോഡിൽ താൽക്കാലിക റിപ്പയറിനുപോലും സോഫ്റ്റ്വെയർ അപ്ഡേഷൻ നടക്കാത്തതുകൊണ്ട്, ഇത് പ്രൈസിൽ കയറുന്നില്ലെന്നാണ് എഞ്ചിനീയർമാർ പറഞ്ഞത്. ഞാൻ ചീഫ് എഞ്ചിനീയറെ നേരിട്ട് കണ്ടു, മന്ത്രിക്ക് സഭാസമ്മേളനത്തിനിടയിൽ കത്ത് കൊടുത്തു, ഇപ്പോഴും കാര്യങ്ങൾ പരിഹരിച്ചിട്ടില്ല. ദിവസേന നൂറുകണക്കിന് വാഹനങ്ങൾ കടന്നുപോകുന്ന ഇവിടെ നിരവധി അപകടങ്ങളുമുണ്ടായിട്ടുണ്ട്. മിനിസ്റ്റർ ഈ റോഡ് കാണാൻ വരണമെന്ന് ഞാൻ പറയുന്നില്ല, വീഡിയോയിലെങ്കിലും ഈ റോഡിന്റെ പോർഷൻ കാണണം. ഇവിടെ ഗതാഗതത്തിരക്ക് എത്രയാണ്, ഇന്നത്തെ ഇതിന്റെ സിറ്റ്വേഷൻ എത്രയാണ്, ഈ ദുർഘടം പിടിച്ച അന്തരീക്ഷത്തിന്, ദുരിതപൂർണ്ണമായ യാത്രാ പ്രയാസത്തിന് പരിഹാരമുണ്ടാക്കാൻ തയ്യാറാകണം. ജനങ്ങൾ സമരത്തിന് തീയതി നിശ്ചയിച്ചിരിക്കുകയാണ്. അത് ഒഴിവാക്കിത്തരണം. ഈ കാര്യത്തിൽ അടിയന്തര നിർദ്ദേശം നൽകി പരിഹാരമുണ്ടാക്കണമെന്ന് സവിനയം അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട അംഗം സണ്ണി ജോസഫ് ഉന്നയിച്ച വിഷയം പ്രളയത്തിൽ തകർന്ന റോഡ് ഗതാഗതയോഗ്യമാക്കേണ്ട പ്രശ്നമാണ്, അത് കുറേക്കാലമായിട്ടുള്ള പ്രശ്നമാണ്. ഈ കാര്യം അദ്ദേഹവും അവിടത്തെ പഞ്ചായത്ത് ഭരണസമിതിയും ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഇതുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ വേഗത്തിലാക്കാൻ നിലവിൽ ചിലത് ചെയ്തിട്ടുണ്ട്. കണ്ണൂർ വിമാനത്താവള പാക്കേജിൽ തത്വത്തിൽ ഉൾപ്പെടുത്തിയ മാനന്തവാടി ബോയ്സ് ടൗൺ, പേരാവൂർ-ശിവപുരം-മട്ടന്നൂർ റോഡിന്റെ ഭാഗമായിട്ടാണ്, പാൽച്ചുരം-ബോയ്സ് ടൗൺ റോഡ് ഉൾപ്പെടുത്തിയത്. കിഫ്ബി ഫണ്ടുപയോഗിച്ചാണ് ഈ റോഡിന്റെ പ്രവൃത്തി തീരുമാനിച്ചിരിക്കുന്നത്. റോഡിന്റെ അലൈൻമെന്റ്, ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട്, എഞ്ചിനീയറിംഗ് ഡിസൈൻ എന്നിവ തയ്യാറാക്കുന്നതിനായി കൺസൾട്ടൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അലൈൻമെന്റിന്റെ കാര്യത്തിൽ അന്തിമ തീരുമാനമായതിനുശേഷം വികസന കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ബോയ്സ് ടൗൺ മുതൽ പാൽച്ചുരം വരെയുള്ള റോഡ് മിക്കവാറും ഇടങ്ങളിൽ തകരുകയും ഗതാഗതയോഗ്യമല്ലാതാകുകയും ചെയ്തിട്ടുണ്ട്. അതിന് ഒരു വീഡിയോയും കാണേണ്ട കാര്യമില്ല, ബോധ്യപ്പെട്ട കാര്യമാണ്. ഈ സാഹചര്യത്തിൽ 69.10 ലക്ഷം രൂപയുടെ റെക്ടിഫിക്കേഷൻ എസ്റ്റിമേറ്റ് കെ.ആർ.എഫ്.ബി. തയ്യാറാക്കിയിട്ടുണ്ട്. പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിൽ എസ്റ്റിമേറ്റ് ലഭിച്ചാലുടൻ കിഫ്ബിയിൽ സമർപ്പിച്ച് തുടർനടപടികൾ സ്വീകരിക്കാം.

ഇത് വേഗത്തിലാക്കാൻ മറ്റെന്തെങ്കിലും ചെയ്യാനാകുമോയെന്നുള്ളതും പരിശോധിക്കാം. അങ്ങിവിടെ ഉന്നയിച്ച വിഷയം വളരെ ന്യായമാണ്, ആ നിലയിൽത്തന്നെ വകുപ്പ് ഈ വിഷയത്തെ സമീപിക്കുന്നതാണ്.

### (6) ചേടിയാലക്കടവ് പാലം

ശ്രീ. ഇ. കെ. വിജയൻ: സർ, കോഴിക്കോട് ജില്ലയിലെ നാദാപുരം നിയോജകമണ്ഡലത്തിൽ എസ്.എച്ച്. 38 നാദാപുരം-പെരിങ്ങത്തൂർ എയർപോർട്ട് റോഡിൽനിന്നും തുടങ്ങി, കുഞ്ഞിപ്പുരമുക്ക്-മുടവന്തൂർനോർത്ത്-ഉമ്മത്തൂർ റോഡിൽ തോണിയേരി, ചെക്യാട് ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന മയ്യഴിപ്പുഴയ്ക്ക് കുറുകെയുള്ള ചേടിയാലക്കടവ് പാലത്തിന് 2015-ൽ ഭരണാനുമതിയും 2016-ൽ സാങ്കേതികാനുമതിയും ലഭിച്ചതാണ്. ടെണ്ടറിൽ പങ്കെടുത്ത നാല് കരാറുകാരിൽ യു.എൽ.സി.സി.എസ്.-ന് പ്രിഫറൻസ് നൽകി ടെണ്ടർ അവാർഡ് നൽകാനുള്ള നടപടികൾ പൂർത്തീകരിച്ചപ്പോൾ, അശോകൻ എന്ന കോൺട്രാക്ടർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസുകൊടുത്ത് കോടതിയിൽനിന്നും അനുകൂലവിധി സമ്പാദിച്ചു. ഈ കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ ചെറിയ ശതമാനം പ്രവർത്തനം മാത്രമാണ് അദ്ദേഹം നടത്തിയത്. ഉമ്മത്തൂർ ഭാഗത്ത് പൈലിംഗ് അസാദ്ധ്യമാണെന്ന സാങ്കേതികപ്രശ്നങ്ങൾ പറഞ്ഞ് പണി നിർത്തിവച്ച് പോയിരിക്കുകയാണ്. സാധാരണ ക്കാരായ കൃഷിക്കാർ ഭൂമി പൊതുമരാമത്ത് വകുപ്പിന് അക്വിസിഷൻ ആവശ്യാർത്ഥം അഡ്വാൻസായി നൽകി കാത്തിരിക്കുകയാണ്. നാട്ടുകാരുടെ പൊതു ആവശ്യം പരിഗണിച്ചാണ് അവർ ഈ നടപടി സ്വീകരിച്ചത്. 215 മീറ്റർ നീളത്തിൽ അപ്രോച്ച് റോഡ് നിർമ്മിക്കേണ്ട ആവശ്യമുണ്ട്. ഇപ്പോൾ മനസ്സിലാക്കാൻ കഴിയുന്നത് അദ്ദേഹം വീണ്ടും കോടതിയിൽ പോയിരിക്കുന്നുവെന്നാണ്. നിലവിലുള്ള സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് പാലത്തിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിച്ച് നാട്ടുകാരുടെ ആവശ്യങ്ങൾക്ക് പരിഹാരമുണ്ടാക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കോഴിക്കോട് ജില്ലയിലെ നാദാപുരം മണ്ഡലത്തിലെ ചേടിയാലക്കടവ് പാലം നിർമ്മാണത്തെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം സബ്മിഷനിലൂടെ ഉന്നയിച്ചിട്ടുള്ളത്. 2016 ജൂൺ മാസം ടെണ്ടർ ചെയ്ത പ്രവൃത്തിയാണ്, 5 വർഷംമുൻപ് ടെണ്ടർ ചെയ്തതാണ്. 2019-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയനുസരിച്ചാണ് ഇവിടെ സൂചിപ്പിച്ച വിഷയങ്ങളുണ്ടായിട്ടുള്ളത്. പാലത്തിന്റെ ഉമ്മത്തൂർ ഭാഗത്ത് പൈലിംഗ് പൂർത്തീ കരിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ ഫൗണ്ടേഷനിൽ മാറ്റം വരുത്തുകയും അതനുസരിച്ചുള്ള റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകുകയും ചെയ്തു.

അധികംവരുന്ന അളവുകൾക്കും അധികം ഇനത്തിനുമുള്ള നിരക്കുകളിൽ വർദ്ധനവ് ആവശ്യപ്പെട്ട് കരാറുകാരൻ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ട്. കോടതിയുടെ പരിഗണനയിലുള്ള വിഷയമായതിനാൽ കരാർ ടെർമിനേറ്റ് ചെയ്യാനാകുമോയെന്ന കാര്യത്തിൽ ഗവൺമെന്റ് പ്ലീഡറോട് നിയമോപദേശം തേടിയിരിക്കുകയാണ്. നിയമോപദേശം ലഭിക്കുന്നമുറയ്ക്ക് ഈ കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കും. ടെർമിനേറ്റ് ചെയ്യപ്പെടാമെന്ന് നിയമോപദേശം ലഭിക്കുകയാണെങ്കിൽ ഒരു നിലയിലും അതിൽ സന്ധിചെയ്യാതെ നിലപാടെടുത്ത് മുന്നോട്ടുപോകുന്നതാണ്, എന്നിട്ട് പുതിയരീതിയിൽ കാര്യങ്ങൾ ചെയ്തുപോകാം. ടെർമിനേറ്റ് ചെയ്യപ്പെടുന്ന പ്രവൃത്തിയിലെ ബാക്കിയുള്ള പ്രവൃത്തിക്കുള്ള ടെണ്ടറുകൾക്ക് ഒരുപാട് സമയമെടുക്കുന്നുവെന്ന പ്രശ്നം പരിഹരിക്കാനുള്ള ശ്രമം നടത്തുന്നുണ്ട്. കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര മണ്ഡലത്തിൽ ഒരു റോഡിന്റെ പ്രവൃത്തിയിൽ അനാസ്ഥയുണ്ടായത് ടെർമിനേറ്റ് ചെയ്ത് തൊട്ടടുത്ത ദിവസംതന്നെ ബാക്കി പ്രവൃത്തി മുന്നോട്ടുകൊണ്ടുപോകാനുള്ള തീരുമാനം കൈക്കൊണ്ടു. ഒരു വർഷമെടുക്കുന്നത് ഒറ്റദിവസംകൊണ്ട് സാധിക്കുമെന്ന് പ്രായോഗികമായി ബോദ്ധ്യപ്പെട്ട പ്രശ്നമാണ്, അധികം ദിവസമായിട്ടില്ല. ഉമ്മത്തൂർ ഭാഗത്തെ അപ്രോച്ച് റോഡ് പാറക്കടവ്-കടവത്തൂർ റോഡുമായി ബന്ധിപ്പിക്കുന്നതിന് 214 മീറ്റർ സ്ഥലംകൂടി ഏറ്റെടുക്കേണ്ടിവരും. ഇതനുസരിച്ച് ലാൻഡ് അക്വിസിഷൻ ചെയ്യുന്നതിനുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗം വ്യക്തിപരമായി ടെർമിനേഷനെ കുറിച്ച് സംസാരിച്ചിരുന്നു, സാധ്യമാകുന്ന രീതിയിൽ കാര്യങ്ങൾ ചെയ്യാം. പൊതുവെ ടെർമിനേറ്റ് ചെയ്താൽ സമയമെടുക്കും, അതുകൊണ്ട് പ്രവൃത്തി വൈകുമെന്നുള്ള രീതി ഇല്ലാതാക്കാനുള്ള എല്ലാ ശ്രമവും വകുപ്പ് ചെയ്യുന്നുണ്ട്. അങ്ങനെ ചെയ്ത് മുന്നോട്ടു പോയാൽ കാര്യങ്ങൾ കുറച്ചുകൂടി ഭംഗിയായി പോകുന്നതായിരിക്കും. ഈ നിലയിൽ കാര്യങ്ങൾ പരിശോധിച്ച് നിലപാട് കൈക്കൊള്ളും.

(7) <u>ഹരിപ്പാട് ആയുർവ്വേദ മെഡിക്കൽ കോളേജ്</u>

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, സാമ്പത്തികമായും വ്യാവസായികമായും ആരോഗ്യപരമായും ഏറ്റവും കൂടുതൽ പിന്നാക്കം നിൽക്കുന്നൊരു ജില്ലയാണ് ആലപ്പുഴ. കയർ, മത്സ്യ, കർഷക, കശുവണ്ടി തൊഴിലാളികളടക്കം സാധാരണ ജനങ്ങളും കർഷകരും ധാരാളം അധിവസിക്കുന്ന ഒരു ജില്ലയാണിത്. സർക്കാർ സംവിധാനങ്ങളിലെ ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത ഈ ജില്ല വളരെയേറെ നേരിടുന്നുണ്ട്. സംസ്ഥാനത്തെ മറ്റ് പല ജില്ലകളിലും സ്വകാര്യ മെഡിക്കൽ കോളേജുകളും സ്വകാര്യ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളുമുണ്ടെങ്കിലും ആലപ്പുഴ ജില്ലയിൽ അത്തരം ആശുപത്രികളൊന്നുമില്ല. ആലപ്പുഴ ജില്ലയുടെ തെക്ക്-കിഴക്ക് പ്രദേശങ്ങളിൽ ആർക്കെങ്കിലും അത്യാഹിതമോ അപകടമോ ഉണ്ടായാൽ കോട്ടയം

ജില്ലയിലെയോ എറണാകുളം ജില്ലയിലെയോ ആശുപത്രിയിലേയ്ക്ക് പോകണം. മറ്റ് ജില്ലകളിലെ സ്വകാര്യ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളെയാണ് ജനങ്ങൾ അഭയം പ്രാപിക്കുന്നത്. ഇതിന്റെ പശ്ചാത്തലത്തിലാണ് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഹരിപ്പാട് ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചത്. ആലപ്പുഴ ജില്ലയിലെ ജനങ്ങൾക്ക് അത് വളരെ പ്രയോജനകരമായ ഒന്നായിമാറുമെന്ന ലക്ഷ്യമായിരുന്നു ഞങ്ങൾക്കുണ്ടായിരുന്നത്. ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളേജിലെ തിക്കുംതിരക്കും കാരണം സാധാരണ ക്കാരായ പാവപ്പെട്ട രോഗികൾക്ക് ചികിത്സാസൗകര്യം ലഭിക്കാത്ത അവസ്ഥ അവിടെ ഇപ്പോഴും നിലനിൽക്കുകയാണ്. ഇന്ന് രാഷ്ട്രീയമായ കാരണങ്ങളാൽ ആ മെഡിക്കൽ കോളേജിന്റെ രൂപീകരണം തടസ്സപ്പെടുകയും മുൻ ആരോഗ്യ വകുപ്പുമന്ത്രി അതിന്റെ ഫയൽ ക്ലോസ് ചെയ്ത് ഇത് വേണ്ടായെന്നു തീരുമാനിക്കുകയും ചെയ്തു. നബാർഡ് പദ്ധതിയിലുൾപ്പെടുത്തിയാണ് ഹരിപ്പാട് മെഡിക്കൽ കോളേജിന് ഫണ്ടനുവദിച്ചത്. അന്നത്തെ ചീഫ് സെക്രട്ടറി, ആലപ്പുഴ ജില്ലാ കളക്ടർ, മെഡിക്കൽ കോളേജിന്റെ സ്പെഷ്യൽ ഓഫീസർ എന്നിവരടങ്ങുന്ന ഹൈ പവർ കമ്മിറ്റി ഹരിപ്പാട് മണ്ഡലത്തിലെ വിവിധ സ്ഥലപരിശോധനയ്ക്കുശേഷം കാർത്തികപ്പള്ളി താലൂക്കിലെ കരുവാറ്റ വില്ലേജിലുൾപ്പെടുന്ന 10.1173 ഹെക്ടർ ഭൂമി മെഡിക്കൽ കോളേജ് സ്ഥാപിക്കാൻ അനുയോജ്യമായി കണ്ടെത്തുകയുണ്ടായി. 6-5-2015-ലെ സർക്കാർ ഉത്തരവ് (സാധാരണ) 2381/2015 ആർ.ഡി. പ്രകാരം പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചു. 26-10-2015-ലെ സ.ഉ.(കൈ) 221/2015 പ്രകാരം 25 കോടി രൂപ ഈ ആവശ്യത്തിനായി അനുവദിക്കുകയും ഇതിൽ 15 കോടി രൂപ സ്ഥലമേറ്റെടുക്കുന്നതിന്റെ പ്രാരംഭ പ്രവൃത്തികൾക്കായി ആലപ്പുഴ ജില്ലാ കളക്ടർക്ക് അനുവദിച്ചുകൊണ്ട് 26-10-2015-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും സ്ഥലമേറ്റെടുക്കുകയും ചെയ്തു. മെഡിക്കൽ കോളേജ് വേണ്ടെന്ന് എൽ.ഡി.എഫ്. ഗവൺമെന്റ് തീരുമാനിച്ചു. എന്നാൽ ഈ സ്ഥലം എന്തു ചെയ്യണമെന്ന് തീരുമാനിച്ചില്ല. ഈ സ്ഥലം ഇന്ന് അനാഥമായി കിടക്കുകയാണ്. ദേശീയപാതയോട് ചേർന്നുകിടക്കുന്ന ഈ സ്ഥലം കയ്യേറ്റ ഭീഷണി നേരിടുകയാണ്. ചുറ്റുവേലിയോ സംരക്ഷണ ഭിത്തിയോ കെട്ടി സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് നിരവധി കത്തുകൾ ഞാൻ മുൻ ആരോഗ്യ വകുപ്പുമന്ത്രിക്ക് നൽകിയതാണ്. പക്ഷേ, ഒരു നടപടിയും സ്വീകരിച്ചില്ല. സർക്കാരിന് സ്ഥലം വിൽപ്പന നടത്തിയ ഭൂവുടമകൾ ഇപ്പോൾ ഈ സ്ഥലം കയ്യേറാൻ ശ്രമിക്കുന്നുവെന്ന പരാതികളും ഉയർന്നുവരുന്നുണ്ട്. ഈ സാഹചര്യത്തിൽ ഒരു മെഡിക്കൽ കോളേജ് വേണമെന്ന് ഞാൻ പറയുന്നില്ല. അതിനുള്ള സാഹചര്യമല്ല ഇപ്പോഴുള്ളത്. സിയാൽ മോഡലിലൊരു മെഡിക്കൽ കോളേജായിരുന്നു അന്ന് ആഗ്രഹിച്ചിരുന്നത്. എന്നാൽ ആയുഷ് പദ്ധതിപ്രകാരം കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ ഒരു ആയുർവ്വേദ മെഡിക്കൽ കോളേജ്

സ്ഥാപിക്കാനുള്ള സാധ്യതയുണ്ടെന്നാണ് എനിക്ക് ലഭിച്ച വിവരങ്ങളിൽനിന്നും മനസ്സിലാക്കാൻ സാധിച്ചത്. ഒരു ആയുർവ്വേദ മെഡിക്കൽ കോളേജോ അല്ലെങ്കിൽ ആയുർവ്വേദ ആശുപത്രിയോ സ്ഥാപിച്ച് ജനങ്ങളുടെ ഈ പ്രയാസങ്ങൾക്ക് പരിഹാരമുണ്ടാക്കണമെന്നാണ് എന്റെ നിർദ്ദേശം. 25 ഏക്കർ സ്ഥലമാണ് കഴിഞ്ഞ 5 വർഷമായി അനാഥമായിക്കിടക്കുന്നത്. ആരോഗ്യ വകുപ്പ് ഇത് ഫലപ്രദമായി ഉപയോഗിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ആയുഷ് പദ്ധതി പ്രകാരമുള്ള ഒരു സ്ഥാപനം അവിടെ കൊണ്ടുവരാൻ ആരോഗ്യ വകുപ്പുമന്ത്രി മുൻകയ്യെടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്ജ്</u>): സർ, 2011-16 കാലയളവിൽ അന്നത്തെ സർക്കാർ 11-4-2012-ലെ സർക്കാർ ഉത്തരവുപ്രകാരം ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് 26 ശതമാനം സർക്കാർ വിഹിതവും ബാക്കി സ്വകാര്യ പങ്കാളിത്തവുമുപയോഗിച്ച് ഒരു പുതിയ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു. തുടർനടപടിയെന്ന നിലയിൽ 28-7-2012-ലെ സർക്കാർ ഉത്തരവുപ്രകാരം Kerala Medical Inframed Development Company 40 കോടി രൂപ മൂലധന ചെലവിൽ കോളേജ് തുടങ്ങുന്നതിനുവേണ്ടി രൂപീകരിച്ചു. തുടർന്ന് 6-8-2015-ലെ ഉത്തരവുപ്രകാരം കാർത്തികപ്പള്ളി താലൂക്കിൽ കരുവാറ്റ വില്ലേജിൽ 10.1173 ഹെക്ടർ സ്ഥലമേറ്റെടുക്കാൻ അനുമതി നൽകുകയും 25-9-2015-ലെ ഉത്തരവുപ്രകാരം 25 കോടി രൂപ അടങ്കൽ തുക വകയിരുത്തുകയും ഏറ്റെടുക്കൽ നടപടികൾക്കായി 26-10-2015-ലെ സർക്കാർ ഉത്തരവുപ്രകാരം ആലപ്പുഴ ജില്ലാ കളക്ടറുടെ പേരിൽ 15 കോടി രൂപ വകയിരുത്തുകയും ചെയ്തിരുന്നു. 17-12-2015-ലെ സർക്കാർ ഉത്തരവുപ്രകാരം Inframed Company-യുടെ ഷെയർ ക്യാപിറ്റൽ 40 കോടി രൂപയിൽനിന്നും 80 കോടി രൂപയാക്കി മാറ്റാൻ നിശ്ചയിച്ച തീരുമാനം 31-1-2018-ലെ സർക്കാർ ഉത്തരവുപ്രകാരം റദ്ദുചെയ്യാൻ തീരുമാനിക്കുകയും പ്രസ്തുത കമ്പനിയുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ബഹുമാന്യനായ രമേശ് ചെന്നിത്തല സൂചിപ്പിച്ച ഈ സ്ഥലം സംരക്ഷിക്കപ്പെടണമെന്നകാര്യം വളരെ പ്രധാനപ്പെട്ടതാണ്. ഹരിപ്പാട് മെഡിക്കൽ കോളേജിനായി ഏറ്റെടുത്ത സ്ഥലം അന്യാധീനപ്പെടാതെ സംരക്ഷിക്കുന്നതിനായി ചുറ്റുമതിൽ നിർമ്മിക്കണമെന്നും ആയതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കണമെന്നും ഇതിലേയ്ക്കാവശ്യമായ ഫണ്ടുകൾ അനുവദിക്കണമെന്നും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഈ സ്ഥലം അന്യാധീനപ്പെടാതെ സൂക്ഷിക്കുന്നതിനായി ഫെൻസിംഗ് നടത്തുന്നതിനുള്ള ചെലവ് സംബന്ധിച്ചും ആരോഗ്യ വകുപ്പുമായി

ബന്ധപ്പെട്ട മറ്റ് വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സാധ്യത സംബന്ധിച്ചും റിപ്പോർട്ട് ചെയ്യാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ സബ്മിഷനിലൂടെ ഉന്നയിച്ച വിഷയത്തിൽ, അദ്ദേഹത്തിന്റെ നിർദ്ദേശംകൂടി പരിഗണിച്ചുകൊണ്ട് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കി ഈ സ്ഥലത്തിന്റെ സവിശേഷതകൂടി കണക്കിലെടുത്ത് ഏതുതരം വികസനപ്രവർത്തനങ്ങൾക്ക് ഫലപ്രദമായി ഉപയോഗിക്കാമെന്നത് പരിശോധിക്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.

(8) അങ്കണവാടികളിലെ ഒഴിവുകൾ നികത്തൽ

ശ്രീ. കെ. ജെ. മാക്സി: സർ, കൊച്ചി അർബൻ 1-ലെ മട്ടാഞ്ചേരി പ്രോജക്ടിൽ നൂറ്റിയമ്പതോളം വരുന്ന അങ്കണവാടികളിൽ 2010 മുതൽ 86 ഹെൽപ്പർമാരുടേയും 25 വർക്കർമാരുടേയും ഒഴിവുകളുണ്ട്. ഹെൽപ്പർമാരിൽ പലർക്കും പ്രൊമോഷൻ ലഭിച്ചതാണ് ഇത്തരം ഒഴിവുകൾ കൂടുതലായി വരാൻ കാരണം. 2010 മുതലുള്ള ഒഴിവുകളിൽ ഒരു നിയമനവും ഇതുവരെ നടത്തിയിട്ടില്ല. 2014-ൽ ഇന്റർവ്യൂ നടത്തി ലിസ്റ്റുണ്ടാക്കിയെങ്കിലും അത് നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. 2019-നുശേഷം താൽക്കാലികമായി ജോലിചെയ്തവരെ പുതിയ നിയമനത്തിൽ ഉൾപ്പെടുത്തരുതെന്നുള്ള ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേവന്നു. ഈ സ്റ്റേ നീക്കംചെയ്ത് നിയമനം നടത്താനാവശ്യമായ നടപടി സ്വീകരിക്കണം. ഒരുപാടുപേർ ഈ ജോലി പ്രതീക്ഷിച്ച് വർഷങ്ങളായി കാത്തിരിക്കുകയാണ്. സംസ്ഥാനത്തുള്ള മറ്റ് പ്രോജക്ടുകളിലും ഒഴിവുകളുടെ കാര്യത്തിൽ ഇതേ നിയമം തുടരുകയാണെന്നാണ് അറിയാൻ സാധിച്ചത്. ഇതിനൊരു പരിഹാരമുണ്ടാക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, വനിത-ശിശു വികസന വകുപ്പിനുകീഴിൽ വരുന്ന അങ്കണവാടി വർക്കർ, ഹെൽപ്പർ തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നത് സർക്കാർ ഉത്തരവ് നമ്പർ 74/2012 അനുസരിച്ചുള്ള മാനദണ്ഡങ്ങൾപ്രകാരം രൂപീകരിക്കുന്ന സെലക്ഷൻ കമ്മിറ്റിയാണ്. റിട്ട് പെറ്റീഷൻ (സിവിൽ) 24893/18 നമ്പർ കേസ്സിലെ 26-11-2019-ലെ വിധിന്യായപ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതി പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്യുകയും സാമൂഹ്യപ്രവർത്തകർക്ക് നിർവ്വചനം നൽകി യോഗ്യതകൾ നിശ്ചയിച്ച് സർക്കാരിനോട് പുതിയ ഉത്തരവ് പുറപ്പെടുവിക്കാൻ നിർദ്ദേശിക്കുകയുമുണ്ടായി. പ്രസ്തുത വിധിക്കെതിരെ സർക്കാർ റിട്ട് അപ്പീൽ ഫയൽ ചെയ്തിട്ടുമുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ റിട്ട് പെറ്റീഷൻ (സിവിൽ) 24893/18 നമ്പർ കേസ്സിലെ 26-11-2019-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ വനിതാ-ശിശു വികസന

വകുപ്പ് ഡയറക്ടറുടെ നിർദ്ദേശമനുസരിച്ച് പുതിയ സെലക്ഷൻ കമ്മിറ്റി രൂപീകരണ നടപടികൾ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. കൊച്ചി കോർപ്പറേഷന്റെ പരിധിയിൽ വരുന്ന മട്ടാഞ്ചേരി കൊച്ചി അർബൻ-1 ഐ.സി.ഡി.എസ്.-ന്റെ കീഴിലാണ് ഉൾപ്പെടുന്നത്. ഒരു സെക്ടറിൽ 34 അങ്കണവാടികൾ വീതം 4 സെക്ടറുകളിലായി ആകെ 136 അങ്കണവാടികൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ അങ്കണവാടി വർക്കർമാരുടെ 25 ഒഴിവുകളും ഹെൽപ്പർമാരുടെ 87 ഒഴിവുകളും നിലവിലുണ്ട്. ഈ ഒഴിവുകളിലേയ്ക്ക് സ്ഥിരം നിയമനം നടത്തുന്നതിലേയ്ക്കായി സെലക്ഷൻ ലിസ്റ്റ് തയ്യാറാക്കുന്നതിനായി സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുന്നതിന് 2018-ൽ കൊച്ചി കോർപ്പറേഷനിൽ കത്ത് നൽകിയിരുന്നുവെങ്കിലും കമ്മിറ്റി രൂപീകരണത്തിന് അനുമതി ലഭിക്കാൻ കാലതാമസം നേരിട്ടതിനാൽ സെലക്ഷൻ കമ്മിറ്റി രൂപീകരിക്കാൻ കഴിഞ്ഞിട്ടില്ല. നിലവിൽ ഈ പ്രോജക്ടിൽ ഒഴിവുള്ള 25 അങ്കണവാടി വർക്കർ തസ്തികയിലും താൽക്കാലിക നിയമനം നടത്തി പദ്ധതി പ്രവർത്തനങ്ങൾ തടസ്സമില്ലാതെ നടത്തിവരികയാണ്. കോവിഡ്-19-ന്റെ സാഹചര്യത്തിൽ അങ്കണവാടികൾ അടച്ചിട്ടതിനാലും പൂർണ്ണതോതിൽ പ്രവർത്തിക്കാത്ത സാഹചര്യത്തിലും ഹെൽപ്പർ ഒഴിവുകളിൽ താൽക്കാലിക നിയമനം നടത്തേണ്ടതില്ലെന്ന നിർദ്ദേശം വകുപ്പ് നൽകിയിരുന്നു. അങ്കണവാടി വർക്കർ, ഹെൽപ്പർ സെലക്ഷൻ ലിസ്റ്റ് തയ്യാറാക്കുന്നതിനായി 2008 മുതൽ നിരവധി മാർഗ്ഗനിർദ്ദേശങ്ങളും ഉത്തരവുകളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അങ്കണവാടി വർക്കർ, ഹെൽപ്പർ സെലക്ഷനുമായി ബന്ധപ്പെട്ട് നിരവധി കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നതിനാലും സെലക്ഷൻ ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങൾക്കെല്ലാം കോടതി ഇടക്കാല സ്റ്റേ ഉത്തരവ് നൽകിയിരുന്ന സാഹചര്യത്തിലും സംസ്ഥാനത്ത് എല്ലാ പ്രോജക്ടിലും പൂർണ്ണമായും സെലക്ഷൻ ലിസ്റ്റ് തയ്യാറാക്കി നിയമനം നടത്താൻ കഴിഞ്ഞിട്ടില്ല. സർക്കാർ നൽകിയിരിക്കുന്ന അപ്പീലിന്മേൽ ബഹുമാനപ്പെട്ട കോടതി ഉത്തരവ് പുറപ്പെടുവിച്ചാൽ മാത്രമേ നിയമപരമായി സെലക്ഷൻ ലിസ്റ്റ് തയ്യാറാക്കി പുതിയ സ്ഥിരനിയമനങ്ങൾ നടത്താൻ കഴിയുകയുള്ളൂ.

(9) ഹോമിയോ ഡിസ്പെൻസറികൾ

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ ഹോമിയോ ഡിസ്പെൻസറി അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് എന്റെ സബ്മിഷൻ. മലപ്പുറം ജില്ലയിലെ തീരദേശമണ്ഡലമായ വള്ളിക്കുന്നിൽ നിലവിൽ ഹോമിയോ ഡിസ്പെൻസറികൾ ഒന്നുംതന്നെയില്ല. 13-7-2017-ലെ ആയുഷ് (ബി) വകുപ്പിറക്കിയ സർക്കാർ ഉത്തരവുപ്രകാരം എന്റെ മണ്ഡലത്തിലെ മൂന്നിയൂർ, പെരുവള്ളൂർ, തേഞ്ഞിപ്പലം എന്നീ പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറികൾ പുതിയതായി അനുവദിച്ചുകൊണ്ട് ഉത്തരവിറക്കിയെങ്കിലും പിന്നീട് അത്

മരവിപ്പിക്കുകയായിരുന്നു. പിന്നീട് സംസ്ഥാനത്ത് പലയിടങ്ങളിലും ഹോമിയോ ഡിസ്പെൻസറികൾ പുതുതായി അനുവദിച്ച് ആരോഗ്യ വകുപ്പ് ഉത്തരവിറക്കിയെങ്കിലും മൂന്നിയൂർ, പെരുവള്ളൂർ, തേഞ്ഞിപ്പലം എന്നീ പഞ്ചായത്തുകൾ അതിലുൾപ്പെടാതെ പോയി. സമീപകാലത്ത് നമ്മുടെ നാട്ടിൽ ദുരിതം വിതച്ച കോവിഡ് വ്യാപനത്തിന്റെ ഭാഗമായി പ്രതിരോധ മരുന്നുകളടക്കം നൽകുവാൻ സാധിച്ച ഹോമിയോ ചികിത്സാരീതി മറ്റുപല രോഗങ്ങൾക്കും ശാശ്വതമായ പരിഹാരം നൽകുവാൻ സാധിക്കുമെന്നുള്ളതിൽ സംശയമില്ല. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന എന്റെ നിയോജകമണ്ഡലത്തിലെ ജനങ്ങൾക്ക് ഹോമിയോ ചികിത്സ ലഭിക്കുന്നതിന് നിലവിൽ യാതൊരു മാർഗ്ഗവുമില്ല. ആയതിനാൽ മലപ്പുറം ജില്ലയിലെ ഏറെ ജനസാന്ദ്രതയുള്ള പഞ്ചായത്തുകളായ മൂന്നിയൂരിലും പെരുവള്ളൂരും തേഞ്ഞിപ്പലത്തും മുൻസർക്കാരിറക്കിയ ഉത്തരവിന്റെ യടിസ്ഥാനത്തിൽ പുതുതായി ഹോമിയോ ഡിസ്പെൻസറികൾ അനുവദിക്കണമെന്ന് ആവശ്യപ്പെടുന്നു.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഹോമിയോപ്പതി ഡിസ്പെൻസറികൾ ആരംഭിച്ചുകൊണ്ട് കേരള സംസ്ഥാനത്തെ സമ്പൂർണ്ണ ഹോമിയോപ്പതി വ്യാപന സംസ്ഥാനമാക്കുകയെന്നതാണ് സർക്കാരിന്റെ നയം. മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ 6 പഞ്ചായത്തുകളാണുള്ളത്. അതിൽ വള്ളിക്കുന്ന്, ചേലമ്പ്ര, പള്ളിക്കൽ എന്നീ പഞ്ചായത്തുകളിൽ നാഷണൽ ഹെൽത്ത് മിഷന്റെ കീഴിൽ ഓരോ ഹോമിയോപ്പതി ഡിസ്പെൻസറി പ്രവർത്തിക്കുന്നുണ്ട്. സർക്കാർ ഹോമിയോ ഡിസ്പെൻസറിയോ നാഷണൽ ആയുഷ് മിഷൻ, നാഷണൽ ഹെൽത്ത് മിഷൻ, നാഷണൽ സ്പെഷ്യൽ കംപോണന്റ് പ്ലാൻ എന്നിവയിൽ ഏതെങ്കിലുമൊരു പദ്ധതിയുടെ ഭാഗമായുള്ള ഹോമിയോ ഡിസ്പെൻസറികളോ ഇല്ലാത്ത വള്ളിക്കുന്ന് മണ്ഡലത്തിലെ പഞ്ചായത്തുകളിലുൾപ്പെടെ ഹോമിയോപ്പതി ഡിസ്പെൻസറികൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയും അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയുംകൂടി കണക്കിലെടുത്ത് പരിശോധിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.

(10) നിലമ്പൂർ - നഞ്ചൻഗോഡ് റെയിൽപ്പാത

ശ്രീ. ടി. സിദ്ദിഖ്: സർ, വയനാടുൾപ്പെടെയുള്ള മേഖലയിലെ ലക്ഷക്കണക്കിന് ജനങ്ങളുടെ ഏറ്റവും വലിയ പ്രതീക്ഷയാണ് കുറേക്കാലമായി ചർച്ച നടക്കുന്ന അതിപ്രധാനമായ നഞ്ചൻഗോഡ്-നിലമ്പൂർ റെയിൽപ്പാത. മലബാർ മേഖലയുടെ വികാസത്തിനും വാണിജ്യ-സാമ്പത്തിക വികാസത്തിനും ഏറെക്കുറെ സമഗ്ര സംഭാവന നൽകാൻ കഴിയുന്ന അതിപ്രധാനമായ ഒരു പദ്ധതിയാണിത്. പ്രസ്തുത

പാതയുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും വിവിധതലങ്ങളിലുള്ള ഇടപെടലുകൾ പല സമയത്തും ഉണ്ടായെങ്കിലും ഒരുഘട്ടം കഴിഞ്ഞപ്പോൾ ഒരടിപോലും മുമ്പോട്ടുപോകാൻ സാധിക്കാതെ നിൽക്കുകയാണ്. റെയിൽവേയുടെയും കേന്ദ്രസർക്കാരിന്റെയും അനുമതി പ്രസ്തുത റെയിൽവേ പദ്ധതിക്ക് ലഭ്യമായിട്ടുണ്ട്. ഇതിന്റെ ഡി.പി.ആർ., ഫൈനൽ ലൊക്കേഷൻ സർവ്വേ എന്നിവ തയ്യാറാക്കാൻ 2016-ൽ ഡി.എം.ആർ.സി-യെ ചുമതലപ്പെടുത്തിയെങ്കിലും ആ ഉദ്യമത്തിൽനിന്നും ഡി.എം.ആർ.സി. പിൻവാങ്ങിയതിനെത്തുടർന്ന് പിന്നീട് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷനെ ഇതുമായി ബന്ധപ്പെട്ട ചുമതലകൾ ഏൽപ്പിക്കുകയുണ്ടായി. എന്നാൽ പിന്നീട് അതുമായി ബന്ധപ്പെട്ട തുടർനടപടികൾ കാര്യമായതലത്തിൽ ഒന്നുംതന്നെ നടന്നിട്ടില്ലെന്നുള്ള കാര്യം പ്രത്യേകം എടുത്തുപറയുകയാണ്. ഗോൾഡൻ റെയിൽവേ പ്രോജക്ട്, വയനാട് റെയിൽവേ പ്രോജക്ട് എന്നീ പേരുകളിലുള്ള ഈ പദ്ധതി ലക്ഷോപലക്ഷം ജനങ്ങളുടെ പ്രത്യാശയാണ്. മാത്രമല്ല, പരിശോധനയിൽ സാമ്പത്തികമായി പ്രായോഗികമാണെന്ന് റിപ്പോർട്ടുകൾ വന്നെങ്കിലും ഇതിനാവശ്യമായ നടപടികൾ ഇതുവരെ സ്വീകരിക്കപ്പെട്ടിട്ടില്ലെന്നുള്ളത് പ്രത്യേകം ചൂണ്ടിക്കാണിക്കുകയാണ്. നമ്മുടെ കാബിനറ്റ് മീറ്റിംഗിലും ബഡ്ജറ്റ് പ്രസംഗങ്ങളിലും ഉൾപ്പെട്ടതും 2016-ലെ റെയിൽവേ ബഡ്ജറ്റിൽ എക്സ്ട്രാ ബഡ്ജറ്ററി റിസോഴ്സായി ചെയ്യുമെന്ന് പ്രഖ്യാപിക്കപ്പെട്ടതുമായ അതിപ്രധാനമായ ഈ പദ്ധതി പൂർണ്ണതോതിൽ നടപ്പിൽ വരുത്താനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണം. ഇതിനാവശ്യമായ എസ്.പി.വി., ഡി.പി.ആർ., ഫൈനൽ ലൊക്കേഷൻ സർവ്വേ ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർണ്ണമായും ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഒരു ജനതയുടെ വികാസത്തിന്റെ അടിസ്ഥാന സ്വപ്നമായ നഞ്ചൻഗോഡ്-നിലമ്പൂർ റെയിൽപ്പാത പ്രാവർത്തികമാക്കാനുള്ള അടിയന്തര നടപടികൾക്ക് ബഹുമാനപ്പെട്ട ഗവൺമെന്റും മന്ത്രിയും നേതൃത്വം കൊടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ അവതരിപ്പിച്ചത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. നിലമ്പൂർ-നഞ്ചൻഗോഡ് ബ്രോഡ്ഗേജ് ലൈൻ മലപ്പുറം ജില്ലയിലെ നിലമ്പൂരും കർണ്ണാടക സംസ്ഥാനത്തെ ചാമരാജ് നഗർ ജില്ലയിലെ നഞ്ചൻഗോഡും തമ്മിൽ ബന്ധിപ്പിക്കുന്നു. ഹ്രസ്വദൂര യാത്രക്കാരെ സഹായിക്കുന്ന ഈ പദ്ധതി, കേരളത്തിനും കർണ്ണാടകത്തിനുമിടയിൽ എറണാകുളത്തുനിന്നും മൈസൂരുവിലേയ്ക്കുള്ള റെയിൽ ദൂരം നിലവിലെ 776 കി.മീ. നിന്നും 361 കി.മീ. ആയി കുറയ്ക്കും. ഇതുപോലെ ബാംഗ്ലൂരിലേയ്ക്ക് നിലവിലുള്ള 637 കി.മീ. ദൂരത്തിൽനിന്നും 500 കി.മീ. ആയും കുറയും. ദക്ഷിണ കേരളവും ബാംഗ്ലൂരും മൈസൂരും തമ്മിലുള്ള ദൂരം

കുറയ്ക്കുന്നതുകൂടാതെ ഈ പാത മലപ്പുറം, വയനാട് ജില്ലകളിലേയ്ക്ക് റെയിൽ ബന്ധം നൽകുകയും ചെയ്യും. 2016-17 വർഷത്തെ കേന്ദ്ര ബഡ്ജറ്റിൽ എക്സ്ട്രാ ബഡ്ജറ്ററി റിസോഴ്സപയോഗിച്ച് നിർമ്മിക്കേണ്ട പാതകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതിയാണ് നിലമ്പൂർ-നഞ്ചൻഗോഡ് റെയിൽപ്പാത. പ്രസ്തുത പദ്ധതിയുടെ വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ ഡി.എം.ആർ.സി.-യെ സർക്കാർ ചുമതലപ്പെടുത്തിയിരുന്നു. ഡി.എം.ആർ.സി. ലഭ്യമാക്കിയ റിപ്പോർട്ടുപ്രകാരം ഈ പാത ബന്ദിപ്പൂർ ദേശീയോദ്യാനം, കടുവ സംരക്ഷണകേന്ദ്രം, റിസർവ് വനം എന്നിവകളിലൂടെ കടന്നുപോകുന്നു. 200 കിലോമീറ്റർ ദൈർഘ്യമുള്ള പാതയുടെ നല്ലൊരു ശതമാനം ദൂരവും അതായത്, 68.5 കി.മീ. 11.5 കി.മീ. എന്നിവ യഥാക്രമം ദേശീയോദ്യാനം, കടുവ സംരക്ഷണ കേന്ദ്രം എന്നിവിടങ്ങളിലൂടെ കടന്നുപേകുന്നതാണ്. കൂടാതെ ഈ പദ്ധതിക്ക് 5538 കോടി രൂപയാണ് മതിപ്പുചെലവ് പ്രതീക്ഷിക്കുന്നത്. 9-11-2017-ൽ കർണ്ണാടക സർക്കാരുമായി കേരള സർക്കാർ നടത്തിയ കൂടിക്കാഴ്ചയിൽ ദേശീയോദ്യാനവും കടുവ സങ്കേതവും ഒഴിവാക്കി പുതുക്കിയ രൂപരേഖ തയ്യാറാക്കുവാൻ തീരുമാന മായിട്ടുണ്ട്. ഇതനുസരിച്ച് പ്രഥമ പഠന റിപ്പോർട്ട്, ഡി.പി.ആർ. എന്നിവ ഏറ്റെടുത്ത് നടത്തുന്നതിന് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതോടൊപ്പംതന്നെ കേരളത്തിലെ വടക്കൻ മലബാറിലെ തലശ്ശേ രിയിലെ തീരദേശ ടൗൺഷിപ്പിനെ കർണ്ണാടകയിലെ മൈസൂർ പട്ടണവുമായി ബന്ധിപ്പിക്കുന്ന തലശ്ശേരി-മൈസൂർ പദ്ധതിയുടെ സർവ്വേയും പ്രസ്തുത കോർപ്പറേഷൻ ഏറ്റെടുത്ത് നടത്തുന്നുണ്ട്. ഈ പദ്ധതിയുടെ സാധ്യതാപഠന റിപ്പോർട്ടും നിർദ്ദിഷ്ട അലൈൻമെന്റും റെയിൽവേ ബോർഡിന്റെയും കർണ്ണാടക സർക്കാരിന്റെയും പരിഗണനയിലാണ്. ഡി.എം.ആർ.സി.-യുടെ പ്ലാനിൽനിന്നും വിരുദ്ധമായി ഇപ്പോഴത്തെ പ്ലാൻപ്രകാരം ഈ രണ്ട് ലൈനുകളും കൽപ്പറ്റയിൽവച്ച് യോജിക്കുന്നതും അതിനുശേഷം ഒരൊറ്റ ലൈനായി നാഗർഹോള, ബന്ദിപ്പൂർ ദേശീയോദ്യാനം എന്നിവയ്ക്കിടയിൽക്കൂടി ഒരു ഭൂഗർഭ തുരങ്കംവഴി കർണ്ണാടകയിലേയ്ക്ക് പ്രവേശിക്കു ന്നതുമാണ്. പരിസ്ഥിതിലോല പ്രദേശങ്ങളിൽ റെയിൽവേ ലൈനിന്റെ ആഘാതം കുറയ്ക്കാൻവേണ്ടിയാണ് ഈ രീതി പ്രയോജനപ്പെടുത്തിയത്. അന്തർസംസ്ഥാന പാതയിലൂടെയും വനമേഖലയിലൂടെയും കടന്നുപോകുന്ന റെയിൽവേ പദ്ധതിയെന്ന നിലയ്ക്ക് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം, നാഷണൽ ബോർഡ് ഓഫ് വൈൽഡ്ലൈഫ് സ്റ്റാൻഡിംഗ് കമ്മിറ്റി, ദേശീയ കടുവാ സംരക്ഷണ അതോറിറ്റി, പി.സി.സി.എഫ്. എന്നിവയുടെ അനുമതി ഇതിനാവശ്യമാണ്. ഇതിനുപുറമേ കർണ്ണാടക സർക്കാരിൽനിന്നും പ്രാഥമിക സർവ്വേ, വിശദമായ സർവ്വേ എന്നീ നടപടികൾ തുടങ്ങുന്നതിനും അനുമതി ലഭിക്കേണ്ടതുണ്ട്. ഈ ആവശ്യങ്ങൾക്കായി കേന്ദ്ര-കർണ്ണാടക സർക്കാരുകൾക്ക് കത്തയച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരും കെ-റെയിലും കർണ്ണാടക സർക്കാരുമായി 27-9-2021-ൽ

യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ കർണ്ണാടക ഭാഗത്തുള്ള സർവ്വേ നടപടികൾക്കും മറ്റ് അനുബന്ധ പ്രവൃത്തികൾക്കും അനുമതി നൽകുന്നത് പരിഗ ണിക്കാനുള്ള തീരുമാനം കൈക്കൊള്ളുകയുണ്ടായി. ഇതിന്റെയടിസ്ഥാനത്തിൽ വിശദമായ പ്രൊപ്പോസൽ കർണ്ണാടക സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

## V റിപ്പോർട്ടുകളുടെ സമർപ്പണം

1. കാര്യോപദേശക സമിതിയുടെ നാലാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സഭാ നേതാവും കാര്യോപദേശക സമിതി അംഗവുമായ ഞാൻ സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

## VI ക്രമപ്രശ്നം

(1) കാര്യോപദേശക സമിതി റിപ്പോർട്ട് മുൻകൂറായി സർക്കുലേറ്റ് ചെയ്തത് സംബന്ധിച്ച്

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, കാര്യോപദേശക സമിതിയുടെ നാലാമത് റിപ്പോർട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ സമർപ്പിച്ചു. റിപ്പോർട്ട് സമർപ്പിച്ചതിനുശേഷം മാത്രമേ അത് സഭയിൽ സർക്കുലേറ്റ് ചെയ്യാൻ പാടുള്ളുവെന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നത്. ആ പ്രശ്നമാണ് ഞാനിവിടെ ചൂണ്ടിക്കാണിച്ചത്. അതുസംബന്ധിച്ച് റൂൾ ചെയ്യണം.

മി. സ്പീക്കർ: പരിശോധിക്കാം.

## റിപ്പോർട്ട് സമർപ്പണം - തുടർച്ച

2. സബ്ജക്ട് കമ്മിറ്റി VI-ന്റെ 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ, 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ എന്നിവ സംബന്ധിച്ച റിപ്പോർട്ടുകൾ

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ, 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമിതി അംഗമായ ഞാൻ സമർപ്പിക്കുന്നു.

3. സബ്ജക്ട് കമ്മിറ്റി XI-ന്റെ 2021-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ സംബന്ധിച്ച റിപ്പോർട്ട്

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ അദ്ധ്യക്ഷനായ ഞാൻ 2021-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## VII റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ നാലാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക സമിതിയുടെ നാലാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നു.

### ക്രമപ്രശ്നം-തുടർച്ച

12-10-2021-ലെ ശ്രീ. ടി. സിദ്ദിഖ്, എം.എൽ.എ.-യുടെ ക്രമപ്രശ്നത്തിനുള്ള മറുപടി

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വിവരാവകാശ നിയമം ബാധകമായ എല്ലാ വകുപ്പുകളിൽനിന്നും പൊതുഅധികാര സ്ഥാപനങ്ങളിൽനിന്നും റിപ്പോർട്ട് തയ്യാറാക്കാനാവശ്യമായ വിവരങ്ങൾ ലഭ്യമാക്കി ക്രോഡീകരിച്ചാണ് വാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കുന്നത്. ഇതിന് കാലതാമസമുണ്ടാകുന്നുണ്ട്. റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനാവശ്യമായ വിവരം ലഭ്യമാക്കണമെന്ന് എല്ലാ വകുപ്പുകളോടും സ്ഥാപനങ്ങളോടും ആവശ്യപ്പെട്ടെങ്കിലും അവ യഥാസമയം കമ്മീഷന് ലഭ്യമായിട്ടില്ല. കോവിഡ് വ്യാപനംമൂലം വിവിധ സർക്കാർ കാര്യാലയങ്ങൾ പൂർണ്ണതോതിൽ പ്രവർത്തിക്കാതിരുന്നത് കാലതാമസത്തിനിടയാക്കിയിട്ടുണ്ട്. 2017-18-ലെ വാർഷിക റിപ്പോർട്ട് കമ്മീഷൻ സർക്കാരിൽ ലഭ്യമാക്കുകയും അവ നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനായി നിയമസഭാ സെക്രട്ടേറിയറ്റിന് 18-10-2021-ന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2018-19 വർഷത്തെ വാർഷിക റിപ്പോർട്ടിന്റെ അച്ചടി ജോലികൾ സർക്കാർ പ്രസ്സിൽ പുരോഗമിച്ചുവരുന്നു. 2019-20, 2020-21 എന്നീ വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകൾ കമ്മീഷൻ തയ്യാറാക്കി സമർപ്പിച്ചിട്ടില്ല. ഭാവിയിൽ ഓരോ വർഷത്തെയും വാർഷിക റിപ്പോർട്ട് തൊട്ടടുത്ത വർഷംതന്നെ സമർപ്പിക്കണമെന്ന് സംസ്ഥാന വിവരാവകാശ കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(2) <u>ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിലെ കാലതാമസം</u>

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, സംസ്ഥാനത്തെ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ ഓരോ വർഷവും നിർണ്ണയിക്കപ്പെട്ട ഫോറത്തിലും രീതിയിലും തൊട്ടടുത്ത വർഷത്തേയ്ക്ക് അതത് പഞ്ചായത്ത് പ്രദേശത്തിനുവേണ്ടി നിക്ഷിപ്തമായിട്ടുള്ള ചുമതലയുടെ അടിസ്ഥാനത്തിൽ ഒരു വികസന പദ്ധതി തയ്യാറാക്കി നിർണ്ണയിക്കപ്പെട്ട തീയതിക്കുമുമ്പായി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കാൻ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 175(1) പ്രകാരം വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ കഴിഞ്ഞ കാൽനൂറ്റാണ്ടായി ഇന്നുവരെ ഈ വ്യവസ്ഥകൾ വിശദമാക്കിക്കൊണ്ടുള്ള ചട്ടങ്ങൾ സർക്കാർ ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല. 1994 മുതൽ 2012 വരെ ഏകദേശം 66 തവണ ചട്ടങ്ങൾ നിർമ്മിച്ച് പുറപ്പെടുവിച്ചിട്ടുണ്ട്. പക്ഷേ, ഏറ്റവും പ്രധാന പ്രവർത്തനമേഖലയായ പദ്ധതി രൂപീകരണവും നിർവ്വഹണവും സംബന്ധിച്ച് ഓരോ വർഷവും നിരവധി ഉത്തരവുകളാണ് സർക്കാർ പുറപ്പെടുവിക്കുന്നത്. ചട്ടങ്ങളുടെ അഭാവംകാരണം ഓരോ ചെറിയ കാര്യങ്ങൾക്കുപോലും കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിക്കായി തദ്ദേശസ്ഥാപനങ്ങൾ കാത്തിരിക്കേണ്ടിവരുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് 14-ാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ 2016 നവംബർ മാസം 9-ന് ഒരു ക്രമപ്രശ്നം സഭ മുമ്പാകെ ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ചിരുന്നു. അതിന് ബഹുമാനപ്പെട്ട സ്പീക്കർ ശക്തമായ റൂളിംഗും നൽകിയിട്ടുണ്ട്. എന്നാൽ ഇതുവരെ ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല. ധാരാളം ഓർഡറുകളും സർക്കുലറുകളും പുറപ്പെടുവിച്ചിട്ടുണ്ട്. നിയമസഭയോ പാർലമെന്റോ പാസ്സാക്കുന്ന ബില്ലുകൾ ഗവൺമെന്റ് തലത്തിൽ ഒപ്പുവയ്ക്കുമ്പോൾ നിയമമാകും. ആ നിയമം നടപ്പിലാക്കാൻ വിശദമായ നടപടിക്രമങ്ങൾ തയ്യാറാക്കി സർക്കാരിനുവേണ്ടി കാബിനറ്റ് അംഗീകരിച്ച് പുറപ്പെടുവിക്കുന്നതാണ് ചട്ടം. ചട്ടം അനുശാസിക്കുന്ന നിബന്ധന, പ്രവർത്തനങ്ങളുടെ പരിപാലനത്തിനോ നിർവ്വഹണത്തിനോ ആയി ബന്ധപ്പെട്ട ഭരണവകുപ്പിലെ സെക്രട്ടറിതലത്തിലുള്ള ഉദ്യോഗസ്ഥൻ ഒപ്പിട്ട് പുറത്തിറക്കുന്ന നിർദ്ദേശങ്ങളാണ് സർക്കാർ ഉത്തരവ്. സർക്കാർ ഉത്തരവ് പാലിക്കുന്നതിലെ സൂക്ഷ്മ വിശദാംശങ്ങൾ, സംശയങ്ങൾ, വിശദീകരണങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചോ വിവരശേഖരണം ഉദ്ദേശിച്ചോ ഭരണ വകുപ്പിലെയും അതത് വകുപ്പിലെയും ഡെലിഗേറ്റഡ് അധികാരമുള്ള ഉദ്യോഗസ്ഥൻ കീഴുദ്യോഗസ്ഥർക്ക് ഔപചാരികമായി നൽകുന്ന നിർദ്ദേശമാണ് സർക്കുലർ. സർക്കുലർ ഉത്തരവിനെയും ഉത്തരവ് ചട്ടത്തെയും ചട്ടം നിയമത്തെയും നിയമം ഭരണഘടനയെയും മറികടക്കരുതെന്നാണ് പൊതുധാരണ. അതുകൊണ്ട് ഈ വിഷയത്തിൽ നാളിതുവരെ പുറപ്പെടുവിച്ചിട്ടില്ലാത്ത ചട്ടം സെക്ഷൻ 175(1)-നുവേണ്ടി നിർമ്മിക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ ശക്തമായ റൂളിംഗ് നൽകണമെന്ന് വളരെ വിനയത്തോടെ അഭ്യർത്ഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ സെക്ഷൻ 175(1)-ൽ പരാമർശിക്കുന്ന രീതിയിൽ വികസന പദ്ധതി തയ്യാറാക്കേണ്ട രീതിയെ സംബന്ധിച്ചുള്ള ചട്ടങ്ങൾ നാളിതുവരെ പുറപ്പെടുവിക്കാത്തതാണ് ഈ ക്രമപ്രശ്നത്തിന്റെ അടിസ്ഥാനം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണ പ്രക്രിയ സുഗമമാക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനും പദ്ധതി രൂപീകരണം സംബന്ധിച്ച സ്ഥിരചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിലേയ്ക്കുമായി കേരള പഞ്ചായത്ത് രാജ് പദ്ധതി ആസൂത്രണ നിർവ്വഹണ മോണിറ്ററിംഗ് ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ വകുപ്പിൽ സ്വീകരിച്ചുവരികയാണ്. ഇതുസംബന്ധിച്ചുള്ള ചട്ടങ്ങളുടെ കരട് പഞ്ചായത്ത് ഡയറക്ടർ തയ്യാറാക്കി ലഭ്യമാക്കിയിരുന്നു. പ്രസ്തുത കരട് ചട്ടങ്ങൾ അംഗീകരിക്കുന്നതിനായി സർക്കാരിലേയ്ക്ക് സമർപ്പിക്കുന്ന നടപടികൾ സ്വീകരിച്ചുവരികയായിരുന്നു. എന്നാൽ തുടർന്നുള്ള പരിശോധനയിൽ കരട് ചട്ടങ്ങളിൽ ചില മാറ്റങ്ങൾ ആവശ്യമാണെന്ന് വിലയിരുത്തപ്പെട്ടു. ഈ മാറ്റങ്ങൾ വരുത്തി കരട് ചട്ടങ്ങൾ ഭേദഗതി ചെയ്ത് സമർപ്പിക്കാൻ പഞ്ചായത്ത് വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത കരട് ചട്ടങ്ങളിൽ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയുടെയും പഞ്ചവത്സര പദ്ധതിയുടെയും ആസൂത്രണ നിർവ്വഹണ മോണിറ്ററിംഗ് നടപടികളും ആസ്തിയുടെ പരിപാലനവും മിതവ്യയവും ന്യൂനതകളും പരിശോധിക്കുന്നതിനും ദിശാബോധം നൽകുന്നതിനുമുള്ള വ്യവസ്ഥകൾ ചേർത്തിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 175(1) പ്രകാരം ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്ന സാഹചര്യത്തിൽ കരട് ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി നിയമ വകുപ്പിന്റെ സൂക്ഷ്മ പരിശോധനയ്ക്കുശേഷം ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതാണ്. ചട്ടങ്ങൾ സമയബന്ധിതമായിത്തന്നെ പുറപ്പെടുവിക്കേണ്ടതാണെന്നാണ് സർക്കാരിന്റെ സമീപനം.

## റൂളിംഗ്

മി. സ്പീക്കർ: കേന്ദ്ര നിയമമായ 2005-ലെ വിവരാവകാശ നിയമത്തിന്റെ സെക്ഷൻ 25 പ്രകാരം ഓരോ വർഷവും നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കിയത് സംബന്ധിച്ച വിശദാംശങ്ങളടങ്ങിയ ഒരു റിപ്പോർട്ട് സംസ്ഥാന വിവരാവകാശ കമ്മീഷൻ തയ്യാറാക്കേണ്ടതും അതിനുശേഷം സർക്കാർ അത് സഭയുടെ മേശപ്പുറത്തുവയ്ക്കേണ്ടതുമാണ്. എന്നാൽ പ്രസ്തുത റിപ്പോർട്ടുകൾ കഴിഞ്ഞ കുറേ വർഷങ്ങളായി യഥാസമയം സഭയുടെ മേശപ്പുറത്തുവയ്ക്കുന്നില്ലെന്നും ഇതുമൂലം ഇക്കാര്യങ്ങൾ അറിയാനുള്ള സഭയുടെ അവകാശം ഹനിക്കപ്പെടുന്നുവെന്നും ഇക്കാര്യത്തിൽ റൂളിംഗ് ഉണ്ടാകണമെന്നുമാണ് ഒക്ടോബർ 12-ാം തീയതി ശ്രീ. ടി. സിദ്ദിഖ് തന്റെ ക്രമപ്രശ്നത്തിലൂടെ സഭയിൽ ഉന്നയിച്ചത്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച

വിഷയത്തിലടങ്ങിയിരിക്കുന്ന കാര്യങ്ങൾ വിശദമായി പരിശോധിച്ച് മറുപടി പറയുന്നതിന് കൂടുതൽ സമയം വേണ്ടതുണ്ടെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അതുസംബന്ധിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയും ചെയറിന്റെ റൂളിംഗും 2021 ഒക്ടോബർ 20-ാം തീയതി നൽകുമെന്ന് അന്നുതന്നെ അറിയിച്ചിരുന്നു. എന്നാൽ കഴിഞ്ഞ ദിവസങ്ങളിൽ സംസ്ഥാനം നേരിട്ട പ്രളയദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഒക്ടോബർ 20, 21, 22 തീയതികളിലെ സഭാനടപടികൾ ഒഴിവാക്കപ്പെട്ട സാഹചര്യത്തിലാണ് ഈ ക്രമപ്രശ്നത്തിന്മേലുള്ള സർക്കാർ വിശദീകരണം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നിവിടെ നൽകിയിട്ടുള്ളത്.

ക്രമപ്രശ്നത്തിനാധാരമായ വിഷയവും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണവും ചെയർ പരിശോധിക്കുകയുണ്ടായി. ഇവിടെ വിശദീകരിച്ചതു പോലെ 2005-ലെ വിവരാവകാശ നിയമം സംസ്ഥാനത്ത് നടപ്പാക്കിയതുസംബന്ധിച്ച വിശദാംശങ്ങളടങ്ങുന്ന സംസ്ഥാന വിവരാവകാശ കമ്മീഷന്റെ വാർഷിക റിപ്പോർട്ടുകളിൽ 2017-18, 2018-19, 2019-20, 2020-21 എന്നീ നാല് വർഷങ്ങളിലെ റിപ്പോർട്ടുകളാണ് ഇനിയും സഭയുടെ മേശപ്പുറത്തുവയ്ക്കേണ്ടതായിട്ടുള്ളത്. ഇതിൽ 2017-18 വർഷത്തെ റിപ്പോർട്ട് സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിനായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കിയിട്ടുള്ളതായും ശേഷിക്കുന്നവ എത്രയുംവേഗം സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതാണെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയിക്കുകയുണ്ടായി. ഇനിയും സഭയുടെ മേശപ്പുറത്തുവയ്ക്കേണ്ട എല്ലാ റിപ്പോർട്ടുകളും സമയബന്ധിതമായി സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിനുള്ള നടപടികൾ സഭയുടെ 'മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ സംബന്ധിച്ച സമിതി' സ്വീകരിച്ചുകഴിഞ്ഞതായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽനിന്നും വ്യക്തമാകുന്നുണ്ട്. ഈ സാഹചര്യത്തിൽ, വിവരാവകാശ നിയമപ്രകാരമുള്ള എല്ലാ പൊതു അധികാരികളിൽനിന്നും നിർദ്ദിഷ്ട വിശദാംശങ്ങൾ സമയബന്ധിതമായി ശേഖരിച്ച് കുടിശ്ശികയായിട്ടുള്ള എല്ലാ റിപ്പോർട്ടുകളും കഴിയുന്നതുംവേഗം സഭയുടെ മേശപ്പുറത്തുവയ്ക്കാൻ നടപടി സ്വീകരിക്കേണ്ടതാണെന്ന് ചെയർ റൂൾ ചെയ്യുന്നു. ഇക്കാര്യത്തിൽ പ്രത്യേകിച്ചും, സമാന റിപ്പോർട്ടുകളുടെ കാര്യത്തിൽ പൊതുവെയും അവ യഥാസമയം സഭയുടെ മേശപ്പുറത്തുവയ്ക്കുന്നു എന്നുറപ്പാക്കുന്ന കാര്യത്തിൽ പ്രസ്തുത നിയമസഭാ സമിതി അതിന്റെ നിരീക്ഷണം കൂടുതൽ ശക്തിപ്പെടുത്തേണ്ടതാണെന്നും ചെയർ റൂൾ ചെയ്യുന്നു.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 175 (1) അനുശാസിക്കുന്നപ്രകാരം ഓരോ വർഷവും വികസന പദ്ധതികൾ തയ്യാറാക്കുന്നതുസംബന്ധിച്ച കാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നതിനായി നിർമ്മിക്കേണ്ട ചട്ടങ്ങൾ, നിയമം നിലവിൽ വന്ന് 27 വർഷങ്ങൾ കഴിഞ്ഞിട്ടും നിർമ്മിക്കപ്പെടാതിരുന്നതിനെ സംബന്ധിച്ചാണ്

ചട്ടം 303 പ്രകാരം ശ്രീ. യു. എ. ലത്തീഫ് ക്രമപ്രശ്നം ഉന്നയിച്ചത്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിനുകീഴിൽ ചട്ടങ്ങളുണ്ടാക്കാൻ സർക്കാരിനെ അധികാര പ്പെടുത്തുന്ന വ്യക്തമായ വ്യവസ്ഥകളുണ്ടായിട്ടും ഇതുവരെ ചട്ടങ്ങൾ നിർമ്മിക്കാൻ കഴിയാതിരുന്നതിനെ സംബന്ധിച്ച കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി.

അധികാര വികേന്ദ്രീകരണവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണവും ലക്ഷ്യംവച്ചുകൊണ്ടും 73-ഉം 74-ഉം ഭരണഘടനാ ഭേദഗതികൾക്കനുസൃതമായും 1994-ൽ കേരള നിയമസഭ പാസ്സാക്കിയ രണ്ട് സുപ്രധാന നിയമങ്ങളാണ് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമവും 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമവും. ഈ നിയമങ്ങളുടെ ശരിയായ നടത്തിപ്പിനായി ഒട്ടേറെ ചട്ടങ്ങൾക്ക് കഴിഞ്ഞ കാലങ്ങളിൽ രൂപം കൊടുത്തിരുന്നതായി നമുക്കറിയാം. അവയൊക്കെത്തന്നെ സംസ്ഥാനത്തൊട്ടാകെ, പ്രസ്തുത നിയമങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിന് ഏറെ അനുഗുണമായിരുന്നതായും കാണാവുന്നതാണ്. എന്നാൽ ഓരോ തലത്തിലുമുള്ള പഞ്ചായത്തുകൾ ഓരോ വർഷവും തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതായ തൊട്ടടുത്ത വർഷത്തേയ്ക്കുള്ള വികസന പദ്ധതികൾ സംബന്ധിച്ച റിപ്പോർട്ടുകൾ എപ്രകാരമായിരിക്കണമെന്നത് നിഷ്കർഷിക്കേണ്ടതും സെക്ഷൻ 175(1)-ൽ വിഭാവനം ചെയ്തിട്ടുള്ളതുമായ ചട്ടങ്ങൾക്ക് നാളിതുവരെ അന്തിമരൂപം നൽകിയിട്ടില്ലെന്ന വസ്തുത സഗൗരവം വീക്ഷിക്കേണ്ട ഒരു കാര്യം തന്നെയാ ണെന്നാണ് കാണുന്നത്. അതിനേക്കാൾ ഗുരുതരമായി ചെയർ കാണുന്നത് 14-ാം കേരള നിയമസഭയിൽ, 2016 നവംബർ 9-ാം തീയതി സഭയിൽ ഉന്നയിക്കപ്പെട്ട ഇതേ വിഷയത്തിന്മേലുള്ള ഒരു ക്രമപ്രശ്നത്തിന് മറുപടി പറഞ്ഞ അന്നത്തെ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സഭയ്ക്ക് ഉറപ്പുനൽകിയിരുന്നത് 2017-18 സാമ്പത്തിക വർഷത്തെ പദ്ധതി രൂപീകരണമാകുമ്പോഴേയ്ക്കും ചട്ടങ്ങൾകൊണ്ടുവരാൻ സർക്കാർ ശ്രമിക്കുമെന്നാണ്. അതിനുശേഷം ഇപ്പോൾ 5 വർഷം പൂർത്തീകരിച്ച വേളയിലും കരട് ചട്ടങ്ങൾ പരിശോധനാ തലത്തി ലാണെന്നാണ് അറിയിച്ചിരിക്കുന്നത്. സഭയ്ക്ക് നൽകപ്പെട്ട ഉറപ്പ് പാലിക്കുന്നതിൽ തദ്ദേശസ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥർ ശരിയായ രീതിയിലുള്ള ഒരു പരിശ്രമവും ഇതുവരെ നടത്തിയില്ലെന്നത് നീതീകരിക്കാനാകുന്നതല്ലെന്ന് പറയേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിൽ വന്ന കാലതാമസം പ്രത്യേകമായി പരിശോധിച്ച് ഭാവിയിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കാനുള്ള ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ സാഹചര്യത്തിൽ ഇവിടെ പ്രത്യേകമായി പരാമർശിച്ച ചട്ടങ്ങൾക്ക് ഒരു മാസത്തിനകം രൂപം നൽകണമെന്നും അതിനുശേഷം അത് കരട് രൂപത്തിൽ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ മുൻകൂർ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണെന്നും

ചെയർ റൂൾ ചെയ്യുന്നു. അതോടൊപ്പം സഭ മുൻപ് പാസ്സാക്കിയതും ഇപ്പോൾ പാസ്സാക്കിക്കൊണ്ടിരിക്കുന്നതുമായ നിയമങ്ങൾപ്രകാരം സർക്കാർ നിർമ്മിക്കേണ്ട ചട്ടങ്ങൾ നിയമസഭാ നടപടി ചട്ടങ്ങളിലെ ചട്ടം 238 (2)-ൽ പരാമർശിച്ചിരിക്കുന്ന കാലപരിധിക്കുള്ളിൽത്തന്നെ തയ്യാറാക്കി അതത് സബ്ജക്ട് കമ്മിറ്റികളുടെ സൂക്ഷ്മപരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണെന്നും ചെയർ റൂൾ ചെയ്യുന്നു. ചട്ടങ്ങളുടെ സമയബന്ധിതമായ രൂപീകരണം, കരട് ചട്ടങ്ങളുടെ സൂക്ഷ്മ പരിശോധന തുടങ്ങിയ കാര്യങ്ങളിൽ വിവിധ സബ്ജക്ട് കമ്മിറ്റികൾ സ്വീകരിക്കേണ്ട നടപടിക്രമം സംബന്ധിച്ച് 2019 ജൂൺ 12-ാം തീയതി ചെയറിൽനിന്നുണ്ടായിട്ടുള്ള നിർദ്ദേശങ്ങൾ എല്ലാ സബ്ജക്ട് കമ്മിറ്റികളും കർശനമായി പാലിക്കേണ്ടതാണെന്നും ചെയർ റൂൾ ചെയ്യുന്നു.

കാര്യോപദേശക സമിതിയുടെ റിപ്പോർട്ട് സഭയിൽ മുൻകൂറായി സർക്കുലേറ്റ് ചെയ്തതിനെ സംബന്ധിച്ച് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ഒരു ക്രമപ്രശ്നം ഉന്നയിക്കുകയുണ്ടായി. കാര്യോപദേശക സമിതി റിപ്പോർട്ട് സഭ പരിഗണിക്കേണ്ടതുകൊണ്ടാണ് അത് മുൻകൂറായി സർക്കുലേറ്റ് ചെയ്യുന്നത്. ഇതാണ് സഭയിലെ കീഴ്വഴക്കം.

## VIII ധനകാര്യം

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള രണ്ടാമത്തെ ബാച്ച് ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## IX നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

(ii) 2021-ലെ കേരള സൂക്ഷ്മ-ചെറുകിട- ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ

(iii) 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ, 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഈ ബില്ലുകളുടെ ഉള്ളടക്കത്തെ സംബന്ധിച്ച് നേരത്തെ വിശദമായി സംസാരിച്ചിട്ടുള്ളതു കൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. അവതരണവേളയിൽ സഭയിലാകെ ഉയർന്നിട്ടുള്ള അഭിപ്രായങ്ങൾ സബ്ജക്ട് കമ്മിറ്റി ക്രിയാത്മകമായി വിലയിരുത്തിയിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റിയുടെ സൂക്ഷ്മ പരിശോധനയ്ക്കുശേഷം ആവശ്യമായ ഭേദഗതികളോടു കൂടിയാണ് ബില്ലുകളെല്ലാം അവതരിപ്പിച്ചിട്ടുള്ളത്. കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, നേരത്തെ പരാമർശിച്ചതുപോലെ അംശദായത്തിൽ ഒരു വർദ്ധനവ് വരുത്തുന്നതിന് അതായത്, അഞ്ച് രൂപയിൽനിന്ന് ഇരുപത് രൂപയാക്കി വർദ്ധിപ്പിക്കുന്നതിനാണ് കൊണ്ടുവന്നിട്ടുള്ളത്. അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും വ്യക്തമാക്കുകയുണ്ടായി. ആ ഘട്ടത്തിൽ, അംശദായത്തിൽ വരുത്തുന്ന ചെറിയ വർദ്ധനവിനുപോലും ഒരു നിയമനിർമ്മാണ പ്രക്രിയ ആവശ്യമാണോയെന്നും നോട്ടിഫിക്കേഷനിലൂടെയോ ചട്ടങ്ങളിലൂടെയോ അത്തരം കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിയുന്നതല്ലേ എന്നുമൊക്കെയുള്ള അഭിപ്രായം സഭയിൽ ഉയർന്നുവരികയുണ്ടായി. ചട്ടങ്ങളിലൂടെ ആ കാര്യം നിർവ്വഹിക്കാൻ കഴിയില്ലേ എന്ന് ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. ഷംസുദ്ദീനും സമാനമായ അഭിപ്രായം മറ്റുചില അംഗങ്ങളും ഉന്നയിക്കുകയുണ്ടായി. അത് പ്രസക്തമായൊരു അഭിപ്രായമായാണ് സർക്കാർ കണ്ടത്. ഇപ്പോൾ ഈ വർദ്ധനവിന് നിയമഭേദഗതി ആവശ്യമാണെന്ന് പറയുമ്പോൾത്തന്നെ, ഭാവിയിൽ തൊഴിലാളിയുടെ അംശദായത്തിലും സർക്കാരിന്റെ വിഹിതത്തിലും ഇതിന്റെ മൂന്നാം സെക്ഷൻ പ്രകാരമുള്ള ഗ്രാന്റ് നൽകുന്നതിലുമെല്ലാം കാലികമായി വരുത്തുന്ന വർദ്ധനവുകൾക്ക് ഒരു നിയമനിർമ്മാണ പ്രക്രിയ ആവശ്യമില്ലാത്തതാണെന്നത് വസ്തുതയാണ്. അക്കാര്യം സബ്ജക്ട് കമ്മിറ്റി വിശദമായി പരിശോധിക്കുകയുണ്ടായി. അതുകൊണ്ട് അംശദായങ്ങളിൽ വരുന്ന വർദ്ധനവ് ഒരു നോട്ടിഫിക്കേഷൻവഴി ഭാവിയിൽ നടത്താവുന്നതാണെന്ന സഭയുടെ വികാരം ഉൾക്കൊണ്ടു കൊണ്ടുതന്നെയാണ് സബ്ജക്ട് കമ്മിറ്റി അംഗീകരിച്ച ഭേദഗതി ഈ ബില്ലിന്റെ ഭാഗമായി അവതരിപ്പിച്ചിട്ടുള്ളത്. ഇപ്പോൾ ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കുന്ന തുക അഞ്ച് രൂപയിൽനിന്ന് ഇരുപത് രൂപയാക്കി വർദ്ധിപ്പിക്കുന്നത് നിയമത്തിൽ വ്യവസ്ഥ ചെയ്യുകയും ഭാവിയിൽ വരുന്നത് നോട്ടിഫിക്കേഷൻവഴി നടത്തുകയും ചെയ്യാം. ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾക്കെല്ലാവർക്കും അറിയാവുന്നതുപോലെ, ആ നോട്ടിഫിക്കേഷൻ സഭയുടെ മേശപ്പുറത്തുവയ്ക്കേണ്ടതാണ്. ആ പ്രക്രിയ പൂർത്തീകരിക്കുന്ന രൂപത്തിലുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. നിയമനിർമ്മാണ പ്രക്രിയയുടെ ജനാധിപത്യപരമായ ഉള്ളടക്കം, സഭയ്ക്കകത്തും കമ്മിറ്റികളിലും

ഉയർന്നുവരുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ എന്നിവ ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ടു പോകുന്നതോടൊപ്പം നമ്മുടെ നിയമങ്ങളെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമായി പരമാവധി സമ്പന്നവും കുറ്റമറ്റതാക്കുകയും ചെയ്യുകയെന്നുള്ളതാണ്. ആ കാഴ്ചപ്പാട് പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ടാണ് ഈ മാറ്റങ്ങൾ ബില്ലിൽ വരുത്തിയിട്ടുള്ളത്.

2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച് ഇവിടെ പല അഭിപ്രായങ്ങളും ഉയർന്നുവരികയുണ്ടായി. സബ്ജക്ട് കമ്മിറ്റിയും സൂക്ഷ്മമായ വിലയിരുത്തലിന് വിധേയമാക്കി. നേരത്തെ അവതരിപ്പിച്ച ബില്ലിൽ അനുമതികൾ നൽകുന്നത് വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥരടങ്ങുന്ന ഒരു സമിതിയാണ്. എന്നാൽ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ, അത്തരത്തിലുള്ള പല അനുമതികളും ഒരു ലൈസൻസായി മറ്റ് പല വകുപ്പുകളും താഴെതലങ്ങളിൽ പരിഗണിക്കപ്പെടുന്നില്ലെന്നും അത് നിരന്തരം പ്രായോഗികമായ തടസ്സങ്ങൾ ഉയർത്തുന്നുണ്ടെന്നുമുള്ള പ്രശ്നം സഭയ്ക്കകത്തും ചർച്ചകളിലും ഉയർന്നുവരികയുണ്ടായി. വിവിധ മേഖലകളിൽ നിന്നുവന്ന അഭിപ്രായങ്ങൾ സർക്കാരും ഗൗരവമായി പരിശോധിച്ചു. നൂറ് കോടി രൂപയ്ക്ക് മുകളിൽവരുന്ന നിക്ഷേപങ്ങൾക്ക് വിവിധ വകുപ്പുകൾ നൽകേണ്ട ലൈസൻസുകളെല്ലാം ചേരുന്ന ഒരു കോമ്പോസിറ്റ് ലൈസൻസ് നൽകുകയെന്നുള്ളതാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. ഇത് ഏതെല്ലാം വകുപ്പുകൾ കൈകാര്യം ചെയ്യുന്ന ലൈസൻസുകൾ ചേരുന്നതാണോ അവയുടെ ഏറ്റവും ഉയർന്ന അധികാരമുള്ള ഉദ്യോഗസ്ഥർകൂടി ഈ കമ്മിറ്റിയിലുണ്ടാകുന്നത് നന്നായിരിക്കുമെന്നാണ് കണ്ടിട്ടുള്ളത്. അതിന്റെ ഭാഗമായുള്ള ഭേദഗതി സബ്ജക്ട് കമ്മിറ്റി മുന്നോട്ടുവച്ചിട്ടുണ്ട്. നേരത്തെ എം.എസ്.എം.ഇ.-കളുമായി ബന്ധപ്പെട്ട അനുഭവത്തിന്റെകൂടി അടിസ്ഥാനത്തിൽ ഉയർന്നുവരുന്ന മറ്റൊരു പ്രശ്നം, ഒരു അനുമതി ലഭിച്ച് അതിന് ഒരു കാലം നിശ്ചയിക്കുകയും അതിനുശേഷം പുതുക്കേണ്ട ഘട്ടത്തിൽ വീണ്ടും താഴേതലങ്ങളിലേയ്ക്ക് പോകുകയും ചെയ്യുന്ന സന്ദർഭത്തിൽ 'നേരത്തെ നിങ്ങൾ മുകളിൽനിന്ന് അനുമതി വാങ്ങിയതല്ലേ' എന്ന മനോഭാവം അപൂർവം ചില ഉദ്യോഗസ്ഥരെങ്കിലും സ്വീകരിക്കുന്നുണ്ട്. അത് പല തടസ്സങ്ങളുമുണ്ടാക്കുന്നുവെന്ന പരാതിയും വന്നിരുന്നു. അതുകൂടി പരിഗണിച്ചുകൊണ്ട്, കോമ്പോസിറ്റ് ലൈസൻസ് നൽകുന്നതോടൊപ്പം അതിന്റെ റിന്യൂവൽ സന്ദർഭത്തിലും ഇതേ ബോർഡിനെത്തന്നെ സമീപിക്കാമെന്നുകൂടി ഈ ബില്ലിൽ പറഞ്ഞിട്ടുണ്ട്. മറ്റൊന്ന്, 'ആഴ്ചയിലൊരിക്കൽ യോഗം ചേരണ'മെന്നാണ് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നത്. ചിലപ്പോൾ എല്ലാ ആഴ്ചകളിലും യോഗം ചേരേണ്ട ആവശ്യമുണ്ടാകില്ല. നൂറ് കോടി രൂപയ്ക്കുമുകളിലുള്ള നിക്ഷേപങ്ങളുടെ അനുമതി എല്ലാ ആഴ്ചയിലും പരിശോധിക്കേണ്ടി വരില്ല. പക്ഷേ നിയമത്തിൽ വ്യവസ്ഥയുണ്ടെങ്കിൽ അങ്ങനെ യോഗം ചേരേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ട കമ്മിറ്റിക്കുണ്ടായിരിക്കണം. അതിൽ

ഒരു മാറ്റം വരുത്തണമെന്ന് കണ്ടു. അങ്ങനെ മാറ്റം വരുത്തുമ്പോൾ ഈ ബിൽ നിഷ്കർഷിക്കുന്ന രൂപത്തിൽ അനുമതികൾക്കായുള്ള പരമാവധി സമയം ഏഴ് ദിവസമെന്നുള്ളത് ഉറപ്പുവരുത്തേണ്ടതുമുണ്ട്. ഒരു അപേക്ഷ കിട്ടിയാൽ ആ വ്യവസ്ഥയ്ക്കകത്തുനിന്നുകൊണ്ട് ചുമതല നിർവ്വഹിക്കാൻ കഴിയാവുന്ന ഒരു സമയം ചെയർമാന് നിശ്ചയിക്കാവുന്നതാണെന്നും ബില്ലിൽ മാറ്റം വരുത്തിയിട്ടുണ്ട്.

2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബില്ലും ഏറെ ചർച്ച ചെയ്തിട്ടുള്ളതാണ്. പല അഭിപ്രായങ്ങളും സഭയിൽ ഉയർന്നുവന്നിരുന്നു. പക്ഷേ നേരത്തെ വിശദീകരിച്ചതുപോലെ, ചില പരിമിതികൾക്കകത്തുനിന്നു കൊണ്ടുള്ള നിയമംതന്നെയാണ്. യഥാർത്ഥത്തിൽ തിരുവിതാംകൂറിന്റെയും കൊച്ചിയുടെയും നിലവിലുള്ള നിയമം ബഹുമാനപ്പെട്ട സുപ്രീംകോടതി ആധികാരികമായി അംഗീകരിച്ചിട്ടുള്ളതാണ്. മലബാറിന് പുതുതായി ഒരു നിയമം കൊണ്ടുവരണമെന്ന് കോടതി നിഷ്കർഷിക്കുകയാണ് ചെയ്തത്. അതിന്റെ അടിസ്ഥാനത്തിലാണ് നേരത്തെ ഓർഡിനൻസും ഇപ്പോൾ അതിനെ അടിസ്ഥാനമാക്കിയുള്ള ബില്ലും കൊണ്ടു വന്നിട്ടുള്ളത്. ബഹുമാനപ്പെട്ട സുപ്രീംകോടതി ഈ പ്രശ്നം ചർച്ച ചെയ്യുമ്പോൾ ഇതിന്റെ റോയൽറ്റി സംബന്ധിച്ചുള്ള കാര്യങ്ങൾ വിശാലമായ പരിശോധനയ്ക്ക് മാറ്റിവച്ചിട്ടുണ്ട്. നിയമമില്ലാത്തതുകൊണ്ട് നിയമനിർമ്മാണ പ്രക്രിയയ്ക്ക് സംസ്ഥാന ത്തിനുള്ള അധികാരമാണ് കോടതി ആ ഘട്ടത്തിൽ ഉയർത്തിപ്പിടിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ നമ്മൾ ഓർഡിനൻസ് കൊണ്ടുവരികയും അത് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ചോദ്യം ചെയ്യപ്പെടുകയും സിംഗിൾ ബഞ്ച് ഓർഡിനൻസിന് ആധികാരികമായിട്ടുള്ള വിധി നൽകുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ അപ്പീൽ പരിഗണനയിലാണ്. അതിനകത്തുനിന്നുകൊണ്ട് നമുക്ക് ചെയ്യാൻ കഴിയുന്ന ഒരു നിയമനിർമ്മാണമെന്ന നിലയിൽ, ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിർദ്ദേശ ങ്ങൾക്കനുസരിച്ച് സർക്കാരിനും സമൂഹത്തിനും പൊതുസ്വത്തിലുള്ള പൂർണ്ണമായ അവകാശം ഉറപ്പുവരുത്താവുന്ന രൂപത്തിലുള്ള ഒരു പുതിയ ബില്ലാണ് ഈ ഘട്ടത്തിൽ കൊണ്ടുവന്നിട്ടുള്ളത്. സഭയിൽ ഉയർന്നുവന്നിട്ടുള്ള പരമാവധി അഭിപ്രായങ്ങൾ സ്വാംശീകരിച്ചും അവ സബ്ജക്ട് കമ്മിറ്റി ആഴത്തിൽ പരിശോധിച്ചും തയ്യാറാക്കിയ മാറ്റങ്ങളോടെയാണ് ഈ മൂന്ന് ബില്ലുകളും സഭയുടെ പരിഗണനയ്ക്കായി വച്ചിട്ടുള്ളത്. സഭ ആ വികാരത്തിൽ ഈ ബില്ലുകളെ സമീപിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: മൂന്ന് ബില്ലുകളും സംബന്ധിച്ച ചർച്ച ഒന്നിച്ച് നടത്താവുന്നതാണ്. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന്മേൽ വിയോജനക്കുറിപ്പ് നൽകിയ ശ്രീ. മഞ്ഞളാംകുഴി അലിക്ക് സംസാരിക്കാവുന്നതാണ്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. രാജഗോപാലൻ]

ശ്രീ. മഞ്ഞളാംകുഴി അലി: സർ, 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലിന്മേലുള്ള വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുന്നു. ന്യായമായ വേതനം ലഭിക്കുന്ന തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് പരിസ്ഥിതി സൗഹൃദ രീതിയിൽ നിക്ഷേപ സംസ്ഥാനമാക്കി തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണുകയും സമഗ്ര സാമ്പത്തിക പുരോഗതി കൈവരിച്ച സംസ്ഥാനമാക്കുകയും ചെയ്യുകയെന്നതാണ് നമ്മുടെ വ്യവസായ നയത്തിന്റെ കാതൽ. പക്ഷേ ഈ ലക്ഷ്യത്തിൽനിന്ന് നാം വളരെ അകലെയാണെന്നാണ് സംസ്ഥാനത്തെ വ്യവസായ മേഖലയിൽനിന്നുള്ള വാർത്തകൾ കാണിക്കുന്നത്. നിക്ഷേപസൗഹൃദ അന്തരീക്ഷമില്ലാത്ത സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം വളരെ മുന്നിലാണെന്നാണ് ഇപ്പോൾ ലഭ്യമായിട്ടുള്ള സ്ഥിതിവിവര കണക്കുകൾ വ്യക്തമാക്കുന്നത്. കേരളം ഒരു വ്യവസായ പിന്നാക്ക സംസ്ഥാനമാണെന്നതിൽ ഇപ്പോഴും കാര്യമായ മാറ്റം വന്നിട്ടില്ല. വ്യവസായവും അനുബന്ധ മേഖലകളും ദേശീയ വരുമാനത്തിന്റെ 27 ശതമാനം സംഭാവന ചെയ്യുമ്പോൾ നമ്മുടെ സംസ്ഥാനത്ത് അത് 20 ശതമാനത്തിൽ താഴെയാണ്. ഉൽപ്പാദനരംഗവുമായി ബന്ധപ്പെട്ട വ്യവസായമെടുത്താലും കേരളത്തിന് അതുവഴിയുള്ള സംഭാവന വെറും 8 ശതമാനം മാത്രമാണ്. അതേസമയം, രാജ്യത്ത് അത്തരം വ്യവസായ സംരംഭങ്ങളിൽനിന്ന് കിട്ടുന്ന വരുമാനം ഇതിന്റെ ഇരട്ടിയാണ്. തൊഴിലാളി യൂണിയനുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ് വ്യവസായ പിന്നാക്കാവസ്ഥയുടെ മുഖ്യകാരണമായി പലപ്പോഴും നമ്മൾ ചൂണ്ടിക്കാണിക്കുന്നത്. പഴയ കാലത്തെ സമരാധിക്യവും യൂണിയനുകളുടെ സജീവ സാന്നിദ്ധ്യവുംമൂലം കേരളം നിക്ഷേപ സൗഹാർദ്ദപരമല്ലെന്ന പ്രതിച്ഛായ പണ്ടുമുതൽക്കേയുണ്ടായിട്ടുണ്ട്. കഴിഞ്ഞ മൂന്ന് ദശാബ്ദത്തിനിടയിൽ അൻപതോളം കമ്പനികളെ കൊടികുത്തി പൂട്ടിച്ചത് പലരെയും ഇപ്പോഴും ഭയപ്പെടുത്തുന്നുണ്ട്. മൂവായിരം കോടി രൂപയിലധികം നിക്ഷേപമുണ്ടായിരുന്നതും പതിനായിരത്തിലധികം ജീവനക്കാർ ജോലി ചെയ്തിരുന്നതുമായ ഇരുപത്തിയൊന്ന് വൻകിട വ്യവസായങ്ങളെയാണ് ഇവിടെ പൂട്ടിച്ചത്. ഈ ചീത്തപ്പേര് മാറ്റാൻ നാം എത്ര ശ്രമിച്ചിട്ടും കഴിയുന്നില്ലെന്നതാണ് യാഥാർത്ഥ്യം. കയ്യിലുള്ള പണം ചെലവാക്കി അപമാനം നേരിടാൻ ആരും തയ്യാറാകുന്നില്ല. അറുപത് വർഷംമുമ്പ് കേരളത്തിലെ നെയ്ത്ത്, കയർ, കശുവണ്ടി, ഓട് തുടങ്ങിയ പരമ്പരാഗത മേഖലകൾ വ്യവസായ വളർച്ചയ്ക്ക് വലിയ പങ്ക് വഹിച്ചിട്ടുണ്ട്. പ്രത്യേകിച്ച്, തിരുവിതാംകൂറിൽ രാസവളം, റയോൺസ്, ടൈറ്റാനിയം ഡയോക്സൈഡ്, സിറാമിക്സ്, അലൂമിനിയം, പ്ലൈവുഡ്, ഗ്ലാസ്, കെമിക്കൽസ് തുടങ്ങിയ മേഖലകളിൽ അക്കാലത്ത് വലിയ ഫാക്ടറികൾ ഉയർന്നുവന്നിരുന്നു. അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ളവരായിരുന്നു അന്ന് ഈ ഫാക്ടറികളിൽ മുതൽമുടക്കിയിരുന്നത്. ഈ നാട്ടിലുള്ളവർ പണ്ടേ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് മടിച്ചുനിന്നിരുന്നു. അന്നത്തെ ആ

മനോഭാവത്തിന് ഇന്നും വലിയ മാറ്റമൊന്നും വന്നിട്ടില്ല, എന്നുമാത്രമല്ല, മറ്റുള്ളവർ ധൈര്യമായി ഇവിടേയ്ക്ക് കടന്നുവരാനുള്ള അന്തരീക്ഷവും ഇപ്പോൾ ഇവിടെയില്ലെന്നതാണ് നമ്മുടെ വ്യാവസായിക പിന്നാക്കാവസ്ഥയ്ക്ക് കാരണം. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റാൻ എമർജിംഗ് കേരള പോലുള്ളവ സംഘടിപ്പിച്ചത് നമ്മുടെ വ്യാവസായിക അന്തരീക്ഷം മാറ്റണമെന്ന ദൃഢനിശ്ചയത്തോടെയായിരുന്നു. അന്ന് 177 പദ്ധതികൾ നിർദ്ദേശിക്കപ്പെട്ടിരുന്നെങ്കിലും 56 എണ്ണം നടപ്പിലാക്കാൻ നിശ്ചയിക്കുകയും ആരംഭിക്കുകയും ചെയ്തിരുന്നു. ഇതേ മാതൃകയിലാണ് കഴിഞ്ഞ തവണ കൊച്ചിയിൽ ASCEND സംഗമം സംഘടിപ്പിച്ചത്. പക്ഷെ, ആകെ 22 പദ്ധതികൾ മാത്രമാണ് ആരംഭിച്ചതെന്നാണ് പറയുന്നത്. ധാരണാപത്രം ഒപ്പുവച്ച പലരും പദ്ധതി നിർവ്വഹണത്തിൽനിന്നും പിന്തിരിഞ്ഞ സാഹചര്യമാണുണ്ടായത്. സൗകര്യങ്ങൾ മുഴുവൻ സംരംഭകർക്ക് നൽകാനോ വ്യവസായത്തിന് അനുകൂല സാഹചര്യം സൃഷ്ടിക്കാനോ നമുക്ക് ഇപ്പോഴും കഴിഞ്ഞിട്ടില്ല. നമ്മുടെ വ്യവസായ പാർക്കിൽത്തന്നെ പകുതിയോളം ഭൂമി ഇപ്പോഴും ഒഴിഞ്ഞുകിടക്കുകയാണ്. ഭൂമി അനുവദിച്ചുകിട്ടിയശേഷം വ്യവസായ യൂണിറ്റ് ആരംഭിക്കാത്ത സാഹചര്യവുമുണ്ട്. അവയൊക്കെ ഏറ്റെടുത്ത് യഥാർത്ഥ നിക്ഷേപകർക്ക് നൽകാൻ തയ്യാറാകണം. അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റവും ചെറുകിട സംരംഭകരെ വല്ലാതെ വലയ്ക്കുന്നുണ്ട്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, വ്യവസായ നിക്ഷേപം വരുന്നതിനെക്കുറിച്ചാണ് അങ്ങ് സംസാരിക്കുന്നത്. കേരളത്തിൽ വ്യവസായ നിക്ഷേപ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനുവേണ്ടി പല സംരംഭങ്ങളും നിർദ്ദേശങ്ങളും ഉയർന്നുവന്നിട്ടുണ്ട്. ആ കൂട്ടത്തിൽ നോക്കുകൂലി ഇല്ലാതാക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചു. അതിനുശേഷം ബഹുമാനപ്പെട്ട ഹൈക്കോടതി തുടരെത്തുടരെ ഇതിനെതിരായി പറഞ്ഞുവെന്ന് മാത്രമല്ല, ഏറ്റവും ഒടുവിൽ 'നോക്കുകൂലി' എന്ന വാക്കുപോലും പറയാൻ പാടില്ലെന്ന ഒരു നിലപാടെടുത്തു. പക്ഷേ, അതിനുശേഷവും നിർമ്മാതാക്കളുടെയും വീട്ടുടമസ്ഥരുടെയും നേർക്ക് അക്രമവും കൈതല്ലിയൊടിക്കൽ പോലുള്ള സംഭവങ്ങളുമൊക്കെ നടന്നുകൊണ്ടിരിക്കുകയാണ്. ഇത് നൽകുന്ന സന്ദേശമെന്താണ്?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, അത് ശരിയാണ്. ഇങ്ങനെ പല കാര്യങ്ങളും പല സ്ഥലങ്ങളിലും നടക്കുന്നുണ്ട്. ഇവ ഒറ്റപ്പെട്ട സംഭവങ്ങളാണെങ്കിലും അവയ്ക്കൊക്കെ വലിയ രീതിയിലുള്ള പബ്ലിസിറ്റി വന്നതോടുകൂടി വീണ്ടും നമ്മളൊന്നും മാറിയിട്ടില്ലെന്ന തോന്നലാണ് പൊതുജനങ്ങൾക്കുള്ളത്. അതുകൊണ്ടുതന്നെയാണ് ഇൻവെസ്റ്റേഴ്സ് ആരും ഇങ്ങോട്ടുവരാത്തതും ധൈര്യമായി ഇവിടെ ഇൻവെസ്റ്റ്

ചെയ്യാത്തതും. കഴിഞ്ഞ ആറ് മാസത്തിനിടയിൽത്തന്നെ പല അസംസ്കൃത വസ്തുക്കൾക്കും ഏകദേശം ഇരുപത്തിയഞ്ച് ശതമാനത്തോളം വില കൂടിയിട്ടുണ്ട്. നിർമ്മാണ മേഖലയിൽ ചെറുകിട സംരംഭകരെയും വിതരണക്കാരെയും വിലക്കയറ്റം വല്ലാതെ ബാധിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ പലിശയിളവ്, പ്രവർത്തന മൂലധനം കണ്ടെത്തുന്നതിനുള്ള പണലഭ്യത, വായ്പ മൊറട്ടോറിയം, വൈദ്യുതിയുടെ ഫിക്സഡ് ചാർജ്ജ് ഒഴിവാക്കുക, വൈദ്യുതി നിരക്ക് തവണകളായി അടയ്ക്കാൻ സൗകര്യമൊരുക്കുക തുടങ്ങിയ ആവശ്യങ്ങൾ സംരംഭകർക്കുണ്ട്. ഇവ കൃത്യമായി പഠിച്ച് പരിഹരിക്കണമെന്നാണ് എനിക്ക് സർക്കാരിനോട് അഭ്യർത്ഥിക്കാനുള്ളത്.

1.00 P.M.]

ചെറുകിട സംരംഭകരെ സഹായിക്കുന്ന പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്. എന്നാൽ നിർഭാഗ്യവശാൽ അവരെ സഹായിക്കുന്നില്ലെന്ന് മാത്രമല്ല, ചെറുകിട സംരംഭകർക്ക് ദോഷകരമായ ഉത്തരവുകളാണ് തദ്ദേശസ്വയംഭരണ വകുപ്പ് പലപ്പോഴും പുറപ്പെടുവിക്കുന്നത്. Ease of doing business മെച്ചപ്പെടുത്താമെന്ന് പറഞ്ഞ് തദ്ദേശസ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവ് വ്യവസായ മേഖലയെത്തന്നെ ആശങ്കയിലാക്കുന്നതാണ്. വ്യവസായ സംരംഭങ്ങളെ low risk, medium risk, high risk എന്നീ വിഭാഗങ്ങളിൽ നടത്തിയ തരംതിരിവിൽ 300 ചതുരശ്രമീറ്ററിന് മുകളിൽ വിസ്തൃതിയുള്ള വ്യവസായ യൂണിറ്റുകൾ ഹൈ റിസ്ക് വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ കയർ, ചകിരി നിർമ്മാണം, സോപ്പ് നിർമ്മാണം, ഭക്ഷ്യവസ്തു നിർമ്മാണമടക്കമുള്ള 44 ഇനം സംരംഭങ്ങളെ ഉയർന്ന മലിനീകരണം സൃഷ്ടിക്കുന്ന ഹൈ റിസ്ക് വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതുകാരണം വർഷത്തിലൊരിക്കൽ ഈ സ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥർ വന്ന് പരിശോധന നടത്തണം. അവർ എന്തൊക്കെയാണ് എഴുതിവയ്ക്കുകയെന്നറിയാത്ത സ്ഥിതിയാണുള്ളത്. ഈ നിയമം പാസ്സാക്കുന്നത് അനാവശ്യ പരിശോധനകൾ ഒഴിവാക്കണമെന്ന ലക്ഷ്യത്തോടെയാണല്ലോ? എന്നാൽ ഇതിന്റെ ഒരു ഫലവും ഈ സംരംഭങ്ങൾക്ക് ലഭിക്കുന്നില്ലെന്നതാണ് ഓരോ വകുപ്പുകളും തോന്നിയതുപോലെ പുറപ്പെടുവിക്കുന്ന ഉത്തരവുകൾമൂലമുണ്ടാകുന്നത്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽപ്പെടുന്നവയാണ് ഹൈ റിസ്ക് വിഭാഗത്തിൽ ഉൾപ്പെടേണ്ടത്. വ്യവസായ സൗഹൃദമെന്ന പേരിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ വ്യവസായ മേഖലയെ തകർക്കുന്നതിനിടയാകരുത്.

സ്പിന്നിംഗ് മില്ലുകളെല്ലാം നഷ്ടത്തിലാണ്. പല പൊതുമേഖലാ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ ശമ്പളപരിഷ്കരണം വർഷങ്ങളായി നടപ്പിലാക്കിയിട്ടില്ല. KAL (Kerala Automobiles Limited)-ന്റെ കാര്യമെടുത്താൽ അഴിമതിയും ധൂർത്തും

കാരണം നഷ്ടത്തിൽനിന്നും നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തുന്ന കാഴ്ചയാണ് കാണുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വലിയരീതിയിൽ ആഘോഷിച്ച ഇലക്ട്രിക് ഓട്ടോ നിർമ്മാണത്തിലെ സ്പെയർ പാർട്ട്സ് വാങ്ങിയതിനെക്കുറിച്ച് ധാരാളം പരാതികളുണ്ട്. ഇലക്ട്രിക് ഓട്ടോയ്ക്കായി വാങ്ങിയ കോടിക്കണക്കിന് രൂപയുടെ മോട്ടോറും പെയിന്റും ഉപയോഗിക്കാതെ കൂട്ടിയിട്ട് നശിക്കുകയാണ്. ആകെ 352 ഓട്ടോറിക്ഷകളുടെ നിർമ്മാണം മാത്രമാണ് പൂർത്തീകരിച്ചത്. വിലകൂടിയ സാധനങ്ങൾ ആവശ്യമില്ലാതെ വാങ്ങിക്കൂട്ടിയെന്നാണ് പരാതി. ജീവനക്കാർക്കുള്ള ശമ്പളവും വിരമിച്ചവർക്കുള്ള ആനുകൂല്യവും നൽകാൻ യാതൊന്നും ചെയ്തിട്ടില്ല. പി.എഫ്. അടയ്ക്കാതായിട്ട് വർഷങ്ങളായി. ശമ്പളം കിട്ടാതെ ജീവനക്കാർ പൊറുതിമുട്ടുമ്പോഴാണ് ഇങ്ങനെയുള്ള ധൂർത്ത് നടക്കുന്നത്. ഈ ഗതിയിലുള്ള സ്ഥാപനത്തെയാണ് കോടികൾ ചെലവിട്ട് പുതിയ കെട്ടിടമുണ്ടാക്കി കണ്ണൂരിൽ പ്രതിഷ്ഠിക്കാൻ പോകുന്നത്. വിരോധാഭാസമെന്നല്ലാതെ എന്താണ് പറയുക? പരമ്പരാഗത വ്യവസായ മേഖലയായ ഖാദി മേഖല നഷ്ടത്തിൽനിന്നും നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തുകയാണ്. കോവിഡ് മാത്രമല്ല, ഡിമാൻഡ് കുറഞ്ഞതും ഈ മേഖലയെ തളർത്തിയിട്ടുണ്ട്. മുൻവർഷങ്ങളിൽ റിബേറ്റ് നൽകിയ ഇനത്തിൽ 2016 മുതലുള്ള അമ്പത് കോടി രൂപയോളം ഖാദി ബോർഡിന് കുടിശ്ശികയുള്ളതായിട്ടാണറിയുന്നത്. അത് കൊടുത്തുതീർക്കാനുള്ള നടപടികളുണ്ടാകണം.

കയർ തൊഴിലാളി ക്ഷേമനിധി ബില്ലിൽ കൊണ്ടുവന്നിരിക്കുന്ന ഭേദഗതി എന്നുപറയുന്നത് തൊഴിലാളി ഇപ്പോൾ അടച്ചുകൊണ്ടിരിക്കുന്ന അംശദായം 5 രൂപയിൽനിന്ന് നാലിരട്ടിയാക്കി വർദ്ധിപ്പിച്ച് 20 രൂപയാക്കി എന്നതാണ്. അതേസമയം സർക്കാർ വിഹിതം തൊഴിലാളി അടച്ചുകൊണ്ടിരുന്നതിന്റെ ഇരട്ടി നൽകണമെന്ന വ്യവസ്ഥമാറ്റി ഇനിമുതൽ അംശദായത്തിന്റെ പകുതി നൽകിയാൽ മതിയെന്ന് മാറ്റുകയും ചെയ്തിട്ടുണ്ട്. തൊഴിലാളികൾക്ക് നാലിരട്ടി ബാധ്യത നൽകുമ്പോൾ അതിന്റെ ഒരംശംപോലും നൽകാൻ സർക്കാർ തയ്യാറല്ലെന്നതാണ് ചുരുക്കം. ക്ഷേമനിധിയിലേയ്ക്കുള്ള സാമ്പത്തിക സ്രോതസ് വർദ്ധിപ്പിക്കാൻ വേണ്ടിയാണ് ഈ ഭേദഗതിയെന്നാണ് ബില്ലിന്റെ ഉദ്ദേശ്യകാരണത്തിൽ പറയുന്നത്. സംസ്ഥാനത്തെ കയർ തൊഴിലാളികളുടെ പരിതാപകരമായ അവസ്ഥ നമുക്കെല്ലാം അറിയാവുന്നതാണ്. അവർക്ക് ആനുകൂല്യം നൽകാനെന്ന പേരിൽ ഒരു രൂപപോലും സർക്കാർ വിഹിതം വർദ്ധിപ്പിക്കാൻ തയ്യാറാകാതെ അവർ അടച്ചുകൊണ്ടിരിക്കുന്ന അംശദായം ഇനിമുതൽ നാലിരട്ടി അടയ്ക്കണമെന്ന വ്യവസ്ഥ എങ്ങനെയാണ് തൊഴിലാളിക്ഷേമമാകുന്നത്? ഈ സമ്മേളനത്തിൽ ഇതുകൂടാതെ തൊഴിൽ വകുപ്പിനുകീഴിലുള്ള വിവിധ ക്ഷേമനിധി ബോർഡുകളുടേതായി ഏകദേശം എട്ടോളം ബില്ലുകൾ അവതരിപ്പിക്കപ്പെടുന്നുണ്ട്. ക്ഷേമനിധി ബോർഡുകളുടെ വരുമാനം വർദ്ധിപ്പിക്കാനും ഭരണച്ചെലവ് കണ്ടെത്താനുമാണ് ഈ ആക്ടുകൾ ഭേദഗതി

ചെയ്യുന്നത്. എല്ലാ ബില്ലിലെയും ഭേദഗതി തൊഴിലാളി അടച്ചുകൊണ്ടിരിക്കുന്ന അംശദായം പലമടങ്ങായി വർദ്ധിപ്പിച്ചുവെന്നതാണ്. ഈ പറയുന്ന ബില്ലുകളിൽ ഒരെണ്ണത്തിൽ മാത്രമാണ് സർക്കാർ ഗ്രാന്റിൽ നാമമാത്രമായ വർദ്ധനവ്, എങ്കിലും സർക്കാർ വർദ്ധനവ് തീരുമാനിച്ചിട്ടില്ല. ബാക്കി എട്ടോളം ബില്ലിൽ അവയുടെ ധനകാര്യ മെമ്മോറാണ്ടം പരിശോധിച്ചാൽ മനസ്സിലാകും ഒരു രൂപപോലും സർക്കാർ ഖജനാവിന് അധിക ബാധ്യതയുണ്ടാക്കുന്നില്ലെന്ന്. അതായത് സർക്കാർ ഗ്രാന്റിനത്തിൽ ഒരു നയാപൈസപോലും തൊഴിലാളികൾക്ക് നൽകാൻ തയ്യാറല്ല. ബോർഡിലെ ഉദ്യോഗസ്ഥരുടെ കാറിന് പെട്രോൾ വാങ്ങാൻ കഴിയാത്തതും അവർക്ക് ശമ്പളം നൽകാൻ കഴിയാത്തതുപോലുള്ള മുഴുവൻ ബാധ്യതയും തൊഴിലാളികളുടെ തലയിൽ അടിച്ചേൽപ്പിക്കാൻവേണ്ടി മാത്രമാണ് ഈ നിയമം ഭേദഗതി ചെയ്യുന്നത്. പതിറ്റാണ്ടുകൾ പഴക്കമുള്ള സർക്കാർ ഗ്രാന്റിന്റെ നിരക്ക് കാലോചിതമായി പരിഷ്കരിക്കാതെ തൊഴിലാളികളുടെ കയ്യിൽനിന്നുള്ള അംശദായം കൊണ്ടുമാത്രം ഈ ബോർഡുകളുടെ ദൈനംദിന ചെലവുകൾ നിർവ്വഹിക്കാമെന്ന് കരുതുന്നത് യഥാർത്ഥത്തിൽ തൊഴിലാളിവിരുദ്ധ നിലപാട് തന്നെയാണ്. അല്ലെങ്കിൽ അംശദായത്തിലുണ്ടാകുന്ന നാലിരട്ടി വർദ്ധനവിനാനുപാതികമായി തൊഴിലാളിക്ക് ലഭിക്കുന്ന ആനുകൂല്യവും നാലിരട്ടി വർദ്ധിപ്പിക്കുമോ എന്നതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി മറുപടി പ്രസംഗത്തിൽ പറയുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. കോവിഡ് മഹാമാരി എല്ലാ മേഖലയിലും പ്രതിസന്ധി സൃഷ്ടിച്ചെങ്കിലും നമ്മുടെ പരമ്പരാഗത തൊഴിൽ മേഖലയിൽ പ്രത്യേകിച്ച് ചെറിയ കയർ ഉൽപ്പാദകർ അങ്ങേയറ്റത്തെ പട്ടിണിയിലാണ്. രണ്ടാം പുനഃസംഘടന ആരംഭിച്ചിട്ടും കയർ മേഖലയിലെ അടിസ്ഥാന പ്രശ്നങ്ങൾക്ക് ഇനിയും പരിഹാരം കാണാൻ കഴിഞ്ഞിട്ടില്ല. സംസ്ഥാനത്തെ ചെറുകിട കയറുൽപ്പാദകരുടെ ഫാക്ടറികളിൽ ഡെഡ് സ്റ്റോക്കായി കെട്ടിക്കിടക്കുന്ന കയറുൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി ഇനിയും വിപണി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. അതുപോലെതന്നെ ചകിരി ഉൽപ്പാദനത്തിന്റെ സ്വയംപര്യാപ്തതയെന്നത് ഇപ്പോഴും വലിയ വെല്ലുവിളിയാണ്. ലഭ്യമായ തൊണ്ടിന്റെ അഞ്ച് ശതമാനം മാത്രമാണ് നമുക്ക് ചകിരിയാക്കാൻ കഴിയുന്നത്. ഇതെല്ലാം ഈ മേഖലയിലെ അടിസ്ഥാന പ്രശ്നങ്ങളാണ്. അവയൊന്നും പരിഹരിച്ചിട്ടില്ല. ഇപ്പോൾ വന്നിരിക്കുന്ന ഭേദഗതിയിൽ തൊഴിലാളികളുടെ അംശദായം വർദ്ധിപ്പിക്കുന്നതിന്റെ കൂടെത്തന്നെ സർക്കാർ ഗ്രാന്റും കാലോചിതമായി പരിഷ്കരിച്ച് നൽകേണ്ടതും അത്യാവശ്യമാണ്.

മറ്റൊന്ന്, 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ ആണ്. സംസ്ഥാനത്ത് ധാതുക്കളെ സംബന്ധിച്ച് തിരു-കൊച്ചി, മലബാർ പ്രദേശങ്ങളിൽ പ്രത്യേക നിയമം നിലനിൽക്കുന്നുണ്ട്. തിരു-കൊച്ചി പ്രദേശങ്ങളിൽ

തിരുവിതാംകൂർ, കൊച്ചിൻ വിളംബരങ്ങൾ നിലനിൽക്കുമ്പോൾ മലബാർ പ്രദേശത്ത് പ്രത്യേക നിയമമില്ലാത്തതുകൊണ്ടാണ് കോടതിവിധിയുടെ പശ്ചാത്തലത്തിൽ ഇവിടെ ഒരു നിയമം നിർമ്മിക്കേണ്ട സാഹചര്യമുണ്ടായത്. അതായത് സംസ്ഥാനത്ത് ആദ്യമായിട്ടാണ് ധാതുക്കളെ സംബന്ധിച്ച് ഒരു നിയമം നിർമ്മിക്കുന്നത്. എന്നാൽ സംസ്ഥാനത്തിന് ഏകീകൃതമായ ഒരു നിയമനിർമ്മാണമാണ് യഥാർത്ഥത്തിൽ നടത്തേണ്ടിയിരുന്നത്.

മി. ചെയർമാൻ: സമയക്ലിപ്തത പാലിച്ച് പോകുന്നതായിരിക്കും നല്ലത്. പന്ത്രണ്ട് മിനിട്ടായി.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, അങ്ങനെയൊരു സമയക്ലിപ്തത ഇല്ലല്ലോ? ഞാൻ വിയോജനക്കുറിപ്പ് എഴുതിയതാണ്. എനിക്ക് പറയാനുള്ളതെല്ലാം പറയണം.

മി. ചെയർമാൻ: പറയാനുള്ളത് മുഴുവനും പറയാം. ഈ വിഷയം സബ്ജക്ട് കമ്മിറ്റിയിൽ പോയി തിരിച്ചുവന്നതാണ്. നാല് ബില്ലുകൾ ഇന്നുണ്ട്. അതുമാനിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ സഹകരിക്കണം.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, നാല് ബില്ലും ഒരുമിച്ചാണ് സംസാരിക്കുന്നത്. കാര്യങ്ങളാണ് പറയുന്നത്. വേറെയൊന്നും പറയുന്നില്ലല്ലോ? സംസ്ഥാനത്ത് ആദ്യമായിട്ടാണ് ധാതുക്കളെ സംബന്ധിച്ച് ഒരു നിയമം നിർമ്മിക്കുന്നത്. എന്നാൽ സംസ്ഥാനത്ത് ഏകീകൃതമായ ഒരു നിയമനിർമ്മാണം നടത്തുകയായിരുന്നു യഥാർത്ഥത്തിൽ വേണ്ടിയിരുന്നത്. അതിനുപകരം തിരു-കൊച്ചി നിയമങ്ങൾ ഇവിടെ നിലനിർത്തിക്കൊണ്ട് അവധാനതയില്ലാതെ മലബാർ പ്രദേശത്തിനു വേണ്ടി മാത്രം മറ്റൊരു നിയമം നിർമ്മിക്കുകയാണ് ചെയ്തത്. ഇത് എങ്ങനെയാണ് ശരിയാകുക? തിരുവിതാംകൂർ, കൊച്ചി വിളംബരങ്ങൾ നടന്നിട്ട് നൂറ്റാണ്ടുകൾ പിന്നിട്ടിരിക്കുന്നു. അന്നത്തെ സാമൂഹിക സാഹചര്യമല്ല ഇന്ന് സംസ്ഥാനത്ത് നിലനിൽക്കുന്നത്. ഈ രണ്ട് വിളംബരങ്ങളിലേയും പല വ്യവസ്ഥകളും ബാധകമാക്കിക്കൊണ്ട് പുതിയ നിയമം നിർമ്മിക്കുമ്പോൾ പുലർത്തേണ്ടിയിരുന്ന ജാഗ്രത ഈ നിയമനിർമ്മാണത്തിലുണ്ടായിട്ടില്ല എന്നത് ഖേദകരമാണ്. ഉദാഹരണത്തിന് 'ധാതുക്കൾ' എന്നതിന് കൃത്യമായ നിർവ്വചനം ഈ നിയമത്തിൽ നൽകിയിട്ടില്ല. കൊച്ചി വിളംബരത്തിൽ 'ധാതുക്കളിൽ' നിന്നും 'ക്ലേ' എന്നത് ഒഴിവാക്കിയിരുന്നു. കളിമൺപാത്ര നിർമ്മാതാക്കളായ കുലത്തൊഴിലുകാരെ ഉദ്ദേശിച്ചാണ് അന്ന് അങ്ങനെ ചെയ്തത്. എന്നാൽ ഇവിടെ ഇന്ന് പാസ്സാക്കാൻ പോകുന്ന നിയമത്തിൽ 'ധാതുക്കൾ' എന്നതിന് നിർവ്വചനം നൽകുകയോ അല്ലെങ്കിൽ ഏതെല്ലാം ധാതുക്കളെ ഏറ്റെടുക്കൽ പരിധിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ടെന്ന് പറയുകയോ ചെയ്തിട്ടില്ല. ഇതുപ്രകാരമാണെങ്കിൽ കളിമണ്ണും മണലും ചെങ്കല്ലുമൊക്കെ ഇതിന്റെ

പരിധിയിൽവരും. ഇത്തരം ധാതുക്കളുള്ള എല്ലാ പ്രദേശത്തെയും ധാതുക്കൾ സർക്കാരിന് ഏറ്റെടുക്കാൻ കഴിയും. പ്രത്യേകിച്ച് മലബാർ പ്രദേശത്തെ പലരും ചെങ്കല്ലുകൊണ്ടുള്ള വീടുകൾ നിർമ്മിക്കുന്നവരാണ്. സ്വന്തം വീട്ടുവളപ്പിൽനിന്നുതന്നെ ആവശ്യത്തിന് കല്ല് വെട്ടിയാണ് അവർ ഉപയോഗിക്കുന്നത്. ചെങ്കല്ലുപോലെ സർവ്വസാധാരണമായ ധാതുക്കളുണ്ടെന്നപേരിൽ സ്വകാര്യവ്യക്തികളുടെ സ്ഥലങ്ങൾ ഖനനത്തിനായി ഭാവിയിൽ ഏറ്റെടുക്കേണ്ട സാഹചര്യംവരും. അതുകൊണ്ട് ഈ നിയമത്തിൽ ഒഴിവാക്കേണ്ട ധാതുക്കൾ ഏതൊക്കെയാണെന്ന് കൃത്യമായി പറയണം. അതുപോലെ ധാതുക്കൾ ഏറ്റെടുക്കുന്നതിനെക്കുറിച്ച് മാത്രമാണ് ബില്ലിൽ പറയുന്നത്. അത് ഏറ്റെടുക്കുന്നതുമൂലം സ്വകാര്യ വസ്തുവിലുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഏതെങ്കിലും രീതിയിൽ കോമ്പൻസേഷൻ നൽകുമോയെന്നും വ്യവസ്ഥ ചെയ്തിട്ടില്ല. സാധാരണക്കാരന്റെ ജീവിതത്തിൽ ദൂരവ്യാപക പ്രത്യാഘാതമുണ്ടാക്കുന്ന ഒരു നിയമമായിരിക്കുമിത്. ഈ നിയമം നിർമ്മിക്കുന്നയവസരത്തിൽ പൊതുജന താൽപ്പര്യാർത്ഥം കാണിക്കേണ്ട യാതൊരു ജാഗ്രതയും കാണിച്ചിട്ടില്ല. നിയമ നിർമ്മാണ അവസരത്തിൽത്തന്നെ അത് ചെയ്തില്ലെങ്കിൽ ചട്ടങ്ങളുണ്ടാക്കുന്ന അവസരത്തിൽ ഉദ്യോഗസ്ഥർ എന്തൊക്കെയാണ് ഇതിന് ചെയ്യാൻ പോകുന്നതെന്ന് കണ്ടറിയേണ്ടിയിരിക്കുന്നു. ഈ സെഷനിൽത്തന്നെ നാൽപ്പതോളം ബില്ലുകളാണ് നമ്മൾ പാസ്സാക്കുന്നത്. മിക്ക ബില്ലുകളിലും കാര്യമായ ചർച്ചയൊന്നും നടക്കുന്നില്ല. ഇന്ന് കാണിക്കുന്ന അലംഭാവത്തിന് ഭാവിയിൽ പൊതുജനങ്ങൾ സഫർ ചെയ്യേണ്ടിവരുമെന്ന കാര്യം നമ്മൾ മറക്കരുത്. ഒരു സമഗ്ര നിയമത്തിനുള്ള സാധ്യത പ്രയോജനപ്പെടുത്താതിരുന്നതിനാൽ ബില്ലിലെ വ്യവസ്ഥകളോടുള്ള വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലും 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബില്ലും 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബില്ലും സംബന്ധിച്ച വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുന്നു.

വിയോജനക്കുറിപ്പിലെ പ്രധാനപ്പെട്ട കാര്യങ്ങൾ ബഹുമാന്യനായ അംഗം മഞ്ഞളാംകുഴി അലി ഇവിടെ വിശദമാക്കിയിരുന്നു. കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലുമായി ബന്ധപ്പെട്ട് ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ പറയുന്നത്, കേരള കയർ തൊഴിലാളി ക്ഷേമനിധിയുടെ സാമ്പത്തിക സ്രോതസ്സ് വർദ്ധിപ്പിക്കുന്നതിനുവേണ്ടിയാണ് പ്രിൻസിപ്പൽ ആക്ടിലെ സെക്ഷൻ 4-ൽ തൊഴിലാളിയുടെ അംശദായം 5 രൂപയായിരുന്നത് 20 രൂപയാക്കി മാറ്റുന്നത് എന്നാണ്. ഇവിടെ തൊഴിലാളിയുടെ അംശദായം 5 രൂപയിൽനിന്നും 20 രൂപയാക്കി മാറ്റുമ്പോൾ

ഗവൺമെന്റിനെ സംബന്ധിച്ച് തൊഴിലാളിയുടെ അംശദായത്തിന്റെ 50 ശതമാനമാണ് വരുന്നത്. തൊഴിലാളിയുടെ കയ്യിൽനിന്നും കൂടുതൽ വാങ്ങുകയും ഗവൺമെന്റിന്റെ വിഹിതം കുറയ്ക്കുകയും ചെയ്യുന്ന നടപടി തൊഴിലാളിവിരുദ്ധ സമീപനമാണ്. അതിനുപകരം തൊഴിലാളിയുടെ അംശദായത്തിന് ആനുപാതികമായ ഗവൺമെന്റ് ഗ്രാന്റുംകൂടി വർദ്ധിപ്പിച്ചുകൊണ്ട് ഈ ക്ഷേമനിധിയെ കൂടുതൽ ശക്തിപ്പെടുത്തുന്ന ഒരു സാഹചര്യം സൃഷ്ടിക്കുകയായിരുന്നു നിയമനിർമ്മാണത്തിന്റെ വേളയിൽ ചെയ്യേണ്ടിയിരുന്നതെന്ന വിയോജനമാണ് ആദ്യമായി രേഖപ്പെടുത്തുന്നത്. സബ്ജക്ട് കമ്മിറ്റിക്കുശേഷം അതിലൊരു കാര്യംകൂടി കൂട്ടിച്ചേർത്തത് ആമുഖമായി സംസാരിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. ഓരോ തവണയും ഇങ്ങനെ അംശദായത്തിന്റെ തുക മാറുമ്പോൾ അല്ലെങ്കിൽ ഗ്രാന്റ് കൂട്ടുമ്പോൾ നിയമസഭയിൽവന്ന് നിയമം പാസ്സാക്കുന്നതിനുള്ള ബുദ്ധിമുട്ട് മറികടക്കുന്നതിനുവേണ്ടി പിന്നീട് നോട്ടിഫിക്കേഷൻ വഴിയോ മറ്റ് അനുവദനീയമായ മാർഗ്ഗങ്ങളിൽക്കൂടിയോ കൊണ്ടുവന്നാൽ മതിയെന്ന ഒരു ഭേദഗതികൂടി ഇതിൽ വന്നിട്ടുണ്ട്. സ്ഥിരമായി ഇങ്ങനെ തൊഴിലാളിയുടെ അംശദായം വർദ്ധിപ്പിക്കുന്നതിനുള്ള ഒരവസരമാക്കി ഈ ഭേദഗതി മാറരുതെന്നകാര്യം ഈ നിയമനിർമ്മാണ വേളയിൽ ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവരികയാണ്. ഇനി നോട്ടിഫിക്കേഷനോ ഗസറ്റോ വന്നതിനുശേഷം നിയമസഭമുമ്പാകെ അത് കൊണ്ടുവരണമെന്നൊരു കാര്യമുണ്ട്. പക്ഷെ ഇന്നത്തെ ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് പ്രകാരമാണെങ്കിൽ പലതും രണ്ടും മൂന്നും നാലും വർഷങ്ങൾക്കുശേഷമാണ് നിയമസഭയുടെ മുമ്പാകെവരുന്നത്. അപ്പോൾ നിയമസഭയുടെ നിയമനിർമ്മാണത്തിൽക്കൂടിയല്ലാതെ അംശദായം വർദ്ധിപ്പിക്കുന്ന തടക്കമുള്ള കാര്യങ്ങൾ നടക്കുകയും യഥാസമയം നിയമസഭ അറിയാതെ പോകുകയും ചെയ്യുന്ന സാഹചര്യം നല്ല ഉദ്ദേശ്യത്തോടുകൂടി, നിയമസഭയുടെ വിലപ്പെട്ട സമയം ലാഭിക്കാൻ വേണ്ടി, സൗകര്യപ്രദമായിട്ടാണ് ചെയ്യുന്നതെങ്കിലും ഭാവിയിൽ അത് ദുർവ്യാഖ്യാനം ചെയ്ത് ദുരുപയോഗം ചെയ്യപ്പെടാതിരിക്കാനുള്ള ജാഗ്രത ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഞാൻ ഈയവസരത്തിൽ ഗവൺമെന്റിന്റെയും അങ്ങയുടെയും ശ്രദ്ധയിൽപ്പെടുത്തുകയാണ്. അങ്ങ് ഇക്കാര്യം ഒരു ഒഫിഷ്യൽ അമന്റ്മെന്റായി കൊണ്ടുവരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ആനുകൂല്യ വർദ്ധനവിനല്ലാതെ അംശദായം വർദ്ധിപ്പിക്കാൻ പാടില്ലെന്ന് കൃത്യമായി ഇതിൽ കൊണ്ടുവന്നാൽ അങ്ങ് തൊഴിലാളികളോട് ദീർഘവീക്ഷണത്തോടുകൂടി ചെയ്യുന്ന ഒരു തീരുമാനമാകുകയും എല്ലാ ക്ഷേമനിധിക്കും അത് ബാധകമാകുകയും ചെയ്യും. ആനുകൂല്യ വർദ്ധനവിനല്ലാതെ അംശദായം വർദ്ധിപ്പിക്കുകയില്ല. ഇത് ഞാൻ പറയുന്നത് എന്തുകൊണ്ടാണ്? ഇവിടെ അംശദായം വർദ്ധിപ്പിക്കുമ്പോൾ ഈ ക്ഷേമനിധിവഴി തൊഴിലാളിക്ക് കിട്ടുന്ന ആനുകൂല്യത്തിൽ എന്തെങ്കിലും വർദ്ധനവുണ്ടോ? ഒരു വർദ്ധനവുമില്ല. പിന്നെ എന്തിനുവേണ്ടിയാണ്

ഈ സാമ്പത്തിക സ്രോതസ്സ് വർദ്ധിപ്പിക്കുന്നത്? അവിടത്തെ ജീവനക്കാർക്ക് ശമ്പളപരിഷ്കരണംവഴി വർദ്ധിപ്പിച്ച ശമ്പളം നൽകാൻ പണം തികയാതെ വരുന്നു. ആ ക്ഷേമനിധി ബോർഡിലെ ചെയർമാന് അല്ലെങ്കിൽ ബോർഡ് അംഗങ്ങൾക്ക് അവരുടെ ആനുകൂല്യങ്ങൾക്കും സൗകര്യങ്ങൾക്കുംവേണ്ടി ക്ഷേമനിധിയിലെ പണം തികയാതെവരുന്നു. ഇതിനുവേണ്ടിയാണ് അംശദായം വർദ്ധിപ്പിക്കാൻവേണ്ടിയുള്ള തീരുമാനത്തിലേയ്ക്ക് പോകുന്നത്. ക്ഷേമനിധിയിലെ അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് എത്രയാണ്? അങ്ങ് മറുപടി പറയുമ്പോൾ അക്കാര്യം സഭയെ അറിയിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. ഈ ക്ഷേമനിധികളിലെല്ലാം ഈ രൂപത്തിൽ ആകെ ലഭിക്കുന്ന വരുമാനത്തിന്റെ എത്ര ശതമാണ് അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസായി പോകുന്നത്? അത്തരത്തിൽ ക്ഷേമനിധിയുടെ വരുമാനത്തിന്റെ ബഹുഭൂരിപക്ഷവും അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസായി പോയതിനുശേഷം ഈ ക്ഷേമനിധിയിൽ അംഗമാകുന്ന തൊഴിലാളികൾക്കുവേണ്ടി എത്ര തുക മാറ്റി വയ്ക്കാനുണ്ടാകും?

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ബഹുമാനപ്പെട്ട അംഗം പി. സി. വിഷ്ണുനാഥ് ചൂണ്ടിക്കാണിച്ചത് വളരെ ഗൗരവമുള്ള ഒരു പ്രശ്നമാണ്. ഇവിടെ അനവധി ക്ഷേമനിധികൾ ഒരേ സ്വഭാവത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിന് ഓരോന്നിനും ചെയർമാൻ, എക്സിക്യൂട്ടീവ് ഓഫീസർ, മറ്റ് ഉദ്യോഗസ്ഥർ, വാഹനങ്ങൾ എന്നിവയുണ്ട്. എൽ.ഡി.എഫ്.-ന്റെതന്നെ പ്രകടന പത്രികയിൽ ഇത്തരത്തിലുള്ള ക്ഷേമനിധികൾ സംയോജിപ്പിച്ച് ഒറ്റ ക്ഷേമനിധിയാക്കാൻ നടപടി സ്വീകരിക്കുമെന്ന് നേരത്തെ പ്രഖ്യാപിച്ചിരുന്നു. പക്ഷേ അത്തരം നടപടികളൊന്നും ഇതുവരെയുണ്ടായിട്ടില്ല. ഇതെല്ലാം യഥാർത്ഥത്തിൽ തൊഴിലാളിക്കുകിട്ടേണ്ട ആനുകൂല്യം നഷ്ടപ്പെടുത്തുകയും അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് വർദ്ധിപ്പിക്കുകയും ചെയ്യുന്ന നടപടിയാണ്. ഇതല്ലേ അങ്ങ് സൂചിപ്പിച്ചത്?

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഇതുതന്നെയാണ് ഞാനും സൂചിപ്പിച്ചത്. കാരണം സമാനസ്വഭാവമുള്ള ക്ഷേമനിധികളെ ഒന്നിപ്പിക്കണമെന്ന രണ്ട് റിപ്പോർട്ടുകൾ ഗവൺമെന്റിന്റെ കയ്യിലുണ്ട്. അതിൽ ചിലതിൽ ചില തീരുമാനങ്ങളെടുത്തതായി ഞാൻ മനസ്സിലാക്കുന്നുണ്ട്. പക്ഷെ ബഹുഭൂരിപക്ഷവും പാവപ്പെട്ട ഈ തൊഴിലാളികളിൽനിന്നും അംശദായം വാങ്ങുകയും ഈ ക്ഷേമനിധിയിലേയ്ക്ക് പിൻവാതിൽ വഴി ഇഷ്ടക്കാരെ നിയമിക്കുകയുമാണ്. പി.എസ്.സി. വഴിയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ അല്ലാതെയോ ആളുകളെ നിയമിച്ചശേഷം അവർക്ക് ശമ്പളം, ആനുകൂല്യം എന്നിവ കൊടുക്കുന്നതിനും ചെയർമാനും മറ്റംഗങ്ങൾക്കും അവരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുംവേണ്ടി ഈ ക്ഷേമനിധിയിലെ തൊഴിലാളിയുടെ വിഹിതത്തെ ഉപയോഗിക്കുകയാണ്. അതുകൊണ്ടാണ് എല്ലാ ക്ഷേമനിധിക്കും

ബാധകമാകുന്ന രൂപത്തിൽ ഒരു ഭേദഗതികൂടി അങ്ങേയ്ക്ക് നിയമനിർമ്മാണത്തിന്റെ വേളയിൽ കൊണ്ടുവരാമെന്ന് ഞാൻ പറഞ്ഞത്. ഈ ക്ഷേമനിധിയിൽ ലഭിക്കുന്ന വരുമാനത്തിന്റെ പത്ത് ശതമാനം മാത്രമേ അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസിനു വേണ്ടി ഉപയോഗിക്കാൻ പാടുള്ളൂവെന്നൊരു തീരുമാനമെടുത്താൽമതി. 90 ശതമാനവും തൊഴിലാളി ക്ഷേമത്തിനുവേണ്ടി വിനിയോഗിക്കുകയും 10 ശതമാനം മാത്രം അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസിനുവേണ്ടി മാറ്റിവയ്ക്കുകയും ചെയ്യണമെന്നൊരു അമെന്റ്മെന്റുകൂടി അങ്ങേയ്ക്ക് ഈ നിയമത്തിൽത്തന്നെ കൂട്ടിച്ചേർക്കാൻ കഴിയുന്നതാണ്. ഇവിടെ മറ്റ് ചെലവുകളായ ശമ്പളം നൽകുന്നതിനും ചെയർമാന്റെയും അംഗങ്ങളുടെയും സൗകര്യങ്ങൾക്കുംവേണ്ടി മാറ്റിവയ്ക്കുന്ന തുക ഈ വരുമാനത്തിൽനിന്നും എടുക്കാതെ റവന്യൂ എക്സ്പെൻഡിച്ചറിൽനിന്നും പോകട്ടെ. പാവപ്പെട്ട കയർ തൊഴിലാളിയുടെ ദുരിതങ്ങളെക്കുറിച്ച് പറയാൻ സമയക്കുറവുള്ളതുകൊണ്ടാണ് പറയാത്തത്. കഷ്ടപ്പെടുന്ന കയർ തൊഴിലാളിയുടെ അംശദായത്തിൽനിന്നും ഇവർ തിന്നു കൊഴുക്കാതെ അത് റവന്യൂ എക്സ്പെൻഡിച്ചറിൽനിന്നും മാറ്റിവയ്ക്കണം. ഈ അംശദായത്തിൽനിന്നും ഗവൺമെന്റ് ഗ്രാന്റിൽനിന്നും മറ്റ് രൂപത്തിൽനിന്നും ലഭിക്കുന്ന വരുമാനമെല്ലാം തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടിത്തന്നെ ഉപയോഗിക്കണം. ഇത് തൊഴിലാളി ക്ഷേമനിധിയാണല്ലോ? ഇപ്പോൾ ഏഴെട്ട് ക്ഷേമനിധി (ഭേദഗതി) ബില്ലുകൾ ഈ സെഷനിൽത്തന്നെ വന്നിട്ടുണ്ട്. നോക്കിയാൽ മനസ്സിലാകും, എല്ലാം ഡിറ്റോയാണ്. ഒരേപോലെയുള്ള പ്രവർത്തന രീതിയും ആനുകൂല്യങ്ങളുമാണ്. ജനാധിപത്യമൊക്കെ ഇത്രയും പുരോഗമിച്ച് നമ്മൾ മുന്നോട്ട് പോയതിനുശേഷവും കയർ, കശുവണ്ടി, കള്ള് മുതലായ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് ക്ഷേമനിധികൾവഴി ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ 1987-ൽ ഇതിന്റെ പ്രിൻസിപ്പൽ ആക്ട് പാസ്സാക്കിയ അതേരീതിയിൽത്തന്നെ നിൽക്കുകയാണ്. 1987-ൽനിന്ന് 2021-ലേയ്ക്ക് എത്തിയിട്ടും ഇവർക്ക് ലഭ്യമാക്കുന്ന ആനുകൂല്യങ്ങളിലും ക്ഷേമങ്ങളിലും യാതൊരു മാറ്റവുമുണ്ടാകുന്നില്ല. അത് അങ്ങനെതന്നെ നിൽക്കുകയാണ്. ഉദാഹരണത്തിന്, കയർ തൊഴിലാളികളുടെ മക്കൾ ഹയർ എഡ്യുക്കേഷന് പോകുന്നുണ്ട്. ഹയർ എഡ്യുക്കേഷന് പോകുന്ന എല്ലാവർക്കും സ്കോളർഷിപ്പ് കൊടുക്കണമെന്ന് പറയുന്നില്ല, പക്ഷെ ഒരു നിശ്ചിത എണ്ണം തൊഴിലാളികളുടെ മക്കൾക്ക് കയർ തൊഴിലാളി ക്ഷേമനിധിയിൽനിന്ന് സ്കോളർഷിപ്പ് കൊടുക്കാനുള്ള തീരുമാനമെടുക്കണ്ടേ? അതിനുപകരം പഴയ 7,500, 10,000 രൂപതന്നെയാണ് നിലനിൽക്കുന്നത്. അതിൽനിന്നും വ്യത്യസ്തമായി ഈ ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിനടക്കം സ്കോളർഷിപ്പ് കൊടുക്കാനുള്ള തീരുമാനങ്ങൾ ഇതിന്റെ ഭാഗമായി കൂട്ടിച്ചേർക്കണം. അപ്പോഴാണ് ക്ഷേമനിധിയെന്ന അർത്ഥം പൂർണ്ണമാകുന്നത്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 3,000 രൂപ മാത്രമാണ് സ്കോളർഷിപ്പ് നൽകുന്നതെന്ന കാര്യം അറിയാമോ?

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, മറ്റ് ക്ഷേമനിധികളിൽനിന്നും വ്യത്യസ്തമായി കയർ തൊഴിലാളി ക്ഷേമനിധിയിൽനിന്ന് പിരിഞ്ഞുപോകുന്ന തൊഴിലാളികൾക്ക് അവർ അടച്ച പണവും അതിനോടൊപ്പം ഒരു തുകയും ചേർത്ത് റിട്ടയർമെന്റ് ബെനിഫിറ്റെന്ന നിലയിൽ കൊടുക്കുന്നതിനെക്കുറിച്ച് അങ്ങേയ്ക്ക് ധാരണയുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, റിട്ടയർമെന്റ് ബെനിഫിറ്റ് എന്നുപറയുന്നത്, only a meagre amount ആണെന്ന കാര്യം ശ്രീ. പി. പി. ചിത്തരഞ്ജന് അറിയില്ലേ?

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഇവർ അടയ്ക്കുന്ന തുക ഏറ്റവും ചെറുതാണെന്നുള്ള കാര്യം അങ്ങേയ്ക്ക് അറിഞ്ഞുകൂടേ? കയർ തൊഴിലാളി ക്ഷേമനിധി മറ്റ് ക്ഷേമനിധികളിൽനിന്നും വ്യത്യസ്തമായി ചെയ്യുന്ന ഒരു കാര്യം ഞാൻ ശ്രദ്ധയിൽപ്പെടുത്തിയതാണ്, അങ്ങേയ്ക്ക് അറിയാമോയെന്ന് ചോദിച്ചതാണ്. മറ്റ് പല ക്ഷേമനിധികളിലും അംശദായമെന്നത് വളരെ വലിയ തുകയാകുമ്പോൾ കയർ തൊഴിലാളി ക്ഷേമനിധിയിൽ ചെറിയൊരു തുക മാത്രമാണ് തൊഴിലാളികൾ അടയ്ക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ആഗ്രഹിച്ചത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, അങ്ങയുടെ ചോദ്യത്തിനും മുൻ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല എന്നോട് ചോദിച്ച ചോദ്യത്തിനും കൂട്ടിച്ചേർത്ത് മറുപടി പറയാം. റിട്ടയർമെന്റ് ബെനിഫിറ്റ് എത്ര തുച്ഛമാണെന്ന കാര്യം എടുത്തുപറയുമ്പോൾ ഈ നിയമസഭയിൽനിന്ന് നാൽപ്പത് വർഷംമുമ്പ് പിരിഞ്ഞുപോയ ആൾ ഇപ്പോഴും പെൻഷൻ വാങ്ങുന്നുണ്ട്. അവർ അന്ന് 650-700 രൂപയാണ് ശമ്പളമായി വാങ്ങിച്ചിരുന്നത്. എന്നാൽ അവർ ഇപ്പോൾ 65,000 രൂപ പെൻഷൻ വാങ്ങുന്നുണ്ട്. കാരണം, ശമ്പള പരിഷ്കരണം നടക്കുമ്പോൾ പെൻഷൻ പരിഷ്കരണവുമുണ്ടാകും. ഇപ്പോഴും കയർ തൊഴിലാളികൾക്ക് പെൻഷനായി 1,600 രൂപയും അതിനോടുചേർന്ന് കൊടുക്കുന്ന തുച്ഛമായ ആനുകൂല്യത്തെക്കുറിച്ചും നമ്മൾ വല്ലാതെ അഭിമാനിക്കേണ്ട കാര്യമില്ലെന്നേയുള്ളൂ. അങ്ങ് പറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് നല്ല കാര്യമാണ്. മറ്റ് മേഖലകളുമായി താരതമ്യം ചെയ്യുമ്പോൾ തൊഴിലാളികളുടെ കാര്യത്തിൽ അഭിമാനിക്കാൻ തക്കതായൊന്നും നമ്മൾ ചെയ്യുന്നില്ല. നമ്മൾ എന്നതന്നെയാണ് ഞാൻ പറഞ്ഞത്. ഇതാണ് ഞാൻ ഇവിടെ സൂചിപ്പിച്ചത്. മൂന്ന് കാര്യങ്ങളിൽ ഒന്ന്, ആനുകൂല്യ വർദ്ധനവിനല്ലാതെ

അംശദായം വർദ്ധിപ്പിക്കില്ല എന്നൊരു ഒഫീഷ്യൽ അമെൻമെന്റ് കൊണ്ടുവരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. രണ്ട്, അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് 10 ശതമാനത്തിന് മുകളിലേയ്ക്കുണ്ടാകാൻ പാടില്ല. അതുപോലെ നേരത്തെ സൂചിപ്പിച്ച 3000 രൂപ മാത്രമാണ് ഹയർ എഡ്യുക്കേഷനുവേണ്ടി കിട്ടുന്നത്.

മി. ചെയർമാൻ: യെസ് പ്ലീസ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, എന്റെ ഒരു ബില്ലിന്റെ കാര്യമേ ഞാൻ പറഞ്ഞിട്ടുള്ളൂ. ഇനി രണ്ട് ബില്ലുകൾ കൂടിയുണ്ട്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, അങ്ങ് ക്ഷേമനിധികളുടെ ചെലവ് വർദ്ധിക്കുന്നതിനെക്കുറിച്ച് പറഞ്ഞു. കയറുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളായ Coirfed, Foam Mattings (India) Ltd., Kerala State Coir Machinery Manufacturing Company Limited എന്നിങ്ങനെയുള്ള സ്ഥാപനങ്ങളിലെല്ലാം വലിയതോതിലുള്ള ക്രമക്കേടുകൾ നടക്കുന്നതിനെക്കുറിച്ചും അനധികൃത നിയമനത്തെ കുറിച്ചും വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിക്ക് കത്ത് കൊടുത്തിട്ടുണ്ട്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, വ്യവസായ വകുപ്പുമന്ത്രിക്ക് ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് കത്ത് കൊടുത്തിട്ടുണ്ടെന്ന് മാത്രമല്ല ആലപ്പുഴ ജില്ലയിൽ അതുസംബന്ധിച്ച് വലിയ സമരങ്ങൾ നടക്കുന്നുമുണ്ട്. അതിൽ രാഷ്ട്രീയ വ്യത്യാസമില്ലാതെ ആളുകൾ പങ്കെടുക്കുന്നുണ്ട്. അക്കാര്യം വളരെ ഗൗരവത്തോടുകൂടി ഈ സഭയുടെ മുമ്പാകെ കൊണ്ടുവന്നിട്ടുള്ളതാണ്. 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ, 1881 ജൂൺ 14-ലെ തിരുവിതാംകൂർ വിളംബരത്തിന്റെയും 1905-ലെ കൊച്ചി വിളംബരത്തിന്റെയും സമയത്ത് മലബാർ പ്രദേശങ്ങൾ മദ്രാസ് പ്രോവിൻസിന്റെ ഭാഗമായിരുന്നു. അതുമാത്രമല്ല, അത്തരത്തിലൊരു പ്രൊക്ലമേഷൻ ആ മേഖലയിലുണ്ടാകാത്തതുമൂലം സുപ്രീം കോടതിയിലെ നിയമ വ്യവഹാരങ്ങളുമായി ബന്ധപ്പെട്ട് ചില വിധി വന്നപ്പോൾ അടിയന്തരമായി നമ്മൾ ഓർഡിനൻസ് കൊണ്ടുവന്നു. ആ സമയത്ത് അത് ആവശ്യമായിരുന്നു, അല്ലെങ്കിൽ ആ അധികാരം സ്റ്റേറ്റിന് നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകുമായിരുന്നു. എന്നാൽ പിന്നീട് നിയമനിർമ്മാണം നടത്തുമ്പോൾ ഒരു സമഗ്രമായ നിയമനിർമ്മാണമല്ലേ നടത്തേ ണ്ടതെന്ന് നമ്മൾ പരിശോധിക്കണം. കാരണം, കേരളത്തിൽ തുടർച്ചയായി നാലാം വർഷവും പ്രകൃതി ദുരന്തങ്ങൾകൊണ്ട് മനുഷ്യ ജീവൻ നഷ്ടപ്പെടുന്നു, വീടുകൾ തകരുന്നു, ആളുകൾക്ക് മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യംവന്നു, ഇന്ന് ഈ സഭയിൽത്തന്നെ അടിയന്തരപ്രമേയമായി കൊണ്ടുവന്നു. ശ്രീ. തിരുവഞ്ചൂർ

രാധാകൃഷ്ണനും ബഹുമാന്യനായ പ്രതിപക്ഷനേതാവും അക്കാര്യം ഗൗരവത്തോടുകൂടി സഭയുടെ ശ്രദ്ധയിൽപ്പെടുത്തി. ഈ സന്ദർഭത്തിലാണ് ഭൂമിക്കടിയിലെ ധാതുക്കളുടെ അവകാശങ്ങളെ സംബന്ധിച്ച ഒരു ബിൽ കൊണ്ടുവരുന്നത്. കേരളത്തിലെ കാലാവസ്ഥാ സുരക്ഷിതത്വം ഇല്ലാതായിരിക്കുകയാണ്. അറബിക്കടലിൽ സംഭവിക്കുന്ന അസന്തുലിതാവസ്ഥ, പശ്ചിമഘട്ടത്തിലെ പരിക്കുകൾ, ആഗോള താപനത്തിന്റെ ഭാഗമായി സംഭവിക്കുന്ന മാറ്റങ്ങൾ, ഓഷ്യൻ വാമിംഗ് എന്നിവമൂലം നമ്മൾ കൂടുതൽ സൈക്ലോൺ പ്രോണായി മാറിക്കഴിഞ്ഞിരിക്കുന്നു. കുട്ടനാട്ടിലെപോലെ പലായനത്തിന്റേതായ പ്രശ്നങ്ങൾ, മണ്ണിടിച്ചിലിലും മലവെള്ളത്തിലും പൊറുതിമുട്ടുന്ന മനുഷ്യർ, കടൽക്ഷോഭത്തിൽ പൊറുതിമുട്ടുന്ന മത്സ്യത്തൊഴിലാളികൾ ഇങ്ങനെയുള്ള സാഹചര്യങ്ങൾ പരിഗണിച്ചുകൊണ്ട് നമ്മുടെ പാരിസ്ഥിതികമായ അപകടങ്ങളെ ഉൾക്കൊണ്ടുകൊണ്ട് ദീർഘദർശനത്തോടുകൂടി സമഗ്രമായ നിയമനിർമ്മാണത്തിന്റെ സുവർണ്ണാവസരത്തെ നമ്മൾ പാഴാക്കിക്കളഞ്ഞു. തിരുവിതാംകൂറിലും കൊച്ചിയിലും പ്രൊക്ലമേഷനുണ്ടായി, മലബാറിലുണ്ടായില്ല. അതുകൊണ്ട് ഇതുകൂടെ കൂട്ടിച്ചേർക്കുന്ന ഒരു എളുപ്പ നിയമനിർമ്മാണത്തിനപ്പുറത്തേയ്ക്ക് ഗൗരവമായ ഒരു നിയമനിർമ്മാണത്തിന്റെ സമയമായിരുന്നു ഇപ്പോൾ. അല്ലെങ്കിൽ പിന്നെ എപ്പോഴാണ് സമഗ്രമായ ഒരു നിയമനിർമ്മാണത്തിലേയ്ക്ക് പോകേണ്ടത്? വരാൻ പോകുന്ന 20 വർഷവും കേരളത്തിൽ അതിഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാകാൻ പോകുകയാണെന്ന മുന്നറിയിപ്പാണ് Intergovernmental Panel on Climate Change (IPCC)-ന്റെ ഏറ്റവും പുതിയ റിപ്പോർട്ടിൽ വന്നിരിക്കുന്നത്. അതുമാത്രമല്ല, Indian Institute Of Tropical Meteorology (IITM), Pune നടത്തിയ പഠനത്തിൽ മധ്യകേരളത്തിൽ അതിതീവ്രമായ മഴ വർദ്ധിച്ചുവരുന്നു, ഉരുൾപൊട്ടലിനും വെള്ളപ്പൊക്കത്തിനുമുള്ള സാദ്ധ്യതകൾ വർദ്ധിക്കുന്നുവെന്ന് പറയുന്നു. നമ്മുടെ ക്വാറികളെ സംബന്ധിച്ചപോലും ഗവൺമെന്റ് എടുത്തിട്ടുള്ള തീരുമാനങ്ങൾ പരിസ്ഥിതിക്ക് എത്രമേൽ അപകടകരമായിരുന്നുവെന്ന് കാണാൻ കഴിയും. കരിമണൽ ഖനനവുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലയിൽ വലിയ സമരങ്ങൾ നടക്കുകയാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഇന്ന് ശ്രീമതി കെ. കെ. രമ ഉന്നയിച്ച ശ്രദ്ധക്ഷണിക്കലിന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടി എന്നെ അത്ഭുതപ്പെടുത്തി. ഞാൻ അത് പുറത്തുനിന്ന് കേട്ടുകൊണ്ടിരിക്കുകയായിരുന്നു. കരിമണൽ ഖനനവുമായി ബന്ധപ്പെട്ട കാര്യത്തിൽ ഈ ഗവൺമെന്റിന്റെ നിലപാടെന്താണ്? തോട്ടപ്പള്ളിയിൽ മണ്ണ് മാറ്റുകയല്ല വേണ്ടത്. അങ്ങയെ ആരോ തെറ്റിദ്ധരിപ്പിച്ചതാണ്. ലീഡിംഗ് ചാനലുകളിലേയ്ക്കുള്ള ആഴം കൂട്ടുകയാണ് വേണ്ടത്. അത് ചെയ്യാതെ വെള്ളം ഒഴുകിപ്പോകില്ല. കുട്ടനാട്ടിൽ വെള്ളപ്പൊക്കമുണ്ടാകുന്നതിന്റെ പ്രധാന കാരണം ലീഡിംഗ് ചാനലിലൂടെ വരുന്ന

വെള്ളം ഒഴുകി പോകാത്തതുകൊണ്ടാണ്. അതിന്റെ ആഴം കൂട്ടാതെ കരിമണൽ ഖനനം നടത്തിയതുകൊണ്ട് എന്ത് പ്രയോജനമാണുണ്ടാകുന്നത്? അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒരു വർഷത്തിനുമുമ്പ് കോവിഡ് കാലത്ത് 50 പേർ കൂടിയാൽ പോലീസ് ഫൈൻ ഈടാക്കുന്ന സമയത്താണ് പാവപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ മുമ്പിൽ ആയിരക്കണക്കിന് പോലീസുകാരെ വിന്യസിച്ച്, ഒരു സാമൂഹിക അകലവുമില്ലാതെ പോലീസ്‌രാജ് നടപ്പിലാക്കി വളരെ ഇക്കോളജിക്കലി സെൻസിറ്റീവായ തീരദേശത്ത് നിർബന്ധിതമായി കരിമണൽ ഖനനം ഗവൺമെന്റ് ആരംഭിച്ചത്.

<u>ശ്രീ. എച്ച്. സലാം</u>: സർ, ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് ഇവിടെ സൂചിപ്പിച്ച തോട്ടപ്പള്ളിയിലെ മണൽ മാറ്റുന്നതുമായി ബന്ധപ്പെട്ട കാര്യത്തിൽ 2018-നുമുമ്പ് അവിടെ 35 മീറ്റർ വീതിയിൽ മാത്രമാണ് പൊഴിയുടെ മുഖം തുറന്നിരുന്നത്. പ്രളയം വന്നതിനുശേഷമുണ്ടായ പ്രയാസങ്ങളുടെ ഭാഗമായി അങ്ങയുടെ മണ്ഡലമായ ഹരിപ്പാടിന്റെ വിയ്യപുരം, ചെറുതന ഉൾപ്പെടെയുള്ള കിഴക്കൻ ഭാഗവും എന്റെ മണ്ഡലത്തിലെ കിഴക്കൻ ഭാഗം, ചെങ്ങന്നൂർ, ആറന്മുള ഉൾപ്പെടെയുള്ള സ്ഥലത്തെല്ലാം വലിയ വെള്ളപ്പൊക്കമുണ്ടാകുകയും ജീവഹാനി ഉൾപ്പെടെയുണ്ടാകുകയും ചെയ്തു. 2018-നുശേഷം നടന്ന പഠനത്തെത്തുടർന്ന് സമുദ്രത്തിലേയ്ക്കുള്ള ജലനിർഗ്ഗമനം വർദ്ധിപ്പിക്കാൻവേണ്ടിയുള്ള റിപ്പോർട്ടിന്റെ ഭാഗമായാണ് സ്പിൽവേയുടെ അതേ വീതിയിൽ അതായത്, 300-360 മീറ്റർ വീതിയിൽ ഇത് തുറക്കാൻ തീരുമാനിക്കുന്നത്. അതിനുവേണ്ടിയാണ് പൊഴിമുഖത്തെ മണലെടുത്ത് മാറ്റുന്ന സംവിധാനത്തിന് സർക്കാർ തീരുമാനിച്ചത്. സ്വകാര്യ കമ്പനിയെയല്ല; ഐ.ആർ.ഇ.എൽ., കെ.എം.എം.എൽ. എന്നീ രണ്ട് കേന്ദ്ര, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളെയാണ് മണൽ കൊണ്ടുപോകാൻ ഏൽപ്പിച്ചിരിക്കുന്നത്. അപ്രകാരം ചെയ്തതുകൊണ്ടാണ് ഇപ്പോൾ വെള്ളപ്പൊക്കമുണ്ടായ സന്ദർഭത്തിൽ ഇപ്പറഞ്ഞ ഭാഗങ്ങളെല്ലാം രക്ഷപ്പെട്ടുനിന്നത്. കൈനകരിയടക്കമുള്ള സ്ഥലങ്ങളിൽ അവസാനമാണ് വെള്ളം മുങ്ങിയത്. ഒരു സമൂഹത്തെയും പ്രദേശത്തെയുമാകെ സംരക്ഷിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട തീരുമാനമായിരുന്നുവെന്ന കാര്യം നിഷേധിച്ച് അങ്ങ് എന്തിനാണിങ്ങനെ സംസാരിക്കുന്നത്?

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, 2018-ലെ പ്രളയം ഇപ്പോഴുണ്ടാകാതിരുന്നത് തീരദേശത്തെ കരിമണൽ എടുത്തതുകൊണ്ടാണെന്നുള്ള ന്യായീകരണം അംഗീകരിക്കാൻ തൽക്കാലം നിർവ്വാഹമില്ല. 2018-ലെ പ്രളയം ഇപ്പോൾ

ചെങ്ങന്നൂരും ഹരിപ്പാട്ടും കുട്ടനാട്ടും ആറന്മുളയിലും റാന്നിയിലും ഉണ്ടാകാതിരുന്നത് എന്തുകൊണ്ടാണെന്ന് ഈ ദിവസം ഡാം തുറക്കുന്നതുമായി ബന്ധപ്പെട്ട് ഇലക്ട്രിസിറ്റി ബോർഡും ജലവിഭവ വകുപ്പുമന്ത്രിയും മാധ്യമങ്ങളിലൂടെ അറിയിച്ചിട്ടുണ്ട്. 2018 ആവർത്തിക്കില്ലെന്നും ഡാം മാനേജ്മെന്റുമായി ബന്ധപ്പെട്ട ജാഗ്രത സ്വീകരിച്ചിട്ടുണ്ടെന്നും വളരെ സൂക്ഷ്മമായി എല്ലാ കാര്യങ്ങളും നോക്കുന്നുണ്ടെന്നുമാണ് അവർ പറഞ്ഞത്. എന്റെ പ്രിയപ്പെട്ട അമ്പലപ്പുഴ അംഗം മനസ്സിലാക്കേണ്ടത്, സെക്കൻഡിൽ ഒൻപത് ലക്ഷം ലിറ്റർ അടക്കം വെള്ളം പമ്പാ നദിയിലെ ഒൻപത് അണക്കെട്ടുകളിൽനിന്നും ആരോടും പറയാതെ, അവിടത്തെ ജനപ്രതിനിധികളറിയാതെ, അർദ്ധരാത്രിയിൽ ഒറ്റയടിക്ക് തുറന്നുവിട്ട് മനുഷ്യരെ വെള്ളത്തിൽ മുക്കിക്കൊന്നതാണ്.

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്.. അങ്ങ് സമയമേറെയെടുത്തു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഇത് കേരള ഹൈക്കോടതി നിയോഗിച്ച അമിക്കസ്ക്യൂറി കണ്ടെത്തിയ റിപ്പോർട്ടിലും 2018-ലെ പ്രളയത്തെ സംബന്ധിച്ച് വിവിധ ഗവേഷണ ഏജൻസികൾ പഠിച്ച റിപ്പോർട്ടുകളിലുമുണ്ട്. പമ്പാനദിയിൽ 2018-ൽ പ്രളയമുണ്ടായത് എങ്ങനെയാണെന്ന് ആ പ്രളയമനുഭവിച്ച ഞങ്ങൾക്കറിയാം. ഇക്കോളജിക്കലി സെൻസിറ്റീവായ ആലപ്പുഴയിലെ തീരദേശത്ത് കരിമണൽ ഖനനം നടത്തിയതുകൊണ്ടാണ് ഇപ്പോൾ പ്രളയമുണ്ടാകാതിരുന്നതെന്ന് പറഞ്ഞ് പുതിയ ന്യായവുമായി വരരുത്.

<u>ശ്രീ. എച്ച്. സലാം</u>: സർ,.......(മൈക്ക് ഓഫ്).....

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> : സർ, ഞാനാണ് പ്രസംഗിക്കുന്നത്. ഞാൻ വഴങ്ങുകയാണെങ്കിൽ മാത്രമേ അദ്ദേഹത്തിന് സംസാരിക്കാൻ കഴിയുകയുള്ളൂ. ഇപ്പോൾ പെരിയാറിലും പമ്പയിലും വെള്ളപ്പൊക്കമുണ്ടാകാതിരുന്നത്.....

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, പോയിന്റ് ഓഫ് ഓർഡർ.

<u>മി. ചെയർമാൻ</u>: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, 2018-ലെ പ്രളയകാലത്ത് പ്രതീക്ഷിക്കുന്നതിനേക്കാൾ വലിയ തോതിലുള്ള മഴ 2018 ആഗസ്റ്റ് മാസം 14, 15, 16 തീയതികളിൽ പെയ്തൊഴിഞ്ഞതിന്റെ ഭാഗമായുണ്ടായ പ്രളയത്തിൽ നാമാരും പ്രതീക്ഷിക്കാത്ത രൂപത്തിലുള്ള മരണമാണ് സംഭവിച്ചത്. അതിനെയൊക്കെ മുക്കിക്കൊന്നു എന്ന രൂപത്തിൽ ഇവിടെ ശ്രീ. പി. സി. വിഷ്ണുനാഥ് പറയുന്നത് രേഖയിലുണ്ടാകാൻ പാടില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഇവിടെയുള്ള പ്രധാനപ്പെട്ട പ്രശ്നം, രണ്ട് മന്ത്രിമാരുടെ രണ്ട് സ്റ്റേറ്റ്മെന്റുകൾ വന്നു. 2018-ലെ പ്രളയം പോലെയല്ല, ഈ പ്രളയത്തിൽ ഞങ്ങൾ നല്ല രീതിയിലുള്ള മുന്നൊരുക്കങ്ങൾ നടത്തിയിരുന്നുവെന്നുള്ളതായിരുന്നു ഒരു മന്ത്രിയുടെ സ്റ്റേറ്റ്മെന്റ്. അങ്ങനെ പറഞ്ഞതിന്റെ മറുവശമെന്തെന്നാൽ 2018-ലെ പ്രളയത്തിന്റെ സമയത്ത് ഒരു മുന്നൊരുക്കവും നടത്തിയിട്ടില്ലെന്ന കുറ്റസമ്മതമാണ്. ബഹുമാനപ്പെട്ട സഭാംഗം ശ്രീ. പി. സി. വിഷ്ണുനാഥ് ഈ കുറ്റസമ്മതത്തെക്കുറിച്ച് ഓർക്കുന്നുണ്ടോ?

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, വളരെ പ്രധാനപ്പെട്ട കാര്യമാണിത്. ഒരു ഡാം തുറക്കുന്നതിനുമുമ്പ് സ്വീകരിക്കേണ്ട മാർഗ്ഗങ്ങളിപ്പോൾ ചെയ്തുവെന്ന് പറഞ്ഞല്ലോ? ഇക്കാര്യങ്ങൾ എന്തെങ്കിലും പമ്പാനദിയിലെ ഒൻപത് അണക്കെട്ടുകൾ തുറക്കുന്ന സമയത്ത് കാണിച്ചിരുന്നോ? റാന്നി വെള്ളത്തിൽ മുങ്ങുന്നത് പുലർച്ചെയാണ്. ജനങ്ങൾ ഉറങ്ങിക്കിടക്കുന്ന സമയത്താണ് ഡാം തുറന്നുവിട്ടത്. യെല്ലോ അലെർട്ട്, ഗ്രീൻ അലെർട്ട്, റെഡ് അലെർട്ട് തുടങ്ങിയവയൊന്നും പാലിച്ചിരുന്നില്ല. ഡാം തുറന്നവിവരം താൻ അറിഞ്ഞിട്ടില്ലെന്നാണ് ഇതേക്കുറിച്ച് വയനാട് ജില്ലാ കളക്ടർ മാധ്യമങ്ങളോട് പറഞ്ഞത്. അതുപോലെ ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള എം.എൽ.എ.-മാർ അക്കാലത്ത് ഇതേക്കുറിച്ച് പരാതിപ്പെട്ടില്ലേ; അമിക്കസ്ക്യൂറി റിപ്പോർട്ടുണ്ടല്ലോ; അന്നത്തെ പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല ഇതുസംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം ആവശ്യപ്പെട്ടിരുന്നല്ലോ? വെള്ളത്തിൽ മുങ്ങി മരിച്ചതുകൊണ്ട്, മുന്നറിയിപ്പില്ലാതെ തുറന്നുവിട്ട് മുക്കിക്കൊന്നതാണെന്ന് പറഞ്ഞു. അല്ലാതെ അവർ ആത്മഹത്യ ചെയ്തുവെന്നാണോ ബഹുമാനപ്പെട്ട അംഗം കരുതുന്നത്. അവരാരും ആത്മഹത്യ ചെയ്തതല്ല. എന്റെ പഴയ നിയോജകമണ്ഡലമാണ്. ഒരു കുടുംബത്തിലെ മൂന്ന് പേരാണ് ഉറങ്ങിക്കിടക്കുമ്പോൾ വെള്ളത്തിൽ മുങ്ങി മരിച്ചത്. ആ സമയത്ത് മൂന്ന് ദിവസം പെയ്ത മഴയുടെ കണക്കുണ്ടല്ലോ, നിങ്ങൾ പ്രസിദ്ധീകരിക്കു.

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്.....ഇനിയും വഴങ്ങിയാൽ സമയം അനുവദിക്കില്ല...

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, അധികമായി ഡാമിൽനിന്ന് വന്ന വെള്ളത്തിന്റെ കണക്കും മുന്നൊരുക്കങ്ങൾക്ക് നിങ്ങളെടുത്ത നടപടികളുടെ രേഖകളുമുണ്ടല്ലോ; ഇത് ഓരോന്നായി പരിശോധിക്കണം. അതിനുശേഷം കേരളത്തിലെ പൊതുസമൂഹത്തെ അറിയിക്കണം. അതുകൊണ്ട് വലിയ തോതിൽ

പാരിസ്ഥിതികമായ അപകടങ്ങൾ നിലനിൽക്കുന്ന ഒരു സാഹചര്യം, കേരളത്തിന്റെ ഭൂവിസ്തൃതിയുടെ പതിനേഴ് ശതമാനത്തിൽ, മണ്ണിടിച്ചിലിനും ഉരുൾപൊട്ടലിനും സാദ്ധ്യതയുണ്ടെന്ന് പഠനങ്ങൾ പറയുന്നു. ഇടുക്കി ജില്ലയുടെ 74 ശതമാനവും വയനാട് ജില്ലയുടെ 51 ശതമാനവും മണ്ണിടിച്ചിലിന് സാദ്ധ്യതയുള്ളതായി കണക്കാക്കുന്നു. ഇങ്ങനെയുള്ള സാഹചര്യത്തിൽ നമ്മുടെ ഭൂവിനിയോഗത്തെയും ധാതുവിനിയോഗത്തെയും സംബന്ധിച്ച് സമഗ്രമായ നിയമനിർമ്മാണം വേണ്ടേ? ദുരന്തങ്ങൾ ലഘൂകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാനും... അതിന് ജനങ്ങളിൽനിന്ന് പണം പിരിക്കുന്നുണ്ട്......

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്.....

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, 30-7-1934-ൽ ശ്രീമൂലം അസംബ്ലിയിൽ മുഹമ്മദ് ഹബീബുള്ളയാണ് നിയമസഭയിൽ ആദ്യമായി ബെൽ സ്ഥാപിച്ചത്. അദ്ദേഹം അന്നത്തെ സഭാംഗങ്ങളോട് പറഞ്ഞത്, പ്രസംഗത്തിന് സമയം അധികമെടുത്താൽ ബെല്ലടിക്കുന്നതിന് ഒരു യന്ത്രം ഞാൻ സ്ഥാപിക്കുകയാണ് എന്നാണ്. മുഹമ്മദ് ഹബീബുള്ളയുടെ പ്രേതം അങ്ങയിൽ കയറാൻ പാടില്ല.

<u>മി. ചെയർമാൻ</u>: സഭയുടെ സുഗമമായ നടത്തിപ്പിനുവേണ്ടിയാണ് ചെയറിന്റെ ഭാഗത്തുനിന്ന് അങ്ങനെയൊരു സമീപനമുണ്ടാകുന്നത്. ബഹുമാനപ്പെട്ട അംഗങ്ങൾ സഹകരിച്ചുപോകുകയെന്നുള്ളതാണ്. അങ്ങ് സമയമേറെയെടുത്തു. കുറെയധികം അംഗങ്ങൾ ഇടപെട്ടു സംസാരിച്ചതുകൊണ്ടാണ് ഞാൻ പറയാതിരുന്നത്. പ്ലീസ് കൺക്ലൂഡ്...

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> : സർ, പുതിയ സാഹചര്യത്തിൽ Travancore Proclamation-ന്റേയും Cochin Proclamation-ന്റേയും അടിസ്ഥാനത്തിൽ മലബാർ വന്നിട്ടില്ല. അതുകൊണ്ട് സുപ്രീംകോടതിയിൽ നമുക്കെതിരായ വിധിക്ക് ഇതുകൂടി ചേർത്ത് വയ്ക്കുന്നതിനുപകരം നമ്മുടെ സംസ്ഥാനം നേരിടുന്ന അതിഗുരുതരമായ പാരിസ്ഥിതിക പ്രതിസന്ധിയെ സമഗ്രമായി പരിഗണിച്ചുകൊണ്ടുള്ള ഒരു നിയമനിർമ്മാണം വേണമെന്നുള്ളതാണ് ഈ ബില്ലിനെക്കുറിച്ചുള്ള അഭിപ്രായം.

സംസ്ഥാനം വ്യവസായസൗഹൃദമാക്കുന്നതിനും അംഗീകാരങ്ങളൊക്കെ സുഗമമാക്കുന്നതിനുംവേണ്ടിയുള്ള ഒരു നിയമമാണ് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളെ സംബന്ധിച്ച മൂന്നാമത്തെ ബില്ലിലൂടെ കൊണ്ടുവന്നിട്ടുള്ളത്. ഇതിൽ ഒരു കാര്യം മാത്രമേ പറയുന്നുള്ളൂ. വ്യവസായ വകുപ്പിനുകീഴിലുള്ള ജില്ലാ വ്യവസായ കേന്ദ്രങ്ങൾ, കെ.എസ്.ഐ.ഡി.സി., സിഡ്കോ, കിൻഫ്ര എന്നീ നാല് ഏജൻസികളാണ് വ്യവസായത്തിന് ഭൂമി കൊടുക്കുന്നത്. ഈ മേഖലയിൽ

പ്രവർത്തിക്കുന്ന ചെറുകിട സംരംഭകരുണ്ട്. കിൻഫ്രയിൽ ഭൂമി കൊടുക്കുന്നു. 99 വർഷത്തെ ലീസ് വ്യവസ്ഥയിൽ മുമ്പ് കൊടുക്കുമായിരുന്നു. പത്ത് വർഷത്തിനുശേഷം അവർക്ക് ഉടമസ്ഥാവകാശത്തിനുള്ള അർഹതയുണ്ടായിരുന്നു. പിൽക്കാലങ്ങളിൽ ആ രീതി നീക്കം ചെയ്തു. പത്ത് വർഷത്തിനുശേഷം ഇവർക്ക് ഉടമസ്ഥാവകാശം ലഭിക്കുകയില്ലായെന്ന സാഹചര്യമുണ്ടായതുകാരണം ധനകാര്യ സ്ഥാപനങ്ങളിൽനിന്നും സാമ്പത്തിക സഹായം ലഭിക്കാത്ത സാഹചര്യമാണുള്ളത്. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യം പരിശോധിക്കണം. ഒരു യൂണിഫോം ലാൻഡ് അലോട്ട്മെന്റ് പോളിസി കൊണ്ടുവരുമെന്നാണ് പറയുന്നത്. നാല് ഏജൻസികളുമായി ബന്ധപ്പെട്ട് നാല് വ്യത്യസ്ത സാഹചര്യങ്ങളാണുള്ളത്. വ്യവസായം സുഗമമാക്കണമെന്നാണ് ഈ ബിൽ ആഗ്രഹിക്കുന്നത്. എന്നാൽ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിൽ നമ്മുടെ റാങ്ക് വളരെ താഴെയാണ്. നമുക്കുശേഷം രണ്ടോ മൂന്നോ സംസ്ഥാനങ്ങളേയുള്ളൂ. ഒരു മേഖലയെക്കുറിച്ച് മാത്രം പറഞ്ഞവസാനിപ്പിക്കുകയാണ്. അതുകൊണ്ട് യൂണിഫോം ലാൻഡ് പോളിസിയല്ല, ഓരോ മേഖലയിലും സംരംഭകരായവർക്ക് ഓരോ പ്രശ്നങ്ങളുണ്ട്. അതിന് വ്യത്യസ്തമായി കാണുന്ന സമീപനം സർക്കാർ സ്വീകരിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. പ്രമോദ് നാരായൺ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

"കയറുപിരിക്കും തൊഴിലാളിക്കൊരു
കഥയുണ്ടുജ്ജ്വല സമരകഥ
അതുപറയുമ്പോൾ എന്നുടെ
നാടിന്നഭിമാനിക്കാൻ വകയില്ലേ
അറിയാം നിങ്ങൾക്കൊരു കഥയല്ലതു
പൊരുതും വർഗ്ഗ ചരിത്രത്തിൽ ഉടനീളം
ചുടുചോരയിലെഴുതിയ തുടുതുടെ നിൽക്കും പരമാർത്ഥം."

വെടിയേറ്റ് അന്ന് തുളഞ്ഞ ആലപ്പുഴയിലെ മരങ്ങളിൽ ഇപ്പോഴും കാതുചേർത്തുവച്ചാൽ കേൾക്കാം കൂലിപട്ടാളത്തിന്റെ പടച്ചട്ടയെ പൊള്ളിച്ച കയർ തൊഴിലാളിയുടെ കരുത്ത് എന്നുള്ളത് ആമുഖമായി പറയട്ടെ. കയർ

തൊഴിലാളിയെ മുന്നോട്ടുനയിക്കാൻവേണ്ടിയുള്ള ഏത് ക്ഷേമപദ്ധതികൾ ചർച്ച ചെയ്യുമ്പോഴും ആധുനിക കേരളത്തിന്റെ സ്വാതന്ത്ര്യത്തിനായി പടപൊരുതിയ ആളുകളെ ഓർക്കാതിരിക്കാനാവില്ലെന്ന് നമുക്കറിയാം. കേരളത്തിൽ ഒരുകാലത്ത്, കായലോരത്ത് തൊണ്ടുതല്ലുന്ന കയർ തൊഴിലാളികളുടെ ദുരിതവും വേദനകളും വലിയൊരു കാഴ്ചയായിരുന്നു. ആരാണ് ആ ജീവിതത്തിൽ മാറ്റമുണ്ടാക്കിയതെന്നത് പ്രധാനപ്പെട്ട ചോദ്യമാണ്. ദുരിതങ്ങളും വേദനകളും നിറഞ്ഞ കേരളത്തിലെ കയർ തൊഴിലാളികളുടെ ജീവിതത്തിൽ, അവരുടെ ജീവിതസാഹചര്യത്തിൽ വലിയ മാറ്റമുണ്ടാക്കിയ ആദ്യ കയർ പുനഃസംഘടനയെപ്പറ്റി രാഷ്ട്രീയത്തിനതീതമായി എല്ലാവർക്കുമറിയാം. 1967-ൽ ഇ.എം.എസ്. ഗവൺമെന്റിൽ കയർ വകുപ്പുമന്ത്രിയായിരുന്ന സഖാവ് ടി. വി. തോമസായിരുന്നു ആദ്യത്തെ കയർ പുനഃസംഘടന നടപ്പിലാക്കിയത്. ആ കയർ പുനഃസംഘടനയിലൂടെയാണ് സഹകരണ സംഘങ്ങൾ കയർ രംഗത്തേയ്ക്കുവരുന്നത്. അതുവരെയുണ്ടായിരുന്ന ചൂഷണത്തിന് വലിയ മാറ്റമുണ്ടാക്കാൻ ആ കയർ പുനഃസംഘടന സഹായിച്ചു. രണ്ടാമത്തെ കയർ പുനഃസംഘടന വരുന്നത് ഡോ. ടി. എം. തോമസ് ഐസക് കേരളത്തിന്റെ കയർ വകുപ്പുമന്ത്രിയായിരിക്കുമ്പോഴാണ്. ഇതിനിടയിൽ കേരളത്തിന്റെ കയർ മേഖല ധാരാളം പ്രതിസന്ധികളെ നേരിട്ടു. തമിഴ്നാടുപോലെയുള്ള സംസ്ഥാനങ്ങൾ കയർ രംഗത്തേയ്ക്ക് കൂടുതലായി കടന്നുവന്നു. എക്കണോമിക് റിവ്യൂവിന്റെ കണക്കനുസരിച്ച് 829 സഹകരണ സംഘങ്ങളിലൂടെ 287070 അംഗങ്ങൾ കേരളത്തിൽ കയർ രംഗത്ത് പ്രവർത്തിക്കുമ്പോൾ തമിഴ്നാട് വളരെവേഗം സഹകരണ സംഘങ്ങൾ രൂപീകരിച്ചുകൊണ്ട് 14524 അംഗങ്ങൾ കയർ രംഗത്തേയ്ക്ക് കടന്നുവന്നു. ഇതോടൊപ്പം കേന്ദ്ര ഗവൺമെന്റ് കേരളത്തിന്റെ കയർ വ്യവസായരംഗത്തെ കേരളത്തിൽനിന്നും പറിച്ചുമാറ്റാൻ മറ്റ് സംസ്ഥാനങ്ങളിലേയ്ക്കുകൂടി അത് വ്യാപിപ്പിച്ചുകൊണ്ട് കേരളത്തിന്റെ തനിമയാർന്ന ഈ പരമ്പരാഗത വ്യവസായത്തെ തകർക്കാനുള്ള ശ്രമങ്ങൾ നടത്തിയെന്നതും നമുക്കറിയാവുന്നതാണ്. ഇതിനിടയിൽ രണ്ടാം പുനഃസംഘടന നടപ്പിലാക്കിയപ്പോൾ ഏറ്റവും പ്രധാനമായി ശ്രദ്ധിച്ചത് പലകാര്യങ്ങളിലായിരുന്നു. അതിൽ ഒന്നാമത്തെ കാര്യം, ചകിരിയുടെ ഉല്പാദനം വർദ്ധിപ്പിക്കുകയെന്നതായിരുന്നു. ചകിരിക്കുവേണ്ടി തമിഴ്നാടിനെ ആശ്രയിക്കേണ്ട സാഹചര്യമുണ്ടായിരുന്ന ഒരുഘട്ടത്തിലാണ് ചകിരിയുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ ആ പുനഃസംഘടന ലക്ഷ്യമിട്ടത്. അതുപോലെ പരമ്പരാഗത തൊഴിലാളികളെ സംരക്ഷിച്ചുകൊണ്ട് യന്ത്രവത്കരണം സമഗ്രമായി നടപ്പിലാക്കണം. കേരളത്തിലെ പരമ്പരാഗത തൊഴിലാളികളുടെ എണ്ണം വലിയരീതിയിൽ ഈ മേഖലയിൽ കുറഞ്ഞുവെന്ന് നമുക്കറിയാം. എന്നാൽ കുറയുമ്പോൾത്തന്നെ നമ്മുടെ പുതിയ തലമുറ, ചെറുപ്പക്കാർ ആ രംഗത്തേയ്ക്ക് കടന്നുവരാതായി. അവിടെയാണ് കഴിഞ്ഞ

ഗവൺമെന്റ് നടപ്പിലാക്കിയ, ഡോ. ടി. എം. തോമസ് ഐസക് നടപ്പിലാക്കിയ യന്ത്രവത്കരണത്തിന്റെ പ്രാധാന്യം. ഇലക്ട്രോണിക് റാട്ടുകളും സ്പിന്നിംഗ് മെഷീനുകളും വ്യാപകമായി കൊണ്ടുവന്നത് കയർരംഗത്ത് വലിയ മാറ്റമുണ്ടാക്കിയെന്നുള്ള കാര്യത്തിൽ സംശയമില്ല. ഏറ്റവും പ്രധാനമായിരുന്ന കയറുല്പന്നങ്ങളുടെ കാര്യത്തിലുള്ള വൈവിദ്ധ്യവത്കരണമില്ലായ്മ. ഒരേ രീതിയിലുള്ള ഉല്പാദനം, ലോക മാർക്കറ്റിൽ നമ്മൾ കൈകൊണ്ട് നെയ്തെടുക്കുന്ന കയറിന് വലിയ വിപണിയുള്ളപ്പോൾത്തന്നെ, വൈവിദ്ധ്യമാർന്ന ഉല്പന്നങ്ങളുണ്ടാക്കാനുള്ള പരിമിതി നമുക്കുണ്ടായിരുന്നു. പുതിയ സാങ്കേതികവിദ്യയും വൈവിദ്ധ്യമാർന്ന ഉല്പന്നങ്ങളും കൊണ്ടുവരാനും ആ ഉല്പന്നങ്ങൾ മാർക്കറ്റിലേയ്ക്കെത്തിക്കാനും മെച്ചപ്പെട്ട വിപണിയുണ്ടാക്കാനും 'കയർ കേരള' പോലെയുള്ള ആശയങ്ങളിലൂടെ വലിയൊരു പ്ലാറ്റ്ഫോം സൃഷ്ടിക്കാനുമുള്ള വലിയ ശ്രമങ്ങൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുനടന്നു. ഇപ്പോൾ പുതിയ ഗവൺമെന്റ്, പുതിയ മന്ത്രി ആ ശ്രമങ്ങൾ തുടരുന്നുവെന്ന കാര്യം തീർച്ചയായും സന്തോഷകരമാണ്. കയർ മേഖലയെ നമുക്ക് സംരക്ഷിക്കാൻ കഴിയണം. ആ രംഗത്ത് പുതിയ മാറ്റങ്ങൾ കൊണ്ടുവരാൻ സാധിക്കണം. നേരത്തെ സൂചിപ്പിച്ചതുപോലെ മറ്റ് സംസ്ഥാനങ്ങൾ നടത്തുന്നത് വലിയ ശ്രമങ്ങളാണ്. ആ ശ്രമങ്ങൾ എങ്ങനെയാണ് ചെറുക്കുകയെന്നതല്ല. പക്ഷേ കേരളത്തിലെ കശുവണ്ടി മേഖലപോലെ, നമ്മുടെ കയർ മേഖല പ്രത്യേകിച്ച്, കേരളത്തിലെ കയർ വ്യവസായത്തിന്റെ നാഡീകേന്ദ്രമാണ് ആലപ്പുഴ ജില്ല. ആലപ്പുഴ ജില്ലയിലെ കായലോരത്ത് നിൽക്കുന്ന എത്രയോ സാധാരണ മനുഷ്യരുണ്ട്. സ്ത്രീകളാണ് കയർരംഗത്ത് കൂടുതലായി പ്രവർത്തിക്കുന്നതെന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. നമ്മുടെ അമ്മമാർ എത്രയോ കിലോമീറ്ററാണ് ഈ പരമ്പരാഗത റാട്ടുകൾക്കിടയിൽ ദിവസവും നടന്നുതീർക്കുന്നത്. ആ അമ്മമാരുടെ ജീവിതത്തെ സംരക്ഷിക്കാനുള്ള വലിയ മാറ്റങ്ങൾ ഈ രംഗത്ത് കൊണ്ടുവരണം. കേരളത്തിന്റെ കയർ രംഗത്തെ സംബന്ധിച്ച്, പരമ്പരാഗത വ്യവസായത്തെ സംബന്ധിച്ചുള്ള ആധികാരികമായ പഠന ഗവേഷണം നമുക്ക് നടത്തേണ്ടതുണ്ട്. എത്രമാത്രം റിസർച്ച് ആൻഡ് ഡെവലപ്മെന്റ് (R&D) കയർരംഗത്ത് നാം നടത്തുന്നുണ്ടെന്നത് പ്രസക്തമായ ഒരു ചോദ്യമാണ്. അതിനാവശ്യമായിട്ടുള്ള പഠന ഗവേഷണം കയർരംഗത്ത് നടക്കണം. ഈ രംഗത്ത് കാലാനുസൃതമായി വൈവിദ്ധ്യവത്കരണം കൊണ്ടുവരാൻ കഴിയേണ്ടതുണ്ട്. കോവിഡ് സമയത്ത് നമ്മൾ 'sanimat' പോലുള്ള ചില ആശയങ്ങൾ, ചില പ്രത്യേക സംരംഭങ്ങൾ പുറത്തേയ്ക്ക് ഉല്പാദിപ്പിക്കാൻ തയ്യാറായി. ഇവിടെ അംഗങ്ങളെല്ലാം ചൂണ്ടിക്കാണിച്ചതുപോലെ, പ്രകൃതിക്ഷോഭങ്ങൾ, വലിയ തരത്തിലുള്ള മണ്ണിടിച്ചിൽ എന്നിവയിൽനിന്നെല്ലാം സംരക്ഷണം നൽകാൻ ജിയോ ടെക്സ്റ്റൈൽസ് (കയർ ഭൂവസ്ത്രങ്ങൾ) സഹായിക്കുമെന്ന ആശയം കേരളത്തിലുണ്ടായി.

ഒരുപക്ഷേ ഗവൺമെന്റ് നടപ്പിലാക്കിയിട്ടുള്ള ഇച്ഛാശക്തിയോടെയുള്ള പരിശ്രമങ്ങൾകൊണ്ടായിരിക്കാം, 671 പഞ്ചായത്തുകൾ ജിയോ ടെക്സ്റ്റൈൽസിന്റെ കാര്യത്തിൽ കരാർ ഒപ്പിട്ടുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇത് തുടരാൻ കഴിയണം. ജിയോ ടെക്സ്റ്റൈൽസിന്റെ സാദ്ധ്യതകളെ ഉപയോഗിക്കാനാകണം. മറ്റൊന്ന്, കുടുംബശ്രീയെ എങ്ങനെ ഈ രംഗത്തേയ്ക്ക് കൊണ്ടുവരാൻ കഴിയുകയെന്നതാണ്. സ്ത്രീകൾ പ്രവർത്തിക്കുന്ന ഒരു മേഖലയെന്നതരത്തിൽ കുടുംബശ്രീയും കയർ മേഖലയുമായുള്ള ബന്ധം കൂടുതൽ നെയ്തെടുക്കാൻ, കുറച്ചുകൂടി മെച്ചപ്പെടുത്താൻ നമുക്ക് കഴിയേണ്ടതുണ്ട്. ഏറ്റവും പ്രധാനമായി കേന്ദ്ര സർക്കാർ ഇതിനെ അപഹരിക്കാൻ നടത്തുന്ന ശ്രമങ്ങളെ നമുക്ക് ചെറുക്കാൻ കഴിയും. ആനുകൂല്യങ്ങളെ സംബന്ധിച്ച് ഇവിടെ ചൂണ്ടിക്കാണിച്ച പ്രധാനപ്പെട്ട ഒരു കാര്യമുണ്ട്. തൊഴിലാളികളുടെ വിഹിതം വർദ്ധിപ്പിക്കുമ്പോൾത്തന്നെ കാലാനുസൃതമായി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുമെന്ന് സർക്കാർ വ്യക്തമാക്കുന്നുണ്ട്. അതിലേറ്റവും പ്രധാനമായി ചൂണ്ടിക്കാണിക്കാനുള്ളത് വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ പരിമിതമായി മാത്രം കാണിച്ചിരിക്കുന്ന ഈ തുക വർദ്ധിപ്പിക്കാൻ സർക്കാർ തയ്യാറാകണം. അതിനാവശ്യമായിട്ടുള്ള സർക്കാർ ഉത്തരവുകൾ സമയബന്ധിതമായി ഉണ്ടാകുമെന്നുതന്നെയാണ് സർക്കാർ വ്യക്തമാക്കിയിട്ടുള്ളത്. നമ്മുടെ സഹകരണ സംഘങ്ങളെ ആധുനിക യന്ത്രവത്കൃത ഫാക്ടറികളാക്കി മാറ്റാൻ കഴിയണം. അതിനെല്ലാമുള്ള സമഗ്രമായ ശ്രമങ്ങൾക്ക് വഴി കാട്ടുന്നതാകട്ടെ ഈ ബിൽ എന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. യഥാർത്ഥത്തിൽ ഇത് ചെറിയൊരു ഭേദഗതിയാണ്. തൊഴിലാളികളുടെ അംശദായം അഞ്ച് രൂപയിൽനിന്ന് ഇരുപത് രൂപയായി വർദ്ധിപ്പിക്കാനുള്ള ഭേദഗതിയാണ്. പക്ഷേ അതിനോടൊപ്പംതന്നെ കയർത്തൊഴിലാളികളെ സാമ്പത്തികമായി സഹായിക്കാൻകഴിയുന്ന നിലപാടുകളിൽനിന്ന് സർക്കാർ പിൻമാറുന്നൊരു ഭേദഗതി കൂടിയാണിത്. യഥാർത്ഥത്തിൽ ഈ ബില്ലിലെ വ്യവസ്ഥ തൊഴിലാളികളെ സഹായിക്കുന്നതിനുവേണ്ടിയല്ല. കാരണം, കയർത്തൊഴിലാളികളുടെ അംശദായം അഞ്ച് രൂപയായിരുന്നത് ഇരുപത് രൂപയായി വർദ്ധിപ്പിക്കുന്നു. ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ, 1997-ലെ ആക്ടിലെ വ്യവസ്ഥ ഇരുപത് രൂപയടയ്ക്കുന്ന ഒരു തൊഴിലാളിക്ക് സർക്കാർ നാൽപ്പത് രൂപ അംശദായം അടയ്ക്കണമെന്നാണ്. അതായത്, ഇരട്ടി തുക

അടയ്ക്കണമെന്നാണ് മൂലനിയമത്തിലെ വ്യവസ്ഥ. എന്നാൽ ഇപ്പോൾ സർക്കാർ ഇത് 50 ശതമാനമായി കുറയ്ക്കുകയാണ് ചെയ്യുന്നത്. അപ്പുറത്തിരിക്കുന്ന ആളുകൾ ഇക്കാര്യങ്ങൾ മനസ്സിലാക്കണം. വെറുതെ ഞങ്ങളെ എതിർത്തിട്ടുമാത്രം കാര്യമില്ല. ഒറിജിനൽ ആക്ടിലെ വ്യവസ്ഥയനുസരിച്ച് അംശദായത്തിന്റെ വിഹിതം സർക്കാർ ഇരട്ടിയാക്കണം. ഇപ്പോൾ സർക്കാർ അത് അമ്പത് ശതമാനമായി ലിമിറ്റ് ചെയ്യുകയാണ്. അത് യഥാർത്ഥത്തിൽ തൊഴിലാളിക്ക് അനുകൂലമായ നിലപാടല്ല. മറിച്ച്, തൊഴിലാളികളെ സർക്കാർ വഞ്ചിക്കുന്ന ഒരു നിലപാടാണ് ഇതിലുള്ളത്. ഈ വ്യവസായത്തിന്റെ സ്ഥിതിയനുസരിച്ച് തൊഴിലാളിയുടെ അംശദായംകൂടി സർക്കാർ അടയ്ക്കേണ്ട ഒരു സ്ഥിതിയാണുള്ളത്. ഇവിടെ വയലാറിന്റെ കവിതയെല്ലാം ഉദ്ധരിക്കുന്നത് കേട്ടു. കേരളത്തിൽ ആലപ്പുഴയിലും മറ്റുമുള്ള ജനങ്ങളുടെ വിപ്ലവ ബോധത്തെ ത്രസിപ്പിച്ചൊരു കാലമുണ്ടായിരുന്നു. ഇപ്പോൾ കയർ വ്യവസായത്തിന്റെ സ്ഥിതിയതല്ല. ഒരാളായി ഈ വ്യവസായത്തെ സങ്കൽപ്പിച്ചാൽ കയറെടുക്കേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. അത്രയേറെ ശോചനീയമായ സ്ഥിതിയാണ് ഈ രംഗത്തുള്ളത്. 2018-19-ൽ സംഘങ്ങളുടെ എണ്ണം 1147 ആയിരുന്നു. 2019-20-ൽ 1100 ആയി കുറഞ്ഞു. വർക്ക് ചെയ്യുന്ന സൊസൈറ്റികൾ 581 ആയി കുറഞ്ഞു. ഇവിടെ സൂചിപ്പിച്ചതുപോലെ ഈ ഗവൺമെന്റ് കഴിഞ്ഞ അഞ്ചുവർഷക്കാലം കയർത്തൊഴിലാളികളെ സംരക്ഷിക്കാൻ അതിശക്തമായ നടപടികൾ സ്വീകരിച്ചിരുന്നെങ്കിൽ ഈ സംഘങ്ങളെല്ലാം പ്രവർത്തിക്കുമായിരുന്നു. പ്രവർത്തിക്കുന്ന സംഘങ്ങളുടെ എണ്ണം വളരെ കുറഞ്ഞുവരികയാണ്. അതിനാൽ കയർ വ്യവസായം ഇന്ന് വളരെ ശോചനീയമായ സ്ഥിതിയിലാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജോബ് മൈക്കിൾ)

കയർ വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങൾ സർക്കാർ കണ്ടില്ലെന്ന് നടിക്കുകയാണ്. വൈവിദ്ധ്യവൽക്കരണത്തിന് ഏറെ സാദ്ധ്യതയുള്ള ഈ മേഖലയിൽ പുതിയ തൊഴിലാളികളെ ആകർഷിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയാണ് വേണ്ടത്. കയർ ഡയറക്ടറേറ്റിന്റെ കണക്കുകൾപ്രകാരം നിലവിൽ 25 വയസ്സിൽ താഴെയുള്ള കയർ തൊഴിലാളികളുടെ എണ്ണം 1.8 ശതമാനമാണ്. പുതിയ തലമുറ ഈ രംഗത്തേയ്ക്ക് വരുന്നില്ല. അതുപോലെ കേരളത്തിലെ കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ലഭിക്കാൻ കയർ മേഖലയിലെ കർഷകർക്ക് ശക്തി പകരേണ്ടത് ആവശ്യമാണ്. കയറിന്റെ അസംസ്കൃതവസ്തു തൊണ്ടാണ്. തൊണ്ട് ലഭിക്കണമെങ്കിൽ ഇവിടെ നാളികേര കൃഷി ശക്തിപ്പെടണം. അത് നമ്മുടെ വൈദ്യുതി വകുപ്പുമന്ത്രിക്കറിയാം. അദ്ദേഹമൊരു കൃഷിക്കാരനായതുകൊണ്ടാണ് ഞാനിത് പറഞ്ഞത്. കേരളത്തിലെ കയർ സഹകരണ സംഘങ്ങൾക്ക്

സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കാനുള്ള മുഴുവൻ പച്ചത്തൊണ്ടും ശേഖരിക്കാൻ കഴിയുന്നില്ല. ചകിരിക്ഷാമം പരിഹരിക്കുന്നതിനുള്ള സംവിധാനം വളരെക്കുറവാണ്. ഈ മേഖലയിൽ കഴിഞ്ഞ ഗവൺമെന്റ് നിരവധി പ്രഖ്യാപനങ്ങൾ നടത്തിയിരുന്നു. ആലപ്പുഴ എം.എൽ.എ. തന്നെയായിരുന്നു കയർ വകുപ്പുമന്ത്രിയും. കഴിഞ്ഞ സർക്കാരിന്റെ അഞ്ച് വർഷക്കാലം ഈ മേഖലയുടെ നവീകരണത്തിനായി എത്ര തുക ചെലവാക്കി, എത്ര സംഘങ്ങൾ പുനരുദ്ധരിക്കാൻ സാധിച്ചു, എത്ര തൊഴിലാളികളെ പുതുതായി ഈ മേഖലയിലേയ്ക്ക് കൊണ്ടുവരാൻ സാധിച്ചുവെന്നുള്ള വിവരങ്ങൾ വ്യക്തമാക്കണമെന്നാണ് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിക്കു വേണ്ടി ഇക്കാര്യങ്ങൾ നോട്ട് ചെയ്യുന്ന പാർലമെന്ററികാര്യ വകുപ്പുമന്ത്രിയോട് എനിക്ക് സൂചിപ്പിക്കാനുള്ളത്. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതിപ്രകാരം പ്രവർത്തന മൂലധനം നൽകുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിന് ധനസഹായം നൽകുന്നതിനും സർക്കാർ 15-12-2015-ൽ പ്രഖ്യാപനം നടത്തിയിരുന്നു. എന്നാൽ കയർ സഹകരണ സംഘങ്ങളുടെ എണ്ണം ക്രമാനുഗതമായി കുറഞ്ഞുകൊണ്ടിരിക്കുന്നു. കയർ വ്യവസായത്തിന്റെ സ്ഥിതി വളരെ ദയനീയമായ നിലയിൽ തുടരുകയാണ്. കയർ വ്യവസായത്തിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം, കയർ വ്യവസായം ആവശ്യപ്പെടുന്ന യന്ത്രവൽക്കരണവും നവീകരണവും ആവശ്യമുള്ളൊരു കാലമുണ്ടായിരുന്നു. ആ സമയത്ത് മാർക്സിസ്റ്റ് പാർട്ടി അതിനെതിരായുള്ള നിലപാടെടുത്തു. യന്ത്രവൽക്കരണത്തെ തകർക്കാൻ വേണ്ടി യന്ത്രങ്ങൾ തല്ലിപ്പൊളിക്കുകയും തീവച്ച് നശിപ്പിക്കുകയും ചെയ്ത സംഭവങ്ങൾ വരെയുണ്ടായി. അതാണ് ഈ വ്യവസായത്തിന്റെ തകർച്ചയുടെ തുടക്കകാരണം. നിങ്ങൾ കയർ വ്യവസായം പുനരുദ്ധരിക്കാനായി നടപടികൾ സ്വീകരിച്ചുവെന്ന് പറയുന്നു. ഈ വ്യവസായം തകർത്തതിന്റെ ഉത്തരവാദിത്വത്തിൽനിന്ന് സി.പി.ഐ.(എം.)-ന് ഒഴിഞ്ഞുമാറാൻ ഒരിക്കലും സാദ്ധ്യമല്ല. കാരണം ഈ വ്യവസായം ആവശ്യപ്പെട്ട യന്ത്രവൽക്കരണത്തിന്റെ, നവീകരണത്തിന്റെ കാലഘട്ടത്തിൽ നിങ്ങൾ അതിനെ തകർക്കാൻ ശ്രമിച്ചു. കാർഷികരംഗത്ത് ട്രാക്ടറുകൾ വന്നപ്പോൾ നിങ്ങൾ അത് തകർത്തു. വിവര സാങ്കേതികവിദ്യയിൽ കമ്പ്യൂട്ടർ വന്നപ്പോൾ നിങ്ങൾ അതിനെ എതിർത്തു. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. എന്നിട്ട് നിങ്ങൾ നവീകരണത്തെ അനുകൂലിക്കുന്നു, കയർ വ്യവസായം പുനരുദ്ധരിക്കാൻ പോകുന്നുവെന്നെല്ലാം പ്രസംഗിച്ചിട്ട് ഒരു കാര്യവുമില്ല. യഥാർത്ഥ സമയത്ത് നിങ്ങൾ ഇതിനെ തകർക്കുകയാണുണ്ടായത്. ഇപ്പോഴത്തെ സ്ഥിതിയെന്തെന്നാൽ, അസംസ്കൃത വസ്തുവായ ചകിരിയുടെ ഉൽപ്പാദനം കേരളത്തിൽ കുറഞ്ഞുവെന്നതാണ്. തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ ചകിരിയുടെ ഉൽപ്പാദനം വർദ്ധിച്ചതുമൂലം വ്യവസായം ആ സംസ്ഥാനങ്ങളിലേയ്ക്ക് പറിച്ച്

നടപ്പെട്ടുകൊണ്ടിരിക്കുകയാണ്. തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ പ്രത്യേകിച്ചും തമിഴ്നാട്ടിൽ കയർ വ്യവസായത്തിന് വലിയ രീതിയിലുള്ള സഹായവും പിന്തുണയുമാണ് അവിടത്തെ സംസ്ഥാന സർക്കാരുകളുടെ ഭാഗത്തുനിന്നുമുണ്ടാകുന്നത്. തമിഴ്നാട്ടിലും മറ്റ് സംസ്ഥാനങ്ങളിലും യന്ത്രവൽക്കരണം അതിവേഗത്തിലാണ് നടക്കുന്നത്. മുൻകാലങ്ങളിൽ ചകിരിച്ചോറ് (Coir pith), ചകിരി എന്നിവയുടെ കയറ്റുമതിയും കേരളത്തിലേയ്ക്കുള്ള വിപണനവും മാത്രമായിരുന്ന സ്ഥാനത്ത്, അത് കേരളത്തിലേയ്ക്കാണ് വന്നുകൊണ്ടിരുന്നത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, കയർ വ്യവസായരംഗത്ത് നമ്മളേക്കാൾ കൂടുതൽ ഇന്ന് തമിഴ്നാട് മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണെന്ന് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചു. നമുക്കാവശ്യമായ കയറിനുള്ള ഫൈബർ നമ്മൾതന്നെ ഉൽപ്പാദിപ്പിക്കണമെന്ന് ഡോ. ടി. എം. തോമസ് ഐസക് കയർ വകുപ്പ് കൈകാര്യം ചെയ്തിരുന്ന സമയത്ത് ഈ സഭയിൽ പറഞ്ഞത് ഞാൻ ഓർക്കുകയാണ്. അതിനുവേണ്ടി പുതിയ സംരംഭങ്ങളുണ്ടാകണം. അങ്ങനെ യൂണിറ്റുകളുണ്ടായാൽ ആ യൂണിറ്റുകളിൽ നിന്നുമാത്രമായിരിക്കും കയർഫെഡ് ഫൈബറുകൾ വാങ്ങുന്നതെന്ന് പറഞ്ഞിരുന്നു. മലബാർ മേഖലയിലുൾപ്പെടെ ഏതാണ്ട് അൻപതോളം പുതിയ ഫൈബർ യൂണിറ്റുകൾ ആരംഭിച്ചു. ചെറുപ്പക്കാരുൾപ്പെടെ ഈ രംഗത്തേയ്ക്ക് കടന്നുവന്നു. ഗവൺമെന്റ് 25 ലക്ഷം രൂപ സബ്സിഡി നൽകാൻ തീരുമാനിക്കുകയും ചില യൂണിറ്റുകൾക്ക് സബ്സിഡി നൽകുകയും ചെയ്തുവെന്നതും അംഗീകരിക്കുകയാണ്. അങ്ങനെ കോടിക്കണക്കിന് രൂപ ചെലവഴിച്ച് വലിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്തു. അന്ന് സർക്കാർ അവരോട് പറഞ്ഞിരുന്നത്, നിങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഫൈബർ ഞങ്ങൾ എടുത്തതിനുശേഷം മാത്രമേ മറ്റ് സംസ്ഥാന ങ്ങളിൽനിന്ന് ഫൈബർ ഞങ്ങൾ വാങ്ങുകയുള്ളൂവെന്നാണ്. നിർഭാഗ്യമെന്ന് പറയട്ടെ; ഗവൺമെന്റ് ആ വാക്ക് പറഞ്ഞതല്ലാതെ, ഈ യൂണിറ്റുകൾ ഫൈബർ പ്രോഡക്ട് ഉൽപ്പാദിപ്പിച്ചുവെങ്കിലും അതിന് മാന്യമായ വില നൽകാതെ, കയർഫെഡ് ഉൾപ്പെടെ തമിഴ്നാട്ടിൽനിന്നും ആവശ്യമായ ഫൈബർ/ചകിരി കൊണ്ടുവന്ന് ഈ വ്യവസായ സംരംഭങ്ങളെയൊക്കെ തകർക്കുന്നതിനാണ് യഥാർത്ഥത്തിൽ ഈ ഗവൺമെന്റ് നേതൃത്വം നൽകിയതെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഇക്കാര്യമാണ് ഞാൻ പറഞ്ഞു കൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റിന്റെ നിലപാടുകൾ കാരണം കയർ വ്യവസായം തകർന്നുകൊണ്ടിരിക്കുകയാണ്. അങ്ങ് പറഞ്ഞത് എനിക്ക് മനസ്സിലായി.

യന്ത്രവൽക്കരണം അതിവേഗത്തിൽ മറ്റ് സംസ്ഥാനങ്ങളിൽ നടന്നുകൊണ്ടിരിക്കുകയാണ്. മുൻകാലങ്ങളിൽ ചകിരിച്ചോറ്, ചകിരി എന്നിവയുടെ കയറ്റുമതിയും കേരളത്തിലേയ്ക്കുള്ള വിപണനവും മാത്രമായിരുന്നു ഈ സംസ്ഥാനങ്ങളിലുണ്ടായിരുന്നത്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ഇപ്പോൾ തമിഴ്നാട്ടിലാണ് ഏറ്റവും ശാസ്ത്രീയമായി നാളികേരം കൃഷി ചെയ്യുന്നത്. നമ്മുടെ നാട്ടിൽ നാളികേര കൃഷി ആരും ശ്രദ്ധിക്കാതെ പോയതുകൊണ്ട് തെങ്ങുകൃഷി വളരെക്കുറവാണ്. നമുക്ക് 60-65 നാളികേരമാണ് ഒരു വർഷം ലഭിക്കുന്നതെങ്കിൽ തമിഴ്നാട്ടിൽ 200 നാളികേരം ലഭിക്കും. ഞങ്ങളുടെ ചിറ്റൂരിൽ 150 നാളികേരം ലഭിക്കുന്നുണ്ട്. അങ്ങനെയൊരു അപാകതകൂടി തൊണ്ടിന്റെ കാര്യത്തിലുണ്ട്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി പറഞ്ഞത് നൂറുശതമാനം ശരിയാണ്. ഞങ്ങളുടെ ഏരിയകളിൽ ചകിരി വരുന്നത് പൊള്ളാച്ചിയിൽനിന്നാണ്. ശ്രീലങ്കയിൽനിന്നുപോലും ഇറക്കുമതി ചെയ്തു വരുന്നുണ്ട്. പൊള്ളാച്ചിയിൽനിന്ന് ചകിരി വന്നില്ലെങ്കിൽ ഞങ്ങളുടെ മേഖലയിൽ കയർ പിരിക്കാൻ കഴിയാത്ത സ്ഥിതിയാണ്.

2.00 P.M.]

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പറഞ്ഞുവന്നത് അതാണ്. കയർ വ്യവസായം നിലനിൽക്കണമെങ്കിൽ ഇവിടെ തെങ്ങുകൃഷി വ്യാപിപ്പിക്കണം. ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി പറഞ്ഞത് ശരിയാണ്. അങ്ങ് നല്ലൊരു കൃഷിക്കാരനാണെന്ന് എനിക്കറിയാം. പ്രത്യേകിച്ച് തമിഴ്നാടിനോട് ചേർന്നു കിടക്കുന്ന പാലക്കാട് ജില്ലക്കാരനായതുകൊണ്ട് അങ്ങേയ്ക്ക് നന്നായറിയാം. മുൻ പ്രതിപക്ഷനേതാവ് പറഞ്ഞതും ഗൗരവമുള്ള പ്രശ്നമാണ്. കേരളത്തിലേയ്ക്കുള്ള വിപണനം മാത്രമായിരുന്ന തമിഴ്നാട്ടിൽ കയർ ഭ്രവസ്ത്രം, coir tuff mattress, കയർ മാറ്റിംഗ് എന്നിവയുടെ യന്ത്രവൽക്കരണ ഉല്പാദനവും കയറ്റുമതിയും ഗണ്യമായ തോതിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. മുൻകാലങ്ങളിൽ വിദേശ കയർ വിപണന മേളകളിൽ കയർ ഫൈബർ, പിത്ത് എന്നിവമാത്രം പ്രദർശിപ്പിച്ചിരുന്ന തമിഴ്നാട്ടിലെ വ്യവസായികൾ 2020 ഫെബ്രുവരി മാസത്തിൽ അമേരിക്കയിലെ നോർത്ത് കരോലിന സ്റ്റേറ്റിൽ നടന്ന ട്രേഡ് ഫെയറിൽ ഇന്റർനാഷണൽ ഇറോഷൻ കൺട്രോൾ അസോസിയേഷൻ (IECA), കയർ ജിയോ ടെക്സ്റ്റൈൽസ് തുടങ്ങിയവയുടെ ഉല്പന്നങ്ങളുമായി പങ്കെടുത്തത് നമ്മൾ ഗൗരവത്തോടെ കാണണം. കേരളത്തിലേയ്ക്ക് കയറ്റുമതി ചെയ്തിരുന്ന ആളുകൾ ഇപ്പോൾ അമേരിക്ക ഉൾപ്പെടെയുള്ള സ്ഥലങ്ങളിലെ ട്രേഡ് ഫെയറുകളിൽ പങ്കെടുത്ത് ഉല്പന്നങ്ങൾ പ്രദർശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇത്

വളരെ ഗൗരവമായി കാണേണ്ട പ്രശ്നമാണ്. ഞാൻ കുറ്റം പറയുകയല്ല, കേരളത്തിലെ തൊഴിലാളികൾക്ക് ജീവിക്കാനുള്ള പ്രതിസന്ധിയുണ്ട്. അതിന് ഗവൺമെന്റ് എന്തെങ്കിലും ഇൻകം സപ്പോർട്ട് സ്കീം കൊണ്ടുവരണം. യഥാർത്ഥത്തിൽ തമിഴ്നാടുമായി തട്ടിച്ചുനോക്കുമ്പോൾ കേരളത്തിൽ കൂലി കൂടുതലാണ്. പക്ഷേ ഈ വ്യവസായം നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച് പറയുമ്പോൾ അത് പറയേണ്ടിവരും.

ശ്രീ. എ. എൻ. ഷംസീർ: സർ, വഴങ്ങുമോ?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ ഇതൊന്ന് പറഞ്ഞുതീരട്ടെ. അതുകൊണ്ടാണ് മലയാളികളുൾപ്പെടെയുള്ള വ്യവസായികൾ മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് പോകാൻ കാരണം. ഈ വ്യവസായത്തിന് മാത്രമല്ല, കശുവണ്ടി വ്യവസായത്തിനും ഈ പ്രശ്നം വന്നിട്ടുണ്ട്.

മി. ചെയർമാൻ: അങ്ങ് വഴങ്ങുന്നതിനുമുമ്പ് സമയംകൂടി നോക്കണം.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ അതുകൊണ്ടല്ലേ വഴങ്ങാത്തത്? ഞാൻ അങ്ങേയ്ക്ക് മാത്രമേ വഴങ്ങുകയുള്ളൂ. ഈ മേഖലയിലെ തൊഴിലാളികളുടെ ജീവിതം വളരെയേറെ പ്രതിസന്ധിയിലാണ്. പക്ഷേ ഈ വ്യവസായത്തിന്റെ പേയിംഗ് കപ്പാസിറ്റി വളരെ കുറവാണെന്നുള്ളതാണ് പ്രശ്നം. അതുകൊണ്ട് തൊഴിലുറപ്പു പോലെയുള്ള പദ്ധതികൾ ഈ മേഖലയിലെ തൊഴിലാളികൾക്ക് പ്രയോജനപ്പെടുത്താൻ സാധിക്കുമോയെന്നുള്ളത് ഗവൺമെന്റ് ആലോചിക്കണം. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കയർ തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, പരമ്പരാഗത വ്യവസായ തൊഴിലാളികൾ എന്നിവർക്ക് ഒരു ഇൻകം സപ്പോർട്ട് സ്കീമുണ്ടായിരുന്നു. അതിനെക്കുറിച്ചും ഗവൺമെന്റ് ആലോചിക്കണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. ആലപ്പുഴയിലെ പല പ്രമുഖ വ്യവസായികളും മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് മാറുന്ന പ്രവണത ഇപ്പോഴുണ്ടായിക്കൊണ്ടിരിക്കുകയാണ്. തൊഴിലാളികളുടെ അതിപ്രസരം മാത്രമല്ല മൊത്തത്തിലുള്ള സാഹചര്യവും അതാണ്. അതുപോലെ ഈ തൊഴിൽരംഗത്തേയ്ക്ക് കടന്നുവരുന്ന വിദഗ്ദ്ധ തൊഴിലാളികളുടെ കുറവും പ്രധാന പ്രതിസന്ധിയാണ്. ഈ രംഗത്ത് 25 വയസ്സിൽ താഴെയുള്ള ചെറുപ്പക്കാരായ തൊഴിലാളികൾ 1.8 ശതമാനം മാത്രമാണ്. ഈ മേഖല അട്രാക്ടീവല്ലെന്നതാണ് അതിനുകാരണം. ഇത് മുഷിഞ്ഞ ജോലിയാണ്. അത് അട്രാക്ടീവാകണമെങ്കിൽ ഗവൺമെന്റ് നടപടികൾ വേണം. അതുപോലെ കയർ കോർപ്പറേഷൻ അശാസ്ത്രീയമായ ഡിസ്കൗണ്ടിംഗ് സംവിധാനമാണ് നടത്തുന്നത്. വ്യവസായികളുടെ മത്സരക്ഷമതയെ ബാധിക്കുന്നവിധത്തിൽ കോർപ്പറേഷൻ കഴിഞ്ഞ കുറേ വർഷങ്ങളായി നൽകുന്ന ഡിസ്കൗണ്ടിംഗ് നിരക്കുകൾ വ്യത്യസ്തമാണ്. ഇതിനെക്കുറിച്ചും ഗവൺമെന്റ് പരിശോധിക്കണം.

തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിൽ രണ്ടുമൂന്ന് കയർ സംഘങ്ങളുണ്ടായിരുന്നു. 1961-ലാണ് പൂത്തോട്ടയിൽ ഒരു കയർ സഹകരണ സംഘം ആരംഭിച്ചത്. 1955-ലും ഒരെണ്ണം ആരംഭിച്ചിരുന്നു. ഇതുരണ്ടും പൂട്ടിക്കിടക്കുകയാണ്. ഈ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കാനായി അവർ പലപ്രാവശ്യം ഗവൺമെന്റിനെ സമീപിച്ചെങ്കിലും ഗവൺമെന്റ് യാതൊരു പിന്തുണയും നൽകുന്നില്ല. ഇവർക്ക് ധാരാളം ഭൂമിയുണ്ട്. ഈ സംഘങ്ങളുടെ പുനരുദ്ധാരണത്തിനുവേണ്ടി അവരുടെ ഭൂമിയുടെ കുറച്ചുഭാഗം വിൽക്കാൻ അനുവാദം നൽകണമെന്നാവശ്യപ്പെട്ടിട്ട് പൂത്തോട്ടയിലെ സംഘത്തിന് അനുവാദം കൊടുക്കുന്നില്ല. അതേസമയം വൈക്കം, നോർത്ത് പറവൂർ തുടങ്ങിയ പല പ്രദേശങ്ങളിലും അനുവാദം കൊടുത്തിട്ടുണ്ട്. ഇത് വ്യക്തിപരമായി എന്റെ പ്രദേശത്തെ ഒരു കാര്യം പറഞ്ഞതാണ്. അതുകൊണ്ട് ഇതിലൊരു ഡിസ്ക്രിമിനേഷനില്ലാതെ......,

<u>മി. ചെയർമാൻ</u>: അങ്ങ് സമയം നോക്കണം.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ പത്ത് മിനിട്ടിനകം നിർത്താം. ഞാൻ വിഷയത്തിൽനിന്നും ഒട്ടും മാറിപ്പോകുന്നില്ല. ഭൂസ്വത്തുള്ള സംഘങ്ങളുടെ പുനരുദ്ധാരണത്തിനുവേണ്ടി അവരുടെ ജനറൽ ബോഡിയുടെ തീരുമാനപ്രകാരം ഭൂമി വില്പന നടത്തി പുനരുദ്ധരിക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കണമെന്ന് സൂചിപ്പിക്കുകയാണ്. ഈ വ്യവസായവുമായി ബന്ധപ്പെട്ട് രണ്ടുമൂന്ന് കാര്യങ്ങളാണ് പറയാനുള്ളത്. ഒന്ന്, ഗുണമേന്മയേറിയ കയറുല്പന്നങ്ങളെല്ലാം ഇപ്പോൾ നാമാവശേഷമായി. ഇന്ന് ബ്രൗൺ ചകിരിയുടെ കയർ മാത്രമാണ് ഉല്പാദിപ്പിക്കപ്പെടുന്നത്. പണ്ട് കായലിൽക്കിടന്ന് ചീഞ്ഞ തൊണ്ടുകളായിരുന്നു. ഇപ്പോൾ അതിന്റെ ക്വാളിറ്റി വളരെ കുറവാണെന്നുള്ളതാണ് ഒരു പ്രശ്നം. അതുപോലെതന്നെ സംസ്ഥാനത്ത് പതിനാലായിരത്തോളം കൈത്തറികളുണ്ടായിരുന്ന കാലമുണ്ടായിരുന്നു. ഇപ്പോൾ രണ്ടായിരം തറികൾ മാത്രമാണുള്ളത്. അതാണ് ഈ വ്യവസായത്തിന്റെ തകർച്ചയുടെ ഒരു കാര്യം. ഇരുന്നൂറ്റിയമ്പതിലധികം ഉല്പന്നങ്ങൾ കയറ്റുമതി ചെയ്തിരുന്നിടത്ത് ഇപ്പോൾ പത്തിൽത്താഴെ മാത്രമായി ചുരുങ്ങിയിരിക്കുന്നു. അതുപോലെ വിദഗ്ദ്ധ തൊഴിലാളികളില്ലാത്ത സ്ഥിതിയുണ്ട്. ആലപ്പുഴയിൽ ധാരാളം നിർമ്മിക്കുകയും കയറ്റുമതി ചെയ്യുകയും ചെയ്തിരുന്ന ഗുണനിലവാരമേറിയ ഉല്പന്നങ്ങൾ ഇന്ന് ലോക വിപണിയിൽനിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ ബംഗാളിൽനിന്നും ജ്യൂട്ട് കൊണ്ടുവരുന്നുണ്ട്. ആലപ്പുഴയിൽ പല സ്ഥലത്തും ജ്യൂട്ട് നെയ്ത് അയയ്ക്കുന്നുണ്ട്. 75 വർഷത്തിലേറെയായി കയർ വ്യവസായത്തിന്റെ വികസനത്തിനായി സ്ഥാപിക്കപ്പെട്ട കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ കയർ ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് കേരള സർക്കാരിന്റെ കീഴിൽ അതേ ലക്ഷ്യത്തിനുവേണ്ടി സ്ഥാപിക്കപ്പെട്ട സ്ഥാപനങ്ങളിൽ വ്യവസായ വികസന പ്രവർത്തനങ്ങളുടെ കാര്യത്തിൽ ഫലപ്രാപ്തിയുള്ള പ്രവർത്തനം

സാധിച്ചിട്ടില്ല. ഇതുപോലെ കയർ വ്യവസായം നേരിടുന്ന ധാരാളം പ്രശ്നങ്ങൾ പറയാനുണ്ടെങ്കിലും സമയക്കുറവുകൊണ്ട് ഞാൻ അതെല്ലാം പറയുന്നില്ല. ലോക കാർപ്പെറ്റ് വ്യവസായത്തിൽ, മറ്റ് പാശ്ചാത്യ രാജ്യങ്ങളിലെ ശീതകാലാവസ്ഥയിൽ കാർപ്പെറ്റിന്റെ ഉപയോഗം വളരെ അനിവാര്യമാണ്. അവരുടെ വരുമാനത്തിന്റെ നല്ലൊരുഭാഗം കാർപ്പെറ്റിനുവേണ്ടി ചെലവാക്കുന്നുവെന്നാണ് ഇന്റർനെറ്റിൽ കാണുന്നത്. അമേരിക്കയിലെ മാത്രം കാർപ്പെറ്റ് വിപണി ഏകദേശം 100 ബില്ല്യൺ ഡോളറിന്റേതാണ്. അമേരിക്കയിലും യൂറോപ്പിലുംകൂടി 30 കോടി ഇൻഡിപ്പെൻഡന്റ് വീടുകളുണ്ട്. അവരുടെ കാലാവസ്ഥയനുസരിച്ച് അവർക്കെല്ലാം കാർപ്പെറ്റുകൾ ആവശ്യമാണ്. അതിന് ഏറ്റവും നല്ലത് നമ്മുടെ കയറുല്പന്നങ്ങളാണ്. അതുകൊണ്ട് ഈ ലോകസാഹചര്യങ്ങളെ ഉപയോഗപ്പെടുത്തി നമ്മുടെ കയർ വ്യവസായത്തെ ആധുനികവത്കരിക്കാനും ലോക കമ്പോളത്തിൽ കയറാനും ഈ രംഗത്ത് കൂടുതൽ മുന്നോട്ടുപോകാനും സാധിക്കണം. ഫ്ലോർ കവറിംഗിന്റെ ലോകാധിപത്യം കൈവരിക്കാനും നമുക്ക് സാധിക്കും. പക്ഷെ ആ രംഗത്ത് കൂടുതൽ ഗവേഷണം നടത്തേണ്ടതായിട്ടുണ്ട്. ഇപ്പോൾ കയർ കോർപ്പറേഷൻ വഴി ഉൽപ്പന്നങ്ങൾക്ക് 15 ശതമാനം വില സബ്സിഡി നൽകുന്നുണ്ട്. എന്നാൽ 'കയർ കേരള'യിൽ പങ്കെടുത്തവർക്ക് നൽകിവന്ന 10 ശതമാനം വിലക്കുറവ് ഇപ്പോഴില്ല. ഇത് പുനഃസ്ഥാപിച്ച് 25 ശതമാനം സബ്സിഡി നൽകുന്നത് ഒരു സ്ഥിരം സംവിധാനമാക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കണം. ഇന്നനുഭവപ്പെടുന്ന അസാധാരണമായ ഡീസൽ ചാർജ്ജ് വർദ്ധനവ് കണ്ടെയ്നർ ലോറികളുടെ ചെലവ് കൂട്ടിക്കൊണ്ടിരിക്കുകയാണ്. തമിഴ്നാട്ടിൽ ഒരു ലിറ്ററിന് മൂന്ന് രൂപ സബ്സിഡി നൽകുന്നുണ്ട്. ഇവിടെ ഒരു രൂപപോലും സബ്സിഡി കൊടുത്തിട്ടില്ല. അതുകൊണ്ട് സബ്സിഡിയുടെ കാര്യത്തിൽ ഗവൺമെന്റ് ശ്രദ്ധിക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. പി. നന്ദകുമാർ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. സമ്പദ്ഘടനയിൽ വരുന്ന മാറ്റങ്ങൾ എല്ലാ മേഖലകളിലും പ്രതിഫലിക്കും. ഇപ്പോൾ വ്യവസായ മേഖലയിൽ ഘടനാപരമായ മാറ്റങ്ങളുണ്ടായിക്കൊണ്ടിരിക്കുന്ന അവസരമാണ്. അതിനനുസൃതമായി ഗവൺമെന്റ് നയങ്ങൾ, ഒരു കാലഘട്ടത്തിനനുയോജ്യമായ രീതിയിൽ പുതിയ നിയമങ്ങളും കാഴ്ചപ്പാടുകളുമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ ബിൽ അവതരിപ്പിച്ചതെന്നാണ് മനസ്സിലാക്കുന്നത്. വ്യവസായങ്ങളുടെ സുഗമമായ നടത്തിപ്പിനുവേണ്ടി

രൂപീകരിക്കുന്ന 'നിക്ഷേപം സുഗമമാക്കൽ ബ്യൂറോയുടെ രൂപീകരണം' ബില്ലിലെ പ്രധാനപ്പെട്ട ഒരു വകുപ്പാണ്. അതിൽ ബ്യൂറോക്രാറ്റുകളുടെ ആധിപത്യമുണ്ടാകാതിരിക്കാനുള്ള ശ്രദ്ധ നമ്മുടെ ഭാഗത്തുനിന്നുമുണ്ടാകണം. ചില കാര്യങ്ങൾ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. വ്യവസായം സുഗമമാക്കാൻ ചില അടിയന്തര നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. ഒന്നാമതായി, ഏകീകൃതമായ ഒരു ലാൻഡ് പോളിസി നടപ്പിലാക്കാൻ വൈകരുത്. ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ സ്ഥാപനം നടത്തുന്നവർക്ക് ന്യായമായും നിയമാനുസൃതമായും ഉടമസ്ഥാവകാശം ലഭിക്കുന്നതിനുള്ള സംവിധാനമേർപ്പെടുത്തിക്കൊടുക്കണം. എം.എസ്.എം.ഇ.-കളുടെ പ്രവർത്തനം സുഗമമാക്കുന്നതിൽ പ്രധാനപ്പെട്ട ആവശ്യം അവർക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുകയെന്നാണ്. അനാവശ്യമായി കൊളാടൽ ആവശ്യപ്പെടുന്നത് വലിയ പ്രശ്നം സൃഷ്ടിക്കുന്നുണ്ട്. സെൻട്രൽ സ്കീമിൽ കൊളാട്രൽ ആവശ്യമില്ലെന്നുപറഞ്ഞ പദ്ധതിക്കുപോലും അത് നിർബന്ധമാക്കുന്ന രൂപത്തിലുള്ള ചില നിബന്ധനകൾ അല്ലെങ്കിൽ അത്തരം ഒരു സമീപനം പല ബാങ്കുകളും സംസ്ഥാനത്തെ ഫിനാൻസിംഗ് ഏജൻസികളും സ്വീകരിക്കുന്നുണ്ടെന്ന കാര്യം ഗവൺമെന്റ് ശ്രദ്ധിക്കേണ്ടതുണ്ട്. നല്ല രീതിയിൽ ബിസിനസ്സ് നടത്തുന്ന സ്ഥാപനങ്ങളെപ്പോലും ഇത്തരം വ്യവസ്ഥകൾക്ക് നിർബന്ധിക്കുകയാണ്. കേരളത്തിലെ പല ബാങ്കുകളും സംരംഭകരെ പ്രോത്സാഹിപ്പിക്കുകയല്ല, നിരുത്സാഹപ്പെടുത്തുകയാണ് ചെയ്യുന്നതെന്ന കാര്യം ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കേരളത്തിലെ സംരംഭകർക്കും വ്യവസായങ്ങൾക്കും നല്ല നിലയിൽ സഹായം ചെയ്തിരുന്ന എസ്.ബി.ടി. ബാങ്ക് എസ്.ബി.ഐ.-യിൽ ലയിപ്പിച്ചശേഷം ഇവിടത്തെ നിക്ഷേപം പുറത്തേയ്ക്ക് കടത്തിക്കൊണ്ടുപോയി കോർപ്പറേറ്റുകൾക്ക് നൽകുന്ന സമീപനമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇതിന്റെ ഫലമായി കേരളത്തിൽ വലിയ രൂപത്തിലുള്ള പ്രതിസന്ധി പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ മറ്റൊരു രൂപമാണ് മുമ്പ് ചർച്ചചെയ്യപ്പെട്ട കാത്തലിക് സിറിയൻ ബാങ്ക് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അടുത്തിടെയുള്ള ഒരു കണക്കുപ്രകാരം കാത്തലിക് സിറിയൻ ബാങ്ക് ഇതുവരെ കൊടുത്തിട്ടുള്ള ലോണിന്റെ 70 ശതമാനവും കേരളത്തിന് പുറത്തുള്ള കോർപ്പറേറ്റുകൾക്കാണ് കൊടുത്തിരിക്കുന്നത്. ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്ക് പ്രവർത്തന മൂലധനം ഉണ്ടാക്കിക്കൊടുക്കാനുള്ള ബാധ്യത അല്ലെങ്കിൽ അതിന് സഹായകരമായ നിലപാട് ഗവൺമെന്റ് സ്വീകരിക്കണം. ഇതിനാവശ്യമായ പ്രൊഫഷണൽ ഡിപ്പാർട്ടുമെന്റുതന്നെ രൂപപ്പെടുത്താവുന്നതാണ്. ഈ മേഖലയിലെ സംരംഭകരെ സഹായിക്കാൻ കേരള ബാങ്കിന് നല്ല രൂപത്തിൽ കഴിയും. നമ്മുടെ സഹകരണ മേഖലയ്ക്കകത്തുള്ള സർപ്ലസ് ഫണ്ടുപയോഗപ്പെടുത്തി ഒരു കൺസോർഷ്യം രൂപീകരിച്ച് ഇവരെ സഹായിക്കാനുള്ള നിലപാട് സ്വീകരിക്കണം. എല്ലാ മേഖലയിലും

ഇത് കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ പ്രൊഫഷണലുകളുടെ സേവനമേർപ്പെടുത്തി ഇത് പരിശോധിക്കാനുള്ള സംവിധാനമുണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ ഒരാഴ്ചയ്ക്കകം ലൈസൻസ്, പെർമിറ്റ് എന്നിവ നൽകാനുള്ള സംവിധാനമുണ്ടാക്കണമെന്ന് ബില്ലിൽ പറയുന്നുണ്ട്. പക്ഷേ ഉദ്യോഗസ്ഥരുടെ അനാവശ്യമായ ഇടപെടലുകളുടെ ഫലമായി പലപ്പോഴും ഇത് നീണ്ടുപോകുമോയെന്ന ആശങ്ക സംരംഭകരുടെ ഭാഗത്തുണ്ടെന്ന് ഞാൻ ഓർമ്മ പ്പെടുത്തുകയാണ്. പല ഉദ്യോഗസ്ഥരും ടൗൺ പ്ലാനിംഗ് ഓഫീസർമാർ വളരെ വ്യക്തമായി കൊമേഴ്സ്യൽ പർപ്പസിനായി മാർക്കുചെയ്ത സ്ഥലത്തിനുപോലും പെർമിഷൻ നൽകുന്നത് അനാവശ്യമായി നീട്ടിക്കൊണ്ടുപോയി സംരംഭകരെ മടുപ്പിക്കുന്ന രൂപത്തിലുള്ള സമീപനം സ്വീകരിക്കുന്നുണ്ടെന്ന കാര്യം ഗവൺമെന്റ് ശ്രദ്ധിക്കണം. എനിക്ക് നേരിട്ടറിയുന്ന ഒരു കാര്യമുണ്ട്. കഴിഞ്ഞ ആറ് മാസക്കാലമായി ഒരു സംരംഭകൻ ടൗൺ പ്ലാനിംഗ് ഉദ്യോഗസ്ഥരുടെ ഇത്തരം നടപടിമൂലം വിഷമം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇതുവരെ പെർമിഷൻ കൊടുത്തിട്ടില്ല. ഈ രൂപത്തിലുള്ള നീക്കംനടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കണം. നിരവധി തൊഴിലവസരങ്ങൾ തടയപ്പെടുന്നതിന്റെ ഫലമായി സംരംഭകരുടെ താത്പര്യങ്ങൾ മാത്രമല്ല, നൂറുകണക്കിനാളുകളുടെ തൊഴിലവസരങ്ങൾ കൂടി തടയപ്പെടുകയാണെന്ന് ഉദ്യോഗസ്ഥർ മനസ്സിലാക്കുന്നില്ല. കേരളത്തിലെ വ്യാവസായികാന്തരീക്ഷം വളരെ സമാധാനപരമാണ്, ക്രമസമാധാന അന്തരീക്ഷം മെച്ചപ്പെട്ടതാണ്, സംസ്ഥാനത്തെ ട്രാൻസ്പോർട്ടേഷൻ മെച്ചപ്പെട്ടതാണ്, ഊർജ്ജ ലഭ്യതയുണ്ട്, വിദ്യാസമ്പന്നരായ തൊഴിൽശക്തിയുടെ ലഭ്യതയുണ്ട്. ഇതെല്ലാം ഉപയോഗപ്പെടുത്തി വ്യവസായമേഖലയുടെ വളർച്ചയ്ക്കായി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ സ്തുത്യർഹമാണ്. ഫുഡ് പ്രോസസ്സിംഗ്, ഇലക്ട്രോണിക്സ്, ഫെർട്ടിലൈസർ, കൺസ്യൂമർ ഗുഡ്സ് അതുപോലെതന്നെ മെഡിസിൻ ആൻഡ് ഹോസ്പിറ്റൽ ഐറ്റംസ്, പെട്രോകെമിക്കൽസ്, ട്രെഡീഷണൽ എക്സ്പോർട്സ് എന്നിവയിലെല്ലാം നല്ല സാദ്ധ്യതകൾ കേരളത്തിലുണ്ട്. അതുപയോഗപ്പെടുത്തുന്ന രൂപത്തിലേയ്ക്കുള്ള ജാഗ്രതയോടുകൂടിയ ഇടപെടലുകളും അവരെ സഹായിക്കുന്ന നടപടികളും സത്വരമായി കൈക്കൊള്ളണം. എം.എസ്.എം.ഇ. ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ ഗവൺമെന്റ് ഡിസ്ട്രിബ്യൂഷൻ ചാനലിനുകൂടി സപ്പോർട്ട് കൊടുക്കാനുള്ള സംവിധാനമുണ്ടാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കേരളത്തിൽ നാച്ചറൽ ഗ്യാസ് ആൻഡ് യൂട്ടിലൈസേഷൻ കാര്യക്ഷമമായി നടത്താൻവേണ്ട ഇടപെടലുണ്ടാകണം. അതിന് ജാഗ്രത വേണം. ഹൗസ്ഹോൾഡ് കണക്ഷൻ കിട്ടുന്നതിനും ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്ക് ഈ ഗ്യാസ് കണക്ഷൻ

കിട്ടുന്നതിനും പുതിയ സംരംഭകർക്ക് ഗ്യാസ് കണക്ഷൻ കിട്ടുന്നതിനുംവേണ്ടി വിതരണ ശൃംഖല ശക്തിപ്പെടുത്തണം. അതിനായി ലോക്കൽ ലെവൽ അസോസിയേഷൻ/ കമ്പനി രൂപീകരിച്ചുകൊണ്ട് ഇത് സ്പീഡപ് ചെയ്യാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. കേരളത്തിൽ ഇലക്ട്രോണിക്സ് വ്യവസായങ്ങൾക്ക് നല്ല സാദ്ധ്യതയുണ്ട്. കെൽട്രോൺ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികളെ ഞാൻ ശ്ലാഘിക്കുന്നു. ഇലക്ട്രോണിക്സ്, ഐ.ടി., ഐ.ടി. എനേബിൾഡ് സർവ്വീസസ് മുതലായ സെക്ടറുകളിൽ സാദ്ധ്യത വളരെ കൂടുതലാണ്. അതുപയോഗപ്പെടുത്തണമെങ്കിൽ കെൽട്രോൺ കൂടുതൽ മെച്ചപ്പെടണം. അതിന് പ്രൊഫഷണൽ ലീഡർഷിപ്പ് ശക്തമായി വരണം. കരുത്തുറ്റ ഭരണ സാന്നിദ്ധ്യമുണ്ടാകണം. ഇടക്കാലത്ത് കെൽട്രോൺ കുറച്ചു പിന്നിലോട്ടു പോയി. അതുമാറ്റിയെടുക്കാൻ കഴിയണം. ശക്തിപ്പെടുത്താനാവശ്യമായ പെട്ടെന്നുള്ള നടപടികൾ കാരണം എല്ലാരംഗത്തും മത്സരമാണ്. ആ മത്സരത്തിനൊപ്പം നമുക്കും മുമ്പോട്ടുപോകാൻ കഴിയണമെങ്കിൽ ഇത്തരം കാര്യങ്ങളിലെ ഇടപെടലുകൾ ശക്തിപ്പെടുത്തണം. ഉൽപ്പാദന മേഖലയിൽ, പ്രധാനമായും വ്യവസായങ്ങളുടെ വളർച്ചയിൽ ഞാൻ സർക്കാരിനെ അഭിനന്ദിക്കുകയാണ്. അതിൽ ജാഗ്രതയും ശക്തമായ ഇടപെടലുകളുമുണ്ടാകണം. അതുപോലെ ഗവൺമെന്റ് നയത്തിനെതിരായിനിന്നുകൊണ്ട് വ്യവസായികളെ പിറകിലോട്ടുവലിക്കുന്ന തെറ്റായ രൂപത്തിലുള്ള സമീപനം കൈക്കൊള്ളുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണം. വ്യവസായ മേഖലയുടെ പുരോഗതിക്കായി കൊണ്ടുവന്നിട്ടുള്ള ഈ ബില്ലിനെ ഞാൻ പിന്തുണയ്ക്കുന്നു. മറ്റു രൂപത്തിലുള്ള പ്രവർത്തനങ്ങളിലും ഗവൺമെന്റ് ശക്തമായി ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. വി. ശശി: സർ, സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കാലതാമസം കൂടാതെ സമയബന്ധിതമായി എം.എസ്.എം.ഇ.-കൾ സ്ഥാപിച്ച് സുഗമമായി പ്രവർത്തിക്കുന്നതിന് വ്യവസായ സംരംഭകർക്ക് കൂടുതൽ സംരക്ഷണം നൽകുന്ന ഒരു നിയമമാണ് കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ 2019. ഈ നിയമം ഇതര വ്യവസായ സ്ഥാപനങ്ങൾക്കുകൂടി ബാധകമാക്കാനാണ് 2019-ലെ നിയമത്തിൽ ഭേദഗതി വരുത്തി 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ കൊണ്ടുവന്നത്. ഈ ബിൽ 2021 ഒക്ടോബർ 6-ന് സഭ പരിഗണിച്ചിരുന്നു. അതിനുശേഷം

സബ്ജക്ട് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾകൂടി ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ബില്ലാണ് സഭയിൽ ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്നത്. ബില്ലിലെ (എ) വകുപ്പിൽ പറയുന്ന നിക്ഷേപം സുഗമമാക്കൽ ബ്യൂറോ, അതിൽ അംഗങ്ങളുടെ കാര്യത്തിൽ ചില മാറ്റങ്ങൾ സബ്ജക്ട് കമ്മിറ്റി നിർദ്ദേശിക്കുകയുണ്ടായി. അതുകൂടി ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ബില്ലാണ് ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ളത്. പ്രതിപക്ഷം ഉന്നയിച്ച വിയോജനക്കുറിപ്പിൽ വ്യവസായമേഖലയെ മുന്നോട്ടു നയിക്കാൻ പ്രാപ്തമായ നടപടികളൊന്നും ബില്ലിൽ പ്രതിപാദിക്കുന്നില്ലെന്ന് ആക്ഷേപിച്ചിരിക്കുന്നത് കണ്ടു. വ്യവസായമേഖലയെ മുന്നോട്ടു നയിക്കാൻ പ്രാപ്തമായ നടപടികളും പരിപാടികളും പദ്ധതികളും ബഡ്ജറ്റുകളിലാണ് സാധാരണ പ്രതിപാദിക്കേണ്ടത്. അതെല്ലാം വളരെ ഭംഗിയായി 2021-2022-ലെ ഒറിജിനൽ ബഡ്ജറ്റിലും പിന്നീട് അവതരിപ്പിച്ച പുതുക്കിയ ബഡ്ജറ്റിലും വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. അവയെല്ലാം സമയബന്ധിതമായി നടപ്പാക്കാനാണ് ഈ നിയമനിർമ്മാണമെന്നുകൂടി നാം മനസ്സിലാക്കണം. കേരളം നേരിടുന്ന ഏറ്റവും വലിയ വികസന വെല്ലുവിളി തൊഴിലില്ലായ്മയാണ്. വർദ്ധിച്ചു വരുന്ന യുവതയുടെ തൊഴിലില്ലായ്മ; പ്രത്യേകിച്ച് അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ. ഇതിനായി സർക്കാർ നിരവധി പദ്ധതികൾ 2021-22-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. 5 വർഷംകൊണ്ട് 20 ലക്ഷം പേർക്ക് ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി തൊഴിൽ നൽകുന്നതിന് വിപുലമായ ഒരു പദ്ധതി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിലിനെ (കെ-ഡിസ്ക്) പുനഃസംഘടിപ്പിച്ച് ഇതിന്റെ ചുമതലയേൽപ്പിക്കുകയാണ്. അഭ്യസ്തവിദ്യരായവർക്ക് തൊഴിൽ എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ആധുനിക ശാസ്ത്രസാങ്കേതികവിദ്യയിലൂന്നിയുള്ള തൊഴിലവസരങ്ങൾ ഒരു പ്ലാറ്റ്ഫോമിലെത്തിക്കാനുള്ള ശ്രമമാണ് പദ്ധതി ലക്ഷ്യമാക്കുന്നത്. ഇതോടൊപ്പം പൊതുവിദ്യാഭ്യാസ സമ്പ്രദായത്തെയും യൂണിവേഴ്സിറ്റി വിദ്യാഭ്യാസ സമ്പ്രദായത്തെയും ഏകീകരിച്ച് നിലവിലുള്ള പശ്ചാത്തല സൗകര്യങ്ങൾ കൂടുതൽ ഫലപ്രദമാക്കും. നൈപുണ്യ വർദ്ധന പരിപാടിയെ പതിന്മടങ്ങ് ശക്തിപ്പെടുത്തും. ഈ പരിപാടികളെല്ലാം കൂടുതൽ വ്യവസായബന്ധിതവും തൊഴിൽലഭ്യത ഉറപ്പുവരുത്തുംവിധവും പുനഃസംഘടിപ്പിക്കുകയാണ്. ഇതെല്ലാം ഉൾക്കൊള്ളുന്ന സമഗ്രമായ ഒരു പരിപാടിയാണ് 20 ലക്ഷം അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകുന്നതിനുവേണ്ടി തയ്യാറാക്കിയിട്ടുള്ള കെ-ഡിസ്ക്. കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഈ ബില്ലുമായി ബന്ധപ്പെട്ട് സംസാരിച്ച പലരും കയർ വ്യവസായത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. കയർ വ്യവസായ മേഖല കഴിഞ്ഞ 5 വർഷം ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചിരുന്നുവെന്നുള്ളതാണ് യാഥാർത്ഥ്യം. കയർമേഖലയിലെ 2014-16-ലെ ഉല്പാദനം ഒരു ലക്ഷം ക്വിന്റലായിരുന്നുവെങ്കിൽ അത് ക്രമാനുഗതമായി വർദ്ധിച്ച് 2020-21-ൽ 2.50 ലക്ഷം ക്വിന്റലായി വർദ്ധിച്ചുവെന്നുള്ളതാണ്. കയർത്തൊഴി

ലാളികളുടെ പ്രതിവർഷ വരുമാനം 13,500 രൂപയിൽ നിന്നും 50,000 രൂപയായി വർദ്ധിപ്പിക്കുവാനും സാധിച്ചു. കയർഫെഡിന്റെ വിറ്റുവരവിലും വലിയ വർദ്ധനവുണ്ടായി. 34 കോടി രൂപയിൽനിന്നും 164 കോടി രൂപയായി ഉയർന്നു. തമിഴ്നാട് ചകിരിയെ പൂർണ്ണമായും ആശ്രയിച്ചുപോകുന്ന കാലം മാറി. കേരളത്തിനാവശ്യമായ ചകിരിയുടെ 50 ശതമാനത്തിലധികം ഇവിടെ സ്ഥാപിച്ച മില്ലുകളിൽനിന്നും ഉല്പാദിപ്പിക്കുന്നുണ്ട്. വരുംനാളുകളിൽ ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനുള്ള നടപടിയും സ്വീകരിച്ചുവരികയാണ്. കേരളത്തിൽ ഉല്പാദിപ്പിക്കുന്ന കയറിന്റെ സിംഹഭാഗവും കയർ ഭൂവസ്ത്രമാക്കി മാറ്റിയാണ് കേരളത്തിൽത്തന്നെ വിപണി കണ്ടെത്തുന്നത്. കഴിഞ്ഞ മൂന്ന് വർഷങ്ങൾക്കുള്ളിലായി ഓരോ വർഷവും 100 കോടിയിൽപ്പരം കയർ ഭൂവസ്ത്രത്തിനുള്ള ധാരണാപത്രമാണ് തൊഴിലുറപ്പ് പദ്ധതി വഴി തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് കരാർ ഒപ്പുവച്ച് നടപ്പാക്കി യിട്ടുള്ളത്. നടപ്പുവർഷം 120 കോടി രൂപയുടെ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കയർ വ്യവസായമേഖലയിൽ കയർ ഭൂവസ്ത്രത്തിനുള്ള സാദ്ധ്യത വ്യവസായ വകുപ്പുമന്ത്രി യായിരുന്ന സുശീല ഗോപാലൻ വ്യക്തമായ ധാരണയോടെ മനസ്സിലാക്കി എടുത്ത ചില നടപടികളുണ്ട്. കയർമേഖലയെ രക്ഷിക്കാൻ ഏറ്റവും അനുയോജ്യമായ ഉല്പന്നമാണ് കയർ ഭൂവസ്ത്രമെന്ന് തിരിച്ചറിഞ്ഞ് അത് വികസിപ്പിച്ചെടുക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും സ്റ്റാൻഡേർഡൈസേഷൻ നടത്തുന്നതിനും കയർ ജിയോ ടെക്സ്റ്റൈൽ ഡെവലപ്മെന്റ് പ്രോഗ്രാം എന്ന പേരിൽ വിപുലമായ ഒരു പദ്ധതിക്ക് വ്യവസായ വകുപ്പുമന്ത്രിയായിരുന്ന സുശീലാ ഗോപാലൻ 2000-ത്തിൽ രൂപം നൽകുകയുണ്ടായി. സ്ലോപ് ഇറിഗേഷൻ, കനാൽ സ്ലീം ബാങ്ക് പ്രൊട്ടക്ഷൻ, വാട്ടർ ബോഡി എൻവയോൺമെന്റൽ പ്രൊട്ടക്ഷൻ, റോഡ്/റെയിൽവേ കൺസ്ട്രക്ഷൻ തുടങ്ങിയ 15-ഓളം മേഖലകളിൽ കയർ ജിയോ ടെക്സ്റ്റൈൽ ഉപയോഗിക്കുന്നതിനുള്ള വലിയ സാദ്ധ്യതകളാണ് അന്ന് വിലയിരുത്തപ്പെട്ടത്. അതിന്റെയടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളുമായി സഹകരിച്ച് ജിയോ ടെക്സ്റ്റൈൽ ഉപയോഗിച്ചുള്ള വിവിധ വർക്കുകൾ പൈലറ്റ് പ്രോജക്ടുകളെന്ന നിലയിൽ നടപ്പാക്കി. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറായിരുന്ന ഡോ. രാമനാഥൻ ചെയർമാനായുള്ള ഒരു ടെക്നിക്കൽ കമ്മിറ്റിയുടെ മേൽനോട്ടത്തിലായിരുന്നു ഓരോ പ്രോജക്ടുകളും അന്ന് നടപ്പിലാക്കിയത്. കയർ ജിയോ ടെക്സ്റ്റൈലിൽ ഡോക്ടറേറ്റ് നേടിയ ഡോ. ബാലന്റെ നേതൃത്വത്തിലുള്ള ടെക്നിക്കൽ ടീമും അതോടൊപ്പമുണ്ടായിരുന്ന ടെക്നിക്കൽ സ്റ്റാഫുമടങ്ങുന്ന ഒരു സംവിധാനം ഫീൽഡുതലത്തിൽ ഈ പദ്ധതികൾ നടപ്പിലാക്കാനായി രംഗത്തുണ്ടായിരുന്നു. കയർ ഡയറക്ടറേറ്റിൽ ഈ പദ്ധതി നടപ്പാക്കാൻ സ്പെഷ്യൽ ഓഫീസറുടെ കീഴിൽ ഒരു സെല്ലും പ്രവർത്തിച്ചിരുന്നു. പി.ഡബ്ല്യു.ഡി. മാനുവൽ, സി.പി.ഡബ്ല്യു.ഡി. മാനുവൽ, ബി.ഐ.എസ്. സ്റ്റാൻഡേർഡ്, എ.എസ്.റ്റി.എം.

എന്നിവരുടെയെല്ലാം അംഗീകാരത്തിനുള്ള സാങ്കേതിക മാനദണ്ഡങ്ങൾ തയ്യാറാക്കാൻ സാങ്കേതികമായ വിവരങ്ങൾ ശേഖരിക്കുകയെന്നതായിരുന്നു അന്ന് പൈലറ്റ് പ്രോജക്ടുകൾകൊണ്ട് ലക്ഷ്യമാക്കിയിരുന്നത്. ആ കാലത്ത് വ്യവസായ വകുപ്പുമന്ത്രി സുശീലാ ഗോപാലൻ പങ്കെടുക്കുന്ന യോഗങ്ങളിലെല്ലാം കയർ ജിയോ ടെക്സ്റ്റൈലിനെക്കുറിച്ച് അവർ വാചാലമായി സംസാരിക്കുമായിരുന്നു. തകർച്ച നേരിടുന്ന കയർ വ്യവസായത്തെ രക്ഷിക്കാനുതകുന്ന ഒരു ഒറ്റമൂലിപോലെ കയർ ജിയോ ടെക്സ്റ്റൈലിനെ അവർ കണ്ടിരുന്നു. ഇന്ന് കേരളത്തിൽ വിറ്റഴിക്കുന്ന കയറുല്പന്നങ്ങളിൽ 75 ശതമാനവും കയർ ജിയോ ടെക്സ്റ്റൈലാണെന്ന് കാണുന്നത് അഭിമാനകരമായ നേട്ടമായി ഞാൻ കാണുകയാണ്. വ്യവസായ വകുപ്പുമന്ത്രി യായിരുന്ന സുശീലാ ഗോപാലനെ ഞാൻ ഇപ്പോൾ ഓർത്തുപോകുന്നു. ഈ ഉല്പന്നം പി.ഡബ്ല്യു.ഡി. മാന്വലിലും സി.പി.ഡബ്ല്യു.ഡി. മാന്വലിലും ബി.എസ്.ഐ.-യിലും എ.എസ്.റ്റി.എം.-ലും സ്ഥാനം പിടിച്ചെന്നുകൂടി കാണുമ്പോൾ തീർച്ചയായും സുശീല ഗോപാലനെ ഓർക്കാതിരിക്കാൻ കഴിയില്ല. നമ്മൾ ഇന്ന് കേരള മാർക്കറ്റിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചതായി കാണുന്നു. അതും ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ തണലിൽ വിപണി കണ്ടെത്താൻ മാത്രമേ നമുക്ക് കഴിയുന്നുള്ളൂ; അത് മാറണം. പൊതുമരാമത്ത് വകുപ്പിലും സി.പി.ഡബ്ല്യു.ഡി.-യിലും മറ്റിതര സ്ഥാപനങ്ങളിലും കടന്നുചെല്ലാനാകണം. എക്സ്പോർട്ട് രംഗത്തും സാദ്ധ്യതകളേറെയാണ്. അതിനുള്ള തീവ്രശ്രമമാണ് കയർ ജിയോ ടെക്സ്റ്റൈലുമായി ബന്ധപ്പെട്ട് ഇനി നാം ചെയ്യേണ്ടത്. കയർ ജിയോ ടെക്സ്റ്റൈൽ ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ലക്ഷ്യവും അതായിരുന്നു. അതിനുള്ള തടസ്സങ്ങൾ നീക്കാനായാൽ കയർ വ്യവസായ മേഖലയിൽ ഇനിയും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ നമുക്കുകഴിയും. അതിനുള്ള ശ്രമങ്ങൾ തുടരണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്.

കയർ കഴിഞ്ഞാൽ കേരളത്തിൽ വളരെ പ്രാധാന്യമുള്ള മറ്റൊരു പരമ്പരാഗത മേഖലയാണ് കൈത്തറി. ഇനിയും അന്യംനിന്നുപോകാത്ത വൈവിദ്ധ്യമാർന്ന കൈത്തറി ഉല്പന്നങ്ങൾ നെയ്തെടുക്കുന്ന കരവിരുതിനുടമകളായ അനേകം കൈത്തറി തൊഴിലാളികൾ നമുക്കുണ്ട്. നൂറുകണക്കിന് സ്ഥലങ്ങളിൽ അനുയോജ്യമായ വിപണന കേന്ദ്രങ്ങളുണ്ട്. ഫാക്ടറികൾ, കെട്ടിടങ്ങൾ, തറികൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയും വേണ്ടുവോളം ലഭ്യമാണ്. ഇവയെല്ലാമുള്ള കേരളത്തിലെ കൈത്തറി മേഖലയെ പുനരുജ്ജീവിപ്പിക്കാൻ വലിയ മൂലധന നിക്ഷേപമൊന്നും കൂടാതെതന്നെ നമുക്കുകഴിയും. അതിനുള്ള വലിയ സാദ്ധ്യതയും ഈ മേഖലയിലുണ്ട്. മൂല്യവർദ്ധിത ഉല്പന്നങ്ങൾ ധാരാളമായി ഉല്പാദിപ്പിക്കാനുള്ള ശേഷി ഈ മേഖലയ്ക്കുണ്ട്. കാസർഗോഡ് സാരിയും കുത്താംപുള്ളി സാരിയും സെറ്റും ബാലരാമപുരം സാരിയും പുടവയുമെല്ലാം വളരെയേറെ മൗലികതയുള്ള കൈത്തറി ഉല്പന്നങ്ങളാണ്. ഇതുപോലെ

ധാരാളം കൈത്തറി ഉല്പന്നങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ ഉല്പാദിപ്പിക്കുന്നുണ്ട്. അതിന് കഴിവുള്ള നെയ്ത്തുകാരുമുണ്ട്. ഇവയെല്ലാം കോർത്തിണക്കി നിലവിലുള്ള അടിസ്ഥാനസൗകര്യങ്ങൾ ഫലപ്രദമായി പ്രയോജനപ്പെടുത്തി NIFT, NID പോലുള്ള സ്ഥാപനങ്ങളുടെ സേവനംകൂടി ലഭ്യമാക്കി മൂല്യവർദ്ധിത കൈത്തറി വസ്ത്രങ്ങളുടെ ഉല്പാദനം സംഘടിപ്പിക്കുവാൻ നമുക്കുകഴിയണം. ഇതിനായി സമഗ്രമായ ഒരു പദ്ധതിക്ക് രൂപം നൽകണം. സ്കൂൾ യൂണിഫോം പദ്ധതിയോടൊപ്പം ഇങ്ങനെയൊരു പദ്ധതികൂടി നടപ്പിലാക്കേണ്ടത് ഈ വ്യവസായമേഖലയുടെ നിലനിൽപ്പിന് അനിവാര്യമാണെന്നുകൂടി ഈ സന്ദർഭത്തിൽ ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. അതുപോലെ ബാംബൂ കെയിൻ വർക്കേഴ്സിന്റെ കാര്യത്തിൽ സർക്കാർ പ്രത്യേകം ശ്രദ്ധ നൽകേണ്ടതുണ്ട്. ഇവർക്കായി ബഡ്ജറ്റിൽ തുകയൊന്നും മാറ്റിവയ്ക്കുന്നില്ല. ഈറ്റ ഇവർക്ക് ലഭ്യമാക്കിക്കൊടുക്കുന്നു. അത് പായയായി നെയ്ത് കോർപ്പറേഷന് നൽകുന്നു. അതിൽനിന്ന് ലഭിക്കുന്ന കൂലിയാണ് ഇവരുടെ ഏക വരുമാനമാർഗ്ഗം ബാംബുവിന്റെയും ബാംബു ചൂരലിന്റെയും പ്രയോജനം നവീന ശിലായുഗം മുതൽ മനുഷ്യർ തിരിച്ചറിഞ്ഞിരുന്നു. ആ കാലഘട്ടത്തിൽ, അതായത് 6000 വർഷങ്ങൾക്കുമുമ്പ് ചൈനയിലെ ആദ്യലിപി ബാംബൂ സ്ക്രിപ്റ്റിലാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നുകാണാം. ബാംബൂ വെർഷൻ മ്യൂസിക് ഇൻസ്ട്രുമെന്റ്സും അന്ന് ഉല്പാദിപ്പിച്ചിരുന്നുവെന്നും ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്ന് ലോകത്ത് പതിനായിരത്തിൽപ്പരം ബാംബൂ ഉല്പന്നങ്ങൾ നിർമ്മിച്ചുപോരുന്നുണ്ട്. അതുപോലെ ഇതിന്റെ എക്സ്പോർട്ട് രംഗത്ത് വലിയ മുന്നേറ്റങ്ങളാണ് ചൈനപോലുള്ള രാജ്യങ്ങൾ കൈവരിച്ചിട്ടുള്ളത്. ഈ മേഖലയുടെ വികസനത്തിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള സാദ്ധ്യതകൾ കേരളത്തിൽ വേണ്ടത്ര പ്രയോജനപ്പെടുത്തിയതായി കാണുന്നില്ല. ബാംബൂ കെയിൻ വർക്കേഴ്സിന്റെ ക്ലസ്റ്ററുകൾ കണ്ടെത്തി അവിടെ കോമൺ ഫെസിലിറ്റി പ്രൊഡക്ഷൻ സെന്ററുകൾ സ്ഥാപിച്ച് ഇവർക്കാവശ്യമായ ബാംബൂവും ചൂരലും ലഭ്യമാക്കാനുള്ള നടപടികളുണ്ടാകണം. ഇത്തരം സെന്ററുകൾ സ്ഥാപിച്ച് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കാനുള്ള നടപടി ഫലപ്രദമായി നടപ്പാക്കിയാൽ ഈ മേഖലയിലെ തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സഹായിക്കുമെന്ന് കരുതുന്നു. ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ, മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ, ഇൻഡസ്ട്രിയൽ പ്ലോട്ടുകൾ എന്നിവ വ്യവസായ സംരംഭകർക്ക് അനുവദിക്കുന്ന ഒരു പദ്ധതി വ്യവസായ വകുപ്പിൽ നിലവിലുണ്ട്. ഹയർ പർച്ചേസ് വ്യവസ്ഥയിലോ വാടകയ്ക്കോ ഏറ്റെടുക്കുന്ന പ്ലോട്ടുകൾ/കെട്ടിടങ്ങൾ തവണകളായോ ഒറ്റത്തവണയായോ തുക ഈടാക്കി വ്യവസായ സംരംഭകരുടെ പേരിൽ പട്ടയം അനുവദിച്ചുനൽകാറുമുണ്ട്. അതുപയോഗിച്ച് വ്യവസായത്തിന് ബാങ്ക് ലോൺ

ലഭ്യമാക്കുന്നതിന് അവർക്ക് കഴിയുന്നു. എന്നാൽ ഈ സൗകര്യം എസ്.സി./ എസ്.ടി. സംരംഭകർക്ക് നിഷേധിക്കുന്നു. എസ്.സി.പി./ടി.എസ്.പി. ഫണ്ടുപയോഗിച്ച് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ നിർമ്മിച്ച വർക്ക്ഷെഡ്ഡുകൾ വാടകയ്ക്ക് ഉപയോഗിക്കാൻ മാത്രമേ അവർക്ക് ലഭ്യമാകൂ. മറ്റുള്ളവരെപ്പോലെ ഹയർ പർച്ചേസ് വ്യവസ്ഥയിലോ ഒറ്റത്തവണയായി തുക അടച്ചോ ഭൂമിക്കും ഷെഡ്ഡിനും പട്ടയം കരസ്ഥമാക്കാനുള്ള അവസരം എസ്.സി./എസ്.ടി. സംരംഭകർക്കില്ല. ഇതുമൂലം മറ്റുള്ളവരെപ്പോലെ ഇവർ ആരംഭിക്കുന്ന വ്യവസായത്തിന് ബാങ്ക് വായ്പയെടുക്കുവാൻ കഴിയുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ഇതിന് പരിഹാരം കാണാനുള്ള നടപടി ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ധാതുക്കളുമായി ബന്ധപ്പെട്ട നിയമം മലബാർ മേഖലയിൽ കൊണ്ടുവരുമ്പോൾ തിരുവിതാംകൂറിലും കൊച്ചിയിലും വിളംബരത്തിന്റെ ഭാഗമായി രണ്ട് നിയമങ്ങൾ നിലനിൽക്കുകയാണ്. കേരളത്തിൽ ഏകീകൃതമായ ഒരു നിയമമാണ് ശാശ്വതമെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ദുരന്തങ്ങൾ ആവർത്തിക്കുമ്പോഴും തിരുത്താൻ തയ്യാറാകാത്ത കേരളത്തിന്റെ സമീപനം ചൂണ്ടിക്കാണിച്ചാണ് ദീർഘകാല പ്രത്യാഘാതങ്ങൾ കാത്തിരിക്കാമെന്ന് പരിസ്ഥിതി വിദഗ്ദ്ധൻ മാധവ് ഗാഡ്ഗിലിന്റെ മുന്നറിയിപ്പ്. അതീവ പരിസ്ഥിതി ദുർബ്ബല പ്രദേശത്തിൽ നീർത്തടത്തോടുചേർന്നുകിടക്കുന്ന മേഖലകളിൽ 6000 ക്വാറികൾ പ്രവർത്തിക്കുന്നത് നിയമാനുസൃതമാണോയെന്ന് പരിശോധിക്കപ്പെടേണ്ടതുണ്ട്. വ്യാജമായി പ്രവർത്തിക്കുന്ന നിരവധി ക്വാറികൾ ഇന്ന് വിവിധ അപകടങ്ങൾ വിളിച്ചുവരുത്തുകയാണ്. മലയോര മേഖലകളിൽ ക്വാറികളിലുണ്ടാകുന്ന സ്ഫോടനം കുന്നുകളിലെ പാറകളുടെ ഘടനയെ ബാധിക്കുന്നു. പാറകളുടെ വിഘടനത്തിന് ക്വാറികളുടെ പ്രവർത്തനം വലിയ പ്രത്യാഘാതമാണ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. 2018-ലും 2019-ലും സംസ്ഥാനത്ത് മഹാപ്രളയം വലിയ പ്രത്യാഘാതമാണുണ്ടാക്കിയിട്ടുള്ളത്. ക്വാറികൾക്ക് അനുവാദം നൽകുമ്പോൾ ദുർഘട മേഖലകളും പ്രവർത്തിക്കാവുന്ന മേഖലകളും രണ്ടായി തിരിച്ചുള്ള പഠനങ്ങൾ നടത്താൻ തയ്യാറാകണം. 2018-ലെയും 2019-ലെയും പ്രളയത്തിനുശേഷം 223 പുതിയ ക്വാറികൾക്ക് സർക്കാർ അനുവാദം നൽകിയിട്ടുണ്ടെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ഇത്തരം ക്വാറികളെ വീണ്ടും പ്രോത്സാഹിപ്പിക്കുകയാണ്, കേരളത്തിൽ മെറ്റൽ ആവശ്യമാണ്, അത് നിയമാനുസൃതം കണ്ടെത്തേണ്ടതാണെന്ന് നമുക്കറിയാം.

ജനവാസമേഖലയ്ക്കരികിൽ ക്വാറികൾ അനുവദിക്കുന്നതിനുള്ള ദൂരപരിധി കുറയ്ക്കാൻ കേരളത്തിന് ഏറെ പ്രയാസപ്പെടേണ്ടിവന്നു. കാരണം ജനവാസപ്രദേശത്തുനിന്നും 5 കിലോമീറ്റർ ദൂരം അപ്പുറത്താണ് ക്വാറികൾ പ്രവർത്തിക്കേണ്ടതെന്നാണ് കേന്ദ്രം പറഞ്ഞിരിക്കുന്നത്. എന്നാൽ 100 മീറ്റർ ദൂരെ പ്രവർത്തിക്കുന്നതിനുള്ള നടപടിയുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയും ആ വ്യവസ്ഥയനുസരിച്ച് 223 ക്വാറികൾക്ക് അനുമതി നൽകുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് സ്ഫോടനം നടത്താതെ 50 മീറ്ററിനുള്ളിൽ ഖനനത്തിന് അനുമതി കിട്ടും. ദൂരപരിധി കൂട്ടണമെന്ന് കോടതി നിർദ്ദേശിച്ചപ്പോഴും സർക്കാർ അതിനെ എതിർക്കുകയാണ് ചെയ്തത്. പരിസ്ഥിതി ദുർബ്ബലമേഖലകളിൽ ക്വാറികൾക്ക് മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിൽനിന്നും അനുമതി നൽകാറില്ല. പരിസ്ഥിതി ദുർബ്ബലമേഖലകളായി പ്രഖ്യാപിക്കുന്നതിനുമുമ്പ് ഇത്തരം സ്ഥലങ്ങളിൽ നൽകിയ അനുമതി പുതുക്കി നൽകിയിട്ടില്ല. സ്ഥലപരിശോധന നടത്താതെയും പാരിസ്ഥിതിക അനുമതിയില്ലാതെയും ക്വാറികൾക്ക് അനുമതി നൽകരുതെന്നാണ് സർക്കാർ തീരുമാനം. ഈ വ്യവസ്ഥകൾ പാലിക്കാത്ത ക്വാറികൾക്കൊന്നും അനുമതിപത്രങ്ങളില്ല. പക്ഷേ ഇത്തരം ക്വാറികൾ നിർബാധം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതിന് വ്യക്തമായ നടപടികളുണ്ടാകേണ്ടതാണ്. സാങ്കേതികമായ എല്ലാ കാര്യങ്ങളും പരിശോധിച്ചാണ് ക്വാറികൾക്ക് അനുമതി നൽകുന്നത്. ദുരന്തങ്ങളുടെ സാഹചര്യത്തിൽ ആവശ്യമായ പരിശോധന നടത്തി നടപടി സ്വീകരിക്കുമെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. ഇന്ന് കേരളത്തിൽ ആറായിരത്തോളം ക്വാറികൾ പ്രവർത്തിക്കുന്നതിൽ പലതിനും ആവശ്യമായ അനുമതിയില്ലെന്നുള്ളത് നമുക്കറിയാം. അടിസ്ഥാനപരമായ അത്തരം അനുമതിയില്ലാത്ത ക്വാറികളെ കണ്ടെത്താൻ കഴിയണം. വയനാട് ജില്ലയിൽ 2018-ലും 2019-ലും വലിയ പ്രളയമുണ്ടായി. ആ ഘട്ടത്തിൽ ഇവിടെ ഖനനങ്ങൾ നടക്കുന്നുവെന്നാണ് പറയുന്നത്. ഖനനങ്ങളുടെ ഭാഗമായി റബ്ബർകുഴിപോലും കുഴിക്കാൻ പറ്റില്ലെന്ന തീരുമാനം കൃഷി വകുപ്പ് കൊണ്ടുവന്നിട്ടുണ്ട്. വയനാട് ജില്ല നാല് ചുരത്തിന്റെ മുകളിലാണ് സ്ഥിതിചെയ്യുന്നത്. ഇന്ന് ചുരത്തിന്റെ താഴ്‌വാരങ്ങൾ പരിശോധിച്ചാൽ ചെറുകിട ക്വാറികളും വൻകിട ക്വാറികളും ചെറുകിട ക്രഷറുകളും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുവെന്ന് കാണാൻ കഴിയും. ഇത് നിയമാനുസൃതമാണോ യെന്നുള്ളതാണ് പരിശോധിക്കപ്പെടേണ്ടത്. മാത്രമല്ല വയനാട്ടിലേയ്ക്ക് ഒരു ദിവസം കയറിവരുന്ന ലോഡ് വളരെക്കൂടുതലാണ്. രാവിലെ ബഹുമാനപ്പെട്ട സണ്ണി ജോസഫ്, എം.എൽ.എ. പാൽച്ചുരം, കൊട്ടിയൂർ എന്നീ റോഡുകളുമായി ബന്ധപ്പെട്ട് സബ്മിഷൻ ഉന്നയിച്ചു. ഈ ചുരം അപകടത്തിലാണ്. ചുരത്തിന്റെ അടിവാരങ്ങളിൽനിന്ന് നിരവധി ലോഡുകൾ വയനാട്ടിലേയ്ക്ക് വരുമ്പോൾ ചുരത്തിന് ഡാമേജ് സംഭവിക്കുകയാണ്. മഴ ശക്തിയായി പെയ്യുമ്പോൾ നിയന്ത്രണംകൊണ്ടുവരികയാണ്. സംസ്ഥാനത്തിന്

പല ഏജൻസികളുണ്ട്. NIT (National Institute of Technology)-യുടെ പഠനമനുസരിച്ച് നിയമാനുസൃതമായി പ്രവൃത്തിക്കുന്ന എത്ര ക്വാറികൾ ഇന്ന് കേരളത്തിലുണ്ട്? ഗവൺമെന്റിന്റെ അനുമതിയോടുകൂടി നിയമാനുസൃതം പണമടച്ച് NIT-യുടെ പഠനത്തിന്റെ ഭാഗമായി ഗവൺമെന്റിന് കൊടുത്ത റിപ്പോർട്ടുപോലും പരിശോധിക്കാതെ അത്തരം ക്വാറികൾക്ക് അനുമതി നൽകാതെ വ്യാജ ക്വാറികൾ ഇന്ന് കേരളത്തിൽ പ്രവർത്തിക്കുകയാണ്. മാത്രമല്ല റവന്യൂവുമായി ബന്ധപ്പെട്ട ക്വാറികളുണ്ട്. വയനാട് ജില്ലയ്ക്കാവശ്യമായ മെറ്റീരിയൽ കൊണ്ടുവരുന്നത് മറ്റു ജില്ലകളിൽനിന്നാണ്. മറ്റു ജില്ലകളിൽനിന്നും കൊണ്ടുവരുമ്പോൾ അവയ്ക്ക് വില വർദ്ധനവുണ്ടാകുകയും ചുരങ്ങൾക്ക് കേടുപാടുണ്ടാകുകയും ചെയ്യുന്നു. രാത്രികാലങ്ങളിൽ നിരവധി ലോഡുകൾ വരികയാണ്. വയനാട് ജില്ലയിൽ ക്വാറികളെ സംബന്ധിച്ച് എൻ.ഐ.ടി. നടത്തിയ പഠന റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. അവിടെ പാരിസ്ഥിതിക പ്രശ്നങ്ങളും മറ്റ് അപകട സൂചനകളുമുണ്ടാകുമോയെന്ന് പരിശോധി ക്കുന്നതിനുവേണ്ടി ഗവൺമെന്റ് പണമടച്ച് പഠനം നടത്തിയതാണ്. അത്തരം ക്വാറികളും വരുമാനം കിട്ടുന്ന ക്വാറികളും മാറ്റിവച്ച് മറ്റ് ക്വാറികളെ പ്രോത്സാഹിപ്പിക്കുന്ന സമീപനം ഗവൺമെന്റ് പരിശോധിച്ച് വയനാട് ജില്ലയ്ക്കാവശ്യമായ മെറ്റീരിയൽ കിട്ടുന്ന നിയമാനുസൃത സാഹചര്യമുണ്ടാക്കണം. വയനാട് ജില്ലയിൽ ചില ഉദ്യോഗസ്ഥരും വ്യവസായികളുമായുള്ള കൂട്ടുകെട്ടുകാരണം നിയമാനുസൃതം പ്രവർത്തിപ്പിക്കേണ്ട ക്വാറികൾപോലും പ്രവർത്തിപ്പിക്കാൻ തയ്യാറാകുന്നില്ല. നിയമാനുസൃതം ഗവൺമെന്റ് അനുമതി നൽകിയ ക്വാറികളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ മെഷീനറികളും മറ്റ് സാദ്ധ്യതകളും മുടങ്ങിക്കിടക്കുകയാണ്. ഈ വർഷം കാലവർഷത്തിന്റെ വലിയരീതിയിലുള്ള ദുരന്തമുണ്ടാകാനുള്ള കാരണമെന്താണ്? 2018-ലും 2019-ലുമുണ്ടായ പ്രളയത്തിൽ തോടുകളിലും പുഴകളിലും നിറഞ്ഞ മണൽ വാരി മാറ്റാൻ കഴിഞ്ഞിട്ടില്ല.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, വയനാട്ടിൽ അപകടകരമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിൽ അവിടത്തെ ഖനനം വലിയ തോതിലുള്ള പ്രതിസന്ധിയാണ് സൃഷ്ടിക്കുന്നതെന്നാണ് അങ്ങയുടെ പ്രസംഗത്തിൽനിന്ന് മനസ്സിലായത്. എന്നാൽ ഇത്തരത്തിലുള്ള ക്വാറികൾ നിലനിർത്താനാവശ്യമായ ഇടപെടലുകളുമുണ്ടാകണമെന്ന് അതേ നാവുകൊണ്ട് അങ്ങ് പറയുകയുണ്ടായി. അങ്ങ് പ്രതികൂലമായിട്ടാണോ അനുകൂലമായിട്ടാണോ സംസാരിക്കുന്നത്? അറിയാനുള്ള ആഗ്രഹം കൊണ്ടാണ് ചോദിക്കുന്നത്.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, ക്വാറികൾ നിയമപരമായി പ്രവർത്തിക്കണമെന്നാണ് പറഞ്ഞത്. കേരളത്തിൽ ആറായിരം ക്വാറികൾ പ്രവർ ത്തിക്കുന്നതിൽ നിയമപരമല്ലാതെ പ്രവർത്തിക്കുന്ന ക്വാറികൾ കണ്ടെത്തണം.

ഗവൺമെന്റ് നിയോഗിച്ച എൻ.ഐ.ടി. ഏജൻസി പഠനം നടത്തി കണ്ടെത്തിയ ചില സാധ്യതകളുള്ള ക്വാറികളുണ്ട്. അത്തരം ക്വാറികൾ വയനാട് ജില്ലയിലെ മേഖലകളിൽ പ്രവർത്തിക്കുന്നുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ദുരന്തങ്ങളെ വിളിച്ചുവരുത്താൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. നിയമപരമായി പ്രവർത്തിക്കുന്നതും ഗവൺമെന്റിന് വരുമാനം ലഭിക്കുന്നതുമായ ക്വാറികളെയാണ് പ്രോത്സാഹിപ്പിക്കേണ്ടത്. വ്യക്തി താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന ക്വാറികളെയല്ല പ്രോത്സാഹിപ്പിക്കേണ്ടത്. അല്ലാതെ എല്ലാ ക്വാറികളെയും സ്ഥാപനങ്ങളെയും എതിർക്കുകയല്ല.

ഡോ. മാത്യു കുഴൽനാടൻ: സർ, ദീർഘകാലമായി നമ്മൾ ചർച്ച ചെയ്യുന്ന മേഖലയാണിത്. ഈ വിഷയത്തിൽ നിയമസഭ അല്ലെങ്കിൽ ഗവൺമെന്റ് വളരെ സിസ്റ്റമാറ്റിക്കായുള്ള അപ്രോച്ചെടുക്കേണ്ട സമയം അതിക്രമിച്ചുവെന്നാണ് എനിക്കു തോന്നുന്നത്. ഒരു വശത്ത് ക്വാറികൾ നിരോധിക്കണമെന്ന argument വരുമ്പോൾ മറുവശത്ത് ക്വാറികളില്ലാതെ നമുക്ക് മുന്നോട്ടുപോകാൻ സാധിക്കുകയില്ലെന്ന യാഥാർത്ഥ്യവുമുണ്ട്. ഈ മേഖലയുമായി ബന്ധപ്പെട്ട് നിരവധി കേസ്സുകൾ നടത്താൻ അവസരം ലഭിച്ചിട്ടുള്ള വ്യക്തിയെന്ന നിലയിൽ സ്റ്റെയ്റ്റായ, സിൻസിയറായ ഒരു political will-ഓടുകൂടി sustainable quarrying എന്ന കൺസെപ്റ്റിലേയ്ക്ക് വരാൻ തയ്യാറാകണം. ഒരു വശത്ത് കുറച്ചുപേരെ നിയന്ത്രിക്കാൻ ശ്രമിക്കുകയും മറുവശത്ത് കുറച്ചുപേരെ അയച്ചുവിടാൻ ശ്രമിക്കുകയും രാഷ്ട്രീയപരമായി മുതലെടുപ്പ് നടത്തുകയും ഇതൊരു പ്രഷറാക്കി നിർത്തിക്കൊണ്ട് ആളുകളെ ചാട്ടവാറാൽ ഓടിക്കുന്നതു പോലെയുള്ള പരിപാടിയാണ് യഥാർത്ഥത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. കേരളത്തിൽ ഏതൊക്കെ മേഖലയിൽ ക്വാറിയിംഗ് നടത്താൻ സാധിക്കുമെന്ന് കണ്ടെത്തണം. ക്വാറിയിംഗ് സോൺസിനെ ഐഡന്റിഫൈ ചെയ്ത് ക്വാറിയിംഗ് ഏരിയയ്ക്ക് അനുമതി കൊടുക്കുമ്പോൾ അവിടെനിന്നുള്ള ക്യാരിയിംഗ് കപ്പാസിറ്റി എത്രയാണെന്നും മണ്ണ് കൊണ്ടുപോകാനുള്ള വഴിയും സാഹചര്യങ്ങളുമുണ്ടോയെന്നും പരിശോധിച്ച് ക്യാരിയിംഗ് കപ്പാസിറ്റി അനുസരിച്ചുള്ള അളവുമാത്രം അനുവദിക്കണം. There is a scientific and systemic manner of allowing quarrying. ക്വാറി വേണ്ടെന്ന് അന്ധമായി എല്ലാവരും പറയുമെങ്കിലും ആളുകൾക്ക് വീടും മറ്റുമുണ്ടാക്കണ്ടേ; ഇക്കാര്യത്തിൽ ഗവൺമെന്റിന് systematic approach വേണം. അതിനുവേണ്ടി നമ്മുടെ നിലവിലുള്ള നിയമങ്ങൾ ലിബറലൈസ് ചെയ്യേണ്ടിവരും. ഇപ്പോൾ 200 മീറ്റർ ദൂരപരിധിയുള്ളിടത്തേ ക്വാറിയിംഗ് സാധിക്കുകയുള്ളൂവെന്ന് കേന്ദ്ര ഗവൺമെന്റ് പറയുന്നുണ്ട്. നല്ല കാര്യമാണ്, അത് നടപ്പിലാക്കണം. നമുക്ക് വളരെ ലിമിറ്റഡായിട്ടുള്ള സാധ്യതകളേ ഉണ്ടാകുകയുള്ളൂ. അതിനോട് കൺഫൈൻ ചെയ്യാൻ തീരുമാനിക്കണം. അതല്ലെങ്കിൽ 200 മീറ്ററിൽനിന്നും 100 മീറ്റർ ദൂരപരിധിയാക്കാൻ തീരുമാനിച്ച് അതിനുള്ള നിയമനിർമ്മാണം നടത്തണം. ഓരോ ഏരിയയിലും ക്വാറിയിംഗിന്

സ്പെസിഫിക്കായുള്ള പൊട്ടൻഷ്യലുണ്ട്. നോക്കാൻ ആളില്ലാത്തിടത്ത് അല്ലെങ്കിൽ ആരുടെയെങ്കിലും പൊളിറ്റിക്കൽ പ്രൊട്ടക്ഷനുണ്ടെങ്കിൽ ഏതറ്റംവരെയും ക്വാറിയിംഗ് നടത്താം. അനിയന്ത്രിതമായി അല്ലെങ്കിൽ നിയമാനുസൃതം ലഭിച്ചിട്ടുള്ള അനുമതിക്കപ്പുറം ക്വാറിയിംഗ് നടത്തിയാലും ചോദിക്കാനും പറയാനും ആളില്ലാത്ത അവസ്ഥയുണ്ട്. കുറേപേർക്ക് അങ്ങനെയുള്ള പ്രൊട്ടക്ഷനുണ്ട്. അതൊക്കെ മാറിയിട്ട്, If the law decides അല്ലെങ്കിൽ Rule of Law ആണ് prevail ചെയ്യുന്നതെങ്കിൽ വളരെ സിസ്റ്റമാറ്റിക്കായുള്ള സസ്റ്റെയിനബിളായുള്ള ക്വാറിയിംഗ് മാത്രമേ നടക്കുകയുള്ളൂ. അതിനുവേണ്ടി ഗവൺമെന്റിന് പൊളിറ്റിക്കൽ വിൽ ആണ് ഉണ്ടാകേണ്ടത്. അല്ലാതെ ഓരോ സമയത്തും ഫ്ളെക്സിബിളായി അങ്ങോട്ടും ഇങ്ങോട്ടും മാറിയിട്ട് കാര്യമില്ല. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, അക്കാര്യമാണ് സംസാരിച്ചുവരുന്നത്. നമ്മുടെ സംസ്ഥാനത്തെ മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിൽ ഒരു ജിയോളജിസ്റ്റും രണ്ട് അസിസ്റ്റന്റ് ജിയോളജിസ്റ്റുമാണുള്ളത്. ഓരോ ജില്ലയിലും താലൂക്കടിസ്ഥാനത്തിൽ ഇക്കാര്യങ്ങളുണ്ടാകണം. നിയമം എല്ലാവർക്കും ബാധകമാണ്. എന്നാൽ ഇപ്പോൾ നടക്കുന്നത് എന്താണ്? ക്വാറികൾക്ക് അനധികൃതമായി പ്രവർത്തിക്കാം, സാധാരണക്കാരനായ ഒരു വ്യക്തി വീട് പൊളിച്ച് രണ്ട് ലോഡ് മണ്ണ് ടിപ്പറുപയോഗിച്ച് നീക്കം ചെയ്യുമ്പോൾ ജിയോളജിസ്റ്റും പോലീസ് ഉദ്യോഗസ്ഥരും വന്ന് അവരെ അറസ്റ്റ് ചെയ്യുകയും വണ്ടി കസ്റ്റഡിയിലെടുക്കുകയും ഇരുപത്തിഅയ്യായിരമോ നാൽപ്പതിനായിരമോ അൻപതിനായിരമോ പിഴ ഈടാക്കുകയും ചെയ്യുന്ന സ്ഥിതിയാണ്. ഇതെല്ലാം കൂട്ടിവായിക്കുമ്പോൾ ഈ ബിൽ ആരെയൊക്കെയോ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ഒരു ബില്ലായി മാറുകയാണ്. കേരളത്തിൽ ഏകീകൃതമായ ഒരു ബിൽ കൊണ്ടുവന്ന് നിയമനിർമ്മാണം കൃത്യമായി നടത്തി ഖനനവുമായി ബന്ധപ്പെട്ട സാഹചര്യങ്ങൾക്കൊത്തുള്ള ഒരു ബില്ലായി മാറണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നതെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. നജീബ് കാന്തപുരം: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. പൊതുവിൽ ഈ ബില്ലിന്റെ ഉള്ളടക്കത്തോട് വിയോജിപ്പില്ലെങ്കിലും സബ്ജക്ട് കമ്മിറ്റിയിൽ ഉയർന്നുവന്ന ചില ആശയങ്ങൾ വളരെ പ്രസക്തമാണെന്ന് എനിക്ക് തോന്നുകയാണ്. അതുകൊണ്ട് ഈ ബിൽ വീണ്ടും സബ്ജക്ട് കമ്മിറ്റിക്ക് അയച്ചുകൊണ്ട് കൂടുതൽ ചർച്ചകൾക്ക് വിധേയമാക്കണമെന്ന അഭിപ്രായം വിയോജിപ്പ്

രേഖപ്പെടുത്തിക്കൊണ്ട് ഞാൻ അറിയിക്കുകയാണ്. ഒരുപാട് പരിമിതികൾക്കകത്ത് നിന്നുകൊണ്ടാണ് ഈ നിയമനിർമ്മാണം നടത്തുന്നതെന്ന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി രാവിലെ പറയുകയുണ്ടായി. സുപ്രീം കോടതി വിധി ഒരു ടൂൾ ആക്കിക്കൊണ്ടാണ് ഇപ്പോൾ ഈ ബിൽ സഭയിൽ വരുന്നതെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. കേരളത്തിലെ പരിസ്ഥിതിയേയും ജീവന വ്യവസ്ഥകളെയും ബാധിക്കുന്ന നിയമമുണ്ടാകുമ്പോഴും സമഗ്രമായ ചർച്ചയിലൂടെ ഉയർന്നതലത്തിലുള്ള ഡിസ്കഷനിലൂടെ വളരെ പ്രധാനപ്പെട്ടൊരു നിയമമാക്കിക്കൊണ്ടുവരാൻ കഴിയുമായിരുന്നൊരു സാഹചര്യത്തെ നഷ്ടപ്പെടുത്തിയിരിക്കുകയാണെന്ന് ഖേദപൂർവ്വം സമ്മതിക്കേണ്ടിവരും. 1881-ലെ തിരുവിതാംകൂർ വിളംബരത്തിന്റെയും 1905-ലെ കൊച്ചി വിളംബരത്തിന്റെയും പരിധിക്കകീഴിൽവരുന്ന ഒരു നിയമം മലബാറിലേയ്ക്കുകൂടി ബാധകമാക്കുന്നതിന്റെ ഭാഗമായിട്ടാണ് നമ്മൾ ഈ നിയമനിർമ്മാണത്തെക്കുറിച്ച് ആലോചിച്ചത്. നമ്മുടെ മണ്ണിന്റെയും അടി മണ്ണിന്റെയും അതിലെ ധാതുക്കളുടെയും അവകാശങ്ങളെക്കുറിച്ച് വളരെ കൃത്യതയോടെ പറയേണ്ട ഈ ബിൽ ഇപ്പോഴും ഒട്ടനവധി ലൂപ് ഹോളുകൾ നിലനിർത്തിക്കൊണ്ടാണ് നിലനിൽക്കുന്നതെന്നത് ദുഃഖകരമായ കാര്യമാണ്. ഹരിത ട്രൈബ്യൂണലിന്റെ മാനദണ്ഡങ്ങളെല്ലാം കാറ്റിൽപ്പറത്തിയാണ് ഈ സർക്കാർ നിലപാടെടുത്തതെന്ന് ആർക്കാണ് അറിയാത്തത്? യഥാർത്ഥത്തിൽ 200 മീറ്റർ ദൂരപരിധിയെന്ന ആശയത്തെ തകർത്ത് 50 മീറ്റർ ദൂരപരിധിയിലേയ്ക്കൊതുക്കി കേരളത്തിൽ ഒട്ടനവധി ക്വാറികൾ അനധികൃതമായി പ്രവർത്തിക്കാൻ സജ്ജമാക്കിയ ഒരു സർക്കാരിൽനിന്നും ഈ നാടിന്റെ ധാതുഖനനങ്ങളും പ്രകൃതി വിഭവങ്ങളും സംരക്ഷിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നതുതന്നെ അസ്ഥാനത്താണെന്ന് ഞാൻ വിചാരിക്കുകയാണ്. ബഹുമാനപ്പെട്ട സുപ്രീം കോടതി ഇതുസംബന്ധിച്ച ഹൈക്കോടതി വിധി റദ്ദാക്കുകയും 200 മീറ്റർ ദൂരപരിധി നിശ്ചയിക്കുകയും ചെയ്തപ്പോൾ അതിനെ മറികടക്കാൻവേണ്ടി ലൈസൻസ് പുതുക്കുന്നതിനുപകരം ലൈസൻസ് നീട്ടിക്കൊടുക്കുകയെന്ന നാടകമാണ് സർക്കാർ ഇവിടെ കൊണ്ടുവന്നതെന്ന് നമുക്കെല്ലാം അറിയാവുന്ന കാര്യമാണ്. സംസ്ഥാനത്ത് 3493 ക്വാറികളും 1316 ക്രഷറുകളുമാണ് പ്രവർത്തിക്കുന്നതെന്നാണ് എന്റെ അറിവ്. എന്നാൽ അനധികൃതമായി അസംഖ്യം ക്വാറികൾ പ്രവർത്തിക്കുകയാണ്. ഈ ക്വാറികളെ നിയന്ത്രിക്കാനോ അവയ്ക്ക് മാനദണ്ഡങ്ങൾ നിശ്ചയിക്കാനോ സാധിക്കാത്ത സാഹചര്യം നമ്മുടെ മുന്നിലുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. ക്വാറികളുടെ കാര്യങ്ങൾ മാത്രമാണോ ഇതിലുള്ളത്? ധാതുമണൽ ഖനനവുമായി ബന്ധപ്പെട്ട കാര്യങ്ങളും കരിമണൽ കടത്തുമായി ബന്ധപ്പെട്ട കാര്യങ്ങളും ഇതിൽപ്പെടും. കരിമണൽ ഉൾപ്പെടെയുള്ള ധാതുമണൽ സംബന്ധിച്ച പര്യവേഷണം നടത്തുന്നതും അതിന്റെ അളവ് തിട്ടപ്പെടുത്തുന്നതുമെല്ലാം കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള Atomic Minerals Directorate for Exploration and Research എന്ന സ്ഥാപനമാണ്. എന്നാൽ നമ്മുടെ

തീരമേഖലയിൽ അനധികൃതമായ ധാതുമണൽ കടത്ത് തടയുന്നതിനുള്ള ഉത്തരവാദിത്വം ആർക്കാണ്? ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികളെന്താണെന്ന് നമുക്ക് പരിശോധിക്കാൻ കഴിയണം. അത് എത്രമാത്രം നിയമവിധേയമായി നടക്കുന്നുണ്ടെന്ന് വിലയിരുത്തേണ്ടതല്ലേ? നിയമങ്ങൾ ഇല്ലാത്തതുകൊണ്ടാണെങ്കിൽ പുതിയ നിയമം കൊണ്ടുവരുമ്പോൾ അതിൽ എന്ത് നിർദ്ദേശമാണ് ഇപ്പോൾ സമർപ്പിക്കപ്പെട്ടതെന്നത് ആലോചിക്കേണ്ട കാര്യമാണ്. തിരുവിതാംകൂറിനും കൊച്ചിക്കും മലബാറിനും ഓരോ നിയമമെന്നതിനുപകരം സമഗ്രമായ ധാതുസംരക്ഷണ നിയമമായിരുന്നു കൊണ്ടുവരേണ്ടിയിരുന്നത്. അതുണ്ടായില്ല എന്നത് ദുഃഖകരമായ കാര്യമാണ്. കഴിഞ്ഞ ദിവസം നിയമസഭ നിർത്തിവച്ചാണ് നാം പ്രകൃതി ദുരന്തത്തെ നേരിടാൻ പോയത്. രണ്ടുമൂന്ന് ദിവസം നിയമസഭയ്ക്കകത്തിരിക്കുന്നതിനുപകരം നാട്ടിലെ ദുരന്ത മേഖലയിലായിരുന്നു മിക്ക എം.എൽ.എ.-മാരുമുണ്ടായിരുന്നത്. കാലാവസ്ഥാ വ്യതിയാനങ്ങളും പ്രകൃതി ദുരന്തങ്ങളും ഇപ്പോഴും നമ്മെ വിട്ടൊഴിയുന്നില്ലെന്നത് ഒരു യാഥാർത്ഥ്യമാണ്. ഈ പ്രളയകാലത്തുമാത്രം നമുക്ക് നഷ്ടപ്പെട്ടത് 55 വിലപ്പെട്ട ജീവനുകളാണ്. ഞാൻ അവർക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുകയാണ്. മാധ്യമ പ്രവർത്തകനായ ശ്രീ. ബി. വിജു എഴുതിയ 'Flood and Fury' എന്ന വളരെ ശ്രദ്ധേയമായൊരു പുസ്തകമുണ്ട്. പശ്ചിമഘട്ടത്തിലെ വളരെ പ്രധാനപ്പെട്ട ചില പ്രശ്നങ്ങളെക്കുറിച്ചാണ് അതിൽ പറയുന്നത്. ആ പുസ്തകം വായിക്കുമ്പോൾ 2018-ലെ പ്രളയ പശ്ചാത്തലമാണ് വളരെ പ്രധാനമായി തോന്നുന്നത്. കാരണം, പശ്ചിമഘട്ടത്തിലെ പാറ ഖനനമാണ് 2018-ലെ ഏറ്റവും വലിയ പ്രളയത്തിനിടയാക്കിയതെന്ന് 'Flood and Fury' എന്ന പുസ്തകത്തിൽ തെളിവുകൾ സഹിതം വിവരങ്ങൾ അടിസ്ഥാന പ്പെടുത്തി വിശദീകരിക്കുന്നുണ്ട്. അതുപോലെ അശാസ്ത്രീയമായി നിർമ്മിക്കുന്ന റോഡുകൾ, ചെരിവുകളിൽ നിർമ്മിക്കുന്ന വീടുകൾ ഇതെല്ലാം വളരെ അപകടകരമായ സാഹചര്യമുണ്ടാക്കുന്നതായി ആ പുസ്തകം ചൂണ്ടിക്കാണിക്കുന്നുണ്ട്. പുതിയൊരു നിയമം കൊണ്ടുവരുമ്പോൾ എന്തുകൊണ്ട് ഈ സാഹചര്യങ്ങളെല്ലാം വിശദമായി പരിശോധിക്കപ്പെട്ടില്ല എന്നത് ഈ ബില്ലിന്റെ sanctity-യെ ചോദ്യം ചെയ്യുകയാണ്. സ്വാഭാവികമായും ഇത്രയെല്ലാം പ്രയാസങ്ങളുണ്ടായിട്ടും നമുക്ക് വകതിരിവുണ്ടാകുന്നി ല്ലെന്നത് ഒരു യാഥാർത്ഥ്യമായിത്തന്നെ തുടരുകയാണ്. പ്രകൃതി ദുരന്തങ്ങൾക്കിടയിൽ നമ്മൾ നിർമ്മിക്കുന്ന നിയമങ്ങൾക്ക് ഒരുപാട് ലൂപ് ഹോളുകളുണ്ടെന്നുള്ളത് മന്ത്രിക്കുതന്നെ സമ്മതിക്കേണ്ടി വന്നിട്ടുണ്ടെന്നാണ് എനിക്കുതോന്നുന്നത്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഈ കഴിഞ്ഞ ദിവസങ്ങളിലുണ്ടായ പ്രളയത്തിൽ ഏറ്റവും വലിയ ദുരന്തങ്ങളേറ്റുവാങ്ങേണ്ടിവന്ന ഒരു മേഖലയിലെ ജനപ്രതിനിധിയാണ് ഞാൻ. ഇവിടെ സൂചിപ്പിച്ചതുപോലെ പെട്ടെന്നുണ്ടായ മഴയിൽ, ഇടുക്കിയിലേയും കോട്ടയത്തേയും മലയോരമേഖല വലിയ തകർച്ചയിലേയ്ക്കാണ്

ക്കുപ്പുകുത്തിയത്. ക്വാറികളുടെ അനിയന്ത്രിതമായ സാന്നിദ്ധ്യം ആ മേഖലയെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇതോടൊപ്പം കൂട്ടിവായിക്കേണ്ട ഒരു പ്രധാനപ്പെട്ട കാര്യം, ജനവാസ കേന്ദ്രങ്ങളായിട്ടുള്ള പ്രദേശങ്ങളിൽ ഓരോ കാലഘട്ടത്തിലും നടപ്പാക്കിയ ചില വികസന പ്രവർത്തനങ്ങളാണ്. ബഹുമാന്യനായ ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ ഇവിടെയുണ്ട്. ഉദാഹരണത്തിന്, ദേശീയപാത കടന്നുപോകുന്ന മേഖലയുടെ കീഴ്ഭാഗം മുഴുവൻ വലിയ താഴ്വരകളാണ്. ദേശീയപാതയിലൂടെ ഒഴുകിപ്പോകുന്ന വെള്ളം കുത്തിയൊലിച്ച് ആ ചേരിയിലേയ്ക്കാണ് പോകുന്നത്. മണ്ണിടിച്ചിലിനുള്ള ഒരുപാട് സാദ്ധ്യതകൾ അവിടെയുണ്ട്. മറ്റൊന്ന്, പട്ടയമോ മറ്റ് രേഖകളോ ഒന്നുമില്ലാതെ പുഴകളുടെ തീരങ്ങളിൽ ഒരുപാടുപേർ വർഷങ്ങളായി താമസിക്കുന്നുണ്ട്. ഈ പ്രദേശങ്ങളിലുണ്ടാകുന്ന ഉരുൾപൊട്ടലിൽ വെള്ളം പെട്ടെന്നൊഴുകി വരുന്നതു കാരണം ഏറ്റവും കൂടുതൽ ആളുകളെ മാറ്റിപാർപ്പിക്കേണ്ടിവരുന്നത് അത്തരം മേഖലകളിൽനിന്നാണ്. എന്റെ നിയോജകമണ്ഡലത്തിലെ വട്ടകപ്പാറ എന്ന സ്ഥലത്ത് ഭൂമി രണ്ടായി വിണ്ടുകീറുന്ന അവസ്ഥയുണ്ടായി. കഴിഞ്ഞ ദിവസം ജിയോളജി വകുപ്പിൽനിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അവിടെ സന്ദർശിച്ച് പരിശോധനകൾ നടത്തി. ഭൗമശാസ്ത്രപരമായി ഭൂമിക്ക് മാറ്റങ്ങൾ സംഭവിക്കുന്നുവെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ക്വാറികൾ മാത്രമല്ല, മറ്റിതര പ്രവർത്തനങ്ങളെല്ലാം ഭൂമിയുടെ ഭൗമഘടനയിലുണ്ടാക്കുന്ന മാറ്റങ്ങൾ ഇത്തരം പ്രകൃതിക്ഷോഭങ്ങൾ ആവർത്തിക്കുന്നതിനുള്ള സാഹചര്യമൊരുക്കുകയാണ്. ഇവിടെ സൂചിപ്പിച്ചതു പോലെ, അടുത്തകാലത്ത് പുറത്തുവന്ന ചില റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത് കേരളം വളരെ സെൻസിറ്റീവായ മേഖലയിലാണെന്നാണ്. അതുകൊണ്ട് ഏതൊരു നിയമനിർമ്മാണവും മുന്നോട്ടുകൊണ്ടുവരുമ്പോൾ ഇത്തരം കാര്യങ്ങൾ വളരെ സമഗ്രമായി പഠിക്കണം. അതോടൊപ്പം വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടു വരുമ്പോൾ പുനരധിവാസ പ്രവർത്തനങ്ങളുടെ കാര്യത്തിൽ വളരെ കൃത്യമായ പ്രോട്ടോക്കോൾ പാലിക്കണം. ബഹുമാന്യനായ അംഗം ശ്രീ. എം. എം. മണി ശ്രദ്ധ ക്ഷണിക്കലിൽ പറഞ്ഞതുപോലെ പുഴയോരങ്ങളിൽ ആളുകളെ താമസിപ്പിക്കുന്ന നടപടികളിലേയ്ക്ക് പോകാതെ അവരെ കുറേക്കൂടി സുരക്ഷിതമായ മേഖലയിലേയ്ക്ക് മാറ്റുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾകൂടി ഇപ്പോഴിവിടെ സൂചിപ്പിച്ച വിഷയത്തിന്റെ ഭാഗമായി പരിഗണിക്കേണ്ടതല്ലേ എന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഞങ്ങളുടെ നാട്ടിലെ വ്യാപാര സ്ഥാപനങ്ങളും പ്രധാനപ്പെട്ട റോഡുകളും പാലങ്ങളുമെല്ലാം നശിച്ചു. ദുരന്തങ്ങൾ ഒരുപാട് കാണേണ്ടിവന്ന, മൈന്റ്സെറ്റ് മാറിപ്പോകുന്ന ദുഃഖകരമായ അവസ്ഥയിലാണ് ജനപ്രതിനിധികളായ ഞങ്ങളെല്ലാം നിൽക്കുന്നത്. അത്തരമൊരു സാഹചര്യത്തിൽ മുമ്പോട്ടുള്ള നമ്മുടെ പുനരധിവാസ പ്രവർത്തനങ്ങളുടെ കാര്യത്തിൽ വളരെ ഗൗരവമായ ഇടപെടലുകളുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. നജീബ് കാന്തപുരം: സർ, ഞാനിപ്പോൾ 'ഒന്ന് വഴങ്ങുമോ' എന്ന് ചോദിക്കേണ്ട സ്ഥിതിയായി. അതുകൊണ്ട് എനിക്ക് കുറച്ച് സമയംകൂടി അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ബഹുമാന്യനായ അംഗം ഡോ. എൻ. ജയരാജ് പറഞ്ഞതുപോലെ, എന്റെ നിയോജകമണ്ഡലത്തിലും ഇതിന്റെ വലിയൊരു ആഘാതമുണ്ടായി. മണ്ണിടിച്ചിലിന്റെ ഭാഗമായി നിരവധി കുടുംബങ്ങളെ ക്യാമ്പുകളിലേയ്ക്ക് മാറ്റേണ്ടി വരികയും ഒരുപാട് വീടുകൾ ഭാഗീകമായി നശിച്ചുപോകുകയും ചെയ്തിട്ടുണ്ട്. വളരെ വ്യാപകമായ കൃഷിനാശവുമുണ്ടായി. കൃഷിനാശവും വീട് നഷ്ടവുമുണ്ടായ ആളുകൾക്ക് നഷ്ടപരിഹാരം അനുവദിക്കുന്ന കാര്യംകൂടി പരിഗണിക്കണമെന്ന് സാന്ദർഭികമായി സർക്കാരിനോട് അഭ്യർത്ഥിക്കുകയാണ്. ദുരന്തങ്ങൾ ആവർത്തിച്ചിട്ടും എത്രയോ അനധികൃത ക്വാറികൾ ഇപ്പോഴും നമ്മുടെ മുന്നിൽ പ്രവർത്തിക്കുന്നുയെന്നത് സങ്കടകരമായ കാര്യമാണ്. ആരാണ് ഇതിനെല്ലാം നിയന്ത്രണമേർപ്പെടുത്തേണ്ടത്; ഏത് നിയമംകൊണ്ടാണ് നാം ജനങ്ങളെ സംരക്ഷിക്കേണ്ടത്; നിയമസഭയ്ക്കല്ലെങ്കിൽ മറ്റാർക്കാണ് അതിന് കഴിയുക? നിയമം നിയമത്തിന്റെ വഴിക്കും നിയമലംഘകർ അവരുടെ വഴിക്കും നിർബാധംപോകുന്ന കാഴ്ചയാണ് നമുക്കിപ്പോൾ കാണാൻ സാധിക്കുന്നത്. ഇത് നിയമമുണ്ടാക്കുന്ന സർക്കാരല്ല, നിയമലംഘകരെ സംരക്ഷിക്കുന്ന സർക്കാരാണെന്ന് പറയേണ്ടിവരും. മനുഷ്യരുടെ കരച്ചിലിന് പുല്ലുവിലപോലും നൽകാത്തൊരു സർക്കാരാണിതെന്ന് സാന്ദർഭികമായി പറയേണ്ടിവന്നതിൽ എനിക്ക് ദുഃഖമുണ്ട്. ഒരമ്മ ഇപ്പോഴും നമ്മുടെ മൂക്കിനുതാഴെ സ്വന്തം കുഞ്ഞിനെ തിരിച്ചുകിട്ടാൻവേണ്ടി സമരം ചെയ്യുകയാണ്. ആർക്കെതിരെയാണ് ആ യുവതി വിരൽ ചൂണ്ടുന്നത്? നിയമസഭയിലെ സ്ത്രീസംരക്ഷണവാദികളായ അംഗങ്ങൾ എവിടെയെന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞങ്ങളുടെ പാർട്ടിയിലെ പെൺകുട്ടികളുടെ പേര് പറഞ്ഞ് മുതലക്കണ്ണീരൊഴുക്കിയവരുടെ നാവിപ്പോൾ ഏത് പാർട്ടി ഓഫീസിലെ ഐസൊലേഷൻ വാർഡിലാണെന്നറിയാൻ ഞങ്ങൾക്ക് താൽപ്പര്യമുണ്ട്. നിങ്ങളുടെ കാപട്യത്തിന് ഇതിനേക്കാൾ വലിയ തെളിവുവേണ്ട. ഒരു ഭാഗത്ത് നിങ്ങൾ സ്ത്രീ നവോത്ഥാനത്തിന് തെരുവിൽ മതിൽ പണിയും; അതേ തെരുവിൽ സ്വന്തം കുഞ്ഞിനായി വിലപിക്കുന്ന അമ്മയെ നിങ്ങളുടെ സൈബർ പോരാളികൾ ആക്രമിക്കുകയും ചെയ്യും. ഇവിടെ വനിതാ കമ്മീഷനും ചൈൽഡ് വെൽഫെയർ കമ്മിറ്റിയുമെല്ലാം കുറ്റവാളികളുടെ വക്താക്കളായിട്ടാണ് നിലകൊള്ളുന്നതെന്നത് വളരെ സങ്കടകരമായ കാര്യമാണ്. നിങ്ങൾക്ക് ഇഷ്ടപ്പെട്ടവർക്ക് ഒരു നിയമവും ഇഷ്ടമില്ലാത്തവർക്ക് മറ്റൊരു നിയമവും. ഇതാണ് കേരളത്തിന്റെ പ്രശ്നം. സി.പി.ഐ.(എം.)-നും ഡി.വൈ.എഫ്.ഐ.-യ്ക്കും എസ്.എഫ്.ഐ.-യ്ക്കും എന്തുമാകാം, ചോദിക്കാനും പറയാനും ആരുമില്ല. അവർക്ക് ഏത് പെൺകുട്ടികളുടേയും നെഞ്ചത്ത് കയറാം, എന്ത് തോന്ന്യാസവും വിളിക്കാം. ഏത് ക്യാമ്പസ്സിലും സ്വാതന്ത്ര്യവും ജനാധിപത്യവും കുഴിച്ചുമൂടാം. എന്നിട്ടും കൊടിയിൽ ആ വാചകം നാണമില്ലാതെ

എഴുതിവയ്ക്കുകയും ചെയ്യാം. പ്രിയപ്പെട്ട ശ്രീ. പി. പി. ചിത്തരഞ്ജനും മറ്റുമെല്ലാം ഈ സഭയിൽത്തന്നെയുണ്ടല്ലോ, അവരെ സംരക്ഷിക്കാനും ന്യായീകരിക്കാനും ഒരാൾക്കും നാവ് പൊങ്ങുന്നില്ല. ഇതുതന്നെയാണ് ഈ നിയമത്തിലും നമ്മൾ കാണുന്നത്.

മി. ചെയർമാൻ: അങ്ങ് ബില്ലിലേയ്ക്ക് വരൂ...

ശ്രീ. നജീബ് കാന്തപുരം: സർ, നിയമലംഘകരെ പാർട്ടി കൂട്ടുപിടിച്ചാൽ നിയമം നിയമത്തിന്റെ വഴിക്ക് പോകില്ല. അതിന് കഴിയാത്ത, പഴുതുകളില്ലാത്ത നിയമനിർമ്മാണമാണ് ധാതുസംരക്ഷണ കാര്യത്തിൽ നമുക്കുണ്ടാകേണ്ടതെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

3.00 P.M]

നാടിന്റെ ധാതുസമ്പത്ത് സ്റ്റേറ്റിന്റെ പൊതുസ്വത്താണ്. അത് നിയന്ത്രിതമായും നിയമവിധേയമായും മാത്രം ഉപയോഗിക്കുന്നൊരു സാഹചര്യമുണ്ടാകണം. അത് പുതിയ നിയമത്തിൽ കൊണ്ടുവരേണ്ടതായിരുന്നു, അതുണ്ടായില്ല. ഏറ്റവും സങ്കടകരമായൊരു കാര്യം, റവന്യൂ പുറമ്പോക്ക് ഭൂമിയിൽപ്പോലും കരിങ്കൽ ഖനനം നടത്താൻ ഗവേഷണം നടത്തുന്ന സർക്കാരാണ് ഈ സർക്കാരെന്ന് പറയുന്നതിൽ വലിയ സങ്കടമുണ്ട്. ഈ നിയമം കൊണ്ടുവരുമ്പോൾ ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ടൊരു കാര്യംകൂടി സൂചിപ്പിക്കുകയാണ്. ഈ നിയമം വളരെ ഗഹനമായി കൊണ്ടുവരാൻ അവസരമുണ്ടായിരുന്ന ഈ സഭയ്ക്കകത്ത്, പ്രത്യേകിച്ച് തിരുവിതാംകൂറിലും കൊച്ചിയിലും മലബാറിലും വ്യത്യസ്ത നിയമങ്ങൾ കൊണ്ടുവരുന്നതിനുപകരം ഒരു സമഗ്രനിയമമായി കൊണ്ടുവന്ന് നാടിന്റെ വലിയ പാരിസ്ഥിതിക സംരക്ഷണത്തിന് മാതൃകയാകാവുന്ന നിയമമാക്കി മാറ്റാമായിരുന്നു. ബഹുമാന്യനായ മന്ത്രി അതിന് കഴിവുറ്റയാളാണെന്ന വിശ്വാസം എനിക്കുണ്ട്. മാധ്യമ പ്രവർത്തകനെന്ന നിലയിലും പഠിക്കുന്നയാളെന്ന നിലയിലും അദ്ദേഹത്തിന് കഴിയുമായിരുന്നു. ഏറ്റവും സങ്കടകരമായൊരു കാര്യം, അത്തരത്തിലുള്ള ഉൾക്കാഴ്ചയോടെ ഈ നിയമംകൊണ്ടുവരാൻ ശ്രമിക്കാതിരുന്നതിനുപിന്നിൽ ചില നിക്ഷിപ്ത താല്പര്യമുണ്ടെന്ന് സംശയിക്കാവുന്ന സാഹചര്യമാണ് സൃഷ്ടിക്കുന്നതെന്ന് പറയാതിരിക്കാൻ വയ്യ. അതുകൊണ്ട് ഈ ബിൽ നിയമമാകുന്നതിനുമുമ്പ് വീണ്ടും സബ്ജക്ട് കമ്മിറ്റി ആഴത്തിൽ പരിശോധിക്കണമെന്ന നിലപാട് അറിയിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, മൂന്ന് ബില്ലുകളെക്കുറിച്ചും ഗൗരവമായ ചർച്ച അവതരണഘട്ടത്തിൽ നടന്നതാണ്. അന്ന് ഉന്നയിച്ച ചില കാര്യങ്ങൾ ഇപ്പോൾ ആവർത്തിച്ചിട്ടുണ്ട്. പുതിയതായി ചില പ്രശ്നങ്ങളും ചർച്ചയിലൂടെ ഉയർന്നുവന്നിട്ടുണ്ട്. ബില്ലിന് അപ്പുറത്തേയ്ക്കുപോയി, മറ്റ്

ചില പ്രശ്നങ്ങളും രാഷ്ട്രീയമായി ഉന്നയിക്കപ്പെട്ടിട്ടുമുണ്ട്. ഞാനൊരു ദീർഘമായ മറുപടിക്ക് തുനിയുന്നില്ല. ഇന്നലെകൾ നമ്മൾ മനസ്സിലാക്കുന്നത് നല്ലതാണ്. പക്ഷേ ജീവിക്കുന്നത് ഇന്നിലായിരിക്കണം. ഇന്നലെകളിൽ കുരുങ്ങിക്കിടക്കരുത്. ഇന്നലെകളിൽ കുരുങ്ങിക്കിടക്കുന്ന പ്രതിപക്ഷത്തെ സുഹൃത്തുക്കൾ, നടന്നതെല്ലാം മറന്നുകൊണ്ട് അമിക്കസ്ക്യൂറിയുമായി വീണ്ടും രംഗത്തുവന്നുവെന്നത് അങ്ങേയറ്റം അരോചക മായിപ്പോയി. അമിക്കസ്ക്യൂറി എന്നുപറഞ്ഞാൽ നമുക്കെല്ലാവർക്കുമറിയാം പ്രത്യേകിച്ചും പ്രാക്ടീസ് ചെയ്യുന്ന അഭിഭാഷകരുണ്ടല്ലോ; അവർക്ക് ലഭ്യമാകുന്ന രേഖകളുണ്ട്. 2019 ആഗസ്റ്റ് 20-ാം തീയതി ബഹുമാനപ്പെട്ട ഹൈക്കോടതി അമിക്കസ്ക്യൂറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി യുൾപ്പെടെ രാജിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേസ് വരികയുണ്ടായി. ആ കേസിൽ അന്നത്തെ ചീഫ് ജസ്റ്റിസ് ഹൃഷികേശ് റോയി അദ്ധ്യക്ഷനായ ഡിവിഷൻ ബെഞ്ച് ചോദിച്ച ചോദ്യങ്ങൾ പ്രതിപക്ഷത്തിന് ഇപ്പോഴും പ്രസക്തമാണ്. അന്ന് കോടതി ചോദിച്ചത് അമിക്കസ്ക്യൂറി റിപ്പോർട്ട് കോടതി അംഗീകരിച്ചതാണെന്ന് ഹർജിക്കാരന് തോന്നുന്നുണ്ടോ; ആ തോന്നലിന് എന്തെങ്കിലും രേഖാപരമായ തെളിവുണ്ടോയെന്നാണ്. അപ്പോൾ അമിക്കസ്ക്യൂറി റിപ്പോർട്ട് അംഗീകരിച്ചു കൂടെയെന്ന് ഹർജിക്കാരൻ ചോദിക്കുകയാണ്; ഇതെല്ലാം റിപ്പോർട്ട് ചെയ്യപ്പെട്ട കാര്യങ്ങളാണ്. ഹർജിക്കാരൻ പറയുമ്പോൾ അംഗീകരിക്കാനല്ല തങ്ങൾ ഇവിടെ ഇരിക്കുന്നതെന്നാണ് ഹൈക്കോടതി പറഞ്ഞത്. അമിക്കസ്ക്യൂറി റിപ്പോർട്ട് ഹർജിക്കാരനോ, പ്രതിപക്ഷമോ പറയുമ്പോൾ അംഗീകരിക്കാനല്ല കേരളത്തിലെ ബഹുമാനപ്പെട്ട ഹൈക്കോടതി ഇരിക്കുന്നതെന്നുപറഞ്ഞത് എന്തേ മറന്നുപോകുന്നത്? അമിക്കസ്ക്യൂറിയുമായി നിങ്ങൾ കുറെ ഇറങ്ങിയതല്ലേ; അത് ഏതുഘട്ടത്തിൽ വന്നുവെന്ന് നിങ്ങൾക്കെല്ലാമറിയാമല്ലോ; എങ്ങനെയാണ് കേരളം പിന്നീട് വിധിയെഴുതിയത്? ബഹുമാന്യനായ എന്റെ സുഹൃത്ത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഏറെ ആദരവുള്ള വ്യക്തിത്വമാണ്. അങ്ങയോട് ശത്രുതയുള്ള ആരോ അങ്ങയുടെ കൂട്ടത്തിലുണ്ട്, പ്രത്യേകിച്ച് ഇപ്പോഴത്തെ സാഹചര്യത്തിൽ. അല്ലെങ്കിൽ പ്രളയം വരും, അതിന്റെ ഭാഗമായി ഭരണമാറ്റമുണ്ടാകുമെന്ന ആഗ്രഹം അറിയാതെ പ്രകടിപ്പിച്ച അങ്ങയെത്തന്നെ ഇന്ന് അടിയന്തരപ്രമേയം അവതരിപ്പിക്കാൻ ഏൽപ്പിച്ചതിന്റെ പുറകിൽ എന്തെങ്കിലും കാര്യമുണ്ടോയെന്ന് അങ്ങ് നോക്കണം. ഇത് അങ്ങയോടുള്ള എല്ലാ സ്നേഹവും നിലനിർത്തിക്കൊണ്ട് ഞാൻ പറയുകയാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങ് ഇങ്ങനെയൊരു കമന്റ് പറയുമെന്ന് ഞാൻ ഒട്ടും പ്രതീക്ഷിച്ചില്ല. ആ ബെഞ്ചിൽനിന്നും ആര് പറഞ്ഞാലും അങ്ങയുടെ ഭാഗത്തുനിന്നും അതുണ്ടാകുമെന്നൊരു പ്രതീക്ഷയെനിക്കില്ല. ആരോ അങ്ങയെ, കുത്തിവച്ചൊരു വികാരമാണിതെന്ന് ഞാൻ കണക്കാക്കുകയാണ്.

കേരളത്തിൽ ഒരു തുടർഭരണം വേണമെന്നൊരു നിലയെടുക്കുമ്പോൾ ആ തുടർ ഭരണത്തെക്കുറിച്ച് ഒരു ചർച്ചയിൽ സാന്ദർഭികമായി ഞാൻ ചോദിച്ചു, ഇനിയും ഒരു കൊല്ലംകൂടി അപ്പുറത്ത് നിൽക്കുകയാണല്ലോ; ഈ ഒരു കൊല്ലം നിൽക്കുകയല്ലേ; ഇപ്പോഴേ ഭരണത്തിലാരുവരുമെന്ന് (365 ദിവസം മുമ്പ്) നമുക്ക് പറയാൻ പറ്റുമോ; നമ്മുടെ മുന്നണി തീരുമാനിച്ചോ; സ്ഥാനാർത്ഥിയെ തീരുമാനിച്ചോ; പ്രകടന പത്രിക വന്നോ; തെരഞ്ഞെടുപ്പിന് കാലം വന്നോ? ഒന്നും വന്നില്ല. തുടർഭരണം വരുമെന്ന് ഏത് ജ്യോത്സ്യനാണ് പറഞ്ഞതെന്ന് ഞാൻ പറഞ്ഞതിനെക്കുറിച്ചാണ് അങ്ങ് ഇപ്പോൾ എനിക്കെതിരെ ആക്ഷേപമായി പറഞ്ഞത്. പക്ഷെ അങ്ങ് പറഞ്ഞതുകൊണ്ട് അത് ദോഷൈക ദൃക്പത്തിൽ പറഞ്ഞുവെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ദയവായി ഇനിമേലിൽ ഇത് ആവർത്തിക്കാതിരുന്നാൽ മാത്രംമതിയെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്.

<u>ശ്രീ. പി. രാജീവ്</u>: സർ, അങ്ങയെപ്പോലെ പരിണിതപ്രജ്ഞനായ ഒരു പാർലമെന്റേറിയൻ പറയുമ്പോൾ ആവർത്തിക്കാതിരിക്കാനുള്ള സാമാന്യ മര്യാദ ഞാൻ പ്രകടിപ്പിക്കേണ്ടതാണല്ലോ; അങ്ങ് പറഞ്ഞത് ഇപ്പോഴും പബ്ലിക് ഡൊമൈനിൽ കിടക്കുന്നതുകൊണ്ടാണ്. അങ്ങ് പറഞ്ഞ കാര്യങ്ങളെല്ലാം ശരിയാണ്. കൂട്ടത്തിൽ അറിയാതെ വന്നുപോയതായിരിക്കാം. അങ്ങനെ വന്നുകഴിഞ്ഞാലുണ്ടാകുന്നൊരു സാഹചര്യം ഓർത്തപ്പോഴുണ്ടാകുന്ന ആഹ്ലാദം പുറത്തേയ്ക്ക് പൊട്ടിവന്നപ്പോൾ വന്ന വാക്കുകളാകാം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, (.........മൈക്ക് ഓഫ്....... )

<u>ശ്രീ. പി. രാജീവ്</u> : സർ, അങ്ങ് പറയുന്നതിപ്പോൾ കണക്കിലെടുക്കാം. കേരളമാകെ ഇത് മറന്നുകിടക്കുകയായിരുന്നു, ഇന്നത് ഓർക്കാൻവേണ്ടി ആരോ അങ്ങയെ സഹായിച്ചുവെന്നുമാത്രമാണ് ഞാൻ സാന്ദർഭികമായി സൂചിപ്പിച്ചത്. അതാണ് അമിക്കസ്ക്യൂറി റിപ്പോർട്ടിനെ സംബന്ധിച്ചുള്ളത്. ശ്രീ. പി. സി. വിഷ്ണുനാഥിനെപ്പോലെ കാര്യങ്ങൾ നന്നായി പഠിക്കുന്ന ഒരാൾ, അതിനുശേഷം വന്നിട്ടുള്ള ഈ മാറ്റങ്ങൾ മനസ്സിലാക്കാതെ ആവർത്തിച്ചത് ശരിയായില്ലെന്നതു കൊണ്ടാണ് ഞാനത് ഈ ഘട്ടത്തിൽ സൂചിപ്പിച്ചത്. തോട്ടപ്പള്ളി സ്പിൽവേയിൽ പൊഴിമുറിച്ചത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹം പുറത്തുനിന്ന് കേട്ടതുകൊണ്ടാകാം, ഞാൻ പറഞ്ഞത് പൂർണ്ണമായും കേട്ടിട്ടുണ്ടാകില്ല അല്ലെങ്കിൽ അദ്ദേഹത്തിന് മനസ്സിലായിട്ടുണ്ടാകില്ല. ഇവിടെ ഉന്നയിക്കപ്പെട്ട വിഷയമെന്താണ്? 30 മീറ്ററായി ചുരുങ്ങിയിരിക്കുന്നു, അത് വീതി കൂട്ടണമെന്നാണ്. ആ വീതി കൂട്ടണമെന്ന ഉത്തരവാദിത്വം സർക്കാർ കെ.എം.എം.എൽ.-നെ ഏൽപ്പിച്ചു. കെ.എം.എം.എൽ. അങ്ങോട്ട് പണം നൽകി

ആ ഉത്തരവാദിത്വം നിർവ്വഹിച്ചു. കുട്ടനാടിനെയും അപ്പർ കുട്ടനാടിനെയും പ്രളയത്തിൽനിന്നും രക്ഷപ്പെടുത്താൻ കഴിയുന്നരൂപത്തിൽ പ്രവൃത്തി ഏറ്റെടുത്ത കെ.എം.എം.എൽ.-നെ യഥാർത്ഥത്തിൽ ഈ സഭ ഒരേ മനസ്സോടുകൂടി അഭിനന്ദിക്കുകയാണ് ചെയ്യേണ്ടിയിരുന്നത്. അതിനുപകരം മറ്റുരീതിയിൽ ഇവിടെ പരാമർശങ്ങൾ വന്നപ്പോൾ അതിന്റെ വിശദാംശങ്ങൾ നൽകുകയാണ് ഞാൻ ചെയ്തിട്ടുള്ളത്. അവിടെയുള്ള എല്ലാ എം.എൽ.എ.-മാരും അവരുടെ 2018-ലെ അനുഭവത്തിന്റെയും ഇപ്പോഴത്തെ അനുഭവത്തിന്റെയും അടിസ്ഥാനത്തിൽ കാര്യങ്ങൾ വിശദീകരിക്കുകയുണ്ടായി. പ്രളയം, ഡാം, അതിനെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. അതിന് കേന്ദ്ര ജല കമ്മീഷന്റെ റിപ്പോർട്ടുണ്ട്. നേരത്തെ പറഞ്ഞ കാര്യങ്ങളെല്ലാം പബ്ലിക് ഡൊമൈനിലുണ്ട്. നമ്മുടെ ഡിബേറ്റ് അതിനെ സംബന്ധിച്ചല്ലാത്തതുകൊണ്ട് അതിന്റെ എല്ലാ വശങ്ങളിലേയ്ക്കും ഞാൻ പോകുന്നില്ല. വസ്തുതകളും പ്രചാരവേലയും തമ്മിൽ വല്ലാത്ത അന്തരമുണ്ട്. ഇപ്പോൾ സൃഷ്ടിക്കപ്പെടാൻ ശ്രമിക്കുന്ന ഒരു പൊതുബോധം, ഞങ്ങൾ ക്വാറികൾക്ക് അനുമതി കൊടുത്തുകൊണ്ടേയിരിക്കുകയാണ് എന്നതാണ്. പ്രളയം വരുന്ന, പാരിസ്ഥിതികമായ മുന്നറിയിപ്പുകൾ വരുന്ന, അന്താരാഷ്ട്ര ഏജൻസികൾ കേരളത്തിന്റെ പാരിസ്ഥിതിക സന്തുലനാവസ്ഥകളേയും ലോലമായ പ്രദേശത്തെയും കുറിച്ചുള്ള മുന്നറിയിപ്പുകൾ നൽകുന്നു. ഇതൊന്നും ഞങ്ങൾ പരിഗണിക്കുന്നതേയില്ലെന്നാണ് പറയുന്നത്. ഇവിടെ ബഹുമാനപ്പെട്ട ഒരംഗം പറഞ്ഞത്, ചില രാഷ്ട്രീയ പാടങ്ങേജ് ലഭിക്കും, അപ്പോൾ എന്തും ചെയ്യാം എന്നാണ്. കണക്കുകൾ നമ്മുടെ മുൻപിലുണ്ടല്ലോ;

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, (......മൈക്ക് ഓഫ്......)

ശ്രീ. പി. രാജീവ്: സർ, ഇത് കഴിഞ്ഞിട്ട് വഴങ്ങാം. അതായിരിക്കും നല്ലത്. ഞാൻ പറയാൻ പോകുന്ന പോയിന്റ് ഏതാണെന്ന് അങ്ങേയ്ക്ക് മനസ്സിലാകാതെ ചോദിച്ചാൽ ചിലപ്പോൾ അങ്ങ് ഉദ്ദേശിക്കുന്ന കാര്യം ഞാൻ ഇപ്പോൾത്തന്നെ പറഞ്ഞാലോ; ആ സമയം കളയേണ്ടതില്ലല്ലോ? 2010-11 വർഷത്തിൽ കേരളത്തിലാകെ 3104 കരിങ്കൽ ക്വാറികളുണ്ടായിരുന്നു. കഴിഞ്ഞ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 1514 ക്വാറികളാണുണ്ടായിരുന്നത്. നിങ്ങളുടെ ഭരണകാലത്തും കുറഞ്ഞിട്ടുണ്ട്. പൊതുവെ ഈ പ്രശ്നത്തിൽ കേന്ദ്ര നിയമത്തിന്റെയും കോടതി വിധികളുടെയും സംസ്ഥാന നിയമസഭയും ഗവൺമെന്റും അംഗീകരിച്ച പല ചട്ടങ്ങളുടെയുമൊക്കെ ഭാഗമായെടുത്ത നിലപാടുകളുടെ ഭാഗമായി വന്ന കുറവാണത്. 2020-21 വർഷത്തിൽ, നിലവിൽ കേരളത്തിലുള്ള കരിങ്കൽ ക്വാറികളുടെ എണ്ണം 604 മാത്രമാണ്. ഇത് ഗവൺമെന്റ് ലൈസൻസ് നൽകിയിട്ടുള്ളതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് പരിശോധിച്ചാൽ മതി. ഏകദേശം ആറായിരത്തിനടുത്ത് ക്വാറികൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. അതിൽ അപ്രൂവ്ഡും അൺ-അപ്രൂവ്ഡുമായിട്ടുള്ള ക്വാറികളുണ്ട്. മൈനിംഗ് ആൻഡ് ജിയോളജി ഡിപ്പാർട്ടുമെന്റ് പരിശോധന നടത്തിയാൽ അങ്ങേയ്ക്കത് മനസ്സിലാകും. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 233 ക്വാറികൾ അനുവദിച്ചിട്ടുണ്ട്. ക്വാറികളുമായിട്ടുള്ള ദൂരം സംബന്ധിച്ച് പറഞ്ഞു. 'വനപ്രദേശത്തുനിന്ന് 5 കിലോമീറ്റർ അകലെ' എന്നുള്ള നിബന്ധന നേരത്തെയുണ്ടായിരുന്നു. അതിപ്പോൾ മാറി 100 മീറ്റർ എന്ന നിലയിലേയ്ക്ക് വന്നു. പ്രസ്തുത 100 മീറ്റർ എന്നത് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നമ്മൾ നിർബന്ധിച്ചിട്ടുള്ളത് 50 മീറ്റർ ദൂരപരിധിയാക്കണമെന്നത് തന്നെയാണ്. ഇതുസംബന്ധിച്ച് അങ്ങിപ്പോൾ എനിക്ക് മറുപടി തരണമെന്നില്ല. അങ്ങേയ്ക്ക് ആ രേഖകൂടി പരിശോധിക്കാം. അങ്ങേയ്ക്ക് അഡ്വക്കേറ്റ് ജനറലിനോട് ചോദിക്കാം. അതിനുശേഷം മറുപടി പറഞ്ഞാൽ മതി. പക്ഷേ, വസ്തുത അതാണ്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ബഹുമാനപ്പെട്ട മന്ത്രി 'കോടതി വിധികളെയെല്ലാം മാനിച്ചുകൊണ്ട്' എന്നുപറഞ്ഞു. ക്വാറികളുടെ ദൂരപരിധി സംബന്ധിച്ച് ഗ്രീൻ ട്രിബ്യൂണലിന്റെ വിധി വന്നിട്ടുണ്ടല്ലോ. ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞതിന്റെ തുടർച്ചയായാണ് ഞാൻ പറയുന്നത്. കാലാവസ്ഥാ വ്യതിയാനംമൂലമുണ്ടായ ഉരുൾപൊട്ടൽ ഉൾപ്പെടെയുള്ള സാഹചര്യങ്ങൾ വിലയിരുത്തിക്കൊണ്ടുള്ള ഗ്രീൻ ട്രിബ്യൂണലിന്റെ വിധിക്കെതിരായി ക്വാറി ഉടമകളോടൊപ്പം ഗവൺമെന്റ് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കൊടുത്ത അപ്പീൽ പിൻവലിക്കാൻ തയ്യാറാണോ?

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. പി. രാജീവ്: സർ, ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത്, ഈ ഗവൺമെന്റ് വന്നതിനുശേഷം 233 ക്വാറികൾക്ക് അനുമതി കൊടുത്തുവെന്നാണ്. അത് അങ്ങയെ ആരോ തെറ്റിദ്ധരിപ്പിച്ചതാണ്. നിലവിൽ കേരളത്തിൽ ആകെ 604 അംഗീകൃത ക്വാറികൾ മാത്രമേയുള്ളൂ. അംഗീകാരമില്ലാത്തവയുണ്ടെങ്കിൽ നമുക്ക് പരിശോധിക്കാം. അതിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം ഒന്നും അനുവദിച്ചിട്ടില്ല, നിലവിലുള്ള ക്വാറികൾ പുതുക്കുകയാണ് ചെയ്തിട്ടുള്ളത്. പുതുതായി കൊടുക്കുകയെന്നത് വളരെ കുറവാണ്. 2010-ൽ 3104 ക്വാറികൾ പ്രവർത്തിച്ചിരുന്ന സ്ഥാനത്ത് 2020-21-ൽ 604 ക്വാറികൾക്കാണ് കേരളത്തിൽ അംഗീകാരം ലഭിച്ചിട്ടുള്ളത്. എന്നുവച്ചാൽ ക്വാറികളുടെ എണ്ണത്തിൽ 82.25 ശതമാനം കുറവാണുണ്ടായിട്ടുള്ളത്. ഏതെങ്കിലും വകുപ്പിന് മാത്രമായി ഇതുസംബന്ധിച്ച് തീരുമാനിക്കാൻ കഴിയില്ല. കരിങ്കൽ ഖനനത്തിന് ഒരു വർഷംവരെ കാലാവധിയുള്ള

ക്വാറിയിംഗ് പെർമിറ്റും 5 മുതൽ 12 വർഷം കാലാവധിയുള്ള ക്വാറിയിംഗ് ലീസുമാണ് നൽകിക്കൊണ്ടിരിക്കുന്നത്. അതിന് മൈനിംഗ് ഡിപ്പാർട്ടുമെന്റിന്റെ അനുമതി മാത്രം പോര. പഞ്ചായത്ത് അനുവദിക്കുന്ന ഡി. ആൻഡ് ഒ. ലൈസൻസ്, പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ consent to operate എന്നിവവേണം. നേരത്തെ ജില്ലാതല പരിസ്ഥിതി ആഘാത സംവിധാനമുണ്ടായിരുന്നു, കോടതി വിധി പ്രകാരം അതില്ലാതായി. ഇപ്പോൾ സംസ്ഥാനതലത്തിൽ മാത്രമേയുള്ളൂ. സംസ്ഥാനത്തുള്ളതിന്റെ കാലാവധി 2018 സെപ്റ്റംബർ 18 മുതൽ കഴിഞ്ഞു. നമ്മുടെ പ്രൊപ്പോസൽ സംബന്ധിച്ച് നോട്ടിഫിക്കേഷനിറക്കേണ്ടത് കേന്ദ്ര സർക്കാരാണ്. പ്രൊപ്പോസൽ അംഗീകരിച്ച് നോട്ടിഫിക്കേഷൻ വന്നിട്ടില്ല. ഫലത്തിൽ ആ സംവിധാനം ഇപ്പോഴില്ല. അതുകൊണ്ട് ഇപ്പോൾ നമ്മൾ വിചാരിച്ചാലും ഒരു ക്വാറിക്കും അംഗീകാരം നൽകാൻ സാധിക്കില്ല. പിന്നെ എക്സ്പ്ലോസീവ് ലൈസൻസും വേണം. ഇത് നാലുമുണ്ടെങ്കിൽ മാത്രമേ ക്വാറികൾക്ക് പ്രവർത്തനാനുമതി നൽകാൻ കഴിയുകയുള്ളൂ. ഗ്രീൻ ട്രിബ്യൂണലിന്റെ 200 മീറ്റർ ദൂരപരിധി സംബന്ധിച്ച്, യഥാർത്ഥത്തിൽ 2015-ലെ ചട്ടം വരുന്നതിനുമുമ്പ് 1967-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ ദൂരപരിധി 50 മീറ്ററായിരുന്നു. ഇതുകൂടാതെ കേന്ദ്ര Mines and Minerals (Development and Regulation) Act-ന്റെ അടിസ്ഥാനത്തിൽ 1960-ലെ റൂളിലും ദൂരപരിധി 50 മീറ്ററാണ്. ഇത് രണ്ടിനകത്തും നിൽക്കുന്നതിന്റെ അടിസ്ഥാന ത്തിലാണ് ഗവൺമെന്റ് ആ നിലപാട് സ്വീകരിച്ചത്. ഞങ്ങളെടുത്തത് ഗ്രീൻ ട്രിബ്യൂണലിന് സുവോമോട്ടോ കേസ് എടുക്കാമോയെന്നതാണ്; അതിന്റെ അധികാര പരിധിയിൽവന്ന പ്രശ്നങ്ങൾ കോടതി ചർച്ചചെയ്തു. ഈ വിഷയം കോടതിയുടെ പരിഗണനയിലിരിക്കുകയാണല്ലോ; കോടതി വിധിക്കട്ടെ. ആ പ്രശ്നത്തിൽ ശ്രീ. നജീബ് കാന്തപുരം ഇവിടെ പറഞ്ഞതുപോലെ ബഹുമാനപ്പെട്ട സുപ്രീംകോടതി 200 മീറ്ററൊന്നും വിധിച്ചിട്ടില്ല. കോടതി അത് പരിശോധിച്ചുകൊണ്ടിരിക്കുന്നു. കോടതിയിൽ ഈ ചട്ടങ്ങളാണ് ഗവൺമെന്റ് മുന്നോട്ടുവച്ചത്. കോടതി 200 മീറ്റർ എന്ന് പ്രഖ്യാപിച്ചിട്ടില്ല. കോടതി ഇപ്പോൾ കണ്ടിട്ടുള്ളത്, ഗ്രീൻ ട്രിബ്യൂണൽ സംവിധാനത്തിന് സുവോമോട്ടോ കേസെടുക്കാൻ പറ്റുമോയെന്നുള്ളതാണ്. അവിടെ കിട്ടിയ കത്തിന്റെ കോപ്പിയുടെ അടിസ്ഥാനത്തിലാണ് അവർ എടുത്തത്. അവർക്ക് സുവോമോട്ടോ കേസെടുക്കാമെന്ന് അതുസംബന്ധിച്ച് കോടതിയും പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ ബഹുമാനപ്പെട്ട സുപ്രീംകോടതി മറ്റ് വശങ്ങൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ആ വിധി വരട്ടെ, നമുക്ക് ആ വിധി വരുന്നതുവരെ കാത്തിരിക്കാം. ഈ സർക്കാർ എന്തായാലും കേരളത്തിന്റെ പാരിസ്ഥിതികമായ സന്തുലനാവസ്ഥകൾക്കെതിരെയുള്ള ഒരു നിലപാടും സ്വീകരിക്കില്ല. ഇവിടെ ആരൊക്കെയോ പറഞ്ഞു, 'ചിലർക്ക് സംരക്ഷണം' എന്ന്. ഒരു ക്വാറി ഉടമകൾക്കും ഈ ഗവൺമെന്റിന്റെ രാഷ്ട്രീയ സംരക്ഷണം ലഭിക്കില്ല.

അത് അർദ്ധശങ്കയ്ക്കിടയില്ലാത്തവിധം ഞങ്ങൾക്ക് പറയാൻ സാധിക്കും. ക്വാറി ഉടമകളുടെ താൽപ്പര്യാർത്ഥം ദൂരപരിധി കൂട്ടുകയും പിന്നീട് ക്വാറി ഉടമകൾ വരുമ്പോൾ ദൂരപരിധി കുറച്ചുകൊടുക്കുകയും ചെയ്യുന്ന പലതിന്റെയും രീതി ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽനിന്നും നിങ്ങൾ പ്രതീക്ഷിക്കേണ്ടതില്ല. അങ്ങനെയൊരു നിലപാട് ഈ സർക്കാർ സ്വീകരിക്കുകയുമില്ല. ക്വാറികളുടെ കാര്യത്തിൽ മാത്രമല്ല, മറ്റ് പലതിന്റെയും കാര്യത്തിൽ അതേ നിലപാടുതന്നെയാണ്. ബഹുമാന്യനായ എം.എൽ.എ., ശ്രീ. ഐ. സി. ബാലകൃഷ്ണൻ ഇവിടെ സൂചിപ്പിച്ചപ്പോൾ അതിന്റെ രണ്ട് ഭാഗവും പറഞ്ഞു. വേണ്ട എന്നും വേണമെന്നും പറഞ്ഞു. പക്ഷേ നിയമാനുസൃതം വേണമെന്നാണ് അദ്ദേഹം പറഞ്ഞത്. അത് ശരിയാണ്, ഇപ്പോൾ അംഗീകാരമായത് പ്രവർത്തിക്കുന്നത് 5 മാത്രമേയുള്ളൂ. എന്നാൽ ഇവിടെ ഒരു പ്രശ്നമുണ്ട്. നമ്മളെല്ലാവരും അത് കാണേണ്ടതുതന്നെയാണ്. ഇ-ഗവേണൻസ് വേണ്ടത്ര വരാത്തൊരു ഡിപ്പാർട്ടുമെന്റാണ് മൈനിംഗ് ആൻഡ് ജിയോളജി. അതിപ്പോൾ ഗവൺമെന്റ് തീരുമാനപ്രകാരം അപേക്ഷ നൽകുന്നതുൾപ്പെടെ പൂർണ്ണമായും ഓൺലൈനിലേയ്ക്ക് മാറുകയാണ്. ഡിജിറ്റൽ മാപ്പിംഗ് കഴിഞ്ഞു. ബഹുമാന്യനായ ഡോ. മാത്യു കുഴൽനാടൻ പറയുകയുണ്ടായി സയന്റിഫിക്കായിട്ടുള്ള ഒന്നുമില്ലെന്ന്. സയന്റിഫിക്കായി അതിന്റെ ചട്ടങ്ങളെല്ലാമുണ്ട്. പക്ഷേ പ്രയോഗത്തിന് സാങ്കേതികവിദ്യയെ വേണ്ടത്ര ഉപയോഗിക്കുന്നില്ല. ഇപ്പോൾ 6000, 7000 എന്നൊക്കെയുള്ള കണക്കുപറയുന്നത് ഗൂഗിൾ മാപ്പിനെ അടിസ്ഥാനപ്പെടുത്തിയാണ്. അത് നേരത്തെയുള്ളതാണ്. അതിൽ ഇപ്പോൾ പ്രവർത്തിക്കുന്നതും അല്ലാത്തതുമെല്ലാമുണ്ട്. എനിക്ക് ബഹുമാനപ്പെട്ട എം.എൽ.എ.-മാരോട് പറയുവാനുള്ളത്, നിങ്ങളുടെ നിയോജകമണ്ഡലത്തിൽ നിയമപരമല്ലാതെ പ്രവർത്തിക്കുന്ന ക്വാറികളുണ്ടെങ്കിൽ അത് ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളൂ, അതിനെതിരെ കർശന നടപടി സ്വീകരിക്കും. ഇതുകൂടാതെ, ഈ വാർത്തകൾ വന്നപ്പോൾ ഡിപ്പാർട്ടുമെന്റിനെ കഴിഞ്ഞ ദിവസം വിളിക്കുകയുണ്ടായി. കൃത്യമായ പരിശോധന നടത്തണം, എവിടെയെങ്കിലും നിയമവിരുദ്ധമായി ക്വാറികൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ കർക്കശമായ നിലപാട് സ്വീകരിക്കണമെന്നുള്ളത് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അക്കാര്യം ഉദ്യോഗസ്ഥരെ പ്രത്യേകം വിളിച്ച് പറയുകയും പരിശോധന നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്. പക്ഷേ നടത്തിക്കൊണ്ടിരിക്കുന്ന പ്രചാരവേല വസ്തുതകളിൽനിന്നും ഏറെ അകലെയാണ്. ഇവിടെ സൂചിപ്പിച്ചതു പോലെ, നമുക്കിതൊന്നും വേണ്ടെന്ന് പറയാൻ കഴിയില്ല. നമുക്ക് വേണ്ടിവരും. നിർമ്മാണ പ്രവർത്തനം വരുന്നു, റോഡുകളുടെ വീതി കൂട്ടുന്നു, വീടുകൾ വരുന്നു, മറ്റ് പ്രവർത്തനങ്ങളെല്ലാം വരുന്നു. അങ്ങനെ വരുമ്പോൾ നിലവിലുള്ള നിയമമനുസരിച്ച് പ്രവർത്തിക്കാനുള്ള എല്ലാ സ്വാതന്ത്ര്യവുമുണ്ടായിരിക്കും. നിയമവിരുദ്ധമായി ആര് പ്രവർത്തിച്ചാലും അത് അനുവദിക്കുന്ന പ്രശ്നവുമില്ല. ഇതാണ് അതുസംബന്ധിച്ച് സർക്കാർ എടുത്തിട്ടുള്ള സമീപനം.

ശ്രീ. മഞ്ഞളാംകുഴി അലി ഇവിടെയില്ല. ഇവിടെ വ്യവസായ സൗഹൃദമായിരുന്നു. നേരത്തെ യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ നല്ല മാറ്റം വന്നതാണ്, ഇപ്പോൾ അത് ആ രൂപത്തിൽ നിലനിൽക്കുന്നില്ലെന്ന ചില പ്രശ്നങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ എത്ര നിക്ഷേപം വന്നു; അതിൽ ഇപ്പോൾ എത്ര നിലവിലുണ്ട് എന്നിവയെക്കുറിച്ചുള്ള കണക്കുകൾ നമ്മുടെ മുമ്പിലുണ്ട്. ഞാൻ പതുക്കെ അതിലേയ്ക്കുവരാം. കഴിഞ്ഞ ഗവൺമെന്റും ഈ ഗവൺമെന്റും വന്നതിനുശേഷം വ്യവസായ മേഖലയിൽ കൂടുതൽ നിക്ഷേപം കൊണ്ടുവരുന്നതിനാവശ്യമായ നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. വി. ശശി സൂചിപ്പിക്കുകയുണ്ടായി, ബഡ്ജറ്റിൽ എന്തെല്ലാം സമീപനമാണ് ഞങ്ങൾ സ്വീകരിച്ചിട്ടുള്ളത്; ഇപ്പോൾ എന്തെല്ലാം സമീപനമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്; അതിന്റെ ഭാഗമായി എന്തെല്ലാം മാറ്റം വരുന്നുവെന്നൊക്കെ. എമർജിംഗ് കേരള നടത്തിയെന്ന് ശ്രീ. മഞ്ഞളാംകുഴി അലി പറയുകയുണ്ടായി. 'എമർജിംഗ് കേരളയിൽ വലിയ നിക്ഷേപം വന്നു. നിങ്ങൾ ASCEND കൊണ്ടുവന്നില്ലേ; അതിൽ എന്ത് വന്നു' എന്ന്. അതുമായി ബന്ധപ്പെട്ട് നിയമസഭാ ചോദ്യോത്തരങ്ങൾ തന്നെയുണ്ട്, പബ്ലിക് ഡൊമൈനിൽ അതിന്റെ കണക്കുമുണ്ട്. 2015-ൽ 148 പ്രോജക്ടുകളാണ് എമർജിംഗ് കേരളയിൽ വാഗ്ദാനം വന്നത്. അതിൽ കംപ്ലീറ്റ് ചെയ്ത പ്രോജക്ടുകൾ വേണമെങ്കിൽ ഇപ്പോൾത്തന്നെ നിങ്ങൾക്ക് പരിശോധിക്കാം, 6 പ്രോജക്ടുകൾ മാത്രമാണ് എമർജിംഗ് കേരളയിൽ വന്ന വാഗ്ദാനങ്ങളിൽ ഇതേവരെ കംപ്ലീറ്റ് ചെയ്തിട്ടുള്ളത്. ASCEND 2020-ൽ 151 പ്രോജക്ടുകൾവന്നു. 22 പ്രോജക്ടുകൾ ഇതിനകംതന്നെ കംപ്ലീറ്റ് ചെയ്തുകഴിഞ്ഞു. അതാണ് ASCEND-ന്റെ പ്രത്യേകത. എമർജിംഗ് കേരളയിൽ അണ്ടർ ഇംപ്ലിമെന്റേഷനിൽ ഇപ്പോഴും നിൽക്കുന്നത് 10 പ്രോജക്ടുകളാണ്. ASCEND 2020-ൽ 59 പ്രോജക്ടുകൾ ഇപ്പോഴും ഇംപ്ലിമെന്റേഷനിലാണ്. കോവിഡുകാരണം ASCEND-ൽ ഹോൾഡ് ചെയ്തുവച്ചിരിക്കുന്നത് 39 പ്രോജക്ടുകളാണ്. സ്വാഭാവികമായും എമർജിംഗ് കേരളയിൽ ഹോൾഡ് ചെയ്തുവച്ച പ്രോജക്ടുകളില്ല. വന്ന വാഗ്ദാനങ്ങളിൽ 148-ൽ എമർജിംഗ് കേരളയിലെ 96 പ്രോജക്ടുകളും ഒഴിവാക്കപ്പെട്ടവയാണ്. അതാണ് ഏറ്റവും ഒടുവിലത്തെ സ്ഥിതി. ASCEND-ൽ 31 പ്രോജക്ടുകൾ പല കാരണങ്ങളാൽ ഒഴിവാക്കപ്പെട്ടിട്ടുണ്ട്. കണക്കുകളെ കണക്കുകളായിത്തന്നെ നമ്മൾ കാണണം. ഇവിടെ നടത്തിയ ആ പ്രചാരവേല വസ്തുതകൾക്ക് നിരക്കുന്നതല്ല. ഇവിടെ എത്ര നിക്ഷേപം വന്നുവെന്നുള്ളതെല്ലാം ഞാൻ പലതവണ സഭയുടെ ശ്രദ്ധയിൽപ്പെടുത്തി യിട്ടുള്ളതാണ്. നിങ്ങളുടെ കാലത്ത് വന്നില്ല, ഞങ്ങളുടെ കാലത്ത് വരുന്നുണ്ടെന്ന് ഞങ്ങളും നിങ്ങളുടെ കാലത്ത് വന്നില്ല, ഞങ്ങളുടെ കാലത്ത് വന്നല്ലോയെന്ന് നിങ്ങളും എന്നുപറഞ്ഞല്ല നമ്മൾ നിൽക്കേണ്ടത്. കേരളത്തിലേയ്ക്ക് നിക്ഷേപം കൊണ്ടുവരുന്നതിൽ നമ്മൾ ഒന്നിച്ച് നിൽക്കണം. അത് നാടിനോടും ഭാവി തലമുറയോടും നമുക്ക് ഒന്നിച്ച് നിർവ്വഹിക്കേണ്ട ഉത്തരവാദിത്വമാണ്. അതിന് തടസ്സങ്ങളുണ്ടോ; ഞങ്ങളുടെ ഭാഗത്ത് കുറവുണ്ടോ എന്ന് നമുക്ക് നോക്കാം.

ട്രേഡ് യൂണിയനുകളുടെ കാര്യം ഇവിടെ സൂചിപ്പിച്ചു. നോക്കുകൂലി സംബന്ധിച്ച് ബഹുമാനപ്പെട്ട ഒരംഗം ഇടപെട്ടുകൊണ്ടുപറഞ്ഞു. അത് ഒറ്റപ്പെട്ട സംഭവമാണ്. ഒറ്റപ്പെട്ടതും പർവ്വതീകരിക്കുന്ന രീതിയുമുണ്ട്. ഒറ്റപ്പെട്ടത് നമുക്ക് ഒഴിവാക്കണം. നോക്കുകൂലിയുടെ കാര്യത്തിൽ കൊടി നോക്കാതെ, രാഷ്ട്രീയം നോക്കാതെ, കർക്കശമായ നിലപാട് ഗവൺമെന്റ് സ്വീകരിക്കുമെന്നുള്ളത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ പ്രഖ്യാപിച്ചിട്ടുണ്ട്. ഗവൺമെന്റിന്റെ പൊതുനയം അതുതന്നെയാണ്. അത് ഒഴിവാക്കുന്നതിന് നമുക്കെല്ലാവർക്കും ഒരേ സമീപനം സ്വീകരിക്കണം. ട്രേഡ് യൂണിയനുകളുടെ സമീപനത്തിൽ നല്ല മാറ്റം വന്നിട്ടുണ്ട്. താഴെത്തലങ്ങളിൽ ഇപ്പോഴും ചില പ്രശ്നങ്ങൾ നിലനിൽക്കുന്നുവെന്നുള്ളത് വസ്തുതയാണ്. അതൊഴിവാക്കാൻ നമുക്ക് ശ്രമിക്കണം. ട്രേഡ് യൂണിയനുകൾ ഉൽപ്പാദനക്ഷമതയിൽ കേന്ദ്രീകരിക്കണം. കൂടുതൽ ഉൽപ്പന്നം, ഉൽപ്പാദനം, മെച്ചപ്പെട്ട വേതനം അതിലേയ്ക്ക് പൊതുസമീപനം വരുന്നുണ്ട്. ട്രേഡ് യൂണിയനുകളുടെ സംസ്ഥാന നേതാക്കൾ കൊടി അടയാളങ്ങൾക്കതീതമായി ഒരേ നിലപാട് ഇത്തരം പ്രശ്നങ്ങളിൽ സ്വീകരിക്കുന്നുണ്ട്, അതേ നിലപാട് വ്യത്യസ്ത രാഷ്ട്രീയമുള്ള യാളുകളെന്ന നിലയിൽ നമുക്കും ഈ പൊതുപ്രശ്നത്തിൽ സ്വീകരിക്കേണ്ടതു ണ്ടെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ശ്രീ. നജീബ് കാന്തപുരം പറഞ്ഞ കാര്യങ്ങൾക്കൊന്നും ഞാൻ ഇപ്പോൾ മറുപടി പറയുന്നില്ല. കാരണം അദ്ദേഹം യൂത്ത് ലീഗിന്റെ നേതാവെന്ന നിലയിൽ അവിടെനിന്നും വിരമിച്ച് വന്നപ്പോൾ, ആ യൂത്ത് ലീഗിന്റെ പുതിയ കമ്മിറ്റിയുടെ സ്ത്രീ പ്രാതിനിധ്യത്തിന്റെ മഹനീയതയെ ക്കുറിച്ചുള്ള ധാരണയിൽ നിന്നായിരിക്കാം ആ പരാമർശം നടത്തിയിട്ടുണ്ടാകുക. ബാക്കി കാര്യങ്ങളൊക്കെ അവിടെ നിൽക്കട്ടെ.

കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വളരെ ചെറിയൊരു നിയമമാണ്. നമ്മൾ വരുത്തുന്ന ഭേദഗതി വളരെ ചെറുതാണ്, അതിൽ ബഹുമാനപ്പെട്ട പി. സി. വിഷ്ണുനാഥ് പറഞ്ഞതിൽ ചെറിയ കുറവുള്ളത്, സബ്ജക്ട് കമ്മിറ്റി അംഗീകരിച്ച ശിപാർശതന്നെയാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, സബ്ജക്ട് കമ്മിറ്റി അംഗീകരിച്ചുവെന്ന് തന്നെയാണ് പറഞ്ഞത്, സബ്ജക്ട് കമ്മിറ്റി അംഗീകരിച്ചതാണ്. അതിനുശേഷമുള്ള ഒരു കാര്യമാണ് ഞാൻ പറഞ്ഞത്. അതിനകത്ത് നിയമനിർമ്മാണവേളയിൽ അങ്ങേയ്ക്ക്, അംശദായത്തിന്റെ തുക കൂട്ടുന്നത് അവർക്ക് ആനുകൂല്യങ്ങൾ വർദ്ധിപ്പി ക്കുന്നതിനുവേണ്ടി മാത്രമാകണമെന്ന് കൂട്ടിച്ചേർക്കാമെന്ന് പറയുകയായിരുന്നു. ക്ലാരിഫിക്കേഷൻ വരുത്തിയതാണ്.

ശ്രീ. പി. രാജീവ്: സർ, അതെ, സബ്ജക്ട് കമ്മിറ്റിയിൽ എല്ലാ അംഗങ്ങളും വളരെ ക്രിയാത്മകമായാണ് ഇടപെട്ടത്, ഞാൻ പറഞ്ഞല്ലോ വളരെ ഡെമോക്രാറ്റിക്കായിട്ടാണ്. ഇവിടെ വന്നൊരു അഭിപ്രായം നോട്ടിഫിക്കേഷൻ മതിയെന്നാണ്. ആ നോട്ടിഫിക്കേഷനും സഭയിൽ വയ്ക്കുന്നത് സംബന്ധിച്ച്, സാധാരണ നോട്ടിഫിക്കേഷനിലെ വ്യവസ്ഥയും ബില്ലിന്റെ ഭാഗമായി വച്ചിട്ടുണ്ട്. തുടർച്ചയായി വരുന്ന 14 ദിവസങ്ങളിലോ, രണ്ട് സഭയിലോയെന്ന രൂപത്തിലുള്ള വ്യവസ്ഥയും ബില്ലിന്റെ ഭാഗമായി വച്ചിട്ടുണ്ട്. അതുകൊണ്ട് നിയമസഭയിൽ വയ്ക്കില്ലെന്ന രൂപത്തിലുള്ള ആശങ്കയ്ക്ക് അർത്ഥമില്ല. നമ്മൾ പൊതുവെ കാണേണ്ടത്, എന്നേക്കാൾ ഈ മേഖലയെക്കുറിച്ച് നല്ല ധാരണയുള്ള ആളുകൾ അപ്പുറത്തുണ്ടല്ലോ, ഇപ്പുറത്തുമുണ്ട്. ഈ ക്ഷേമനിധിയുടെ മൊത്തം വരുമാനം എടുത്താൽ, 2016 മുതൽ ഇങ്ങോട്ട് നോക്കിയപ്പോൾ, ആകെ വരവിന്റെ 0.7 ശതമാനം മാത്രമാണ് തൊഴിലാളി വിഹിതമുള്ളത്. തൊഴിലാളി വിഹിതം വർദ്ധിപ്പിച്ച് സർക്കാർ പിൻവാങ്ങുന്ന എന്നുള്ളതല്ല. 2016 മുതൽ 2021 വരെയുള്ള മൊത്തം വരുമാനം 548.83 കോടി രൂപയാണ്. അതിൽ 2016 മുതൽ 2021 വരെയുള്ള തൊഴിലാളി വിഹിതം 3.86 കോടി രൂപയും ഉടമകളുടെ വിഹിതം ഏകദേശം 4.23 കോടി രൂപയുമാണ്. 2016 മുതലുള്ള കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ കണക്കാണിത്. അതിനുമുൻപുള്ള കണക്ക് വേറെപറയാം. മാച്ചിംഗ് ഗ്രാന്റായി 7.50 കോടി രൂപ കൊടുത്തിട്ടുണ്ട്. ഗവൺമെന്റ് ഏറ്റവും കൂടുതൽ ചെയ്യുന്നത് പെൻഷൻ ഗ്രാന്റാണ്. പെൻഷൻ നൽകുന്നതിനുവേണ്ടി മാത്രം, ആ ഉത്തരവാദിത്വം ഏറ്റെടുത്ത് കഴിഞ്ഞ 5 വർഷം 530 കോടി രൂപ സർക്കാർ നൽകിയിട്ടുണ്ട്. അങ്ങനെയാണ് ഞാൻ പറഞ്ഞത് 548 കോടി രൂപയിൽ 0.7 ശതമാനം മാത്രമേ തൊഴിലാളി വിഹിതമുള്ളൂവെന്ന്. ബഹുമാനപ്പെട്ട പി. സി. വിഷ്ണുനാഥ് ഭരണച്ചെലവ് സംബന്ധിച്ച് പറയുകയുണ്ടായി, അത് പൊതുവെ പരിശോധിക്കേണ്ടതാണ്. അനാവശ്യ ചെലവു കളുണ്ടെങ്കിൽ അത് ഒഴിവാക്കേണ്ടതാണ്, അതിൽ ഗവൺമെന്റ് നിലപാടെടുത്തിട്ടുണ്ട്. ഡെപ്യൂട്ടേഷൻ സംബന്ധിച്ച് നേരത്തെ ഒരു പ്രശ്നമുണ്ട്. ഉയർന്ന പോസ്റ്റിലുള്ളയാൾ ഡെപ്യൂട്ടേഷനിൽ വരുമ്പോൾ അതേ ശമ്പളംതന്നെ കൊടുക്കേണ്ടിവരും, അത് ബോർഡിന് താങ്ങാൻ കഴിയുന്നതായി വരില്ല. അതുകൊണ്ട് ഡെപ്യൂട്ടേഷൻ നിയമനവുമായി ബന്ധപ്പെട്ട് ഇപ്പോൾ കർക്കശ നിലപാടെടുത്ത് അത് പാലിക്കാൻ ശ്രമിക്കുന്നുണ്ട്. ഒരേ ഗ്രേഡിലുള്ളവരായിരിക്കണം, പരമാവധി എത്ര ഇൻക്രിമെന്റ് വ്യത്യാസം വരാം, ഇതുസംബന്ധിച്ചുള്ള മാനദണ്ഡത്തിനകത്തു നിന്നുമാത്രമേ ഡെപ്യൂട്ടേഷൻ ആവശ്യമായ സ്ഥലങ്ങളിൽ അത് നൽകുന്നുള്ളൂ. 2020-21 സാമ്പത്തിക വർഷമെടുത്താൽ മൊത്തം വരവിന്റെ ഭരണച്ചെലവെന്നുള്ളത് 2.3 ശതമാനം മാത്രമേയുള്ളൂ. ഇതാണ് കയർ തൊഴിലാളി ക്ഷേമനിധി ചെലവ് സംബന്ധിച്ചുള്ള കണക്ക്. ബഹുമാന്യനായ കെ. ബാബു (തൃപ്പൂണിത്തുറ) ഉന്നയിച്ചകൂട്ടത്തിൽ നമ്മൾ

തൊഴിലാളിക്ക് അങ്ങോട്ട് എന്തെങ്കിലും കൊടുക്കേണ്ടതല്ലേയെന്ന കാര്യംകൂടി സൂചിപ്പിക്കുകയുണ്ടായി. അത് വളരെ ശരിയായ കാര്യമാണ്. കയർ തൊഴിലാളിക്ക് പ്രതിദിന വേതനത്തിൽ ഒരു ഭാഗം, 110 രൂപ വരെ, സർക്കാർ നൽകുന്ന പദ്ധതിയായിട്ടാണ് ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. നേരത്തെ 300 രൂപയായിരുന്നു. 2019 മുതൽ 350 രൂപയായി കൂലി വർദ്ധിപ്പിച്ചു. അതിന്റെ ഭാഗമായി 2020-21-ൽ 24 കോടി രൂപ ഇൻകം സപ്പോർട്ടിനുവേണ്ടി മാത്രം, കൂലി വർദ്ധിപ്പിച്ചു കൊടുക്കുന്നതിനുവേണ്ടി മാത്രം ഗവൺമെന്റ് നൽകിയിട്ടുണ്ട്. ഞങ്ങൾ അധികാരത്തിൽ വന്നതിനുശേഷം 15 കോടി രൂപ നൽകിക്കഴിഞ്ഞിട്ടുണ്ട്, ഇതാണ് കയർ മേഖലയോട് സർക്കാർ സ്വീകരിക്കുന്ന സമീപനം. സൊസൈറ്റികളെ സഹായിക്കേണ്ടതല്ലേയെന്ന പ്രശ്നവും ഇവിടെ ഉന്നയിക്കുകയുണ്ടായി. സൊസൈറ്റികൾക്ക് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 14.94 കോടി രൂപയാണ് പ്രൊഡക്ഷൻ മാർക്കറ്റിംഗ് ഇൻസെന്റീവ് കൊടുത്തത്. കഴിഞ്ഞ ഗവൺമെന്റ് 37 കോടി രൂപ കൊടുത്തുകഴിഞ്ഞു. ഈ മാസംകൂടി കണക്കാക്കുമ്പോൾ ഈ സർക്കാർ 41 കോടി രൂപ സൊസൈറ്റികൾക്ക് മാത്രം നൽകിയിട്ടുണ്ട്. അങ്ങയുടെ കാലഘട്ടത്തിൽ 14 കോടി രൂപ നിൽക്കുമ്പോൾ ഇപ്പോൾ 41 കോടി രൂപ നൽകി. ഓരോ മേഖലയിലും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ കണക്കുകളുണ്ട്, ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ആനുകൂല്യങ്ങളുടെ കാര്യത്തിൽ കാലോചിതമായ ചില വർദ്ധനവുകൾ വേണമെന്ന് അംഗങ്ങളുന്നയിച്ചു, അത് ഞാൻ അവതരണവേളയിലും പറഞ്ഞു, ചിലത് നമുക്ക് പരിശോധിക്കാവുന്നതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത്, പെൻഷൻ ഗ്രാന്റ് 520.91 കോടി രൂപ, മാച്ചിംഗ് ഗ്രാന്റ് 13.48 കോടി രൂപ, വിരമിക്കൽ ആനുകൂല്യം 34.35 കോടി രൂപ കൂടാതെ കോവിഡ് ആശ്വാസമായി 13 കോടി രൂപയും നൽകിയിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസത്തിന് നൽകണം, അതിന് പുതിയ പദ്ധതി വേണമെന്ന് ബഹുമാന്യനായ വിഷ്ണുനാഥ് സൂചിപ്പിക്കുകയുണ്ടായി, ഇപ്പോൾ നൽകുന്നുണ്ട്. ചില അംഗങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ 3000 രൂപയാണ് കയർ തൊഴിലാളികളുടെ മക്കൾക്ക് ഇപ്പോൾ ഉന്നത വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ് ഇനത്തിൽ നൽകിക്കൊണ്ടിരിക്കുന്നത്. അപകടമരണത്തിന് സഹായം കൊടുക്കുന്നുണ്ട്, ബഹുമാന്യനായ പി. പി. ചിത്തരഞ്ജൻ ചൂണ്ടിക്കാണിച്ചതുപോലെ കുടുംബ പെൻഷൻ, വിരമിക്കൽ ആനുകൂല്യം ഉൾപ്പെടെയുള്ളവ നൽകുന്നുണ്ട്. എന്നാൽ ആനുകൂല്യങ്ങളിൽ കാലോചിതമായ മാറ്റം വേണോയെന്ന് പരിശോധിക്കാവുന്നതാണ്. കയർ മേഖലയിൽ ചകിരിക്കുവേണ്ടി ഇപ്പോൾ തമിഴ്നാടിനെ ആശ്രയിക്കാൻ നമ്മൾ നിർബന്ധിതമായിരിക്കുന്നുവെന്നത് വസ്തുതകൾക്ക് നിരക്കുന്നതല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഡോ. ടി. എം. തോമസ് ഐസക് ഈ വകുപ്പ് കൈകാര്യം

ചെയ്തപ്പോൾ രണ്ടാം പുനഃസംഘടന നടപ്പിലാക്കുകയുണ്ടായി. നല്ല മാറ്റം വന്നു. ആ മാറ്റം എത്രത്തോളം വന്നു, അത് എങ്ങനെ മുന്നോട്ട് കൊണ്ടുപോകണം, അതിൽ കുറവുകളുണ്ടായിട്ടുണ്ടോ, ആ കുറവുകൾ എങ്ങനെ പരിഹരിക്കാം, ഇതുസംബന്ധിച്ച് പരിശോധിക്കുന്നുണ്ട്. 2015-16-ൽ കേരളത്തിലെ ചകിരി ഇവിടെ രണ്ടര ശതമാനമാണ് ഉപയോഗിച്ചിരുന്നത്. കഴിഞ്ഞ ഗവൺമെന്റ് അധികാരത്തിൽ നിന്നും പോകുമ്പോൾ കേരളത്തിൽ ഉപയോഗിക്കുന്ന ചകിരിയുടെ 32 ശതമാനവും ഇവിടെ ഉൽപ്പാദിപ്പിച്ചു. ഈ സെപ്റ്റംബർ മാസത്തെ കണക്കെടുക്കുമ്പോൾ കേരളത്തിലുള്ള ചകിരിയാണ് 48.3 ശതമാനം ഉപയോഗിക്കുന്നത്. ചകിരിയുടെ ക്വാളിറ്റി കുറേക്കൂടി മെച്ചപ്പെടുത്തണം, അത് ശരിയാണ്. നന്നായി അളവ് കൂട്ടി ക്വാളിറ്റി മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റ് ഇപ്പോൾ സ്വീകരിക്കുന്നുണ്ട്. ക്വാളിറ്റിക്കനുസൃതമായിത്തന്നെ വില കൊടുക്കുകയെന്നതും കാണുന്നുണ്ട്. 2015-ൽ കേരളത്തിൽ തൊണ്ടിന്റെ 5 ശതമാനത്തിൽ താഴെമാത്രമേ ഉപയോഗിച്ചിരുന്നുള്ളൂ. ഇപ്പോൾ 19 ശതമാനം നമ്മൾ ഉപയോഗിക്കുന്നുണ്ട്. മലപ്പുറം, കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് എന്നീ വടക്കൻ ജില്ലകളിൽ നന്നായി തൊണ്ട് ഉപയോഗിക്കാൻ കഴിയുന്നുണ്ട്, അത് ശക്തിപ്പെടുത്തി മുന്നോട്ടുകൊണ്ടു പോകാൻ കഴിയും. യന്ത്രവൽക്കരണം ഞങ്ങൾ തടഞ്ഞതു കൊണ്ടാണ്, അല്ലെങ്കിൽ ഇപ്പോൾ വലിയ മാറ്റം വന്നേനെയെന്ന് ബഹുമാന്യനായ സുഹൃത്ത് കെ. ബാബു (തൃപ്പൂണിത്തുറ) സൂചിപ്പിക്കുകയുണ്ടായി. യന്ത്രവൽക്കരണത്തിൽ ഞങ്ങൾക്കൊരു നിലപാടുള്ളത് തൊഴിലിനെ പാടെ ഡിസ്പ്ലേസ് ചെയ്യാൻ പാടില്ലെന്നതാണ്. അതുകൊണ്ട് രണ്ടാം പുനഃസംഘടനയുടെ മൗലികമായ സവിശേഷത, തൊഴിലവസരം നഷ്ടപ്പെടുത്താതെയുള്ള ആധുനികവൽക്കരണമെന്നതാണ്. അതിനാണ് ഗവൺമെന്റ് ശ്രമിച്ചത്. അതുസംബന്ധിച്ച് ഇവിടെ ബഹുമാന്യനായ വി. ശശി കണക്കുകൾ സൂചിപ്പിക്കുകയുണ്ടായി, ഞാൻ ആവർത്തിക്കുന്നില്ല. സഭയുടെ രേഖകളിൽ ഉള്ളതാണല്ലോ. അതിന് കുറച്ച് പരിമിതിയുണ്ട്, കയർ മേഖലയിലെ വിഷയങ്ങൾ ഒന്നുകൂടി പരിശോധിക്കേണ്ടതുണ്ടെന്ന് സർക്കാർ കാണുന്നുണ്ട്. എത്രമാത്രം ഈ മേഖലയിൽ ഇതിനെ ആശ്രയിച്ച് ജീവിക്കാൻ കഴിയുന്നവരുണ്ട്, പ്രായം കഴിഞ്ഞവർ എത്രയുണ്ട്, എത്ര പേരെ നമുക്ക് ഉപയോഗപ്പെടുത്താം, ചെറുപ്പക്കാരെ എങ്ങനെ കൂടുതൽ കൊണ്ടുവരാം മുതലായ കാര്യങ്ങൾ പരിശോധിക്കാം. സഭയിൽ ഉയർന്നുവന്ന അത്തരം വികാരങ്ങൾ പരിഗണിക്കാം. അദ്ദേഹം പറഞ്ഞ ഒരു വിമർശനം ശരിയാണ്, വിപുലമായ മാർക്കറ്റുകൾ ഉപയോഗിക്കാൻ കഴിയണം. തൊഴിലുറപ്പ് പദ്ധതിയിലാണ് നമ്മൾ കൂടുതൽ കേന്ദ്രീകരിക്കുന്നത്. അത് നല്ല മാറ്റമുണ്ടാക്കിയിട്ടുണ്ടെന്നുള്ളത് ശരിയാണ്. ഭൂവസ്ത്രം എല്ലായിടത്തും ഉപയോഗി ക്കുന്നുണ്ട്. ഇത്തവണ കോവിഡുകാരണം ചില പരിമിതികളുണ്ടെങ്കിലും അത് മറികടക്കാൻ ജില്ലാതലത്തിൽ യോഗങ്ങൾ വിളിച്ചുചേർക്കുന്നുണ്ട്. ശ്രീ. കെ. ബാബു

(തൃപ്പൂണിത്തുറ) പറഞ്ഞ ഒരു കാര്യം ശരിയാണ്. ലോക വിപണി വിപുലപ്പെടുന്നുണ്ട്, അത് നമുക്ക് ഉപയോഗപ്പെടുത്തണം. സ്വകാര്യമേഖലയും നല്ല സംഭാവനകൾ നൽകുന്നുണ്ട്. ലോക പ്രശസ്തനായ ഫുട്ബോളർ മെസ്സി കളിക്കളത്തിലേയ്ക്ക് ഇറങ്ങുമ്പോൾ കാലുവച്ചത്, ആലപ്പുഴയിൽ ഉൽപ്പാദിപ്പിക്കുന്ന കാർപ്പെറ്റിലാണെന്നത് കേരളത്തിന് അഭിമാനിക്കാവുന്നതാണ്. മാധ്യമങ്ങളിൽ വന്നതാണ്. അതോടൊപ്പം ലോകത്തെ പല വിമാനക്കമ്പനികളും ഉപയോഗിക്കുന്ന കയറുൽപ്പന്നങ്ങളും കേരളത്തിൽനിന്നുമുള്ളതാണ്. അത് നമുക്ക് ശക്തിപ്പെടുത്തണം. ഇനിയും മാർക്കറ്റിലേയ്ക്ക് പോകണമെന്നുള്ള അഭിപ്രായം ഞാൻ പൂർണ്ണമായും ഉൾക്കൊള്ളുന്നു. ആ സാദ്ധ്യതകളെ നമുക്ക് ഉപയോഗപ്പെടുത്താൻ കഴിയണം. ബാംബു വ്യവസായ ത്തെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. ബില്ലിന്റെ പരിധിക്കകത്ത് വരുന്നില്ലെങ്കിലും കുറച്ച് ശരിയാണ്. കുറേ കാര്യങ്ങളിൽ ഗവൺമെന്റ് ഇടപെടുന്നുണ്ട്. ഇനിയും മെച്ചപ്പെടുത്താനാവശ്യമായ ശ്രമങ്ങൾ നടത്തും. എം.എസ്.എം.ഇ.-കളെ സംബന്ധിച്ച ഭേദഗതിയിൽ, ബഹുമാനപ്പെട്ട അംഗം മഞ്ഞളാംകുഴി അലി പറഞ്ഞ ചില കാര്യങ്ങൾ സംബന്ധിച്ച് ഞാൻ നേരത്തെ പ്രതിപാദിക്കുകയുണ്ടായി. അങ്ങ് പറഞ്ഞതിൽനിന്നും വ്യത്യസ്തമാണ് കണക്കുകളെന്നത് അങ്ങ് സഭയിലില്ലാത്ത സന്ദർഭത്തിലാണ് ഞാൻ പറഞ്ഞത്. സംരംഭം നാടിന് അഭിമാനമാണെന്ന ഒരവബോധം പൊതുസമൂഹത്തിൽ സൃഷ്ടിക്കാൻ നമ്മളെല്ലാവരുംകൂടി ശ്രമിക്കേണ്ടതുണ്ട്. അങ്ങ് പരാമർശിച്ച തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉത്തരവിൽ മാറ്റം വരുത്തിയിട്ടുണ്ടെന്ന് വകുപ്പ് അറിയിച്ചിട്ടുണ്ട്. കേന്ദ്രീകൃത ഇൻസ്പെക്ഷൻ സംവിധാനത്തിലേയ്ക്ക് വന്നതിന്റെ ഭാഗമായി വകുപ്പ് ഇറക്കിയ ഉത്തരവാണത്. സ്പിന്നിംഗ് മില്ലുകൾ പൊതുവെ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്ന് അദ്ദേഹം പറയുകയുണ്ടായി. ഞങ്ങൾ ഇന്നലെ വിലയിരുത്തിയപ്പോൾ അങ്ങനെയൊരു പൊതുപ്രവണതയിൽനിന്നും മാറി സഞ്ചരിക്കാൻ തുടങ്ങിയിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. രണ്ട് സ്പിന്നിംഗ് മില്ലുകൾ ഇപ്പോൾ ലാഭത്തിൽ പ്രവർത്തിക്കാൻ തുടങ്ങിയിട്ടുണ്ട്. കൈത്തറി മേഖലയിൽ പുതിയ സാദ്ധ്യതകൾ എത്രമാത്രം പ്രയോജനപ്പെടുത്താൻ കഴിയുമെന്ന കാര്യം ഗവൺമെന്റ് ശ്രദ്ധിക്കുന്നുണ്ട്. കേരള ആട്ടോമൊബൈൽസിനെക്കുറിച്ച് പറയുകയുണ്ടായി. അതിൽ പറയുന്ന കാര്യങ്ങളിൽ കുറെയെല്ലാം വ്യാജ പ്രചരണങ്ങളാണ്. ഇലക്ട്രിക് വാഹനരംഗത്ത് വലിയമാറ്റമുണ്ടാക്കാൻ കഴിഞ്ഞു. ഇന്ത്യയിലെതന്നെ ഏറ്റവും മികവാർന്ന ഒന്നായി ഇലക്ട്രിക് ഓട്ടോറിക്ഷയ്ക്ക് അംഗീകാരം ലഭിക്കുകയുണ്ടായി. മാധ്യമങ്ങൾക്കിടയിൽനിന്നും വ്യാജപ്രചരണങ്ങൾ വന്നപ്പോൾ മാധ്യമങ്ങളെയൊന്നും കൊണ്ടുപോകാതെ ഞാൻ അവിടെയൊരു പരിശോധന നടത്തി. മിന്നൽ പരിശോധന എന്നുപറയാം. ഞാൻ ഇലക്ട്രിക് ഓട്ടോറിക്ഷയിൽ കയറി വലിയൊരു കയറ്റത്തിൽ സഞ്ചരിച്ചു. ആ കയറ്റത്തിൽ

വളരെ നല്ലരീതിയിൽ ഓട്ടോറിക്ഷ മുകളറ്റം വരെ പോയി. ഏറ്റവും മികവാർന്ന രീതിയിൽ e-Auto കൊണ്ടുവരാൻ കഴിഞ്ഞു. അവിടെ നിലനിൽക്കുന്ന കൾച്ചർ പലകാരണങ്ങളാൽ നമുക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. അതിനാൽ അവിടെയൊരു പുനഃക്രമീകരണം വേണമെന്ന് ഗവൺമെന്റ് കാണുന്നുണ്ട്. വലിയ സാദ്ധ്യതയുള്ള മേഖലയാണിത്. ആ സാദ്ധ്യത ഉപയോഗപ്പെടുത്താനാവശ്യമായ നിലപാടുകൾ സ്വീകരിക്കും. ഖാദി മേഖലയിലെ കുടിശ്ശികയെക്കുറിച്ച് അദ്ദേഹം പറയുകയുണ്ടായി. ഈ ഗവൺമെന്റ് വന്നതിനുശേഷം ആദ്യം പത്ത് കോടി രൂപയും പിന്നീട് രണ്ട് കോടി രൂപയുമടക്കം 12 കോടി രൂപ കുടിശ്ശിക തീർക്കുന്നതിനുവേണ്ടി അനുവദിച്ചിട്ടുണ്ടെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ബഹുമാനപ്പെട്ട ചിലയംഗങ്ങൾ ലാൻഡ് പോളിസിയെക്കുറിച്ചും ബഹുമാന്യനായ പി. സി. വിഷ്ണുനാഥ് കിൻഫ്രയിലെ ചില കാര്യങ്ങളെക്കുറിച്ചും ചൂണ്ടിക്കാണിച്ചു. നിലവിലുള്ളതിനേക്കാളും മെച്ചപ്പെട്ട രീതിയിലായിരിക്കും അലോട്ട്മെന്റ് പോളിസി കൊണ്ടുവരുന്നത്. അതുകൊണ്ടാണ് കുറച്ച് സമയമെടുക്കുന്നത്. ഇപ്പോൾ അത് പല രീതിയിലുള്ളതാണ്. കിൻഫ്രയ്ക്ക് ഒരു രീതിയാണെങ്കിൽ KSIDC പാർക്കുകൾ വേറെ രീതിയാണ്. ഭൂമിയുടെ ഓണർഷിപ്പ് കൊടുക്കുകയാണെങ്കിൽ ഭൂമി വിലയുമായും ബന്ധപ്പെട്ട ചില വ്യവസ്ഥകളുണ്ടാക്കി പൊതുതാല്പര്യം സംരക്ഷിക്കേണ്ടിവരും. ഇപ്രകാരം എല്ലാതരത്തിലുള്ള ചർച്ചകളും നടക്കുന്നുണ്ട്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, അങ്ങ് ലാൻഡ് പോളിസിയെക്കുറിച്ച് പറഞ്ഞല്ലോ; 1969-ലെ G.O.(MS)No.169/69/ID dated 5-4-1969, ഇത് ഹയർ പർച്ചേസ് നിയമമാണ്. ഇതനുസരിച്ച് ഭൂനികുതി (തുക) മുഴുവൻ അടയ്ക്കുന്നവർക്ക് ആ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ലഭിക്കും. എന്നാൽ ഇപ്പോൾ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലും മറ്റ് വ്യവസായ മേഖലയിലും മുഴുവൻ തുകയടച്ചാലും അവർക്ക് ഉടമസ്ഥാവകാശം നൽകുന്നില്ല. അതാണ് പ്രശ്നം. അതിനാൽ അത് പരിഹരിക്കാനുള്ള ആലോചന വേണമെന്നാണ് ഞാൻ നേരത്തെ ഉന്നയിച്ചിരുന്നത്.

ശ്രീ. പി. രാജീവ്: സർ, അങ്ങ് നേരത്തേ എന്നോട് സൂചിപ്പിക്കുകയുണ്ടായി. ഇത് വളരെ ശരിയാണ്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ധാരാളം പ്ലോട്ടുകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്. വളരെ വർഷങ്ങൾക്കുമുമ്പ് വസ്തുവാങ്ങി ഓരോരുത്തരുടെ പേരിൽ ആധാരം എഴുതിക്കൊടുത്തതിന്റെ ഫലമായി ഈ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ പല വസ്തുക്കളും അവരുടെ പേരിലായി. ഈ സ്ഥലം വ്യക്തികളുടെ അധീനതയിൽ വന്നതോടുകൂടി അവർക്ക് ഇഷ്ടമുള്ള വൻവിലയ്ക്ക് കൈമാറ്റം ചെയ്യുന്നൊരു രീതിയും

അവിടെ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിനുപകരം പലയിടത്തും വീടുകൾ വച്ച് താമസിക്കുന്നതടക്കമുള്ള സംഭവങ്ങളും ഇപ്പോൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ പർപ്പസ് വച്ച്, അത് ഏറ്റെടുത്ത ഉദ്ദേശ്യശുദ്ധി പരിശോധിച്ച്, ഇത്തരത്തിലുള്ള കാര്യങ്ങൾ ഒഴിവാക്കി പ്രസ്തുത സ്ഥലങ്ങൾകൂടി നമ്മുടെ ആവശ്യത്തിനുവേണ്ടി വിനിയോഗിക്കാൻ കഴിയുമെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഇപ്പോൾ ഭൂമിയുടെ ലഭ്യതയുടെ പ്രശ്നവുമുണ്ട്. പലസ്ഥലത്തും പദ്ധതി നിർത്തിപ്പോയ ആളുകളുടെ ഭൂമി മറ്റപേക്ഷകർക്ക് കൊടുക്കുന്നു. അതുപോലെ പലകാരണങ്ങൾകൊണ്ട് ഒഴിവാക്കുന്നവരുടെ ഭൂമിയെടുത്ത് കൊടുക്കുന്നു. വ്യവസായ വകുപ്പിന്റെ കീഴിൽത്തന്നെ ധാരാളം അൺയൂട്ടിലൈസ്ഡ് ലാൻഡുണ്ട്. ഉദാഹരണമായി അങ്ങ് സന്ദർശിച്ച കേരള സിറാമിക്സ് ലിമിറ്റഡ് പോലെയുള്ള വ്യവസായ സ്ഥാപനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും അൺയൂട്ടിലൈസ്ഡായി ഒരുപാട് ഭൂമിയുണ്ട്. ആ ഭൂമി വിലകൊടുക്കാതെതന്നെ വ്യവസായ പാർക്കുകളായി മാറ്റിയെടുക്കാൻ നമുക്കുകഴിയും. അക്കാര്യം വകുപ്പ് പരിഗണിക്കണം.

ശ്രീ. പി. രാജീവ്: സർ, ഇവിടെ ബഹുമാന്യനായ ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) പറഞ്ഞത് ശരിയാണ്. 1969-ലെ ജി.ഒ.-യിൽ ഇതിനെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. അതിനുശേഷവും പല ജി.ഒ.-കളും വന്നിട്ടുണ്ട്. നമ്മൾ രണ്ടുകൂട്ടരും അതിനുശേഷം കേരളം ഭരിച്ചു. എന്നിട്ടും ഒരാൾക്കുപോലും ഓണർഷിപ്പ് ഇതുവരെ കൊടുത്തിട്ടില്ല. ഹയർ പർച്ചേസ് കൊടുത്തു, പട്ടയവും കൊടുത്തിട്ടുണ്ട്. പക്ഷെ sale deed-ലേയ്ക്ക് വന്നിട്ടില്ല. ഈ ഉത്തരവിൽ ഒരു വാചകമുണ്ട്, 'ഗവൺമെന്റിന് കൊടുക്കേണ്ടത് പൂർണ്ണമായി കൊടുത്തുകഴിഞ്ഞാൽ ഭൂമി കൊടുക്കാം' എന്നാണ്. എന്റെ ഓർമ്മയിൽനിന്നാണ് പറയുന്നത്. ഗവൺമെന്റിന് കൊടുക്കാനുള്ളത് എന്താണെന്ന കാര്യത്തിൽ വ്യക്തത വരുത്തേണ്ടതുണ്ട്. അത് അലോട്ട്മെന്റ് പോളിസിയിൽ കൊണ്ടുവരാം. പൊതുവെ ആക്ഷേപങ്ങൾക്കിടയില്ലാത്ത രൂപത്തിലും നാടിന്റെ സമ്പത്തിന് കുറവുവരാത്തവിധത്തിലും എന്നാൽ വ്യവസായം പ്രോത്സാഹിപ്പിക്കാൻ കഴിയുന്നരീതിയിലും പ്രായോഗികമായി നമുക്ക് കൂട്ടായിത്തന്നെ പരിശോധിച്ച് പുതിയ പോളിസി കൊണ്ടുവരാം. ലാൻഡ് അലോട്ട്മെന്റ് പോളിസിയിൽ അക്കാര്യം കൂടി ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. ഇവിടെ പറഞ്ഞതുപോലെ പല മാറ്റങ്ങളും ഇതിൽ പരിഗണിക്കുന്നുണ്ട്. ബഹുമാന്യനായ മന്ത്രി ശ്രീ. സജി ചെറിയാൻ പറഞ്ഞതുപോലെ ഈ ലാൻഡ് ഇൻഡസ്ട്രിയൽ പർപ്പസിനുമാത്രമേ ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ. വീടുവച്ചാൽ അപ്പോൾത്തന്നെ നമുക്ക് ടേക്ക് ഓവർ ചെയ്യാം. അങ്ങനെ ഏതെങ്കിലും

വിഷയമുണ്ടെങ്കിൽ ശ്രദ്ധയിൽപ്പെടുത്തിയാൽ അപ്പോൾത്തന്നെ അത് ടേക്ക് ഓവർ ചെയ്യാവുന്നതാണ്. ഉടമസ്ഥാവകാശത്തിൽ ചില പ്രശ്നങ്ങൾവരുന്ന കേസ്സുകളുമുണ്ട്. അത് ലഘൂകരിക്കുന്ന കാര്യങ്ങൾ ലാൻഡ് അലോട്ട്മെന്റ് പോളിസിയിൽ വരുന്നുണ്ട്. പിന്നെ പലതരത്തിലുള്ള കുറെ കേസ്സുകളാണ്. വേറൊരാൾക്ക് അലോട്ട് ചെയ്തു.

ശ്രീ. എ. എൻ. ഷംസീർ: സർ, ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ പല ലാൻഡും ബിസിനസ്സ് പർപ്പസിനായി പലരും വാങ്ങിച്ചതായിരിക്കും. പക്ഷേ, സാമ്പത്തിക ബാധ്യതയുള്ളതുകൊണ്ട് തുടങ്ങാൻ കഴിയാതെ പോകുന്നു. പിന്നീട് കുറേക്കാലം ഹോൾഡ് ചെയ്ത് അതിന്റെ അതോറിറ്റിയായി മാറി അവർക്ക് കൈമാറ്റം ചെയ്യുന്നുണ്ട്. ആ രീതി നമുക്ക് മാറ്റാൻ പറ്റുമോ; അല്ലെങ്കിൽ അവർ വാങ്ങിച്ച പണം തിരിച്ചുകൊടുത്ത് ഗവൺമെന്റ് ഏറ്റെടുത്തതിനുശേഷം ഗവൺമെന്റ് അല്ലെങ്കിൽ കിൻഫ്രതന്നെ തിരിച്ചുകൊടുക്കുന്ന സംവിധാനമുണ്ടാക്കാൻ സാധിക്കുമോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ച കാര്യം അത്തരത്തിൽ നമുക്ക് കൈകാര്യം ചെയ്യാം. കേസ്സുകൾ നിലനിൽക്കുന്നതിന്റെ പ്രശ്നങ്ങളുണ്ട്. ഭൂമി കൊടുത്ത് ഒരാളിൽനിന്നും തിരിച്ചെടുത്ത്, അലോട്ട് ചെയ്ത ഭൂമിയിൽ ഇയാൾ കല്ലിടുമ്പോഴായിരിക്കും കോടതിയിൽനിന്നും സ്റ്റേ വരുന്നത്. അങ്ങനെ കുറേ കേസ്സുകൾ നിലനിൽക്കുന്നുണ്ട്. ഇത്തരത്തിൽ കിൻഫ്രയുമായി ബന്ധപ്പെട്ട ചില കേസ്സുകൾ സംസ്ഥാനത്തിന് പുറത്തുള്ള കോടതികളിലാണ്. അങ്ങനെ ചില സാങ്കേതിക പ്രശ്നങ്ങളും നിലനിൽക്കുന്നുണ്ട്. അത് പരമാവധി വേഗത്തിലാക്കാനായി ഒഴിഞ്ഞുകിടക്കുന്ന ഭൂമിയുടെ സ്റ്റാറ്റസ് റിപ്പോർട്ട് എടുത്തിട്ടുണ്ട്. ഒഴിഞ്ഞുകിടക്കുന്നുവെന്ന് കാണുന്ന സ്ഥലം ചിലപ്പോൾ നിയമ നടപടികളിലായിരിക്കും. അതുസംബന്ധിച്ചും റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. എത്ര ഭൂമിയാണ് ഒഴിഞ്ഞുകിടക്കുന്നത്; കേസ്സ് എത്രയാണ്; ഏത് കോടതിയിലാണ്; എങ്ങനെ വേഗത്തിലാക്കാം എന്നിങ്ങനെയുള്ള ശ്രമങ്ങൾ ഗവൺമെന്റ് നടത്തുന്നുണ്ട്. ബഹുമാന്യനായ പി. സി. വിഷ്ണുനാഥ് സൂചിപ്പിച്ച പ്രധാനപ്പെട്ടൊരു കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. പി.എസ്.യു.-വിന്റെ കുറേ ഭൂമി കിടപ്പുണ്ട്. ചിലയിടങ്ങളിൽ നമ്മൾതന്നെ കൃഷി തുടങ്ങിയിട്ടുണ്ട്. കൃഷിക്ക് പറ്റിയ ധാരാളം തരിശുഭൂമിയുണ്ട്. ഈ ഭൂമിയെങ്ങനെ ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റായി ഈ പി.എസ്.യു.-മായി ചേർന്നുകൊണ്ടുപോകാൻ കഴിയുമെന്നത് ഗവൺമെന്റ് പരിശോധിച്ചുവരുന്നുണ്ട്. പൊതുവികാരത്തെ അടിസ്ഥാനപ്പെടുത്തി നമുക്കൊരു നിലപാട് സ്വീകരിക്കാം. അതോടൊപ്പം ബഹുമാന്യനായ എ. എൻ. ഷംസീർ സൂചിപ്പിച്ച പ്രശ്നവുമുണ്ട്. ഏത് പ്രതിസന്ധിവന്നാലും ഇതിൽനിന്നും പുറത്തുപോകാൻ സാധി ക്കുന്നില്ല. അക്കാര്യം ശ്രദ്ധിച്ചിട്ടുണ്ട്. ഒരു എക്സിറ്റ് പോളിസി കൊണ്ടുവരുന്ന കാര്യവും ഈ ലാൻഡ് അലോട്ട്മെന്റ് പോളിസിയിൽ നോക്കുന്നുണ്ട്.

ശ്രീ. സജി ചെറിയാൻ: സർ, switchgear-മായി ബന്ധപ്പെട്ട് നൂറുകണക്കിന് ഏക്കർ സ്ഥലം എന്റെ മണ്ഡലത്തിലുണ്ട്, കേരളത്തിൽ പലയിടത്തുമുണ്ട്. 99 വർഷത്തേയ്ക്ക് പാട്ടത്തിനുകൊടുത്ത സ്ഥലം ഒരു മുതലാളിയുടെ കൈവശമിരിക്കുകയാണ്. ഈ സ്ഥലം ഏറ്റെടുക്കാൻവേണ്ടി ഞാൻതന്നെ നിരവധി നിവേദനങ്ങൾ നൽകിയിട്ടുണ്ട്. വ്യാവസായികാവശ്യത്തിനായി ഈ സ്ഥലം ഉപയോഗിക്കാൻ കഴിയുന്നില്ല, വലിയ വനമായി അത് വളർന്നിരിക്കുകയാണ്. ഇത്തരം വിഷയങ്ങളിൽ ഒരു നിലപാട് സ്വീകരിക്കാൻ കഴിയുമോ?

ശ്രീ. പി. രാജീവ്: സർ, അലോട്ട്മെന്റ് പോളിസി വരുമ്പോൾ പൊതുവേ ഇത്തരം പ്രശ്നങ്ങളെല്ലാം പരിഗണിച്ചുപോകാൻ സാധിക്കും. പ്രത്യേകിച്ച് ഏതെങ്കിലും സംഭവമുണ്ടെങ്കിൽ ശ്രദ്ധയിൽപ്പെടുത്തിയാൽ ആ രൂപത്തിൽ കാണുകയും ചെയ്യാം. ബഹുമാനപ്പെട്ട അംഗം പി. നന്ദകുമാർ പറഞ്ഞ കാര്യം വളരെ ശരിയാണ്, ഗൗരവമേറിയ പ്രശ്നമാണ്. ബാങ്കുകൾ പലയിടങ്ങളിലും നമുക്ക് വേണ്ടത്ര സപ്പോർട്ട് ചെയ്യുന്നില്ല. ഞങ്ങൾതന്നെ അവരുടെ ഒരു യോഗം വിളിച്ചിരുന്നു. പാലക്കാട് ജില്ല പരിശോധിക്കുകയാണെങ്കിൽ ഏറ്റവും കുറവ് constant default rate (CDR) ഉള്ള ജില്ലയാണ്. അവിടെ വ്യവസായങ്ങൾക്ക് ബാങ്ക് നൽകുന്ന ധനസഹായം വളരെ കുറവാണ്. ബാങ്ക് പ്രതിനിധികളുമായി ഒരു പ്രത്യേക യോഗം പ്രിൻസിപ്പൽ സെക്രട്ടറിതലത്തിൽ കൂടിയിരുന്നു. ഗവൺമെന്റ് പൊതുവെ അത്തരം പ്രശ്നങ്ങൾ ശ്രദ്ധയിലെടുക്കുന്നുണ്ട്. ബാങ്കുകളുടെ സമീപനത്തിൽ മാറ്റം വരേണ്ടതുണ്ട്. കേരള ബാങ്കിൽനിന്നും എത്രമാത്രം സഹായം നൽകാൻ കഴിയുമെന്നും ആലോചിക്കുന്നുണ്ട്. കേരള ബാങ്കിന്റെയും പ്രവർത്തനം റിസർവ് ബാങ്കിന്റെ ഗൈഡ്ലൈനുകൾക്ക് അകത്തുനിന്നുകൊണ്ടുതന്നെയാണ്. പൊതുമേഖലാ സ്ഥാപനങ്ങളെ സഹായിക്കുന്ന സമീപനം അവർ സ്വീകരിക്കുന്നുണ്ട്. ഇവരുടെയെല്ലാം സഹായം പൊതുവെ എത്രമാത്രം വ്യവസായ വളർച്ചയ്ക്ക് സഹായകരമാകുമെന്ന് പരിശോധിക്കാം. ബഹുമാന്യനായ വി. ശശി ഇവിടെ ചൂണ്ടിക്കാണിച്ചത് വളരെ ഗൗരവമുള്ള കാര്യമാണ്. എസ്.സി./എസ്.ടി. മേഖലയിലുള്ള വ്യവസായ പാർക്കുകൾക്ക് മറ്റ് വ്യവസായ പാർക്കുകളിൽ ലഭിക്കുന്ന സൗകര്യം ലഭിക്കുന്നില്ലെന്ന വിഷയം പ്രത്യേകം പരിശോധിക്കാം. ആ രൂപത്തിൽ ഞങ്ങൾ നേരത്തെ ചർച്ച ചെയ്യാത്ത കാര്യമാണ്, അദ്ദേഹം ഉന്നയിച്ച കാര്യം ഗൗരവമായിത്തന്നെ പരിശോധിക്കാം. ഞാൻ നേരത്തേ സൂചിപ്പിച്ചപ്പോൾ ഈ ബില്ലിൽ ഉദ്ദേശിക്കുന്ന വ്യവസായങ്ങൾ 100 കോടി രൂപ എന്നുപറഞ്ഞുപോയിരുന്നു, അത് 50 കോടി രൂപയ്ക്കുമുകളിൽ എന്നാണ്. അവ എം.എസ്.എം.ഇ.-ക്ക് പുറത്താണ്. അതുകൊണ്ട് 50 കോടി രൂപയ്ക്കുമുകളിൽ വരുന്ന വ്യവസായങ്ങളെല്ലാം പ്രത്യേക ബോർഡിന്റെ പരിഗണനയ്ക്കകത്തുവരും. ഈ മേഖലയിൽ നമുക്ക് നല്ലരീതിയിലുള്ള മാറ്റമുണ്ടാക്കാൻ

കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇവിടെ വന്നിട്ടുള്ള ഏതെങ്കിലും നിർദ്ദേശങ്ങൾ ചട്ടങ്ങളിലോ മറ്റോ ഉൾപ്പെടുത്താൻ സാധിക്കുന്നതാണെങ്കിൽ ആ ഘട്ടത്തിൽ പരിശോധിക്കാം.

ധാതുക്കളെക്കുറിച്ചുള്ള ബില്ലിന്റെ ചർച്ചയിൽ ഇവിടെ പറഞ്ഞ കാര്യങ്ങളെല്ലാം പൂർണ്ണമായും ശരിയാണെന്ന് പറയാൻ കഴിയില്ല. ഈ ബില്ലിനകത്ത് ചില ലൂപ്പ്ഹോൾസുണ്ട്, പരിമിതികളുണ്ട് എന്നൊക്കെ ശ്രീ. നജീബ് കാന്തപുരം ഉൾപ്പെടെ ചിലർ പറയുകയുണ്ടായി. എന്റെ പ്രസംഗം അദ്ദേഹം പൂർണ്ണമായും കേട്ടിട്ടുണ്ടാവില്ലെന്നാണ് തോന്നുന്നത്. തിരുവിതാംകൂർ -കൊച്ചി മേഖലയിൽ ഇതുസംബന്ധിച്ച് നിലവിലുള്ള നിയമം സുപ്രീം കോടതിതന്നെ വിധിയിൽ അംഗീകരിച്ചിട്ടുള്ളതാണ്, നിയമ സാധുതയുള്ളതാണ്. ഈ വിഷയത്തിൽ നമ്മൾ പ്രായോഗികമായി നേരിട്ട പ്രശ്നം മലബാറിൽ ധാതുക്കൾ സംബന്ധിച്ച് നിയതമായ ഒരു നിയമമില്ലെന്നുള്ളതായിരുന്നു. നിയമമില്ലാത്തതിനാൽ അവിടെയുള്ള ധാതുക്കളുടെ സംരക്ഷണം സ്വാഭാവികമായും ഉടമകൾക്ക് അവകാശപ്പെടാനുള്ള ഒരു അവസ്ഥ തുറന്നുകിടന്നു. ഈ സാഹചര്യം ദുരുപയോഗപ്പെടുത്തുന്ന അതല്ലെങ്കിൽ ഉപയോഗപ്പെടുത്തുന്ന സ്ഥിതിവന്നു. ഈ വിഷയം കോടതിയുടെ മുമ്പിൽ വന്നപ്പോൾ, ഒരു നിയമമുണ്ടാക്കുന്നില്ലെങ്കിൽ മെറിറ്റ് അനുസരിച്ച് വിധിയുണ്ടാകുമെന്നും തിരുവിതാംകൂർ-കൊച്ചി ഭാഗങ്ങളിൽ നിലവിൽ നിയമമുണ്ടെങ്കിലും മലബാർ ഭാഗത്ത് നിലവിൽ നിയമമില്ലാത്തതിനാൽ എത്രയും പെട്ടെന്ന് നിയമമുണ്ടാക്കുന്ന നിലപാട് സ്വീകരിക്കണമെന്നും കോടതി പറഞ്ഞു. അതിന്റെ ഭാഗമായി ഇതിനെ ഒരു നിയമത്തിലേയ്ക്ക് കൊണ്ടുവന്നു. ശ്രീ. മഞ്ഞളാംകുഴി അലിയുടെ ചർച്ചയിൽ പ്രസ്തുത ബില്ലിൽ 'ധാതുക്കൾ' നിർവ്വചിക്കുന്നില്ലെന്ന് പറഞ്ഞു, എന്നാൽ ബില്ലിൽ 'ധാതുക്കൾ' എന്നതിനെക്കുറിച്ച് കൃത്യമായി നിർവ്വചിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ നമുക്ക് നിർവ്വചിക്കുന്നതിന് ഒരു പരിമിതിയുണ്ട്, കേന്ദ്ര നിയമത്തിലെ 1, 2, സെക്ഷനുകളിൽ സംസ്ഥാനത്തിന് അധികാരമില്ല, അതിനപ്പുറത്തുള്ള കാര്യങ്ങളിൽമാത്രമേ നമുക്ക് അധികാരമുള്ളൂ. അതുകൊണ്ടുതന്നെ കേന്ദ്ര നിയമവുമായി ചേർന്നുകൊണ്ടുള്ള നിർവ്വചനമാണ് ബില്ലിനകത്ത് നടത്തിയിട്ടുള്ളത്. ഇവിടെ പ്രധാനമായും ചർച്ചകൾവന്നത് ക്വാറികൾ സംബന്ധിച്ചായിരുന്നു, ആ കാര്യം ഞാൻ നേരത്തെ വിശദീകരിച്ചുകഴിഞ്ഞു. എന്നാൽ ഇവിടെ ഉന്നയിക്കപ്പെട്ടതല്ല വസ്തുതയെന്ന കാര്യം കണക്കുകൾ വച്ചുതന്നെ ഞാൻ വ്യക്തമാക്കുകയുണ്ടായി, അതുസംബന്ധിച്ച് സർക്കാർ സ്വീകരിക്കുന്ന സമീപനവും വ്യക്തമാക്കിയിട്ടുണ്ട്. കരിമണൽ ഖനനം സംബന്ധിച്ചും പരാമർശം വരികയുണ്ടായി. ഇപ്പോഴത്തെ കേന്ദ്ര നിയമമനുസരിച്ച് സ്വകാര്യ മേഖലയിൽ ഖനനം അനുവദനീയമല്ല. നമുക്ക് ധാരാളം ധാതുസമ്പത്തുണ്ട്. ടൈറ്റാനിയം, തോറിയം, മോണോസൈറ്റ് തുടങ്ങിയവ ഇവിടെ ലഭ്യമാണ്. എന്നാൽ ഇവ ഉപയോഗപ്പെടുത്തുമ്പോൾ പാരിസ്ഥിതികമായ എല്ലാ

കാര്യങ്ങളും ശ്രദ്ധിക്കേണ്ടതുണ്ട്. സാങ്കേതികവിദ്യ ഏറെ മാറിയിട്ടുണ്ട്. ഇപ്പോൾ Indian Rare Earths Limited (I.R.E.L) നടത്തിയ ഖനനത്തിൽ കാര്യമായൊന്നും ചെയ്യുന്നില്ല. ധാതുക്കൾ അവിടെനിന്നുതന്നെ വേർതിരിച്ച് അവശേഷിക്കുന്ന മണൽ മെഷീൻകൊണ്ടുതന്നെ ഫിൽചെയ്യുന്ന രീതിയാണ് സ്വീകരിച്ചിരിക്കുന്നത്. അവിടെത്തന്നെ ഇപ്പോൾ വലിയ ടൗൺഷിപ്പ് പണിതിട്ടുമുണ്ട്. നമുക്ക് അമൂല്യമായ ധാതുസമ്പത്തുണ്ട്, അത് വേണ്ടവിധത്തിൽ ഉപയോഗിക്കാൻ കഴിഞ്ഞാൽ നല്ല മാറ്റമുണ്ടാക്കാൻ കഴിയും. എന്നാൽ ഉപയോഗിക്കുമ്പോൾ പാരിസ്ഥിതികമായ എല്ലാകാര്യങ്ങളും നോക്കേണ്ടതുണ്ട്. നമുക്ക് ലഭ്യമായ അമൂല്യമായ സമ്പത്താണിത്, ഇപ്പോൾ പൊതുമേഖല മാത്രമേ ഇതിനകത്ത് പ്രവർത്തിക്കുന്നുള്ളൂ. ഇവിടെ സൂചിപ്പിച്ചതുപോലെ നമ്മുടെ പൊതുമേഖലാ സ്ഥാപനമായ കെ.എം.എം.എൽ. വളരെ നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ടൈറ്റാനിയം വേർതിരിച്ചെടുക്കുന്ന തിലേയ്ക്ക് നമ്മൾ എത്തേണ്ടതുണ്ട്. മോണോസൈറ്റ് വേർതിരിച്ചെടുക്കാൻ നമുക്ക് അധികാരമില്ല. അതവിടെ കുഴിച്ചിട്ടിരിക്കുകയാണ്. മോണോസൈറ്റിൽനിന്നും ലിഥിയത്തിലേയ്ക്ക് മാറ്റുന്നതിനുള്ള സാദ്ധ്യതകളുണ്ട്, ബാറ്ററിയിൽ ഉപയോഗിക്കുന്നത് ഇതാണ്. ആ സാദ്ധ്യതകളെല്ലാം എത്രത്തോളം ഉപയോഗപ്പെടുത്താൻ കഴിയുമെന്ന് ആലോചിക്കേണ്ടതുണ്ട്. ഇക്കാര്യങ്ങൾ നമുക്ക് സ്വന്തമായി ചെയ്യാൻ സാധിക്കില്ല, ഐ.ആർ.ഇ.എൽ.-നോടോപ്പം ചേർന്നുകൊണ്ടുമാത്രമേ ഇത് സാധിക്കുകയുള്ളൂ. അത്തരം സാദ്ധ്യതകളെക്കുറിച്ചാണ് നാം ചിന്തിക്കേണ്ടത്. ഉത്തരവാദപ്പെട്ട ജനപ്രതിനിധികളെന്ന നിലയിൽ വൈകാരികമായ വർത്തമാനങ്ങളിൽ കുരുങ്ങി ക്കിടക്കാതെ, യാഥാർത്ഥ്യബോധത്തോടെ, പാരിസ്ഥിതികമായ എല്ലാ കാര്യങ്ങളെയും സംരക്ഷിച്ചുകൊണ്ട് നമ്മുടെ അമൂല്യമായ ധാതുസമ്പത്ത് ഉപയോഗപ്പെടുത്തി നാടിന് കൂടുതൽ സമ്പത്തുണ്ടാക്കാനും തൊഴിലവസരം സൃഷ്ടിക്കാനും എങ്ങനെ ഉപയോഗപ്പെടുത്താൻ കഴിയുമെന്ന് പരിശോധിക്കേണ്ടതാണ്. ഈ വിഷയത്തിലെ സർക്കാർ നിലപാടും ഇതുതന്നെയാണ്. പൊതുവെ ബില്ലിനെക്കുറിച്ച് വന്നിട്ടുള്ള അഭിപ്രായങ്ങൾ ഈ പറഞ്ഞതൊക്കെയാണ്. മൂന്ന് ബില്ലുകളെ സംബന്ധിച്ചും വളരെ സജീവമായ ചർച്ചകൾ സഭയ്ക്കകത്തും സബ്ജക്ട് കമ്മിറ്റിയിലും വന്നിട്ടുണ്ട്. ആ ചർച്ചകളെയെല്ലാം വളരെ പോസിറ്റീവായിത്തന്നെയാണ് സർക്കാർ കണ്ടിട്ടുള്ളത്.

ഒരു കാര്യംകൂടി സൂചിപ്പിക്കാനുണ്ട്. ബഹുമാന്യനായ മുൻ പ്രതിപക്ഷ നേതാവിനെക്കൂടി പരാമർശിച്ച് വന്ന കാര്യമായതുകൊണ്ട് പറയുകയാണ്, അത് കയർ ഫെഡ് സംബന്ധിച്ച വിഷയമാണ്. അതുപോലെ കയർ കോർപ്പറേഷനെ സംബന്ധിച്ചുള്ള പരാമർശത്തിൽ ബഹുമാനപ്പെട്ട കെ. ബാബു (തൃപ്പൂണിത്തുറ) ഇടപെട്ടുകൊണ്ട് ഞാൻ മറുപടി പറയേണ്ട സാഹചര്യമുണ്ടാക്കിയതിനാൽ അങ്ങനെ ചെയ്യാതിരിക്കുന്നത് ശരിയല്ലല്ലോ. മുൻ പ്രതിപക്ഷനേതാവ് കാര്യങ്ങൾ

പഠിച്ച് പറയുന്ന ആളാണല്ലോ, അദ്ദേഹം എനിക്ക് നൽകിയ കത്തിലും പറഞ്ഞിട്ടുണ്ട്, പബ്ലിക്കായും പറഞ്ഞിട്ടുണ്ട്. ഇതിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടിട്ടില്ലെന്നും നിയമനങ്ങൾ ആ രീതിയിലല്ല നടത്തിക്കൊണ്ടിരിക്കുന്നതെന്നുമാണ് പറഞ്ഞത്. പറഞ്ഞതിൽ ഒരു കാര്യം ശരിയാണ്, ആ സ്ഥാപനങ്ങളിലെ നിയമനം സംബന്ധിച്ച് സ്പെഷ്യൽ റൂളുണ്ടാക്കാൻ കുറച്ച് സമയമെടുത്തിട്ടുണ്ട്. 2017-ലാണ് ചെയ്തത്. ഇതിനുശേഷം 61 തസ്തികകൾ കയർഫെഡ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു. അതിൽ 20 പേർക്ക് പി.എസ്.സി. അഡ്വൈസ് മെമ്മോ അയച്ചു, അതിന്റെ കോപ്പി എന്റെ കൈവശമുണ്ട്. എന്നാൽ അതിൽ 8 പേർ മാത്രമാണ് കയർഫെഡിൽ ജോലിയിൽ പ്രവേശിച്ചത്. ബാക്കിയുള്ള 12 പേരും ജോയിൻ ചെയ്തിട്ടില്ല, അവർ ഒരുപക്ഷേ മറ്റ് ജോലികൾക്ക് ചേർന്നതാകാം. ജോലിയിൽ പ്രവേശിച്ചവർക്ക് ട്രെയിനിംഗ് ആരംഭിച്ചു, കഴിഞ്ഞ സഭയിലും ഇതുസംബന്ധിച്ച് കാര്യങ്ങൾ ഉന്നയിക്കപ്പെട്ടപ്പോൾ ഞാൻ വിശദീകരിച്ചതാണെങ്കിലും പി.എസ്.സി.-ക്ക് വിടാതെ നിയമനങ്ങൾ നടത്തുകയാണെന്ന് അദ്ദേഹം വീണ്ടും പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഈ ഘട്ടത്തിൽ 10,000 മുതൽ 20,000 രൂപ വരെ വേതനത്തിൽ കരാർ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്, അതിൽ എല്ലാ രാഷ്ട്രീയ പശ്ചാത്തലമുള്ളവരുമുണ്ട്. എവിടെയൊക്കെയാണ് ഓരോരുത്തരും നിന്നിരുന്നതെന്ന കണക്കും ഞാൻ ശേഖരിച്ചിട്ടുണ്ട്, ഇതിൽ കോൺഗ്രസ് പാർട്ടിയിലുള്ളവരും സി.ഐ.ടി.യു., എ.ഐ.ടി.യു.സി. തുടങ്ങി എല്ലാ യൂണിയനുകളിലും പ്രവർത്തിക്കുന്നവരും ഉൾപ്പെട്ടിട്ടുണ്ട്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഇപ്പോൾത്തന്നെ 45 മിനിട്ട് കഴിഞ്ഞു, ഇനിയും എത്രസമയംകൂടി വേണ്ടിവരും, ഒരു ബില്ലുകൂടി പരിഗണിക്കാനുണ്ട്.

ശ്രീ. പി. രാജീവ്: സർ, ഇപ്പോൾത്തന്നെ തീർക്കാം. സഹകരണ രജിസ്ട്രാറുടെ അനുമതിയോടെ സഹകരണ ചട്ടം 185 (എ) പ്രകാരമാണ് നിയമനം നടത്തിയിട്ടുള്ളത്. കോൺട്രാക്ട് നിയമനങ്ങൾ പത്രപ്പരസ്യം നടത്തിത്തന്നെയാണ് ചെയ്തിട്ടുള്ളത്. സ്ഥാപനത്തിലെ ഓഡിറ്റിൽ വന്ന പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ പേരിലുള്ള ബാധ്യതകൾ നടപടിക്രമങ്ങൾ പാലിച്ച് ഈടാക്കാനും ഈടാക്കാൻ സാധിക്കാത്ത ബാധ്യതകളിൽ ബന്ധപ്പെട്ട ജീവനക്കാരുടെ പേരിൽ നിയമനടപടികൾ സ്വീകരിച്ചുകൊണ്ട് ഈടാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഏത് പ്രശ്നങ്ങളുണ്ടെങ്കിലും സർക്കാർ കർക്കശമായ നിലപാട് സ്വീകരിക്കും. ഇതേവരെ വന്നിട്ടുള്ള പ്രചാരവേലകൾ പലതും വസ്തുതകൾക്ക് നിരക്കുന്നതല്ല. താത്കാലികമായി നിയമിച്ച ആളുകളിൽ പുനർനിയമന പട്ടികയിൽപ്പെട്ടവർ അവിടെനിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്. രണ്ട് സ്ഥാപനങ്ങളും വളരെ നല്ലരീതിയിൽ കൊണ്ടുപോകാനാണ് സർക്കാർ ശ്രമിക്കുന്നത്. അതുപോലെ കയർഫെഡ് ചകിരി സംഭരിക്കുന്നത് അവസാനിപ്പിക്കണമെന്ന് പറഞ്ഞു, അത്

ഒരിക്കലും ഉന്നയിക്കാൻ പാടില്ലാത്ത വാദമാണ്, ഈ ആവശ്യമുന്നയിക്കുന്നത് തമിഴ്നാട് ലോബിയാണ്. കാരണം നേരത്തെ ചകിരിയുടെ വില നിശ്ചയിച്ചിരുന്നത് തമിഴ്നാടായിരുന്നു. കയർ മേഖലയിലെ രണ്ടാം പുനഃസംഘടന വന്നു, നമ്മുടെ ഉത്പാദനം വർദ്ധിച്ചു, ചകിരി ആവശ്യത്തിന് ലഭ്യമായി, കയർഫെഡ് ചകിരി സംഭരിക്കാൻ തുടങ്ങി. ഇതോടുകൂടി കേരളത്തിലെ ചകിരിയുടെ വില നിർണ്ണയിക്കാനുള്ള അവകാശം നമ്മളിലേയ്ക്കുവന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല. (.....മൈക്ക് ഓഫ്......)

ശ്രീ. പി. രാജീവ്: സർ, അങ്ങല്ല പറഞ്ഞത്, എങ്കിലും പ്രതിപക്ഷ നേതാവിന്റെ കത്തിൽ പരാമർശിച്ച കാര്യങ്ങൾ അങ്ങ് പറഞ്ഞുകൊണ്ട് പറയുകയാണ്. ആ കത്തിലെ ഒരു ഭാഗം പത്രങ്ങളിൽ വന്നതുമാണ്.....

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): ഇല്ല, ഞാനും അങ്ങനെ പറഞ്ഞിട്ടില്ല. .....(മൈക്ക് ഓഫ്).....

ശ്രീ. പി. രാജീവ്: സർ, അങ്ങല്ല, മുൻ പ്രതിപക്ഷനേതാവ്. അങ്ങ് തിരുത്തിയത് നന്നായി, അല്ലെങ്കിൽ രേഖയിൽ പ്രതിപക്ഷനേതാവിന്റെ പേരിൽ കിടക്കുമല്ലോ. മുൻ പ്രതിപക്ഷനേതാവ് പറഞ്ഞതും ഈ പ്രശ്നവും ഞങ്ങൾ പരിശോധിച്ചു. ഇതുസംബന്ധിച്ച് കഴിഞ്ഞദിവസം ഞങ്ങളെടുത്ത തീരുമാനം ഇങ്ങനെയാണ്, കേരളത്തിൽ കയർഫെഡ് ചകിരി സംഭരിക്കും, അത് പൂർണ്ണമായും നമുക്ക് മതിയാകാതെ വരും. അപ്പോൾ ഇ-ടെണ്ടർ വഴി തമിഴ്നാട്ടിൽ നിന്നോ മറ്റെവിടെ നിന്നെങ്കിലുമോ ചകിരി സംഭരിക്കും. ഇങ്ങനെ ഏത് സ്റ്റേറ്റിൽനിന്നും സംഭരിക്കാം. ഇ-ടെണ്ടറിൽ എത്ര വിലയാണോ വരുന്നത് ആ വിലയിലോ, അതിനേക്കാൾ താഴ്ന്ന വിലയിലോ ഏതുസംഘത്തിനും എവിടെനിന്നും ചകിരി വാങ്ങിക്കാം. ഇതുസംബന്ധിച്ച് ഉയർന്നുവന്ന പ്രശ്നങ്ങളെല്ലാം പരിശോധിച്ചുകൊണ്ട് സർക്കാർ എടുത്തിട്ടുള്ള സമീപനം ഇതാണ്. ഈ തീരുമാനം നമ്മുടെ കയർമേഖലയ്ക്ക് സഹായകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഉയർന്നുവന്ന ചർച്ചകളെ ആധാരമാക്കി പറയാനുള്ളത് ഇതൊക്കെയാണ്. ഈ മൂന്ന് ബില്ലുകളും പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, 11-10-2021 മുതലുണ്ടായ പ്രളയത്തിൽ ഏറ്റവുമധികം ദുരിതം അനുഭവിച്ച ഒരു മണ്ഡലമാണ് എന്റെ നിയോജകമണ്ഡലം. അങ്ങിവിടെ മറുപടിയിൽ ക്വാറികളുടെ കാര്യം പരാമർശിച്ചുകൊണ്ടാണ് ഞാൻ ചോദിക്കുന്നത്. വളരെയധികം ക്വാറികൾ മലമ്പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ട്,

അതുസംബന്ധിച്ച് വലിയ ആക്ഷേപങ്ങളുമുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ 200-ലധികം പ്രാവശ്യം ഉരുൾപൊട്ടലുകളുണ്ടായി. അതടക്കമുള്ള കാര്യങ്ങൾക്ക് ക്വാറികൾ ഒരു കാരണമാണോയെന്നുള്ളത് പരിശോധിക്കുകയും അതാണ് കാരണമെങ്കിൽ അതിൽ നിയന്ത്രണം ഏർപ്പെടുത്താൻവേണ്ട നടപടികൾ സ്വീകരിക്കുമോയെന്നുള്ളത് പരാമർശിച്ചാൽ നന്നാകുമായിരുന്നു.

ശ്രീ. പി. രാജീവ്: സർ, അത് ഞാൻ വളരെ കൃത്യമായി പറഞ്ഞു. അംഗീകൃത ക്വാറികളുടെ എണ്ണത്തിൽ 2011 മുതൽ 85 ശതമാനം കുറവാണുള്ളത്. ഏതെങ്കിലും ക്വാറികൾ നിയമവിരുദ്ധമായി പ്രവർത്തിക്കുന്നുണ്ടോയെന്ന് കർക്കശമായി പരിശോധിക്കാൻ ഡിപ്പാർട്ടുമെന്റിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ചില പരിമിതികളുണ്ട്. കാരണം ഉദ്യോഗസ്ഥരും സംവിധാനവും കുറവാണ്. ആ പരിശോധന ആരംഭിക്കുന്നുണ്ട്. അങ്ങ് പറഞ്ഞതുപോലെ പ്രത്യേക പ്രദേശത്തെ ഏതെങ്കിലും വിഷയം ശ്രദ്ധയിൽപ്പെടുത്തിയാൽ അതുസംബന്ധിച്ചും അടിയന്തരമായി പരിശോധിച്ച് ആവശ്യമായ നിലപാട് സ്വീകരിക്കും.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ക്വാറികളുടെ എണ്ണം കുറഞ്ഞുവരുന്നു എന്നുപറയുന്നത് ശരിയല്ല, അത് വസ്തുതകൾക്ക് നിരക്കാത്തതാണ്. കാരണം 2018-ലെ പ്രളയത്തിനുശേഷം 233 പുതിയ ക്വാറികൾക്ക് ലൈസൻസ് കൊടുത്തിട്ടുണ്ട്. രണ്ടാമത്തെ കാര്യം, കേരളത്തിൽ 6000-ത്തോളം ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്. അതിൽ 600-ഓളം ക്വാറികൾമാത്രമാണ് ലൈസൻസോടുകൂടി പ്രവർത്തിക്കുന്നത്. ചിലർക്ക് 5 ഏക്കറാണ് ക്വാറികൾ എടുക്കാൻ കൊടുത്തിരിക്കുന്നത്. എന്നാൽ 50 ഏക്കർ എടുക്കുകയാണ്. കേരളത്തിൽ ഭൂരിഭാഗം ക്വാറികളും പ്രവർത്തിക്കുന്നത് നിയമവിരുദ്ധവും അനധികൃതവുമായിട്ടാണ്. ശാസ്ത്രീയമായൊരു ഓഡിറ്റിംഗ് നടത്തി ഏത് ഭാഗത്തുനിന്ന് ഖനനം നടത്താം, ഏത് ഭാഗത്ത് ഖനനം നടത്താൻ പാടില്ല, ഏതാണ് സെൻസിറ്റീവ് ഏരിയ, എന്താണ് അതിന്റെ ജിയോളജിക്കൽ ബെയ്സ് എന്നിങ്ങനെ ഒരു പഠനവും കൂടാതെ ഖനനം നടത്തിക്കൊണ്ടിരിക്കുകയാണ്. കേരളത്തിൽ എല്ലാ വർഷവും ശരാശരി ആയിരത്തിലധികം ചെറുതും വലുതുമായ മണ്ണിടിച്ചിലുകളാണുണ്ടാകുന്നത്. അതുകൊണ്ട് വളരെ ഗൗരവത്തോടുകൂടി ഈ വിഷയത്തെ കൈകാര്യം ചെയ്യാൻ തയ്യാറാകുമോയെന്നാണ് എന്റെ ചോദ്യം.

ശ്രീ. പി. രാജീവ്: സർ, ഞാനത് നേരത്തെ വിശദീകരിച്ചിരുന്നു. ഇപ്പോൾ കേരളത്തിൽ 600-ലധികം ക്വാറികളാണ് നിയമാനുസൃതം പ്രവർത്തിക്കുന്നത്. 2010-11-ൽ 3104 ക്വാറികളുണ്ടായിരുന്നു. യു.ഡി.എഫ്. ആയാലും എൽ.ഡി.എഫ്. ആയാലും declining ടെൻഡാണ്. അങ്ങ് പറഞ്ഞതുപോലെയല്ല, മാനദണ്ഡങ്ങളനു

സരിച്ചാണ് ഇക്കാര്യങ്ങൾ ചെയ്യുന്നത്. ശാസ്ത്രീയമായൊരു പാരിസ്ഥിതിക പരിശോധനയ്ക്ക് State Environment Impact Assessment Authority (SEIAA) ഉണ്ട്. അത് നമ്മൾ കൊടുക്കുന്ന പ്രൊപ്പോസൽ അനുസരിച്ച് കേന്ദ്ര ഗവൺമെന്റാണ് അംഗീകരിക്കുന്നത്, നമ്മളല്ല. അവർ സ്പോട്ട് പരിശോധന നടത്തിയശേഷമാണ് ശിപാർശ നൽകുന്നത്. അതുമാത്രമല്ല 45 ഡിഗ്രി ചെരിവിൽ കൂടുതലാണെങ്കിൽ ആ പ്രദേശങ്ങളിലും കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെ മാപ്പു പ്രകാരം റെഡ് സോണിലുൾപ്പെടുന്ന ഒരിടത്തും അനുമതി നൽകാൻ പാടില്ലെന്നാണ്. Ecologically Sensitive Area (ESA)ആയിട്ടുള്ള വില്ലേജിൽ ഉൾപ്പെടുന്നതാണെങ്കിൽ ആ വിവരം പരിശോധിച്ചതിനുശേഷം മാത്രമേ അത്തരം സ്ഥലങ്ങളിൽ അനുമതി നൽകാവൂ. ഒരു കിലോമീറ്ററിനുള്ളിൽ ഇറിഗേഷൻ നിർമ്മിതികളുണ്ടെങ്കിൽ ഇറിഗേഷൻ വകുപ്പിന്റെ എൻ.ഒ.സി. ആവശ്യമാണ്. ഈ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ഇത്തരം ക്വാറികൾ പ്രവർത്തിക്കുന്നത്. എന്നാൽ അനധികൃത ക്വാറികളുണ്ടെങ്കിൽ അത് പരിശോധിക്കാം. എവിടെയൊക്കെ അനധികൃത ക്വാറികൾ നടത്തുന്നുണ്ടെന്ന് പരിശോധിക്കാൻ ഡിപ്പാർട്ടുമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കർക്കശമായ ഡയറക്ഷൻ നൽകിയിട്ടുണ്ട്. ഈ സർക്കാർ പൊതുവെ അനുമതി നൽകുന്നില്ലെന്നാണ് ഇപ്പോഴുള്ള പരാതി. 2018-നുശേഷമുള്ള അങ്ങ് പറഞ്ഞ കണക്കുകൾ ശരിയല്ല, പുതുക്കിയതായിരിക്കാം. നിലവിൽ ആ കണക്കുകളുള്ളതായി കാണുന്നില്ല. 6000-ന്റെ കണക്ക് ഗൂഗിൾ മാപ്പ് നോക്കിയിട്ടുള്ള ഒരു സംഗതിയാണ്. ഏത് കാലത്ത് എന്നുള്ളതിനെക്കുറിച്ച് ആധികാരികതയുടെ ഒരു കുറവുണ്ട്. എങ്കിലും അതും പരിശോധിക്കാം. എവിടെയെങ്കിലും ക്വാറികൾ നിയമവിരുദ്ധമായി പ്രവർത്തിക്കുന്നുണ്ടെങ്കിൽ ഒരു തരത്തിലുള്ള സംരക്ഷണവും ക്വാറി ഉടമകൾക്ക് ഈ ഗവൺമെന്റിൽനിന്നും ലഭിക്കുകയില്ല.

മി. സ്പീക്കർ: ശ്രീ. പ്രമോദ് നാരായൺ, 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പ്രമോദ് നാരായൺ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

<u>മി. സ്പീക്കർ</u>: ഭേദഗതിയെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ, 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. പി. നന്ദകുമാർ:</u> സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ശശി, 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. വി. ശശി:</u> സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ, 2021-ലെ കേരള ധാതുക്കൾ അവകാശങ്ങൾ നിക്ഷിപ്തമാക്കൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, ഞാൻ പ്രസ് ചെയ്യുന്നു.

<u>മി. സ്പീക്കർ</u>: ഭേദഗതിയെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം, 2021-ലെ കേരള ധാതുക്കൾ അവകാശങ്ങൾ നിക്ഷിപ്തമാക്കൽ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. നജീബ് കാന്തപുരം:</u> സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

<u>മി. സ്പീക്കർ</u>: ഭേദഗതിയെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ, 2021-ലെ കേരള ധാതുക്കൾ അവകാശങ്ങൾ നിക്ഷിപ്തമാക്കൽ (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബില്ലുകൾ പരിഗണനയ്ക്കെടുക്കുന്നു.

(i) <u>2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ</u>

<u>രണ്ടാം വകുപ്പ്</u>

<u>Shri T. Siddique</u>: Sir, I move the following amendment:

149. Clause 2(1) shall be deleted.

<u>Shri P. C. Vishnunadh</u>: Sir, I move the following amendment:

150. In Section 4(1) proposed to be amended in the principal Act by Clause 2(1), for the word " twenty" the word " two" shall be substituted.

<u>Shri K. Babu (Thripoonithura)</u>: Sir, I move the following amendment:

151. In Section 4(1) proposed to be amended in the principal Act by Clause 2(1), for the word " twenty" the word " three" shall be substituted.

Shri Sunny Joseph: Sir, I move the following amendments:

161. In Section 4(1) proposed to be amended in the principal Act by Clause 2(1), for the word " twenty" the word " eleven" shall be substituted.

199. In section 4(3) proposed to be amended in the principal Act by Clause 2(2), for the words " fifty per cent" the figures and symbol " 200%" shall be substituted.

Shri T. J. Vinod: Sir, I move the following amendments:

163. In section 4(1) proposed to be amended in the principal Act by Clause 2(1), for the word " twenty" the word " twelve" shall be substituted.

193. In section 4(3) proposed to be amended in the principal Act by Clause 2(2), for the words " fifty per cent " the figures and symbol " 140 %" shall be substituted.

Shri M. Vincent: Sir, I move the following amendments:

168. In section 4(1) proposed to be amended in the principal Act by Clause 2(1), for the word " twenty" the word " fourteen" shall be substituted.

191. In section 4(3) proposed to be amended in the principal Act by Clause 2(2), for the words " fifty per cent " the figures and symbol " 125 %" shall be substituted.

Shri C. R. Mahesh: Sir, I move the following amendments:

170. In section 4(1) proposed to be amended in the principal Act by Clause 2(1), for the word " twenty" the word " fifteen" shall be substituted.

187. In section 4(3) proposed to be amended in the principal Act by Clause 2(2), for the words " fifty per cent " the figures and symbol " 120 %" shall be substituted.

Shri Mons Joseph: Sir, I move the following amendments:

176. In Section 4(1) proposed to be amended in the principal Act by Clause 2(1), for the word " twenty" the word " fifty" shall be substituted.

185. In section 4(3) proposed to be amended in the principal Act by Clause 2(2), for the words " fifty " the word " seventy five" shall be substituted.

207. In section 4(3) proposed to be amended in the principal Act by Clause 2(2), for the word " ten" the word " twenty five" shall be substituted.

216. In Section 4(8) proposed to be amended in the principal Act by Clause 2(3), for the word " contribution" the word " donation" shall be substituted.

218. In Section 4(9) proposed to be amended in the principal Act by Clause 2(3), for the word " laid" occuring after the word 'be' the word " placed" shall be substituted.

Shri N. A. Nellikkunnu: Sir, I move the following amendment:

177. Clause 2(2) shall be deleted.

Shri P. Abdul Hameed: Sir, I move the following amendment:

186. In section 4(3) proposed to be amended in the principal Act by Clause 2(2), for the words " fifty per cent " the figures and symbol " 50 %" shall be substituted.

Dr. Mathew Kuzhalnadan: Sir, I move the following amendment:

192. In section 4(3) proposed to be amended in the principal Act by Clause 2(2), for the words " fifty per cent " the figures and symbol " 130 %" shall be substituted.

Shri P. P. Chitharanjan: Sir, I move the following amendment:

202. In section 4(3) proposed to be amended in the principal Act by Clause 2(2), for the words and symbols " grant, subject to a maximum of rupees ten per capita, per month." the word and symbol " grant." shall be substituted.

Shri Manjalamkuzhi Ali: Sir, I move the following amendment:

209. section 4(3) proposed to be amended in the principal Act by Clause 2(2), and the proposed sub-section (3) shall be deleted and the remaining shall be renumbered accordingly. The following proviso shall be added,

" Provided, the Government may by notification in the gazette, revise the rate of contribution specified in sub-sections (1),(2), (4) and the rate of grant specified in sub- section (3).

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 213-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

213. In section 4(8) proposed to be amended in the principal Act by Clause 2(3), after the words " The Government may" the symbol " ," shall be inserted.

മി. സ്പീക്കർ: 162-ാം നമ്പർ ഭേദഗതി 161-ാം നമ്പർ ഭേദഗതിക്കും 164, 165, 166 എന്നീ നമ്പർ ഭേദഗതികൾ 163-ാം നമ്പർ ഭേദഗതിക്കും 171, 172, 173, 174, എന്നീ നമ്പർ ഭേദഗതികൾ 170-നമ്പർ ഭേദഗതിക്കും 178-ാം നമ്പർ ഭേദഗതി 177-ാം നമ്പർ ഭേദഗതിക്കും 188-ാം നമ്പർ ഭേദഗതി 187-ാം നമ്പർ ഭേദഗതിക്കും 189, 190 എന്നീ നമ്പർ ഭേദഗതികൾ 191-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിച്ച 149-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 150-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 151-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 161, 199 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 163, 193 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 168, 191 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 170, 187 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 176, 185, 207, 216, 218 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 177-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 186-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 192-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച 202-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 209-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

Shri P. Abdul Hameed: Sir, I move the following amendment.

219. In Clause 3(2) for the word " deemed" wherever it occurs, the word " considered" shall be substituted.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

4.00 P.M.]

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, നിലവിലുള്ള വ്യവസ്ഥ പര്യാപ്തമായതിനാൽ ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 219-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

Shri Mons Joseph: Sir, I move the following amendments.

113. In the preamble, for the word " expedient" the word " convenient" shall be substituted.

123. In the preamble, for the word " hereinafter" the words " the previous part of" shall be substituted.

Shri P. Abdul Hameed: Sir, I move the following amendments.

114. In the preamble, for the word " expedient" the word " appropriate" shall be substituted.

125. In the enacting formula, for the word " enacted" the word " constitute" shall be substituted.

128. In Clause 1(2) for the word " deemed" the word " considered" shall be substituted.

Shri Najeeb Kanthapuram: Sir, I move the following amendment.

120. In the preamble, after the word " Kerala" the word " State" shall be inserted.

Shri Kurukkoli Moideen: Sir, I move the following amendments.

121. In the preamble, after the word " Kerala" the word " State" shall be inserted.

132. In Clause 1(2) for the words " on the" the words " with effect from" shall be substituted.

Shri T. V. Ibrahim: Sir, I move the following amendments.

133. In Clause 1(2) for the figures and letter " 17h" the figures and letters " 17th" shall be substituted.

143. Clause 1(2) shall be recast as follows: " (2) It shall come into force at once" .

Shri N.A. Nellikkunnu: Sir, I move the following amendment.

147. Clause 1(2) shall be recast as follows: " (2) It shall come into force on the date notified in the official Gazette' ."

മി. സ്പീക്കർ: 106-ാം നമ്പർ ഭേദഗതി ശീർഷകത്തിനുള്ളതായതിനാൽ ക്രമപ്രകാരമല്ല. 131-ാം നമ്പർ ഭേദഗതി 132-ാം നമ്പർ ഭേദഗതിക്കും 142-ാം നമ്പർ ഭേദഗതി 143-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 133-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 133-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 113, 123 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 114, 125, 128 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 120-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 121, 132 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 143-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 147-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

(ii) 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

135. ഖണ്ഡം 2 -ൽ "എന്ന" എന്ന വാക്ക് വരുന്നിടത്തെല്ലാം "എന്നീ" എന്നത് ചേർക്കുക.

ശ്രീ. സി. ആർ. മഹേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

136. ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിന്റെ ദീർഘ ശീർഷകത്തിൽ "ഇതര വ്യവസായ സ്ഥാപനങ്ങൾക്ക്" എന്നതിന് മുൻപ് "അർഹമായ" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 135-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 136-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

151. ഖണ്ഡം 3-ൽ "എന്ന" എന്ന വാക്ക് വരുന്നിടത്തെല്ലാം "എന്നീ" എന്ന വാക്ക് ചേർക്കുക.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

152. ഖണ്ഡം 3 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ പീഠികയിൽ "ഇതര വ്യവസായ സ്ഥാപനങ്ങൾക്ക്" എന്നതിന് മുൻപ് "അർഹമായ" എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

161. ഖണ്ഡം 3 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിന്റെ പീഠികയിൽ "സമയബന്ധിതമായി" എന്നതിനുപകരം "യഥാസമയം" എന്ന് ചേർക്കുക.

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

164. ഖണ്ഡം 3 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ പീഠികയിൽ "അംഗീകാരം" എന്നതിനുപകരം "അനുമതി" എന്ന് ചേർക്കുക.

മി. സ്പീക്കർ: 153, 154 എന്നീ നമ്പർ ഭേദഗതികൾ 152-ാം നമ്പർ ഭേദഗതിക്കും 162-ാം നമ്പർ ഭേദഗതി 161-ാം നമ്പർ ഭേദഗതിക്കും 165, 166 എന്നീ നമ്പർ ഭേദഗതികൾ 164-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 151-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 152-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 161-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 164-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

169. ഖണ്ഡം 4 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 1(1)ൽ "സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും" എന്നതിന് പകരം ",സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും, ഇതര വ്യവസായ സ്ഥാപനങ്ങളും" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

171. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിലെ വകുപ്പ് 1(1)ൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന " ഇതര " എന്നതിന് പകരം "മറ്റ്" എന്നു ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

172. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിലെ വകുപ്പ് 1(1)ൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന "ഇതര" എന്നതിന് പകരം "സമാന" എന്ന് ചേർക്കുക.

മി. സ്പീക്കർ: 170-ാം നമ്പർ ഭേദഗതി 169-ാം നമ്പർ ഭേദഗതിക്കും 173-ാം നമ്പർ ഭേദഗതി 172-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 169-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 171-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 172-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

ശ്രീ. സി. ആർ. മഹേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

180. ഖണ്ഡം 5(i) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 2(സി)-ൽ "സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും" എന്നതിനുപകരം ", സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും, ഇതര വ്യവസായ സ്ഥാപനങ്ങളും" എന്ന് ചേർക്കുക.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

184. ഖണ്ഡം 5(i) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 2(സി)-ൽ "ഇതര വ്യവസായ" എന്നതിനു പകരം "മറ്റ് വ്യവസായ" എന്ന് ചേർക്കുക.

188. ഖണ്ഡം 5(ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 2(സിഎ)-ൽ "ബ്യൂറോ" എന്നതിനു പകരം "കാര്യാലയം" എന്ന് ചേർക്കുക.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

192. ഖണ്ഡം 5 (ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 2 (സിഎ)-ൽ " നിക്ഷേപം സുഗമമാക്കൽ ബ്യൂറോ" എന്നതിന് പകരം "വ്യാവസായിക നിക്ഷേപം സുഗമമാക്കൽ ബ്യൂറോ " എന്നത് ചേർക്കുക.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

193. ഖണ്ഡം 5 (ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 2 (സിഎ)-ൽ " നിക്ഷേപം സുഗമമാക്കൽ ബ്യൂറോ" എന്നതിന് പകരം " വ്യവസായ നിക്ഷേപം സുഗമമാക്കൽ ബ്യൂറോ " എന്നത് ചേർക്കുക.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

195. ഖണ്ഡം 5 (ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 2 (സിഎ)-ൽ " നിക്ഷേപം സുഗമമാക്കൽ ബ്യൂറോ" എന്നതിന് പകരം " സൂക്ഷ്മ-ചെറുകിട-ഇടത്തരം, ഇതര വ്യവസായ നിക്ഷേപം സുഗമമാക്കൽ ബ്യൂറോ" എന്ന വാക്കുകൾ ചേർക്കുക.

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

197. ഖണ്ഡം 5 (ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 2 (സിഎ)-ൽ " നിക്ഷേപം സുഗമമാക്കൽ ബ്യൂറോ" എന്നതിന് പകരം " സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ, ഇതര വ്യവസായ നിക്ഷേപം സുഗമമാക്കൽ ബ്യൂറോ " എന്നത് ചേർക്കുക.

215. ഖണ്ഡം 5 (iii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 2(ജെഎ)-ൽ "ആക്റ്റിന്റെ (2000-ലെ5) 2-ാം വകുപ്പ്, (ഡിഎ) ഖണ്ഡ പ്രകാരം" എന്നതിന് പകരം "ആക്റ്റിന്റെ (2000-ലെ5) 2-ാം വകുപ്പിന്റെ (ഡിഎ) ഖണ്ഡ പ്രകാരം" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

199. ഖണ്ഡം 5(ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 2(സിബി)-ൽ "സംയുക്ത" എന്നത് ഒഴിവാക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

206. ഖണ്ഡം 5(ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 2(സിബി)-ൽ "രേഖകളുടെ" എന്നതിന് പകരം "അപേക്ഷയുടെയും, രേഖകളുടെയും പ്രഖ്യാപനങ്ങളുടെയും" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

207. ഖണ്ഡം 5(ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 2(സിബി)-ൽ "രേഖകളുടെ" എന്നതിന് പകരം "അപേക്ഷയുടെയും, അനുബന്ധരേഖകളുടെയും പ്രഖ്യാപനങ്ങളുടെയും" എന്ന് ചേർക്കുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

209. ഖണ്ഡം 5 (ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 2(സിബി)-ൽ "രേഖകളുടെ" എന്നതിന് പകരം "രേഖകളുടെയും പ്രഖ്യാപനങ്ങളുടെയും" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. പി. നന്ദകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

212. ഖണ്ഡം 5 (iii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 2(ജെഎ)-ൽ "1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്റ്റിന്റെ (2000-ലെ5) 2-ാം വകുപ്പ്, (ഡിഎ) ഖണ്ഡപ്രകാരം നിർവ്വചിച്ചിട്ടുള്ള" എന്നീ വാക്കുകൾക്കും അക്കങ്ങൾക്കും ചിഹ്നങ്ങൾക്കും പകരം " 2(എച്ച്) ഖണ്ഡപ്രകാരം നിർവ്വചിച്ചിട്ടുള്ളവ ഒഴികെയുള്ള എല്ലാത്തരം" എന്ന് ചേർക്കുക.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 213-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

213. ഖണ്ഡം 5 (iii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 2(ജെഎ)-ൽ "നഗര പ്രദേശ" എന്നതിനു പകരം "നഗരപ്രദേശ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 194-ാം നമ്പർ ഭേദഗതി 193-ാം നമ്പർ ഭേദഗതിക്കും 196-ാം നമ്പർ ഭേദഗതി 195-ാം നമ്പർ ഭേദഗതിക്കും 198-ാം നമ്പർ ഭേദഗതി 197-ാം നമ്പർ ഭേദഗതിക്കും 208-ാം നമ്പർ ഭേദഗതി 207-ാം നമ്പർ ഭേദഗതിക്കും 210-ാം നമ്പർ ഭേദഗതി 209-ാം നമ്പർ ഭേദഗതിക്കും 214-ാം നമ്പർ ഭേദഗതി 215-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 180-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 184, 188 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 192-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 193-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 195-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 197, 215 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ അവതരിപ്പിച്ച 199-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 206-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 207-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 209-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 212-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

512. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ഡി-ൽ

(i) " ബ്യൂറോ" , എന്ന വാക്കിനുപകരം " ബ്യൂറോയ്ക്ക്, പ്രസ്തുത വ്യവസായ സ്ഥാപനത്തിന് ഒരു നോട്ടീസ് നൽകിയതിനു ശേഷവും അപ്രകാരമുള്ള വ്യവസായസ്ഥാപനം നൽകുന്ന മറുപടി ഏതെങ്കിലും ഉണ്ടെങ്കിൽ, അത് പരിഗണിച്ചതിനു ശേഷവും" എന്നീ വാക്കുകൾ ചേർക്കുക.

(ii) " റദ്ദാക്കേണ്ടതും" എന്ന വാക്കിന് പകരം " റദ്ദാക്കാവുന്നതും" എന്ന വാക്ക് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

217. ഖണ്ഡം 6-ൽ "താഴെപ്പറയുന്ന" എന്നതിനുപകരം "താഴെപ്പറയും പ്രകാരം" എന്ന് ചേർക്കുക.

233. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(1)-ൽ "കൽപ്പിക്കുന്നതിന്" എന്നതിന് പകരം "കൽപ്പിക്കുന്നതിനും സമയബന്ധിതമായി അംഗീകാരം നൽകുന്നതിനും" എന്ന് ചേർക്കുക.

248. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(1) (സി)-ൽ "കേരള" എന്നതിന് ശേഷം "സംസ്ഥാന" എന്ന് ചേർക്കുക.

252. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(1) (ഡി)-ൽ "ചീഫ് ടൗൺ പ്ലാനർ;" എന്നതിന് പകരം "ചീഫ് ടൗൺ പ്ലാനർ, നഗരഗ്രാമാസൂത്രണ വകുപ്പ്;" എന്ന് ചേർക്കുക.

257. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് എ(1)(ഐ)-ൽ "ഡയറക്ടറേറ്റ്" എന്നതിന് പകരം "വകുപ്പ്" എന്ന് ചേർക്കുക.

259. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ്

6 എ(1)(ജെ)-ൽ "ഡയറക്ടറേറ്റ്" എന്നതിന് പകരം "വകുപ്പ്" എന്ന് ചേർക്കുക.

261. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(1)(കെ)-ൽ "ഡയറക്ടർ" എന്നതിന് ശേഷം "വ്യവസായ വാണിജ്യ വകുപ്പ്" എന്ന് ചേർക്കുക.

287. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ (2)-ൽ "നികായമായിരിക്കുന്നതാണ്" എന്നതിന് പകരം "നികായം ആയിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാകുന്നു" എന്ന് ചേർക്കുക.

304. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ (4)-നു ശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധനയും ഉപവകുപ്പുകളും ചേർക്കുക.

"എന്നാൽ ബ്യൂറോ കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതാണ് "

"(5) ബ്യൂറോയുടെ യോഗങ്ങളിൽ ചെയർപേഴ്സണോ, അദ്ദേഹത്തിന്റെ അഭാവത്തിൽ ഹാജരായിട്ടുള്ള അംഗങ്ങൾ അവർക്കിടയിൽ നിന്നും തെരെഞ്ഞെടുക്കുന്ന ഒരു അംഗമോ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

"(6) ബ്യൂറോയുടെ ഒരു യോഗത്തിന്റെ ക്വാറം ചെയർപേഴ്സൺ ഉൾപ്പടെ ആകെ അംഗങ്ങളുടെ മൂന്നിലൊന്ന് ആയിരിക്കുന്നതാണ്"

331. ഖണ്ഡം ' 6' പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(1)-ൽ "പ്രഖ്യാപനവും" എന്നതിനു മുൻപിലായി "ഒരു" എന്ന് ചേർക്കുക.

346. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (2)-ൽ "പരിശോധന ലിസ്റ്റ്" എന്നതിന് പകരം "പരിശോധനാ ലിസ്റ്റ്" എന്ന് ചേർക്കുക.

398. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(4)-ൽ "ഓൺലൈൻ ആയി" എന്നതിനു പകരം "ഓൺലൈൻ പോർട്ടൽ മുഖേന" എന്ന് ചേർക്കുക.

406. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (5)-ന്റെ ക്ലിപ്ത നിബന്ധനയിൽ "വ്യക്തമാക്കിയ" എന്നതിനു ശേഷം "പ്രകാരം" എന്ന് ചേർക്കുക.

416. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (6)-ൽ "(5)-ാം " എന്ന അക്കത്തിനും ചിഹ്നത്തിനും പകരം "(4)-ാം " എന്ന അക്കവും ചിഹ്നവും ചേർക്കുക.

445. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(9)-ൽ "നൽകിയ" എന്നതിനുശേഷം "റദ്ദ് ചെയ്യാത്ത" എന്ന് ചേർക്കുക.

460. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി (1)-ൽ "നിർണ്ണയിക്കപ്പെട്ട" എന്നതിന് പകരം " നിർണ്ണയിക്കപ്പെടാവുന്ന " എന്ന് ചേർക്കുക.

475. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി (3) – ൽ "താഴെ പറയുന്ന" എന്നതിന് പകരം "താഴെപ്പറയുന്ന" എന്ന് ചേർക്കുക

506. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(ഡി) ക്കുശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക.

"എന്നാൽ, ഈ വകുപ്പിൻ കീഴിൽ യാതൊരാളെയും അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകാതെ നീക്കം ചെയ്യാവുന്നതാണ്".

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

219. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(1)-ൽ "നിയമങ്ങൾക്ക് കീഴിൽ" എന്നതിന് പകരം "നിയമപ്രകാരം" എന്ന് ചേർക്കുക.

292. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(3)-ൽ "ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ" എന്നതിനു പകരം "നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കാൻ" എന്ന് ചേർക്കുക

337. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(1)-ൽ "സംയുക്ത" എന്നത് ഒഴിവാക്കുക.

368. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6.ബി(3)-ൽ "ക്ഷമതയുള്ള" എന്ന വാക്ക് വരുന്നിടത്തെല്ലാം ഒഴിവാക്കുക.

457. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി (1)-ൽ "ഓൺലൈൻ പോർട്ടൽ വഴി" എന്നതിന് പകരം " ഓൺലൈൻ പോർട്ടൽ മുഖേന " എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

223. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(1)-ൽ "അംഗീകാരങ്ങൾ" എന്നതിന് പകരം "അനുമതികൾ" എന്ന് ചേർക്കുക.

232. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(1)-ൽ "തീർപ്പ് കൽപ്പിക്കുന്നതിന്" എന്നതിന് പകരം "തീരുമാന മെടുക്കുന്നതിന്" എന്ന് ചേർക്കുക.

267. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(1)(എൽ)-ൽ "യുക്തമെന്ന് കരുതുന്ന" എന്നതിന് പകരം "ആവശ്യമെന്ന് കരുതുന്ന" എന്ന് ചേർക്കുക.

309. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(1)-ൽ "ഭംഗം വരാതെയും" എന്നതിനുപകരം "ഭംഗം വരുത്താതെയും" എന്ന് ചേർക്കുക.

339. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(1)-ൽ "അപേക്ഷ നൽകേണ്ടതാണ്" എന്നതിനുശേഷം " അപേക്ഷ നിരസിക്കുകയാണെങ്കിൽ അടച്ച ഫീസുകൾ തിരികെ നൽകേണ്ടതാണ്" എന്ന് ചേർക്കുക.

354. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (2) (എ)-ൽ "നിബന്ധനകളോടെയോ " എന്നതിന് പകരം "വ്യവസ്ഥ" എന്ന് ചേർക്കുക.

359. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(2) (ബി)-ൽ "ആവശ്യപ്പെടുന്നതിനോ" എന്നതിനു ശേഷം "ഇതിനുവേണ്ടി അപേക്ഷകൻ അപേക്ഷ സമർപ്പിക്കുന്നതിനാവശ്യമായ രേഖകൾ നൽകേണ്ട തിന്റെ ലിസ്റ്റ് നൽകേണ്ടതാണ്", എന്നു ചേർക്കുക.

381. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (4) -ൽ "അഞ്ച് " എന്നതിനു പകരം "ഏഴ് " എന്ന് ചേർക്കുക

391. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (4)-ൽ "മൂന്ന്" എന്നതിന് പകരം "ആറ്" എന്ന് ചേർക്കുക.

401. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(5)-ൽ "ഒരു വർഷക്കാലയളവിൽ" എന്നതിനുപകരം "രണ്ട് വർഷ കാലയളവിൽ" എന്ന് ചേർക്കുക.

410. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (5)-ന്റെ ക്ലിപ്ത നിബന്ധനയിൽ "അധികാരസ്ഥാനത്തിന്" എന്നതിനു ശേഷം "മുൻകൂട്ടി അറിയിച്ചുകൊണ്ട്" എന്ന് ചേർക്കുക.

421. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (6)-ൽ "ഒരുവർഷക്കാലയളവിനുള്ളിൽ" എന്നതിന് പകരം "പതിനെട്ട് മാസ കാലയളവിനുള്ളിൽ" എന്ന് ചേർക്കുക.

448. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(9)-ൽ "ബാങ്കിൽ നിന്നോ" എന്നതിനുപകരം "ബാങ്കുകളിൽ നിന്നോ" എന്ന് ചേർക്കുക.

472. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി(2)-ൽ "അദ്ദേഹത്തിന്" എന്നതിന് പകരം "സംരംഭകന്"എന്ന് ചേർക്കുക.

484. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി (3)(ഡി)(ii)-ൽ "അധിക വിവരങ്ങൾ" എന്നതിന് പകരം "കൂടുതൽ വിവരങ്ങൾ" എന്ന് ചേർക്കുക.

497. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ഡി-ൽ "അതിന്മേൽ ബ്യൂറോ," എന്നതിന് ശേഷം "സംരംഭകനെ നേരിൽ പറയാനുള്ളത് കേട്ടതിനു ശേഷം"' എന്ന് ചേർക്കുക.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

224. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(1)-ൽ "അംഗീകാരങ്ങൾ" എന്നതിന് പകരം "അനുമതിയും ലൈസൻസും" എന്ന് ചേർക്കുക.

340. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(1) താഴെപ്പറയും പ്രകാരം മാറ്റുക.

" 6 ബി. ബ്യൂറോയുടെ അധികാരങ്ങളും ചുമതലകളും.

(1) തത്സമയം പ്രാബല്യത്തിലുള്ള മറ്റ് ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റ് (2000-ലെ 5) പ്രകാരം രൂപീകരിച്ചിട്ടുള്ള സംസ്ഥാന ബോർഡിനും ജില്ലാ ബോർഡിനും നൽകപ്പെട്ട അധികാരങ്ങൾക്ക് ഭംഗം വരാതെ സംസ്ഥാനത്ത് ഇതര വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നവർക്ക് വിവിധ വകുപ്പുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സംസ്ഥാനത്തെ വിവിധ നിയമങ്ങളും ചട്ടങ്ങളും പ്രകാരം ലഭിക്കേണ്ട അനുമതികളും ലൈസൻസുകളും ലഭിക്കുന്നതിന് നടപടിക്രമങ്ങൾ ലഘൂകരിച്ച് അപേക്ഷാഫാറവും അനുബന്ധ രേഖകളും നിർണ്ണയിച്ച് അവ ഓൺലൈൻ പോർട്ടൽ മുഖേന ബ്യൂറോയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് സമർപ്പിക്കുവാൻ വേണ്ട സംവിധാനം ഏർപ്പെടുത്തുകയും അതിനുള്ള ഫീസ് നിർണ്ണയിക്കുകയും ചെയ്യുക".

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

226. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(1)-ൽ "അപേക്ഷകൾ" എന്നതിന് പകരം "അപേക്ഷകളിന്മേൽ" എന്ന് ചേർക്കുക.

325. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (1)-ൽ "വിവിധ സംസ്ഥാന" എന്നതിന് പകരം "സംസ്ഥാനത്തെ വിവിധ" എന്ന് ചേർക്കുക.

389. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (4)-ൽ "സംഗതികളിൽ" എന്ന വാക്കിന് ശേഷം വരുന്ന "പ്രസ്തുത" എന്ന വാക്ക് ഒഴിവാക്കുക.

414. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (6)-ൽ "ആക്റ്റിന്റെയോ" എന്നതിനു പകരം "ആക്റ്റുകളിലേയോ" എന്ന് ചേർക്കുക.

415. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (6)-ൽ "ചട്ടങ്ങളുടെയോ" എന്നതിനു പകരം "ചട്ടങ്ങളിലേയോ" എന്ന് ചേർക്കുക.

417. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (6)-ൽ "വ്യക്തമാക്കിയ പ്രകാരം," എന്ന വാക്കുകൾക്കും ചിഹ്നത്തിനും ശേഷം വരുന്ന "അപ്രകാരം" എന്ന് വാക്കിന് പകരം "അപ്രകാരമുള്ള" എന്ന് ചേർക്കുക.

423. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (6)-ൽ "അപ്രകാരമുള്ള കാലയളവ്" എന്നതിന് പകരം "അപ്രകാരമുള്ള കാലയളവിൽ" എന്ന് ചേർക്കുക.

425. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (6)-ൽ "ഒരു കാലയളവിലേക്ക് അപ്രകാരം" എന്നതിന് ശേഷം വരുന്ന "ആക്റ്റിലെയും" എന്നതിന് പകരം "ആക്റ്റുകളിലെയും" എന്ന് ചേർക്കുക.

428. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(6)-ൽ "വീഴ്ചവരുത്തുന്നപക്ഷം" എന്നതിന് പകരം "വീഴ്ച വരുത്തുന്നപക്ഷം" എന്ന് ചേർക്കുക.

430. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(6)-ൽ "ബ്യൂറോയ്ക്ക്" എന്നതിന് പകരം "ബ്യൂറോ" എന്ന് ചേർക്കുക.

432. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(6)-ൽ "ശേഷവും" എന്നതിന് പകരം "ശേഷം" എന്ന് ചേർക്കുക.

444. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(8) താഴെ പറയും പ്രകാരം മാറ്റുക.

"(8) 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിലോ (2008-ലെ 28) അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലോ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായോ 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിൽ (2016-ലെ9) കീഴിൽ, വിജ്ഞാപനം ചെയ്ത പ്രകാരമുള്ള മാസ്റ്റർ പ്ലാനിൽ വ്യക്തമാക്കിയിട്ടുള്ള ഭൂവിനിയോഗത്തിൽ നിന്നും വ്യതിചലിച്ച് കൊണ്ടോ ഒരു ഭൂമി ഉപയോഗിക്കുന്നതിന് ബ്യൂറോ നൽകുന്ന അംഗീകാരം ഒരാളെ അർഹനാക്കുന്നതല്ലാത്തതാകുന്നു."

449 ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(9)-ൽ "നിന്നോ" എന്ന വാക്ക് വരുന്നിടത്തെല്ലാം ശേഷം "മറ്റ്" എന്ന വാക്ക് ചേർക്കുക.

450 ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(9)-ൽ "സ്ഥാപനത്തിൽ" എന്നതിന് പകരം "സ്ഥാപനങ്ങളിൽ" എന്ന് ചേർക്കുക.

466 ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി(2)-ൽ "നിന്നു" എന്നതിന് പകരം "നിന്നും" എന്ന് ചേർക്കുക.

ശ്രീ. എം. നൗഷാദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

228. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(1)-ൽ "സത്വരമായി" എന്നതിന് പകരം "സത്വരമായും കാലാകാലങ്ങളിൽ നിർണ്ണയിക്കുന്ന സമയപരിധിക്കുള്ളിലും" എന്ന് ചേർക്കുക.

ശ്രീ. ടി. സിദ്ദിഖ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

229. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(1)-ൽ "സത്വരമായി" എന്നതിന് പകരം "സമയബന്ധിതമായി" എന്ന് ചേർക്കുക.

335. ഖണ്ഡം ' 6' പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(1)-ൽ "പ്രഖ്യാപനവും" എന്നതിനു ശേഷം "സാക്ഷ്യപ്പെടുത്തലും വിവരങ്ങളും" എന്നത് ചേർക്കുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

236. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(1)-ൽ "നിക്ഷേപം സുഗമമാക്കൽ ബ്യൂറോ" എന്നതിന് പകരം "വ്യാവസായിക നിക്ഷേപം സുഗമമാക്കൽ ബ്യൂറോ" എന്ന് ചേർക്കുക.

348. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (2)-ൽ "ഏഴ് " എന്നതിന് പകരം "അഞ്ച്" എന്ന് ചേർക്കുക.

351. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (2)-ൽ "ഏഴ് " എന്നതിന് പകരം "ആറ്" എന്ന് ചേർക്കുക.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

240. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 6 എ(1)-ൽ "നിക്ഷേപം സുഗമമാക്കൽ ബ്യൂറോ" എന്നതിന് പകരം "സൂക്ഷ്മ-ചെറുകിട-ഇടത്തരം, ഇതര വ്യവസായ നിക്ഷേപം സുഗമമാക്കൽ ബ്യൂറോ" എന്ന് ചേർക്കുക.

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

250. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 6 എ(1) (സി)-ൽ "കേരള വ്യവസായ വികസന കോർപ്പറേഷൻ, മാനേജിംഗ് ഡയറക്ടർ" എന്നതിനു പകരം "മാനേജിംഗ് ഡയറക്ടർ, കേരള വ്യവസായ വികസന കോർപ്പറേഷൻ" എന്ന് ചേർക്കുക.

263. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(1)(കെ) താഴെ പറയും പ്രകാരം മാറ്റുക.

"ഡയറക്ടർ ; വ്യവസായ വാണിജ്യ വകുപ്പ്"

291 ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(3)-ൽ " ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ" എന്നതിന് പകരം "വകുപ്പിലെ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷന്റെ" എന്ന് മാറ്റുക.

314. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(1)-ൽ "ബ്യൂറോയിലെ" എന്നതിന് പകരം "ബ്യൂറോയുടെ" എന്ന് ചേർക്കുക.

399. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(4)-ൽ "ഓൺലൈൻ ആയി" എന്നതിനു പകരം "ഓൺലൈൻ പോർട്ടൽ വഴി" എന്ന് ചേർക്കുക.

447. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(9)-ൽ "അംഗീകാരം" എന്നതിനുശേഷം "അപ്രകാരമുള്ള അംഗീകാരം നിലനിൽക്കുന്ന കാലയളവിൽ" എന്ന് ചേർക്കുക.

470. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി(2)-ൽ "അദ്ദേഹത്തിന്" എന്നതിന് പകരം "ബ്യൂറോയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക്" എന്ന് ചേർക്കുക.

ശ്രീ. പി. നന്ദകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

269. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(1)(എൽ)-നു പകരം ചുവടെപ്പറയുന്നവ ചേർക്കുകയും തുടർന്ന് പറഞ്ഞിരിക്കുന്നത് (എം) (എൻ) ഇനങ്ങളായി എന്നിവ കൂട്ടിച്ചേർക്കുക.

"(എൽ) സെക്രട്ടറി, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ;

(എം) സെക്രട്ടറി, സംസ്ഥാന കാലാവസ്ഥാ വ്യതിയാന വകുപ്പ്; (എൻ) കമ്മീഷണർ, ലാൻഡ് റവന്യൂ.".

473. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി (2) - ചുവടെപ്പറയും പ്രകാരം മാറ്റുക.

" (2) വ്യവസായ സ്ഥാപനങ്ങളിൽ നിന്നു ലഭിച്ച അപേക്ഷകൾ പരിശോധിക്കുന്നതിനും ബ്യൂറോ കാലാകാലങ്ങളിൽ നൽകുന്നതായ മറ്റ് ചുമതലകൾ നിർവ്വഹിക്കുന്നതിനും വകുപ്പ് 6(3) പ്രകാരം നിയമിതനായ ബ്യൂറോയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പ്രവർത്തിക്കേണ്ടതും കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെല്ലിന്റെ ഉദ്യോഗസ്ഥരും ജീവനക്കാരും അദ്ദേഹത്തിന് ആവശ്യമായ സഹായം നൽകേണ്ടതുമാണ്.

വിശദീകരണം:-"കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ എന്നാൽ 2017 ഒക്ടോബർ 12-ാം തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 100/2017/വ്യവ. പ്രകാരം രൂപീകൃതമായ സെൽ എന്നർത്ഥമാകുന്നു."

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

272. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(1)(എൽ)-നു ശേഷം താഴെ പറയുന്ന ഇനങ്ങൾ ചേർക്കുക.

"(എം) ഡയറക്ടർ, മൈനിംഗ് & ജിയോളജി

(എൻ) സെക്രട്ടറി, മലിനീകരണ നിയന്ത്രണ ബോർഡ് ".

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

273. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(1)-ന്റെ ക്ലിപ്തനിബന്ധനയായി താഴെ പറയുന്നത് ചേർക്കുക.

"എന്നാൽ മേൽപറഞ്ഞ അംഗങ്ങളിൽ ഒരു SC / ST പ്രതിനിധി ഇല്ലാത്ത പക്ഷം വ്യവസായ വകുപ്പിലെ അഡീഷണൽ സെക്രട്ടറി റാങ്കിലുള്ള ഒരു വനിതയെ ബ്യൂറോയുടെ അംഗമായി സർക്കാരിന് നിയമിക്കാവുന്നതാണ് ".

365. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(2)(ബി)ക്കു ശേഷം (സി) ആയി താഴെപറയുന്നത് ചേർക്കുക.

" (സി)പരിസ്ഥിതിക്ക് കടുത്ത ആഘാതം സൃഷ്ടിക്കും എന്ന് ബ്യൂറോയ്ക്ക് തോന്നുന്ന പക്ഷം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഉപദേശം തേടാവുന്നതും ആ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷ നിരസിക്കുന്നതിനോ;"

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

275. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(1)-ന്റെ ക്ലിപ്തനിബന്ധനയായി താഴെ പറയുന്നത് ചേർക്കുക.

"എന്നാൽ മേൽപറഞ്ഞ അംഗങ്ങളിൽ ഒരു വനിത ഇല്ലാത്ത പക്ഷം വ്യവസായ വകുപ്പിലെ അഡീഷണൽ സെക്രട്ടറി റാങ്കിലുള്ള ഒരു വനിതയെ ബ്യൂറോയുടെ അംഗമായി സർക്കാരിന് നിയമിക്കാവുന്നതാണ് ".

321. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (1)-ൽ "പോർട്ടൽ മുഖേന" എന്നതിന് പകരം "പോർട്ടൽ വഴി" എന്ന് ചേർക്കുക.

380. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 6 ബി (4) -ൽ "അഞ്ച് " എന്നതിനു പകരം "ആറ് " എന്ന് ചേർക്കുക

ശ്രീ. സി. ആർ. മഹേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

278. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 6 എ (2) ൽ "പൊതുമുദ്രയോടും" എന്നത് നീക്കം ചെയ്യുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

282. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 6 എ (2) -ൽ "ഒരു ഏകാംഗീകൃത" എന്നതിന് മുൻപ് "കേന്ദ്ര കമ്പനി നിയമപ്രകാരമുള്ള " എന്ന് ചേർക്കുക.

362. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(2)(ബി)ക്കു ശേഷം (സി) ആയി താഴെപറയുന്നത് ചേർക്കുക.

" (സി)പരിസ്ഥിതിക്ക് കടുത്ത ആഘാതം സൃഷ്ടിക്കും എന്ന് ബ്യൂറോയ്ക്ക് തോന്നുന്ന പക്ഷം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷ നിരസിക്കുന്നതിനോ;"

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

288. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 <u>എ</u>(2)-ന് ചുവടെപറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.

"എന്നാൽ ഈ ബ്യൂറോ കേന്ദ്ര കമ്പനി നിയമപ്രകാരം കേരള സർക്കാർ രജിസ്റ്റർ ചെയ്യേണ്ടതാണ്."

378. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 <u>ബി</u> (4) -ൽ "അഞ്ച്" എന്നതിനു പകരം "നാല് " എന്ന് ചേർക്കുക

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

319. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 <u>ബി</u> (1)-ൽ "പോർട്ടൽ മുഖേന" എന്നതിന് പകരം "പോർട്ടലിലൂടെ" എന്ന് ചേർക്കുക.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

323. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 <u>ബി</u> (1)-ൽ "പോർട്ടൽ മുഖേന" എന്നതിന് ശേഷം "അല്ലെങ്കിൽ നിർണയിക്കപ്പെടാവുന്ന മറ്റുതരത്തിൽ" എന്ന് ചേർക്കുക.

402. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 <u>ബി</u>(5)-ൽ "(സി)" എന്നതിനുപകരം "6 സി(1)" എന്ന് ചേർക്കുക.

459. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി (1)-ൽ "പോർട്ടൽ വഴി" എന്നതിന് പകരം " പോർട്ടൽ വഴിയോ അല്ലെങ്കിൽ നേരിട്ടോ " എന്ന് ചേർക്കുക.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

330. ഖണ്ഡം ' 6' പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 <u>ബി</u>(1)-ൽ "ഫീസും പ്രഖ്യാപനവും" എന്നതിനു പകരം "ഫീസ്" എന്ന് ചേർക്കുക.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

355. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 <u>ബി</u>(2) (എ)-ൽ "അംഗീകാരം" എന്നതിന് പകരം "അനുമതിയോ ലൈസൻസോ" എന്ന് ചേർക്കുക.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

370. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6.ബി(3)-ൽ "ക്ഷമതയുള്ള" എന്ന വാക്ക് വരുന്നിടത്തെല്ലാം ഒഴിവാക്കുക.

376. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 6 ബി(4)-ൽ "ആയത് നല്കിയ" എന്ന വാക്കിന് പകരം "പ്രസ്തുത" എന്ന വാക്ക് ചേർക്കുക.

383. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 6 ബി(4)-ൽ "അതിന്" എന്ന വാക്കിനുശേഷം "നിയമ" എന്ന വാക്ക് ചേർക്കുക.

384. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 6 ബി (4) -ൽ "സാധുതയുണ്ടായിരിക്കുന്നതും" എന്ന വാക്കിന് ശേഷം " , " എന്ന ചിഹ്നം ചേർക്കുക.

394. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(4)-ൽ "ഓൺലൈൻ" എന്ന വാക്കിന് മുൻപ് "നേരിട്ടോ," എന്ന വാക്ക് ചേർക്കുക.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

371. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6.ബി(3)-ൽ "അധികാരസ്ഥാനങ്ങളെയും" എന്നതിന് ശേഷം "രേഖാമൂലം" എന്ന് ചേർക്കുക.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

375. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6.ബി (3) ചുവടെപ്പറയും പ്രകാരം മാറ്റുക.

"(3) ബ്യൂറോയുടെ തീരുമാനം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, അപേക്ഷകനേയും സംസ്ഥാനത്തെ വിവിധ നിയമങ്ങൾക്കും ചട്ടങ്ങൾക്കും കീഴിലും അനുമതിയും ലൈസൻസും നൽകുവാൻ ചുമതലപ്പെടുത്തിയിട്ടുള്ള അധികാരസ്ഥാനങ്ങളെയും അറിയിക്കേണ്ടതും പ്രസ്തുത തീരുമാനം പ്രസ്തുത അധികാരസ്ഥാനങ്ങൾക്ക് ബാധകമായിരിക്കുന്നതും അവ അത്തരം അനുമതിയും ലൈസൻസും നൽകിയതായി കരുതപ്പെടുന്നതുമാണ്."

ശ്രീമതി കാനത്തിൽ ജമീല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

388. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(4)-ൽ "പുതുക്കുന്നത്" എന്ന വാക്കിനു മുമ്പിലുള്ള "അംഗീകാരം" എന്നതിന് പകരം "അനുമതിയോ ലൈസൻസോ" എന്ന് ചേർക്കുക.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

403. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(5)-ൽ "അംഗീകാരം" എന്നതിനുപകരം "അനുമതിയോ ലൈസൻസോ" എന്ന് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

408. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (5)-ന്റെ ക്ലിപ്ത നിബന്ധനയിൽ "ക്ഷമതയുള്ള" എന്നതിനു ശേഷം "ബന്ധപ്പെട്ട" എന്ന് ചേർക്കുക.

481. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി(3)(ഡി)-ൽ "സൂക്ഷ്മപരിശോധന പൂർത്തിയാക്കിയതിനുശേഷം" എന്നതിനു പകരം "സൂക്ഷ്മ പരിശോധനയ്ക്കു ശേഷം" എന്ന് ചേർക്കുക.

ശ്രീ. പി. മമ്മിക്കുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

412. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (5)-യുടെ ക്ലിപ്ത നിബന്ധന ചുവടെപ്പറയും പ്രകാരം മാറ്റുക.

" എന്നാൽ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മുമ്പാകെ സമർപ്പിച്ചിട്ടുള്ള സാക്ഷ്യപത്ര പ്രകാരം വിവിധ നിയമങ്ങളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് നിയമപ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ള അധികാരസ്ഥാനത്തിന് പരിശോധന നടത്താവുന്നതാണ്."

ശ്രീ. കെ. ജെ. മാക്സി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

426. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(6)-ൽ "കാലയളവിലേക്ക്" എന്നതിന് ശേഷം വരുന്ന "അപ്രകാരം ആക്റ്റിലെയും" എന്നതിനു പകരം "അപ്രകാരമുള്ള നിയമങ്ങളിലെയും" എന്ന് ചേർക്കുക.

431. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(6)-ൽ "അപേക്ഷകന്" എന്നതിനു പകരം "സംരംഭകന് " എന്ന് ചേർക്കുക.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

434. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(6) ചുവടെപ്പറയും പ്രകാരം മാറ്റുക.

"(6) ഇതരവ്യവസായ സ്ഥാപനം വിവിധ നിയമങ്ങളിലെയോ ചട്ടങ്ങളിലെയോ വ്യവസ്ഥകൾ പാലിക്കുന്നതിനും (5)-ാം ഉപവകുപ്പ് പ്രകാരമുള്ള സാക്ഷ്യപത്രം ഒരു വർഷത്തിനുള്ളിൽ സമർപ്പിക്കുന്നതിനോ വീഴ്ചവരുത്തുന്ന പക്ഷം അതിനുള്ള കാരണം കാണിച്ചുകൊണ്ട് സംരംഭകൻനൽകുന്ന അപേക്ഷയിൽ സ്ഥാപനത്തിന്റെ സ്വഭാവം കൂടി കണക്കിലെടുത്തുകൊണ്ട്, ഒരു വർഷത്തിൽ അധികരിക്കാത്ത ഒരു കാലയളവിലേക്ക് അപ്രകാരമുള്ള നിയമങ്ങളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പാലിക്കുന്നതിനായുള്ള കാലയളവ് ദീർഘിപ്പിച്ച് നൽകാവുന്നതാണ്. അപ്രകാരം ദീർഘിപ്പിച്ച് നൽകിയ കാലയളവിനുള്ളിലും അപ്രകാരമുള്ള വ്യവസായ സ്ഥാപനം, പ്രസ്തുത വ്യവസ്ഥകൾ പാലിക്കുവാൻ വീഴ്ച വരുത്തുന്ന പക്ഷം, ബ്യൂറോയ്ക്ക്, സംരംഭകന് ഒരു നോട്ടീസ് നൽകിയതിന് ശേഷവും അപ്രകാരമുള്ള വ്യവസായ സ്ഥാപനം നൽകുന്ന മറുപടി ഏതെങ്കിലും ഉണ്ടെങ്കിൽ, അത് പരിഗണിച്ചതിനു ശേഷവും, അംഗീകാരം റദ്ദ് ചെയ്യാവുന്നതാണ്."

ശ്രീ. ഡി. കെ. മുരളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

438. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(8)-ൽ തുടക്കത്തിലുള്ള "2008-ലെ" എന്നതിനു മുമ്പ് "ബ്യൂറോ നൽകുന്ന അനുമതി" എന്ന് ചേർക്കുക.

442. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(8)-ൽ "പ്രസ്തുത" എന്നതിനു മുമ്പിലുള്ള "ഒരാളെ" എന്ന വാക്ക് ഒഴിവാക്കുക

ശ്രീ. മുരളി പെരുനെല്ലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

439. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(8)-ൽ "ഉപയോഗിക്കുന്നതിന്, അംഗീകാരം ഒരാളെ അർഹനാക്കുന്നതല്ലാത്തതും" എന്നതിനു പകരം "ഉപയോഗിക്കുന്നതിനോ," എന്ന് ചേർക്കുക.

443. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(8)-ൽ "ഉപയോഗിക്കുവാൻ" എന്നതിന് പകരം "ഉപയോഗിക്കുവാനോ സംരംഭകനെ" എന്ന് ചേർക്കുക.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

456. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി(1)-ൽ "പ്രമാണങ്ങളോടുകൂടി" എന്നതിന് പകരം "രേഖകളോടുകൂടി" എന്നത് ചേർക്കുക.

463. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി(1)-ൽ "ഒരു പ്രഖ്യാപനവും" എന്നത് ഒഴിവാക്കുക.

ശ്രീ. എം. എം. മണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

465. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി (1) ചുവടെപ്പറയും പ്രകാരം മാറ്റുക.

"6 സി. അനുമതിയോ ലൈസൻസോ ലഭിക്കുന്നതിനുള്ള അപേക്ഷ-

(1)സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് റെഡ് കാറ്റഗറിയായി വിജ്ഞാപനം ചെയ്തിട്ടുള്ളവ ഒഴികെയുള്ള ഇതര വ്യവസായ സ്ഥാപനം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഏതൊരാളും, ഒരു അപേക്ഷ നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ അനുബന്ധ രേഖകളും പരിശോധനാ ലിസ്റ്റും, നിർണ്ണയിക്കപ്പെട്ട ഫീസും സഹിതം ഓൺലൈൻ പോർട്ടൽ വഴി ബ്യൂറോയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്."

<u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

477. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 <u>സി</u> (3)(എ)-ൽ "ഏകസമ്പർക്കബിന്ദുവായി" എന്നതിനു പകരം "നോഡൽ ഓഫീസറായി" എന്നു ചേർക്കുക.

478. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 <u>സി</u> (3)(ബി) ചുവടെപ്പറയുന്ന പ്രകാരം മാറ്റുക.

"(ബി) അപേക്ഷ സമർപ്പിക്കുന്നതിന് അപേക്ഷകർക്ക് ആവശ്യമായ സഹായം നൽകുക;"

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

486. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി (3) (ഡി) (ii) താഴെപ്പറയും പ്രകാരം മാറ്റുക

"(ii) അപൂർണ്ണ അപേക്ഷകളുടെ കാര്യത്തിൽ, ആക്റ്റിലെയും അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കനുസൃതമായി, അധിക വിവരങ്ങൾ ആരായുക;"

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

489. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി (3) (എഫ്)-ൽ "ബന്ധപ്പെട്ട ക്ഷമതയുള്ള" എന്നതിനു പകരം "സംസ്ഥാനത്തെ വിവിധ നിയമങ്ങളും ചട്ടങ്ങളും പ്രകാരം അനുമതിയോ ലൈസൻസോ നൽകാൻ ചുമതലപ്പെടുത്തിയിട്ടുള്ള" എന്ന് ചേർക്കുക.

<u>ശ്രീ. കെ. പ്രേംകുമാർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

491. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 <u>ഡി</u>-ൽ "വ്യവസ്ഥകൾ" എന്നതിന് പകരം "വ്യവസ്ഥ" എന്ന് ചേർക്കുക.

493. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 <u>ഡി</u>-ൽ "വ്യാജമാണെന്നോ" എന്നതിന് പകരം "തെറ്റാണെന്നോ"' എന്ന് ചേർക്കുക.

<u>ശ്രീ. പി. രാജീവ്</u>: സർ, ഡോ. എം. കെ. മുനീറിന്റെ 243-ാം നമ്പർ ഭേദഗതിയും പ്രൊഫ. ആബിദ് <u>ഹു</u>സൈൻ തങ്ങളുടെ 324-ാം നമ്പർ ഭേദഗതിയും ഭേദഗതിയോടുകൂടി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

243. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(1)(എ)-ൽ "ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ" എന്നതിന് പകരം "നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലിന്റെ" എന്ന് ചേർക്കുക.

324. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 <u>ബി</u> (1)-ൽ "വിവിധ സംസ്ഥാന" എന്നതിന് പകരം "സംസ്ഥാനത്തെ വിവിധ" എന്ന് ചേർക്കുക.

ഇന്റർപ്രട്ടേഷന് സാധ്യതയുള്ളതിനാൽ ഇതിൽനിന്ന് ആശയമെടുത്ത് "വിവിധ സംസ്ഥാന" എന്നതിലെ "വിവിധ" എന്നത് ഒഴിവാക്കി ഭേദഗതിയോടുകൂടി അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് <u>ഹു</u>സൈൻ തങ്ങളുടെ 247, 392, 427, 467 എന്നീ നമ്പർ ഭേദഗതികളും ശ്രീ. ഇ. ടി. ടൈസൺ മാസ്റ്ററുടെ 313-ാം നമ്പർ ഭേദഗതിയും ഞാൻ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

247. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(1) (ബി)-ൽ "റെസ്ക്യൂ" എന്നതിന് ശേഷം "സർവ്വീസസ്" എന്ന് ചേർക്കുക.

392. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (4)-ൽ "മുമ്പ്" എന്ന വാക്കിന് പകരം "മുൻപ്" എന്ന വാക്ക് ചേർക്കുക.

427. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(6)-ൽ "പാലിക്കുവാൻ" എന്നതിന് പകരം "പാലിക്കുന്നതിൽ" എന്നത് ചേർക്കുക.

467. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 <u>സി</u>(2)-ൽ "നിന്നു" എന്നതിന് പകരം "നിന്ന്" എന്ന് ചേർക്കുക.

313. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(1)-ൽ "ബ്യൂറോയിലെ" എന്നതിനുപകരം "ബ്യൂറോയുടെ" എന്നത് ചേർക്കുക.

<u>മി. സ്പീക്കർ</u>: 220-ാം നമ്പർ ഭേദഗതി 219-ാം നമ്പർ ഭേദഗതിക്കും 239-ാം ം നമ്പർ ഭേദഗതി 236-ാം നമ്പർ ഭേദഗതിക്കും 241-ാം നമ്പർ ഭേദഗതി 240-ാം നമ്പർ ഭേദഗതിക്കും 251-ാം നമ്പർ ഭേദഗതി 250-ാം നമ്പർ ഭേദഗതിക്കും 262-ാം നമ്പർ ഭേദഗതി 263-ാം നമ്പർ ഭേദഗതിക്കും 274-ാം നമ്പർ ഭേദഗതി

273-ാം നമ്പർ ഭേദഗതിക്കും 276-ാം നമ്പർ ഭേദഗതി 275-ാം നമ്പർ ഭേദഗതിക്കും 279-ാം നമ്പർ ഭേദഗതി 278-ാം നമ്പർ ഭേദഗതിക്കും 283, 284, 285 എന്നീ നമ്പർ ഭേദഗതികൾ 282-ാം നമ്പർ ഭേദഗതിക്കും 290-ാം നമ്പർ ഭേദഗതി 291-ാം നമ്പർ ഭേദഗതിക്കും 293-ാം നമ്പർ ഭേദഗതി 292-ാം നമ്പർ ഭേദഗതിക്കും 313-ാം നമ്പർ ഭേദഗതി 314-ാം നമ്പർ ഭേദഗതിക്കും 320-ാം നമ്പർ ഭേദഗതി 319-ാം നമ്പർ ഭേദഗതിക്കും 322-ാം നമ്പർ ഭേദഗതി 321-ാം നമ്പർ ഭേദഗതിക്കും 332-ാം നമ്പർ ഭേദഗതി 330-ാം നമ്പർ ഭേദഗതിക്കും 336-ാം നമ്പർ ഭേദഗതി 335-ാം നമ്പർ ഭേദഗതിക്കും 338-ാം നമ്പർ ഭേദഗതി 337-ാം നമ്പർ ഭേദഗതിക്കും 345-ാം നമ്പർ ഭേദഗതി 346-ാം നമ്പർ ഭേദഗതിക്കും 349-ാം നമ്പർ ഭേദഗതി 348-ാം നമ്പർ ഭേദഗതിക്കും 350-ാം നമ്പർ ഭേദഗതി 351-ാം നമ്പർ ഭേദഗതിക്കും 360, 361 എന്നീ നമ്പർ ഭേദഗതികൾ 362-ാം നമ്പർ ഭേദഗതിക്കും 363, 364 എന്നീ നമ്പർ ഭേദഗതികൾ 365-ാം നമ്പർ ഭേദഗതിക്കും 369-ാം നമ്പർ ഭേദഗതി 368-ാം നമ്പർ ഭേദഗതിക്കും 372-ാം നമ്പർ ഭേദഗതി 371-ാം നമ്പർ ഭേദഗതിക്കും 379-ാം നമ്പർ ഭേദഗതി 378-ാം നമ്പർ ഭേദഗതിക്കും 396, 397 എന്നീ നമ്പർ ഭേദഗതികൾ 398-ാം നമ്പർ ഭേദഗതിക്കും 446-ാം നമ്പർ ഭേദഗതി 447-ാം നമ്പർ ഭേദഗതിക്കും 458-ാം നമ്പർ ഭേദഗതി 457-ാം നമ്പർ ഭേദഗതിക്കും 471-ാം നമ്പർ ഭേദഗതി 470-ാം നമ്പർ ഭേദഗതിക്കും 480-ാം നമ്പർ ഭേദഗതി 481-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാലും 326-ാം നമ്പർ ഭേദഗതി 325-ാം നമ്പർ ഭേദഗതിയിൽ അടങ്ങിയിരിക്കുന്നതിനാലും 453-ാം നമ്പർ ഭേദഗതി മാർജിനൽ ശീർഷകത്തിലായതിനാൽ ക്രമപ്രകാരമല്ലാത്തതിനാലും അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ, ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിച്ച 229-ാം നമ്പർ ഭേദഗതിയും ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 416-ാം നമ്പർ ഭേദഗതിയും ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 345, 418, 428, 482 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച 250-ാം നമ്പർ ഭേദഗതി "കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ" എന്ന ഭേദഗതിയോടുകൂടി സ്വീകരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 292-ാം നമ്പർ ഭേദഗതി "പ്രോത്സാഹിപ്പിക്കലിന്റെ" എന്ന ഭേദഗതിയോടുകൂടി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

പരമാവധി ഉൾക്കൊള്ളാൻ കഴിയുന്ന എല്ലാ ഭേദഗതികളും സ്വീകരിച്ചിട്ടുണ്ട്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 512, 243, 247, 313, 324, 392, 427, 467, എന്നീ നമ്പർ ഭേദഗതികളും ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിച്ച 229-ാം നമ്പർ ഭേദഗതിയും ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച 250-ാം നമ്പർ ഭേദഗതിയും ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 292-ാം നമ്പർ ഭേദഗതിയും ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 416-ാം നമ്പർ ഭേദഗതിയും ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 345, 418, 428, 482 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 217, 233, 248 252, 257, 259, 261, 287, 304, 331, 346, 398, 406, 445, 460, 475, 506 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 219, 337, 368, 457 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 223, 232, 267, 309, 339, 354, 359, 381, 391, 401, 410, 421, 448, 472, 484, 497 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 224, 340 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 226, 325, 389, 414, 415, 417, 423, 425, 430, 432 444, 449, 450, 466 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. നൗഷാദ് അവതരിപ്പിച്ച 228-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിച്ച 335-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 236, 348, 351 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 240-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച 263, 291 314, 399, 447, 470 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 269, 473 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 272-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 273, 365 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 275, 321, 380 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 278-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 282, 362 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 288, 378 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 319-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 323, 402, 459 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 330-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച 355-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 370, 376, 383 384, 394 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 371-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ അവതരിപ്പിച്ച 375-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കാനത്തിൽ ജമീല അവതരിപ്പിച്ച 388-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 403-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 408, 481 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. മമ്മിക്കുട്ടി അവതരിപ്പിച്ച 412-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ജെ. മാക്സി അവതരിപ്പിച്ച 426, 431 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 434-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഡി. കെ. മുരളി അവതരിപ്പിച്ച 438, 442 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി അവതരിപ്പിച്ച 439, 443 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 456, 463 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എം. മണി അവതരിപ്പിച്ച 465-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ അവതരിപ്പിച്ച 477, 478 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. കെ. പ്രശാന്ത് അവതരിപ്പിച്ച 486-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ അവതരിപ്പിച്ച 489-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ അവതരിപ്പിച്ച 491, 493 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഏഴാം വകുപ്പ്

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

507. ഖണ്ഡം 7(സി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12(4)-ൽ "അതതുസംഗതി പോലെ" എന്നത് ഒഴിവാക്കുക.

മി. സ്പീക്കർ: 508-ാം നമ്പർ ഭേദഗതി 507-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 507-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

എട്ടാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

110. പീഠികയിൽ "കേരള" എന്ന വാക്കിനുശേഷം "സംസ്ഥാന" എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

113. പീഠികയിൽ "ഇതിനുശേഷം കാണുന്ന" എന്ന വാക്കുകൾക്ക് പകരം "കീഴ് പരാമർശിത" എന്ന് ചേർക്കുക.

116. പീഠികയിൽ "യുക്തമായിരിക്കുകയാൽ" എന്നതിനു പകരം "അഭികാമ്യമായിരിക്കുകയാൽ" എന്ന് ചേർക്കുക.

120. തത്വപ്രഖ്യാപന വാക്യത്തിൽ "താഴെ പറയും പ്രകാരം" എന്ന വാക്കുകൾക്ക് പകരം "ചുവടെ സൂചിപ്പിക്കും" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

122. ഖണ്ഡം 1(1)-ൽ "പേര് പറയാം" എന്നതിനു പകരം "നാമകരണം ചെയ്യാം" എന്നു ചേർക്കുക.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

118. പീഠികയിൽ "യുക്തമായിരിക്കുകയാൽ" എന്നതിനു പകരം "ആവശ്യമായിരിക്കുകയാൽ" എന്ന് ചേർക്കുക.

133. ഖണ്ഡം 1(2) താഴെ പറയും പ്രകാരം മാറ്റുക:

"(2) ഇത് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്."

മി. സ്പീക്കർ: 107-ാം നമ്പർ ഭേദഗതി ശീർഷകത്തിലുള്ളതായതിനാൽ ക്രമപ്രകാരമല്ല. 111-ാം നമ്പർ ഭേദഗതി 110-ാം നമ്പർ ഭേദഗതിക്കും 117-ാം നമ്പർ 116-ാം നമ്പർ ഭേദഗതിക്കും 119-ാം നമ്പർ ഭേദഗതി 118-ാം നമ്പർ ഭേദഗതിക്കും 121-ാം നമ്പർ ഭേദഗതി 120-ാം നമ്പർ ഭേദഗതിക്കും 134-ാം നമ്പർ ഭേദഗതി 133-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 110-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 113, 116, 120 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 118, 133 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു.

(iii) 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ

രണ്ടാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

187. ഖണ്ഡം 2(ബി)-ൽ "ഖണ്ഡത്തിലും" എന്ന വാക്ക് വരുന്നിടത്തെല്ലാം ആയതിനുപകരം "ഉപഖണ്ഡത്തിലും" എന്ന വാക്ക് ചേർക്കുക.

188. ഖണ്ഡം 2(ബി)-ൽ "(എഡി) ഖണ്ഡത്തിലും" എന്നതിന് പകരം "(എഎ) ഉപഖണ്ഡത്തിലും" എന്നീ ചിഹ്നവും വാക്കും ചേർക്കുക.

191. ഖണ്ഡം 2(ബി)-ൽ താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക;

"എന്നാൽ, അതിൽ കളിമണ്ണ്, ചെങ്കൽ എന്നിവ ഉൾപ്പെട്ടിട്ടില്ലാത്തതുമാകുന്നു."

194. ഖണ്ഡം 2(ഡി)യ്ക്കു ശേഷം താഴെപ്പറയുന്നത് ഉപഖണ്ഡം (ഇ) ചേർക്കുക;

"(ഇ) "ഭൂമി" എന്നാൽ 1881 ജൂൺ 14-ാം തീയതിയിലെ തിരുവിതാംകൂർ വിളംബരത്തിന്റെയും 1905-ലെ കൊച്ചി വിളംബരത്തിന്റെയും പരിധിക്ക് കീഴിൽ വരുന്ന ഭൂമി ഒഴികെയുള്ള സംസ്ഥാനത്തെ ഭൂമി എന്നർത്ഥമാകുന്നു".

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

189. ഖണ്ഡം 2(ബി)-ൽ "ധാതുക്കളും ചെറുകിട ധാതുക്കളും" എന്നതിനു പകരം "ധാതുക്കൾ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 190-ാം നമ്പർ ഭേദഗതി 189-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 187, 188, 191, 194 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 189-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## മൂന്നാം വകുപ്പ്

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

196. ഖണ്ഡം 3-ൽ "മറ്റേതെങ്കിലും നിയമത്തിലോ" എന്നതിന് ശേഷം "," എന്ന ചിഹ്നം ചേർക്കുക.

197. ഖണ്ഡം 3-ൽ "കോടതിയുടെ" എന്നതിന് ശേഷമുള്ള "ഏതെങ്കിലും" എന്നത് ഒഴിവാക്കുക.

198. ഖണ്ഡം 3-ൽ "വിധിന്യായത്തിലോ" എന്നതിന് ശേഷം "," എന്ന ചിഹ്നം ചേർക്കുക.

200. ഖണ്ഡം 3-ൽ "ഡിക്രിയിലോ" എന്നതിന് ശേഷം "," എന്ന ചിഹ്നം ചേർക്കുക.

204. ഖണ്ഡം 3-ൽ "എല്ലാ ഭൂമിയിലേയും" എന്നതിന് പകരം "സംസ്ഥാനത്തെ മുഴുവൻ ഭൂമിയിലെയും" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

201. ഖണ്ഡം 3-ൽ വിളംബരത്തിലോ എന്ന വാക്കിന് മുമ്പുള്ള "ഏതെങ്കിലും" എന്നതിന് പകരം "1881 ജൂൺ 14-ാം തീയിതിയിലെ തിരുവിതാംകൂർ വിളംബരത്തിലോ 1905-ലെ കൊച്ചി വിളംബരത്തിലോ മറ്റേതെങ്കിലും" എന്നീ അക്കങ്ങളും വാക്കുകളും ചേർക്കുക.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

202. ഖണ്ഡം 3-ൽ "അടങ്ങിയിരുന്നാലും," എന്ന വാക്കിനും ചിഹ്നത്തിനും ശേഷം "സംസ്ഥാനത്തെ" എന്ന് ചേർക്കുക.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

205. ഖണ്ഡം 3-ൽ "എല്ലാ ഭൂമിയിലേയും," എന്നതിന് പകരം "സംസ്ഥാന ത്തൊട്ടാകെയുള്ള ഭൂമിയിൽ" എന്ന് ചേർക്കുക.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

207. ഖണ്ഡം 3-ൽ "മണ്ണിലേയും അടിമണ്ണിലേയും" എന്നതിന് പകരം "മണ്ണിലെ" എന്ന് ചേർക്കുക.

ശ്രീ. ലിന്റോ ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

210. ഖണ്ഡം 3-ൽ "മണ്ണിലേയും അടിമണ്ണിലേയും" എന്നതിന് പകരം "ഉപരിതലത്തിലെയും ഉപരിതലത്തിനടിയിലെയും മണ്ണിലെയും" എന്ന് ചേർക്കുക.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

211. ഖണ്ഡം 3-ൽ "അടിമണ്ണിലേയും" എന്നതിന് പകരം "ഉപരിതലത്തിലെയും ഉപരിതലത്തിനടിയിലെയും" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

212. ഖണ്ഡം 3-ൽ "ധാതുക്കളുടെ എല്ലാ" എന്നതിന് ശേഷം "അധികാര" എന്ന് ചേർക്കുക.

220. ഖണ്ഡം 3-ൽ "നിയന്ത്രണത്തിന്" എന്നതിന് പകരം "അധികാര പരിധിക്ക്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 208-ാം നമ്പർ ഭേദഗതി 207-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 196, 197, 198, 200, 204 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 201-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 202-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 205-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 207-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ് അവതരിപ്പിച്ച 210-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 211-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 212, 220 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

226. ഖണ്ഡം 4-ൽ "വിളംബരത്തിന്റെയും" എന്നതിനു ശേഷം "അധികാര" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

227. ഖണ്ഡം 4-ൽ "പരിധിക്ക്" എന്ന വാക്കിന് മുൻപ് "(1907- ജൂലൈ 9-ലെ XI-ാം നമ്പർ)" എന്ന് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

228. ഖണ്ഡം 4-ൽ "പരിധിക്ക് കീഴിൽ" എന്നതിനു പകരം "പരിധിയിൽ" എന്ന് ചേർക്കുക.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

232. ഖണ്ഡം 4-ൽ "പരിധിക്ക് കീഴിൽ വരുന്ന ഭൂമി ഒഴികെ, സംസ്ഥാനത്തെ ഭൂമിയിലുള്ള മണ്ണിലെയും" എന്നതിനു പകരം "പരിധിക്ക് കീഴിൽ വരുന്ന കേരള സംസ്ഥാനത്തെ ഭൂമി ഒഴികെയുള്ള മണ്ണിലെയും" എന്ന് ചേർക്കുക.

ശ്രീ. യു. എ. ലത്തീഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

233. ഖണ്ഡം 4-ൽ "മണ്ണിലെയും അടിമണ്ണിലെയും" എന്നതിനു പകരം "മണ്ണിലെ" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

236. ഖണ്ഡം 4-ൽ "അവകാശങ്ങൾ" എന്നതിന് പകരം "ഉടമസ്ഥാവകാശം" എന്ന് ചേർക്കുക.

238. ഖണ്ഡം 4-ൽ "തിരുവിതാംകൂർ-കൊച്ചി" എന്ന വാക്കുകൾക്കും ചിഹ്നത്തിനും പകരം "തിരുവിതാംകൂർ, കൊച്ചി" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

246. ഖണ്ഡം 4-നുശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക;

"എന്നാൽ, കളിമണ്ണ്, ചെങ്കൽ തുടങ്ങിയവ സ്വന്തം ആവശ്യത്തിനോ അതിൽ കളിമണ്ണ് സ്വന്തം തൊഴിലിനായി ഉപയോഗിക്കുന്നവരുടെ സംഗതിയിൽ സർക്കാരിന് ആവശ്യമായ ഒഴിവാക്കലുകൾ നൽകാവുന്നതാണ്."

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

241. ഖണ്ഡം 4-ൽ "ധാതുക്കൾ" എന്നതിനു ശേഷം "," എന്ന ചിഹ്നം ചേർക്കുക.

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

244. ഖണ്ഡം 4-ൽ "സംസ്ഥാനത്ത്" എന്നതിന് പകരം "സംസ്ഥാന സർക്കാരിൽ" എന്ന് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

247. ഖണ്ഡം 4 താഴെപ്പറയും പ്രകാരം മാറ്റുക;

"4. നിക്ഷിപ്തമാക്കലിന്റെ രീതി.- കേരള സംസ്ഥാനത്തിന്റെ ഭൂപരിധിക്കുള്ളിൽ വരുന്ന എല്ലാ ഭൂമിയിലെയും മണ്ണിലെയും അടി മണ്ണിലെയും ധാതുക്കളുടെ എല്ലാ അവകാശങ്ങളും തൽസമയം പ്രാബല്യത്തിലുള്ള പരിസ്ഥിതി സംരക്ഷണ നിയമങ്ങൾക്കോ ബന്ധപ്പെട്ട മറ്റു നിയമങ്ങൾക്കോ വിരുദ്ധമാകാത്ത രീതിയിൽ നിർണയിക്കപ്പെടുന്ന വ്യവസ്ഥകൾക്ക് അനുസൃതമായി സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാക്കേണ്ടതാണ്."

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

252. ഖണ്ഡം 4 താഴെപ്പറയും പ്രകാരം മാറ്റുക;

"4. നിക്ഷിപ്തമാക്കലിന്റെ രീതി.- കേരള സംസ്ഥാനത്തിന്റെ ഭൂപരിധികളിൽ വരുന്ന എല്ലാ ഭൂമിയിലെയും മണ്ണിലെയും അടി മണ്ണിലെയും ധാതുക്കളുടെ എല്ലാ അവകാശങ്ങളും ബന്ധപ്പെട്ട മറ്റേതെങ്കിലും നിയമങ്ങൾക്കോ ചട്ടങ്ങൾക്കോ വിരുദ്ധമാകാത്ത രീതിയിൽ നിർണയിക്കപ്പെടുന്ന വ്യവസ്ഥകൾക്ക് അനുസൃതമായി സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാക്കേണ്ടതാണ്."

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

253. ഖണ്ഡം 4 താഴെപ്പറയും പ്രകാരം മാറ്റുക;

"4. നിക്ഷിപ്തമാക്കലിന്റെ രീതി.- കേരള സംസ്ഥാനത്തിന്റെ ഭൂപരിധികളിൽ വരുന്ന എല്ലാ ഭൂമിയിലെയും മണ്ണിലെയും അടി മണ്ണിലെയും ധാതുക്കളുടെ എല്ലാ അവകാശങ്ങളും തൽസമയം പ്രാബല്യത്തിലുള്ള നിയമങ്ങൾക്കോ ചട്ടങ്ങൾക്കോ വിരുദ്ധമാകാത്ത രീതിയിൽ നിർണയിക്കപ്പെടുന്ന വ്യവസ്ഥകൾക്ക് അനുസൃതമായി സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാക്കേണ്ടതാണ്."

മി. സ്പീക്കർ: 229, 230 എന്നീ നമ്പർ ഭേദഗതികൾ 228-ാം നമ്പർ ഭേദഗതിക്കും 234-ാം നമ്പർ ഭേദഗതി 233-ാം നമ്പർ ഭേദഗതിക്കും 245-ാം നമ്പർ ഭേദഗതി 244-ാം നമ്പർ ഭേദഗതിക്കും 248-ാം നമ്പർ ഭേദഗതി 247-ാം നമ്പർ ഭേദഗതിക്കും 254-ാം നമ്പർ ഭേദഗതി 253-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 226-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 227-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 228-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 232-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 233-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 236, 238, 246 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 241-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 244-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 247-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 252-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 253-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## അഞ്ചാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

255. ഖണ്ഡം 5(1)-ൽ "സർക്കാരിന്" എന്നതിനു പകരം "സർക്കാരിന്," എന്ന് വാക്കും ചിഹ്നവും ചേർക്കുക.

260. ഖണ്ഡം 5(1)-ൽ "നടപ്പിലാക്കുന്നതിനായി" എന്നതിനു ശേഷം "മുൻകാല പ്രാബല്യത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടു കൂടിയോ," എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

276. ഖണ്ഡം 5 (2) -ൽ "വിധത്തിൽ ആയിരിക്കേണ്ടതാണ്" എന്നതിനു പകരം "വിധത്തിലായിരിക്കേണ്ടതാണ് " എന്ന് ചേർക്കുക.

ശ്രീ. യു. എ. ലത്തീഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

258. ഖണ്ഡം 5(1)-ൽ "വിജ്ഞാപനം വഴി" എന്നതിനു പകരം "വിജ്ഞാപനം മുഖേന" എന്ന് ചേർക്കുക.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

264. ഖണ്ഡം 5(2)-ൽ "ഉണ്ടാക്കിയതിനുശേഷം" എന്നതിനു പകരം "രൂപീകരിച്ചതിനുശേഷം" എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

271. ഖണ്ഡം 5 (2) -ൽ "രൂപത്തിൽ" എന്നതിനു പകരം "പ്രകാരത്തിൽ" എന്ന് ചേർക്കുക.

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

273. ഖണ്ഡം 5 (2)-ൽ "സംഗതിയുടെ" എന്നതിനു പകരം "കാര്യത്തിന്റെ" എന്ന് ചേർക്കുക.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ശ്രീ. എൻ. ഷംസുദ്ദീന്റെ 265-ാം നമ്പർ ഭേദഗതിയും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 266-ാം നമ്പർ ഭേദഗതിയും ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

265. ഖണ്ഡം 5(2)-ൽ "അതിന്റെ" എന്നതിനു പകരം "സഭ" എന്ന് ചേർക്കുക.

266. ഖണ്ഡം 5(2)-ൽ "അതിന്റെ മുമ്പാകെ" എന്നതിനു ശേഷം വരുന്ന "അത്" എന്നത് ഒഴിവാക്കുക.

മി. സ്പീക്കർ: 259-ാം നമ്പർ ഭേദഗതി 258-ാം നമ്പർ ഭേദഗതിക്കും 274-ാം നമ്പർ ഭേദഗതി 273-ാം നമ്പർ ഭേദഗതിക്കും 277-ാം നമ്പർ ഭേദഗതി 276-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 255-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 260, 276 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 258-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 264-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 271-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 273-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

281. ഖണ്ഡം 6(1)-ൽ "ആവശ്യമെന്നോ യുക്തമെന്നോ" എന്നതിന് പകരം "യുക്തമെന്ന്" എന്ന് ചേർക്കുക.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

283. ഖണ്ഡം 6(1)-ൽ "വിരുദ്ധമല്ലാത്തതുമായ" എന്നതിന് പകരം "അനുസൃതമായ" എന്ന് ചേർക്കുക.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

286. ഖണ്ഡം 6(1)-ൽ "ഉണ്ടാക്കാവുന്നതാണ്" എന്നതിന് "രൂപീകരിക്കാവുന്നതാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 282-ാം നമ്പർ ഭേദഗതി 281-ാം നമ്പർ ഭേദഗതിക്കും 284-ാം നമ്പർ ഭേദഗതി 283-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 281-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 283-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 286-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഏഴാം വകുപ്പ്

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

295. ഖണ്ഡം 7(1) താഴെ പറയും പ്രകാരം മാറ്റുക:

" (1) തിരുവിതാംകൂർ പ്രദേശത്ത് പ്രാബല്യത്തിലുള്ള 1881 ജൂൺ 14-ലെ തിരുവിതാംകൂർ വിളംബരവും കൊച്ചി പ്രദേശത്ത് പ്രാബല്യത്തിലുള്ള 1905-ലെ കൊച്ചി വിളംബരവും ധാതുക്കളുടെ അവകാശം സംബന്ധിച്ച സംഗതികളിൽ അതത് സ്ഥലത്ത് പ്രാബല്യം ഇല്ലാതായി തീരുന്നതും 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ഓർഡിനൻസ് ഇതിനാൽ റദ്ദാക്കിയിരിക്കുന്നതുമാണ്."

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 295-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

109. ദീർഘശീർഷകത്തിൽ "പരിധിക്ക് " എന്ന വാക്കിന് മുൻപ് "(1907 ജൂലൈ 9-ലെ XI -ാം നമ്പർ)" എന്ന് ചേർക്കുക.

134. പീഠികയിൽ "പരിധിക്ക്" എന്ന വാക്കിന് മുൻപ് "(1907-ജൂലൈ 9-ലെ XI-ാം നമ്പർ)" എന്ന് ചേർക്കുക.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

113. ദീർഘശീർഷകത്തിൽ "പരിധിക്ക് കീഴിൽ വരുന്ന ഭൂമി ഒഴികെയുള്ള സംസ്ഥാനത്തെ ഭൂമിയിലെ മണ്ണിലെയും" എന്നതിന് പകരം "പരിധിക്ക് കീഴിൽ വരുന്ന കേരള സംസ്ഥാനത്തെ ഭൂമി ഒഴികെയുള്ള മണ്ണിലെയും" എന്ന വാക്ക് ചേർക്കുക.

121. ദീർഘശീർഷകത്തിൽ "ആനുഷംഗികമായതോ" എന്നതിനു പകരം "സാദൃശ്യമായതോ" എന്ന് ചേർക്കുക.

137. പീഠികയിൽ "പരിധിക്ക് കീഴിൽ വരുന്ന ഭൂമി ഒഴികെയുള്ള സംസ്ഥാനത്തെ ഭൂമിയിലെ മണ്ണിലെയും" എന്നതിന് പകരം "പരിധിക്ക് കീഴിൽ വരുന്ന കേരള സംസ്ഥാനത്തെ ഭൂമി ഒഴികെയുള്ള മണ്ണിലെയും" എന്ന് ചേർക്കുക.

147. പീഠികയിൽ "ആനുഷംഗികമായതോ" എന്നതിന് പകരം "സാദൃശ്യമായതോ" എന്ന് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

116. ദീർഘശീർഷകത്തിൽ "മണ്ണിലെയും അടിമണ്ണിലെയും" എന്നതിന് പകരം "മണ്ണിലെ" എന്ന് ചേർക്കുക.

ശ്രീ. യു. എ. ലത്തീഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

118. ദീർഘശീർഷകത്തിൽ "നിക്ഷിപ്തമാക്കുന്നതിനും" എന്നതിന് പകരം "അവകാശമാക്കുന്നതിനും" എന്ന് ചേർക്കുക.

179. ഖണ്ഡം 1(2)-ൽ "പ്രാബല്യത്തിൽ" എന്നതിന് പകരം "നിലവിൽ" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

122. ദീർഘശീർഷകം താഴെ പറയും പ്രകാരം മാറ്റുക "സംസ്ഥാനത്തെ ഭൂമിയിലെ ധാതുക്കളുടെ അവകാശങ്ങൾ സംബന്ധിച്ച് സംസ്ഥാനത്തിന് വിവിധഭാഗങ്ങളിൽ പ്രാബല്യത്തിലുള്ള നിയമങ്ങളും വ്യവസ്ഥകളും ഏകീകരിക്കുന്നതിനും ധാതുക്കളുടെ അവകാശം പൂർണമായും സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ബിൽ".

126. ദീർഘശീർഷകം താഴെ പറയും പ്രകാരം മാറ്റുക

"സംസ്ഥാനത്തെ മുഴുവൻ ഭൂപ്രദേശത്തെ മണ്ണിലെയും അടിമണ്ണിലെയും ധാതുക്കളുടെ അവകാശങ്ങൾ സംബന്ധിച്ച് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രാബല്യത്തിലുള്ള നിയമങ്ങളും വ്യവസ്ഥകളും ഏകീകരിക്കുന്നതിനും ധാതുക്കളുടെ അവകാശം പൂർണമായും സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ബിൽ".

159. പീഠിക താഴെ പറയും പ്രകാരം മാറ്റുക

"പീഠിക.- കേരള സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ ഭൂമിയിലെയും മണ്ണിലെയും അടി മണ്ണിലെയും ധാതുക്കളുടെ അവകാശങ്ങൾ സംബന്ധിച്ച് പ്രാബല്യത്തിലുള്ള 1881 ജൂൺ 14 ലെ തിരുവിതാംകൂർ വിളംബരത്തിലെയും 1905 ലെ കൊച്ചി വിളംബരത്തിലെയും വ്യവസ്ഥകൾ ഏകീകരിച്ചു കൊണ്ട് മലബാർ പ്രദേശത്തെ ഉൾപ്പെടെ കേരള സംസ്ഥാനത്തെ മുഴുവൻ ഭൂപ്രദേശത്തെയും ധാതുക്കളുടെ അവകാശം പൂർണ്ണമായും സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനു വേണ്ടി വ്യവസ്ഥ ചെയ്യേണ്ടത് യുക്തമായിരിക്കുകയാൽ".

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

135. പീഠികയിൽ "പരിധിക്ക്" എന്നതിനു പകരം "അധികാരപരിധിക്ക്" എന്നു ചേർക്കുക.

140. പീഠികയിൽ "അടിമണ്ണിലെയും ധാതുക്കളുടെ" എന്നതിനു ശേഷം "അധികാര" എന്ന് ചേർക്കുക.

154. പീഠികയിൽ "യുക്തമായിരിക്കുകയാൽ" എന്നതിന് പകരം "അനുയോജ്യമായിരിക്കുകയാൽ" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

141. പീഠികയിൽ "അവകാശങ്ങൾ" എന്നതിന് പകരം "ഉടമസ്ഥാവകാശം" എന്ന് ചേർക്കുക.

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

155. പീഠിക താഴെ പറയും പ്രകാരം മാറ്റുക

"പീഠിക.- കേരള സംസ്ഥാനത്തിന്റെ വിവിധ ഭൂപ്രദേശങ്ങളിൽ ഭൂമിയിലെ ധാതുക്കളുടെ അവകാശങ്ങൾ സംബന്ധിച്ച് പ്രാബല്യത്തിലുള്ള 1881 ജൂൺ 14 ലെ തിരുവിതാംകൂർ വിളംബരത്തിലെയും 1905 ലെ കൊച്ചി വിളംബരത്തിലെയും വ്യവസ്ഥകൾ ഏകീകരിച്ചു കൊണ്ട് കേരള സംസ്ഥാനത്തെ മുഴുവൻ ഭൂപ്രദേശത്തെയും ധാതുക്കളുടെ അവകാശം പൂർണ്ണമായും സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനു വേണ്ടി വ്യവസ്ഥ ചെയ്യേണ്ടത് യുക്തമായിരിക്കുകയാൽ".

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

157. പീഠിക താഴെ പറയും പ്രകാരം മാറ്റുക

"പീഠിക.- സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ ധാതുക്കളുടെ അവകാശങ്ങൾ സംബന്ധിച്ച് പ്രാബല്യത്തിലുള്ള 1881 ജൂൺ 14-ലെ തിരുവിതാംകൂർ വിളംബരത്തിലെയും 1905 ലെ കൊച്ചി വിളംബരത്തിലെയും വ്യവസ്ഥകൾ ഏകീകരിച്ചു കൊണ്ട് മലബാർ പ്രദേശത്തെ ഉൾപ്പെടെ കേരള സംസ്ഥാനത്തെ മുഴുവൻ ഭൂപ്രദേശത്തെയും ധാതുക്കളുടെ അവകാശം പൂർണ്ണമായും സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനു വേണ്ടി വ്യവസ്ഥ ചെയ്യേണ്ടത് യുക്തമായിരിക്കുകയാൽ".

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

161. പീഠിക താഴെ പറയും പ്രകാരം മാറ്റുക

"പീഠിക.- കേരള സംസ്ഥാനത്തിന്റെ വിവിധ ഭൂപ്രദേശങ്ങളിൽ ഭൂമിയിലെയും അടി മണ്ണിലെയും ധാതുക്കളുടെ അവകാശങ്ങൾ സംബന്ധിച്ച് പ്രാബല്യത്തിലുള്ള 1881 ജൂൺ 14 ലെ തിരുവിതാംകൂർ വിളംബരത്തിലെയും 1905 ലെ കൊച്ചി വിളംബരത്തിലെയും വ്യവസ്ഥകൾ ഏകീകരിച്ചു കൊണ്ട് കേരള സംസ്ഥാനത്തെ മുഴുവൻ ഭൂപ്രദേശത്തെയും ധാതുക്കളുടെ അവകാശം പൂർണ്ണമായും സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനു വേണ്ടി വ്യവസ്ഥ ചെയ്യേണ്ടത് യുക്തമായിരിക്കുകയാൽ".

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

180. ഖണ്ഡം 1(2)-ൽ "കരുതപ്പെടേണ്ടതാണ്" എന്നതിന് പകരം "കണക്കാക്കേണ്ടതാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 106, 107, 108 എന്നീ നമ്പർ ഭേദഗതികൾ ശീർഷകത്തിലുള്ളതായതിനാൽ ക്രമപ്രകാരമല്ല. 117-ാം നമ്പർ ഭേദഗതി 116-ാം നമ്പർ ഭേദഗതിക്കും 119-ാം നമ്പർ ഭേദഗതി 118-ാം നമ്പർ ഭേദഗതിക്കും 123-ാം നമ്പർ ഭേദഗതി 122-ാം നമ്പർ ഭേദഗതിക്കും 127-ാം നമ്പർ ഭേദഗതി 126-ാം നമ്പർ ഭേദഗതിക്കും 156-ാം നമ്പർ ഭേദഗതി 155-ാം നമ്പർ ഭേദഗതിക്കും 158-ാം നമ്പർ ഭേദഗതി 157-ാം നമ്പർ ഭേദഗതിക്കും 160-ാം നമ്പർ ഭേദഗതി 159-ാം നമ്പർ ഭേദഗതിക്കും 162-ാം നമ്പർ ഭേദഗതി 161-ാം നമ്പർ ഭേദഗതിക്കും 178-ാം നമ്പർ ഭേദഗതി 179-ാം നമ്പർ ഭേദഗതിക്കും 181-ാം നമ്പർ ഭേദഗതി 180-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 109, 134 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 113, 121, 137, 147 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 116-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 118, 179 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 122, 126, 159 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 135, 140, 154 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 141-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 155-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 157-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 161-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 180-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു.

(iv) 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബില്ലിന്റെ അവതരണഘട്ടത്തിൽ നന്നായി ചർച്ച ചെയ്തിട്ടുള്ള ഒരു ബില്ലാണിത്. ആ ഘട്ടത്തിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾ സബ്ജക്ട് കമ്മിറ്റി ഗൗരവമായി പരിശോധിച്ച് ആവശ്യമായ ചില ഭേദഗതികൾ ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കള്ള് ചെത്ത് വ്യവസായത്തെയും അതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന തൊഴിലാളികളെയും സംരക്ഷിക്കുക, കേരകർഷകർക്കാവശ്യമായ പിന്തുണ നൽകുക, അതിന്റെ ഭാഗമായി കൂടുതൽ കള്ളുൽപ്പാദനക്ഷമതയുള്ള തെങ്ങിനങ്ങൾ വികസിപ്പിക്കുക, വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ടോഡി പാർലർ ആരംഭിക്കുക, സർവ്വോപരി ഉപഭോക്താക്കൾക്ക് ശുദ്ധമായ കള്ള് ലഭ്യമാക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെയാണ് കള്ള് വ്യവസായ വികസന ബോർഡ് രൂപീകരിക്കുന്നത്. ഈ ബിൽ അവതരിപ്പിച്ച ഘട്ടത്തിൽ ബഹുമാന്യനായ മുൻപ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല നിരാകരണപ്രമേയം അവതരിപ്പിച്ചപ്പോൾ ഉന്നയിച്ച ഒരു പ്രശ്നം ധനകാര്യ മെമ്മോറാണ്ടത്തെ സംബന്ധിച്ചാണ്. ധനകാര്യമെമ്മോറാണ്ടത്തിൽ വരവിനെക്കുറിച്ച് വേണ്ടത്ര വ്യക്തതയില്ല, അതുകൊണ്ട് ആവർത്തന-ആവർത്തനേതര ചെലവുകളുടെ പ്രതീക്ഷിത കണക്കുകൾകൂടി ഈ ബില്ലിന്റെ ഭാഗമാകേണ്ടതുണ്ടെന്ന അഭിപ്രായം അദ്ദേഹം മുന്നോട്ടുവച്ചിരുന്നു. യഥാർത്ഥത്തിൽ 2021-ലെ കേരള കള്ള്

വ്യവസായ വികസന ബോർഡിന് നൽകേണ്ട ഗ്രാന്റ്, ധനസഹായം എന്നിവയ്ക്കുള്ള തുക സർക്കാർ നിശ്ചയിച്ചിട്ടില്ലാത്തതിനാൽ മതിപ്പ് ചെലവ് കണക്കുകൂട്ടാൻ സാധിക്കാത്ത സാഹചര്യത്തിലാണ് സഭയുടെ മുമ്പിൽ അന്ന് അവതരിപ്പിച്ചിരുന്നത്. അതുകൊണ്ടുതന്നെയാണ് ധനകാര്യമെമ്മോറാണ്ടത്തിൽ പ്രതീക്ഷിത കണക്കുകൾ ഉൾപ്പെടുത്താൻ കഴിയാതിരുന്നത്. അത് ഒഴിവാക്കി ധനകാര്യ മെമ്മോറാണ്ടം സമർപ്പിക്കാമെന്നുള്ള കീഴ്വഴക്കം ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. ധനകാര്യ സ്ഥിതി ഉറപ്പുവരുത്തേണ്ടത് ബോർഡിന്റെ ഭാവി പ്രവർത്തനങ്ങൾക്കുകൂടി ആവശ്യമാണെന്ന് സഭയിൽ ഉയർന്നുവന്ന വികാരം സബ്ജക്ട് കമ്മിറ്റി ചർച്ച ചെയ്തു. അതുകൂടി പരിഹരിച്ചുകൊണ്ട് ഔദ്യോഗിക ഭേദഗതി ഇതിന്റെ ഭാഗമായി കൊണ്ടുവരുന്നുണ്ട്. അത് സബ്ജക്ട് കമ്മിറ്റി അംഗീകരിച്ച ബില്ലിന്റെ ഭാഗമാണ്. രണ്ടാമതായി അദ്ദേഹം ഉന്നയിച്ച ഒരു പ്രശ്നം, എന്തിനാണ് പ്രത്യേകിച്ച് ഇങ്ങനെയൊരു ബോർഡ് എന്നതാണ്. നാളികേര വികസന ബോർഡ്, കൃഷി വകുപ്പ് എന്നിവ നിലവിലുള്ള സാഹചര്യത്തിൽ പുതിയൊരു ബോർഡ് ആവശ്യമാണോയെന്നുള്ളതായിരുന്നു അന്ന് ഉന്നയിക്കപ്പെട്ടിരുന്ന ചോദ്യം. യഥാർത്ഥത്തിൽ ക്ഷേമനിധി ബോർഡ് എന്നുള്ളത് തൊഴിലാളികളുടെ ക്ഷേമം മാത്രം കൈകാര്യം ചെയ്യുന്ന ബോർഡാണ്. ഇവിടെ രൂപീകരിക്കാനുദ്ദേശിക്കുന്ന, ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്ന 'ബോർഡ്' എന്നുള്ളത് ഈ പരമ്പരാഗത വ്യവസായത്തെ ശക്തിപ്പെടുത്തി മുന്നോട്ടുകൊണ്ടുപോകാൻ സഹായകരമായ ഒന്നാണ്. അതിനാവശ്യമായ വ്യവസ്ഥകൾ ക്ഷേമനിധി ബോർഡിന്റെ ഭാഗമാക്കാൻ കഴിയില്ല. അതിനൊരു പ്രത്യേക സംവിധാനം വേണം. ഏറെക്കാലമായി അത് ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന ഒന്നാണ്. നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ നാളികേര വികസന ബോർഡ് കേന്ദ്ര സർക്കാരിന്റെ ഒരു സംവിധാനമാണ്. അത് നമ്മുടെ അധികാര പരിധിയിൽ വരുന്നതല്ല. ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്ന ബോർഡ് കൈകാര്യം ചെയ്യുന്ന കാര്യങ്ങൾ നാളികേര വികസന ബോർഡിന്റെ അധികാര പരിധിക്കകത്ത് വരുന്നതുമല്ല. അങ്ങനെ വന്നാൽപ്പോലും സംസ്ഥാനത്തിന് സംസ്ഥാന താൽപ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് പ്രത്യേക നിയമംകൊണ്ടുവരാനുള്ള അവകാശവുമുണ്ട്. കേരകൃഷിയുമായി ബന്ധപ്പെട്ട വിഷയങ്ങൾമാത്രമാണ് കൃഷി വകുപ്പ് കൈകാര്യം ചെയ്യുന്നത്. എന്നാൽ ഈ ബോർഡ് കള്ളിന്റെ വ്യാവസായികപരമായ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നു. ശുദ്ധമായ കള്ള് വിതരണം ചെയ്യുക, ഉൽപ്പാദന സ്ഥലങ്ങളിൽനിന്നും സംഭരിക്കുക, അങ്ങനെയുള്ള കള്ളിനെ എങ്ങനെ മൂല്യവർദ്ധനവിലേയ്ക്കെത്തിക്കാൻ കഴിയും തുടങ്ങിയ ആധുനിക സാദ്ധ്യതകളെക്കൂടി വിനിയോഗിക്കാൻ കഴിയുന്ന ഒരു സംവിധാനമാണിത്. അത്തരത്തിലുള്ള ഒരു ക്രോസ് സെക്ഷൻ ഈ ബോർഡിനകത്ത് വരുന്നുണ്ടെന്ന് ഈ ബോർഡിന്റെ ഘടന പരിശോധിച്ചാൽ അറിയാൻകഴിയും. വൈജ്ഞാനിക മേഖലയിൽനിന്നും

വ്യവസായ മേഖലയിൽനിന്നും ഒപ്പം തൊഴിലാളികളെ സംരക്ഷിക്കുന്ന ക്ഷേമനിധി ബോർഡിന്റെ പങ്കാളിത്തവും പ്രാതിനിധ്യവും ഈ ബോർഡിനകത്തുണ്ട്. കേരളത്തിൽ ഇപ്പോൾ ഇങ്ങനെയൊരു ബോർഡ് ആവശ്യമുണ്ടോയെന്ന് ബഹുമാന്യനായ അംഗം അന്ന് ചൂണ്ടിക്കാണിക്കുകയുണ്ടായി, കാരണം തെങ്ങും ചെത്തും കുറഞ്ഞുകൊണ്ടിരിക്കുകയാണ്. പക്ഷെ അതിനെ എങ്ങനെ ശക്തിപ്പെടുത്തിയെടുക്കാൻ കഴിയും? ഇപ്പോൾ 278120 തെങ്ങും 23697 ചൂണ്ടപ്പനകളും 2172 കരിമ്പനകളും കേരളത്തിൽ ചെത്തുന്നുണ്ട്. 25315 രജിസ്റ്റേർഡ് തൊഴിലാളികളും ഏകദേശം അത്രത്തോളംതന്നെ താൽക്കാലിക തൊഴിലാളികളും ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. അതോടൊപ്പം ആയിരക്കണക്കിന് കർഷകർക്ക് വരുമാനമുള്ള ഒരു മേഖലയായതുകൊണ്ട് ചെത്തുവ്യവസായം സംരക്ഷിച്ച് മെച്ചപ്പെടുത്തി മുന്നോട്ടു കൊണ്ടുപോകേണ്ട ഉത്തരവാദിത്വം ഗവൺമെന്റിനുണ്ടെന്നാണ് കാണുന്നത്. അത് നിർവ്വഹിക്കണമെങ്കിൽ ഇത് കുറേക്കൂടി ആകർഷകമാക്കുകയും ചെറുപ്പക്കാരെക്കൂടി കള്ള് ചെത്ത് മേഖലയിലേയ്ക്ക് കൊണ്ടുവരാൻ കഴിയുകയും വേണം. അതോടൊപ്പം തന്നെ ശുദ്ധമായ കള്ള് ഉറപ്പുവരുത്താൻ കഴിയേണ്ടതുണ്ട്. അതെല്ലാം പരിഗണിച്ചുകൊണ്ടാണ് ഇങ്ങനെയൊരു ബിൽ കൊണ്ടുവന്നിട്ടുള്ളത്. നേരത്തെ ഉന്നയിക്കപ്പെട്ട ഇത്തരം വിഷയങ്ങളെല്ലാം വളരെ വിശദമായി പരിശോധിച്ചുകൊണ്ട് ആവശ്യമായ ഭേദഗതികളോടെയാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. രാജഗോപാലൻ)

2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബില്ലിനെ ഞങ്ങൾ എതിർക്കുന്നില്ല. കാരണം യഥാർത്ഥത്തിൽ യു.ഡി.എഫ്. ഗവൺമെന്റാണ് ഇതിനെക്കുറിച്ച് ആദ്യം ആലോചിച്ചത്. ഈ ബില്ലിന്റെ അവതരണവേളയിൽ നടന്ന ചർച്ചയ്ക്കുള്ള മറുപടിയിൽ ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി പറഞ്ഞത് ഈ ബില്ലിന് തുടക്കം കുറിച്ച് ഇങ്ങനെയൊരു നിയമനിർമ്മാണം വേണമെന്ന് പറഞ്ഞത് യു.ഡി.എഫ്. ആണെന്നാണ്. ഞാൻ ആ വകുപ്പിന്റെ മന്ത്രിയായിരുന്ന സമയത്തായിരുന്നു ബോർഡ് രൂപീകരിക്കുന്നതിനുവേണ്ടിയുള്ള തീരുമാനം അന്നത്തെ മുഖ്യമന്ത്രിയെയുൾപ്പെടെ പങ്കെടുപ്പിച്ചുകൊണ്ടെടുത്തത്. കീഴ്നിരയിലുള്ള നേതാക്കളുടെ യോഗം വിളിച്ചുചേർത്ത് നിയമമുണ്ടാക്കുന്നതിനുവേണ്ടിയുള്ള തീരുമാനമെടുക്കുകയും ചെയ്തിരുന്നു. പക്ഷെ അത് തുടർന്ന് നടന്നില്ല. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നേതൃത്വംകൊടുത്ത കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് 2019-ൽ ഒരു ഓർഡിനൻസ് കൊണ്ടുവന്നു. ഞാൻ കഴിഞ്ഞ ദിവസം പറഞ്ഞതുപോലെ ഇതിലുള്ള ഗവൺമെന്റിന്റെ ആത്മാർത്ഥതയെക്കുറിച്ച്

വളരെയധികം സംശയമുണ്ട്. യു.ഡി.എഫ്. ഗവൺമെന്റ് ഇതിനെക്കുറിച്ച് ആലോചിച്ചെങ്കിലും നടപ്പാക്കാൻ സാധിക്കാതിരുന്നത് അന്ന് ഇപ്പുറത്തും ഇന്ന് അപ്പുറത്തും ഇരുന്ന ആളുകളുടെ ഭാഗത്തുനിന്നും ചില എതിർപ്പുകൾ ഉണ്ടായതു കൊണ്ടാണ്. ഇതിന്റെ മൂലധനം ഒരു കോടി രൂപ വയ്ക്കാനാണ് ഞങ്ങൾ തീരുമാനിച്ചിരുന്നത്. പക്ഷേ ഇപ്പോൾ, സബ്ജക്ട് കമ്മിറ്റിയുടെ പരിഗണന കഴിഞ്ഞപ്പോഴും മൂലധനത്തിലേയ്ക്ക് ഗവൺമെന്റ് കാര്യമായൊന്നും നീക്കിവച്ചതായി അറിയില്ല. സബ്ജക്ട് കമ്മിറ്റിയിൽ ഈ വിഷയംവന്ന സമയത്ത് ഗവൺമെന്റ് തീരുമാനിച്ച് സഭയിൽ പറഞ്ഞാൽ മതിയെന്ന നിലപാട് സ്വീകരിച്ചിരുന്നു. തുടക്കത്തിൽ ഗവൺമെന്റ് മൂലധനത്തിനുവേണ്ടി എന്ത് മുടക്കും? പക്ഷേ ഇപ്പോഴും അത് ഇല്ലെന്നുള്ളതാണ് ഒരു പ്രധാനപ്പെട്ട പ്രശ്നം. അതുപോലെതന്നെ ഇത് ഞങ്ങൾ ആലോചിച്ച നിയമമാണ്, പക്ഷേ 2016-ൽ ഞങ്ങൾ അധികാരത്തിൽ നിന്നുംപോയതുകൊണ്ട് ഞങ്ങൾക്ക് ഇത്തരമൊരു ബിൽ കൊണ്ടുവരാൻ സാധിച്ചില്ല. നിങ്ങൾ 2016-ൽ വന്ന് 2019-ലാണ് ഓർഡിനൻസ് കൊണ്ടുവന്നത്. അപ്പോൾ നിങ്ങൾക്ക് ചെത്ത് തൊഴിലാളി ക്ഷേമത്തെക്കുറിച്ചുള്ള താൽപ്പര്യക്കുറവ് വളരെ വ്യക്തമാണ്. എന്നുമാത്രമല്ല, നിങ്ങൾ ഈ ഓർഡിനൻസ് കൊണ്ടുവന്നതിനുശേഷം ഇതുവരെയും ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഗവൺമെന്റിന് അടിയന്തരമായി ചില ഓർഡിനൻസുകൾ കൊണ്ടുവരേണ്ടിവരും. ഞാൻ ഓർഡിനൻസ് കൊണ്ടു വരുന്നതിനെ എതിർക്കുന്നില്ല. പക്ഷേ അടിയന്തരമായി ഓർഡിനൻസ് കൊണ്ടു വന്നിട്ട് ഇതുവരെ ഒന്നും ചെയ്തിട്ടില്ല. ഇതിനകത്ത് ഗവൺമെന്റിന് ആത്മാർത്ഥത യില്ലെന്നുപറയാൻ കാരണമതാണ്. അതുകൊണ്ട് ഇത് യഥാർത്ഥത്തിൽ ഫെബ്രുവരി മാസത്തിൽ തെരഞ്ഞെടുപ്പ് സമയത്ത് തട്ടിക്കൂട്ടിയ ഒരു ഓർഡിനൻസാണ്. അതാണ് ഇതിന്റെ ഏറ്റവും വലിയ പ്രത്യേകത. അതുകൊണ്ട് ഈ നിയമം പാസ്സാക്കി വെറുമൊരു വാഗ്ദാനമായി നിൽക്കാതെ കഴിയുന്നത്ര വേഗത്തിൽ ഇതിന്റെ ചട്ടങ്ങൾക്ക് രൂപം നൽകി ഇതിന്റെ പ്രയോജനം നമ്മുടെ സംസ്ഥാനത്തിനും ഈ മേഖലയിലെ തൊഴിലാളികൾക്കും ലഭ്യമാക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. വിൻസെന്റ്]

ഇന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ പേരിൽ സർക്കുലേറ്റ് ചെയ്തിട്ടുള്ള ഒരു ഭേദഗതി വൃക്ഷക്കരം 1 രൂപ ആക്കുന്നു എന്നതാണ്. ഈ പാവപ്പെട്ട തെങ്ങ് കർഷകരിൽനിന്നും വൃക്ഷക്കരമായി 1 രൂപ പിരിക്കേണ്ട കാര്യമില്ല. കാരണം കേരളത്തിൽ തെങ്ങിന്റെ എണ്ണം കുറഞ്ഞുവരികയാണ്. അതിനിടയിൽ 1 രൂപ വൃക്ഷക്കരം കണക്കാക്കിയാൽ എത്ര രൂപ കിട്ടും? ഒരു രൂപ വൃക്ഷക്കരം കണക്കാക്കി ആ തുക സർക്കാർ ബോർഡിൽ നിക്ഷേപിച്ചാൽ വളരെ നന്നായിരിക്കും. 1 രൂപ വൃക്ഷക്കരം പിരിക്കാൻ അതിലും കൂടുതൽ തുക ഓരോ തെങ്ങിനും ചെലവാക്കേണ്ടി വരും.

അതുകൊണ്ട് 1 രൂപ വൃക്ഷക്കരം തെങ്ങ് കൃഷിക്കാരിൽനിന്നും ഈടാക്കുന്നത് ഒഴിവാക്കണമെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. അതുപോലെ ഈ ബില്ലിന് വിയോജനക്കുറിപ്പ് എഴുതാൻ കാരണം ഇതിൽ കള്ള് വ്യവസായത്തെ പ്രോത്സാഹിപ്പിക്കാനുള്ള കാര്യമായ നിർദ്ദേശങ്ങളൊന്നുമില്ലെന്നതാണ്. നേരത്തെ കയർ തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ ചർച്ചാവേളയിൽ ഇവിടെ സൂചിപ്പിച്ചതാണ്. കേരളത്തിലെ കയർ വ്യവസായത്തെ ബാധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ഇവിടെ തൊണ്ടില്ല, തെങ്ങ് കൃഷി കുറഞ്ഞുവരുന്നുവെന്നതാണ്. അതുകൊണ്ട് കള്ളിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിന് ഉയരം കുറഞ്ഞതും ഇളനീര് കൂടിയതുമായ ഉൽപ്പാദനക്ഷമതയുള്ള തെങ്ങുകൾ വച്ചുപിടിപ്പിക്കാൻ സാധിക്കണം. കൃഷി വകുപ്പോ അല്ലെങ്കിൽ ബോർഡോ നേരിട്ട് ഈ ചുമതല ഏറ്റെടുക്കണം. ബോർഡ് വഴി ഈ ആവശ്യത്തിനുവേണ്ടി തെങ്ങ് കൃഷി ചെയ്യാനായിരുന്നു ഞങ്ങൾ ആലോചിച്ചിരുന്നത്. നിങ്ങൾ അത് ചെയ്യണമെന്നല്ല, പക്ഷേ ഉറപ്പു വരുത്താൻ സാധിക്കണം. ബോർഡിന്റെ പ്രവർത്തന മൂലധനത്തിന് സർക്കാരിൽ നിന്നും വിഹിതം കണ്ടെത്താൻ നടപടി സ്വീകരിക്കണം. ക്ഷേമനിധി ബോർഡിൽ നിന്ന് വിഹിതം കണ്ടെത്താനാണ് ആലോചിക്കുന്നത്. തൊഴിലാളികളുടെ ക്ഷേമനിധിയിലിരിക്കുന്ന പണം സർക്കാർ എടുത്ത് മാറ്റിയിട്ട് ടോഡി ബോർഡ് നിങ്ങൾ രൂപീകരിച്ചുവെന്നുള്ള ഖ്യാതി ചുളുവിൽ നേടരുതെന്നാണ് എനിക്ക് പറയാനുള്ളത്. ഇതിൽ 'ചെയർമാൻ'-ന്റെ നിയമനം സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. ചെയർമാനെ നിയോഗിക്കുന്നത്, ആരുടെയെങ്കിലുമൊക്കെ ഇടത്താവളമാക്കി ഇതിനെ മാറ്റരുത്. ഈ വിഷയവുമായി ബന്ധമുള്ളവരെ, നമ്മുടെ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയെപ്പോലെയുള്ള ആളുകളെ കണ്ടെത്തണമെന്നാണ് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്. ഇതിൽ തൊഴിലാളി പ്രതിനിധികളുടെകാര്യം പറയുന്നുണ്ട്. Indian National Trade Union Congress (INTUC), Centre of Indian Trade Unions (CITU), All India Trade Union Congress (AITUC) എന്നീ മൂന്ന് സംഘടനകളാണ് ഈ മേഖലകളിലുള്ളത്. ഒറ്റപ്പെട്ട ആരെങ്കിലുമൊക്കെ കാണുമായിരിക്കും. ഈ മൂന്ന് സംഘടനകളുടേയും പ്രാതിനിധ്യം ഉറപ്പുവരുത്തത്തക്ക വിധത്തിൽ നിയമത്തിൽ വ്യക്തതയുണ്ടാക്കണമെന്ന് സൂചിപ്പിക്കുകയാണ്. സമയം വൈകിയതുകൊണ്ട് ഞാൻ കൂടുതൽ സംസാരിക്കുന്നില്ല. മയക്കുമരുന്ന് പുതിയ തലമുറയെ വലിയതോതിൽ സ്വാധീനിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങൾ ഭരിക്കുന്നതു കൊണ്ടാണെന്നല്ല ഞാൻ പറഞ്ഞത്. നമ്മുടെ രാജ്യത്ത് 1986 മുതൽ നിലവിലുള്ള Narcotic Drugs and Psychotropic Substances (NDPS) നിയമത്തിലെ പഴുതുകൾ അടയ്ക്കണമെന്നാണ് ഞങ്ങളും നിങ്ങളും കേന്ദ്രത്തോട് ആവശ്യപ്പെട്ടത്. ഒരു കിലോയിൽ താഴെയുള്ള കഞ്ചാവ് കൈവശം വച്ചാൽ അത് 999.9

ഗ്രാമാണെങ്കിൽപ്പോലും തടവ് ശിക്ഷയില്ല, പിഴ മാത്രമേയുള്ളൂ. ആ പഴുതുകളടച്ച് നിയമത്തിൽ ഭേദഗതി വരുത്തി കുറേക്കൂടി കർക്കശമാക്കണമെന്ന് നമ്മൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് പുതിയ ചില ഭേദഗതികൾ നിർദ്ദേശിച്ചിട്ടുണ്ട്. ആര്യൻ ഖാൻ ഉപയോഗിച്ചതുപോലെ ചെറിയ ക്വാണ്ടിറ്റി കൈകാര്യം ചെയ്യുന്ന ആളുകളെ ശിക്ഷിക്കരുത്, വ്യക്തിപരമായ ഉപയോഗത്തിനായി ചെറിയ അളവിൽ മയക്കുമരുന്ന് കൈവശം വയ്ക്കുന്നത് ക്രിമിനൽ കുറ്റമാക്കരുതെന്നാണ് നിർദ്ദേശം. വലിയ അപകടം പിടിച്ച വ്യവസ്ഥയാണ് വരാൻ പോകുന്നത്. കാരണം, സ്വന്തം ആവശ്യത്തിന് കുറഞ്ഞ അളവിലല്ലേ എല്ലാവരും കൈവശം വയ്ക്കുന്നത്. വലിയ ക്വാണ്ടിറ്റി കടത്തിക്കൊണ്ടുവരുന്നത് ബിസിനസ്സുകാരാണ്. ഇതുവരെ ഇത് കുറ്റമായിരുന്നു. നിലവിലുള്ള നിയമത്തിന്റെ പഴുതുകളുപയോഗിച്ച് കേരളത്തിൽ മയക്കുമരുന്ന് ഉപയോഗിക്കുന്നവരുടെ എണ്ണവും കൈവശം വയ്ക്കുന്നവരുടെ എണ്ണവും വ്യാപകമായിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിൽ നിലവിലുള്ള നിയമം അപര്യാപ്തമാണെന്ന് കേരളം വാദിച്ചുകൊണ്ടിരിക്കുമ്പോഴാണ് കേന്ദ്ര സർക്കാർ പുതിയ ഭേദഗതി വരുത്തുന്നത്. അതുകൊണ്ട് ഈ പ്രശ്നം ഗവൺമെന്റ് ഗൗരവമായി പരിശോധിക്കണം. എന്നെ സംബന്ധിച്ചിടത്തോളം വളരെ ആശങ്കയോടുകൂടി കാണുന്ന ഒരു കാര്യമാണ്. പുതിയ നിയമത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ നിലപാടെന്താണെന്നുള്ളത് കേന്ദ്ര ഗവൺമെന്റിനെ അറിയിക്കണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. ബില്ലുമായി ബന്ധപ്പെട്ട് ഇത്രയും കാര്യങ്ങളാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ഒരു കാര്യംകൂടി പറയാനുള്ളത്, രണ്ടാഴ്ചമുമ്പ് ഞങ്ങളുടെ പാർട്ടിയിൽനിന്ന് നാലഞ്ചുപേർ നിങ്ങളുടെ പാർട്ടിയിലേയ്ക്ക് വന്നപ്പോൾ അവരെ സ്വീകരിക്കുന്ന ഒരു ചടങ്ങ് സംഘടിപ്പിച്ചു. അതിന് നിങ്ങൾക്ക് സ്വാതന്ത്ര്യമുണ്ട്. കാരണം കോൺഗ്രസിൽനിന്ന് ഒരുപാടുപേർ വന്നു, കോൺഗ്രസ് പൊളിഞ്ഞുവെന്ന വാർത്തയുണ്ടാക്കുന്നത് നിങ്ങളുടെ ആവശ്യമാണ്. അവസാന പ്രതീക്ഷയും നഷ്ടപ്പെട്ടവരാണ് സി.പി.ഐ.(എം.)-ലേയ്ക്ക് വരുന്നതെന്നാണ് ആ യോഗത്തിൽ പങ്കെടുത്തുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. വാദത്തിനുവേണ്ടി ഞാൻ അത് അംഗീകരിക്കാം. ബംഗാളിൽനിന്നും ത്രിപുരയിൽനിന്നും മുഴുവൻ ആളുകളും ഒഴുകിപ്പോയല്ലോ; അത് അവസാന പ്രതീക്ഷയും നഷ്ടപ്പെട്ടവരാണോ? അത് മാത്രമല്ല, കഴിഞ്ഞ 20 കൊല്ലമായി നിങ്ങളോട് ചേർന്നുനിന്നിരുന്ന ശ്രീ. ചെറിയാൻ ഫിലിപ്പ് പാർട്ടി വിടുന്നുവെന്ന വാർത്ത ഈ സ്വീകരണം കഴിഞ്ഞതിന് തൊട്ടുപുറകെ വരികയും ചെയ്തു. അതുകൊണ്ട് എനിക്ക് പറയാനുള്ളത്, പാർട്ടികളിൽനിന്നും ആളുകൾ അങ്ങോട്ടുമിങ്ങോട്ടും മാറുന്ന ചില സാഹചര്യങ്ങളുണ്ടായിട്ടുണ്ട്. ആലപ്പുഴയിൽ ഇത്തവണത്തെ ഞങ്ങളുടെ സ്ഥാനാർത്ഥിയായത് നിങ്ങളുടെ എം.പി. ആയിരുന്ന

ശ്രീ. ടി. ജെ. ആഞ്ചലോസല്ലേ; നിങ്ങളുടെ എം.പി. ആയിരുന്ന അദ്ദേഹം ഇപ്പോൾ സി.പി.ഐ.-യുടെ ജില്ലാ സെക്രട്ടറിയല്ലേ; ഒരു ഘട്ടത്തിൽ നിങ്ങളുടെ എം.പി. ശ്രീ. എസ്. ശിവരാമൻ ഞങ്ങളുടെ കൂടെ വന്നില്ലേ? ഇടപ്പള്ളി കൊലക്കേസ്സിലെ പ്രതിയായിരുന്ന, നമുക്കെല്ലാവർക്കും പ്രിയപ്പെട്ട വിശ്വനാഥ മേനോൻ, അദ്ദേഹം ജീവിച്ചിരിക്കുന്നില്ല എന്നതുകൊണ്ട് കൂടുതൽ പറയുന്നില്ല. അദ്ദേഹം നിങ്ങളുടെ പാർട്ടി വിട്ടില്ലേ? പാർട്ടികളിൽനിന്ന് ആരെങ്കിലും അങ്ങോട്ടുമിങ്ങോട്ടും മാറുമെന്ന് വിചാരിച്ച് അടിസ്ഥാനപരമായി പാർട്ടിയെ അത് ബാധിച്ചുവെന്ന വിലയിരുത്തൽ തീർച്ചയായും തെറ്റാണ്. ഇത്തവണത്തെ നിയമസഭാ തെരഞ്ഞെടുപ്പിൽ നിങ്ങൾക്ക് വലിയ ഭൂരിപക്ഷം കിട്ടി. എന്നിട്ടും നമ്മൾ തമ്മിലുള്ള വോട്ടിംഗ് പെർസന്റേജിന്റെ വ്യത്യാസം വളരെ നിസ്സാരമേയുള്ളൂ. ഏത് സാഹചര്യത്തിലും വളരെ ശക്തമായ ഒരു അടിത്തറ ഞങ്ങളോടൊപ്പമുണ്ട്. ഇപ്പോൾ മാത്രമല്ല 1967-ൽ നിങ്ങൾ 114 സീറ്റിൽ കോൺഗ്രസ് വിരുദ്ധ മുന്നണിയുണ്ടാക്കി വലിയൊരു മുന്നേറ്റം നടത്തിയ സമയത്തും ഞങ്ങൾക്കും നിങ്ങൾക്കും തമ്മിൽ വലിയ വ്യത്യാസമുണ്ടായില്ല. ആരെങ്കിലും മൂന്നുനാലുപേർ നിങ്ങളുടെ പാർട്ടിയിൽ ചേർന്നുവെന്ന് കരുതി കോൺഗ്രസ് പാർട്ടിയുടെ അവസാന പ്രതീക്ഷയും നഷ്ടപ്പെട്ടുവെന്ന് ദയവായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെപ്പോലെയുള്ള ആളുകൾ പറയരുത്. മാലയിടുന്നതൊക്കെ നമ്മൾ കണ്ടു. എന്റെ ചെറുപ്പത്തിൽ നാട്ടിൽ എല്ലാ ശനിയാഴ്ചയും ഒരു കാഴ്ച കാണുമായിരുന്നു. ഒരു പോത്തിന് മാലയിട്ട് മാർക്കറ്റിലൂടെയും ടൗണിലൂടെയും നടത്തുന്ന കാഴ്ച. അടുത്തദിവസം വെട്ടാനുള്ള പോത്താണത്. അതുപോലെയാണ് ഞങ്ങളിതിനെ കാണുന്നത്. ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഡിസന്റ് എഴുതുകയും ഡിസന്റിനെക്കുറിച്ച് സംസാരിക്കാതിരിക്കുകയും ചെയ്താൽ ഞാൻ ഡിസന്റ് എഴുതിയെന്നേ റിക്കാർഡിൽ കിടക്കുകയുള്ളൂ. അപ്പോൾ സ്വാഭാവികമായും ഞാൻ ഈ ബില്ലിനെതിരാണെന്ന തെറ്റായ ധാരണ പൊതുസമൂഹത്തിനുണ്ടാകും. ഞാൻ ഈ ബില്ലിനെതിരല്ല. ഡിസന്റ് എഴുതിയത് മറ്റ് ചില കാര്യങ്ങൾക്ക് വേണ്ടിയാണ്. നമ്മുടെ നാട്ടിലെ കള്ള് ഷാപ്പുകൾ ഈ രൂപത്തിൽ പോര, കുറേക്കൂടെ വൃത്തിയുള്ളതാക്കണം, അപ്ഗ്രേഡ് ചെയ്യണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞു. ഭംഗിയായ ഒരു അന്തരീക്ഷമുണ്ടാകണമെന്നതാണ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഒബ്സർവേഷൻ. ഞാനും അതിന്റെ ചുവടു പിടിച്ചാണ് നിൽക്കുന്നത്. സാധുക്കളായ ആളുകളാണ് കള്ള് ചെത്ത് രംഗത്തുനിൽക്കുന്നത്. സത്യം പറഞ്ഞാൽ അവരെപ്പോലെ അദ്ധ്വാനിക്കുന്ന ആളുകൾക്കുപകരം പറയാൻ കഴിയില്ല. രാവിലെ അവർ ജോലി തുടങ്ങും. കള്ള് ലഭ്യമാകുന്ന ഏറ്റവും ഉയരമുള്ള തെങ്ങിൽ കയറി കള്ളെടുത്ത് താഴെകൊണ്ടുവന്ന് അതിനെ ഉപജീവനത്തിനു വേണ്ടി വിനിയോഗിക്കും. കേരളത്തിൽ ഏറ്റവും കൂടുതൽ അത്യദ്ധ്വാനം നടത്തി

ക്കൊണ്ടിരിക്കുന്ന ഒരു ജനവിഭാഗത്തിന്റെ ക്ഷേമത്തിനുവേണ്ടിയാകണം ഈ ബിൽ എന്നുള്ളതാണ് എന്റെ അഭിപ്രായം. അവരുടെ ജീവിതരീതി മെച്ചപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കണം. നമ്മൾ കള്ളിനെക്കുറിച്ച് ആലോചിക്കുമ്പോൾ കുടിക്കുന്ന ഒരു പദാർത്ഥമെന്നുള്ള നിലയിൽ മാത്രമല്ല അതിനെ ചുറ്റിപ്പറ്റിയുണ്ടാകുന്ന ഒരു വലിയ വ്യൂഹമുണ്ട്. അതിന്റെ മൊത്തത്തിലുള്ള വളർച്ചയെക്കുറിച്ച് ആലോചിക്കണമെന്നു തന്നെയാണ് എന്റെ അഭിപ്രായം. അതിനുവേണ്ടിയുള്ള പരിശ്രമം നടത്തണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഈ ബില്ലിൽ ഒന്നുരണ്ട് പ്രധാനപ്പെട്ട കാര്യങ്ങളെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ഞാനത് ആവർത്തിക്കാൻ ആഗ്രഹിക്കുന്നില്ല. കള്ള് ചെത്ത് തൊഴിൽരംഗത്ത് നിൽക്കുന്നയാളുകളുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള പരിശ്രമമുണ്ടാകണം. പ്രസ്തുത പരിശ്രമത്തിനുവേണ്ടിയുള്ള എല്ലാ നടപടികളും സർക്കാർ ആലോചിക്കണമെന്നാണ് ഓർമ്മിപ്പിക്കാനുള്ളത്. ബില്ലിലെ ചില ഭാഗങ്ങളെയൊന്നും ഞാൻ കാര്യമായി എതിർക്കുന്നില്ല. ഇത് മെച്ചപ്പെടണമെന്നുള്ളതാണ് ആഗ്രഹം. ഇവിടെ പറഞ്ഞതുപോലെ, ചെത്ത് തൊഴിലാളികളെ രക്ഷപ്പെടുത്താനാണ് ഈ ബിൽ ലക്ഷ്യമിടുന്നതെങ്കിൽ ഈ ബോർഡിലും ചെത്ത് തൊഴിലാളികൾക്ക് പ്രാതിനിധ്യം നൽകുന്നതിനുള്ള നടപടിയുണ്ടാകണം. അത് ഒളിച്ചും പാത്തും പറയേണ്ട കാര്യമില്ല. വളഞ്ഞ വഴിയിലൂടെ ചില കാര്യങ്ങൾ പറയാൻ സാധിക്കും. ബഹുമാനപ്പെട്ട അംഗം കെ. ബാബു (തൃപ്പൂണിത്തുറ) ഇവിടെ പറഞ്ഞു, ചെത്ത് തൊഴിലാളികൾ മൂന്ന് സംഘടനകളിലാണ് നിൽക്കുന്നതെന്ന്. ഏത് രൂപത്തിലായാലും അവരാണ് ഇതിനകത്തെ സ്റ്റേക്ക്ഹോൾഡേഴ്സ്. അവരാണ് ഏറ്റവും കൂടുതൽ കഷ്ടപ്പെടുന്ന ആളുകൾ. അവരുടെ അദ്ധ്വാനത്തിന്റെ പരിണിത ഫലമായാണ് ഇത്രയും ശുദ്ധമായ കള്ള് ലഭ്യമാകുന്നത്. പക്ഷേ ഇവിടെയൊരു പ്രശ്നമുണ്ട്. കേരളത്തിൽ ലഭ്യമാകുന്ന കള്ള് ശുദ്ധമായ കള്ളല്ല എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. പാലക്കാട് ജില്ലയിൽനിന്നും കള്ള് കൊണ്ടുവരും, തൃശ്ശൂർ ജില്ലയിലെത്തുമ്പോൾ അതിന്റെ രൂപത്തിൽ മാറ്റംവരും, പിന്നെ പലരൂപത്തിലാണ് വരുന്നത്. ഈ സ്ഥിതി മാറണം. അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ അദ്ധ്വാനഫലം, ഈ പാവങ്ങളായ ആളുകളുടെ കയ്യിലേയ്ക്കുതന്നെ പോകണം. അതോടൊപ്പം കള്ളിൽ മറ്റ് പദാർത്ഥങ്ങൾ ചേർത്ത് ബിസിനസ്സാക്കി മാറ്റുന്നവരെ നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള നടപടിയുണ്ടാകണം. ഇതിൽ അതിനുവേണ്ടിയുള്ള നടപടിയൊന്നുമില്ല. നമ്മൾ status quo വാദികളാണ്. നടന്നുകൊണ്ടിരിക്കുന്ന നടപടികൾ അതേരൂപത്തിൽ തുടർന്നുപോകുകയെന്ന status quo വാദമാണ് ഞാൻ ഈ ബില്ലിൽ കാണുന്നത്. അത് മാറി ആധുനിക കാഴ്ചപ്പാടുണ്ടാകണം. ആളുകൾക്ക് അക്സസിബിളായിട്ടുള്ള ഒരു സാഹചര്യമുണ്ടാകണം. അതായത്, വൃത്തിയുള്ള, നല്ല അന്തരീക്ഷമുള്ള രൂപത്തിൽ ഇതിനെ കൊണ്ടുപോകാൻ കഴിയണം. ബഹുമാനപ്പെട്ട മന്ത്രി ഇതിനെക്കുറിച്ചൊക്കെ പരിചയമുള്ള ആളാണ്. നാട്ടിൻപുറത്തെ സാധാരണ കള്ള് ഷാപ്പിൽ ചെന്നാൽ അവിടെയുള്ള അന്തരീക്ഷം അങ്ങ് അംഗീകരി

ക്കുന്നുണ്ടോ? അംഗീകരിക്കാൻ സാധിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. നല്ല അന്തരീക്ഷമുള്ള ചില ഒറ്റപ്പെട്ട സ്ഥലങ്ങളുണ്ട്. എന്റെ നാട്ടിലെ 'കരിമ്പിൻകാല' പേരുകേട്ടൊരു സ്ഥലമാണ്. ബാക്കി എല്ലാ ഷാപ്പുകളും ഈ രൂപത്തിലാണെന്ന് പറയാൻ സാധിക്കുമോ? അല്ല എന്ന് നിസ്സംശയം പറയാം. മിനിമം സ്റ്റാൻഡേർഡ് അതിനുണ്ടാക്കിയെടുക്കാൻ നമുക്ക് കഴിയണം; അതിന് അവരെ സഹായിക്കുകയും ചെയ്യണം. കാരണം ഇത് ഒരു ജനവിഭാഗത്തിന്റെ ജീവിതമാർഗ്ഗമാണ്. അവരുടെ ജീവിതമാർഗ്ഗത്തെ നമ്മൾ കോർക്കിട്ട് മുറുക്കിക്കളയുന്നതിന് ശ്രമിക്കാതെ, വളരുന്നതിനുവേണ്ടിയുള്ള നടപടികളിലേയ്ക്കാണ് പോകേണ്ടത്. അതിനുവേണ്ടി, വിശാലമായ രൂപത്തിൽ ഇക്കാര്യം കണക്കിലെടുക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. പൊക്കം കുറഞ്ഞ തെങ്ങ്, കൂടുതൽ കള്ള് കിട്ടുന്നത് തുടങ്ങിയ ചില പരീക്ഷണങ്ങൾ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി നടത്തിയിട്ടുണ്ട്. അവർ നീരയുടെ ഉദ്പാദനത്തിലേയ്ക്കൊക്കെ വന്നു. അതിനെക്കുറിച്ച് രണ്ടഭിപ്രായം വന്നതായി കേൾക്കുകയും ചെയ്തു. പക്ഷേ ഇത്രയും കയറ്റം കയറിപ്പോകുന്ന, വലിയ ശാരീരികാദ്ധ്വാനം നടത്തുന്ന മറ്റൊരു ജോലി കേരളത്തിൽ പറയാൻ കഴിയുമോ. എത്രയോ കാലമായി ഈ പാവങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന വിഷമങ്ങൾ കണ്ട് രസിക്കുന്ന രൂപത്തിൽ നമ്മൾ നിൽക്കുകയല്ലേ; അത് ശരിയാണോ? അതിനുവേണ്ടി പ്രത്യേകമൊരു നിലപാടും രൂപവും വേണം. സർക്കാരിനോട് എനിക്കൊരു അഭ്യർത്ഥനയുണ്ട്. സർക്കാരിന്റെ കയ്യിൽ ഭൂമിയുണ്ടെന്ന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പറഞ്ഞു. അത് സമ്മതിക്കുന്നു. ശുദ്ധമായ കള്ളെടുക്കാൻ സാധിക്കുന്ന രൂപത്തിലുള്ള ഫാമുകൾ വികസിപ്പിക്കുന്നതിനെക്കുറിച്ച് എന്തുകൊണ്ട് സർക്കാരിന് ആലോചിച്ചുകൂടാ? മാത്രമല്ല ഈ രംഗത്ത് സൊസൈറ്റികളെക്കൂടി പങ്കാളികളാക്കിക്കൊണ്ട് ഒരു സമൂഹത്തിന്റെ സമുദ്ധാരണത്തിനുവേണ്ടി പൂർണ്ണമായി വിനിയോഗിക്കാൻ കഴിയത്തക്കവിധത്തിൽ വിപുലപ്പെടുത്താൻ ഈ ബിൽ വളരെ കർക്കശമായി ആലോചിക്കണമെന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ഇത് യു.ഡി.എഫ്.-ന്റെ അഭിപ്രായമാണോ; അങ്ങനെയാണെങ്കിൽ ലീഗിന്റെ നിലപാടെന്താണ്?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങ് ഒരു കൊളുത്തുവച്ചുകൊണ്ടാണ് ചോദ്യം ചോദിക്കുന്നതെന്ന് ചിന്തിക്കാനുള്ള സാമാന്യബോധം എനിക്കില്ലേ? എന്നാലും എനിക്ക് അങ്ങയെ വലിയ കാര്യമാണ്. കാരണം അങ്ങയെ ഇവിടെ രാവിലെ കാണാതിരുന്നപ്പോൾ അങ്ങെവിടെയെന്ന് ഞാൻ തിരക്കി. താങ്കളെ എപ്പോഴും ഊർജ്ജസ്വലമായി ഈ നിയമസഭയിൽ കാണണമെന്നാഗ്രഹിക്കുന്നവരാണ് ഞങ്ങൾ.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ശ്രീ. എ. എൻ. ഷംസീറിന് ഈയിടെ ഒരു പരിക്ക് പറ്റിയിരിക്കുകയാണെന്ന കാര്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ശ്രീ. എ. എൻ. ഷംസീർ അങ്ങനെ ഒരു പരിക്കിലും വീഴുന്ന ആളല്ല. അതൊക്കെ പിടിച്ച് നിൽക്കാനുള്ള കരുത്ത് അദ്ദേഹത്തിനുണ്ട്. പക്ഷെ ഇനി പരിക്കുപറ്റാതെ സൂക്ഷിക്കണം. ഈ ബില്ലിനോട് എല്ലാവരും യോജിച്ചില്ലേ; കള്ള് എന്നാൽ ഫോറിൻ ലിക്വറിന്റെ രൂപത്തിലുള്ള ഒരു സാധനമല്ലല്ലോ? ഇത് നാട്ടിൻപുറങ്ങളിലെ ഒരു വിഭാഗം ആളുകൾ, അവരുടെ തൊഴിലിന്റെ ഭാഗമായി നടത്തിക്കൊണ്ടിരിക്കുന്ന ഒരു കാര്യത്തെ അപ്ഡേറ്റ് ചെയ്തുപോകുകയാണ്. അതാണ് നമ്മൾ ചെയ്തുകൊണ്ടിരിക്കുന്നത്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ആദ്യകാലംമുതൽ കോൺഗ്രസ്സിന്റെ നയം കള്ള് വ്യവസായത്തിനെതിരല്ല. കാരണം ഉദയഭാനു കമ്മിഷൻ റിപ്പോർട്ടിൽ വീര്യംകുറഞ്ഞ മദ്യം കൊടുക്കണമെന്നാണ് പറയുന്നത്. കള്ളിലെ ആൽക്കഹോളിക് കണ്ടന്റ് 8.1% ആണ്. അതേസമയം മറ്റ് മദ്യങ്ങളിൽ 13%-ൽ കൂടുതലാണ്. അക്കാര്യം അങ്ങേയ്ക്ക് അറിയാമല്ലോ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അക്കാര്യം അറിയാമെന്നുമാത്രമല്ല, ബിയറിനകത്ത് 9% ആണ് വേണ്ടത്. പക്ഷെ ഇവിടെ വിൽക്കുന്ന ബിയറിനകത്ത് 20% വരെയുണ്ടെന്ന യാഥാർത്ഥ്യം നിലനിൽക്കുകയാണ്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ബഹുമാന്യരായ തിരുവഞ്ചൂർ രാധാകൃഷ്ണനും കെ. ബാബു (തൃപ്പൂണിത്തുറ)-വും കള്ള് വ്യവസായത്തിന്റെ സംരക്ഷണത്തിനും ഇതിന്റെ ഭാവിക്കും സഹായകരമായ അഭിപ്രായങ്ങൾ പറയുന്നത് തികച്ചും സ്വാഗതാർഹമാണ്. പക്ഷേ കള്ള് വ്യവസായത്തോട് നിങ്ങളെടുത്ത നിലപാട് എല്ലാകാലത്തും ഒരുപോലെയായിരുന്നില്ല. കാരണം യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കള്ള് ഷാപ്പുകൾ അടച്ചുപൂട്ടുന്ന നിലപാടെടുത്തു, എണ്ണം കുറച്ചു. വളരെയധികം കഠിനാദ്ധ്വാനം ചെയ്ത് ജോലിചെയ്യുന്ന തൊഴിലാളികളെക്കുറിച്ച് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ വിശദീകരിക്കുന്നത് ന്യായമാണ്. എന്നാൽ ആ തൊഴിലാളികൾക്ക് സംരക്ഷണം കൊടുക്കത്തക്ക സമീപനമായിരുന്നില്ല കള്ള് ഷാപ്പുകളുടെ എണ്ണം കുറച്ചും അടച്ചുപൂട്ടലിലൂടെയും നിങ്ങൾ സ്വീകരിച്ചിരുന്നത്. ഈ മേഖലയിൽ ജോലി ചെയ്തിരുന്ന ചെത്ത് തൊഴിലാളികളെയും ഷാപ്പിൽ ജോലി ചെയ്യുന്ന തൊഴിലാളികളെയും പരിഗണിക്കാതെയുള്ള സമീപനമായിരുന്നു ആ സന്ദർഭത്തിൽ സ്വീകരിച്ചിരുന്നതെന്നുള്ള വസ്തുത മറച്ചുവയ്ക്കുന്നത് ശരിയല്ല. ഇപ്പോൾ സ്വാഗതാർഹമായ നടപടിയിലേയ്ക്ക് വന്നിട്ടുണ്ടെങ്കിൽ, അത് നമുക്കൊന്നിച്ച് കാര്യങ്ങൾ കൊണ്ടുപോകാൻ സഹായകരമായ സമീപനം തന്നെയാണ്. ആ യോജിപ്പാണ് ഈ വ്യവസായ സംരക്ഷണത്തിനുവേണ്ടി രൂപപ്പെടുത്തേണ്ടത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞങ്ങൾ ഇതിനൊക്കെ ഏത് നിലപാടാണ് സ്വീകരിക്കുന്നതെന്ന് ഇതിനോടകംതന്നെ വ്യക്തമല്ലേ? ഇപ്പോൾ പറഞ്ഞതുപോലെ, കള്ളിൽ മായം ചേർത്ത്, അത് പിന്നീട് വിഷവസ്തുവായി മാറുന്നതിന്റെ രൂപം വന്നപ്പോൾ വ്യത്യസ്തമായ ഒരഭിപ്രായം വന്നിട്ടുണ്ടാകും. കള്ളുൽപ്പാദനം നടത്തിക്കൊണ്ടിരിക്കുന്ന, പണിയെടുക്കുന്ന പാവങ്ങളായ ആളുകൾ ഈ നാട് വിട്ടുപോകണമെന്നാണോ അങ്ങയുടെ അഭിപ്രായം? അവരും അന്തസ്സായി ജീവിക്കട്ടെ.

5.00 P.M.]

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഇവിടെ മുൻ എക്സൈസ് വകുപ്പുമന്ത്രി പറഞ്ഞത് വസ്തുതാപരമല്ല. കാരണം, കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഒരു ഷാപ്പുപോലും അടച്ചുപൂട്ടിയിട്ടില്ലെന്നുമാത്രമല്ല 2006-2011-ലെ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് തൃശ്ശൂർ താലൂക്കിൽ വർഷങ്ങളായി പൂട്ടിക്കിടന്ന ഷാപ്പുകളുൾപ്പെടെ മുഴുവൻ ഷാപ്പുകളും എ.ഐ.ടി.യു.സി. നേതാവ്, മുൻമന്ത്രി വി. എസ്. സുനിൽ കുമാർ ഉൾപ്പെടെയുള്ളവർ ആവശ്യപ്പെട്ടതനുസരിച്ച് യു.ഡി.എഫ്.-ന്റെ കാലത്ത് തുറന്നുകൊടുക്കുകയാണുണ്ടായത്. ഞാനാണ് അന്ന് ആ വകുപ്പ് കൈകാര്യം ചെയ്തിരുന്നത്. മുഴുവൻ ഷാപ്പുകളും തുറന്നു. വേണമെങ്കിൽ റെക്കോർഡ് വച്ച് തർക്കിക്കാം. രണ്ടാമതായി ലേലത്തിൽ പോകാത്ത ഷാപ്പുകൾ തൊഴിലാളി സമിതികൾക്ക് വെറും 500 രൂപയ്ക്ക് നൽകി. വൃക്ഷക്കരം ഒഴിവാക്കിക്കൊടുത്തു. മറ്റൊരു കാര്യം, ഒരു കെട്ടിട ഉടമ വാടക കൂടുതൽ ലഭിക്കാൻവേണ്ടി കോൺട്രാക്ടർ മാറുമ്പോൾ കെട്ടിടം വാടകയ്ക്ക് കൊടുക്കില്ല. അതാണ് ഈ വ്യവസായത്തിലെ ഏറ്റവും വലിയ പ്രതിസന്ധി. അതിന് ഞങ്ങൾ ചെയ്തത്, 'എലുക'യ്ക്കുള്ളിൽ മാറ്റാമെന്നുള്ള ഭേദഗതി കൊണ്ടുവന്ന് കള്ള് വ്യവസായത്തെ സംരക്ഷിച്ചു. ഇതുപോലെ ഒരു സംരക്ഷണവും കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് ചെയ്തിട്ടില്ലെന്ന് അറിയാമോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, നിങ്ങൾ രണ്ടുപേരും ഈ വകുപ്പ് കൈകാര്യം ചെയ്തവരാണ്. ലേറ്റസ്റ്റ് പൊസിഷൻ ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) പറഞ്ഞതിൽനിന്നും മനസ്സിലായില്ലേ? മാത്രമല്ല, കൂട്ടത്തിൽ അഡീഷണലായി ഒരു കാര്യംകൂടി ഞാൻ പറയാം. നഷ്ടത്തിൽ പോയ ചില ഒറ്റപ്പെട്ട ഷാപ്പുകളെ മുന്നോട്ടുകൊണ്ടുപോകാൻ നിവൃത്തിയില്ലാത്ത ഘട്ടം വന്നു. അക്കാര്യം അങ്ങേയ്ക്കറിയാം. അതിനാൽ ഇത്തരത്തിലുള്ള ഓരോ സ്ഥലങ്ങളെക്കുറിച്ച് ഞാൻ പറയുന്നില്ല. ആ സാഹചര്യം വന്നപ്പോൾ സൊസൈറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികളുണ്ടായി. തൊഴിലാളികളാണ് സൊസൈറ്റികൾ രൂപീകരിക്കുന്നതിനുവേണ്ടി മുന്നോട്ടുവന്നത്.

അങ്ങനെയാണ് തൊഴിലാളികളുടെ സൊസൈറ്റി രൂപീകരിച്ചത്. ആ സൊസൈറ്റിയെ അങ്ങേയ്ക്ക് അറിയാമല്ലോ; വൈക്കം താലൂക്ക് ചെത്ത് തൊഴിലാളി യൂണിയനെ സംബന്ധിച്ച് അങ്ങയുടെ സഹപ്രവർത്തകരോട് ചോദിക്കണം. ആ ചെത്ത് തൊഴിലാളി യൂണിയൻ യഥാർത്ഥത്തിൽ ഷാപ്പ് നടത്തുന്നുണ്ട്. സൊസൈറ്റിയുണ്ടാക്കി അവർ അതിനെ സംരക്ഷിച്ചു. നമ്മൾ ആളുകളെ താഴോട്ട് കൊണ്ടുപോകാനല്ല, അവരെ കൂടുതൽ സഹായിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് ഞാൻ പറയുന്നത്. അങ്ങ് ചെയ്ത നടപടിയെ ഞാൻ എതിർക്കുന്നില്ല. അതെല്ലാം നല്ലതാണ്. ആ രൂപത്തിൽത്തന്നെ മുന്നോട്ടുപോകണം. അതിനെക്കുറിച്ച് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അനുഭവത്തിൽനിന്നും മറുപടി പറഞ്ഞതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. എന്റെ അഭിപ്രായം അതിനേക്കാൾ ഒരു സ്റ്റെപ്പുകൂടി മുന്നിലാണ്. വർഷങ്ങൾക്കുമുമ്പുണ്ടായിരുന്ന രൂപത്തിൽ ഷാപ്പുകളുടെ സ്റ്റാറ്റസ് താഴേയ്ക്ക് കൊണ്ടുപോകണമോയെന്നാണ് എന്റെ ചോദ്യം; ഇവിടെ പുതിയ മാളുകളും കെട്ടിടങ്ങളും ഹോട്ടലുകളും റെസ്റ്റോറന്റുകളും വരുന്നു. ഷാപ്പിനുമാത്രം ഫേസ് മാറ്റം പറ്റില്ലെന്ന വാദഗതിയെടുക്കുന്നതെന്തിനാണ്? അതിന് facelift വേണം. ആ facelift വന്നുകഴിയുമ്പോൾ സ്വാഭാവികമായും അത് ആകർഷണകേന്ദ്രമായി മാറും. അങ്ങനെ വന്നാൽ മദ്യപാനത്തിലെ ദോഷകരമായിട്ടുള്ള പലതും ഒഴിവാക്കാൻ സാധിക്കുമെന്ന വിശ്വാസമാണ് എനിക്കുള്ളത്. അതിനാൽ ഈ ബിൽ കുറച്ചുകൂടി വിപുലീകരിക്കണം. ഇന്നത്തെ നിലയിൽ ഈ ബിൽ കൊണ്ടുവന്നതിനെ ഞാൻ ഉൾക്കൊള്ളുന്നു. എന്നാൽ ഈ ബിൽ വിപുലീകരിച്ച് ഒരു ജനസമൂഹത്തിന്റെ ജീവിതത്തെ ബാധിക്കുന്ന സുപ്രധാനമായ നിയമനിർമ്മാണമെന്നുള്ള നിലയിലേയ്ക്ക് മാറ്റിയെടുക്കുന്നതിനുവേണ്ടിയുള്ള നടപടിയുണ്ടാകണം. അതിന് ഞങ്ങളുടെ എല്ലാവിധത്തിലുമുള്ള സഹായസഹകരണവുമുണ്ടാകും. ശ്രീ. എ. എൻ. ഷംസീർ ചോദിച്ചതുപോലെ അതിന് അവരുണ്ടോ; ഇവരുണ്ടോയെന്ന് ദയവായി ചോദിക്കരുത്. ഞങ്ങളെല്ലാവരും ഒരുമിച്ച് ഒറ്റക്കെട്ടായി ഇക്കാര്യത്തിൽ നിൽക്കുകയാണ്. ഗവൺമെന്റ് അതിൽ ഉയർന്ന തലത്തിലേയ്ക്ക് വരണമെന്നാണ് എന്റെ അഭ്യർത്ഥന. മോഹിപ്പിച്ച് നിർത്തരുതെന്നാണ് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) പറഞ്ഞത്. എന്തെങ്കിലും സന്ദർഭം വരുമ്പോൾ, ഉടനെ ഞങ്ങൾ അത് നിങ്ങൾക്ക് ചെയ്തുതരുമെന്ന് പറഞ്ഞ് മോഹിപ്പിച്ച് നിർത്തരുത്. ആശ കൊടുത്ത് നിർത്തരുത്. ആശ കൊടുത്താലും ആളുകളെ വിഷമിപ്പിക്കുന്ന സാഹചര്യത്തിലേയ്ക്ക് പോകരുത്. അതല്ലാതെ പ്രാക്ടിക്കലായി കേരള ജനസമൂഹത്തിന്റെ പൊതുസ്വഭാവം മനസ്സിലാക്കി ഭംഗിയായി ഇത് കൊണ്ടുപോകത്തക്ക വിധത്തിലുള്ള നിയമനിർമ്മാണം ഉണ്ടാകണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. ജോബ് മൈക്കിൾ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. സംസ്ഥാനത്തെ പരമ്പരാഗത കള്ള് വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനും ഈ മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ സംരക്ഷണത്തിനും അവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനുമായി കള്ള് വ്യവസായം നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി, ഫലപ്രദമായി ഇടപെടലുകൾ നടത്തി പരമ്പരാഗത കള്ള് വ്യവസായം സംരക്ഷിച്ച് നിർത്തുന്നതിനുവേണ്ടി ഒരു ബോർഡ് സ്ഥാപിക്കാനുള്ള ബില്ലാണ് 2021 ഒക്ടോബർ മാസം 6-ാം തീയതി സഭയിൽ അവതരിപ്പിച്ചത്. സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കുശേഷം ബിൽ ഇന്ന് ചർച്ചയ്ക്കെടുത്തിരിക്കുകയാണ്. കള്ള് വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനും ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ബോർഡ് പദ്ധതികൾ ആവിഷ്കരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രി ബിൽ അവതരിപ്പിച്ചപ്പോൾത്തന്നെ പറഞ്ഞിരുന്നു. കൂടാതെ, കള്ളിൽനിന്ന് ലഭിക്കുന്ന വിനാഗിരി, വീര്യം കുറഞ്ഞ മദ്യം തുടങ്ങിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുവാനും ആവശ്യമായ പദ്ധതികൾ ബോർഡ് മുഖാന്തരം ആവിഷ്കരിക്കേണ്ടതാണ്. ഈ ബോർഡിന് വലിയ ചുമതലകളുണ്ടെന്ന് നമുക്കറിയാം. കള്ള് വ്യവസായത്തിൽ ഉൾപ്പെട്ടിരിക്കുന്ന മുഴുവൻ തൊഴിലാളികളുടെയും തൊഴിൽ സംരക്ഷിക്കുന്നതിനും അവർക്ക് അർഹമായ ആനുകൂല്യം ലഭിക്കുന്നതിനും ബോർഡ് രൂപീകരിക്കേണ്ടത് ആവശ്യമാണ്. കലർപ്പില്ലാത്ത മദ്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഇന്ന് മദ്യം ഉല്പാദനം വളരെ കുറവും ഷാപ്പുകളുടെ എണ്ണം വളരെ കൂടുതലുമാണ്. മദ്യത്തിന്റെ ഉല്പാദനത്തിനനുസരിച്ച് ഷാപ്പുകളിൽ ശുദ്ധമായ കള്ള് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഇന്ന് കൂടുതലായി കള്ള് ചെത്തുന്നത് ചിറ്റൂർ മേഖലയിലാണ്. അവിടെനിന്ന് ലഭിക്കുന്ന കള്ളാണ് തിരുവനന്തപുരം വരെയുള്ള എല്ലാ ജില്ലകളിലും വിതരണം നടത്തുന്നത്. ഈ കള്ളിന്റെ പരിശുദ്ധി പരിശോധിക്കേണ്ടതാണ്. കള്ള് പരിശോധിച്ച് ശുദ്ധമായ കള്ളാണെന്ന് ബോധ്യപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇത് ഷാപ്പുകളിൽ വിതരണം ചെയ്യാൻ പാടുള്ളൂവെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കേര കർഷകർക്ക് കൂടുതൽ ആദായം ലഭിക്കുന്നതിന് 'നീര' പോലുള്ള ലഹരിയേതര ഉൽപ്പന്നങ്ങൾ ഉല്പാദിപ്പിച്ച് വിപണികളിലെത്തിക്കുവാൻ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കണം. ഇതിനായി സംഘങ്ങൾ രൂപീകരിച്ച് തൊഴിലാളികൾക്കാവശ്യമായ പരിശീലനം നൽകണം. ഇന്ന് കേര കർഷകരാണ് ഏറ്റവുമധികം ബുദ്ധിമുട്ടുന്നത്. അവർക്ക് ഒരു തെങ്ങിന് 400 അല്ലെങ്കിൽ 450 രൂപയാണ് പ്രതിമാസം ലഭിക്കുന്നത്. ഒരു തൊഴിലാളി ഒരു ദിവസം പത്ത് തെങ്ങ്

ചെത്തിയാൽ ലഭിക്കുന്ന കള്ളിന്റെ അളവ് പത്ത് ലിറ്റർ അല്ലെങ്കിൽ പന്ത്രണ്ട് ലിറ്ററാണ്. ആ തൊഴിലാളിക്ക് ലഭിക്കുന്ന വരുമാനം വെറും 600 രൂപയാണ്. തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനോടൊപ്പം തെങ്ങ് ചെത്താൻ നൽകുന്ന കൃഷിക്കാർക്കുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനുമുള്ള നടപടികൾ സ്വീകരിക്കണം. ഒരു തെങ്ങ് അല്ലെങ്കിൽ പന ചെത്താൻ കൊടുത്താൽ ആ തെങ്ങിന്റെ അല്ലെങ്കിൽ പനയുടെ ചൊട്ടയൊക്കെ ശരിയാക്കി ഒരു മാസം കഴിയുമ്പോൾ അതിൽ കള്ള് വീഴാൻ തുടങ്ങും. രണ്ട് വർഷംവരെ നീണ്ടുനിൽക്കുന്ന രീതിയിൽ ആ തെങ്ങ് ചെത്താൻ സാധിക്കും. ആ ചെത്തുന്ന കള്ള് തെങ്ങിന്റെ കുമ്പിൽ വീണാൽ തെങ്ങ് നശിച്ചുപോകും. എന്നെന്നേയ്ക്കുമായി കർഷകർക്ക് ആ തെങ്ങ് നഷ്ടപ്പെടും. അങ്ങനെ തെങ്ങ് നഷ്ടപ്പെടുമ്പോൾ കർഷകന് നൽകുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കാനുള്ള നടപടികൾകൂടി സ്വീകരിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. ഉൽപ്പാദനത്തിൽ മാത്രമല്ല വിപണനത്തിലും ബോർഡിന്റെ ഇടപെടലുണ്ടാകണം. ഇന്ന് ഷാപ്പുകളുടെ അവസ്ഥ വളരെ മോശമാണ്. ഏതെങ്കിലുമൊരു സ്ഥലത്ത് ഷെഡ്ഡുകൾ നിർമ്മിച്ച് ഏതെങ്കിലും രീതിയിലുള്ള ഒരു സംവിധാനത്തിലൂടെയാണ് ഇന്ന് ഷാപ്പുകൾ പ്രവർത്തിക്കുന്നത്. അത് മതിയാകില്ല. നല്ല രീതിയിലുള്ള നിർമ്മാണ പ്രവർത്തനം ഷാപ്പുകൾക്കു വേണം. ശുചിമുറി വേണം. ആളുകൾക്ക് ഷാപ്പുകളിൽ ചെന്നാൽ നല്ല ആഹാരം ലഭിക്കുന്ന സംവിധാനമുണ്ടാകണം. ഇപ്പോൾ ഷാപ്പുകളിൽ കള്ള് കുടിക്കാൻവേണ്ടി മാത്രമല്ല ആളുകൾ പോകുന്നത്. ഷാപ്പിൽ ഭക്ഷണം കഴിക്കാൻ ആളുകൾ പോകുന്നുണ്ട്. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞതുപോലെ, ഞങ്ങളുടെ സ്ഥലങ്ങളിലെ ഷാപ്പുകളിൽ ആളുകൾ കള്ള് കുടിക്കാൻവേണ്ടി മാത്രമല്ല, നല്ല ഭക്ഷണം കഴിക്കാൻവേണ്ടി കുടുംബസമേതം പോകുന്ന ഷാപ്പുകൾവരെയുണ്ട്. അവിടെ ഭക്ഷണം കഴിക്കാനെത്തുന്നവർക്ക് ശുചിത്വമുള്ള ഭക്ഷണം ലഭിക്കുന്നതിനുള്ള സംവിധാനമുണ്ടാകണം. ഈ ബോർഡിന്റെ രൂപീകരണത്തെ സംബന്ധിച്ച് മുൻമന്ത്രിമാരെല്ലാവരും ഇവിടെ തർക്കം പറയുകയുണ്ടായി. പ്രിയപ്പെട്ട കെ. ബാബു (തൃപ്പൂണിത്തുറ) പറഞ്ഞത്, ഇത് അദ്ദേഹം കൊണ്ടുവന്ന ബില്ലാണെന്നാണ്. ആര് കൊണ്ടുവന്ന ബിൽ എന്നുള്ളതല്ല ഇവിടെ പ്രാധാന്യം. ഈ ബില്ലിൽ ഉൾപ്പെട്ടിരിക്കുന്ന വ്യവസ്ഥകൾ പാവപ്പെട്ട തൊഴിലാളികൾക്ക് ഉപകാരപ്രദമാണോ പ്രയോജനപ്രദമാണോ അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതാണോ കർഷകർക്ക് എന്തെങ്കിലും ആനുകൂല്യം ലഭിക്കുന്നതാണോ എന്നാണ് പരിശോധിക്കേണ്ടത്. 'കേരം തിങ്ങും കേരള നാട്' എന്നാണ് കേരളത്തെ അറിയപ്പെടുന്നത്. എന്നാലിന്ന് കേരത്തിന്റെ എണ്ണം കുറഞ്ഞുപോകുന്നു. അതുകൊണ്ടാണ് ഒരു മേഖലയിൽ മാത്രമായി ചെത്ത് വ്യവസായം പരിമിതപ്പെട്ടുപോയത്. കേരളത്തിലെ കേര കർഷകരെ കൂടുതലായി പ്രോത്സാഹിപ്പിച്ചുകൊണ്ട്, ഈ വ്യവസായ

ത്തിനുവേണ്ടി പത്ത് വർഷമെങ്കിലും തെങ്ങ് നൽകുന്ന കർഷകർക്ക് എന്തെങ്കിലും വരുമാനം അല്ലെങ്കിൽ ക്ഷേമനിധി ലഭിക്കത്തക്ക രീതിയിൽ കൊടുത്താൽ, ഇവിടെ ചെത്താനുള്ള തെങ്ങിന്റെ ലഭ്യതക്കുറവ് മാറും. കാരണം പത്ത് വർഷം തുടർച്ചയായി ഒരു കർഷകൻ തെങ്ങ് ചെത്താൻ കൊടുത്താൽ ആ കർഷകന് പ്രത്യേക ആനുകൂല്യം ലഭിക്കുമെന്ന് കണ്ടാൽ വളരെയധികം കർഷകർ തെങ്ങ് ചെത്താൻ നൽകും. അങ്ങനെ ഈ പരമ്പരാഗത വ്യവസായത്തെ പിടിച്ചുനിർത്താൻ സാധിക്കും. ഉദയഭാനു കമ്മീഷൻ ഇതിനെ സംബന്ധിച്ച് ആഴത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ട്. നാനാമേഖലയിലുള്ളവരുമായി ആശയവിനിമയം നടത്തി ലഭിക്കാവുന്ന എല്ലാ വിവരങ്ങളും ശേഖരിച്ചാണ് കമ്മീഷൻ റിപ്പോർട്ട് പ്രസിദ്ധീകരിച്ചത്. ഈ റിപ്പോർട്ടിൽ കള്ള് സംരക്ഷിക്കണമെന്നും ഒരു പോഷകമൂല്യമുള്ള പാനീയമെന്ന നിലയിൽ പ്രോത്സാഹിപ്പിക്കണമെന്നും ശിപാർശ ചെയ്തിട്ടുണ്ട്. ഇന്ന് ഇതുസംബന്ധിച്ച് നടക്കുന്ന ചർച്ചകളിലും പ്രചരണത്തിലും പ്രക്ഷോഭങ്ങളിലുമെല്ലാം കള്ളിന്റെ നല്ല വശങ്ങളെ സംബന്ധിച്ചല്ല അഭിപ്രായങ്ങൾ ഉയർന്നുവരുന്നത്. കുറേക്കാലങ്ങളായി മദ്യമെന്നാണ് കള്ള് തെറ്റായവിധത്തിൽ വ്യാഖ്യാനിക്കപ്പെടുന്നത്. ഉദയഭാനു കമ്മിഷൻ റിപ്പോർട്ടും മറ്റ് ഒട്ടേറെ പഠന വിധേയമായ ആധികാരികമായ റിപ്പോർട്ടുകളുമാണ് ഇതിനെ സംബന്ധിച്ചുള്ളത്. വിദേശ മദ്യത്തിന്റെയും മറ്റ് വീര്യംകൂടിയ മദ്യങ്ങളുടെയും പട്ടികയിൽ കള്ള് ഉൾപ്പെടുത്താൻ പാടില്ല. ഇവിടെ സൂചിപ്പിച്ചതുപോലെ കള്ളിന്റെ വീര്യം 8 ശതമാനമാണ്. വീര്യം കുറഞ്ഞ മദ്യമെന്ന രീതിയിൽ ഇതിന് എല്ലാ രംഗത്തുനിന്നുമുള്ള പ്രോത്സാഹനമുണ്ടാകണം. അതോടൊപ്പംതന്നെ ഒരു ലക്ഷത്തോളം തൊഴിലാളികളും അവരുടെ കുടുംബങ്ങളും ഈ തൊഴിലിനെ ആശ്രയിച്ചാണ് കഴിയുന്നത്. കേരളത്തിലെ കാർഷിക ജീവിതവുമായും സാംസ്കാരികപരമായും പാരമ്പര്യമായും അഭേദ്യമായി ബന്ധപ്പെട്ട ഒന്നാണ് കള്ളുൽപ്പാദനവും ഉപയോഗവും. ചെത്ത് തൊഴിലാളികൾ കഠിനമായി ജോലി ചെയ്യുന്നവരാണ്. തെങ്ങിൻകള്ളും പനംകള്ളും ഉൽപ്പാദിപ്പിക്കുന്നുണ്ട്. വളരെ ഉയരമേറിയ തെങ്ങിന് മുകളിൽ മൂന്നുനേരവും കയറി ജോലി ചെയ്യുന്ന തൊഴിലാളികളുടെ അദ്ധ്വാനം വിലകുറച്ച് കാണാൻ പാടില്ല. തികച്ചും പ്രകൃതിദത്തമായ ഉൽപ്പന്നമായിട്ടുപോലും ചെത്ത് തൊഴിലാളികളും കള്ള് ചെത്തുന്ന വ്യവസായങ്ങളും പലപ്പോഴും ആക്രമിക്കപ്പെടുകയാണ് ചെയ്യുന്നത്. പൊതുവെ ഹാനികരമല്ലാത്തതും ലഹരി വളരെ കുറഞ്ഞതുമായ മദ്യമാണ് കള്ള്. ഇതിലടങ്ങിയിട്ടുള്ള ഔഷധമൂല്യങ്ങളും പോഷകഗുണങ്ങളും കൂടുതൽ ഗവേഷണത്തിനും പഠനത്തിനും വിധേയമാക്കേണ്ടതാണ്. സംസ്ഥാനത്ത് നിലവിലുള്ള എല്ലാ ഷാപ്പുകൾക്കും ആവശ്യമായ കള്ളെത്തിക്കാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. വ്യാപകമായി മായം കലർന്ന കള്ള് വിപണനം ചെയ്യുന്ന സാഹചര്യമുണ്ടാകുന്നു.

മായംകലർന്ന കള്ള് വിപണനം ചെയ്യുന്ന ഷാപ്പുകൾക്കെതിരെ കർശന നടപടി സ്വീകരിക്കണം. കള്ളിന്റെ ഗുണമേന്മ പരിശോധിക്കാനാവശ്യമായ എല്ലാ സംവിധാനങ്ങളും ഉപയോഗിക്കണം. മദ്യത്തേക്കാൾ ലഹരി കുറവാണെന്നതാണ് കള്ളിന്റെ പ്രത്യേകത. അത് നമുക്ക് വേണ്ടരീതിയിൽ ഉപയോഗപ്പെടുത്താനോ നിലനിർത്താനോ സാധിക്കുന്നില്ലെന്നുള്ളത് വസ്തുതയാണ്.

ശ്രീ. തോമസ് കെ. തോമസ്: സർ, ഏറ്റവും കൂടുതൽ തെങ്ങുള്ള പ്രദേശം കായൽ പ്രദേശമാണ്. ആർ ബ്ലോക്ക്, റാണി, ചിത്തിര, മാർത്താണ്ഡ കായലുകളാണ്. ഒരുകാലത്ത് ചെത്ത് തൊഴിലാളികൾ അവിടെ മാസശമ്പളത്തിലാണ് ജോലി ചെയ്തുകൊണ്ടിരുന്നത്. ഇന്ന് ആർ ബ്ലോക്കിലോ മറ്റുള്ള സ്ഥലങ്ങളിലോ ചെന്നു കഴിഞ്ഞാൽ ഒരു തെങ്ങുപോലും കാണാനില്ല. കള്ള് ബ്ലാക്കിലോ അല്ലെങ്കിൽ ഒറിജിനൽ കള്ളല്ലാത്ത രീതിയിലോ ഉൽപ്പാദിപ്പിച്ച് കൊടുക്കുന്ന സംവിധാനമുണ്ടെന്ന് ബഹുമാനപ്പെട്ട ജോബ് മൈക്കിൾ പറഞ്ഞു. അതിനുകാരണം ഒറിജിനൽ കള്ള് ലഭിക്കുന്നില്ലെന്നുള്ളതുകൊണ്ടാണ്. ആലപ്പുഴ ജില്ലയിലെ കുട്ടനാട് പ്രദേശങ്ങളിലാണ് ഏറ്റവും കൂടുതൽ തെങ്ങ് കൃഷിയും കള്ള് വ്യവസായവുമുള്ളത്. അങ്ങനെയുള്ള പ്രദേശങ്ങളിൽ കൂടുതൽ തെങ്ങ് വച്ചുപിടിപ്പിച്ച് നല്ലരീതിയിൽ സംരക്ഷിക്കാനായി ട്ടുള്ളൊരു വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ജോബ് മൈക്കിൾ: സർ, അത് ഞാൻ സൂചിപ്പിച്ചു. കർഷകർക്ക് അനുകൂലമായൊരു തീരുമാനമുണ്ടാകേണ്ടത് വളരെ ആവശ്യമാണ്. തെങ്ങ് കർഷകർക്ക് പ്രത്യേകമായി പാക്കേജുകൾ പ്രഖ്യാപിച്ച് അവരെ കൂടുതൽ ഇതിലേയ്ക്കായി കൊണ്ടുവരികയും ഈ വ്യവസായത്തെ നിലനിർത്താൻ വേണ്ടിയുള്ള കാര്യങ്ങൾ ചെയ്യുകയും വേണം. 1970-ൽ സ്ഥാപിച്ച കേരള കള്ള് വ്യവസായ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം ഇന്നും മുന്നോട്ട് പോകുകയാണ്. നിലവിൽ ഈ ബോർഡിൽ 31070 തൊഴിലാളികളും 16725 പെൻഷൻകാരുമാണുള്ളത്. 2017 ജൂലൈ മാസം മുതൽ സർവ്വീസ് അനുസരിച്ചുള്ള പെൻഷൻ 2000 രൂപ മുതൽ 5000 രൂപ വരെ നൽകിവരുന്നു. തൊഴിലാളികളുടെ വാർഷിക വരുമാനത്തിന്റെ 25 ശതമാനമാണ് അംശദായമായി തൊഴിലുടമകൾ അടയ്ക്കേണ്ടത്. ഇതിൽ 14 ശതമാനം പി.എഫ്., 5 ശതമാനം ഗ്രാറ്റുവിറ്റി, 4 ശതമാനം പെൻഷൻ ഫണ്ട് എന്നിങ്ങനെ തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുന്നു. ക്ഷേമ നിധിയായി സ്വരൂപിക്കുന്ന തുക ട്രഷറിയിലും വിവിധ ബാങ്കുകളിലും നിക്ഷേപം നടത്തി അതിന്മേൽ ലഭിക്കുന്ന പലിശ ഉപയോഗിച്ചാണ് ബോർഡിന്റെ വിവിധ ക്ഷേമപ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നത്. തൊഴിലാളികൾക്ക് പെൻഷനുപുറമേ അവശതാ സഹായം, മരണപ്പെടുന്ന തൊഴിലാളികളുടെ നോമിനിക്കുള്ള ധനസഹായം, മരണപ്പെടുന്ന പെൻഷനറുടെ നോമിനിക്കുള്ള ധനസഹായം, തൊഴിലാളികളുടെ

മക്കൾക്കുള്ള സ്കോളർഷിപ്പ്, അപകടത്തിൽപ്പെടുന്ന തൊഴിലാളികൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി, പ്രായാധിക്യംമൂലം പിരിയുന്ന തൊഴിലാളികളിൽ ഏറ്റവും കൂടുതൽ സർവ്വീസുള്ളവർക്കുള്ള പാരിതോഷികം, ഏറ്റവും കൂടുതൽ കള്ള് അളക്കുന്ന തെങ്ങ്, പന ചെത്ത് തൊഴിലാളികൾക്കുള്ള പാരിതോഷികം, മരണപ്പെടുന്ന തൊഴിലാളികളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം, തൊഴിലാളികളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം, തൊഴിലാളികളെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് അംഗങ്ങളാക്കൽ തുടങ്ങിയ നിരവധി ക്ഷേമപദ്ധതികൾ ബോർഡ് നടപ്പിലാക്കിവരുന്നു. കൂടാതെ തൊഴിലാളികൾക്ക് ഭവന നിർമ്മാണം, ചികിത്സ, മക്കളുടെ വിദ്യാഭ്യാസം, പെൺമക്കളുടെ വിവാഹം തുടങ്ങിയ ആവശ്യങ്ങൾക്ക് അവരുടെ പി.എഫ്. അക്കൗണ്ടിൽനിന്ന് തിരിച്ചടയ്ക്കേണ്ടാത്തവിധം അഡ്വാൻസും നൽകിവരുന്നു. ഇതിനെല്ലാം ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന തുക വളരെ കുറവാണ്. അത് കുറച്ചുകൂടി വർദ്ധിപ്പിച്ചുകൊണ്ട് ഈ വ്യവസായത്തെ പ്രോത്സാഹിപ്പിക്കാൻ എല്ലാ നടപടികളും സർക്കാർ സ്വീകരിക്കണം. ഈ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിന് സർക്കുലേറ്റ് ചെയ്യണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുകയാണ്.

ശ്രീ. കെ. യു. ജനീഷ് കുമാർ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. ബാബു (നെന്മാറ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. മരണശയ്യയിലായ പരമ്പരാഗത വ്യവസായമാണ് കള്ള് വ്യവസായം. ആ കള്ള് വ്യവസായത്തെ സംരക്ഷിക്കാൻ 2017-2018 കാലഘട്ടത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രഖ്യാപിച്ചതും ഒന്നാം പിണറായി സർക്കാർ അതിന്റെ ആരംഭം കുറിക്കുകയും ഇപ്പോൾ നിയമമാക്കുകയും ചെയ്യുന്ന കേരള കള്ള് വ്യവസായ വികസന ബോർഡിനെ പ്രത്യേകിച്ച് പാലക്കാട് ജില്ലയ്ക്കുവേണ്ടിയും കേരളത്തിലെ കള്ള് ചെത്ത് വ്യവസായവുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന തൊഴിലാളികൾക്കുവേണ്ടിയും കൃഷിക്കാർക്കുവേണ്ടിയും സ്വാഗതം ചെയ്യുകയാണ്. ഇവിടെ ഇതുമായി ബന്ധപ്പെട്ട് വിയോജനക്കുറിപ്പ് അവതരിപ്പിച്ചുകൊണ്ട് ശക്തമായ എതിർപ്പ് വരുമെന്ന പ്രതീക്ഷയുണ്ടായിരുന്നു. പക്ഷേ വിയോജനക്കുറിപ്പ് നൽകിയ ബഹുമാന്യരായ രണ്ട് സീനിയർ അംഗങ്ങൾക്കും കടുത്ത എതിർപ്പ് അവരുടെ സംഘടനപരമായ ഐ.എൻ.ടി.യു.സി. യൂണിയനിൽ നിന്നുമുണ്ടായതുകൊണ്ടായി രിക്കണം ഇപ്പോൾ ഇതിനോട് യോജിച്ചതെന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. അതുപോലെ ഈ ബില്ലിനെ അനുകൂലിച്ചതിൽ വളരെ സന്തോഷവുമുണ്ട്. ഇന്ന് തകർന്നടിഞ്ഞുകൊണ്ടിരിക്കുന്ന കള്ള് വ്യവസായത്തെയും പണ്ട് യു.പി.എ.

സർക്കാരിന്റെ കാലത്ത് ഒപ്പിട്ട് നൽകിയ ആസിയാൻ കരാറിന്റെ ഭാഗമായി തകർന്നടിഞ്ഞുപോയ നാളികേര കർഷകരെയും സംരക്ഷിക്കാൻ ഈ ബോർഡ് കേരളത്തിൽ അനുയോജ്യമാണെന്നതിൽ ഒരു തർക്കവുമില്ല. കഴിഞ്ഞ ബില്ലിനെ എതിർത്തുകൊണ്ട് ഇവിടെ സംസാരിച്ചപ്പോൾ, കടുത്ത എതിർപ്പാണ് ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് ഇവിടെ അവതരിപ്പിച്ചത്. കേരള കള്ള് വ്യവസായ വികസന ബോർഡും കേരള സംസ്ഥാനത്തെ കള്ള് ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡും ഒന്നുതന്നെയാണ്, എന്തിനാണ് ഇപ്പോൾ മറ്റൊരു ബോർഡ് രൂപീകരിക്കുന്നത്, ചിലയാളുകളെയെല്ലാം വാഴിക്കാനാണോ എന്ന രൂപത്തിലാണ് ചർച്ച ചെയ്തത്. അദ്ദേഹം ഇത് പറയുമ്പോൾ, അന്നുതന്നെ ബഹുമാനപ്പെട്ട മുൻ എക്സൈസ് വകുപ്പുമന്ത്രി കൂടിയായിരുന്ന ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ഇതിൽ ചില മാറ്റങ്ങളൊക്കെ വേണ്ടതാണെന്ന് പറഞ്ഞു. അനുകൂലിക്കുന്ന രൂപത്തിലേയ്ക്കാണ് അന്ന് അദ്ദേഹം സംസാരിച്ചത്. ഡോ. മാത്യു കുഴൽനാടനും ആ രൂപത്തിലാണ് സംസാരിച്ചത്. യു.ഡി.എഫ്.-നകത്തുള്ള എതിർപ്പ്.....

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ അന്നും ഈ ബില്ലിനെ എതിർത്തിട്ടില്ല. ഈ നിയമം കൊണ്ടുവരാൻ ആലോചിച്ച വ്യക്തിയാണ് ഞാൻ. എനിക്കതിന് കഴിഞ്ഞില്ല. ഇപ്പോഴും ഞാൻ പറയുന്നു, കേരളത്തിൽ ശുദ്ധമായ കള്ളിന്റെ ലഭ്യത വളരെക്കുറവാണ്, മായം ചേർത്ത കള്ളാണ് ഭൂരിപക്ഷവും വിൽക്കുന്നത്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, മുൻ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയാണ് അതിനെ എതിർത്തത്. അന്ന് പ്രസംഗിച്ച ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) എം.എൽ.എ.-യും ഡോ. മാത്യു കുഴൽനാടൻ, എം.എൽ.എ.-യും എതിർത്തില്ല. അനുകൂല സ്വരത്തിൽ തന്നെയാണ് പറഞ്ഞത്. അതുതന്നെയാണ് ഞാനിപ്പോഴും പറഞ്ഞത്. മറ്റ് വിഷയങ്ങളിലേയ്ക്ക് പോയപ്പോഴാണല്ലോ അന്ന് തർക്കവും ബഹളവുമുണ്ടായത്. അതിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. അദ്ദേഹം അനുകൂലമായി പറഞ്ഞെങ്കിലും, ഏറ്റവും ഒടുവിലാണ് രാഷ്ട്രീയമായി പറഞ്ഞത്. അടിയൊഴുക്കിലകപ്പെട്ടുപോയ നിരവധിയാളുകൾ ഇന്ത്യയിലെ വിവിധ സംസ്ഥാന ങ്ങളിലായി കോൺഗ്രസിനുണ്ട്. പക്ഷേ പോകുന്ന ആളുകളെ പോത്തിനോട്ടു പമിക്കുന്നത് ഒരു രാഷ്ട്രീയപാർട്ടി നേതൃത്വത്തിൽ നിൽക്കുന്ന അങ്ങയെപ്പോലെ യുള്ളവരുടെ ഭാഗത്തുനിന്നും വരേണ്ടിയിരുന്നില്ല. പോത്തിനോട് ഉപമിച്ച് മാലയിട്ട് കൊടുത്തു. അത് ജല്ലിക്കെട്ട് സിനിമ കണ്ടാലറിയാം...

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: (........മൈക്ക് ഓഫ്........)

ശ്രീ. കെ. ബാബു (നെന്മാറ): സർ, നിങ്ങൾ കൊല്ലണ്ട. യാഥാർത്ഥ്യം മനസ്സിലാക്കുമ്പോൾ കോൺഗ്രസിന്റെ അടിത്തറയിളക്കിക്കൊണ്ട് ഇനിയും ആയിരക്കണക്കിനാളുകൾ ഈ മഹാപ്രസ്ഥാനത്തിലേയ്ക്ക് ഒഴുകിവരും. പക്ഷേ, നിങ്ങൾ തകരരുത്. തകർന്നടിയരുതെന്ന് ആഗ്രഹിക്കുന്നവരാണ് ഇടതുപക്ഷം. ഇന്ത്യയുടെ പൊതുരാഷ്ട്രീയ സമീപനമനുസരിച്ച് മറ്റിതര സംസ്ഥാനങ്ങളിൽ കോൺഗ്രസും ഇടതുപക്ഷവും യോജിച്ച പോരാട്ടങ്ങളിലേയ്ക്ക് പോകാൻ തീരുമാനിച്ച കാലഘട്ടത്തിൽ, അത് മനസ്സിലാക്കാതെ പറയുന്നത് ശരിയായില്ലെന്നാണ് ഞാൻ പറഞ്ഞത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് ചില കള്ളു ഷാപ്പുകളൊക്കെ തുറന്നിട്ടുണ്ട്. എന്നാൽ അതിൽ നാലിരട്ടി കള്ള് ഷാപ്പുകൾ അടച്ചു പൂട്ടിയിട്ടുമുണ്ട്. കണക്കുള്ളതുകൊണ്ടാണ് പറയുന്നത്. ഓരോ ഷാപ്പിന്റെയും നമ്പർ ഉൾപ്പെടെ ഞാൻ എടുത്തുതരാം. അങ്ങനെ അടച്ചുപൂട്ടുമ്പോൾ തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികളുടെ കാര്യത്തിൽ നിങ്ങളുടെ സമീപനമല്ല ഇടതുപക്ഷത്തിന്റെ സമീപനം. ഈ ബിൽ നിയമമാകുമ്പോൾ ഇതിലെ ഓരോ കാര്യങ്ങളുമെടുത്ത് പരിശോധിക്കുമ്പോഴും അത് കാണാം. കേരളത്തിലെ കരിമ്പനകളുടെ നാടെന്ന് അറിയപ്പെടുന്നത് പാലക്കാടാണ്. ഇവിടെ രണ്ട് ലക്ഷത്തിലധികം കരിമ്പനയുണ്ടായിരുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ പറഞ്ഞു. ഈ തൊഴിലുമായി ബന്ധപ്പെട്ട് അവിടെ അമ്പതിനായിരത്തിലധികം ആളുകൾ കുലത്തൊഴിലായും മറ്റും ജീവിച്ചിരുന്നു. ഇന്ന് അവിടെ രണ്ടായിരം പനകളാണുള്ളത്. ഞങ്ങളുടെ നാട്ടിലൊരു ദുരാചാരമുണ്ട്. അപമൃത്യു വരിച്ച ആത്മാവിനെ പട്ടനാട്ടി കർമ്മം ചെയ്ത് ആത്മാവിനെ ആവാഹിച്ച് പനയിൽ തളച്ചിടുമെന്നാണ് പറയുന്നത്. അങ്ങനെ തളച്ചിട്ട ആത്മാവിന് ശാന്തി നേടാൻ പനയില്ലാത്ത അവസ്ഥ വരുമോയെന്ന ആശങ്കയാണ് അവിടെയുള്ളത്. അതുകൊണ്ട് പന ചെത്തിൽനിന്നും തെങ്ങ് ചെത്തിലേയ്ക്കുമാറി. പൂങ്കുലയിൽനിന്നും ഊറിവരുന്ന രസം കുടത്തിലിരുന്ന് ഫെർമന്റേഷൻ നടക്കുന്നതിനുമുമ്പ് ശേഖരിച്ചാൽ അത് നീര. പത്തുപന്ത്രണ്ട് മണിക്കൂർ കുടത്തിലിരുന്നാൽ അത് ആൽക്കഹോളിന്റെ അവസ്ഥയിലേയ്ക്കുമാറും. ആയുർവ്വേദത്തിലും ഇതിനെക്കുറിച്ച് പറയുന്നുണ്ട്. മധുര കഷായം രസമുള്ളതും അർശസ്, ഗുന്മം, ക്യമിരോഗം, മേദോദോഷം, വാതരോഗം, കഫരോഗങ്ങൾ എന്നിവ ശമിക്കുന്നതിനുതകുന്നതുമാണെന്ന് പഴമക്കാരും ആയുർവ്വേദത്തിലുമുൾപ്പെടെ പറയുന്നുണ്ട്. 2021 ആഗസ്റ്റ് മാസത്തിലെ കണക്കു പ്രകാരം 29941 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നാണ് കണക്ക്. എന്നാൽ അതിലധികം തൊഴിലാളികൾ രജിസ്റ്റർ ചെയ്യാത്തതായിട്ടുണ്ട്. ചിറ്റൂർ പ്രദേശത്തുമാത്രം പന്ത്രണ്ടായിരത്തോളം തൊഴിലാളികളാണ് ഈ മേഖലയിൽ പണിയെടുക്കുന്നത്. ആയിരത്തിൽത്താഴെ തൊഴിലാളികൾ മാത്രമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ 80 ശതമാനം തൊഴിലാളികളും യുവജനങ്ങളാണ്. പരിശീലനമില്ലാത്തതിന്റെ പേരിൽ അതിരാവിലെ ആകാശം മുട്ടിനിൽക്കുന്ന

തെങ്ങിൽ കയറി അബദ്ധവശാൽ നിലംപൊത്തി മരണം സംഭവിച്ചവരും നട്ടെല്ല് തകർന്ന് എഴുന്നേറ്റ് നിൽക്കാനോ കുടുംബം പോറ്റാനോ കഴിയാതെ കിടക്കുന്നവരുമുണ്ട്. രജിസ്റ്റർ ചെയ്തില്ല എന്നതിന്റെ പേരിൽ അവർക്കുള്ള ആനുകൂല്യം നിഷേധിക്കപ്പെടുമ്പോൾ ആ കുടുംബത്തെ പോറ്റാനുള്ള ഉത്തരവാദിത്വം ഇത്തരം ബോർഡുകളിലൂടെ പരിഗണിക്കപ്പെടുമെന്ന വിശ്വാസമാണുള്ളത്. ബോർഡിന്റെ പ്രധാനപ്പെട്ട ചുമതല ശുദ്ധമായ കള്ള് വിതരണവും സംഭരണവും ഉല്പാദനവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കുക എന്നതുമാണ്. ഇപ്പോൾ ഏതാണ്ട് രണ്ട് ലക്ഷത്തി മുപ്പതിനായിരം തെങ്ങുകളിൽനിന്ന് മൂന്ന് ലക്ഷം ലിറ്റർ കള്ളാണ് ഓരോ ദിവസവും ഉല്പാദിപ്പിക്കുന്നത്. ഇതിൽ 2.6 ലക്ഷം ലിറ്റർ കള്ളും എന്റെ മണ്ഡലവും ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ മണ്ഡലവും ഉൾപ്പെടുന്ന ചിറ്റൂർ മേഖലയിൽനിന്നാണ് ഉല്പാദിപ്പിക്കുന്നത്. അവിടെനിന്നും ശുദ്ധമായ കള്ളുതന്നെയാണ് എടുക്കുന്നത്. അതിർത്തി കടന്ന് കോട്ടയം, എറണാകുളം, പത്തനംതിട്ട ജില്ലകളിലെത്തുമ്പോഴാണ് ആ കള്ള് വ്യാജമായി മാറുന്നത്. അവിടെയാണ് കർശന നിലപാടെടുക്കേണ്ടത്. രണ്ടുതരത്തിലാണ് കള്ള് ചെത്തുന്നത്. തമിഴ്നാട്ടിൽനിന്നും കുടുംബസമേതം വന്ന് തോട്ടങ്ങളിൽ താമസിക്കുന്ന തൊഴിലാളികൾ ഒരു ദിവസം 40 തെങ്ങുവരെ കയറി കള്ള് ചെത്തും. അങ്ങനെ ചെത്തുന്നതിനെ പാണ്ടിച്ചെത്ത് എന്നാണ് പറയുന്നത്. 18 രൂപ മുതൽ 24 രൂപ വരെയാണ് അവരുടെ വരുമാനം. കുട്ടനാട്ടിൽനിന്നും കൊണ്ടുവരുന്ന ഒരു പ്രത്യേകതരം മണ്ണുണ്ട്. കുലകൾ ചെത്തിക്കഴിഞ്ഞ് ആ മണ്ണിട്ട് മൂടി അതിൽനിന്നും ഇറ്റിറ്റ് വരുന്ന ശുദ്ധമായ മധുരക്കള്ള് ലഭിക്കുന്നുണ്ട്. അത് മലയാളികളാണ് ചെത്തുന്നത്. അതിനെ ചെളിചെത്ത് എന്നാണ് പറയുന്നത്. ഈ ചെത്തുതൊഴിലാളികൾക്ക് ഒരു ദിവസം 12 തെങ്ങിൽക്കൂടുതൽ കയറാൻ കഴിയില്ല. അവർക്ക് ഒരു ലിറ്ററിന് 32 മുതൽ 34 രൂപ വരെ കിട്ടും. ഇപ്പോൾ അവിടെ അവശേഷിക്കുന്ന പന കയറുന്ന തൊഴിലാളികളുണ്ട്. പനംകള്ള് ചെത്തുന്നവർക്ക് ഒരു ലിറ്ററിന് 20 രൂപയാണ് ലഭിക്കുക. അവിടെ 8 ലിറ്ററിലധികം കള്ള് ഷാപ്പിലെത്തിച്ചാൽ അവർക്ക് 600 രൂപ ഡി.എ. കിട്ടും. മൂന്ന് മുതൽ ആറ് മാസത്തിനപ്പുറം അവർക്ക് തൊഴിലില്ല. എങ്ങനെയാണ് അവരൊക്കെ ജീവിക്കുക? പനംകള്ളിന് 100 രൂപയും തെങ്ങിൻ കള്ളിന് 150 രൂപ മുതൽ 200 രൂപ വരെയുമാണ്. രണ്ടും മൂന്നും നേരം കയറിയിറങ്ങണം. പക്ഷേ എക്സൈസ് നിയമത്തിൽ എന്താണ് പറയുന്നത്? ഒരുനേരം മാത്രമേ കള്ള് ചെത്തിന് കയറാൻ പാടുള്ളൂവെന്നാണ്. എന്നാൽ അവർക്ക് മൂന്ന് പ്രാവശ്യം കയറേണ്ടിവരും. ആകാശംമുട്ടി നിൽക്കുന്ന ഇത്തരം പനകളിലും തെങ്ങുകളിലും കയറിയിറങ്ങുന്ന തൊഴിലാളികൾക്കുള്ള കൂലി തുച്ഛമാണ്. എന്നാൽ തോട്ടം ഉടമകൾ തെങ്ങ് പാട്ടത്തിന് കൊടുക്കുകയാണ്. പാണ്ടിച്ചെത്തിന് കൊടുക്കുന്ന തെങ്ങിന് ഒരു വർഷത്തേയ്ക്ക് 500 രൂപയും ചെളിചെത്തിന് കൊടുക്കുന്ന

തെങ്ങുകൾക്ക് 750 രൂപയുമാണ് അവർക്ക് കൊടുക്കുന്നത്. തൊഴിലാളികൾക്കും കർഷകനും മെച്ചപ്പെട്ട വരുമാനവും ശുദ്ധമായ കള്ളും ലഭിക്കുകയും ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യണമെങ്കിൽ കള്ള് ചെത്തും ഉല്പാദനവും സംഭരണവും വിതരണവുമൊക്കെ ഈ ബോർഡിന്റെ ചുമതലയിലാകണം. അപ്പോൾ ശുദ്ധമായ കള്ള് സംസ്ഥാനത്തൊട്ടാകെ ആവശ്യത്തിൽക്കവിഞ്ഞ് കൊടുക്കാൻ കഴിയും. ഇവിടെ ആവശ്യത്തിനനുസരിച്ച് ചെത്താൻ തെങ്ങുകളില്ലെന്ന് വിയോജനക്കുറിപ്പിൽ ചൂണ്ടിക്കാണിച്ചു. കേരളത്തിലെ കണക്കുപ്രകാരം 760775 ഹെക്ടർ സ്ഥലത്ത് തെങ്ങുകൃഷിയുണ്ടെന്നാണ്. അതിൽ 250 ഹെക്ടർ പുരയിടത്തിൽ തെങ്ങുകൃഷിയുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കൃഷി മന്ത്രാലയത്തിന്റെ കീഴിൽ കോക്കനട്ട് കൗൺസിലും കൃഷി ഭവനുകളും മുഖാന്തരവും 1063722 തെങ്ങിൻ തൈകൾ വിതരണംചെയ്തു. കേരഗ്രാമം പദ്ധതിയിലൂടെ തെങ്ങുകളുടെ വ്യാപനമുണ്ടാക്കാൻ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റുതന്നെ ലക്ഷ്യം വച്ചിട്ടുണ്ട്. സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും തെങ്ങും കവുങ്ങും വയ്ക്കാൻ കഴിഞ്ഞാൽ ശുദ്ധമായ കള്ള് കൂടുതൽ ഉല്പാദിപ്പിക്കാൻ കഴിയും. ഈ ബോർഡ് രൂപീകരിക്കുന്നത് എന്തിനുവേണ്ടിയാണെന്ന് ഈ ബോർഡിലെ അംഗങ്ങളെ പരിശോധിച്ചാലറിയാം. ഇവിടത്തെ കള്ള് വ്യവസായത്തെ സംരക്ഷിക്കുക മാത്രമല്ല, ആ ബോർഡിലെ അംഗങ്ങളിൽ രണ്ട് കേരകർഷക പ്രതിനിധികളും കേരള കാർഷിക സർവ്വകലാശാല ഗവേഷണ വിഭാഗം ഡയറക്ടറും കൃഷി വകുപ്പ് അസിസ്റ്റന്റ് ഡയറക്ടറുമുണ്ട്. തകർന്നടിഞ്ഞുപോകുന്ന നാളികേര കർഷകരെ ഈ മേഖലയിൽ പിടിച്ചുനിർത്തി അതിലൂടെ അവരെ സംരക്ഷിക്കുകയെന്ന ലക്ഷ്യവും ഈ ബോർഡ് രൂപീകരണത്തിലുണ്ട്. അതുകൊണ്ടാണ് കർഷകരുടെയും കൃഷി വകുപ്പിന്റെയും പ്രതിനിധികളെ ഈ ബോർഡിൽ ഉൾപ്പെടുത്തിയത്. കള്ളുവ്യവസായത്തെ മാത്രമല്ല ഞാൻ നേരത്തെ പറഞ്ഞതുപോലെ ഇവിടത്തെ കൃഷിക്കാരെയും സംരക്ഷിക്കുന്നുവെന്നുള്ളതാണ്. കള്ള് ഷാപ്പ് നിർമ്മാണം ഈ ബോർഡിന്റെ ചുമതലകളിലൊന്നാണ്. സ്ഥലംവാങ്ങി സ്വദേശികളും വിദേശികളുമായ ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയാവുന്ന ആധുനിക രീതിയിലുള്ള ഷാപ്പുകൾ നിർമ്മിക്കണം. അവിടെ കൊടുക്കുന്ന ഒന്നാന്തരം കള്ള്, വിവിധതരത്തിലുള്ള ഭക്ഷണങ്ങൾ, തലക്കറി, മത്സ്യത്തിന്റെതന്നെ വിവിധ വിഭവങ്ങൾ കുടുംബസമേതം പോയിരുന്ന് കഴിക്കാവുന്നതരത്തിലേയ്ക്ക് ഷാപ്പുകളുടെ രൂപഘടനയിൽ മാറ്റംവരണം. ഉയർന്നു നിൽക്കുന്ന വൻഹോട്ടലുകളെപ്പോലെ മനോഹരമാക്കി കള്ളുഷാപ്പുകളെ മാറ്റിയാൽ ഒരു സംശയവുംവേണ്ട, ഇതിൽ വരുമാനം വർദ്ധിപ്പിക്കാമെന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. ബോർഡിന് അതിന്റേതായ വരുമാനമുണ്ട്. പ്രകൃതിദത്തമായി നമുക്ക് ലഭിക്കുന്ന കള്ളിനെ ആർക്കും ഉപയോഗിക്കാവുന്ന തരത്തിൽ ആരോഗ്യ പാനീയമാക്കി മാറ്റണം. കഴിഞ്ഞ ലോകകപ്പ് ഫുട്ബോൾ മത്സരത്തിൽ നമ്മൾ

കണ്ടു, കെമിക്കൽ പാനീയത്തിന്റെ ഒരു ബോട്ടിൽ പത്രസമ്മേളനത്തിനിടയിൽ ക്രിസ്റ്റ്യാനോ റൊണാൾഡോ മാറ്റിവച്ചപ്പോൾ ആ കമ്പനിക്ക് നഷ്ടം വന്നത് 5,000 കോടി രൂപയാണ്. ഇത്തരം ആരോഗ്യപാനീയങ്ങളിൽ അത്തരമാളുകളെ ബ്രാൻഡ് അംബാസിഡർമാരാക്കി ലോക കമ്പോളത്തിലേയ്ക്ക് ഇറക്കാൻ കഴിഞ്ഞാൽ ഒരു സംശയവും വേണ്ട, നല്ല ബ്രാൻഡഡ് ആകും. ഏറ്റവും ആദ്യം ഈ അഭിപ്രായം പറഞ്ഞത് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി, പാലക്കാടിന്റെ കർഷകൻ ശ്രീ. കെ. കൃഷ്ണൻകുട്ടി ചേട്ടനാണ്. അദ്ദേഹം മറന്നോ എന്നറിയില്ല. 'The Hindu' പത്രത്തിൽ വർഷങ്ങൾക്കുമുമ്പുതന്നെ ഒരു നിർദ്ദേശം വച്ചിരുന്നു. കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി വികസിപ്പിച്ചെടുത്ത ടെക്നോളജി ഉപയോഗിച്ച് ഒരു ബ്രാൻഡഡ് ആൽക്കഹോളിക് പാനീയമായി പാക്കേജ്ഡ് കള്ളുല്പാദനം പ്രോത്സാഹിപ്പിക്കണമെന്ന് അന്ന് അദ്ദേഹം പറഞ്ഞകാര്യം പരിശോധിക്കപ്പെടേണ്ടതാണ്. ബ്രാൻഡഡ് പാക്കേജ്ഡ് കള്ള് ഉൽപ്പാദിപ്പിച്ചാൽ അധികം ഉൽപ്പാദിപ്പിക്കുന്ന കാലഘട്ടത്തിൽ അത് സംഭരിച്ചുവയ്ക്കാനും പിന്നീട് ആവശ്യാനുസരണം വിതരണം ചെയ്യാനും ശുദ്ധമായ കള്ളെത്തിക്കാനും കഴിയും. അതും നമ്മൾ ആലോചിക്കണം. പാലക്കാട് ഖാദി ബോർഡിന്റെ വ്യവസായ യൂണിറ്റുകളിലായി പനംകള്ളിൽനിന്നും പനംചക്കരയും ചക്കരക്കള്ളുമുണ്ടാക്കുന്ന നിരവധി യൂണിറ്റുകളുണ്ടായിരുന്നു. അതെല്ലാം അടച്ചുപൂട്ടി. അടച്ചുപൂട്ടപ്പെട്ട സ്ഥാപനങ്ങൾ കാടുകയറി കിടക്കുകയാണ്. ആ സ്ഥാപനങ്ങൾ, കെട്ടിടങ്ങൾ തകർന്നടിഞ്ഞുപോയി. പല സ്വകാര്യവ്യക്തികളും ആ ഭൂമി കൈകാര്യം ചെയ്യുകയാണ്. അത്തരം സ്ഥാപനങ്ങളേറ്റെടുത്താൽ കള്ള് വ്യവസായത്തിന്റെ ഉപോൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന കേന്ദ്രങ്ങളാക്കി അവയെ മാറ്റാൻ കഴിയും. വ്യവസായ വകുപ്പുമായി യോജിച്ച് ഇത്തരം സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കാനും പുതിയ സംരംഭങ്ങളിലൂടെ തൊഴിലും വരുമാനവുമുണ്ടാക്കാനും കഴിയണം. ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. ശുദ്ധമായ കള്ളുത്പാദിപ്പിച്ച് വിദേശ ടൂറിസ്റ്റുകളെ ഉൾപ്പെടെ ആകർഷിക്കാൻ കഴിയുന്ന തരത്തിലേയ്ക്ക് ഈ ബോർഡിനെ മാറ്റിയെടുക്കാൻ കഴിയും എന്നതിൽ തർക്കമില്ല.

'മദ്യം നാ പേയം;

പേയം വാ സ്വൽപ്പം വാ;

വഹു വാരി വാ.'

സംസ്കൃതത്തിൽ ആയുർവ്വേദ ഗ്രന്ഥത്തിലുള്ള ശ്ലോകമാണിത്. മദ്യം കഴിക്കുവാൻ പ്രോത്സാഹിപ്പിക്കുന്നില്ല. അതുകൊണ്ട് 'മദ്യം നാ പേയം' എന്നുവച്ചാൽ മദ്യം കഴിക്കരുത്. പക്ഷേ 'പേയം വാ സ്വൽപ്പം' അതൊരൽപ്പം കഴിക്കാം. പക്ഷേ 'വഹു വാരി വാ' നന്നായി വെള്ളം ഒഴിച്ചുകഴിക്കാനാണ് ആയുർവ്വേദത്തിൽ പറയുന്നത്.

അപ്പോൾ കള്ളിനകത്താണെങ്കിൽ അത്തരം ഒരു കാര്യവുമില്ല. അത് നമ്മൾ മനസ്സിലാക്കുന്നത് ഏറ്റവും നല്ലത്. കള്ളുകുടിയന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനല്ല ഞങ്ങൾ ഇതുപറഞ്ഞത്. നന്നായി വെള്ളം ഒഴിക്കണമെന്നാണ് ആയുർവ്വേദം പറയുന്നത്. സത്യത്തിൽ ഈ പനംകള്ള് കഴിച്ചാൽ മൂത്രാശയസംബന്ധമായ എല്ലാ അസുഖങ്ങൾക്കും ഭേദമുണ്ടാകുമെന്നുപോലും പറയപ്പെടുന്നുണ്ട്. ഞാൻ നിർത്തുകയാണ്. പക്ഷേ കോൺഗ്രസിന്റെ ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ഇതിന് അനുകൂലമായപ്പോൾ ലീഗ് എം.എൽ.എ.-മാരും ഇതിനെ അനുകൂലിക്കു മെന്നാണ് ഞങ്ങളുടെ ധാരണ. എല്ലാ യു.ഡി.എഫ്. അംഗങ്ങളും അനുകൂലിച്ചു കൊണ്ട് ഈ ബിൽ നിയമമായി അംഗീകരിച്ചു കിട്ടുന്നതിനോട് യോജിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഇവിടെ ചർച്ചയിൽ പങ്കെടുത്ത എല്ലാ അംഗങ്ങളും ഈ ബില്ലിനെ പിന്തുണച്ചുകൊണ്ടാണ് സംസാരിച്ചിട്ടുള്ളത്. അതിന് ഞാൻ പ്രത്യേകം നന്ദി രേഖപ്പെടുത്തുകയാണ്. ഈ ബില്ലിന്റെ ചർച്ചയിൽ അധികം രാഷ്ട്രീയകാര്യങ്ങൾ കടന്നുവന്നിട്ടില്ല. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)-വിന് രാഷ്ട്രീയം പരാമർശിച്ചില്ലെങ്കിൽ അതൊരു കുറവാകുമല്ലോയെന്ന് കരുതിയിട്ടാകാം അദ്ദേഹം ചില നിരീക്ഷണങ്ങൾ ഇവിടെ നടത്തുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ പ്രസ്താവന, കോൺഗ്രസിൽ നിന്നും ആളുകൾ വന്നപ്പോൾ സ്വീകരണം നൽകിയത്, നിങ്ങൾ ബംഗാളും ത്രിപുരയും ഒന്ന് ആലോചിച്ചു നോക്കു എന്നൊക്കെ അദ്ദേഹം പറയുകയുണ്ടായി. ബംഗാളിലും ത്രിപുരയിലും ഞങ്ങൾക്ക് തിരിച്ചടിയുണ്ടായി. ആ തിരിച്ചടി സംഭവിച്ചു വെന്നുള്ളത് ഞങ്ങൾ അംഗീകരിക്കുന്നു. അത് ഞങ്ങൾ വിലയിരുത്തി. ജനങ്ങളുടെ വിശ്വാസത്തിന് വിലകൊടുക്കാത്തതിൽ ഞങ്ങൾക്ക് കുറവുകളുണ്ടായി. ബംഗാളിൽ ഭരണപരമായും രാഷ്ട്രീയപരമായും കുറവുണ്ടായിയെന്ന് കാണുകയുണ്ടായി. ത്രിപുര വേറൊരു രീതിയിലാണ്. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ഇപ്പോഴും നിൽക്കുന്നത് വേറെ ഏതോ ഒരു കാലത്താണ്. അദ്ദേഹം പറയുന്നത് ഞങ്ങൾക്കിപ്പോൾ ഇവിടെ തിരിച്ചടിയുണ്ടായിയെന്നാണ്. അത് പ്രശ്നമല്ല. 1967-ലുണ്ടായത് നിങ്ങൾക്കറിയാമല്ലോ. ഞങ്ങൾക്ക് ഒൻപതല്ലേ ഉണ്ടായിരുന്നുള്ളൂ, അതുകൊണ്ടെന്താ കുഴപ്പം? അന്നത്തെ കോൺഗ്രസ്സല്ല ഇന്നത്തെ കോൺഗ്രസ്. അന്ന് നിങ്ങൾ ദേശീയതലത്തിൽ ഏറ്റവും ശക്തമായ പാർട്ടിയാണ്. 1965-ൽ പല നിയമസഭകളിലേയ്ക്കും നടന്ന തെരഞ്ഞെടുപ്പിൽ നിങ്ങൾക്കാദ്യമായി അധികാരകുത്തക നഷ്ടപ്പെടുമെന്ന സൂചനകളുണ്ടായിരുന്നു. പക്ഷേ അന്ന് നിങ്ങൾ രാജ്യവ്യാപകമായി നിൽക്കുന്ന ഏറ്റവും വലിയ രാഷ്ട്രീയ പാർട്ടിയാണ്. അധികാരത്തിലിരിക്കുന്ന രാഷ്ട്രീയ പാർട്ടിയാണ്. നിങ്ങൾ ഇപ്പോൾ എവിടെ നിൽക്കുന്നുവെന്ന് സ്വയം വിമർശനമായി എപ്പോഴെങ്കിലും നിങ്ങൾ

പരിശോധിക്കണ്ടേ? ഞങ്ങൾക്കും കുറവുകളുണ്ട്. അത് ഞങ്ങൾ പരിശോധിച്ചോളാം. ഞങ്ങൾക്ക് കുറവുകളുള്ളത് കുറച്ച് സ്ഥലത്തായിരുന്നല്ലോ. ഞങ്ങൾ പരിശോധിച്ചു കൊണ്ടിരിക്കുന്നു. നരസിംഹറാവുവിനുമുമ്പുള്ള ഇന്ത്യയിലെ എല്ലാ പ്രധാനമന്ത്രിമാരും സംഭാവന ചെയ്ത സംസ്ഥാനമല്ലേ ഉത്തർപ്രദേശ്. ഇപ്പോൾ നിങ്ങളെവിടെ നിൽക്കുന്നു?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): കേരളത്തിന്റെ കാര്യമാണ് ഞാൻ പറഞ്ഞത്.

ശ്രീ. പി. രാജീവ്: അതല്ല. നിങ്ങൾ അന്ന് കേരളത്തിൽ തിരിച്ചുവരുമ്പോൾ ഞങ്ങൾ ഒൻപതിൽനിന്ന് ലീഡറുടെ നേതൃത്വത്തിൽ തിരിച്ചുവന്നുവെന്ന് പറയുമ്പോൾ കേരളം ഒരു ദ്വീപായിട്ടല്ല നിൽക്കുന്നത്. അന്നത്തെ ദേശീയ രാഷ്ട്രീയ സാഹചര്യത്തിൽ കോൺഗ്രസിന്റെ കരുത്ത് കേരളത്തിലെ നിങ്ങളുടെ തിരിച്ചു വരവിന് ഒരു അനുകൂലഘടകമായെന്ന് നിങ്ങൾ കാണണം. അന്ന് കേന്ദ്രത്തിൽ കോൺഗ്രസാണ് അധികാരത്തിലിരിക്കുന്നത്. ഇന്ന് നിങ്ങൾ എവിടെയാണു ള്ളതെന്ന് നിങ്ങൾതന്നെ ഒന്ന് പരിശോധിക്കണം. യു.പി.-യിൽ നിങ്ങൾ ഏറ്റവും പിറകിലല്ലേ? ബിഹാർ നിങ്ങളുമായി കൂട്ടുകൂടിയതാണ് അവിടത്തെ ഭരണമാറ്റ ത്തിനിടയാകാതെ പോയതെന്ന് വിലയിരുത്തപ്പെട്ടില്ലേ? ഏറ്റവും പ്രധാനപ്പെട്ട സംസ്ഥാനമായ തമിഴ്നാട് നോക്കൂ. നിങ്ങൾ ഇപ്പോൾ അതിന്റെ ഭാഗമാണ്, പക്ഷേ നിങ്ങൾ വളരെ സബ് ജൂനിയർ പാർട്ട്ണറല്ലേ. ഒരുകാലത്ത് നിങ്ങളുടെ ശക്തികേന്ദ്രമായിരുന്ന ആന്ധ്രയും തെലങ്കാനയും എവിടെയാണെന്നുള്ളത് നിങ്ങൾ നോക്കൂ. മഹാരാഷ്ട്ര നിങ്ങളുടെ ഭരണത്തിന്റെ ഭാഗമാണ്. പക്ഷേ നിങ്ങൾ ജൂനിയർ പാർട്ട്ണറാണ്. നിങ്ങൾക്ക് വന്നിട്ടുള്ള തിരിച്ചടി നിങ്ങൾ വിലയിരുത്തി തിരുത്തി ശക്തിപ്പെട്ടുവരണമെന്ന നിലപാടാണ് ഞങ്ങൾ മുന്നോട്ടുവയ്ക്കുന്നത്. രാഷ്ട്രീയമെ ന്നുള്ളത് മൂന്നോ നാലോ കൊല്ലം കൂടുമ്പോൾ സിനിമ നിർമ്മിക്കുന്ന ചില ഡയറക്ടർമാരെപ്പോലെയല്ല. മൂന്നോ നാലോ കൊല്ലം കൂടുമ്പോൾ ഏതെങ്കിലും പരിപാടിക്ക് വന്നിട്ട് പിന്നെ എവിടെപ്പോയിയെന്ന് പിടികിട്ടാത്തയാളുകൾക്ക് രാഷ്ട്രീയം മുമ്പോട്ടുകൊണ്ടുപോകാൻ പറ്റില്ല. നിങ്ങൾ ജനാധിപത്യപരമായി ചർച്ചചെയ്യാൻ പോകുന്നുവെന്നുപറയുന്നത് നല്ലതുതന്നെ, അങ്ങനെ നിങ്ങൾ പരിശോധിച്ച് തിരിച്ചുവരട്ടെ. ഞങ്ങളുടെ കൂടെ ആരോവന്നു. വന്നയാളിപ്പോൾ വരുന്നുണ്ടല്ലോയെന്ന് നിങ്ങൾ ആലോചിച്ചു. അങ്ങനെ ആയിക്കോട്ടെ. ഞങ്ങളുടെ കൂടെ ഒരാൾ വന്നു. ഞങ്ങൾ ആവശ്യമായ പരിഗണനകൾ നൽകി. അദ്ദേഹത്തിന് ഒരാളെ സ്വീകരിക്കാം. അതിൽ ഒരു തർക്കവുമില്ല. ഇങ്ങോട്ട് വരുമ്പോൾ മാലിന്യവും തിരിച്ചുവരുമ്പോൾ വജ്രവുമാകുന്നുവെന്നുള്ള അവസ്ഥ നിങ്ങളുടെ പാർട്ടിക്കുണ്ടല്ലോ. അത് നിങ്ങൾ ആ രൂപത്തിൽത്തന്നെ കണ്ടോളൂ. സ്വയം പരിശോധിക്കാനും എവിടെ നിൽക്കുന്നുവെന്ന് വിലയിരുത്താനും നിങ്ങൾ

തയ്യാറാകുന്നത് നിങ്ങൾക്കുമാത്രമല്ല ഈ രാജ്യത്തെ മതനിരപേക്ഷ ജനാധിപത്യ മുന്നേറ്റത്തിനും സഹായകരമായിരിക്കുമെന്നുള്ളത് അങ്ങ് ഓർക്കുന്നത് നന്നായിരിക്കും. മറ്റുരാഷ്ട്രീയകാര്യങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. പൊതുവെ എല്ലാവരും യോജിക്കുന്ന ഒരു ചർച്ചയാണ് നടന്നിട്ടുള്ളത്. ഇത്തരമൊരു ബില്ലിനെക്കുറിച്ച് യു.ഡി.എഫ്. ആലോചിച്ചുവെന്നുള്ള കാര്യം അങ്ങുപറഞ്ഞത് ശരിയാണ്. നേരത്തെ ബിൽ അവതരിപ്പിക്കുമ്പോൾ ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇവിടെ സൂചിപ്പിച്ചതാണ്. അങ്ങിപ്പോൾ പറഞ്ഞതിൽ ഒരു വ്യക്തതക്കുറവുണ്ട്. എന്നാൽ ആശയം നന്നായിരുന്നു. പക്ഷേ നിങ്ങൾക്ക് ബിൽ കൊണ്ടുവരാൻ കഴിഞ്ഞില്ല; ചില പരിമിതികളുണ്ടായിരുന്നു. ഇപ്പോൾ നിങ്ങൾ ബിൽ കൊണ്ടുവന്നിരിക്കുന്നു; പക്ഷേ, ആത്മാർത്ഥതയില്ല. ആശയം കൊണ്ടുവരികയും ബിൽ കൊണ്ടുവരാതിരിക്കുന്നതും ആത്മാർത്ഥതയും ബിൽ കൊണ്ടുവന്നത് ആത്മാർത്ഥതയില്ലായ്മയുമാകുന്നത് എങ്ങനെയാണ്? ഞങ്ങൾ തെരഞ്ഞെടുപ്പ് ഘട്ടത്തിൽ ഓർഡിനൻസ് കൊണ്ടുവന്നു. തെരഞ്ഞെടുപ്പിനു വേണ്ടി മാത്രം ഇപ്പോൾ നിയമനിർമ്മാണ പ്രക്രിയയ്ക്ക് പോകണോ? ഓർഡിനൻസ് ലാപ്സായി പോകട്ടെയെന്ന് കരുതിയാൽ മതിയല്ലോ. പക്ഷേ, നമ്മൾ രണ്ടുകൂട്ടരും ഈ മേഖലയുടെ പുരോഗതി വേണമെന്നുള്ള പൊതുവികാരം പ്രകടിപ്പിച്ചിരിക്കുന്നു. അതിൽ നിങ്ങൾ കൊണ്ടുവന്നുവെന്നുള്ള ആശയം ഞങ്ങൾ അംഗീകരിക്കുന്നു. അതിനെ തള്ളിക്കളയുന്നേയില്ല. ബഹുമാന്യനായ എം. വി. ഗോവിന്ദൻ മാസ്റ്റർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മുൻമന്ത്രി ശ്രീ. ടി. പി. രാമകൃഷ്ണൻ ഇവിടെയുണ്ട്. ആ ഗവൺമെന്റ് മുൻകയ്യെടുത്ത് കൊണ്ടുവന്ന ആ ഓർഡിനൻസ് ഇപ്പോൾ നിയമമാക്കുമ്പോൾ എന്തെങ്കിലും കുറവുകളുണ്ടെങ്കിൽ എല്ലാതലത്തിലും ജനാധിപത്യ ചർച്ചകൾ നമ്മൾ നടത്തിക്കൊണ്ടിരിക്കുന്നു. ഔദ്യോഗിക ഭേദഗതി ഇപ്പോൾ വിതരണം ചെയ്തുകൊണ്ട് അങ്ങ് വേണ്ടത്ര നോക്കിയിട്ടില്ലെന്ന് എനിക്കുതോന്നുന്നു. വൃക്ഷക്കരം സംബന്ധിച്ച് അങ്ങ് പറഞ്ഞത് ശരിയാണ്. ആ വിമർശനം ഉൾക്കൊണ്ടുകൊണ്ടാണ് ഉൾപ്പെടുത്തിയത്. ഒരു തെങ്ങിന് ഒരു രൂപ എന്നുള്ളതല്ല. ഒരു തെങ്ങിൽനിന്ന് ചെത്തിക്കൊണ്ടുപോകുന്ന ഓരോ ലിറ്റർ കള്ളിനുമാണ് വൃക്ഷക്കരം ഈടാക്കുന്നത്. ഔദ്യോഗിക ഭേദഗതിയിൽ '1959-ലെ വൃക്ഷക്കര ചട്ടങ്ങൾക്ക് കീഴിൽ അധിക പെർമിറ്റ് ഫീസായി ചുമത്തുന്ന ഒരു രൂപ.....' എന്നുപറയുന്നുണ്ട്. അധിക പെർമിറ്റ് ഫീസാണ് ഒരു രൂപയായി വൃക്ഷക്കരത്തിൽ ചുമത്തുന്നത്. അങ്ങനെ വരുമ്പോൾ ഒരു രൂപ ഈ പെർമിറ്റ് വ്യവസ്ഥയനുസരിച്ച് ഓരോ ലിറ്റർ കള്ളിനും വരികയാണ്. എന്നുവച്ചാൽ നിലവിൽ നാലരലക്ഷത്തോളം ലിറ്റർ കള്ള് 1577 പെർമിറ്റുകളിലായി ഓരോ ദിവസവും കൊണ്ടുപോകുന്നുണ്ട്. ശരാശരി കണക്കെടുക്കുമ്പോൾ 16.42 കോടി രൂപ അതിൽ നിന്നും വരുമാനം പ്രതീക്ഷിക്കുന്നുണ്ട്. ഒരു രൂപയെന്നുള്ളത് അങ്ങ് സൂക്ഷ്മമായി

നോക്കാത്തതുകൊണ്ടാണ്. അങ്ങയുടെ കുറവല്ല. ഔദ്യോഗിക ഭേദഗതി ഇന്നാണ് സർക്കുലേറ്റ് ചെയ്തത്. ഒരു രൂപയെന്ന രൂപത്തിലല്ല 16.42 കോടി രൂപയാണ് അതുമായി ബന്ധപ്പെട്ട് പ്രതീക്ഷിക്കുന്നത്. ഗവൺമെന്റ് ഗ്രാന്റ് നൽകണമെന്നുള്ളത് ഈ ബില്ലിൽത്തന്നെ നേരത്തെ വ്യക്തമാക്കിയിട്ടുള്ളതാണ്. സെക്ഷൻ 22-ൽ പറയുന്നുണ്ട്, 'സർക്കാരിന് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള നിബന്ധനകളിന്മേലും വ്യവസ്ഥകളിന്മേലും ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി ബോർഡിന് ധനസഹായങ്ങളും ഗ്രാന്റുകളും നൽകാവുന്നതാണ്'എന്ന്. ഗ്രാന്റ് മാത്രമല്ല, ആവശ്യമാണെങ്കിൽ ധനസഹായവും നൽകാവുന്നതാണ്. അങ്ങ് പറഞ്ഞതുപോലെ, പ്രവർത്തനത്തിനാവശ്യമായ രൂപത്തിൽ ഏത് സ്വഭാവത്തിലും ഗ്രാന്റാകാം, എയ്ഡാകാം, ഇത് രണ്ടും നൽകുന്നതിനുള്ള വ്യവസ്ഥ ഈ ബില്ലിലുണ്ട് എന്നുള്ളതാണ്. ഇവിടെ ചെയർമാന്റെ കാര്യം സംബന്ധിച്ച് സൂചിപ്പിച്ചു. ഈ വിഷയവുമായി ബന്ധമുള്ളവരെ, നമ്മുടെ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയെ പ്പോലെയുള്ള ആളുകളെ കണ്ടെത്തണമെന്നാണ് അദ്ദേഹം സൂചിപ്പിച്ചത്. കൃഷിയിൽ നല്ല പരിജ്ഞാനമുള്ള ആളുണ്ടല്ലോയെന്ന് സൂചിപ്പിച്ചു. നല്ല സൂചനയാണ് അദ്ദേഹം തന്നത്. അദ്ദേഹം നല്ല മന്ത്രിയാണ്, നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ഈ മേഖലയിൽ നന്നായി പഠിക്കുന്ന ആളാണ്. അദ്ദേഹം കള്ള് ചെത്തിൽ മാത്രമല്ല, കാർഷികമേഖലയിലും നല്ലരീതിയിൽ അഭിപ്രായങ്ങളുള്ള ആളാണ്. അങ്ങ് പറഞ്ഞ ട്രേഡ് യൂണിയന്റെ പ്രാതിനിധ്യം ഇതിലുണ്ട്. ഇവിടെ അങ്ങ് പറഞ്ഞത്, CITU, INTUC, AITUC എന്നാണ്. ആ പ്രാതിനിധ്യം ബില്ലിലെ 3(എച്ച്) വ്യവസ്ഥയിൽ പറയുന്നുണ്ട്, 'കള്ള് മേഖലയിലെ അംഗീകൃത തൊഴിലാളി യൂണിയനുകളിലെ ഓരോ പ്രതിനിധി വീതം, പരമാവധി അഞ്ച് പ്രതിനിധികൾ'.

അങ്ങ് പറഞ്ഞൊരു കാര്യം, ഈ ബോർഡുതന്നെ ഉല്പാദനശേഷിയുള്ള തെങ്ങിൻതൈകൾ നട്ടുപിടിപ്പിക്കാൻ മുൻകയ്യെടുക്കണമെന്നായിരുന്നു. അങ്ങനെ തന്നെ വേണമെന്നില്ല, എന്തായാലും അങ്ങ് പറഞ്ഞ അഭിപ്രായം വളരെ പ്രസക്തമാണ്. എന്നാൽ ഇതിൽ 'ബോർഡിന്റെ അധികാരങ്ങളും ചുമതലകളും' എന്ന അദ്ധ്യായം III-ലെ-16(2)ഇ-യിൽ 'കള്ള് ലഭിക്കുന്നതിന് അത്യുൽപ്പാദനശേഷിയുള്ള വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുക' എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അത് ബോർഡിന്റെ അധികാര ത്തിൽത്തന്നെ വരുന്നുണ്ട്. അത് കൃഷി വകുപ്പ് ചെയ്യുന്നുണ്ട്. ഷാപ്പുകളുടെ എണ്ണം സംബന്ധിച്ചും ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) സൂചിപ്പിക്കുകയുണ്ടായി. മുൻ എക്സൈസ് വകുപ്പുമന്ത്രി ശ്രീ. ടി. പി. രാമകൃഷ്ണൻ അതുസംബന്ധിച്ച് ചില അഭിപ്രായങ്ങളും പ്രകടിപ്പിച്ചിരുന്നു. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)-യുടെ കാലത്ത് ഷാപ്പുകളുടെ എണ്ണം കുറച്ചിട്ടില്ലെന്ന് അദ്ദേഹം വളരെ കൃത്യമായി പറഞ്ഞു. എന്നുവച്ചാൽ ആരോ കുറച്ചിട്ടുണ്ടെന്ന് അതിനകത്ത് ദ്യോതിപ്പിക്കുന്നുണ്ട്.

അത് 2001-2006-ലെ യു.ഡി.എഫ്. ഗവൺമെന്റായിരുന്നു. അന്നത് 4000 ആയി നിജപ്പെടുത്തി. ബാക്കി ഷാപ്പുകൾ അടച്ചുപൂട്ടി. 2006-2011-ലെ സഖാവ് വി. എസ്. അച്ചുതാനന്ദൻ സർക്കാർ മുമ്പ് പൂട്ടിയതുൾപ്പെടെ പുനഃസ്ഥാപിച്ച് 5000 ആയി ഉയർത്തി. അത് പിന്നീട് അങ്ങ് കൈവച്ചില്ലെന്നുള്ളത് ശരിയാണ്. യു.ഡി.എഫ്.-ന്റെ സമീപനമാണ് ബഹുമാനപ്പെട്ട മുൻ എക്സൈസ് മന്ത്രിയായിരുന്ന ശ്രീ. ടി. പി. രാമകൃഷ്ണൻ ചൂണ്ടിക്കാണിച്ചത്. പാലക്കാടുണ്ടാക്കുന്ന കള്ള് മുഴുവൻ വ്യാജമാണെന്നുള്ളത് ശരിയല്ല. പാലക്കാടുനിന്ന് എറണാകുളം കഴിയുമ്പോഴേയ്ക്കും അത് വ്യാജമാകുന്നുവെന്നുള്ളതും അത്ര ശരിയല്ല. എന്നാൽ കുറച്ചൊക്കെ വ്യാജ കള്ള് വരുന്നുണ്ടെന്നുള്ളത് ശരിയാണ്. ചിറ്റൂർ 219599 തെങ്ങുകൾ ഇപ്പോൾ ചെത്തുന്നുണ്ട്. അവിടെ 1500 തോപ്പുകളുണ്ട്. ഇവിടെനിന്നുമാത്രം 300-ഓളം പെർമിറ്റ് കള്ള് കൊണ്ടുപോകാൻ അനുമതി നൽകിയിട്ടുണ്ട്. നല്ല കള്ളുതന്നെയാണ് അവിടെ നിന്നും പോകുന്നത്. എന്നാൽ വ്യാജ കള്ള് ഇല്ലേയെന്നുചോദിച്ചാൽ വ്യാജ കള്ള് ഉണ്ടാകാറുണ്ട്. 2015 മുതൽ 2020 വരെ വ്യാജ കള്ളുമായി ബന്ധപ്പെട്ട് 358-ഉം 2021-ൽ ഇതുവരെ 20-ഉം കേസുകളെടുത്തിട്ടുണ്ട്. ബഹുമാന്യനായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത് ശരിയാണ്. നല്ല കള്ള് ഉറപ്പുവരുത്തലാണ് നമുക്കാവശ്യമായിട്ടുള്ളത്. അതിനാവശ്യമായ സമീപനം സഹകരണ സംഘങ്ങളും നല്ലരീതിയിൽ സ്വീകരിച്ചിരുന്നു. ചിലത് തെറ്റായ രൂപത്തിൽ പോയിട്ടുണ്ടാകും. എന്നിരുന്നാലും പൊതുവെ നല്ല അഭിപ്രായം സഹകരണ സംഘങ്ങളെ സംബന്ധിച്ച് വന്നിരുന്നു. ഇവിടെ കള്ളിന്റെ മഹത്വമൊക്കെ പറഞ്ഞു. 'കള്ളോളം നല്ലൊരു വസ്തു ഭൂലോകത്തില്ല' എന്നുവരെ ഇവിടെ ആളുകൾ ഇതിന്റെകൂട്ടത്തിൽ പാടുകയുണ്ടായി. അങ്ങനെ കരുതുന്ന ആളുകളുമുണ്ട്. നല്ല കള്ള് കൊടുക്കുകയെന്നതാണ് ഗവൺമെന്റിന്റെ സമീപനം. ഈ ബോർഡ് വരുമ്പോൾ മൂല്യവർദ്ധനവിലേയ്ക്ക് പോകാൻ കഴിയും. ബഹുമാന്യനായ വൈദ്യുതി വകുപ്പുമന്ത്രി ചില നിർദ്ദേശങ്ങൾ നേരത്തെ വച്ചത് ഇവിടെ ശ്രീ. കെ. ബാബു (നെന്മാറ) സൂചിപ്പിക്കുകയുണ്ടായി. ഇതിൽനിന്ന് വിനിഗർ ഉണ്ടാക്കാം, കള്ള് ബാക്കിവന്നാൽ വീര്യം കുറഞ്ഞ മദ്യമുണ്ടാക്കാം, അത് സൂക്ഷിച്ചുവയ്ക്കാൻ കഴിയുന്നതാണ്. അങ്ങനെയുള്ള പല സാദ്ധ്യതകളും നമുക്ക് ഈ ബോർഡ് വരുന്നതോടുകൂടി പ്രയോജനപ്പെടുത്തിയെടുക്കാൻ കഴിയും.

ഇവിടെ കരിമ്പൻകാലയെക്കുറിച്ച് ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. കള്ളുഷാപ്പുകൾ നല്ലരീതിയിൽ ആയിക്കൂടേ എന്ന് ചോദിക്കുകയുണ്ടായി. അത് വളരെ ശരിയാണ്. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) വിട്ടുപോയതായിരിക്കും. 'മുല്ലപ്പന്തൽ' പോലുള്ള നല്ല ഭക്ഷണം കഴിക്കുന്ന സ്ഥലങ്ങൾ അവിടെയുമുണ്ട്. ബില്ലിലെ 'ബോർഡിന്റെ അധികാരങ്ങളും ചുമതലകളും' എന്നതിൽ 'കള്ള് ഷാപ്പുകൾ നടത്താൻ സ്ഥിരം കെട്ടിടങ്ങൾ നിർമ്മിച്ച് നൽകുക', 'വിനോദസഞ്ചാര

മേഖലകളിൽ ആധുനിക രീതിയിലുള്ള കള്ള് ഷാപ്പുകൾ ആരംഭിക്കുക' എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വളരെ പ്രാകൃതവും പ്രാചീനവുമായ രൂപത്തിലാണ് പല കള്ള് ഷാപ്പുകളുമുള്ളത്. അവയെല്ലാം ആധുനിക രൂപത്തിലേയ്ക്കെത്തിച്ച് ആളുകളെ ആകർഷിക്കാൻ കഴിയുന്നതാക്കി മാറ്റണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ചിലയിടത്ത് പഴയ വില്ലേജോഫീസ് നിൽക്കുന്നതുപോലെ...... (....മൈക്ക് ഓഫ്....)

ശ്രീ. പി. രാജീവ്: സർ, വില്ലേജോഫീസുകളൊക്കെ ഇപ്പോൾ സ്മാർട്ടായല്ലോ. സ്മാർട്ട് വില്ലേജോഫീസ്പോലെ സ്മാർട്ട് കള്ള് ഷാപ്പ് വേണമെന്നാണല്ലോ അങ്ങുദ്ദേശിച്ചത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പല സ്ഥലത്തും പഴക്കംചെന്ന വില്ലേജോഫീസുകളുണ്ട്. കള്ള് ഷാപ്പുകൾക്കും അതേ മോഡലാണ്. ഞാൻ പറയുന്നത് ആ സിസ്റ്റം മാറണമെന്നാണ്. സിസ്റ്റം മാറിയാൽ കൂടുതൽ ആളുകൾ ആകർഷിക്കപ്പെടും. സ്വാഭാവികമായും നല്ലരൂപത്തിൽ പോകും.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. പി. രാജീവ്: സർ, അതൊരു നല്ല നിർദ്ദേശമാണ്. ബോർഡ് വരുമ്പോൾ അത്തരം കാര്യങ്ങളിലെല്ലാം ഇടപെടാനും കള്ള് ഷാപ്പുകൾ ആകർഷകമാക്കാനും കഴിയും. ഇതിന്റെ ഭാഗമായി കർഷകരുടെ വരുമാനം കൂടുകയും ചെയ്യും. അത്തരം കാര്യങ്ങളെല്ലാം ഈ ബോർഡിന്റെ പരിധിയിൽ വരും. ഇതിനെല്ലാം സഹായകരമായിരിക്കുമെന്നാണ് കരുതുന്നത്. അങ്ങ് ഉന്നയിച്ച മറ്റൊരു പ്രശ്നം കേന്ദ്ര നിയമമായ എൻ.ഡി.പി.എസ്.-യുമായി ബന്ധപ്പെട്ടാണ്. ചെറുപ്പക്കാർക്കും സ്കൂൾ കുട്ടികൾക്കുമിടയിൽ മയക്കുമരുന്നിന്റെ സ്വാധീനം വർദ്ധിച്ചു വരുന്നുവെന്ന് അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. അത് വളരെ അപകടകരമായ പ്രവണതയായി കാണേണ്ടതുണ്ട്. നിയമപരമായി അതിനെ നേരിടുന്നതിനും പൊതുഅവബോധം സൃഷ്ടിക്കുന്നതിനുമെല്ലാം നമുക്ക് ഒറ്റക്കെട്ടായിത്തന്നെ നിൽക്കേണ്ടതുണ്ട്. യു.ഡി.എഫ്.-ന്റെ കാലത്ത് മയക്കുമരുന്നുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ കർക്കശമാക്കാൻ ആവശ്യപ്പെട്ടിരുന്നു. ശ്രീ. ടി. പി. രാമകൃഷ്ണൻ മന്ത്രിയായിരിക്കുമ്പോൾ രണ്ടോമൂന്നോ തവണ ആവശ്യപ്പെട്ടിട്ടുണ്ട്. അത് എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം ആവശ്യപ്പെട്ടിട്ടുള്ള കാര്യമാണ്. നമ്മൾ ആവശ്യപ്പെടുന്നതിന് കടകവിരുദ്ധമായ നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നതെന്ന ചില അഭിപ്രായങ്ങൾ വന്നിട്ടുണ്ട്. സംസ്ഥാനത്തിന്റെ അധികാരപരിധിയിൽ അല്ലെങ്കിലും ഇക്കാര്യം വീണ്ടും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നിലപാട് ഇതുതന്നെയാണ്. യു.ഡി.എഫ്.-ഉം ആ

നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ഇതെല്ലാമാണ് പൊതുവായി ഇവിടെ ഉയർന്നു വന്നിട്ടുള്ള അഭിപ്രായങ്ങൾ. ഇതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ ഒരു പുതിയ മാറ്റത്തിലേയ്ക്കാണ് വരുന്നത്. സി.ഐ.ടി.യു., ഐ.എൻ.ടി.യു.സി., എ.ഐ.ടി.യു.സി. തുടങ്ങി എല്ലാ തൊഴിലാളി സംഘടനകളുടെയും ദീർഘകാലത്തെ ആവശ്യമാണിത്. കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ ചരിത്രത്തിൽ ഈ പരമ്പരാഗത വ്യവസായ മേഖലയ്ക്കുള്ള സംഭാവന വളരെ നിസ്തുലമാണ്. പുതിയ കാലത്തിനനുസരിച്ച് അതിനെ മാറ്റിത്തീർക്കാൻ പുനഃസംഘടിപ്പിക്കുക, വൈവിദ്ധ്യവൽക്കരിക്കുക എന്നതാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഈ സാദ്ധ്യതകളെയെല്ലാം ഉപയോഗപ്പെടുത്താൻ കഴിയുന്ന രൂപത്തിലുള്ള ഒരു ഘടനയാണ് ഈ ബോർഡിനുള്ളത്. അതിനാവശ്യമായ ചുമതലകൾ ഈ ബോർഡിന് നിഷ്കർഷിച്ചിട്ടുണ്ട്. അതിനെ പിന്തുണച്ചതിന് എല്ലാവരോടും നന്ദി രേഖപ്പെടുത്തുന്നു.

മി. സ്പീക്കർ: ശ്രീ. ജോബ് മൈക്കിൾ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ജോബ് മൈക്കിൾ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ), അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

162. ഖണ്ഡം 2(1)(എ)-ൽ "രൂപീകരിക്കപ്പെടുന്ന" എന്നതിനു പകരം "രൂപീകരിക്കപ്പെട്ട" എന്ന് ചേർക്കുക.

176. ഖണ്ഡം 2(1)(ഇ)-ൽ "കേരള" എന്നതിനു ശേഷം "സംസ്ഥാന" എന്ന് ചേർക്കുക.

177. ഖണ്ഡം 2(1)(എഫ്)-ൽ "എന്നാൽ" എന്നതിനു ശേഷം "3-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

163. ഖണ്ഡം 2(1)(എ)-ൽ "രൂപീകരിക്കപ്പെടുന്ന" എന്നതിനു പകരം "സ്ഥാപിക്കപ്പെട്ട" എന്ന് ചേർക്കുക.

182. ഖണ്ഡം 2(1)(എച്ച്)-ൽ "റെഗുലേഷൻ" എന്നതിനുപകരം "നിയന്ത്രണം" എന്ന് ചേർക്കുക.

183. ഖണ്ഡം 2(1)(എച്ച്)-ൽ "റെഗുലേഷനുകൾ" എന്നതിനുപകരം "നിയന്ത്രണങ്ങൾ" എന്ന് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

167. ഖണ്ഡം 2(1)(എ)-ൽ "കള്ള്" എന്നതിനു ശേഷം ",നീര" എന്ന വാക്കും ചിഹ്നവും ചേർക്കുക.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

169. ഖണ്ഡം 2(1)(ബി)-ൽ "എന്നാൽ" എന്നതിനു ശേഷം "3-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന" എന്ന് ചേർക്കുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

174. ഖണ്ഡം 2(1)(സി)-ൽ "നിയമിക്കപ്പെട്ട" എന്നതിനു പകരം "സർക്കാർ സർവ്വീസിൽ നിന്നും നിയോഗിക്കപ്പെട്ട " എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

179. ഖണ്ഡം 2(1)(ജി)-ൽ "ഉണ്ടാക്കിയിട്ടുള്ള" എന്നതിനുപകരം "ഉണ്ടാക്കുന്ന" എന്ന് ചേർക്കുക.

194. ഖണ്ഡം 2 (കെ) ആയി താഴെ പറയുന്നത് ചേർത്ത് ശേഷിക്കുന്നവ പുനർ ക്രമീകരിക്കുക

"(കെ) നീര എന്നാൽ 2014 -ലെ കേരള സ്വീറ്റ് ടോഡി (നീര) ചട്ടങ്ങളിലെ 2-ആം ചട്ടം കെ ഖണ്ഡപ്രകാരം നിർവ്വചിച്ചിട്ടുള്ള സ്വീറ്റ് ടോഡി നീര എന്നർത്ഥം ആകുന്നു"

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

186. ഖണ്ഡം 2(1)(എച്ച്)-ൽ "ഉണ്ടാക്കുന്ന" എന്നതിനുപകരം "രൂപീകരിക്കുന്ന" എന്ന് ചേർക്കുക.

188. ഖണ്ഡം 2(1) (കെ) യിൽ " ഖണ്ഡപ്രകാരം" എന്നതിന് പകരം "ഖണ്ഡ പ്രകാരവും 2014-ലെ കേരള സ്വീറ്റ് ടോഡി (നീര) ചട്ടങ്ങളിലെ 2 -ആം ചട്ടം (എൽ) ഖണ്ഡ പ്രകാരവും" എന്ന് ചേർക്കുക.

ശ്രീ. എ. പി. അനിൽകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

196. ഖണ്ഡം 2(1) (എൽ) ആയി താഴെ പറയുന്നത് ചേർത്ത് ശേഷിക്കുന്നവ പുനർ ക്രമീകരിക്കുക.

"(എൽ) നീര ടെക്നീഷ്യൻ എന്നാൽ നീര വേർതിരിക്കുന്നതിന് നിർണയിക്കപ്പെട്ട പ്രകാരം പരിശീലനം സിദ്ധിച്ച ടെക്നീഷ്യൻ എന്നർത്ഥം ആകുന്നു".

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ശ്രീ. എ. പ്രഭാകരന്റെ 158-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

158. ഖണ്ഡം 2-ൽ "-(1)" എന്നത് നീക്കം ചെയ്യുക.

മി. സ്പീക്കർ: 166-ാം നമ്പർ ഭേദഗതി 165-ാം നമ്പർ ഭേദഗതിക്കും 168-ാം നമ്പർ ഭേദഗതി 167-ാം നമ്പർ ഭേദഗതിക്കും 170-ാം നമ്പർ ഭേദഗതി 169-ാം നമ്പർ ഭേദഗതിക്കും 175-ാം നമ്പർ ഭേദഗതി 176-ാം നമ്പർ ഭേദഗതിക്കും 178-ാം നമ്പർ ഭേദഗതി 177-ാം നമ്പർ ഭേദഗതിക്കും 189-ാം നമ്പർ ഭേദഗതി 182-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 162, 176, 177 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 163, 182, 183 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 167-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 169-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 174-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 179, 194 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 186, 188 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 196-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

198. ഖണ്ഡം 3(1)-ൽ "പ്രാരംഭത്തിന്" എന്നതിന് പകരം "ആമുഖത്തിന്" എന്ന് ചേർക്കുക.

205. ഖണ്ഡം 3(2)-ൽ "ആർജ്ജിക്കുവാനും" എന്നതിന് "സമ്പാദിക്കുവാനും" എന്ന് ചേർക്കുക.

227. ഖണ്ഡം3(4)(ഇ)-ൽ "ഗവേഷണ വിഭാഗം" എന്നതിനു മുൻപ് "നാളികേര" എന്ന് ചേർക്കുക.

238. ഖണ്ഡം 3(4)(എച്ച്)-ൽ "പരമാവധി അഞ്ച് പ്രതിനിധികൾ " എന്നതിനു പകരം "ഏഴ് പ്രതിനിധികൾ" എന്ന് ചേർക്കുക.

246. ഖണ്ഡം 3(4)(ഐ)-ൽ "രണ്ട്" എന്നതിനു പകരം "മൂന്ന്" എന്ന് ചേർക്കുക.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

203. ഖണ്ഡം 3(1)-ൽ "കള്ള്" എന്നതിന് ശേഷം "നീര" എന്ന് ചേർക്കുക.

210. ഖണ്ഡം 3(2)-ൽ "അധികാരത്തോട് കൂടിയതും" എന്നതിനു ശേഷം "ആക്റ്റിൻ പ്രകാരം" എന്ന് ചേർക്കുക.

239. ഖണ്ഡം 3(4)(എച്ച്) ആയി താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

"(എച്ച്) നാളികേര വികസന ബോർഡിന്റെ പ്രതിനിധി ".

243. ഖണ്ഡം3(4)(എച്ച്) താഴെപ്പറയും പ്രകാരം മാറ്റുക.

"(എച്ച്) അംഗീകൃത ചെത്തു തൊഴിലാളി യൂണിയനുകളുടെ ഓരോ പ്രതിനിധി വീതം".

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

206. ഖണ്ഡം 3(2)-ൽ "അധികാരത്തോട് കൂടിയതും" എന്നതിന് ശേഷം "ആക്ടിന് വിധേയമായി" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

204. ഖണ്ഡം 3(2)-ൽ "ബോർഡ് " എന്നതിന് ശേഷം "," ചിഹ്നം ചേർക്കുക.

213. ഖണ്ഡം 3(2)-ൽ "നികായം ആയിരിക്കുന്നതും" എന്നതിനു പകരം "നികായമായിരിക്കുന്നതും" എന്ന് ചേർക്കുക.

214. ഖണ്ഡം 3(2)-ൽ "ചെയ്യേണ്ടതുമാകുന്നു" എന്നതിനു പകരം "ചെയ്യാവുന്നതുമാണ്" എന്ന് ചേർക്കുക.

221. ഖണ്ഡം 3(4)(എ)-ൽ "ഒരാൾ" എന്നതിനു പകരം "കള്ള്, നീര ഉൽപ്പാദന വിപണന മേഖലയിൽ ഭരണ പരിചയം ഉള്ള ഒരാൾ" എന്ന് ചേർക്കുക.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

215. ഖണ്ഡം 3(3)-ൽ "തിരുവനന്തപുരം" എന്നതിന് പകരം "കൊല്ലം" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

224. ഖണ്ഡം 3(4)(എ)-ൽ "ഒരാൾ" എന്നതിനു പകരം "കള്ള്, നീര, ഉൽപ്പാദന, മൂല്യവർധന, വിപണന മേഖലയിൽ പ്രാവീണ്യവും പരിചയസമ്പത്തും ഉള്ള ഒരാൾ" എന്ന് ചേർക്കുക.

257. ഖണ്ഡം 3(4)(കെ) ആയി താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക:

"(കെ) അംഗീകൃത നീര ഉൽപ്പാദകരുടെ മൂന്ന് പ്രതിനിധികൾ".

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

228. ഖണ്ഡം 3(4)(ഇ) ആയി താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

"(ഇ) സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/അഡീഷണൽ ചീഫ് സെക്രട്ടറി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്".

255. ഖണ്ഡം 3(4)(ജെ)-ൽ "രണ്ട്" എന്നതിനു പകരം "അഞ്ച്" എന്ന് ചേർക്കുക.

ശ്രീ. കെ. ആൻസലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

234. ഖണ്ഡം3(4)(എച്ച്)-ൽ "മേഖലയിലെ" എന്നതിനു മുൻപ് "വ്യവസായ" എന്ന് ചേർക്കുക.

ശ്രീ. ആന്റണി ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

235. ഖണ്ഡം 3(4)(എച്ച്)-ൽ "യൂണിയനുകളിലെ" എന്നതിനു പകരം "യൂണിയനുകളുടെ" എന്ന് ചേർക്കുക.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

236. ഖണ്ഡം3(4)(എച്ച്)-ൽ "ഓരോ പ്രതിനിധി വീതം" എന്നത് ഒഴിവാക്കുക.

241. ഖണ്ഡം3(4)(എച്ച്) ചുവടെപ്പറയും പ്രകാരം മാറ്റുക.

"(എച്ച്) കള്ള് വ്യവസായ മേഖലയിലെ അംഗീകൃത തൊഴിലാളി യൂണിയനുകളുടെ അംഗബലത്തിന് ആനുപാതികമായി പരമാവധി അഞ്ച് പ്രതിനിധികൾ;"

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

247. ഖണ്ഡം3(4)(എച്ച്)-നു ശേഷം ചുവടെപ്പറയുന്ന ഇനം ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

"(ഐ) കള്ളു ഷാപ്പുകൾ നടത്തുന്ന ചെത്തു തൊഴിലാളി സഹകരണ സംഘങ്ങളുടെ ഒരു പ്രതിനിധി;"

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

259. ഖണ്ഡം 3(5)-ൽ "ഗസറ്റ് വിജ്ഞാപനം വഴി," എന്ന വാക്കുകൾക്കും ചിഹ്നത്തിനും ശേഷം "സർക്കാർ" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: 207-ാം നമ്പർ ഭേദഗതി 206-ാം നമ്പർ ഭേദഗതിക്കും 209-ാം നമ്പർ ഭേദഗതി 210-ാം നമ്പർ ഭേദഗതിക്കും 229-ാം നമ്പർ ഭേദഗതി 228-ാം നമ്പർ ഭേദഗതിക്കും 240-ാം നമ്പർ ഭേദഗതി 239-ാം നമ്പർ ഭേദഗതിക്കും 244-ാം നമ്പർ ഭേദഗതി 243-ാം നമ്പർ ഭേദഗതിക്കും 254-ാം നമ്പർ ഭേദഗതി 255-ാം നമ്പർ ഭേദഗതിക്കും 258-ാം നമ്പർ ഭേദഗതി 257-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 204-ാം നമ്പർ ഭേദഗതിയും ശ്രീ. ആന്റണി ജോൺ അവതരിപ്പിച്ച 235-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: മന്ത്രി സ്വീകരിച്ച 204, 235 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 198, 205, 227, 238, 246 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 203, 210, 239, 243 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 206-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 213, 214, 221 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 215-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 224, 257 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 228, 255 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ആൻസലൻ അവതരിപ്പിച്ച 234-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 236, 241 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ) അവതരിപ്പിച്ച 247-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 259-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ...............

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

260. ഖണ്ഡം 4(1)-ൽ "അഞ്ച്" എന്നതിനുപകരം "മൂന്ന്" എന്ന് ചേർക്കുക.

265. ഖണ്ഡം 4(1)-ൽ "ഔദ്യോഗിക സ്ഥാനം" എന്നതിനുപകരം "ബോർഡിൽ ചുമതല" എന്ന് ചേർക്കുക.

269. ഖണ്ഡം 4(2)-ൽ, "വ്യവസ്ഥകളും" എന്നതിനുശേഷം "ചട്ടങ്ങളാൽ" എന്ന് ചേർക്കുക.

270. ഖണ്ഡം 4(2)-ൽ, "പ്രകാരമായിരിക്കുന്നതാണ്" എന്നതിനുപകരം "പ്രകാരമായിരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

262. ഖണ്ഡം 4(1)-ൽ, "അഞ്ച് വർഷകാലയളവ്" എന്നതിനുപകരം "മൂന്ന് വർഷം" എന്ന് ചേർക്കുക.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

266. ഖണ്ഡം 4(1) താഴെപ്പറയും പ്രകാരം മാറ്റുക

"(1) ബോർഡിലെ ചെയർപേഴ്സണും മറ്റ് അനൗദ്യോഗിക അംഗങ്ങൾക്കും ആറാം വകുപ്പ് പ്രകാരം അയോഗ്യനാക്കപ്പെടാതിരിക്കുമ്പോൾ അവർ ഔദ്യോഗിക സ്ഥാനം ഏറ്റെടുത്ത തീയതി മുതൽ അഞ്ച് വർഷക്കാലം പൂർത്തിയാകുന്നതുവരെ ഔദ്യോഗിക സ്ഥാനം വഹിക്കാവുന്നതാണ്"

മി. സ്പീക്കർ: 267-ാം നമ്പർ ഭേദഗതി 266-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 260, 265, 269, 270 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 262-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 266-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ..............

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## അഞ്ചാം വകുപ്പ്

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

272. ഖണ്ഡം 5(1) ൽ "3-ാം" വകുപ്പ് (2) -ാം ഉപവകുപ്പിലെ വ്യവസ്ഥ കൾക്കനുസൃതമായി ബോർഡ് പുനർ രൂപീകരിക്കാവുന്നതാണ്" എന്നതിനു പകരം "ബോർഡ് പിരിച്ചു വിടുകയോ പുനഃസംഘടിപ്പി ക്കുകയോ ചെയ്യാവുന്നതാണ് " എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

275. ഖണ്ഡം 5(1)-ൽ " പുനർരൂപീകരിക്കാവുന്നതാണ്" എന്നതിനു പകരം "ക്രമീകരിക്കാവുന്നതാണ്" എന്ന് ചേർക്കുക

ശ്രീ. കെ ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

278. ഖണ്ഡം 5(2) -ൽ " പുനർരൂപീകരിച്ച" എന്നതിനുപകരം "പുനർ സംഘടിപ്പിച്ച" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

281. ഖണ്ഡം 5(2)-ൽ " ഒഴിയേണ്ടതാണ്" എന്നതിനു പകരം "റദ്ദാകുന്നതാണ് " എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

282. ഖണ്ഡം 5 ചുവടെപ്പറയും പ്രകാരം മാറ്റുക.

" 5. ബോർഡിന്റെ പിരിച്ചുവിടലും പുനഃസംഘടനയും.-(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി, പ്രസ്തുത വിജ്ഞാപനത്തിൽ വ്യക്തമാക്കാവുന്ന കാരണങ്ങളാൽ ബോർഡ് പിരിച്ചു വിടുകയോ പുനഃസംഘടിപ്പിക്കുകയോ ചെയ്യാവുന്നതാണ്.

(2) (1) -ാം ഉപവകുപ്പു പ്രകാരം ബോർഡ് പുനഃസംഘടിപ്പിക്കുമ്പോൾ അപ്രകാരമുള്ള പുനഃസംഘാടനത്തിന് മുൻപ്, ഔദ്യോഗികസ്ഥാനം വഹിച്ചിരുന്ന, ചെയർപേഴ്സൺ ഉൾപ്പെടെയുള്ള ബോർഡിലെ

അംഗങ്ങൾ, അപ്രകാരമുള്ള പുനഃസംഘടന തീയതി മുതൽ അപ്രകാരം രൂപീകരിച്ച ബോർഡിൽ അവരെ അംഗങ്ങളായി നിയമിക്കാത്ത പക്ഷം അപ്രകാരമുള്ള അംഗങ്ങളുടെ ഔദ്യോഗിക കാലാവധി അവസാനിച്ചിട്ടില്ല എങ്കിലും അപ്രകാരമുള്ള അംഗങ്ങളെന്ന നിലയിലുള്ള അവരുടെ ഔദ്യോഗിക സ്ഥാനം ഒഴിയേണ്ടതാണ്.

(3) സർക്കാർ (1)-ാം ഉപവകുപ്പ് പ്രകാരം ബോർഡ് പിരിച്ചുവിടുന്ന സാഹചര്യത്തിൽ മൂന്ന് മാസത്തിനുള്ളിൽ പുതിയ ബോർഡ് രൂപീകരിക്കേണ്ടതാണ്."

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

283. ഖണ്ഡം 5(2) ചുവടെപ്പറയും പ്രകാരം മാറ്റുക

" (2) (1)-ാം ഉപവകുപ്പ് പ്രകാരം ബോർഡ് പുനഃസംഘടിപ്പിക്കുമ്പോൾ അപ്രകാരമുള്ള പുനഃസംഘാടനത്തിന് മുൻപ്, ഔദ്യോഗികസ്ഥാനം വഹിച്ചിരുന്ന, ചെയർപേഴ്സൺ ഉൾപ്പെടെയുള്ള ബോർഡിലെ അംഗങ്ങൾ, അപ്രകാരമുള്ള പുനഃസംഘടന തീയതി മുതൽ അപ്രകാരം രൂപീകരിച്ച ബോർഡിൽ അവരെ അംഗങ്ങളായി നിയമിക്കാത്ത പക്ഷം, അപ്രകാരമുള്ള അംഗങ്ങളുടെ ഔദ്യോഗിക കാലാവധി അവസാനിച്ചിട്ടില്ല എങ്കിലും അപ്രകാരമുള്ള അംഗങ്ങളെന്ന നിലയിലുള്ള അവരുടെ ഔദ്യോഗിക സ്ഥാനം ഒഴിയേണ്ടതാണ്. "

ശ്രീമതി ദെലീമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

284. ഖണ്ഡം 5(2)-നു ശേഷം ചുവടെപ്പറയുന്ന ഉപവകുപ്പ് ചേർക്കുക

" (3) സർക്കാർ (1) -ാം ഉപവകുപ്പ് പ്രകാരം ബോർഡ് പിരിച്ചു വിടുന്ന സാഹചര്യത്തിൽ മൂന്ന് മാസത്തിനുള്ളിൽ പുതിയ ബോർഡ് രൂപീകരിക്കേണ്ടതാണ്. "

മി. സ്പീക്കർ: 271-ാം നമ്പർ ഭേദഗതി മാർജിനൽ ശീർഷകത്തിനുള്ളതായതിനാൽ ക്രമപ്രകാരമല്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 272-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 275-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 278-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 281-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 282-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 283-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ദെലീമ അവതരിപ്പിച്ച 284-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

286. ഖണ്ഡം 6(സി)-ൽ, "സാന്മാർഗിക ദൂഷ്യമോ" എന്നതിനു പകരം "സാന്മാർഗികദൂഷ്യമോ" എന്ന് ചേർക്കുക.

287. ഖണ്ഡം 6(ഡി)-ൽ, "ബോർഡോ" എന്നതിനു ശേഷം "," ചിഹ്നം ചേർക്കുക.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

293. ഖണ്ഡം 6(ഡി)-ൽ "താൽപര്യമോ" എന്നതിനു പകരം "ഭിന്ന താൽപര്യമോ" എന്ന് ചേർക്കുക.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

294. ഖണ്ഡം 6(ഡി)-ൽ "അയോഗ്യനാക്കപ്പെടുന്നതാണ്." എന്നതിനു പകരം "അയോഗ്യമായിരിക്കുന്നതാണ്. ഇത്തരത്തിൽ അയോഗ്യതയുള്ളയാളെ സർക്കാരിന് ഉത്തരവുവഴി നീക്കം ചെയ്യാവുന്നതാണ്." എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

296. ഖണ്ഡം 6(ഡി)യ്ക്ക് ശേഷം (ഇ) ആയി താഴെപ്പറയുന്നത് ചേർക്കുക.

" (ഇ) ക്രിമിനൽ കേസ്സിൽ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിലോ"

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ശ്രീ. എ. പ്രഭാകരന്റെ 285-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

285. ഖണ്ഡം 6-ൽ "തുടരുന്നതിനും" എന്ന വാക്കിനു മുമ്പായി "അംഗമായി" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 287-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച 287-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 286-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. മാത്യൂ കുഴൽനാടൻ അവതരിപ്പിച്ച 293-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 294-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 296-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഏഴാം വകുപ്പ്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

297. ഖണ്ഡം 7(1)-ൽ "ഉത്തരവുമൂലം" എന്നതിനു മുൻപായി "നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള " എന്ന് ചേർക്കുക.

ഡോ. കെ. ടി. ജലീൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

299. ഖണ്ഡം 7(1)-ൽ "ഏതെങ്കിലും" എന്ന വാക്കിനു മുമ്പായി "ഉദ്യോഗസ്ഥ അംഗം ഒഴികെയുള്ള " എന്ന് ചേർക്കുക.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

300. ഖണ്ഡം 7(1)-ൽ "അംഗത്തിനെയോ" എന്ന വാക്കിന് പകരം "അംഗത്തെയോ" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

306. ഖണ്ഡം 7(1) (ബി)-ൽ "സ്ഥാപിക്കപ്പെട്ട് തടവ് ശിക്ഷയ്ക്ക് വിധിക്കപ്പെടുകയോ" എന്നതിനുപകരം "സ്ഥാപിക്കപ്പെടുകയോ" എന്ന് ചേർക്കുക.

310. ഖണ്ഡം 7(1)(ഡി)-ൽ "ബോർഡിൽ" എന്നതിനു പകരം "തൽസ്ഥാനത്ത് " എന്ന് ചേർക്കുക.

316. ഖണ്ഡം 7(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ, "നൽകാതെ" എന്നതിനു ശേഷം "ഈ വകുപ്പ് പ്രകാരം" എന്ന് ചേർക്കുക.

318. ഖണ്ഡം 7(2)-ൽ, "സമയത്ത്" എന്നതിനു പകരം "കാലയളവിൽ" എന്ന് ചേർക്കുക.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

307. ഖണ്ഡം 7(1) (ബി)-ൽ "തടവ്" എന്ന വാക്ക് ഒഴിവാക്കുക.

319. ഖണ്ഡം 7(2)-ൽ, "അംഗത്തെ" എന്നതിനു ശേഷം" നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ച്"എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

313. ഖണ്ഡം 7(1)(ഇ)-യ്ക്ക് ശേഷം താഴെപ്പറയുന്നത് ചേർക്കുക.

" (എഫ്) ക്രിമിനൽ കേസ്സിൽ ശിക്ഷിക്കപ്പെട്ട് ജയിൽവാസം അനുഭവിക്കുകയോ"

ശ്രീ. ഒ. ആർ. കേളു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

317. ഖണ്ഡം 7(1)-ന്റെ ക്ലിപ്ത നിബന്ധന ചുവടെപ്പറയും പ്രകാരം മാറ്റുക:

"എന്നാൽ, ഈ ഉപവകുപ്പിൻ കീഴിൽ ഒരാളെ നീക്കം ചെയ്യാൻ ഉദ്ദേശിക്കുമ്പോൾ ആ അംഗത്തിന് പറയുവാനുള്ള കാര്യങ്ങൾ ബോധിപ്പിക്കാൻ ന്യായമായ അവസരം നൽകി അത് നീതിയുക്തമായി പരിശോധിച്ച ശേഷമല്ലാതെ നീക്കം ചെയ്യാൻ പാടുള്ളതല്ല."

മി. സ്പീക്കർ: 298-ാം നമ്പർ ഭേദഗതി 297-ാം നമ്പർ ഭേദഗതിക്കും 308-ാം നമ്പർ ഭേദഗതി 307-ാം നമ്പർ ഭേദഗതിക്കും 320-ാം നമ്പർ ഭേദഗതി 319-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഡോ. എൻ ജയരാജ് അവതരിപ്പിച്ച 300-ാം നമ്പർ ഭേദഗതിയും ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 318-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 300, 318 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 297-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. കെ. ടി. ജലീൽ അവതരിപ്പിച്ച 299-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 306, 310, 316 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 307, 319 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 313-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഒ. ആർ. കേളു അവതരിപ്പിച്ച 317-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

എട്ടാം വകുപ്പ്

ശ്രീ. എ. രാജ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

321. ഖണ്ഡം 8-ൽ "ഏതൊരു" എന്നതിന് മുമ്പായി "ഉദ്യോഗസ്ഥ അംഗം ഒഴികെയുള്ള" എന്ന് ചേർക്കുക.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

324. ഖണ്ഡം 8-ൽ "സർക്കാരിന് " എന്നതിന് പകരം "സർക്കാരിനെ" എന്ന് ചേർക്കുക.

329. ഖണ്ഡം 8-ൽ "സ്വീകരിക്കുന്നതിന്മേൽ" എന്നതിന് പകരം "സ്വീകരിക്കുന്നതായാൽ" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

328. ഖണ്ഡം 8-ൽ "നോട്ടീസ്" എന്നതിന് പകരം "അറിയിപ്പ്" എന്ന് ചേർക്കുക.

331. ഖണ്ഡം 8-ന് ചുവടെ പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.

"എന്നാൽ, തന്റെ രാജിയുള്ള നോട്ടീസ് നൽകിയ ഒരു അംഗം, അദ്ദേഹത്തിന്റെ രാജി സംസ്ഥാന സർക്കാർ സ്വീകരിക്കുന്നതുവരെ ഔദ്യോഗികസ്ഥാനത്ത് തുടരേണ്ടതാണ്. "

മി. സ്പീക്കർ: 325, 326 എന്നീ നമ്പർ ഭേദഗതികൾ 324-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 324-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 324-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എ. രാജ അവതരിപ്പിച്ച 321-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 329-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 328, 331 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒൻപതാം വകുപ്പ്

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

334. ഖണ്ഡം 9(1)-ൽ "വകുപ്പു" എന്ന് വരുന്നിടത്തെല്ലാം "വകുപ്പ്" എന്ന് ചേർക്കുക.

337. ഖണ്ഡം 9(1)-ൽ "കഴിയുന്നിടത്തോളം" എന്നതിനുപകരം "കഴിയുന്നത്ര" എന്ന് ചേർക്കുക.

341. ഖണ്ഡം 9(2)-ൽ "ഏതു" എന്നതിനുപകരം "ഏത്" എന്ന് ചേർക്കുക.”

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

335. ഖണ്ഡം 9(1)-ൽ "രാജിവെയ്ക്കുകയോ" എന്നതിനുപകരം "നൽകിയ രാജി സ്വീകരിക്കപ്പെടുകയോ" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

336. ഖണ്ഡം 9(1)-ൽ "കഴിയുന്നിടത്തോളം" എന്നതിനുപകരം "കഴിയുന്നതും" എന്ന് ചേർക്കുക.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

342. ഖണ്ഡം 9(2)-ൽ "പ്രസ്തുത അംഗത്തിന്റെ" എന്നതിന് പകരം "പ്രസ്തുത അംഗത്തിന് വകുപ്പ് 4(1) പ്രകാരം" എന്ന് ചേർക്കുക."

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 334, 341 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 334, 341 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 337-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 335-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 336-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്) അവതരിപ്പിച്ച 342-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## പത്താം വകുപ്പ്

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

345. ഖണ്ഡം 10-ൽ "നടപടികളും" എന്നതിന് പകരം "നടപടിയും" എന്ന് ചേർക്കുക.

ശ്രീ. എ. പി. അനിൽകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

346. ഖണ്ഡം 10-ൽ "ഒഴിവോ അതിന്റെ രൂപീകരണത്തിൽ ഏതെങ്കിലും ന്യൂനതയോ" എന്നതിന് പകരം "ഒഴിവ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 347-ാം നമ്പർ ഭേദഗതി 346-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 345-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 346-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

6.00 P.M.]

## പതിനൊന്നാം വകുപ്പ്

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

348. ഖണ്ഡം 11(1)-ൽ "സഹായമോ" എന്നതിന് ശേഷം "സേവനമോ" എന്ന് ചേർക്കുക.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

351. ഖണ്ഡം 11(1)-ൽ "ചെയ്യാവുന്ന" എന്നതിന് പകരം "ചെയ്യുന്ന" എന്ന് ചേർക്കുക.

355. ഖണ്ഡം 11(2)-ൽ "ബന്ധപ്പെട്ട" എന്നതിന് പകരം "ബന്ധപ്പെട്ട്" എന്ന് ചേർക്കുക.

356. ഖണ്ഡം 11(2)-ൽ "ചർച്ചകളിൽ" എന്നതിന് പകരം "യോഗങ്ങളിൽ" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

352. ഖണ്ഡം 11(1)-ൽ "ചെയ്യാവുന്ന പ്രകാരം" എന്നതിന് പകരം "ചെയ്യുന്ന പ്രകാരം മാത്രം" എന്ന് ചേർക്കുക.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

357. ഖണ്ഡം 11(2)-ൽ "ചർച്ചകളിൽ" എന്നതിന് ശേഷം "ക്ഷണിക്കപ്പെടുന്ന പക്ഷം" എന്ന് ചേർക്കുക.

മി. സ്പീക്കർ: 353-ാം നമ്പർ ഭേദഗതി 352-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 348-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 351, 355, 356 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 352-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 357-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ്

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

361. ഖണ്ഡം 12(1)-ൽ "ചേരേണ്ടതും"എന്നതിനു ശേഷം "(2)-ഉം, (3)-ഉം, (4)-ഉം, (5)-ഉം ഉപവകുപ്പുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി" എന്ന് ചേർക്കുക.

367. ഖണ്ഡം 12(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ "മൂന്ന്" എന്നതിന് പകരം "രണ്ട്" എന്ന് ചേർക്കുക.

368. ഖണ്ഡം 12(3)ന്റെ ക്ലിപ്ത നിബന്ധനയായി താഴെപറയുന്നത് ചേർക്കുക.

"എന്നാൽ, യോഗത്തിൽ ക്വാറം തികയുന്ന അത്രയും എണ്ണം അംഗങ്ങൾ അങ്ങനെയുള്ള യോഗത്തിലുടനീളം ഹാജരില്ലാത്തപക്ഷം ഏതൊരു യോഗത്തിലും യാതൊരു കാര്യങ്ങളും നടത്തുവാൻ പാടില്ലാത്തതാണ്. "

371. ഖണ്ഡം 12(4)-ൽ "ഒരു" എന്നത് ഒഴിവാക്കുക.

372. ഖണ്ഡം 12(4)-ൽ "കാസ്റ്റിംഗ്" എന്നതിനു മുമ്പ് "രണ്ടാം വോട്ട് അഥവാ" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

374. ഖണ്ഡം 12(5)-ൽ "പതിനഞ്ച്" എന്നതിനു ശേഷം "പ്രവൃത്തി" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 361, 367, 368, 371, 372 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 374-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിമൂന്നാം വകുപ്പ്

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

378. ഖണ്ഡം 13(1)-ൽ "ജോയിന്റ്" എന്നതിന് പകരം "ഡെപ്യൂട്ടി" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

380. ഖണ്ഡം 13(1)-ൽ "ഡെപ്യൂട്ടേഷൻ" എന്നതിന് പകരം "അന്യത്ര സേവന വ്യവസ്ഥ" എന്ന് ചേർക്കുക.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

381. ഖണ്ഡം 13(1)-ൽ "ഡെപ്യൂട്ടേഷൻ വഴി" എന്നതിന് പകരം "ഡെപ്യൂട്ടേഷനിൽ" എന്ന് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

382. ഖണ്ഡം 13-ൽ (i) ഉപഖണ്ഡം (1) താഴെപ്പറയും പ്രകാരം മാറ്റുക

" (1) കമ്മീഷന്റെ ശരിയായ പ്രവർത്തനത്തിന് ആവശ്യമായേക്കാവുന്ന പ്രകാരമുള്ള ഓഫീസർമാരെയും ജീവനക്കാരെയും സർക്കാർ കമ്മീഷന് നൽകേണ്ടതാണ്".

(ii) ഉപഖണ്ഡം (3) ഒഴിവാക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

384. ഖണ്ഡം 13(3)-ൽ " ജീവനക്കാരെയും" എന്നതിന് ശേഷം "പി. എസ്. സി. വഴിയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 383-ാം നമ്പർ ഭേദഗതി 382-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 380-ാം നമ്പർ ഭേദഗതിയിൽ "ഡെപ്യൂട്ടേഷൻ" എന്നതിന് പകരം "അന്യത്ര സേവന വ്യവസ്ഥയിൽ" എന്ന് ചേർക്കുക എന്ന ഭേദഗതിയോടെ സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതിയോടെ സ്വീകരിച്ച 380-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 378-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്) അവതരിപ്പിച്ച 381-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 382-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 384-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്തപ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനാലാം വകുപ്പ്

ശ്രീ. എ. രാജ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

390. ഖണ്ഡം 14(1)-ൽ "ആക്റ്റിലെ ആവശ്യങ്ങൾ" എന്നതിനു പകരം "നിയമം ഏൽപ്പിച്ചു നൽകിയിട്ടുള്ള ചുമതലകൾ നിറവേറ്റുന്നതിനായി വിവിധ പ്രവൃത്തികൾ" എന്ന് ചേർക്കുക.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

395. ഖണ്ഡം 14(2)-ൽ "ചെയർപേഴ്സണോ അദ്ദേഹം അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥനോ" എന്നതിനു പകരം "ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ" എന്ന് ചേർക്കുക.

ശ്രീ. സി. ആർ. മഹേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

396. ഖണ്ഡം 14(2)-ൽ "തയ്യാറാക്കേണ്ടതാണ്" എന്നതിനു പകരം "തയ്യാറാക്കി ബോർഡിന്റെ അംഗീകാരം നേടേണ്ടതാണ് " എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

400. ഖണ്ഡം 14(3)-ൽ "ഫാറത്തിലും" എന്നതിനു പകരം "മാതൃകയിലും" എന്ന് ചേർക്കുക.

മി. സ്പീക്കർ: 397-ാം നമ്പർ ഭേദഗതി 396-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. രാജ അവതരിപ്പിച്ച 390-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. കെ. രാമചന്ദ്രൻ അവതരിപ്പിച്ച 395-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 396-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 400-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## പതിനഞ്ചാം വകുപ്പ്

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

405. ഖണ്ഡം 15(1)-ൽ "നിയമിക്കാവുന്നതാണ്" എന്നതിന് പകരം "നിയോഗിക്കാവുന്നതാണ്" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

409. ഖണ്ഡം 15(2)-ൽ "ആവശ്യകതകൾക്കും" എന്നതിനുപകരം "ആവശ്യങ്ങൾക്കും" എന്ന് ചേർക്കുക.

ശ്രീ. എച്ച്. സലാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

410. ഖണ്ഡം 15(2)-ൽ "കാലാകാലങ്ങളിൽ" എന്നതിനു മുമ്പായി "റെഗുലേഷനുകളാൽ നിർണ്ണയിക്കുന്ന പ്രകാരം" എന്ന് ചേർക്കുക.

മി. സ്പീക്കർ: 406-ാം നമ്പർ ഭേദഗതി 405-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 405-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 409-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എച്ച്. സലാം അവതരിപ്പിച്ച 410-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനാറാം വകുപ്പ്

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

413. ഖണ്ഡം 16(1)-ൽ "കള്ള്" എന്നതിന് പകരം "കള്ള്, നീര" എന്ന് ചേർക്കുക.

460. 16(2)(ജെ)-ൽ "കള്ള് ചെത്ത് വ്യവസായം" എന്നതിനു പകരം "കള്ള് ചെത്ത്, നീര വ്യവസായം" എന്ന് ചേർക്കുക.

ശ്രീമതി ശാന്തകുമാരി കെ.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

415. ഖണ്ഡം 16(1)-ൽ "സംഘടിപ്പിക്കുകയും" എന്നതിന് പകരം "പുന:സംഘടിപ്പിക്കുകയും" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

416. ഖണ്ഡം 16(1)-ൽ "സംഘടിപ്പിക്കുകയും" എന്നതിന് ശേഷം "സംയോജിപ്പിക്കുകയും" എന്ന് ചേർക്കുക.

418. ഖണ്ഡം 16(1)-ൽ "ചെയ്യേണ്ടതും" എന്നതിന് ശേഷം "പുതിയ യൂണിറ്റുകൾ രൂപീകരിക്കുകയും" എന്ന് ചേർക്കുക.

429. ഖണ്ഡം 16(2)(സി)-ൽ "മൂല്യവർദ്ധിത" എന്നതിന് ശേഷം "വൈവിധ്യവൽക്കരണ" എന്ന് ചേർക്കുക.

447. ഖണ്ഡം 16(2)(ജി)-ൽ "ആവശ്യാനുസരണം" എന്നതിന് ശേഷം "നടത്തിപ്പിൽ തകർന്നു പോയ" എന്ന് ചേർക്കുക.

468. ഖണ്ഡം 16(എം) ആയി താഴെപ്പറയുന്നത് ചേർക്കുക "(എം) ഈ വ്യവസായത്തിന് ആവശ്യമായ കാർഷിക ഉപകരണങ്ങൾ നിർമ്മിക്കുക, തൊഴിലാളികളെ പരിശീലിപ്പിക്കുക"

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

417. ഖണ്ഡം 16(1)-ൽ "ചെയ്യേണ്ടതും" എന്ന വാക്കിന് മുമ്പായി "പരിഷ്കരിക്കുകയും" എന്ന് ചേർക്കുക.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

422. ഖണ്ഡം 16(2)(ബി) ആയി താഴെപ്പറയുന്നത് ചേർത്ത് ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുക

"(ബി) ഉപഭോക്താക്കൾക്ക് പ്രകൃതിദത്ത ആരോഗ്യ പാനീയമായ നീരയുടെ ലഭ്യത ഉറപ്പാക്കുക"

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

424. ഖണ്ഡം 16(2)(ബി)-ൽ "സംഭരിച്ച്" എന്നതിന് ശേഷം "കേടു കൂടാതെ" എന്ന് ചേർക്കുക.

430. ഖണ്ഡം 16(2)(സി)-ൽ "ഉൽപ്പന്നങ്ങൾ" എന്നതിന് ശേഷം "കണ്ടെത്തി" എന്ന് ചേർക്കുക.

439. ഖണ്ഡം 16 (2) (ഇ)-ൽ "വച്ച്" എന്നതിന് പകരം "നട്ട്" എന്ന് ചേർക്കുക.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

425. ഖണ്ഡം 16(2)(ബി)-ൽ "ആവശ്യമുള്ള മറ്റ് സ്ഥലങ്ങളിൽ" എന്നതിന് പകരം "സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ ആവശ്യാനുസരണം" എന്ന് ചേർക്കുക.

444. ഖണ്ഡം 16(2)(എഫ്)-ൽ "കള്ളുഷാപ്പുകൾ" എന്നതിന് ശേഷം "നീര പാർലറുകൾ" എന്ന് ചേർക്കുക.

ശ്രീ. എ. പി. അനിൽകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

431. ഖണ്ഡം 16(2)(സി)-ൽ "ആരംഭിക്കുക" എന്നതിനുപകരം "ആരംഭിക്കുകയും അത്തരം ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുകയും ചെയ്യുക" എന്ന് ചേർക്കുക.

442. ഖണ്ഡം 16 (2) (ഇ) താഴെപ്പറയും പ്രകാരം മാറ്റുക.

"(ഇ) കള്ള്, നീര എന്നിവയുടെ ലഭ്യത ഉറപ്പാക്കുന്നതിനായി കായൽ, റവന്യൂ, റോഡ് പുറമ്പോക്കുകളിൽ തെങ്ങ്, ചൂണ്ടപ്പന, കരിമ്പന തുടങ്ങിയവയുടെ അത്യുല്പാദനശേഷിയുള്ള വൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുക"

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

434. ഖണ്ഡം 16 (2) (ഡി) ആയി താഴെപ്പറയുന്നത് ചേർത്ത് ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുക.

"(ഡി) കള്ളിന്റെയും കള്ളിൽ നിന്നുള്ള മൂല്യ വർധിത ഉൽപ്പന്ന ങ്ങളുടെയും വിപണന ശൃംഖല വ്യാപിപ്പിക്കുക"

458. 16(2)(ജെ)-ൽ "കള്ള് ചെത്ത്" എന്നതിനു പകരം "കള്ള്ചെത്ത്" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

437. ഖണ്ഡം 16 (2) (ഇ)-ൽ "വൃക്ഷങ്ങൾ" എന്നതിന് പകരം "വൃക്ഷ ത്തൈകൾ" എന്ന് ചേർക്കുക.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

440. ഖണ്ഡം 16 (2) (ഇ) ആയി താഴെപ്പറയുന്നത് ചേർത്ത് ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുക.

"(ഇ) നീര കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള സാങ്കേതികവിദ്യ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുക"

448. ഖണ്ഡം 16(2)(ജി)-ൽ "കള്ള് ഷാപ്പുകൾ" എന്നതിന് ശേഷം "നീര പാർലറുകൾ" എന്ന് ചേർക്കുക.

ശ്രീ. എ. എൻ. ഷംസീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

457. ഖണ്ഡം 16(2)(ഐ) ചുവടെ പറയും പ്രകാരം മാറ്റുക.

"(ഐ) തൊഴിലാളികൾക്കും പുതിയതായി ആ മേഖലയിൽ വരുന്നവ ർക്കും ആവശ്യമായ പരിശീലനം നൽകുകയും, തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും, ആധുനിക രീതികൾ ഉൾപ്പെടെ യന്ത്രോപകരണങ്ങളുടെ പ്രയോഗ സാദ്ധ്യത പരിശോധിക്കുകയും ചെയ്യുക;"

മി. സ്പീക്കർ: 414-ാം നമ്പർ ഭേദഗതി 413-ാം നമ്പർ ഭേദഗതിക്കും 423-ാം നമ്പർ ഭേദഗതി 422-ാം നമ്പർ ഭേദഗതിക്കും 426-ാം നമ്പർ ഭേദഗതി 425-ാം നമ്പർ ഭേദഗതിക്കും 432-ാം നമ്പർ ഭേദഗതി 431-ാം നമ്പർ ഭേദഗതിക്കും 435-ാം

നമ്പർ ഭേദഗതി 434-ാം നമ്പർ ഭേദഗതിക്കും 441-ാം നമ്പർ ഭേദഗതി 440-ാം നമ്പർ ഭേദഗതിക്കും 443-ാം നമ്പർ ഭേദഗതി 442-ാം നമ്പർ ഭേദഗതിക്കും 445-ാം നമ്പർ ഭേദഗതി 444-ാം നമ്പർ ഭേദഗതിക്കും 449-ാം നമ്പർ ഭേദഗതി 448-ാം നമ്പർ ഭേദഗതിക്കും 459-ാം നമ്പർ ഭേദഗതി 460-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 439-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 439-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 413, 460 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 415-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 416, 418, 429, 447, 468 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 417-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 422-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 424, 430 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 425, 444 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽകുമാർ അവതരിപ്പിച്ച 431, 442 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 434, 458 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 437-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ് അവതരിപ്പിച്ച 440, 448 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. എൻ. ഷംസീർ അവതരിപ്പിച്ച 457-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനേഴാം വകുപ്പ്

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

471. ഖണ്ഡം 17(1)-ൽ "പാട്ടത്തിന് നൽകുകയോ" എന്നതിനു ശേഷം "പാട്ടത്തിന് ഏറ്റെടുക്കുകയോ" എന്ന് ചേർക്കുക.

480. ഖണ്ഡം 17(2)-ൽ, "നടപ്പിലാക്കുകയും" എന്നതിനു ശേഷം "വിജയിപ്പിക്കുകയും" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

472. ഖണ്ഡം 17(1)-ൽ "മറ്റ് വിധത്തിൽ" എന്നതിനു പകരം "നിർണയിക്കപ്പെടുന്ന പ്രകാരം" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

474. ഖണ്ഡം 17(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "സർക്കാരിന്റെ" എന്നതിനു ശേഷം "രേഖാമൂലമുള്ള" എന്ന് ചേർക്കുക.

ശ്രീ. ജി. സ്റ്റീഫൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

475. ഖണ്ഡം 17(1)-ന്റെ ക്ലിപ്തനിബന്ധന ചുവടെപ്പറയും പ്രകാരം മാറ്റുക.

"എന്നാൽ, സ്ഥാവരസ്വത്തിന്റെ സംഗതിയിൽ അത് പാട്ടത്തിന് നൽകുകയോ വിൽപ്പന നടത്തുകയോ മറ്റ് വിധത്തിൽ കൈമാറ്റം ചെയ്യുകയോ ചെയ്യുന്നത് സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി മാത്രമെ പാടുള്ളൂ."

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

476. ഖണ്ഡം 17(2)-ൽ, "വഹിക്കുന്നതിനും" എന്നതിനു പകരം "നിർവഹിക്കുന്നതിനും" എന്ന് ചേർക്കുക.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

477. ഖണ്ഡം 17(2)-ൽ, "പദ്ധതികൾ" എന്നതിനു പകരം "പദ്ധതികളും കർമ്മ പരിപാടികളും" എന്ന് ചേർക്കുക.

ശ്രീ. പി. പി. സുമോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

479. ഖണ്ഡം 17(2)-ൽ "നടപ്പിലാക്കുകയും" എന്നതിനു മുമ്പായി "സർക്കാരിന്റെ അംഗീകാരം നേടിയ ശേഷം അവ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 473-ാം നമ്പർ ഭേദഗതി 472-ാം നമ്പർ ഭേദഗതിക്കും 478-ാം നമ്പർ ഭേദഗതി 477-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 471, 480 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 472-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 474-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ജി. സ്റ്റീഫൻ അവതരിപ്പിച്ച 475-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ് അവതരിപ്പിച്ച 476-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 477-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. പി. സുമോദ് അവതരിപ്പിച്ച 479-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പതിനെട്ടാം വകുപ്പ്</u>

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

481. ഖണ്ഡം 18(2)(എ)-ൽ, "മുഴുവനായോ ഭാഗികമായോ" എന്നത് ഒഴിവാക്കുക.

ചീഫ് വിപ്പ് (<u>ഡോ. എൻ. ജയരാജ്</u>): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

483. ഖണ്ഡം 18(2)(എ)-ൽ, "പദ്ധതിയുടെ" എന്നതിനുപകരം "പദ്ധതികളുടെ" എന്ന് ചേർക്കുക.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

484. ഖണ്ഡം 18(2)(എ)-ൽ, "വിവരങ്ങൾ" എന്നതിനു പകരം "വിശദമായ പ്രോജക്ട് റിപ്പോർട്ട്" എന്ന് ചേർക്കുക.

ശ്രീ. പി. പി. സുമോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

486. ഖണ്ഡം 18(2)(ബി)-ൽ, "സംഘടിപ്പിക്കുവാൻ" എന്നതിനു പകരം "നടപ്പിലാക്കുവാൻ" എന്ന് ചേർക്കുക.

ശ്രീ. സി. ആർ. മഹേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

488. ഖണ്ഡം 18(2)(ബി)-ൽ, "വിവരങ്ങൾ" എന്നതിനു പകരം "പ്രോജക്ട് റിപ്പോർട്ട്" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

490. ഖണ്ഡം 18(2)(സി)-ൽ, "മറ്റു" എന്നതിനു പകരം "മറ്റ് " എന്ന് ചേർക്കുക.

492. ഖണ്ഡം 18(3)-ൽ, "പ്രകാരമുള്ള" എന്നതിനു ശേഷം "നിശ്ചിത" എന്ന് ചേർക്കുക.

493. ഖണ്ഡം 18(3)-ൽ, "ഫാറത്തിലും" എന്നതിനു പകരം "മാതൃകയിലും" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

491. ഖണ്ഡം 18(2)(സി)-ക്കു ശേഷം (ഡി) എന്ന ഇനമായി താഴെ പറയുന്നത് ചേർക്കുക.

"(ഡി) നിലവിലുള്ള പദ്ധതികളുടെ പുരോഗതിയും കാര്യക്ഷമതയും വ്യക്തമാക്കുക."

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

495. ഖണ്ഡം 18(3)-ൽ, "പദ്ധതികൾ" എന്നതിനു പകരം "പദ്ധതി രൂപരേഖ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 482-ാം നമ്പർ ഭേദഗതി 481-ാം നമ്പർ ഭേദഗതിക്കും 485-ാം നമ്പർ ഭേദഗതി 484-ാം നമ്പർ ഭേദഗതിക്കും 489-ാം നമ്പർ ഭേദഗതി 488-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 481-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 483-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 484-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. പി. സുമോദ് അവതരിപ്പിച്ച 486-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 488-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 490, 492, 493 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 491-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ അവതരിപ്പിച്ച 495-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പത്തൊമ്പതാം വകുപ്പ്

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

498. ഖണ്ഡം 19-ൽ " സർക്കാർ" എന്നത് നീക്കം ചെയ്യുക.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

499. ഖണ്ഡം 19-ൽ " സർക്കാർ യുക്തമെന്ന് കരുതാവുന്ന പ്രകാരമുള്ള" എന്നതിന് പകരം " യുക്തമായ" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

502. ഖണ്ഡം 19-ൽ "ബോർഡിന്" എന്നതിന് ശേഷം" ഫീസ് ഈടാക്കി കൈമാറ്റം ചെയ്യാവുന്നതാണ്" എന്ന് ചേർക്കുക.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

503. ഖണ്ഡം 19 ന ശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.

" എന്നാൽ, ഇപ്രകാരം ആർജിക്കുന്ന സ്വത്തുക്കൾ പതിനേഴാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം കൈകാര്യം ചെയ്യപ്പെടേണ്ടതാണ്".

മി. സ്പീക്കർ: 504-ാം നമ്പർ ഭേദഗതി 503-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ അവതരിപ്പിച്ച 498-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 499-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 502-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 503-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപതാം വകുപ്പ്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

613. ഖണ്ഡം 20(3)-ന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡങ്ങൾ ചേർക്കുക.

> " (4) 2002-ലെ കേരള അബ്കാരി ഷോപ്സ് ഡിസ്പോസൽ ചട്ടങ്ങൾക്ക് കീഴിൽ കള്ള്ഷാപ്പ് ലൈസൻസികളിൽ നിന്നും അധിക വാർഷിക റെന്റൽ ആയി ഈടാക്കുന്ന തുകയും തൊഴിലാളി കമ്മിറ്റികൾ നടത്തുന്ന കള്ള്ഷാപ്പുകളുടെ സംഗതിയിൽ അധിക വാർഷിക റെന്റൽ ആയി ഈടാക്കുന്ന തുകയും, സംസ്ഥാന നിയമസഭ നിയമംമൂലം നടത്തുന്ന യഥാവിധിയുള്ള ധനവിനിയോഗത്തിനു ശേഷം നിധിയിലേക്ക് വരവ് വയ്ക്കേണ്ടതാണ്.
>
> (5) 1959-ലെ വൃക്ഷക്കര ചട്ടങ്ങൾക്ക് കീഴിൽ അധിക പെർമിറ്റ് ഫീസായി ചുമത്തുന്ന ഒരു രൂപ സംസ്ഥാന നിയമസഭ നടത്തുന്ന യഥാവിധിയുള്ള ധനവിനിയോഗത്തിനു ശേഷം നിധിയിലേക്ക് വരവ് വയ്ക്കേണ്ടതാണ്."

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

505. ഖണ്ഡം 20(1)-ൽ "ബോർഡിന്, അതിന്റെ സ്വന്തം നിധി ഉണ്ടായിരിക്കുന്നതും" എന്നതിനു പകരം "ബോർഡ്, ഈ ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് നിർണ്ണയിക്കപ്പെടുന്ന പ്രകാരം ഒരു നിധി രൂപീകരിക്കേണ്ടതും" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

507. ഖണ്ഡം 20(1)-ൽ "എല്ലാ" എന്നതിനു പകരം "സർവ്വ" എന്ന് ചേർക്കുക.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

508. ഖണ്ഡം 20(1)-ൽ "അതിലേയ്ക്ക്" എന്നതിനു മുമ്പായി "ധനസഹായവും" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

509. ഖണ്ഡം 20(2)-ൽ "സ്വീകരിക്കാവുന്നതാണ്" എന്നതിനു പകരം "സ്വീകരിക്കാവുന്നതും പ്രസ്തുത വായ്പ യഥാവിധി വ്യവസ്ഥയനുസരിച്ച് തിരിച്ചടയ്ക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

510. ഖണ്ഡം 20(3)-ൽ "നിർദ്ദേശിക്കുന്ന പ്രകാരം" എന്നതിനു ശേഷം "പൊതുമേഖലാ ബാങ്കുകളിലോ, ട്രഷറിയിലോ" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

511. ഖണ്ഡം 20(3) താഴെപ്പറയും പ്രകാരം മാറ്റുക.

"(3) സംസ്ഥാന സർക്കാരോ മറ്റേതെങ്കിലും സ്ഥാപനമോ സംഘടനയോ നൽകിയേക്കാവുന്ന ഏതെങ്കിലും ഗ്രാന്റുകൾ, വായ്പകൾ അല്ലെങ്കിൽ മുൻകൂർ എന്നിവ നിധിയിൽ വരവ് വെക്കേണ്ടതാണ്."

മി. സ്പീക്കർ: 506-ാം നമ്പർ ഭേദഗതി 505-ാം നമ്പർ ഭേദഗതിക്കും 512-ാം നമ്പർ ഭേദഗതി 511-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 505-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 507-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 508-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 509, 510 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 511-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയൊന്നാം വകുപ്പ്

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

515. ഖണ്ഡം 21-ൽ, "എല്ലാ" എന്നതിനുപകരം "സർവ്വ" എന്ന് ചേർക്കുക.

516. ഖണ്ഡം 21-ൽ "സ്വത്തുക്കളും" എന്നതിന് മുൻപായി "സ്ഥാവര ജംഗമ" എന്ന് ചേർക്കുക.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

518. ഖണ്ഡം 21-ൽ "ഫണ്ടും" എന്നതിനു ശേഷം "ഗ്രാന്റുകളും" എന്ന് ചേർക്കുക.

മി. സ്പീക്കർ: 517-ാം നമ്പർ ഭേദഗതി 516-ാം നമ്പർ ഭേദഗതിക്കും 519-ാം നമ്പർ ഭേദഗതി 518-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 515, 516 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ് അവതരിപ്പിച്ച 518-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിരണ്ടാം വകുപ്പ്

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

520. ഖണ്ഡം 22(2)-ൽ "നിശ്ചയിക്കുന്ന" എന്നതിന് പകരം "വിനിർദ്ദേശിക്കുന്ന" എന്ന് ചേർക്കുക.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

523. ഖണ്ഡം 22(2)-ൽ "നിശ്ചയിക്കുന്ന പ്രകാരമുള്ള" എന്നതിന് പകരം "വിനിർദ്ദേശിക്കുന്ന പ്രകാരം ഉള്ള നിബന്ധനകൾക്കും" എന്ന് ചേർക്കുക.

525. ഖണ്ഡം 22(2)-ൽ "നിശ്ചയിക്കുന്ന പ്രകാരമുള്ള" എന്നതിന് ശേഷം "നിബന്ധനകൾക്കും" എന്ന് ചേർക്കുക.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

527. ഖണ്ഡം 22(2)-ൽ "പണം" എന്നതിന് മുമ്പായി "ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുൾപ്പെടെ" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

528. ഖണ്ഡം 22(2)-ൽ "കടം വാങ്ങാവുന്നതാണ്" എന്നതിന് ശേഷം "ആയതിന് നിഷ്കർഷിക്കുന്ന രീതിയിൽ തിരിച്ചടയ്ക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 521-ാം നമ്പർ ഭേദഗതി 520-ാം നമ്പർ ഭേദഗതിക്കും 524-ാം നമ്പർ ഭേദഗതി 523-ാം നമ്പർ ഭേദഗതിക്കും 526-ാം നമ്പർ ഭേദഗതി 525-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 520-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 523, 525 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 527-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 528-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിമൂന്നാം വകുപ്പ്

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

530. ഖണ്ഡം 23(1)-ൽ "കാണിച്ചുകൊണ്ടുള്ള" എന്നതിനു പകരം "വിശദമായി പ്രതിപാദിക്കുന്ന" എന്ന് ചേർക്കുക.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

532. ഖണ്ഡം 23(1)-ൽ "ബഡ്ജറ്റ്" എന്നതിന് പകരം "വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് " എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

534. ഖണ്ഡം 23(1)-ൽ "ഫാറത്തിൽ" എന്നതിന് പകരം "മാതൃകയിൽ" എന്ന് ചേർക്കുക.

535. ഖണ്ഡം 23(1)-ൽ "തയ്യാറാക്കുകയും" എന്നതിനു പകരം "തയ്യാറാക്കേണ്ടതും" എന്ന് ചേർക്കുക.

536. ഖണ്ഡം 23(1)-ൽ "തയ്യാറാക്കുകയും" എന്നതിനു ശേഷം ", ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന അത്രയും എണ്ണം അതിന്റെ പകർപ്പുകൾ" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

537. ഖണ്ഡം 23(3)-ൽ "അപ്രകാരമുള്ള തുക ചെലവായി (1)-ാം ഉപവകുപ്പ് പ്രകാരം" എന്നത് നീക്കം ചെയ്യുക.

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

538. ഖണ്ഡം 23(3)-ൽ "അപ്രകാരമുള്ള തുക ചെലവായി (1)-ാം ഉപവകുപ്പ് പ്രകാരം, സർക്കാർ അംഗീകരിച്ച ബജറ്റിലെ നിശ്ചിത വ്യവസ്ഥക ളിൽ ഉൾപ്പെടാത്ത പക്ഷം എന്നതിന് പകരം

"സർക്കാർ അംഗീകരിച്ച ബജറ്റുപ്രകാരമല്ലാതെ" എന്നത് ചേർക്കുക.

539. ഖണ്ഡം 23(3)-ൽ "ബജറ്റിലെ നിശ്ചിത വ്യവസ്ഥകളിൽ ഉൾപ്പെട്ടു ത്താത്ത പക്ഷം എന്നതിന് പകരം " ബജറ്റു പ്രകാരമല്ലാതെ" എന്നത് ചേർക്കുക.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

540. ഖണ്ഡം 23(3)-ന്റെ ക്ലിപ്ത നിബന്ധനയിൽ "പദ്ധതിക്കുവേണ്ടി" എന്നതിനു പകരം "പദ്ധതിക്ക് വേണ്ടി" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

541. ഖണ്ഡം 23(3)-ന്റെ ക്ലിപ്ത നിബന്ധനയിൽ "പദ്ധതിക്കുവേണ്ടി ഉണ്ടാക്കിയ വ്യവസ്ഥയിൽ"എന്നതിന് പകരം "പദ്ധതിയിൽ" എന്ന് ചേർക്കുക.

ശ്രീ. ജി. സ്റ്റീഫൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

543. ഖണ്ഡം 23(3)-ന്റെ ക്ലിപ്ത നിബന്ധനയിൽ "പുനർ" എന്നതിന് പകരം "വകമാറ്റിയുള്ള" എന്ന് ചേർക്കുക.

മി. സ്പീക്കർ: 531-ാം നമ്പർ ഭേദഗതി 530-ാം നമ്പർ ഭേദഗതിക്കും 533-ാം നമ്പർ ഭേദഗതി 532-നമ്പർ ഭേദഗതിക്കും 542-ാം നമ്പർ ഭേദഗതി 541-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 530-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 532-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 534, 535, 536 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 537-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ച 538, 539 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 540-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 541-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ജി. സ്റ്റീഫൻ അവതരിപ്പിച്ച 543-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിനാലാം വകുപ്പ്

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

544. ഖണ്ഡം 24-ൽ "ഫാറത്തിലും" എന്നതിന് പകരം "മാതൃകയിലും"എന്ന് ചേർക്കുക.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

545. ഖണ്ഡം 24-ൽ "ബജറ്റ്" എന്നതിന് പകരം "വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ്" എന്ന് ചേർക്കുക.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

549. ഖണ്ഡം 24-ൽ "വ്യവസ്ഥകൾ" എന്നതിന് മുമ്പായി "(1),(2) ഉപവകുപ്പുകളിലെ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 546-ാം നമ്പർ ഭേദഗതി 545-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 544-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ് അവതരിപ്പിച്ച 545-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 549-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയഞ്ചാം വകുപ്പ്

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

550. ഖണ്ഡം 25-ൽ "സ്റ്റേറ്റ്മെന്റ്" എന്ന വാക്കിന് ശേഷം വരുന്നവ നീക്കം ചെയ്ത് പകരം ഇനി പറയുന്നത് ചേർക്കുക.

"തയ്യാറാക്കേണ്ടതും അവ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ ആഡിറ്റിന് വിധേയമായിരിക്കുന്നതുമാണ്".

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

551. ഖണ്ഡം 25-ൽ, "ആഡിറ്ററെകൊണ്ട്" എന്നതിന് പകരം ഓഡിറ്ററെകൊണ്ട്" എന്ന് ചേർക്കുക.

552. ഖണ്ഡം 25-ൽ, "ആഡിറ്റ്" എന്നതിനു പകരം "ഓഡിറ്റ്" എന്ന് ചേർക്കുക.

556. ഖണ്ഡം 25-ൽ, നിലവിലുള്ള ഖണ്ഡം ഉപഖണ്ഡം (1) ആയും താഴെപറയുന്നത് ഉപഖണ്ഡം (2) ആയും ചേർക്കുക.

" (2) ഓഡിറ്റ് റിപ്പോർട്ടിന്റെ ഒരു പകർപ്പ് സംസ്ഥാന സർക്കാരിനും ബോർഡിനും, സംസ്ഥാന സർക്കാർ വിനിർദ്ദേശിക്കുന്ന മറ്റേതെങ്കിലും ബന്ധപ്പെട്ട ആൾക്കും അല്ലെങ്കിൽ അധികാരസ്ഥാനത്തിനും സമർപ്പിക്കേണ്ടതാണ്.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

553. ഖണ്ഡം 25-ൽ "ആഡിറ്റ് ചെയ്യിക്കേണ്ടതാണ്" എന്നതിനുശേഷം" പ്രസ്തുത റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കേണ്ടതാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 550-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 551, 552, 556 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 553-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയാറാം വകുപ്പ്

ശ്രീ. എം. വിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

557. ഖണ്ഡം 26-ൽ "മുൻ സാമ്പത്തിക വർഷത്തെ" എന്നത് ഒഴിവാക്കുക.

564. ഖണ്ഡം 26-ൽ "വയ്പ്പിക്കേണ്ടതാണ്" എന്നതിനു പകരം "വയ്ക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

560. ഖണ്ഡം 26-ൽ "തയ്യാറാക്കേണ്ടതും" എന്നതിന് പകരം "തയ്യാറാക്കി കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് സഹിതം" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

562. ഖണ്ഡം 26-ൽ "ആഡിറ്റ്" എന്നതിന് പകരം "ഓഡിറ്റ്" എന്ന് ചേർക്കുക.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

563. ഖണ്ഡം 26-ൽ "സ്റ്റേറ്റ്മെന്റ് സഹിതം" എന്നതിനു ശേഷം "അതതു സംഗതി പോലെ നടപ്പ് സമ്മേളനത്തിലോ തൊട്ടടുത്ത സമ്മേളനത്തിലോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 561-ാം നമ്പർ ഭേദഗതി 560-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. വിജിൻ അവതരിപ്പിച്ച 557, 564 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 560-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 562-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 563-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയേഴാം വകുപ്പ്

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

565. ഖണ്ഡം 27-ൽ " നിർദ്ദേശിക്കാവുന്ന" എന്ന് വരുന്നിടത്തെല്ലാം" നിർദ്ദേശിക്കുന്ന" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതി അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 565-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയെട്ടാം വകുപ്പ്

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

567. ഖണ്ഡം 28-ൽ "ചട്ടങ്ങളോ" എന്നതിന് ശേഷം "റെഗുലേഷനുകളോ" എന്ന് ചേർക്കുക.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

568. ഖണ്ഡം 28-ൽ "പ്രകാരം" എന്നതിന് പകരം "പ്രകാരമുള്ള" എന്ന് ചേർക്കുക.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

570. ഖണ്ഡം 28-ൽ "പ്രകാരം" എന്നതിന് പകരം "റെഗുലേഷനുകളോ പ്രകാരമുള്ള" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

572. ഖണ്ഡം 28-ൽ "മറ്റു" എന്ന വരുന്നിടത്തെല്ലാം പകരം "മറ്റ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 569, 571 എന്നീ നമ്പർ ഭേദഗതികൾ യഥാക്രമം 568, 570 എന്നീ നമ്പർ ഭേദഗതികൾക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 567-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ് അവതരിപ്പിച്ച 568-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 570-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 572-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയൊൻപതാം വകുപ്പ്

ശ്രീ. ഐ. ബി. സതീഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

573. ഖണ്ഡം 29-ൽ "വാർഷികമായി" എന്നതിനു പകരം "ഒരു സാമ്പത്തിക വർഷം" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

574. ഖണ്ഡം 29 -ൽ, "അൻപതിനായിരം രൂപ" എന്നതിനു പകരം "ഒരു ലക്ഷം രൂപ" എന്ന് ചേർക്കുക.

575. ഖണ്ഡം 29-ൽ, "പതിനായിരം" എന്നതിനു പകരം "ഇരുപത്തി അഞ്ചായിരം" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

576. ഖണ്ഡം 29-ൽ "അഭിപ്രായമുള്ള" എന്നതിനുപകരം "ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ട് പ്രകാരം ബോധ്യമുള്ള" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ഐ. ബി. സതീഷ് അവതരിപ്പിച്ച 573-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 574, 575 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 576-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പതാം വകുപ്പ്

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

579. ഖണ്ഡം 30-ൽ "ആവശ്യത്തിലേയ്ക്കായി" എന്നതിന് ശേഷം"വ്യവസ്ഥകൾക്ക് വിരുദ്ധമാകാത്ത രീതിയിൽ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 580-ാം നമ്പർ ഭേദഗതി 579-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 579-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിയൊന്നാം വകുപ്പ്

(ഭേദഗതിയില്ല)

മി. സ്പീക്കർ: മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിരണ്ടാം വകുപ്പ്

(ഭേദഗതിയില്ല)

മി. സ്പീക്കർ: മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിമൂന്നാം വകുപ്പ്

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

583. ഖണ്ഡം 33(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "ഉണ്ടാക്കുവാൻ" എന്നതിന് പകരം "പുറപ്പെടുവിക്കാൻ" എന്ന് ചേർക്കുക.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

587. ഖണ്ഡം 33(2)-ൽ "ഉടൻതന്നെ" എന്നതിന് പകരം "അതത് സംഗതി പോലെ നടപ്പ് സമ്മേളനത്തിലോ തൊട്ടടുത്ത സമ്മേളനത്തിലോ" എന്ന് ചേർക്കുക.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

590. ഖണ്ഡം 33(2) ചുവടെപ്പറയും പ്രകാരം മാറ്റുക.

" (2)(1)-ാം ഉപവകുപ്പുപ്രകാരം ഉണ്ടാക്കിയതിനു ശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ, തുടർച്ചയായ ഒന്നിലധികം സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ, പതിനാല് ദിവസക്കാലയളവ് പൂർത്തിയാകുന്നതു വരെയുള്ള സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭ പ്രസ്തുത ഉത്തരവിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ ആ ഉത്തരവ് ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ഉത്തരവിന് അതിനുശേഷം അതതു സംഗതിപോലെ, അപ്രകാരം ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതിയോ, റദ്ദാക്കലോ ആ ഉത്തരവ് പ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്."

മി. സ്പീക്കർ: 584-ാം നമ്പർ ഭേദഗതി 583-ാം നമ്പർ ഭേദഗതിക്കും 588, 589 എന്നീ നമ്പർ ഭേദഗതികൾ 587-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 583-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ് അവതരിപ്പിച്ച 587-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 590-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിനാലാം വകുപ്പ്

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

591. ഖണ്ഡം 34(2)(എ)-ൽ "ശമ്പളവും ബത്തകളും" എന്നതിന് ശേഷം "മറ്റ് സേവന വ്യവസ്ഥകളും" എന്ന് ചേർക്കുക.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

592. ഖണ്ഡം 34(2)(ബി)-ൽ "അലവൻസുകളും" എന്നതിനുപകരം "ബത്തകളും" എന്ന് ചേർക്കുക.

603. ഖണ്ഡം 34(3)-ൽ "കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ" എന്നതിനു പകരം "അതതു സംഗതി പോലെ നടപ്പ് സമ്മേളനത്തിലോ തൊട്ടടുത്ത നിയമസഭാ സമ്മേളനത്തിലോ" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

593. ഖണ്ഡം 34(2)(സി)-ൽ "ഫാറവും" എന്നതിനുപകരം "മാതൃകയും" എന്ന് ചേർക്കുക.

595. ഖണ്ഡം 34(2)(ഡി)-ൽ "ഫാറവും" എന്നതിനുപകരം "മാതൃകയും" എന്ന് ചേർക്കുക.

596. ഖണ്ഡം 34(2)(ഇ)-ൽ "ഫാറം" എന്നതിനുപകരം "മാതൃക" എന്ന് ചേർക്കുക.

598. ഖണ്ഡം 34(2)(എഫ്)-ൽ "ഫാറവും" എന്നതിനുപകരം "മാതൃകയും" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

594. ഖണ്ഡം 34(2)(സി)-ൽ "ഫാറവും" എന്നതിന് ശേഷം "വ്യവസ്ഥകളും" എന്ന് ചേർക്കുക.

ശ്രീ. കെ. പ്രേംകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

599. ഖണ്ഡം 34(2)(ജി)-ൽ "രീതിയും;" എന്നതിനു പകരം "രീതിയും ഓഡിറ്റിനു വേണ്ട വ്യവസ്ഥകളും;" എന്ന് ചേർക്കുക.

ശ്രീ. എച്ച്. സലാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

605. ഖണ്ഡം 34(3)-ൽ "രണ്ട്" എന്നതിനു പകരം "ഒന്നിലധികം" എന്ന് ചേർക്കുക.

606. ഖണ്ഡം 34(3)-ൽ "തൊട്ടടുത്തുവരുന്ന" എന്നതിനു പകരം "പതിനാല് ദിവസക്കാലയളവ് പൂർത്തിയാകുന്നത് വരെയുള്ള" എന്ന് ചേർക്കുക.

ശ്രീ. പി. നന്ദകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

607. ഖണ്ഡം 34(3) ചുവടെപ്പറയും പ്രകാരം മാറ്റുക:

"(3) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കുന്ന ഓരോ ചട്ടവും അതുണ്ടാക്കിയതിനു ശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ, തുടർച്ചയായ ഒന്നിലധികം സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ, പതിനാല് ദിവസക്കാലയളവ് പൂർത്തിയാകുന്നതു വരെയുള്ള സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന് അതിനു ശേഷം അതതു സംഗതിപോലെ, അപ്രകാരം ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതിയോ, റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്."

മി. സ്പീക്കർ: 602, 604 എന്നീ നമ്പർ ഭേദഗതികൾ 603-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 591-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 592, 603 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 593, 595, 596, 598, എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 594-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ അവതരിപ്പിച്ച 599-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എച്ച്. സലാം അവതരിപ്പിച്ച 605, 606 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 607-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു

മുപ്പത്തിയഞ്ചാം വകുപ്പ്

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

608. ഖണ്ഡം 35(2) (എ)-ൽ "രീതി" എന്നതിന് പകരം "വ്യവസ്ഥകൾ" എന്ന് ചേർക്കുക.

ശ്രീമതി ശാന്തകുമാരി കെ.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

611. ഖണ്ഡം 35(2) (സി)-ൽ "കമ്മിറ്റി" എന്നതിനു പകരം "കമ്മിറ്റിയുടെ ഘടനയും" എന്ന് ചേർക്കുക.

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

612. ഖണ്ഡം 35(2) (സി)-യ്ക്കു ശേഷം ചുവടെപ്പറയുന്ന ഇനം ചേർക്കുക.

"(ഡി) 15-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന സമിതികളുടെ ഘടനയും അധികാരം വിനിയോഗിക്കേണ്ടതും ചുമതലകൾ നിർവ്വഹിക്കേണ്ടതുമായി ബന്ധപ്പെട്ട അധികാരങ്ങൾ"

മി. സ്പീക്കർ: 609, 610 എന്നീ നമ്പർ ഭേദഗതികൾ 608-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 608-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 611-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 612-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു

<u>മുപ്പത്തിയാറാം വകുപ്പ്</u>

(ഭേദഗതിയില്ല)

മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

110. ദീർഘശീർഷകത്തിൽ "വ്യവസായം" എന്നതിന് പകരം "വ്യവസായവും നീര ഉൽപ്പാദനവും വിപണനവും" എന്ന് ചേർക്കുക.

134. പീഠികയിൽ "വ്യവസായം" എന്നതിനു പകരം "വ്യവസായവും നീരയുടെ മൂല്യ വർധനവും വിപണനവും" എന്ന് ചേർക്കുക.

137. പീഠികയിൽ "വ്യവസായം" എന്നതിനു പകരം "വ്യവസായവും നീര ഉൽപ്പാദനവും മൂല്യ വർധനവും" എന്ന് ചേർക്കുക.

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

112. ദീർഘശീർഷകത്തിൽ "വ്യവസായം" എന്നതിന് പകരം "വ്യവസായവും നീര വിപണനവും" എന്ന് ചേർക്കുക.

129. ദീർഘശീർഷകത്തിൽ "ഒരു കള്ള്" എന്നതിന് ശേഷം "നീര" എന്ന് ചേർക്കുക.

154. ഖണ്ഡം 1(1)-ൽ "കള്ള്" എന്നതിനു ശേഷം "നീര" എന്ന് ചേർക്കുക.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

114. ദീർഘശീർഷകത്തിൽ "വ്യവസായം" എന്നതിന് പകരം "വ്യവസായവും നീര ഉൽപ്പാദനവും മൂല്യ വർധനവും" എന്ന് ചേർക്കുക.

143. പീഠികയിൽ "വ്യവസായം" എന്നതിനുപകരം "വ്യവസായവും പ്രകൃതിദത്ത ആരോഗ്യ പാനീയമായ നീരയുടെ ഉൽപാദനവും മൂല്യവർധനവും" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

116. ദീർഘശീർഷകത്തിൽ "വ്യവസായം" എന്നതിന് പകരം "വ്യവസായവും നീരയുടെ മൂല്യ വർധനവും വിപണനവും" എന്ന് ചേർക്കുക.

121. ദീർഘശീർഷകത്തിൽ "വ്യവസായം" എന്നതിനു പകരം "വ്യവസായവും പ്രകൃതിദത്ത ആരോഗ്യ പാനീയമായ നീരയുടെ മൂല്യ വർധനവും വിപണനവും" എന്ന് ചേർക്കുക.

152. ഖണ്ഡം 1(1)-ൽ "കള്ള്" എന്നതിനു ശേഷം ",നീര" എന്ന വാക്കും ചിഹ്നവും ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

124. ദീർഘശീർഷകത്തിൽ "പ്രോത്സാഹിപ്പിക്കുന്നതിനും" എന്നതിന് ശേഷം "അഭിവൃദ്ധിപ്പെടുത്തുന്നതിനും" എന്ന് ചേർക്കുക.

127. ദീർഘശീർഷകത്തിൽ "ഒരു കള്ള്" എന്നതിന് ശേഷം "-നീര" എന്ന വാക്കും ചിഹ്നവും ചേർക്കുക.

145. പീഠികയിൽ "പ്രോത്സാഹിപ്പിക്കുന്നതിനും," എന്നതിനുശേഷം "അഭിവൃദ്ധിപ്പെടുത്തുന്നതിനും" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

130. പീഠികയിൽ "പരമ്പരാഗത" എന്നതിനു പകരം "പരമ്പരാഗതമായ" എന്ന് ചേർക്കുക.

150. പീഠികയിൽ "രൂപീകരിക്കുന്നതിനും" എന്നതിനു പകരം "സ്ഥാപിക്കുന്നതിനും" എന്നു ചേർക്കുക.

157. ഖണ്ഡം 1(1)-ൽ "പേരു പറയാം" എന്നതിനു പകരം "വിളിക്കാം" എന്ന് ചേർക്കുക.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

131. പീഠികയിൽ "വ്യവസായം" എന്നതിനു പകരം "വ്യവസായവും പ്രകൃതിദത്ത ആരോഗ്യ പാനീയമായ നീരയുടെ ഉൽപാദനവും വിപണനവും" എന്ന് ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

139. പീഠികയിൽ "വ്യവസായം" എന്നതിനു പകരം "വ്യവസായവും നീര ഉൽപ്പാദനവും വിപണനവും" എന്ന് ചേർക്കുക.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

141. പീഠികയിൽ "വ്യവസായം" എന്നതിനുപകരം "വ്യവസായവും പ്രകൃതിദത്ത ആരോഗ്യ പാനീയമായ നീരയുടെ മൂല്യ വർധനവും വിപണനവും" എന്ന് ചേർക്കുക.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

144. പീഠികയിൽ "വ്യവസായം" എന്ന വാക്കിനു ശേഷം "നിലനിർത്തുന്നതിനും" എന്ന് ചേർക്കുക.

146. പീഠികയിൽ "വികസിപ്പിക്കുന്നതിനുമായി" എന്നതിനു പകരം "വികസിപ്പിക്കുന്നതിനും പരിഷ്കരിക്കുന്നതിനുമായി എന്ന് ചേർക്കുക.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

149. പീഠികയിൽ "ഒരു കള്ള്" എന്നതിനു ശേഷം "നീര" എന്ന് ചേർക്കുക.

മി. സ്പീക്കർ: 106, 107, 108, 109 എന്നീ നമ്പർ ഭേദഗതികൾ ശീർഷകത്തിലുള്ളതായതിനാൽ ക്രമപ്രകാരമുള്ളതല്ല. 111-ാം നമ്പർ ഭേദഗതി 110-ാം നമ്പർ ഭേദഗതിക്ക് തുല്യവും 113-ാം നമ്പർ ഭേദഗതി 112-ാം നമ്പർ ഭേദഗതിക്ക് തുല്യവും 115-ാം നമ്പർ ഭേദഗതി 114-ാം നമ്പർ ഭേദഗതിക്ക് തുല്യവും

117-ാം നമ്പർ ഭേദഗതി 116-ാം നമ്പർ ഭേദഗതിക്ക് തുല്യവും 122, 123 എന്നീ നമ്പർ ഭേദഗതികൾ 121-ാം നമ്പർ ഭേദഗതിക്ക് തുല്യവും 128-ാം നമ്പർ ഭേദഗതി 127-ാം നമ്പർ ഭേദഗതിക്ക് തുല്യവും 132, 133 എന്നീ നമ്പർ ഭേദഗതികൾ 131-ാം നമ്പർ ഭേദഗതിക്ക് തുല്യവും 135-ാം നമ്പർ ഭേദഗതി 134-ാം നമ്പർ ഭേദഗതിക്ക് തുല്യവും 136-ാം നമ്പർ ഭേദഗതി 137-ാം നമ്പർ ഭേദഗതിക്ക് തുല്യവും 140-ാം നമ്പർ ഭേദഗതി 139-ാം നമ്പർ ഭേദഗതിക്ക് തുല്യവും 142-ാം നമ്പർ ഭേദഗതി 143-ാം നമ്പർ ഭേദഗതിക്ക് തുല്യവും 151-ാം നമ്പർ ഭേദഗതി 152-ാം നമ്പർ ഭേദഗതിക്ക് തുല്യവും 155-ാം നമ്പർ ഭേദഗതി 154-ാം നമ്പർ ഭേദഗതിക്ക് തുല്യവും ആയതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 110, 134, 137 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 112, 129, 154 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 114, 143 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 116, 121, 152 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 124, 127, 145 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 130, 150, 157 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 131-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 139-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ് അവതരിപ്പിച്ച 141-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 144, 146 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 149-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്):സർ, 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ ഐകകണ്ഠ്യേന പാസ്സായി രിക്കുന്നു.

ഓർഡർ.... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ഒക്ടോബർ മാസം 26-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 6.18-ന് പിരിഞ്ഞു.)

## അനുബന്ധം-1

നക്ഷത്രചിഹ്നമിട്ട 242-ാം നമ്പർ ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) നൽകിയ ഉത്തരത്തിന്റെ അനുബന്ധം

കേരളത്തിലെ സാക്ഷരത - തുടർ വിദ്യാഭ്യാസങ്ങൾക്ക് വർത്തമാനകാല സാമൂഹ്യ യാഥാർത്ഥ്യങ്ങളെ ഉൾക്കൊണ്ടുകൊണ്ടുള്ള പുതിയ ദിശാബോധവും പുത്തൻ ഉണർവ്വും ഉണ്ടായ കാലമാണിത്. സാക്ഷരതാ പ്രസ്ഥാനത്തിന്റെ ജനകീയ സ്വഭാവം വീണ്ടെടുക്കുകയും പാർശ്വവത്കൃത മേഖലകളിലേയ്ക്ക് പ്രവർത്തനങ്ങളെ വ്യാപിപ്പിക്കുകയും ചെയ്തു. ഒട്ടേറെ നൂതന പദ്ധതികൾ ആരംഭിച്ചു. ഈ പ്രവർത്തനങ്ങൾ ദേശീയ ശ്രദ്ധ നേടുകയും ചെയ്തു.

1. വിവിധ പദ്ധതികളിലൂടെ 1,09,659 പേരെ സാക്ഷരരാക്കി.

2. തുല്യതാപദ്ധതികൾ ജനകീയമാക്കി. നാല്, ഏഴ്, പത്ത് ഹയർ സെക്കണ്ടറി തുല്യതാ കോഴ്സുകളിലൂടെ 146317 പേർക്ക് ഔപചാരിക വിദ്യാഭ്യാസത്തിന് തുല്യമായ വിദ്യാഭ്യാസം നൽകി. കോവിഡ് -19 കാലത്ത് ഓൺലൈൻ വിദ്യാഭ്യാസ സൗകര്യമൊരുക്കി. പത്താംതരം, ഹയർസെക്കണ്ടറി ക്ലാസുകൾക്കായി യൂട്യൂബ് ചാനലും ആരംഭിച്ചു.

3. പാർശ്വവത്കൃതമേഖലയിൽ നൂതന പദ്ധതികൾ ആരംഭിച്ചു.

സമഗ്ര: ആദിവാസി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനും തുല്യതാ വിദ്യാഭ്യാസത്തിന് അവസരം ഒരുക്കുന്നതിനും പട്ടികവർഗ്ഗ വികസന വകുപ്പുമായി സഹകരിച്ച് നടപ്പാക്കുന്ന പദ്ധതിയിൽ 2016-20 കാലയളവിൽ 1996 പേർ സാക്ഷരത കൈവരിച്ചു.

അട്ടപ്പാടി: പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിൽ 2016 മുതൽ നടപ്പാക്കി വരുന്ന പദ്ധതി. അട്ടപ്പാടി ആദിവാസി മേഖലയിലെ നിരക്ഷരരെ സാക്ഷരരാക്കുന്നതിനുള്ള പ്രത്യേക പദ്ധതി. ഈ പദ്ധതിയിലൂടെ 5363 പേരെ 2016-21 കാലയളവിൽ സാക്ഷരരാക്കാൻ കഴിഞ്ഞു.

നവചേതന: പട്ടികജാതി വിഭാഗങ്ങളിലെ നിരക്ഷരത നിർമ്മാർജ്ജനത്തിനായി നടപ്പാക്കുന്ന പരിപാടി. മൂന്ന് ഘട്ടങ്ങളിലായി ആകെ 3188 പേരെ പദ്ധതിയിലൂടെ സാക്ഷരരാക്കുന്നതിന് സാധിച്ചു.

അക്ഷരസാഗരം: സാക്ഷരതാനിരക്ക് കുറവ് കാണപ്പെടുന്ന കേരളത്തിലെ തീരദേശ മേഖലയിലെ നിരക്ഷരതാ നിർമ്മാർജ്ജനത്തിനായി ആവിഷ്കരിച്ച പദ്ധതി. ഫിഷറീസ് വകുപ്പിന്റെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. 2016-21 കാലയളവിൽ 8935 പേരെ ഈ പദ്ധതിയിലൂടെ സാക്ഷരരാക്കാൻ സാധിച്ചു.

ചങ്ങാതി: കേരളത്തിലെ ഇതര സംസ്ഥാന തൊഴിലാളികളെ മലയാളത്തിൽ സാക്ഷരരാക്കുന്നതിനായി ആരംഭിച്ച പദ്ധതിയാണ് ചങ്ങാതി. ഇന്ത്യയിൽ ആദ്യമായി ഇതര സംസ്ഥാന തൊഴിലാളികൾക്കായി ആരംഭിച്ച തുടർ വിദ്യാഭ്യാസ പദ്ധതിയാണിത്. 2016-21 കാലയളവിൽ 5451 പേരെ സാക്ഷരരാക്കാൻ പദ്ധതിയിലൂടെ സാധിച്ചു.

സമന്വയ: ട്രാൻസ്ജെൻഡർ വിഭാഗങ്ങളുടെ വിദ്യാഭ്യാസവും സാമൂഹികപ രവുമായ ഉന്നമനവും ലക്ഷ്യം വച്ചുകൊണ്ട് ആരംഭിച്ച പദ്ധതി. പദ്ധതിയിലൂടെ ട്രാൻസ്ജെൻഡർ തുല്യതാ പഠിതാക്കൾക്ക് സ്കോളർഷിപ്പും പത്തനംതിട്ടയിലെ പന്തളത്ത് സമന്വയ പഠനവീടും ആരംഭിച്ചു. ട്രാൻസ്ജെൻഡർ തുല്യതാപഠിതാ ക്കൾക്ക് സ്കോളർഷിപ്പ് നൽകിയ ആദ്യ സംസ്ഥാനമായി കേരളം മാറി. പത്താംതരത്തിൽ 39 പേരും ഹയർ സെക്കണ്ടറി തലത്തിൽ 25 പേരും ഈ കാലയളവിൽ വിജയിച്ചു.

അക്ഷരശ്രീ: തിരുവനന്തപുരം നഗരസഭാപരിധിയിൽ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനും സാക്ഷരത, പത്ത്, സെക്കണ്ടറി വിദ്യാഭ്യാസം പൂർത്തിയാക്കാതെ പോയവർക്ക് തുല്യതാവിദ്യാഭ്യാസത്തിലൂടെ അവസരം നൽകുന്നതിനുവേണ്ടി സാക്ഷരതാ മിഷനും തിരുവനന്തപുരം നഗരസഭയും ചേർന്ന് നടത്തുന്ന മാതൃകാപദ്ധതി. പദ്ധതിയിലൂടെ 2732 പേർ സാക്ഷരരായി.

വയനാട്: വയനാട് ജില്ലയിലെ ആദിവാസി ഊരുകളിലെ മുഴുവൻ നിരക്ഷരരെയും സാക്ഷരരാക്കുന്ന പദ്ധതിയാണ് വയനാട് ആദിവാസി സാക്ഷരതാ പദ്ധതി. തദ്ദേശഭരണസ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും സഹായത്തോടെയും ഏകോപനത്തോടെയും നടപ്പാക്കി വരുന്ന പദ്ധതിയാണ്. 2016-20 കാല ഘട്ടത്തിൽ പദ്ധതിയിലൂടെ 730 പേർ സാക്ഷരരായി.

200 കോളനി സാക്ഷരതാപരിപാടി: കേരള സർക്കാരിന്റെ ആയിരം ദിനാഘോഷത്തിന്റെ ഭാഗമായി ആരംഭിച്ച പദ്ധതിയാണ് 2000 കോളനികളിലെ പ്രത്യേക സാക്ഷരതാ പരിപാടി. പട്ടികജാതി, പട്ടികവർഗ്ഗ തീരദേശമേഖലകൾക്ക് പദ്ധതിയിൽ മുൻഗണന നൽകി. ആകെ 30755 പേരെ സാക്ഷരരാക്കാനായി.

പുരാരേഖ സർവ്വേ: സാക്ഷരതാമിഷൻ അതോറിറ്റി നടപ്പിലാക്കുന്ന വിവിധ പദ്ധതികളെ തുല്യതാകോഴ്സുകളുടെ പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി വിപുലീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന പുരാരേഖാ വകുപ്പുമായി സഹകരിച്ച് നടത്തിയ പദ്ധതിയാണ് പുരാരേഖ സർവ്വേ. പഠിതാക്കളുടെ പഠനപ്രവർത്തന ത്തിന്റെ ഭാഗമായി ജനകീയ പങ്കാളിത്തത്തോടെയാണ് സർവ്വേ നടത്തിയത്. സർവ്വേ റിപ്പോർട്ട് പുരാരേഖ വകുപ്പിന് കൈമാറി.

## സാമൂഹ്യസാക്ഷരതാ പരിപാടി

പരിസ്ഥിതി സാക്ഷരത: പൊതുജനങ്ങളിൽ പരിസ്ഥിതി അവബോധം വളർത്തുന്നതിനുവേണ്ടി ആരംഭിച്ച ബഹുജന ക്യാമ്പയിൻ പരിപാടിയാണ്. പരിസ്ഥിതി സാക്ഷരത സർവേയും സെമിനാറുകളും അനുബന്ധപ്രവർത്തനങ്ങളും സംഘടിപ്പിച്ചു.

ഭരണഘടന സാക്ഷരതാ പരിപാടി: ഭരണഘടനാ മൂല്യങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിനുവേണ്ടി ആരംഭിച്ച ജനകീയ വിദ്യാഭ്യാസ പരിപാടിയാണ്. 50 ലക്ഷം പേരിലേക്ക് ഭരണഘടനാസാക്ഷരത എത്തിക്കുക എന്നതായിരുന്നു ലക്ഷ്യം. ഒന്നാം ഘട്ടത്തിൽ പഠന കേന്ദ്രങ്ങളിൽ ഭരണഘടന സാക്ഷരതാക്ലാസ് സംഘടിപ്പിച്ചു. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ ഭരണഘടന സാക്ഷരതാ സന്ദേശയാത്ര നടത്തി. 2019 ജനുവരി 26 ന് ഭരണഘടന സാക്ഷരതാ സംരക്ഷണ സംഗമം സംഘടിപ്പിച്ചു. രണ്ടാംഘട്ടം എന്ന നിലയിൽ 'ഇന്ത്യ എന്ന റിപ്പബ്ലിക് ' 2020 ജനുവരി 25-ന് 5000 കേന്ദ്രങ്ങളിൽ അഞ്ച് ലക്ഷം പേർ ഭരണഘടനയുടെ ആമുഖം വായിച്ചു. സംസ്ഥാനത്ത് 50 കേന്ദ്രങ്ങളിൽ കലാജാഥ സംഘടിപ്പിക്കുകയും പ്രഭാഷണപരമ്പരയും പ്രദർശനവും സംഘടിപ്പിക്കുകയും ചെയ്തു.

നവോത്ഥാനത്തിലെ സ്ത്രീ മുന്നേറ്റങ്ങൾ: ലിംഗ സമത്വബോധന പരിപാടിയുടെ ഭാഗമായി ആരംഭിച്ച ജനകീയ വിദ്യാഭ്യാസപരിപാടിയാണിത്. 'നവോത്ഥാനത്തിലെ സ്ത്രീ മുന്നേറ്റങ്ങൾ' പ്രദർശനവും സെമിനാറും സംസ്ഥാനതലത്തിലും ജില്ലാതലങ്ങളിലും നടത്തി. പുസ്തകം പ്രകാശനം ചെയ്തു.

കോവിഡ് കാലത്തെ സാക്ഷരതാ ക്ലാസ്സുകൾ: സാക്ഷരത-തുടർ വിദ്യാഭ്യാസത്തിന് ഓൺലൈൻ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി. പ്രാദേശികതലത്തിൽ പഠിതാക്കളുടെ വാട്സാപ്പ് ഗ്രൂപ്പുകൾ ആരംഭിച്ച് പഠനതടസ്സമില്ലാതാക്കി. സംസ്ഥാനതലത്തിൽ 'അക്ഷരം' യൂട്യൂബ് ചാനൽ ആരംഭിച്ചു. വിദഗ്ധരായ അദ്ധ്യാപകരെ ഉൾപ്പെടുത്തി പത്താംതരം, ഹയർസെക്കണ്ടറി ക്ലാസ്സുകൾ തടസമില്ലാതെ നടത്തി വരുന്നു. സംസ്ഥാന തലത്തിലും ജില്ലാതലങ്ങളിലുമുള്ള മീറ്റിംഗുകൾ ഓൺലൈനിലാക്കി പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നു.

കലോത്സവം: 2016-20 കാലഘട്ടത്തിൽ രണ്ട് കലോത്സവങ്ങൾ നടത്തി. പ്രളയകാല ഘട്ടത്തിലും കോവിഡ്-19 വ്യാപനഘട്ടത്തിലും കലോത്സവങ്ങൾ ഒഴിവാക്കി. ട്രാൻസ്ജെൻഡർ, ഇതര സംസ്ഥാന തൊഴിലാളി പഠിതാക്കൾ എന്നിവർക്കും പ്രത്യേക ഇനം തിരിച്ച് മത്സരം നടത്താൻ കഴിഞ്ഞു.

സർട്ടിഫിക്കറ്റ് കോഴ്സുകൾ: മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ അനായാസം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുന്നതിനുവേണ്ടി ആരംഭിച്ച കോഴ്സാണിത്. പച്ചമലയാളം, ഗുഡ് ഇംഗ്ലീഷ്, അച്ചീ ഹിന്ദി എന്നീ സർട്ടിഫിക്കറ്റ് കോഴ്സുകളാണ് നടപ്പാക്കുന്നത്.

## മറ്റ് പുതിയ പദ്ധതികൾ

സമ: കുടുംബശ്രീ പ്രവർത്തകർക്കുവേണ്ടി സാക്ഷരതാമിഷനും കുടുംബശ്രീയുമായി ചേർന്ന് നടത്തുന്ന പ്രത്യേക പദ്ധതി. കുടുംബശ്രീ പ്രവർത്തകരായ മുഴുവൻ പേർക്കും പത്താതരം, ഹയർസെക്കണ്ടറി വിദ്യാഭ്യാസം ഉറപ്പുവരുത്തുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു.

ആദിശ്രീ: കണ്ണൂർ ജില്ലയിലെ ആറളം ഫാമിൽ നടത്തിവരുന്ന ആദിവാസി സാക്ഷരതാ പദ്ധതി. കുടുംബശ്രീയുമായി ചേർന്നാണ് പദ്ധതി നടപ്പാക്കുന്നത്.

ദിശ: കൊല്ലം ജില്ലയിലെ കശുവണ്ടി തൊഴിലാളികളിലെ നിരക്ഷരതാ നിർമ്മാർജ്ജനത്തിനും തുല്യതാവിദ്യാഭ്യാസത്തിനും ആരംഭിച്ച പദ്ധതി. കശുവണ്ടി വികസന കോർപ്പറേഷനുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

## അനുബന്ധം-2

ശ്രീ. പി. പി. സുമോദ്, എം.എൽ.എ.-യുടെ സബ്മിഷനുള്ള വിശദമായ മറുപടി

### (1) ഹരിത കർമ്മ സേന-ആരോഗ്യ പരിരക്ഷ

തദ്ദേശഭരണ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ പദ്ധതികളുടെ ഭാഗമായി വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും പൊതുയിടങ്ങളിൽനിന്നും വാതിൽപ്പടി ശേഖരണത്തിലൂടെ മാലിന്യ സംഭരണം നടത്തുന്നതിനും അത് തരംതിരച്ച് പുനഃചംക്രമണ/പുനരുപയോഗ യോഗ്യമാക്കുന്നതിനുമാണ് ഹരിത കർമ്മ സേനകൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കുന്നത്. 12-8-2020-ലെ സ.ഉ. (സാധാ) നമ്പർ 1496/ ത.സ്വ.ഭ. പ്രകാരം ഹരിത കർമ്മ സേനയുടെ പ്രവർത്തന മാർഗ്ഗരേഖ സർക്കാർ പുറത്തിറക്കിയിട്ടുണ്ട്. ആയത് പ്രകാരമാണ് കുടുംബശ്രീ സംരംഭക സംവിധാനത്തിന് കീഴിൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഹരിത കർമ്മ സേന പ്രവർത്തിച്ചുവരുന്നത്. 984 തദ്ദേശഭരണ സ്ഥാപനങ്ങളിലായി മുപ്പതിനായിരത്തോളം ഹരിത കർമ്മ സേനാംഗങ്ങൾ ഇത്തരത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

സർക്കാർ പുറത്തിറക്കിയ ഹരിത കർമ്മ സേന പ്രവർത്തന മാർഗ്ഗരേഖയിൽ ഹരിത കർമ്മ സേനയ്ക്കായി ആരോഗ്യ പരിരക്ഷ, ഇ.എസ്.ഐ. സേവനങ്ങൾ എന്നിവ ലഭ്യമാക്കുന്നതാണെന്ന് പരാമർശിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ജോലിക്കിടെ മരണപ്പെടുന്ന ഹരിത കർമ്മ സേനാംഗങ്ങൾക്ക് സാമ്പത്തിക സഹായം, ഹെൽത്ത് പാക്കേജ്, ആരോഗ്യ ഇൻഷ്വറൻസ് തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെടുന്ന സംസ്ഥാനതല ഏകോപന സമിതി യോഗങ്ങളിൽ കുടുംബശ്രീ മിഷനെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ആയത് പ്രകാരം ടി വിഷയത്തിൽ ശുചിത്വ മിഷന്റെയും ഹരിത കേരളം മിഷന്റെയും സഹകരണത്തിൽ കുടുംബശ്രീ മിഷൻ സ്വീകരിച്ച നടപടികൾ ചുവടെ കൊടുക്കുന്നു.

1. ജീവൻ ദീപം ലൈഫ് ഇൻഷ്വറൻസ് പദ്ധതി

- 345 രൂപ വാർഷിക പ്രീമിയമടയ്ക്കുന്ന ഹരിത കർമ്മ സേനയുൾപ്പെടെയുള്ള കുടുംബശ്രീ, അയൽക്കൂട്ട സംരംഭങ്ങളിലെ അംഗങ്ങൾക്കായി ഏർപ്പെടുത്തിയ ലൈഫ് ഇൻഷ്വറൻസ് പദ്ധതിയാണിത്.
- മരണപ്പെടുന്ന 50 വയസ്സുവരെയുള്ള അയൽക്കൂട്ട അംഗത്തിന് രണ്ട് ലക്ഷം രൂപയും 50-60 വയസ്സ് വരെയുള്ള അംഗത്തിന് ഒരു ലക്ഷം രൂപയും പരിരക്ഷ ലഭിക്കും.
- ഹരിത കർമ്മ സേനാംഗങ്ങളെ പദ്ധതിയിൽ ചേർത്തുവരുന്നു.

2. ഇൻസ്പെയർ ആരോഗ്യ ഇൻഷ്വറൻസ് പ്രോഗ്രാം

- യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയുമായി സഹകരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.
- സർക്കാർ ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട അംഗീകൃത സ്വകാര്യ ആശുപത്രികളിലും പ്രതിവർഷം ഒരു ലക്ഷം രൂപ വരെയുള്ള ചികിത്സാ ചെലവ് അനുവദിക്കുന്ന പദ്ധതിയാണിത്.
- വാർഷിക പ്രീമിയം 1320 രൂപ കണക്കാക്കിയതിൽനിന്ന് 660 രൂപ കുടുംബശ്രീ മിഷനും 660 രൂപ ഹരിത കർമ്മ സേനാംഗവും അടയ്ക്കുന്ന രീതിയിലാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.
- ഹരിത കർമ്മ സേനാംഗങ്ങളെ ഈ പദ്ധതിയിൽ ചേർത്തുവരുന്നു.

3. മരണാനന്തര ധനസഹായം

കോവിഡ് -19 പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ സ്വന്തം സുരക്ഷ കണക്കിലെടുക്കാതെ വാതിൽപ്പടി ശേഖരണം ലഭ്യമാക്കുന്ന ഹരിത കർമ്മ സേനാംഗങ്ങൾ കോവിഡ് ബാധിതരായി മരണപ്പെടുന്ന സാഹചര്യത്തിൽ 5 ലക്ഷം രൂപവരെ ധനസഹായം ലഭ്യമാക്കുന്നതിനായി കുടുംബശ്രീ മിഷൻ തയ്യാറാക്കി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

4. മേൽ പദ്ധതികൾ കൂടാതെ സംസ്ഥാന-കേന്ദ്ര സർക്കാരുകൾ നടപ്പിലാക്കി വരുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളിലും ഹരിത കർമ്മ സേനാംഗങ്ങൾക്ക് അംഗങ്ങളാകാവുന്നതാണ്. ആയതിൽനിന്ന് പ്രതിവർഷം 5 ലക്ഷം രൂപ വരെ ചികിത്സാ സഹായം ലഭ്യമാകുന്നതാണ്.

II. ഹരിത കർമ്മ സേന-വേതനം ഉറപ്പാക്കൽ

- 12-8-2020-ലെ സ.ഉ. (സാധാ) നമ്പർ 1496/ത.സ്വ.ഭവ. പ്രകാരം വീടുകളിൽ വാതിൽപ്പടി സേവനം ലഭ്യമാക്കുന്നതിന് വീട്ടുടമസ്ഥർ ഹരിത കർമ്മ സേനയ്ക്ക് നൽകേണ്ട പ്രതിമാസ യൂസർഫീ ഗ്രാമപഞ്ചായത്തുകളിൽ 50 രൂപയും നഗരസഭകളിൽ 70 രൂപയുമായാണ് നിശ്ചയിച്ചിട്ടുള്ളത്.
- എന്നാൽ 509 ഗ്രാമപഞ്ചായത്തുകളും 21 നഗരസഭകളും സർക്കാർ നിശ്ചയിച്ച നിരക്കിൽനിന്നും കുറഞ്ഞ തുകയാണ് നിലവിൽ ഈടാക്കുന്നത്.
- മാലിന്യശേഖരണ പരിപാലനരംഗത്ത് പുതിയ സംസ്കാരം രൂപപ്പെടുത്തി യെടുക്കുന്നതിനുള്ള സർക്കാർ ശ്രമങ്ങളുടെ ഭാഗമായി നിശ്ചിത യൂസർഫീ നിരക്ക് നിശ്ചയിച്ചിട്ടുണ്ടെങ്കിലും മാലിന്യ സംസ്കരണ സംവിധാനങ്ങൾ

സ്ഥാപിക്കുന്നതിനുള്ള പൊതുജനങ്ങളുടെ എതിർപ്പിനെ തീവ്ര വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിലൂടെ മറികടന്നുവരുന്ന സാഹചര്യത്തിലാണുള്ളത്. ഈ സാഹചര്യത്തിൽ സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന ഭവനങ്ങളിൽനിന്നും കോവിഡ് മഹാമാരിയുടെ അനുബന്ധ സാഹചര്യങ്ങളുടെയും കൂടി പശ്ചാത്തലത്തിൽ കൂടിയ തുക യൂസർഫീയായി വാങ്ങിയെടുക്കാൻ കഴിയാത്ത സാഹചര്യമുണ്ട്.

- മേൽ സാഹചര്യം പരിഗണിച്ച് ഹരിത കർമ്മ സേനാംഗങ്ങളുടെ വരുമാന സ്ഥിരത ഉറപ്പാക്കുന്നതിനായി മാലിന്യ ശേഖരണ, സംഭരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഹരിത കർമ്മ സേനാംഗങ്ങൾക്ക് 26-3-2021-ലെ സ.ഉ. (സാധാ) നമ്പർ 779/2021/ത.സ്വ.ഭ.വ. പ്രകാരം പ്രതിദിനം 750 രൂപ പ്രതിദിന അടിസ്ഥാന വരുമാന തുകയായി കണക്കാക്കി അനുവദിക്കുന്നതിന് സർക്കാർ ഉത്തരവ് നൽകിയിട്ടുള്ളതാണ്. ടി തുക യൂസർഫീ ഇനത്തിലും പാഴ്‌വസ്തു വിപണനത്തിലൂടെയും ലഭിക്കാത്ത സാഹചര്യത്തിൽ 12-10-2021-ലെ സ.ഉ. (സാധാ) നമ്പർ 1972/2021/ ത.സ്വ..ഭവ. പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്ലാൻ/തനത് ഫണ്ടിൽ നിന്നും തുക വകയിരുത്തി ഹരിത കർമ്മ സേനയുടെ വരുമാനക്കുറവ് പരിഹരിക്കുന്നതിനും സർക്കാർ ഉത്തരവ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ളതാണ്.

മേൽ പ്രവർത്തനങ്ങളുടെ അവസ്ഥാ പുരോഗതി വിലയിരുത്തുന്നതിനായി 2021-ൽ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ പ്രത്യേകം ടീമുകളെ രൂപീകരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നേരിട്ട് സന്ദർശനം നടത്തി വിലയിരുത്തൽ നടത്തുകയും വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ നിശ്ചയിച്ച നിരക്കിന് താഴെ യൂസർ ഫീ ഈടാക്കുന്ന 509 ഗ്രാമപഞ്ചായത്തുകളും 21 നഗരസഭകളും ഉണ്ടെന്ന് കണ്ടെത്തിയിരുന്നു. സംസ്ഥാന-ജില്ലാതല ഏകോപന സമിതികളുടെ നിരന്തര അവലോകനങ്ങളിലൂടെ നിലവിൽ ഈ അവസ്ഥയ്ക്ക് 5 മാറ്റം വന്നുകൊണ്ടിരിക്കുന്നു. ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ യൂസർ ഫീ കുറവാണെങ്കിലും നല്ല കവറേജ് കാരണം ഹരിത കർമ്മ സേനാംഗങ്ങൾക്ക് പ്രതിമാസം നല്ല വരുമാനം ഉറപ്പാക്കാനും സാധിച്ചിട്ടുണ്ട്.